# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും. രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

2

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിന്റെയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിന്റെയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിന്റെയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിന്റെ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിന്റെ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിന്റെയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിന്റെ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിന്റെ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*

### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

### വാല്യം 9

**വാമനപുരം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

3B

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. [illegible]

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. [illegible]

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

6

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

തൃശ്ശൂർ ജില്ല

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപ്പുറ
9. വല്ലപ്പുഴ
10. വിളയൂർ

### വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

### വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

### വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

### വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

### വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

### വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

### വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

### വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

### വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

### വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

### വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

### വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

### വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

### വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

10

വാല്യം 128

## താടന്നൂർ ബ്ലോക്ക്

*കാഴിക്കോട് ജില്ല)*

ആയഞ്ചേരി
വില്യാപ്പള്ളി
മണിയൂർ
തിരുവള്ളൂർ

വാല്യം 129

## മലടി ബ്ലോക്ക്

*കാഴിക്കോട് ജില്ല)*

തുറയൂർ
കീഴരിയൂർ
തിക്കോടി
പയ്യോളി
മേപ്പയൂർ

വാല്യം 130

## പരാമ്പ്ര ബ്ലോക്ക്

*കാഴിക്കോട് ജില്ല)*

ചെറുവണ്ണൂർ
നൊച്ചാട്
ചങ്ങരോത്ത്
കായണ്ണ
കൂത്താളി
പേരാമ്പ്ര
ചക്കിട്ടപ്പാറ

വാല്യം 131

## വാലുശ്ശേരി ബ്ലോക്ക്

*കാഴിക്കോട് ജില്ല)*

ബാലുശ്ശേരി
നടുവണ്ണൂർ
അത്തോളി
ഉള്ളിയേരി
കോട്ടൂർ
ഉണ്ണിക്കുളം
പ ന ങ്ങ ാ ട്
കൂരാച്ചുണ്ട്

വാല്യം 132

## ന്തലായിനി ബ്ലോക്ക്

*കാഴിക്കോട് ജില്ല)*

ചേമഞ്ചേരി
അരിക്കുളം
മൂടാടി
ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എൻമകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

12

# നഗരസഭകൾ

## വാല്യം 153

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

## വാല്യം 154

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

## വാല്യം 155

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

## വാല്യം 156

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

## വാല്യം 157

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

## വാല്യം 158

### ഇടുക്കി ജില്ല

1. തൊടുപുഴ

## വാല്യം 159

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

## വാല്യം 160

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

## വാല്യം 161

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

## വാല്യം 162

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

## വാല്യം 163

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

## വാല്യം 164

### വയനാട് ജില്ല

1. കൽപ്പറ്റ

## വാല്യം 165

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

## വാല്യം 166

### കാസർഗോഡ് ജില്ല


1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

അധികാരം ജനങ്ങളിലേക്ക്

# കാടുകുറ്റി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

# KADUKUTTY GRAMA PANCHAYATH MAD




14

15

# ഉള്ളടക്കം


I. ഭരണസമിതി

II. ആമുഖം

III. പൊതുവിവരണം

IV. പ്രസിഡൻറുമാർ

V. പഠനപര്യടനം

VI. സസ്യ - മൃഗ - പക്ഷിസമ്പത്ത്

VII. ചരിത്രം

VIII. വികസനമേഖലകൾ

1. കൃഷി - ജലസേചനം
2. മൃഗസംരക്ഷണം-മൽസ്യബന്ധനം
3. വിദ്യഭ്യാസം
4. കുടിവെള്ളവും -പൊതുജനാരോഗ്യവും
5. വ്യവസായം
6. പാർപ്പിടവും - സാമൂഹ്യക്ഷേമവും
7. വനിതാക്ഷേമം
8. പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം
9. സഹകരണമേഖല
10. സംസ്ക്കാരം
11. ഗതാഗതം-ഊർജ്ജം-മാർക്കററ്
12. വിഭവസമാഹരണം.

IX. ഉപസംഹാരം



കാതിക്കുടം ഗ്രാമം ഭാരതത്തിന്
സംഭാവനചെയ്ത അതുല്ല്യ
പ്രതിഭാശാലിയായ ശ്രീ. പനമ്പിള്ളി
ഗോവിന്ദമേനോന് കാടുകുറ്റി
ഗ്രാമപഞ്ചായത്തിന്റെ ആദരാഞ്ജലി

"എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും"



## ഭരണസമിതി

**പ്രസിഡൻറ്** - ശ്രീമതി രാധാ ബാലകൃഷ്ണൻ.

**വൈസ് പ്രസിഡൻറ്** - ശ്രീ.ടി.എ.ജോസ് (ബേബി)

**സ്ററാൻഡിംഗ് കമ്മിററി ചെയർമാൻ** - ശ്രീ.സി.വി.ആൻറണി.

**മെംബർമാർ** - ശ്രീ.കെ.കെ.പോൾസൺ (വാർഡ് -2)
ശ്രീ.ജോസ് പുതുശ്ശേരി (വാർഡ് -4)
ശ്രീമതി.എൽസി സച്ചിദാനന്ദൻ (വാർഡ് -5)
ശ്രീ.എ.സി.സുബ്രൻ (വാർഡ് -6)
ശ്രീമതി.ആർ.സതീദേവി (വാർഡ് -8)
ശ്രീ.എൻ.പി.വേലായുധൻ (വാർഡ് -9)
ശ്രീമതി.മേരി ജോണി (വാർഡ് -10)

# ആമുഖം

കേരളം വീണ്ടും മാതൃകകാട്ടുകയാണ്. ജനാധികാരത്തിൻെറ യഥാർത്ഥപ്രയോഗമാണ് ഇവിടെ നടപ്പാക്കപ്പെടുന്നത്. മേലേ നിന്ന് ഏറിഞ്ഞുകൊടുക്കുന്ന ദാനമായിരുന്നു ഇന്നലെ വരെ വികസനമെങ്കിൽ, ഇനിയങ്ങോട്ട് തങ്ങളുടെ ഭാഗധേയം, തങ്ങൾ തന്നെ നിശ്ചയിക്കുന്ന സമീപനമാണ് വികസനകാര്യത്തിൽ കേരളീയർ സ്വീകരിക്കുക.

കേരളം നേരിടുന്ന വലിയൊരു വെല്ലുവിളി കൂട്ടായ്മയിലൂടെ പരിഹരിക്കപ്പെടുകയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി ഉയർന്നുവരുന്ന ഒരു സ്വാശ്രയ ബോധവും അതുവഴിയുള്ള പുതിയ ദേശാഭിമാന ബോധവും തീർച്ചയായും സാമ്രാജ്യത്വവിരുദ്ധ നിലപാടിലേക്കായിരിക്കും ഒരു ജനതയെ നയിക്കുക. അതുകൊണ്ടുതന്നെ ഇതിലടങ്ങിയ ഉന്നതസാമൂഹികരാഷ്ട്രീയബോധം കേരളീയരിലേക്കാകെ സംക്രമിപ്പിക്കുകയാണെങ്കിൽ അതു ഏറെ നേട്ടങ്ങൾക്ക് വഴിയൊരുക്കുമെന്നകാര്യം സംശയരഹിതമാണ്. അതുകൊണ്ടുതന്നെ ഈ മഹായജ്ഞത്തിൽ വിനയപൂർവ്വം പങ്കുചേരാൻ സന്നദ്ധരാകണമെന്ന അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളത്.

കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനം, അടിത്തട്ടിൽനിന്നും മേൽത്തട്ടിലേക്ക് ദിശാമാററം നൽകപ്പെട്ട ആസൂത്രണതന്ത്രമാണവതരിപ്പിക്കുന്നത്. അധികാരവികേന്ദ്രീകരണം സാധ്യമാക്കുന്നതിലൂടെ സംസ്ഥാനപദ്ധതിവിഹിതത്തിൻെറ 35 - 40 % തുകയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകാൻ പോകുന്നത്. അധികാരവും സമ്പത്തും ലഭിക്കുന്നതിലൂടെ നാം ഇന്നഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും, തൃപ്തികരമായ പരിഹാരം തേടാൻ ഈ സംവിധാനത്തിന് നിശ്ചയമായും കഴിയേണ്ടതാണ്. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള പദ്ധതികളുടേയും ഏറെറടുക്കാൻ പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷമവും , ശീഘ്രവും, ജനകീയവുമായി നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കപ്പെടുകയും ചെയ്യുമെന്ന് നമുക്ക് ആശിക്കാം.

കാടുകുറ്റിഗ്രാമപഞ്ചായത്തിൻെറ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചത് 13-9-96-ൽ കാടുകുററിയിൽ നടന്ന പഞ്ചായത്ത്തല പരിശീലനത്തോടെയാണ്. 63 തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും 15 വകുപ്പ്പ്രതിനിധികളും പങ്കെടുത്തു. ശേഷം ഓരോ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടന്നു. ഇവയിൽ പത്തുവാർഡുകളിലായി യഥാക്രമം 128, 80,66,101,142,120,150,147,123,108 എന്നിങ്ങനെ ആകെ 1165 പേർ സംബന്ധിച്ചു.

ചാലക്കുടിയിൽ ഒന്നാംഘട്ടജില്ലാതല പരിശീലനത്തിൽ 12പേരും മാളയിൽ നടന്ന രണ്ടാംഘട്ട പരിശീലനത്തിൽ 20 പേരും പങ്കെടുത്തു.

കാടുകുററിയിൽനടന്ന രണ്ടാംഘട്ട പഞ്ചായത്ത്തല പരിശീലനത്തിൽ 61 പ്രതിനിധികളും 11 ഉദ്യോഗസ്ഥരും പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകളിൽ വിവിധ ഗ്രൂപ്പുകളിലായി നടന്ന

ചർച്ചകളിൽ രൂപപ്പെട്ട നിർദ്ദേശങ്ങളും പ്രശ്നങ്ങളും ക്രോഡീകരിച്ച് വികസനറിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാടുകുററിഗ്രാമപഞ്ചായത്തിലെ ബഹുജനങ്ങളുടെ സാമൂഹിക - രാഷ്ട്രീയബോധത്തിൻേറയും സന്നദ്ധ - സേവനതൃഷ്ണയുടേയും അടിത്തറയിൽനിന്നം ഊൗർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് അയൽക്കൂട്ടസംവിധാനമെന്ന ബഹുജനശക്തിയെ തുറന്നുവിട്ടുകൊണ്ട് ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ, ചരിത്രത്തിൻെറ വർത്തമാനകാലദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളിയെ നേരിടാനുള്ള അവസരം ലഭിച്ചതിലുള്ള ആഹ്ലാദത്തോടെ കാടുകുററിഗ്രാമപഞ്ചായത്തിൻെറ വികസനരേഖ നാട്ടറിവുകൾ,വാമൊഴികൾ, വിവരശേഖരണങ്ങൾ, സർക്കാർ രേഖകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിനയപൂർവ്വം ഞങ്ങൾ ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുന്നു.

ഇതിനെ യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള ദൃഢനിശ്ചയത്തോടെ ഈ റിപ്പോർട്ടിനെ സ്വീകരിക്കുമല്ലോ.

## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | കാടുകുററി പഞ്ചായത്ത്. |
| ഗ്രേഡ് | - | സ്പെഷ്യൽ |
| ഉൾപ്പെടുന്ന വില്ലേജ് | - | കല്ലൂർ - വടക്കുംമുറി |
| ജില്ല പഞ്ചായത്ത്. | - | തൃശ്ശൂർ |
| ബ്ലോക്ക് പഞ്ചായത്ത്. | - | ചാലക്കുടി. |
| പാർലമെൻറ് മണ്ഡലം | - | മുകുന്ദപുരം |
| നിയമസഭാ മണ്ഡലം | - | ചാലക്കുടി. |
| ബ്ലോക്ക് ഡിവിഷൻ | - | കാടുകുററി, മുരിങ്ങൂർ. |

**അതിരുകൾ -**

കിഴക്ക് - കൊരട്ടി, മേലൂർ പഞ്ചായത്തുകൾ

വടക്ക് - ചാലക്കുടിപുഴ, ചാലക്കുടി മുനിസിപ്പാലിററി.

പടിഞ്ഞാറ് - മാള, അന്നമനട പഞ്ചായത്തുകൾ

തെക്ക് - അന്നമനട പഞ്ചായത്ത്.

ജനസംഖ്യ - 22200 (അവലംബം - 1991 ലെ സെൻസസ്)

പുരുഷൻ - 10917, സ്ത്രീ - 11283

ജനസാന്ദ്രത - 1259 പേർ ഒരു ചതുരശ്ര കി.മീററററിന്.

വാർഡുകൾ - 10.

# മുൻപ്രസിഡൻറുമാർ

1. കണിച്ചായി അന്തപ്പൻമാസ്ററർ
2. ചെർപ്പണത്ത് അന്തോണി മാസ്ററർ
3. കണിച്ചായി പാപ്പുമാസ്ററർ
4. അബൂബക്കർ മേത്തർ (ബാവസാഹിബ്ബ്)
5. ടി.എം.മാത്യു മാസ്ററർ
6. വി.സി.കൊടിഞ്ഞിലി
7. പനമ്പിള്ളി രാഘവമേനോൻ
8. ടി.എം.മാത്യു മാസ്ററർ
9 ജോസ് പുതുശ്ശേരി
10. രാധാ ബാലകൃഷ്ണൻ.

# പഠനപര്യടനം (Transect walk)

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരശേഖരണത്തിനുവേണ്ടി ജനകീയാസൂത്രണസമിതി പഠനപര്യടനം നടത്തുകയുണ്ടായി.

ഭൂപ്രകൃതിയനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ നാലു മേഖലകളായി തിരിക്കാം

1. ഉയർന്ന കുന്നിൻപ്രദേശം
2. ഉയർന്ന പ്രദേശം
3. ചരിവുകൾ
4. സമതലപ്രദേശം.

ഉയർന്ന കുന്നിൻപ്രദേശം -

കോട്ടകടവ്, വട്ടക്കോട്ട, ചെറാലകുന്ന്, പറയൻകുന്ന്, മണ്ടിക്കുന്ന് എന്നീ പ്രദേശങ്ങളാണ് പഞ്ചായതിതലെ ഏറ്റവും ഉയരമുള്ള പ്രദേശങ്ങൾ. കുറെ ഭാഗങ്ങൾ പാറക്കൂട്ടങ്ങളാണ്. മണ്ണൊലിപ്പ് സാധാരണമായി കണ്ടുവരുന്നു. കുടിവെള്ള പ്രശ്നം രൂക്ഷമാണ്. പൊതുകിണറുകളിൽ ശുദ്ധജലം ലഭ്യമല്ല. ബോർ വെല്ലുകളിൽ നിന്ന് കിട്ടുന്ന വെള്ളം കുടിക്കാൻ പററാത്തതാണ്. ഈ പ്രദേശങ്ങളിലെ മണ്ണ് ചെങ്കല്ല് ഇടകലർന്നതാണ്.

ഉയർന്ന പ്രദേശം -

കനാൽപാലം, കാതിക്കുടം, സമ്പാളൂർ, കുലയിടം, അമ്പഴക്കാട് തുടങ്ങിയവ ഉയർന്ന പ്രദേശങ്ങളാണ്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ഇവ. വയലുകൾ ഒഴികെയുള്ള പ്രദേശങ്ങൾ ചരൽകലർന്ന മണ്ണാണ്.

ചിലയിടങ്ങളിൽ ചെങ്കല്ലുണ്ട്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കപ്പ മുതലായവ പ്രധാനവിളകളാണെന്ന് കാണാം.

പച്ചക്കറികൃഷി താരതമ്യേന കുറവാണ്. കരഭൂമിയാണ് അധികവും. തെങ്ങുകൾക്ക് കാററുവീഴ്ച കണ്ടുവരുന്നു. ഈ പ്രദേശം സമുദ്രനിരപ്പിൽനിന്ന് ഉയർന്നതാണ്.

ചരിവുകൾ -

വാളൂർ, അന്നനാട്, പാളയംപറമ്പ് തുടങ്ങിയപ്രദേശങ്ങൾ ചരിവുകളിൽപ്പെടുത്താം. കുത്തനെയുള്ള ചരിവുകൾ കുറവാണ്. ഇവിടെ ചരൽ കലർന്ന ചെമ്മണ്ണാണ്. മിക്ക പ്രദേശങ്ങളിലും തെങ്ങും, ജാതി മുതലായ കൃഷി ചെയ്തുവരുന്നു.

സമതലങ്ങൾ -

പഞ്ചായത്തിൻെറ ഭൂവിസ്തൃതിയുടെ സിംഹഭാവവും ഈ വിഭാഗത്തിൽ പ്പെടുത്താം. കാടുകുററി, തൈക്കൂട്ടം, വൈന്തല തുടങ്ങിയ ഫലഭൂയിഷ്ഠമായ ഈ പ്രദേശങ്ങളിൽ ഓരോ ഇഞ്ചും കൃഷിക്കുപയുക്തമാക്കിയിട്ടുണ്ട്. നെല്ല്, തെങ്ങ്, ജാതി, കവുങ്ങ്, കരയാംപു, കറുകപട്ട തുടങ്ങിയ വൃക്ഷവിളകളും, വാഴ, കുരുമുളക്, മരച്ചീനി, നെല്ല് തുടങ്ങിയവയും ഇവിടെ സമൃദ്ധമായി കൃഷിചെയ്തുവരുന്നു. പച്ചക്കറിയും ഇവിടെ കൃഷിചെയ്തുവരുന്നു. ഈ പ്രദേശങ്ങളിൽ കണ്ടുവരുന്ന കളിമണ്ണ് ഇഷ്ടികനിർമ്മാണത്തിനും, ഓട്ടുകമ്പനികൾക്ക് അസംസ്കൃതവസ്തുവായും പ്രയോജനപ്പെടുത്താനുള്ള പ്രവണത കണ്ടുവരുന്നു.

ജലവിഭവം

പഞ്ചായത്തിലെ കൃഷി മഴയെ മാത്രം ആശ്രയിക്കുന്നില്ല. കുളങ്ങൾ, തോടുകൾ, കനാലുകൾ, ഇറിഗേഷൻ കനാലുകൾ എന്നിവ ജലസേചനത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്.

കുളങ്ങൾ

ജലസേചനത്തിനും, കുടിവെള്ളക്ഷാമപരിഹാരത്തിനും പ്രയോജനപ്പെടുത്താവുന്ന കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയിൽ പലതിനും അടിയന്തിര അററ കുററപണികളുടെ ആവശ്യമുണ്ട്. മണ്ണുനികന്ന് ഉപയോഗശൂന്യമായിതീർന്നിട്ടുള്ള കുളങ്ങൾ പുനരുദ്ധരിച്ച് ഉപകാരപ്രദമാക്കിമാറേറണ്ടതാണ്.

തോടുകൾ


ദൈർഘ്യമേറിയ ധാരാളം തോടുകളും പഞ്ചായത്തിലൂടെ ഒഴുകുന്നുണ്ട്. ഇവയെല്ലാം ചാലക്കുടി പുഴയിൽ ചേരുന്നു. ഭൂമി കൈയേററവും, സംരക്ഷിക്കപ്പെടാത്തതും മൂലം പല തോടുകളും ഉപയോഗയോഗ്യമല്ല.

കനാൽ -

കാടുകുററി പഞ്ചായത്തിലുള്ള ഇറിഗേഷൻ കനാലുകളിൽ വെള്ളം വേനൽകാലത്ത് സുലഭമല്ല. കുടിവെള്ള ക്ഷാമവും കൃഷി ആവശ്യത്തിനുള്ള വെള്ളത്തിൻെറ ദൗർലഭ്യവും പരിഹരിക്കാനുതകുന്ന വിധത്തിൽ ഇറിഗേഷൻ കനാലുകളെ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

കുളങ്ങൾ,കനാലുകൾ,തോടുകൾ എന്നിവ കൃഷി ജലസേചനം എന്ന വിഭാഗത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്.

## പഠനപര്യടനരേഖാചിത്രം




| ഭൂപ്രകൃതി | ഉയർന്ന പ്രദേശം | ചെരിവ് | സമതലം | ചെറിയ ചെരിവ് | പുഴയോട് ചേർന്ന ഉയർന്ന പ്രദേശം | കുത്തനെയുള്ള ചെരിവ് | കുന്നിൻമുകൾ | ചെറിയ ഇറക്കം | ഉയർന്നപ്രദേശം | സമതലം |
|---|---|---|---|---|---|---|---|---|---|---|
| മൺതരങ്ങൾ | ചെങ്കല്ല് കലർന്ന മണ്ണ് | ചെങ്കല്ല് കലർന്ന മണ്ണ് | പശിമരാശിമണ്ണ് | പശിമരാശി മണ്ണ് | മണൽ ചേർന്ന എക്കൽമണ്ണ് | ചെങ്കല്ല് | കരിങ്കല്ല് | ചെങ്കൽ മണ്ണ്, | കടുപ്പം കുറഞ്ഞ കരിങ്കല്ല്,ചരൽ മണ്ണ് | ചെമ്മണ്ണ് |
| ജലവിഭവങ്ങൾ | - | ഇറിഗേഷൻ കനാൽ | കുളങ്ങൾ,കനാലുകൾ തോടുകൾ | തോട് കുളം | പുഴ, കുളം തോട് | തോട്, കുളം കനാൽ | പാറമട | - | കുളം, തോട് | കിണറുകൾ |
| പാരിസ്ഥിതികപ്രശ്നങ്ങൾ | വരൾച്ച | മണ്ണൊലിപ്പ് | മണ്ണെടുക്കൽ, പാടം നികത്തൽ | - | പുഴയോരം ഇടിച്ചിൽ, മണൽവാരൽ, ജലമലിനീകരണം (ഓസീൻ കമ്പനി) ജലനിരപ്പ് താഴൽ. | മണ്ണൊലിപ്പ് | പാറപൊട്ടിക്കൽ, മണ്ണൊലിപ്പ് | വരൾച്ച | വരൾച്ച | വരൾച്ച |

## കാലാവസ്ഥയെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1

| മാസം | മഴ മില്ലീലിററിൽ | ഊഷ്മാവ് (ഡിഗ്രി സെൽഷ്യസിൽ) | |
|---|---|---|---|
| | | കൂടിയതാപം | കുറഞ്ഞതാപം |
| ജനുവരി | 7 | 30.8 | 22.9 |
| ഫിബ്രവരി | 10 | 31.6 | 24.7 |
| മാർച്ച് | 27 | 32.4 | 25.3 |
| ഏപ്രിൽ | 87 | 32.5 | 25.2 |
| മെയ് | 300 | 32.2 | 26 |
| ജൂൺ | 770 | 30 | 24.1 |
| ജൂലായ് | 749 | 29.3 | 23.4 |
| ഓഗസ്ററ് | 445 | 29.5 | 23.9 |
| സെപ്ററംബർ | 256 | 30.8 | 24.3 |
| ഒക്ടോബർ | 301 | 30.9 | 23.8 |
| നവംബർ | 144 | 31.7 | 24.2 |
| ഡിസംബർ | 31 | 31.9 | 22.2 |
| ആകെ | 3127 | | |

പട്ടിക 2

| | |
|---|---|
| വേനൽക്കാലം | ഫിബ്രവരി, മാർച്ച്, ഏപ്രിൽ, ഒക്ടോബർ |
| വർഷകാലം | ജൂൺ, ജൂലായ്, ഓഗസ്ററ്, സെപ്ററംബർ, ഒക്ടോബർ |
| മഞ്ഞുകാലം | നവംബർ, ഡിസംബർ, ജനുവരി. |

**കിഴങ്ങുകൾ**

1. ചേന
2. ചേമ്പ്
3. ചെറുകിഴങ്ങ്
4. മധുരകിഴങ്ങ്
5. കാച്ചിൽ
6. നനകിഴങ്ങ്
7. അടതാപ്പ്
8. രാജകൂവ
9. കൂർക്ക
10. കുത്തുകിഴങ്ങ്
11. വെട്ടുകിഴങ്ങ്
12. കണ്ടിചേമ്പ്
13. തീറ്റ കിഴങ്ങ്
14. കുന്ന കിഴങ്ങ്
15. പട്ടി കിഴങ്ങ്
16. ആമ്പൽ കിഴങ്ങ്

**വാഴകൾ**

1. പാളയംകോടൻ
2. പൂവൻ
3. ഞാലിപൂവൻ
4. കുടപ്പനില്ലാകുന്നൻ
5. കണ്ണൻ
6. ഏത്തൻ
7. ഏറാടൻ
8. ചാരപൂവൻ
9. ചെട്ടി
10. കഥളി
11. കുന്നൻ
12. ചെറുകഥളി
13. ആറ്റുന്ത്രേൻ
14. റോബസ്റ്റ്
15. ചിങ്ങൻ
16. കുഴിപൂവൻ
17. കുഴിനേന്ത്രൻ
18. ചത്താലിക്കോടൻ
19. ചെങ്കഥളി
20. ആനകൊമ്പൻ

1. **മരുന്നുകൾ**
2. അമൽപൊരി
3. അരുത
4. അമ്പഴം
5. അരയാൽ
6. അകോരില്ലം
7. അടക്കാമണിയൻ
8. അടപ്പുനായൻ
9. അക്രാവ്
10. അഴുകണ്ണി
11. അമ
12. അപ്പ
13. അത്തി
14. ആടലോടകം ചെറുത്
15. ആടലോടകം വലുത്
16. ആവണക്ക്
17. ആനപ്പരിൽ
18. ആറ്റു ദർഭ
19. ആനയടിയൻ
20. ആമ്പൽ
21. ആട്ടുകൊട്ടപ്പാല
22. ആമി
23. ഇഞ്ചി
24. ഇലവങ്ങം-ഇഞ്ചി
25. ഇത്തിക്കണ്ണി
26. ഉഴിഞ്ഞ-ഉങ്ങ്-ഉദികരിൾ
27. ഉമ്മം (നീലം)
28. ഉമ്മം (വെള്ള)
29. ഊരി
30. എലുങ്ങ് - എരുക്ക്
31. എലിചെവി
32. താണി
33. തിരുതാളി
34. തേക്കട
35. തൊട്ടാവാടി
36. പണപ്പുള്ളടി
37. പതഞ്ചാംപുളി
38. പതിമുഖം
39. പനിനീർകൂർക്ക
40. പർപ്പടപ്പുല്ല് - പരില്
41. പാതിരി - പ്ലാശ്
42. പാച്ചൊറ്റി
43. പാടകിഴങ്ങ്
44. പാൽവള്ളി - പാൽമുതുക്ക്
45. പിച്ചകം - പിള്ളമൂത്ത
45. പീതാഘ്ലാതകൻ - പീരപ്പെട്ടി
46. പുഷ്കരമൂലം
47. പുങ്ങ്
48. പുത്തിരിചൂണ്ട
49. പൂച്ചുട്ടി
50. പൂപ്പരത്തി
51. പെരുമരം - പെരുകുറുമ്പ
52. പേരാൽ
53. പൊങ്ങില്യം
54. പൊട്ടൽപ്പീര്യം
55. പൊണാംതകര
56. പൊന്നങ്ങാണി
57. പൊന്നയ്യവീർയ്യം
58. മലയിഞ്ചി
59. മരമണി
60. മഞ്ഞൾ - മാലന്തകര
61. മാഞ്ചി
62. മാങ്ങഇഞ്ചി
63. മാതൃഘ്ലാതകി
64. മാതളം
65. മീനങ്ങാണി
66. മുങ്ങ
67. മുരിങ്ങ
68. മുക്കപ്പാരിയം
69. മുക്കുറ്റി
70. മുരിക്കുട്ടി
71. മുത്തങ്ങ
72. മുല്ല
73. മുള്ളൻചീര
74. മുയൽചെവി
75. മൂവില
76. വൻകൊട്ടം-വട്ടത്തകര
77. വൻതിപ്പല്ലി
78. വൻതുടലി
79. വട്ടകുറുന്തോട്ടി
80. വയമ്പ്
81. വൻകുറുന്തോട്ടി
82. വള്ളിപ്പാല - വള്ളികാഞ്ഞിരം
83. വൻകടലാടി - വയൽചുള്ളി
84. വൻതുടലി
85. വെറ്റില
86. വേപ്പ്
87. വേങ്ങ്
88. വിഴാല്

89. വെട്ടടക്
90. വെളുത്ത വഴുതന.
91. വെള്ളൂരം
92. വെള്ളിലം
93. വേലിപ്പരുത്തി
94. നറുനീണ്ടി
95. നറുംചണ്ണ - നാഗദന്തി
96. നായ്ക്കരണം
97. നരികുമ്പളം
98. നിലംപരണ്ട
99. നിലപ്പാല - നീലകാണിരം
100. നീർമാതളം
101. നീർമരുത്
102. എള്ള്
103. ഏഴിലംപാല
104. ഏകതായകം
105. ഏലം
106. ഒരിയതാമര
107. കരിംകുറിഞ്ഞി
108. കടലാടിവലുത്
109. കടലാടി ചെറുത്
110. കരിനൊച്ചി
111. കരിക്കൊടി
112. കറിവേപ്പ്
113. കരളകം
114. കഴഞ്ചി
115. കച്ചൂരം
116. കൽപ്പാൽ
117. കയ്യുണ്ണി
118. കറുത്തകാര
119. കരിമ്പനവാഴ
120. കദളിവാഴ
121. കറ്റവാഴ - കമ്മട്ടി
122. കണികൊട്ടം
123. കരിംകൂവളം
124. കരിയകിഴങ്ങ്
125. കല്ലുവാഴ - കല്ലൂർവള്ളി
126. കല്ലുരുക്കി
127. കൽത്താമം
128. കാറ്റടിതായകം
129. കസ്തൂരിമഞ്ഞൾ
130. കാഞ്ഞിരം
131. കാട്ടുഴുന്ന്
132. കാട്ടുപയർ
133. കാട്ടുമുതിര
134. കാട്ടുതിപ്പല്ലി
135. കാക്കതൊണ്ടി
136. കാട്ടുതൃത്താവ്
137. കാട്ടുമുളക്
138. കാർത്തോട്ടി
139. കിഴുക്കാനെല്ലി
140. കുടപ്പുളി
141. കുണി
142. കുടകപ്പാല
143. കുശ
144. കുടൽചുരുക്കി
145. കുററിപ്പാണൽ
146. കുരുട്ടുപ്പാല
147. കുറിച്ചുക്കുടി
148. കൂവളം
149. കൃഷ്ണതുളസി
150. കൊടിത്തുവ
151. കൊടവൻ
152. കൊടുവേലി
153. കൊടിയാവണക്ക്
154. കോടശ്ശേരി
155. കോൽപ്പുള്ളി
156. കോവൽ
157. കൈത
158. ചണ്ണകിഴങ്ങ്
159. ചന്ദനം
160. ചടയൻ
161. ചാമ
162. ചിറ്റീന്തൽ
163. ചിറ്റരണി
164. ചുങ്ങ
165. ചെറുഇടലി
166. ചെറുചീര
167. ചെറുനാരകം
168. ചെറുവഴുതന
169. ചെത്തി
170. ചെറുതേക്ക്
171. ചെമ്പരത്തി
172. ചെങ്ങുനീർച്ചാടി
173. ചെറൂള
174. ചൊറിഞ്ഞണം
175. തഴുതായ്മ
176. തകരം
177. തലനളി
178. തകരം
179 താമര
180. താർതാവൽ
181. നീലഅമരി
182. ശതാവരി
183. ബലിക്കറുക
184. കുറുന്തോട്ടി
185. നെടുമ്പാണൽ
186. കാട്ടുചേന
187. ദർഭ
188. നെയ്യുണ്ണിക്ക
189. ശംഖുപുഷ്പം
190. രാമച്ചം
191. നീർവാളം
192. നെല്ലി
193. തൊഴുകണ്ണി
194. ഗ്രാമ്പു
195. ഞെരിഞാമ്പള്ളി
196. വെള്ളഅരണ
197. വെളുത്തനൊച്ചി
198. ചിറ്റമൃത്
199. പോണമൃത്
200. രാമതുളസി
201. തുളസി
202. പാവട്ട
203 പാണൽ
204. വള്ളിപ്പാണൽ
205. പർപ്പടകപ്പുല്ല്
206. കാരി
207. മുക്കാപ്പിരിയൻ

28

## നഷ്ടപ്പെട്ട നെൽവിത്തുകൾ :

1 അധികൻ
2 ചെറുഅധികൻ
3 ചെമ്പാവ്
4 ചിറ്റേനി
5 ഇട്ടികണ്ടപ്പൻ
6 കൂട്ടുമുണ്ടകൻ
7 എരുമക്കാരി
8 കരുമാങ്കാരി
9 ഓണ്ണോട്ടൻ
10 രാജകല
11 ആര്യൻ
12 കല്ലടാര്യൻ
13 ചീര
14 വെള്ളുത്തചീര
15 ശീമ
16 നുറവിളകൻ
17 നൊവ്വ
18 നകര
19 വെള്ളാര്യൻ
20 പാണ്ടി
21 വെള്ളപ്പൊക്കാളി
22 മണലാര്യൻ
23 മോടോൻ
24 അരിമോടോൻ
25 കുമ്പളവൻ
26 തവളക്കണ്ണൻ

## മൃഗങ്ങൾ (നഷ്ടപ്പെട്ടവയും അപൂർവ്വവുമായ)

1 കാട്ടുപട്ടി
2 കാട്ടുപൂച്ച
3 മരപ്പട്ടി
4 കാട്ടുമുയൽ
5 കീരി
6 അണ്ണാൻ
7 മലയണ്ണാൻ
8 ഉനാംചക്കി
9 കാട്ടുമാക്കാൻ
10 രപകലുണ്ണോമൻ
11 പെരിച്ചാഴി
12 തുരപ്പൻ
13 ചുണ്ടെലി
14 കുറുക്കൻ
15 നീർനായ
16 നീറ്റെലി
17 കുരാൻ
18 കോക്കാൻ
19 മരഞ്ഞോടൻ
20 കാട്ടുപന്നി
21 പച്ചയോന്ത്
22 തേവാങ്ക്
23 കുട്ടിതേവാങ്ക്
24 കഴുവാറ
25 ഉടുമ്പ്
26 മെരുക്
27 ജബാദ് (വലിയ മെരുക്)
28 കുട്ടിസ്രാങ്ക്
29 അരണ
30 മരമാക്കാൻ
31 പല്ലികൾ

## തീരെ നശിച്ചുപോയ വൃക്ഷങ്ങൾ

1 കുന്നിവാക
2 കരിന്തകര
3 ചടച്ചി
4 ഇരുൾ
5 മയിലെള്ള്
6 ഇരിമ്പൻ പുളി
7 നാരകം
8 ചുവന്ന കരൾ
9 ഇലവംങ്ങം
10 മുരിക്ക്
11 വേപ്പ്
12 കൊന്ന
13 വൻതേക്ക്
14 കരിമരുത്
15 ബദാം

## സുലഭമായി ഇല്ലാത്തത്

1 ഇലവ്
2 നെല്ലി
3 വറങ്ങ്
4 ഞാവൽ
5 കുടപ്പുളി
6 കടപ്ലാവ്
7 കശുമാവ്
8 വട്ടമരം
9 താണി
10 മുക്കയിന്നി
11 മുള്ളിലം
12 പഞ്ഞി

29

13 മുരുക്ക്
14 ആഞ്ഞിലി
15 പുളിമരം
16 ഇരുമ്പൻപുളി
17 അമ്പഴം
18 കരൾ
19 ചുവന്ന കരൾ
20 ആൽ
21 ചേല
22 കാഞ്ഞിരം
23 കൊന്ന
24 എലഞ്ഞി
25 നാരകം
26 മഹാഗണി
27 വാലിമരം

## കിളികൾ

1 പുത്താങ്കിരി
2 ചെമ്പോത്ത് (ഉപ്പൻ)
3 കാട
4 കാരാൻ
5 ആറ്റക്കിളി
6 തത്ത
7 മൂങ്ങ
8 മൂങ്ങ (വലുത്)
9 മണിയരണ്ട
10 താറാവ് ഇരണ്ട
11 തൊപ്പീകിളി
12 വാലൻകിളി
13 മരംകൊത്തി
14 മൈന
15 കൊളക്കോഴി
16 നെല്ലികോഴി
17 കാട്ടുപ്രാവ്
18 ചെങ്ങാലി (അരിപ്രാവ്)
19 പച്ചക്കിളി
20 മഞ്ഞക്കിളി
21 പരുന്ത്
22 കൊക്ക് (പൂതകൊക്ക്)
23 വെള്ളകൊക്ക്
24 കാക്കതമ്പുരാട്ടി
25 കുയിൽ
26 നാരായണപക്ഷി
27 വേഴാമ്പൽ
28 നരിച്ചീൽ
29 പാറാട
30 കുരുവി
31 തേൻകുരുവി
32 അടയ്ക്കാകിളി
33 പൊൻമാൻ
34 ഒട്ടേച്ചി
35 തിത്തിരി
36 കാട്ടുകോഴി
37 കുരിയിൽ
38 തച്ചൻകോഴി
39 കട്ടേപതിങ്ങി
40 എറമുള്ളൻ
41 കിണ്ണി
42 ചെന്തൽ
43 ഓലവാലൻ
44 നത്ത്
45 വൈറ്റ് ബ്രസ്റ്റഡ് റോബിൻ
46 റെഡ് ബ്രിസ്റ്റ് റോബിൻ

## ചരിത്രം

ഐതിഹ്യപ്രസിദ്ധമായ കല്ലൂർഗ്രാമത്തിൻെറ വടക്കെ പ്രദേശമാണ് ഇന്നത്തെ കാടുകുററി പഞ്ചായത്ത്. പഴയ അടൂർ ഫർക്കയിൽപ്പെട്ടതാണ് ഇന്നത്തെ ഈ പ്രദേശം. കല്ലൂർവടക്കുംമുറി പഞ്ചായത്ത് എന്നായിരുന്നു ഇതിൻെറ പേര്.

പരശുരാമൻ മഴുവെറിഞ്ഞ് അറുപത്തിനാലുഗ്രാമങ്ങളായി തിരിച്ച് ബ്രാഹ്മണർക്കു ദാനം ചെയ്ത കേരളകഥ സുവിദിതമാണല്ലോ. ആ ഐതിഹ്യ വിശുദ്ധിയുടെ ഒരു ഘടകഗ്രാമമായിരുന്നു കല്ലൂർ. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ഇവിടെയുണ്ടായിരുന്ന നമ്പൂതിരി ബ്രാഹ്മണർ മിക്കവരും സുരക്ഷിതമായ മററുസ്ഥലങ്ങളിലേയ്ക്കു കുടിയേറി.

പതിനാറാം നൂററാണ്ടിൽ ഡച്ചുകാരും പോർട്ടുഗീസുകാരും തമ്മിൽ നടന്ന യുദ്ധത്തിൽ പോർട്ടുഗീസുകാർക്ക് ആധിപത്യം വിട്ടൊഴിയേണ്ടി വന്നു. വടക്കോട്ടു നീങ്ങിയ അവർ വിജനമായി കിടന്നിരുന്ന ഇന്നത്തെ സമ്പാളൂർ പ്രദേശത്ത് താമസമുറപ്പിച്ചു. "വിശുദ്ധപൗലോസിൻെറ ദേശം " എന്നർത്ഥം വരുന്ന "സെയ്ൻറ്പോൾസ് ഊർ " കാലാന്തരത്തിൽ സമ്പാളൂർ ആവുകയാണുണ്ടായത്. പോർട്ടുഗീസുകാർ പാളയമടിച്ചിരുന്ന സ്ഥലം ഇന്നും പാളയംപറമ്പ് എന്നാണ് അറിയപ്പെടുന്നത് - വൈന്തല, വാളൂർ, കൊലയിടം - ഇങ്ങനെ യുദ്ധചരിത്രമായി ബന്ധപ്പെട്ട് ഒരുപാട് ചെറുഗ്രാമങ്ങൾ ഈ പഞ്ചായത്തിലുണ്ട്.പോർട്ടുഗീസ് പൈതൃകം അവകാശപ്പെടാവുന്നവരാണ് ഇന്നത്തെ കാടുകുററിയിലെ ആംഗ്ലോ ഇന്ത്യൻസ്.

തത്തമത്ത് സ്വരൂപം (കൊരട്ടി സ്വരൂപം) വക നാട്ടുരാജ്യമായിരുന്നു ഈ പ്രദേശം. കവലക്കാട്ട് തോമ എന്നു പ്രസിദ്ധനായ പടയാളിയായിരുന്നു കൊരട്ടി സ്വരൂപത്തിൻെറ സേനാനായകൻ. അദ്ദേഹം ജനിച്ചത് കാടുകുററി പഞ്ചായത്തിലാണ്. അദ്ദേഹത്തിൻെറ ശവസംസ്കാരം നടത്തിയ സ്ഥലത്താണ് കൊരട്ടിപള്ളിയുടെ പടിഞ്ഞാറെ നടയിലുള്ള കൽക്കുരിശ് സ്ഥാപിച്ചിട്ടുള്ളത്.

അർണ്ണോസുപാതിരി കേരളത്തിൽ സ്ഥാപിച്ച ആദ്യത്തെ മലയാളം അച്ചുകൂടം ഈ പഞ്ചായത്തിലെ സമ്പാളൂരിന്നടുത്താണ്. സെമിനാരി പറമ്പ് എന്ന് ഇന്നും ഈ സ്ഥലം അറിയപ്പെടുന്നു.

അമ്പഴക്കാട് സെൻ്റ് തോമാസ് ചർച്ച്, കാടുകുററി ഉണ്ണിമിശിഹാപള്ളി, സെൻറ്സേവ്യേഴ്സ് ചർച്ച് സമ്പാളൂർ എന്നിവയും , ശ്രീധർമ്മശാസ്താ ക്ഷേത്രം അന്നനാട്, പിഷാരത്ത് ശ്രീകൃഷ്ണ ക്ഷേത്രം ചെറുവാളൂർ എന്നിവയും കാടുകുററിയിലെ ശതാബ്ദി പിന്നിട്ട ദേവാലയങ്ങളാണ്. ഇതിൽ എ.ഡി.300ൽ സ്ഥാപിതമായ അമ്പഴക്കാട് പള്ളിയാണ് ഈ പ്രദേശത്തേയും സമീപപ്രദേശത്തേയും ക്രിസ്ത്യാനികളുടെ മതപരമായ കാര്യങ്ങൾ നിയന്ത്രിച്ചിരുന്നത്. അന്നനാട്ടിലുള്ള വേലുപ്പിള്ളി ധർമ്മശാസ്താക്ഷേത്രം ഹൈന്ദവരുടെ ആത്മീയകേന്ദ്രമെന്ന നിലയിൽ പഴയകാലം തൊട്ടേ പ്രസിദ്ധമാണ്.

ഈ പഞ്ചായത്തിനെ രണ്ടായി പകുത്തുകൊണ്ട് ഒഴുകുന്ന ചാലക്കുടിപ്പുഴ ചരിത്രപരമായ

എല്ലാമാററങ്ങളുടേയും സാക്ഷിയായി വർത്തിക്കുന്നു - സംഘസാഹിത്യത്തിലെ സൂചനകളിൽ "ചോലയാർ" എന്നായിരുന്നു ഈ പുഴയുടെ പേര് എന്ന് കണ്ടെത്തിയിട്ടുണ്ട്.

മൈസൂർസിംഹം എന്നറിയപ്പെട്ടിരുന്ന ടിപ്പുസുൽത്താൻ 1766ൽ ആക്രമണം നടത്തിയപ്പോൾ തിരുവിതാംകൂർ കൊച്ചിരാജാക്കന്മാർ സംയുക്തമായി അറബിക്കടൽമുതൽ സഹ്യാദ്രിവരെ കോട്ട കെട്ടി അദ്ദേഹത്തെ തടഞ്ഞുനിർത്താൻ ശ്രമിക്കുകയുണ്ടായി, കോട്ടയുടേയും അനുബന്ധിച്ചുള്ള കിടങ്ങിൻേറയും യുദ്ധസാമഗ്രികളുടേയും അവശിഷ്ടങ്ങൾ ഇപ്പോഴും അങ്ങിങ്ങുകാണാം - കൊടികുത്തിമല എന്ന പട്ടാളത്താവളം ഇപ്പോൾ കൊടുകുത്തുകുന്ന് എന്നറിയപ്പെടുന്നു.

ദേശീയസ്വാതന്ത്ര്യസമരത്തിന് കുറച്ചുപേരെയെങ്കിലും സംഭാവനചെയ്യാൻ നമ്മുടെ നാടിന് സാധിച്ചിട്ടുണ്ട് എന്നുള്ളത് അഭിമാനകരമാണ്. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോനാണ് ഇവരിൽ പ്രാത:സ്മരണീയൻ. ഇന്ത്യ മുഴുവൻ ഈ ഗ്രാമത്തെ സ്വന്തം നിലയിൽ പരിചയപ്പെടുത്തിയ അദ്ദേഹത്തെ ബഹുമാനപുരസ്സരം സ്മരിച്ചുകൊള്ളട്ടെ.

കാമ്പളത്ത് കൃഷ്ണൻകുട്ടി, കുമരപ്പിള്ളി കേശവമേനോൻ എന്നീ മഹാനുഭാവന്മാരും ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയിട്ടുണ്ട്.

1909ൽ ജനിച്ച ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ കാടുകുററി സെൻററ് അഗസ്ററിൻ എൽ.പി. സ്ക്കൂൾ, വൈന്തല, ചേന്ദമംഗലം, എറണാകുളം, തൃശ്ശൂർ സെൻററ് തോമാസ് കോളേജ്, തൃശിനാപ്പിള്ളി സെൻററ് ജോസഫ്സ് കോളേജ് , മദ്രാസ് ലോ കോളേജ് എന്നിവിടങ്ങളിൽ വിദ്യഭ്യാസം നടത്തിയതിനുശേഷം 1932ൽ അഭിഭാഷകനായി. 1935, 38 വർഷങ്ങളിൽ കൊച്ചി നിയമസഭയിൽ അംഗമായി. 1942 ലെ ക്വിററ് ഇന്ത്യ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ചു. പ്രജാമണ്ഡലം പ്രവർത്തകനായി 1945ൽ കൊച്ചി നിയമസഭാംഗമായും 1946, 47 ൽ കൊച്ചി മുഖ്യമന്ത്രിയായും അവരോധിക്കപ്പെട്ടു. 1952ൽ തിരുക്കൊച്ചിയിൽ എ.ജെ.ജോൺ മന്ത്രിസഭയിൽ അംഗമായി. 1954ൽ പട്ടം താണുപിള്ളക്കുശേഷം തിരുക്കൊച്ചി മുഖ്യമന്ത്രിയായി. ശ്രീമതി ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ ഭക്ഷ്യകാര്യസഹമന്ത്രിയായിരുന്നു. 1967ൽ കാബിനററ് റാങ്കിൽ നിയമമന്ത്രിയായി. ബാങ്ക് ദേശസാൽക്കരണം , പ്രിവിപഴ്സ് നിർത്തലാക്കൽ എന്നിവയ്ക്ക് കാർമികത്വം വഹിച്ചു. റെയിൽവേ വകുപ്പും കൈകാര്യം ചെയ്തിട്ടുണ്ട്. 1970 മെയ് 23-ാം തിയ്യതി അദ്ദേഹം ദിവംഗതനായി.

നായർ സർവ്വീസ് സൊസൈററിയുടെ പ്രസിഡൻറായിരുന്ന അന്തരിച്ച അഡ്വ.പനമ്പിള്ളി രാഘവമേനോൻ,കാടുകുററി സ്വദേശി മഹാത്മാഗാന്ധി യൂണിവേഴ്സിററി ഡീനും, സിണ്ടിക്കേററ് അംഗവുമായ ഡോ.എ.കെ.ചിറപ്പണത്ത്, കല്ലൂർ സ്വദേശിയും ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസുമായ ശ്രീ.ടി.പി.സെൻകുമാർ ഐ.പി.എസ് എന്നിവരും നമ്മുടെ നാടിൻെറ സംഭാവനകളാണ്. ഭൂപരിഷ്കരണനിയമത്തിനുമുമ്പ് ഏറെക്കുറെ ജന്മിവാഴ്ചയായിരുന്നു ഇവിടെ - കുടികിടപ്പാവകാശവും ഭൂപരിഷ്കരണനിയമവും ഭൂവുടമാസമ്പ്ര ദായത്തിൽ ഉണ്ടാക്കിയ പൊളിച്ചെഴുത്ത് സാമൂഹികവും സാമ്പത്തികവുമായ ഒട്ടേറെ മാററങ്ങൾക്ക് കാരണമാവുകയുണ്ടായി.

1952ൽ കല്ലൂർവടക്കുംമുറി വില്ലേജ് പഞ്ചായത്ത് നിലവിൽവന്നു. 1954ൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ സമിതിയുണ്ടായി. കാലാകാലങ്ങളിൽ ഭരണനേതൃത്വം വഹിച്ച പ്രസിഡണ്ടുമാരുടെ പേരുകൾ അന്യത്ര ചേർത്തിട്ടുണ്ട്. 1989 സെപ്ററംബർ 22-ാംതിയ്യതി കല്ലൂർ വടക്കുംമുറി പഞ്ചായത്ത് കാടുകുററി പഞ്ചായത്ത് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

# കൃഷി -ജലസേചനം

കാടുകുററി പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ് ഏറെപേരും. കാർഷികേതര വരുമാനമുള്ളവരുടെ ഉടമസ്ഥതയിലും കൃഷി ഭൂമി ഉണ്ട്.

തെങ്ങാണ് ഏററവും പ്രധാനപ്പെട്ട ദീർഘകാല നാണ്യവിള. ഇടവിളയായി ജാതി, വാഴ, ഇഞ്ചി, കവുങ്ങ് എന്നിവയും കൃഷി ചെയ്യുന്നു. നെല്ലാണ് ഏററവും പ്രധാനപ്പെട്ട ധാന്യവിള.

പട്ടിക ഒന്ന്

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെഎണ്ണം |
|---|---|---|
| 1 | 1ഹെക്ടറിൽ താഴെ | 6275 |
| 2 | 1ഹെക്ടറിനും 2ഹെക്ടറിനും ഇടയിൽ | 415 |
| 3 | 2ഹെക്ടറിനും 5 ഹെക്ടറിനും ഇടയിൽ | 250 |
| 4 | 5 ഹെക്ടറിനു മുകളിൽ | 120 |

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. മഴയെ ആശ്രയിച്ചാണ് നെൽകൃഷി നടത്തിയിരുന്നത്. തോടുകൾ, കുളങ്ങൾ എന്നിവ കൂട്ടായി സംരക്ഷിച്ച് കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. നാടൻ വിത്തിനങ്ങളായ ചീര, അതിയൻ, ആര്യൻ, നകര എന്നിവയാണ് ഉപയോഗിച്ചിരുന്നത്.

70 - ഓടുകൂടി അത്യുല്പാദനശേഷിയുള്ള വിത്തുകൾ ഉപയോഗിക്കുവാൻ തുടങ്ങി. ഈ കാലഘട്ടത്തിലാണ് രാസവളപ്രയോഗവും നിലവിൽവന്നത്. വൈദ്യുതി ലഭ്യമായതോടെ പമ്പുസെററുകളും ഉപയോഗിച്ചുതുടങ്ങി. ഇടക്കാല വിളകളായി ചാമ,എള്ള് പയർ എന്നിവയും വേനൽക്കാല പച്ചക്കറികളും കൃഷി ചെയ്തിരുന്നു.

പുരയിടങ്ങളിൽ മാവ്, വാഴ, കശുമാവ്, കുരുമുളക്, കവുങ്ങ്, ചേന, ചേമ്പ്, കൂർക്ക, മരച്ചീനി, മധുരക്കിഴങ്ങ് എന്നിവയും കൃഷി ചെയ്തിരുന്നു. നാടൻ ജലസേചനഉപാധികളായ തുലാവ്, ചക്രം, വേത്ത്, കയററുകൊട്ട എന്നിവ സാധാരണമായിരുന്നു. എലിയെ പിടിക്കുന്നതിന് മുളംകുററികെണിയും, ചാഴിയെ നശിപ്പിക്കുവാൻ മുറംവീശൽ, പന്തം കത്തിച്ചുവെയ്ക്കൽ, ചാരം പറപ്പിക്കൽ എന്നീരീതികളും നിലവിലുണ്ടായിരുന്നു.

പാട്ടവ്യവസ്ഥ നിലനിന്നിരുന്നതുമൂലം തെങ്ങുകൃഷി പ്രാമുഖ്യം നേടിയിരുന്നില്ല. ചാലക്കുടി ചന്തയായിരുന്നു കാർഷികോല്പന്നങ്ങളുടെ പ്രധാന വിപണനകേന്ദ്രം. ഭൂപരിഷ്കരണം

നടപ്പിൽവരികയും പാട്ടവ്യവസ്ഥ ഇല്ലാതാവുകയും ചെയ്തതോടെ, തെങ്ങ്,കവുങ്ങ് തുടങ്ങിയദീർഘകാല നാണ്യവിളകളിലേക്ക് കർഷകർ തിരിഞ്ഞു.

കൃഷിചെലവ് ഏറുകയും കർഷകതൊഴിലാളികളുടെ ലഭ്യതകുറഞ്ഞതും മൂലം കർഷകർ വയലുകൾ തെങ്ങുകൃഷിക്കും വീടുനിർമ്മിക്കുന്നതിനും ഉപയുക്തമാക്കി. ശേഷിച്ച വയലുകൾ ഓട്ടുകമ്പനിക്കും, ഇഷ്ടിക കളത്തിന് മണ്ണെടുക്കുന്നതിനും വേണ്ടി കൈമാററം ചെയ്തു.

പുരയിടങ്ങളിൽ തെങ്ങൊഴികെയുളളമററുകാർഷികവിളകളെല്ലാം അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ഈയടുത്തകാലത്തായി റബ്ബർകൃഷിയിലേക്ക് കർഷകരുടെ ശ്രദ്ധതിരിഞ്ഞിട്ടുണ്ട്. വ്യാപകമായ തെങ്ങുരോഗം ഇതിന് ഒരു കാരണമായി പറയാവുന്നതാണ്.

ജനസംഖ്യാവർദ്ധനവ് കൃഷിഭൂമിയുടെ അളവ് കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസുകളായ കുളങ്ങൾ, തോടുകൾ എന്നിവ കൂട്ടായി സംരക്ഷിച്ചുവരുന്ന സ്ഥിതിക്ക് മാററം വന്നു. ഇപ്പോഴുള്ളവ തീർത്തും ഉപയോഗശൂന്യമായി തീർന്നിരിക്കുന്നു. രാസവളപ്രയോഗം മൂലം മണ്ണിൻെറ അമ്ല സ്വഭാവം വർദ്ധിച്ചുവരുന്നതായി കാണുന്നു.

**ഭൂവിനിയോഗം**

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 17.36 ച.കി.മീ. ആണ്. ഇത് ഉയർന്ന പ്രദേശം, പാടശേഖരങ്ങൾ, തുരുത്ത്, പുഴ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. കുന്നിൻപ്രദേശങ്ങളിലും പുരയിടങ്ങളിലും ചരൽ കലർന്ന ചുവന്ന മണ്ണും, നെൽവയലുകളിൽ എക്കൽമണ്ണുമാണ് കാണപ്പെടുന്നത്. ചാലക്കുടി പുഴ കാടുകുററി പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്നു.

ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ പുഴയുടെ പടിഞ്ഞാറും ബാക്കി ഏഴ് വാർഡുകൾ പുഴയുടെ കിഴക്കും സ്ഥിതിചെയ്യുന്നു. തെങ്ങും, നെല്ലുമാണ് മുഖ്യമായ കാർഷികവിളകൾ.

പട്ടിക രണ്ട്

| നമ്പർ | വിള | വിസ്തീർണ്ണം (ഏകദേശം) |
|---|---|---|
| 1 | നെല്ല് ഒന്നാംവിള | 700 ഹെക്ടർ |
| 2 | നെല്ല് രണ്ടാംവിള | 700 ഹെക്ടർ |
| 3 | നെല്ല് മൂന്നാംവിള | 300 ഹെക്ടർ |

നെൽകൃഷിയുടെ ഉൽപ്പാദനം നാടൻവിത്തിനങ്ങൾക്ക് ഹെക്ടറിന് 1750 - 2000 കി.ഗ്രാമും, സങ്കരയിനം വിത്തിനങ്ങൾക്ക് ഹെക്ടറിന് 3000 - 3500 കി.ഗ്രാമും ആണ്. പുതിയ ഇനം വിത്തുകളോടാണ് കർഷകർക്ക് ആഭിമുഖ്യമുള്ളത്. കൃഷിഭവൻ വഴി ജ്യോതി, പവിഴം, ചുവന്ന ത്രിവേണി, ജയ, കൾച്ചർ എന്നിവ വിതരണം ചെയ്തുവരുന്നുണ്ട്. വിളവെടുപ്പിനുശേഷം വയലുകൾ മിക്കവാറും തരിശായി കിടക്കുന്നു. മുഖ്യ ഇടവിളകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക - 3

| നമ്പർ | ഇടവിള | വിസ്തീർണ്ണം (ഏകദേശം) |
|---|---|---|
| 1 | പയർ,മുതിര | 6 ഹെക്ടർ |
| 2 | പച്ചക്കറി | 1 ഹെക്ടർ |
| 3 | വാഴ | 40 ഹെക്ടർ |
| 4 | മരച്ചീനി | 10 ഹെക്ടർ |
| 5 | കുരുമുളക് | 1 ഹെക്ടർ |
| 6 | കവുങ്ങ് | 15 ഹെക്ടർ |
| 7 | കശുമാവ് | 16 ഹെക്ടർ |

തെങ്ങിൻെറ വാർഷിക ഉല്പാദനശേഷി ഹെക്ടറിന് 2500 എണ്ണമാണ്. ജലസേചന സൗകര്യത്തിൻെറ അപര്യാപ്തത ഉല്പാദനശേഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്.

**വളം**

സഹകരണമേഖലയിലുള്ള രണ്ടും, സ്വകാര്യമേഖലയിലുള്ള രണ്ടും ഉൾപ്പെടെ നാല് വളം വിപണനകേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. ഉപയോഗിക്കപ്പെടുന്ന വളത്തിൽ രാസവളത്തിൻെറ അളവ് ഏകദേശം 85% തോളം വരും. ഇത് ശാസ്ത്രീയമായ രീതിയിലാണെന്ന് പറയുവാൻ സാധിക്കുകയില്ല. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവളപ്രയോഗം നടക്കുന്നില്ല. ദൗർലഭ്യവും, ഭാരിച്ച ചെലവും മൂലം ജൈവവളപ്രയോഗം വിരളമായി മാത്രമേ നടക്കുന്നുള്ളൂ.

**കീടനാശിനികൾ**

നെല്ല്, വാഴ, പച്ചക്കറികൾ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കൃഷിക്കാരുടേയും, കൃഷിതൊഴിലാളികളുടേയും അറിവില്ലായ്മ മൂലം കീടനാശിനി പ്രയോഗത്തിൽ ശാസ്ത്രീയമായ മുൻകരുതലുകൾ അവലംബിക്കപ്പെടുന്നില്ല.

**കാർഷികഉപകരണങ്ങൾ**

ഒരുകാലത്ത് കൃഷിക്ക് ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുകയാണ്. കൃഷിഭവൻ മുഖേന 90% സബ്സിഡിയോടെ ലഭ്യമാക്കിയ ടില്ലറും 10000

രൂപ സബ്സിഡിയോടെ ലഭ്യമാക്കിയ ടില്ലറുകളും ഒരു റോക്ക് സ്പ്രെയർ, നാല് സ്റേറാക്ക് സ്പ്രെയർ എന്നിവകളാണ് കാർഷികോപകരണങ്ങളായി ഇപ്പോഴുള്ളത്.

30 ജോഡി ഉഴവു കാളകളും പഞ്ചായത്തിലുണ്ട്. കൂടാതെ സമീപ പഞ്ചായത്തുകളിലെ കാർഷികോപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കാറുണ്ട്.

**പാടശേഖരണസമിതികൾ**

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കർഷകരെ അംഗങ്ങളാക്കി രൂപീകരിക്കപ്പെട്ട 15 പാടശേഖരസമിതികളും, പഞ്ചായത്ത് കേരസംരക്ഷണസമിതിയും ഇപ്പോൾ നിലവിലുണ്ട്.

കാലാകാലങ്ങളിൽ സബ്സിഡികൾ ലഭിക്കാത്തതും കൃഷിനാശം സംഭവിക്കുമ്പോൾ വേണ്ടത്ര സഹായം ലഭിക്കാത്തതുംമൂലം സമിതികൾ പലതും വേണ്ടത്ര പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് കർഷകർക്ക് ഇത്തരം സമിതികളിൽ പൂർണ്ണമായും വിശ്വാസം അർപ്പിക്കുവാൻ സാധിക്കുന്നില്ല.

**കൂലിനിരക്ക്**

കാർഷികമേഖലയിൽ തൊഴിലാളികളുടെ ലഭ്യത കുറഞ്ഞുവരികയാണ്. ഇതര മേഖലകളിലെ കൂലിവർദ്ധന, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, വിദ്യഭ്യാസനിലവാരത്തിൽ വന്ന മാററങ്ങൾ എന്നിവ ഇതിൻെറ കാരണങ്ങളിൽപ്പെടുന്നു. കർഷകതൊഴിലാളികളായി ധാരാളം പേർ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരുടെ കൂലിനിരക്ക് പുരുഷന്മാർക്ക് ശരാശരി നൂറ്രൂപയും സ്ത്രീകൾക്ക് ശരാശരി 60 രൂപയുമാണ്. ഗൾഫ് മേഖലയുടെ സ്വാധീനം നിർമ്മാണരംഗത്ത് വളർച്ചയും കർഷകതൊഴിലാളികളെ നിർമ്മാണതൊഴിലാളികളായി മാറുകയും ചെയ്തിട്ടുണ്ട്.

**ജലസേചനം**

വേനൽക്കാലത്ത് ജലസേചനം നടത്തുന്നതിന് ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾ പലതും നിലവിലുണ്ട്. പഞ്ചായത്തിലെ നീരൊഴുക്ക് പലവലിയ തോടുകളും ചിറകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. എല്ലാം തോടുകളും ചാലക്കുടിപുഴയിലാണ് ചേരുന്നത്. കാലവർഷവും, തുലാവർഷവും സംസ്ഥാനത്ത ഇതരപ്രദേശങ്ങളിലെപ്പോലെ ഇവിടേയും ലഭിക്കുന്നു.

**തോടുകൾ**

പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ വിസ്തീർണ്ണം 15 ഏക്കറോളം വരും. മൂന്ന് സ്ഥലങ്ങളിൽ തോടുകൾക്ക് ചീർപ്പുകൾ ഉണ്ടെങ്കിലും ഒന്നുമാത്രമേ വെള്ളം കെട്ടിനിർത്താൻ ഉപയോഗിക്കുന്നുള്ളു. അതാകട്ടെ കാതിക്കുടത്തെ 40H.P മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് പെരുംതോട്ടിൽ ഉള്ള ചീർപ്പാണ്. മററുള്ള തോടുകളിൽ താല്ക്കാലികമായി, നാടൻരീതികളു പയോഗിച്ച് വെള്ളം കെട്ടിനിർത്താറാണ് പതിവ്. ഈ തോടുകൾക്കെല്ലാം നിരവധി പെതോടുകളുമുണ്ട്.

**കുളങ്ങൾ**

പഞ്ചായത്തിൽ വലുതും ചെറുതുമായി ധാരാളം കുളങ്ങളുണ്ട്. ശരിയായി സംരക്ഷിക്കപ്പെടാത്തതുകൊണ്ട് കൃഷി ആവശ്യങ്ങൾക്ക് ഈ കുളങ്ങളൊന്നും ഉപയുക്തമല്ല. കുളങ്ങളിലും, ചിറകളിലും ഭൂരിഭാഗവും വേനൽക്കാലത്ത് വററുന്നവയാണ്. 6 - 8 വാർഡുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ചാത്തൻചാൽ ചിറ മണ്ണുവന്നുകൂടി നികന്നുകൊണ്ടിരിക്കുന്നു.

**മണ്ണ് ജലസംരക്ഷണം**

ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും, ഭൂമിയുടെ തുണ്ടവത്ക്കരണവും, കാർഷികവൃത്തിയോടുള്ള അവഗണനയും ജലസംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വരമ്പുകളിട്ടും മരങ്ങൾ നട്ടും പറമ്പുകൾ കൊത്തിയ്ളക്കിയുമാണ് മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. പൊന്തക്കാടുകൾ, കുററിക്കാടുകൾ, സർപ്പക്കാവുകൾ എന്നിവ പരിമിതമായ തോതിലെങ്കിലും മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്.

**നഴ്സറികൾ**

ഈ പഞ്ചായത്തിൽ കാടുകുററി പള്ളിയോടനുബന്ധിച്ചുള്ള ഒരു നഴ്സറിയുണ്ട് എന്നു പറയാം.

**കൃഷിഭവൻ**

കൃഷിഭവൻെറ പ്രയോജനം പരിമിതമായി മാത്രമേ കർഷകർക്ക് ലഭിക്കുന്നുള്ളു. മൂന്ന് കൃഷി അസിസ്ററൻ്ററുമാരും ഒരു കൃഷി ഓഫീസറും ഉള്ള കൃഷിഭവൻെറ പ്രയോജനം പൂർണ്ണമായി കർഷകർക്ക് ലഭിക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

നെൽകൃഷി നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അനവധിയും, അഭൂതപൂർവ്വവുമാണ്. കാലവർഷകാലത്ത് വെള്ളകെട്ടും വേനൽക്കാലത്ത് ജലദൗർലഭ്യവും നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. ചാലക്കുടിപുഴയിൽ ചേരുന്ന പല വലിയ തോടുകളും മണ്ണ് നികന്ന് നീരൊഴുക്ക് ഇല്ലാത്തതുമൂലം വർഷക്കാലത്ത് മുണ്ടകൻ കൃഷി നശിക്കുന്നു. വെള്ളം കിട്ടാത്തതുകൊണ്ട് പുഞ്ചകൃഷി ഉണങ്ങുന്നു. പുഴയിൽ സ്ഥാപിച്ചിട്ടുള്ള മൈനർ ഇറിഗേഷൻ പമ്പുസെററുകൾ നിർണ്ണായക സമയങ്ങളിൽ കേടാവുന്നതുമൂലം കൃഷിക്ക് പലപ്പോഴും പ്രയോജനപ്പെടുന്നില്ല.

വർദ്ധിച്ച ഉത്പാദനചിലവ്, കർഷക തൊഴിലാളികളുടെ ദൗർലഭ്യം, കാലവർഷകെടുതികൾ, ഉല്പന്നത്തിന് വേണ്ടത്ര വില ലഭിക്കാത്തത്, ഓട്ടുകമ്പനികൾ ഇഷ്ടികനിർമ്മാതാക്കൾ എന്നിവരുടെ മണ്ണെടുക്കൽ, നെൽകൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് എന്നിവയൊക്കെ നെൽകൃഷി ക്ഷയോന്മുഖമാവാൻ കാരണമായി.

മറെറാരു പ്രധാന കൃഷിയായ തെങ്ങാകട്ടെ ചില ഭാഗങ്ങളിൽ മെച്ചമായ ഉല്പാദനം നല്കുന്നുണ്ടെങ്കിലും ആശാവഹമായ ഉൽപ്പാദനവർദ്ധനവ് കാണുന്നില്ല. മുഴുവൻ തെങ്ങിൻ തോപ്പുകളിലും ജലസേചനസൗകര്യം ലഭ്യമല്ല. തേങ്ങയുടെ വിലക്കുറവ്, തെങ്ങുരോഗം, നല്ലയിനം തൈകൾ ലഭിക്കായ്ക, തുടങ്ങിയവയൊക്കെ തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. അശാസ്ത്രീയമായ രാസവളപ്രയോഗവും ജൈവവളത്തിൻെറ അപര്യാപ്തതയും മണ്ണിൻെറ ഘടനയിലും ഫലപുഷ്ടിയിലും മാററം വരുത്തി. ഇത് ഉല്പാദനശേഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

യഥാസമയം കിളയ്ക്കുകയും , വരമ്പുകളോ, മാട്ടങ്ങളോ, മതിലോ കെട്ടാത്തതുമൂലം മണ്ണൊലിപ്പ് ഉണ്ടാകുന്നു. ജലസേചനസൗകര്യമില്ലാത്ത കുന്നിൻപുറങ്ങൾ കശുമാവുകൃഷിക്ക് അനുയോജ്യമാണെങ്കിലും ഉപയോഗപ്പെടുത്തി കാണുന്നില്ല. സ്വാഗതാർഹമായ ഒരു കാര്യം പഞ്ചായത്തിലെ ചിലഭാഗങ്ങളിലെ കർഷകർ റബ്ബർ കൃഷിയിലേക്ക് ശ്രദ്ധതിരിച്ചിരിക്കുന്നു എന്നുള്ളതാണ്.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലാണ് രാസവളപ്രയോഗം നടത്തേണ്ടത് എങ്കിലും, അങ്ങനെയുള്ള ഒരു പരിശോധന നടന്നതായി കാണുന്നില്ല. മണ്ണിൻെറ സാമ്പിളുകൾ പലപ്പോഴും എടുത്തിട്ടുണ്ടെങ്കിലും കൃഷിക്കാർക്ക് പ്രയോജനം കിട്ടിയതായി കാണുന്നില്ല.

ഒരു കാലത്ത് ധാരാളമായി കൃഷി ചെയ്തിരുന്ന വേനൽക്കാല പച്ചക്കറികൾ, മരച്ചീനി, ചേന, ചേമ്പ്, മററു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ വളരെ കുറച്ചുമാത്രമേ കൃഷി ചെയ്യുന്നുള്ളു. രോഗങ്ങളും, കാററും, മഴയും, വാഴകൃഷിക്ക് വലിയ തോതിൽ നാശം വരുത്തുന്നു.

പോളരോഗം, വെള്ളക്കുല, മഞ്ഞപ്പ് എന്നിവയാണ് നെല്ലിന് കണ്ടുവരുന്ന പ്രധാന രോഗങ്ങൾ. തെങ്ങിന് കൂമ്പ് ചീയൽ, കൊടപ്പുഴു, റൂട്ട്‌വിൽട്ട് എന്നിവയും കുരുമുളകിന് വാട്ടവും കാണുന്നുണ്ട്. ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ തികഞ്ഞ പരാജയവുമാണ്.

ആഫ്രിക്കൻ പായൽ നെൽകൃഷിക്ക് ഭീഷണിയാണ്. ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും, കൊയ്ത്തും, മെതിയും ആളെ കിട്ടാത്തതുമൂലം നെൽകൃഷിരംഗത്തെ പ്രശ്നമായി അവശേഷിക്കുന്നു.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി കൃഷിഭവൻെറ പ്രവർത്തനം കർഷകരുടെ പ്രതീക്ഷക്കൊത്ത് ഉയരുന്നില്ല. ആവശ്യമായ സന്ദർഭങ്ങളിൽ വിത്തും, വിദഗ്ദോപദേശവും ലഭിക്കായ്ക, കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം, സബ്സിഡി, ബോണസ് എന്നിവ കാലാകാലങ്ങളിൽ കിട്ടാതെ വരിക തുടങ്ങിയവയെല്ലാം കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്നു.

39

പട്ടിക4

| നമ്പർ | വാർഡ് | തോടുകൾ |
|---|---|---|
| 1 | 1 | 1) കോക്കതോട്<br>2) കുററിക്കാട്ടുതോട്<br>3) ഏ്വകാട്ടിതോട്<br>4) പൊക്കിൾതോട്<br>5) മണ്ണാർതോട് |
| 2 | 2 | 1) കൊണ്ടൊഴിഞ്ഞാൽ<br>2) പുന്നേക്കാട്ട് തോട് |
| 3 | | 1) ചേരച്ചാൽ<br>2) കണിച്ചാന്തുറ<br>3 വില്ലൻതോട് |
| 4 | | 1) ക്ലാമതോട്,<br>2) ഏടപ്പുഴചാൽതോട്<br>3 കുട്ടാടൻതോട് |
| 5 | | 1) വടക്കുംപാടംതോട്<br>2) താളിയകുഴി<br>3) വള്ളിക്കാട്ട് തോട് |
| 6 | | 1) കുമ്മൻകാട്തോട്<br>2 ഏ്വക്കാട് |
| 7 | | 1) വള്ളിക്കാട്തോട്<br>2) നൂററതോട്<br>3) കുഞ്ഞുവരുത്തി<br>4) ക്ലാമതോട്<br>5) കൈതതോട് |
| 8 | | 1) പെരുംതോട്<br>2) കല്ലൂപാലംതോട്<br>3) കണ്ണൻചിറ<br>4) കരിക്കാലി |
| 9 | | 1) കൊരട്ടിചാൽതോട്<br>2) തണിയംതോട് |
| 10 | | 1) തവളചാൽതോട്<br>2) തണിയംതോട്. |

പട്ടിക -5

| നമ്പർ | വാർഡ് | കുളം |
|---|---|---|
| 1 | 1 | 1) കല്ലുതുറ<br>2) ചണ്ടിതുറ |
| 2 | 2 | ചേരിയകുളം |
| 3 | 3 | കണിച്ചാന്തുറ |
| 4 | 5 | തെക്കേചാൽ |
| 5 | 6 | 1) വടക്കേചാൽ<br>2) എയ്ക്കാട് |
| 6 | 7 | 1) ചെമ്മാൻ കുളം<br>2) പുന്നലം കുളം<br>3) മുതുകാട് |
| 7 | 8 | 1) ചാത്തൻചാൽ<br>2) കണ്ണൻചിറ<br>3) പതായാംകുളം<br>4) പാണാട്ടികുളം. |
| 8 | 9 | 1) മണിയംകുളം<br>2) അയ്യംകുളം |
| 9 | 10 | ഐരാട് |

**നിർദ്ദേശങ്ങൾ**

1 150 ഹെക്ടർ കൃഷിഭൂമിക്ക് ഗുണകരമാകുന്ന ചാത്തൻചാൽ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പുനരുദ്ധരിക്കണം

2 കക്കാട് നമ്പർ 1 ലിഫ്ററ് ഇറിഗേഷൻ പദ്ധതി വികസിപ്പിക്കുകയും പെരുംതോടും ചാത്തൻചാലും ബണ്ട്കെട്ടി ജലസംഭരണി ആക്കുകയും വേണം. ഇതുമൂലം ചാത്തൻചാൽ, കണ്ണൻചിറ പാടശേഖരങ്ങൾ മുപ്പൂവും കൃഷിചെയ്യാനും കാതിക്കുടം 40 H.P ഇറിഗേഷൻ സ്ക്കീമിനെ പ്രവർത്തിപ്പിക്കാനും കഴിയും.

3 വാട്ടർലെവൽ ഉയർത്തുന്നതിന് പഞ്ചായത്ത് അതിർത്തിയിൽ ചാലക്കുടിപുഴയിൽ കല്ലൂർചന്തക്കടവ് ഭാഗത്തായി ഒരു ചെക്ക് ഡാം നിർമ്മിക്കുക.

4 കാടുകുററിയിലെ ഇരുന്നൂറിലധികം കുടുംബങ്ങൾക്ക് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിനും മുന്നൂറിലധികം ഏക്കർ സ്ഥലത്ത് തോട്ടവിളകൾക്കും കുടിവെള്ളത്തിനും ആവശ്യമായ ജലസേചനത്തിനുമായി 4-ാം വാർഡിലെ കാടുകുററി വട്ടക്കോട്ട ജലസേചലപദ്ധതി നടപ്പിലാക്കുക.

5 കല്ലൂർ, കുലയിടം ലിഫ്ററ്ഇറിഗേഷൻ പദ്ധതികൾ അടിയന്തിരമായി നിർമ്മാണം പൂർത്തീകരിച്ച് ജലസേചന സൗകര്യം നിർവഹിക്കാൻ പ്രാപ്തമാക്കണം. കാടുകുററി (പള്ളികടവ " L.I), കോട്ടകടവ് L.I സ്ക്കീമുകൾ വിപുലപ്പെടുത്തുക. 3-ാം വാർഡിലെ (വട്ടക്കോട്ട -മൂഴിക്കകടവ്), (അമ്പഴക്കാട് - പൊഴംകുന്ന്) എന്നീ L.I സ്ക്കീമുകൾ നടപ്പിലാക്കുക.

6 അന്നനാട് വടക്കെചാൽ പുനരുദ്ധരിച്ച് ലിഫ്ററ് ഇറിഗേഷൻ നടപ്പാക്കുകയും അന്നനാട് മേഖലയിൽ അനുഭവപ്പെടുന്ന കുടിവെള്ള-ജലസേചനക്ഷാമം പരിഹരിക്കുകയും വേണം.

7 കൃഷിഭവൻെറ പ്രവർത്തനം വിപുലീകരിക്കുകയും, പുഴയ്ക്കകരെയുള്ള മൂന്നു വാർഡുകളിലെ കൃഷിക്കാരുടെ സൗകര്യം കണക്കിലെടുത്ത് വൈന്തലയിൽ കൃഷിഭവൻ സബ്ബ്സെൻററർ സ്ഥാപിക്കുകയും വേണം. കൃഷിഭവൻെറ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കൂടുതൽ സ്ററാഫിനെ നിയമിക്കണം. പൂകൃഷി, കൂൺകൃഷി, ഔഷധസസ്യകൃഷി, മത്സ്യകൃഷി എന്നിവയുടെ സാധ്യതകൾ കണ്ടെത്താൻ കൃഷിഭവൻ മുൻകൈ എടുക്കണം.

8 മേജർ ഇറിഗേഷൻെറ ടെയിൽ എൻഡ് ആയിട്ടുള്ള കാതിക്കുടം, അന്നനാട്, അമ്പഴക്കാട് ഭാഗങ്ങളിലെ കനാലിൽ വേനൽക്കാലത്ത് വെള്ളം ലഭ്യമാക്കുക. അല്ലെങ്കിൽ ആയക്കെട്ട് ഏര്യയയിൽ നിന്ന് നീക്കം ചെയ്ത് നികുതി ഒഴിവാക്കുക.

9 തോടുകളും കുളങ്ങളും പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, നെല്ലിനും, തെങ്ങിനും, കവുങ്ങിനും ഗ്രൂപ്പ് ഫാമിങ്ങ് നടപ്പിലാക്കുക. നിലവിലുള്ള കർഷകസമിതികളെ പുനരുജ്ജീവിപ്പിക്കണം.

10 മണ്ണു പരിശോധിച്ച് വളപ്രയോഗത്തിനുള്ള ശുപാർശകളും അത്യുൽപ്പാദനശേഷിയുള്ള വിത്തുകളും കർഷകർക്ക് യഥാസമയം ലഭ്യമാക്കുക.

11 കർഷകർക്കുള്ള സബ്സിഡികൾ, നഷ്ടപരിഹാരം, ബോണസ് എന്നിവ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ഏർപ്പാടുണ്ടാക്കണം.

12 ജലസേചനസൗകര്യമില്ലാത്ത ഉയർന്ന പ്രദേശങ്ങളിൽ റബ്ബർ, കശുമാവ് എന്നിവ കൃഷിചെയ്യുന്നതിന് കൃഷിഭവൻ വേണ്ട സഹായം ചെയ്യണം.

13 ഗുണമേന്മയുള്ള പച്ചക്കറിവിത്തുകൾ ശേഖരിച്ച്, ജൈവവളത്തിന് മുൻതൂക്കം നല്കി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുവാൻ കഴിയും.

14 സ്ക്കൂളുകളിൽ കൃഷിതോട്ടങ്ങൾ നിർമ്മിക്കുക. കാർഷികബോധവൽക്കരണ ക്ലാസുകളിലൂടെ ജൈവവളപ്രയോഗത്തെപ്പറ്റിയും, കീടനാശിനികളേയും, കീടനിയന്ത്രണത്തെപ്പറ്റിയും കർഷകർക്ക് അറിവ് നല്കണം.

15 ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണം, വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക, ജലസേചനത്തിനുള്ള മണ്ണെണ്ണ അളവ് വർദ്ധിപ്പിക്കുക.

16 ഏകീകൃത കൂലി സമ്പ്രദായം കാർഷികമേഖലയിൽ അത്യാവശ്യമാണ്. ഇന്ന് അമിതമായ കൂലിനിരക്കാണ് കാർഷികമേഖലയിൽ നിലവിലുള്ളത്. ആഗ്രോ ക്ലിനിക്കുകൾ, കാർഷികപരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുക.

17 കവുങ്ങു കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കണം.

18 കർഷക തൊഴിലാളികൾക്ക് പൂളിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

19 കാർഷിക വായ്പാപരിധി ഉയർത്തുക - വ്യവസ്ഥകൾ ഉദാരമാക്കുക.

20 പട്ടികജാതിക്കാർക്ക് കൃഷിഭവനിൽ നിന്നു അനുവദിക്കുന്ന കിണറുകൾക്ക് ഭൂപരിധി ഒഴിവാക്കുക.

# മൃഗസംരക്ഷണം; മത്സ്യബന്ധനം

പശുവാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗം. ആട്, എരുമ, ഉഴവുകാളകൾ എന്നിവയെ അപൂർവ്വമായി വളർത്തുന്നുണ്ട്. സമീപകാലം വരെ ഒരു വളർത്തുമൃഗമെങ്കിലും ഇല്ലാത്ത വീട് വിരളമായിരുന്നു. തീറ്റപുൽകൃഷി നാമമാത്രമായി മാത്രമായി പഞ്ചായത്തിലുള്ളു. വൈക്കോൽ ഉപഭോഗത്തിന്റെ 90%വും പഞ്ചായത്തിൽ തന്നെ ലഭ്യമാണ്. കാലിത്തീറ്റ, വൈക്കോൽ എന്നിവയുടെ അമിതമായ വിലവർദ്ധനവ്, പുല്ലിന്റെ ദൗർലഭ്യം മുതലായവ കർഷകരെ ഈ തൊഴിലിൽ നിന്നും അകറ്റിക്കൊണ്ടിരിക്കുന്നു. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വളർത്തു മൃഗങ്ങളുടെ വരവോടെ നാടൻ ഇനങ്ങൾ അപ്രത്യക്ഷമായി.

**പാൽ വിപണി**

പഞ്ചായത്തിൽ പ്രധാനമായി ഉള്ളത് സ്വകാര്യ ക്ഷീര സംഘങ്ങളാണ്. അന്നനാട്, കാടുകുറ്റി, കാതിക്കുടം എന്നിവടങ്ങളിലെ കർഷകർ ഇതുമൂലം ചൂഷണത്തിന് വിധേയരാവുന്നു. ഈ പ്രദേശങ്ങളിൽ മൃഗസംരക്ഷണവകുപ്പിന്റെ കന്നുകുട്ടിപരിപാലനം (calf feed subsidy), കിടാരി വിതരണം തുടങ്ങിയവയും ക്ഷീരവകുപ്പിന്റെ നീർമറി വികസനം (water shed) തീറ്റപ്പുൽകൃഷി പദ്ധതികൾ Mineral Mixture വിതരണം തുടങ്ങിയവയും Apcos ക്ഷീര സംഘങ്ങളിലൂടെയാണ് നടക്കുന്നത്. അതുകൊണ്ട് ഇവിടെത്തെ കർഷകർക്ക് ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് 4, 5, 6, 7 Ward കളിൽ Apcos സംഘങ്ങൾ ആരംഭിക്കുന്നത് ഉപകാരപ്രദമായിരിക്കും. നമ്മുടെ പഞ്ചായത്തിൽ രണ്ട് മിൽമാ സംഘങ്ങളും, നാല് സ്വതന്ത്ര സംഘങ്ങളും പാൽ വിതരണ രംഗത്ത് പ്രവർത്തിച്ചുവരുന്നു.

**വളർത്തുമൃഗങ്ങൾ / പക്ഷികൾ പട്ടിക**

| | |
|---|---|
| 1. പശു | 6. കോഴി |
| 2. കന്നുകുട്ടികൾ | 7. താറാവ് |
| 3. എരുമ | 8. കാട |
| 4. കാള | 9. മുയൽ |
| 5. പോത്ത് | 10. പന്നി |

പഞ്ചായത്തിൽ 2 മൃഗാസ്പത്രികൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ഭൂപ്രകൃതിയിലുള്ള പ്രത്യേകതമൂലം പല ward കാർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. 4, 5, 6, 7 എന്നീ വാർഡുകളിൽ മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നത് കർഷകർക്ക് ഉപകാരപ്രദമായിരിക്കും. ഈ പ്രദേശങ്ങളിൽ കൃത്രിമബീജസങ്കലനം നടത്തുന്നതിനും, പ്രാഥമിക ചികിത്സകൾ, പ്രതിരോധകുത്തിവെയ്പുകൾ എന്നിവ നടത്തുന്നതിന് ഇത് സൗകര്യപ്രദമായിരിക്കും.

സങ്കര ഇനം കന്നുകാലികൾ ഉണ്ടായപ്പോൾ പാലുൽപാദനം വർദ്ധിച്ചുവെങ്കിലും മാരകമായ രോഗങ്ങൾ (അകിടുവീക്കം, കുളമ്പുരോഗം, കാൽസ്യം കുറവ്) സാധാരണമാകുന്നു. ഇതിനു പരിഹാരമായി അതാത് പ്രദേശത്തിനനുയോജ്യമായ സങ്കര ഇനങ്ങളെ ഉൽപാദിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. ആടുവളർത്തലിൽ പ്രശ്നങ്ങൾ നിരവധിയാണ്. നിലവിലുള്ള പാലുൽപാദനം കുറഞ്ഞുവരികയാണ് ചെയ്യുന്നത്. inbreeding ആണ് ഇതിനുള്ള പ്രധാനകാരണം. അത്യുൽപാദനശേഷിയുള്ള നല്ലആടുകളെ കൂടുതൽ ലഭ്യമാക്കണം. അതോടൊപ്പം കൂടുതൽ നല്ല മുട്ടനാടുകളേയും വളർത്താൻ പ്രോത്സാഹിപ്പിക്കണം. ശാസ്ത്രീയമായ പന്നിവളർത്തൽ ഇവിടങ്ങളിൽ കുറവാണ്. കുറഞ്ഞചിലവിൽ തീറ്റ ലഭിക്കാത്തതാണ് ഇതിനു കാരണം.

**കോഴി വളർത്തൽ**

മുട്ടകോഴി വളർത്തൽ കുറവാണ്. ഒരു വീട്ടിൽ 4 പിടക്കോഴിയും 1 പൂവൻകോഴിയും വളർത്തുന്നതിനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ നന്നായിരിക്കും. ഇറച്ചിക്കോഴിവളർത്തൽ നഷ്ടത്തിലാണെന്നാണ് പല കർഷകരുടെയും അഭിപ്രായം. കോഴി തീറ്റയുടെ വിലവർദ്ധനവാണ് ഇതിന്റെ പ്രധാന കാരണം.

44

മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ തുടങ്ങുകയാണെങ്കിൽ കോഴികൾക്കുള്ള വസന്തരോഗത്തേയും (Ranicat disease) കുരുപ്പുരോഗത്തേയും (fowl pox) നിയന്ത്രിക്കുന്നതിനുള്ള മൃഗസംരക്ഷണവകുപ്പിന്റെ പ്രതിരോഗ കുത്തിവയ്പ്പുകൾ ലഭിക്കാൻ സൗകര്യമായിരിക്കും.

**താറാവു വളർത്തൽ**

പുഴയും പാടശേഖരങ്ങളും ഉണ്ടായിട്ടും താറാവു വളർത്തൽ കുറവാണ്. നല്ല താറാവുകുഞ്ഞുങ്ങൾ ലഭിക്കുകയാണെങ്കിൽ കുറച്ചുപേർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും.

**കാട, മുയൽ**

ഇവ വളർത്തൽ കുറവാണ്. നല്ല കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വളർത്തുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്താൽ വ്യാപകമായി വളർത്താൻ കഴിയും. നല്ല മാംസത്തിന്റെ ലഭ്യത കുറവാണ് (പോത്ത്, മൂരി, പശു). മാംസത്തിനുവേണ്ടി മൂരിക്കുട്ടികളേയും പോത്തുക്കുട്ടികളേയും വളർത്തുന്നതിനുള്ള സാധ്യതകൾ ഉണ്ട്.

**പ്രധാന പ്രശ്നങ്ങൾ**

1) കാലിത്തീറ്റയുടെ വിലവർദ്ധനവ്
2) ശാസ്ത്രീയ തീറ്റപ്പുൽകൃഷിയുടെ അഭാവം
3) 4, 5, 6, 7 വാർഡുകളിൽ മൃഗചികിത്സ, കൃത്രിമ ബീജസങ്കലനം എന്നിവ ലഭിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്
4) Apcos ക്ഷീര സംഘങ്ങൾ കുറവായതുകൊണ്ട് പാലിന് യഥാർത്ഥ വില ലഭിക്കുന്നില്ല. സർക്കാർ സഹായം ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. കർഷകന്റെ വിളസമ്പ്രദായവുമായി ഇണങ്ങി പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന വിള–കന്നുകാലി സമ്മിശ്രരീതി ഒരു സമീപനത്തിന്റെ ഭാഗമായി സ്വീകരിക്കാവുന്നതാണ്.
2. വീടിന്റെ പിന്നാമ്പുറത്ത് വീടിന് ചുറ്റുമുള്ള ജൈവ ലഭ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗതമായി നാം അനുഷ്ഠിച്ചിരുന്ന കാലി വളർത്തൽ രീതി പുനരാരംഭിക്കാവുന്നതാണ്. ഇത് സാമ്പത്തിക അടിത്തറ ബലപ്പെടുത്താനും സഹായകമാണ്.
3. കിടാരി വളർത്തൽ, മുയൽ വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ എന്നിവയെ വ്യാപകമായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സ്ക്കൂൾ പൗൾട്രീ ക്ലബുകൾ സ്ഥാപിച്ച് ഈ മേഖലയിലെ സാധ്യതകൾ വികസിപ്പിക്കാവുന്നതാണ്.
4. പുൽകൃഷി വ്യാപകമായി നടപ്പാക്കിയാൽ പാലുത്പാതനം ലാഭകരമാക്കാൻ കഴിയും. പാലുല്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കും.
5. 4, 5, 6, 7 എന്നീ വാർഡുകൾക്ക് ഉപകാരപ്രദമായ വിധത്തിൽ മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ ആരംഭിക്കുക.
6. കോഴികുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ മിനിഹാച്ചറികൾ സ്ഥാപിക്കുക.
7. താറാവുകുഞ്ഞുങ്ങളെ വിതരണം ചെയ്ത് താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക.
8. പേപ്പട്ടിശല്യം തടയുന്നതിന് മൃഗാസ്പത്രികളിലും, മൃഗ സംരക്ഷണ ഉപകേന്ദ്രങ്ങളിലും പ്രതിരോധ കുത്തി വെയ്പ് നടത്തുന്നതിനുള്ള വാക്സിൻ ലഭ്യമാക്കുക. മൃഗസംരക്ഷണ ഉപകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർക്കും Vaccination Certificate നൽകുന്നതിനുള്ള അധികാരം നൽകുക.

45

## മൽസ്യബന്ധനം

കാടുകുറ്റി പഞ്ചായത്തിലൂടെ 6 km റോളം ദൂരം ചാലക്കുടിപുഴ കടന്നുപോകുന്നു. കൂടാതെ തോടുകളും ചാലുകളും വെള്ളക്കെട്ടുകളും ഉണ്ട്. എങ്കിലും ശാസ്ത്രീയമായ മൽസ്യബന്ധനരീതികൾ പ്രയോജനപ്പെടുത്തുന്നില്ല. പുഴയിലും മറ്റും ഉണ്ടായിരുന്ന രുചികരവും വേഗത്തിൽ വളർച്ചയെത്തുന്നതുമായ (വാള) മൽസ്യങ്ങൾ തോട്ടപൊട്ടിക്കലും, പുഴയുടെ അടിത്തട്ടിലെ അമിതമായ മണൽവാരലും മൂലം വംശനാശഭീഷണി നേരിടുകയാണ്. പുഴയുടെ അടിത്തട്ടിൽ ചെളിനിറഞ്ഞതുകൊണ്ട് ശുദ്ധജലമത്സ്യങ്ങൾ കുറഞ്ഞുവരുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഒരു ഒറ്റലോ ചൂണ്ടയോ ഉണ്ടെങ്കിൽ എളുപ്പത്തിൽ 5–10 kg മൽസ്യം പിടിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ നിത്യോപയോഗത്തിനുള്ള മൽസ്യം പോലും ലഭിക്കാത്തതുകൊണ്ട് വിപണനവും, സംസ്കരണവും ഇവിടെ പ്രശ്നമല്ല. കുളങ്ങളിലും, പുഴയിൽ വേനൽക്കാലത്ത് വെള്ളം കുറഞ്ഞ സ്ഥലങ്ങളിലും, നഞ്ച് കലക്കി മീൻപിടിക്കുന്നത് മൽസ്യകുഞ്ഞുങ്ങളെയും മറ്റും കൂട്ടത്തോടെ നശിപ്പിക്കുന്നു.

**പ്രശ്നങ്ങൾ**

1) തോട്ടപൊട്ടിക്കൽ മൽസ്യകണ്ണിതന്നെ അറ്റുപോകുന്നതിന് ഇടയാക്കുന്നു.
2) അമിതമായ മണൽവാരൽ മൽസ്യസമ്പത്തിനെ നശിപ്പിക്കുന്നു.
3) മൽസ്യകൃഷി തീരെ കുറവാണ്.
4) നാടൻ മൽസ്യങ്ങളുടെ സംരക്ഷണം.

**സാധ്യതകൾ**

1) ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും ഉണ്ടാക്കുന്നതിന് വേണ്ട സഹായം നല്കുക
2) കുളങ്ങളിലും, വെള്ളക്കെട്ടുകളിലും, തോടുകളിലും ശാസ്ത്രീയമായ മീൻവളർത്തൽ നടപ്പിലാക്കുക.
3) അത്യുൽപാദന ശേഷിയുള്ള മൽസ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുക.
4) സംയോജിത മൽസ്യകൃഷിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുക.
5) ചാത്തൽ ചാൽ, കണ്ണഞ്ചിറ, പതിയാംകുളം ചേര്യേക്കുളം, വടക്കേച്ചാൽ, ഏക്കാട് കുളം, കണിച്ചാന്തുറ, ഐരാട് എന്നിവയിൽ മത്സ്യവളർത്തുകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.
6) കാടുകുറ്റി പഞ്ചായത്തിൽ ഒരു മത്സ്യഭവൻ ആരംഭിക്കേണ്ടതാണ്.
7) മത്സ്യസമ്പത്തിനെക്കൂടി ദോഷകരമായി ബാധിക്കുന്ന മണൽ വാരലിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.
8) പുഴകളിൽ തോട്ടപൊട്ടിക്കുന്നതിനെതിരെ ജാഗ്രത പുലർത്തുകയും അതിന്റെ ചുമതല ഗ്രാമസഭ സഭകളെ ഏൽപ്പിക്കുകയും ചെയ്യുക.

# വിദ്യാഭ്യാസം

പഞ്ചായത്തിന്റെ സാമൂഹിക – സാംസ്കാരിക പശ്ചാത്തലം വിലയിരുത്തതിന്റെ ഭാഗമായി വിദ്യാഭ്യാസമേഖലയുടെ ചരിത്രവും വളരെയേറെ പ്രസക്തമാണ്. 60 ലക്ഷം വിദ്യാർത്ഥികളും, 2 ലക്ഷം അദ്ധ്യാപകരും, 20 ലക്ഷത്തിൽ പരം രക്ഷിതാക്കളും ഇവരൊക്കെ ചേർന്ന വിപുലമായ ഒരു ശൃംഖലയാണ് വിദ്യാഭ്യാസം. സംസ്ഥാന ബജറ്റിന്റെ മുപ്പത്തൊന്ന് ശതമാനം വിദ്യാഭ്യാസത്തിനാണ് ചിലവൊഴിക്കുന്നത്. എന്നിട്ടും സ്കൂളുകളുടെ അറ്റകുറ്റപ്പണകൾക്കു പോലും ശരിയായി പണം തികയുന്നില്ല. ഏറെ വിഹിതവും ശമ്പളത്തിനുമാത്രംമായി ചിലവഴിക്കേണ്ടിവരുന്നു എന്നതാണ് യാഥാർത്ഥ്യം.

കാടുകുറ്റി പഞ്ചായത്തിനെ പൊതുവിൽ പരിശോധിക്കുമ്പോൾ ശരാശരി വിദ്യാലയങ്ങളും, വിദ്യാലയങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും നിലവിലുണ്ട്. എന്നിട്ടും പരാതികളും പരാധീനതകളും അവശേഷിക്കുന്നു. പലതിലും മാനേജ്മെന്റുകളുടെ ആശ്രദ്ധയും , രക്ഷാകർത്തൃസമിതികളുടെ പ്രവർത്തനരാഹിത്യവും പ്രതിജ്ഞാരാബദ്ധമല്ലാത്ത അദ്ധ്യാപനവും കാര്യക്ഷമത ഇല്ലായ്മയുടെ കാരണമായി കാണാം.

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയും കാടുകുറ്റിയിലുള്ള സെന്റ് അഗസ്റ്റിൻസ് ലോവർ പ്രൈമറി സ്കൂൾ ആണ്. ശതാബ്ദി പിന്നിട്ട ഈ വിദ്യാലയം 1894ലാണ് സ്ഥാപിതമായത്. കേന്ദ്ര കാബിനറ്റ് മന്ത്രിവരെയായി ഉയർന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഡോ. ഫാദർ എ.കെ. ചിറപ്പണത്ത് എന്നിവർ ഈ സ്കൂളിലെ ആദ്യകാല വിദ്യാർത്ഥികളായിരുന്നു. അഞ്ച് ലോവർ പ്രൈമറി സ്കൂളുകളും, മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും മൂന്ന് ഹൈസ്കൂളുകളും നമ്മുടെ പ്രവർത്തന പരിധിയിലുണ്ട്.

പട്ടിക – I

**വിദ്യാർത്ഥികൾ, അദ്ധ്യാപകർ**

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു | സ്ത്രീ | ആകെ |
| 1 | സെന്റ് ജോർജ്ജ്സ്,കല്ലൂർ യുപി.എസ്. | എയ്ഡഡ് | 263 | 222 | 485 | ഇല്ല | 17 | 17 |
| 2. | സെന്റ് മേരീസ്, വൈന്തല, എച്ച്.എസ് | എയ്ഡഡ് | 431 | 292 | 723 | 5 | 26 | 31 |
| 3. | സെന്റ് ജോസഫ്സ് വൈന്തല, എൽ.പി.എസ് | എയ്ഡഡ് | 132 | 82 | 214 | ഇല്ല | 8 | 8 |
| 4. | സെന്റ് തോമസ് അമ്പഴക്കാട്ട് എൽ.പി.എസ് | എയ്ഡഡ് | 109 | 60 | 169 | ഇല്ല | 4 | 4 |
| 5. | ലൂയിസ് ആംഗ്ലോ ഇന്ത്യൻ കാടുകുറ്റി, യു.പി.എസ്. | എയ്ഡഡ് | 325 | 258 | 553 | 2 | 14 | 16 |
| 6. | സെന്റ് അഗസ്റ്റ്യൻ കാടുകുറ്റി, എൽ.പി.എസ് | എയ്ഡഡ് | 72 | 58 | 130 | ഇല്ല | 5 | 5 |
| 7. | സരസ്വതി വിലാസം അന്നനാട്, എൽ.പി.എസ് | എയ്ഡഡ് | 130 | 135 | 265 | 2 | 6 | 8 |
| 8. | യൂണിയൻ ഹൈസ്കൂൾ, അന്നനാട് | എയ്ഡഡ് | 702 | 398 | 1100 | 7 | 37 | 44 |
| 9. | യു.പി.എസ്, കാതിക്കുടം | എയ്ഡഡ് | 68 | 59 | 127 | 1 | 7 | 8 |
| 10. | നായർ സമാജം ഹൈസ്കൂൾ | എയ്ഡഡ് | 214 | 160 | 374 | 4 | 17 | 21 |
| 11. | നായർ സമാജം, എൽ.പി.എസ്,വാളൂർ | എയ്ഡഡ് | 67 | 81 | 148 | ഇല്ല | 7 | 7 |

നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിലായി ആകെ 5671 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 169 അദ്ധ്യാപകരും ജോലി ചെയ്തുവരുന്നു. സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളാൽ പഠനം തുടരാനാവാതെ ഇടയ്ക്കുവച്ച് അദ്ധ്യയനം അവസാനിപ്പിക്കേണ്ടിവരുന്നവരും ധാരാളമുണ്ട്. അത്യധികം ദോഷകരമായ ഈ കൊഴിഞ്ഞു പോക്കിന് അടിയന്തിരമായ പരിഹാരം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. സർക്കാർ ഉടമസ്ഥതയിൽ നമ്മുടെ പഞ്ചായത്തിലെവിടെയും വിദ്യാലയങ്ങളില്ല എന്നത് അതിശയകരമാണ്.

## പട്ടിക -II

U.P., L.P. H.S. വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | U.P. | | L.P. | | H.S. | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 5671 | 510 | 416 | 656 | 545 | 1347 | 2197 |

## പട്ടിക -III

U.P., L.P. H.S. പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്

| U.P. | | | L.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 926 | 300 | 33 | 1201 | 143 | 12 | 1432 | 382 | 26 |

പഞ്ചായത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളും കുട്ടികളെ അടുത്തുള്ള പൊതുവിദ്യാലയത്തിൽ ചേർക്കാൻ സന്നദ്ധരാണ്. എന്നാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് കുട്ടികളെ പെറുക്കിയെടുക്കുന്ന മോഹവലയത്തിൽ ഓരോ രക്ഷിതാവും കുടുങ്ങിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തെവരേണ്യവൽക്കരിക്കാനുള്ള അധീശവർഗ്ഗത്തിന്റെ ബോധപൂർവ്വമായ ശ്രമങ്ങളിൽ നമ്മുടെ സാധാരണക്കാരനും അകപ്പെട്ടുകഴിഞ്ഞു. ഇതിന്റെ ഫലമോ, തൊട്ടടുത്തുള്ള പൊതുവിദ്യാലയത്തിന്റെ പതനവും.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതികവിദ്യാലയങ്ങളോ ഈ പഞ്ചായത്തിലില്ല. ഇതിനായി വിദൂരത്തുള്ള കോളേജുകളെയാണ് ആശ്രിയിക്കുന്നത്. പ്ലസ്ടൂവിനുള്ള സാദ്ധ്യത ചില ഹൈസ്കൂളുകൾക്കുണ്ട്. ശ്രമകരമായ പ്രവർത്തനത്തിലൂടെ ഇക്കാര്യം നേടിയെടുക്കാനാവും. മൂന്ന് ഹൈസ്കൂളിൽ യൂണിയൻ ഹൈസ്കൂളിലെ വിജയശതമാനം മെച്ചപ്പെട്ടതാണ്. രണ്ട് ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ ഉണ്ടെങ്കിലും സെറോക്സിന്റെ കടന്നുവരവോടെ ഇതിന്റെ പ്രാധാന്യത്തിന് മങ്ങലേറ്റു. കമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിലില്ല. കാടുകുറ്റിയിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് വയസ്സിനും അഞ്ചുവയസ്സിനും മദ്ധ്യേ പ്രായമുള്ള കുട്ടികൾ അധികവും അംഗൻ വാടികളിൽ പോകുന്നവരാണ്. നൂറുശതമാനം സാക്ഷരത കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞെങ്കിലും സാക്ഷരതാപ്രസ്ഥാനത്തിന്റെ ആവേശം നിലനിർത്താൻ കഴിയാഞ്ഞതിനാൽ നവസാക്ഷരരിൽ അധികവും നിരക്ഷരരായി മാറിക്കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളിലും അക്ഷരജ്ഞാനത്തിന്റെയും അക്കജ്ഞാനത്തിന്റെയും അഭാവം നമുക്ക് കണ്ടെത്താൻ കഴിയും. ഇവിടെ തുടർസാക്ഷരത പ്രവർത്തനത്തിന്റെ പ്രസക്തി വ്യക്തമാണ്. എല്ലാ സ്കൂളുകളും സ്വകാര്യമാനേജ്മെന്റുകളുടേതായതിനാൽ അദ്ധ്യാപക നിയമനം പലപ്പോഴും മെറിറ്റ് അടിസ്ഥാനത്തിലല്ല നടക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന് ജനങ്ങളും മടിക്കുകയാണ്. സാമ്പത്തികലാഭം മാത്രം ലക്ഷ്യമാക്കിയുള്ള പ്രവണതകളെ നിരുത്സാഹപ്പെടുത്താതെ നിർവ്വാഹമില്ല. ഇത്തരുണത്തിൽ അദ്ധ്യാപകരും, രക്ഷിതാവും, മാനേജ്മെന്റും, ബഹുജനങ്ങളുമെല്ലാം അടങ്ങിയ ഒരു പുതിയ കൂട്ടായ്മ വിദ്യാഭ്യാസമേഖലയിൽ വളർത്തിയെടുക്കാൻ നാം പ്രതിജ്ഞയെടുക്കേണ്ടതുണ്ട്.

എല്ലാ ഗ്രാമസഭകളിലും സജീവമായ ചർച്ചക്ക് വിഷയീഭവിച്ചതാണ് വിദ്യാഭ്യാസരംഗം. അക്കാദമിക് നിലവാരം, വിദ്യാലങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഓരൊ അംഗവും പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം. അക്കാദമിക് നിലവാരത്തകർച്ച, അനാവശ്യസമരം കൊണ്ടുണ്ടാകുന്ന അദ്ധ്യയന നഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക – വിദ്യാർത്ഥി അനുപാതം, ഭൗതീക സാഹചര്യങ്ങൾ, അദ്ധ്യാപക – രക്ഷാകർത്തൃസമിതി, ഉച്ചക്കഞ്ഞി, പുതിയ സ്കൂളുകളുടെ ആവശ്യകത , നിലവിലുള്ള ചില സ്കൂളുകളുടെ upgradation അദ്ധ്യാപകരുടെ പുനഃപരിശീലനം , കൂട്ടക്ലാസ്സ് കയറ്റം, മാസാന്ത പരീക്ഷകൾ, മൂല്യനിർണ്ണയം, പാഠ്യേതര പ്രവർത്തനങ്ങൾ, എന്നുതുടങ്ങി നിരവധി വിഷയങ്ങളെക്കുറിച്ച് ഓരോ ഗ്രാമസഭയിലും ചർച്ചകൾ നടന്നതായി കാണുന്നു, അദ്ധ്യാപകവിദ്യാർത്ഥി ബന്ധം വളരെ മോശമാണെന്ന് ഒരു ഗ്രാമസഭ മാനേജ്മെന്റ് സമീപനം സ്ഥാപനത്തെ തകർക്കുന്നതായി മറ്റൊരു ഗ്രാമസഭ, അദ്ധ്യാപക–വിദ്യാർത്ഥി അനുപാതം കൂടുതലെന്ന് വേറൊന്ന്, എന്നിങ്ങനെ ഗ്രാമസഭാചർച്ചകൾ ക്രോഡീകരിക്കാം.

അക്കാദമിക് സൗകര്യങ്ങൾ ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ്മുറിയിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരുവാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ- ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ , ഫർണീച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാചിഹ്നമായി പരിഗണിക്കപ്പെട്ടുവരുന്നു. ഒരോ വിദ്യാലയത്തിന്റേയും പരിമിതികൾ ഇയൊരു മാനദണ്ഡത്തിൽ പരിശോധിപ്പെടേണ്ടതുണ്ട്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം എന്നിവ എല്ലാ വിദ്യാലയങ്ങൾക്കും ഉണ്ടാകാതെ തരമില്ല. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം നിലവാരം കുറഞ്ഞപ്രസിദ്ധീകരണങ്ങളുടെ പ്രയാണം എന്നിവ അനഭലഷണീയമായ പ്രവണതകളാണ് കുട്ടികളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളേയും, ട്യൂഷൻക്ലാസ്സുകളേയും ആശ്രയിക്കുകയും ചെയ്യുന്നുണ്ട്. കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെയും , വിദ്യാഭ്യാസവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിലുള്ള വിജ്ഞാനോത്സവം ഈ മേഖലയിലുള്ള പുതിയൊരു കാൽവയ്പാണ്. അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രാമുഖ്യം കൊടുക്കുകയും തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി കലാ–കായികമത്സരങ്ങൾ സംഘടിപ്പിക്കുക.

2. പ്രീ–പ്രൈമറി രംഗത്ത് വിവിധപേരുകളിൽ നിലനിൽക്കുന്ന അങ്കൻവാടികൾ, ബാലവാടി, നേഴ്സറി, എൽ.കെ.ജി എന്നീ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുകയും, അദ്ധ്യയനം മാതൃഭാഷയിലാക്കാൻ കർശനമായി നിർദ്ദേശം നൽകുകയും ചെയ്യുക.

3. പ്രീ–പ്രൈമറി സ്ഥാപനങ്ങളിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളെ തൊട്ടടുത്ത (Neidghbourhood) പ്രൈമറി സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനുള്ള നിയമം കർശനമാക്കുക.

4. ഓരോ വിദ്യാലയത്തിനും പരിസരവാസികളുടേതായ ഒരു വിദ്യാലയ സമിതിയും, പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിദ്യാഭ്യാസസമിതിയും രൂപീകരിക്കുക.

5. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് ഒരു സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യുക.

6. അൺ–എയ്ഡഡ് വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുകയും, കർശനമായി നിയന്ത്രിക്കുകയും ചെയ്യുക.

7. മുഴുവൻ രക്ഷിതാക്കളേയും അദ്ധ്യാപക–രക്ഷകർത്തൃസമിതികളുടെ പ്രവർത്തനങ്ങളിൽ പങ്കുചേർക്കുകയും, പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള പരിശോധനാസംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

8. പഞ്ചായത്തിനെ മാത്രം ലക്ഷ്യമാക്കി കുട, ബുക്ക്ബൈൻഡിംഗ്, നോട്ടുബുക്കുകളുടെ നിർമ്മാണം എന്നിവയിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാവുന്നതാണ്.

9. സ്കൂൾ പാർലമെന്റുകൾ, സ്ക്വാഡുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുത്ത് – ചിത്ര മാസികകൾ, പൂ – പച്ചക്കറിത്തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ, പഠന വിനോദയാത്രകൾ തുടങ്ങി അനേകം പരിപാടികൾ ഏറ്റെടുത്ത് പാഠ്യേതര പ്രവർത്തനങ്ങൾ ആരോഗ്യകരമായി വികസിപ്പിച്ചെടുക്കാൻ കഴിയുന്നതാണ്.

10. സ്കൂൾ വിദ്യാർത്ഥികൾക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇൻഷുറൻസ് പദ്ധതിയെ പറ്റിയുള്ള ബോധവൽക്കരണം നടത്തുകയും, മുഴുവൻ വിദ്യാർത്ഥികൾക്കും ബാധകമാക്കുകയും ചെയ്യുക.

11. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും Mala A.E.O. വിന്റെ കീഴിലാണ്. പുഴയ്ക്കക്കരെയുള്ള മൂന്ന് വാർഡുകളിലെ വിദ്യാലയങ്ങൾ ഇതെ ഓഫീസിന്റെ കീഴിൽ നിലനിർത്തി, ഇക്കരെയുള്ള 7 വാർഡുകളിലെ വിദ്യാലയങ്ങൾ ചാലക്കുടി A.E.O. വിന്റെ കീഴിലേയ്ക്കുമാറ്റി പുനർനിർണ്ണയം നടത്തതി പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്. L.P., U.P. സ്കൂളുകളിലെ ഔദ്യോഗികാവശ്യങ്ങൾക്ക് അദ്ധ്യാപകർ തന്നെ പോകേണ്ടതുള്ളതുകൊണ്ട് അദ്ധ്യയനം മുടങ്ങുന്ന, സാഹചര്യം നിലനിൽക്കുന്നു. ആയതു കൊണ്ട് ഈ സ്കൂളുകളിൽ ഒരു അനദ്ധ്യാപക തസ്തിക അനുവദിക്കേണ്ടതുണ്ട്.

12. പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ സെന്റ് സബാസ്റ്റ്യൻ L.P. സ്കൂൾ, L.A.I.U.P. സ്കൂൾ കാടുകുറ്റി, St. ജോർജ്ജ്സ് യു.പി സ്കൂൾ കല്ലൂർ എന്നീ സ്കൂളുകൾ ഗ്രേഡ് ഉയർത്തേണ്ടതാണ്.

13. കാർഷിക വൃത്തിയോടും തൊഴിലിനോടുമുള്ള ആഭിമുഖ്യം വളർത്തുന്നതിനെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

"ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം" എന്നിവ ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്നഘടകങ്ങളാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85% ആളുകളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ ഏറെക്കുറെ പകുതിയും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ പുഴയുടെ ഇക്കരെയുള്ള 7 വാർഡുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കാടുകുറ്റിപഞ്ചായത്ത് ശുദ്ധജലവിതരണപദ്ധതി നിർമ്മാണം ആരംഭിച്ചിട്ട് വർഷങ്ങളേറെയായി. കേരളവാട്ടർ അതോറിറ്റി നടപ്പാക്കുന്ന ഈ സ്കീം പ്രവർത്തന ക്ഷമമാക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലവിളംബം തികച്ചും പ്രതിഷേധാർഹമാണ്. പുഴയുടെ അക്കരെയുള്ള 3 വാർഡുകളുള്ളതിൽ വൈന്തലയിൽ കേരള വാട്ടർ അതോറിറ്റിയുടെ തന്നെ ശുദ്ധജല വിതരണ പദ്ധതി കൊടുങ്ങല്ലൂരിലേക്ക് ശുദ്ധജലവിതരണം ചെയ്യുന്നതിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതി സ്ഥിതി ചെയ്യുന്ന വാർഡുകളിലെങ്കിലും ശുദ്ധജലം വിതരണം ചെയ്യാൻ അധികൃർ തയ്യാറാകാത്തത് വിരോധാഭാസ മാണ്.

കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ കനാൽപ്പാലം ചാത്തൻ ചാൽ, ചെറാലക്കുന്ന് കോട്ടമുറിപടിഞ്ഞാറെഭാഗം, കാടുകുററി ലക്ഷംവീടുകോളനി വട്ടക്കോട്ട കല്ലൂർ കിഴക്കുഭാഗം, എന്നിവിടങ്ങളിലാണ്. ഓരോ വർഷവും നമ്മുടെ നദികളിലൂടെ ഒഴുകിയെത്തുന്ന ഉപയുക്തമായ ജലം 43,000 ദശലക്ഷം ക്യൂബിക് മീറ്ററാണ്. ഓരോ മനുഷ്യനും അവനവന്റേയും ജീവജാലങ്ങളുടെയും ആവശ്യത്തിനുള്ള പ്രതിദിന ശുദ്ധജലത്തിന്റെ ആവശ്യകത 4500 ലിറ്ററുമാണെന്ന് ആധികാരിക സർവ്വേകൾ സൂചിപ്പിക്കുമ്പോൾ നമുക്ക് ജലക്ഷാമം നേരിടേണ്ട സാഹചര്യം നിലവിലില്ല. എന്നിട്ടും കേരളത്തിലും നമ്മുടെ പ്രദേശത്തും കുടിവെള്ളത്തിന് ബുദ്ധിമുട്ട് നേരിടുന്നു. പഞ്ചായത്തിനു മദ്ധ്യേ കടന്നുപോകുന്ന സമൃദ്ധമായ ചാലക്കുടിപ്പുഴയെ ഫലപ്രദമായി ചൂഷണം ചെയ്യാൻ കഴിയാത്തതിന്റെ തെളിവുകളാണ് നാമനുഭവിക്കുന്ന കുടിവെള്ള ക്ഷാമം. പാഴായിപ്പോകുന്ന ഈ നദീജലത്തെ തടയണകെട്ടി തടത്തുനിർത്താൻ കഴിയുമെങ്കിൽ ഇറിഗേഷന്റേയും സ്വകാര്യവ്യക്തികളുടേയും പമ്പുസെറ്റുകൾ പ്രവർത്തിക്കാനും ഇതുവഴി ജലസേചനവും കുടിവെള്ളക്ഷാമവും പരിഹരിക്കുവാനും സാധിക്കുന്നതാണ്.

പട്ടിക – 1

| പൊതുടാപ്പുകൾ | പൊതുകിണറുകൾ | കുഴൽ കിണറുകൾ | ആകെ |
|---|---|---|---|
| 22 | 55 | 11 | 88 |

**പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

1. കാടുകുറ്റി പഞ്ചായത്ത് ശുദ്ധ ജലവിതരണ പദ്ധതിപ്രവർത്തന ക്ഷമമായിട്ടില്ല. എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുകയും, കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളെ കണ്ടെത്തി ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
2. വൈന്തലയിലുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വെള്ളം വിതരണം ചെയ്യുന്നില്ല. നമ്മുടെ പഞ്ചായത്തിന്റെ പുഴയ്ക്കക്കരെയുള്ള 3 വാർഡുകളിലും ഈ പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുക.

51

3. നിലവിലുള്ള പൊതുകിണറുകൾ പുനരുദ്ധരിക്കുകയും കെട്ടി സംരക്ഷിക്കുകയും ചെയ്യുക.
4. ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
5. ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കാരണക്കാരെ കർശനമായി നിയന്ത്രിക്കുകയും ചെയ്യുക. ഉദാ:- K.C.P.L. കാതിക്കുടം.
6. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ നിർമ്മിക്കുകയും, മഴവെള്ള സംഭരണത്തിനു കുഴികളും പൊട്ട കിണറുകളും ഉപയോഗിക്കുകയും ചെയ്യുക.

## ആരോഗ്യം

1967-ലാണ് ഒരു ആരോഗ്യകേന്ദ്രം ഇവിടെ സ്ഥാപിതമായത്. കാതിക്കുടത്തുള്ള സർക്കാർ ആശുപത്രിയാണ് ആരോഗ്യ രംഗത്തെ ആദ്യത്തെ സ്ഥാപനം. ചരട് ജപിച്ചുകെട്ടുക, മന്ത്രം ചെയ്തു ഊതുക, വഴി പാടുകൾ നേരുക തുടങ്ങിയ അന്തവിശ്വാസജടിലമായ ചികിൽസാസമ്പ്രദായങ്ങൾ പണ്ട് നമ്മുടെ നാട്ടിൻപുറങ്ങളിൽ നിലനിന്നിരുന്നു. ആധുനിക ശാസ്ത്രവും ചികിൽസാരീതികളും ഇത്രയേറെ പുരോഗമിച്ച ഈ കാലഘട്ടത്തിൽ ചിലരെങ്കിലും ഇത്തരം പ്രാകൃത രീതികൾ അനുവർത്തിച്ചു വരുന്നുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരു സർക്കാർ ആശുപത്രിയും രണ്ട് ഹെൽത്ത് സെന്ററുകളും ഒരു ആയുർവേദ ഡിസ്പൻസറിയും മൂന്ന് സ്വകാര്യ ഹോമിയോ ഡിസ്പൻസറികളും മറ്റ് രണ്ട് സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. മാസം തോറും ത്വക്ക് രോഗപരിശോധനയും നടക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ മരണ നിരക്ക് 6.25%വും ജനനനിരക്ക് 13.6% വുമാണ്. നമ്മുടെ പഞ്ചായത്തിൽ കിടത്തി ചികൽസിക്കാൻ സൗകര്യമുള്ള ആശുപത്രി കാതിക്കുടത്തു പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫലപ്രദമായി ജനങ്ങൾ ഉപയോഗിക്കുന്നില്ല. വിദഗ്ദ ചികിത്സക്കായി ദുരെ സ്ഥലങ്ങളെ ആശ്രയിക്കേണ്ടതുണ്ട്.

പട്ടിക - 2

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | വാർഡ് | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | P. H. Sub Centre | 2 |
| 2 | 5 | P.H. Sub Centre | 2 |
| 3 | 7 | ആയുർവേദ ഡിസ്പൻസറി | 4 |
| 4 | 8 | സർക്കാർ ആശുപത്രി | 22 |

സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. കാതിക്കുടം ആശുപത്രിയിൽ ഒരു ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കേണ്ടതുണ്ട്. ശിശുമരണനിരക്ക് ആയുർദൈർഘ്യം എന്നിവയുടെ കാര്യത്തിൽ ഒരു വികസിത രാജ്യത്തിന് തുല്യമായ സ്ഥാനം കേരളത്തിനുണ്ട്. ഉയർന്ന സാക്ഷരത, സ്ത്രീവിദ്യാഭ്യാസം, ജന്മിത്വം അവസാനിപ്പിച്ചതുവഴി ഗ്രാമീണ ജനതയുടെ ജീവിതനിലവാരം, പൊതു വിതരണസമ്പ്രദായം ദരിദ്രജനവിഭാഗങ്ങളുടെ അവകാശബോധം തുടങ്ങിയ സാമൂഹിക സാമ്പത്തിക ഘടകങ്ങളും സാർവത്രികവും സൗജന്യവുമായ പൊതു ജനാരോഗ്യ സംവിധാനവും ആരോഗ്യ രംഗത്തെ "കേരളാമോഡൽ" ആയി വികസിച്ചിട്ടുണ്ട്. എന്നാലും പ്രതിസന്ധികളും അവശേഷിക്കുന്നുണ്ട്.

1. ഉയർന്ന രോഗാതുരത, പകർച്ച വ്യാധികളുടെ തിരിച്ചുവരവ്.
2. പൊതുജനാരോഗ്യ സംവിധാനങ്ങളുടെ തകർച്ച.
3. സ്വകാര്യ മേഖലയുടെ അനിയന്ത്രിതമായ വളർച്ച.
4. ചികിൽസാ ചെലവിലുള്ള വർദ്ധന.

1. സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ആരോഗ്യ രംഗത്തെ ഫീൽഡ് വർക്കർമാരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, അവയെ പരിശോധിക്കാനുള്ള സംവിധാനമുണ്ടാകുകയും വേണം. പ്രത്യേക കേന്ദ്രങ്ങളിൽ ഇവർക്ക് രജിസ്റ്റർ ഏർപ്പെടുത്തുന്നതും നന്നായിരിക്കും.

2 പഞ്ചായത്തിൽ സ്ഥിരമായുണ്ടാവുന്ന രോഗങ്ങൾക്കുള്ള മരുന്ന് പ്രാദേശികമായി ലഭ്യമാക്കാൻ കഴിയണം.

3. വിവിധ സാംസ്കാരിക സംഘടനകളുടെ സഹായത്തോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിരോധക്കുത്തി വയ്പുകൾ നൽകാൻ കഴിയണം.

4. ആവശ്യത്തിന് സ്ഥലമുണ്ടെങ്കിലും ആയുർവേദഡിസ്പൻസറിയുടെ വികസനം ഇതുവരേക്കും സാധ്യമായിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ ഏക ആയുർവേദ സ്ഥാപനമായ ഇതിനെ ഒരു ആശുപത്രിയാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

5. ഒരു സർക്കാർ വക ഹോമിയോ ആശുപത്രിയും പ്രകൃതി ചികിത്സാകേന്ദ്രവും ഈ പഞ്ചായത്തിൽ സ്ഥാപിതമാകേണ്ടതുണ്ട്.

6. മാരകമായ രോഗം ബാധിച്ചവരേയും ബുദ്ധിമാന്ദ്യം സംഭവിച്ചവരേയും സഹായിക്കുന്നതിന് ഒരു പൊതു ഫണ്ട് സ്വരൂപിക്കുക.

7. എയ്ഡ്സിനെക്കുറിച്ചും മറ്റു മാരകരോഗങ്ങളെക്കുറിച്ചും ബോധവത്കരണ ക്ലാസ്സുകൾ നടത്തുക.

8. എലികളെ കൊല്ലുന്നതിനും കൊതുകു നശീകരണത്തിനും പകർച്ച വ്യാധികൾ തടയുന്നതിനും ആവശ്യമായ പ്രവർത്തന ചുമതല സാമൂഹ്യ സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുക.

**കക്കൂസ്**

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാതിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. വ്യവസായവൽക്കരണം വേണ്ടത്ര വരാത്തതിനാൽ KCPL എലുവത്തിങ്കൽ അലുമിനിയം കമ്പനി പ്രദേശത്തൊഴികെ മറ്റൊരിടത്തും പരിസരമലിനീകരണം ഗുരുതരമല്ല.

ചികിത്സാരംഗത്ത് വളരെയേറെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിൽസക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കാൻ സഹായിക്കും, ആരോഗ്യ പ്രവർത്തകരെയും സന്നദ്ധപ്രവർത്തകരേയും ഏകോപിപ്പിച്ച് ഇത് നടപ്പാക്കാനാകും. രക്ത ഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങളെല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തുവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുകവലി, പുകയിലക്കൂട്ടി മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണം വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തേക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുക വഴി ദാതാക്കളുടെ റിജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാനേതൃ ബാങ്കുമായി ബന്ധപ്പെട്ടു പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ "ശുചിത്വഗ്രാമം ആരോഗ്യഗ്രാമം" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിമാറ്റുവാൻ നമുക്കു കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

# വ്യവസായം

ഒരു വസ്തുവിനെ ഉല്പന്നമാക്കി മാറ്റുന്ന പ്രക്രിയയെ വ്യവസായം എന്ന് പറയുന്നു. സമസ്ത മേഖലകളിലേയും പടിപടിയായുള്ള പുരോഗതിയെ വികസനമെന്ന് വിളിക്കാം. വികസനപ്രക്രിയക്ക് ആക്കംകൂട്ടുന്നതിൽ വ്യവസായത്തിനും, ആസൂത്രണത്തിനും നിർണ്ണായകസ്ഥാനമാണുള്ളത്. എന്ത്, എപ്പോൾ, എവിടെ, എങ്ങിനെ, ആര് തുടങ്ങണമെന്ന് തീരുമാനിക്കുന്നതിനെ ആസൂത്രണമെന്ന് വിവക്ഷിക്കാം. വ്യവസായങ്ങളുടെ നടത്തിപ്പിൽ ആസൂത്രണത്തിന് പ്രഥമസ്ഥാനമാണുള്ളത്. നമ്മുടെ പഞ്ചായത്തിലെ വ്യവസായവളർച്ചക്ക് ജനകീയാസൂത്രണം ആക്കംകൂട്ടുമെന്നതിനാൽ നാം ശുഭാപ്തിവിശ്വാസികളാകേണ്ടതുണ്ട്. വ്യവസായങ്ങളെ അവയുടെ ഘടനയും, സ്വഭാവവും, പ്രവർത്തനരീതിയുമനുസരിച്ച് താഴെപറയുംപ്രകാരം തരംതിരിക്കാം.

1. **വൻകിട വ്യവസായങ്ങൾ :** വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങളും, യന്ത്രസാമഗ്രികളും ഉണ്ടാക്കുന്ന വലിയ വ്യവസായശാലകൾ.

2. **ചെറുകിട വ്യവസായങ്ങൾ :** അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറിയ കമ്പനികൾ.

3. **പൊതുമേഖലാ വ്യവസായങ്ങൾ :** സർക്കാർ ഉടമയിലുള്ള കമ്പനികളെ പൊതുമേഖലാ വ്യവസായങ്ങൾ എന്ന് പറയുന്നു.

4. **സംയുക്തസംരംഭങ്ങൾ :** പൊതുമേഖലയും, സ്വകാര്യമേഖലയും സംയുക്തമായി നടത്തുന്നവ.

5. **വ്യവസായസഹകരണസംഘങ്ങൾ :** സഹകരണസംഘങ്ങൾ നടത്തുന്ന വ്യവസായങ്ങൾ.

6. വനിതാവ്യവസായം : വനിതകൾ മാത്രമായി നടത്തുന്നവ.

7. **പരമ്പരാഗതവ്യവസായം, കുടിൽവ്യവസായം, ഖാദിവ്യവസായങ്ങൾ എന്നിവയും നമ്മുടെ നാട്ടിലുണ്ട്.**

കാർഷികപ്രധാനമായ കാടുകുറ്റി പഞ്ചായത്തിൽ വ്യാവസായികരംഗത്ത് കാര്യമായ മുന്നേറ്റം ഉണ്ടായിട്ടില്ല. 70 വർഷംമുമ്പ് സ്ഥാപിതമായ വൈന്തലയിലെ 'സെന്റ് മേരീസ് ടൈൽ ഫാക്ടറി'യാണ് ഈ പഞ്ചായത്തിലെ പ്രഥമ വ്യവസായശാല. ഇവിടെ കളിമണ്ണുകൊണ്ട് ഓടും അനുബന്ധ ഉല്പന്നങ്ങളും ഉണ്ടാക്കുന്നു. കാതികുടത്ത് സ്ഥാപിതമായ "K.C.P.L." കമ്പനിയാണ് ഈ പഞ്ചായത്തിലെ ഏക വൻകിടവ്യവസായശാല. ഇത് ഒരു സംയുക്തസംരംഭമാണ്. ഈ കമ്പനിയുടെ ഉല്പന്നമായ ഒസ്സീൻ വിദേശത്തേക്ക് കയറ്റിഅയച്ച് നമ്മുടെ നാടിന് വിദേശനാണ്യം നേടിത്തരുന്നു.

കാടുകുറ്റി പഞ്ചായത്തിലെ പ്രധാന വ്യവസായമേഖല ഓട് വ്യവസായമാണ്. ഈ രംഗത്ത് 14 എണ്ണം സ്വകാര്യമേഖലയിലും, കാതികുടത്ത് 'ശ്രീ അയ്യപ്പ' ടൈൽസ് ഖാദി സഹകരണമേഖലയിലും പ്രവർത്തിക്കുന്നു. 300 തൊഴിലാളികൾ ഈ രംഗത്ത് സ്ഥിരമായി പണിയെടുക്കുന്നു.

കല്ലൂരിലെ 'സോണിക് ലാംപ്സ്', 'പാനികുളം ഇലക്ട്രോ പ്രോഡക്റ്റ്സ്', അന്നനാട്ടിലെ 'ലിതാ പാക്കേഴ്സ്', 'ഹോഷ് റെമഡീസ്', എലുവത്തിങ്കൽ അലുമിനിയം കമ്പനി, സ്മാക്ക് റബ്ബേഴ്സ്, അമ്പഴക്കാട്ടെ തോംസൺ ഫർണിച്ചർ എന്നിവ ഈ പഞ്ചായത്തിലെ ചെറുകിടവ്യവസായശാലകളാണ്. തീപ്പെട്ടിനിർമ്മാണ രംഗത്ത് അന്നനാട്ടിൽ 2 കമ്പനികൾ പ്രവർത്തിക്കുന്നു.

കാടുകുറ്റിയിലെ 'യുണൈറ്റഡ് ഓയിൽ മിൽസ്', കുലയിടത്തെ 'നൈസ് ഓയിൽ മിൽസ്' എന്നിവ വെളിച്ചെണ്ണ വ്യവസായരംഗത്ത് പ്രവർത്തിക്കുന്നു. ചെറുതും വലുതുമായ പല എഞ്ചിനീയറിംഗ് വ്യവസായ

യൂണിറ്റുകളുള്ളതിൽ കാതികുടത്തെ അഞ്ജലി എഞ്ചിനീയറിംഗ് വർക്സ് യന്ത്രസാമഗ്രികളുടെ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നതാണ്. സമ്പാളൂരിലെ 'ഷാജി ബേക്കറി', വൈന്തലയിലെ കണിച്ചായി മിൽക് പ്രോഡക്ട്സ് എന്നിവകൂടാതെ ഏതാനും ചിപ്പ്സ് യൂണിറ്റുകളും ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്നുണ്ട്. റെഡിമെയ്ഡ് വസ്ത്രനിർമ്മാണരംഗത്ത് 7 യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഫർണീച്ചർ നിർമ്മാണമേഖലയിൽ 9 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അലൂമിനിയ പാത്രനിർമ്മാണത്തിൽ അന്നനാട്ടിലെ ദീപ അലൂമിനിയം കമ്പനിയും മൺപാത്രനിർമ്മാണത്തിൽ കാതികുടത്ത് കുടിൽവ്യവസായങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിനാവശ്യമായ കോൺക്രീറ്റ് സാമഗ്രികളുടെ നിർമ്മാണത്തിൽ ഈ പഞ്ചായത്തതിർത്തിയിൽ 7 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വൈന്തലയിലെ K.K. പോൾസൺ ബ്രദേഴ്സ് എന്ന കമ്പനിയിൽ കൃഷിക്കാവശ്യമായ എല്ലുപൊടി ഉല്പാദിപ്പിക്കുന്നു. അച്ചടിവ്യവസായരംഗത്ത് അന്നനാട്ടിലെ 'അനാംസ്' പ്രസ്സ്, സിനിമാവ്യവസായരംഗത്ത് കല്ലൂരിലെ V.M.T. തിയ്യറ്ററും പ്രവർത്തിച്ചുവരുന്നു. പാളയംപറമ്പിൽ ഒരു അടയ്ക്ക സംസ്ക്കരണയൂണിറ്റ് പ്രവർത്തിക്കുന്നു. കൂടാതെ ഇഷ്ടികനിർമ്മാണയൂണിറ്റുകളും, കരിങ്കൽ ക്വാറികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കാടുകുറ്റി പഞ്ചായത്തിൽ ചെറുതും വലുതുമായ നിരവധി റൈസ് മില്ലുകളും, ഫ്ളവർ മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. സോഡ നിർമ്മാണം, പപ്പടനിർമ്മാണം എന്നീ രംഗത്തും ഇവിടെ ചെറുയൂണിറ്റുകളുണ്ട്. നാളികേരം കൊപ്രയാക്കി സംസ്കരിക്കുന്ന പല യൂണിറ്റുകളുള്ളതിൽ കാടുകുറ്റി സർവ്വീസ് സഹകരണ ബാങ്കിന്റേതാണ് പ്രധാനമായിട്ടുള്ളത്. തഴപായനിർമ്മാണം, പനമ്പ് നിർമ്മാണം, ഓലമെടയൽ, മൺപാത്രങ്ങൾ, ഈറ്റ, മുള എന്നിവകൊണ്ടുള്ള ഉപകരണങ്ങൾ, കള്ള്ചെത്ത്, മത്സ്യബന്ധനം എന്നീ മേഖലകളിലും നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായ രീതിയിലുള്ള പ്രവർത്തനങ്ങളുണ്ട്..

ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക I

നിലവിലുള്ള സ്ഥാപനങ്ങൾ പട്ടിക II

വിവിധ മേഖലയിലെ തൊഴിലാളികൾ പട്ടിക III

വ്യവസായമേഖലയിൽ കൊടുത്ത വായ്പകൾ പട്ടിക IV

എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

**വ്യവസായമേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം** : മൊത്തം തൊഴിൽരംഗത്ത് പുരുഷമേധാവിത്വം ഉണ്ടെങ്കിലും വ്യവസായതൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. കാർഷികമേഖലയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ നാമമാത്രമാണ്. ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണം, നിത്യോപയോഗവസ്തുക്കളുടെ നിർമ്മാണം എന്നീ രംഗത്ത് സ്ത്രീകൾക്ക് അവസരങ്ങൾ ധാരാളമുണ്ടെങ്കിലും അവസരങ്ങൾ പ്രയോജനപ്പെടുത്തികാണുന്നില്ല.

**പ്രശ്നങ്ങൾ**

വ്യവസായ പുരോഗതിക്കാവശ്യമായ വൈദ്യുതി, ഗതാഗതം, വായ്പാസൗകര്യങ്ങളുടെ ലഭ്യത എന്നീ രംഗത്ത് ഈ പഞ്ചായത്ത് നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. പഞ്ചായത്തിനെ രണ്ടായി വിഭജിക്കുന്ന ചാലക്കുടിപുഴയിൽ പഞ്ചായത്തതിർത്തിയിൽ പാലമില്ലാത്തത് പ്രധാനപ്പെട്ട ഗതാഗതപ്രശ്നമാണ്. വൈദ്യുതിയുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ ഒരു ഓഫീസ് നമ്മുടെ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കാത്തതും മുഖ്യവിഷയമാണ്. ഈ പഞ്ചായത്തത.ിർത്തിയിൽ പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്ക് ശാഖകൾ വായ്പകൾ നൽകുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നുണ്ട്. നിത്യോപയോഗവസ്തുക്കളുടെ നിർമ്മാണരംഗത്തും കാർഷികവിളകളെ അടിസ്ഥാനമാക്കി വ്യവസായങ്ങൾ തുടങ്ങാത്തതും വലിയ പ്രശ്നങ്ങളാണ്.

വൻകിട വ്യവസായശാലയായ K.C.P.L. കമ്പനി തൽക്കാലം പ്രതിസന്ധിയെ നേരിടുന്നില്ല. എന്നാൽ ഓട് വ്യവസായരംഗത്ത് പല പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. കളിമണ്ണിന്റെ ദൗർലഭ്യവും, മണ്ണെണ്ണ, വിറക് എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനയും മുഖ്യപ്രശ്നങ്ങളാണ്. എഞ്ചിനീയറിംഗ് വ്യവസായത്തിനാവശ്യമായ നൂതനസാങ്കേതിതവിദ്യയുടെ കുറവ്, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം, വായ്പസൗകര്യങ്ങളിലെ അപര്യാപ്തത, വിപണിയിലെ മത്സരം എന്നിവ എഞ്ചിനീയറിംഗ് വ്യവസായം നേരിടുന്ന മുഖ്യപ്രശ്നങ്ങളാണ്. ഫർണീച്ചർ വ്യവസായരംഗത്ത് ഉയർന്ന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. വൈദ്യുതി ലഭിക്കുന്നതിലെ കാലതാമസം, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും ഈ വ്യവസായം നേരിടുന്ന പ്രശ്നങ്ങളാണ്. ഈ മേഖലയിൽ ഏർപ്പെട്ടിട്ടുള്ളവരുടെ പരസ്പര സഹകരണക്കുറവും പ്രശ്നമാകുന്നുണ്ട്. ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണരംഗത്ത് നൂതന ശാസ്ത്രസാങ്കേതികവിദ്യയുടെ ബോധവൽക്കരണം ഇല്ലാത്തത് വലിയ പ്രശ്നമാണ്. വസ്ത്രനിർമ്മാണരംഗത്ത് വൻകിട കമ്പനികളോട് മത്സരിക്കുക ബുദ്ധിമുട്ടാണ്. തുണിയുടെയും തയ്യൽസാമഗ്രികളുടേയും അനിയന്ത്രിതമായ വിലയും പ്രശ്നമാകുന്നുണ്ട്.

പരമ്പരാഗതവ്യവസായങ്ങളും, കുടിൽവ്യവസായങ്ങളും തകർച്ചയെ നേരിടുകയാണ്. ഈ മേഖലയിലുള്ളവരുടെ പരസ്പരസഹായമില്ലായ്മ മുഖ്യവിഷയമാണ്. കൂടാതെ തഴപ്പായ, മൺപാത്രങ്ങൾ, പപ്പടം, ഈറ്റ, മുള കൊണ്ടുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നവർക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പൊതുവേദികളില്ലാത്തതും പ്രശ്നമാണ്. മത്സ്യബന്ധനരംഗത്ത് തൊഴിൽപരിശീലനത്തിലെ കുറവും കള്ള്ചെത്ത് വ്യവസായത്തിൽ ചെത്ത്തെങ്ങിന്റെ ദൗർലഭ്യവും നേരിടുന്നു.

**സാധ്യതകൾ**

**K.C.P.L.** വൻകിട വ്യവസായരംഗത്ത് K.C.P.L. കമ്പനിയിൽ ഒസ്സീനുപുറമേ ഒരു ജലേറ്റിൻ പ്ലാന്റ് കൂടി തുടങ്ങുവാൻ നിർദ്ദേശിക്കാവുന്നതാണ്. ഇതിന് നിലവിൽ വലിയ സാധ്യതയുണ്ട്.

**ഓട് :** ഓട് നിർമ്മാണത്തിൽ പാഴായിപോകുന്ന ഓട് പൊടിച്ച് വ്യവസായങ്ങൾക്കും ഗൃഹനിർമ്മാണത്തിനും ആവശ്യമായ പല പദാർത്ഥങ്ങളും ഉണ്ടാക്കുവാൻ കഴിയും.

**എഞ്ചിനീയറിംഗ് :** ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുവരുന്നതിനും, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സഹകരണസംഘം രൂപീകരിച്ചാൽ വലിയ പുരോഗതി ഉണ്ടാക്കുവാൻ സാധിക്കും.

**കാർഷികോൽപന്നങ്ങൾ :** കാർഷികോല്പന്നങ്ങളായ തേങ്ങ, ചകിരി, ചിരട്ട, കായ, ജാതിക്ക എന്നില അസംസ്കൃത പദാർത്ഥങ്ങളായി ഉപയോഗിച്ച് വ്യവസായങ്ങൾ തുടങ്ങുവാൻകഴിയും. കൂടാതെ കൃഷിക്കാവശ്യമായ ജൈവവളങ്ങളും പ്രത്യേകിച്ച് കമ്പോസ്റ്റ് നിർമ്മാണത്തിനും സാധ്യതകളുണ്ട്.

വസ്ത്രനിർമ്മാണരംഗത്ത് സഹകരണാടിസ്ഥാനത്തിൽ തുണിയും തയ്യൽസാമഗ്രികളും വിതരണം നടത്തുകയും ഉല്പന്നം വിറ്റഴിക്കുന്നതിനും സാധ്യതകളുണ്ട്. ഇങ്ങിനെ പ്രവർത്തിക്കുകയാണെങ്കിൽ വിപണിയിലെ മുഖ്യപ്രശ്നമായ പരസ്യം കുറഞ്ഞ ചെലവിൽ നടത്തുവാൻ സാധിക്കും.

ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണരംഗത്ത് നൂതന സാങ്കേതികവിദ്യകൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകുകയാണെങ്കിൽ ഈ വ്യവസായത്തിന് കയറ്റുമതി സാധ്യതകളുമുണ്ട്.

കെട്ടിടനിർമ്മാണം, ഫർണിച്ചർ : ഈ രംഗത്ത് തൊഴിൽരഹിതരെ അഭ്യസിപ്പിക്കുകയാണെങ്കിൽ വലിയ സാധ്യതകളുണ്ട്.

നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണരംഗത്ത് ഒരു സഹകരണസംഘത്തിന് സാധ്യതയുണ്ട്. അങ്ങിനെ പ്രവർത്തിക്കുകയാണെങ്കിൽ അസംസ്കൃത പദാർത്ഥങ്ങൾ വിതരണംനടത്തുന്നതിനും, ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, കുടിൽവ്യവസായമായി വളരുവാനും സാധ്യതകളുണ്ട്.

കുടിൽവ്യവസായങ്ങളായ തീപ്പെട്ടി, തഴപായ, കരകൗശലവസ്തുക്കൾ, മൺപാത്രങ്ങൾ, ഓലമെടയൽ, ഈറ്റ, മുള എന്നിവകൊണ്ടുള്ള ഉപകരണങ്ങൾ, പുസ്തകനിർമ്മാണം എന്നീ വ്യവസായമേഖലകളിൽ സഹകരണസംഘങ്ങൾക്ക് വലിയ സാധ്യതകളുണ്ട്.

**പ്രശ്നപരിഹാരങ്ങൾ**

**ഓട് വ്യവസായം :** ഈ വ്യവസായത്തിന്റെ അസംസ്കൃത പദാർത്ഥമായ കളിമണ്ണ് എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരവൽക്കരിക്കണം. കൂടാതെ ഈ പഞ്ചായത്തുവക ചാത്തൻചാൽ താഴ്ത്തുന്ന മണ്ണ് കാടുകുറ്റി പഞ്ചായത്തിലെ ഓട്ടുകമ്പനികൾക്ക് നിയന്ത്രിതവിലക്ക് നൽകണം. വൈദ്യുതിയും മണ്ണെണ്ണയും നിയന്ത്രിതവിലക്ക് യഥേഷ്ടം ലഭിക്കുവാൻ അവസരമുണ്ടാകണം.

**എഞ്ചിനീയറിംഗ് :** ആവശ്യമായ സാങ്കേതികവിദ്യ, വായ്പാ സൗകര്യങ്ങൾ, അസംസ്കൃത പദാർത്ഥങ്ങൾ എന്നിവ യഥേഷ്ടം ലഭിച്ചാൽ പ്രശ്നങ്ങൾ പരിഹരിക്കാനാവും.

**ഫർണിച്ചർ :** വ്യവസായത്തിനാവശ്യമായ തടി പെർമിറ്റ് പ്രകാരം ലഭിക്കണം. വ്യവസായസംരംഭകർക്ക് വിദഗ്ദ്ധപരിശീലനവും നൽകി പ്രശ്നപരിഹാരമുണ്ടാക്കാം. സഹകരണസംഘം രൂപീകരിക്കുന്നതും സഹായകരമായിരിക്കും.

**ഭക്ഷണപദാർത്ഥനിർമ്മാണം :** വനിതകളേയും തൊഴിൽരഹിതരേയും സംഘടിപ്പിച്ച് വിദഗ്ദ്ധപരിശീലനം നൽകണം. കൂടാതെ മൈദ, റവ, ആട്ട, പഞ്ചസാര, നെയ്യ് എന്നിവ നിയന്ത്രിതവിലക്ക് ലഭ്യമാക്കിയാൽ പ്രശ്നപരിഹാരമുണ്ടാക്കുവാൻ കഴിയും.

വസ്ത്രനിർമ്മാണം, കുടിൽവ്യവസായങ്ങൾ എന്നിവ സഹകരണാടിസ്ഥാനത്തിലായാൽ പ്രശ്നങ്ങൾ ലഘൂകരിക്കാനാവും. ഈ രംഗത്ത് പരിശീലനവും നൽകേണ്ടതുണ്ട്.

**ഗ്രാമസഭാനിർദ്ദേശങ്ങൾ**

വിവിധ ഗ്രാമസഭകളിൽനിന്നും താഴെപറയുന്ന നിർദ്ദേശങ്ങൾ വ്യവസായരംഗത്ത് ഉണ്ടായിട്ടുണ്ട്.

1. കരകൗശലവസ്തുക്കളുടെ നിർമ്മാണം.
2. വസ്ത്രനിർമ്മാണം, വൈരക്കല്ല് വ്യവസായം.
3. കോഴിവളർത്തൽ യൂണിറ്റുകൾ.
4. സാങ്കേതികപരിശീലനം ലഭിച്ചവർക്ക് വായ്പാസൗകര്യങ്ങൾ ഉദാരമാക്കണം.
5. പരമ്പരാഗതവ്യവസായങ്ങൾ, തേനീച്ചവളർത്തൽ എന്നിവയിൽ തല്പരരായവർക്ക് പരിശീലനവും വായ്പാസൗകര്യങ്ങളും ഏർപ്പെടുത്തുക.
6. ചകിരിനാര്, ചിരട്ട എന്നിവ ഉപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുക.
7. ബാഗ്, ചെരിപ്പ്, സോപ്പ്, മഷി, കൂട എന്നിവ നിർമ്മിക്കുന്നതിനും പുസ്തകങ്ങൾ ബൈൻഡ് ചെയ്യുന്നതിന്നുമുള്ള പരിശീലനം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുക.
8. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക.

**നിർദ്ദേശങ്ങൾ**

I വ്യവസായ വളർച്ചക്കാവശ്യമായ വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നാഷണലൈസ്ഡ് ബാങ്കുകളുടെ 2 ശാഖകളെങ്കിലും ഈ പഞ്ചായത്തതിർത്തിയിൽ തുടങ്ങുക.

II വ്യവസായത്തിനാവശ്യമായ വൈദ്യുതിയുടെ വിതരണം കാര്യക്ഷമമാക്കുവാൻ ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് ഈ പഞ്ചായത്തതിർത്തിയിൽ തുടങ്ങുക.

III പ്രധാന കാർഷികവിളയായ നാളികേരത്തിന്റെ തേങ്ങ, ചകിരി, ചിരട്ട എന്നിവ ഉപയാഗിച്ച് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ബോധവൽക്കരണം നടത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു നാളികേര കോംപ്ലക്സ് തുടങ്ങുക.

IV പട്ടുനൂൽ വ്യവസായത്തിന്റെ സാധ്യതകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക സെറികൾച്ചർ സൊസൈറ്റി തുടങ്ങുക.

V എഞ്ചിനീയറിംഗ്, ഫർണീച്ചർ എന്നീ വ്യവസായങ്ങൾക്കാവശ്യമായ ഒരു സഹകരണസംഘം രൂപീകരിക്കുക.

VI വസ്ത്രനിർമ്മാണം, നിത്യോപയോഗവസ്തുക്കളുടെ നിർമ്മാണം, ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് വനിതാവ്യവസായ സഹകരണസംഘം രൂപീകരിക്കുക.

VII കുടിൽവ്യവസായങ്ങളും, പരമ്പരാഗത വ്യവസായങ്ങളും തുടങ്ങുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുകയും ഈരംഗത്ത് ഖാദി ബോർഡിന്റെ സഹായം ലഭ്യമാക്കുന്നതിന് ഏർപ്പാടുണ്ടാക്കുകയും ചെയ്യുക.

VIII വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും, പരിശീലനം നൽകുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലനകേന്ദ്രം ജില്ലാതലത്തിൽ തുടങ്ങുകയും വേണം. അതിൽനിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ്ധപരിശീലനം നൽകുകയും ചെയ്യണം.

a) District Industrial Center, Trichur

b) Small Industries Services Institute, Trichur

c) National Small Industries Corporation, Trichur

d) Kerala State Industrial and Technology Consultancy Organisation, Ernakulam.

e) Government Engineering College, Trichur

IX കരകൗശലരംഗത്ത് വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of Handloom Textiles, Trichur എന്നിവരുമായി ബന്ധപ്പെട്ട് ഒരു Craft Development Centre സ്ഥാപിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേരവികസന ബോർഡ്, കേരഫെഡ്, കയർ വികസന ഡയറക്ടർ, കയർ ബോർഡ്, റീജിയണൽ റിസർച്ച് ലബോറട്ടറി തിരുവനന്തപുരം തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം തുടങ്ങുക. (സംഘടിപ്പിക്കുക)

X റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീനരീതികളെപ്പറ്റിയും, അതിന്റെ വിപണനസാദ്ധ്യതകളെപ്പറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി മദ്രാസ് എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ്ധപരിശീലനം നൽകണം.

XI കാടുകുറ്റി പഞ്ചായത്തിൽ വ്യവസായവളർച്ചക്കാവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ജില്ലാ വ്യവസായകേന്ദ്രം, ചെറുകിട വ്യവസായ അസോസിയേഷൻ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നി

വയുടെ സഹകരണത്തോടെ 10 ദിവസം നീണ്ടുനിൽക്കുന്ന ഒരു വ്യവസായ - കാർഷിക പ്രദർശനം സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുക്കുക.

XII വ്യവസായരംഗത്ത് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 phase ആക്കി മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

XIII കാടുകുറ്റി പഞ്ചായത്തതിർത്തിയിലുള്ള വ്യവസായസ്ഥാപനങ്ങളുടേയും അതിൽ പണിയെടുക്കുന്നവരുടേയും ഒരു രജിസ്റ്റർ പഞ്ചായത്താഫീസിൽ സൂക്ഷിക്കണം.

XIV കണ്ടെത്തുന്ന വ്യവസായസംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുതരംഗത്തെ നല്ലനിലയിൽ പ്രാവർത്തികമാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും വേണം.

XV വ്യവസായകേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷികവിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്കും തൊഴിൽ നൽകുവാനും കഴിയും. അതുവഴി പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരിവരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ - സാമ്പത്തിക സാംസ്ക്കാരിക പുരോഗതിക്ക് ആക്കംകൂട്ടുകയും പുതിയ സാമൂഹ്യജീവിതാനുഭവങ്ങളും വികസനസംസ്ക്കാരവും വളർന്നുവരാൻ കാരണമാവുകയും ചെയ്യും. അതിനുള്ള വേദിയായി ജനകീയാസൂത്രണപ്രക്രിയ വളരട്ടെ എന്ന് പ്രത്യാശിക്കുന്നു.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. ഭൂരിപക്ഷം ജനങ്ങൾക്കും ഓലവീടുകളോ ഇടത്തരം ഓടുവീടുകളോ ആണ്. ഗൾഫ് പണത്തിന്റെ സ്വാധീനം നിർണ്ണായകമല്ല എങ്കിലും കോൺക്രീറ്റ് വീടുകളുടെ നിർമ്മാണം പഞ്ചായത്തിൽ ഏറെ നടക്കുന്നുണ്ട്. ഓലവീടുകൾ കൂടുതലും പട്ടിക ജാതിക്കാർ താമസിക്കുന്ന സ്ഥലങ്ങളിലാണ്.

പഞ്ചായത്തിലെ വീടുകളിൽ 1822 വീടുകൾ ഭേദപ്പെട്ടതും 275 വീടുകൾ ഇടത്തരവും ബാക്കി 722 വീടുകൾ ഓല മേഞ്ഞതുമാണ്.

### വീടുകളുടെ തരംതിരിവ്

പട്ടിക ഒന്ന്

| വാർഡ് | ഓട് | ടെറസ് | ഓല | ടെറസ് ഓട് | ഇരുനില | ആകെ |
|---|---|---|---|---|---|---|
| 1 | 313 | 110 | 118 | 54 | 45 | 640 |
| 2 | 245 | 149 | 86 | 10 | 6 | 496 |
| 3 | 338 | 129 | 71 | 9 | 7 | 544 |
| 4 | 358 | 200 | 67 | 50 | 6 | 620 |
| 5 | 319 | 155 | 96 | 45 | 5 | 622 |
| 6 | 364 | 171 | 65 | 12 | 10 | 622 |
| 7 | 295 | 174 | 40 | 40 | 9 | 598 |
| 8 | 333 | 213 | 87 | 100 | 10 | 743 |
| 9 | 334 | 214 | 52 | 15 | 5 | 630 |
| 10 | 330 | 199 | 40 | 20 | 5 | 594 |

ഭവനനിർമാണരംഗത്ത് സാമാന്യം ഭേദപ്പെട്ട നില കൈവരിക്കാൻ കാടുകുറ്റി പഞ്ചായത്തിന് കഴി ഞ്ഞിട്ടുണ്ട്. നിർമ്മാണചിലവ് ഭീമമായി വർദ്ധിച്ചിട്ടും ഭവനനിർമാണരംഗം ആർഭാടത്തിന്റേയും പൊങ്ങച്ച ത്തിന്റേയും പ്രകടനവേദികളായി മാറിയിട്ടുണ്ട്.

താഴ്ന്ന വരുമാനക്കാർക്ക് വിവിധ സർക്കാർ ഏജൻസികൾ നല്കി വരുന്ന സൗജന്യ വീടുകളുടെ വായ്പാസംഖ്യ അപര്യാപ്തമാണ്.

60

തിരിച്ചടയ്ക്കേണ്ട വ്യവസ്ഥയിൽ വിവിധ ധനസഹായ സ്ഥാപനങ്ങൾ നല്കുന്ന വായ്പകൾക്ക് സാങ്കേതിക പ്രശ്നങ്ങളുടെ നൂലാമാലകളുണ്ട്. സർക്കാർ ഭവനനിർമ്മാണ ബോർഡു വഴി ദുർബല ഇടത്തരവിഭാഗങ്ങൾക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ, ദുർബ്ബലവിഭാഗങ്ങൾക്ക് മാത്രമായും, അത് വിരലലിലെണ്ണാവുന്നവർക്ക് മാത്രമായും ആണ് ലഭിക്കുന്നത്. ഇടത്തരം വിഭാഗക്കാർക്ക് വീട് വയ്ക്കാനും നിർമ്മാണത്തിനും, പുതുക്കിപണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാവാത്തതിനാൽ, ഈ വിഭാഗക്കാർക്ക് പൊതുവിൽ അസംതൃപ്തി കാണപ്പെടുന്നുണ്ട്.

പാർപ്പിടപ്രശ്നം അടിയന്തിരപ്രധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്.

പട്ടിക 2

പഞ്ചായത്ത് J. R. Y സ്കീമിൽ നല്കിയ സൗജന്യവീടുകൾ

| | വർഷം | എണ്ണം |
|---|---|---|
| 1 | 90- 91 | 7 |
| 2 | 91- 92 | 6 |
| 3 | 92- 93 | 18 |
| 4 | 93- 94 | 17 |
| 5 | 94- 95 | 10 |
| 6 | 95- 96 | 13 |

ജീവിക്കാനൊരു വീട് സാധാരണക്കാരന്റെ സ്വപ്നമായി അവശേഷിക്കുകയാണ്. നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം, കൂലിനിരക്കിലെ സാമഗ്രികളുടെ വർദ്ധനവ് തുടങ്ങിയവ പ്രവൃത്തിപഥത്തിലെ മുഖ്യതടസ്സങ്ങളായി വർത്തിക്കുന്നു.

ഭാരതത്തിൽ ഭവനരഹിതരായ 3 കോടി ജനങ്ങളുള്ളപ്പോൾ അതിൽ 10 ലക്ഷവും കേരളീയരാണ്.

ഒരു പഞ്ചായത്തിൽ അഞ്ഞൂറ് വീടുകളെങ്കിലും നല്കിയാലേ ഇന്നത്തെ അവസ്ഥയെ നമുക്ക് നേരിടാനാവൂ. കൂട്ടുകുടുബങ്ങളുടെ തകർച്ചയും അണുകുടുംബങ്ങളുടെ ഉദയവും കേരളത്തിനലെ പാർപ്പിടപ്രശ്നങ്ങൾ രൂക്ഷമാക്കിയിട്ടുണ്ട്.

പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1) പഞ്ചായത്ത് തലത്തിൽ ഭവനനിർമാണസഹകരണസംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ തൊഴിലാളി വരെയുള്ളവരെ സംഘത്തിലൂടെ നല്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിൽ എത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2) കെട്ടിനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക ( സിമന്റ്, കമ്പി, etc)

3) നിർമാണച്ചെലവ് 2 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക

4) സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണവായ്പകൾക്ക് സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കുക. (രാജീവ് ദശലക്ഷഭവനനിർമ്മാണപദ്ധതി ഉൾപ്പെടെ)

5) അപേക്ഷകൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുക

6) രജിസ്ട്രാഫീസിൽ അമിതമായ ഫീസ് ഇല്ലാതാക്കുക. കാലതാമസം ഒഴിവാക്കുക

7) സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നല്കുക.

8) സർക്കാർ ഏജൻസി വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.

9) ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നല്കുക. ഉദാഹരണം കോസ്റ്റ് ഫോർഡ്

10) സർക്കാർ ലഭ്യാമാക്കുന്ന വായ്പതുക കാലാനുസൃതമായി ഉയർത്തുക.

11) IAY, MWS, JRY, RLEGP എന്നിവയുടെ സംഖ്യ 15800 രൂപയിൽ നിന്നും 30,000 രൂപയായി ഉയർത്തുക

12. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15000 രൂപയിൽ നിന്നും 25000 രൂപയായി ഉയർത്തുക.

13. പാർപ്പിടപ്രശ്നം പരിഹരിക്കണമെങ്കിൽ ഭവനരഹിതർക്ക് ആദ്യമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ചുരുങ്ങിയ പലിശക്ക് വായ്പ ലഭ്യമാക്കുകയും, നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ പങ്കെടുപ്പിക്കുകയും വേണം.

14. ഗുണഭോക്താക്കളുടേയും, സന്നദ്ധസംഘടനകളുടേയും പങ്കാളിത്തത്തിലൂടെ പരമാവധി മനുഷ്യ ദ്ധ്വാനം സമാഹരിക്കാൻ കഴിയണം.

15. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകൾക്കായിരിക്കണം.

16. ഹൗസിംഗ് കോളനി ഉണ്ടാക്കുക. Housing Corporation പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയുന്ന പദ്ധതി ആവിഷ്കരിക്കണം.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് പട്ടിണി രേഖക്ക് താഴെയുള്ളവരെ ഉയർത്താനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സംഘടിതഅസംഘടിതതൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവണ്മെന്റുകൾ ചെലവ് വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമായി ക്ഷേമപദ്ധതികളെ രണ്ടായി തിരിക്കാം.

ഇതിനു പുറമെ പട്ടികജാതി പട്ടികവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പട്ടികജാതി വികസനകോർപ്പറേഷനും, വനിതാക്ഷേമത്തിനായി വനിതാവികസനകോർപ്പറേഷനും പ്രവർത്തിച്ചുവരുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളാണ് വലിയതോതിൽ പഞ്ചായത്തിൽ ലഭ്യമാകുന്നത്. മറ്റു പദ്ധതികൾ നാമമാത്രമായി മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ.

62

നിലവിലുള്ള പദ്ധതികളുടെ ന്യൂനതകൾ വളരെ പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക. ഉദ്യോഗതലത്തിലുള്ള ബോധവൽകരണത്തിന്റെ ആഭാവം, ആവശ്യത്തിനും സമയത്തിനും ഉതകായ്ക, ഇതിനെല്ലാമുപരി സാങ്കേതിക നൂലാമാലകൾ.

പഞ്ചായത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നിവർ ഏറെയുണ്ടെങ്കിലും എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

വനിതവികസനകോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽപഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് കോർപ്പറേഷൻ മുഖേനയുള്ള ആനുകൂല്യം ലഭിക്കാറില്ല. പൊതു പ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിയില്ലെന്നതാണ് യാഥാർത്ഥ്യം.

രണ്ടു V. E. O. സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെസംബന്ധിച്ച് പട്ടിക 3 (a) യിലും 3 (b) യിലും പ്രതിപാദിക്കുന്നു.

ദേശസാൽകൃതബാങ്കുകൾ I. R. D. P., P. M. R. Y. പദ്ധതികൾ അനുസരിച്ച് വായ്പ ലഭ്യാമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് ഈ മേഖലയിൽ ഗുണഭോക്താതക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം.

## 8. ഐ. ആർ. ഡി. പി സഹായ ലഭ്യതാകണക്ക്

പട്ടിക 3 (a)

| No. | വർഷം | S. C | ലോൺ | സബ് സിഡി | O. C. | ലോൺ | സബ് സിഡി | Total | ലോൺ | സബ്സിഡി |
|---|---|---|---|---|---|---|---|---|---|---|
| 1 | 90-91 | 14 | 47000 | 46000 | 21 | 95003 | 45, 497 | 35 | 1,42,003 | 91, 492 |
| 2 | 91-92 | 20 | 54,400 | 52400 | 11 | 69651 | 31,949 | 31 | 1,24,051 | 84,349 |
| 3 | 92-93 | 16 | 53,650 | 48950 | 10 | 110767 | 27,833 | 26 | 164,417 | 76,783 |
| 4 | 93-94 | 22 | 76,719 | 73970 | 7 | 61200 | 24,000 | 29 | 13,7919 | 97970 |
| 5 | 94-95 | 4 | 8000 | 8000 | 8 | 16,000 | 16,000 | 12 | 24,000 | 24,000 |
| 6 | 94-95 | 8 | 61,150 | 44650 | 15 | 171125 | 59,375 | 23 | 2,32,275 | 1,04025 |
| 7 | 95-96 | 12 | 16,8934 | 81450 | 18 | 2.57348 | 76,460 | 30 | 4,26282 | 1,57,910 |
| 8 | 95-96 | - | - | - | 10 | 40,000 | 40,000 | 10 | 40,000 | 40,000 |
| | Total | 96 | 4,69853 | 35,420 | 100 | 8,21094 | 3,21114 | 196 | 12,90947 | 3,56,534 |

63

## 8. ഐ. ആർ. ഡി. പി സഹായ ലഭ്യതാകണക്ക്

### പട്ടിക 3 (യ)

| No. | വർഷം | S. C | ലോൺ | സബ് സിഡി | O. C. | ലോൺ | സബ് സിഡി | Total | ലോൺ | സബ്സിഡി |
|---|---|---|---|---|---|---|---|---|---|---|
| 1 | 90-91 | 11 | 28250 | 28250 | 18 | 99819 | 45730 | 29 | 128069 | 73980 |
| 2 | 91-92 | 9 | 20191 | 20190 | 16 | 91802 | 43898 | 25 | 111993 | 64088 |
| 3 | 92-93 | 18 | 51700 | 49700 | 9 | 67602 | 25968 | 27 | 119302 | 65668 |
| 4 | 93-94 | 18 | 73000 | 69500 | 11 | 95834 | 39666 | 29 | 168834 | 109166 |
| 5 | 94-95 | 12 | 86550 | 55850 | 12 | 201000 | 50000 | 24 | 287550 | 105850 |
| 6 | 95-96 | 4 | 26763 | 17517 | 10 | 158000 | 38000 | 14 | 184763 | 55512 |
| 7 | 95-96 | 10 | 33666 | 26334 | - | - | - | 10 | 33666 | 26334 |
| | Total | 82 | 320120 | 267341 | 76 | 714057 | 243262 | 158 | 1034177 | 500603 |

അംഗൻ വാടികൾ DWCRA എന്നിവയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും, ആവശ്യമായ സഹായം നല്കുവാനും, സാമൂഹ്യ, സന്നദ്ധ പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. DWCRA യൂണിറ്റുകളിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് വിപണി ഇല്ലാത്ത അവസ്ഥ ഇന്ന് നിലവിലുണ്ട്.

18 മുതൽ 35 വയസ്സുവരെയുള്ള യുവതീസുവാക്കൾക്ക് ,സ്വയം തൊഴിൽ നല്കുന്നതിനുള്ള ട്രൈസം പദ്ധതിയും നിലവിലുണ്ട്.

### പട്ടിക –4

### DwCRA സഹായലഭ്യതകണക്ക്

| വർഷം | പേര് | സ്ത്രീകളുടെ എണ്ണം | പ്രോഡക്സ് | സബ്സിഡി | വായ്പ |
|---|---|---|---|---|---|
| 94–95 | കതിക്കുടം ഗ്രാമിക | 12 | പനമ്പ് നെയ്ത്ത് | 24,000 | 24000 |
| 95–96 | ഐശ്വര്യ അന്നനാട് | 10 | പലഹാരം | 40,000 | 40,000 |
| 95–96 | അക്ഷയ വൈന്തല | 10 | ബാഗ് നിർമ്മാണം | 26334 | 33666 |

സാമൂഹ്യക്ഷേമരംഗത്ത് പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധന സഹായവുമാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്. അർഹരായ മുഴുവൻ പേർക്കും പദ്ധതികളുടെ പ്രയോജനം കിട്ടുന്നില്ല.

അനർഹരായവർആനുകൂല്യം തട്ടിയെടുക്കുന്നതായും പദ്ധതികളെ വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

മുഴുവൻ പെൻഷനുകളുടേയും, തെരഞ്ഞെടുപ്പും വിതരണവും ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കേണ്ടയാണ്.

## പെൻഷനുകളെ സംബന്ധിച്ച്

### വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുള്ളവർക്ക് ഈ പെൻഷൻ ലഭിക്കില്ല. കാലോചിതമായ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

### വികലാംഗപെൻഷൻ

വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കു എളുപ്പമല്ല. സാക്ഷിപത്രം ലഭിക്കുന്നതിന് തൃശൂർജില്ലാ ആശുപത്രിയെ ആശ്രയിക്കണം. ദൂരയാത്ര വികലാംഗർക്ക് എളുപ്പമല്ല. വൈകല്യം തെളിയിക്കുന്നതിനുള്ള സാക്ഷിപത്രം നല്കുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നല്കണം.

### കർഷക തൊഴിലാളി പെൻഷൻ

അനർഹരായ ധാരാളം പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്. അർഹതയുള്ള മുഴുവൻ പേർക്കും ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നല്കുക. തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും വേണം.

### തോഴിലില്ലായ്മ വേതനം

അനർഹമായ വേതനം പറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ഈ തുക പ്രത്യല്പാദന മേഖലകളിലേക്ക് തിരിച്ചുവിടുന്നതിനുള്ള ശ്രമം ഗൗരവമായി ആരംഭിക്കേണ്ടതുണ്ട്.100 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് I. C. D. S, ന്റെ ലക്ഷ്യം. ഇതനുസരിച്ച് മൂന്നു അംഗൻവാടി കൂടി സ്ഥാപിക്കേണ്ടതുണ്ട്. അംഗൻവാടികളിലെ പ്രാഥമികസൗകര്യങ്ങളുടെ അഭാവം ജീവനക്കാരിലും, രക്ഷിതാക്കളിലും അസംതൃപ്തി ജനിപ്പിക്കുന്നു. മിക്കവാറും അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ കക്കൂസുകളില്ല. അംഗൻവാടി ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകളും കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. നഴ്സറി വിദ്യാഭ്യാസ രംഗത്തെ പുതിയ പ്രവണതകൾ, അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

1) ഈ പഞ്ചായത്തിലെ മുഴുവൻ അംഗൻവാടി കൾക്കും കെട്ടിടവും, കക്കൂസും നിർമ്മിച്ചു നല്കുകയും അംഗൻവാടികളിൽ കുടിവെള്ളം എത്തിക്കുകയും വേണം.

2) പഞ്ചായത്തിലെ 3 വയസ്സിനും 5 വയസ്സിനും മദ്ധ്യേയുള്ള മുഴുവൻ കുട്ടികളേയും അംഗൻവാടി കളിലെത്തിക്കുന്നതിന് ബോധവല്കരണ ശ്രമങ്ങൾ സംഘടിപ്പിക്കണം.

3) അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാരത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.

65

4) അനർട്ട് അടുപ്പുകൾ സ്ഥാപിക്കുക. അംഗൻവാടികളിൽ ശുചിത്വം കർശനമായി പാലിക്കുക.

5) മുഴുവൻ അംഗൻവാടി കളും മാതൃശിശുസംരക്ഷണകേന്ദ്രങ്ങളാക്കുകയും നിരന്തരമായ ബോധവല്കരണസെമിനാറുകളും, ഫീൽഡ് വർക്കുകളും ഏറ്റെടുക്കുക.

6) DWCRA യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ ഇവ ഏകോപിപ്പിച്ച് കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

7) എല്ലാ അംഗൻവാടികളോടും ബന്ധപ്പെട്ട് മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനക്ഷമമാക്കുക.

## ക്ഷേമനിധികളെസംബന്ധിച്ച്

**കെട്ടിനിർമ്മാണതൊഴിലാളി ക്ഷേമനിധി.**

ഈ പഞ്ചായത്തിൽ വളരെയധികം പേർ കെട്ടിനിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ പേരും ക്ഷേമനിധിയിൽ അംഗങ്ങളല്ല. പ്രത്യേകിച്ചും മരപ്പണിക്കാർ.

കഠിനാദ്ധ്വാനം ആവശ്യമായ മേഖലയായതുകൊണ്ട് അമ്പത്തഞ്ച് വയസ്സാവുമ്പോഴേക്കും ജോലിയിൽ നിന്നും വിട്ടുനിൽക്കേണ്ടിവരുന്നു. ഇവരുടെ പെൻഷൻ പ്രായം 55 ആക്കി നിശ്ചയിക്കണം.

**കൈതൊഴിലാളി - വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി**

തയ്യൽ, ബാർബർ, കരുവാൻ, മരം കയറ്റക്കാർ ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടിയുണക്കുന്നവർ,ഫോട്ടോഗ്രാഫർമാർ എന്നിവർക്കൊക്കെ ക്ഷേമനിധിയുണ്ടെങ്കിലും ഇവരൊന്നും പദ്ധതിയിൽ ചേർന്നിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം. ഗ്രാമസഭകൾക്ക് കീഴിൽ ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനം വിപുലീകരിക്കണം.

**പൊതുവിതരണം**

പഞ്ചായത്തിൽ ആകെ 12 റേഷൻകടകൾ ഉണ്ട്. ഇതിൽ 4767 കാർഡുകൾ ഉണ്ട്. മാവേലി സ്റ്റോറുകൾ ഈ പഞ്ചായത്തിൽ ഇല്ല.

സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. സഹകരണ ബാങ്കിന്റെ ഓണചന്തകൾ പൊതുജനങ്ങൾക്ക് വലിയ ആശ്വാസം നല്കിവരുന്നു.

റേഷൻകടകളിലെ സാധനങ്ങളുടെ ഗുണമേന്മയെക്കുറിച്ച് പരാതി ഉണ്ട്. റേഷൻകടകളുടെ നിയന്ത്രണം പഞ്ചായത്തുകൾക്കായിരിക്കണം. പഞ്ചായത്തു നേതൃത്വത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കേണ്ടത് ആവശ്യമാണ്.

## പട്ടിക - 5

**അംഗൻവാടികളെ സംബന്ധിക്കുന്ന വിരങ്ങൾ**

| ക്രമ നമ്പർ | അംഗൻവാടി നമ്പർ | വാർഡ് | കുട്ടികളുടെ എണ്ണം | കെട്ടിമുള്ളത് | കെട്ടിടമില്ലാത്തത് | കക്കൂസുള്ളത് | കക്കൂസില്ലാത്തത് |
|---|---|---|---|---|---|---|---|
| 1 | 1 | 1 | 26 | സ്വന്തം | | ഉണ്ട് | |
| 2 | 119 | 1 | 22 | സ്വന്തം | | | ഇല്ല |
| 3 | 2 | 2 | 15 | സ്വന്തം | | | ഇല്ല |
| 4 | 3 | 2 | 33 | സ്വന്തം | | | ഇല്ല |
| 5 | 4 | 3 | 28 | | ഇല്ല | | ഇല്ല |
| 6 | 5 | 3 | 18 | സ്വന്തം | | | ഇല്ല |
| 7 | 6 | 4 | 22 | സ്വന്തം | | ഉണ്ട് | |
| 8 | 7 | 4 | 22 | സ്വന്തം | | ഉണ്ട് | |
| 9 | 8 | 5 | 27 | സ്വന്തം | | ഉണ്ട് | |
| 10 | 9 | 5 | 20 | സ്വന്തം | | | ഇല്ല |
| 11 | 103 | 6 | 15 | | ഇല്ല | | ഇല്ല |
| 12 | 127 | 6 | 15 | സ്വന്തം | | ഉണ്ട് | |
| 13 | 11 | 7 | 14 | സ്വന്തം | | | ഇല്ല |
| 14 | 12 | 7 | 15 | സ്വന്തം | | ഉണ്ട് | ഇല്ല |
| 15 | 13 | 8 | 27 | സ്വന്തം | | | ഇല്ല |
| 16 | 101 | 8 | 20 | സ്വന്തം | | | ഇല്ല |
| 17 | 14 | 9 | 15 | സ്വന്തം | | | ഇല്ല |
| 18 | 15 | 9 | 20 | സ്വന്തം | | | ഇല്ല |
| 19 | 16 | 10 | 15 | സ്വന്തം | | | ഇല്ല |
| 20 | 17 | 10 | 20 | | ഇല്ല | | ഇല്ല |

67

## പട്ടിക - 6

| വാർഡു നമ്പർ | കാർഡുടമകളുടെ എണ്ണം | | | മണ്ണെണ്ണ | | | ആകെ വിതരണം ചെയ്ത മണ്ണെണ്ണ |
|---|---|---|---|---|---|---|---|
| | NE | E | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം ചെയ്തത് | കാർഡുവഴി വിതരണം ചെയ്തത് | |
| I | 41 | 184 | 225 | 35 | 4000 | 8000 | 12000 |
| II | 170 | 123 | 293 | 33 | 3516 | 15784 | 17300 |
| III | 181 | 360 | 541 | 43 | 357 | 16850 | 7207 |
| IV | 112 | 268 | 380 | 31 | 3358 | 12952 | 16130 |
| V | 150 | 306 | 456 | 41 | 3048 | 13850 | 16928 |
| VI | 182 | 330 | 512 | 55 | 6060 | 18840 | 24900 |
| VII | 206 | 312 | 518 | 48 | 3663 | 14037 | 17700 |
| VIII | 113 | 323 | 436 | 76 | 13509 | 23009 | 36518 |
| VIII | 97 | 257 | 354 | 58 | 5441 | 11988 | 17429 |
| IX | 137 | 352 | 489 | 95 | 5550 | 11112 | 16662 |
| X | 65 | 242 | 307 | 58 | 260 | 390 | 650 |
| I | 67 | 189 | 256 | 15 | 1464 | 8420 | 9884 |
| ആകെ | 1521 | 3246 | 4767 | | 50226 | 153262 | 203488 |

പട്ടിക (6) റേഷൻ കാർഡുകളെ സംബന്ധിച്ച വിവരം

E വൈദ്യുതീകരിച്ചത്

NE വൈദ്യുതീകരിക്കാത്തത്

68

# വനിതാക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ മുന്നേറ്റം കാലഘട്ടത്തിന്റെ ആവശ്യമായി ഉയർന്നു വന്നിരിക്കയാണ്. നമ്മുടെ നാട്ടിൻപുറങ്ങളിലെ സ്ത്രീകൾ സംഘടിത പ്രവർത്തനങ്ങളോട് വിമുഖരായി അടുക്കളയിൽ ഒതുങ്ങുകയാണ്.

പഞ്ചായത്ത് രാജ് നിയമഭേദഗതിയിലൂടെ നടന്ന തെരഞ്ഞെടുപ്പുകളോടെ വനിതാക്ഷേമരംഗത്ത് പുതിയൊരു കാൽവയ്പ് ഉണ്ടായി.എങ്കിലും സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്വം വേണ്ടത്ര വർദ്ധിച്ചു എന്നു പറയാനാവില്ല.

1991-ലെ സെൻസെസ് റിപ്പോർട്ട് അനുസരിച്ച് സ്ത്രീകളുടെ എണ്ണം 11283 ആണ് മൊത്തം ജനസംഖ്യയുടെ 50.82% സ്ത്രീകളാണ്.1000പുരുഷന് 1034 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിലുള്ളത്. ഒരു കാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസവും,സാമൂഹ്യ അംഗീകാരവും അപ്രാപ്യമായിരുന്നു.എന്നാലിന്ന് ഇക്കാര്യങ്ങളിൽ സ്ത്രീസമൂഹത്തിന് വളരെയേറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽമേഖലയിൽ ഇപ്പോഴുംവിവേചനം നിലനിൽക്കുന്നു. എന്നാൽ അദ്ധ്യാപനരംഗത്ത് ഇവർക്കാണ് പ്രാമുഖ്യം. സ്ത്രീകൾമാത്രം തൊഴിലെടുക്കുന്ന രംഗങ്ങളിൽ കൂലിനിരക്ക് വളരെകുറവാണ്. ചെറുകിടവ്യവസായങ്ങൾ,സ്വയം തൊഴിൽസംരംഭങ്ങൾ(കോഴി വളർത്തൽ,അടുക്കളത്തോട്ടം) എന്നിവകളിലേക്ക് സ്ത്രീകളെ ആകർഷിക്കുന്നതിനുള്ള തീവ്രയത്നം അടിയന്തിരാവശ്യങ്ങളിലൊന്നാണ്.നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന3 DWCRA യൂണിറ്റുകൾ ഉണ്ട്.സ്ത്രീകളാൽ മാത്രം നയിക്കപ്പെടുന്ന കുടുംബങ്ങളും ധാരാളമുണ്ട്.സ്ത്രീകൾക്കിടയിലെ നിരക്ഷത ഇല്ലാതാക്കാൻ സാക്ഷരതായജ്ഞത്തിന് കഴിഞ്ഞു. സ്ക്കൂൾ വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പെൺകുട്ടികളാണെങ്കിലും, ഉന്നതവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നത് കൂടുതലും ആൺകുട്ടിക്കാണ്.

സമുഹത്തിൽ നൂറ്റാണ്ടുകളായി അവശതയും അടിമത്വവും അനുഭവിക്കുന്ന സ്ത്രീകളെ ബോധപൂർവമായ ശ്രമത്തിലൂടെ ഉയർത്തികൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽമേഖലയിലും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ അവർക്ക് സാധിക്കുകയുള്ളു.ഏറ്റെടുത്തജോലികൾ ഭംഗിയായി ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുവാൻ സ്ത്രീകൽക്കു കഴിയും.എങ്കിലും ഏറ്റെടുക്കാനുള്ള വൈമുഖ്യം സ്ത്രീകളുടെ ഭാഗത്തും ഉണ്ട്.

ജനസംഖ്യയിൽ പകുതിയോളം വരുന്നവരാണ് തങ്ങളെന്നും, പുരുഷന്മാർക്കുള്ളത്രയും അധികാരാവകാശങ്ങൾ സ്ത്രീകൾക്കും ലഭിക്കേണ്ടതുണ്ടന്നും സ്വയം തോന്നേണ്ടിയിരിക്കുന്നു.ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനൊപ്പം നിൽക്കാനുള്ള ബുദ്ധിയും,ശക്തിയും സ്ത്രീകൾ ആർജിച്ചിട്ടുണ്ടെങ്കിലും,അത് പ്രയോജനപ്പെടുത്താനുള്ള തന്റേടവും പ്രാപ്തിയും ഇനിയും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു.

സ്ത്രീകളുടെ പങ്കാളിത്വം എല്ലാ രംഗത്തും വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതുണ്ട്.സ്ത്രീകളെ നേതൃത്വനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾ പരിശ്രമിക്കണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പ്രത്യേക തൊഴിൽയൂണിറ്റുകളും സഹകരണസംരംഭങ്ങളും ആരംഭിക്കേണ്ടതാണ്. ഇതിനുള്ള സാഹചര്യങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ട്.

പഞ്ചായത്തുരാജ് നിയമം മൂലം വനിതാപ്രസിഡന്റെ നേതൃത്വത്തിൻ കീഴിലാവാനുള്ള സൗഭാഗ്യം നമ്മുടെ പഞ്ചായത്തിന് ലഭിച്ചു.പ്രസിഡന്റിനെക്കൂടാതെ മൂന്ന് വനിതകൾ കൂടി ജനപ്രതിനിധികളായുണ്ട്.

69

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് -ശ്രീമതി രാധാബാലകൃഷ്ണൻ, 5-ാം വാർഡ് മെംബർ-ശ്രീമതി എൽസി സച്ചിദാനന്ദൻ. 8-ാം വാർഡ് മെംബർ- ശ്രീമതി R .സതീദേവി, 10ാം വാർഡ് മെംബർ- ശ്രീമതി മേരിജോണി ബ്ലോക്ക് പഞ്ചായത്ത് മെംബർ -ശ്രീമതി ശാരദാപീതാംബരൻ.

## പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിൽ ഒഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സ്വയംതൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല. സംരംഭങ്ങൾ ആരംഭിക്കുന്നില്ല.
3. തുല്യജോലിക്ക് തുല്യവേതനം എന്ന ഭരണഘടനാവകാശം നിഷേധിക്കപ്പെടുകയും, വിവേചനം എല്ലാ മേഖലകളിലും തുടരുകയും ചെയ്യുന്നു.
4. വായ്പാലഭ്യതയും, സാങ്കേതികജ്ഞാനത്തിന്റെ കുറവും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമാണ്.
5. സർക്കാർ സഹായപദ്ധതികളെപ്പറ്റി വേണ്ടത്ര അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.
6. വിദ്യാലയങ്ങളിലെ പാഠ്യേതരമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
7. സാമാന്യവിദ്യാഭ്യാസം നേടിയെങ്കിലും അന്ധവിശ്വാസവും അനാചാരവും സ്ത്രീകൾ ഉപേക്ഷിച്ചിട്ടില്ല.
8. സ്ത്രീധന സമ്പ്രദായത്തിനും സ്ത്രീപീഢനത്തിനും എതിരായി ബോധപൂർവ്വമായ പ്രചാരണപ്രവർത്തനങ്ങൾക്ക് വനിതകൾ നേതൃത്വം നല്കുന്നില്ല.

## സാദ്ധ്യതകൾ

1. സ്ത്രീപീഢനങ്ങളെ നിയമപരമായി നേരിടുന്നതിന് ബ്ലോക്ക് തലത്തിൽ ലീഗൽസെല്ലും പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണപ്രവർത്തനവും സംഘടിപ്പിക്കണം.
2. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ സ്വതന്ത്രമായും നിർഭയമായും ചർച്ച ചെയ്യാനുള്ള പൊതുവേദിയായി, അംഗൻവാടികളെയും മഹിളാസമാജങ്ങളെയും മാറ്റിയെടുക്കണം.
3. എല്ലാ വാർഡുകളിലും DWCRA യൂണിറ്റുകൾ ആരംഭിക്കുകയും സ്ത്രീകൾക്ക് സാമൂഹിക സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനുള്ള കേന്ദ്രങ്ങളായി മാറ്റുകയും വേണം.
4. സ്ത്രീകളുടെ പങ്കാളിത്തത്തോടെ, ഔഷധസസ്യകൃഷി, ഉദ്യാനകൃഷി എന്നിവ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായങ്ങൾ പഞ്ചായത്തുകൾ ചെയ്യണം.
5. തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നിയമങ്ങളെക്കുറിച്ചും വിവരങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പാടാക്കണം.
6. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കണം.

7. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും നിലവിലുള്ള സംവിധാനം വികസിപ്പിക്കണം.

8. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികൾ ആരംഭിക്കണം.

9. തുല്യജോലിക്ക് തുല്യവേതനം ഉറപ്പുവരുത്തുക.

10. വിവാഹച്ചടങ്ങുകൾ അനാർഭാടമാക്കുകയും, ആർഭാടമായ വിവാഹച്ചടങ്ങുകളെ കർശനമായി നിയന്ത്രിക്കുകയും ചെയ്യുക.

11. ഇന്ന് പ്രവർത്തനരംഗത്തുള്ള വനിതകളുടെ പഞ്ചായത്തുതല കോഡിനേഷൻ കമ്മിറ്റിയുണ്ടാക്കുക. ഈ സമിതികൾതന്നെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനുള്ള ജനജാഗ്രത സമിതികളായി പ്രവർത്തിക്കുക.

12. സ്ത്രീകൾക്കായി നേതൃത്വപരിശീലന പരിപാടികൾ ആരംഭിക്കുക.

13. ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ നീക്കംചെയ്യുക. മദ്യവിരുദ്ധ ബോധവല്ക്കരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

14. വിധവകൾക്ക് പ്രത്യേക പരിഗണന നല്കുകക. സമൂഹവിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുക. സാധു പെൺകുട്ടിക്ളുടെ വിവാഹത്തിന് സഹായധനം സ്വരൂപിക്കുക.

71

# പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 7.59% വരുന്ന പട്ടികജാതിക്കാർ 584 കുടുംബങ്ങളിലായി ഇവിടെ ജീവിക്കുന്നു. 334 കുടുബങ്ങൾ 5 അംഗീകൃതകോളനികളിലും, ഒരു IHDP കോളനിയിലും, 10 മറ്റു കോളനികളിലുമായി ഉൾക്കൊള്ളുന്നു. ശേഷിച്ച്250കുടുബങ്ങൾ ഇതരവിഭാഗങ്ങളുമായിഇടകലർന്നാണ് ജീവിക്കുന്നത്.

ആകെ പട്ടികജാതിക്കാരുടെ എണ്ണം 2922 എന്ന് കണക്കാക്കിയിരിക്കുന്നു. (അവലംബം അംഗൻവാടി റിപ്പോർട്ട് ) ഒരു പട്ടിക വർഗ്ഗ കുടുംബത്തിന്റെ സാന്നിദ്ധ്യവും പഞ്ചായത്തിലുണ്ട്. (അവലംബം 91–ലെ സെൻസസ്).

വിദ്യഭ്യാസ സാമൂഹ്യമേഖലകളിലെ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ പട്ടികജാതി വിഭാഗത്തിന് കഴിയുന്നുണ്ടെങ്കിലും, സാമ്പത്തികമായി പുരോഗതി പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ല. നൂറ്റാണ്ടുകളോളം അടിമത്വത്തിൽ ചൂഷണ വിധേയരായി കഴിഞ്ഞിരുന്ന പട്ടികജാതി വിഭാഗത്തിന് സമീപ കാലങ്ങളിലുണ്ടായ സാമൂഹ്യപരിഷ്കരണ, നിയമനിർമ്മാണ നടപടികളിലൂടെ ജനാധിപത്യ പൗരാവകശാങ്ങൾ അനുവദിച്ചു കിട്ടി.

മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ദയാരഹിതമായ ചൂഷണത്തിൽ നിന്ന് മോചനം നേടാൻ സാധിച്ചിട്ടുണ്ടെങ്കിലും, ജാതീയമായ വിവേചനങ്ങളിൽ നിന്ന് ഈ ജനവിഭാഗം പൂർണ്ണമായും മോചിതരായിട്ടില്ല. പട്ടികജാതിക്കാരന്റെ ഉടമസ്ഥതയിലുള്ള ഒരു ചായക്കടയും ഈ പഞ്ചായത്തിലില്ല.

സമത്വം എന്നത് ഒരു സുന്ദരസങ്കല്പം മാത്രമായിരുന്നേക്കാം ; പക്ഷെ, സമത്വത്തിനുവേണ്ടിയുള്ള ആസൂത്രിത യത്നങ്ങൾ അക്ഷീണം തുടരുക തന്നെ വേണം.

ചരിത്രനിയോഗംസാമൂഹ്യജീവിതത്തിന്റെപുറമ്പോക്കിലേക്ക്കുടിയിറക്കിവിട്ടവരെപുനരധിവസിപ്പിക്കാനുള്ള ഔചിത്യബോധം വർത്തമാനകാലം ആവശ്യപ്പെടുന്ന സാമാന്യനീതിയാണ്.

## വിദ്യാഭ്യാസം :-

കഴിഞ്ഞകാലത്ത് അക്ഷരവും അറിവും നിഷേധിക്കപ്പെട്ട അസ്പൃശ്യരുടെ പുതിയ തലമുറയ്ക്ക് അവസരങ്ങൾ ഇന്ന് ഏറെയുണ്ട് എന്നു തോന്നാം. നിരക്ഷരർ ഏറെ ഇല്ലെങ്കിലും പത്താംക്ലാസിനുശേഷം ഉയർന്ന ക്ലാസ്സുകളിൽ വിജയം പലർക്കും കൈയ്യെത്തുന്നതിനും വളരെ ഉയരത്തിലാണ്.

പ്രതികൂലമായ ഗൃഹാന്തരീക്ഷവും സാമ്പത്തികമായപിന്നോക്കാവസ്ഥയുംപട്ടികജാതി വിദ്യാർത്ഥികളുടെ മുന്നിലെ പ്രതിബന്ധങ്ങളാണ്.

## തൊഴിൽ

പട്ടികജാതി വിഭാഗങ്ങളിൽ ഭൂരിപക്ഷവും പാടത്തും പറമ്പിലും കൂലിപ്പണിചെയ്യുന്നവരാണ്. എന്നാൽ നിർമ്മാണ മേഖലയിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള തൊഴിലവസരങ്ങളും, ഉയർന്നവേതനവും പട്ടികജാതിവിഭാഗത്തെ കാർഷിക മേഖലയിൽ നിന്ന് അകലാൻ ഇടയാക്കിയിട്ടുണ്ട്.

കാർഷിക മേഖലയേക്കാൾ ഉയർന്നവേതനം നിർമ്മാണ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. മണ്ണിൽ പൊന്നു വിളയിക്കാൻ ചെളിയും ചേറുമണിഞ്ഞ പട്ടികജാതി വിഭാഗത്തിന്റെ തിരസ്കരണം കേരളത്തിലെ കാർഷികമേഖലയെ പ്രതി സന്ധിയിലാക്കിയിട്ടുണ്ട്.

കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും പട്ടികജാതി വിഭാഗങ്ങളിൽ കുറച്ചുപേർക്കെങ്കിലും കേന്ദ്രസർക്കാർ, സർക്കാർ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുള്ളതായി കാണാം.

12

സ്ഥിരമായ വരുമാനവും സാമൂഹ്യഅംഗീകാരവും പ്രദാനം ചെയ്യുന്ന തൊഴിൽരംഗങ്ങളിൽ പട്ടികജാതി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

എയ്ഡഡ് സ്കൂളുകളിലും, സഹകരണ സ്ഥാപനങ്ങളിലും നിയമനങ്ങളിൽ സംവരണം പാലിക്കണം.

**പാർപ്പിടം:-**

പിന്നോക്കക്കാരിൽ പിന്നോക്കക്കാരായ പട്ടികജാതി വിഭാഗത്തിന് പാർപ്പിട പ്രശ്നം പരിഹരിക്കാൻ സർക്കാർ സഹായം നിർല്ലോഭം ലഭിക്കാതെ മറ്റു പോംവഴികളൊന്നുമില്ല.

സർക്കാരിന്റെ ഭവനനിർമമാണ പദ്ധതിപ്രകാരം വായ്പയെടുത്ത് പലരും കടക്കെണിയിൽപ്പെട്ടു പോയിട്ടുണ്ട്.

പാർപ്പിട പ്രശ്നം പരിഹരിക്കാൻ ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിയ പദ്ധതികൾ സഹായകമായിട്ടുണ്ട്.

മിക്കകോളനികളിലും നിന്ന് ചെറ്റ കുടിലുകൾ അപ്രത്യക്ഷമായിട്ടുണ്ട. പക്ഷേ കോളനികൾക്ക് പുറത്ത് ഓലക്കുടിലുകളിൽ വസിക്കുന്ന പട്ടികജാതിക്കാർ ഏറെയുണ്ട്.

പട്ടിക - ഒന്ന് (അംഗീകാരമുള്ള കോളനികൾ)

| ക്രമ നം. | കോളനിയുടെ പേര് | വാർഡ് നം. |
|---|---|---|
| 1. | അമ്പഴക്കാട് വട്ടക്കോട്ട ലക്ഷംവീടു കോളനി | 3 |
| 2. | കനാൽപാലം ലക്ഷം വീടുകോളനി | 6 |
| 3. | ചാട്ടുമൂല ലക്ഷംവീട് കോളനി | 7 |
| 4. | അരിയാമ്പുറം കോളനി | 10 |
| 5. | ചെറാലകുന്ന് കോളനി | 8 |

പട്ടിക - 2 (മറ്റു കോളനികൾ)

| ക്രമ നം. | വാർഡ് നം. | കോളനിയുടെ പേര് |
|---|---|---|
| 1. | 1 | കടമ്പനാട് കോളനി |
| 2. | 1 | കല്ലൂർ കോളനി |
| 3. | 2 | കാരാണിപുറം കോളനി |
| 4. | 2 | ലാലിയംപറമ്പ് കോളനി |
| 5. | 2 | കുഞ്ഞിപറമ്പ് കോളനി |
| 6. | 4 | കാടുകുറ്റി ലക്ഷംവീട് കോളനി |
| 7. | 6 | പാമ്പുത്തറ ലക്ഷംവീടു കോളനി |
| 8. | 8 | പറയൻകുന്ന് കോളനി |
| 9. | 9 | പാറയം കോളനി |
| 10. | 10 | കക്കാട് കോളനി |

73

പല ഏജൻസികളും വീടുനിർമ്മാണത്തിന് അനുവദിക്കുന്ന സംഖ്യ കുറവായതിനാൽ പല വീടുകളും പണിപൂർത്തിയാകാതെ കിടക്കുകയാണ്. ആധാരവും മറ്റും ബാങ്കുകളിൽ ആയതിനാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്.

പല കോളനികളിലും കക്കൂസ് വേണ്ടത്രയില്ല. ഓരോ വീടിനും ഒരു കക്കൂസ് നിർബ്ബന്ധമായും അനുവദിച്ചുകൊടുക്കേണ്ടതാണ്.

വീടുവയ്ക്കാൻ സ്ഥമില്ലാത്തവർക്ക് അടിയന്തിരമായി സ്ഥലവും വീടുവയ്ക്കാനുള്ള വായ്പയും അനുവദിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ :-

1. വിദ്യാഭ്യാസരംഗത്ത് സാമാന്യപുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും , സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് തുടരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസരംഗത്ത് എത്തിച്ചേരുന്നവരുടെ എണ്ണം ഇതര സമുദായങ്ങളെ അപേക്ഷിച്ച് കുറവാണ്
2. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറയുന്നു.എല്ലാവർക്കും സ്വന്തമായി വീടും സ്ഥലവും ഇല്ല.
3. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം കുറവായതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നില്ല.
4. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. കുടിവെള്ളം, വൈദ്യുതി, റോഡുകൾ എന്നിവ അടിയന്തിര ശ്രദ്ധ അർഹിക്കുന്നു.
5. പഞ്ചായത്തിന്റെ പൊതു ശ്മശാനം ഉണ്ടെങ്കിലും ഉപയോഗപ്രദമല്ല.
6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. ആരോഗ്യസംരക്ഷണ സംവിധാനമില്ല. പട്ടികജാതി കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.
8. IRDP പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
9. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
10. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നല്കുന്ന വായ്പകളുടെ ധനസഹായവും ലക്ഷ്യം നേടുന്നില്ല.
11. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.
12. വായ്പയും ധനസഹായവും തേടുന്നവർ കടക്കെണിയിൽപെട്ടുപോകുന്നു.
13. ശ്മശാനങ്ങൾ മറ്റു സമുദായത്തിലുള്ളവർ കയ്യേറുന്നു.

## സാധ്യതകൾ :-

1. വൈദ്യുതി :-പഞ്ചായത്തിലെ എല്ലാ പട്ടികജാതി വീടുകളിലും മവൈദ്യുതി എത്തിക്കുക.
2. കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുക.
3. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

14

4. പായനെയ്ത്ത്, കൊട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
5. പട്ടികജാതിപെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുക.
6. സഹകരണ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുക (അച്ചാർ, മസാല, പഴം, പച്ചക്കറി സംസ്കരണം).
7. അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടികജാതി വികസന കോർപ്പറേഷൻ) വായ്പാ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച് , പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക, വായ്പയുടെ ജാമ്യവ്യവസ്ഥകൾ ലഘൂകരിക്കുക,മേൽനോട്ടം പഞ്ചായത്തിനെ ഏല്പിക്കുക.
8. പട്ടികജാതി കാലാരൂപങ്ങൾ (പറയൻ കളി, മുടിയാട്ടം) എന്നിവ പുനരുദ്ധരിക്കുക.
9. പട്ടികജാതി യുവാക്കൾക്ക്, വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ അനുവദിക്കുക.
10. പട്ടികജാതിക്കാർക്ക് IRDP വായ്പകൾ അനുവദിക്കുമ്പോൾ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് പദ്ധതികൾ തിരഞ്ഞെടുക്കാൻ കഴിയേണ്ടതാണ്.
11. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ട വ്യവസ്ഥയിൽ പഞ്ചായത്ത് കൃഷിഭൂമി ഏറ്റെടുത്തും പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുകയും ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുകയും ചെയ്യുക.
12. വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുക. ഗുണഭോക്താക്കളെ പഞ്ചായത്ത് സമിതി കണ്ടെത്തുക.
13. ഭൂരഹിത ഭവന നിർമ്മാണ പദ്ധതിപ്രകാരം പട്ടികജാതിക്കാർക്ക് വീട് അനുവദിക്കുക.
14. വൈന്തല, കനാൽപാലം, കാതിക്കുടം, കല്ലൂർ, കാടുകുറ്റി, തൈക്കൂട്ടം , കുലയിടം എന്നീ വാർഡുകളിൽ ശ്മശാനങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുക.
15. കൈതൊഴിലിനും, പാരമ്പര്യതൊഴിലിനും സാമ്പത്തികസഹായം നൽകുക.
16. ചെറുകിട വ്യവസായം തുടങ്ങുന്നതിന് പട്ടികജാതി വനിതകൾക്ക് ആവശ്യമായ സഹായം നല്കുക.
17. എല്ലാവാർഡിലും കമ്യൂണിറ്റിഹാളും, സാംസ്കാരിക നിലയവും സ്ഥാപിക്കുക. കോളനികളിൽ ആഗ്രോസർവ്വീസ് സെന്ററുകൾ നിർമ്മിക്കുകയും ചെയ്യുക.
18. കോളനി പ്രദേശത്തെ അഭ്യസ്തവിദ്യരുടെ നേതൃത്വത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം നല്കുക.
19. പട്ടികജാതി യുവതി– യുവാക്കൾക്ക് ഡ്രൈവിംഗ് പഠിക്കുന്നതിന് പഞ്ചായത്തു തലത്തിൽ സൗകര്യം ഏർപ്പെടുത്തുക.
20. പഞ്ചായത്ത് ഏരിയയിലുള്ള ഫാക്ടറികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജീവനക്കാരുടെ നിയമനത്തിൽ ആനുപാതിക ശതമാനം റിസർവേഷൻ കർശനമായി പാലിക്കണം.
21. മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിക്കണം.

വൈന്തല സർക്കിൾ പട്ടികജാതിക്കാർക്കുള്ള IRDP സഹായം

| SINo. | വർഷം | എണ്ണം | ലോൺ | സബ്സീഡി |
|---|---|---|---|---|
| 1 | 90–91 | 11 | 28250 | 28250 |
| 2 | 91–92 | 9 | 20191 | 20190 |
| 3 | 92–93 | 18 | 51700 | 49700 |
| 4 | 93–94 | 18 | 73000 | 69500 |
| 5 | 94–95 | 12 | 86550 | 55850 |
| 6 | 95–96 | 4 | 26763 | 17517 |
| 7 | 95–96 | 10 | 33666 | 26334 |
| | | | | DWCRA വൈന്തല |

കാടുകുറ്റി സർക്കിൾ – പട്ടികജാതിക്കാരക്കുള്ള IRDP സഹായം.

| SLNo. | വർഷം | എണ്ണം | ലോൺ | സബ്സീഡി |
|---|---|---|---|---|
| 1 | 90–91 | 14 | 47000 | 46000 |
| 2 | 91–92 | 20 | 54400 | 52400 |
| 3 | 92–93 | 16 | 53650 | 48950 |
| 4 | 93–94 | 22 | 76719 | 73970 |
| 5 | 94–95 | 4 | 8000 | 8000 |
| 6 | 94–95 | 8 | 61150 | 44650 |
| 7 | 95–96 | 12 | 168934 | 81450 |

76

# സഹകരണമേഖല

19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രധാന വ്യാപാരങ്ങളിലൊന്നായിരുന്നു പണം പലിശക്കുകൊടുക്കൽ.ദൈനംദിന സമ്പത്തിക ആവിശ്യങ്ങൾ,കൃഷി, ആവിശ്യങ്ങൾ, പരമ്പരാഗത ആചാരങ്ങൾ നിലനിർത്തൽ,പൂർവ്വികരുടെ കടങ്ങൾവീട്ടൽ കാലവർഷക്കെടുതി പരിഹരിക്കൽ, എന്നീ കാര്യങ്ങൾക്കായി മാർവാടികൾ,ജമീന്ദാർമാർ പോലുള്ള പണമിടപാടുകാരെ സമീപിക്കേണ്ടിയിരുന്നു.

പണമിടപാടുകാർ, പ്രോനോട്ടുകളും,ആധാരങ്ങളും വാങ്ങി അമിതപലിശും ഈടാക്കി വന്നു. കൃഷിക്കാരുടെ ഭൂമി കൈവശപ്പെടുത്തുകയായിരുന്നു പണമിടപാടുകാരുടെ ലക്ഷ്യം.

ഗവൺമേന്റിന്റെ അനാസ്ഥയും,പമമിടപാടുകാരുടെ ചൂഷണവും,കൃഷിക്കാരെ അസ്ഥസ്ഥരാക്കി.ഇതിന്റെ ഫലമായി ഇന്ത്യയിൽ പലേടത്തും കർഷക ലഹളകൾ ഉണ്ടായി.മദ്ധ്യവർത്തികളായ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുവാൻ ബ്രിട്ടീഷ്-ഗവൺമെന്റ് മുൻകൈയെടുത്താണ് ഇന്ത്യയിൽ 1904-ൽ സഹകരണപ്രസ്ഥാനം ആരംഭിച്ചത്. 1932-ലെ മദിരാശി സഹകരണസംഘം നിയമവും1951-ലെ തിരുകൊച്ചി സഹകരണസംഘംനിയമവും ക്രോഡീകരിച്ചുകൊണ്ടാണ് കേരളസഹകരണനിയമം രൂപം കൊടുത്തിട്ടുള്ളത്. 1956 നവംബർ ഒന്നിന് കേരളസംസ്ഥാനം നിലവിൽ വന്നെങ്കിലും,1969- ലാണ് കേരള സഹകരണനിയമം നടപ്പിലായത്.

സഹകരണതത്വങ്ങളിൽ സഹകരണരംഗം രാഷ്ട്രീയാതീതമായിരിക്കണമെന്ന് നിർദശിച്ചിട്ടുണ്ടെങ്കിലും,സഹകരണസംഘങ്ങൾ രാഷ്ട്രീയ ശക്തിപരീക്ഷണ വേദിയായി മാറിയിരിക്കുകയാണ്.തന്മൂലം എല്ലാ വിഭാഗങ്ങളേയും യോജിപ്പിച്ച് അണിനിരത്തതാനും, സഹകരണസ്ഥാപനങ്ങളിൽ എല്ലാ വിഭാഗം ജനങ്ങൾക്കുമുള്ള വിശ്വാസംഏകീകരിച്ചുകൊണ്ട്, അതാത് മേഖലകളിലെ മുഴുവൻ നിക്ഷേപവും,സഹകരണസംഘങ്ങളിൽ സമാഹരിച്ചുകൊണ്ട് അതാത് പ്രദേശത്തെ കർഷകരുടെ സാമ്പത്തിക ആവിശ്യങ്ങൾ പൂർത്തീകരിക്കുവാനും കഴിയാതെ വരുന്നു.

സമൂല മാറ്റത്തിലൂടെ തത്വധിഷ്ഠിത സഹകരണപ്രസ്ഥാനം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

**വിവിധതരം സംഘങ്ങൾ**

1. കടം വായ്പാ സംഘങ്ങൾ
2. വ്യവസായമേഖലാ സംഘങ്ങൾ
3. കാർഷിക മേഖലാ സംഘങ്ങൾ
4. പട്ടികജാതി പട്ടിക വർഗ്ഗ സംഘങ്ങൾ
5. മാർക്കറ്റിംഗ് സംഘങ്ങൾ
6. കൺസ്യൂമർ സ്റ്റോർ

## കാടുകുറ്റി സർവ്വീസ് സഹകരണബാങ്ക്

കാടുകുറ്റി ആസ്ഥാനമായ ഈ ബാങ്ക് 1947 ഏപ്രിൽ 16ാം തീയതി 628-ാംനമ്പർ കല്ലൂർ വടക്കും മുറി അന്നനാട് പരസ്പരസഹായസഹകരണ സംഘം ക്ലിപ്തം എന്ന പേരിൽ രജിസ്റ്റർ ചെയ്തു. അന്നനാട്ടിൽ അരണക്കൽ ചാത്തമകനും ഈ ബാങ്കിലെ 4-ാം നമ്പർ അംഗവുമായ വേലായുധൻ എന്ന അംഗത്തിന്റെ ചായക്കടയുടെ മുകളിൽ ആഫീസ് പ്രവർത്തനം ആരംഭിച്ചു.ശ്രീ. പി.എ. ജോസഫ്.എം. എ. ദീർഘ കാലം പ്രസിഡന്റായിരുന്നു.ശ്രീ പാറയിൽ കുടിയിരിപ്പിൽ കുഞ്ഞുവറീത് പാവു സംഘത്തിന്റെ ആദ്യകാല സെക്രട്ടറിയായിരുന്നു.

1959-60 കാലഘട്ടത്തിൽ ഈ സംഘം പാളയം പറമ്പിൽ നിന്നും കാടുകുറ്റി കോട്ടമുറി ജംഗ്ഷനിൽ,പരേതാനയ ചിറമേൽ പൈലോത് മകൻ ഔസേപ്പ് മാസ്റ്ററുടെ പീടിക മുകളിൽ കല്ലൂർ വടക്കും മുറി സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ പ്രവർത്തിക്കാൻ തുടങ്ങി.

15-6-1977-ൽ സംഘം കല്ലൂർ വടക്കുംമുറി സർവ്വീസ് സഹകരണ ബാങ്ക് ആയി ഉയർത്തപ്പെട്ടു.

## ബാങ്കിന്റെ പൊതുസ്ഥിതി

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഈ ബാങ്ക് രണ്ട് വളം ഡിപ്പോകൾ നടത്തുന്നുണ്ട്. ഈ അടുത്ത കാലത്തായി മുഖ്യനാണ്യവിളയായ നാളികേരം സംസ്ക്കരിച്ച് മേൽത്തരം കൊപ്ര ഉത്പ്പാദിപ്പിക്കുന്ന നവീന രീതിയിലുള്ള ഹോട്ട് എയർ ഡ്രയർ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രതിദിനശേഷി 8000 നാളികേരമാണ്. ഇത് ഇന്നാട്ടിലെ തെങ്ങ്കൃഷിക്കാർക്ക് മെച്ചപ്പെട്ട വിലലഭിക്കുന്നതിന് സഹായകരമാണ്.

കാടുകുറ്റി സർവ്വീസ് സഹകരണ ബാങ്കിന്റേയും ഇരിഞ്ഞാലക്കുട കാർഷിക സഹകരണ ബാങ്കിന്റെയും ഈ പഞ്ചായത്തിലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | | കടം | നിക്ഷേപം | വായ്പകൾ | | വായ്പകൾ | പ്രവർത്തനമൂലധനം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | അംഗങ്ങൾ | സർക്കാർ | | | കാർഷികം | കാർഷികേതരം | | |
| 1. 628-ാം നമ്പർ കാടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് | 1947 | കാടുകുറ്റി പഞ്ചായത്ത് | 7199 | 630600 | 133800 | 5400000 | 4686059 | 5027216 | 2103113 | 10750000 | |
| 2. കാർഷികവികസനബാങ്ക് ക്ലിപ്തം 312 ഇരിങ്ങാലക്കുട | | | | | | | | 28500 | 1312000 | | |

കാർഷിക പ്രധാനമായ ഈ പഞ്ചായത്തിൽ ഏകദേശം അയ്യായിരത്തോളം കുടുംബങ്ങളുണ്ട്. ഇതിൽ 4000 -ഓളം കുടുംബങ്ങളെ ഉൾകൊള്ളുന്ന ഈ സഹകരണ ബാങ്കിൽ അംഗങ്ങളുടെ എണ്ണവും, നിക്ഷേപത്തിന്റെ കണക്കും, കാർഷിക വായ്പാവിതരണത്തിന്റെ തോതും പരിശോധിക്കുമ്പോൾ മുഴുവൻ ജനങ്ങളുടേയും ഒരു സ്ഥാപനമായി ഇത് വളരണമെങ്കിൽ ഇനിയുമേറേ മുന്നോട്ടു പോകേണ്ടതുണ്ട്.

കർഷകരെ സംഘടിപ്പിക്കുന്ന കാര്യത്തിലും, അവർക്ക് കാർഷിക വായ്പാ വിതരണം ചെയ്യുന്ന കാര്യത്തിലും, ഓരോ കുടുംബത്തിലും പ്രത്യേകം ബോധവൽക്കരണം നടത്തി നിക്ഷേപം സമാഹരിക്കുന്ന കാര്യത്തിലും അതു വഴി നാടിന്റെ വികസന പ്രക്രിയക്ക് ഊർജം പകരുന്ന കാര്യത്തിലും നമ്മുടെ സഹകരണ മേഖല വേണ്ടത്ര ലക്ഷ്യം നേടിയിട്ടില്ല. സഹകരണ തത്വങ്ങളിലധിഷ്ഠിതമായി, കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ച് കൂടുതൽ ജനവിശ്വാസം ആർജിച്ച്,എല്ലാവിഭാഗം ജനങ്ങളേയും സഹകരണ പ്രസ്ഥാനത്തിലേക്കുകൊണ്ടുവരുവാൻ സാധിക്കണം.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘമാണ് കൊരട്ടി വാളൂർ പുഞ്ച കോൾ കർഷക സംഘം. സംഘത്തിന് പഞ്ചായത്ത് 10-ാം വാർഡിൽ ,ചെറുവാളൂരിൽ സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ട്. സ്ഥിരമായ ജീവനക്കാരില്ല.ഡിപ്പാർട്ടുമെന്റിൽ നിന്നും നിയമിതമായ അഡ്മിനിസ്റ്റേറ്റർ ആണ് ഭരണം നടത്തുന്നത്. സംഘത്തെ സംബന്ധിച്ച് സ്ഥിതി വിവരക്കണക്കുകൾ ലഭിക്കാത്തതിനാൽ ഈ റിപ്പോർട്ടിൽ ഉൾകൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല.

കല്ലൂർ വടക്കുംമുറി പട്ടികജാതി/ പട്ടിക വർഗ്ഗസഹകരണ സംഘം ആണ് മറ്റൊരു സഹകരണ സ്ഥാപനം. പഞ്ചായത്തിന്റെ v111-ാം വാർഡിൽ, വാടക കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. സ്ഥിര ജീവനക്കാർ ഇല്ല. കാതിക്കുടത്തത് സ്വന്തമായി സ്ഥലമുണ്ടെങ്കിലും ആഫീസ് കെട്ടിടം പണിതിട്ടില്ല.അഡ്മിനിസ്ട്രേറ്ററാണ് ഭരണം നടത്തുന്നത്. സംഘത്തെ സംബന്ധിച്ച കണക്കുകൾ ലഭിച്ചിട്ടടില്ലലാത്തതതിനാൽ റിപ്പോർടട്ടിൽ ഉൾപ്പപെടുത്താൻ സാധിച്ചിട്ടില്ല. സഹകരണാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തതിച്ചു വരുന്ന 15 പാടശേഖര സമിതികളും ഒരു കേരസംരക്ഷണസമിതിയും നിലവിലുണ്ട്.

**കാതിക്കുടം കളിമൺ വ്യവസായ സഹകരണസംഘം**

16-11-1967-ൽ സംഘം രജിസ്റ്റർ ചെയ്തെങ്കിലും 1984-ൽ ആണ് പ്രവർത്തതനം ആരംഭിച്ചത്.

പട്ടിക-11

| ക്രമനമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | നിക്ഷേപം | ഓഹരി മൂല ധനം | കടം | ലാഭം | നഷ്ടം | ആകെ ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| 1. | ശ്രീ അയ്യപ്പ ടൈൽസ്, കാതിക്കുടം കളിമൺ വ്യവസായസഹകരണ സംഘം ക്ലിപ്തം No. K.V. IND (R) 24 | 1984 | കാതിക്കുടം | | | | | 1435804 | 5 |

അംഗങ്ങളാണ് സംഘത്തതിലെ തൊഴിലാളികൾ. മൊത്തം തൊഴിലാളികൾ 90% പരമ്പരാഗതകളിമൺപാത്ര തൊഴിലാളികളും 10% ഇതരവിഭാഗങ്ങളുമാണ്. തൊഴിലാളികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 7 അംഗ ഭരണ സമിതിയും അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റും ഉണ്ട്.

ഖാദിബോർഡിന്റെ വായ്പാസഹായത്തോടെ ഖാദിബോർഡിന്റെ നിയന്ത്രണത്തിലാണ് സംഘം പ്രവർത്തക്കുന്നത്. ഓട്,വിരിഇഷ്ടിക,ഇഷ്ടിക എന്നിവ നിർമ്മിക്കുന്ന സംഘത്തിൽ 22 തൊഴിലാളികളും 5 ജീവനക്കാരും ഉണ്ട്. 95-96-ൽ 435812 രൂപയുടെ ഉല്പാദനവും 437758 രൂപയുടെ വില്പനയും നടന്നു.

ഉല്പാദനത്തിന് ആവശ്യമായ ഫണ്ട് ഇല്ലാത്തതുമുലം മണ്ണുസംഭരിക്കുവാൻ കഴിയാതെ വരുന്നു.

മണ്ണെടുക്കുന്നതിന്2 ഏക്കർ സ്ഥലം സ്വന്തമായി ഉണ്ടെങ്കിലും മണ്ണെടുക്കുന്ന സമയത്ത് പലപ്പോഴും സ്റ്റേവരുന്നതിനാലും സ്റ്റേ ഒഴിവാക്കി മണ്ണെടുത്ത് സ്റ്റോക്ക് ചെയ്യുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടും സംഘത്തിന്റെ സുഗമമായ പ്രവർത്തതനത്തിന് തടസ്സമാണ്. തടസ്സങ്ങൾ ഒഴിവാക്കുവാൻ സാധിച്ചാൽ നല്ല നിലയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്.

പാളയം പറമ്പ് ക്ഷീരോൽപ്പാദക സഹകരണസംഘത്തിൽ 95-96-ൽ 14826 ലിറ്റർ പാല് പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്തതായും 75704 പാല് പഞ്ചായത്ത് പ്രദേശത്തിന് പുറത്തും വിതരണം ചെയ്തതായി റിപ്പോർട്ട് കാണുന്നു. ഭരണസമിതിയുണ്ട്.

19

ചെറുവാളൂർ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ 95-96-ൽ 4732 ലിറ്റർ പാല് പഞ്ചായത്ത് പ്രദേശത്തും 20268 ലിറ്റർ പാല് പുറത്തും വിതരണം ചെയ്തതായി കാണുന്നു. ഭരണം അഡ്മിനിസ്ട്രേറ്റർക്കാണ്.

ഈ പഞ്ചായത്തിൽ കാടുകുറ്റിയിലും,അന്നനാട്ടിലും, കതിക്കുടത്തും, മണ്ടിക്കുന്നിലും ഓരോന്നുവീതം 4 സ്വതന്ത്ര ക്ഷീരോല്പാദകസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ക്ഷീരോല്പാദക സഹകരണസംഘങ്ങളിൽ നിന്നും വ്യക്തമായ റിപ്പോർട്ടുകൾ ലഭ്യമാക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാവുന്നില്ല.

പാലിന് ന്യയമായ വില ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമായുണ്ട്.ന്യായ വില ലഭിക്കുന്നതിന് ആവിശ്യമായ സംവിധാനങ്ങൾ പാൽ സംഘങ്ങൾ മുഖേന ഉറപ്പുവരുത്തേണ്ടതാണ്.

## മാർക്കറ്റിംഗ്

കാട്ടുകുറ്റി പ്രദേശത്ത് അംഗീകൃത മാർക്കറ്റുകൾ ഒന്നും തന്നെ ഇല്ല. മാർക്കറ്റിംഗ് കോംപ്ലക്സിനു വേണ്ടി പഞ്ചായത്ത് പൊന്നുംവിലക്കെടുത്ത സ്ഥലത്ത് എത്രയുംവേഗം മാർക്കറ്റ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മത്സ്യ മാംസാദികൾ വിൽപ്പന നടത്തുന്നതിന് പൊതുജനാരോഗ്യത്തിന് ഹാനി വരുത്താത്തവിധം പ്രത്യേക സൗകര്യങ്ങൾ ഉണ്ടാക്കണം.

## പൊതുവിതരണം

ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലും (കല്ലൂർ) എട്ടാം വാർഡിലും രണ്ടുവീതവും മറ്റെല്ലാ വാർഡിലും ഓരോന്ന് വീതവും പൊതുവിതരണകേന്ദ്രങ്ങൾ ഉണ്ട്.

അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തെ പിടിച്ചുനിർത്തി, കഴിയുന്നത്ര നിത്യോപയോഗസാധനങ്ങൾ പൊതുവിതരണകേന്ദ്രംവഴി വിതരണം ചെയ്യേണ്ടതാണ്.

പാചകത്തിന് ആവശ്യത്തിന് മണ്ണെണ്ണ പെർമിറ്റുകൾ മുഖേന ലഭിക്കാൻ സാധിക്കാതെ വന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ, പാചകവാതകവിതരണം പഞ്ചായത്ത് പ്രദേശത്ത് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## വാർഡുതല നിർദ്ദേശങ്ങൾ

1. കല്ലൂർ വടക്കുംമുറി പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
2. വൈന്തലയിൽ സഹകരണബാങ്കിന്റെ ഒരു എക്സ്റ്റൻഷൻ കൗണ്ടർ ആരംഭിക്കുക.
3. സഹകരണസംഘങ്ങൾവഴി സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിക്കുക.
4. വനിതകൾക്കുവേണ്ടി ചെറുകിടവ്യവസായം ആരംഭിക്കുക.
5. കാടുകുറ്റി സഹകരണബാങ്കിൽ നിക്ഷേപസമാഹരണം ഊർജ്ജിതപ്പെടുത്തുക.
6. സഹകരണബാങ്കുവഴി കാർഷികസ്വർണ്ണപണ്ടപണയവായ്പ അനുവദിക്കുക.

80

7. കാർഷികവായ്പ കൊടുക്കുമ്പോൾ നിശ്ചിതശതമാനം രാസവളം കൊ ടുക്കുന്ന സമ്പ്രദായം ഒഴിവാക്കണം.

8. കാർഷികവായ്പകൾ തിരിച്ചടയ്ക്കുമ്പോൾ പലിശ സബ്സിഡി ഉടനടി അനുവദിച്ചുകൊടുക്കുക.

9. മോട്ടോർ പമ്പുസെറ്റ്, മെതിയന്ത്രം തുടങ്ങിയവയ്ക്ക് വായ്പ അനുവദിക്കണം.

10. പഞ്ചായത്തടിസ്ഥാനത്തിൽ ആർട്ടിസാൻ സംഘം രൂപീകരിക്കണം.

11. വനിതാ സഹകരണസംഘം രൂപീകരിക്കണം.

12. കാടുകുറ്റി സർവ്വീസ് സഹകരണസംഘത്തിലേക്ക് വാർഡുതലത്തിൽ പ്രതിനിധികൾ വേണം.

13. കാടുകുറ്റി സഹകരണബാങ്കിന്റെ ശാഖ ചെറുവാളൂർ സ്ഥാപിക്കണം.

14. കൊരട്ടി ആളൂർ പുഞ്ച കോൾ സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കണം.

15. ബാംബു കോർപറേഷന്റെ സഹായത്തോടെ കാതിക്കുടം കേന്ദ്രമാക്കി സഹകരണാടിസ്ഥാനത്തിൽ പനമ്പുനെയ്ത്ത് തുടങ്ങണം.

16. കൈത്തറി സഹകരണസംഘം രൂപീകരിക്കണം.

17. വാർഡുകളിൽനിന്നും നാളികേരം സംഭരിച്ച് സഹകരണബാങ്കിന്റെ കൊപ്ര സംഭരണശാലയുടെ പ്രവർത്തനം വികസിപ്പിക്കണം.

18. സഹകരണസംഘങ്ങളും ചെറുകിട വ്യവസായസ്ഥാപനങ്ങളും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതാണ്.

19. പാലുല്പാദകർക്ക് പാലിന് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണമേഖലയിൽ ഒരു പാൽപ്പൊടി ഉല്പാദനയൂണിറ്റ് ആരംഭിക്കണം.

20. പച്ചക്കറി ഉല്പാദനവിപണന സഹകരണസംഘം രൂപീകരിക്കണം.

## മാർക്കറ്റിംഗ് സംഘം

കാർഷികപ്രധാനമായ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച്, മാർക്കറ്റ് കണ്ടെത്തി വിപണനം നടത്തുന്നതിന് കർഷകരെ ഇടത്തട്ടുകാരിൽനിന്നും രക്ഷിക്കുന്നതിനും ഒരു മാർക്കറ്റിംഗ് സംഘം രൂപീകരിക്കേണ്ടതാണ്.

## കൺസ്യൂമർ സ്റ്റോർ

വിലക്കയറ്റംമൂലം പൊറുതിമുട്ടുന്ന സാധാരണക്കാരെ സംരക്ഷിക്കുന്നതിന് ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ, കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന്, രണ്ടോ മൂന്നോ വാർഡുകളെ കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകളും മാവേലി സ്റ്റോറുകളും ആരംഭിക്കണം.

പഞ്ചായത്തിൽ ധനകാര്യസ്ഥാപനങ്ങളായി ഒരു സഹകരണബാങ്കും മൂന്ന് സ്വകാര്യബാങ്കുകളുമുണ്ട്. കർഷകർക്ക് കാർഷികവായ്പകൾ ലഭ്യമാക്കുകയും താഴ്ന്ന വരുമാനക്കാർക്ക് വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള സാമ്പത്തികസഹായവും ചെയ്യുന്നത് സഹകരണബാങ്കാണ്. ഇതരബാങ്കുകളുടെ ഈ

മേഖലയിലെ പ്രവർത്തനം തീരെ കുറവാണ്. എന്നാൽ നിക്ഷേപസമാഹരണരംഗത്ത് സഹകരണബാങ്കുകൾ വളരെ പുറകിലും ഇതര ബാങ്കുകൾ വളരെ മുന്നിലുമാണ്. സഹകരണബാങ്കുകളിൽ സാധാരണ ജനങ്ങൾക്കുള്ള വിശ്വാസക്കുറവാണ് ഇതിൽ പ്രതിഫലിക്കുന്നത്.

സഹകരണപ്രസ്ഥാനത്തെപ്പറ്റി ജനങ്ങളിൽ വിശ്വാസം വളർത്തിയെടുക്കുന്നതിന് ബോധവൽക്കരണം നടത്തുകയും , സഹകരണസംഘങ്ങളുടെ പ്രവർത്തനം സഹകരണ തത്ത്വങ്ങൾക്കധിഷ്ഠിതമായി, മാതൃകാപരമായി നടത്തുകയും വേണം.

സഹകരണബാങ്കിൽ സമാഹരിക്കപ്പെടുന്ന നിക്ഷേപം പഞ്ചായത്ത് പ്രദേശത്ത് വിനിയോഗിക്കപ്പെടുമ്പോൾ, മറ്റു ബാങ്കുകളിലെ നിക്ഷേപം , പഞ്ചായത്ത് പ്രദേശത്ത് വിനിയോഗിക്കപ്പെടുന്നില്ല. സഹകരണ ബാങ്കും മറ്റു ബാങ്കുകളും തമ്മിലുള്ള പ്രധാനപ്പെട്ട ഈ വ്യത്യാസം ജനങ്ങളിൽ എത്തിക്കേണ്ടത് സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അത്യാവശ്യമാണ്.

സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തി നാടിന്റെ പുരോഗതിയും , ഗ്രാമീണ ജനതയുടെ അഭിവൃദ്ധിയും ഉറപ്പുവരുത്താനും "എല്ലാവരും ഒരോരുത്തർക്കും, ഒരോരുത്തരും എല്ലാവർക്കുംവേണ്ടി" എന്ന സഹകരണതത്ത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് രാജ്യത്തിന്റെ വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധരാകണമെന്നും വാഗ്ദാനം ചെയ്യാം.

---

# സംസ്കാരം

ഒരു ജനതയുടെ രാഷ്ട്രീയ – സാമ്പത്തിക – സാമൂഹിക ജീവിതത്തിന്റെ ആകത്തുകയാണ് ഏതൊരു ജനതയുടെയും സംസ്കാരം.

സംസ്കാരം മനുഷ്യന്റെ മാത്രം സവിശേഷതയാണ്. ജീവിതചര്യയിലും, പെരുമാറ്റ രീതിയിലും, അവയുടെ പ്രേരകമായ ഭൗതിക ഹേതുക്കളിലും അത് കുടികൊള്ളുന്നു. മനുഷ്യസംസ്കാരത്തിന്റെ പ്രതിഫലനങ്ങൾ എല്ലാ ജീവിത വ്യാപാരങ്ങളിലും ദർശിക്കാവുന്നതാണ്. ഭാഷ, ആശയങ്ങൾ, വിശ്വാസങ്ങൾ, ധർമ്മങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, നിയമങ്ങൾ, കലാസൃഷ്ടികൾ, സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, സാങ്കേതിക വിദ്യകൾ, എന്നിവയൊക്കെ സംസ്കാരത്തിന്റെ സാക്ഷ്യങ്ങളാണ്. ഈ ഘടകങ്ങളുമായുള്ള മനുഷ്യന്റെ സമ്പർക്കത്തിൽ നിന്നും ഉടലെടുക്കുന്ന അമൂർത്ത ചൈതന്യമാണ് സംസ്കാരം എന്നു പറയാം. ഇതു തന്നെയാണ് മനുഷ്യനെ ജന്തുവർഗത്തിൽ നിന്നും വേർതിരിക്കുന്നതും.

അടുത്ത കാലയളവിൽ ആഗോളമായി സംഭവിച്ചിട്ടുള്ള സാംസ്കാരിക വ്യതിയാനങ്ങൾ നമ്മുടെ സമൂഹത്തെയും മാരകമായി ഗ്രസിച്ചിരിക്കുന്നതായി കാണാനാകും. ഇതുമൂലം നമുക്ക് നഷ്ടപ്പെട്ടത് തനത് സംസ്കാരവും പൈതൃകവുമാണ്. ഇത്തരമൊരു പ്രശ്ന സാഹചര്യത്തിൽ നിന്നുകൊണ്ട് സാംസ്കാരിക പ്രവണതകളെ തിരിച്ചറിയാനും, നമ്മുടേതായ സാംസ്കാരിക തനിമയെ കൂടുതൽ ദൃഢതരമാക്കി മുന്നോട്ട് പോകാനുമുള്ള ചർച്ചയും സംവാദങ്ങളും ഫലപ്രദമായി ഉന്നയിക്കേണ്ടതുണ്ട്.

**ജാതിമതഘടന**

പഞ്ചായത്ത് അതിർത്തിയിൽ ഭൂരിഭാഗം ജനങ്ങളും ഹൈന്ദവരാണ്. 40% ക്രൈസ്തവരും മുസ്ലീം സമുദായക്കാരുമുണ്ട്. ഓരോ മതവിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം ആരാധനാരീതികളും കേന്ദ്രങ്ങളുമുണ്ട്. ഇവിടെ ഓരോ മതവിഭാഗങ്ങളുടെയും സഹിഷ്ണുതയും സഹകരണ മനോഭാവവും പ്രത്യേകം പ്രസ്താവ്യമാണ്.

ഹൈന്ദവരിൽ ഈഴവരും നായന്മാരും കൂടുതലായി ഈ പഞ്ചായത്തിലുണ്ട്. ഒരു ശതമാനം ബ്രാഹ്മണരും, വാര്യർ, പിഷാരടി മുതലായ സമുദായക്കാരും ഉണ്ട്. പട്ടിക ജാതിക്കാരിൽ പുല സമുദായക്കാരും, ചെറിയ തോതിൽ പറയ സമുദായക്കാരും ഉണ്ട്.

ക്രൈസ്തവരിൽ റോമൻ കത്തോലിക്കരാണ് ഭൂരിഭാഗവും ലാറ്റിൻ സമുദായത്തിൽപ്പെട്ട ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാരും നല്ല ശതമാനം വരും. യാക്കോബായ, ബ്രദറൻ സമുദായക്കാരും കുറഞ്ഞ തോതിലുണ്ട്.

**ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ**

നമ്മുടെ പഞ്ചായത്തിന്റെ പ്രാദേശിക ഉത്സവമായി ആഘോഷിക്കുന്നത് അന്നനാട് 5–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വേലുപ്പിള്ളി ശ്രീ. ധർമ്മശാസ്താ ക്ഷേത്രത്തിലെ ഉത്രം വിളക്ക് മഹോത്സവമാണ്. മതചിന്തകൾക്ക് അതീതമായി എല്ലാ വിഭാഗം ആളുകളും ഈ ഉത്സവം ആഘോഷിക്കുന്നു. കുംഭമാസത്തിലെ ഉത്രം നാളിൽ നടക്കുന്ന ഉത്സവത്തിന് കേരളത്തിലെ പ്രശസ്തരായ മേളക്കാരും, ആനകളും അണിനിരക്കുന്നു. ഇതിനോടനുബന്ധിച്ച് വിവിധ കലാപരിപാടികളും, ഗംഭീര കരിമരുന്നു പ്രയോഗവും ഈ ഉത്സവത്തിന്റെ പ്രത്യേകതയാണ്. കാതിക്കുടം 8–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കരിമ്പനക്കാവ് ശ്രീദുർഗ്ഗാദേവി ക്ഷേത്രത്തിൽ 7 ദിവസം നീണ്ടു നിൽക്കുന്ന ആറാട്ടും ഉത്സവവും പ്രാധാന്യമേറിയതാണ്. ഉത്സവത്തിന്റെ പ്രത്യേകതയായി പറയാവുന്നത് ഉത്സവപിറ്റേന്ന് നടക്കുന്ന ആനയെക്കൊണ്ടുള്ള കൊടിമരം കുത്തിക്കലും അമ്പലം വലംവപ്പിക്കലുമാണ്. 10–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചെറുവാളൂർ പിഷാരത്ത് ശ്രീ കൃഷ്ണ ക്ഷേത്രത്തിലെ 11 ദിവസം നീണ്ടു നിൽക്കുന്ന കലാപരിപാടികളോടുകൂടിയ ഉത്സവത്തിന് വിപുലമായ ജനപങ്കാളിത്തം ഉണ്ടാകാറുണ്ട്. മത സഹിഷ്ണുതയുടെ പ്രതീകമായി എല്ലാ മതവിഭാഗങ്ങളും ചേർന്ന് സംഘടിപ്പിക്കുന്ന കാതിക്കുടത്തെ അയ്യൻകോവ് ക്ഷേത്രത്തിലെ ഉത്സവം മറ്റൊരു പ്രത്യേകതയാണ്. കാളിവിരുത്തി, മറ്റപ്പിള്ളി, കൂട്ടാല, വഴമ്പനക്കാവ്, ഗോകുന്നത്ത് എന്നീ ക്ഷേത്രങ്ങളിലെ മുടിയേറ്റും, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രാചീന കലാരൂപങ്ങളായ മുടിയാട്ടം, പറയൻ തുള്ളൽ എന്നിവയും സവിശേഷ പ്രാധാന്യമർഹിക്കുന്നു.

93

**പെരുന്നാളുകൾ**

കൊരട്ടി പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത് എങ്കിലും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങളും ആഘോഷിക്കുന്ന പെരുന്നാളാണ് വിഖ്യാതമായ കൊരട്ടിമുത്തിയുടെ തിരുന്നാൾ. എ.ഡി. 300ൽ സ്ഥാപിച്ച അമ്പഴക്കാട് പള്ളിയിലെ അമ്പു പെരുന്നാളും, സമ്പാളൂരിൽ സ്ഥിതിചെയ്യുന്ന സെന്റ് സേവ്യർ ദേവാലയത്തിലെ പെരുന്നാളും വളരെ ഏറെ ജനങ്ങൾ ആഘോഷിക്കുന്നതാണ്. കാടുകുറ്റിയിലെ ഉണ്ണമിശിഹ പള്ളി, സെന്റ് പോൾസ് പള്ളി, കല്ലൂർ, വൈന്തല എന്നീ പള്ളികളിലെ പെരുന്നാളുകളും ആഘോഷിക്കാറുണ്ട്. കല്ലൂർ, കുലയിടം, ചെറുവാളൂർ എന്നിവിടങ്ങളിൽ മുസ്ലീംങ്ങൾക്ക് പ്രത്യേകം ആരാധനാലയങ്ങൾ ഉണ്ട്.

**കല, സാംസ്കാരിക സ്ഥാപനങ്ങൾ**

കലാ–സാംസ്കാരിക രംഗത്ത് സജീവത നിലനിർത്തുന്ന ചുരുക്കം ചില സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. അന്നനാട് ഗ്രാമീണ വായനാശാലയും, കാതിക്കുടം പനമ്പള്ളി സ്മാരക വായനശാലയുമാണ് പഞ്ചായത്തിലെ ഗ്രന്ഥശാലകൾ. അരനൂറ്റാണ്ടുകാലത്തെ പ്രവർത്തനപാരമ്പര്യം ഈ ഗ്രന്ഥശാലകൾക്കുണ്ട്.

**പനമ്പിള്ളി സ്മാരക വായനശാല**

കാതിക്കുടത്ത് ഇപ്പോൾ UP സ്കൂളായി പ്രവർത്തിച്ചുവരുന്ന പഴയ LP സ്ക്കൂളിൽ 1940 കളിലാണ് ഈ ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചത്. അതിനു ശേഷം പനമ്പള്ളി രാമൻ മേനോൻ സൗജന്യമായി നൽകിയ സ്ഥലത്ത് കുന്നത്തുനാട് ഗ്രാമീണ വായനാശാല കമ്മ്യൂണിറ്റി പ്രോജക്ട് എന്ന പേരിൽ തുടർന്നു പ്രവർത്തിച്ചു. 1954 ൽ ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ ലഭിച്ചു. 1960 കളിൽ ശ്രീ. ഗോവിന്ദമേനോന്റെ പനമ്പിള്ളി ഓർമ്മക്കായി സ്മാരക വായനശാല എന്ന് പുനർ നാമകരണം നടത്തി. കലാ–സാംസ്കാരിക രംഗത്ത് ഈ ഗ്രന്ഥശാല നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ശ്രീ പനമ്പിള്ളി ഗോവിന്ദമേനോന്റെ നാമധേയത്തിലുള്ള കേരളത്തിലെ ഏക ഗ്രന്ഥാലയമാണ് ഇത്. അനേകം റഫറൻസ് ഗ്രന്ഥങ്ങൾ ഉള്ള ഈ സ്ഥാപനത്തിന്റെ കെട്ടിടം ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. സുരക്ഷിതമായ കെട്ടിടവും സൗകര്യങ്ങളും അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്.

**അന്നനാട് ഗ്രാമിണ വായനശാല**

1937–ൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയ ഏതാനും ചെറുപ്പക്കാർ ചേർന്ന് രൂപം നൽകിയ അന്നനാട് സാഹിത്യ സമാജം, ഗ്രാമോദ്ധാരണത്തിന്റെ പേരിൽ കൊച്ചി സർക്കാർ, ഗ്രാമീണ വായനാശാലയായി അംഗീകരിക്കുകയും സരസ്വതി വിലാസം സ്ക്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. കെ. കേശവമേനോൻ ഔദ്യോഗിക സെക്രട്ടറിയായി നിയമിതനാവുകയും ചെയ്തു. സാംസ്കാരിക രംഗത്ത് ഈ സ്ഥാപനം വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കെട്ടിട നിർമ്മാണം നടക്കുന്നുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ജനചൈതന്യകാടുകുറ്റി, ത്രിവേണി അന്നനാട്, ശോഭന ആർട്സ് ക്ലബ്ബ് കാടുകുറ്റി, ഉദയ ആർട്സ് ക്ലബ്ബ് കുലയിടം, ദൃശ്യകല പാളയം പറമ്പ്, അക്ഷയ ആർട്സ് ക്ലബ്ബ് വൈന്തല, ഗീത ആർട്സ് ക്ലബ്ബ് കാടുകുറ്റി, രസന അന്നനാട് എന്നീ സാംസ്കാരിക സ്ഥാപനങ്ങൾ തനതായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും സാമൂഹ്യ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ നിരവധി ചെറിയ സാംസ്കാരിക സംഘടനകളും സ്ഥാപനങ്ങളും ഈ പഞ്ചായത്ത് അതിർത്തിയിലുണ്ട്.

ശ്രീ പനമ്പിള്ളിഗോവിന്ദമേനോനുശേഷം ഈ പഞ്ചായത്തിലെ ശ്രദ്ധേയരായ സാംസ്കാരിക പ്രവർത്തകരും, എഴുത്തുകാരും ശ്രീ സച്ചിദാനന്ദൻ പുഴങ്കര, പി. ദാമോദരമേനോൻ, പി. നാരായണ മേനോൻ എന്നിവരാണ്.

**പ്രശ്നങ്ങൾ**

1) 5, 8 എന്നീ വാർഡുകളിൽ മാത്രമാണ് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നത്.
2) പ്രാചീന കലാരൂപങ്ങൾക്ക് നാശം നേരിടുന്നു. (പറയൻകളി, മുടിയാട്ടം തുടങ്ങിയവ).
3) പഞ്ചായത്ത് സെന്ററിൽ സാംസ്കാരിക കേന്ദ്രത്തിന്റെ അഭാവം.
4) ഗ്രന്ഥശാലകളിൽ വനിതകളുടെ പങ്കാളിത്തം കുറഞ്ഞുവരുന്നു.
5) പ്രാദേശിക കലാസമിതികളുടെ സാമ്പത്തിക പരാധീനത.

6) വായനയോടുള്ള താൽപര്യക്കുറവ്.
7) ലൈംഗീക അതിപ്രസരമുള്ള സിനിമകൾ.
8) കേബിൾ ടി.വി., സ്റ്റാർ ടി.വി. തുടങ്ങിയ മാദ്ധ്യമങ്ങളുടെ കടന്നുകയറ്റം.
9) സ്ത്രീകളോടുള്ള സാംസ്കാരിക സമീപനത്തിലെ പോരായ്മ.
10) വിവാഹാദി ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം.
11) വൈന്തലയിലെ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം.

| ഗ്രന്ഥശാലയുടെ പേര് | അന്നനാട് ഗ്രാമീണ വായനശാല | | പനമ്പിള്ളി സ്മാരക വായനശാല-കാതിക്കുടം | |
|---|---|---|---|---|
| സ്ഥാപിച്ച വർഷം | 1937 രജിസ്ട്രേഷൻ നമ്പർ - 1057 | | 1940-കളിൽ രജിസ്ട്രേഷൻ നമ്പർ - 1541 | |
| ഗ്രേഡ് | എ ഗ്രേഡ് | | എ ഗ്രേഡ് | |
| പുസ്തകങ്ങളുടെ എണ്ണം | 9000 | | 9997 | |
| അംഗങ്ങളുടെ എണ്ണം | പുരുഷൻ 618 | സ്ത്രീ 236 | പുരുഷൻ 657 | സ്ത്രീ 59 |
| പ്രതിമാസ പുസ്തക വിതരണം | 1248 | | 1400 | |
| പത്രങ്ങൾ ആനുകാലികങ്ങൾ | പത്രങ്ങൾ 6 | ആനുകൂലികങ്ങൾ 20 | പത്രങ്ങൾ 7 | ആനുകൂലികങ്ങൾ 26 |
| അനുബന്ധ പ്രവർത്തനങ്ങൾ | ഗ്രാമബന്ധു കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കുന്നു. ചർച്ചാ ക്ലാസ്സുകൾ, വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ, സൗജന്യ വൈദ്യപരിശോധന, രക്തഗ്രൂപ്പ് നിർണ്ണയ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. സാരസ്വതോത്സവം സംഘടിപ്പിച്ചിരുന്നു. | | കൃഷി പുസ്തക കോർണർ, ബാലസാഹിത്യ വിഭാഗം, സാക്ഷരതാ പ്രവർത്തനം, ചർച്ചക്ലാസ്സുകൾ, സൗജന്യ ചികിത്സാ ക്യാമ്പ്, രക്ത നിർണ്ണയ ക്യാമ്പ്, സൗജന്യ സിനിമ പ്രദർശനം (പബ്ലിക് റിലേഷൻ വകുപ്പ്) ക്വിസ്സ് മത്സരങ്ങൾ, ഗ്രാമോത്സവം, സൗജന്യ നീതിമേള എന്നിവ സംഘടിപ്പിക്കാറുണ്ട്. ത്രിവേണി എന്ന പേരിൽ കൈയ്യെഴുത്തു മാസിക ഉണ്ടായിരുന്നു. | |

**സാധ്യതകൾ**

1) ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ നവീകരണവും പുത്തനുണർവും ഉണ്ടാക്കി വായനയെ പ്രോത്സാഹിപ്പിക്കുക.
2) പ്രാദേശികമായ പൊതു ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിച്ച് ജനങ്ങളുടെ കൂട്ടായ്മ നിലനിർത്തുക.
3) കല-കായിക-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക.
4) കലാ സമിതികൾക്ക് പ്രോത്സാഹനം നൽകുക.
5) മതസൗഹാർദ്ദം വളർത്തുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.
6) അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക.
7) ഫിലിം സൊസൈറ്റികളുടെ രൂപീകരണം.
8) ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കൽ.
9) കേരളോത്സവം കാര്യക്ഷമതയോടെ നടത്തുക.
10) പനമ്പിള്ളി സ്മാരക വായനശാലക്കും, അന്നനാട് ഗ്രാമീണ വായനശാലക്കും എല്ലാ സൗകര്യങ്ങളുമുള്ള സുരക്ഷിതമായ കെട്ടിടം.
11) പഞ്ചായത്ത് കേന്ദ്രത്തിൽ സാംസ്ക്കാരിക നിലയം സ്ഥാപിക്കലും, വൈന്തലയിലെ സാംസ്ക്കാരിക നിലയത്തിന്റെ പൂർത്തീകരണവും.

**പരിഹാര - നിർദ്ദേശങ്ങൾ**

1) ഗ്രന്ഥശാലകളില്ലാത്ത വാർഡുകളിൽ അവസ്ഥാപിച്ച് വായനയെ പ്രോത്സാഹിപ്പിക്കുക. വനിതകൾക്ക് അർഹമായ പ്രാതിനിധ്യം നൽകുക.
2) ആർഭാടപൂർവ്വമായ വിവാഹം ഉൾപ്പെടെയുള്ള ചടങ്ങുകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.
3) കല-സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം പഠന വിധേയമാക്കുകയും പോരായ്മകൾ കണ്ടെത്തുകയും വേണം.
4) പഞ്ചായത്ത് കേന്ദ്രത്തിൽ സാംസ്കാരിക നിലയവും സ്ഥിരം ആഡിറ്റോറിയവും പണിയുക.
5) പഞ്ചായത്തിന്റെ നിശ്ചിത ശതമാനം ഫണ്ട് ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുക.
6) നമ്മുടെ പഞ്ചായത്തിലുള്ള പ്രാചീന കലാരൂപങ്ങളായ പറയൻകളി, മുടിയാട്ടം എന്നിവ സംരക്ഷിക്കുന്നതിന് പ്രത്യേകം സമിതികൾ രൂപീകരിക്കുക.
7) പാശ്ചാത്യ മാധ്യമങ്ങളുടെ കടന്നുകയറ്റത്തിനെതിരെ ജനകീയ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

## കായികരംഗം

ഒരു സമൂഹത്തിന്റെ ഊർജ്ജസ്വലതയും ചൈതന്യവും ആ പ്രദേശത്തെ കായിക സംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. സമൂഹത്തിലെ കായിക പ്രവർത്തനങ്ങളുടെ ഫലമായി ജനങ്ങളിൽ വളർത്തിയെടുക്കാൻ കഴിയുന്ന സ്വഭാവ വിശേഷങ്ങളുടെ ആകത്തുകയാണ് കായിക സംസ്കാരമെന്ന് പറയുന്നത്.

കാടുകുറ്റി ഗ്രാമ പഞ്ചായത്തിന്റെ കായിക ചരിത്രം ചില അപൂർവ്വ നേട്ടങ്ങൾ ഉണ്ടാക്കിതന്നിട്ടുണ്ട്. കേരളത്തിൽ തന്നെ അഭിമാനിക്കാവുന്ന കായിക പ്രതിഭകളെ സംഭാവന ചെയ്യുവാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 1975-ൽ കേരള സംസ്ഥാന ഫുട്ബോൾ ടീമംഗമായ C.O. ജോൺ അന്നനാട് സ്വദേശിയാണ്. കോഴിക്കോട് സർവ്വകലാശാലാ ഫുട്ബോൾ ടീമിനെ നയിച്ച C.K. നസ്രുദ്ദീൻ, 1995-ൽ സംസ്ഥാന സ്ക്കൂൾ ടീമംഗമായ T.N. ഉണ്ണി, സംസ്ഥാന സ്ക്കൂൾ വോളിബോൾ ടീം അംഗങ്ങളായ ടി. സുകുമാരൻ, ടി. ജയം, ടി. ലക്ഷമീ ദേവി എന്നീ കായിക താരങ്ങൾക്ക് പുറമെ ജില്ല-യൂണിവേഴ്സിറ്റി തലത്തിൽ മികച്ച കായിക താരങ്ങളെയും ഈ പഞ്ചായത്തിന് സംഭാവന ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

86

കാടുകുറ്റിയിലെ സെന്റ് അഗസ്റ്റിൻ വോളിബോൾ മത്സരം, അന്നനാട് സോക്കേഴ്സ്, അന്നനാട്, ലവിംഗ് ബ്രദേഴ്സ്, വൈന്തല ബ്ലൂസ്റ്റാർ എന്നിവയുടെ ഫുട്ബോൾ മേളകളും എടുത്തുപറയാവുന്നതാണ്.

കായിക രംഗത്ത് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അന്നനാട്ടിൽ സോക്കേഴ്സ് സ്പോർട്സ് ക്ലബ്, ലൗവ്വിങ്ങ് ബ്രദേഴ്സ്, ബ്ലൂസ്റ്റാർ സ്പോർട്സ് ക്ലബ് വൈന്തല, ബ്രദേഴ്സ് ചെറുവാളൂർ, സെന്റ് സേവ്യേഴ്സ് സ്പോർട്സ് ക്ലബ് സമ്പാളൂർ, സെന്റ് അഗസ്റ്റ്യൻ വോളിബോൾ ക്ലബ് കാടുകുറ്റി എന്നിവ ശ്രദ്ധേയമാണ്. കൂടാതെ നിരവധി ചെറിയ സ്പോർട്സ് ക്ലബുകളും പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നു. ക്ലബുകളുടെ വിവരങ്ങൾ പട്ടിക അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്.

വളരെ പ്രാധാന്യത്തോടെ തന്നെ എടുത്തു പറയേണ്ടതാണ് സ്ക്കൂളുകളും അവയുടെ കളിസ്ഥലങ്ങളും. സ്ക്കൂൾ തലത്തിൽ തന്നെ കുട്ടികൾക്ക് കായികരംഗത്ത് മതിയായ പ്രോത്സാഹനവും, പരിശീലനവും ഉണ്ടെങ്കിൽ ഇനിയും നിരവധി നേട്ടങ്ങൾ കൈവരിക്കാനാവും.

## നിലവിലുള്ള കല-സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേര് | കെട്ടിട വിവരം | പ്രവർത്തനരംഗം |
|---|---|---|---|
| 1 | ത്രിവേണി തിയറ്റേഴ്സ് അന്നനാട് | സ്വന്തം | അമേച്വർ നാടക രംഗത്ത് പ്രവർത്തിക്കുന്നു |
| 2 | അല അന്നനാട് | സ്വന്തം | അമേച്വർ നാടക രംഗത്ത് പ്രവർത്തിക്കുന്നു, കേരളോത്സവം ജില്ലയിൽ മൂന്നാം സ്ഥാനം |
| 3 | ഉദയ ആർട്സ് ക്ലബ് കുലയിടം | സ്വന്തം | കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| 4 | ശോഭന ആർട്സ് ക്ലബ് കാടുകുറ്റി | സ്വന്തം | പ്രവർത്തനം നിർജീവം |
| 5 | ക്യൂമാ ആർട്സ് കാടുകുറ്റി | സ്വന്തം | സാംസ്കാരിക സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്നു |
| 6 | ഗീതാ ആർട്സ് ക്ലബ് തൈക്കൂട്ടം | സ്വന്തം | പ്രവർത്തനം കാര്യക്ഷമമല്ല |
| 7 | സോക്കേഴ്സ് സ്പോട്സ് ക്ലബ്, അന്നനാട് | സ്വന്തം | ഫുട്ബോൾ മേളകൾ സംഘടിപ്പിക്കുന്നു. |
| 8 | ബ്ലൂസ്റ്റാർ വൈന്തല | സ്വന്തം | കായികരംഗത്ത് പ്രവർത്തിക്കുന്നു. |
| 9 | സെന്റ് അഗസ്റ്റിൻ വോളിബോൾ ക്ലബ്, കാടുകുറ്റി | ഇല്ല | സംസ്ഥാനതലത്തിൽ വോളിബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നു. |
| 10 | ലവിങ്ങ് ബ്രദേഴ്സ് അന്നനാട് | സ്വന്തം | ഫുട്ബോൾ മേളകൾ സംഘടിപ്പിക്കുന്നു. |
| 11 | ബ്രദേഴ്സ് ക്ലബ് ചെറുവാളൂർ | വാടക | ഫുട്ബോൾ |
| 12 | സോഷ്യൽ ക്ലബ് അന്നനാട്. | സ്വന്തം | പ്രവർത്തനം സജീവമല്ല |
| 13 | സെന്റ് സേവ്യേഴ്സ് സ്പോർട്സ് ക്ലബ്, സമ്പാളൂർ | സ്വന്തം | പ്രവർത്തനം സജീവമല്ല |
| 14 | പി.സി.സി. കാടുകുറ്റി | സ്വന്തം | സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| 15 | സംഘം ആർട്സ് ക്ലബ് കുലയിടം | വാടക | സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| 16 | സമീക്ഷാ കലാസാംസ്കാരിക സമിതി, കാതിക്കുടം | സ്വന്തം | പ്രവർത്തനം നിർജീവം |
| 17 | യുവജന കലാകേന്ദ്രം, കാതിക്കുടം | സ്വന്തം | കലാകായിക രംഗത്ത് പ്രവർത്തിക്കുന്നു |
| 18 | ഗ്രാമിക, കാതിക്കുടം | ഇല്ല | പ്രവർത്തനം നിർജീവം |
| 19 | അക്ഷയ ആർട്സ് & സ്പോട്സ് ക്ലബ്, വൈന്തല | ഇല്ല | കലാ, സ്പോർട്സ് |
| 20 | വൈ. എം. സി. എ. വൈന്തല. | സ്വന്തം | സാമൂഹിക പ്രവർത്തനം |
| 21 | രസന, അന്നനാട് | സ്വന്തം | കല, സംസ്കാരം, സന്നദ്ധസേവനം |
| 22 | ജനചൈതന്യ കാടുകുറ്റി | സ്വന്തം | സാമൂഹികം, സംസ്കാരം |

97

**പ്രശ്നങ്ങൾ**

1) ഈ പഞ്ചായത്തിലെ ഭൂരിഭാഗം കായിക സംഘടനകൾക്കും കെട്ടിടമില്ല.
2) കായിക പ്രതിഭകൾക്ക് ലഭിക്കുന്ന പ്രോത്സാഹനത്തിന്റെയും പരിശീലനത്തിന്റെയും അഭാവം.
3) പല സംഘടനകൾക്കും അഫിലിയേഷനില്ല.
4) സംഘടനകളുടെ സാമ്പത്തിക പരാധീനത.
5) കായികതാരങ്ങൾക്ക് പോഷകാഹാര ലഭ്യത കുറവ്.
6) കളി സ്ഥലങ്ങളുടെ പരിമിതികൾ.
7) പരിശീലനത്തിനാവശ്യമായ സാമഗ്രികളുടെ അഭാവം.
8) സ്ഥാപനങ്ങളോടുള്ള അവഗണനന.
9) പരിശീലകരുടെ അഭാവം.

**സാധ്യതകൾ, പരിഹാരങ്ങൾ**

1) പഞ്ചായത്ത് കേന്ദ്രത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം സ്ഥാപിക്കൽ.
2) വിദ്യാഭ്യാസത്തിൽ കായിക അഭ്യാസത്തിന് പ്രാമുഖ്യ നൽകുക.
3) കായികമേളകൾ സംഘടിപ്പിക്കുക.
4) മഹിളാ സമിതികളെ കായികരംഗത്തേക്ക് ആകർഷിക്കുക.
5) സംഘടനകൾക്കും പ്രതിഭകൾക്കും പ്രോത്സാഹനം നൽകുക.
6) സംഘടനകളെ ഏകീകൃതമാക്കുകയും വേണ്ടതായ പരിശീലനവും സൗകര്യവും നൽകുക.
7) സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക.
8) പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുക.
9) സ്കൂളിൽ കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
10) ഗ്രാമീണ തലത്തിൽ കായിക പ്രവർത്തനം നടത്തുക.
11) കേരളോത്സവങ്ങൾ ജനകീയ പങ്കാളിത്തത്തോടെ കാര്യക്ഷമമായി നടത്തുക.

**പത്രമാസികളുടെ പ്രചാരണ പ്രവണത**

ഈ പഞ്ചായത്ത് അതിർത്തിയിൽ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, ദീപിക, കേരളകൗമുദി, എക്സ്പ്രസ്സ്, ജന്മഭൂമി, മാധ്യമം, ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നീ പത്രങ്ങൾ പ്രചാരണത്തിലുണ്ട്. സായാഹ്ന ദിന പത്രമായ രാഷ്ട്രദീപികയും ഇവിടെ എത്തുന്നു.

ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രധാനമായും മംഗളം, മനോരമ, മനോരാജ്യം തുടങ്ങിയ പൈങ്കിളി വാരികകളാണ് മുൻപന്തിയിൽ നിൽക്കുന്നത്. സിനിമ സിനിമ, ചിത്രഭൂമി, നാന, എന്നീ പ്രസിദ്ധീകരണങ്ങളിലെ 'ഗോസിപ്പുകൾ' യുവതലമുറയെ ആകർഷിക്കുന്നു. ഗൗരവമായ വായനക്ക് ഇവ തടസ്സമാവുന്നു. പുരോഗമന സ്വഭാവമുള്ള മാതൃഭൂമി, കലാകൗമുദി, ഇന്ത്യ ടുഡേ, ഭാഷാ പോഷിണി, ചിന്ത, ദേശാഭിമാനി വാരിക, ഇന്ത്യ റിവ്യു എന്നിവയ്ക്ക് ഭേദപ്പെട്ട സർക്കുലേഷൻ ഉണ്ട്.

കുട്ടികളുടെ പ്രസിദ്ധീകരണങ്ങളായ ബാലരമ, പൂമ്പാറ്റ, യൂറിക്ക, ശാസ്ത്ര കേരളം, ശാസ്ത്ര ഗതി, തത്തമ്മ, തളിര് എന്നിവയ്ക്കും സാമാന്യം നല്ല പ്രചാരമുണ്ട്. ഇതിനു പുറമെ അന്നനാട് ഗ്രാമീണ വായനശാല പ്രസിദ്ധീകരിക്കുന്ന 'ഗ്രാമബന്ധു' എന്ന കൈയ്യെഴുത്തു മാസികയും വായനയെ പ്രോത്സാഹിപ്പിക്കുന്നു.

**ഇല്കട്രോണിക് മാധ്യമം**

നമ്മുടെ പഞ്ചായത്തിൽ ഒരു സിനിമ തിയ്യറ്റർ കല്ലൂരിൽ പ്രവർത്തിക്കുന്നു. ഇലക്ട്രോണിക് മാധ്യമരംഗത്ത്, റേഡിയോ, ടി.വി. കേബിൾ ടി.വി. വീഡിയോ എന്നിവക്കാണ് പ്രചാരം. അത്യാധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം സാംസ്കാരിക രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നുണ്ട്.

ആർഭാട പൂർണ്ണവും കുത്തഴിഞ്ഞതുമായ ജീവിതക്രമത്തിനും മാനുഷിക മൂല്ല്യങ്ങളുടെ തകർച്ചക്കും ഈ കടന്നുകയറ്റം പ്രേരകമാവുന്നു. ഇതിനെതിരെ ശക്തമായ ബോധവത്കരണം ആവശ്യമാണ്.

## പ്രാചീന കലകൾ

**പാക്കനാർകളി (പറയൻകളി) : പൂതംകളി, വട്ടമുടി, കൂമ്പൻമുടി**

വട്ടമുടി :– ഇത് തലയിൽ വെയ്ക്കുന്നതാണ്, ആകൃതി അർദ്ധവൃത്തം. വട്ടമുടിയുടെ നെറുകയിൽ 64 ഗണത്തെ അടിസ്ഥാനമാക്കിയാണ് ഇത് ഉണ്ടാക്കുന്നത്. 27 വിരൽ ഉയരവും, 41 1/2 വിരൽ വീതിയും വേണം മുളപൊളിച്ച് എടുക്കുന്ന അളികൊണ്ടാണ് ഇത് ഉണ്ടാക്കുന്നത്.

വേഷങ്ങൾ:– കഴുത്തിൽ അണിയാൻ മാല, മാറിൽ അണിയുന്ന താലി, കൈകളിൽ മണിബന്ധത്തിൽ അണിയുന്ന കൈവെഞ്ച്, മുട്ടിന് താഴെ ഇറങ്ങിക്കിടക്കുന്ന പാവാട, കൈകളിൽ പിടിക്കുന്ന വട്ടചിലമ്പ്, കച്ച്, കാൽചിലമ്പ്, പള്ളിവാൾ, വലിയമര ഉരലും, വലിയ നിലവിളക്കും.

വാദ്യങ്ങൾ:– ചെണ്ട–1, മദ്ദളം – 3, കുഴൽ – 1, ആവശ്യമായ കളിക്കാർ – 10

വേഷങ്ങൾ അണിയുന്ന കലാകാരനും മറ്റുള്ളവരും ചേർന്ന് സംഘമായിട്ടാണ് ഈ കളി നടത്താറ്. ദുർഗ്ഗാദേവിയുടെ കഥ പാട്ട് രൂപത്തിൽ താളത്തോടെ പാടുന്നതിനനുസരിച്ച് വേഷം കെട്ടിയിട്ടുള്ളവർ ആംഗ്യ ഭാഷയോടെ കളി ആരംഭിക്കുന്നു. രാത്രി ആരംഭിക്കുന്ന കളി വെളുക്കുന്നതുവരെയുണ്ടാകും.

ഈ കളി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മുന്നിൽ വടിതല്ല് തടയും പിന്നിൽ വാളും പരിചയും പിടിച്ചവരും കളിയെ അനുഗമിക്കുന്നു.

മുടിയേറ്റ്:– ദേവാസുര യുദ്ധകാലത്ത് ഭദ്രകാളി ദാരികൻ എന്ന അസുരനെ വധിച്ചതിനെ അനുസ്മരിച്ചുള്ള കളിയാണ് മുടിയേറ്റ്.

വേഷങ്ങൾ:– ഭദ്രകാളി, കണ്ഠകർണ്ണൻ, മുണ്ടൻ വട്ടതലിച്ചി, വസൂരിമാല, ദാരികൻ.

വാദ്യങ്ങൾ:– ചെണ്ട, ഇലത്താളം, വലിയ ഉരലും വലിയ നിലവിളക്കും.

ഭദ്രകാളി ദാരീകനെ വധിച്ച കഥ പാട്ടു രൂപത്തിൽ അവതരിപ്പിക്കുമ്പോൾ, കാളിയും മറ്റു വേഷങ്ങളും ദാരികനെ വധിക്കുവാൻ ആംഗ്യങ്ങളോടെ ശ്രമിക്കുന്നു. ദാരികനെ വധിക്കുന്നതോടെ കളി അവസാനിക്കുന്നു.

കാളകളി, കുതിരകളി:– ദുർഗ്ഗാ ദേവിയെ കുറിച്ചുള്ള കളിയാണ് ഇത്. കാള, കുതിര എന്നിവയുടെ രൂപങ്ങൾ മരംകൊണ്ട് ഉണ്ടാക്കുന്നു. എന്നിട്ട് നീളമുള്ള തണ്ടിന്മേൽ വെച്ച് കെട്ടുന്നു. ഇത് തോളിൽ കയറ്റി വെച്ച് ആടുന്നു. താളം മുറുകുന്നതിനനുസരിച്ച് സ്ത്രീകൾ മുടി അഴിച്ചിട്ട് ആടുന്നു. (മുടിയാട്ടം) ഈ കളി രാത്രി ആരംഭിച്ച് വെളുക്കുന്നതുവരെ നീളുന്നു.

വാദ്യങ്ങൾ:– ചെണ്ട, തുടി, താളം.

89

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. സംഘബോധത്തിന്റെ കരുത്തും, നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വീകർ. മുരിങ്ങൂർ – കാടുകുറ്റി റോഡും, അമ്പഴക്കാട് – കല്ലൂർ റോഡുമാണ് ഏറ്റവും പഴക്കമുള്ളത്. കൊരട്ടി– കാടുകുറ്റി റോഡ് ജനങ്ങളുടെ നിരന്തരമായ ശ്രമഫലമായി രൂപപ്പെട്ടതാണ്. മേൽമൂന്നുറോഡുകളും P. W. D. റോഡുകളാണ്. ഇതിന്റെ ദൈർഘ്യം ഏതാണ്ട് 1410 കിലോമീറ്ററാണ്. പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡ് (28.51) കിലോമീറ്ററാണ്. ഒരു ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിന് (1.61) കിലോമീറ്റർ താഴെയേ ടാർറോഡ് ഉള്ളു പഞ്ചായത്തിന്റെ ജനസാന്ദ്രത അനുസരിച്ച് ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് (1.28 മീ) ടാർറോഡ് മാത്രമേ നിലവിലുള്ളു.

റോഡ് ശൃംഖല അത്ര മെച്ചപ്പെട്ടതല്ല. യാത്രാസൗകര്യങ്ങൾ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് പല റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിന് മുഖ്യകാരണം. ആവശ്യത്തിന് ഫണ്ടില്ലാത്തത് എല്ലാ വികസനപ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാണ്.

**പ്രശ്നങ്ങൾ**

**റോഡ് നിർമ്മാണം**

നിലവിലുള്ള ടാർറോഡുകൾ പലതും റീടാറിംഗ് ചെയ്യേണ്ടതാണ്. റോഡുകളുടെ ഗുണനിലവാരമില്ലായ്മയും, ഡ്രൈനേജ് ഇല്ലാത്തതും, വീതികുറവും, ശോചനീയാവസ്ഥക്ക് മുഖ്യകാരണമാണ്. ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെയും മെറ്റൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തുക എന്നത് പ്രധാനപരാതിയാണ്. മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങളും നിരവധിയുണ്ട്. പുതിയ മൺറോഡുൾ നിർമ്മിക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നിലവിലുള്ള ഇടവഴികൾ മൺറോഡാക്കാനും ഗ്രാമസഭകൾ അഭ്യർത്ഥിച്ചിട്ടുണ്ട്. റോഡ് ശൃംഖലയുടെ വ്യാപനം നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടിയെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇത് കാരണമായിട്ടുണ്ട്. ഗ്രാമങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും മൺറോഡുകളായി മാറിയ ഇടവഴികൾ വർഷകാലത്ത് അധികമുള്ള വെള്ളം പാടശേഖരങ്ങളിലേക്ക് ഒഴുകിപോകുന്നതിന് സഹായകമായിരുന്നു. മൺറോഡുകളുടെ നിർമാണരീതി ഈ ഒഴുക്കിന് തടസ്സമായി. സ്വാഭാവികമായി ഇത്തരം റോഡുകളിൽ നീർക്കെട്ടുൾ ഉണ്ടാക്കുകയും ചെയ്യുന്നു. വർഷകാലത്ത് ഗതാഗതയോഗ്യമല്ലാതാക്കുകയും ചെയ്യുന്നു.

**സാദ്ധ്യതകൾ**

**I. റോഡ്**

ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങളും ഉരുത്തിരിയുന്നു.

90

പട്ടിക - 1 പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | വാർഡ് | റോഡ് | ഉടമസ്ഥത | ദൂരം ഏകദേശം | ബസ്സ് | യാത്രാ സൗകര്യം |
|---|---|---|---|---|---|---|
| 1 | 1, 2, 3 | കല്ലൂർ - അമ്പഴക്കാട് | P.W.D | 3.5 K.M. | ഉണ്ട് | ഉണ്ട് |
| 2 | 4, 7, 8 | കാതിക്കുടം - കാടുകുറ്റി | P.W.D | 4.5 K.M. | ഉണ്ട് | ഉണ്ട് |
| 3 | 5, 6, 7, 4 | അന്നനാട് - കാടുകുറ്റി | P.W.D | 5 K.M. | ഉണ്ട് | ഉണ്ട് |
| 4 | 9, 10 | കൊരട്ടി - പുളിക്കകടവ് | P.W.D | 2 K.M. | ഉണ്ട് | ഉണ്ട് |
| 5 | 1 | വടക്കേടത്ത് | പഞ്ചായത്ത് | 600 മീ. | ഇല്ല | ഉണ്ട് |
| 6 | 1 | ഇയ്യാത്തും കടവ് | പഞ്ചായത്ത് | 150 മീ. | ഇല്ല | ഉണ്ട് |
| 7 | 2 | പള്ളിക്കടവ് | പഞ്ചായത്ത് | 300 മീ. | ഇല്ല | ഉണ്ട് |
| 8 | 2 | കമ്പനിക്കടവ് | പഞ്ചായത്ത് | 350 മീ. | ഇല്ല | ഉണ്ട് |
| 9 | 3 | ചാരുപടി റോഡ് | പഞ്ചായത്ത് | 750 മീ. | ഉണ്ട് | ഉണ്ട് |
| 10 | 3 | പാളയം പറമ്പ് - സമ്പാളൂർ | പഞ്ചായത്ത് | 1 1/2 കി.മീ. | ഉണ്ട് | ഉണ്ട് |
| 11 | 4 | കറുവക്കടവ് | പഞ്ചായത്ത് | 800 മീ. | ഇല്ല | ഉണ്ട് |
| 12 | 4 | തെക്കേകപ്പോള - ഞറളിക്കടവ് | പഞ്ചായത്ത് | 1 കി.മീ. | ഇല്ല | ഉണ്ട് |
| 13 | 7 | ഗാന്ധി നഗർ - റോഡ് | പഞ്ചായത്ത് | 300 മീ. | ഇല്ല | ഉണ്ട് |
| 14 | 7 | ചാട്ടും മൂല റോഡ് | പഞ്ചായത്ത് | 1 1/4 കി.മീ. | ഇല്ല | ഉണ്ട് |
| 15 | 5 | വാവുഴി റോഡ് | പഞ്ചായത്ത് | 500 മീ. | ഇല്ല | ഉണ്ട് |
| 16 | 5 | അന്നനാട് - സ്ക്കൂൾ റോഡ് | പഞ്ചായത്ത് | 500 മീ. | ഇല്ല | ഉണ്ട് |
| 17 | 8 | പറയൻ കുന്ന് - ചെറാല കുന്ന് | പഞ്ചായത്ത് | 1 1/2 കി.മീ. | ഇല്ല | ഉണ്ട് |
| 18 | 8 | കെ.സി.പി.എൽ - ക്വാർട്ടേഴ്സ് റോഡ് | പഞ്ചായത്ത് | 150 മീ. | ഇല്ല | ഉണ്ട് |
| 19 | 10 | അരിയമ്പുറം റോഡ് | പഞ്ചായത്ത് | 1.150 കി.മീ. | ഇല്ല | ഉണ്ട് |
| 20 | 9 | രാജീവ് ഗാന്ധി റോഡ് | പഞ്ചായത്ത് | 630 മീ. | ഇല്ല | ഉണ്ട് |
| 21 | 9 | മുല്ല പറമ്പൻ റോഡ് | പഞ്ചായത്ത് | 300 മീ. | ഇല്ല | ഉണ്ട് |
| 22 | 9 | I.H.D.P. റോഡ് | പഞ്ചായത്ത് | 380 മീ. | ഇല്ല | ഉണ്ട് |
| 23 | 10 | മൃഗാശുപത്രി റോഡ് | പഞ്ചായത്ത് | 400 മീ. | ഇല്ല | ഉണ്ട് |
| 24 | 5 | പാമ്പുത്തറ റോഡ് | പഞ്ചായത്ത് | 1 1/4 കി.മീ. | ഇല്ല | ഉണ്ട് |

1) ഗതാഗതതിരക്കുള്ള റോഡുകളിൽ വളവുകൾ അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. പല റോഡുകളിലും പറമ്പുകളുടെ അതിർത്തികൾ റോഡുകളിലേക്ക് ഇറങ്ങിക്കൊണ്ടിരിക്കുന്നു. ജനകീയമായ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമായി ഉണ്ടാകേണ്ടുണ്ട്.

2) റോഡുകൾക്ക് ഡ്രൈനേജ് നിർമ്മിക്കുകയും, കയ്യേറപ്പെട്ട റോഡ് പുറമ്പോക്കുകൾ ഒഴിപ്പിക്കുകയും, റോഡ് സൈഡിലെ സ്ഥിരസ്വഭാവമുള്ള നിർമ്മാണം ഒഴിവാക്കപ്പെടുകയും, വീതി കൂടിയ റോഡുകളിലെ ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കുയും ചെയ്യേണ്ടതാണ്.

3) രണ്ട് ജില്ലകളെ, നിയോജക മണ്ഡലങ്ങളെ, പഞ്ചായത്തുകളെ, വാർഡുകളെ, പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന പുതിയതും പഴയതുമായ റോഡുകൾക്ക് മുൻഗണന നല്കി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ കാടുകുറ്റി, ആലുവ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന പനമ്പിള്ളി സ്മാരകറോഡ്, കാതിക്കുടത്തിനെയും അന്നനാടിനെയും ബന്ധിപ്പിക്കുന്ന ചാത്തൻചാൽമുല്ലപ്പറമ്പ് റോഡ്, കൊരട്ടിയേയും – അന്നനാടിനേയും ബന്ധിപ്പിക്കുന്ന പ്ലാവിട – ആറ്റപ്പാടം റോഡ്, അന്നനാടിനെയും മണ്ടിക്കുന്നിനേയും ബന്ധിപ്പിക്കുന്ന ആറങ്ങാലി റോഡ്, വൈന്തലയേയും വെണ്ണൂരിനേയും ബന്ധിപ്പിക്കുന്ന വൈന്തലകനാൽറോഡ്, കാതിക്കുടം – കട്ടപ്പുറം റോഡ്, K.C.P.L ചെറാലക്കുന്ന് റോഡ് അന്നനാടിനേയും കാടുകുറ്റിയേയും ബന്ധിപ്പിക്കുന്ന വാവുഴി – കോട്ടമുറി റോഡ് എന്നിവ മുൻഗണനാക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്.

4) ഇയ്യാത്തുകടവ്, ആറങ്ങാലിക്കടവ് എന്നിവിടങ്ങളിൽ നിലച്ചുപോയ കടത്ത് കടവുകൾ പുനഃസ്ഥാപിക്കണം. മുമ്പ് ഉണ്ടായിരുന്നതും എന്നാൽ നിറുത്തലാക്കിയതുമായ K.S.R.T.C ബസ്സുകൾ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

5) പ്രധാനബസ്സ് സ്റ്റോപ്പുകളിൽ ബസ്സ് വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കണം.

6) റോഡ് സംരക്ഷണത്തിന് പ്രാദേശികമായി ജനകീയ സമിതികൾ രൂപീകരിക്കാവുന്നതാണ്.

7) ഞറളക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് ബഹുജനതാല്പര്യം ഉണർത്തുകയും, പാലം നിർമ്മാണം നടത്തുന്നതിനുള്ള ഉറപ്പ് ഉണ്ടാവുകയും വേണം– നമ്മുടെ പഞ്ചായത്തിന്റെ അതിപ്രധാനമായ വികസന ലക്ഷ്യങ്ങളിലൊന്നാണിത്.

8) ഡിവൈൻ – മണ്ടിക്കുന്ന് അണ്ടർ ബ്രിഡ്ജ് റോഡ് നടപ്പാകുമെങ്കിൽ, ഒരു റെയിൽവേഗേറ്റിന്റെ തടസ്സം ഒഴിവാക്കാനും, ഞറളക്കടവ് പാലത്തിന്റെ നിർമ്മാണത്തോടെ ഗതാഗതസാധ്യത വർദ്ധിപ്പിക്കാനും കഴിയും.

9) കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണവും കാടുകുറ്റി പഞ്ചായത്തിന്റെ വികസനത്തിൽ സുപ്രധാനമായ ഒരു വഴിത്തിരിവായിരിക്കും.

92

## പട്ടിക –2
## ടാർ ചെയ്യേണ്ട മേറ്റൽ റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം | ഏകദേശം |
|---|---|---|---|---|
| 1. | 8,10 | K.C.P.L. മൃഗാസ്പത്രി | 1 | K. M |
| 2 | 5 | വാവുഴി റോഡ് | 250 | M |
| 3 | 4.5 | പാമ്പുത്തററോഡ് | 600 | M |
| 4 | 4 | കുറുവക്കടവ് റോഡ് | 200 | M |
| 5 | 2 | കോൺവെന്റ് റോഡ് | 400 | M |
| 6 | 1 | അണ്ണാറ റോഡ് | 1 | K.M |

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രെജിസ്റ്റർ അശാസ്ത്രീയമായ ഘടനയാലും കാര്യക്ഷമമായി സൂക്ഷിക്കാത്തതിനാലും റോഡുകളുടെ വികസന പ്രവർത്തനത്തിന് അടിസ്ഥാനമായി പരിഗണിച്ചുകൂടാനാവാത്തതാണ്. പഞ്ചായത്തിൽ നിലവിലുള്ള P.W. D. പഞ്ചായത്ത് ടാർറോഡുകൾ, മൺറോഡുകൾ എന്നിവയുടെ ഒരു ആധികാരികപട്ടിക സൂക്ഷിക്കേണ്ടതാണ്. ഈ പട്ടിക വാർഡ് അടിസസ്ഥാനത്തൽ റോഡുകൾക്ക് നല്കേണ്ട മുൻഗണന അനുസരിച്ചാണ് തയ്യാറാക്കേണ്ടണ്ടത്. വനനശീകരരണത്തിനും അതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്ങ്ങൾക്കും പരിഹാരമായി മൺറോഡുകളിൽ പഞ്ചായത്ത് ഫണ്ട് ചിലവഴിക്കപ്പെടുമ്പോൾ പുതുതായി നിർമ്മിക്കപ്പെട്ട റോഡിന്റെ പാർശ്വങ്ങളിൽ മരങ്ങൾ നട്ടതായി ബോധ്യപ്പെടണമെന്ന് പഞ്ചായത്തിന് നിഷ്കർഷിക്കാവുന്നതാണ്. മിക്കവാറും മൺറോഡുകളുടെ പിന്നിൽ ജനകീയസമിതികൾ ഉണ്ട് എന്നതിനാൽ ഇത്തരം ഒരു നിഷ്കർഷ ഗുണകരമായിരിക്കും.

മണ്ണൊലിപ്പിനും, നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ ഓടകളും കലുങ്കുകളും പാർശ്വസംരക്ഷണഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവയെ പ്രവർത്തകസജ്ജമായി നിലനിർത്തുന്നതിന് അയൽക്കൂടങ്ങളെ ഉപയോഗിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് പൊതുഫണ്ടിൽ നിന്ന് വാർഡുകളിൽ ചിലവഴിക്കപ്പെടുന്ന തുക അവയിലെ ജനസംഖ്യക്ക് അനുപാതികമായ തോതിൽ ആയിരിക്കേണ്ടതാണ്

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. അന്നനാട് 6–ാം വാർഡിലെ പ്ലാവിടറോഡിന്റെ നിർമ്മാണം ഒരു മാതൃകയായി നമുക്ക് കാണക്കാക്കാം.

പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാന ദിനങ്ങളുടെ വിലയും പൊതുസംഭാവനയും ചേർന്നതായിരിക്കണം.

പി. ഡബ്ളിയു. ഡി, പഞ്ചായത്ത് റോഡുകളിൽ മറ്റു ഡിപ്പാർട്ടുമെന്റുകൾ കാനകൾ താഴ്ത്തുന്നതും പഞ്ചായത്തിന്റെ അനുവാദത്തോടും മേൽനോട്ടത്തിലും ആയിരിക്കുകയും വേണം.

93

# പട്ടിക -3

## നിലവിലുള്ളറോഡുകൾ

ഗ്രാമസഭാറിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർ എന്നിവരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | I | കല്ലൂർചന്തറോഡ് | 1.500 | മണ്ണ് |
| 2 | | പാലിയം റോഡ് | 500 M | മണ്ണ് |
| 3 | | മാപ്രാംപിള്ളി റോഡ് | 600 M | മണ്ണ് |
| 4 | | കൂട്ടാലക്കടവ് | 400 M | മണ്ണ് |
| 5 | | ചൂണ്ടാണിക്കടവ് റോഡ് | 500 M | ടാറിങ് |
| 6 | | ഇയ്യാത്തും കടവ് റോഡ് | 150 M | മണ്ണ് |
| 7 | | ലക്ഷം വീട് കോളനി | 500 M | മണ്ണ് |
| 8 | | എ. സി.റോഡ് | 1.200 M | മണ്ണ് |
| 9 | | അമ്പലത്താഴം റോഡ് | 400 M | മണ്ണ് |
| 10 | | കമ്പനിക്കടവ് റോഡ് | 1.500 M | മണ്ണ് |
| 11 | | കാശാംകോടത്ത് മനറോഡ് | 1 M | മണ്ണ് |
| 12 | | വേലത്തിക്കടവ് റോഡ് | 1 KM | മണ്ണ് |
| 13 | | അണ്ണാറപടിഞ്ഞാറ് റോഡ് | 1 KM | മെറ്റലിംഗ് |
| 14 | | അണ്ണാറ തെക്ക് റോഡ് | 600 M | മണ്ണ് |
| 15 | | കടമ്പനാട് കോളനി റോഡ് | 1500 M | മണ്ണ് |
| 16 | | അഷ്ടമിച്ചിറ-അന്നനട P.W.D | 2500 M | ടാറിങ് |
| 17 | | കല്ലുപാടംറാഡ് | 300 M | മണ്ണ് |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | II | തൈക്കൂട്ടം കടവ് | 150. M | മണ്ണ് |
| 2 | | കൂട്ടുങ്ങൽകടവ് | 150 M | മണ്ണ് |
| 3 | | കനാൽവെസ്റ്റ് വെണ്ണൂർ റോഡ് | 1 K. M | മണ്ണ് |
| 4 | | കാരാണിപ്പുറം റോഡ് | 150 M | മണ്ണ് |
| 5 | | പാണ്ടിച്ചി കടവ് റോഡ് | 400 M | മണ്ണ് |
| 6 | | പള്ളിക്കടവ് റോഡ് | 300 M | ടാറിങ് |
| 7 | | ലാലിയം പറമ്പ് കോളനി | 300 M | മണ്ണ് |
| 8 | | കോൺവെന്റ് റോഡ് | 500 M | മെറ്റൽ |
| 9 | | കമ്പനിക്കടവ് റോഡ് | 350 M | ടാറിങ് |
| 10 | | കുഞ്ഞിപറമ്പ് കോളനി | 400 M | മണ്ണ് |
| 11 | | മുളേലിറോഡ് | 750M | മണ്ണ് |
| 12 | | കണിച്ചാന്തുറ റോഡ് | 750 M | മണ്ണ് |
| 13 | | മുഞ്ഞേലിക്കടവ് റോഡ് | 400 M | മണ്ണ് |
| 14 | | മുളേലി ലിങ്ക്റോഡ് | 1.250M | മണ്ണ് |
| 15 | | കാരാണിപ്പുറം മൃഗാശുപത്രിറോഡ് P.W.D | 300 M | മണ്ണ് |
| 16 | | അഷ്ടമിച്ചിറ അന്നനട റോഡ് | 2 K M | ടാറിങ് |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | III | അമ്പഴക്കാട് ചാരുപടി റോഡ് | 750 M | ടാറിങ് |
| 2 | | അഷ്ടമിച്ചിറ അന്നമനട റോഡ് P.W.D. | 3 K. M | ടാറിങ് |
| 3 | | സമ്പാളൂർ പാഴൂക്കര | 1.5 K.M | ടാറിങ് |
| 4 | | അമ്പഴക്കാട് പുഴംകുന്ന് റോഡ് | 1 K M | മണ്ണ് |
| 5 | | സമ്പാളൂർ മുഴിക്കടവ് ചെങ്കുളംറോഡ് | 2 K M | മണ്ണ് |
| 6 | | അമ്പഴക്കാട് കരുവാപ്പടി | 1K M | മണ്ണ് |
| 7 | | വട്ടക്കോട്ട ലക്ഷം വീട് കോളനി | 1 K M | മണ്ണ് |
| 8 | | വില്ലൻ റോഡ് | 500 M | മണ്ണ് |
| 9 | | കണിച്ചാന്തുറ റോഡ് | 800 M | മണ്ണ് |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | IV | തെക്കേകപ്പോള ഞറള കടവ് | 1K M | ടാറിങ് |
| 2 | | കോട്ടമുറി കുറവകടവ് | 300 M | ടാറിങ് |
| 3 | | കോട്ടമുറി കോട്ടരുക് റോഡ് | 1.300M | മണ്ണ് |
| 4 | | കോട്ട കടവ് റോഡ് | 600 M | മണ്ണ് |
| 5 | | ലക്ഷം വീട് കോളനികണക്ഷൻ റോഡ് | 250 M | മണ്ണ് |
| 6 | | പുതുശ്ശേരി (പള്ളിനട) | 600 M | മണ്ണ് |
| 7 | | ഇടപുഴച്ചാൽ റോഡ് | 550 M | മണ്ണ് |
| 8 | | പള്ളിക്കടവ് റോഡ് | 600 M | മണ്ണ് |
| 9 | | ഗ്രിഗോറിപടി P.W. D. കണകഷൻറോഡ് | 500 M | മണ്ണ് |
| 10 | | കുന്നത്ത്കടവ് റോഡ് | 300 M | മണ്ണ് |
| 11 | | മങ്കലം ചിറപ്പണത്ത് റോഡ് | 300M | മണ്ണ് |
| 12 | | കോട്ടക്കടവ് മങ്കലം കണക്ഷൻ റോഡ് | 500 M | മണ്ണ് |
| 13 | | അംഗനവാടിറോഡ് | 350 M | മണ്ണ് |
| 14 | | പാമ്പുതറ ഹരിജൻ കോളനി റോഡ് | 500M | മെറ്റലിംഗ് |
| 15 | | എഴപ്പുഴ പഞ്ചായത്ത്പടി റോഡ് | 350 M | മണ്ണ് |
| 16 | | കാടുകുറ്റി അന്നനാട് P.W.D റോഡ് | 2.5 K M | ടാറിങ് |
| 17 | | M. M. സിമേതി പടി റോഡ് | 300 M | മണ്ണ് |
| 18 | | കാടുകുറ്റി കൊരട്ടിറോഡ് P.W. D. | 2 KM | ടാറിങ് |
| 19 | | കൊളക്കാട്ട് പാടം റോഡ് | 400 M | മണ്ണ് |
| 20 | | പഞ്ചായത്ത് കടവ് റോഡ് | 350 M | മണ്ണ് |
| 21 | | കോട്ട കടവ് പമ്പ്ഹൗസ് റോഡ് | 150M | മണ്ണ് |

 95

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | V | യൂണിയൻ ഹൈസ്കൂൾ റോഡ് | 500 M | ടാറിങ് |
| 2 | | ആറങ്ങാലി റോഡ് | 800M | ടാറിങ് |
| 3 | | വാവുഴി റോഡ് | 500 M | ടാറിങ് |
| 4 | | „ | 400 M | മെറ്റിലിംഗ് |
| 5 | | പാറത്തോട്ടത്തിക്കടവ് റോഡ് | 500M | മണ്ണ് |
| 6 | | കൂടുങ്ങാപ്പുഴ റോഡ് | 300 M | മണ്ണ് |
| 7 | | കിഴാറക്കടവ് റോഡ് | 400 M | മണ്ണ് |
| 8 | | പാമ്പുതറ റോഡ് | 11/4 KM | ടാറിംഗ് |
| 9 | | ഇറിഗേഷൻ കനാൽ റോഡ് | 500 M | മണ്ണ് |
| 10 | | താടിച്ചിക്കുഴി റോഡ് | 400 M | മണ്ണ് |
| 11 | | കോൺവെന്റ് റോഡ് | 350M | മണ്ണ് |
| 12 | | കരുവാപ്പടി റോഡ് | 200 M | മണ്ണ് |
| 13 | | ആറങ്ങാലിക്കടവ് റോഡ് | 200 M | മണ്ണ് |
| 14 | | അന്നനാട് കാടുകുറ്റി P. . W. D റോഡ് | 750M | ടാറിംഗ് |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | VI | അന്നനാട് മരുങ്ങൂർP. W. D. റോഡ് | 2 1/4K M | ടാറിങ് |
| 2 | | വെട്ടിയാടൻ റോഡ് | 500 M | മണ്ണ് |
| 3 | | മേലേടൻ റോഡ് | 450M | മണ്ണ് |
| 4 | | ഏക്കാട് റോഡ് | 400 M | മണ്ണ് |
| 5 | | കൊളപ്പുരയ്ക്കൽ റോഡ് | 500M | മണ്ണ് |
| 6 | | കല്ലൻ തേമാലി റോഡ് | 400 M | മണ്ണ് |
| 7 | | കനാൽപാലം ലക്ഷവീട് കോളനി | 250M | മണ്ണ് |
| 8 | | പ്ലാവിട റോഡ് | 1 1/4 KM | മണ്ണ് |
| 9 | | പ്രിയദർശിനി റോഡ് | 150 M | മണ്ണ് |
| 10 | | മേജർഇറിഗേഷൻകനാൽ ബണ്ട് റോഡ് | 1 1/2M | മണ്ണ് |
| 11 | | കൊളക്കാട്ടിൽ റോഡ് | 400 M | മണ്ണ് |
| 12 | | കൈപ്പുഴകനാൽ ബണ്ട് റോഡ് | 500 M | മണ്ണ് |

| | | | | |
|---|---|---|---|---|
| 1 | VII | വടക്കേചിറ റോഡ് | 300 M | മണ്ണ് |
| 2 | | പുല്ലേലി റോഡ് | 300 M | മണ്ണ് |
| 3 | | കടുകുറ്റി കൊരട്ടി P. W. D. റോഡ് | 21/2 K M | ടാറിങ്ങ് |
| 4 | | ചാട്ടുംമൂല ഹരിജൻകോളനി | 11/4 KM | ,, |
| 5 | | ഗാന്ധിനഗർ നൂറ്റപ്പാടം റോഡ് | 300 M | മണ്ണ് |
| 6 | | സൗത്ത് ചാപ്പൻ നൂറ്റപ്പാടം റോഡ് | 1.700 M | മണ്ണ് |
| 7 | | കോതക്കടവ് റോഡ് | 100 M | മണ്ണ് |
| 8 | | സൗത്ത് ചാപ്പൻ P.W.D ലിങ്ക് റോഡ് | 400 M | മണ്ണ് |
| 9 | | ചാക്കപ്പൻ കടവ് റോഡ് | 250 M | മണ്ണ് |
| 10 | | കുണ്ടുകടവ് റോഡ് | 250 M | മണ്ണ് |
| 11 | | തൈക്കൂട്ടം കടവ് റോഡ് | 260 M | മണ്ണ് |
| 12 | | കാളിവിരുത്തി ക്ഷേത്രം റോഡ് | 400 M | മണ്ണ് |
| 13 | | നൂറ്റപ്പാടം ചാട്ടുംമൂല ലിങ്ക് റോഡ് | 600 M | മണ്ണ് |
| 14 | | മുല്ലപറമ്പ്റോഡ് | 800 M | മണ്ണ് |
| 15 | | ചാട്ടുംമൂല കോളനി | 150 M | മണ്ണ് |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | VIII | കൊരട്ടി - കാടുകുറ്റി PWD റോഡ് | 21/2 KM | ടാറിംഗ് |
| 2 | | പറയംകുന്ന് റോഡ് | 11/2 KM | ,, |
| 3 | | ചാത്തൻ ചാൽ റോഡ് | 11/2 KM | മണ്ണ് |
| 4 | | കുലാലകോളനി റോഡ് | 700 K M | മണ്ണ് |
| 5 | | വെള്ളന്നൂർകുന്ന് റോഡ് | 500 M | ,, |
| 6 | | KCPL മൃഗാസ്പത്രി റോഡ് | 1KM | മെറ്റലിംഗ് |
| 7 | | പനമ്പിള്ളി കടവ് റോഡ് | 500 M | മണ്ണ് |
| 8 | | തച്ചൻതുരുത്ത് റോഡ് | 450 M | ,, |
| 9 | | അയ്യൻകോവ് റോഡ് | 250 M | മണ്ണ് |
| 10 | | കണ്ണഞ്ചിററോഡ് | 750M | മണ്ണ് |
| 11 | | യുവജനകലാകേന്ദ്രം റോഡ് | 250 KM | മണ്ണ് |
| 12 | | നോർത്ത് അംഗൻവാടിറോഡ് | 300 KM | മണ്ണ് |
| 13 | | പതിയാംകുളം റോഡ് | 250M | മണ്ണ് |
| 14 | | ബസ്സ്റ്റോപ്പ് റോഡ് | 300 M | മണ്ണ് |
| 15 | | മാവേലി റോഡ് | 100 M | ,, |
| 16 | | കട്ടപ്പുറം റോഡ് | 250M | മണ്ണ് |
| 17 | | പയ്യപ്പിള്ളി റോഡ് | 300 M | മണ്ണ് |
| 18 | | സ്കൂൾറോഡ് | 150 K M | ,, |
| 19 | | KCPL ക്വാർട്ടേഴ്സ് റോഡ് | 750 K M | ടാറിങ്ങ് |
| 20 | | ചാത്തൻചാൽ കട്ടപ്പുറം ബണ്ട് റോഡ് | 400 M | മണ്ണ് |
| 21 | | ആല റോഡ് | 200 M | ,, |
| 22 | | KCPL പനമ്പിള്ളി സ്മാരക റോഡ് | 1.5 K M | ,, |
| 23 | | കനാൽ ബണ്ട് മേജർ ഇറിഗേഷൻ റോഡ് | 1.5 K M | ,, |

97

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | IX | രാജീവ്ഗാന്ധി റോഡ് | 630 M | ടാറിങ് |
| 2 | | IHDP റോഡ് (പാറയംകോളനി) | 380M | ടാറിങ് |
| 3 | | മുല്ലപറമ്പൻറോഡ് | 300 M | ടാറിങ് |
| 4 | | കൊരട്ടി പുളിക്കകടവ് PWD റോഡ് | 500 M | ,, |
| 5 | | കുലയിടം നോർത്ത് റോഡ് | 125M | മണ്ണ് |
| 6 | | കോളനി പാറയം റോഡ് (IHDP) | 300 M | മണ്ണ് |
| 7 | | കുളത്തായ | 700 M | മണ്ണ് |
| 8 | | ഉദയപരിസരം റോഡ് | 300M | ,, |
| 9 | | വാഴപ്പിള്ളി റോഡ് | 600 M | മണ്ണ് |
| 10 | | അമ്പലം വഴി റോഡ് | 250 M | മണ്ണ് |
| 11 | | മുസ്ലീം പള്ളി റോഡ് (പരിസരം) | 300M | മണ്ണ് |

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം (ഏകദേശം) | തരം |
|---|---|---|---|---|
| 1 | X | അരിയമ്പറം ഹരിജൻ കോളനി | 1.150 M | ടാറിങ് |
| 2 | | ചെറുവാളൂർ മൃഗാസ്പത്രി റോഡ് | 400 M | ,, |
| 3 | | KCPL മൃഗാസ്പത്രി റോഡ് | 950M | മെറ്റലിംഗ് |
| 4 | | കൊരട്ടി പുളിക്കടവ് PWD റോഡ് | 1 K M | ടാറിംഗ് |
| 5 | | കക്കാട് SNDP റോഡ് | 400 M | മണ്ണ് |
| 6 | | ചെനലക്കുന്ന് തോട്ടത്തിക്കടവ് റോഡ് | 650M | മണ്ണ് |
| 7 | | ചെറാലക്കുന്ന് പമ്പ് ഹൗസ് റോഡ് | 250 M | മണ്ണ് |
| 8 | | താണിയം റോഡ് | 250M | മണ്ണ് |
| 9 | | മൃഗാസ്പത്രി തുരുത്ത് റോഡ് | 600M | മണ്ണ് |
| 10 | | പിഷാരത്ത് ക്ഷേത്രം റോഡ് | 150 M | മണ്ണ് |
| 11 | | ചെറുവാളൂർ ജുമാമസ്ജിദ് റോഡ് | 550 M | മണ്ണ് |
| 12 | | റേഷൻകട റോഡ് | 300 M | മണ്ണ് |
| 13 | | അമ്പലപ്പറമ്പ് റോഡ് | 200 M | മണ്ണ് |
| 14 | | പരിക്കപ്പാടം റോഡ് | 400M | മണ്ണ് |
| 15 | | മയ്യനാട് റോഡ് | 750 M | മണ്ണ് |
| 16 | | കക്കാട് ലക്ഷം വീട് കോളനി റോഡ് | 100 M | മണ്ണ് |

98

## പട്ടിക -4
## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം |
|---|---|---|---|
| 1 | 3,4 | ഞറളക്കടവ് അപ്രോച്ച് റോഡ് | 600 മീ |
| 2 | 5,4 | വാവുഴി - കുറുവക്കടവ് കണക്ഷൻ | 300 മീ |
| 3 | 6 | പ്ലാവിട ആറ്റപാടം | 300 മീ |
| 4 | 8 | കണ്ണഞ്ചിറ -കട്ടപ്പുറം | 300മീ |
| 5 | 8,9 | പറയൻകുന്ന് - പാറയം റോഡ് | 750 മീ |
| 6 | 8 | ചെറങ്ങരേത്ത് റോഡ് | 750മീ |
| 7 | 8,7 | കരിമ്പനക്കാവ് - പാലക്കപ്പറമ്പ് | 500മീ |
| 8 | 5 | വടക്കുംപാടം തുരുത്ത് | 250 മീ |
| 9 | 5 | ഇറിഗേഷൻ കനാൽ ബണ്ട് | 250 മീ |
| 11 | 6,8 | കുളപ്പുരക്കൽ -ചാത്തൻ ചാൽ | 750മീ |
| 12 | 1 | മണലിത്തറ റോഡ് | 250 മീ |
| 13 | 7 | തുമ്പുമുറി വള്ളിക്കാട് ബണ്ട് റോഡ് | 800മീ |
| 14 | 1 | ഉഴുന്നാറ -കുട്ടാടം റോഡ് | 500മീ |
| 15 | 4 | ഇടപ്പുഴച്ചാൽ മടപ്പറമ്പ് കോളനി | 500മീ |

99

## ഊർജ്ജം

ആധുനികപുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതിയുടെ ഉപയോഗം ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ഇപ്പോഴും ഈ പഞ്ചായത്തിന്റെ എല്ലാ പ്രദേശത്തും വൈദ്യുതി സുലഭമായി എത്തിയിട്ടില്ല. ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിനുവേണ്ടത്ര ഉപഭോക്താക്കൾ ഇവിടെ ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസുകളൊന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അഷ്ടമിച്ചിറ, കാടുകുറ്റി സബ സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. ഉപഭോക്താക്കളിൽ 35% വും ഗാർഹികാവശ്യക്കാരാണ്. ബാക്കി കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു.

അന്നമനട, കൊരട്ടി മേജർ സെക്ഷനുകളുടെ പരിധിയിൽ വരുന്ന ഈപ്രദേശത്ത് 37 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ ഗാർഹികഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട്തന്നെ മിക്കപ്രദേശങ്ങളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 50% കേടായവയാണെന്ന് അധികൃതർ തന്നെ സമ്മതിക്കുന്നുണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ പെടുത്തിയിരിക്കുന്നു.

| നമ്പർ | ട്രാൻസ്ഫോർമർ കപ്പാസിറ്റി | പേര് | സെക്ഷൻ |
|---|---|---|---|
| 1 | 160KVA | കല്ലൂർ ചന്ത | അന്നമനട |
| 2 | 63KVA | കോക്കത്തോട് | അന്നമനട |
| 3 | 250KVA | കല്ലൂർ സെന്റ് ജോർജ് | അന്നമനട |
| 4 | 100KVA | കല്ലൂർ സെന്റ് ഫ്രാൻസിസ് | അന്നമനട |
| 5 | 100KVA | അണ്ണാറ | അന്നമനട |
| 6 | 160KVA | ബോൺമിൽ | അന്നമനട |
| 7 | 100KVA | തൈക്കൂട്ടം | അന്നമനട |
| 8 | 250KVA | വെന്തല നമ്പർ1 | അന്നമനട |
| 9 | 100KVA | വെന്തല ഹോസ്പിറ്റൽ | അന്നമനട |
| 10 | 160KVA | സെന്റ് മേരീസ് | അന്നമനട |
| 11 | 160KVA | സെന്റ് തോമസ് | അന്നമനട |
| 12 | 250KVA | കണിച്ചാന്തുറ L.S. | അന്നമനട |
| 13 | 400KVA | വൈന്തല K. M. A. | അന്നമനട |
| 14 | 100KVA | പാദയംപറമ്പ് | അന്നമനട |
| 15 | 100KVA | കെ.കെ. ടൈൽസ് | അന്നമനട |
| 16 | 160KVA | അലങ്കാർ ക്ലേ | അന്നമനട |
| 17 | 160KVA | സമ്പാളൂർ നമ്പർ 1 | അന്നമനട |
| 18 | 160KVA | സമ്പാളൂർ നമ്പർ 2 | അന്നമനട |
| 19 | 63 KVA | ചോലാൻ | കൊരട്ടി |
| 20 | 100KVA | വടക്കൻ കടവ് | ,, |
| 21 | 100 KVA | കാതിക്കുടം | ,, |

| നമ്പർ | ട്രാൻസ്ഫോർമർ കപ്പാസിറ്റി | പേര് | സെക്ഷൻ |
|---|---|---|---|
| 22 | 100 KVA | കക്കാട് നമ്പർ 1 | കൊരട്ടി |
| 23 | 100 KVA | കക്കാട് നമ്പർ 2 | കൊരട്ടി |
| 24 | 63 KVA | I .P'.D | കൊരട്ടി |
| 25 | 100 KVA | അയ്യപ്പാസ് | കൊരട്ടി |
| 26 | 100 KVA | കാടുകുറ്റി പള്ളിനട | കൊരട്ടി |
| 27 | 100 KVA | കാടുകുറ്റി കോട്ടമുറി | കൊരട്ടി |
| 28 | 100 KVA | കാടുകുറ്റി വടക്കേകോട്ട | കൊരട്ടി |
| 29 | 63 KVA | കാടുകുറ്റി കൽക്കച്ചിറ | കൊരട്ടി |
| 30 | 100KVA | അന്നനാട് നമ്പർ1 | കൊരട്ടി |
| 31 | 160KVA | അന്നനാട് നമ്പർ2 | കൊരട്ടി |
| 32 | 160 KVA | തോപ്പിൽ (അന്നനാട്) | കൊരട്ടി |
| 33 | 100KVA | അന്നനാട് നമ്പർ23 | കൊരട്ടി, |
| 34 | 110 KVA | എലുവത്തിങ്കൽ | കൊരട്ടി |
| 35 | 100 KVA | ലീതാപാക്ക് | കൊരട്ടി |
| 36 | 100KVA | കുലയിടം | കൊരട്ടി |
| 37 | 100 KVA | കുലയിടം ഇറിഗേഷൻ | കൊരട്ടി |

പഞ്ചായത്ത് പ്രദേശത്ത് ആകെ സ്ട്രീറ്റ്ലൈറ്റിംഗിന് 591 സാധാരണ ബൾബുകളും 100 സെറ്റ് ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ചിലവിലേക്കായ് പഞ്ചായത്ത് പ്രതിമാസം 11298 രൂപ വൈദ്യുതി ബോർഡിലേക്ക് അടക്കുന്നുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും പ്രവർത്തനരഹിതമാണെന്ന കാര്യം ആരെയും രോഷം കൊള്ളിക്കുന്നതാണ്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പ്രേഷണവിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് - പ്രത്യേകിച്ച്, ടച്ചിംഗ് വെട്ടി മാറ്റാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായിരിക്കുന്നു.

3) K.S.E B രജിസ്റ്ററിൽ കാണുന്നതിനേക്കാൾ എത്രയധികം വൈദ്യുതി ഉപയോഗിക്കുന്നു.

4) സമ്പന്നകുടുംബത്തിലെ സ്റ്റെപ്പ് - അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.

5)ബോർഡ് ജീവനക്കാരുടെ അനാസ്ഥയും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങൾക്ക് ആക്കം കൂട്ടുന്നു.

സാധ്യതകൾ

1. മിക്ക ഗ്രാമസഭകളും സ്ട്രീറ്റ്ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു. ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തിയിരിക്കുന്നു.

2) പ്രേഷണ – വിതരണ രംഗങ്ങളിൽ തകരാറുകൾ പരിഹരിക്കാനും മരച്ചില്ലകളും മറ്റും ലൈനിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കാനും പ്രത്യേക സംവിധാനം പ്രാദേശികതലങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

3) സ്റ്റെപ്പ് അപ്കൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തണം.

4) ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനക്ക് വിധേയമാക്കാനുള്ള അധികാരം ഉണ്ടാക്കുകയും തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുകയും വേണം.

5. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ച് ചേർത്ത് പഞ്ചായത്തിന്റെ പരിധിയിൽ തന്നെ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിച്ച് പ്രവർത്തനങ്ങളെ ഏകോപിക്കുകയും വേണം. ബോർഡ് ജീവനക്കാരിൽ പലരും അഴിമതിക്കാരും പ്രതിബദ്ധത ഇല്ലാത്തവരും ആണെന്നുള്ള അർത്ഥം വരുന്ന വിധം പല ഗ്രാമസഭകളും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടെന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6) പഞ്ചായത്തിൽ മിക്കവീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. 5%ൽ താഴെ മാത്രം ആളുകൾ ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തുന്നു. പുകയില്ലാത്ത അടുപ്പുകളെപ്പറ്റിയും, സോളാർ ലാംബുകളെപ്പറ്റിയും അറിയാവുന്ന വനിതകളടക്കമുള്ള സാമൂഹ്യപ്രവർത്തകർ പഞ്ചായത്തിൽ ഉള്ളതുകൊണ്ട് അനർട്ടിന്റേയും വൈദ്യുതിബോർഡിന്റേ.യും സഹായത്തോടെ ഇവ രണ്ടിന്റെയും പ്രചരണത്തിനുവേണ്ടി പഞ്ചായത്ത് മുൻകൈ എടുത്ത് വിപുലമായ ബോധവല്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

4. വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതബോർഡിന്റെ സഹകരണത്തോടെ ബോധവല്കരണപരിപാടി സംഘടിപ്പിക്കാൻ നിർദ്ദേശിക്കുന്നു. വൈദ്യുതിരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും നല്ലപോലെ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗാർഹികോപയോഗത്തിനും, തെരുവുവിളക്കുകൾക്കായും സൗരോർജ്ജ വിളക്കുകളെ ഉപയോഗപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനെകുറിച്ച് ആലോചിക്കാവുന്നതാണ്.

6) പഞ്ചായത്ത് തലത്തിൽ ഗ്യാസ് കണക്ഷന് നിരവധി ആവശ്യക്കാരുണ്ടെങ്കിലും സർക്കാർ അനുമതിയില്ലാത്തത് നിമിത്തം ഗാർഹിക ആവശ്യങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഇക്കാര്യത്തിൽ സർക്കാർ ശ്രദ്ധ വേണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.

7) ഗോബർഗ്യാസിന് നല്ല സാദ്ധ്യതയുള്ള പ്രദേശമാണ് ഇത്. ആവശ്യമായ പ്രോൽസാഹനം നല്കുന്നുവെങ്കിൽ സാദ്ധ്യതകൾ ഏറെയാണ്.

8) സമഗ്രമായ ഊർജ്ജ സർവ്വെ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തി, വൈദ്യുതി രംഗത്തെ പ്രതിസന്ധികൾ കണ്ടെത്തണം.

9) ദക്ഷതയേറിയ ഉപകരണങ്ങളുടെ പ്രചാരണം വർദ്ധിപ്പിക്കണം.

ഉദാ : കച്ചിപ്പെട്ടി, പരിഷത്ത് അടുപ്പുകൾ, കുക്കർ, ബയോഗ്യാസ്, ഗാഡിഫെയർ ഉല്പന്നങ്ങൾ എന്നിവ

10) വൈദ്യുതി ലൈനുകളുടെ ടച്ചിംഗ്സ് ജനകീയമായി മുറിച്ചു മാറ്റുകയും . ട്രാൻസ്ഫോർമറുകൾ, ജംബ്ബറുകൾ മാറ്റി സ്ഥാപിക്കുകയും, ലൈൻ റീകട്ടിംഗ് നടത്തി പ്രസരണനഷ്ടം കുറയ്ക്കുകയും ചെയ്യണം.

11) സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിയന്ത്രണം പഞ്ചായത്തുകൾണ്ടായിരിക്കുകയും ആയത് സംരക്ഷിക്കുന്നതിന് പ്രാദേശികമായ അയൽക്കൂട്ടങ്ങളെ ഉപയോഗിക്കുകയും വേണം.

12) വീതികൂടിയ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ അരികിലേക്ക് നീക്കിയിടുന്നതിന് ഇന്ന് നിലവിലുള്ള തയസ്സം ഒഴിവാക്കണം.

13) പഞ്ചായത്തിന്റെ പരിധിയിലുള്ള വാർത്താവിനിമയബന്ധങ്ങളെ ഏകോപ്പിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുക.

## മാർക്കറ്റ്

കാടുകുറ്റി പഞ്ചായത്ത് പരിധിയിൽ കേന്ദ്രീകൃതമായ മാർക്കറ്റിംഗ് സമ്പ്രദായം നിലവിലില്ല. നെല്ല്, നാളികേരം, ഏത്തവാഴ, അടയ്ക്ക, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയാണ് ഇവിടത്തെ പ്രധാന കാർഷികവിള കൾ. ഇവയിൽ പ്രധാനഉല്പന്നമായ നാളികേരത്തിന് ഒരു പൊതു വിപണിയൊ, സഹകരണ വിപണി യോ, വിശ്വസിക്കാവുന്ന വിപുലമായ ഒരു സ്വകാര്യ വിപണിയോ നിലവിലില്ല എന്നതാണ് പരിതാപകര മായ വസ്തുത. കാർഷികോല്പന്നങ്ങളും, അവയുടെ മാർക്കറ്റിംഗ് പ്രശ്നങ്ങളും ഫലപ്രദമായ പരിഹാര നിർദ്ദേശങ്ങളും ഇനിയും രൂപപ്പെടേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1 നാളികേരത്തിന് പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു പൊതുമാർക്കറ്റ് ഉണ്ടവുകയും, ന്യായവിലക്ക് വാർഡു കളിൽ നിന്ന് നാളികേരം സംഭരിക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുകയും വേണം. ഈ കാര്യത്തിൽ കാടുകുറ്റി സർവ്വീസ് സഹകരണബാങ്കിന്റെ മുൻകൈ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

2. എല്ലാ കാർഷിക ഉല്പന്നങ്ങൾക്കും പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ആഴ്ച ച്ചന്ത ആരംഭിക്കാവുന്ന താണ്. കാടുകുറ്റി പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ഇക്കാര്യത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

3. നാളികേരത്തെ മുഖ്യ അസംസ്കൃതവസ്തുവായി കേന്ദ്രീകരിച്ചുകൊണ്ടുള്ള (നാളികേരം, കൊപ്ര, ചിരട്ട, ചകിരി എന്നിവ) ഒരു വ്യവസായ യൂണിറ്റിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യാമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നി ന്റെയും അധികലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണനസംവിധാനം കരുപിടിപിടിപ്പിക്കുന്നത് സ്വാശ്രയഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെയ്പ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല

പട്ടിക 2

മണ്ണെണ്ണയുടെ ഉപയോഗം (പഞ്ചായത്തിൽ)

| കാർഡു വഴി വിതരണം ചെയ്തത് | പെർമിറ്റ് വഴി വിതരണം ചെയ്തത് | ആകെ |
|---|---|---|
| 50226 ലിറ്റർ | 153262 ലിറ്റർ | 2023488 ലി. |

# വിഭവസമാഹരണം

കാടുകുറ്റി പഞ്ചായത്തിൽ ഒരു വൻകിട വ്യവസായ സ്ഥാപനവും പതിനാറ് ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. വ്യവസായ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിദ്യുച്ഛക്തി ക്ഷാമം ആണ്.

കാർഷിക മേഖല സ്തംഭനാലവസ്ഥയിലാണ്. കൃഷിയിടങ്ങൾ താമസസ്ഥലങ്ങളായി മാറുന്നു. ഉല്പാദനവും ഉത്പാദനക്ഷമതയും അനുദിനം കുറയുന്നു.

പട്ടിക – 1 വരവ് സംബന്ധിച്ച വിവരങ്ങൾ (95–96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 2,70,887.50 | 2,68,487.50 | 2400 |
| സർവ്വീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 1,94,634 | 1,94,094 | 540 |
| വിനോദനികുതി | 21,223 | 21,223 | ഇല്ല |
| അഡി. വിനോദനികുതി | 11027 | 11027 | ഇല്ല |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 515.50 | 515,50 | ഇല്ല |
| പ്രദർശന നികുതി | 2060 | 2060 | ഇല്ല |
| ചന്തവരവ് | ഇല്ല | ഇല്ല | ഇല്ല |
| ലൈസൻസ് ഫീസ് | 11400 | 11400 | ഇല്ല |
| കെട്ടിട നികുതി സർചാർജ് | 16016 | 15859.50 | 156.50 |
| വസ്തു കൈമാറ്റ നികുതി 75% | 2,31,419 | 2,31,419 | ഇല്ല |
| വസ്തു കൈമാറ്റ നികുതി 25% | 15000 | 150000 | ഇല്ല |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവുകൾ | ഇല്ല | ഇല്ല | ഇല്ല |
| സംഭാവന | - | - | - |
| ഡെപ്പോസിറ്റ് | - | - | - |
| മറ്റുള്ളവ | - | - | - |
| ആകെ | 909182 | 906085.50 | 3096.50 |

നമ്മുടെ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 1569/– രൂപ വസൂലാക്കിയിട്ടുണ്ട്, മുഴുവൻ കച്ചവടക്കാരുടെ പക്കൽ നിന്നും വസൂലാക്കാൻ നികുതി കഴിയേണ്ട താണ്

**കെട്ടിട നികുതി**

കാടുകുറ്റി പഞ്ചായത്തിൽ കഴിഞ്ഞ വർഷം കെട്ടിട നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയത് 2,68,487.50 രൂപയാണ്. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്.

104

## തൊഴിൽ നികുതി

കാടുകുറ്റി പഞ്ചായത്തിൽ കഴിഞ്ഞ വർഷം തൊഴിൽ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയത് 1,94,094 രൂപയാണ്. പഞ്ചായത്തതിർത്തിയിൽ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥരാണ്.

## വിനോദ നികുതി

കാടുകുറ്റി പഞ്ചായത്തിൽ കഴിഞ്ഞ വർഷം വിനോദ നികുതിയിനത്തിൽ 21,223 രൂപയും അഡീഷണൽ വിനോദ നികുതിയിനത്തിൽ 11027 രൂപയും പിരിഞ്ഞു കിട്ടി. പഞ്ചായത്തിൽ ഒരു സിനിമാതിയ്യേറ്റർ മാത്രമേ ഉള്ളു.

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

കാടുകുറ്റി പഞ്ചായത്തിലുള്ള പുഴ പുറമ്പോക്ക് കൃത്യമായി അളന്നു തിട്ടപ്പെടുത്താനുള്ള പ്രവർത്തി അടിയന്തിരമായി നടത്തണം.

പതിനൊന്നു മാസ കാലയളവിലേക്ക് ലീസിന് കൊടുത്തിരിക്കുന്ന പഞ്ചായത്തു ഭൂമിയിൽ നിന്നുള്ള വരുമാനം 2300/ രൂപയാണ്. ഫല വൃക്ഷങ്ങളിൽ നിന്നുള്ള ലേലവരുമാനം 6895/ രൂപയാണ്. കാടുകുറ്റി പഞ്ചായത്തിൽ കഴിഞ്ഞ വർഷം മണൽ ലേലത്തിൽ നിന്ന ലഭിച്ച വരുമാനം 2,26,650 രൂപയാണ്. ഇത്തവണ ലേലതുക കുറഞ്ഞിരിക്കുകയാണ്. പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയന്ത്രണ രഹിതമായ മണൽ വാരൽ അവസാനിപ്പിക്കേണ്ടതാണ്.

## ബാങ്ക്

നമ്മുടെ പഞ്ചായത്തിൽ നാലു ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. എട്ട് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. കാടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് 1947 ഏപ്രിൽ 16-ന് പ്രവർത്തനം ആരംഭിച്ചു.

## ചിലവുകൾ

നമ്മുടെ പഞ്ചായത്തിലെ ഭരണ ചിലവുകളിൽ കാര്യമായ മാറ്റമൊന്നും വരുത്താൻ കഴിയുകയില്ല.

പഞ്ചായത്തിലെ വിഭവങ്ങൾ ചിലവഴിക്കുന്നത് പ്രത്യുല്പാദനപരമായ രീതിയിലായിരിക്കണം. കഴിഞ്ഞ വർഷം പൊതുമരാമത്തിന് 47,238-രൂപയും, വിദ്യാഭ്യാസത്തിന് 29036 രൂപയും, തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് 1,24,535 രൂപയും ജലവിതരണത്തിന് 24,603 രൂപയും ചെലവഴിക്കുകയുണ്ടായി. 9,23,113 രൂപ മറ്റിനങ്ങളിലും ചെലവുചെയ്യുകയുണ്ടായി.

ആകെ ചിലവ് 17,57,865 രൂപയായിരുന്നു.

പട്ടിക - 2 (ചിലവ് സംബന്ധിച്ച വിവരങ്ങൾ 95-96)

| | |
|---|---|
| ഭരണം | 6,09,340 |
| പൊതുമരാമത്ത് | 47,238 |
| വിദ്യാഭ്യാസം | 29,036.85 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 24,603 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 1,24,535 |
| മറ്റുള്ളവ | 9,23,113 |
| ആകെ | 17,57,865.85 |

105

പട്ടിക – 3 പൊതുസാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനകണക്ക് | കടം സംമ്പന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 22,44,527 | - | ഇല്ല |
| ചിലവ് | 17,57,865.85 | - | ഇല്ല |

പട്ടിക – 4 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചിലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ ഫണ്ട് | ആകെ |
| റോഡ് | 5,05,000 | 3,05,000 | 2,00,000 | 5,05,000 |
| തോട് | 24,500 | 10,000 | 14,500 | 24,500 |
| കെട്ടിടം | ഇല്ല | — | — | — |
| നടപ്പാലം | — | — | — | — |
| മറ്റുള്ളവ | — | — | — | — |
| ആകെ | 5,29,500 | 3,15,000 | 2,14,500 | 5,29,500 |

പട്ടിക – 5 (ഗ്രാന്റ് വിവരങ്ങൾ)

| VRM | MI | VTC | അടിസ്ഥാന നികുതി | | സ്പെ. ഗ്രാന്റ് | JRY | അൺ ടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% | 75% | | | | |
| 27,831 | 10,000 | 1,36,187 | 1,50,000 | 2,31,419 | ഇല്ല | 3,08,270 | 2,74,700 | 12,44.527 |

106

പട്ടിക – 6 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ചവിവരങ്ങൾ

| വകുപ്പ് | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 1000 | 3000 | 4000 |
| ആരോഗ്യം | | 66204 | 66204 |
| കൃഷി | 2,80,915 | 31,325 | 312230 |
| ആയുർവ്വേദം | | 3250 | 3250 |
| ഹരിജന ക്ഷേമം | 232 | 500 | 732 |
| ക്ഷീരോല്പാദനം | 5300 | -- | 5300 |
| ആകെ | 2,87,447 | 1,04,279 | 3,91,726 |

പട്ടിക – 7

| വാർഡ് | ആകെ കെട്ടിടങ്ങൾ | നികുതിചുമത്തപ്പെട്ടവ | നികുതി ഒഴിവായവ |
|---|---|---|---|
| 1 | 640 | 395 | 245 |
| 2 | 501 | 274 | 227 |
| 3 | 643 | 334 | 309 |
| 4 | 683 | 467 | 216 |
| 5 | 620 | 352 | 268 |
| 6 | 622 | 408 | 214 |
| 7 | 598 | 352 | 246 |
| 8 | 748 | 379 | 369 |
| 9 | 630 | 425 | 205 |
| 10 | 593 | 423 | 170 |

**നിർദേശങ്ങൾ**

1. വിവിധ വാർഡുകളിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യ പ്രയത്നത്തിന്റെ ഒരു ഭാഗം സമാഹരിച്ചു നല്കാൻ ഗ്രാമ സഭകൾ തയ്യാറാകണം. ഇക്കാര്യത്തിൽ പത്തു ശതമാനമെങ്കിലും വിഹിതം നൽകാൻ തയ്യാറുള്ള പദ്ധതികൾക്ക് മുൻഗണന നൽകണം.

2. റോഡുകൾ അറ്റകുററ പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് ആവശ്യമായ വിഭവസമാഹരണം ഗുണഭോക്താക്കളേയോ, ഗ്രാമ സഭകളേയോ ചുമതലപ്പെടുത്താവുന്നതാണ്.

3. വാർഡുകളിൽ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു സംഘം രൂപീകരിക്കുകയും വാർഡിലെ പൊതുമരാമത്ത് പണികൾ ഈ സംഘം വഴി ഏറ്റെടുത്ത് നടത്തുന്നതിനുള്ള സൗകര്യം ചെയ്യുക.

4. പ്രാഥമിക സഹകരണസംഘങ്ങളിൽ ഓരോ വാർഡിൽ നിന്നും പ്രാതിനിധ്യം ഉറപ്പാക്കുക.

5. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ പഞ്ചായത്തുകൾക്കും ലഭ്യമാക്കുക.

6. ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും ന്യായമായ വിഹിതം പഞ്ചായത്തുകൾക്കും വാർഡുകൾക്കും ലഭ്യമാക്കുക.

7. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.

8. കെട്ടിടനികുതി നിശ്ചയിക്കുന്ന കമ്മിറ്റികളിൽ ഗ്രാമ സഭാംഗങ്ങളെ കുടി ഉൾപ്പെടുത്തണം.

9. തരിശിടുന്ന ഭൂമികൾക്ക് ടാക്സ് ഏർപ്പെടുത്തണം.

10. പരസ്യനികുതി ഏർപ്പെടുത്തണം.

11. കാടുകുറ്റി പഞ്ചായത്തിൽ ഒരു ദേശസാൽകൃത ബാങ്ക് ശാഖ ആരംഭിക്കണം.

12. വിദേശത്ത് ജോലി ചെയ്യുന്നവരുടെ പണം സ്വരൂപിച്ച് വ്യവസായരംഗം ശക്തിപ്പെടുത്തണം.

13. സന്നദ്ധസംഘടനകൾ വഴി മനുഷ്യാദ്ധ്വാനം സമാഹരിച്ച് വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

14. സ്ഥിരസ്വഭാവമുള്ള തൊഴിലെടുക്കുന്ന, പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ആളുകളിൽ നിന്നും തൊഴിൽ കരം ഈടാക്കണം.

15. നിശ്ചിത ചതുരശ്രീ അടിയിൽ കൂടുതൽ വലുപ്പമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്ന് പ്രത്യേക കെട്ടിട നികുതി ഈടാക്കുക.

16. നിശ്ചിത പരിധിയിൽ കൂടുതൽ ആദായം ലഭിക്കുന്നവർക്ക് പഞ്ചായത്ത് പ്രത്യേക ആദായ നികുതി ചുമത്തണം.

17. ടെലിവിഷൻ, നാലുചക്രവാഹനങ്ങൾ, പി.ഡബ്ല്യു.ഡി. റോഡുകൾക്ക് അഭിമുഖമായുള്ള കച്ചവടസ്ഥാപനങ്ങൾ എന്നിവക്ക് പഞ്ചായത്ത് തലത്തിൽ നികുതി ചുമത്താവുന്നതാണ്.

18. ഗ്രാമ പഞ്ചായത്തുകളുടെ നിയമങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് പഞ്ചായത്തിന് പിഴ ഈടാക്കാവുന്നതാണ്.

19. പുറമ്പോക്കുകളിലും റോഡരികിലും തേക്ക് മുതലായ വിലപിടിപ്പുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുക.

108

പട്ടിക - 8 കേരളത്തിന്റെ പദ്ധതി വിഹിതം

| പദ്ധതി | വർഷം | ആകെ നിക്ഷേപം (കോടതിയിൽ) |
|---|---|---|
| ഒന്ന് | 1951-56 | 20.89 |
| രണ്ട് | 1956-61 | 80.22 |
| മൂന്ന് | 1961-66 | 182.31 |
| വാർഷിക പദ്ധതികൾ | 1966-69 | 144.37 |
| നാല് | 1969-74 | 345.76 |
| അഞ്ച് | 1974-78 | 691.00 |
| വാർഷിക പദ്ധതി,വാർഷിക പദ്ധതി | 1978-79, 1979-80, | 239.54 |
| ആറ് | 1980-85 | 1801.62 |
| ഏഴ് | 1985-90 | 2546.91 |
| വാർഷിക പദ്ധതി | 1990-92 | 1672.23 |
| എട്ടാം പദ്ധതി ആദ്യ 4 വർഷം | 1992-96 | 4989.75 |
| ആകെ | | 12719.60 |

# ഉപസംഹാരം

1995 ഒക്ടോബർ രണ്ടാം തീയ്യതി കാടുകുററി ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികാരമേററു. മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.ജോസ് പുതുശ്ശേരി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിഅംഗങ്ങൾക്ക് സത്യവാചകം ചൊല്ലി കൊടുത്തു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുത്ത പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ നടന്ന ചടങ്ങിൽവെച്ച് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി രാധാ ബാലകൃഷ്ണൻ അഴിമതിരഹിതവും, കക്ഷിരാഷ്ട്രീയത്തിനതീതവുമായ ഒരു സദ്ഭരണം ഉറപ്പു നല്കി.

അധികാരവികേന്ദ്രീകരണവും ഗ്രാമസഭകളുടെ രൂപീകരണവും വന്നതോടെ ജനങ്ങൾ അത്യധികം നാടിൻെറ വികസന - സാമൂഹ്യപ്രശ്നങ്ങളിൽ പങ്കുചേരാൻ തുടങ്ങിയിട്ടുണ്ട്. ആവശ്യങ്ങളുടെ നീണ്ട പട്ടികതന്നെ ഗ്രാമസഭകളിൽ നിന്ന് വന്നു കൊണ്ടിരിക്കുന്നു.

നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. റോഡും, വെള്ളവും, വെളിച്ചവുമായാൽ വികസനമായി എന്ന മനോഭാവം എവിടേയും നിറഞ്ഞുനില്ക്കുന്നു. ഉല്പാദനപ്രക്രിയ വികസനവീക്ഷണത്തിൽ നിന്ന് അന്യം നില്ക്കുകയാണ്.കാർഷിക-വ്യവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസിതതന്ത്രമാണ് ഇന്നിൻെറ ആവശ്യം.

വികസനം, ഡിപ്പാർട്ടുമെൻറുകളുടെ വികസനേതര താല്പര്യങ്ങിൽ കുരുങ്ങികിടക്കുന്ന ഇന്നത്തെ നില മാറിയേ തീരൂ. സാർവത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിക്കപ്പെടണം. ജനപങ്കാളിത്തവും ജനജാഗ്രതയും ഊട്ടി വളർത്തി വികസനപ്രക്രിയ ത്വരിതപ്പെടുത്തുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല. ഫണ്ട്സമാഹരണത്തിന് പുതിയ പാതകൾ വെട്ടിതുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി, പററിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ ബുദ്ധിമുട്ടില്ല.

പദ്ധതികൾ നടപ്പാക്കുമ്പോൾ, വസ്തുനിഷ്ഠ സമീപനം പ്രായോഗികമാക്കണം. സാമൂഹിക - രാഷ്ട്രീയ രംഗത്തുള്ള എല്ലാതർക്കങ്ങൾക്കും കാരണം, പ്രശ്നങ്ങളെ മനോനിഷ്ഠമായി വിലയിരുത്തുന്നതാണ്. വസ്തുനിഷ്ഠമായി, തെളിവിൻെറ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതോടെ തർക്കവിതർക്കങ്ങൾ ഇല്ലാതാവും. ഐക്യം വളർന്നുവരികയും ചെയ്യും.

ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ഒമ്പതാം പദ്ധതിക്കുള്ള ആകെ തുക 14800 കോടി രൂപയാണ്. ഇതിൻെറ 40% എന്നാൽ 5920 കോടി രൂപയാണ്. ഇതിൻെറ പകുതി 2960 കോടി ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. 25% ജനവിഹിതം കിട്ടാനിടയുണ്ടെന്ന് പ്രതീക്ഷിക്കാമെങ്കിൽ പ്രതിവർഷം പഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക 72.9 ലക്ഷമാണ്.

വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിന് കാരണമാവും എന്ന് ഉറപ്പാണല്ലോ. അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ സമഗ്രവികസനരേഖ സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനത, ഒററക്കെട്ടായി വികസനത്തിൻെറ രാഷ്ട്രീയത്തിൽ മുഴുകിയാൽ, യഥാർത്ഥ ജനകീയ രാഷ്ട്രീയം അതിൽനിന്ന്- പാലാഴി മഥനത്തിൽനിന്ന്, അമൃതകുംഭം എന്നതുപോലെ - ഉയർന്നു വരുമെന്നത് സ്വാഭാവികം മാത്രമാണ്. അയൽക്കൂട്ടങ്ങളുടെ - ഗ്രാമസഭകളുടേയും - ജനകീയശക്തിയിൽ ഗ്രാമവികസനത്തിനൊരു വേലിയേററം സൃഷ്ടിക്കുവാൻ നമുക്ക് കഴിയണം.

"നിങ്ങൾ ഒരു വർഷത്തേക്കാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ ധാന്യങ്ങൾ വിതക്കുക. പത്തുവർഷത്തേക്കാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക. ഒരു ആയുഷ്ക്കാലത്തേക്കാണ് ആസൂത്രണം ചെയ്യുന്നതെങ്കിൽ മനുഷ്യരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക." ഒരു ചൈനീസ് ചിന്തകൻെറ അഭിപ്രായമാണിത്.

വികസനമെന്നത് അനന്തവും അനസ്യൂതവുമായപ്രക്രിയയാണ്. ഇതിന് ഉപസംഹാരങ്ങളില്ലെങ്കിലും, മഹത്തായ നമ്മുടെ പ്രതീക്ഷ നിറവേററാൻ സമീപകാലത്തുതന്നെ നമുക്ക് കഴിയുമെന്ന പ്രതീക്ഷയോടെ ഈ സമഗ്ര വികസനരേഖ കാടുകുററി ഗ്രാമപഞ്ചായത്ത് വികസനസെമിനാറിനു മുമ്പാകെ അവതരിപ്പിക്കുന്നു. വിശദമായ വിശകലനത്തിനും, ചർച്ചക്കും, പരിഷ്കരണത്തിനും വേണ്ടി.

1996 നവംബർ മാസം 24-ാം തിയ്യതി അന്നനാട് ശ്രീ അയ്യപ്പ ഓഡിറേറാറിയത്തിൽ ചേരുന്ന കാടുകുററി ഗ്രാമപഞ്ചായത്തിൻെറ വികസന സെമിനാറിൽ പങ്കെടുക്കുന്ന മുഴുവൻ പ്രതിനിധികളേയും ജനകീയ ആസൂത്രണ സമിതി സ്നേഹപൂർവ്വം അഭിവാദനം ചെയ്യുകയും ചെയ്യുന്നു.

111




ഭാവന ഓഫ്സെറ്റ് ചിറങ്ങര, ഫോൺ : 832048, 832618 (048

112

അധികാരം ജനങ്ങളിലേക്ക്

# കോടശ്ശേരി ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

# ജനകീയാസൂത്രണപ്രസ്ഥാനം
# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## അധികാരം ജനങ്ങളിലേക്ക്

## വികസന റിപ്പോർട്ട്
## കോടശ്ശേരി
## ഗ്രാമപഞ്ചായത്ത്
## 1996

# ആമുഖം

ഭരണഘടനാനുസൃതമായും അധികാരവികേന്ദ്രീകരണത്തിലധിഷ്ടിതമായും നിലവിൽ വന്ന ത്രിതല പഞ്ചായത്ത്രാജ് സംവിധാനത്തിൻ കീഴിൽ നടക്കുന്ന ആസൂത്രണ പ്രക്രിയ വിസ്മൃതജനകോടിയുടെ ആശയാഭിലാക്ഷങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള മാർഗരേഖ യായിരിക്കണം.ഇതു തയ്യാറാക്കുന്നതിന്റെ രണ്ടാം ഘട്ടപര്യവസാനമാണിത്. ഇതിന്റെ മുന്നൊരുക്കം എന്ന നിലയിൽ ജില്ലാതല റിസോഴ്സ് പേഴ്സന്മാരുടെ പരിശീലനവും ലോക്കൽ റിസോഴ്സ് പേഴ്സന്മാരുടെ ഏകദിന പരിശീലനവും തുടർന്നു ഗ്രാമസഭാസമ്മേളനങ്ങളുംനടന്നു. അവയിൽ ഗ്രാമസഭാ റിപ്പോർട്ടുകളും വികസനസെമിനാറിലേക്കുള്ള 10 പേരെ വീതവും തെരഞ്ഞെടുത്തു. രണ്ടാം ഘട്ടത്തിന്റെ മുന്നൊരുക്കമായി മൂന്നു ദിവസത്തെ;ജില്ലാതല റിസോഴ്സ് പേഴ്സന്മാരുടെ പരിശീലനവും ഒരു ദിവസത്തെ ലോക്കൽ റിസോഴ്സ് പേഴ്സന്മാരുടെ പരിശീലനവും തുടർന്നു പഞ്ചായത്തു തലക്രോഡീകരണവും നടന്നു. ക്രോഡീകരണാനന്തരം കിട്ടിയ 12 വിഷയങ്ങളെ ആധാരമാക്കി തയ്യാറാക്കിയ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയും പഠനപര്യടനാനുഭവങ്ങളെ വിലയിരുത്തിയും ആണ് ഈറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് നിങ്ങളേവരുടേയും പഠനത്തിനും വികസനസെമിനാറിന്റെ വിശദമായ ചർച്ചയ്ക്കും ഭാവി വികസനത്തിനും ആധാരമായി ഭവിക്കേണ്ടതാണ്.

പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും ചുമതലകളും ചുമതലാബോധത്തോടുകൂടി മനുഷ്യ-ധന-പ്രകൃതിവിഭവങ്ങളെ പ്രയോജനപ്പെടുത്തി പരിസ്തിതിക്കു കോട്ടംതട്ടാതെ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി ജനങ്ങളെ പുരോഗതിയിലേക്കും നയിക്കുകയാണ് പഞ്ചായത്തിന്റെ ചുമതല.എല്ലാവിധ അസന്തുലിതാവസ്ഥകളും ഇല്ലാതാക്കി വികസന ഫലങ്ങളെ നീതിപൂർവ്വമായി വിതരണം ചെയ്യുകയും വേണം.

സമഗ്രമേഖലകളേയും അപഗ്രഥിച്ചറിയുകയും പ്രകൃതി സമ്പത്തും മനുഷ്യശക്തിയും ബുദ്ധിയും ഏകോപിച്ച് ജനപങ്കാളിത്തത്തിനു മുൻകൈയുള്ള ഒരു വികസനസംസ്കാരം വളർത്തിയെടുക്കുകയാണ് നമ്മുടെ ലക്ഷ്യം.

പഞ്ചായത്തു തല വികസന ആസത്രണം സംസ്ഥാനതല ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യഘടകമായിരിക്കണം. അതുകൊണ്ട് ഗ്രാമപഞ്ചായത്തുതല ആസൂത്രണരീതികളും സങ്കേതങ്ങളും ഉന്നതതല ആസൂത്രണ രീതികളുമായി പൊരുത്തപ്പെടുന്നതായിരിക്കണം, സംസ്ഥാന-ജില്ലാ- ബ്ലോക്ക്-ഗ്രമപഞ്ചായത്തു ഭരണരംഗങ്ങളിൽ നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമായി നിർവ്വചിച്ചുണ്ട്.

പ്രഥമവിവരണ ശേഖരണത്തിന്റെ അഭാവത്തിൽ ദ്വിതീയ വിവരണങ്ങളും പഠനപര്യാടനുഭവങ്ങളുമാണ്. ഈ കരടുറിപ്പോർട്ടിന്നാധാരമായി സ്വീകരിച്ചിട്ടുള്ളത്. ദ്വിതീയവിവരശേഘരണത്തിൽ കണ്ട പല വസ്തുക

115

കളും സത്യവുമായി പുലബന്ധം പോലുമില്ലാത്തതാണ്. അതിനാൽ ഇനിയെങ്കിലും പഞ്ചായത്തിലെ പ്രഥമ വിവരശേഖരണം വൈകിച്ചുകൂടാത്തതാണ്.

വിവരശേഖരണത്തിന്റെ പ്രാധാന്യവും വിദഗ്ദരുടെ ആവശ്യകതയും റിപ്പോർട്ടു തയ്യാറാക്കുന്ന അവസരത്തിൽ പൂർണ്ണമായും മനസ്സിലായി. എന്നാൽ സാധാരണക്കാർക്ക് ഇതിന്റെ പ്രധാന്യം ഇനിയും ബോദ്ധ്യാമായിട്ടില്ല തന്നെ. അതുകൊണ്ട് ഇതു സംബന്ധമായി വ്യാപകമായി പ്രചാരണം ആവശ്യമാണ്. ജനങ്ങളും ഉദ്യോഗസ്ഥന്മാരും വിദഗ്ദ്ധരും ജനപ്രതിനിധികളും അടങ്ങുന്ന സംഘത്തിന്റെ കൂട്ടായ പരിശ്രമം ഈ പദ്ധതിയുടെ വിജയത്തിന് അത്യാന്താപേക്ഷിതമാണ്. മുൻപദ്ധതി പ്ലാനിങ്ങിൽ പറ്റിയതെറ്റുകൾ ആവർത്തിക്കാതെ ഈ കരടുവികസനറിപ്പോർട്ട് പൂർണ്ണമാക്കാൻ നിങ്ങളുടെ കൈകളിൽ സമർപ്പിച്ചു കൊള്ളുന്നു.

---

# കോടശ്ശേരി പഞ്ചായത്ത് രൂപം കൊള്ളുന്നു. 116

പരിയാരം, എലിഞ്ഞിപ്ര, കോടശ്ശേരി എന്നീ മൂന്ന് വില്ലേജുകളടങ്ങിയ പരിയാരം പഞ്ചായത്തിൽ നിന്നും എലിഞ്ഞിപ്ര, കോടശ്ശേരി വില്ലേജുകൾ വേർപെടുത്തി രൂപം നൽകിയതാണ് കോടശ്ശേരി പഞ്ചായത്ത്. 1962 മുതൽ 1963 ഡിസംബർ മാസം വരെ ഒരു സ്പെഷ്യൽ ഓഫീസറുടെ കീഴിലായിരുന്നു.

1963 ൽ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചപ്പോൾ കക്ഷിരാഷ്ട്രീയം ഒഴിവാക്കി ഒരു കക്ഷിരഹിത പഞ്ചായത്തിന് രൂപം നൽകി ഗ്രാമവികസനരംഗം രാഷ്ട്രീയ ചേരിപ്പോരിൽ നിന്നും വിമുക്തമാക്കണമെന്ന് വ്യാപകമായ ഒരു വികാരമുണ്ടായിരുന്നു. ഈ വികാരം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കാൻ മുന്നോട്ടുവന്ന ഏക രാഷ്ട്രീയ പ്രസ്ഥാനം അന്നത്തെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നു. പിന്നീട് തെളിയിക്കപ്പെട്ടതുപോലെ കോടശ്ശേരിയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്വാധീനം അതി വിപുലവും കരുത്തുറ്റതുമായിരുന്നിട്ടും രണ്ടാം കക്ഷിയായ കോൺഗ്രസ്സിലെ ഒരാളെ പ്രസിഡന്റാക്കാൻ വഴങ്ങിക്കൊണ്ട് ഒരു കക്ഷി രഹിത പഞ്ചായത്തിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറായി. പക്ഷേ, ചിലരുടെ പിടിവാശി മൂലം അത് വിജയിച്ചില്ല.

തുടർന്നുണ്ടായ രാഷ്ട്രീയ പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി 8ൽ 5 സീറ്റും നേടി അജയ്യ ശക്തിയായി പുറത്തുവന്നു. കൂട്ടത്തിൽ ജയിച്ച രണ്ടു സ്ഥാനാർത്ഥികളിൽ പുരോഗമന ഗ്രൂപ്പിന്റെ പ്രതിനിധിയായ ശ്രീമാൻ ടി.കെ.കുര്യാക്കോസ്, പുരോഗമന പ്രവർത്തനങ്ങളെ സഹായിക്കുകയും, വ്യക്തിത്വമുള്ള ഒരു കോൺഗ്രസ്സുകാരനായി തുടരുകയും ചെയ്തു. മൂന്നാമത്തെ ആൾ സ്വതന്ത്രനായി ജയിച്ചെങ്കിലും ജയിച്ച ശേഷം കോൺഗ്രസ്സിൽ ചേർന്നു. കോടശ്ശേരി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി ശ്രീ. കെ.കെ. പങ്കി ഒറ്റയടിക്ക് 16 വർഷം ജനസേവനം നടത്തി. ഒരു യഥാർത്ഥ ജനസേവകൻ എന്ന നിലയിൽ അദ്ദേഹം എന്നെന്നും സ്മരിക്കപ്പെടും.

പ്രഥമ പഞ്ചായത്തു മീറ്റിംഗ് കൂടിയത് ഒരു വാടക കെട്ടിടത്തിലായിരുന്നു. പിന്നീട് സ്വന്തമായി കെട്ടിടം പണിതീർത്ത് അതിലേയ്ക്ക് മാറി. 1964 ജനുവരി 1 നാണ് സത്യപ്രതിജ്ഞ ചെയ്ത് ഒന്നാം ഭരണസമിതി ചുമതല ഏറ്റത്. കോടശ്ശേരിയിൽ അന്ന് 15000ത്തിനും 20000നും ഇടയിലാണ് ജനസംഖ്യ ഉണ്ടായിരുന്നത്. റോഡെന്ന് പറയാൻ ചാലക്കുടി– വെള്ളിക്കുളങ്ങര റോഡ് മാത്രം. അതും മൺ റോഡ് ഈ റോഡും മറ്റനവധി റോഡുകളും ഫോർമേഷൻ നടത്തിയത് പ്രഥമ പഞ്ചായത്ത് ഭരണസമിതിയുടെ കാലത്തായിരുന്നു. കോടശ്ശേരി പഞ്ചായത്തിനെ സമീപ പഞ്ചായത്തുകളും ചാലക്കുടി മുനിസിപ്പാലിറ്റിയും മറ്റുമായി ബന്ധപ്പെടുത്തുന്ന മറ്റുറോഡുകൾ മിക്കവയും ട്രാംവേ റോഡും ഈ കാലഘട്ടത്തിൽ ഫോർമേഷൻ നടത്തിയിട്ടുള്ളവയാണ്. പിന്നീട് ആവ മിക്കവയും സഞ്ചാര യോഗ്യമാക്കാൻ പിൻ തലമുറക്കാർക്ക് കഴിഞ്ഞിട്ടുണ്ട്.

1962ൽ പ്രധാനമായും നമുക്കുണ്ടായിരുന്നത് ചാലക്കുടി–വെള്ളിക്കുളങ്ങര റോഡും മാരാങ്കോട് കുറ്റിച്ചിറ മൺറോഡുമാണ്. ഇത് നാണുമേനോൻ എന്ന വനംവകുപ്പ് കരാറുകാരൻ കിഴക്കൻ മലകളിൽ നിന്നും തടിയും വിറകും ഇറക്കിക്കൊണ്ടു പോകുന്നതിനുണ്ടാക്കിയിരുന്നതാണ്. 1962ന് ശേഷമാണ് റോഡുകളുടെ കാര്യത്തിൽ ഒരു മുന്നേറ്റം ഉണ്ടായത്. പഞ്ചായത്തിലെ ഇന്നുള്ള മുഴുവൻ പ്രധാന റോഡുകളും പ്രഥമ പഞ്ചായത്തിന്റെ കാലത്ത് കല്പന ചെയ്ത് പിന്നീടു വന്നവർ മെച്ചപ്പെടുത്തിയതാണ്.

ഈ പഞ്ചായത്തിന്റെ രൂപീകരണത്തിന് മുമ്പു തന്നെ കോടശ്ശേരിയിലൂടെ ഉണ്ടായിരുന്ന ട്രാംവേ നിർത്തലാക്കി. ചാലക്കുടിയിൽ നിന്നും പറമ്പിക്കുളം വരെ നീണ്ടുകിടന്നിരുന്നതും ചാലക്കുടിയുടെ ജീവനാഡിയും ആയിരുന്നു ട്രാംവേ ലയിൻ. അത് നിലനിന്നിരുന്നുവെങ്കിൽ അതിന്റെ ഏറ്റവും പ്രയോജനമുണ്ടായിരുന്നത് കോടശ്ശേരിക്കാവുമായിരുന്നു. ട്രാംവേ ഉണ്ടായിരുന്ന പാതയിലൂടെയാണ് ചട്ടിക്കുളം കുട്ടാടൻ ചിറ ട്രാംവേ വഴി ഉണ്ടാക്കിയിട്ടുള്ളതെന്ന് ഒരാശ്വാസമാണ് ഇന്ന് നമുക്കുള്ളത്.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ ഒരു വികസന പ്രവർത്തനം 1952ൽ നടപ്പിലായ തുമ്പൂർമുഴിയിൽ നിന്നാരംഭിക്കുന്ന ചാലക്കുടിപ്പുഴയുടെ ഇരുകരകളിലും കൂടി നിർമ്മിച്ചിട്ടുള്ള ജലസേചന കനാൽ ശൃംഘലയാണ്. തിരുക്കൊച്ചി സംസ്ഥാനത്തിന്റെ ഭരണസാരഥ്യം വഹിച്ചിരുന്ന സർവ്വശ്രീ പനമ്പിള്ളി

117

ഗോവിന്ദമേനോന്റെ കാലത്താണ് ഈ പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയത് എന്നുള്ളത് അവിസ്മരണീയമാണ്. കോടശ്ശേരി പഞ്ചായത്തിന്റെ ജീവനാഡിയാണ് തുമ്പൂർമുഴി വലതുകര കനാൽ എന്ന കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല.

എലിഞ്ഞിപ്രയിൽ സ്ഥിതി ചെയ്യുന്ന പബ്ലിക് ഹെൽത്ത് സെന്റർ മാത്രമാണ് കോടശ്ശേരിയിലെ ജനങ്ങൾക്ക് ഒരാശ്വാസമായിരുന്നത്. മലമ്പനിയും മറ്റ് പകർച്ചവ്യാധികളും താണ്ഡവമാടിയിരുന്ന കാലഘട്ടത്തിൽ ജനങ്ങളുടെ ആശ്വാസകേന്ദ്രമായിരുന്നു അത്. 35 വർഷങ്ങൾക്ക് ശേഷവും ഈ സ്ഥാപനത്തിന് കാര്യമായ പുരോഗതിയുണ്ടായിട്ടില്ല എന്നത് ദുഃഖകരമാണ്. പൊതുജനാരോഗ്യരംഗത്ത് കൂടുതൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. അവഗണിക്കപ്പെട്ട രംഗങ്ങളിൽ കൂടുതൽ ഊന്നൽ നൽകി ആ രംഗം ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

കോടശ്ശേരി പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് കുറ്റിച്ചിറ ലോവർ പ്രൈമറി സ്കൂൾ മാത്രമാണ് കിഴക്കുംഭാഗത്തുണ്ടായിരുന്നത്. അതിനുശേഷം രണ്ടുകൈ ഭാഗത്ത് ഒരു ട്രൈബൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. അതോടൊപ്പം പരുത്തിപ്പറമ്പ് സ്കൂളും നായരങ്ങാടി എൽ.പി സ്കൂളും,കലിക്കൽ സ്കൂളും ആരംഭിച്ചു. 1964ൽ കുണ്ടുകുഴിപ്പാടം സ്കൂളും ചായ്പൻകുഴി ലോവർ പ്രൈമറി സ്കൂളും പ്രവർത്തനം ആരംഭിച്ചു. മുഖ്യമന്ത്രി 1974ൽ ശ്രീമാൻ സി. അച്ച്യുതമേനോന്റെ കാലത്ത് ഒരു വില്ലേജിൽ ഒരു ഹൈസ്കൂൾ എന്ന സിദ്ധാന്തം അനുസരിച്ച് ചായ്പൻകുഴി ഗവൺമെന്റ് ഹൈസ്കൂൾ അനുവദിച്ചു. 1975ൽ പ്രവർത്തനമാരംഭിച്ചു. ഇതേ വർഷം തന്നെ നായരങ്ങാടി യു.പി.സ്കൂളും അനുവദിച്ചു. ഇന്ന് കോടശ്ശേരിയിൽ ഒരു ഹൈസ്കൂൾ, 4 യു.പി സ്കൂൾ, 5 എൽ.പി സ്കൂളും നിലവിലുണ്ട്.

## രാജകീയ കാലം

പഴയ കൊച്ചി രാജ്യത്തെ മുകുന്ദപുരം താലൂക്ക്, ചാലക്കുടിഫർക്കയിൽ പ്രശസ്തമായ കോടശ്ശേരിമലയുടേയും സഹ്യപർവ്വതനിരകളുടേയും ഇടയ്ക്ക് ചാലക്കുടി മുനിസിപ്പാലിറ്റിക്ക് കിഴക്കും സ്ഥിതി ചെയ്യുന്ന അനുഗൃഹീതമായ ഒരു ഭൂവിഭാഗമാണ് കോടശ്ശേരി പഞ്ചായത്ത്. എലിഞ്ഞിപ്ര–കോടശ്ശേരി വില്ലേജുകളാണ് 1962ൽ കോടശ്ശേരി പഞ്ചായത്തായി രൂപം കൊണ്ടത്. അതിനുമുമ്പ് കോടശ്ശേരി; പരിയാരം പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. 1986ൽ കുറ്റിച്ചിറ വില്ലേജ് രൂപംകൊണ്ടതോടെ പഞ്ചായത്തിൽ 3 വില്ലേജുകളായി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ശംഖൊലിയാണ് ഈ പ്രദേശത്തെ അടിമത്തത്തിന്റെ ആലസ്യത്തിൽ നിന്നും തട്ടിയുണർത്തിയത്. വൻകിട ജന്മികളുടേയും കൊച്ചിരാജകുടുംബാംഗങ്ങളുടേയും കൈവശത്തിലായിരുന്നു ഈ ഭൂവിഭാഗം മുഴുവൻ. എലിഞ്ഞിപ്ര വില്ലേജ് പടിഞ്ഞാറു ഭാഗം തൃക്കൂർ മഠം സഹസ്രരാമയ്യരുടേയും തെക്കുഭാഗം തൃപ്പൂണിത്തുറ കോവിലകം വകയും അതു നോക്കിനടത്തിയിരുന്നതും പാട്ടംപിരിച്ചിരുന്നതും കിഴക്കൂടൻ കുഞ്ഞിപ്പാലുവുമായിരുന്നു. കുട്ടാടൻചിറയുടെ വടക്കുകിഴക്കായി കുറേഭൂമി പയ്കൽ കുടുംബം വകയായിരുന്നു. എലിഞ്ഞിപ്രയിലെ മറ്റൊരു ഭൂവുടമ ചിറയ്ക്കൽ പണിക്കന്മാരായിരുന്നു. അതിനു കിഴക്കുഭാഗത്ത് കോതേശ്വരം ക്ഷേത്രവും പരിസരവും നായരങ്ങാടിതെക്കുഭാഗവും കോടശ്ശേരികർത്താക്കന്മാരുടെ അധീനത്തിലായിരുന്നു. മേച്ചിറ സൊസൈറ്റിക്കു പടിഞ്ഞാറുള്ള 150 ഏക്കർ സ്ഥലം കിഴക്കേകുറിച്ചിയത്ത് നാരായണ മേനോൻ വക പണ്ടാരവക ഭൂമിയായിരുന്നു. സൊസൈറ്റിക്കു കിഴക്കുഭാഗം കോടശ്ശേരി മലയുടെ തെക്കേതാഴ്വര ഇരിങ്ങാലക്കുട കൂടൽ മാണിക്യം ക്ഷേത്രാധികാരി തച്ചുടയ കൈമളുടെ ഭാര്യ വെട്ടിയാട്ടിൽ അമ്മിണിയമ്മ വകയായിരുന്നു. അതിന്റെ തെക്കുഭാഗം രാപ്പാൾവാരിയം വക ഭൂമിയുമായിരുന്നു. ചന്ദനക്കുന്നിന് കിഴക്കും ചട്ടിക്കുളത്തിനു പടിഞ്ഞാറുമുള്ള 250 ഏക്കർ പ്രദേശം പാറുക്കുട്ടി നേത്യാരമ്മയുടെ വകയുമായിരുന്നു. മാരാങ്കോടുപ്രദേശവും അതിനു തെക്കുള്ള ഭാഗവും ചിറയ്ക്കൽ പണിക്കന്മാരുടേതായിരുന്നു.മേലൂരുള്ള പടുതോൾ മന വകയായിരുന്നു കുണ്ടുകുഴിപ്പാടം പ്രദേശം മുഴുവൻ. കൂനംപാടം പ്രദേശം പരിയാരത്തുള്ള കണ്ണമ്പുള്ളി കുടുംബം വകയും കുറ്റിച്ചിറ പ്രദേശം കാലടി പുഷ്പത്തു നമ്പ്യാന്മാരുടേതുമായിരുന്നു. ചായ്‌വൻകുഴി അപ്പൻപ്രൈമറി സ്ക്കൂളിനുതാഴേമുതൽ വെള്ളിക്കുളങ്ങരവരെയുള്ള നെല്പാടങ്ങളും അതിന്റെ ഇരുകരകളും തൃപ്പൂണിത്തുറ കോവിലകത്തെ തമ്പുരാക്കന്മാരുടേയും തമ്പുരാട്ടിമാരുടേയുമായിരുന്നു. വീരഞ്ചിറയിൽ ചിറക്കൽ അയ്യപ്പപണിക്കർ നടന്നു വന്നിരുന്ന ഭൂപ്രദേശവും കോവിലകം വകതന്നെയായിരുന്നു. ഇങ്ങിനെ കോടശ്ശേരി–എലിഞ്ഞി പ്രദേശങ്ങൾ പതിനഞ്ചു ഭൂവുടമകളുടെ കൈവശത്തിലായിരുന്നുവെന്നുകാണാം. (1942) 1118 ൽ നായരങ്ങാടികുന്നിലെ 199.44

ഏക്കർ ഭൂമി ആലുവാസെറ്റിൽമെന്റു കോളനിക്ക് കൊച്ചിരാജാവ് 99 വർഷത്തെ കുത്തകപാട്ടത്തിനു ചാർത്തികൊടുത്തു. കോടശ്ശേരിയിലെ ജനങ്ങൾ എല്ലാം തന്നെ ഭൂമിയില്ലാത്തവരായിരുന്നുവെന്നു ഇതിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. അവർ പാട്ടക്കാരും, അടിമകളുമായിരുന്നു. പാട്ടക്കാർക്ക് അവരുടെ ഭൂമിയിൽ സ്ഥിരാവകശാമുണ്ടായിരുന്നില്ല. കാലാവസ്ഥയുടെ ഫലമായോ ഈതി ബാധകൊണ്ടോ വിളനാശമുണ്ടായാൽ പാട്ടക്കാർക്ക് ഇളവനുവദിക്കുമായിരുന്നില്ല. പാട്ടം കൂടാതെ കണ്ടുകാഴ്ചകളും പാരിതോഷകങ്ങളും കുടിയാന്മാർ നൽകണമായിരുന്നു. ഇതിനെല്ലാം പുറമേ ജന്മികാര്യസ്ഥന്മാരുടെ തോന്ന്യാസങ്ങൾക്കും അധമപ്രവർത്തനങ്ങൾക്കും അവർ വിധേയരായിരുന്നു. കഠിനാദ്ധ്വാനവും പട്ടിണിയും പരിവട്ടവും അസ്വാതന്ത്ര്യവുമായി. വീർപ്പുമുട്ടികഴിഞ്ഞുവരികയായിരുന്നു സാമാന്യജനങ്ങൾ. ഇതുകൂടാതെ ഒന്നാം ലോകമഹായുദ്ധവും തത്ഫലമായ കൊടും പട്ടിണിയും സാധാരണക്കാരെ പൊരിവെയിലിൽ നിന്നു വറചട്ടിയിലേക്ക് എടുത്തെറിഞ്ഞു. യുദ്ധാനന്തരവും ഈ നില തുടർന്നു. രണ്ടാം ലോകമഹായുദ്ധവും സാമാന്യജനങ്ങൾക്ക് കൂനിന്മേൽ കുരുവായിമാറി.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ശംഖനാദവും നേതൃത്വവുമായി ഈ കാലഘട്ടത്തിലാണ് ഗാന്ധിജിരംഗപ്രവേശനം ചെയ്യുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പരിപാടികളിലെ ഒരു പ്രധാന ഇനമായി ഭൂപരിഷ്കരണം മുമ്പോട്ടുവയ്ക്കുകയും കൃഷിഭൂമി കൃഷിക്കാരന് എന്ന മുദ്രാവാക്യം ഉയർത്തുകയും ചെയ്തു. ഇതു കേട്ട സാമാന്യ ജനം സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേയ്ക്കും കർഷകപ്രസ്ഥാനത്തിലേക്കും എടുത്തുചാടി. അക്കാലത്താണ് കർഷകസംഘത്തിന്റെ അഭൂതപൂർവ്വമായ വളർച്ച ആരംഭിച്ചത്. കറാച്ചികോൺഗ്രസിന്റെ മുദ്രാവാക്യം പാവപ്പെട്ട കർഷകന്റെ മനസ്സിൽ വിരിയിച്ച സ്വപ്നങ്ങൾ എണ്ണമറ്റവയായിരുന്നു. സ്വന്തമായിത്തിരി മണ്ണും അതിലൊരു കൂരയും അതായിരുന്നു അന്നത്തെ കർഷക-കർഷകത്തൊഴിലാളികളുടെ ജീവിത ലക്ഷ്യം. അതിനവർ നൽകിയ വില തിട്ടപ്പെടുത്താനാവില്ല. സ്വന്തം ജീവിതവും മാനവും ആരോഗ്യവും അതിനവർക്കു കാഴ്ചവയ്ക്കേണ്ടി വന്നു. ജന്മികളുടെ തേർവാഴ്ചയിൽ കരിഞ്ഞുമലിഞ്ഞും മണ്ണായിത്തീർന്നവർ ആയിരങ്ങൾ ! ജീവച്ഛവങ്ങളായവർ അനവധി! ഐത്താചരണം ബഹുകലശൽ ! കീഴ്ജാതിക്കാർക്ക് വഴിനടക്കാൻ പോലും സ്വാതന്ത്ര്യമില്ലായ്ക. ദിവസങ്ങളോളം വഴിമാറിനിൽക്കേണ്ട കഷ്ടസ്ഥിതി, മേലാളന്മാരുടെ ആട്ടും തുപ്പും അടിമവേലയും അസഹനീയം കൂലി ചോദിച്ചാൽ ലഭിക്കുന്ന മർദ്ദനങ്ങൾ 'ഒന്നോർത്താൽ മാടും കയർക്കുമിതുകളോടൊന്നായവറ്റയെനാം ഗണിച്ചാൽ' എന്നാശാൻ പാടിയതെത്ര അന്വർത്ഥം. ക്ഷേത്രപ്രവേശനം, സ്കൂൾ പ്രവേശനം ഇവയെല്ലാം അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് മലയപ്പുലയന്റെ വാഴക്കുലയുടെ സന്ദേശവുമായി കർഷക പ്രസ്ഥാനം മുമ്പോട്ടു വന്നത്. 1940തുകളിലും അമ്പതുകളുലും ഈ പ്രദേശത്ത് കർഷകസംഘം ശക്തിയാർജ്ജിക്കുകയും കൃഷിക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തു.

തച്ചുടയ കൈമളുടെ വകഭൂമിയിലെ കൃഷിക്കാർ നാനാവിധമായ കൃഷിനാശത്തെത്തുടർന്ന് പാട്ടമളക്കാൻ കഴിയാതെ കുടിശ്ശികക്കാരായി. കുടിശ്ശികയുടെ പേരിൽ കയ്മൾ നടപടിനടത്തി കുടിയൊഴുപ്പിക്കു മെന്നദിക്കായി. അപ്പോൾ ഇ.ഗോപാലകൃഷ്ണമേനോന്റെ നേതൃത്വത്തിൽ ഒരു നിവേദകസംഘം കൈമളെ കാണുകയും നിവേദനം കൊടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാട്ടകുടിശ്ശികക്കാർക്ക് കുറെയേറെ ഇളവുകളനുവദിച്ചു. അതുപോലെ കുണ്ടുകുഴിപ്പാടം പ്രദേശത്തെ കർഷകർ പടുതോൾ മനയിൽ കൊടുത്തുതീർക്കാനുള്ള 20000രൂപയോളം വരുന്ന പാട്ടക്കുടിശ്ശിക കൊടുത്തു തീർക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഒഴിപ്പിക്കൽ ഭീഷണിനേരിട്ടു. ഈ സമയത്ത് ഇ. ഗോപാലകൃഷ്ണമേനോന്റെ നേതൃത്വത്തിൽ പടുതോൾ മനയ്ക്കൽ പോയി നിവേദനം നടത്തിയതിന്റെ ഫലമായി 12000/- രൂപ പാട്ടക്കുടിശ്ശികയിൽ ഇളവനുവദിച്ചു. കർഷകർക്ക് ഇത് വലിയ ആശ്വാസമായിത്തീർന്നു. ഈ വിജയങ്ങൾ നേടിയ കർഷകർ തങ്ങളുടെ ആശാകേന്ദ്രമായി കർഷകപ്രസ്ഥാനത്തെ നെഞ്ചേറ്റി ലാളിച്ചു. ഇത് ഫ്യുഡൽ പ്രഭുക്കന്മാർക്കും ഭരണാധികാരികൾക്കും അജീർണ്ണമായി ഭവിച്ചു.

കോടശ്ശേരി പഞ്ചായത്തിലെ ജനങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും കിടപ്പാടത്തിനുവേണ്ടിയുള്ള സമരത്തിലും ക്ഷേത്രപ്രവേശനത്തിനു വേണ്ടിയുള്ള സമരത്തിലും മുൻനിരക്കാരായിരുന്നു. ചിറക്കൽ വേണുഗോപാലപണിക്കർ, ധീരനായ സ്വാതന്ത്ര്യസമരസേനാനിയും ദേശസ്നേഹിയുമായിരുന്നു. കോടശ്ശേരി പഞ്ചായത്തിൽ സ്വാതന്ത്ര്യസമരപെൻഷൻ ലഭിച്ചിരുന്ന ഒരേ ഒരാളായിരുന്നു അദ്ദേഹം.

ഐത്താചാരത്തിനെതിരായി പാലിയം സത്യഗ്രഹം കോടശ്ശേരിയുടെ ചരിത്രത്തിൽ തങ്ക ലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. അതോടൊപ്പം കുട്ടംകുളം സമരവും കോടശ്ശേരി ജനങ്ങളുടെ വീറും വാശിയും ഉൾക്കൊള്ളുന്നതാണ്. ഇതിലെല്ലാം നേടിയ വിജയം ചരിത്രവിജയങ്ങളായിരുന്നു.

പരിയാരം തൃപ്പാപ്പുള്ളിയിൽ കൃഷ്ണനെഴുത്തച്ഛൻ പങ്കെടുത്ത് സംസാരിച്ച കർഷകസമ്മേളനത്തിൽ നൂറുകണക്കിനു കൃഷിക്കാർ സ്വാതന്ത്ര്യസമര മുദ്രാവാക്യങ്ങളുമായി അണിനിരന്ന രോമാഞ്ചജനകമായ ഇതിഹാസവും കോടശ്ശേരി പഞ്ചായത്തിലെ ജനങ്ങളുടെ സ്വാതന്ത്ര്യതൃഷ്ണയെ വിളിച്ചറിയിക്കുന്നു. മദ്ധ്യകേരളത്തിലെ കർഷകപ്രസ്ഥാനത്തിന്റേയും തൊഴിലാളിബഹുജനസംഘടനകളുടേയും സിരാകേന്ദ്രമായിരുന്നു കോടശ്ശേരി വില്ലേജ്. ഇ. ഗോപാലകൃഷ്ണമേനോൻ, പി. ഗംഗാധരൻ, എ.കെ.ജി, സി. അച്യുദമേനോൻ, പി.സി. പൈലക്കുട്ടി, വി.വി ദാമോദരൻ, എം.കെ കാട്ടുപറമ്പൻ, കെ.ഐ മാധവൻ, കെ.കെ പൈങ്കി, പി.കെ ചാത്തൻമാസ്റ്റർ, കുട്ടൻവൈദ്യർ എന്നിവരായിരുന്നു കർഷകപ്രസ്ഥാനത്തിന്റേയും സമുദായ സ്വാതന്ത്ര്യസംഘടനകളുടേയും പുറകിൽ പ്രവർത്തിച്ച പ്രേരക ശക്തികൾ. ബ്രട്ടീഷുകാർ ഇന്ത്യവിടുക , ജന്മിത്തം അവസാനിപ്പിക്കുക, ഐത്തം കുറ്റകരമാക്കുക, പാട്ടം നൽകിയാൽ രശീതി നൽകണം, മര്യാദപാട്ടം നിശ്ചയിക്കണം , ദിവാൻഭരണം അറബിക്കടലിൽ ഇതായിരുന്നു ഇടിനാദമായി സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഗ്രാമാന്തരങ്ങളിൽ മുഴങ്ങിയിരുന്നത്.

കർഷകപ്രസ്ഥാനത്തേയും സാമൂഹ്യപ്രസ്ഥാനത്തേയും ചോരയിൽ മുക്കികൊല്ലാൻ അന്നത്തെ ഗവൺമെന്റുകളും ജന്മികളും സദാജാഗരൂകരായിരുന്നു. കർഷകപ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന ഗോപാലകൃഷ്ണമേനോനെ കള്ളക്കേസിൽ കുടുക്കി ജയിലിലടയ്ക്കാൻ ശ്രമിച്ചു. ഒളിവിലും മേനോൻ കർഷകപ്രസ്ഥാനത്തിനു താങ്ങായി നിലകൊണ്ടു. അത്തരം നേതാക്കളുടെ പാദധൂളികളേറ്റു പരിപാവനമായതാണ് കോടശ്ശേരി ഗ്രാമം.

കോടശ്ശേരിയിലെ ഗ്രാമീണരിൽ ഭൂരിഭാഗവും ഐത്തജാതിക്കാരായിരുന്നു. ഏറ്റവും കൂടുതൽ ഈഴവരും അതുകഴിഞ്ഞാൽ പുലയർ, പറയർ എന്നിവരുമാണ് ഇവിടത്തെ ജനവിഭാഗം. ഇവർ അനുഭവിച്ചിരുന്ന കഷ്ടതകൾ ആർക്കും വിവരിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യസമരത്തിന്റെ കാഹളധ്വനി മുഴങ്ങിയതോടെ ഇവർ സടകുടഞ്ഞെഴുന്നേറ്റു. ഐത്താചാരത്തിനെതിരായി ഗ്രാമാന്തർഭാഗങ്ങളിൽ പ്രതിഷേധങ്ങൾ മുഴങ്ങി. അവർ സംഘടിച്ചു. പുലയമഹാസഭയുടെ പ്രവർത്തനങ്ങൾ എത്താത്ത ഒരു വീടുപോലുമില്ലായിരുന്നു. ഇവർ കർഷകപ്രസ്ഥാനവുമായി ബന്ധം സ്ഥാപിച്ചു. അങ്ങനെ അധഃസ്ഥിതർ അജയ്യശക്തിയായിത്തീർന്നു. സംഘടനകൊണ്ട് ശക്തരാവുക എന്ന സന്ദേശം അക്ഷരാർത്ഥത്തിൽ സ്വീകരിച്ചു.

സ്വാതന്ത്ര്യസമരത്തോടൊപ്പം സാമൂഹ്യപ്രശ്നങ്ങളും ഉയർന്നു വന്നിരുന്നു.ഐത്താചരണം അതിൽ പ്രധാനമായിരുന്നു. ക്ഷേത്രപ്രവേശനം അതുപോലുള്ള മറ്റൊരു പ്രശ്നമായിരുന്നു. ഈ ആവശ്യങ്ങളുമായി അവശവിഭാഗം സ്വാതന്ത്ര്യസമരകാലത്ത് ഉയർത്തെഴുന്നേറ്റു. സ്വാതന്ത്ര്യലബ്ദിക്കു ശേഷവും വഴിനടക്കാനും ക്ഷേത്രപ്രവേശനത്തിനുംഅനുമതി നിഷേധിക്കപ്പെട്ടപ്പോൾ അതിനെതിരായി സഹ്യപർവ്വതസാനുക്കളിൽ നിന്നും സിംഹഗർജ്ജനമുണ്ടായി. “ഐത്തംകുറ്റകരമാക്കുക, ക്ഷേത്രപ്രവേശനം അനുവദിക്കണം” കേരളത്തിലെമ്പാടും മാറ്റൊലികൊണ്ട ആ മുദ്രാവാക്യം സഫലമാക്കാൻ കോടശ്ശേരിയിലെ ജനങ്ങൾ വഹിച്ച പങ്ക് എന്നും വിലമതിക്കാൻ പോന്നതാണ്. ആര്യാപള്ളവും കാളിയും നേതൃത്വം നൽകിയ ഘോഷയാത്ര കുറ്റിച്ചിറയിൽ നിന്നാരംഭിച്ച് ഒരു ദിവസം പിന്നിട്ട് കൊടുങ്ങല്ലൂരെത്തി. അടുത്ത ദിവസം പാലിയം ക്ഷേത്രത്തിലെത്തി പാലിയം തീണ്ടി. അതി ഭയങ്കരമായ പോലീസ് മർദ്ദനത്തിൽ ഒരാൾ രക്തസാക്ഷിയായി. ഭരണാധികാരികളുടെ കണ്ണു തുറന്നു. അനന്തരം പാലിയം റോഡിലൂടെ എല്ലാവർക്കും നടക്കാനും ക്ഷേത്രത്തിൽ പ്രവേശിക്കാനും അനുമതിയായി. അതുപോലെ സാമൂഹ്യ അനീതിക്കെതിരെ നടന്ന സകലസമരങ്ങളിലും കോടശ്ശേരിക്ക് ഒന്നാംസ്ഥാനം തന്നെയുണ്ടായിരുന്നു എന്നും കാണാവുന്നതാണ്.

1948ൽ കോടശ്ശേരിയിൽ പരിയാരം കൊലക്കേസ് (ഇഞ്ചക്കുണ്ട്) എന്നു പ്രസിദ്ധമായ “ശങ്കുണ്ണി ഇൻസ്പെക്ടറുടെ കൊലക്കേസ് ” കർഷകപ്രസ്ഥാനത്തിന്റെ ധീരോദാത്തമായ ചെറുത്തു നില്പിന് ഉദാഹരണമാണ്.

ഈ സംഭവുമായി ബന്ധപ്പെട്ട് കോടശ്ശേരി പഞ്ചായത്തിലും ചാലക്കുടി , പരിയാരം പ്രദേശങ്ങളിലും വ്യാപകമായ പോലീസ് നരനായാട്ട് ആരംഭിച്ചു. മർദ്ദനമേൽക്കാത്തവർ കോടശ്ശേരിയിലില്ലെന്നുതന്നെ പറയാം.

സ്ത്രീകൾക്കേറ്റ മർദ്ദനവും അപമാനവും വിവരണാതീതമാണ്. തച്ചുടയകൈമളുടെ കളപ്പുരയിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചു. കണ്ണിൽകണ്ടവരെയെല്ലാം പിടിച്ചുകൊണ്ടുപോയി തല്ലിചതച്ച് ജീവച്ഛവങ്ങളാക്കി ആഴ്ചകളോളം പീഡിപ്പിച്ചുകൊണ്ടിരുന്നു. ഈ അക്രമം വളരെക്കാലം തുടർന്നു. മർദ്ദനത്തിനിരയായവർ മിക്കവാറും ഈഴവരും പുലയ–സാംബവസമുദായത്തിൽപെട്ടവരുമായിരുന്നു. ഇടതുപക്ഷപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവരും കമ്യൂണിസ്റ്റ് – കർഷക– തൊഴിലാളി പ്രസ്ഥാനങ്ങളിൽ അന്ന് ഭൂരിഭാഗവും അധഃസ്ഥിതവർഗ്ഗക്കാരായിരുന്നു. കമ്യൂണിസ്റ്റ് –കർഷകപ്രസ്ഥാനങ്ങളെ അടിച്ചൊതുക്കുകയായിരുന്നു ഗവൺമെന്റു നയം. അതായിരുന്നു ഭാഗികമായ മർദ്ദനത്തിന്റെ അടിസ്ഥാനം.ആളുകളെ മർദ്ധിക്കുക മാത്രമല്ല സ്ത്രീകളെ മാനഭംഗപ്പെടുത്തുക, വസ്തുവകകൾ നശിപ്പിക്കുക, കാർഷിക വിഭവങ്ങൾകവർന്നുകൊണ്ടു പോവുക, ആടുമാടുകളെ കൊന്നുതിന്നുക മുതലായ ദുഷ്പ്രവൃത്തികൾ കൊണ്ട് സാധാരണക്കാർ പൊറുതിമുട്ടി. അത്രഭയാനകമായിരുന്നു പോലീസ് നടപടികൾ. ഇത്ര ഭയാനകമായ നടപടികൾ ഉണ്ടായിട്ടും ധീരരീയ 15 പേർ മേട്ടിപ്പാടം പോലീസ് സ്റ്റേഷനിലേക്ക് മുദ്രാവാക്യങ്ങൾ മുഴക്കി പോലീസ് മർദ്ദനമേറ്റുവാങ്ങാൻ തയ്യാറായി ഹാജരായി എന്നത് രോമാഞ്ചജനകമായ സംഭവമാണ്. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും കർഷകപ്രസ്ഥാനത്തിലുംപെട്ട 57 പേർ പ്രസ്തുത കേസിൽ പ്രതികൾ. അതിൽ 46 പേർ 3 മാസം മുതൽ പത്തുവർഷം വരെ തടവിനു ശിക്ഷിക്കപ്പെട്ടു. 1957 ൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.സ് നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റാണ് ഈ കേസിലെ പ്രതികളെ വിട്ടയച്ചത്.

1118ൽ ആലുവാസെറ്റിൽമെന്റുകോളനിക്ക് നായരങ്ങാടികുന്നിൽ 199.44 ഏക്കർ ഭൂമി അന്നത്തെ കൊച്ചിരാജാവ് കുത്തകപ്പാട്ടത്തിനു 99 വർഷത്തേക്ക് അനുവദിച്ചു. തദ്ദേശവാസികളായ നാട്ടുകാരുടെ സഹകരണത്തോടെ ആദ്യം നെൽകൃഷിയിറക്കി വിളവെടുത്തു. തുടർന്ന് അതുപോലെ കൃഷി നടന്നുകൊണ്ടിരുന്നു. സെറ്റിൽമെന്റിനു പുറത്ത് പുറംപോക്ക് ഭൂമികൈവശം വച്ചു കൃഷിചെയ്യുന്നവർ ധാരാളമുണ്ടായിരുന്നു. ഇങ്ങിനെയുള്ള കുറേഭൂമി രാപ്പാൾ വാരിയം വകസ്ഥലത്തിനും സെറ്റിൽമെന്റിനനുവദിച്ച സ്ഥലത്തിനും ഇടയിലുണ്ടായിരുന്നു. പുറമ്പോക്കിൽ വർഷങ്ങളായി കൃഷിചെയ്തും അനുഭവമെടുത്തും കഴിയുന്നവരായിരുന്നു പതിനഞ്ചോളം വരുന്ന കൃഷിക്കാർ.

ഇതിനിടക്ക് സെറ്റിൽമെന്റിന്റെ മാനേജരായി ചാർജ്ജെടുത്ത ജേക്കബ് എന്ന ആൾ സെറ്റിൽമെന്റിന്റെ വടക്കുഭാഗം കൽമാട്ടം വയ്ക്കുന്ന ജോലി ആരംഭിച്ചു. അത് പുറംപോക്ക് കൈവശക്കാരുടെ ഭൂമി ഉൾപ്പെടുത്തി മാട്ടം വയ്ക്കുന്ന സ്ഥിതിയിലെത്തി. തുടർന്ന് കൃഷിക്കാർ അതിനെ സംഘടിതമായി എതിർത്തു. കോറോൽകൃഷ്ണൻ എന്ന കർഷകന്റെ വീടിന്റെ പകുതിഭാഗം സെറ്റിൽമെന്റിനവകാശപ്പെട്ടുകൊണ്ട് പോലീസ് പരാതിപെടുകയും എല്ലാകൃഷിക്കാരുടെ പേരിൽ കേസെടുപ്പിക്കുകയും ചെയ്തു. വേലികെട്ടലും പൊളിക്കലുമായി. സാധാരണക്കാരന്റെ വേദനയറിയാത്ത പോലീസ് സെറ്റിൽമെന്റ് മാനേജരുടെ പക്ഷത്തുചേർന്നു. നിയമവും അധികാരവും തങ്ങൾക്കെതിരാണെന്നു കണ്ട കൃഷിക്കാർ തങ്ങളുടെ ഐക്യം ആയുധമാക്കി. സംഘടിതമായി കഷിയിറക്കികൊണ്ടിരുന്ന 1948 ജൂൺ മാസത്തിൽ ചാലക്കുടി പോലീസ് ഇൻസ്പെക്ടറ് ശങ്കുണ്ണി കൃഷിക്കാരെ ഇറക്കിവിടാൻ സ്ഥലത്തെത്തി. ഒഴിഞ്ഞുപോകാൻ തയ്യാറാകാതിരുന്ന കൃഷിക്കാരെ അകാരണമായി മർദ്ദിക്കുകയും കൃഷിക്കാർ തിരിച്ചടിക്കുകയും ചെയ്തു. സംഘട്ടനത്തിൽ ഇൻസ്പെക്ടർക്കു മാരകമായ മുറിവേല്ക്കുകയും തുടർന്നു മരണപ്പെടുകയും ചെയ്തു.

കേസിന്നാധാരമായ സ്ഥലം ഇന്നും അന്നത്തെ കൃഷിക്കാരുടേയും അവരുടെ പിൻഗാമികളുടേയും കൈവശത്തിലാണെന്ന വസ്തുത കേസിന്റെ സത്യസന്ധതയിലേക്ക് ചൂണ്ടുപലകയായി ഇന്നും നിലകൊള്ളുന്നു.

1956ൽ ഭാഷാടിസ്ഥാനത്തിൽ തിരുകൊച്ചിയും മലബാറും കൂട്ടിച്ചേർത്ത് കേരളസംസ്ഥാനത്തിനു രൂപം നൽകി. അതിനുശേഷം കേരളത്തിൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റ് കുടിയിറക്ക് ഒരു ഓർഡിനൻസ് മുഖേന നിരോധിച്ചു. കുടികിടപ്പുകാർക്കും, പാട്ടക്കാർക്കും, കൈവശകൃഷിക്കാർക്കും, പങ്കുവാരക്കാർക്കും ആശ്വാസം നൽകുന്ന കാർഷികബന്ധബില്ലിനു രൂപം നൽകുകയും ചെയ്തു. തുടർന്നുണ്ടായ നിയമനിർമ്മാണങ്ങൾ കർഷകർക്കാശ്വാസം പകർന്നു. "നമ്മളു കൊയ്യും വയലെല്ലാം നമ്മുടെതാകുംപൈങ്കിളിയേ " എന്ന കവി സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു.

1948 ൽ ഒരു ശതമാനം പേർക്കുപോലും ഭൂമി സ്വന്തമായി ഇല്ലാതിരുന്നിടത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ എല്ലാ കൃഷിക്കാരും ഭൂവുടമകളായി. എല്ലാ കുടി കിടപ്പുകാരും അവരവരുടെ കുടിലിന്നുടമകളായി. ഫ്യൂഡലിസത്തിന്റെ മരണമണിയായിരുന്നു ഭൂപരിഷ്കരണ നിയമം. ഈ നിയമത്തിന്റെ ഫലമായി കേരളത്തിലുണ്ടായ മാറ്റങ്ങൾ അടിസ്ഥാനപരങ്ങളായിരുന്നു. സ്വന്തമായി ഭൂമി കിട്ടിയ കർഷകൻ സാമ്പത്തികമായി മെച്ചപ്പെട്ടു. കുട്ടികളെ വിദ്യാലയത്തിലയച്ചു. നാട്ടിൽ വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചു. തൊഴിൽ മേഖല മെച്ചപ്പെട്ടു. കാർഷികവിഭവങ്ങൾ വർദ്ധിച്ചു. ഭക്ഷ്യകാര്യത്തിൽ കോടശ്ശേരി സ്വയം സമ്പൂർണ്ണമായ ഒരു പഞ്ചായത്തായി.

കാലാന്തരത്തിൽ നെൽകൃഷി ലാഭകരമല്ലാത്ത സ്ഥിതിയിലായപ്പോൾ കർഷകൻ നാണ്യവിളകളിലേക്കു തിരിഞ്ഞു. ഇത് ഭക്ഷ്യോത്പാദനത്തിൽ സാരമായ കുറവു വരുത്തി. ഭൂപരിഷ്കരണ നിയമം പാസ്സാക്കിയകാലംകഴിഞ്ഞിട്ട് 4 പതിറ്റാണ്ടാകുന്നു. ഇന്നു നാം നമ്മുടെ നിലവാരം പരിശോധിക്കുമ്പോൾ ശ്രദ്ധേയമായ വസ്തുതകളാണ് നമ്മെ പ്ലാനിങ്ങിലേക്ക് തിരിച്ചു വിട്ടിരിക്കുന്നത്. 1994 ൽ പാർലമെന്റിൽ പാസാക്കിയ ഭരണ ഘടനാ ഭേദഗതിയിലൂടെ നമുക്കതിനുള്ള അധികാരവും ലഭിച്ചിരിക്കുന്നു. നമ്മുടെ ഭാവി ഭാഗധേയം നിശ്ചയിക്കാനുള്ള അധികാരമാണ് നമുക്ക് കിട്ടിയിരിക്കുന്നത്. ഇതു പരമാവധി പ്രയോജനപ്പെടുത്താൻ നാം ജാഗരൂകരായിരിക്കുക.

1964 ജനുവരി ഒന്നിന് കോടശ്ശേരി പഞ്ചായത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തവർ

| | | |
|---|---|---|
| 1. | കെ.കെ. പങ്കി | പഞ്ചായത്ത് പ്രസിഡന്റ് |
| 2. | കെ.ടി. വേലപ്പൻ | വൈസ് പ്രസിഡന്റ് |
| 3. | കെ.കെ പൗലോസ് | പഞ്ചായത്തുമെമ്പർ |
| 4. | എം.എ ലോനക്കുട്ടി | " |
| 5. | കെ.ഐ. മാധവൻ | " |
| 6. | യു.എൻ. തോമസ് | " |
| 7. | ടി.കെ. കുരിയാക്കോസ് | " |
| 8 | കെ.കെ. കൗസല്യ | (നോമിനേറ്റഡ് വനിതാ മെമ്പർ) |

(1964 തെരഞ്ഞെടുപ്പിൽ പട്ടികജാതി-പട്ടികവർഗ്ഗസംവരണ നിയമമനുസരിച്ച് പ്രത്യേക വാർഡ് ഉണ്ടായിരുന്നില്ല. മറിച്ച് ഒരു വാർഡിൽ നിന്നും സംവരണസ്ഥാനാർത്ഥിയും ജനറൽ സീറ്റിലേക്കുള്ള സ്ഥാനാർത്ഥിയും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. വനിതകൾക്ക് മത്സരമുണ്ടായിരുന്നില്ല. ഭൂരിപക്ഷകക്ഷി അവർക്കിഷ്ടമുള്ള ഒരാളെ നോമിനേറ്റു ചെയ്യുകയായിരുന്നു പതിവ്).

കോടശ്ശേരി പഞ്ചായത്തിലെ രണ്ടാം ഭരണ സമിതി 1-10-1979ൽ ചാർജ്ജെടുത്തു.

| | | |
|---|---|---|
| 1. | അയ്യപ്പക്കുട്ടി ടി.വി | (പഞ്ചായത്തു പ്രസിഡന്റ്) |
| 2. | ലോനക്കുട്ടി എം.എ | (വൈസ് പ്രസിഡന്റ്) |
| 3. | പി.ഒ. ചാക്കു | (പഞ്ചായത്തു മെമ്പർ) |
| 4. | കെ.കൃഷ്ണൻകുട്ടിമേനോൻ | " |
| 5. | കെ.എ പൗലോസ് | പഞ്ചായത്തു പ്രസിഡണ്ട് |
| 6. | കെ.വി കുമാരൻ | പഞ്ചായത്തു മെമ്പർ |
| 7. | കെ.കെ പങ്കി | " |
| 8. | ടി.ഡി ചാക്കുണ്ണി | " |
| 9. | യശോദ പ്രഭാകരൻ | " |
| 10. | സി.ആർ വേണുഗോപാലപണിക്കർ | (വൈസ്പ്രസിഡന്റ്) |

ഈ ഭരണ സമിതിയുടെ ആദ്യത്തെ 21/2 വർഷം ടി.വി അയ്യപ്പക്കുട്ടി പ്രസ്ഡന്റും എം.എ ലോനക്കുട്ടി വൈസ് പ്രസിഡണ്ടും അവസാനത്തെ 21/2 വർഷം കെ.എ. പൗലോസ് പ്രസിഡണ്ടും സി.ആർ

വേണുഗോപാലപ്പണിക്കർ വൈസ് പ്രസിഡണ്ടും ആയിരുന്നു. 122

മൂന്നാം ഭരണസമിതി 10-2-88 ൽ ചാർജ്ജെടുത്തു.

| | | |
|---|---|---|
| 1. | എം.എ ലോനക്കുട്ടി | പഞ്ചായത്തു പ്രസിഡണ്ട് |
| 2. | വി.കെ അപ്പു | (വൈസ് പ്രസിഡണ്ട്) |
| 3. | രാധാചന്ദ്രൻ | (വനിതാസംവരണം) |
| 4. | കെ.മധുസൂദനൻ | (പഞ്ചായത്തു മെമ്പർ) |
| 5. | വി.എൽ ദേവസി | " |
| 6. | വി.പി ആന്റു | " |
| 7. | എം.വി ഗംഗാധരൻ | " |
| 8. | കെ.വി കുമാരൻ | " |
| 9. | യു.എൽ അന്നു | (വനിതാസംവരണം) " |
| 10. | ടി.കെ സാമുവൽ | " |
| 11. | എം.പി ദിനേശൻ | " |

ഇന്നു നിലവിലുള്ള ഭരണസമിതി അംഗങ്ങൾ 2-10-1995ൽ ചാർജ്ജെടുത്തു.

| | | |
|---|---|---|
| 1. | സി.ടി ബാലകൃഷ്ണൻ | (പ്രസിഡണ്ട്) |
| 2. | എം.കെ സുബ്രഹ്മണ്യൻ | (വൈസ് പ്രസിഡണ്ട്) |
| 3. | ടി.കെ സാമുവൽ | സ്റ്റാൻഡിംഗ് കമ്മറ്റി ചേയർമാൻ |
| 4. | ആന്റു പി.കെ | (പഞ്ചായത്തു മെമ്പർ) |
| 5. | ലില്ലി പോൾ | " |
| 6. | വർഗ്ഗീസ് വി.ഡി | " |
| 7. | കൊച്ചുറാണി തോമസ് | " |
| 8. | കമലാക്ഷി ചന്ദ്രൻ | " |
| 9. | ഗൗരി നാരായണൻ | " |
| 10. | സുബ്രഹ്മണ്യൻ എം.കെ | " |
| 11. | വി.കെ അപ്പു | " |
| 12. | കെ.കെ. കൃഷ്ണൻ | " |

---

1964 ജനുവരി ഒന്നിന് കോടശ്ശേരി പഞ്ചായത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തവർ

കെ. കെ. പങ്കി (പ്രസിഡണ്ട്) കെ. ടി. വേലപ്പൻ (വൈസ് പ്രസിഡണ്ട്) എം. എ. ലോനക്കുട്ടി (പഞ്ചായത്ത് മെമ്പർ)
കെ. ഐ. മാധവൻ (പഞ്ചായത്ത് മെമ്പർ) യു. എൽ. തോമസ് (പഞ്ചായത്ത് മെമ്പർ) ടി. കെ. കുരിയാക്കോസ് (പഞ്ചായത്ത് മെമ്പർ)
കെ. കെ. പൗലോസ് (പഞ്ചായത്ത് മെമ്പർ) കെ. കെ. കൃഷ്ണൻ (പഞ്ചായത്ത് മെമ്പർ) കെ. കെ. കൗസല്യ (പഞ്ചായത്ത് മെമ്പർ)









കോടശ്ശേരി പഞ്ചായത്തിലെ രണ്ടാം ഭരണസമിതി 1-10-1979ൽ ചാർജ്ജെടുത്തു.

ടി. വി. അയ്യപ്പക്കുട്ടി (പ്രസിഡണ്ട്) കെ. എ. പൗലോസ് ( പ്രസിഡണ്ട്) എം. എ. ലോനക്കുട്ടി (വൈസ് പ്രസിഡണ്ട്)
സി. ആർ. വേണുഗോപാലപണിക്കർ (വൈസ് പ്രസിഡണ്ട്) കെ. വി. കുമാരൻ (പഞ്ചായത്ത് മെമ്പർ)
കെ. കെ. പങ്കി (പഞ്ചായത്ത് മെമ്പർ) ടി. ഡി. ചാക്കുണ്ണി (പഞ്ചായത്ത് മെമ്പർ) യശോദ പ്രഭാകരൻ (പഞ്ചായത്ത് മെമ്പർ)
പി. ഒ. ചാക്കു (പഞ്ചായത്ത് മെമ്പർ) കെ. കൃഷ്ണൻകുട്ടി മേനോൻ (പഞ്ചായത്ത് മെമ്പർ)












## മൂന്നാം ഭരണസമിതി 10-2-1988ൽ ചാർജെടുത്തു

എം. എ. ലോനക്കുട്ടി (പ്രസിഡൻറ്) വി. കെ. അപ്പു (വൈസ് പ്രസിഡണ്ട്) കെ. വി. കുമാരൻ (പഞ്ചായത്ത്മെമ്പർ) രാധാ ചന്ദ്രൻ (പഞ്ചായത്ത് മെമ്പർ) യു. എൽ. അന്നു (പഞ്ചായത്ത്മെമ്പർ) എം. പി. ദിനേശൻ (പഞ്ചായത്ത്മെമ്പർ) കെ. മധുസൂദനൻ (പഞ്ചായത്ത്മെമ്പർ) വി. എൽ. ദേവസി (പഞ്ചായത്ത്മെമ്പർ) വി. പി. ആൻറു (പഞ്ചായത്ത്മെമ്പർ) എം. വി. ഗംഗാധരൻ (പഞ്ചായത്ത് മെമ്പർ) ടി. കെ. സാമുവൽ (പഞ്ചായത്ത്മെമ്പർ)




(സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ) പഞ്ചായത്ത് മെമ്പർമാർ:– 1) V. K. അപ്പു 2) V. D. വർഗ്ഗീസ്
3) ആൻറു P. K. 4) K. K. കൃഷ്ണൻ 5) M. K. സുബ്രഹ്മണ്യൻ 6) ഗൗരി നാരായണൻ
7) ലില്ലി പോൾ 8) കൊച്ചുറാണി തോമാസ് 9) കമലാക്ഷി ചന്ദ്രൻ
















# ഭൂപ്രകൃതിയും വിഭവങ്ങളും

2014
9.5.



## ഭൂപ്രകൃതി

ഉത്തരദിക്കിൽ ദേവതാത്മകനായ ഹിമവാനുണ്ട് എന്ന് കവി പാടിയതുപോലെ കോടശ്ശേരി പഞ്ചായത്തിന്റെ വടക്കും കിഴക്കും ദേവതുല്യരായ പർവ്വതനിരകളാണ് 20 കിലോമീറ്റർ നീളത്തിൽ കിടക്കുന്ന ഈ പഞ്ചായത്തിന്റെ ശരാശരി വീതി 4.75 കിലോമീറ്റർ ആണ്. ഇത് തികച്ചും ഒരു മലഞ്ചെരിവ് എന്ന് പറയുന്നതായിരിക്കും ഉത്തമം. തെക്കോട്ട് ചരിഞ്ഞുകിടക്കുന്നു. തെക്കുഭാഗത്ത് കപ്പോത്തോടും പോത്തോടിത്തോടും, നുരയിട്ടൊഴുകി ചാലക്കുടിപ്പുഴയിൽ ചേർന്ന് അരക്കിലോമീറ്റർ ദൂരം തെക്കുഭാഗത്ത് അതിരിടുന്നു. കുറച്ചു ഭാഗം മാത്രമേ കുന്നിൻപ്രദേശം എന്നുപറയാനാകു. അധികവും സമതലങ്ങളാണ്. സമതലങ്ങളിൽ ഭൂരിഭാഗവും നെൽകൃഷിയായിരുന്നു. നെല്ലുല്പാദനത്തിൽ കോടശ്ശേരി പഞ്ചായത്തിന് റെക്കോഡുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമത്തിനുമുമ്പ് നെല്ലുമാത്രം കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ ക്രമേണ മറ്റുവിഭവങ്ങളും കൃഷി ചെയ്യാനാരംഭിച്ചു. മാത്രമല്ല നെൽകൃഷി ലാഭകരമല്ലാതാവുകയും കാർഷികജോലികൾക്ക് ആളില്ലാതാവുകയും ചെയ്തതിന്റെ ഫലമായി നെൽപാടങ്ങളിൽ നാണ്യവിളകൾ കൃഷി ചെയ്യുവാനാരംഭിച്ചു. തെങ്ങ് , കമുക്, റബ്ബർ, ജാതി മുതലായവ ഇക്കൂട്ടത്തിൽ പെടുന്നു. 1952ൽ പ്രാവർത്തികമായ ചാലക്കുടി വലതുകരകനാലിൽ നിന്നും ജലം സുലഭമായപ്പോൾ നെൽകൃഷിയിലുണ്ടായിരുന്ന കുതിച്ചുകയറ്റം ഇന്ന് നിലനിൽക്കുന്നില്ല. തികച്ചും വെഴാമ്പലുകളെ പോലെ റേഷൻ കാത്തുകഴിയുന്നവരായിത്തീർന്നിരിക്കുന്നു കോടശ്ശേരി ഗ്രാമവാസികൾ. അതിനവർ തേങ്ങയും റബ്ബറും വിറ്റ് ധനം സമ്പാദിക്കുന്നു. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകൾ കുന്നുകളും താഴ് വരകളും പൂർണ്ണമായും തെങ്ങും റബ്ബറും കയ്യടക്കിക്കഴിഞ്ഞു. ഭക്ഷ്യവിഭവങ്ങളുടെ കൃഷി വളരെ കുറവാണ്. രണ്ടുകൈ ഗിരിവർഗ്ഗകോളനിയിലെ മലയർ ഇന്ന് തീരാദുഃഖത്തിലാണ്. വനത്തിന്റെ അധിപരായിരുന്ന അവർക്കിന്ന് മലയിൽ കയറണമെങ്കിൽ വനംവകുപ്പധികൃതരുടെ തീരുമാനം തേടണം. വനത്തിൽ നിന്നും വിഭവങ്ങൾ ശേഖരിക്കാനില്ലാതായി. വനനശീകരണം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിക്കഴിഞ്ഞു. 4 ദിവസം അദ്ധ്വാനിച്ചിട്ടാണ് 5 കിലോ ഇഞ്ച ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് ഒരു മലയക്കാരണവർ പറഞ്ഞത് ഗദ്ഗതകണ്ഠനായിട്ടാണ്. മലയിൽ പോകാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് മറ്റുജീവിതമാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കാൻ സമൂഹത്തിന് ബാദ്ധ്യതയുണ്ട്.

രണ്ടുകൈ മലഞ്ചരിവിന് സമീപത്തായാണ് ചെമ്പൻകുന്ന്. മിക്കവാറും പ്രദേശങ്ങൾ കരിമ്പാറ നിറഞ്ഞു കിടക്കുന്നു. ഇതിന്റെ കിഴക്കേ താഴ് വര നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. ഇന്നവയിലധികവും തെങ്ങിൻതോപ്പുകളും കരപ്രദേശങ്ങൾ റബ്ബർ തോട്ടങ്ങളുമാണ്. കോടശ്ശേരി പഞ്ചായത്തിൽ 1/3 സ്ഥലവും ഇന്ന് റബ്ബറാണെന്ന് കാണാവുന്നതാണ്. ബാക്കി 1/3 തെങ്ങും, 1/3 നെല്ല്, വാഴ തുടങ്ങിയ മറ്റു കൃഷികളുമാണ്. കൃഷിനിലങ്ങളുടെ അളവ് ദിനംപ്രതി കുറഞ്ഞുവരികയാണ്.

ചെമ്പൻകുന്ന് പ്രദേശം ഭൂരിഭാഗവും പാറ നിറഞ്ഞതാണെന്ന് കണ്ടുവല്ലൊ. ഇവിടെ നിന്നും പാറുപൊളിച്ചുകൊണ്ടുപോയി കടൽഭിത്തി കെട്ടുന്നതിനും മെറ്റൽ നിർമ്മിക്കുന്നതിനും മറ്റുമായി ഉപയോഗിക്കുന്നു. അനവധി പേർ ഇവിടെ തൊഴിൽ ചെയ്യുന്നു. ഈ മേഖലയിൽ പണിയെക്കുന്നവർ അസംഘടിതരാണ്. ശരിയായ വേതനക്രമമൊന്നും ഇവിടെ പാലിക്കപ്പെടുന്നില്ല. വളരെ വ്യവസായ സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. തൊഴിൽ സാദ്ധ്യതയുമുണ്ട്. ഈ പ്രദേശത്തെ ജനങ്ങൾ അദ്ധ്വാനശീലരാണ്. പൊതുവെ സാമ്പത്തികശേഷി കുറഞ്ഞവരും.

ഈ വില്ലേജിൽ വളർന്നുവരുന്ന ഒരു വ്യാപാരകേന്ദ്രമാണ് കുറ്റിച്ചിറ. തുമ്പൂർമുഴി കനാൽ ഈ പ്രദേശത്തെ കിഴക്കുപടിഞ്ഞാറായി വിഭജിക്കുന്നു. കിഴക്കുഭാഗം മുഴുവനും കുറ്റിച്ചിറ പട്ടികജാതി കോളനിയാണ്. പടിഞ്ഞാറുഭാഗം കൃഷിനിലങ്ങളായിരുന്നെങ്കിലും ഇന്നതെല്ലാം നികത്തി തെങ്ങുകൃഷിയാക്കിയിരിക്കുന്നു. നിലം നികത്തി വീടുകൾ പണിയുകയും ചെയ്യുന്നുണ്ട്. ഭൂപരിഷ്കരണ ഫലമായി ഭൂമി പതിച്ചുകിട്ടിയവരാണ് ഈ പ്രദേശത്തുകാർ മുഴുവനും. ദിനംപ്രതി ഇവിടെ നിന്നും ടൺ കണക്കിനാണ് റബ്ബർ കയറ്റി പോകുന്നത്. അതുപോലെ തന്നെ കൊപ്രയും.

റബ്ബധിഷ്ഠിത വ്യവസായങ്ങൾക്കും കേരാധിഷ്ഠിത വ്യവസായങ്ങൾക്കും ഇവിടെ വ്യാപകമായ സാദ്ധ്യതകളുണ്ട്.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന ഇടുക്കിക്കുന്ന് , ഗിരിജൻ കോളനി ഇവിടങ്ങളിൽ ജനവാസം കുറവാണ്. ഈ പ്രദേശങ്ങൾ ഇടുക്കിയിൽ നിന്നും ഒഴിപ്പിക്കപ്പെട്ടവർക്ക് പതിച്ചു നൽകിയതുകൊണ്ടാണ് ഇടുക്കിക്കുന്ന് എന്ന പറയുന്നത്. ഇവിടെ ജലലഭ്യതയില്ല. ഈ സ്ഥലങ്ങൾ നനക്കാൻ സൗകര്യപ്പെടുത്തുകയാണെങ്കിൽ കാർഷികോല്പാദനം വളരെ വർദ്ധിപ്പിക്കുവാൻ കഴിയും. വർഷകാലത്തുമാത്രമെ ഇപ്പോൾ കൃഷി ചെയ്യുവാൻ കഴയുന്നുള്ളു. ജലസേചനത്തിന് പറമ്പുടനീളം പൈപ്പുകൾ കഴിഞ്ഞ പഞ്ചായത്തിന്റെ കാലത്ത് സ്ഥാപിച്ചിട്ടുണ്ട്. മോട്ടർ സ്ഥാപിക്കുകയോ കുളം താഴ്ത്തുകയോ ചെയ്തിട്ടില്ല. 11 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയെങ്കിലും ഒരുതുള്ളി വെള്ളം പോലും കൃഷിക്കാർക്ക് കിട്ടിയിട്ടില്ല എന്നുള്ളതാണ് സത്യം. വികസനം എവിടെ ഉണ്ടായി എന്ന് നിങ്ങൾക്കു പറയാമൊ? കോടശ്ശേരി മലയ്ക്ക് സമാന്തരമായി കിടക്കുന്ന ഈ പ്രദേശത്ത് ജലസേചന സൗകര്യം നൽകുന്ന പക്ഷം കർഷിക വിഭവങ്ങളുടെ ഉല്പാദനത്തിൽ വലിയ പുരോഗതിയുണ്ടാക്കാൻ കഴിയും.

ഇടുക്കിക്കുന്നിന് തെക്കുഭാഗം കുണ്ടുകുഴിപ്പാടം പ്രദേശം ജലസേചന സൗകര്യമുള്ള പ്രദേശമാണ്. കപ്പത്തോട് വരെ നീണ്ടുകിടക്കുന്ന ഈ ഭാഗത്ത് തെങ്ങാണ് പ്രധാന വിള. നെല്ല് സുലഭമാണ്. നേന്ത്രവഴ, മറ്റു പച്ചക്കറികൾ ഇവിടെ കൃഷി ചെയ്യുന്നുണ്ട്. കുണ്ടുകുഴിപ്പാടത്തിന് പടിഞ്ഞാറുള്ള കൂർക്കമറ്റം പാടവും നെൽകൃഷിപ്രധാനമാണ്. മിക്ക ഭാഗങ്ങളും പറമ്പുകൃഷിയായി മാറിക്കഴിഞ്ഞു. കൊട്ടിലുങ്ങത്തറ ഭാഗം ചെറിയ കുന്നാണ്. ഇവിടെ റബ്ബറും തെങ്ങുമാണ് കൃഷി. അതിന് പടിഞ്ഞാറ് ഭാഗത്ത് ചട്ടിക്കുളത്ത് സർക്കാർ ഭൂമിയുടെ ഒരു തുണ്ടുണ്ട്. ഇതിൽ അക്കേഷ്യ വച്ചുപിടിപ്പിച്ചിരിക്കുന്നു. പരിസരമലിനീകരണവും മനുഷ്യരുടെ ശ്വാസകോശത്തെ ബാധിക്കുന്നതുമായ ഇതിന്റെ പൂമണം അസഹ്യം തന്നെ. ഈ പ്രദേശം മെയിൻ കനാലിനും താഴെയായതിനാൽ ജലസേചന സൗകര്യമുള്ള സ്ഥലമാണ്. ഏക്കർ കണക്കിന് വിസ്തീർണ്ണമുള്ള ഈ ജലസേചനസൗകര്യമുള്ള ഈ ഭൂവിഭാഗം കൃഷിക്ക് വിട്ടുകൊടുക്കേണ്ടതാണ്. അതിന് പകരം മെയിൻ കനാലിന് മേൽ ഭാഗത്തുള്ള ഉണക്കതേക്കുകളും (പ്രായാധിക്യം ) മുറിച്ചുമാറ്റി ആ ഭാഗങ്ങൾ പൂർണ്ണമായി വനവൽക്കരിക്കേണ്ടതാണ്. മേലിൽ ഇവിടെ തേക്കുമരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതില്ല.

ചട്ടികുളത്തിന് പടിഞ്ഞാറു ഭാഗം നെല്പാടങ്ങളായിരുന്നു. അവ 80%വും പറമ്പുകളായി മാറിക്കഴിഞ്ഞു. കോടശ്ശേരികുന്നുകളിൽ റബ്ബറും തെങ്ങും സുലഭമായി കൃഷി ചെയ്യുന്നു. ചന്ദനക്കുന്നു പ്രദേശം തെക്കോട്ടും വടക്കോട്ടും ചരിഞ്ഞുകിടക്കുന്നു. ചന്ദനക്കുന്നിന്റെ തെക്കുഭാഗം മണലായി പ്രദേശങ്ങൾ ഫലഭൂയിഷ്ടമാണ്. നെല്ലും, തെങ്ങും തന്നെ പ്രധാന കൃഷി. താഴുക്ക്, കമ്മളം, പ്രദേശങ്ങൾ സമതലങ്ങളാണ്. ഇവിടെ നെല്ലും തെങ്ങും പ്രധാന കൃഷികളാണ്. ഇതിന്റെ വടക്കുഭാഗത്ത് സെറ്റിൽമെന്റ് കോളനി എന്ന നായരങ്ങാടിക്കുന്ന് സ്ഥിതി ചെയ്യുന്നു. കിഴക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് ജനവാസം കുറവാണ്. ജലലഭ്യത തീരെയില്ല. ജലലഭ്യത ഭേദപ്പെടുത്തിയാൽ ഭക്ഷ്യവിഭവങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കാം.

നായരങ്ങാടിക്കുന്നിൽ സെറ്റിൽമെന്റ് വക സ്ഥലത്ത് 50 ഏക്കർ ഭൂമി തരിശായി വർഷങ്ങളായി കിടക്കുന്നു എന്നത് ദുഃഖകരമാണ്. മിച്ച ഭൂമിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണ് ഇത്രയും ഭൂമി. ഏതു വിധേനയും ഈ ഭൂമി കൃഷി ചെയ്യുനകയോ ഫോറസ്റ്റ് വകയായതിനാൽ വനവൽക്കരിക്കുകയൊ ചെയ്യേണ്ടത് അത്യാവശ്യമാണ്. ചില ഭാഗങ്ങളിൽ ധാരാളം ക്വാറികൾ കാണുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കരിങ്കൽ ക്വാറിയിലെ പണികളാണ്. തൊഴിലാളികൾ അസംഘടിതരാണ്. സെറ്റിൽമെന്റ് കുന്നിന്റെ പടിഞ്ഞാറുഭാഗവും കിഴക്കുപടിഞ്ഞാറ് ഭാഗവും കിഴക്ക് പടിഞ്ഞാറു നീണ്ടുകിടക്കുന്ന കുന്നിൻ പ്രദേശം തന്നെയാണ്. ഇവിടേയും ക്വാറികളിലെ ജോലി തന്നെയാണ് പ്രധാനം. അതിന് പടിഞ്ഞാറുഭാഗം മിക്കവാറും വെട്ടുകൽ പ്രദേശങ്ങളാണ്. ചൗക്ക എലിഞ്ഞിപ്ര പ്രദേശങ്ങളും ഇതേ രീതിയിൽ പെടുന്നു. കോടശ്ശേരി പഞ്ചായത്തിന്റെ എലിഞ്ഞിപ്ര പ്രദേശം (കീലിയേൽകടവ്) ചാലക്കുടി പുഴയുമായി ബന്ധപ്പെടുന്നു. പൂങ്കൊടിപ്പാടത്തിന് കിഴക്കുഭാഗത്തുള്ള ചെറുതോട് ചാലക്കുടി മുനിസിപ്പാലിറ്റിയേയും കോടശ്ശേരി പഞ്ചായത്തിനേയും വേർതിരിക്കുന്നു. പട്ടരുപാടം വിസ്തൃതമായ ഒരു വയലാണ്. അതുപോലെ കുട്ടാടഞ്ചിറക്കു താഴേയുള്ള വയലും. പൊതുവേ നോക്കുമ്പോൾ പഞ്ചായത്തിന്റെ മദ്ധ്യത്തിൽ; ഭാരതത്തിന്റെ മദ്ധ്യത്തിൽ വിന്ധ്യാശതപുര പർവ്വതനിരകളെന്ന പോലെ ഒരു പർവ്വതമുണ്ടായിരുന്നുവെന്നും അവ കാലാന്തരത്തിൽ നശിപ്പിച്ച് ജനവാസ കേന്ദ്രമാക്കിതീർത്തതാണെന്നും

കാണാവുന്നതാണ്. മേച്ചിറക്കു പടിഞ്ഞാറുഭാഗം ഇന്നും നെൽകൃഷി ചെയ്യുന്ന പാടങ്ങൾ സുലഭമായി കാണാവുന്നതാണ്. കനാൽ ഏറ്റവും താഴ്ന്ന പ്രദേശത്തുകൂടെ പോകുന്നതിനാൽ പമ്പുകളെ ആശ്രയിച്ചാണ് ജലസേചനം നടത്തുന്നതെന്നു മാത്രം.

**കാലാവസ്ഥ**

ഈ പഞ്ചായത്തിൽ എല്ലായിടത്തും ഒരേ കാലാവസ്ഥ തന്നെ അനുഭവപ്പെടുന്നു. വടക്കു ഭാഗത്തുള്ള മലനിരകൾ ചെയ്യുന്ന സംഭാവന വളരെ വലുതാണ്. അതോടൊപ്പം പരിയാരം പഞ്ചായത്തിലാണെങ്കിലും കോട്ടാമലയും നമ്മുടെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ സാരമായ പങ്കുവഹിക്കുന്നുണ്ട്. കേരളത്തിൽ എല്ലായിടത്തും അനുഭവപ്പെടുന്നതുപോലെയുള്ള കാലാവസ്ഥ തന്നെ ഇവിടേയും അനുഭവപ്പെടുന്നു. ജൂൺ 15-ാംനു യോടെ മഴ ആരംഭിക്കുന്നു. കാലവർഷം കഴിഞ്ഞാൽ തുലാവർഷവും ലഭിക്കുന്നു. സാധാരണയായി നല്ല മഴ ലഭിക്കുന്ന പ്രദേശമാണീ മേഖല. വർഷക്കാലത്ത് കോടശ്ശേരിയുടെ തെക്കുഭാഗത്തുകൂടി ഒഴുകുന്ന കപ്പത്തോട് നിറഞ്ഞുകവിഞ്ഞ് ഒഴുകും. വേനൽക്കാലമായാൽ തുമ്പൂർമുഴി കനാലിൽ നിന്നുമുള്ള ജലം മൂലമുണ്ടാകുന്ന ഉറവുവെള്ളവും കപ്പത്തോടിനെ സജീവമാക്കുന്നു. ഒക്ടോബർ മാസം കഴിഞ്ഞാൽ മഴ മാറി മഞ്ഞ് നേരിയ തോതിൽ ആരംഭിക്കും. കടുത്ത തണുപ്പൊന്നും ഇവിടെ അനുഭവപ്പെടുന്നില്ല. തുടർന്ന് വേനൽക്കാലമാരംഭിക്കുന്നു. ഈ സമയത്ത് നല്ല ചൂടായിരിക്കും. ഈയിടെയായി പറയത്തക്ക വിശേഷമുള്ളത് ന്യൂനമർദ്ദം മൂലം കിട്ടുന്ന യാദൃച്ഛിക മഴകളാണ്.

**ജലലഭ്യത**

കോടശ്ശേരി മറ്റുസ്ഥലങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ജലലഭ്യതയുടെ കാര്യത്തിൽ സാമാന്യം അനുഗൃഹീതരാണ്. എന്നാൽ ചില മേഖലകളിൽ ജലദൗർലഭ്യമുണ്ട്. മലകൾ ധാരാളമുള്ളതിനാൽ ഉറവജലം വേനൽക്കാലങ്ങളിലും സുലഭമാണ്. കാലക്രമേണ അതിന് മാറ്റം വരുന്നുണ്ട്. ജലസമൃദ്ധമായിരുന്നു നമ്മുടെ കുളങ്ങളും , വയലുകളും, തോടുകളും. ഓരോ വർഷം കഴിയുമ്പോഴും ജലസമ്പത്ത് ശോഷിച്ചു വരുകയാണ്. ഇതിന്റെ അടിസ്ഥാനകാരണം വനനശീകരണമാണെന്ന് പറയാതെ നിർവ്വാഹമില്ല. ഹരിതവനങ്ങൾ നശിച്ചും നശിപ്പിച്ചും മൊട്ടത്തല പോലായിരിക്കുന്നു. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിച്ച് കോടശ്ശേരി പോലുള്ള മലകളും കോടശ്ശേരികുന്നു പോലുള്ള ലീസ് ഭൂമിയും എത്രയും വേഗം വനവൽക്കരിക്കാൻ അമാന്തിച്ചുകൂട. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സ് തുമ്പൂർമുഴി വലതുകര കനാലാണ്. കുളങ്ങളും കിണറുകളും ജലദാതാക്കളാണ്. കിണറുകളിൽ ജലം കുറഞ്ഞുവന്നപ്പോൾ നാം ഭൂഗർഭ ജലം ചൂഷണം ചെയ്തു തുടങ്ങി. ഇതും വളരെക്കാലം നീണ്ടുനിൽക്കുകയില്ല. ഇങ്ങനെ വരുമ്പോഴും ജലക്ഷാമം പരിഹരിക്കപ്പെടുന്നില്ല. അടിസ്ഥാനപരമായ നീക്കം നടത്തിയാലല്ലാതെ ഈ പ്രശ്നം പരിഹരിക്കാനാവില്ല.

**മണ്ണ്**

കോടശ്ശേരിയിലെ മൺ തരങ്ങൾ വൈവിദ്ധ്യമാർന്നതാണ്. മലയോരങ്ങളിൽ നല്ല കറുത്ത മണ്ണ് കാണുന്നു. എന്നാൽ കുന്നുപുറങ്ങളിൽ മിക്കയിടത്തും ചുവന്ന മണ്ണാണ്. ചില സ്ഥലങ്ങളിൽ വെട്ടുകല്ല് ഏറ്റവും മുകളിൽ കാണാം. ചെമ്പൻകുന്ന്, നായരങ്ങാടികുന്ന് എന്നിവിടങ്ങളിൽ ധാരാളം കരിമ്പാറയുണ്ട്. ഇതെല്ലാം വ്യാവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വെട്ടുകല്ല് വെട്ടിയെടുത്ത് പുരപണിയാനാണ് അധികവും ഉപയോഗിക്കുന്നത്.

കോടശ്ശേരിയിൽ പ്രധാനമായും പശിമരാശിമണ്ണാണ് കണ്ടുവരുന്നത്. എക്കലും മണലും ചേർന്ന മണ്ണ്. എന്നാൽ കമ്മളം എന്ന് പറയുന്ന സ്ഥലത്ത് ധാരാളം കളിമണ്ണുണ്ട്. അതുപയോഗപ്പെടുത്തി നാം ഓട്വ്യവസായം തുടങ്ങിയെങ്കിലും വിജയിച്ചില്ല. കളിമണ്ണുപയോഗിച്ച് ധാരാളം വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതകളുണ്ട്.

130

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ വിസ്തീർണ്ണം 93.9 ച:കിലോമീറ്ററാണ്. ഇതിൽ 1/3 ഭാഗം തെങ്ങും 1/3 ഭാഗം റബ്ബറും 1/3 ഭാഗം നെല്ലുമാണ് കൃഷി ചെയ്യുന്നത്. അപൂർവ്വമായി അങ്ങിങ്ങ് കൊള്ളി, വാഴ, ജാതി , പച്ചക്കറികൾ ഇവ കൃഷി ചെയ്തുവരുന്നു. പച്ചക്കറികൃഷി തീരെയില്ലെന്നു തന്നെ പറയാം. സെറ്റിൽമെന്റ് കുന്നിൽ മാത്രമാണ് 50 ഏക്കർ സ്ഥലം തരിശായികിടക്കുന്നത്. ഇത് മിച്ച ഭൂമിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതാണുതാനും. മറ്റെങ്ങും ഭൂമി തരിശായി കിടക്കുന്നില്ല.

കോടഞ്ചേരിയിൽ 10 സ്കൂളുകളുണ്ടെങ്കിലും ഒന്നിലൊഴികെ ഒരു മൈതാനം (കളിസ്ഥലം) ഇല്ല. നാരങ്ങാടി യു.പി. സ്കൂളിൽ മാത്രമാണ് 4 ഏക്കർ വരുന്ന ഒരു കളിസ്ഥലമുള്ളത്. ഭൂമിപൂർണ്ണമായും ജലദൗർലഭ്യം അനുഭവപ്പെടുന്ന മേഖലയാണ്. ജലലഭ്യത ഉറപ്പാക്കിയാൽ ധാരാളം സ്ഥലം കൃഷിയോഗ്യമാക്കാം.

കോടഞ്ചേരിയിൽ റോഡുകളുടെ ഒരു ശൃംഘല തന്നെയുണ്ട്. പഞ്ചായത്തിന്റെ ഉത്ഭവകാലത്ത് റോഡുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ലെന്നു പറയുന്നതാകും യുക്തം. എന്നാൽ ഇന്ന് എല്ലാ പ്രദേശങ്ങളും റോഡുമാർഗ്ഗം ബന്ധപ്പെടാൻ കഴിയുന്ന ഒരു സാഹചര്യമുണ്ട്. അത്യാവശ്യമായ സ്ഥലങ്ങളിലേക്കെല്ലാം തന്നെ റോഡുകൾ ഉണ്ടെന്ന് പറയാം.

തെങ്ങ്, റബ്ബർ, നെല്ല് ഇവയുടെ ഉല്പാദനക്ഷമത പരിശോധിക്കുമ്പോൾ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് റബ്ബറാണെന്ന് കാണാം. റബ്ബർ ബോർഡിന്റെ നിർദ്ദേശാനുസരണം ഫീൽഡോഫീസർമാർ റബ്ബർ കൃഷിയിൽ പ്രത്യേകം ശ്രദ്ധചെലുത്തുന്നതുകൊണ്ടും ബാങ്കുകൾ ആവശ്യമായ ധനസഹായങ്ങൾ നൽകുന്നതുകൊണ്ടും ഇടക്കിടെ ബോധവൽക്കരണക്ലാസ്സുകൾ നടത്തുന്നതുകൊണ്ടും നല്ലയിനം നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതുകൊണ്ടും ആ രംഗത്ത് ഏറ്റവും കൂടുതൽ ഉൽപാദനം ലഭിക്കുന്നു. തെങ്ങുകൃഷിയിലോ നെൽകൃഷിയിലോ മേൽപറഞ്ഞ വിധം സഹായമോ ബോധവല്ക്കരണമോ നടക്കാത്തതും എല്ലാം ഒരുവഴിപാടായി നടക്കുന്നതും ഉൽപാദന ക്ഷമത കുറയുവാൻ കാരണമാകുന്നു. കാർഷികരംഗത്ത് ഇന്ന് ആവശ്യമായ തൊഴിലാളികളെ കിട്ടാത്തത് ഒരു പ്രശ്നം തന്നെയാണ്. ഇത് രൂക്ഷമായി വരികയുമാണ്. യന്ത്രവൽക്കരണം ഒട്ടൊക്കെ ആശ്വാസമെന്നല്ലാതെ പൂർണ്ണമായ പരിഹാരമാകുന്നില്ല.

## ജൈവസമ്പത്ത്

സസ്യസമൃദ്ധമാണ് കോടഞ്ചേരി. അതുപോലെ മൃഗസമ്പത്തിലും. അടുത്ത കാലത്തായി മൃഗസമ്പത്തിൽ കാര്യമായ ഇടിവു പറ്റിയിട്ടുണ്ട്. ജനങ്ങളുടെ അഭിരുചിയനുസരിച്ചുള്ള വ്യതിയാനങ്ങളാണ് ഇതിന് ഒരു കാരണം. ആടുമാടുവളർത്താനുള്ള ഭൗതിക സാഹചര്യങ്ങൾ വേണ്ടുവോളം ഉണ്ടായിരുന്ന കാലത്തെ അപേക്ഷിച്ചുനോക്കുമ്പോൾ ഇന്നത്തെ അവസ്ഥ ശോചനീയമാണ്. പാലിന്റേയും മാംസത്തിന്റേയും മുട്ടയുടേയും ഉപഭോഗം വർദ്ധിച്ചിട്ടുണ്ട്. ഇതെല്ലാം പുറമെ നിന്നും ഇറക്കുമതി ചെയ്യുന്നതാണ്. കാലിത്തീറ്റയുടെ വില വർദ്ധനവ്, പുല്ല്, വൈക്കോൽ ഇവയുടെ അഭാവം എന്നിവ കാലിവളർത്തലിന് വിഘാതമാണ്. അമൂല്യമായ ഔഷധങ്ങളുടെ കലവറയാണ് കോടഞ്ചേരി ഗ്രാമം. അപൂർവ്വമായ ഔഷധസസ്യങ്ങൾ കൂട്ടംകൂട്ടമായി വെളിമ്പ്രദേശങ്ങളിൽ വളർന്നു നിൽക്കുന്നു. വനപ്രദേശങ്ങളിലും അവ സുലഭമാണ്. സസ്യ-ഔഷധ-വൃക്ഷ- ലതാദികളുടെ ഒരു പട്ടിക കൃഷി വിഭാഗത്തിൽ പെടുത്തിയിട്ടുണ്ട്. ആയുർവ്വേദ ഔഷധങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത വളരെയുണ്ട്. ജൈവസമ്പത്തിന്റെ ആവാസകേന്ദ്രമായ വനങ്ങൾ വെട്ടിച്ചുടുന്നതുമൂലം അവ കുറ്റിയറ്റു പോകുന്ന ഒരു സ്ഥിതിയുണ്ട്. ഈ ഏർപ്പാട് നിർത്തണം. വനംവകുപ്പും , വൈദ്യുതി ബോർഡും, പരിസ്ഥിതി പ്രസ്ഥാനവും ഇക്കാര്യത്തിൽ ഒരു യോജിപ്പിലെത്തേണ്ടതുണ്ട്.

## മനുഷ്യവിഭവം

ഇവിടത്തെ ജനസംഖ്യ - 32851 ആണ്. അതിൽ 17169 സ്ത്രീകളും 15682 പുരുഷന്മാരുമാണ്. ഇവിടത്തെ സാക്ഷരത 94 % ആണ്. ആരോഗ്യമുള്ളവരും വിദ്യാഭ്യാസമുള്ളവരും ശുചിത്വം പാലിക്കുന്നതിന് മുൻ

പന്തിയിലാണ്. അതുപോലെ പരിശ്രമശാലികളും ബുദ്ധിമാന്മാരുമാണ്. സംഘടനാബോധമുള്ളവരും സാംസ്കാരികമായി ഉയർന്നു വരുന്നതുമാണ്. പ്രതിവർഷം വർദ്ധനവിന്റെ തോത് കുറഞ്ഞുവരുന്നതായി കാണാം. ഈ പഞ്ചായത്തിന്റെ കിഴക്കൻ മേഘലയിൽ ധാരാളം തരിശുഭൂമികളുണ്ടായിരുന്നു. സംസ്ഥാനത്തിന്റെ തെക്കുഭാഗത്തുനിന്നുള്ളലർ ഈ പ്രദേശങ്ങളിലേയ്ക്ക് കുടിയേറിയിട്ടുണ്ട്. 300 കുടുംബങ്ങൾ കുടിയേറ്റക്കാരായി ഇവിടെയുണ്ട്. അതോടെ ഈ പ്രദേശങ്ങളിൽ റബ്ബർ കൃഷിയിൽ ഒരു കുതിച്ചുചാട്ടവും സാമ്പത്തിക വളർച്ചയിൽ ഉണർവ്വും ഉണ്ടായിട്ടുണ്ട്. വൻകിട തോട്ടങ്ങളില്ലാതാനും. ഇവിടെ ജനനനിരക്കും മരണനിരക്കും സമാന്തരമായി പോകുന്നത് കാണാം. വളരെ താഴ്ന്ന ശിശുമരണനിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നാണ്യവിളകൃഷിയുടെ അതിപ്രസരം ഭക്ഷ്യവസ്തുക്കളുടെ ദുർലഭ്യതയ്ക്കു കാരണമാകുമെന്നുള്ളത് ഒരു ചൂണ്ടുപലകയാണ്.

പൊതുവിൽ അഭ്യസ്ഥവിദ്യരുടെ വർദ്ധനവ് തൊഴിലില്ലാസൈന്യത്തിന്റെ സംഖ്യ വർദ്ധിപ്പിക്കുന്നു. കാർഷികരംഗത്ത് പണിയെടുക്കാൻ പുതിയ തലമുറ വിമുഖരാണ്. ജീവിതഗന്ധിയായ ഒരു പാഠ്യപദ്ധതിയുടെ അഭാവമാണ് ഇതിനുകാരണം. കാർഷികമേഘലയിൽ അതിനനുസരിച്ച് വിദ്യാഭ്യാസരീതിയാണ് നടപ്പാക്കേണ്ടത്. വ്യാവസായികമായി വളർത്തിക്കൊണ്ടുവരേണ്ട വിഭവങ്ങൾ കണ്ടുപിടിച്ച് അതിനെ പോഷിപ്പിക്കുന്ന ഒരു സംവിധാനം പഞ്ചായത്തുകളിലുണ്ടാകണം. പഞ്ചായത്തിൽ ചെറുകിട വ്യവസായങ്ങൾ ഇല്ലെന്നു പറയുന്നതാകും ശരിയാവുക. തൊഴിലില്ലായ്മ അതിരൂക്ഷമാണ്. അഭ്യസ്ഥവിദ്യരുടെ മേഖലയിലും സാധാരണ കൂലിപ്പണിക്കാരുടെ മേഖലയിലും ഇത് ബാധകമാണ്. കൂലിവർദ്ധന കണക്കിലെടുത്താൽ കൃഷി നഷ്ടത്തിലാകുന്നതാണ് ഇതിന് കാരണം. വളത്തിന്റെ വിലക്കൂടുതൽ മറ്റൊരു കാരണമാണ്. കാർഷികമേഖല എല്ലാവർക്കും അനാകൃഷ്ടമായിരിക്കുന്നു എന്നതും കാരണമാണ്. പൊതുവെ പറഞ്ഞാൽ തൊഴിലില്ലായ്മ നമ്മെ നേരിടുന്ന അതിഭയങ്കരമായ വിപത്താണ്. ഇത് സ്ഫോടനാത്മകമാണ്. ഇതിന് പരിഹാരം കാണേണ്ടത് ദേശസ്നേഹികളുടേയും സമാധാനപ്രേമിളുടേയും ചുമതലയാണ്.

# കൃഷി

## ഭൂപ്രകൃതി

കിഴക്ക് പടിഞ്ഞാറ് ഏകദേശം 19 കി.മീ. ദൈർഘ്യത്തിൽ കിടക്കുന്ന കോടശ്ശേരി പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗങ്ങൾ മലകളാണ് കുന്നുകളും പാറക്കെട്ടുകളും സമതലങ്ങളും ഉള്ള ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി മൊത്തത്തിൽ വടക്ക് നിന്ന തെക്കോട്ട് ചരിഞ്ഞതാണ്..

കുന്നുകളും ചരിവുകളും പറമ്പുകളാണ്. അടിവാരം ഒരു പ്പൂകൃഷിയും അതിനുതാഴെ ഇരുപ്പൂ നെൽകൃഷിയും ചെയ്യുന്നു. ദീർഘമായ ആറ് (6) തോടുകളും ഈ പഞ്ചായത്തിലുണ്ട്. കോർമല-വെള്ളിക്കുളം തോട് എലിഞ്ഞപ്പാറതോട്, പുളിങ്കര പാടം, വലിയ തോട്, താഴൂർതോട്, മേച്ചിറതോട്, കപ്പത്തോട്. മലകളിൽ നിന്നാരംഭിക്കുന്ന അരുവികളിൽ ഒന്ന് കിഴക്ക് നിന്നും പടിഞ്ഞാറോട്ടും മറ്റെല്ലാം വടക്ക് നിന്ന് തെക്കോട്ടും ആണ് ഒഴുകുന്നത്.

കോടശ്ശേരി പഞ്ചായത്തിൽ മുഖ്യമായും നാണ്യവിളകളാണ് കൃഷിചെയ്യുന്നത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ എള്ള്, മരച്ചീനി, ചേമ്പ്, ചേന, വാഴ മുതലായവ താൽക്കാലിക വിളകൾക്കായി ഉപയോഗിച്ചിരുന്ന കൃഷിയിടങ്ങളെല്ലാം നാണ്യ വിളകളായി മാറിക്കഴിഞ്ഞു. മുഖ്യമായും റബ്ബർ കൃഷിയാണ് ഈ ഭാഗത്ത്. മറ്റു സ്ഥലങ്ങളിൽ തെങ്ങ്, കവുങ്ങ് മുതലായ കൃഷികളാണ്. നെൽകൃഷി ചെയ്തിരുന്ന വളരെയധികം നെൽപാടങ്ങൾ നികത്തി നാണ്യ വിളകളും ഇടവിളകളും കൃഷിചെയ്തുവരുന്നു. നെൽകൃഷി നാൾക്കുനാൾ കുറഞ്ഞു വരികയാണ്.

## അൽപ്പം ചരിത്രം

കോടശ്ശേരി പഞ്ചായത്ത് 50 കൊല്ലങ്ങൾക്ക് മുൻപ് ഏതാനും ജന്മിമാരുടെ ഭൂസ്വത്തായിരുന്നു. 1) വലിയ തമ്പുരാൻ കോവിലകം, 2) നേത്യാരമ്മ കോവിലകം, 3) അമ്മതമ്പുരാട്ടി കോവിലകം, 4) കൊല്യാലൻ തമ്പുരാൻ കോവിലകം, 5) പടതോൾ മന, 6) കോടശ്ശേരി കർത്താക്കന്മാർ, 7) രാപ്പാൾ വാരിയം, 8) തച്ചുടയകൈമൾ, 9) ചിറക്കൽ പണിക്കന്മാർ എന്നിവരുടെ വകയായിരുന്നു ഈ പഞ്ചായത്ത് ഉൾപ്പെടുന്ന സ്ഥലം മുഴുവനും.

ഇന്നത്തെ പഞ്ചായത്തിലെ എല്ലാ കുന്നുകളും മലകളായിരുന്നു 50 കൊല്ലം മുമ്പ് വരെ. അടിവാരം ഒരുപ്പൂനെൽകൃഷി ചെയ്തുപോന്നു. അതിനു താഴെ ഇരിപ്പൂകൃഷിയും. (വയലാത്തറ, ചെമ്പൻകുന്ന്, പിലാർ മുഴി, ചന്ദനകുന്ന് ഇവ മലകളായിരുന്നു) ഇപ്പോഴും ചുറ്റുപാടും ജനവാസമുള്ള രണ്ട് വനപ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കോർമല ഭാഗത്ത് തുണ്ട് കാട് - (വടക്ക് പടിഞ്ഞാറ് കോർമല-കിഴക്ക്, തെക്ക് വീരൻചിറ) ചായ്പൻകുഴി തേക്ക് പ്ലാന്റേഷൻ-വിരൽചിറ, രണ്ട്കൈ, ചൂളക്കടവ്, വെട്ടിക്കുഴി. ചായ്പൻകുഴി എന്നീ പ്രദേശങ്ങളുടെ നടുവിലാണ് ഈ സ്ഥലം. റിസർവ് ഫോറസ്റ്റ് ആയിരുന്ന ഈ സ്ഥലം സെലക്ഷൻ ഫെല്ലിംഗ് നടത്തി തേക്ക് പ്ലാന്റ് ചെയ്തു.

2-ാം ലോക മഹായുദ്ധക്കാലത്ത് അതി ഭയങ്കരമായ ഭക്ഷ്യക്ഷാമം നേരിട്ടു. 1943-44 കാലഘട്ടത്തിൽ കടുത്ത ഭക്ഷ്യക്ഷാമം നേരിടുന്നതിന് മലകൾ വെട്ടി തെളിച്ച് കൃഷിചെയ്യാനുള്ള ശ്രമം ഗവ: ഭാഗത്തുനിന്ന് വന്നു. ഹിൽപാടിക് കൃഷി എന്നാണ് ഈ രീതി അറിയപ്പെട്ടിരുന്നത്. പെരുവക നെൽവിത്താണ് അന്ന് കൃഷി ചെയ്തിരുന്നത്. ഗവർമെന്റ് കൃഷി ആയിരുന്നതിനാൽ ഉൽപാദനം ഉണ്ടായെങ്കിലും ഉൽപ്പാദകർക്ക് ഗുണമുണ്ടായില്ല. കൃഷി പരാജയമായപ്പോൾ, കൊച്ചി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കർഷകസംഘം കൃഷിഭൂമിയില്ലാത്തവർക്ക് പാട്ടത്തിനോ, പതിച്ചോ കൊടുത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ അന്നത്തെ ഗവർമെന്റിന് നിവേദനം കൊടുത്തു. അതിന്റെ ഫലമായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ച് കൃഷി ഭൂമി പാട്ടത്തിന് കൊടുക്കാൻ തീരുമാനിച്ചു. ശ്രീ. ഇ. ഗോപാലൻ കൃഷ്ണ മേനോന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ ശ്രീ. കെ.കെ. കുട്ടൻ വൈദ്യർ, ശ്രീ. കെ.ഐ. മാധവൻ, ശ്രീ. എം.ഐ. കുട്ടൻ, ശ്രീ. എം.കെ. കാട്ടുപറമ്പൻ മുതലായവർ അംഗങ്ങളായിരുന്നു. കൃഷിക്കാർക്ക് കൃഷി ചെയ്യാൻ നിവൃത്തി ഇല്ലാതെ വന്നപ്പോൾ അവരുടെ ഭൂമി വീതിച്ചുകൊടുക്കാമെന്ന വ്യവസ്ഥയിൽ കർഷകസംഘം ഏറ്റെടുക്കുകയും രണ്ട് കൂട്ടു കൃഷി സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. 147-ാം കോർമല കൂട്ടുകൃഷി സഹകരണ സംഘം, 148-ാം ആനമല കൂട്ടു കൃഷി സഹകരണ സംഘം. സംഭാവന പിരിച്ചാണ് കൃഷി ആരംഭിച്ചത്. കൊർമല സംഘം പരാജയപ്പെട്ടു.

33 ഈ സംഘം ഏറ്റെടുത്ത ഭൂമി കർഷകർക്ക് തിരിച്ച് കൊടുത്തു. വസ്തുവകകൾ ആനമല സംഘത്തിലേക്ക് കൂട്ടിച്ചേർത്തു. ആനമല സംഘം വിപുലമായി നല്ല നിലയിൽ നടക്കുന്ന കാലത്ത് സംഘം ഭൂമി ഗവർൺമെന്റ് തിരിച്ചെടുത്തു. പിന്നീട് കേരളസംസ്ഥാനം രൂപംകൊണ്ടതിനുശേഷം 1958–ൽ ആനമല സംഘത്തിന് 200 ഏക്കർ ഭൂമി തിരിച്ചുകൊടുത്തു. കോടശ്ശേരിയിൽ കർഷകർക്ക് തിരിച്ചുകൊടുത്ത ഭൂമി 1957–ൽ വന്ന ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഫലമായി കർഷകരുടെ സ്വന്തമായി.

കർഷകർ ആദ്യകാലം മുതൽക്കുതന്നെ വനഭൂമിയിൽ ലീസ് സമ്പ്രദായത്തിൽ കൃഷി ചെയ്തു വന്നു. ഒരു വർഷത്തെ കാലയളവിൽ പാട്ടത്തിന് കൊടുക്കുന്ന രീതിയാണ് ലീസ് സമ്പ്രദായം.

1957ൽ ഗവർൺമെന്റ് കൊണ്ടുവന്ന ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഫലമായി ഇവർക്ക് ഭൂമി ഒഴിയേണ്ടി വന്നില്ല. പിന്നീട് അവർക്ക് ഭൂമി പതിച്ചുകൊടുത്തു. ഈ രണ്ട് രീതിയിലാണ് ഇടയ്ക്കുണ്ടായിരുന്ന മലകൾ ജനങ്ങളുടെ കൈവശമായത്.

## കൃഷി സമ്പ്രദായം

കന്നുകാലികളെ പൂട്ടി ഉഴുത് പച്ചിലവളവും, ചാണകവും ചാരവും ചേർത്താണ് ഭൂമി പരുവപ്പെടുത്തിയിരുന്നത്. രാസവളങ്ങളൊ ഇന്നത്തെ രീതിയിലുള്ള കീടനാശിനികളോ ഉണ്ടായിരുന്നില്ല. കീടങ്ങളെ അകറ്റാൻ മതാചാരപ്രകാരമുള്ള പൂജകൾ നടത്തി നിർമാല്യം വിശ്വാസത്തോടെ കൃഷിയിൽ അർപ്പിക്കുക സാധാരണമാണ്. ചാഴിയെ അകറ്റാൻ കാഞ്ഞിരത്തിന്റേയും ഒഡുവിന്റേയും കമ്പുകൾ നെൽപാടങ്ങളിൽ നിരത്തി കുത്തുന്ന പതിവുണ്ടായിരുന്നു. ഈ മരങ്ങൾക്ക് ചാഴിയെ അകറ്റാനുള്ള കഴിവുണ്ടായിരുന്നതായി പറയപ്പെടുന്നു. ചാഴിയെ തിന്നുന്ന കിളികൾക്ക് വന്നിരിക്കാൻ വേണ്ടിയാണ് ഇതെന്നും പറയപ്പെടുന്നു. കാരണം ഈ മരകൊമ്പുകൾക്ക് മുട്ടിന് മുട്ടിന് കമ്പുകളുണ്ടാകും. നെല്ലിൽ കാണപ്പെടുന്ന തണ്ടു തുരപ്പൻ പുഴുവിനെ കളയാൻ കണ്ടത്തിൽ നിറയെ വെള്ളം നിർത്തുന്നു. അതിനു ശേഷം ചൂലുകൊണ്ടടിക്കുന്നു. അപ്പോൾ പുഴുക്കൾ വെള്ളത്തിൽ വീഴും പിന്നെ പെട്ടെന്ന് വെള്ളം തുറന്നു വിടും. അങ്ങിനെ പുഴുക്കൾ ഒഴുകിപോകും. പിന്നീട് നെല്ലിൽ അടുപ്പുചാരം തൂകും. ചാഴിശല്യം ഒഴിവാക്കുന്നതിന് പാമ്പ്, എലി, മത്സ്യം, ഓന്ത് മുതലായ ജീവികളെ തല്ലിക്കൊന്ന് നെൽപാടങ്ങളിൽ മരകമ്പിൽ തൂക്കിയിടും. ഇവ ചീഞ്ഞമണം ഉണ്ടാക്കുമ്പോൾ ചാഴി മാറി പോകും.

കുഴൽപുഴു വരാതിരിക്കാനുള്ള മുൻ കരുതലെന്ന നിലയിൽ ഒഡുവിന്റെ ചവറ് ഉപയോഗിച്ച് നിലം പാകപ്പെടുത്തുന്നു. അല്ലെങ്കിൽ കശുവണ്ടിനെയ്യ് വെള്ളത്തിൽ കലർത്തുന്നു.

പണ്ടുകാലത്തെ കൃഷിക്ക് വ്യക്തമായ മുന്നൊരുക്കങ്ങൾ ഉണ്ടായിരുന്നു. നാടൻ കലപ്പ ഉപയോഗിച്ച് 7 ചാൽ എങ്കിലും ഉഴുതിരിക്കണം എന്നത് നിർബന്ധം. വരമ്പുകൾ നല്ല രീതിയിൽ സംരക്ഷിക്കും. പാടങ്ങളിലെ വെള്ളം ഒഴുകി പോകാൻ അനുവദിക്കാറില്ല. കഴകൾ ക്രമീകരിച്ച് നിശ്ചിത വെള്ളം നിലനിർത്തി അധികം വരുന്ന വെള്ളം പോകാനുള്ള സംവിധാനം ചെയ്തിരുന്നു. വെള്ളം ഒഴുകി പോയാൽ അതിനൊപ്പം വളവും പോകും എന്നതാണ് പ്രശ്നം. ഇരിപ്പുകൃഷി വിളവെടുത്തു കഴിഞ്ഞാൽ നിലം ഉഴുതിടും ഇങ്ങനെ ചെയ്താൽ കള പരമാവധി നശിക്കും.

വിത്ത് ശേഖരിക്കാൻ കൃത്യമായ ഉണക്ക് പരിശോധിച്ച് ബോധ്യപ്പെടും. വിത്ത് ഇരിക്കേണ്ട കാലാവധി അനുസരിച്ച് ഉണക്ക് വ്യത്യാസപ്പെട്ടിരിക്കും. നല്ല ഉണക്കിന് നാരായം കൂടണം എന്നു പറയും. വിത്ത് ഒടിച്ചു നോക്കിയാൽ കാണുന്ന വെളുത്ത നിറത്തിനാണ് നാരായം എന്ന് പറയുന്നത്. വിത്തിനങ്ങൾ പറമ്പ് വിത്ത്, അരിമോടൻ, കറുത്തുപറമ്പൻ, കട്ടമോടൻ ശീമമോടൻ മുതലായവ. കാടുവെട്ടി കൃഷി ചെയ്യുന്നിടത്ത് പെരുവകവിത്ത്, വിരിപ്പു കൃഷി വിത്തുകൾ ഇട്ടികണ്ടപ്പൻ, ചെമ്പാവ്, ശീമത്തേരി, ഓണാടുടൽ, ചീര മുതലായവ.

ഇരിപ്പുനിലങ്ങളിൽ 2–ാമത് വെള്ളക്കെട്ടുണ്ടാക്കുന്ന സ്ഥലങ്ങളിൽ കൂട്ടു മുണ്ടോൻ വിതക്കും 4–ാം മാസം വിളവെടുക്കുന്നതും 10–ാം മാസം വിളവെടുക്കുന്നതുമായ വിത്തുകൾ കൂടി വിതക്കും. ആദ്യവളവെടുപ്പുകഴിഞ്ഞാൽ നിലം കാലികളെ ഇറക്കി തീറ്റി ചെരുപ്പുമുട്ടി (കട്ട ഉടയ്ക്കുന്ന ഉപകരണം) കെട്ടിവലിച്ച് ഈള വാരിക്കളയും. പിന്നീട് ചാരവും ചാണകവും കൂട്ടിവിതറും ഒരു പ്രാവശ്യത്തെ അദ്ധ്വാനവും, വളവും ലാഭം. ഈ നിലങ്ങളിലെ വെള്ളക്കെട്ട് നിലനിർത്തി മറ്റുനിലങ്ങളിലേക്ക് വെള്ളം തിരിച്ചുവിടുകയും ചെയ്യും.

ജലസേചനത്തിന് അളികൊണ്ട് തെയ്യുന്ന കയറ്റുക്കെട്ട ചക്രംചവിട്ട്, വേത്ത് മുതലായവ ഒന്നേകാൽ മീറ്റർ വരെ ആഴമുള്ള പ്രദേശത്ത് നിന്നും വെള്ളം തേകാന് ഉപയോഗിക്കുന്നു.

കപ്പത്തോട്ടത്തിൽ മൺചിറ (മണ്ണും, വൈക്കോലും ഉപയോഗിച്ച്) കെട്ടി അതിലാണ് ചക്രം ചവിട്ട് സ്ഥാപിക്കുക പതിവ്. ഇങ്ങനെ മൺചിറ കെട്ടുമ്പോൾ അവിചാരിതമായി മഴ പെയ്താൽ അധികം വരുന്ന വെള്ളം പോകാനും പ്രത്യേക തോടുകൾ നിർമ്മിക്കും. ഈ തോടുകൾ പഴയതോട്ടിൽ തന്നെ തിരിച്ചെത്തും.

ആഴം കൂടിയ കിണറ്റിൽ തുലാതേക്കും, കാളതേക്കും ഉപയോഗിക്കുന്നു.

വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷിക്കുന്നതിന് കാവൽമാടങ്ങളിൽ കർഷകർ രാത്രി താമസിക്കുന്നു. ജീവൻ പണയം വച്ചും കൃഷി സംരക്ഷിക്കാൻ അന്നത്തെ കർഷകർ തയ്യാറായിരുന്നു. കൂടാതെ ആറ്റ കൊട്ടി സ്ഥാപിക്കുന്നു. കൂടാതെ വലിയ പാത്രത്തിന്റെ വായ്ക്കൽ തുകൽ വലിച്ചുകെട്ടി ചെറിയദ്വാരമുണ്ടാക്കി ചരട് ഇട്ട വലിച്ചാൽ വലിയശബ്ദം ഉണ്ടാകും. ഈ ഉപകരണങ്ങൾ വളരെ അകലെ ഇരുന്ന് നിയന്ത്രിക്കാവുന്ന സംവിധാനവും ചെയ്തിരുന്നു.

## കാലികളുടെ രോഗനിവാരണമാർഗ്ഗങ്ങൾ

കാലികൾക്ക് ഇന്നും വ്യാപകമായി ഉണ്ടാകുന്ന കുളമ്പിക്കേട് എന്ന രോഗത്തിന് മരുന്നായി ഒഡു എന്ന മരത്തിന്റെ ഇല നിലത്തിൽ ഇട്ട് ചീഞ്ഞതിനുശേഷം രാപകൽ കാലികളെ ഈ നിലത്തിൽ കെട്ടിയിടുന്നു.

തേക്കിന്റെ കാതൽ ചെറുചീളുകളാക്കി മൺകൂടത്തിലിട്ട് മറ്റൊരു പാത്രത്തിൽ കമഴ്ത്തി വച്ച് മണ്ണിൽ കുഴിച്ചിടുന്നു. അതിനുശേഷം മുകളിൽ തീയിട്ട് തേക്കെണ്ണ വേർ തിരിച്ചെടുക്കുന്നു. ഈ തേക്കെണ്ണ കുളമ്പു രോഗത്തിന് ഒരു പ്രധാന ഔഷധമാണ്. കാലികൾക്ക് മറ്റ് രോഗങ്ങൾക്ക് പച്ച മരുന്നുകളാണ് ഉപയോഗിക്കുന്നത്.

കോടശ്ശേരിപഞ്ചായത്തിൽ ആകെ 9894 ഹെ. ആണ് കൃഷഭൂമി. ഇതിൽ നിലം 338 ഹെ; പുരയിടം 8814 ഹെ. ആണ്. ആകെ 9152 ഹെ. ആണ് കൃഷിഭൂമി. 17ഹെ. തരിശ് കൃഷിയോഗ്യമയവ ഉണ്ട്. വിളകളുടെ ഉൽപാദനം 2525. M.T. പയർ, 13.50 M.T. എള്ള് പച്ചക്കറികൾ 35 M.T. തെങ്ങ് 5,00,000 എണ്ണം വാഴ 15,00,000, മരച്ചീനി 1000 ടൺ കുരുമുളക് 8 ടൺ കവുങ്ങ് 100 M.T. എന്നിങ്ങനെയാണ്. (അവലംഭം, കോടശ്ശേരി പഞ്ചായത്ത് Ref. അടിസ്ഥാന വിവര രജിസ്റ്റർ)

കൃഷിക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്ക് 93–94ൽ 1,47,380/– രൂപയും 94–95ൽ 94,564/ – രൂപയും 95–96ൽ 66,000/– രൂപയും ദുരിതാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്.

അവലംബം –

രാസവളപ്രയോഗം

93–94ൽ 300 ടൺ, 94–95ൽ 3100 ടൺ, 95–96ൽ 2500 ടൺ വിതരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| കീടനാശിനി — | ദ്രവം – 93–94 | – 840 L. | ഖരം – 1140 k.g. |
| | 94–95 | – 717 L. | 995 k.g. |
| | 95–96 | – 660 L. | 1020 k.g. |

എന്നിങ്ങനെയാണ്.

പഞ്ചായത്തിലുള്ള കാർഷിക ഉപകരണങ്ങൾ ട്രാക്ടർ 1, ട്രില്ലർ 14, കലപ്പ 34, പോർട്ടബിൽ പമ്പ്സെറ്റ് 109, റോക് സ്പ്രേയർ 99, തെങ്ങ് കയറ്റ യന്ത്രം 7, 8814 ഹെക്ടർ കൃഷിഭൂമിയിൽ ഇടവിളകൾ ചെറിയ തോതിൽ കൃഷി ചെയ്ത് വരുന്നു. ജാതി, കൊക്കോ, വാഴ, കുരുമുളക് എന്നിവയാണിവ. ആദ്യകാല ഇടകൃഷികളായിരുന്ന പയർ, മധുരകിഴങ്ങ്, ചെമ്പ്, ചേന, കൂർക്ക, മുതലായവ കൃഷികൾ നാമമാത്രമായി. വാഴ മരച്ചീനി കൃഷികൾ ഒരുപു നിലങ്ങളിൽ കൃഷിചെയ്തുവരുന്നു. നിലങ്ങൾ നികത്തി തെങ്ങിൻ തോപ്പുകളും റബ്ബർ തോട്ടങ്ങളും ആയി മാറ്റികൊണ്ടിരിക്കുകയാണ്.

## കാർഷിക വിളകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

**നെൽ കൃഷി**

1. ഉൽപ്പാദന ചിലവ് ക്രമാതീതമായി വർദ്ധിക്കുന്നു.

2. കർഷക തൊഴിലാളികളുടെ ദൗർലഭ്യം.
3. പച്ചില വളങ്ങളുടെ ലഭ്യതക്കുറവ്.
4. ഫാം റോഡുകളുടെ അപര്യാപ്തത.

തെങ്ങു കൃഷി

1. തെങ്ങിന്റെ രോഗങ്ങൾ – കാറ്റുവീഴ്ച, മഞ്ഞളിപ്പ്, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, ചെമ്പൻചെല്ലി തുടങ്ങിയവ.
2. ജലസേചനത്തിന് വൈദ്യുതി ആവശ്യത്തിനില്ല.

പൊതുപ്രശ്നം

1. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നില്ല.
2. ആനുകൂല്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നത് കർഷകർ യഥാസമയം അറിയുന്നില്ല.
3. വിത്ത് വളങ്ങൾ സമായസമയങ്ങളിൽ കിട്ടുന്നില്ല.
4. കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
5. കൃഷിഭവനിൽ ആവശ്യത്തിന് ജോലിക്കാരില്ല. കൃഷി ഉൽപ്പാദന പ്രതിസന്ധി മുറിച്ചുകടക്കാൻ ഗ്രാമ സഭയിൽ ഉരിത്തിരിഞ്ഞ നിർദ്ദേശങ്ങൾ.

പഞ്ചായത്തും കൃഷിഭവനും, ജനകീയ സമിതിയും ചേർന്ന് കുറെ ഏറെ പ്രശ്നങ്ങൾ പരിഹരിക്കാം.

1. ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുക.
2. ഗുണകരമായതും പ്രതിരോധശേഷി കൂടിയതുമായ നെൽവിത്തുകൾ ആവശ്യാനുസരണം സമയാസമയങ്ങളിൽ വിതരണം ചെയ്യുക.
3. മുഴുവൻ പാടശ്ശേഖരങ്ങളും ഗ്രൂപ്പ് ഫാമിന്റെ പരിധിയിൽപ്പെടുത്തുക.
4. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
5. കൃഷിഭവൻ വഴി മണ്ണു പരിശോധന വർദ്ധിപ്പിക്കുക.
6. ഫാം റോഡുകൾ ഉപയോഗ പ്രദമാക്കുക.
7. കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
8. കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനം കൃഷി ഇടങ്ങളിൽ കർഷകർക്ക് നേരിട്ട് ലഭ്യമാക്കുക.
9. വാർഡ് തലത്തിൽ കേര കർഷക – ഗ്രൂപ്പ് ഫാം സമിതികൾ രൂപികരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.
10. എലി നശീകരണ വാരം വർഷം തോറും നടപ്പാക്കുക.
11. കേടുവന്ന തെങ്ങുകൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക. സംസ്ഥാന സർക്കാരിനും ജില്ലാ പഞ്ചായത്തിനും പരിഹരിക്കാവുന്നവ.

1. നെൽകൃഷിക്ക് ഏറ്റവും കുറഞ്ഞ പലിശനിരക്കിലുള്ള ലോണുകൾ അനുവദിക്കുക.
2. സബ്സിഡി നടപ്പിലാക്കുക.
3. കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ നൽകുക.
4. എല്ലാത്തരം വിള നാശങ്ങൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.
5. ജൈവവളപദ്ധതികൾക്ക് ഗവ. വക തരിശുഭൂമി താൽക്കലികപാട്ടത്തിന് പഞ്ചായത്തുകളെ ഏൽപ്പിക്കുക.
6. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യ നിരക്കിൽ എത്തിക്കുക.
7. നെല്ല്, തെങ്ങ് മുതലായ കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ചിലവിന് അനുപാതികമായി വില വർദ്ധിപ്പിക്കുക.
8. കർഷകർക്ക് പെൻഷൻ അനുവദിക്കുക.

## കോടശ്ശേരി പഞ്ചായത്തിലെ വൃക്ഷലതാദികൾ

| | | | |
|---|---|---|---|
| താന്നി | പൂതുണർത്തി | ഈട്ടി | ചെറുള |
| കടുക്കമരം | പനച്ചം | പ്ലാവ് | ചിറ്റമൃത് |
| എള്ള് | നായ്ക്കരണം | വരിക്കമാവ് | നീലമരി |
| ബ്രഹ്മി | ചെറുനാരകം | നാട്ടുമാവ് | കൊടലുരക്ക |
| വെള്ളരി | മാതളനാരകം | പ്രിയോർമാവ് | കറുകപ്പുല്ല് |
| കുമ്പളം | കറിനാരകം | മൂവ്വാണ്ടൻ | പർപ്പടകപ്പുല്ല് |
| മത്തൻ | വള്ളിനാരകം | കശുമാവ് | എയ്യാംപുല്ല് |
| ചുര | ഇഞ്ചി | ആഞ്ഞിലി | കുറ്റിപ്പാണൽ |
| ചേന | മഞ്ഞൾ | ഞാവൽ | പൂക്കലച്ചെത്തി |
| താമര | കൂവ | അമ്പഴം | കീഴ്ക്കുലച്ചെത്തി |
| ആമ്പൽ | കരിമ്പ് | അത്തി | കരിമരുത് |
| നീലോൽപലം | കുരുമുളക് | ഇത്തി | മണിമരുത് |
| മുത്തങ്ങ | കൊടുവേലി | അരയാൽ | വേങ്ങ |
| കൊഴുപ്പ | ആവണക്ക് | പേരാൽ | ചപ്പങ്ങം |
| കൊടിത്തൂവ | ഇടമ്പിരി | കണിക്കൊന്ന | കരിങ്ങാലി |
| പൂത്തുമ്പ | കുശ | ശീമകൊന്ന | പാളയംതോടൻ |
| കരിങ്കൂവളം | ചന്ദനം | എരുക്ക് | പൂവൻ |
| കൂവളം | ആര്യവേപ്പ് | ചേര് | കണ്ണൻ |
| സൂര്യകാന്തി | ഇരുവേലി | ഉങ്ങ് | കൊടപ്പനില്ലാ ചിങ്ങൻ |
| ജമന്തി | രാമച്ചം | പ്ലാശ് | ചെമ്പൂവൻ |
| മുല്ല | ഇരട്ടിമധുരം | പാതിരി | കദളി |
| പിച്ചകം | കുറുന്തോട്ടി | പയ്യാനി | കർപ്പൂരവള്ളി |
| ചെമ്പരത്തി | കീഴാർനെല്ലി | ചെറുതേക്ക് | കരകഞ്ചാവ് |
| തകര | ഉഷമലരി | ആവൽ | നീലക്കാഞ്ഞിരം |
| വെലിപ്പരുത്തി | തുളസി | വാളംപുളി | പൂവരശ്ശ് |
| തിരുതാളി | മരുന്നുച്ചെത്തി | കൊടംപുളി | നന്ത്യാർവട്ടം |
| ശതാവരി | കരിനൊച്ചി | ഇരുമ്പംപുളി | കൃഷ്ണത്തുളസി |
| ചാവാൽ | കരിങ്കുറുഞ്ഞി | നെല്ലി | രാമത്തുളസി |
| ഇല്ലി | വെള്ളക്കുറുഞ്ഞി | ചാമ്പ | രാജമല്ലി |
| ഈറ്റ | കല്ലുരുക്കി | ലൂവി | കർപ്പൂരത്തുളസി |
| ഓട | ജാതി | കുടകപ്പാല | വാക |
| മുള്ളങ്കി | കൊക്കോ | ഏഴിലംപാല | പൂവാക |
| മല്ലി | തെങ്ങ് | കുരുടൻപാല | കാഞ്ഞിരം |
| ഇത്തിക്കണ്ണി | കവുങ്ങ് | ഓരില | നീർവാളം |
| കുമിഴ് | വാഴ | ഈരില | ചങ്ങലാംപരണ്ട |
| അശോകം | മരിച്ചീനി | മൂവില | കച്ചൂരം |
| മരോട്ടി | തേക്ക് | തൊട്ടാവാടി | മുരങ്ങ |
| പൂവ്വം | ഈട്ടി | കൊഴിഞ്ഞ | പാടവള്ളി |

| | | | |
|---|---|---|---|
| നറുനീണ്ടി | കൈപ്പ | കമ്മട്ടി | പേരാൽ |
| അമൽപ്പൊരി | മുത്തിൾ | കടപ്ലാവ് | അരയാൽ |
| നീരാരൽ | കാർക്കോകിൽ | മരവാഴ | ഏഴിലംപാല |
| നീലവാക | ആട്ടങ്ങ | നീലശംഖുപുഷ്പം | പൂവാങ്കുറന്നൽ |
| ചീര | കാട്ടുതിപ്പലി | വാതക്കൊടി | കറുകപ്പട്ട |
| കടല | തവിഴാമ | അത്തി | നീല ഉമ്മം |
| കാട്ടുകടുക് | കാട്ടുവഴുതിന | കമ്മട്ടി | പപ്പായ |
| പിപ്പലി | പുത്തരിച്ചുണ്ട | കടപ്ലാവ് | താണി |
| തിപ്പലി | കാട്ടുചുണ്ട | മരവാഴ | അകോരി |
| പൂവാങ്കുറുന്നൽ | മാതളം | നീലശംഖുപുഷ്പം | ശർക്കരക്കൊല്ലി |
| പടോലം | കദളി | വാതക്കൊടി | ഗ്രാമ്പു |
| കരിവേപ്പ് | ചെട്ടിവാഴ | അത്തി | ബദാം |
| ആടലോടകം | രാമത്തുളസി | ഇത്തി | മഹാഗണി |
| | | | ഏലം |

## ജലസേചനം

മഴയെ ആശ്രയിച്ചും പ്രകൃതിയിലെ മറ്റ് ജലസ്രോതസ്സുകളും ഉപയോഗിച്ചുള്ള കാർഷിക വൃത്തിയാണ് കൊടശ്ശേരി പഞ്ചായത്തിൽ നിലനിന്നിരുന്നത്. ജല സേചനത്തിന് പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങൾ ചക്രം ചവിട്ട്, കയറ്റ് കൊട്ട, വേത്ത്, തുലാത്തേക്ക്, കാളത്തേക്ക് എന്നിവയാണ്.

കോടശ്ശേരി പഞ്ചായത്തിന്റെ ജലസേചന പ്രശ്നം പരിഹരിക്കുന്നതിന് രണ്ടുകൈ പ്രദേശത്ത് ഒരു ഡാമിന് പദ്ധതിയുണ്ടായിരുന്നതായും അത് അറിയപ്പെടാത്ത കാരണങ്ങളാൽ ഇല്ലാതാവുകയും ചെയ്തു. രാജഭരണ കാലത്ത് ഉണ്ടായിരുന്ന ഒരു ചെറിയ ഡാമിന്റെ അവശിഷ്ഠങ്ങൾ ഇപ്പോഴും ഉണ്ട്. ഈ ഡാമിൽ നിന്നും 5 കി. മീ. കനാൽ നിർമ്മിച്ച് വീരൻചിറ, കോർമല, പുളികര പാടങ്ങളിൽ ജലസേചനം ചെയ്തിരുന്നു. കപ്പത്തോട്ടിൽ മാവുങ്കച്ചിറയിലും അതിനു മുകളിലും മൺ ചിറകെട്ടി ജലസേചനത്തിന് വെള്ളം ഉപയോഗിച്ചിരുന്നു. 1952ൽ ചാലക്കുടി വലതുകര കനാൽ വന്നതിനു ശേഷം പഞ്ചായത്തിന്റെ പകുതിയോളം ഭൂപ്രദേശത്ത് ജല സേചനം ചെയ്യുന്നു.

പഴയക്കാലത്ത് അന്നത്തെ രീതിയിൽ ജലസേചനം ചെയ്യുന്നതിന് ആവശ്യമായ വെള്ളം ഉണ്ടായിരുന്നു. എന്നാൽ അടുത്തകാലത്തായി പെട്ടെന്ന് വെള്ളത്തിന്റെ ദൗർലഭ്യം രൂക്ഷമായി. വ്യാപകമായ വനനശീകരണവും, വനത്തിലുണ്ടാകുന്ന കാട്ടുതീയുമാണ് ഇതിനു പ്രധാന കാരണം. ഇത് മൂലം വർഷകാലത്ത് പെയ്യുന്ന മഴ വെള്ളം, കുത്തിയൊലിച്ച് പോവുകയും തന്മൂലം വെള്ളപൊക്കവും മണ്ണൊലിപ്പും ഉണ്ടാകുന്നു. വെള്ളം കുത്തിയോലിച്ച് പോകുന്നതിനാൽ മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നില്ല. ആയതിനാൽ വർഷക്കാലം മാറിയാലുടനെ വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു.

കോടശ്ശേരി പഞ്ചായത്തിൽ മണ്ണ് സംരക്ഷണപദ്ധതിയിൽ ആകെ 1070.860 ഹെക്ടർ ഭൂമി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മേട്ടിപാടം വാട്ടർ ഷെഡ് 700 ഹെ. പണി പൂർത്തിയായിട്ടില്ല. ഈ പദ്ധതിപ്രകാരം 495.250 ഹെ. ഭൂമി സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനായി നാളിതുവരെ 20,67,502/- രൂപ ചിലവായിട്ടുണ്ട്. (അവലംബം - സോയൽ കൺസർവേഷൻ ഡി. ചാലക്കുടി)

1976 മുതൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ 192 എ.

30 കുളങ്ങൾ ഈ പഞ്ചായതതിൽ ഉണ്ടെങ്കിലും 2 എണ്ണം മാത്രമാണ് ജലസേചനത്തിന് ഭാഗികമായെങ്കിലും ഉപോയോഗിക്കുന്നത്.

| വാർഡ് | കുളത്തിന്റെ പേര് |
|---|---|
| I | ചെങ്കുളം |
| II | കണ്ടൻകുളം, കുട്ടാടൻ ചിറകുളം, കൈതക്കുളം, കലവറകടവ് കുളം |
| III | ഇല്ല |
| IV | കരിങ്ങാലിക്കുളം കുറുക്കൻ കുഴികുളം |
| V | കോട്ടായിച്ചിറകുളം, നടുക്കുളം |
| VI | ബലിക്കുളം |
| VII | കുറ്റിച്ചിറ കുളം |
| VIII | എരിയേരക്കുളം, പിലാർമുഴിക്കുളം, പൂത്തക്കുളം |
| IX | വേങ്ങക്കളം |
| X | കല്ലുകുളം, വീരൻ ചിറക്കുളം, വീരൻചിറ വലിയ കുളം |
| XI | പുളിങ്കര വലിയ കുളം |
| XII | ഇല്ല |

ഇതിൽ പിലാർമുഴിക്കുളം ജനപങ്കാളിത്തത്തോടെ നിർമ്മിച്ചതാണ്.

**തോടുകര**

കോർമല - വെള്ളിക്കുളം തോട്, കപ്പത്തോട്, രണ്ട്കൈ, ചൂളക്കടെവ്തോട്, പുളിങ്കര പാടം വലിയ തോട്, കോടശ്ശേരിതോട്, താഴൂർതോട് സ്വകാര്യ മേഖലയിൽ കിണറുകൾ കുഴിച്ച് ജലസേചനം നടത്തുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ മണ്ണൊലിപ്പ് രൂക്ഷമാണ്.
2. പഞ്ചായത്തിന്റെ 2/3 ഭാഗത്തും ജലസേജന സൗകര്യം ഇല്ല.
3. കനാൽ ബണ്ട് ഇടിഞ്ഞും പുറം വെള്ളം ചാടിയും കനാൽ നികന്നുവരുന്നു.
4. കനാൽ സ്പൗട്ടുകൾ പലതും ഉപയോഗപ്രദമല്ല.
5. കുണ്ടുംകുഴിപാടം കൂർക്കമറ്റം ബ്രാഞ്ചുകനാൽ മെയിൽ കനാലിൽ നിന്നും വളരെ ഉയരത്തിലായതിനാൽ ബ്രാഞ്ചു കനാലിൽ വെള്ളം കയറുന്നില്ല.

**പഞ്ചയാത്തിലെ ജലസേചനപ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

സംസ്ഥാനസർക്കാരിനും ജില്ലാ പഞ്ചായത്തിനും പരിഹരിക്കാവുന്നവ:

1. മുപ്ലി - സ്കീം - ഈ പദ്ധതി നടപ്പിലാക്കിയാൽ പഞ്ചായത്തിലെ മുഴുവൻ ജലസേചന പ്രശ്നങ്ങളും പരിഹരിക്കാവുന്നതാണ്. ഇതിൽ നിന്നും വരുന്ന വെള്ളം മറ്റത്തൂർ പഞ്ചായത്തിനും കോടശ്ശേരിപഞ്ചായത്തിനും ഉപയുക്തമാണ്. മുപ്ലി പദ്ധതിയിൽ ജനറേഷൻ നടപ്പിലാക്കുക.
2. നിലവിലുള്ള കാഡ പദ്ധതിയുടെ ഫീൽഡ് ചാനൽ നീട്ടുകയും പുതിയ ചാനൽ ഏർപ്പെടുത്തുകയും ചെയ്യുക.
3. കൊണ്ടൂർ ബണ്ടുകൾ നിർമ്മിക്കുക.
4. പിലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുക. 11, 12 വാർഡുകളിൽ ജല സേചനം നടത്താം.

ബ്ലോക്ക് പഞ്ചായത്തിന് പരിഹരിക്കാവുന്നവ

1. കലവറക്കടവ് – ലിഫ്റ്റ് ഇറിഗേഷൻ – ഈ പദ്ധതി നടപ്പിലായാൽ 1, 2, 3, വാർഡുകളിൽ ജലസേചനം നടത്താം. ഈ പദ്ധതി പരിയാരം പഞ്ചായത്തിന്റെ 1, 2, വാർഡുകൾക്കും ഉപയോഗപ്രദമാണ്
2. കപ്പത്തോട്ടിൽ മാവുങ്ങചിറ – ലിഫ്റ്റ ഇറിഗേഷൻ നടപ്പിലാക്കിയാൽ 7–ാം വാർഡിലെ ജലക്ഷാമം പരിഹരിക്കാം.
3. കപ്പത്തോട് ചങ്കൻകുറ്റി ചെക്ക് ഡാമിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയാൽ 6–ാം വാർഡിലെ ജലക്ഷാമം പരിഹരിക്കാം.
4. നടുക്കുളം പദ്ധതി നടപ്പിലാക്കിയാൽ 3, 5, വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാം.

പഞ്ചായത്തിന് ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുന്നത്

1. പട്ടർകുളം, കണ്ടൻകുളം, കുട്ടാടൻ ചിറകുളം, നടുക്കുളം ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കുക.
2. മണലായിക്കുന്ന് – ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരിക്കുക.
3. പൂത്തക്കുളം – ഏരിയേരക്കുളം പദ്ധതികൾ പൂർത്തികിരിക്കുക.
4. വെള്ളിക്കുളം തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ചെയ്യുക.
5. വൈലാത്തര റോഡിന് സൈഡിലുള്ള പുറമ്പോക്ക് (കല്ലുകുഴി) ഭൂമിയിൽ കുളം നിർമ്മിച്ച ലിഫ്റ്റ് ചെയ്യുക. 6–ാം വാർഡിൽ മാരാംകോട് (സൗത്ത് മാരാംകോട്) കുളം നിർമ്മിച്ച ലിഫ്റ്റ് ചെയ്യുക.

പൊതുവായ ഏതാനും നിർദ്ദേശങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

1. കനാലിന്റെ കേടുപാടുകൾ തീർത്ത് ജലനഷ്ടം ഒഴിവാക്കുക.
2. കനാൽ ബണ്ടിലെ അനധികൃത കൃഷികൾ നിരോധിച്ച് ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക.
3. കനാൽ സ്പൗട്ടുകൾ ഉപയോഗപ്രദമായി പുനസ്ഥാപിക്കുക.
4. കനാലുകളിൽ സൂപ്പർ പാസ്സേജുകൾ നിർമ്മിക്കുക.
5. അണ്ടർ ടണലുകളിലേക്ക് ഡ്രൈനേജുകൾ നിർമ്മിക്കുക.
6. മേട്ടിപ്പാടം ബ്രാഞ്ചു കനാലിലുള്ള സൈഫൺ മാറ്റി കൽവർട്ട് നിർമ്മിക്കുക.
7. ബ്രാഞ്ചു കനാലുകളിൽ വെള്ളം കിട്ടുന്നതിനു വേണ്ടി മെയിൻ കനാലുകളിൽ ക്രോസ്സ് ബാറുകൾ നിർമ്മിക്കുക.
8. തോടുകളുടെയും കനാലുകളുടേയും ഇരുവശങ്ങളും കെട്ടി തടയണകൾ നിർമ്മിക്കുക.
9. കേടുവന്ന ചെക്ക്ഡാമുകൾ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുക.
10. വ്യക്തികൾ കൈവശപ്പെടുത്തിയ കുളങ്ങൾ പഞ്ചായത്തിലേക്ക് തിരിച്ചെടുത്ത് സൈഡ് കെട്ടി സംരക്ഷിക്കുക.
11. കപ്പത്തോട്ടിൽ പള്ളം ഭാഗത്തും നമ്പ്യാർപടി, മാവുക്കുചിറ, പിലാർമുഴി കനാലിനു തൊട്ടുമുകളിലും റഗുലേറ്ററുകൾ സ്ഥാപിക്കുക.

സംസ്ഥാന സർക്കാരും ജില്ലാ പഞ്ചായത്തും നടപ്പിലാക്കേണ്ടത്

1. കപ്പത്തോട്ടില് ചട്ടിക്കുളം തളവരിപാറ കടവിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ 5, 6, വാർഡുകളിൽ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും.
2. നിലവിലുള്ള ചെക്ക് ഡാമുകളുടെ ഷട്ടറുകൾ നിലവിലില്ല. ഷട്ടറുകൾ ഇട്ട ചെക്ക് ഡാമുകളിൽ വെള്ളം സ്റ്റോക്ക് ചെയ്യുന്നതിന് പഞ്ചായത്തിനെ ഏൽപ്പിക്കുക.
3. കമ്മളം നായരങ്ങാടി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിൽ വരുത്തുന്നതുവഴി 200 ഏക്കർ സ്ഥലം കൃഷി ചെയ്യുവാനും കുടിവെള്ളക്ഷാമം പരിഹരിക്കാനും സാധിക്കും.
4. കനാൽ ബണ്ട് കൈയേറ്റം ഒഴിവാക്കി ബണ്ടിൽ കൂടി ഗതാഗത സൗകര്യം ഏർപ്പെടുത്തുക.
5. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ പ്രകൃതി സൗന്ദര്യം നിലനിർത്തികൊണ്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.

# മൃഗസംരക്ഷണം

ഏകദേശം 25 വർഷങ്ങൾക്കു മുൻപു വരെ ധാരാളം വളർത്തു മൃഗങ്ങൾ ഉണ്ടായിരുന്ന പ്രദേശമാണ് കോടഞ്ചേരി പഞ്ചായത്ത്.പ്രധാനമായും കൃഷിസ്ഥലങ്ങൾ ഉഴുന്നതിനും കൃഷിയുടെ മുഖ്യ വളമായ ചാണകത്തിനും വേണ്ടി വലിക്കുന്നതിനും മൃഗങ്ങളെ ഉപയോഗിച്ചിരുന്നു.നെൽപ്പാടങ്ങൾ മറ്റു കൃഷിസ്ഥലങ്ങളാക്കി മാറ്റുന്നതും യന്ത്രങ്ങൾ ഉപയോഗിച്ചു നിലം ഉഴുന്നതും രാസ വളത്തിന്റെ അമിത ഉപയോഗവും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി.

അടുത്തകാലത്തായി ആളുകൾ ഉപജീവനമാർഗ്ഗമായി പശുക്കളെ വളർത്താൻ തുടങ്ങിയതോടെ 20% വീടുകളിലും പശുക്കൾ ഉണ്ട്. ക്ഷീരോൽപാദക സഹകരണസംഘങ്ങൾ ഇതിനു പ്രോത്സാഹനമായിട്ടുണ്ട്. സാധാരണക്കാരുടെ ഇടയിൽ പാൽ ഉപഭോഗം കുറവാണ്. ക്ഷീര കർഷകർ ബഹുഭൂരിപക്ഷവും ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ വഴിയാണ് പാൽ വിതരണം ചെയ്യുന്നത്

**കോടഞ്ചേരി പഞ്ചായത്തിലെ പാൽ വിതരണ കണക്ക്.**

| സംഘത്തിന്റെ പേര് | അളക്കുന്ന പാൽ | നേരിട്ടു വിതരണം ചെയ്യുന്നത് | കയറ്റിപ്പോകുന്നത് |
|---|---|---|---|
| കുറ്റിച്ചിറ Apcos | 489 | 45 | 444 |
| ചട്ടിക്കുളം apcos | 150 | 10 | 140 |
| കോടഞ്ചേരി Apcos | 245 | 25 | 225 |
| ചായ്പാൻകുഴി Apcos | 341 | 20 | 321 |
| കോർമല apcos | 168 | 5 | 161 |
| ആകെ | 1393 | 105 | 1288 |

പഞ്ചായത്തിൽ ആകെ ദിനം പ്രതി 1393 ലി. ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിൽ105 ലി. പഞ്ചായത്തിനകത്ത് വിതരണം ചെയ്യുന്നു.1288 ലി. പഞ്ചായത്തിന് പുറത്തേക്ക് അയക്കുന്നു.

**പഞ്ചായത്തിലെ കന്നുകാലികളുടെ കണക്ക്**

| | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | വംശവർദ്ധനവ് ഉള്ളത് | മറ്റുള്ളവ |
|---|---|---|---|---|---|---|
| നാടൻ | 385 | 344 | | | 7 | 170 |
| | | | 343 | 175 | | |
| സങ്കരയിനം | 1354 | 811 | | | 10 | 174 |
| ആകെ | 1739 | 1155 | 343 | 175 | 17 | 344 |
| പോത്ത് | 234 | ആട്: 1887 | | | പട്ടി : 647 | |

പേ വിഷബാധ പ്രതിരോധചികിത്സ ലഭിച്ചിട്ടുള്ള പട്ടികൾ 193

**മൃഗസംരക്ഷണ രംഗത്ത് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ**

1. മുട്ടക്കോഴി വളർത്തൽ തൊഴിലായി നടക്കുന്നില്ല. കുടുംബങ്ങളിൽ അപൂർവ്വമായി മുട്ടക്കും മാംസത്തിനും ഉപയോഗിക്കുന്ന നാടൻകോഴികളെ വളർത്തുന്നുണ്ട്.

2. പഞ്ചായത്തിൽ 80% വീടുകളിലും പശുക്കളെ വളർത്തുന്നില്ല
3. കർഷകർക്ക് ഉൽപ്പാദന ചിലവ് വളരെക്കൂടുതലാണ്.
4. എല്ലാ വളർത്തുമൃഗങ്ങൾക്കും രോഗങ്ങൾ വളരെ ക്കൂടുതലാണ്.
5. മുയൽ മാംസ കൃഷി ഇല്ല.
6. പന്നി വളർത്തൽ അപൂർവ്വമായി നടക്കുന്നു.
7. ആടുവളർത്തൽ അപൂർവ്വമായിട്ടുണ്ട്.
8. ആട്, കോഴി, പശു, പന്നി ഇവയുടെ കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള ഫാമുകൾ ഇല്ല.
9. മത്സ്യ കൃഷിക്ക് സാഹചര്യങ്ങൾ അപര്യാപ്തമാണ്.

മൃഗസംരക്ഷണരംഗത്ത് നിരവധി പ്രശ്നങ്ങൾ നിലവിലുണ്ടെങ്കിലും പഞ്ചായത്തിന്റെ അനുകൂലസാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിയാൽ വിവിധ മേഖലകളിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്.

എല്ലാ വീടുകളിലും വീട്ടാവിശ്യത്തിനും വരുമാനത്തിനും മുട്ടക്കോഴികളെ വളർത്താവുന്നതാണ്.

വീടൊന്നുക്ക് ഒരു പശു എന്നത് ഒരുനയം ആക്കുക.മാംസക്കോഴികൾ പഞ്ചായത്തിൽ വ്യാപകമായി ഉണ്ട്. എങ്കിലും മാംസത്തിന്റെ കാര്യത്തിൽ ധാരാളം പച്ചിലകൾ കാട്ടാൻ സാദ്ധ്യതയുള്ളതുകൊണ്ട് മുയൽ കൃഷി വ്യാപകമായി നടപ്പിലാക്കാം കാർഷികമേഖല ആയതുകൊണ്ട് കാലിത്തീറ്റ വ്യവസായം പഞ്ചായത്തിൽ ആരംഭിക്കാൻ കഴിയും.

മേൽ പറഞ്ഞ നടപടികൾ നടപ്പിലാക്കാനുള്ള നിർദേശങ്ങൾ.

1. മുട്ട ഉൽപ്പാദനത്തിന് ഓരോ കുടുംബത്തിലും ചുരുങ്ങിയത് 5+1 കോഴികളെങ്കിലും ഉള്ള ഒരു യ്യൂണിറ്റ് എന്ന തോതിൽ പ്രതിവർഷം ഓരോ വാർഡിലും ചുരുങ്ങിയത് 50 കുടുംബങ്ങൾ എന്ന കണക്കിൽ നടപ്പിൽ വരുത്തുക.
2. വീടൊന്നിന് ഒരു പശു എന്ന നയം നടപ്പാക്കാൻ പ്രതിവർഷം ഒരു വാർഡിൽ ചുരുങ്ങിയത് 50 പശുക്കളെ പുതുതായി വളർത്താൻ സ്ംവിധാനമുണ്ടാക്കണം.

   a. IRDP വഴിയും മിൽമയിലൂടേയും ലോണുകൾ അനുവദിക്കുക.

   b. ബാങ്കുകൾ നേരിട്ട് ലോണുകൾ അനുവദിക്കുക.
3. മാംസത്തിനുവേണ്ടി കാളകളേയും പോത്തിനേയും വളർത്തണം.ഓരോ കുടുംബത്തിലും 3+1 എന്ന ക്രമത്തിന് പ്രതിവർഷം വാർഡിൽ 50 വീടുകളിൽ മുയൽ കൃഷി നടപ്പിൽ വരുത്തുക.
4. ആരോഗ്യകരമായ രീതിയിൽ പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
5. മൃഗ പരിപാലനത്തിന്റെ ഭാഗമായി വളർത്തുമൃഗങ്ങൾക്ക് പൊതു ഇൻഷുറൻസ് ഏർപ്പെടുത്തുക.

6. മൂന്ന് വാർഡുകൾക്ക് പൊതുവായി ഒരു മൃഗചികിത്സാ സബ്സെന്റർ അനുവദിക്കുക.

7. മൃഗാശുപത്രികളുടെയും സബ്സെന്ററുകളുടെയും പ്രവർത്തനം സുതാര്യമാക്കണം.

8. കാലിത്തീറ്റ ഉൽപ്പാദനത്തിന് പഞ്ചായത്തിൽ ഒരു വ്യവസായം തുടങ്ങുക.

9. തീറ്റപ്പുല്ല് വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുക. വ്യക്തികളേയും പുല്ലുഉൽപ്പാദനത്തിന് പ്രോൽസാഹാപ്പിക്കുക.

10. കോഴി, ആട്, പശു, മുയൽ ഇവ സഹകരണാടിസ്ഥാനത്തിൽ ഫാമുകളായി നടത്താൻ സാദ്ധ്യതയുണ്ട്.

11. ഗോരക്ഷാ ക്യാമ്പ്,മൃഗസംരക്ഷണ മേള എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തണം.

12. മിനിഡയറി യൂണിറ്റ് വനിതാസംരംഭമായി ഓരോ വർഷം ഓരോ വാർഡിൽ നടപ്പിലാക്കുക.

13. പേ വിഷബാധ നിവാരണ മാർഗ്ഗങ്ങൾ സൗജന്യമായി മൃഗാശുപത്രി , സബ്സെന്റർ വഴി നിയന്ത്രിക്കുക.

---

# കോടശ്ശേരി പഞ്ചായത്ത്
# വിദ്യാഭ്യാസം -വികസന രേഖ

ദേശീയപാത 47ൽ നിന്നും നേരെ കിഴക്കോട്ട് 2.75 കി.മീ സഞ്ചരിച്ചാൽ കോടശ്ശേരി ഗ്രാമത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ എത്തിച്ചേരാം. വശ്യസുന്ദരമായ കോടശ്ശേരി പഞ്ചായത്തിന്റെ പൂർവ്വോത്തരാതിർത്തികൾ പ്രകൃതികാവൽക്കാരായ പർവ്വതനിരകളും കോടശ്ശേരി മലയുമാണ്. പശ്ചിമഭാഗം ചാലക്കുടി മുൻസിപ്പാലിറ്റിയും ദക്ഷിണഭാഗം കപ്പത്തോടും, പോത്തോടിത്തോടും ചാലക്കുടിപ്പുഴയുമാണ്. സസ്യനിബിഡവും പ്രകൃതിരമണീയവുമാണ് ഈ ഗ്രാമം.

പടിഞ്ഞാറെ അതിർത്തിയിൽ നിന്ന് കിഴക്കോട്ട് 20 കി.മീ നീളത്തിൽ ഈ ഗ്രാമം വ്യാപിച്ചുകിടക്കുന്നു. മലയോര പ്രദേശമായ ഈ ഗ്രാമത്തിൽ ആദ്യകാലങ്ങളിൽ കൃഷിക്കായാണ്. ആളുകൾ എത്തിപ്പെട്ടിരുന്നത്. പിന്നീട് സ്ഥിരതാമസം തുടങ്ങുകയും വിദ്യാഭ്യാസത്തിന്റെ ആവശ്യകത വർദ്ധിക്കുകയും ചെയ്തു. ഈ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയത് ദേശീയ പ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളുമാണ്. കുണ്ടുകുഴിപ്പാടം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വായനശാലയോട് അനുബന്ധിച്ച് നടന്ന അനൗപചാരിക വിദ്യാഭ്യാസം ഈ രംഗത്ത് ഗണ്യമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇതേ മാതൃകയിൽ ഗുരുകുലരീതിയിലും ആശാൻ കളരികളിലും വായനശാലകളിലും ഗോത്രകുലവിദ്യാഭ്യാസരീതികളിലും കൂടി വിദ്യാഭ്യാസരംഗം ക്രമേണ വളരാൻ തുടങ്ങിയിരുന്നു. നാടൻ പാട്ടുകളും തൊഴിൽ സംബന്ധമായ പാട്ടുകളും ഈശ്വരപ്രീതിക്കായി ചെയ്ത പാട്ടുകളും വിദ്യാഭ്യാസരംഗത്തെ പരിപോഷിപ്പിക്കുകയുണ്ടായി. അക്കാലങ്ങളിൽ പണിക്കാർ പാടിയിരുന്ന പാട്ടുകൾ കേൾക്കണ്ടെ?

1. "ഒന്നാം മലകയറാറുണ്ട്
   ഒരുപിടി ചീരപറിക്കാറുണ്ട്
   പൂവാലുന്തും ചങ്കീരി;
   രണ്ടാംമല കയറാറുണ്ട്
   ഒരുപിടി ചീരപറിക്കാറുണ്ട്
   പൂവാലുന്തും ചങ്കീരി
   ..........................................................
   ..........................................................
   പത്താംമലകയറാറുണ്ട്
   ഒരുപിടി ചീര പറിക്കാറുണ്ട്

(സംഖ്യാബോധം മനഃപാഠമാക്കുന്ന പ്രാചീന വിദ്യാഭ്യാസ സമ്പ്രദായം. അവലംബം : ഇട്ട്യക്കൊച്ച എന്ന അമ്മൂമ്മയുടെ വായ്മൊഴി.)

2. 'അന്തത്തോട്ടം ഇന്തത്തോട്ടം പാപ്പനിത്തോട്ടം
   പാപ്പനിത്തോട്ടത്തിലുണ്ടൊരു പാമ്പിൻ കൂടാരം
   പാമ്പും കൂടാരത്തിലുണ്ടൊരു പാമ്പും മുട്ടയും
   പാമ്പും മുട്ടവട്ടം പൊട്ടിക്കുഞ്ഞായ്ത്തീർന്നു.
   നാഴിപ്പാലുകൊടുക്കും പാമ്പിനെ തല്ലാമൊ?
   മൂർക്കൻ പാമ്പിനുവടിയല്ലാതെ തടകൊടുക്കാമൊ?
   വെട്ടും പോത്തിനുതോക്കല്ലാതെ തടകൊടുക്കാമോ?
   കടൽവക്കത്തൊരു കുടിൽകുത്തി അതിൽപ്പൊറുക്കാമോ?
   ആയിരം തേങ്ങ കൂട്ടിയിട്ടാൽ കൂരറിയാമോ?

143

ആയിരം നെല്ലുകൊയ്തുവച്ചാൽ പതിരറിയാമോ?
വെളുത്ത പണ്ണ് അകത്തിരുന്നാൽ വിളവറിയാമോ?
കറുത്ത പെണ്ണ് അകത്തിരുന്നാൽ കളവറിയാമോ?

(എങ്ങനെ നമുക്ക് നേരറിയാം എന്നത് വിളിച്ചോതുന്ന ഒരു നാടൻ പാട്ട്. അവലംബം – ഗോത്രസ്മൃതി, സ്മരണിക 95)

3. ' നാടുവാഴും തമ്പുരാനൊരു പള്ളിപ്പാന കല്പിച്ചു.
പള്ളിപ്പാന പിറ്റേനാളിൽ പള്ളിനായാട്ടാടേണം
പള്ളിനായാട്ടാഡ്യാൽ പോര പുള്ളിമാനെയിളക്കേണം
പുള്ളിമാന്റെയിളക്കം കണ്ട് പള്ളിലമ്പും തുള്ളുന്നെ
വെട്ടിക്കോപം തിരിച്ചൊരുമാനെ പള്ളിപ്പങ്കും വയ്ക്കേണം'

(രാജനീതിയും അതിൽ പ്രജകളുടെ പങ്കും ദ്യോതിപ്പിക്കുന്ന ഒരു നാടൻ പാട്ട്. അവലംബം : ഗോത്ര സ്മൃതി സ്മരണി 95)

ഈ ഗ്രാമത്തിലെ സ്കൂളുകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ആദ്യമായി ഇവിടെ നിലവിൽ വന്നത് കുറ്റിച്ചിറ സർക്കാർ പ്രൈമറി സ്കൂൾ ആണ് എന്ന് കാണാം 1926ൽ ഇന്ന് കുറ്റിച്ചിറ കനാൽ പാലം സ്ഥിതിചെയ്യുന്നതിന് മേൽഭാഗത്ത് ശ്രീ. പാപ്പാരി അയ്യപ്പൻ എന്ന വ്യക്തിയുടെ സ്ഥലത്ത് ഒരു ചെറിയ ഷെഡ്ഡുനിർമ്മിച്ച് ഈറ്റയില കൊണ്ടുമേഞ്ഞ് മുളം തൈതൽ ഇട്ട് ഇരിപ്പിടം ഉണ്ടാക്കി പഠന സാഹചര്യമൊരുക്കി. ഈ പ്രവർത്തനത്തിന് മേൽനോട്ടം കൊടുത്തത് ശ്രീ. പാപ്പാരി അയ്യപ്പൻ, പുത്തൻ ചിറപേങ്ങൻ, ചെറുപറമ്പിൽ കണ്ടാരൻ, മാളക്കാരൻ അയ്യപ്പൻ എന്നിവരായിരുന്നു. അന്ന് നാല് ഗിരിജൻ വിദ്യാർത്ഥികൾ മാത്രമെ പകൽ സമയങ്ങളിൽ ഈ വിദ്യാലയങ്ങളിൽ എത്തിയിരുന്നുള്ളു. സായാഹ്നമാകുമ്പോൾ പ്രായമായവരുടെ സംഗമമായിരുന്നു നടന്നിരുന്നത്. ഗുരുനാഥൻ മരപ്പലകയിലെഴുതുന്ന അക്ഷരങ്ങൾ കണ്ടും പറയുന്നതുകേട്ടും മുതിർന്നവർ വിദ്യ അഭ്യസിച്ചു പോന്നു. അന്ന് പഠനോപകരണങ്ങളൊന്നുമുണ്ടായിരുന്നില്ല. അദ്ധ്യാപകരായി സർവ്വശ്രീ ആര്യം പറമ്പത്ത് ശ്രീധരമേനോൻ, പെരേപ്പാൻ ഇട്ട്യേച്ചൻ, കടമ്പാടൻ ഇട്ട്യാച്ചൻ എന്നിവർ സേവനമനുഷ്ഠിച്ചിരുന്നുവെന്നറിയുന്നു. ഇവർ സൗജന്യസേവനമാണത്ര ചെയ്തിരുന്നത്. ദൂരെ നിന്നുവന്നിരുന്ന കുഞ്ഞുമുഹമ്മദ് എന്ന അദ്ധ്യാപകൻ ഈ വിദ്യാലയത്തിനുള്ളിൽ തന്നെ താമസിക്കുകയായിരുന്നു. പിന്നീട് 1940 (കൊ.വ 1116)ൽ ഭയങ്കരമായ കൊടുങ്കാറ്റുണ്ടാവുകയും ഈ പ്രദേശവും കെട്ടിടവും നശിക്കാനിടയാവുകയും ചെയ്തു. എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽതന്നെ പഴയപടി അതേസ്ഥാനത്തുതന്നെ സ്കൂൾ കെട്ടിടം കെട്ടിപ്പടുത്തു. പിന്നീട് സ്ഥിരമായൊരു വിദ്യാലയത്തിനുവേണ്ടി അഭ്യുദയകാംക്ഷികൾ ശ്രമമാരംഭിക്കുകയും 1942 (കൊ.വ 1118)ൽ സർക്കാരിൽ നിന്നും വിദ്യാലയം അനുവദിക്കുകയും ഇതിനായി ഇന്നുകാണുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം വനം വകുപ്പിൽ നിന്നും വിട്ടുകിട്ടുകയും ചെയ്തു. ഇതിന്റെ എഴുത്തിടപാടുകൾക്ക് പ്രധാനമായും ശ്രീ പാപ്പാരി അപ്പൻ ചാത്തൻകുട്ടി, കുറിഞ്ഞിക്കാടൻ മാധവൻ എന്നിവരായിരുന്നു. ഈ സ്കൂളിൻ മദ്ധ്യഭാഗത്തുള്ള 'റ' ആകൃതിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടം ആണ് ആദ്യം പണികഴിപ്പിച്ചത്. ആദ്യ വർഷം ഒന്നാം ക്ലാസ്സും പിന്നീട് രണ്ട് , മൂന്ന്, നാല് എന്നീ ക്രമത്തിൽ പ്രൈമറി സ്കൂൾ പൂർത്തിയാക്കി

(അവലംബം : പാപ്പാരി അയ്യപ്പൻ മകൻ ചാത്തൻകുട്ടി. കുറിഞ്ഞിക്കാടൻ ഇക്കോരൻ മകൻ മാധവൻ എന്നിവരുടെ വായ്മൊഴികൾ)

ഈ ഗ്രാമപഞ്ചായത്തിലെ വൃദ്ധനായ ഈ സ്കൂൾ ഇപ്പോൾ പട്ടിക ഒന്നിൽ കാണുന്ന വിവരങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. പട്ടിക താഴെ

**പട്ടിക 1**

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 242 | 219 | 461 | 13 | 18 | 1.19 ഏക്കർ | 1928 (1104) |

അവലംബം : ദ്വിതീയ വിവര ശേഖരണം

അറിയപ്പെടുന്ന വിവരമനുസരിച്ച് ഈ ഗ്രാമത്തിൽ മൂന്നാമതായി സ്ഥാപിതമായത് നായരങ്ങാടിയിലെ എയിഡഡ് ലോവർ പ്രൈമറി സ്കൂൾ ആണ്. സ്ഥാപിതം – 1929. ഉപ്പത്ത് നാരായണൻനായർ ആയിരുന്നു ഈ സ്കൂളിന്റെ മാനേജർ. ആരംഭത്തിൽ ഒന്നും രണ്ടും ക്ലാസ്സുകളെ ഉണ്ടായിരുന്നുള്ളു. രണ്ടദ്ധ്യാപകരും ഏകദേശം അമ്പത് വിദ്യാർത്ഥികളുമാണ് അന്നുണ്ടായിരുന്നത്. പ്രഥമ പ്രധാനാദ്ധ്യാപകർ ആര്യം പറമ്പത്ത് ശങ്കരൻ കുട്ടിയും, ചൗക്കയിലെ ചാക്കുണ്ണി മാസ്റ്ററും ആയിരുന്നു. പിന്നീട് സ്കൂളിന്റെ മേൽനോട്ടം പണിക്കർ, മകൾക്കു കൈമാറി. കുട്ടികളെ തേടിപിടിച്ചു കൊണ്ടുവന്നാണ് അന്ന് അദ്ധ്യാപനം നടത്തിയിരുന്നത്. ഉപ്പത്തു നാരായണൻ നായർ പരിയാരം പഞ്ചായത്തുകമ്മിറ്റി അംഗമായിരുന്നു.

(അവലംബം : ഉറുമീസ്, തോമസ് എന്നിവരുടെ വാമൊഴി. തോമസ് ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി കൂടിയാണ്.)

ഇന്ന് ഈ വിദ്യാലയത്തിന്റെ സ്ഥിതി ചുവടെ പട്ടികയിൽ കൊടുക്കുന്നു. ഇപ്പോൾ ഈ സ്ഥാപനത്തിന്റെ മാനേജർ മാത്യുമാസ്റ്ററാണ്.

പട്ടിക 3

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 96 | 78 | 174 | 6 | 6 | 50 സെന്റ് | 1929 |

ഈ ഗ്രാമത്തിൽ രണ്ടാമതായി സ്ഥാപിതമായ സെന്റ് ജോസഫ് പ്രൈമറി സ്കൂൾ, എലിഞ്ഞിപ്രയാണ്. ഇത് 1928ൽ സ്ഥാപിച്ചു. ആദ്യം ഇത് വടക്കുമ്പാടന്റെ മാനേജ്മെന്റിൻ കീഴിലായിരുന്നു. പിന്നീട് പള്ളിമാനേജ്മെന്റിന്റെ കീഴലായി. ഇവിടത്തെ ആദ്യത്തെ പ്രധാനാദ്ധ്യാപകൻ പി.വി. വർഗ്ഗീസ് മാസ്റ്റർ ആയിരുന്നു. ആരംഭത്തിൽ നാല് ഡിവിഷൻ ഉണ്ടായിരുന്നു. കിഴക്കൂടൻ ജോർജ്ജ് എന്ന പുരോഹിതൻ തൃശ്ശൂർ അന്നാവുമ്മ അനാഥാലയത്തിൽ നിന്നും കന്യാസ്ത്രീകളെ അദ്ധ്യാപകരായി കൊണ്ടുവന്നു. അവർ സൗജന്യമായി സേവനമനുഷ്ഠിക്കുകയും ചെയ്തു. പെട്ടിവയ്ക്കൽ സമ്പ്രദായം മൂലം പ്രവേശനം പരിമിതപ്പെടുത്തി. സെന്റ് ജോസഫ്സ് പ്രൈമറിസ്കൂൾ പരുത്തപറമ്പ എന്നായിരുന്നു ആദ്യകാലനാമധേയം. കാരണം ഇവിടെ മുഴുവൻ പരുത്തിച്ചെടികളായിരുന്നു. പിന്നീടാണ് സെന്റ് ജോസഫ് പ്രൈമറി സ്കൂൾ എലിഞ്ഞിപ്ര എന്നായത്. ഈ സ്കൂളിന് ഒരു വർഷം നാഷണൽ അവാർഡ് ലഭിക്കുകയുണ്ടായി. (അവലംബം : (സിസ്റ്റർ സുശീല,PTA പ്രസിഡന്റ് എന്നിവരുടെ വായ്മൊഴികൾ)

ഇന്നത്തെ ഈ സ്കൂളിന്റെ സ്ഥിതി ചുവടെ പട്ടികയിൽ കൊടുക്കുന്നവിധമാണ്.

പട്ടിക 3

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 505 | 352 | 857 | 23 | 21 | 1 ഏക്കർ | 1928 |

(അവലംബം : ദ്വിതീയ വിവരശേഖരണം)

അടുത്തതായി ഈ ഗ്രാമത്തിൽ സ്ഥാപിതമായ വിദ്യാലയം സെന്റ് ആൺറണീസ് അപ്പർപ്രൈമറി സ്കൂൾ എലിഞ്ഞിപ്രയാണ്. സ്ഥാപിതവർഷം 1946 ആണ്. പ്രഥമ പ്രധാനാദ്ധ്യാപകൻ ഫാ: ലൂക്കാ ആയിരുന്നു. ഈ സ്കൂൾ സിസ്റ്റർമാരുടെ ശ്രമഫലമായാണ് സ്ഥാപിതമായത് മാനേജ്മെന്റ് മഠത്തിനാണ്. ഒരിക്കൽ ഈ വിദ്യാ

ലയത്തിന്റെ സ്ഥിതി വിവരങ്ങൾ താഴെ പട്ടിക നാലിൽ കൊടുക്കുംവിധമാണ്.

പട്ടിക – 4

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 422 | 222 | 644 | 17 | 14 | 2 ഏക്കർ | 1946 |

(അവലംബം : ദ്വിതീയ വിവരശേഖരണം)

പിന്നീട് ഈ ഗ്രാമത്തിൽ ഉടലെടുത്ത സ്കൂൾ ഗവ: ട്രൈബൽ പ്രൈമറി സ്കൂൾ ആണ്. ഇതു രണ്ടുകൈയിൽ 1955ലാണ് സ്ഥാപിതമായത്. ഗിരിജനങ്ങളുടെ ഉന്നമനത്തിനായി അവരിൽ നിന്നു ലഭിച്ച ഭൂമിയിലാണ് ഈ വിദ്യാലയം തുടങ്ങിയത്. അവിടുത്തെ പ്രധാന അദ്ധ്യാപകൻ കൊച്ചുവേലുമാസ്റ്റർ ആയിരുന്നു. ആദ്യം ഇത് ഓലഷെഡിലാണ് ആരംഭിച്ചത്. പിന്നീട് സ്ഥിരം കെട്ടിടം നിർമ്മിച്ച് പ്രവർത്തനം തുടങ്ങി. ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോമിനുള്ള തുണിയും സഹായധനവും ലഭിച്ചുവരുന്നുണ്ട്.
ഈ സ്കൂളിലെ സ്ഥിതിവിവരങ്ങൾ പട്ടിക – 5ൽ കൊടുക്കുന്നു.

പട്ടിക – 5

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 70 | 58 | 128 | 4 | 5 | 7.5 സെന്റ് | 1955 |

അവലംബം : ദ്വിതീയ വിവരശേഖരണം.

അടുത്തതായി ഗ്രാമത്തിൽ നിലവിൽ വന്ന എസ്.എൻ.ഡി.പി ലോവർ പ്രൈമറി സ്കൂൾ, കലിക്കൽ ആണ്. 1957 ലാണ് സ്ഥാപിതമായത്. ഇത് ഹരിജൻ കോളനിയുടെ പേരിലാണ് അനുവദിച്ചുകിട്ടിയത്. ഈ സ്ഥാപനത്തിന്റെ മാനേജർ ശ്രീ. ടി.കെ വേലായുധനായിരുന്നു. പ്രഥമ പ്രധാനാദ്ധ്യാപകൻ ശ്രീമാൻ രാഘവൻ തെക്കൂട്ട് ആയിരുന്നു. ആരംഭത്തിൽ കുട്ടികൾ വളരെ കുറവായിരുന്നു. എട്ട് അദ്ധ്യാപകർ അന്നുണ്ടായിരുന്നു. 1979ൽ ഈ സ്ഥലം അമ്പലകമ്മിറ്റിക്ക് കൈമാറി. ഇപ്പോൾ ഈ സ്ഥാപനത്തൽ നാല് അദ്ധ്യാപകരും നൂറ്റി ഇരുപത്തിയെട്ട് കുട്ടികളും ഉണ്ട്. മേൽ വസ്തുതകൾക്ക് ആധാരം അമ്പലം കമ്മിറ്റി അംഗങ്ങളായ സർവ്വശ്രീ ടി.എ. പ്രഭാകരൻ, എ.സി. സുബ്രൻ, ശ്രീധരൻ വല്ലത്തുപറമ്പൻ എന്നിവരുടെ വാമൊഴികളാണ്. ഈ സ്ഥാപനത്തിന്റെ ഇന്നത്തെ വിവരങ്ങൾ താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

പട്ടിക – 6

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 67 | 60 | 127 | 4 | 5 | 2 ഏക്കർ 7 സെന്റ് | 1957 |

അവലംബം: ദ്വിതീയ വിവരശേഖരണം.

അതിനുശേഷം ഈ ഗ്രാമത്തിൽ നിലവിൽ വന്നത് സർക്കാർ ലോവർ പ്രൈമറി സ്കൂൾ, ചായ്പൻ കുഴിയാണ്. സ്ഥാപിത വർഷം 1961 നാട്ടുകാരുടെ ചിരകാലാഭിലാഷമായിരുന്നു ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിച്ചുകിട്ടുക എന്നത്. ഇതിനായി വിദ്യാലയം സ്ഥിതിചെയ്യുന്ന സ്ഥലം എസ്.എൻ.ഡി.പിക്കാർ വിട്ടുകൊടുക്കുകയും അവിടെ സ്ഥാപിക്കുകയും ചെയ്തു. ആദ്യവർഷം ഒന്നാം ക്ലാസ്സും പടിപടിയായി നാലാം ക്ലാസ്സു വരെയും ആരംഭിച്ചു. പിന്നീട് ചില ആഭ്യുദയകാംക്ഷികളുടെ ശ്രമഫലമായി ഈ വിദ്യാലയം അപ്പർ പ്രൈമറി യായി ഉയർത്തുകയും ചെയ്തു. ഈ വിദ്യാലയത്തിലിപ്പോൾ രണ്ട് എൻഡോവ്മെന്റുകൾ നിലവിലുണ്ട്. പെൻഷൻ പറ്റിയ പ്രധാന അദ്ധ്യാപിക ഒ. നാരായണിയും, അദ്ധ്യാപികയായിരുന്ന കെ.പി. മേരിയും ഏർപ്പെടുത്തിയവയാണ് ഇവ. ഇവർ സംഭാവന ചെയ്ത ആയിരം രൂപ (500 + 500) യുടെ പലിശകൊണ്ട് ഓരോ വർഷവും നാലാം ക്ലാസ്സിലേയും ഏഴാം ക്ലാസ്സിലേയും സമർത്ഥരായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് നൽകി വരുന്നു. ഈ വിദ്യാലയത്തിന്റെ ഇന്നത്തെ സ്ഥിതി പട്ടിക ഏഴിൽ കൊടുക്കുന്നു. മേൽ പറഞ്ഞ വിവരങ്ങൾക്ക് ആധാരം ഇ.ആർ. സന്തോഷ്, കെ.പി. കുര്യാക്കോസ് മാസ്റ്റർ എന്നിവരുടെ വാമൊഴിയാണ്.

പട്ടിക – 7

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 257 | 227 | 484 | 12 | 13 | 80 സെന്റ് | 1961 |

അവലംബം : ദ്വിതീയ വിവരശേഖരണം

പിന്നീട് ഈ ഗ്രാമത്തിൽ നിലവിൽ വന്നത് എസ്.എൻ.യു.പി സ്കൂൾ കുണ്ടുകുഴിപ്പാടം. സ്ഥാപിത വർഷം 1964. കുണ്ടുകുഴിപ്പാടം അന്നപൂർണ്ണേശ്വരി ക്ഷേത്രഭാരവാഹികളാണ് ഈ വിദ്യാലയം സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത്. ആദ്യവർഷം അഞ്ചാം ക്ലാസ്സും പിന്നീട് ആറ്, ഏഴ് ക്ലാസ്സുകളും അനുവദിച്ചുകിട്ടുകയുണ്ടായി. പിന്നീട് ഇതിന്റെ ഭരണം കാലാകാലങ്ങളിൽ വരുന്ന ക്ഷേത്ര കമ്മിറ്റികളാണ് നിർവ്വഹിക്കുന്നത്. പ്രഥമ ഹെഡ്മിസ്ട്രസ് എൻ.എസ്. പാറു ആയിരുന്നു. ഈ സ്കൂളിന്റെ ഇന്നത്തെ അവസ്ഥ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക – 8

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 229 | 177 | 406 | 17 | 16 | 2 ഏക്കർ | 1964 |

അവലംബം: ദ്വിതീയ വിവരശേഖരണം.

ഇതിനുശേഷം ഈ ഗ്രാമത്തിൽ നിലവിൽ വന്നത് സർക്കാർ അപ്പർ പ്രൈമറി സ്കൂൾ നായരങ്ങാടിയാണ്. സ്ഥാപിതവർഷം – 1972. ഈ സ്കൂൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് പെരേപ്പാടൻ ഔസേപ്പ് മാസ്റ്റർ, മങ്ങാടൻ പാപ്പു, എം.എ. ലോനക്കുട്ടി, കെ. കൃഷ്ണൻകുട്ടി മേനോൻ, ജയിംസ് മാത്യു, വയറോണി എന്നിവരായിരുന്നു. സർക്കാർ സെറ്റിൽമെന്റ് കോളനിക്ക് പാട്ടത്തിനുകൊടുത്ത ഭൂമിയിൽ നിന്നും അഞ്ചേക്കർ തിരികെ കൊടുത്ത് സ്കൂൾ അനുവദിക്കുന്നതിനുവേണ്ടി നൽകുകയുണ്ടായി. നിരവധി പേരുടെ ശ്രമം കൊണ്ട് താൽക്കാലിക ഷെഡ്ഡുകളിൽ ക്ലാസ്സുതുടങ്ങി. 1972ൽ നിലവിൽ വന്ന ഈ സ്ഥാപനം കേന്ദ്രമന്ത്രി ശ്രീ.

എ.സി. ജോർജ്ജ് ഉത്ഘാടനം ചെയ്യുകയുണ്ടായി. പ്രാരംഭത്തിൽ അഞ്ച് അദ്ധ്യാപകരും നൂറ്റി എൺപത് വിദ്യാർത്ഥികളും ഉണ്ടായിരുന്നു. സ്ഥാപനത്തിന്റെ ആദ്യത്തെ പ്രധാന അദ്ധ്യാപകൻ ശ്രീമാൻ ഗോപിനാഥൻ പിള്ളയായിരുന്നു. ആദ്യ വർഷം അഞ്ചാം ക്ലാസ്സും, പിന്നീട് ആറ്, ഏഴ് ക്ലാസ്സുകളും അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വിവരങ്ങൾക്കാധാരം പെരേപ്പാടൻ ഔസേപ്പു മാസ്റ്റർ , ജയിംസ് മാത്യു, വേലു പെരുംപടത്തി എന്നിവരുടെ വാമൊഴിയാണ്. ഇതിന്റെ ഇന്നത്തെ അവസ്ഥ പട്ടിക 9ൽ ചേർക്കുന്നു.

പട്ടിക –9

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 33 | 31 | 64 | 5 | 4 | 5 ഏക്കർ | 1972 |

അവലംബം : ദ്വിതീയ വിവരശേഖരണം.

അവസാനമായി ഈ പഞ്ചായത്തിൽ രൂപം കൊണ്ട സ്കൂൾ ഗവ : ഹൈസ്കൂൾ , ചായ്പൻകുഴി ആണ്. ഇതിന്റെ സ്ഥാപിതവർഷം 1974 ആണ്. ഈ ഗ്രാമപഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഒരു സ്ഥാപനം ഉയർന്നുവരുന്നതിനുവേണ്ടി വളരെ മുമ്പുതന്നെ ശ്രമങ്ങൾ തുടങ്ങിയിരുന്നു. കുറ്റിച്ചിറ ലോവർ പ്രൈമറി സ്കൂൾ കേന്ദ്രമായി ഹൈസ്കൂൾ അനുവദിച്ചുകിട്ടുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയെങ്കിലും എൽ.പി യോട് ചേർന്ന് സ്ഥലം കിട്ടുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് പുളിങ്കരഭാഗത്തെങ്കിലും അനുവദിച്ചുകിട്ടുന്നതിനുള്ള ശ്രമം ആരംഭിച്ചു. തുടർന്ന് പുളിങ്കര സെന്റ് മേരീസ് പള്ളിവക ഒരേക്കർ സ്ഥലം സംഭാവനയായി ലഭിച്ചു. ഇതിന്റെ തൊട്ടടുത്തായി കുറഞ്ഞവിലയ്ക്ക് രണ്ടേക്കർ സ്ഥലം കിട്ടുകയും ചെയ്തു. നാട്ടുകാരുടെ ശ്രമഫലമായി , നാലുമുറി കെട്ടിടം പണിത് പ്രവർത്തനമാരംഭിച്ചു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് അന്ന് രൂപീകൃതമായ കമ്മിറ്റിയുടെ പ്രസിഡന്റ് പൊയ്ക്കാടൻ സുബ്രനും, സെക്രട്ടറി പി.പി. നാരായണൻ മാസ്റ്ററുമായിരുന്നു. താൽക്കാലിക ഹെഡ്മാസ്റ്ററായി വി.ജെ. ജോൺ നിയമിതനായി. വി.ജെ. ജോണിന്റെ പ്രശസ്തമായ സേവനത്തെ ബഹുമാനിച്ച് നാട്ടുകാരും വിദ്യാർത്ഥികളും സഹപ്രവർത്തകരായ അദ്ധ്യാപകരും ചേർന്ന് സംഭരിച്ചതായ തുക ബാങ്കിൽ നിക്ഷേപിച്ച് അതിൽ നിന്നു കിട്ടുന്ന പലിശകൊണ്ട് എല്ലാ വർഷവും എസ്.എസ്.എൽ.സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന ഈ സ്കൂളിലെ കുട്ടിക്ക് പ്രോത്സാഹന സമ്മാനം കൊടുത്തുവരുന്നു. സ്കൂൾ തുടങ്ങിയ വർഷം വിദ്യാർത്ഥികൾ തന്നെ കപ്പ കൃഷി ചെയ്യുകയും അതിൽ നിന്നും കിട്ടിയ എണ്ണൂറ് രൂപ ഉപയോഗിച്ച് കിണർ കുഴിക്കുകയും ചെയ്തു. ഈ കിണറാണ് ഇന്ന് നിലവിലുള്ളത്. ഈ വിവരങ്ങൾക്ക് അവലംബം പി.പി. നാരായണൻ മാസ്റ്ററുമായി നടത്തിയ അഭിമുഖം. ഈ സ്കൂളിന്റെ ഇന്നത്തെ സ്ഥിതി പട്ടിക 10ൽ കൊടുക്കുന്നു.

പട്ടിക – 10

| വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | ക്ലാസ്മുറികൾ | ഭൂമി | സ്ഥാപിത വർഷം |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | | | |
| 288 | 230 | 518 | 19 | 15 | 3.50 ഏക്കർ | 1974 |

അവലംബം: ദ്വിതീയ വിവരശേഖരണം.

പഞ്ചായത്തിലെ സ്കൂളുകളുടെ എണ്ണ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക – 11

| L.P. | U.P. | H.S. | ആകെ |
|---|---|---|---|
| 5 | 4 | 1 | 10 |

അവലംബം: ദ്വിതീയ വിവരശേഖരണം

പഞ്ചായത്തിലിപ്പോൾ പട്ടിക 12ൽ കാണുന്ന പ്രകാരം അദ്ധ്യാപകരും വിദ്യാർത്ഥികളുമുണ്ട്.

പട്ടിക 12

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ |
| 1. | G.L.P.S കുറ്റിച്ചിറ | ഗവൺമെന്റ് | 232 | 213 | 445 | 13 |
| 2. | G.U.P.S ചായ്പൻകുഴി | ഗവൺമെന്റ് | 257 | 227 | 484 | 12 |
| 3. | G.T.S.L.P. രണ്ടുകൈ | ഗവൺമെന്റ് | 70 | 58 | 128 | 4 |
| 4. | G.U.P.S. നായരങ്ങാടി | ഗവൺമെന്റ് | 33 | 31 | 64 | 5 |
| 5. | G.H.S. ചായ്പൻകുഴി | ഗവൺമെന്റ് | 288 | 230 | 518 | 19 |
| 6. | S.N.U.P.S കുണ്ടുകുഴിപ്പാടം | എയിഡഡ് | 229 | 177 | 406 | 17 |
| 7. | A.L.P.S. നായരങ്ങാടി | എയിഡഡ് | 96 | 78 | 174 | 6 |
| 8. | S.N.D.P.L.P.S കലിയ്ക്കൽ | എയിഡഡ് | 67 | 60 | 127 | 4 |
| 9. | St. Joseph L.P.S. എലിഞ്ഞിപ്ര | എയിഡഡ് | 505 | 352 | 857 | 23 |
| 10. | St. Antony's U.P.S എലിഞ്ഞിപ്ര | എയിഡഡ് | 422 | 222 | 644 | 17 |
| ആകെ 10 | | | 2199 | 1648 | 3847 | 120 |

ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ ജി.എച്ച്.എസ്. ചായ്പൻകുഴിയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഉണ്ടായ എസ്.എസ്.എൽ.സി യുടെ വിജയശതമാനം പട്ടിക പതിമൂന്നിൽ കൊടുക്കുന്നു.

| വർഷം | '91–'92 | '92–'93 | '93–'94 | '94–'95 | '95–'96 |
|---|---|---|---|---|---|
| % | 55 | 59 | 65 | 49.4 | 43 |

അവലംബം: ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തിലെ എൽ.പി, യു.പി ഹൈസ്കൂൾ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം പട്ടിക പതിനാലിൽ കൊടുക്കുന്നു.

പട്ടിക –14

149

| L.P. | U.P. | H.S. | % |
|---|---|---|---|
| 763 | 657 | 230 | 43 |

അവലംബം: ദ്വിതീയ വിവര ശേഖരണം

എൽ.പി സ്കൂളിൽ എഴുന്നൂറ്റി അറുപത്തൊന്ന് വിദ്യാർത്ഥികളിൽ തുടങ്ങി യു.പി യിൽ അറുനൂറ്റി അമ്പത്തേഴായി കുറഞ്ഞ്, ഹൈസ്കൂളിൽ ഇരുന്നൂറ്റി മുപ്പതായി ചുരുങ്ങി. പഞ്ചായത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ കൊടുക്കണം.

ആൺകുട്ടികൾ


പട്ടിക – 15

| L.P. | U.P. | H.S. | % |
|---|---|---|---|
| 970 | 941 | 288 | 57 |

അവലംബം: ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തിൽ L.P.,U.P., H.S. വിദ്യാർത്ഥികളുടെ എണ്ണം ശതമാനത്തിൽ പട്ടിക – 16

പട്ടിക – 16




അവലംബം: ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തിൽ SC/ST വിദ്യാർത്ഥികളുടെ എണ്ണം 17–ാം പട്ടികയിൽ

പട്ടിക – 17

| L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1731 | 286 | 16.5 | 1598 | 226 | 14.1 | 518 | 136 | 26.2 |

അവലംബം: ദ്വിതീയ വിവര ശേഖരണം

പഞ്ചായത്തിൽ നിന്നും പഠനം നിർത്തിയ SC/ST വിദ്യാർത്ഥികളുടെ എണ്ണം പട്ടിക – 18ൽ ചേർക്കുന്നു.

പട്ടിക –18

| L.P. | U.P. | H.S. |
|---|---|---|
| 3 | 6 | 4 |

ആകെ സ്കൂളുകളിൽ 5 എണ്ണം സർക്കാർ മേഖലയിലും 5 എണ്ണം സ്വകാര്യ മേഖലയിലുമാണ്. ഇവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം പട്ടിക 19 ൽ കൊടുക്കുന്നു.

പട്ടിക –19

| സർക്കാർ മേഖല | | | സ്വകാര്യ മേഖല | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 880 | 759 | 1639 | 1319 | 889 | 2208 |

അവലംബം: ദ്വിതീയ വിവര ശേഖരണം

സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ ശതമാനം പട്ടിക 20ൽ കാണാം.

പട്ടിക –20

| സർക്കാർ മേഖല | | സ്വാകാര്യമേഖല | |
|---|---|---|---|
| ആകെ | % | ആകെ | % |
| 53 | 44 | 67 | 56 |

അവലംബം: ദ്വിതീയ വിവര ശേഖരണം

ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തീയാക്കിയാൽ ഉന്നതവിദ്യഭ്യാസത്തിനുവേണ്ടി മറ്റു സ്ഥലങ്ങളിലെ സ്ഥാപനങ്ങളെ ആസ്രയിക്കേണ്ടിവരുന്നു. ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ രണ്ട് ടൈപ്പ് റൈറ്റിങ്ങ് സെന്ററും ഒരു പാരലൽ കോളേജും ഒരു T.G.M.T. സെന്ററും ഉണ്ട്. T.G.M.T.യിൽ 16 പെൺകുട്ടികൾ മാത്രമെ പരിശീലിക്കുന്നുള്ളു. ഇവിടെ ഒരു കമ്പ്യൂട്ടർ സെന്ററും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് പ്രീ പ്രൈമറി സ്ക്കൂളുകളും 32 അംഗനവാടികളും പ്രവർത്തിക്കുന്നുണ്ട്.

മന്ദബുദ്ധികളായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് സംവിധാനം ഈ പഞ്ചായത്തിൽ ഇല്ല. അക്ഷരജ്ഞാനം നേടിയവർക്ക് അത് നിലനിർത്തിക്കൊണ്ടുപോകുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി തുടർവിദ്യാഭ്യാസപരിപാടികൾ പുനരാരംഭിക്കണം. ഗ്രാമപഞ്ചായത്തിൽ നിന്നും ഉച്ചഭക്ഷണത്തിനുവേണ്ടി സാമ്പത്തിക സഹായം വർഷം തോറും എല്ലാ L.P., U.P. സ്ക്കുളുകൾക്കും അനുവദിച്ചിട്ടുണ്ട്. അത് മേലിലും ഉണ്ടാകണമെന്ന് പ്രത്യാശിക്കുന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള L.P., U.P., H.S. വിദ്യാർത്ഥികൾക്ക് ഗ്രേഡ് അടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനം കൊടുക്കുന്ന സമ്പ്രദായം ഏർപ്പെടുത്തണം. എൻഡോവ്മെന്റുകളുടെ പട്ടിക താഴെ

പട്ടിക 21

| | |
|---|---|
| 1. G.H.S. ചായ്യൻകുഴി | V.J. ജോൺ |
| 2. G.U.P.S. ചായ്യാൻകുഴി | 1. ഒ. നാരായണി |
| | 2. കെ. പി. മേരി |
| 3 S.N.U.P.S. കുണ്ടുകുഴിപ്പാടം | 1. T.K. പാറുക്കുട്ടി |
| | 2. P.O. കൊച്ചപ്പൻ |
| | 3. V.K. അയ്യപ്പൻ |
| | 4. N.S. പാറു |
| | 5. P.O. കൊച്ചുത്രേസ്യ |
| | 6. T.K. പ്രഭാകരൻ |

അക്കാദമിക് നിലവാരം ഉയർത്തുന്നതിനുവേണ്ടി ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ട താണ്. പഞ്ചായത്തിലെ വിവധ സ്ക്കൂളുകളിലെ പഠനസഹായികളെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കനുസ രിച്ച് ഇപ്പോഴത്തെ സൗകര്യം പരിതാപകരമാണ്. ഈ ശോച്യാവസ്ഥ പരിഹരിക്കണം.

കായിക പരിശീലനത്തിന് ഈ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകൾക്കും സൗകര്യം കണ്ടെത്തേണ്ടതാ ണ്. വിവധ സ്ക്കൂളുകൾക്ക് കായിക പരിശീലനത്തിന് ഇപ്പോൾ ഉള്ള സൗകര്യങ്ങളെപ്പറ്റി പട്ടിക 22ൽ കൊടു ക്കുന്നു.

പട്ടിക - 22

| സ്ക്കൂൾ | G.H.S. പായിപ്പാൻകുഴി | G.U.P.S. പായിപ്പൻകുഴി | G.U.P.S. നായരങ്ങാടി | G.L.P.S. കുറ്റിച്ചിറ | G.T.S. മണ്ടൂരകെ | G.U.P.S. നായരങ്ങാടി | S.N.U.P.S. കുണ്ടുകുഴി പ്ലാടം | St. Antony's U.P. എലിഞ്ഞിപ്ര | A.L.P.S. നായരങ്ങാടി | St. Joseph's L.P.S. എലിഞ്ഞിപ്ര |
|---|---|---|---|---|---|---|---|---|---|---|
| ആകെ സ്ഥലം | 3½ ഏക്കർ | 2 ഏക്കർ | 5 ഏക്കർ | 1 ഏക്കർ 3സെന്റ് | 7½ സെന്റ് | 2 ഏക്കർ | 2 ഏക്കർ | 50 സെന്റ് | 2 ഏക്കർ 7സെന്റ് | 1 ഏക്കർ |
| കളിസ്ഥലം | 1 ഏക്കർ | 30 സെന്റ് | 4 ഏക്കർ | 35 സെന്റ് | ഇല്ല | 50 സെന്റ് | 35 സെന്റ് | ഇല്ല | 1 ഏക്കർ | ഇല്ല |

പാഠ്യാനുബന്ധപ്രവർത്തനങ്ങളുടെ സൗകര്യം എത്രത്തോളമുണ്ടെന്നു കാണിക്കുന്ന വിവരം.

പട്ടിക - 23

| | ലൈബ്രറി | പ്രവർത്തിക്കാത്ത് | ലാബ് | പ്രവർത്തിക്കാത്ത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡ് | T.V. | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്കൂൾ ബോർഡ് ആവശ്യമുള്ളത് | മാതൃസംഘങ്ങൾ | P.T.A. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 6 | 2 | 5 | 2 | 4 | 7 | 4 | - | 1 | 1 | 10 | 10 | 10 |
| ഇല്ലാത്തത് | 4 | 4 | 5 | 3 | 6 | 3 | 6 | - | 9 | 9 | 10 | 10 | 10 |

അവലംബം : ദ്വിതീയ വിവരശേഖരണം.

ലൈബ്രറി എന്നത് ഗ്രന്ഥശേഖരം മാത്രമല്ല. അത് വിതരണവും കാര്യക്ഷമമായ വായനയും എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തവും ഉണ്ടാകേണ്ട ഒന്നാണ്. ലബോറട്ടറികളും ലൈബ്രറികളും ഇല്ലാത്ത വിദ്യാ ലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനാനുഭവങ്ങളുടെ അപര്യാപ്തത കൂടുതലായിരിക്കും. ഈ പോരായ്മ പരിഹരിച്ചാൽ കുട്ടികളുടെ കാര്യശേഷി വർദ്ധിപ്പിക്കാം.

പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ. പട്ടിക 24ൽ കൊടുക്കുന്നു.

പട്ടിക – 24

| | സ്കൂളിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | G.T.S. രണ്ടുകൈ | 128 | 4 | 1 | 1 | ഉണ്ട് | ഉണ്ട് |
| 2 | G.L.P.S. കുറ്റിച്ചിറ | 445 | 13 | 1 | 1 | ഉണ്ട് | ഉണ്ട് |
| 3 | G.U.P.S. ചായ്പൻകുടി | 484 | 12 | 1 | 2 | ഉണ്ട് | ഉണ്ട് |
| 4 | G.U.P.S. നായരങ്ങാടി | 64 | 5 | 2 | ഇല്ല | ഇല്ല | ഇല്ല |
| 5 | G.H.S. .ചായ്പൻകുഴി | 518 | 19 | 1 | 4 | ഇല്ല | ഉണ്ട് |
| 6 | A.L.P.S. നായരങ്ങാടി | 174 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | S.N.D.L.P.S. കലിക്കൽ | 127 | 4 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8 | St. Joseph's എലിഞ്ഞിപ്ര | 857 | 23 | 1 | 2 | ഉണ്ട് | ഉണ്ട് |
| 9 | St. Antony's എലിഞ്ഞിപ്ര U.P.S. | 644 | 17 | 1 | 3 | ഉണ്ട് | ഉണ്ട് |
| 10 | S.N.U.P.S. കുണ്ടുകുഴിപ്പാടം | 406 | 17 | 1 | 1 | ഉണ്ട് | ഉണ്ട് |

അവലംബം : ദ്വിതീയ വിവരശേഖരണം.

**പഞ്ചായത്തിലെ അതിർത്തിക്കുള്ളിലുള്ള സ്കൂളുകളിൽ മൂത്രപ്പുരയില്ലാത്ത സ്കൂൾ ഒന്നും കക്കൂസ് ഇല്ലാത്ത സ്കൂൾ രണ്ടും ഉണ്ട്. ഇവിടെ പ്രാഥമികസൗകര്യം അനിവാര്യമാണ്.**
**ഈ പഞ്ചായത്തിലെ സ്കൂളുകളിലെ പാദവർഷപരീക്ഷയുടെ ഗ്രേഡ് വിവരം താഴെ പട്ടിക 25ൽ കൊടുക്കുന്നു.**

പട്ടിക – 25

| ക്ലാസ്സുകൾ | ആകെ കുട്ടികൾ ലഭിച്ചവർ | 30% താഴെ മാർക്ക് | 30 40നും ഇടയിൽ | 40-50നും ഇടയിൽ | 50-60നും ഇടയിൽ | 60ന് മുകളിൽ |
|---|---|---|---|---|---|---|
| 3 | 512 | 46 | 88 | 136 | 159 | 83 |
| 4 | 481 | 31 | 90 | 160 | 130 | 70 |
| 5 | 437 | 47 | 80 | 130 | 80 | 100 |
| 6 | 482 | 93 | 82 | 138 | 78 | 91 |
| 7 | 449 | 106 | 78 | 132 | 77 | 56 |
| 8 | 210 | 100 | 65 | 25 | 12 | 8 |
| 9 | 176 | 80 | 45 | 25 | 15 | 11 |
| 10 | 132 | 40 | 60 | 20 | 9 | 3 |

അവലംബം : ദ്വിതീയ വിവരശേഖരണം.

**നമ്മുടെ ഗ്രാമത്തിലെ 12 വാർഡുകളിൽനിന്നും കിട്ടിയ വിശേഷാൽ ഗ്രാമസഭയിലെ പ്രശ്നങ്ങൾ. ഗ്രാമസഭ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലഭിച്ചതും വിദ്യാഭ്യാസമേഖലയിൽ ഇപ്പോൾ നിലവിലുള്ളതുമായ പ്രശ്നങ്ങൾ പരിഹാരത്തിനുവേണ്ടി നാലു ഗ്രൂപ്പുകളിലായി താഴെ സമർപ്പിക്കുന്നു. പ്രശ്നപരിഹാരങ്ങൾ സത്വരമായി ഉണ്ടാകണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.**

ഭൗതിക പ്രശ്നങ്ങൾ

1. G.H.S ചായപൻകുഴിയിൽ ഇപ്പോൾ നിലവിലുള്ള ഓലഷെഡുകൾ മാറ്റി ആവശ്യമായിട്ടുള്ള സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്.
2. G.U.P.S ചായ്പൻകുഴിയിലുള്ള കെട്ടിടം രണ്ടുനില കോൺക്രീറ്റ് കെട്ടിടമാക്കണം.
3. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ കിഴക്കേ അറ്റത്തായതിനാൽ മറ്റു പ്രദേശങ്ങളിലെ വിദ്യാർത്ഥി കൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസ സൗകര്യത്തിനായി G.U.P.S. നായരങ്ങാടിയെ H.S. ആയി ഉയർത്തണം.
4. കനകമല, കമലക്കട്ടി, പീലാർമുഴി, ചൂളക്കടവ്, അരിച്ചാൻകുഴി എന്നിവിടങ്ങളിൽ അംഗൻവാടികൾ അനു വദിക്കണം.
5. വീരൻചിറ, രണ്ടുകൈ എന്നിവിടങ്ങളിൽ നേഴ്സറി സ്കൂളുകൾ വേണം.
6. മെയിന്റനൻസ് കൃത്യമായി നടത്തണം.
7. ക്ലാസ് മുറികളുടെ കുറവ് പരിഹരിക്കണം.
8. ചായ്പൻകുഴിയിൽ I.T.C അനുവദിക്കണം.
9. കുറ്റിച്ചിറയിൽ ഒരു K.G.T.E സ്ഥാപനം അനുവദിക്കണം.
10. നായരങ്ങാടിയിൽ I.T.I ആരംഭിക്കണം.
11. പടിഞ്ഞാറൻ മേഖലയിൽ പോളിടെക്നിക് ആരംഭിക്കണം.
12. റെസിഡന്റ് സ്കൂൾ കോടശ്ശേരിയിൽ ആരംഭിക്കണം.
13. G.H.S ചായ്പൻകുഴിയിൽ ലാബ് സൗകര്യം മെച്ചപ്പെടുത്തണം.
14. രണ്ടുകൈ സ്കൂളിലെ പാചകശാല പുതുക്കിപ്പണിയണം.
15. നായരങ്ങാടി വള്ളത്തോൾ സ്മാരക വായനശാലക്ക് ഫർണീച്ചറും സാമ്പത്തിക സഹായവും വേണം.
16. മേട്ടപ്പാടം, കുറ്റിച്ചിറ, കുണ്ടുകുഴിപ്പാടം, ചെമ്പൻകുന്ന്, പീലാർമുഴി, ചായ്പൻകുഴി, വൈലാത്തറ എന്നി വിടങ്ങളിൽ പുതിയതായി വായനശാലകൾ തുടങ്ങണം.
17. ചായ്പൻകുഴി വായനശാലക്ക് സ്ഥലവും കെട്ടിടവും വേണം.
18. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
19. കായിക പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങൾ വേണം.
20. മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലേയും നിയമനം P.S.Cക്ക് വിടണം.
21. St. ആന്റണീസ് U.P.S, H.S. ആക്കണം.
22. പഞ്ചായത്തിലെ 9-ാം വാർഡിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന വെള്ളിക്കുളം G.U.P.S, H.S. ആയി ഉയർത്തണം.
23. രണ്ടുകൈ ട്രൈബൽ L.P., H.S. ആയി ഉയർത്തണം.
24. G.H.S ചായ്പൻകുഴിയിൽ +2 കോഴ്സ് അനുവദിക്കണം.
25. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കണം.
26. പഞ്ചായത്തിന് ഒരു പൊതു സ്റ്റേഡിയം വേണം.
27. ചട്ടിക്കുളം, കൂർക്കമറ്റം, ചെമ്പൻകുന്ന് എന്നിവിടങ്ങളിൽ L.P. സ്കൂൾ പുതിയതായി അനുവദിക്കണം.
28. യാത്രാസൗകര്യം വർദ്ധിപ്പിക്കണം.

29. ചുറ്റുമതിലും ഗെയ്റ്റും വേണം.

30. പഞ്ചായത്തതിർത്തിയിലുള്ള കുട്ടികൾ ഇതരപഞ്ചായത്തുകളിൽ പഠിക്കുവാൻ പോകുന്നതിന് മാറ്റം വരണം.

31. കലിക്കൽ സ്കൂൾ U.P. ആയി ഉയർത്തണം.

## II പഠനനിലവാരം സംബന്ധിക്കുന്ന പ്രശ്നങ്ങൾ

1. പ്രൈമറി വിദ്യാഭ്യാസം നിർബന്ധമായും മാതൃഭാഷയിലാക്കണം.
2. കാണാപ്പാഠം പഠിച്ച് 'കൂടുതൽ മാർക്ക്' വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ സമ്മാനങ്ങൾ കൊടുക്കുന്നത് വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയെ മുരടിപ്പിക്കുന്നു.
3. അദ്ധ്യാപകനിയമനവും പുസ്തക വിതരണവും മുരടിപ്പിക്കുന്നു.
4. അദ്ധ്യാപകർ വേണ്ടത്രയില്ല.
5. അദ്ധ്യാപകരിൽ നല്ലൊരു ശതമാനത്തിനും ഇൻസർവ്വീസ് ട്രെയിനിംഗ് ലഭിക്കാറില്ല.
6. പഠനോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ അദ്ധ്യാപകർ വൈമുഖ്യം കാണിക്കുന്നു.
7. അനാരോഗ്യകരമായ മത്സരപരീക്ഷകൾ.
8. ലൈബ്രറികൾ വേണ്ടത്രയില്ല. ഉള്ളവതന്നെ വേണ്ടപോലെ പ്രവർത്തിക്കുന്നില്ല.
9. പഠനയാത്രകൾ നടത്താറില്ല.
10. കലാഭ്യാസത്തിന് യാതൊരുവിധ സൗകര്യങ്ങളുമില്ല.
11. അദ്ധ്യാപകരും രക്ഷകർത്താക്കളും പഠനനിലവാരം ഉയർത്താൻ ശ്രദ്ധിക്കുന്നില്ല.
12. പഠനവിഷയങ്ങൾക്ക് നിത്യജീവിതവുമായി ബന്ധമില്ല.
13. ഭൂരിഭാഗവും സ്ത്രീ അദ്ധ്യാപകരായതിനാൽ പാഠ്യേതരപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.
14. രക്ഷിതാക്കൾക്ക് വേണ്ടത്ര വിദ്യാഭ്യാസമില്ല.

## III ജനകീയ പങ്കാളിത്തം ആവശ്യമായ പ്രശ്നങ്ങൾ

1. സമൂഹത്തിന്റെ വിവിധതുറകളിൽ ഉള്ളവരും വിദ്യാഭ്യാസം തുടർന്നു പോകാൻ കഴിയാത്തവരുമായവർക്ക് ഒരു പുനർ വിദ്യാഭ്യാസ സംവിധാനമില്ലാത്തത് അവരെ എക്കാലവും അജ്ഞതയിലും അടിമബോധത്തിലും കെട്ടിയിടുന്നു.
2. സ്കൂളുകളിൽ കൃഷിപ്രായോഗിക വിജ്ഞാനത്തിന് സൗകര്യങ്ങളില്ല.
3. വിദ്യാഭ്യാസവികസനത്തിന് പൊതുസമിതികൾ ഇല്ല.
4. വിദ്യാഭ്യാസം സർക്കാർ ജോലി കിട്ടുവാനുള്ള ഒരു ഉപാധിയാണെന്ന കാഴ്ചപ്പാട് വിദ്യാഭ്യാസത്തോടുള്ള വിമുഖത വർദ്ധിപ്പിക്കുന്നു.
5. ദൃശ്യമാദ്ധ്യമ സംപ്രേക്ഷണങ്ങളുടെ വർദ്ധനവും മൂല്യത്തകർച്ചയും വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.
6. പൊതുവിജ്ഞാനപരീക്ഷകൾക്ക് വേണ്ടത്ര മേൽനോട്ടമില്ല.
7. വീടുകളിലെ പഠനസാഹചര്യത്തിലെ പരിമിതികൾ വിദ്യാഭ്യാസത്തെ തളർത്തുന്നു.
8. കുടുംബവഴക്കുകൾ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.
9. വിദ്യാർത്ഥികളുടെ എണ്ണത്തിൽ തുടർച്ചയായ കുറവുണ്ടാകുന്നു.

IV സാങ്കേതിക പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ H.S. ൽ +2 തലത്തിൽ സയൻസ് ഗ്രൂപ്പുകൾ ഇല്ല.

2. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നില്ല.

മേൽ പ്രശ്നങ്ങൾക്ക് ഈ സമിതി കണ്ടെത്തിയ സാധ്യതകൾ താഴെ ചേർക്കുന്നു.

1. ജനകീയ പങ്കാളിത്തത്തോടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും

2. അദ്ധ്യാപക നിയമനത്തിന് കാലതാമസം നേരിടുമ്പോൾ യോഗ്യതയുള്ള സമീപവാസികളെ P.T.A യ്ക്ക് നിയമിക്കാവുന്നതാണ്.

3. സാമൂഹ്യസാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെ മുഴുവൻ സ്കൂളുകളിലും ഒരു സഞ്ചരിക്കുന്ന ലൈബ്രറി സംവിധാനം ഏർപ്പെടുത്തണം.

4. ഓരോ സ്കൂളുകളെ ഓരോ യൂണിറ്റായി എടുത്ത് H.M., P.T.A പ്രസിഡന്റ് വാർഡ് മെമ്പർ എന്നിവർ ഉൾപ്പെടുന്ന പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പഞ്ചായത്തിലെ വികസന സമിതി രൂപീകരിക്കാവുന്നതാണ്.

5. ഈ പഞ്ചായത്തുതല വികസനസമിതിക്ക് പൊതുവിജ്ഞാനപരീക്ഷയുടെ മേൽനോട്ടം വഹിക്കാവുന്നതാണ്.

6. പഠനനിലവാരം മെച്ചപ്പെടുത്താൻ ഓരോ വിഷയങ്ങളിലും പ്രാവീണ്യം നേടിയ വ്യക്തികളിൽ നിന്നും പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ കോംപ്ലക്സുകൾ മുഖേന അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കാം.

7. പ്രാഥമിക വിദ്യാഭ്യാസകാലത്ത് പഞ്ചായത്തിലെ അടുത്തടുത്തു സ്ഥിതി ചെയ്യുന്ന മൂന്നോ/നാലോ സ്കൂളുകൾ ഉൾപ്പെടുത്തി ആ വിദ്യാലയങ്ങളുലെ കുട്ടികൾക്ക് കൃഷി പ്രായോഗികമായി ചെയ്യാനുള്ള പരിശീലനം ലഭ്യമാക്കുന്നതിന് ഒരു പൊതുസ്ഥലം കണ്ടെത്താം. പാഠ്യപദ്ധതിയിൽ ദിവസത്തിൽ ഒരു പിരീഡ് ഇതിനായി നീക്കി വയ്ക്കാം.

8. P.T.A യുടെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കാം.

9. നായരങ്ങാടി യു.പ്യ. സ്കൂളിനോട് ചേർന്നുകിക്കുന്ന ഗ്രൗണ്ടിൽ ജനകീയ പങ്കാളിത്തത്തോടെ സ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്.

10. സ്കൂളുകൾക്ക് എല്. പി. തലത്തിൽ അതിർത്തിനിശ്ചയിച്ച് ഈ അതിർത്തിക്കുള്ളിലുള്ള കുട്ടികൾ അതാത് വിദ്യാലയങ്ങളിൽ അദ്ധ്യയനം തുടരാവുന്നതാണ്.

11. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ, അംഗനവാടികൾ ആവശ്യമുള്ള സ്ഥലങ്ങൽ സൗജന്യമായി ആരംഭിക്കാവുന്നതാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരം കിട്ടിയാൽ സ്ഥലവും കെട്ടിടവും നിർമ്മിക്കാവുന്നതും സൗജന്യമായി സേവനമനുഷ്ഠിച്ച ടീച്ചറെ സ്ഥിരപ്പെടുത്താവുന്നതുമാണ്.

12. വനിതാദ്ധ്യാപകരുടെ ബാഹുല്യമുള്ള വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് P.T.A യുടെ സഹകരണം തേടാവുന്നതാണ്.

13. പഞ്ചായത്തിലുള്ള വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തി കലാസാംസ്കാരിക പ്രവർത്തനങ്ങളിലുള്ള അഭിരുചി കുട്ടികളിൽ വളർത്തണം

14. മുഴുവൻ അദ്ധ്യാപകനിയമനങ്ങളും P.S.C ക്ക് വിട്ടുകൊണ്ട് നിയമനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പഠന നിലവാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കാം.

15. പഞ്ചായത്ത് വിദ്യാഭ്യാസ വികസനസമിതിയിൽ നിന്നും സ്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കാവുന്നതാണ്.

16. ജീവിതഗന്ധികളായ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

17. വിദ്യാഭ്യാസം സർക്കാർ ജോലിക്കുവേണ്ടി മാത്രമല്ല എന്ന ബോധവൽക്കരണം നടത്താവുന്നതാണ്.

18. എല്ലാ വാസനകളേയും ഗ്രേഡ് അടിസ്ഥാനത്തിൽ വിലയിരുത്താം അങ്ങനെ കൂടുതൽ മാർക്കെന്ന

വിവേചനബോധം ദൂരീകരിക്കാം.

19. പുനർ വിദ്യാഭ്യാസത്തിന് കേന്ദ്രം തുറക്കുന്നതിലൂടെ വിദ്യാസമ്പന്നരല്ലാത്തവർക്ക് അവസരങ്ങൾ ലഭ്യമാക്കാവുന്നതാണ്.

20. വിദേശസംസ്കാരത്തിന്റെ കടന്നുകയറ്റം നിരോധനത്തിനലൂടെ നിയന്ത്രിക്കാവുന്നതാണ്.

21. നായരങ്ങാടി G.U.P.S.നെ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഹൈസ്കൂൾ വിദ്യാഭ്യാസം പഞ്ചായത്തുതലത്തിൽ സുഗമമാക്കാവുന്നതാണ്.

22. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും +2 തലത്തിൽ വിദ്യാഭ്യാസം ആരംഭിക്കേണ്ടതാണ്.

23. St. ആന്റണീസ് U.P.S. H.S. ആക്കി ഉയർത്തണം.

ഗ്രാമസഭയിൽ നിന്ന് ലഭിച്ച പ്രശ്നങ്ങൾക്ക് താഴെ പറയുന്ന പരിഹാരങ്ങൾ ഈ സമിതി നിർദ്ദേശിക്കുന്നു.

1. ജനപങ്കാളിത്തത്തോടെ എല്ലാ വിദ്യാലയങ്ങളിലും പ്രാഥമിക സൗകര്യം, മെയിന്റനൻസ് നടത്തൽ, ചുറ്റുമതിൽ, ഗേറ്റ്, കുടിവെള്ളം ഗ്രൗണ്ട് എന്നിവയുണ്ടാക്കണം.

2. അദ്ധ്യാപകരുടെ കുറവുണ്ടാകുന്ന കാലയളവിൽ യോഗ്യതയുള്ളവരെ P.T.A നിയമിക്കണം.

3. അദ്ധ്യാപകനിയമനവും പുസ്തകവിതരണവും അദ്ധ്യയനവർഷാരംഭത്തിൽ തന്നെയുണ്ടാകണം.

4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.

5. ജനപങ്കാളിത്തത്തോടെ കളിസ്ഥലങ്ങൾ നിർമ്മിക്കണം.

6. ചലിക്കുന്ന വായനശാലകൾ പ്രവർത്തിപ്പിച്ച് ലൈബ്രറിയുടെ ന്യൂനതകൾ പരിഹരിക്കണം.

7. വിദ്യാഭ്യാസ വികസനത്തിന് ജനകീയ വിദ്യാഭ്യാസ വികസന സമിതി രൂപീകരിക്കണം.

8. വികസനസമിതികൾ പൊതുവിജ്ഞാനപരീക്ഷകൾക്ക മേൽനോട്ടം വഹിക്കണം.

9. ജനകീയ പങ്കാളിത്തത്തോടെ സ്കൂൾ കുട്ടികൾക്ക് കൃഷിപരിശീലനം ലഭ്യമാക്കുന്നതിന് പൊതു കൃഷി സ്ഥലം കണ്ടെത്തണം.

10. P.T.A യുടെ നേതൃത്വത്തിൽ പഠനയാത്രകൾ നടത്തണം.

11. പഞ്ചായത്തുതലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നായരങ്ങാടി യു.പി.എസ് നോട് ചേർന്നുള്ള സ്ഥലം ഉപയോഗപ്പെടുത്തണം.

12. സ്കൂളുകൾക്ക് എൽ.പി., യു.പി. തലത്തിൽ അതിർത്തി നിശ്ചയിക്കണം.

13. വാർഡുമെമ്പറുടെ നേതൃത്വത്തൽ ജനകീയ സമിതികൾക്കാവശ്യമുള്ള സ്ഥലങ്ങളിൽ അംഗൻവാടികൾ തുടങ്ങണം.

14. നായരങ്ങാടി യു.പി.എസ് അപ്ഗ്രേഡ് ചെയ്യണം.

15. P.T.A യുടെ സഹകരണത്തോടെ പാഠ്യേതര പ്രവർത്തനങ്ങൾ നടത്തണം.

16. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ ഇൻസർവ്വീസ് ട്രെയിനിംഗ് ലഭ്യമാക്കണം.

17. കമ്മ്യൂണിറ്റി ഹാളിൽ വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തി വിദ്യാർത്ഥികളുടെ കലാഭിരുചി പരിപോഷിപ്പിക്കണം.

18. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ മുഴുവൻ P.S.C ക്ക് വിടണം.

19. പ്രൈമറി വിദ്യാഭ്യാസം നിർബന്ധമായും മാതൃഭാഷയിലാക്കണം.

20. പൊതുവായ പഠനോപകരണങ്ങൾ പഞ്ചായത്തുവികസനസമിതിയും മറ്റുള്ളവ അദ്ധ്യാപകരും കണ്ടെത്തണം.

21. അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും ചേർന്ന് കൂട്ടായ പ്രവർത്തനത്തിലൂടെ പഠനനിലവാരം ഉയർത്താം.

22. വിദ്യാഭ്യാസത്തേക്കുറിച്ച് ബോധവൽക്കരണം ഉണ്ടാവണം.

23. വിദ്യാർത്ഥികൾക്ക് പഠനസാഹചര്യങ്ങൾ വീടുകളിൽ ഉണ്ടാകുന്നതിന് രക്ഷാകർത്താക്കൾ ശ്രദ്ധിക്കണം.

157

24. എല്ലാവാസനകളും ഗ്രേഡു തിരിച്ചു കണക്കാക്കണം.

25. പുനർ വിദ്യാഭ്യാസത്തിനൊരു കേന്ദ്രം ഉണ്ടാക്കി വിദ്യാസമ്പന്നരല്ലാത്തവർക്ക് അവസരം ഉണ്ടാക്കണം.

26. ദൃശ്യ ശ്രവ്യമാദ്ധ്യമങ്ങളിലൂടെയുള്ള പാശ്ചാത്യ കടന്നുകയറ്റം കർശനമായി നിരോധിക്കണം.

27. വിദ്യാലയങ്ങളിൽ വേണ്ടത്ര ക്ലാസ്സുമുറികൾ നിർമ്മിക്കണം.

28. പഞ്ചായത്തിലെ മുഴുവൻ ഹൈസ്കൂളിലും പ്ലസ് ടുവിന് സയൻസ് ഗ്രൂപ്പുകൾ അനുവദിക്കണം.

പ്രശ്ന പരിഹാരങ്ങൾക്കായി വിശകലനം നടത്തിയപ്പോൾ കിട്ടിയ നിർദ്ദേശങ്ങൾ ഇവിടെ ചേർക്കുന്നു.

1. മുൻകാലങ്ങളിൽ ഒരു വിദ്യാഭ്യാസസ്ഥാപനത്തിന് ചുറ്റുമതിലും ഗേറ്റും, സാമൂഹ്യസുരക്ഷിതത്വം ഉണ്ടായിരിക്കുന്നതുകൊണ്ട് ആവശ്യമുണ്ടായില്ല. മാത്രമല്ല മറ്റു ഭൗതിക സാഹചര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതുകൊണ്ട് ചുറ്റുമതിലോ ഗേറ്റോ നിർമ്മിക്കുന്നതിന് ശ്രദ്ധിച്ചില്ല. പക്ഷെ ഇന്നത്തെ പുതിയ പ്രവണതകളും പ്രശ്നങ്ങളും സംജാതമായിട്ടുള്ളതുകൊണ്ട് ചുറ്റുമതിലും ഗേറ്റും അത്യന്താപേക്ഷിതമാണ്.

2. മുൻകാലങ്ങളിൽ വിദ്യാസമ്പന്നരായവർ വിരളമായതിനാൽ ഇവരെ കണ്ടെത്തി നിയമനം നടത്തുന്നതിന് ഗ്രാമതലത്തിലുള്ള വൈദഗ്ദ്ധ്യക്കുറവുമൂലം ഒരു വിദഗ്ദ്ധസമിതിയാണ് നിയമനങ്ങൾ നടത്തിപോരുന്നത്. എന്നാൽ ഇന്ന് സ്ഥിതി മാറുകയും ധാരാളം വിദ്യാസമ്പന്നർ ഉണ്ടാവുകയും ഗ്രാമതലത്തിൽ വൈദഗ്ദ്ധ്യം വർദ്ധിക്കുകയും ചെയ്ത അവസ്ഥയിൽ ഏതെങ്കിലും വിദ്യാലയത്തിൽ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെട്ടാൽ അത് നികത്തുന്നതിന് P.T.A യുടെ നിർദ്ദേശാനുസരണം വികസന സമിതി ശ്രദ്ധിക്കേണ്ടതാണ്.

3. കോടഞ്ചേരി പഞ്ചായത്തിലെ പ്രധാന കൃഷിയിനങ്ങളായ തെങ്ങ്, റബ്ബർ എന്നിവ കൃഷി ചെയ്യുന്നതിന് പരിശീലനം കൊടുക്കുന്നതിനും, ഇവയിൽ നിന്നുലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെടേണ്ടത്. (ഉദാ: കേരഫഡിനേയും, റബ്ബർ ബോർഡിനെയും സഹകരിപ്പിക്കുക.)

4. കുട്ടികൾക്ക് താല്പര്യമുള്ള പുസ്തകങ്ങൾ വായിക്കുന്നതിന് അവർ സ്വമേധയാ സമയം കണ്ടെത്താറുണ്ട്. ഈ പ്രവണതയെ മുതലെടുത്തുകൊണ്ട് ആഴ്ചയിലൊരിക്കൽ ഇഷ്ടമുള്ള പുസ്തകങ്ങൾ കിട്ടവുന്നത്ര ശേഖരിച്ച് സ്കൂളിൽ കൊണ്ടുവരാനും വായിക്കാനും അവസരം ഉണ്ടാക്കിയാൽ വായനാശീലം വളരുകയും ലൈബ്രറി ന്യൂനത സ്കൂളുകളിൽ വളരുകയും ചെയ്യാം.

5. ഇപ്പോൾ P.T.A കൾ എടുക്കുന്ന തീരുമാനങ്ങൾ ഗ്രാമപഞ്ചായത്തുകളിലോ മറ്റു ആധികാരിക കേന്ദ്രങ്ങളിലോഅറിയുന്നില്ല. ഇതിനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യാക്ഷനായിPTAയ്ക്ക് പ്രാതിനിധ്യമുള്ള ഒരു വികസനസമിതി രൂപീകരിച്ച് ഇതിന് പരിഹാരം കണ്ടെത്താമെന്ന് കാണുന്നു.

6. പഞ്ചായത്തിന്റെ വികസനം കൃഷിയിലധിഷ്ഠിതമായതുകൊണ്ട് വിദ്യാഭ്യാസത്തിൽ കൃഷിക്ക് പ്രഥമ സ്ഥാനം കൊടുക്കേണ്ടതുണ്ടെന്ന് മനസ്സിലാവുന്നു.

7. തൊട്ടറിഞ്ഞത് വിട്ടെറിയില്ല എന്നതുകൊണ്ട് പഠനയാത്രകൾ യൊതൊരു കാരണവശാലും ഒഴിവാക്കപ്പെടേണ്ടതില്ല.

8. ഗ്രാമീണ ജനതയ്ക്ക് കായികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ ഒരു പൊതു സ്ഥലം ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഇതിന് സാധ്യമാകുന്ന രീതിയിൽ ഉണ്ടാകേണ്ടത് ആവശ്യമെന്ന് കാണുന്നു.

9. ജനപങ്കാളിത്തത്തോടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാൻ അതിർത്തി നിശ്ചയിക്കുന്നതുകൊണ്ട് സഹായമാകുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾ ദൂരെ സ്ഥലങ്ങളിൽ പോയി വിദ്യ അഭ്യസിക്കുന്നു. തന്മൂലം രണ്ടുതരം പൗരന്മാർ രൂപമെടുക്കുന്നു. ഇത് ഒഴിവാക്കാൻ അതിർത്തി വിഭജനം സഹായിക്കും. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സാമ്പത്തികദുർവിനിയോഗം ഒഴിവാക്കാനും സാധിക്കും.

10. വീടുകളുടെ എണ്ണമോ ദൂരപരിധിയോ കണക്കാക്കാതെ അത്യാവശ്യമായ സ്ഥലങ്ങളിൽ അംഗനവാടികൾ അനുവദിച്ചാൽ ശിശുവിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ സാധിക്കും.

11. പഠനനിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകർക്ക് യാഥാകാലം ഇൻസർവ്വീസ് കോഴ്സുകൾ അത്യന്താപേക്ഷിതമാണെന്ന് ഓരോ സ്കൂളിലേയും പഠനനിലവാരം പരിശോധിക്കുമ്പോൾ മനസ്സിലാവുന്നു.

12. കലാഭ്യാസനം നാടിന്റെ സാംസ്കാരിക ചരിത്രത്തിന്റെ പ്രതിഫലനമാണ്. സാമൂഹികവും രാഷ്ട്രീയവുമായ സംഭവങ്ങളിലും സമരങ്ങളിലും കലയ്ക്ക് അഗാധമായ സ്വാധീനമുണ്ട്. ഇത്രമാത്രം പ്രാധാന്യമുള്ള ഈ പ്രവണത സമൂഹത്തിൽ ചിതറിക്കിടക്കുകയാണ്. ഇത് സ്വാഭാവികവുമാണ്. ഇത്തരം പ്രവണതകളുള്ള വ്യക്തികളെ സംഘടിപ്പിച്ചുകൊണ്ട് അതിനെ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തിയാൽ സർഗ്ഗാത്മകമായ മാറ്റങ്ങൾ സമൂഹത്തിൽ പ്രതിഫലിക്കും. ഇതനുള്ള അവസരമുണ്ടാകണമെന്നാണ് മനസ്സിലാകുന്നത്.

13. സ്വകാര്യവിദ്യാലയങ്ങളിലെ കൂടി അദ്ധ്യാപകനിയമനങ്ങൾ P.S.C യ്ക്ക് വിടുന്നത് മൂലം അനർഹർ കടന്നുവരുന്നതും മാനേജ്മെന്റ് അനർഹമായി പണം സ്വരൂപിക്കുന്നതും ഒഴിവാക്കണം.

14. യാതൊരു കാരണവശാലും രണ്ടുതരം സമൂഹം സൃഷ്ടിക്കപ്പെടരുതെന്നുള്ളതുകൊണ്ട് പ്രൈമറി തലത്തിൽ അദ്ധ്യയനം നിർബന്ധമായും മാതൃഭാഷയിലാവണമെന്ന് മനസ്സിലാവുന്നു.

15. പഠനോപകരണങ്ങളില്ലാതെയുള്ള അദ്ധ്യയനം ചുവരില്ലാതെ ചിത്രങ്ങളെഴുതുന്നതുപോലെ അർത്ഥരഹിതമാണെന്നു മനസ്സലാവുന്നു.

16. പാഠ്യപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഒരു നിശ്ചിത ശതമാനം ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

17. വിദ്യാഭ്യാസം അറിവിനും സംസ്കാരത്തിനും സാമൂഹ്യസംസ്കരണത്തിനും വേണ്ടിയാണ്. സർക്കാർ ജീവനക്കാർക്കുവേണ്ടി മാത്രമല്ല എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണം അത്യാവശ്യമാണ്.

18. ഉയർന്ന മാർക്ക് നേടുന്നത് മാത്രം കണക്കാക്കാതെ കുട്ടികളിലുള്ള മുഴുവൻ വാസനകളേയും അളന്ന് ഗ്രേഡുതിരിച്ച് അവരുടെ കഴിവുകളുടെ മാനദണ്ഡം കണക്കാക്കേണ്ടതുണ്ട്. ഇത് അനാരോഗ്യകരമായ മത്സരപരീക്ഷകളെ നിരുത്സാഹപ്പെടുത്തുകയും സമഗ്രവാസനകളെ പ്രോത്സാഹിപ്പിക്കുകയും സാമൂഹ്യമായ അസമത്വങ്ങളെ ഒരു പരിധി വരെ അറുതി വരുത്തുന്നതിനും ഇത് സഹായകമാകും.

19. ഇടയ്ക്കുവച്ച്, വിദ്യാഭ്യാസം പൂർത്തീകരിക്കാതെ മറ്റുമേഖലകളിലേയ്ക്ക് കടക്കേണ്ടിവന്ന ഗ്രാമീണ ജനതയ്ക്ക് വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വർദ്ധിക്കുന്നതുകൊണ്ടുംഅതിനൊരു കേന്ദ്രീകൃത സംവിധാനം ഇല്ലാത്തതുകൊണ്ടും ഇത്തരക്കാർക്കുവേണ്ടി ഒരു പുനർ വിദ്യാഭ്യാസകേന്ദ്രം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു.

20. രാഷ്ട്രീയമായി അടിമത്തം അവസാനിച്ചരിക്കെ സാസ്കാരികമായ അടിമത്തം അടിച്ചേല്പിക്കുന്ന തരത്തിലുള്ള ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പാശ്ചാത്യരുടെ കടന്നുകയറ്റം കർശനമായി നിയന്ത്രിക്കേണ്ടത് അത്യാവശ്യമായി കാണുന്നു.

21. പ്ലസ്ടു തലത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഗുണമേന്മകൾ നമ്മുടെ പഞ്ചായത്തിലും ലഭ്യമാകണമെന്നുള്ളതുകൊണ്ട് അത്തരത്തിലുള്ള വിദ്യാഭ്യാസം ഇവിടെ അനുപേക്ഷണീയമാണ്.

ഗ്രാമസഭകളിൽ നിന്നു ലഭിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നത് താഴെ പറയുന്ന മുൻഗണനാക്രമത്തിൽ ആയിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

1. Govt. H.S. ചായ്പൻകുഴിയിൽ ഓലഷെഡുമാറ്റി സ്ഥിരംകെട്ടിടങ്ങൾ ആവശ്യമായ ലാബ് സൗകര്യങ്ങളും വർദ്ധിപ്പിക്കണം.
2. നായരങ്ങാടി G.U.P.S. H.S ആയി അപ്ഗ്രേഡ് ചെയ്യണം.
3. G.U.P.S ചായ്പൻകുഴിയിൽ രണ്ടു നിലകളുള്ള കെട്ടിടം പണിയുന്നതിനുവേണ്ടി തറകെട്ടുകയും ഒരു നില പണിത് ഓട് മേയുകയും ചെയ്ത് നാലുമുറികെട്ടിടം ഇരുനിലയാക്കി പണിയണം.

159

4. കനകമല, വെള്ളിക്കുളം, കമലക്കട്ടി, പീലാർമുഴി, ചൂളക്കടവ്, അരിച്ചാൽകുഴി, വീരഞ്ചിറ, രണ്ടുകൈ നേഴ്സറി സ്കൂളുകളോ, അംഗൻവാടികളോ അനുവദിക്കണം.
5. സ്കൂളുകളുടെ മെയിന്റനൻസ് കൃത്യസമയത്ത് നടത്താറില്ല.
6. ക്ലാസ്സ്മുറികളുടെ കുറവ് ആരോഗ്യകരമായ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്നു.
7. ചായ്പൻകുഴിയിൽ I.T.C അനുവദിക്കണം.
8. കുറ്റിച്ചിറയിൽ K.G.T.E കോഴ്സ് ആരംഭിക്കണം.
9. നായരങ്ങാടിയിൽ I.T.I ആരംഭിക്കണം.
10. പടിഞ്ഞാറൻ മേഖലയിൽ പോളീടെക്നിക് ആരംഭിക്കണം.
11. റസിഡൻഷ്യൽ സ്കൂൾ കോടശ്ശേരി പഞ്ചായത്തിൽ അനുവദിക്കണം.
12. രണ്ടുകൈ സ്കൂളിലെ പാചകശാല പുതുക്കിപ്പണിയണം.
13. നായരങ്ങാടി വള്ളത്തോൾ സ്മാരകവായനശാലയിൽ ഫർണീച്ചറും സാമ്പത്തിക സഹായവും വേണം.
14. മേട്ടപ്പാടത്ത് പുതിയ വായനശാല വേണം.
15. ചെമ്പൻകുന്നിൽ ഒരു വായനശാല വേണം.
16. വാർഡ് 8 ൽ മൂന്ന് വായനശാലകൾ വേണം.
17. ചായ്പൻകുഴി വായനശാലക്ക് സ്ഥലവും ഫണ്ടും അനുവദിക്കണം.
18. രണ്ടുകൈ ലേബേഴ്സ് വായനശാലക്ക് സ്ഥലവും കെട്ടിടവും അനുവദിക്കണം.
19. പൈലത്ര കമ്മ്യൂണിറ്റി ഹാളിൽ വായനാശാല അനുവദിക്കണം.
20. സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. ഉണ്ടാക്കണം.
21. കായിക പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
22. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ നിയമം പാലിക്കുന്നില്ല.
23. സ്വകാര്യ വിദ്യാലയങ്ങളിലെ നിയമനങ്ങൾ PSC യിൽ നിന്ന് അല്ലാത്തതുകൊണ്ട് വിദ്യാഭ്യാസ നിലവാരം താഴുവാൻ ഇടയാകുന്നു.
24. സെന്റ് ആന്റണീസ് UPS, HS ആക്കണം.
25. കലിയ്ക്കൽ SNDPLPS, UP ആക്കണം
26. പഞ്ചായത്തിന്റെ അതിർത്തിയോട് ചേർന്നുകിടക്കുന്ന വെള്ളിക്കുളങ്ങര G.U.P.S, H.S. ആക്കണം.
27. രണ്ടുകൈ ട്രൈബൽ സ്കൂൾ H.S ആക്കണം.
28. G.H.S. ചായ്പൻകുഴിയിൽ പ്ലസ്ടു കോഴ്സ് ആരംഭിക്കണം.
29. ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല.
30. പഞ്ചായത്തിൽ സ്റ്റേഡിയം ഇല്ല.
31. മാരാങ്കോട്-ചട്ടിക്കുളം ആസ്ഥാനമാക്കി L.P. സ്ഥാപിക്കണം.
32. കൂർക്കമറ്റം കേന്ദ്രമാക്കി ഒരു L.P. സ്കൂൾ അനുവദിക്കണം.
33. ചെമ്പൻകുന്ന് ആസ്ഥാനമാക്കി ഒരു L.P. സ്കൂൾ അനുവദിക്കണം.
34. യാത്രാസൗകര്യങ്ങൾ ഇല്ല.
35. ചുറ്റുമതിലും ഗെയിറ്റും ഇല്ല.
36. ഈ പഞ്ചായത്തിലെ കുട്ടികൾ ഇതര പഞ്ചായത്തുകളിൽ പഠനം നടത്തുവാൻ പോകുന്നു.
37. പ്രൈമറിതലത്തിലെ വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല. അതു മുഖാന്തിരം രണ്ടുതരത്തിലുള്ള പൗരസമൂഹം സൃഷ്ടിക്കപ്പെടുന്നതിനും സാമൂഹ്യ അസമത്വം വർദ്ധിക്കുന്നതിനും ഇടയാക്കുന്നു.

38. 'കൂടുതൽ മാർക്ക് എന്ന് മാർക്കടിസ്ഥാനത്തിലുള്ള വിവേചനബോധം കിട്ടികളുടെ സമഗ്ര വാസനകളെ മുരടിപ്പിക്കുന്നു.

39. അദ്ധ്യാപക നിയമനവും പുസ്തക വിതരണവും കൃത്യസമയത്ത് നടത്താറില്ല.

40. അദ്ധ്യാപകർ വേണ്ടത്രയില്ല

41. പഠനയാത്രകൾ നടത്താറില്ല.

42. അദ്ധ്യാപകരിൽ നല്ലൊരു ശതമാനം ഇൻ സർവ്വീസ് ടെയിനിംഗ് സ്കീമിന് വിധേയരായിട്ടില്ല.

43. പഠനോപകരണങ്ങൾ കൂടാതെയുള്ള അദ്ധ്യാപന രീതി പഠനനിലവാരം താഴ്ത്തുന്നു.

44. അനാരോഗ്യകരമായ മത്സരപരീക്ഷകൾ വിദ്യാഭ്യാസനിലവാരം താഴ്ത്തുന്നു.

45. ലൈബ്രറികൾ ഇല്ല. ഉള്ളവ വേണ്ടപോലെ പ്രവർത്തിക്കുന്നില്ല.

46. കാലഭ്യാസത്തിന് യാതൊരുവിധ സൗകര്യങ്ങളുമില്ല.

47. അദ്ധ്യാപകരും രക്ഷകർത്താക്കളും വിദ്യാർത്ഥികളും പഠനനിലവാരം ഉയർത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

48. പാഠ്യവിഷയങ്ങൾക്ക് നിത്യജീവിതവുമായി ബന്ധമില്ല.

49. ഭൂരിഭാഗം സ്ത്രീ അദ്ധ്യാപകരായതുകൊണ്ട് പാഠ്യേതരപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല

50. സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരും വിദ്യാഭ്യാസം ലഭിക്കാത്തവരുമായ ജനങ്ങൾക്ക് ഒരു പുനർവിദ്യാഭ്യാസ സംവിധാനം ഇല്ലാത്തത് അവരെ എക്കാലവും അജ്ഞതയിലും അടിമബോധത്തിലും കെട്ടിയിടുന്നു.

51. സ്കൂളുകളിൽ കൃഷിയിൽ പ്രായോഗിക വിജ്ഞാനം നൽകാൻ സൗകര്യങ്ങളില്ല.

52. വിദ്യാഭ്യാസവികസനത്തിന് പൊതുസമിതികളില്ല.

53. വിദ്യാഭ്യാസം സർക്കാർ ജോലി കിട്ടുവാനുള്ള ഒരു ഉപാധിയാണെന്ന കാഴ്ചപ്പാട് വിദ്യാഭ്യാസത്തോടുള്ള വിമുഖത വർദ്ധിപ്പിക്കുന്നു.

54. ദൃശ്യ- ശ്രവ്യ മാദ്ധ്യമങ്ങളിലെ സംപ്രേക്ഷണങ്ങളുടെ വർദ്ധനവും മൂല്യത്തകർച്ചയും വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

55. പൊതുവിജ്ഞാനപരീക്ഷകൾക്ക് വെണ്ടത്ര മേൽനോട്ടമില്ല.

56. വീടുകളിലെ പഠനസാഹചര്യത്തിലെ പരിമിതികൾ വിദ്യാഭ്യാസത്തെ തളർത്തുന്നു.

57. കുടുംബ വഴക്കുകൾ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

58. എണ്ണത്തൽ തുടർച്ചയായ കുറവുണ്ടാവുന്നു.

59. പഞ്ചായത്തിലെ മുഴുവൻ ഹൈസ്കൂളുകളിലും പ്ലസ്ടു തലത്തിൽ സയൻസ് ഗ്രൂപ്പ് ഏർപ്പെടുത്തണം.

60. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

61. ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. ഉള്ളത് അപര്യാപ്തമാണ്. പല സ്ഥലങ്ങളിലും അംഗനവാടികൾ സ്ഥാപിക്കേണ്ടതാണ്. പലതിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

62. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഒരു ഹൈസ്കൂൾ ഇല്ലാത്തത് ഹൈസ്കൂൾ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

63. ഉച്ചക്കഞ്ഞിയുടെ സാമ്പത്തികസഹായം വർദ്ധിപ്പിക്കണം.

64. വർഷാവസാനത്തിൽ ഉന്നത ഗ്രേഡ് നിലവാരത്തിൽ (മാർക്കാ മാത്രമല്ല) പെട്ട കുട്ടികൾക്ക് പ്രോത്സാഹന സമ്മാന പദ്ധതി നടപ്പിലാക്കണം

# കുടിവെള്ളം

മനുഷ്യനു ജീവസന്ധാരണത്തിനത്യാവശ്യമായ 3 ഘടകങ്ങളാണ് വായു, ജലം, ഭക്ഷണം. ജനങ്ങൾക്ക് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ് ശുദ്ധജലം. ഇക്കാര്യത്തിൽ നമ്മൾ സ്വയം പര്യാപ്തമല്ല. വർഷക്കാലത്ത് വെള്ളപ്പൊക്കം.. വേനൽക്കാലത്ത് ഉണക്ക്. ഇത് ഒരു വിരോധാഭാസമാണ്. നാൾക്കുനാൾ ഇതു ഭീകരമായി വരുന്നു. ഇതിന്റെ കാരണങ്ങൾ കണ്ടുപിടിച്ചു പരിഹരിക്കാതിരുന്നാൽ നിയന്ത്രണം നമ്മുടെ കൈകളിൽ നിന്ന് വിട്ടുപോകും.

കുടിവെള്ളത്തിനു നാം പ്രധാനമായും കിണറുകളേയും കുളങ്ങളേയും തോടുകളേയും ആശ്രയിക്കുന്നു. കോടശ്ശേരി പഞ്ചായത്ത് നിമ്നോന്നത പ്രദേശമാണ്. ഉന്നതമായ പ്രദേശങ്ങളിലാണ് ജലക്ഷാമം അനുഭവപ്പെടുന്നത്. കാലവർഷം അവസാനിക്കുന്നതോടെ കിണറുകൾ വറ്റിപ്പോകുന്നു. മഴവെള്ളം ഭൂഗർഭത്തിലേക്കെത്തുന്നില്ലെന്നതിന്റെ തെളിവാണിത്. ഇതിന്റെ കാരണങ്ങൾ കണ്ടെത്തുകയും പരിഹരിക്കുകയും വേണം.

പരമപ്രധാന്യത്തോടെ നാം നടപ്പിലാക്കേണ്ട പദ്ധതിയാണ് മേൽ വിവരിച്ചത്. മലകൾ ഉണ്ടായിരുന്നപ്പോൾ അതിൽനിന്നും പുറപ്പെടുന്ന അരുവികളിൽ ജലം സുലഭമായിരുന്നു. മലവെട്ടി നശിപ്പിക്കപ്പെട്ടപ്പോൾ മലകളുടെ ജലസംഭരണ ശേഷി കുറഞ്ഞു കുറഞ്ഞു വരുന്നു. മലകൾ വേനൽക്കാലങ്ങളിൽ കത്തുന്നത് സസ്യജാലങ്ങളുടെ ഉന്മൂലനാശത്തിനുകാരണമാവുകയും മണ്ണൊലിപ്പുണ്ടാകയും ജലസംഭരണശേഷി കുറയുകയും ചെയ്യുന്നതാണ് ജലശോഷണത്തിന്റെ കാരണം. അതുകൊണ്ട് ആദ്യമായി പരിഹരിക്കേണ്ടത് വനനശീകരണമാണ്. വനസംരക്ഷണത്തിന്റെ കാര്യത്തിൽ സാധാരണക്കാർ ബോധവാന്മാരല്ല. അവരെ ബോധവല്ക്കരിക്കണം. അല്ലാത്ത പക്ഷം കേരളത്തിലെ ജല സംഭരണികളും തോടുകളും അരുവികളും വറ്റിവരണ്ടുപോകും. കോടശ്ശേരി പഞ്ചായത്തിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ദേവതാത്മകനായ ഹിമാലയ പർവ്വതം പോലെയും ഒരുകോട്ടപോലെയും ഉത്തരദിക്കിൽ സ്ഥിതി ചെയ്യുന്ന കോടശ്ശേരി മലയാണ് നമ്മുടെ ജലസ്രോതസിന്റെ ഉറവിടം. അതാകട്ടെ ഇന്ന ജനങ്ങളുടെ നിരന്തരമായ പീഡനംകൊണ്ട് നാശോന്മുഖമായിക്കഴിഞ്ഞു. പോരെങ്കിൽ ഗവൺമെന്റിന്റെ കാലാകാലങ്ങളിലുള്ള പരിഷ്ക്കരണവും അതിനു ആക്കം കൂട്ടി.

നൈസർഗ്ഗികമായ വനങ്ങൾ വെട്ടിത്തെളിച്ച് തേക്കു നട്ടു. അത് വെട്ടിമാറ്റിയും മാറ്റാതേയും കശുമാവുകൃഷി ചെയ്തു. എല്ലാറ്റിന്റെയും ഫലമായി ഭയാനകമായ മണ്ണൊലിപ്പും ജലസംഭരണശേഷിയുടെ നഷ്ടവും കോടശ്ശേരിമലക്കുണ്ടായി. സമീപത്തുള്ള കിണറുകൾ വറ്റി വരണ്ടു. മലയിൽ നിന്നും കളകളാരവം പൊഴിച്ചൊഴുകിയിരുന്ന അരുവികൾ അപ്രത്യക്ഷമായി. മാനഭംഗം ചെയ്യപ്പെട്ട യുവതിയെപ്പോലെയായിത്തീർന്നു കോടശ്ശേരിമല.

ഈ മലയെരക്ഷിക്കാൻ സ്വരാജ്യ സ്നേഹമുള്ള ആർക്കും അവകാശമുണ്ട് ബാദ്ധ്യതയുണ്ട്. വരും തലമുറയെക്കുറിച്ച് അലമുറയിടുന്ന നമുക്ക് അവരുടെ ഭാവിയെക്കുറിച്ച് ചിന്തിക്കാനും ബാദ്ധ്യതയുണ്ട്. ഈ വനഭാഗത്തെ എത്രയും വേഗം നൈസർഗ്ഗിക വനമായി സംരക്ഷിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. നമ്മുടെ പഞ്ചായത്തിലെ ഭാവിതലമുറക്ക് വെള്ളം ശേഖരിക്കാൻ കോടശ്ശേരി മലയ്ക്ക് പ്രാപ്തിയുണ്ടാകട്ടെ.

കോടശ്ശേരി പഞ്ചായത്തിലൂടെ 15 കിലോ മീറ്റർ നീളത്തിൽ ഒഴുകുന്ന തുമ്പൂർമുഴിമലതുകര കനാലാണ് ഇന്ന് നമ്മുടെ വെള്ളത്തിന്റെ ആവശ്യം നിർവ്വഹിക്കുന്നത്. എന്നാൽ കുടിവെള്ളത്തിന്റെ ആവശ്യം അതുകൊണ്ടുമാത്രം നിർവ്വഹിക്കാൻ കഴിയില്ല. മാത്രമല്ല വേനൽക്കാലങ്ങളിൽ നമ്മുടെ കിണറുകളെല്ലാം വറ്റിവരണ്ടുപോകുന്നു.

കോടശ്ശേരി പഞ്ചായത്തിൽ നിലവിലുള്ള ഏതാനും കിണറുകളും കുളങ്ങളുമാണ് നമ്മുടെ ജലവിഭവശേഷിയെനിലനിർത്തുന്നത്. ചില ഭാഗങ്ങളിൽ കുഴൽ കിണറുകൾ കുഴിച്ച് ഭൂഗർഭജലം എടുക്കുന്നുണ്ട്. ഇത്രയൊക്കെയുണ്ടായാലും ജലക്ഷാമം പ്രതിവർഷം വർദ്ധിച്ചുതന്നെ വരുന്നു, ഇതിന് ജല സംരക്ഷണം ദീർഘകാലാടിസ്ഥാനത്തിൽ സംവിധാനം ചെയ്യേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്തുള്ള ഒന്നാംവാർഡ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. ഇവിടെയുള്ള 4 കുളങ്ങളെയും 5 കുഴൽക്കിണറുകളേയും മറ്റു സ്വകാര്യകിണറുകളേയും ആശ്രയിച്ചാണ് കുടിവെള്ളത്തിന്റെ ആവശ്യം നിർവ്വഹിക്കുന്നത്.

രണ്ടാം വാർഡിൽ വേനൽക്കാലത്തു ജലക്ഷാമം അനുഭവപ്പെടുന്നു. ഇന്നു നിലവിൽ 5 കുളങ്ങളും 2 കുഴൽക്കിണറും 7 പൊതു കിണറും ഉണ്ട്. ഇവയെല്ലാം വൃത്തിയാക്കുന്നില്ല.

വാർഡ് 3ൽ നിമ്നോന്നതമായ പ്രദേശങ്ങളാണധികം. നിലവിൽ 3 കുളങ്ങളും ഒരു പൊതുകിണറും 2 കുഴൽക്കിണറുമുണ്ട്. ഇവ ജലത്തിന്റെ ആവശ്യം നേരിടുന്നതിന് അപര്യാപ്തമാണ്.

ഈ മൂന്നു വാർഡിലെയും ജലക്ഷാമം പരിഹരിക്കാൻ കീലിയേൻ കടവിൽ ഒരു വാട്ടർ സപ്ലൈസ്കീം ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണെങ്കിൽ ചുരുങ്ങിയ ചെലവിൽ ജലവിതരണം നടത്താനും അതു ഫലപ്രദമാക്കാനും കഴിയും. ദീർഘകാലാടിസ്ഥാനത്തിൽ ഈ പദ്ധതിക്കു രൂപം കൊടുക്കേണ്ടതാണ്.

അതോടൊപ്പം നിലവിലുള്ള പദ്ധതികളുടെ പോരായ്മ പരിശോധിച്ച് തീർക്കുക. ആവശ്യമായ ഓപ്പറേറ്റർമാരെ നിയമിക്കുക. പഞ്ചായത്തിൽ പി.എസി.സി. വഴിയോ താല്ക്കാലികമായോ ഒരു എൻജിനീയറെ നിയമിക്കുക. ശുദ്ധജലവിതരണം കാര്യക്ഷമമാക്കുവാൻ ആവശ്യമായ സ്ഥലങ്ങളിലേക്ക് പൈപ്പുകൾ വാർഡു തോറും നീട്ടിക്കൊടുക്കുക. ചെറിയ സ്കീമുകളെ കഴിയാവുന്നത്ര പരസ്പ്രം ബന്ധിപ്പിക്കുക. ഇങ്ങനെയായാൽ കുടിവെള്ള ക്ഷാമം 1, 2, 3 വാർഡുകളിൽ പരമാവധി പരിഹരിക്കാൻ കഴിയും.

മേട്ടിപ്പാടത്തെ "നടുക്കുളം" നന്നാക്കി താഴ്ത്തി വെള്ളം ലിഫ്റ്റ് ചെയ്ത് മേട്ടിപ്പാടം അട്ടപ്പാടി പ്രദേശത്തും പ്രദേശത്തും സമീപപ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കാൻ ഒരു ചെറുകിട പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കണം. ഏറ്റവും ഉയർന്ന ഭാഗത്ത് ടാങ്കുനിർമ്മിച്ചാൽ ഈ വെള്ളം കനകമലവരെയുള്ളവർക്കും സെറ്റിൽമെന്റു കുന്നിന്റെ കിഴക്കൻ ഭാഗങ്ങളിലും എത്തിച്ചുകൊടുക്കാൻ കഴിയും.

നാലാം വാർഡും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. 5 കിണറുകളും 2 കുളങ്ങളും നിലവിലുണ്ട്. കുഴൽക്കിണറുകൾ ഈ വാർഡിലില്ല. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. സെറ്റിൽമെന്റു കുന്നിലാണ് ഏറ്റവും അധികം ജലക്ഷാമം അനുഭവപ്പെടുന്നത്.

അഞ്ചാം വാർഡിൽ ഭാഗികമായി കുടിവെള്ളക്ഷാമമുണ്ട്. നിലവിൽ 2 പൊതു കിണറുകളും ഒരു കുളവും 3 കുഴൽ കിണറുകളുമുണ്ട്. നിലവിലുള്ള 4,5 വാർഡുകൾക്ക് ഒരുമിച്ച് ഒരു ശുദ്ധജലവിതരണ പദ്ധതി ആവിഷ്ക്കരിക്കുന്നത് ഉചിതമായിരിക്കും. കപ്പത്തോട്ടിൽ കമ്മളം ഭാഗത്ത് വെള്ളം ലഭ്യമാകാൻ വളരെ സാദ്ധ്യതകളുണ്ട്. അനുയോജ്യമായസ്ഥാനത്ത് ശേഖരിച്ച് 4, 5 വാർഡുകൾക്ക് വിതരണം ചെയ്യാവുന്നതാണ്.

മേട്ടിപ്പാടം ബ്രാഞ്ച് കനാലിൽക്കൂടി വെള്ളം ഒഴുകുന്നതാകയാൽ സമീപത്തുള്ളകിണറുകളിൽകുടിവെള്ളത്തിനു ക്ഷാമം ഉണ്ടാവുകയില്ല. കൂടാതെ നിലവിലുള്ള ജലവിതരണപദ്ധതി വിവിധ സ്ഥലങ്ങളിലേക്ക് 3500 മീറ്റർ കൂടി നീട്ടിയാൽ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന വാർഡ് ആറാം വാർഡാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിത്താമസിക്കുന്ന പ്രദേശമാണ് ആറാം വാർഡ്. 2 പൊതുകിണറുകളും 2 കുളങ്ങളും ഈ വാർഡിലുണ്ട്. ഇവയിൽ വെള്ളം തീരെ കുറവാണ്.

ഇപ്പോൾ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്നതും ഭാഗികമായി ആറാം വാർഡിൽ ഉപയോഗിക്കുന്നതുമായ മാരാംകോഡ് ശുദ്ധജലവിതരണ പദ്ധതിയിൽനിന്ന് ലഭിക്കുന്ന വെള്ളം പൈപ്പുലയിൻ നീട്ടി കൂർക്കമറ്റം ഭാഗത്തെ ജനങ്ങൾക്കുപകാരപ്രദമാക്കണം.

ഇടുക്കിക്കുന്നിലേക്കും മാരാം കോഡ് ഗിരിജൻ കോളനികളിലേക്കും ജലസേചനത്തിനും വേണ്ടി തയ്യാറാക്കിയതും പ്രാവർത്തികമാകാതെ കിടക്കുന്നതുമായ പൂത്തക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തടസ്സങ്ങൾ നീക്കി എത്രയും വേഗം പ്രാവർത്തികമാക്കണം. കുടിവെള്ളം ആവശ്യമുള്ളവർക്ക് വീടുകളിലെക്ക് സ്വകാര്യ കണക്ഷൻ കൊടുക്കാൻ ഏർപ്പാടുണ്ടാക്കുകയും വേണം.

ഈ പദ്ധതികളെല്ലാംതന്നെ അപര്യാപ്തങ്ങളാണ്. കൂർക്കമറ്റത്തിനു പടിഞ്ഞാറു ഭാഗത്തുള്ള ചങ്കുറ്റിയിൽ നിന്നും ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്ക്കരിക്കുന്നതായാൽ ഇടുക്കിക്കുന്ന് മാരാങ്കോട് ഗിരിജൻ കോളനി മറ്റ് ഹരിജൻ കോളനികൾ ഇവിടയെല്ലാം ജലക്ഷാമം തീർക്കാൻ ഈ പദ്ധതിക്കു കഴിയും. അതിനാൽ ദീർഘദൃഷ്ടിയോടെ ഈ പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കേണ്ടത്.

കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ വാർഡാണ് ഏഴാം വാർഡ് - കുറ്റിച്ചിറ കാരാപ്പാടം ഭാഗങ്ങൾ. ചായ്പ്പൻ കുഴി പദ്ധതിയുടെ പ്രയോജനം ഏതാനും പേർക്ക് ലഭിക്കുന്നുണ്ടെങ്കിലും പകുതിപേർക്ക്പോലും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് കുറ്റിച്ചിറ പ്രദേശത്തിന് പ്രത്യേകമായി ഒരു പദ്ധതി തയ്യാറാക്കുന്നതായാൽ പന്ത്രണ്ടാം വാർഡുവരെയുള്ളവർക്ക് ഇത് പ്രയോജനപ്പെടുത്തുവാൻ കഴിയും.

കണ്ണമ്പിള്ളിയുടെ വക വെള്ളക്കെട്ടുള്ള ഒരുപാടമുണ്ട്. അതു കുഴിച്ചാൽ വെള്ളം സുലഭമായി ലഭിക്കും. അതോടൊപ്പം കപ്പത്തോട്ടിൽ ഒരു തടയണയും കൂടിയായാൽ ഏറ്റവും നന്നായി. കിഴക്കൻ ഭാഗങ്ങളിൽ വെള്ളത്തിന്റെ പഞ്ഞം തീരും. ചെമ്പൻകുന്ന് പദ്ധതിക്കും ചായ്പൻകുഴി പദ്ധതിക്കും അടിയന്തിരമായി വെള്ളമെത്തിക്കാൻ ഇതുകൊണ്ട് കഴിയും. അതുകൊണ്ട് വളരെ പ്രാധാന്യം നൽകി നടപ്പിലാക്കേണ്ട ഒരു പദ്ധതിയാണിത്.

പണ്ടുകാലത്ത് കുറ്റിച്ചിറയിൽ വില്ലേജാഫീസിനു സമീപത്തായി ഒരു കുളമുണ്ടായിരുന്നു. ഈ കുളം ഇന്ന് സമീപവാസികൾ കയ്യടക്കി കൃഷി ചെയ്തുവരികയാണ്. ഇത് ഏറ്റെടുത്ത് കുളമാക്കി അവിടെ നിന്നും കുന്നിന്റെ മുകളിൽ തയ്യാറാക്കുന്ന ടാങ്കിലേക്ക് വെള്ളം അടിച്ചുകയറ്റി കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. നിലവിൽ വന്നുനില്ക്കുന്ന ലൈനിൽ നിന്നും കുറ്റിച്ചിറവരെ നീട്ടി വാട്ടർടാപ്പുകളിട്ട് സാധാരണക്കാർക്ക് കുടിവെള്ളപ്രശ്നം പരിഹരിച്ചു കൊടുക്കണം.

എട്ടാം വാർഡ് താരതമ്യേന ജലക്ഷാമം കുറവുള്ള വാർഡാണ്. എന്നാൽ മാരാങ്കോട് ഗിരിജൻ കോളനി കമലക്കട്ടി, മാരാങ്കോട് എന്നിവിടങ്ങളിൽ വെനൽക്കാലത്ത് ജലക്ഷാമമുണ്ട്. വാർഡിൽ ഇപ്പോൾ 3 കുളങ്ങളും ഒരു പൊതുകിണറും സ്ഥിതിചെയ്യുന്നു. 1 ശുദ്ധജല വിതരണ പദ്ധതിയുമുണ്ട്. കമലക്കട്ടി, മാരാംകോട്, പീലാർമുഴി എന്നീ പ്രദേശങ്ങളിൽ ഹാന്റ് പമ്പുകൾ സ്ഥാപിക്കണം. മാരാങ്കോട് ശുദ്ധജല വിതരണപദ്ധതിയിൽ നിന്നും ഹൗസ്കണക്ഷൻ നൽകണം.

കുടിവെള്ളപ്രശ്നം ഏറ്റവും രൂക്ഷമായ വാർഡാണ് ഒമ്പത്. നിലവിൽ 2 കുളവും 2 കിണറുകളും 1 കുഴൽകിണറുമുണ്ട്. വൈലിത്തറകുന്നിന്റെ താഴ്ഭാഗത്തുള്ള വേങ്ങാക്കുളം വൃത്തിയാക്കി സംരക്ഷിച്ച് വൈലാത്തറ കുന്നിൻ മുകളിൽ ടാങ്ക് പണിത് വെള്ളം ശേഖരിച്ച് വാർഡിന്റെ നാനാഭാഗത്തും വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയാണിവിടെ അഭികാമ്യം. സെറാഫിക് കുന്ന്, പാണാടൻ കുന്ന്, അങ്കമാലിക്കുന്ന്, അമ്പൂക്കന് കുന്ന്, പാറമട എന്നീ ഭാഗങ്ങളും വൈലിത്തറ പദ്ധതിയിൽ പെടുത്താവുന്നതാണ്.

കോടശ്ശേരി പഞ്ചായത്തിൽ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഒന്നാംസ്ഥാനം പത്താം വാർഡിനാണ്. അതിൽ ചെമ്പൻകുന്നു ഭാഗവും ഒരു പൊതുകിണറും ഒരു കുഴൽകിണറും സ്വകാര്യകിണറുകളും ഇവിടെയുണ്ട്. കൂടാതെ ഒരു ചെറുകിട കുടിനീർ പദ്ധതിയുമുണ്ട്. ഇത്രയൊക്കെയുണ്ടെങ്കിലും അറ്റസമയത്ത് വെള്ളം കിട്ടാറില്ല. ചായ്പൻ കുഴി കുഴൽകിണർ പദ്ധതിയിൽനിന്നും അപൂർവ്വമായി ജലം കുറേഭാഗത്തു നൽകുന്നുണ്ട്. ഇത്രയൊക്കെയുണ്ടായിട്ടും ജലക്ഷാമം തന്നെ.

ചെമ്പൻകുന്ന് പ്രദേശത്തേക്ക് വെള്ളം നൽകുന്നതിന് മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. താല്ക്കാലികമായി ചെമ്പൻകുന്ന് ടാങ്കിലേക്ക് ചായ്പ്പൻ കുഴി കുഴൽ കിണറ്റിൽ നിന്നും വെള്ളം പമ്പുചെയ്തു കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ജൂബിലി റോഡ്, പാറമട, തുടണ്ടുകാട് എന്നിവിടങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിച്ചുകൊടുക്കണം. കല്പക്കുളം വൃത്തിയാക്കി ജനോപകാരപ്രദമാക്കണം. ജലവിതരണപൈപ്പുകൾ ആകാവുന്നത്ര നീട്ടി കൂടുതൽ ടാപ്പുകളിട്ട് ജലക്ഷാമം പരിഹരിക്കണം.

പത്താം വാർഡുപോലെത്തന്നെ കുടിവെള്ളം പ്രശ്നമായ സ്ഥലമാണ് പതിനൊന്നാം വാർഡ്. 2 കുളവും 3 കുഴൽക്കിണറുകളും ഒരു ശുദ്ധജലവിതരണ പദ്ധതിയുമുണ്ട്.

ചായ്പൻകുഴിയിൽ നിലവിലുള്ള കുഴൽക്കിണറിൽ കാലാന്തരത്തിൽ വെള്ളമില്ലാത്ത അവസ്ഥയുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇതിനു പ്രതിവിധിയായ പീലാർമുഴികുളത്തിൽ നിന്നും വെള്ളം പമ്പുചെയതു നിലവിൽ പീലാർമുഴികുന്നിൽ ഉള്ള ടാങ്കിൽ ശേഖരിച്ച് വിതരണം ചെയ്യാവുന്നതാണ്. ഇത് 10, 11, 12 വാർഡുകൾക്ക് പ്രയോജനപ്പെടുത്താം.

മലയോട് ചേർന്ന് കിടക്കുന്ന കുന്നിൻ ചരിവുകളാണ് ഭൂരിഭാഗവും. നിലവിൽ 2 കുളങ്ങളും, കുഴൽക്കിണറുമുണ്ട്. മലയോര പ്രദേശമായ അരിച്ചാൽ കുഴി, മരുതുകുഴി, വാരങ്കുഴി, എന്നിവിടങ്ങളിൽ ഓരോ കുഴൽക്കിണറുകൾ സ്ഥാപിക്കണം. വെറ്റിലപ്പാറ പുഴയിൽ നിന്നും വൈശ്ശേരി വഴി വെള്ളമെത്തിച്ചാൽ കുടിവെള്ളപ്രശ്നം ഏറെക്കുറെ പരിഹരിക്കാം. ചുളക്കടവ്, വെട്ടിക്കുഴി, രണ്ടുകൈഗിരിജൻ കോളനി എന്നിവിടങ്ങളിലേക്ക് ചായ്പൻകുഴി പദ്ധതിയിൽ നിന്നും ജലവിതരണ പൈപ്പുകൾ നീട്ടികൊടുത്താൽ കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

സർക്കാർ പദ്ധതികൾ പലപ്പോഴും പാഴ്വേലയായി കലാശിക്കുന്നതുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കണം. ജനകീയ കമ്മറ്റികളുടെ നേതൃത്വത്തിൽ മാത്രമേ പദ്ധതി നടപ്പാക്കാവൂ. അങ്ങനെ വന്നാൽ പദ്ധതികൾ ഗുണകരവും സാമ്പത്തിക നഷ്ടം വരാത്തവയുമാകും.

കോടശ്ശേരി പഞ്ചായത്തിലെ ശുദ്ധജലവിതരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മുൻപദ്ധതികളുടെ അപാകത പരിഹരിക്കാൻ പ്രത്യേകം ഊന്നൽ നൽകണം.

ഒന്നാമതായി ചാലക്കുടി പുഴയിൽ നിന്നും കീലേൻകടവിൽ വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു വൻകിട പദ്ധതി ആവിഷ്ക്കരിക്കണം. പഞ്ചായത്തിൽ മുഴുവൻ സ്ഥലങ്ങളിലും ഇതുപ്രയോജനപ്പെടുത്തണം.

രണ്ടാമതായി കമ്മളം ഭാഗത്ത് കപ്പത്തോട്ടിൽ നിന്നും വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് 4, 5 വാർഡുകളിൽ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കണം.

മേട്ടിപ്പാടത്ത് നടുക്കുളത്തിൽനിന്നും ശുദ്ധജലം ശേഖരിച്ച് വിതരണം ചെയ്യാനുള്ള ഒരു പദ്ധതിയും തയ്യാറാക്കണം.

കുറ്റിച്ചിറയിൽ നിന്നും കപ്പത്തോടിന്റെ ഭാഗത്തുനിന്നും വെള്ളം ശേഖരിച്ച് കുറ്റിച്ചിറ ചെമ്പൻകുന്ന് രണ്ടുകൈപ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കാനുള്ള ഒരു പദ്ധതി സംവിധാനം ചെയ്യണം.

ഒമ്പതാം വാർഡിലെ വേങ്ങക്കുളം പദ്ധതിയും എത്രയും വേഗം നടപ്പിലാക്കണം.

ജലവിതരണം പഞ്ചായത്ത് ഏറ്റെടുത്തു നടത്തണം. അതുപോലെ വൈദ്യുതിയും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

12-ാം വാർഡിൽ ഫോറസ്റ്റ് സ്റ്റേഷനു സമീപം കുളംകുഴിച്ച് മോട്ടോർ സ്ഥാപിച്ച് രണ്ടുകൈ ഗിരിജൻ കോളനിയിലേക്കുള്ള ജലവിതരണം കാര്യക്ഷമമാക്കണം.

തലവാരിപ്പാറ കുന്ന് - മണലായി - ചന്ദനക്കുന്ന് ഭാഗത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനു തലവാരിപ്പാറ-കപ്പത്തോട് കടവിൽ നിന്നും ലിഫ്റ്റ് ചെയ്ത് ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ സൗകര്യമുണ്ടാക്കണം.

---

# പൊതുജനാരോഗ്യം

ഒരു ജനതയുടെ ജീവിതം ആരോഗ്യരംഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു.ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ എന്നാണല്ലോ വയ്പ്. 1971 വരെ ആധുനികാ ചികിത്സാരീതികളെക്കുറിച്ച് നമ്മുടെ പഞ്ചായത്തിലെ മിക്കവരും അജ്ഞരായിരുന്നു.മന്ത്രം ചെയ്യുക , നൂൽ ജപിച്ചുകെട്ടുക.ദേവാല.ങ്ങളിലേക്ക് നേർച്ചനേരുക മുതലാ.വ.യൊക്കെയായിരുന്നു അന്നൊക്കെ ചെയ്തിരുന്ന ഏർപ്പാടുകൾ ഇന്നും ഇത്തരം അന്ധവിശ്വാസജഢിലമായ ചികിത്സാരീതികൾ,ആധുനിക ശാസ്ത്രവും,ചികിത്സാരീതികളും ഇത്രമാത്രം പുരോഗമിച്ചിട്ടും ചിലർ തുടർന്നു വരുന്നു.പ്രത്യേകിച്ച് ഹരിജൻ ഗിരിജൻ മേഖലകളിലാണ് ഇത്തരം ചികിത്സാരീതികൾ കൂടുതലായും നിലവിലുള്ളത്. പലപ്പോഴും രോഗികളുടെ മരണത്തിലാണ് ഇത്തരം ചികിത്സാ രീതികൾ അവസാനിക്കുന്നത്. ഇതിനെതിരെ ശക്തമായ ബോധവത്കരണം ആവശ്യമാണ്.ആരോഗ്യ രംഗത്ത് നമ്മുടെ പഞ്ചായത്ത് പിൻനിരയിൽതന്നെയാണ്.

1971 നവംബർ 2ാം തീയതി ഉത്ഘാടനം ചെയ്യപ്പെട്ട എലിഞ്ഞിപ്ര പ്രഥമിക ആരോഗ്യ കേന്ദ്രമാണ് നമ്മുടെ പഞ്ചായത്തിലെ ഏക ഗവൺമേന്റ് ആരേഗ്യകേന്ദ്രം. പിന്നീട്1977-ൽ കുറ്റിച്ചിറയിൽ ഒരു സ്വകാര്യഅലോപ്പതി ചികിത്സാകേന്ദ്രവും, ഒരു ഹോമിയോ ചികിത്സാകേന്ദ്രവും നിലവിൽ വന്നു.എങ്കിലും ഇന്നും വിദഗ്ദ്ധ ചികിത്സ ലഭിക്കണമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും കിലമീറ്ററുകൾ താണ്ടി ജനങ്ങൾ ചാലക്കുടിയെ അഭയം പ്രാപിക്കണം എന്നതാണവസ്ഥ. 20,22 കിലോമീറ്റർ അകലെ നിന്നും ഇത്തരം രോഗികൾ ചാലക്കുടിയിൽ എത്തുമ്പോഴേക്കും മരണത്തെ പുൽകുന്നു എന്നത് ഒരു യാഥാർത്ഥ്യമാകുന്നു. നമ്മുടെ പഞ്ചായത്തിൽ എലിഞ്ഞിപ്ര പ്രാഥമീകാരോഗ്യ കേന്ദ്രത്തിനു കീഴിൽ നാല് സബ്സെന്ററുകൾ പ്രവർത്തിക്കുന്നു.പൂളിങ്കരയിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഉണ്ട്.

നമ്മുടെ പഞ്ചായത്തിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി സ്ഥിതിചെയ്യുന്ന 3 ആരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി വിവരങ്ങൾ.

പട്ടിക 1

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥന്മാരുടെ എണ്ണം | സ്ഥാപിച്ച വർഷം | ഇനം |
|---|---|---|---|---|---|
| 1 | PHC എലിഞ്ഞിപ്ര | സ്വന്തം | 34 | 2-11-1971 | ആരോഗ്യവകുപ്പ് |
| 2 | കട്ടക്കയം നേഴ്സിംഗ്ഹോം | സ്വന്തം | 5 | 1977 | അലോപ്പതി |
| 3. | ഗാർഡൻസ് ഡിസ്പെൻസറി കുറ്റിച്ചിറ | സ്വന്തം | 2 | 1977 | ഹോമിയോപ്പതി |
| 4. | ഗവൺമേന്റ് ആയുർവ്വേദ ഡിസ്പെൻസറി ചായ്പൻകുഴി | വാടക | 2 | 1995 | ആയുർവ്വേദം |

**പൊതു ജനാരോഗ്യ രംഗത്തെ പ്രശ്നങ്ങളും പിരഹാരങ്ങളും**

പൊതുമേഖലയിലുള്ള എലിഞ്ഞിപ്ര പ്രാഥമീകാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല. ആവിശ്യത്തിന് ജീവനക്കാരില്ല.മറ്റുസൗകര്യങ്ങളുമില്ല.സാംക്രമീകരോഗങ്ങൾ പടർന്നുപിടിക്കാതിരിക്കാൻ യാതൊരുവിധ മുൻകരുതലുകളും ഇവിടെ ഇല്ല.

പ്രാഥമിക ആരോഗ്യകേന്ദ്രം പ്രൈമറി ഹെൽത്ത്സെന്ററാക്കി ഉയർത്തുക എന്നുള്ളതാണ് ഏറ്റവും ആദ്യം ചെയ്യേണ്ട നടപടി. ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും സേവനം ലഭിക്കുന്നതിന് ജീവനക്കാരെ കൂടുതലായി നിയമിക്കണം.കേന്ദ്രത്തോടനുബന്ധിച്ച് കോൺഫറൻസ്ഹാൾ പണിയണം.ആവശ്യത്തിന് ഫർണീച്ചർ വേണം , കിടക്കകൾ വർദ്ധിപ്പിക്കണം, x-ray സൗകര്യം വർദ്ധിപ്പിക്കണം , ലബോറട്ടറി സൗകര്യം വർദ്ധിപ്പിക്കണം, പേ വാർഡ് പണിയണം, ചപ്പു ചവറുകൾ നിക്ഷേപിക്കുവാൻ പിറ്റ് ഉണ്ടായിരിക്കണം, ഓപ്പറേഷൻ തിയേറ്ററും മറ്റു സൗകര്യങ്ങളും ഉണ്ടായിരിക്കണം, കണ്ണ്,ത്വക്ക് മുതലായ എല്ലാത്തരം ചികിത്സക്കും സൗകര്യം ഏർപ്പെടുത്തണം

.എല്ലാ വാർഡിലും ശുദ്ധജലം ലഭിക്കുന്നതിനുള്ള പൈപ്പ് ലയിൻ സ്ഥാപിക്കണം.ഇത്തരം കാര്യങ്ങൾ ചെയ്താൽ നമ്മുടെ പഞ്ചായത്തിനു മൊത്തത്തിലും 1മുതൽ5 വരെ യുള്ള വാർഡുകൾക്ക് പ്രത്യേകിച്ച് ആരോഗ്യരംഗത്ത് വള രെയധികം മാറ്റം ഉണ്ടാക്കുവാൻ കഴിയുന്നതാണ്. ഈ പദ്ധതിക്ക് ഏറ്റവും മുൻഗണന കൊടുക്കേണ്ടത്. വളരെ അത്യാ വശ്യമാണ്.

**സ്ഥാപനങ്ങളും അവയുടെ പ്രവർത്തനവും**

പഞ്ചായത്തിൽ പൊതുമേഖലയിൽ 1-ഉം സ്വകാര്യ മേഖലയിൽ 2-ഉം ആരേഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന എലിഞ്ഞിപ്ര പ്രാഥമികാരോ ഗ്യകേന്ദ്രമാണ്. സർക്കാർ ഉടമയിലുള്ള ഈ ആരോഗ്യ കേന്ദ്രത്തിന്റെ സ്ഥിതി വളരെ ശോചനീയമാണ്. ആവശ്യ ത്തിന് ജീവനക്കാരില്ല., മരുന്നില്ല.സൗകര്യങ്ങളില്ല.32821 പേർ അധിവസിക്കുന്ന പഞ്ചായത്തിലെ ജനങ്ങൾക്ക് ആകെ യുള്ള ഒരു സ്ഥാപനമാണിത്.ഇതിന്റെ കീഴിൽ നാല് സബ്സെന്ററുകൾ പ്രവർത്തിക്കുന്നു.അവിടെയും ജീവനക്കാരോ മരുന്നുകളോ മറ്റു സൗകര്യങ്ങളോ ഇല്ല.കെട്ടിടങ്ങൾ ചിലത് തകർന്നു വീഴാറായിരിക്കുന്നു.

എലിഞ്ഞിപ്ര പ്രാഥമീകാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററാക്കി ഉയർത്തി ആവശ്യത്തിനു ജീവന ക്കാരെ നിയമിക്കണം.ഇപ്പോൾ അവിടെയുള്ളത് ആകെ 34പേരാണ്.അതുപോരാ.ഒരു ആശുപത്രിക്ക് ആവശ്യമായ X-RaY സൗകര്യം.ലബോറട്ടറിമുതലായവ ഉണ്ടാകണം.കണ്ണ് പരിശോധനക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തണം. ആവശ്യത്തിന് ഫർണീച്ചറുകൾ ഉണ്ടാക്കണം. രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യത്തിന് കിടക്കകൾ വേണം.ആശുപത്രിയിൽ കോൺഫറൻസ് ഹാൾ വേണം.ആശുപത്രിയും പരിസരവും വൃത്തികേടാകാതിരിക്കാൻ ചപ്പു ചവറുകൾ നിക്ഷേപിക്കാൻ പിറ്റ് ഏർപ്പെടുത്തണം.ബന്ധപ്പെട്ട അധികാരികൾ ആശുപത്രി സന്ദർശിക്കുകയും പോരായ്മകൾ നികത്തുകയും വേണം.മേൽപ്പറഞ്ഞ കാര്യങ്ങൾ അടിയന്തിരമായി ചെയ്താൽ നമ്മുടെ പഞ്ചായ ത്തിന്റെ ആരോഗ്യരംഗത്ത് വളരെ മാറ്റമുണ്ടാക്കാൻ സാധിക്കും.

എലിഞ്ഞിപ്ര പ്രാഥമീകാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 4 സബ് സെന്ററുകളിൽ ചിലത് തകർന്നു വീഴാറായിരിക്കുന്നു.ഉദാഹരണത്തിന് കുണ്ടുകുഴിപ്പാടത്തെ സബ്സെന്റർ. ഇതുപോലെ പഴയവ പുതുക്കി പണി യണം.പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങലിലുള്ളവർക്ക് ഗുണകരമാകുന്നതിന് ആഴ്ചയിൽ 2 ദിവസമെങ്കിലും കുണ്ടു കുഴിപ്പാടം സബ്സെന്ററിൽ ഡോക്ടറുടേയും മറ്റു ജീവനക്കാരുടേയും സേവനം നിർബന്ധമാക്കണം.എല്ലാ സബ്സെന്റ റുകളിലും വെള്ളം, വെളിച്ചം , പ്രാഥമീകാവശ്യത്തിനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തണം.

കുണ്ടുകുഴിപ്പാടം സബ്സെന്റർ വിപുലീകരിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ഉണ്ട്. ഫീൽഡ് വർക്കർമാ രുടെ സേവനം നിർബന്ധമാക്കണം. അവരിലുള്ള അലസത മിക്കയിടത്തും തെളിഞ്ഞുകാണാം. ജന പ്രതിനിധികളു ടേയും സാമൂഹ്യ സന്നദ്ധ- സംഘടനകളുടേയും സഹായം ഈ കാര്യത്തിൽ തേടാം. കുണ്ടുകുഴിപ്പാടം സബ്സെന്റ റിൽ ആവശ്യത്തിനു മരുന്നും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം. അറ്റകുറ്റപ്പണി നടത്തണം തൊട്ടടുത്തുകൂടി കടന്നുപോകുന്ന പൈപ്പു ലൈനിൽ നിന്നും സെന്ററിനകത്തേക്ക് കണക്ഷൻ കൊടുത്താൽ ജലക്ഷാമം പരിഹരി ക്കാൻ കഴിയും.

മറ്റു സബ്സ്റ്റേഷനുകളിലും മരുന്നും അവ ഉപയോഗപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങളും ഏർപ്പെടുത്തണം.

ഇപ്പോൾ ചായ്പൻകുഴിയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രി നവീകരിക്കുകയും പ്രവർത്തനം സുഗമമാക്കുകയും വേണം. ആശുപത്രിയിൽ ഒരു ആയുർവ്വേദ ഡോക്ടറുടെ സേവനം എപ്പോഴും ഉണ്ടായിരിക്കണം. സ്വന്തമായി കെട്ടിടവും ആവശ്യത്തിന് ഉപകരണങ്ങളും മരുന്നുകളും വേണം.ജനങ്ങൾ പൊതുവേ ഇന്ന് അലോപ്പ തിയിൽനിന്ന് ആയുർവ്വേദവും അതുപോലെയുള്ള ചികിത്സയിലേക്കും തിരിഞ്ഞിരിക്കുന്നതായി കാണാം.

മറ്റുള്ളവ രണ്ട് സ്വകാര്യ ആശുപത്രികളാണ്.അവിടെ മാസത്തിൽ ഒരിക്കലെങ്കിലും ഹെൽത്ത് ഇൻസ്പെക്ടർമാ രുടെ പരിശോധന നിർബന്ധമാക്കണം. കേന്ദ്ര ആരോഗ്യവകുപ്പ് കാലാകാലങ്ങളിൽ നിരോധിക്കുന്ന മരുന്നുകൾ ഇങ്ങനെയുള്ള സ്വകാര്യആസ്പത്രികൾ വഴി വിതരണം ചെയ്യുന്നതായി കണ്ടുവരുന്നു.അതിനു സത്വരമായ പരി ഹാരം കാണണം.ശുചിത്വം ഉറപ്പാക്കണം. മൂട്ട, ഈച്ച, കൊതുക് മുതലായവയുടെ ശല്ല്യം ഇവിടങ്ങളിൽ വർദ്ധിച്ചുവ രുന്നു.ഇതിനു കർശനമായ നടപടി വേണം. ഇത്രയൊക്കെ ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ പരിപാ ലന രംഗത്തിൽ ഒരു വലിയ മാറ്റം വരുത്തുവാൻ നമ്മുക്കു കഴിയും.

**പകർച്ചവ്യാധികൾ**

നമ്മുടെ പഞ്ചായത്തിൽ മാരകമായ പകർച്ചവ്യാധികൾ വിരളമാണ്. എന്നാൽ പലപ്പോഴും ചെങ്കണ്ണ്, പനി, വയറിളക്കം ജല ജന്യ രോഗങ്ങൾ എന്നിവ ഉണ്ടാകാറുണ്ട്.പരിസരശുചീകരണം ഒഴിച്ചുകൂടാൻപറ്റാത്ത ഒന്നാണ്.അതിന് സത്വര നടപടി വേണം.പ്രമുഖ ഡോക്ടർമാരേയും , ബുദ്ധിജീവികളെയും പങ്കെടുപ്പിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി ബോധവൽക്കരണം ഒരു പരിപാടിയായി അംഗീകരിച്ച് നടപ്പാക്കണം. മഴക്കാലത്തും, അല്ലാത്ത സമയത്തും കെട്ടി നിൽക്കുന്ന ജലം ഒഴുക്കി കളയുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കണം. പകർച്ച വ്യാധി തടയുന്നതിന് പ്രതിരോധ കുത്തിവെപ്പുകൾ നടത്തണം. അന്തരീക്ഷമലിനീകരണം പൊതുവെ നടക്കുന്നില്ല എങ്കിലും തരിശായികിടകക്കുന്ന സ്ഥലങ്ങളിൽ മരങ്ങൾ നട്ടു വളർത്തണം.ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ഹരിജൻ-ഗിരിജൻ കോളനികളിൽ ബോധവ്ൽക്കരണം നടത്തി മലിനീകരണം തടയണം.ഇതിന് സാമൂഹ്യ-രാഷ്ട്രീയ,സന്നദ്ധ,യുവജനസംഘടനകളും , ക്ലബുകളുടെയും സേവനം ഉപയോഗപ്പെടുത്തണം.പഞ്ചായത്തിന്റെ ജങ്ഗ്ഷനുകളിൽ എലിഞ്ഞിപ്ര,ചൗക്ക,നായരങ്ങാടി ,കുണ്ടുകുഴിപ്പാടം,കുറ്റിച്ചിറ, ചായ്വൻകുഴി, രണ്ടുകൈ, വെള്ളിക്കുളങ്ങര മുതലായ സ്ഥലങ്ങളിൽ ചപ്പു ചവറുകൾ നിക്ഷേപിക്കുന്നതിന് പിറ്റ് ഏർപ്പെടുത്തണം. പ്രധാന ജമഗ്ഷനുകളിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കക്കൂസും, മൂത്രപ്പുരയും നിർമ്മിക്കണം. ഇതിന് സന്നദ്ദ സെഘടനകളുടേയും വ്യാപാരികളുടെയും സഹായം ലഭ്യമാക്കണം. ഇന്നും രോഗത്തെക്കുറിച്ചുള്ള അജ്ഞത നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു.കുഷ്ഠം,മന്ത് മുതലായ രോഗങ്ങൾ ജനങ്ങൾ പുറത്തറിയിക്കാതെ കൊണ്ടു നടക്കുന്നു.ഇതിനു പരിഹാരമായി വീടുവീടാന്തരം കയറിഇറങ്ങി ജനങ്ങളെനേരിട്ട്കണ്ട് വിവരങ്ങൾ ശേഖരിച്ച് സർവ്വേ നടത്തി ഹെൽത്തു കാർഡുകൾ വിതരണം ചെയ്യണം. മാറാ രോഗികളെയും പകർച്ചവ്യാധിയുള്ളവരെയും ആരോഗ്യ കേന്ദ്രങ്ങളിൽ എത്തിച്ചു ചികിത്സ ഉറപ്പാക്കണം.

**കക്കൂസ്-വീട്**

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ പ്രശ്നവുമായികൂടിക്കുഴഞ്ഞുകിടക്കുന്നഒരു പ്രശ്നമാണ്-സ്വന്തമായി ഒരു കക്കൂസില്ല എന്നുള്ളത്.സ്വന്തമായി ഉറപ്പില്ലാത്ത വീടും നമ്മുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്.നമ്മുടെ പഞ്ചായത്തിലെ വീടുകളുടെയും കക്കൂസുകളുടെയും ഒരു ഏകദേശ കണക്ക് താഴെ കൊടുക്കുന്നു.

| വീട് | | | കക്കൂസ് | | |
|---|---|---|---|---|---|
| ആകെ വീടുകൾ | - | 7993 | a സെപ്റ്റിക് ടാങ്ക് | - | 2368 |
| a കോൺക്രീറ്റ് | - | 1505 | b ഇ.എസ്. പി | - | 2825 |
| b ഓടിട്ടത് | - | 4928 | c മറ്റുള്ളവ | - | 2800 |
| c ഓല മേഞ്ഞത് | - | 1146 | | | |
| d കുടിൽ | - | 414 | | | |

മേൽപ്പറഞ്ഞ പട്ടികയിൽനിന്നും ഒരു കാര്യം വ്യക്തമാകും.വീടിന്റെയും കാര്യത്തിൽ നാം ഇന്നും പുറകിലാണ്.കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന സൗജന്യങ്ങൾ വേണ്ടവിധത്തിൽ പ്രയേജനപ്പെടുത്താത്തതും ഒരു കാരണമാണ്.മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്ത വീടുകളും,കക്കൂസും പ്രയോഗത്തിൽ വരുത്താത്തത് ഇന്ന് നിത്യ സംഭവമായി കഴിഞ്ഞിരിക്കുന്നു.ഇതിന് പഞ്ചായത്തിൽ ഒരു കമ്മിറ്റി രൂപികരിച്ച് ആ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താവിന്റെ സഹകരണത്തോടെ പരിപാടി നടപ്പാക്കണം.കേരള-കേന്ദ്ര സർക്കാരുകൾ കാലാകാലങ്ങളിൽ അനുവദിക്കുന്ന ഭവന പദ്ധതികൾ ഉപയോഗിച്ചും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രശ്നം പരിഹരിക്കണം.അവാർഡ് പോലുള്ള സംഘടനകളുടെ സഹായം ഇക്കാര്യത്തിൽ തേടാം.

**തൊഴുത്ത് - കമ്പോസ്റ്റ്**

കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കന്നുകാലിവളർത്തൽ ഒരു ജീവിതമാർഗ്ഗം കൂടിയാണ്.പക്ഷെ കർഷകന് കന്നുകാലി വളർത്തലിൽ ഇന്നും പഴയതലമുറ ഉപയോഗിച്ച മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.കന്നുകാലി വളർത്തലിന്റെ ഒരു ഭാഗമാണല്ലോ തൊഴുത്ത്.നമ്മുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒന്നാണ് അത്. തൊഴുത്തിന്റെ ഒരു ഏകദേശം കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ആകെ തൊഴുത്ത് | - | 2742 |
| വീടിനോട് ചേർന്ന് | - | 1577 |
| പ്രത്യേകിച്ച് | - | 1165 |

168 തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ കൃഷിക്കാരന് ബോധവൽക്കരണം നടത്തണം. കൃഷി വകുപ്പിന്റെയും ക്ഷീരവകുപ്പിന്റെയും സഹായത്തോടെ ബോധവൽക്കരണവും നല്ല തൊഴുത്തുനിർമ്മിച്ചു കൊടുക്കുന്നതിനു കഴിയും.

**കമ്പോസ്റ്റ്**

കമ്പോസ്റ്റ് കുഴിയെക്കുറിച്ച് ഗ്രാമീണർ ഇന്നും അറിവില്ലാത്തവരാണ്.പലപ്പോഴും അവിടയും ഇവിടയും കുന്നുക്കൂടികിടക്കുന്ന ചപ്പുചവറു കൂമ്പാരങ്ങൾ നമ്മുടെ ഒരു പകർച്ചവ്യാധികേന്ദ്രമായിത്തീരുന്നു.ഇതിനു പരിഹാരമായി വീടിന്റെ അടുത്ത് കമ്പോസ്റ്റ് കുഴി നിർമ്മിക്കണം.

കമ്പോസ്റ്റ് കുഴിയുടെ ( ഇപ്പോൾ ഉള്ളത്) ഏകദേസവിവരണം.

| | | |
|---|---|---|
| ആകെ വീടുകൾ | – | 7993 |
| a കമ്പോസ്റ്റ് കുഴിയുള്ളത് | – | 1224 |
| b കമ്പോസ്റ്റ് ഇല്ലാത്തത് | – | 6769 |

ഇനി നമ്മുടെ ആരേഗ്യപ്രശ്നത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒന്നാണ് ശുദ്ധജലം നമ്മുടെ പഞ്ചായത്തിലെ എല്ലാവർക്കും ശുദ്ധജലം കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണം. ഇതിനെപ്പറ്റി കുടിവെള്ളം എന്ന അദ്ധ്യായത്തിൽ വരുന്നതുകൊണ്ട് പിന്നീട് പ്രതിപാദിക്കാം. ഇനി മറ്റൊരു പ്രശ്നം വെളിച്ചമാണ്.നമ്മുടെ പഞ്ചായത്തിൽ 3-ൽ ഒരു വീട്ടിൽ വൈദ്യുതി എത്തിയിട്ടില്ല.

. ഏകദേശ കണക്ക്

| | | |
|---|---|---|
| ആകെ വീട് | – | 7993 |
| a വൈദ്യുതീകരിച്ചവീട് | – | 5278 |
| b അല്ലാത്തവ | – | 2715 |

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്ന പഞ്ചായത്ത് മേൽനോട്ടത്തിൽ ഏർപ്പാടുണ്ടാക്കണം.

മറ്റു പദ്ധതികൾ ഗർഭിണികൾക്കും, കുട്ടികൾക്കും പ്രതിരോധകുത്തിവയ്പും , പോഷകാഹാരക്കുറവും, വൈദ്യുതി സഹായവും സൗദന്യമായി ലഭ്യമാക്കണം.സ്കൂൾ, അംഗനവാടികൾ എന്നിവിടങ്ങളിൽ വർഷത്തിൽ ഒരിക്കൽ ആരോഗ്യ സർവേ നടത്തി രോഗമുള്ളവരെ കണ്ടുപിടിക്കുകയും പ്രതിരോഗകുത്തിവയ്പും,ചികിത്സയും സൗജന്യമായി നൽകണം.മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.അംഗൻ വാടി വഴിയും,സബ്സെന്ററുകൾ വഴിയും അമ്മമാർക്കും കുട്ടികൾക്കുമുള്ള പോഷകാഹാരപദ്ധതി വിതരണം ചെയ്തിരുന്നവ വീണ്ടും പുനരാരംഭിച്ച് വിതരണം ചെയ്യണം.

1. നമ്മളെ ബാധിക്കുന്ന മറ്റൊരു പ്രശ്നമാണ് അന്ധത.ഇതിനു പരിഹാരം കാണണം.തുടക്കത്തിലേ ചികിത്സിച്ചാൽ ഒരു പരിധിവരെ പരിഹാരം കാണാം.മറ്റൊന്ന് ദന്തരോഗം.നമ്മുടെ കുട്ടികളിൽ കൂടുതലായി ഇത് കണ്ടുവരുന്നു.അടുക്കും ചിട്ടയുമില്ലാത്ത ഭക്ഷണരീതിയാണ് ഇതിന് പ്രധാന കാരണം.ശക്തമായ ബോധവൽക്കരണവും ചികിത്സയും ഏർപ്പെടുത്തണം. ഇതുപോലെതന്നെ അംഗവൈകല്ല്യങ്ങൾ,മൂകത , ബധിരത, മന്ദബുദ്ധികൾ എന്നിവരെ തിരിഞ്ഞുകണ്ടുപിടിച്ച് ചികിത്സയും സംരക്ഷണവും കൊടുക്കണം.

## നമ്മുടെ പഞ്ചായത്തിലെ പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ആശുപത്രി | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാതിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|---|
| 1992-93 | PHC | 700 | 540 | 75 | |
| | ഗാർഡൻ | 500 | 1000 | 240 | 1480 |
| | കട്ടക്കയം | 600 | | 30 | |
| 1994-95 | PHC | 484 | 570 | 67 | |
| | ഗാർഡൻ | 750 | 1250 | 250 | 1690 |
| | കട്ടക്കയം | 750 | | | |
| 1995-96 | PHC | 522 | | 62 | |
| | ഗാർഡൻ | 770 | 560 | 300 | 1780 |
| | കട്ടക്കയം | 600 | 1100 | 50 | |

## നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയും രോഗങ്ങളും സംബന്ധിച്ച പട്ടിക

### പട്ടിക 1

| | |
|---|---|
| ആകെ ജനസംഖ്യ | 32831 |
| പുരുഷന്മാർ | 15662 |
| സ്ത്രീകൾ | 17169 |
| കുട്ടികൾ (0-5 വയസ്സ്) | 2109 |

### പട്ടിക 2

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായക്രമം)

| | |
|---|---|
| 15-19 | 43 |
| 20-24 | 702 |
| 25-29 | 1014 |
| 30-34 | 1040 |
| 35-39 | 785 |
| 40-44 | 466 |

### പട്ടിക 3

അമ്മമാരുടെ എണ്ണം (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | |
|---|---|
| ഒരു കുട്ടി | 637 |
| രണ്ടു കുട്ടികൾ | 1537 |
| രണ്ടിൽ കൂടുതൽ കുട്ടികൾ | 1604 |

### പട്ടിക 4

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാനത്തിൽ)

| | |
|---|---|
| ഒരു കുട്ടി | 495 |
| രണ്ടു കുട്ടികൾ | 1432 |
| രണ്ടിൽ കൂടുതൽ കുട്ടികൾ | 1523 |

### പട്ടിക 5

അംഗവൈകല്യമുള്ളവർ

| | |
|---|---|
| അന്ധർ | 30 |
| ബധിരർ, മൂകർ | 52 |
| ചലനവൈകല്യമുള്ളവർ | 126 |

### പട്ടിക 6

മന്ദബുദ്ധികൾ (അവലംബം-അവാർഡ്)

| | |
|---|---|
| ആകെ | 35 |

പട്ടിക 7

സ്ഥായിയായ രോഗമുള്ളവർ

| | |
|---|---|
| രക്തസമ്മർദ്ദം | 165 |
| പ്രമേഹം | 124 |
| ക്യാൻസർ | 14 |
| കുഷ്ഠം | 23 |
| ക്ഷയം | 12 |
| ഹൃദ്‌രോഗം | 28 |

പട്ടിക 8

| | |
|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 335 |
| പ്രതിരോധ കുത്തിവയ്പ് നടത്തിയവ | 335 |
| ആകെ ഗർഭിണികൾ | 217 |

പട്ടിക 9

ജനന-മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാവുപിള്ള ജനനം |
|---|---|---|---|
| 1993–94 | 113 | 122 | ഇല്ല |
| 1994–95 | 130 | 116 | 3 |
| 1995–96 | 143 | 100 | 1 |

പട്ടിക 10

രോഗികളെ സംബന്ധിച്ച ഏകദേശ വിവരണം

| വർഷം | ആരോഗ്യകേന്ദ്രത്തിന്റെ പേര് | ഇൻ പേഷ്യന്റ് | ഔട്ട് പേഷ്യന്റ് | ത്വക്‌രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച വ്യാധികൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| | P.H.C എലിഞ്ഞിപ്ര | 1650 | 26999 | | | | | 28640 |
| 1992–93 | ഗാർഡൻ, കുറ്റിച്ചിറ | ഇല്ല | 6800 | 1500 | 800 | 680 | 3820 | 13600 |
| | കട്ടക്കയം, കുറ്റിച്ചിറ | 3000 | 15000 | 1500 | 100 | 100 | | 19700 |
| | P.H.C എലിഞ്ഞിപ്ര | 1091 | 24866 | | | | | 25957 |
| 199394 | ഗാർഡൻ, കുറ്റിച്ചിറ | ഇല്ല | 7200 | 1560 | 848 | 700 | 3108 | 13416 |
| | കട്ടക്കയം, കുറ്റിച്ചിറ | 3500 | 17000 | 1600 | 150 | 110 | | 22360 |
| | P.H.C എലിഞ്ഞിപ്ര | 1151 | 29943 | | | | | 31094 |
| 1994–95 | ഗാർഡൻ, കുറ്റിച്ചിറ | ഇല്ല | 7750 | 1600 | 870 | 790 | 3260 | 14270 |
| | കട്ടക്കയം, കുറ്റിച്ചിറ | 3250 | 18000 | 1750 | 175 | 125 | | 23300 |
| | P.H.C എലിഞ്ഞിപ്ര | 1139 | 29019 | | | | | 30158 |
| 1995–96 | ഗാർഡൻ, കുറ്റിച്ചിറ | ഇല്ല | 8500 | 1810 | 790 | 810 | 3410 | 15320 |
| | കട്ടക്കയം, കുറ്റിച്ചിറ | 2750 | 15000 | 1000 | 160 | 150 | | 19060 |

NB. ഈ പട്ടികകൾ തീർത്തും ഔദ്യോഗികമല്ല.

പട്ടികകൾ പരിശോധിച്ച് ആരോഗ്യരംഗം പരിപോഷിപ്പിക്കാവുന്നതാണ്.

# വ്യവസായം

കോടശ്ശേരി പഞ്ചായത്തിൽ വ്യവസായങ്ങൾ വളരെകുറവാണ്. എലിഞ്ഞിപ്രയിലുള്ള രണ്ടു ചെറുകിട പ്ലാസ്റ്റിക് കമ്പനിയും രണ്ട് കണ്ണാടിക്കമ്പനിയും ചട്ടിക്കുളത്തുള്ള ഒരു ക്രഷറും മാത്രമാണ് വ്യവസായങ്ങളായി കോടശ്ശേരിയിലുള്ളത്. പച്ചത്തൊണ്ടിൽ നിന്ന് ചകിരിനാരെടുക്കുന്ന ഒരു ചെറു കമ്പനിയും D.W.C.R.A. പദ്ധതിയനുസരിച്ച് മാലയുണ്ടാക്കുന്ന ഒരു വനിതായൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. വെള്ളിക്കുളം ഭാഗത്ത് പെൺകുട്ടികളുടെ ഒരു ബീഡിതെറുപ്പു യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയിൽ നായരങ്ങാടി ഭാഗത്ത് രണ്ടു ചൂരൽ ഉല്പന്നയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സഹകരണ മേഖലയിൽ കമ്മളത്ത് സ്ഥാപിച്ചിട്ടുള്ള ഓട്ടുകമ്പനി ഇന്നു പാട്ടത്തിന് കൊടുത്തിരിക്കുകയാണ്. കൂർക്കമറ്റത്ത് ഒരു ബുക്ക് ബൈന്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത് ക്ഷീണാവസ്ഥയിലാണ്. ഇത്രയുമാണ് കോടശ്ശേരി പഞ്ചായത്തിലെ വ്യവസായങ്ങൾ.

കോടശ്ശേരി പഞ്ചായത്തിൽ വ്യാപകമായി തെങ്ങും റബ്ബറും കൃഷിയുണ്ടെന്ന് കണ്ടതാണ്. ഈ വിഭവങ്ങളൊന്നും തന്നെ നാട്ടിൽ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇന്നില്ല. ഏറ്റവും ചുരുങ്ങിയ തോതിൽ കൊപ്ര ഉണക്കൽ നടക്കുന്നുണ്ട്. അതിന്റെ ചകിരി മറ്റു ജില്ലകളിലേക്ക് കയറ്റിക്കൊണ്ടുപോകുന്നു. കൊപ്രകയറ്റി അയക്കുന്നു വെളിച്ചെണ്ണയാക്കുകപോലും ചെയ്യുന്നില്ല. വെളിച്ചെണ്ണയാക്കുകയും സോപ്പുനിർമ്മിക്കുകയും ഒക്കെ ചെയ്യാമെങ്കിലും അത്തരത്തിലൊരു ശ്രമവും ഇവിടെ നടക്കുന്നില്ല.

രണ്ടാമതായി ഇവിടത്തെ റബ്ബറാണ് നൂറുകണക്കിന് ടൺ റബ്ബർ ഇവിടെ നിന്നുകയറ്റിപ്പോകുന്നു. വളരെയേറെ ജോലിസാദ്ധ്യതയുള്ള ഒരു മേഖലയാണ് റബ്ബറുപയോഗിച്ചുള്ള വ്യവസായം. ഇതിന് ആവശ്യമായ മുൻകൈ എടുക്കേണ്ടതാണ്. കൂടാതെ ഏത്തവാഴ, പൈനാപ്പിൾ എന്നിവയ്ക്കും ഇഞ്ചി, മഞ്ഞൾ, കച്ചുരം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും ഇവിടെ സുലഭമാണ്. ഇവയും സംസ്ക്കരിച്ച് വിതരണം ചെയ്യാനുള്ള സാദ്ധ്യത വളരെയുണ്ട്.

സ്വകാര്യ മേഖലയിലും പൊതു മേഖലയിലും സഹകരണ മേഖലയിലും മേല്പ്പറഞ്ഞ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. കൃഷിക്കാരെ സംഘടിപ്പിച്ച് അവരുടെ സഹകരണത്തോടെ ഒരു റബ്ബർ ഫാക്റ്ററിക്ക് വളരെ സാദ്ധ്യതകളുണ്ട്.

## പ്രശ്നങ്ങൾ

1. വ്യവസായ പശ്ചാത്തലമില്ല.
2. വൈദ്യുതിയാണ് പ്രധാന പ്രശ്നം.
3. സാങ്കേതിക വിദ്യയും അഭിനവരീതികളും.
4. ആവശ്യമായത്ര ഫണ്ടിന്റെ അഭാവവും അതു ലഭിക്കാനുള്ള പ്രയാസങ്ങളും.
5. ചെറുകിട വ്യവസായങ്ങൾ നടത്താനുള്ള ഭൗതിക സാഹചര്യങ്ങൾ ഇല്ല.
6. വനിതാ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.
7. നിയമത്തിന്റെ കുരുക്ക്.
8. പരിസ്ഥിതി പ്രശ്നങ്ങൾ.
9. ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റുകളുടെ അഭാവം.
10. കേരോല്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങളില്ല.
11. റബ്ബർ വ്യവസായങ്ങൾ ഒന്നും തന്നെയില്ല.
12. പാറ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഇല്ല.
13. ഓടു വ്യവസായം വേണ്ടത്ര ഫലപ്രദമല്ല.
14. സുഗന്ധ വിളകളെ അടിസ്ഥാനമാക്കി വ്യവസായങ്ങളൊന്നുമില്ല.
15. ക്ഷീര വ്യവസായങ്ങൾ ഒന്നു തന്നെ പ്രവർത്തിക്കുന്നില്ല.
16. കാലിത്തീറ്റ ഫാക്റ്ററികളില്ല.

17. കുടിൽ വ്യവസായങ്ങളില്ല.
18. അടക്കയെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യാവസായ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.
19. നെല്ല് സംഭരിച്ച് സംസ്ക്കരിക്കുന്നില്ല.
20. വ്യാവസായിക കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു വിതരണ ശൃംഘല ഇല്ല.

പരിഹാരങ്ങൾ

1. വ്യാവസായികമായ ഒരു പശ്ചാത്തലം പഞ്ചായത്തിൽ ഉണ്ടാക്കിയെടുക്കണം. അതായത് ഏതെങ്കിലും സ്ഥലം കണ്ടെത്തി വ്യവസായ സ്ഥാപനത്തിന് പറ്റുന്നരീതിയിൽ വൈദ്യുതി, വെള്ളം, റോഡ് മുതലായ ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്ത് മുൻകൈ എടുത്ത് ഒരുക്കണം.
2. വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കണം. നിയമത്തിന്റെ കുരുക്കുകൾ അതിന് തടസ്സമാകരുത്.
3. വ്യവസായ ശാലകൾ പ്രവർത്തിപ്പിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ലഭിച്ചവർ വിരളമാണ്. അതിന് താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം കൊടുക്കാൻ ഏർപ്പാടാക്കണം. അത്യാധുനിക രീതികൾ അവലംബിക്കണം.
4. സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഫണ്ട് ഏറ്റവും പ്രധാനമാണ്. ഇത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ ലളിതമാക്കണം.
5. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിലേക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.
6. സഹകരണ മേഖലയിൽ വനിതാ വ്യവസായങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. റെഡിമേയ്ഡ് വസ്ത്രങ്ങൾ, റബ്ബർ ബാന്റ്, സോപ്പ്, ചെരിപ്പ്, കയറുല്പന്നങ്ങൾ എന്നിവ നിർമ്മിക്കാനുള്ള സാദ്ധ്യതകൾ വളരെയുണ്ട്.
7. വ്യവസായ സംരഭത്തിന്റെ ഭാഗമായി പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
8. കോടഞ്ചേരി പഞ്ചായത്തിൽ ധാരാളം ആയുർവേദ മരുന്നുകൾ ലഭ്യമാണ്. അവ ഉപയോഗിച്ച് മരുന്നുകൾ ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഒരായുർവ്വേദ മരുന്നുല്പാദന കേന്ദ്രത്തിന് ധാരാളം സാദ്ധ്യതയുണ്ട്.
9. ആയുർവ്വേദ മരുന്നുകൾ ഉല്പാദിപ്പിക്കാനുള്ള മേഖലയും അതോടൊപ്പം വളർന്നുവരും. അതും തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
10. കേരോല്പന്നങ്ങൾ സംസ്ക്കരിക്കാനുള്ള വ്യവസായങ്ങൾക്ക് ധാരാളം സാദ്ധ്യതകളുണ്ട്. തേങ്ങയുടെതൊണ്ട്, ചിരട്ട, കൊപ്ര, വെളിച്ചെണ്ണ, മുതലായവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കണം. തേങ്ങാപ്പൊടി, ക്രീം, നാളികേര വെള്ളം സംസ്ക്കരിക്കൽ മുതലായവയ്ക്കും വളരെ സാദ്ധ്യതകളുണ്ട്.
11. റബ്ബർ ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള ഫോംസ്, റബ്ബർബാന്റ്, സൈക്കിൾ ട്യൂബ്, ഉറകൾ, മുതലായവ നിർമ്മിക്കാനുള്ള സാദ്ധ്യതകൾ വളരെയുണ്ട്.
12. സുഗന്ധ വിളകളായ മഞ്ഞൾ, ഇഞ്ചി, ഏലം, കുരുമുളക്, കച്ചോലം, കൊക്കോ, ജാതിക്ക മുതലായവയിൽ നിന്ന് അതിന്റെ സത്ത് എടുക്കുന്നതിനുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
13. പാൽ സംസ്ക്കരണം മൂലം പാലുല്പ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്. അതിന് സാങ്കേതിക പരിശീലനം നൽകി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു യൂണിറ്റ് പ്രവർത്തിപ്പിക്കണം.
14. പ്രാദേശികമായി ലഭ്യമായ വസ്തുക്കളുപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കാൻ തക്ക ഒരു കാലിത്തീറ്റഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കുക.
15. കോടഞ്ചേരിയിൽ ഇന്ന് കുടിൽ വ്യവസായങ്ങൾ ദുർലഭമാണ്. ജനജീവിതം മെച്ചപ്പെടുത്താൻ ഇതാണ് ഏറ്റവും നല്ല മാർഗ്ഗം. അതുകൊണ്ട് ഈ രീതിയിലുള്ള പ്രവർത്തനത്തിന് ഊന്നൽ നൽകണം. മെഴുകുതിരി, റെഡിമെയ്ഡ് വസ്ത്രം, സോപ്പ്, പപ്പടം, ചന്ദനത്തിരി, കറിപ്പൊടികൾ, അച്ചാർനിർമ്മാണം,

കശുവണ്ടി സംസ്ക്കരണം, ചിപ്സ്, പഴം പച്ചക്കറി സംസ്ക്കരണം, ബുക്ക് ബൈന്റിംഗ്. മേൽപ്പറഞ്ഞവക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളും ഇവിടെ സുലഭമാണ്.

16. പാറമേഖലയിൽ ധാരാളം തൊഴിൽ സാദ്ധ്യതകളുണ്ട്. പാറ ഉപയോഗിച്ച് കൊത്തുപണികൾ, ടൈൽസ് മെറ്റൽ ഇവക്ക് ധാരാളം ആവശ്യമുണ്ട്. പാറകളുള്ള പ്രദേശങ്ങളിൽ മിനി ക്രഷറുകൾ സ്ഥാപിക്കുന്നത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും. ക്രഷർ ഉപോല്പന്നമായ പൊടി ഉപയോഗിച്ചുണ്ടാക്കാവുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുക (ഹോളോ ബ്രിക്സ്, ക്രാസി, ജനൽ, കട്ടള മുതലായവ)

17. വ്യവസായശാലകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം (ചട്ടിക്കുളത്തുള്ള 20 ഏക്കർ സ്ഥലം) പഞ്ചായത്തിന് വിട്ടുതരണം.

18. ഇവിടെ ധാരാളമായി കിട്ടുന്ന അടയ്ക്ക സംസ്ക്കരിക്കാൻ പദ്ധതികളൊന്നുമില്ല. അതു കൊണ്ട് അത്തരം ഒരു സംസ്ക്കാര യൂണിറ്റ് പ്രവർത്തിപ്പിക്കണം.

19. നാട്ടിലുള്ള നെല്ലു ശേഖരിച്ച് അരിയാക്കുന്നതിനും അരിയുല്പന്നങ്ങൾ നിർമ്മിക്കാനും പദ്ധതി ആവിഷ്ക്കരിക്കണം.

20. വ്യാവസായിക – കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഏറ്റുവാങ്ങുന്നതിനുമായി ഒരു വിതരണ ശൃംഘല സംവിധാനം ചെയ്യണം.

21. സെറ്റിൽമെന്റിന് അനുവദിച്ചിട്ടുള്ളതിൽ തരിശായിക്കിടക്കുന്ന സ്ഥലം വ്യവസായകേന്ദ്രം സ്ഥാപിക്കാൻ അനുവദിക്കണം.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## പാർപ്പിടം

എടുത്തു പറയാവുന്ന വികസനപ്രവർത്തനങ്ങളൊന്നും നടക്കാത്ത മലയോര പഞ്ചായത്തായ കോടഞ്ചേരിക്ക് സാമൂഹ്യ - സാംസ്ക്കാരിക - വിദ്യാഭ്യാസ മേഖലകളിൽ ചെറുതല്ലാത്ത സ്ഥാനമുണ്ട്. വരുമാനത്തിൻെറ ഏറിയപങ്കും കാർഷികമേഖലയിൽ നിന്നാണ്. ജനങ്ങൾ ഭൂരിഭാഗവും കാർഷികവൃത്തിയിലും മററ് കൂലിവേലകളിലും അവരുടെ അദ്ധ്വാനം ചെലവഴിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രാഥമിക ആവശ്യമായ പാർപ്പിടത്തെക്കുറിച്ച് പറയുമ്പോൾ പരാധീനതകൾ ഏറെ ചൂണ്ടിക്കാണിക്കപ്പെടുന്നു. വഴിയോരകാഴ്ചകളായി കുറെയേറെ മണിമന്ദിരങ്ങൾ പ്രധാനവീഥികളുടെ ഇരുവശവും കാണാവുന്നതാണ്. പുരോഗമനപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ള സർക്കാരുകൾ നടപ്പിലാക്കിയ ഭൂപരിഷ്കരണനിയമത്തിൻെറ ഗുണഭോക്താക്കളായി ഉയർന്നുവന്ന ഇടത്തരക്കാരായ കർഷകരുടെ ഇടയിൽ ഉടലെടുത്ത പുത്തൻസംസ്ക്കാരത്തിൻെറ ഭാഗമായാണ് ഈ സൗധങ്ങളെ കാണാൻ കഴിയുക. ലക്ഷകണക്കിന് രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഇടത്തരം വീടുകൾ തങ്ങളുടെ നിലവാരത്തിൻെറ അടയാളമായി ഇവർ കണക്കാക്കുന്നു.

എന്നാൽ മറുവശത്ത് ദുഃഖകരമായ യാഥാർത്ഥ്യങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നു. കണക്കുകൾ ചൂണ്ടിക്കാണിക്കുന്നതുപോലെ, പഞ്ചായത്തിൽ 808 വീടുകൾ ആവശ്യമുണ്ട്.

പട്ടിക 1

| വാർഡ് നമ്പർ | ഓല | ഓട് | ടെറസ് | ഇരുനില | മൊത്തം |
|---|---|---|---|---|---|
| 1. | 194 | 331 | 196 | 17 | 738 |
| 2. | 221 | 419 | 229 | 10 | 879 |
| 3. | 184 | 450 | 127 | - | 761 |
| 4. | 199 | 361 | 110 | 2 | 672 |
| 5. | 148 | 375 | 129 | - | 652 |
| 6. | 183 | 435 | 138 | - | 756 |
| 7. | 158 | 348 | 81 | 6 | 593 |
| 8. | 160 | 386 | 112 | 1 | 659 |
| 9. | 77 | 360 | 80 | 2 | 519 |
| 10. | 192 | 480 | 61 | 2 | 735 |
| 11. | 167 | 380 | 74 | - | 621 |
| 12. | 100 | 300 | 96 | - | 496 |
| | 1983 | 4625 | 1433 | 40 | 8081 |

എന്നാൽ ആവാസയോഗ്യമായ വീടുകൾ 7098 മാത്രമാണ്. ഇതിൽത്തന്നെ അടിസ്ഥാനസൗകര്യങ്ങൾ (കക്കൂസ്, ശുദ്ധജലം, വൈദ്യുതി) ഉള്ള വീടുകൾ 5725 എണ്ണമാണ്. ഈ കണക്കുകൾ അനുസരിച്ച് 3760 വീടുകൾ ഇനിയും നിർമ്മിക്കേണ്ടതുണ്ട്. നിലവിലുള്ള 3760 കുടുംബങ്ങൾക്ക് ഇനിയും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

ഈ ശോചനീയാവസ്ഥക്ക് പ്രധാന കാരണം ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ്. ഹരിജൻ, ഗിരിജൻ ജനവിഭാഗങ്ങൾ ഇന്നും പലവിധ ചൂഷണങ്ങൾക്ക് വിധേയരാവുന്നു. വിവിധ പദ്ധതികൾ മുഖേന സർക്കാർ ഏജൻസികൾ വഴി ചെലവാക്കുന്ന രൂപ ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല.

പട്ടിക 2

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങൾ | അനുവദിച്ചത് | പണി കഴി ഞ്ഞത് | അനുവദി ക്കേണ്ടത് |
|---|---|---|---|---|
| 1-4 | 437 | 52 | 17 | 385 |
| 5 | 139 | 11 | 9 | 128 |
| 6 | 96 | 72 | 8 | 84 |
| 7 | 121 | 67 | 51 | 54 |
| 8 | 79 | 15 | 11 | 64 |
| 9 | 136 | 10 | 6 | 126 |
| 10 | 94 | 7 | 5 | 87 |
| 11 | 96 | 6 | 4 | 94 |
| 12 | 142 | 14 | 14 | 128 |
| | 1340 | 194 | 125 | 1150 |

ഭവനനിർമ്മാണത്തിനായി നൽകിവരുന്ന സഹായങ്ങൾ ഈ ആവശ്യത്തിന് തീരെ പര്യാപ്തമല്ല. അതുകൊണ്ട്തന്നെ തുടങ്ങിവച്ച വീടുകളുടെ പണി ഇടയ്ക്കുവച്ചു നിർത്തേണ്ടിവരുന്നു. പണിപൂർത്തിയാക്കുന്ന വീടുകളാണെങ്കിൽ ഗുണനിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് നിർത്തേണ്ടിവരുന്നു. ഇതിനായി പച്ചമണ്ണുകുഴച്ചുണ്ടാക്കുന്ന ഇഷ്ടികയും പാഴ്മരങ്ങളും ഉപയോഗിക്കുന്നു. ഇതുമൂലം സുരക്ഷിതത്വം കുറവാണ്.

IRDP സർവ്വെ അനുസരിച്ച് പഞ്ചായത്തിൽ 1340 പേർക്ക് വീടുകൾ ആവശ്യമുണ്ടായിരുന്നു. അതേസമയം വിവിധ പദ്ധതികൾ വഴി അനുവദിച്ചത് 194 എണ്ണം മാത്രമാണ് (14.1 മാത്രം). ഇത് ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വലിയ അന്തരത്തിലേക്ക് വിരൽ ചൂണ്ടുന്നു.

പ്രധാനപ്പെട്ട മററൊരു കാര്യം ഭൂരഹിതരും ഭവനരഹിതരുമായവരുടേതാണ്. ഇവർ താൽക്കാലികമായി കനാൽ പുറമ്പോക്കുകളിലും മററും താമസിക്കുന്നു. ഇവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും പഞ്ചായത്തിൽ ഏകദേശം 300ൽ അധികം കുടുംബങ്ങൾ ഇങ്ങനെ കഴിയുന്നു. ഇവർക്കുവേണ്ടി ഒരു പുനരധിവാസപദ്ധതിതന്നെ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ഈ അവസ്ഥയിൽ 9-ാം പദ്ധതിയിൽ പാർപ്പിടപ്രശ്നത്തിന് പരിഹാരം തേടുമ്പോൾ ഈ രംഗത്ത് ഇതുവരെയുള്ള അനുഭവങ്ങൾ മനസ്സിൽ വയ്ക്കേണ്ടതുണ്ട്. ആവശ്യകതയുടെ 50% എങ്കിലും പാർപ്പിടങ്ങൾ 5 വർഷത്തിനുള്ളിൽ നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി കാര്യക്ഷമതയുള്ള സാങ്കേതിക വിദഗ്ദ്ധരുടേയും ജനകീയ സംഘടനകളുടേയും സേവനങ്ങൾ സമാഹരിക്കേണ്ടതുണ്ട്. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനായി ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

പുനരധിവാസം

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ തരിശായികിടക്കുന്ന സ്വകാര്യ - സർക്കാർ ഭൂമികൾ പഞ്ചായത്ത് ഏറ്റെടുക്കണം. ജനകീയ പങ്കാളിത്തത്തോടെ മിച്ച ഭൂമി കണ്ടെത്തണം. ഈ ഭൂമികൾ വേണ്ടരീതിയിൽ വിതരണം ചെയ്ത് ആവശ്യമായ ഭവന നിർമ്മാണ സഹായങ്ങൾ നൽകി ഈ പ്രശ്നം പരിഹരിക്കണം. കൂടാതെ 4-ാം വാർഡിൽ നായരങ്ങാടി ദേശത്ത് ആലുവ സെററിൽമെൻറിനുവേണ്ടി പാട്ടത്തിനു നൽകിയിരുന്ന ഭൂമി ഇന്ന് (150 അധികം ഏക്കർ സ്ഥലം) തരിശായി കിടക്കുന്നു. നിയമതടസ്സങ്ങൾ തീർത്ത് ഈ ഭൂമിയും സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്താൽ പ്രശ്നത്തിന് ഒരുപരിധിവരെ പരിഹാരം കാ7ണാം.

സംരക്ഷണം

തല ചായ്ക്കാൻ ഒരിടം എന്ന സുന്ദര സ്വപ്നം സാക്ഷാൽകരിക്കപ്പെട്ട പലർക്കും അവരുടെ വീടുകൾ ഇന്ന് തലയ്ക്കുമുകളിൽ ഭീക്ഷണിയായി നിലനിൽക്കുന്നു. സാമ്പത്തികസഹായങ്ങൾ പരിമിതങ്ങളായതുകൊണ്ട് ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ചാണ് കൂടുതൽ വീടുകളും നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ പ്രകൃതിക്ഷോഭങ്ങളിലും മററും വീടുകൾ പെട്ടെന്ന് കേട് പററുന്നു. നിർമ്മിക്കപ്പെടുന്ന വീടുകൾ സുരക്ഷിതങ്ങളായിരിക്കണം. വീടുകൾ നിർമ്മിക്കേണ്ടത് സാങ്കേതിക വിദഗ്ദരുടേയും, ജനകീയ കമ്മിറ്റികളുടേയും മേൽനോട്ടത്തിലായിരിക്കണം. പണിപൂർത്തിയായ വീടുകൾക്ക് സൗജന്യ ഇൻഷുറൻസ് സംരക്ഷണം ഏർപ്പെടുത്തണം. കൂടാതെ ഇടുഞ്ഞു വീഴാറായ വീടുകൾ പുതുക്കി പണിയുന്നതിനും റിപ്പയർ ചെയ്യുന്നതിനും വേണ്ട സഹായം അനുവദിക്കണം.

സാമൂഹ്യക്ഷേമം

1. തൊഴിലില്ലായ്മ

കോടശ്ശേരി പഞ്ചായത്തിൽ തൊഴിലില്ലാത്ത അഭ്യസ്ത- അനഭ്യസ്ത വിദ്യരുടെ കണക്കുകൾ ലഭ്യമല്ല. എങ്കിലും ഒരു കുടുംബത്തിൽ ഒരാൾ ശരാശരി തൊഴിലില്ലാത്തവരുടെ കൂട്ടത്തിൽപ്പെടുന്നു എന്നതൊരു യാഥാർത്ഥ്യമാണ്. അനൗദ്യോഗിക നിഗമനങ്ങൾ അനുസരിച്ച് ഏകദേശം 5,000 ത്തോളം പേർ തൊഴിലില്ലാത്തവരുണ്ട്. ഇതിൽ പലരും ബിരുദ - ബിരുദാനന്തര ബിരുദധാരികളാണ്. ഇവരുടെ ക്ഷേമത്തിന് ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിൽ ഗണനീയമായ ഒരൊററ വ്യവസായവും നിലവിലില്ല. ഒട്ടേറെ രംഗങ്ങളിൽ വ്യവസായിക സാധ്യതയുള്ള ഒരു പ്രദേശമാണ് നമ്മുടേത്. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങളിൽ നൂറുകണക്കിന് ഏക്കർ പ്രദേശങ്ങളിൽ റബ്ബർ കൃഷി നടത്തുന്നു. ഇതുവഴി ശേഖരിക്കുന്ന അസംസ്കൃത റബ്ബർ, ഉൽപന്നങ്ങളാക്കുന്ന ഫാക്ടറികൾക്ക് ഏറെ സാധ്യതയുണ്ട്. ഇതിനുവേണ്ടിയുള്ള സാങ്കേതികപരിശീലനം യുവാക്കൾക്ക് നൽകണം. ഇവർക്ക് വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്തുകൊടുക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. അതുവഴി

പഞ്ചായത്തിൻെറ വ്യവസായവൽകരണത്തിന് നാന്ദികുറിക്കുകയും, തൊഴിലില്ലാത്തവരുടെ ഉന്നമനത്തിന് ശ്രമിക്കുകയും വേണം.

2. കാർഷികരംഗം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അനന്തസാധ്യതകൾ ഉള്ള മേഖലയാണ്. ഇന്ന് നിലവിൽ നിൽക്കുന്ന അശാസ്ത്രീയമായ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ഉൽപന്നങ്ങളായി കലാലയങ്ങളിൽ നിന്നും പുറത്തുവരുന്ന ചെറുപ്പക്കാർ, ഭൂരിഭാഗവും സർക്കാർ ഉദ്യോഗമെന്ന സ്വപ്നം പേറി അവൻെറ വിലപ്പെട്ട മണിക്കൂറുകൾ വൃഥാ ചെലവഴിക്കുന്നു. ഉൽപാദനരംഗങ്ങളിൽ പണിയെടുക്കുനതിന് വൈററ് കോളർ ദുരഭിമാനം അനുവദിക്കുന്നില്ല. ഇത് മൂലം അയാളിലെ മാനസികസംഘർഷങ്ങൾ വർദ്ധിക്കുകയും ഒരു തൊഴിലും ചെയ്യാൻ കഴിയാത്ത ഉപയോഗശൂന്യനായി മാറുകയും ചെയ്യുന്നു.

ഈ അവസ്ഥ മാററുന്നതിന് യുവജനസംഘടനകളുടെ സഹകരണത്തോടെ വ്യാപകമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തി, ഭക്ഷ്യരംഗത്തെ കമ്മിസംസ്ഥാനമായ കേരളത്തിനാവശ്യമായ കാർഷികവിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിൽ നമ്മുടെ പങ്ക് നിർവഹിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കേണ്ടതുണ്ട്.

2. ദാരിദ്രനിർമ്മാർജനം.

IRDP സർവ്വേ പട്ടിക - 3

| വാർഡ് നമ്പർ | ദാരിദ്രരേഖയ്ക്ക് താഴെ | ഇവരിൽ SC/ST | ഇതുവരെ സഹായം ലഭിച്ചവർ | ഇവരിൽ SC/ST | സഹായം ലഭിച്ചവഴി ദാരിദ്രരേഖയ്ക്ക് മുകളിൽ വന്നവർ | ദാരിദ്രരേഖക്ക് താഴെയുള്ളവർ |
|---|---|---|---|---|---|---|
| I toIV | 1138 | 207 | 142 | 56 | 43 | 1095 |
| V | 328 | 60 | 192 | 93 | 43 | 1194 |
| VI | 374 | 53 } | | | | |
| VII | 257 | 99 } | | | | |
| VIII | 277 | 48 } | | | | |
| IX | 258 | 66 | 41 | 28 | 11 | 247 |
| X | 246 | 30 | 24 | 12 | 8 | 234 |
| XI | 251 | 17 | 27 | 9 | 9 | 224 |
| XII | 237 | 8 | 42 | 29 | 13 | 224 |
| | 3363 | 408 | 473 | 235 | 127 | 3236 |

IRDP സർവ്വേ പ്രകാരം ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിൽ മൊത്തം 3363 കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. ഇത് പഞ്ചായത്തിലുള്ള കുടുംബങ്ങളുടെ പകുതിയോളമാണ്. ഇതിൽ 473 കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾ വഴി സഹായം ലഭ്യമായിട്ടുണ്ട്. സഹായം ലഭ്യമായതുവഴി ദാരിദ്രരേഖക്ക് മുകളിൽ എത്തിയിട്ടുള്ള കുടുംബങ്ങൾ 127 മാത്രമാണ്. അതായത് ഈ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളുടെ 2% മാത്രമാണ്. ഇതിനർത്ഥം ഈ രംഗത്ത് വിനിയോഗിക്കപ്പെടുന്നില്ലെന്നാണ്.

ദാരിദ്രനിർമാർജ്ജനപദ്ധതിയനുസരിച്ച് നൽകുന്ന സഹായങ്ങൾ, കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു നൽകുന്നതാണെന്ന് ഉറപ്പു വരുത്തണം. സഹായങ്ങൾ പഞ്ചായത്ത് തലത്തിലുള്ള ജനകീയ കമ്മററികൾ വഴി നൽകണം. ഉപഭോക്താക്കൾക്കുവേണ്ട മാർഗനിർദ്ദേശങ്ങൾ ജനകീയകമ്മററികളും, സാങ്കേതിക

വിദഗ്ദരും നൽകണം. എല്ലാ സംരംഭങ്ങളും നിരീക്ഷണം നടത്തുകയും പ്രവർത്തനങ്ങളിൽ ഇടപെടുകയും വേണം.

3. അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് പ്രത്യേകിച്ചും സ്ത്രീകളുടെയും, ശിശുക്കളുടെയും ക്ഷേമം സംബന്ധിച്ച പ്രവർത്തനങ്ങളിൽ അടിസ്ഥാനപരമായ പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. ഈ സ്ഥാപനങ്ങൾ ഇന്ന് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഏതാണ്ട് 31ഓളം അംഗൻവാടികൾ പഞ്ചായത്തിൽ നിലവിലുണ്ട്. അതിൽ ഏതാണ്ട് 10 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടം ഉള്ളൂ. അതിൽത്തന്നെ പലതിനും കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ല. പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണീച്ചറുകൾ എന്നിവയും നാമമാത്രമാണ്. പ്രീപ്രൈമറി സംവിധാനം നടപ്പിലാക്കിയതുവഴി കുട്ടികളുടെ ലഭ്യത അംഗൻവാടികളിൽ കുറഞ്ഞിട്ടുണ്ട്. ഇത്തരം ഒരുപാട് പ്രശ്നങ്ങൾക്കിടയിലും സാമൂഹ്യക്ഷേമപരമായ ഒരുപാട് കാര്യങ്ങൾ അംഗൻവാടികൾ വഴി നടത്തണം.

നാട്ടിലെ സ്ഥിതിവിവരണകണക്കുകൾ ശേഖരിക്കുന്നതിനും അംഗൻവാടി ജീവനക്കാരുടെ സേവനം വ്യാപകമാണ്. ആരോഗ്യസംരക്ഷണത്തെ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇവർ നടത്തുന്നു. ഇതെല്ലാം നമ്മുടെ സമൂഹത്തിൽ നല്ല രീതിയിൽ പ്രകടിതമാകുന്നു. ഈ സ്ഥാപനങ്ങളുടെ പരാധീനതകൾ പരിഹരിക്കുന്നതുവഴി സാമൂഹ്യക്ഷേമരംഗത്ത് ഒരുപാട് മുന്നോട്ട് പോകുവാൻ നമുക്ക് കഴിയും.

കെട്ടിടങ്ങൾ ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും ജനകീയപങ്കാളിത്തത്തോടെയും, സന്നദ്ധസംഘടനകൾ വഴിയുള്ള സഹായങ്ങൾ വഴിയും കെട്ടിടങ്ങൾ നിർമ്മിട്ടുകൊടുക്കണം. കൂടാതെ വൈദ്യുതി, വെള്ളം, ഫർണീച്ചറുകൾ എന്നിവയും കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവയും നൽകണം.

അംഗൻവാടി ജീവനക്കാർ ജീവനക്കാരാക്കി അംഗീകരിക്കപ്പെട്ടില്ല. ഇതിന് പരിഹാരം കാണണം. പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ അംഗൻവാടികളുടെ മാർഗനിർദേശകസമിതികൾ രൂപീകരിക്കണം. സ്ക്കൂളുകളിലെ പ്രീപ്രൈമറി സംവിധാനം നിർത്തലാക്കണം. അംഗൻവാടികളിൽ മാസത്തിൽ ഒരിക്കൽ ഗർഭിണികളെയും, കുട്ടികളെയും പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

PHC സബ്സെൻറർ

2,000 ആണ്ടോടുകൂടി മുഴുവൻപേർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി പഞ്ചായത്തിൻെറ വാർഡുതോറും ഓരോ PHC പ്രവർത്തക സബ്സെൻററുകൾ സന്ദർശിക്കുകയും, പരിശോധന നടത്തുകയും വേണം. കൂടാതെ ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കണം. ഇതിനാവശ്യമായിവരുന്ന പണം പൊതുജനങ്ങളിൽ നിന്നു സ്വരൂപിക്കണം.

പെൻഷൻ

പഞ്ചായത്തിൽ വിവിധ പെൻഷൻ ഗുണഭോക്താക്കളുടെ കണക്കുകൾ ലഭ്യമല്ല. വാർദ്ധക്യ പെൻഷൻ, കാർഷിക പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ എന്നിവ ലഭ്യമാകുന്നുണ്ട്. ജീവിതത്തിൻെറ വിവിധ മേഖലകളിൽ ദുരിതമനുഭവിക്കുന്നവരുടെ ഇടയിൽ ലഭ്യമാകേണ്ട ഈ സമാശ്വാസ സഹായം കിട്ടുന്നതിന്

ഒരുപാട് നൂലാമാലകളിൽ തരണം ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് അർഹരായ പലർക്കും ലഭ്യമല്ല. വിവിധ സർട്ടിഫിക്കററുകൾ പ്രാദേശികതലങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

**വൃദ്ധജനങ്ങൾ**

ഈ വിഭാഗം വളരെയേറെ ദുരിതം അനുഭവിക്കുന്നു. അശരണരായ വൃദ്ധജനങ്ങൾക്ക് തങ്ങളുടെ ശേഷിക്കുന്ന കാലം ചിലവഴിക്കാൻ വൃദ്ധസദനങ്ങൾ ആരംഭിക്കണം.

**ഹരിജൻ - ഗിരിജൻ ക്ഷേമം**

വിവിധപദ്ധതികൾ വഴി നൽകുന്ന സാമ്പത്തിക സഹായങ്ങൾ ശരിയായി വിനിയോഗിക്കപ്പെടുന്നില്ല. ഭൂരഹിതരും, ഭവനരഹിതരും ഈ വിഭാഗത്തിൽ വളരെയേറെയുണ്ട്. ഇതിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കണം. കോളനികൾക്കും മററും, ശുദ്ധജലം, വൈദ്യുതി എന്നിവയും പല ഭാഗങ്ങളിൽ ലഭ്യമല്ല. ഇത് പരിഹരിക്കുന്നതിന് അടിയന്തിരശ്രമം വേണം. ഹരിജനങ്ങൾക്കും, ഗിരിജനങ്ങൾക്കും, ശ്മശാനങ്ങൾ നിർമ്മിക്കണം. നിലവിലുള്ളവ മതിൽ കെട്ടി സംരക്ഷിക്കണം.

**പൊതുശ്മശാനം**

വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ ഒരു പൊതുശ്മശാനത്തിന്റെ ആവശ്യകത പ്രധാന വിഷയമാണ്. ഈ കാര്യത്തിൽ പഞ്ചായത്തിന്റെ കിഴക്കും, പടിഞ്ഞാറും ഭാഗങ്ങളിൽ ഇതിനുള്ള സ്ഥലം കണ്ടെത്തണം. ജനങ്ങളുടെ സാമ്പത്തികസഹായം ഇതിനായി സ്വരൂപിക്കണം.

# വനിതാക്ഷേമം



അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് സ്ത്രീകൾ പ്രവേശിച്ചിട്ടും കോടശ്ശേരിയിലെ സ്ത്രീകൾ അറിഞ്ഞമട്ടില്ല. സാമൂഹിക പുരോഗതിയിൽ ഇതൊരു പ്രധാന പ്രതിബന്ധമാണ്. സമൂഹശരീരത്തിൽ എല്ലാ അവയവങ്ങളും ഒന്നിച്ചു പ്രവർത്തിച്ചാലെ പുരോഗതി സാധ്യമാവൂ. ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകൾ അവർ രാഷ്ട്രനിർമ്മാണത്തിൽ പങ്കെടുക്കാതിരുന്നാൽ അത്രയും മനുഷ്യവിഭവശേഷി പാഴായിപോകുന്നു. അതാണിന്നത്തെ സ്ഥിതി.

ആർഷസംസ്ക്കാരം ഉൾക്കൊണ്ടുവളർന്ന സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം അടുക്കളയിലായിരുന്നു. അവൾ പുരുഷൻെറ കാലടിപ്പാടുകളിൽ നോക്കി നിശബ്ദം പിൻതുടരാനാണ് പഠിച്ചിട്ടുള്ളത്. പുരുഷൻെറ ആജ്ഞാനുവർത്തിയായി, കുടുംബിനിയായി ജീവിക്കാൻ വിധിക്കപ്പെട്ടവളായിരുന്നു.

സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. കാരണം അവൾ അന്യൻെറ അടുക്കളയിൽ പോകേണ്ടവളാണ്. അന്നത്തെ സാമൂഹ്യചിന്ത അങ്ങനെയായിരുന്നു. പെൺകുട്ടികൾക്ക് സ്വന്തം മാതാപിതാക്കളിൽനിന്നുപോലും അവഗണനയാണ് ലഭിച്ചിരുന്നത്. ഇന്ന് ഈ സ്ഥിതിക്ക് മാററം വരുകയും സ്ത്രീ വിദ്യാഭ്യാസത്തിനു പ്രാമുഖ്യം കിട്ടിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും സ്ത്രീക്ക് എല്ലാകാര്യങ്ങളിലും വിലക്കു കല്പിക്കപ്പെട്ടിരിക്കുന്നു. അവൾ സർവ്വംസഹയായിരിക്കണം.

കോടശ്ശേരി പഞ്ചായത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലാണ്. ഇതുകാണിക്കുന്നത് പുരുഷന്മാർക്കുള്ള തിനേക്കാൾ ആധിപത്യം സ്ത്രീകൾക്കുവേണമെന്നുതന്നെയാണ്. 1957നുമുമ്പ് ഫ്യൂഡൽ സമ്പ്രദായമാണിവിടെ നിലനിന്നിരുന്നത്. യാതൊരുവിധ അസ്ഥിത്വവുമില്ലാതെ മററുള്ളവർക്കായുഴാനും നടുവാനും കററകൊയ്യാനും മെതിക്കുവാനും പററുന്ന ഒരുതരം ഇരുകാലിമാടുകൾക്കെന്തു വിദ്യാഭ്യാസം ? 1957നു ശേഷമാണ് സ്വന്തമായി മണ്ണും വീടും കർഷകനു ലഭിച്ചത്. അതോടെ വിദ്യാഭ്യാസരംഗം സജീവമായി. എന്നിട്ടും സ്ത്രീ വിദ്യാഭ്യാസം അവഗണിക്കപ്പെട്ടുതന്നെ കിടന്നു. കാലം മാറിയതോടെ സാമൂഹ്യവീക്ഷണത്തിൽ വന്ന മാററം സ്ത്രീ വിദ്യാഭ്യാസത്തിനു ആക്കം കൂട്ടി. സ്ത്രീയു പുരുഷനേപ്പോലെ അധ്വാനിച്ചാലെ ഇന്നു ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ എന്ന സ്ഥിതി സംജാതമായപ്പോൾ അവൾക്കും തൊഴിൽ ചെയ്യാനുള്ള സൗകര്യം വേണമെന്നായി. തൊഴിൽ ലഭിക്കണമെങ്കിൽ വിദ്യാഭ്യാസവും വേണം. ഇന്നത്തെ ഈ സ്ഥിതിയിൽ പെൺകുട്ടികൾ വ്യാപകമായി പഠനം തുടരുന്നു. ആൺകുട്ടികളേക്കാൾ ഉന്നതവിദ്യാഭ്യാസരംഗം പെൺകുട്ടികൾ കയ്യടക്കിയിരിക്കുന്നുവെന്നതാണ് സത്യം. വിദ്യാഭ്യാസരംഗത്ത് അദ്ധ്യാപകരേക്കാൾ അധികം അദ്ധ്യാപികമാരാണ് എന്നത് യാഥാർത്ഥ്യമാണ് പോലീസ് സേന തുടങ്ങിയ രംഗത്തുപോലും ഇന്നു സ്ത്രീകളുടെ പങ്ക് അവഗണിക്കത്തക്കതല്ല.

പഞ്ചായത്തിലെ തൊഴിൽരംഗം പ്രധാനമായും കാർഷികമേഖലയാണ്. വ്യവസായമേഖല ഇല്ലെന്നു തന്നെ പറയാം. എന്നാൽ കരിങ്കൽ ക്വാറികളിൽ പുരുഷന്മാരാണ് പണിചെയ്യുന്നതെങ്കിലും അവിടെ മെററലുടക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നത് സ്ത്രീകളാണ്. കെട്ടിടം പണി, മണ്ണുചുമട്, കല്ലുചുമട്, കൊയ്ത്ത്, ഞാറുനടീൽ, കളയെടുകികൽ മെതിക്കൽ ഇതെല്ലാം സ്ത്രീകളാണ് ചെയ്യുന്നത്. സ്ത്രീ തൊഴിലാളികൾക്ക് പൊതുവെ കൂലി കുറവാണ്. ഒരേ ജോലി ചെയ്യുന്ന സ്ത്രീക്കും പുരുഷനും കൂലിവ്യത്യാസമുണ്ട്. തുല്യജോലിക്ക് തുല്യവേതനം നൽകുന്നില്ല.

ഇന്ന് അഭ്യസ്തവിദ്യരായ പെൺകുട്ടികളെ ധാരാളം ലഭിക്കാനുള്ളതുകൊണ്ട് അവരുടെ അധ്വാനം ചൂഷണം

ചെയ്യുന്ന ഒരു മേഖലയായി കച്ചവടരംഗം മാറിയിരിക്കുന്നു. വില്പനക്കാർ പെൺകുട്ടികളാണ്. തുച്ഛമായ വേതനം. അത് ഉടുക്കാനും തേക്കാനുമുള്ള ചിലവ് ഒക്കും. ഭക്ഷണത്തിനു തികയില്ല. വളരെ കാര്യക്ഷമമായും വിശ്വസനീയമായും പെൺകുട്ടികൾ ജോലിചെയ്യുന്നു. എന്നിട്ടും വേതനമില്ല. ഇവിടെ ചൂഷണം കൊടികുത്തിവാഴുകയാണ്.

സ്ത്രീകൾ ഈ പഞ്ചായത്തിൽ അസംഘടിതരാണ്. മഹിളാ അസോസിയേഷൻെറ വില്ലേജു കമ്മിററി നിലവിലുണ്ടെങ്കിലും വ്യാപകവും സജീവവുമായ പ്രവർത്തനം ഈ മേഖലയിൽ ഇല്ലെന്നുതന്നെ പറയാം. പഞ്ചായത്തിൽ വനിതകൾക്കായി 4 സംവരണ സീററുകളുണ്ട്. ഈ തത്വം എല്ലാ മേഖലകളിലും പാലിക്കപ്പെടുന്നില്ല.

തൊഴിൽ മേഖലകളിൽ സ്ത്രീകൾ ക്രൂരമായ അവഗണന നേരിടുന്നുണ്ട്. അദ്ധ്യാപനരംഗത്തൊഴികെ മററല്ലാരംഗങ്ങളിലും പുരുഷന്മാരുടെ ആധിപത്യം പ്രകടമാണ്. സ്ത്രീകളെ എല്ലാവിധേനയും ശക്തിപ്പെടുത്തണം. അല്ലാതെ അവൾക്കെതിരായ ശക്തികളെ നേരിടാനാവില്ല. സ്വയംസംരംഭങ്ങൾ തുടങ്ങാൻ അവൾ ആത്മധൈര്യത്തോടെ മുന്നോട്ടുവരണം. പ്രതിബന്ധങ്ങളുണ്ടാവും. അതിനെ നേരിടേണ്ടിയും വരും.

ഏതുഘട്ടം എടുത്തുനോക്കിയാലും സാമൂഹികരംഗത്ത് സ്ത്രീകളുടെ സാന്നിദ്ധ്യം കുറവായിരുന്നെന്നു കാണാവുന്നതാണ്. ആ സ്ഥിതിക്ക് ഇന്നും മാററം വന്നിട്ടില്ല. മാററം വരണം, വരുത്തണം. ഭൂരിപക്ഷം വരുന്ന സ്ത്രീകളിലെ മാററമായിരിക്കും സാമൂഹികമാററത്തിൻെറ ഉരകല്ല്.

വിദ്യാഭ്യാസരംഗത്ത് പ്രീഡിഗ്രി തലം വരെ പെൺകുട്ടികൾ ആധിപത്യം വഹിക്കുമ്പോൾ, ഡിഗ്രിതലത്തിൽ ആൺകുട്ടികളാണ് ആധിപത്യം വഹിക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന് പെൺകുട്ടികളെ അയക്കാൻ വിസമ്മതിക്കുന്നുവെന്നുതന്നെയാണിതുകാണിക്കുന്നത്. സാക്ഷരതാ പ്രവർത്തനം ഏററവും ഗുണം ചെയ്തിട്ടുള്ളത് സ്ത്രീകൾക്കാണ്. അവളുടെ അവകാശങ്ങളെക്കുറിച്ച് അവളിന്നു ബോധവതിയാണ്. എന്നാൽ മകാരമാസികകൾ മഹിളാരത്നങ്ങളെ ചെളിക്കുണ്ടിലേക്ക് തള്ളിയിടുന്നുവെന്ന ദുഃഖസത്യം നാം കാണാതിരുന്നുകൂടാ. അതിൽ നിന്നവരെ ബോധവൽക്കരിച്ചു പിന്തിരിപ്പിക്കണം.

പൊതുരംഗത്തേക്കു വരുന്ന സ്ത്രീകളെ നിരുത്സാഹപ്പെടുത്താൻ നിക്ഷിപ്തതാല്പര്യക്കാർ സജീവമായി രംഗത്തുണ്ട്. ഇതുമനസ്സിലാക്കാൻ ബോധവൽക്കരണം അത്യാവശ്യമാണ്. സാധാരണക്കാർ സംഘടിക്കുമ്പോൾ നിക്ഷിപ്തസ്വാർത്ഥതാല്പര്യക്കാർ ഓരിയിടുക സ്വാഭാവികമാണ്. അതുകേട്ടു തളരുന്നവരാകരുത് സ്ത്രീകൾ. പുരുഷനോടൊപ്പം സ്ത്രീയും തോളോടുതോൾ ചേർന്നുനിന്നു പൊരുതേണ്ട സാഹചര്യമാണിന്നു വന്നു ചേർന്നിരിക്കുന്നത്.

സ്ത്രീകൾക്ക് പാരമ്പര്യമായി പുരുഷന്മാരെ ആശ്രയിച്ചു നില്ക്കാനുള്ള ഒരു പ്രവണത കാണുന്നുണ്ട്. ഇതാണവരുടെ ദൗർബ്ബല്യം. സ്വന്തമായി തൊഴിൽ ചെയ്യാനും ഉപജീവനമാർഗ്ഗം കണ്ടെത്താനും സ്വതന്ത്രമായി ജീവിക്കാനും അവൾ തയ്യാറാകണം. പുരുഷനേപ്പോലെ സ്ത്രീക്കും ഏതു ജോലിയും ചെയ്യാൻ കഴിയുമെന്നു തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്. ഏതുമേഖലയും അവൾക്കുപ്രാപ്യമാണ്. മനുഷ്യജാതിയിലെ ഭൂരിപക്ഷം വരുന്ന ജനതയാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കുമെന്നും അതു കാര്യക്ഷമതയോടെ നിർവ്വഹിക്കാൻ കഴിയുമെന്നും സ്ത്രീകൾക്കു സ്വയം ബോധപ്പെടേണ്ടിയിരിക്കുന്നു. പുരുഷനു തുല്യം ശക്തിയും ബുദ്ധിയും തൻേറടവുംമുണ്ടെങ്കിലും സ്ത്രീ അതു പ്രകടിപ്പിക്കാൻ വൈമുഖ്യം കാണിക്കുന്നു.

ഭരണഘടനാനുസൃതമായ അവകാശങ്ങൾ തിരിച്ചറിഞ്ഞ് സംഘടിച്ച് ശക്തിയാർജ്ജിച്ചാണ് ഏതു വിഭാഗം ജനങ്ങളും തങ്ങളുടെ അവകാശങ്ങൾ നേടിയിട്ടുള്ളത്. ഇതു സ്ത്രീക്കും ബാധകമാണ്.

കവികൾ സ്ത്രീകളെ അബലകളും ചപലകളും, പൂവലാംഗികളും പേലവാംഗികളുമാക്കി ചിത്രീകരിച്ച് അവരുടെ ഓജസ് ചോർത്തികളഞ്ഞിരിക്കുകയാണ്. അതുപോലെ ആധുനിക മാധ്യമങ്ങൾ സ്ത്രീകളെ വില്പന ചരക്കുകളുമാക്കി മാററിക്കളഞ്ഞു. അവളുടെ വ്യക്തിത്വം ചോർത്തികളഞ്ഞിരിക്കുന്നു. ഇതു മനസ്സിലാക്കി സമരസജ്ജരായ സൈനികരെപ്പോലെ സ്ത്രീകൾ സംഘടിച്ചുമുന്നേറിയാൽമാത്രമെ ഇന്നനുഭവിക്കുന്ന അവശതകളിൽ നിന്നു മോചനം നേടാനാവുകയുള്ളു.

സ്ത്രീകൾഅവരുടേതായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്വയം സംഘടിക്കേണ്ടിയിരിക്കുന്നു. സാമൂഹികരംഗത്ത് അവരുടെ പ്രവർത്തനങ്ങളും പങ്കാളിത്തവും വർദ്ധിപ്പിക്കാൻ അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്.

സ്വയം തൊഴിൽ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്തുനടപ്പാക്കാൻ അവർക്ക് മാർഗ്ഗദർശനം നൽകണം. സാങ്കേതിക വിദ്യാഭ്യാസവും പ്രായോഗിക പരിശീലനവും നൽകണം. പഞ്ചായത്തുതലത്തിൽ വനിതകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു കേന്ദ്രസമിതി ആവശ്യമാണ്. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ സഹകരണസ്ഥാപനങ്ങളും തൊഴിൽയൂണിററുകളും മിനിഡയറികളും ഹാച്ചറികളും മുയൽ, പന്നി വളർത്തുകേന്ദ്രങ്ങളും ആരംഭിക്കണം. അടുക്കളത്തോട്ടങ്ങളും നേഴ്സറികളും അവർക്ക് വിജയകരമായി നടത്താൻ കഴിയും.

### വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. വിദ്യാഭ്യാസമേഖലയിലൊഴികെ സമസ്ത തൊഴിൽ മേഖലകളിലും സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹികസേവനരംഗത്തേക്ക് സ്ത്രീകൾ ധൈര്യപൂർവ്വം വരുന്നില്ല.
3. സ്വയംതൊഴിൽരംഗങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം എടുക്കുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
4. സ്ത്രീകൾ സാങ്കേതികവിദ്യാഭ്യാസം നേടുന്നതിൽ പിന്നോക്കം പോകുന്നു.
5. തുല്യജോലിക്ക് തുല്യവേതനം എന്ന മുദ്രാവാക്യം പാലിക്കപ്പെടുന്നില്ല.
6. തൊഴിൽനിയമങ്ങളിൽ സ്ത്രീകൾക്ക് പരിജ്ഞാനം കുറവാണ്.
7. സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയാണെന്ന് അറിയുന്നില്ല.
8. അംഗൻവാടി അദ്ധ്യാപികമാർക്ക് ന്യായമായ ശമ്പളം ലഭിക്കുന്നില്ല.
9. വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ പാഠ്യേതരപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം വളരെ കുറവാണ്.
10. സ്വാശ്രയബോധം സ്ത്രീകളിൽ വേണ്ടത്രവളർത്തിക്കൊണ്ടുവരത്തക്കവിധമുള്ള വിദ്യാഭ്യാസരീതിയല്ല ഇന്നുള്ളത്.
11. പുരുഷമേധാവിത്വമുള്ള സമൂഹത്തിലാണ് സ്ത്രീ വളർന്നു വരുന്നത്.
12. ശാസ്ത്രീയബോധം സ്ത്രീകളിൽ കുറവായതുകൊണ്ട് അവർ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമകളാകുന്നു.
13. മതപരമായ കെട്ടുപാടുകൾ സ്ത്രീകളെ വരിഞ്ഞുമുറുക്കിയിരിക്കുന്നു.
14. സാമ്പത്തികസ്വാതന്ത്ര്യമില്ലായ്ക പുരുഷമേധാവിത്തത്തിനു വഴിമാറിക്കൊടുക്കാൻ നിർബ്ബന്ധിതയാക്കുന്നു.
15. കഠിനാദ്ധ്വാനവും കാണാപ്പണിയും സ്ത്രീയെ ആരോഗ്യമില്ലാത്തവളാക്കുന്നു.
16. പ്രായമെത്താതെയുള്ള വിവാഹം ആരോഗ്യക്കുറവിനു കാരണമാക്കുന്നു.

17. കുടുംബത്തിൽ പെൺകുട്ടികൾ ആൺകുട്ടികളേക്കാൾ അവഗണന അനുഭവിക്കുന്നു.
18. വനിതാസംഘടനകൾ ഉണർന്നുപ്രവർത്തിക്കുന്നില്ല.
19. വനിതാസാങ്കേതികസ്ഥാപനങ്ങളില്ല.
20. വനിതാ വ്യവസായയൂണിററുകൾ വളരെ കുറവാണ്.
21. സ്ത്രീധനപീഢനവും സ്ത്രീപീഢനവും സാർവ്വത്രികമാണ്.
22. വിധവകൾക്ക് പെൻഷൻ നൽകുന്നില്ല.
23. ഉദ്യോഗസ്ഥകളായ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നില്ല.
24. കർഷകതൊഴിലാളിസ്ത്രീകളുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നില്ല.
25. സെയിൽസ്ഗേൾ പലവിധചൂഷണങ്ങൾക്കും വിധേയരാക്കപ്പെടുന്നു.
26. ഗർഭിണികളെ വേണ്ടപോലെ പരിഗണിക്കുന്നില്ല.
27. സാംസ്ക്കാരികമായി സ്ത്രീകളെ ചൂഷണം ചെയ്യുന്ന പുത്തൻ സാമ്പത്തിക കടന്നാക്രമണം പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു.
28. മാദ്ധ്യമങ്ങൾ നടത്തുന്ന പ്രചാരണങ്ങൾ ,ത്രീകളെ അപമാനിക്കുന്നു.
29. അവരുടെ ചിന്താശേഷിയും ബുദ്ധിയും നശിപ്പിക്കുന്നു.
30. സ്ത്രീകളിൽ പൊതുവേ അസഹിഷ്ണുത കൂടുതലായി കാണുന്നു.
31. സംഘടനാബോധം കുറവാണ്.
32. സ്ത്രീകളുടെ അവകാശങ്ങളേയും കഴിവുകളേയും പററി അവരെ ബോധവല്ക്കരിക്കുന്നില്ല.

## പരിഹാരങ്ങൾ

1. പ്രത്യുല്പാദനപരമായ തൊഴിലുകളിൽ സ്ത്രീകളെ ഏർപ്പെടുത്തുക.
2. തൊഴിൽ മേഖല കണ്ടെത്തി പരിശീലനം നൽകി തൊഴിൽ യൂണിററുകൾ ആരംഭിക്കാൻ സൗകര്യമുണ്ടാക്കി ക്കൊടുക്കുക.
3. തുല്യജോലിക്കു തുല്യവേതനം എന്ന സിദ്ധാന്തം നടപ്പിലാക്കുക.
4. തൊഴിലവസരങ്ങൾ, തൊഴിൽനിയമങ്ങൾ, അവകാശങ്ങൾ മുതലായവയെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.
5. അവകാശങ്ങൾ നേടിയെടുക്കാൻ സംഘടിക്കുകയും കൂട്ടായ വിലപേശലിലൂടെ അവ നേടിയെടുക്കാൻ വനിതാസംഘടനകൾ ശക്തമാക്കുക.
6. വനിതാവ്യവസായയൂണിററുകൾക്ക് നൽകുന്ന സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ പ്രയോജന പ്പെടുത്തുക.
7. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായപദ്ധതി മുതലായവയിലെ ആനുകൂല്യങ്ങൾ അർഹരായവർക്കെല്ലാം നൽകുക.
8. അംഗൻവാടികളിലെ അദ്ധ്യാപികമാരുടെ വേതനം പരിഷ്ക്കരിക്കുകയും അവിടെ ഭൗതിക സൗകര്യങ്ങളും ആഹാരവും മെച്ചപ്പെട്ടതാക്കുക.
9. വിദ്യാലയങ്ങളിലെ പാഠ്യേതരപ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്ക് വർദ്ധിപ്പിക്കുക.
10. സാമൂഹ്യസേവനരംഗത്തേക്കിറങ്ങിവരുന്ന സ്ത്രീകളെ പ്രോത്സാഹിപ്പിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. എന്നാൽ മാത്രമേ അവർ ധൈര്യപൂർവ്വം ഇറങ്ങിവരികയുള്ളൂ.
11. തുല്യജോലിക്ക് തുല്യ വേതനം എന്ന തത്വം നടപ്പിലാക്കാൻ സംഘടിച്ച് ശക്തിയാർജ്ജിച്ച് പൊരുതേണ്ടിയിരിക്കുന്നു.

12. വനിതകളുടെ ഉന്നമനത്തിനു വേണ്ടി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് സ്ത്രീകളിൽ അവബോധം സൃഷ്ടിക്കണം.

13. ബാല്യത്തിലേ മുതൽ പെൺകുട്ടികളിൽ സ്വാശ്രയബോധം വളർന്നുവരത്തക്കവണ്ണമുള്ള പരിശീലനവും വിദ്യാഭ്യാസവും നൽകണം. വീടുകളിൽ വച്ചുതന്നെ അതു തുടങ്ങണം. മററുള്ളവർ കൊണ്ടുപോയി സംരക്ഷിക്കും എന്നുള്ള വിചാരം പെൺകുട്ടികളിലുണ്ടാക്കരുത്. ഒററക്കു നിന്നു പൊരുതി വേണം ജീവിക്കാനെന്ന ദൃഢമായ ചിന്തയാണ് വളർത്തിക്കൊണ്ടുവരേണ്ടത്.

14. ശാസ്ത്രീയബോധം വളർത്തിക്കൊണ്ടുവരാൻ പര്യാപ്തമായ ബോധവത്ക്കരണം പ്രത്യേകിച്ചു പെൺകുട്ടികൾക്കാവശ്യമാണ്. എന്തിനും ഏതിനും വാതിലടച്ചിട്ടിരുന്നു പ്രാർത്ഥിച്ചാൽ മതി എന്ന വിശ്വാസം പിഞ്ചുകുട്ടികളിൽ കുത്തിവെയ്ക്കുന്ന ഇന്നത്തെ വിദ്യാലയാന്തരീക്ഷം യഥാർത്ഥത്തിൽ കുട്ടികളെ അന്ധവിശ്വാസത്തിൻെറ ആഴത്തിലേക്കുതള്ളിവിടുകയാണ്. രക്ഷിതാക്കൾ ഈ സത്യം മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

15. ഇന്നലെച്ചെയ്ത അബദ്ധം നാളത്തെ ശാസ്ത്രമായി മാറി. ഇന്ന് ആചാരമായി നിലനില്ക്കുന്ന ദുഷ്പ്രവൃത്തികളെ ചിന്താശക്തി ഉപയോഗിച്ച് പുറംതള്ളേണ്ട സമയമായിരിക്കുന്നു. ഉടുതുണി മാറുന്നതുപോലെ ഭാര്യമാരെ മാറി മാറി തെരഞ്ഞെടുക്കുന്ന പാശ്ചാത്യ സംസ്ക്കാരം അപലപനീയംതന്നെ.

16. മതപരമായ ആചാരങ്ങൾ സ്ത്രീ സ്വാതന്ത്ര്യത്തെ കുറച്ചൊന്നുമല്ല ഹനിക്കുന്നത്. ഇത് സംഘടിച്ച് എതിർക്കേണ്ടതും പരാജയപ്പെടുത്തേണ്ടതുംതന്നെ.

17. തൊഴിലെടുക്കുന്ന സ്ത്രീകൾ സ്വാഭാവികമായും അനാരോഗ്യവതികളായി കാണപ്പെടുന്നുണ്ട്. അമിതമായ അദ്ധ്വാനവും പോഷകാഹാരക്കുറവും കാണാപ്പണിയുമാണ് അതിനു കാരണം.ഇതിൻെറ കാരണം മനസ്സിലാക്കി പുരുഷൻമാർ സ്ത്രീകളെ സഹായിക്കുകതന്നെ വേണം. പ്രായമെത്താതെയുള്ള പെൺകുട്ടികളുടെ വിവാഹവും പ്രസവവും മറെറാരു കാരണമാണ്.

18. സ്വന്തം കുടുംബത്തിൽപ്പോലും പെൺകുട്ടികൾ അവഗണന നേരിടുന്നു. ആൺകുട്ടികൾക്കു കിട്ടുന്ന പരിഗണന എല്ലാ കാര്യങ്ങളിലും പെൺകുട്ടിക്ക് അധികം വീടുകളിലും ലഭിക്കുന്നില്ല. ഗൃഹാന്തരീക്ഷത്തിൽവച്ചുതന്നെ അമ്മമാർ പെൺകുട്ടികളെ അടിമയായി ജീവിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. അവൾക്കെല്ലാം വിലക്കപ്പെടുന്നു.

19. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അവർ സംഘടിക്കണം. അങ്ങനെയുള്ള സംഘടനകൾ വഴി അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണണം.

20. സ്ത്രീപീഡനത്തിൻെറ പ്രധാന കാരണം മദ്യപാനം, ചൂതുകളി, കുതിര പന്തയം മുതലായവയും അതിൽ നിന്നുണ്ടാകുന്ന ദുഷ് ഫലങ്ങളുമാണ്. സ്വന്തം ഭാര്യയെ പണയം വച്ചു ചൂതുകളിച്ചതാണ് നമ്മുടെ പാരമ്പര്യം. അതുകൊണ്ട് എല്ലാത്തരം മദ്യവും പൂർണ്ണമായും നിരോധിക്കണം. ഇതൊരു തത്വമായി ഗവൺമെൻറ് അംഗീകരിക്കണം. ചാരായം നിരോധിച്ചെങ്കിലും നാട്ടിലെമ്പാടും ചാരായ വൽപ്പനയും മറ്റും നടന്നിട്ടും വേണ്ടപ്പെട്ടവർ ഒരു ചെറുവിരൽ പോലുമനക്കുന്നില്ലെന്നത് ഖേദകരമാണ്. ഭരണയന്ത്രം പരാജയപ്പെടുന്നിടത്ത് ജനങ്ങൾ സ്വയം സജ്ജരാവുകയല്ലാതെ ഗത്യന്തരമില്ല.

21. ഉദ്യോഗസ്ഥകളും തൊഴിലാളികളുമായ സ്ത്രീകൾക്ക് ഇന്നു നൽകുന്ന ആനുകൂല്യങ്ങൾ തീരെ അപര്യാപ്തമാണ്. ഗർഭകാല ശുശ്രൂഷക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകണം. അതുപോലെ പ്രസവാനന്തരം ശിശുസംരക്ഷണം കൂടി വരുന്നതുകൊണ്ട് ആ ആനുകൂല്യം ഇരട്ടിയാക്കുകയും ചെയ്യേണ്ടതാണ്. സർക്കാർ ജീവനക്കാർക്ക് ലീവാനുകൂല്യം 6 മാസമാക്കി വർദ്ധിപ്പിക്കണം.

185

22. സെയിസ് ഗേൾസിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് പരിഹാരം കണ്ടെത്തേണ്ടതാണ്.

23. സ്ത്രീകളെ കച്ചവടച്ചരക്കാക്കി മാറ്റുന്ന കമ്പോള സംസ്ക്കാരത്തെക്കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുകയും, സർക്കാർ മാധ്യമങ്ങളിൽ അതിനു വേണ്ടത്ര പ്രചാരണം നടത്തുകയും ചെയ്യേണ്ടതാണ്.

24. സാമൂഹ്യമായ പ്രശ്നങ്ങളിൽ ഇടപെടാത്തതു കൊണ്ട് പരക്ലേശങ്ങളെക്കുറിച്ച് ബോധമില്ലായ്കയാലാണ് സ്ത്രീകൾ പൊതുവേ സഹിഷ്ണുതയില്ലാത്തവരായിക്കാണുന്നത്. സേവനരംഗങ്ങളിൽ പ്രവർത്തിക്കാൻ സൗകര്യപ്പെടുത്തിയാൽ ത്യാഗസന്നദ്ധരും, സഹിഷ്ണുതയുള്ളവരുമായിത്തീർന്നുകൊള്ളും.

25. വനിതാസംഘടനകളിൽ എല്ലാവരെയും ഭാഗവാക്കുകളാക്കുകയും സംഘടിതശ്രമങ്ങൾക്ക് അവർക്ക് അവസരം നൽകുകയും ചെയ്യേണ്ടതാണ്. അവരുടെ അവകാശങ്ങളേയും ചുമതലകളേയും പറ്റി ബോധവൽക്കരണ പരിപാടികൾ അനുസ്യൂതം തുടരുകയുമാണെങ്കിൽ പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷി നമുക്കു മുതൽക്കൂട്ടാക്കാം. പുരോഗതി ക്ഷിപ്രസാധ്യവുമാകും.

# പട്ടികജാതി - പട്ടിക വർഗ്ഗം

## വിവരങ്ങൾ (ആമുഖം)

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 17% പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. 1023 പട്ടികജാതി കുടുംബങ്ങളും, പട്ടികവർഗ്ഗ കുടുംബങ്ങളും ഇവിടെ താമസിച്ചു വരുന്നു. 16 അംഗീകൃതകോളിനികളും, 10 അംഗീകരിക്കാത്ത കോളിനികളിലുമായി 171 കുടുംബങ്ങൾ ഇടകലർന്നുമാണ് താമസിച്ചു വരുന്നത്. ആകെ 1280 പട്ടികജാതി-പട്ടികവർഗ്ഗ കുടുബങ്ങളിലുമായി 6419 അംഗങ്ങൾ ഉണ്ട്. വിദ്യാഭ്യാസ, സാമൂഹികമേഖലകളിൽ താരതമ്യേന ഭേദപ്പെട്ട നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ-സാമ്പത്തികരംഗത്ത് നിരവധികാലം ചൂഷണത്തിനു വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമി ലഭ്യതയും ചെറിയൊരു ശതമാനത്തിന് സാമൂഹികപുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന അയിത്താചരണവും, ജാതിചിന്തയും അതുമൂലമുള്ള പലവിധ വിവേചനങ്ങളും പല രൂപങ്ങളിലും ഈസമുദായ വിഭാഗങ്ങൾക്കെതിരെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇതിന് സോദ്ദേശ്യമായ ബോധവൽക്കരണവും പ്രചാരണവും മൂലം പരിഹാരം കണ്ടെത്താവുന്നതാണ്. ഇവർക്ക് എല്ലാ ജാതി മതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിൻെറ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈവിഭാഗത്തിന് ഭാഗികനേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പര്ഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്. കോളനികളുടെ വിവരം 1-ാം പട്ടികയിലും 1-ൽ Aയിലും ചേർക്കുന്നു.

ലഭ്യമായ കണക്കു പ്രകാരം കോളിനികളിലെ ജനസംഖ്യ 6419 ആണ് . അംഗീകരിക്കാത്ത കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന്. നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനും , എസ്.എസ്.എൽ.സി. ക്കു ശേഷം തുടർന്നു പഠിക്കുന്നതിനു പല കുട്ടികളും താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 1996-97 അദ്ധ്യായന വർഷത്തിൽ 631(B -322, G-309) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ യു. പി. യിലും ഹൈസ്കൂളിലുമായി 36 കുട്ടികൾ പഠനം നിർത്തി എസ്.എസ്.എൽ.സി ക്ക് പരാജയപ്പെട്ടാൽ തുടർന്നു പഠിക്കുന്നതിന് തയ്യാറാകുന്നില്ല. നിലവിൽ 17കുട്ടികൾ മാത്രമാണ് തുടർന്നു പഠിക്കാൻ താൽപ്പര്യം

187

കാണിച്ചിട്ടുള്ളത്. പൊതുവേ എസ്.എസ്.എൽ.സി ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേണ്ടതാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനു വേണ്ടി മറ്റു മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 70 രൂപയും പുരുഷന് 90 രൂപയും വരെ കൂലി ലഭിക്കുന്നുണ്ട്. തൃപ്തികരമായ കൂലി ലഭിക്കന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷികരംഗത്തു നിന്നു മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന 'നടീൽ' തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപ്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കാർഷിക മേഖലയിൽ കൂലിവേല ചെയ്തു മാത്രം ഉപജീവനം കഴിച്ചു വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പ് വരുത്തുകയും, പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറുകുടിലുകളിൽ നിന്ന് മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടു പോയതിനാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കതെ കിടക്കുന്നുണ്ട്. വീടു വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടു വയ്ക്കാൻ ആവശ്യമുള്ള സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസപദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. രണ്ട് കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന ഗിരിജൻ കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്ക്കരിച്ച് പ്രത്യേക വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചു കൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ലക്ഷം വീട് കോളനികളിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നീ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമസഭാറിപ്പോർട്ടുകൾ പ്രകാരം 707 വീടും, 975 കക്കൂസും അനുവദിക്കേണ്ടതായുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷിക മേഖലകളിൽ നിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു. തൊഴിൽ സാധ്യത കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീട് വെക്കാൻ സ്ഥലമില്ല. വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു. പ്രാഥമീക സൗകര്യങ്ങൾ ഇല്ല.

4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല.

5. വൈദ്യുതി ഇല്ല.

6. പൊതു ശ്മശാനം ഇല്ല.

7. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

8. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

9. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

10. കർഷക തൊഴിലാളി പെൻഷൻ, മറ്റു പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നില്ല.

11. ഐ. ആർ. ഡി. പി. പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

12. പട്ടിക ജാതി വികസന കോർപ്പറേഷനും, പട്ടിക ജാതി-വർഗ്ഗക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

13. പട്ടികജാതി-വർഗ്ഗത്തിൻെറ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

14. കടക്കെണിയിൽപ്പെട്ടു പോകുന്നു.

15. നിലവിലുള്ള വീടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.

16. കോളനികളിൽ ഓരോ കുടുംബത്തിനും കക്കൂസ് നിലവിലില്ല.

17. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ കളിസ്ഥലം ഇല്ല.

18. മണ്ണ് സംരക്ഷണമില്ല.

19. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സ്കൂൾ ഇല്ല.

20. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ അഗ്രോ-സർവ്വീസ് സെൻ്റർ ഇല്ല.

* വായനശാലകൾ ഇല്ല.
* ട്യൂഷൻ സെൻ്റർ ഇല്ല.
* ഇൻഫർമേഷൻ സെൻ്റർ ഇല്ല.
* ടി. വി ഇല്ല.
* ടെലഫോൺ ബൂത്തില്ല.

21. കൃഷിക്ക് ജലസേചനം നടത്തുന്നതിന് വെള്ളമില്ല.

22. പട്ടിക വർഗ്ഗക്കാർക്ക് സൗജന്യമായി ഗ്രൂപ്പ് ഇൻഷുറൻസ് ഇല്ല.

23. വനവിഭവങ്ങൾ സംസ്ക്കരിക്കുന്നതിന് ഫാക്ടറി ഇല്ല.

189

24. രണ്ടുകൈ ട്രൈബൽ ലോവർ പ്രൈമറി സ്കൂൾ അപ്പർപ്രൈമറി സ്കൂളായി ഉയർത്തിയിട്ടില്ല.

25. പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിൽ സാങ്കേതിക വിദ്യാലയം ഇല്ല.

26. കോളനിയിലെ മൺറോഡുകൾ മെറ്റൽ വിരിച്ചിട്ടില്ല.

27. കോളനിയിലെ മെറ്റൽ റോഡുകൾ ടാറിംഗ് നടത്തിയിട്ടില്ല.

28. പട്ടികജാതി-പട്ടികവർഗ്ഗ കോളനി വഴികളിൽ കൂടി കെ. എസ്. ആർ. ടി. സി. ബസ്സ് റൂട്ട് ഇല്ല. (മാരാംകോട്ട് - കുറ്റിച്ചിറ വഴി രണ്ടുകൈ കോളനിയിലേക്ക്.)

## പരിഹാരം

- പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധപതിക്കേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.
- കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
- പനമ്പ്, കുട്ട, പ്ലാസ്റ്റിക് ഫർണിച്ചർ എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും, അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക. ഇതിന് എല്ലാ വിധ സഹായങ്ങളും നൽകുക.
- കുടിവെള്ള പ്രശ്നം പരിഹരിക്കുക.
- സഹകരണമേഖലയിൽ ഹോളോബ്രിക്സ് തുടങ്ങി മറ്റ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
- അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകി വരുന്ന (പട്ടികജാതി-വർഗ്ഗ വികസന വകുപ്പ്, പട്ടികജാതി-വർഗ്ഗ വികസന കോർപ്പറേഷൻ) വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.
- വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും, വായ്പകൾ ദുരുപയോഗം ചെയ്യുന്നതു തടയുകയും ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
- സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായനെയ്ത്ത്, റെഡിമെയ്ഡ്, സോപ്പ്, മെഴുകുതിരി, കുട, ചന്ദനത്തിരി എന്നീ നിർമ്മാണ പദ്ധതികൾ ആരംഭിക്കുക.
- പട്ടികജാതി-പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.
- പട്ടികജാതി-വർഗ്ഗക്കാർക്ക് കാർഷിക വികസനത്തിനായി സസ്യതൈകളും, കാർഷികോപകരണങ്ങളും, വളങ്ങളും സൗജന്യമായി കൃഷിഭവൻ മുഖേന ലഭ്യമാക്കുക.
- വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. വീടു നിർമ്മിക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക.
- വീട് പുതുക്കിപ്പണിയുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എസ്റ്റിമേറ്റ് അടിസ്ഥാനത്തിൽ ഗ്രാന്റ് നൽകുക.
- പട്ടികജാതി-വർഗ്ഗ കോളനി നിവാസികളുടെ വീടുകൾ സൗജന്യമായി വയറിംഗ് നടത്തി വൈദ്യുതി വെളിച്ചം ലഭ്യമാക്കുക.

- പട്ടികജാതി വികസന വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും നടപ്പിലാക്കി വരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസവദ്ധതി ഗ്രാമപഞ്ചായത്ത് മുഖേന പ്രാവർത്തികമാക്കുക.
- രണ്ടുകൈ ട്രൈബൽ ലോവർപ്രൈമറി സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി ലോവർപ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം പഠനം നിർത്തിപ്പോകുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം.
- പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ സംസ്ക്കരിച്ച് ഒരു ഔഷധഫാക്ടറി സഹകരണ മേഖലയിൽ ആരംഭിക്കണം.
- വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിനായി വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കണം.
- കുണ്ടുകുഴിപ്പാടം മാതൃ-ശിശുസംരക്ഷണകേന്ദ്രം, കിടത്തി ചികിത്സിക്കാവുന്ന ആശുപത്രിയാക്കി കോളനി നിവാസികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുക.
- പട്ടികജാതി-വർഗ്ഗ കോളനികളിൽ ശ്മശാനം സ്ഥാപിക്കുക, നിലവിലുള്ള ശ്മശാനം മതിൽ കെട്ടി സംരക്ഷിക്കുക.
- പട്ടികജാതി-വർഗ്ഗക്കാരുടെ കൃഷികൾക്ക് ജലസേചനം നടത്തുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
- പട്ടികജാതി-വർഗ്ഗക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം അനുവദിച്ചു നൽകുക.
- നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായവും വർദ്ധിപ്പിച്ച് നൽകുക.
- എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
- ലക്ഷം വീടുകോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി മാറ്റുക.
- D.W.C.R.A യൂണിറ്റ്, അച്ചാറ് നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായം ആരംഭിക്കുക.
- പട്ടികവർഗ്ഗക്കാർക്ക് പഞ്ഞമാസങ്ങളിൽ സൗജന്യറേഷനും, പല വ്യഞ്ജനങ്ങളും നൽകുക.
- 50 സെന്റ് ഭൂമിക്കു മുകളിലുള്ള പട്ടികജാതി-വർഗ്ഗ കുടുംബത്തിന് സർക്കാറിന്റെയും, റബ്ബർ ബോർഡിന്റെയും സഹായത്തോടെ റബ്ബർ തൈകൾ വിതരണം നടത്തുക.
- പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണസംഘം ആരംഭിക്കുക.
- പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ നൽകി വരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ഇൻസന്റീവ് തുടങ്ങിയ സാമ്പത്തിക സഹായം കാലോചിതമായി വർദ്ധിപ്പിക്കുക.
- പട്ടികജാതി-വർഗ്ഗകോളനികളിൽ അഗ്രോ-സർവ്വീസ് സെന്റർ നിർമ്മിക്കുകയും അതിനോടനുബന്ധിച്ച് വായനശാല, ട്യൂഷൻ സെന്റർ, ഇൻഫർമേഷൻ സെന്റർ, ടി.വി, ടെലഫോൺ ബൂത്ത് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക.
- പട്ടികജാതി-വർഗ്ഗ സൗജന്യമായി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി തുടങ്ങുക.
- കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, ക്ഷയരോഗ പെൻഷൻ തുടങ്ങിയവ കാലോചിതമായി വർദ്ധിപ്പിച്ച് പട്ടികജാതി-വർഗ്ഗക്കാർക്ക് ലഭ്യമാക്കുക.
- പട്ടികജാതി-വർഗ്ഗക്കാരുടെ കടബാധ്യതകൾ എഴുതിത്തള്ളുക. (10,000 രൂപക്ക് താഴെയുള്ള കടങ്ങൾ)

- പട്ടികജാതി-വർഗ്ഗ കോളനികളിൽ മണ്ണ് സംരക്ഷണപദ്ധതി നടപ്പിലാക്കുക.
- കുറ്റിച്ചിറ കേന്ദ്രീകരിച്ച് പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.
- പട്ടികജാതി-വർഗ്ഗസങ്കേതങ്ങളിൽ സാങ്കേതിക വിദ്യാലയം തുടങ്ങുക.
- മാരാംകോട്, കുറ്റിച്ചിറ കോളനി വഴി രണ്ടുകൈ ഗിരിജൻ കോളനിയിലേക്ക് കെ. എസ്. ആർ. ടി. സി ബസ്സ് സർവ്വീസ് തുടങ്ങുക.
- പട്ടികജാതി-വർഗ്ഗ കോളനികളിലെ മണ്ണ് റോഡ് മെറ്റലിങ്ങ് നടത്തി ഗതാഗത സൗകര്യമുണ്ടാക്കുക.
- പട്ടികജാതി-വർഗ്ഗ കോളനികളിലെ മെറ്റൽ റോഡ് ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കുക.
- പട്ടികജാതി-വർഗ്ഗ കോളനികളിലെ വൈദ്യുതി പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്ക് സ്ഥിരമായി കത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- പട്ടികജാതി-വർഗ്ഗ പാരമ്പര്യകലകൾ പ്രോത്സാഹിപ്പിക്കുന്നതിന് ധന സഹായം നൽകുക.
- പട്ടികജാതി-വർഗ്ഗ ആനുകൂല്യങ്ങൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് മുഖേന നൽകുക.
- പട്ടികജാതി-വർഗ്ഗ വികസനത്തിനു വേണ്ടി നീക്കി വെക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ചിലവഴിക്കുക.
- നിലവിലുള്ള പട്ടികജാതി-വർഗ്ഗ സംവരണത്തോത് ജനസംഖ്യാ ആനുപാതികമായി വർദ്ധിപ്പിക്കുക.

## സാദ്ധ്യതകൾ

**വൈദ്യുതി -** പഞ്ചായത്തിലെ കലിക്കൽക്കുന്ന്, നായരങ്ങാടി ഈസ്റ്റ് വെസ്റ്റ്, നായരങ്ങാടി സൗത്ത്, ചട്ടിക്കുളം കൂട്ടാല, ചന്ദനക്കുന്ന്, മണലായി, ചുമ്മാരുകാട്ട്, കൂർക്ക മറ്റം, കുറ്റിച്ചിറ(അംബേദ്കർ), കാരാപ്പാടം, പൈലത്തറ, ചെമ്പൻകുന്ന്, കുറ്റിച്ചിറ ഈസ്റ്റ് എന്നീ ഹരിജൻ കോളനികളും മാരാംകോട്ട്, മേട്ടിപ്പാടം, മാരാംകോട്ട് ഈസ്റ്റ്, രണ്ടുകൈ എന്നീ ഗിരിജൻ കോളനികളിലും ഭാഗികമായാണ് വീടു വൈദ്യുതികരിച്ചിട്ടുള്ളത്. മറ്റുള്ള വീടുകളും, അംഗീകരിക്കാത്ത കോളനികളും വൈദ്യുതികരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകണം.

**കുടിവെള്ളം -** കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. ഇതു പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും, കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗശൂന്യമാണ്. ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള കോളനികളിൽ ടാപ്പുകളുടെ എണ്ണം കുറവായതിനാൽ ജലദൗർലഭ്യം ഉണ്ടാകുന്നു. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം.

**ആരോഗ്യം -** 6,7,8,9,10, 11,12 വാർഡുകൾക്ക് ഉപകാരപ്രദമാവുന്ന കുണ്ടുകുഴിപ്പാടം മാതൃ-ശിശു സംരക്ഷണകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാവുന്ന ആശുപത്രിയാക്കിയാൽ മേൽ വാർഡുകളിലെ കോളനി നിവാസികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

**സാമൂഹ്യം -** പട്ടികജാതി-വർഗ്ഗ കോളനികളിൽ ശ്മശാനം അനുവദിക്കേണ്ടതും, നിലവിലുള്ള ശ്മശാനം മതിൽ കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന ഹരിജന ക്ഷേമവകുപ്പും, ഗിരിജന ക്ഷേമവകുപ്പും, പട്ടികജാതി-വർഗ്ഗ വികസന

കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

<u>ജലസേചനം -</u> പട്ടികജാതി-വർഗ്ഗകോളനി നിവാസികളുടെ കൃഷികൾ വേനൽക്കാലമായാൽ ഉണങ്ങി നശിച്ചു കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള പഴയകുളങ്ങൾ ആഴം കൂട്ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ കഴിയും.

<u>കൃഷി -</u> പട്ടികജാതി-വർഗ്ഗക്കാരുടെ കാർഷിക അഭിവൃദ്ധിക്കു വേണ്ടി നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് കൃഷിഭവൻ മുഖേന റബ്ബർ തൈ, തെങ്ങിൻ തൈ, കവുങ്ങിൻ തൈ തുടങ്ങിയ മറ്റ് സസ്യ തൈകളും, കാർഷിക ഉപകരണങ്ങളും, വളങ്ങളും, കീടനാശിനികളും, സൗജന്യമായി വിതരണം നടത്തുകയാണെങ്കിൽ വളരെയധികം പുരോഗതി ഉണ്ടാക്കാൻ കഴിയും. മേൽപ്പറഞ്ഞ തൈകൾ പട്ടികജാതി-വർഗ്ഗക്കാർ ദുരുപയോഗം നടത്തുന്നത് തടയുന്നതിന് പഞ്ചായത്ത് സമിതി പരിശോധിക്കേണ്ടതാണ്.

<u>വ്യവസായം -</u> പട്ടികജാതി-വർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വ്യവസായ പരിശീലനം നൽകുകയും, പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും - വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും, ചെയ്യുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.

<u>പാർപ്പിടം -</u> പട്ടികജാതി-വർഗ്ഗക്കാരുടെ വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട് വക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വക്കാൻ ആവശ്യമായ സ്ഥലവും, വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.

* ——— *

193

# പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ

## പട്ടിക-1

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | II | നായരങ്ങാടി സൗത്ത് ഹരിജൻ കോളനി | 12 | 67 |
| 2 | III | കലിക്കൽ കുന്ന് ഹരിജൻ കോളനി | 77 | 390 |
| 3 | IV | നായരങ്ങാടി വെസ്റ്റ് & ഈസ്റ്റ് ഹരിജൻ കോളനി | 155 | 775 |
| 4 | IV | മേട്ടിപ്പാടം ഗിരിജൻ കോളനി | 10 | 47 |
| 5 | V | ചട്ടിക്കുളം (കൂട്ടാല) ഹരിജൻ കോളനി | 55 | 275 |
| 6 | V | ചന്ദനക്കുന്ന്(മണലായി) ഹരിജൻ കോളനി | 170 | 350 |
| 7 | VI | മാരാംകോട് ഗിരിജൻ കോളനി | 56 | 280 |
| 8 | VI | ചുമ്മാരുക്കാട് ഹരിജൻ കോളനി | 55 | 275 |
| 9 | VI | കൂർക്കമറ്റം ഹരിജൻ കോളനി | 85 | 425 |
| 10 | VII | കുറ്റിച്ചിറ ഹരിജൻ കോളനി(അംബേദ്കർ) ഈസ്റ്റ് /വെസ്റ്റ് | 135 | 675 |
| 11 | VII | കാരാപ്പാടം ഹരിജൻ കോളനി | 140 | 700 |
| 12 | VIII | മാരാക്കോട് ഈസ്റ്റ് ഗിരിജൻ കോളനി | 20 | 130 |
| 13 | IX | വൈലാത്ത ഹരിജൻ കോളനി | 120 | 600 |
| 14 | X | ചെമ്പൻകുന്ന് ഹരിജൻ കോളനി | 34 | 170 |
| 15 | XI | കുറ്റിച്ചിറ ഈസ്റ്റ് ഹരിജൻ അംബേദ്കർ കോളനി | 25 | 125 |
| 16 | XII | രണ്ടുകൈ ഗിരിജൻ കോളനി | 60 | 300 |
| | | | 1109 | 5584 |

## അംഗീകരിക്കാത്ത കോളനികൾ

പട്ടിക-1-A



| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | I | എലിഞ്ഞിപ്ര ഹരിജൻ | 18 | 98 |
| 2 | II | ചൗക്ക ഹരിജൻ | 13 | 63 |
| 3 | III & IV | നായരങ്ങാടി സെറ്റിൽമെൻ്റ് ഹരിജൻ | 15 | 78 |
| 4 | IV | കമ്മളം ഹരിജൻ | 15 | 69 |
| 5 | VI | കോണിക്ക മറ്റം ഹരിജൻ | 20 | 103 |
| 6 | VIII | കൂനംപാടം ഹരിജൻ | 25 | 129 |
| 7 | VIIII | കമലക്കട്ടി ഹരിജൻ | 15 | 70 |
| 8 | IX | വെള്ളിക്കുളങ്ങര ഹരിജൻ | 15 | 76 |
| 9 | IX | കോർമല ഹരിജൻ | 15 | 69 |
| 10 | X | പൊന്നാമ്പിയോളി ഹരിജൻ | 20 | 80 |
| | | | 171 | 835 |

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിൻ്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | നായരങ്ങാടി സൗത്ത് ഹരിജൻ കോളനി | 1 | 6 | 5 | 5 | 6 | 6 |
| 2 | കലിക്കൽ കുന്ന് ഹരിജൻ കോളനി | 1 | 25 | 51 | 51 | 7 | 70 |
| 3 | നായരങ്ങാടി ഈസ്റ്റ് /വെസ്റ്റ് ഹരിജൻ കോളനി | 5 | 95 | 55 | 55 | 85 | 70 |
| 4 | മേട്ടിപ്പാടം ഗിരിജൻ | 1 | 4 | 5 | 5 | - | 10 |
| 5 | ചട്ടിക്കുളം ഹരിജൻ (കൂട്ടാല) കോളനി | 3 | 17 | 35 | 35 | 25 | 30 |
| 6 | ചന്ദനക്കുന്ന്(മണലായി)ഹരിജൻ | ഇല്ല | 20 | 35 | 35 | 10 | 45 |
| 7 | മാരാംകോട് ഗിരിജൻ കോളനി | 4 | 30 | 22 | 22 | 5 | 51 |
| 8 | ചുമ്മാരുക്കാട് ഹരിജൻ | ഇല്ല | 20 | 35 | 35 | 10 | 45 |
| 9 | കൂർക്കമറ്റം ഹരിജൻ | 2 | 25 | 58 | 58 | 15 | 70 |
| 10 | കുറ്റിച്ചിറ ഹരിജൻ (അംബേദ്കർ ഈസ്റ്റ് & വെസ്റ്റ്) | 1 | 49 | 85 | 85 | - | 100 |
| 11 | കാരാപ്പാടം ഹരിജൻ | 1 | 51 | 88 | 88 | - | 110 |
| 12 | മാരാക്കോട് ഈസ്റ്റ് & വെസ്റ്റ് കോളനി | 4 | 5 | 11 | 11 | - | 20 |
| 13 | വൈലാത്തറ ഹരിജൻ കോളനി | 12 | 50 | 58 | 58 | 25 | 95 |
| 14 | ചെമ്പൻകുന്ന് ഹരിജൻ കോളനി | ഇല്ല | 10 | 24 | 24 | 25 | 28 |
| 15 | കുറ്റിച്ചിറ ഈസ്റ്റ് ഹരിജൻ അംബേദ്കർ | ഇല്ല | 14 | 11 | 11 | - | 24 |
| 16 | രണ്ടുകൈ ഗിരിജൻ | ഇല്ല | 42 | 18 | 18 | 4 | 56 |
| | ആകെ | 35 | 363 | 611 | 611 | 192 | 845 |

## അംഗീകരിക്കാത്ത കോളനികൾ
### പട്ടിക--2-A

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ആവശ്യമില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | എലിഞ്ഞിപ്ര ഹരിജൻ | ഇല്ല | 12 | 6 | 6 | 10 | 8 |
| 2 | ചൗക്ക ഹരിജൻ | ഇല്ല | ഇല്ല | 13 | 13 | 1 | 12 |
| 3 | നായരങ്ങാടി സെറ്റിൽമെൻറ് ഹരിജൻ | ഇല്ല | 6 | 9 | 9 | 2 | 13 |
| 4 | കമ്മളം ഹരിജൻ | ഇല്ല | 11 | 4 | 4 | 3 | 12 |
| 5 | കോണിക്ക മറ്റം ഹരിജൻ | 1 | 8 | 11 | 11 | 5 | 15 |
| 6 | കൂനംപാടം ഹരിജൻ | 1 | 15 | 9 | 9 | 12 | 8 |
| 7 | കമലക്കട്ടി ഹരിജൻ | ഇല്ല | - | 15 | 15 | ഇല്ല | 15 |
| 8 | വെള്ളിക്കുളങ്ങര ഹരിജൻ | ഇല്ല | 7 | 8 | 8 | 2 | 13 |
| 9 | കോർമല ഹരിജൻ | ഇല്ല | 5 | 10 | 10 | 3 | 14 |
| 10 | പൊന്നാമ്പിയോളി ഹരിജൻ | ഇല്ല | 9 | 11 | 11 | - | 20 |
| | ആകെ | 2 | 63 | 96 | 96 | 38 | 130 |

### പട്ടിക-3

| വാർഡ് നമ്പർ | ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി | വാർഡ് നമ്പർ | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനി |
|---|---|---|---|
| II | കലിക്കൽ കുന്ന് ഹരിജൻ കോളനി | II | കലിക്കൽ കുന്ന് ഹരിജൻ കോളനി |
| IV | നായരങ്ങാടി ഈസ്റ്റ് /വെസ്റ്റ് ഹരിജൻ കോളനി | IV | നായരങ്ങാടി ഈസ്റ്റ് /വെസ്റ്റ് ഹരിജൻ കോളനി |
| IV | മേട്ടിപ്പാടം ഗിരിജൻ കോളനി | IV | മേട്ടിപ്പാടം ഗിരിജൻ കോളനി |
| V | ചന്ദനക്കുന്ന്(മണലായി)ഹരിജൻ കോളനി | V | ചന്ദനക്കുന്ന്(മണലായി)ഹരിജൻ കോളനി |
| VI | മാരാംകോട് ഗിരിജൻ കോളനി | VI | മാരാംകോട് ഗിരിജൻ കോളനി |
| VI | ചുമ്മാരുക്കാട് ഹരിജൻ കോളനി | VI | ചുമ്മാരുക്കാട് ഹരിജൻ കോളനി |
| VI | കൂർക്കമറ്റം ഹരിജൻ കോളനി | VI | കൂർക്കമറ്റം ഹരിജൻ കോളനി |
| VII | കുറ്റിച്ചിറ ഹരിജൻ കോളനി(അംബേദ്കർ) | VII | കുറ്റിച്ചിറ ഹരിജൻ കോളനി(അംബേദ്കർ) |
| VII | കാരാപ്പാടം ഹരിജൻ കോളനി | VII | കാരാപ്പാടം ഹരിജൻ കോളനി |
| VIII | മാരാംകോട് ഈസ്റ്റ് ഗിരിജൻ കോളനി | VIII | മാരാംകോട് ഈസ്റ്റ് ഗിരിജൻ കോളനി |
| IX | വൈലാത്തറ ഹരിജൻ കോളനി | IX | വൈലാത്തറ ഹരിജൻ കോളനി |
| X | ചെമ്പൻകുന്ന് ഹരിജൻ കോളനി | X | ചെമ്പൻകുന്ന് ഹരിജൻ കോളനി |
| XI | കുറ്റിച്ചിറ ഈസ്റ്റ് ഹരിജൻ അംബേദ്കർ കോളനി | XI | കുറ്റിച്ചിറ ഈസ്റ്റ് ഹരിജൻ അംബേദ്കർ കോളനി |
| XII | രണ്ടുകൈ ഗിരിജൻ കോളനി | XII | രണ്ടുകൈ ഗിരിജൻ കോളനി |

## വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ് എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ

പട്ടിക-4

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | | വൈദ്യുതി | | കുടിവെള്ളം | | പൊതുകക്കൂസ് |
|---|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമായത് | ഇല്ലാത്തവ | വൈദ്യുതി കാരണം ഉള്ളത് (ഭാഗികമായി) | വൈദ്യുതി കാരണം ഇല്ലാത്തത് | കിണർ | ടാപ്പ് | |
| 1 | കലിക്കൽ കുന്ന് ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 2 | നായരങ്ങാടി ഈസ്റ്റ് / വെസ്റ്റ് ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 3 | നായരങ്ങാടി സൗത്ത് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 4 | മേട്ടിപ്പാടം ഗിരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 5 | ചട്ടിക്കുളം (കൂട്ടാല) ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 6 | ചന്ദനക്കുന്ന്(മണലായി) ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല . | ഇല്ല | ഇല്ല |
| 7 | മാരാംകോട് ഗിരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | ചുമ്മാരുക്കാട് ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 9 | കൂർക്കമറ്റം ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 10 | കുറ്റിച്ചിറ ഹരിജൻ കോളനി(അംബേദ്കർ ഈസ്റ്റ് /വെസ്റ്റ്) | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 11 | കാരാപ്പാടം ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 12 | മാരാംക്കോട് ഈസ്റ്റ് ഗിരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | |
| 13 | വൈലാത്തറ ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 14 | ചെമ്പൻകുന്ന് ഹരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | |
| 15 | കുറ്റിച്ചിറ ഈസ്റ്റ് ഹരിജൻ അംബേദ്കർ (വാർഡ് -XI) | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | |
| 16 | രണ്ടുകൈ ഗിരിജൻ കോളനി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | |

# സഹകരണപ്രസ്ഥാനം

സ്വാതന്ത്ര്യത്തിനു മുമ്പും സഹകരണപ്രസ്ഥാനം എന്ന ആശയം നിലവിലുണ്ടായിരുന്നു. കൃഷിക്കാരുടെ ഇടയിൽ നിയമവിധേയമല്ലാത്ത ഒരു തരം സഹകരണം നിലവിലുണ്ടായിരുന്നു. വിളവിറക്കിന്ന സമയത്ത് എല്ലാവരും ഒത്തുകൂടി നിലമൊരുക്കുകയും, വിത്തു വിതക്കുകയും, ഞാറു നടുകയും ചെയ്യും. വയലുകളുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഈ രീതിയിൽ വിത്തിറക്കും. അതുപോലെ വിളവെടുക്കുമ്പോഴും ഇതു തുടരുന്നു. ഇത് പ്രാചീനകാലരീതിയാണ്. അന്ന് വിളവിറക്കലും, വിളവെടുപ്പും ഉത്സവമായാണ് ആഘോഷിച്ചിരുന്നത്.

2-ാം ലോകമഹായുദ്ധക്കാലത്ത് ഭക്ഷ്യക്ഷാമം നേരിട്ടപ്പോൾ കൊച്ചിരാജാവ് വനഭൂമി വെട്ടിത്തെളിയിച്ച് കൃഷി ചെയ്യുന്നതിന് അനുവദിച്ചു. അതും ഫലപ്രദമല്ലാതായപ്പോൾ സഹകരണാടിസ്ഥാനത്തിൽ ജോലി ചെയ്യാൻ ഏർപ്പാടു ചെയ്തു. പരിയാരം പഞ്ചായത്തിൽ ഹിൽപ്പാഡി രീതിയിൽ ജോലി ചെയ്തിരുന്ന കൃഷിസംഘമാണ് പിന്നീട് ആനമല കൂട്ടുകൃഷി എന്ന പേരിൽ പ്രശസ്തമായത്. കോടശ്ശേരിയിൽ ഇത് സ്വാഭാവികമായും നിലച്ചുപോയി. 1957-ൽ അന്നത്തെ ഗവൺമെൻ്റ് ആനമല കൂട്ടുകൃഷിക്ക് 120 ഏക്കർ സ്ഥലം കൂടി വെട്ടിക്കുഴിയിൽ അനുവദിക്കുകയുണ്ടായി.

1946-ൽ രജിസ്റ്റർ ചെയ്ത കുറ്റിക്കാട് സർവ്വീസ് സഹകരണബാങ്കിൻ്റെ പ്രവർത്തനം കോടശ്ശേരിയുടെ കിഴക്കൻ മേഖലകളിലും പരിയാരം സഹകരണബാങ്കിൻ്റെ പ്രവർത്തനം നായരങ്ങാടി ഭാഗത്തും നിലനിന്നിരുന്നു. അതിനു ശേഷം 1963-ൽ കോടശ്ശേരി, എലഞ്ഞിപ്ര വില്ലേജുകൾ കേന്ദ്രമാക്കി മേച്ചിറയിൽ കോടശ്ശേരി-എലഞ്ഞിപ്ര സർവ്വീസ് സഹകരണബാങ്ക് നിലവിൽ വന്നു. ഈ ബാങ്കിനു ചായ്പാൻകുഴിയിലും,കോർമലയിലും ഒരോ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. കുറ്റിക്കാടു ബാങ്കിൻ്റെ ഒരു ശാഖ കുണ്ടുകുഴിപ്പാടത്തും പരിയാരം ബാങ്കിൻ്റെ ഒരു ശാഖ നായരങ്ങാടിയിലും പ്രവത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഒരു വനിതാ സഹകരണസംഘം കുറ്റിച്ചിറയിലും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി എലഞ്ഞിപ്രയിലും ചൂരൽ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന രണ്ടു തൊഴിൽ സഹകരണ സംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ സാമാന്യം ഭേദപ്പെട്ട നിലയിൽ സഹകരണ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. കോടശ്ശേരി-എലഞ്ഞിപ്ര സർവ്വീസ് സഹകരണ ബാങ്കിന് ചായ്പകുഴി, കോർമല എന്നീ പ്രദേശങ്ങളിൽ ശാഖ ഓഫീസുകളുണ്ട്. സംഘം വക വളം ഡെപ്പോകൾ 5 സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കുറ്റിക്കാട് ഫാർമേഴ്സ് ബാങ്കിൻ്റെ കുണ്ടുകുഴി ശാഖയിൽക്കൂടി കോടശ്ശേരി പഞ്ചായത്തിൻ്റെ ചില പ്രദേശങ്ങളിൽ ജനങ്ങൾക്ക് വായ്പാവിതരണം നടത്തുന്നു. ബ്രാഞ്ചിൽ വളം ഡെപ്പോ, സഹകരണ സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നു. ബ്രാഞ്ചിൽ ഉണ്ടായിരുന്ന തുണിക്കട ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

പരിയാരം സംഘത്തിൻ്റെ ബ്രാഞ്ച് നായരങ്ങാടിയിൽ പ്രവർത്തിക്കുന്നുണ്ട്. സംഘത്തിൽ വളം ഡിപ്പോ ഉണ്ട്. ഒരു അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണസംഘം എലഞ്ഞിപ്രയിൽ പ്രവർത്തിക്കുന്നു. ദിവസക്കുറികളും മാസക്കുറികളും സംഘം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ 5 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മേച്ചിറ, ചട്ടിക്കുളം, കോർമല, കുറ്റിച്ചിറ, ചായ്പൻകുഴി, എന്നിവിടങ്ങളിലാണ് ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ചായ്പൻ സംഘത്തിന് വീരച്ചിറയിൽ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്. റബ്ബർ കർഷകരുടെ രണ്ടു സംഘങ്ങളും ഒരു വനിതാ സഹകരണസംഘവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## വിവരങ്ങൾ

**കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങൾ.**

1. കോടശ്ശേരി എലഞ്ഞിപ്ര സർവ്വീസ് സഹകരണ ബാങ്ക്

(1) ശാഖകൾ : ചായ്പൻ കുഴി, കോർ മല.

(2) വളംഡിപ്പോ : 5 എണ്ണം.

2. ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ : 5 എണ്ണം

(1) ചട്ടിക്കുളം, (2) മേച്ചിറ, (3) കോർ മല, (4) കുറ്റിച്ചിറ, (5) ചായ്പാൻ കുഴി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കുറ്റിക്കാട് സഹകരണബാങ്കിൻ്റെ ഒരു ശാഖ കുണ്ടുകുഴിപ്പാടത്ത് പ്രവർത്തിക്കുന്നുണ്ട്.

3. റബ്ബർ ഉൽപ്പീദക സഹകരണസംഘങ്ങൾ : 2 എണ്ണം.

കോർമല, വെട്ടിക്കുഴി എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു.

4. വനിതാ സഹകരണസംഘം പഞ്ചായത്തിൽ ഒരെണ്ണം കുറ്റിച്ചിറയിൽ പ്രവർത്തിക്കുന്നു.

5. ഒരു സഹകരണ ഓട്ടുകമ്പനി പഞ്ചായത്തിൻ്റെ പരിധിയിൽ പ്രവർത്തിക്കുന്നു.

(ഇപ്പോൾ ഇത് പാട്ടത്തിനു നൽകിയിരിക്കുകയാണ്.)

6. ചൂരൽ നെയ്ത്ത് സഹകരണസംഘം : 2 എണ്ണം

(1) നായരങ്ങാടി, (2) പടിഞ്ഞാറെ നായരങ്ങാടി ഹരിജൻ ചൂരൽ നെയ്ത്ത് സംഘം എന്നിവ.

**പ്രശ്നങ്ങൾ**

1. കൃഷിക്കാർക്ക് വായ്പ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങൾ.
2. ആദായം കൊണ്ട് കടം തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ.
3. ആവശ്യമായ ഈടു കൊടുക്കാനില്ലാത്ത സ്ഥിതി.
4. കാർഷിക വായ്പാ പലിശ നിരക്കിലെ വർദ്ധനവ്.
5. സമയത്തും, ആവശ്യത്തിനും വായ്പ ലഭിക്കാറില്ല.
6. ബാങ്കിൻ്റെ നിയമങ്ങളേയും ചട്ടങ്ങളേയും കുറിച്ചുള്ള അറിവില്ലായ്മ
7. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.
8. ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയിട്ടില്ല.
9. സഹകരണ മേഖലയിൽ വ്യവസായ യൂണിറ്റുകൾ ഇല്ല.
10. സഹകരണ മേഖലയിൽ പൊതുവിതരണ ശൃംഖലകൾ ഇല്ല.
11. വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹകരണ സംഘങ്ങൾ ഇല്ല.
12. നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
13. ഗ്രൂപ്പ് ഫാമിംഗ് രംഗത്ത് സഹകരണബാങ്ക് ഇടപെടുന്നില്ല.
14. വനിതാ സഹകരണ സംഘങ്ങളുടെ അഭാവം.

15. സഹകരണമേഖലയിൽ പൊതുമരാമത്ത് പണികൾ, ഭവനനിർമ്മാണം മുതലായവ ഏറ്റെടുത്തു നടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

16. സഹകരണമേഖലയിൽ ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കുന്നില്ല.

17. കാർഷിക വിഭവങ്ങൾ (റബ്ബർ, നാളികേരം മുതലായവ) ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും സഹകരണ മേഖലയിൽ സ്ഥാപനങ്ങളില്ല.

18. സഹകരണ സംഘങ്ങൾ കാർഷിക വിഭവങ്ങൾക്ക് വായ്പ അനുവദിക്കുന്നില്ല.

19. സംഘങ്ങളുടെ കീഴിൽ പൊതുവിതരണ സ്ഥാപനങ്ങളില്ല.

20. കൺസ്യൂമർ സഹകരണ സംഘങ്ങൾ നിലവിലില്ല.

21. തൊഴിൽ മേഖലയിൽ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

22. കാർഷികമേഖലയിലെ സാധാരണക്കാർക്ക് ഭവനനിർമ്മാണ വായ്പ സംഘങ്ങൾ നൽകുന്നില്ല.

23. വ്യവസായിക മേഖലയിൽ സംഘം വായ്പ നൽകുന്നില്ല.

24. സ്വയം തൊഴിൽ വായ്പകൾ സംഘങ്ങൾ നൽകുന്നില്ല.

**പരിഹാരങ്ങൾ**

1. കൃഷിക്കാർക്ക് കൃഷിവായ്പ കൊടുക്കുന്നതിൽ ന്യമഭേദഗതി വരുത്തി തടസ്സങ്ങൾ ഒഴിവാക്കി കർഷകരെ സഹായിക്കുക.

2. കൃഷിക്കാർക്ക് പലിശരഹിത കാർഷിക വായ്പ നൽകുകയും ന്യായമായ വിലക്ക് അവരുടെ ഉൽപ്പന്നങ്ങൾ സംഘങ്ങൾ ശേഖരിച്ച് വിപണനം നടത്തുകയും ചെയ്യുക.

3. സഹകരണ സംഘങ്ങളെ ആദായ, വിൽപന നികുതിയിൽ നിന്നും ഒഴിവാക്കുക.

4. കാർഷിക ഉപകരണങ്ങളെ എല്ലാ വിധ നികുതിയിൽ നിന്നും ഒഴിവാക്കുക.

5. സഹകരണ മേഖലയിൽ തടി വ്യവസായം ആരംഭിക്കുക.

6. സംസ്ഥാന സഹകരണബാങ്ക് നേരിട്ട് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുക.

7. പട്ടയമോ, ആധാരമോ ഇല്ലാത്ത കൃഷിക്കാർക്ക് കൈവശരേഖയുടെ ഈടിന്മേൽ ആവശ്യമായ കാർഷിക വായ്പകൾ നൽകുക.

8. കർഷകർക്ക് കൃഷിയിറക്കുന്നതിന് അനുയോജ്യമായ രീതിയിൽ വായ്പ നൽകുക.

9. സാധാരണക്കാരെ സംഘനിയമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക.

10. പഞ്ചായത്തിലെ കൃഷിക്കാരുടെ കാർഷികോൽപ്പന്നങ്ങൾ ന്യായമായ വിലക്കി വിറ്റഴിയുന്നതിന് മാർക്കറ്റിംഗ് സഹകരണ സംഘം ആരംഭിക്കുക.

11. പഞ്ചായത്തിൽ ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കുക.

12. സഹകരണ മേഖലയിൽ ടെക്സ്റ്റയിൽസ്, ഓട്, ഫർണിച്ചർ, റെഡിമെയ്ഡ്, തീപ്പെട്ടി, മെഴുകുതിരി, സോപ്പ്, അച്ചാർ നിർമ്മാണം, ചിപ്സ്, ചന്ദനത്തിരി, ക്രഷർ (മെറ്റൽ ഉടച്ച്) തുടങ്ങിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

13. സഹകരണ മേഖലയിൽ പൊതുവിതരണ ശൃംഖല ആരംഭിക്കുക. (പലചരക്ക്, തുണി, പച്ചക്കറി, ഔഷധങ്ങൾ, അച്ചടി, ബസ് സർവ്വീസ് മുതലായവ)

200

14. സഹകരണ സംഘങ്ങളിൽ കൂടുതൽ അംഗങ്ങളെച്ചേർത്തും, മൂലധനം വർദ്ധിപ്പിച്ചും രാഷ്ട്രീയ മത്സരങ്ങൾ ഒഴിവാക്കിയും പ്രവർത്തനം മെച്ചപ്പെടുത്തുക.

15. പ്രൈമറിസംഘങ്ങൾ കാർഷീകവായ്പയോടൊപ്പം സാങ്കേതിക പരിജ്ഞാനവും, എല്ലാത്തരം വിത്തിനങ്ങളും, കാർഷീകോപകരണങ്ങളും നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുക.

16. വനിതാസഹകരണ സംഘങ്ങൾ ആരംഭിച്ച് അവർക്ക് ചെയ്യാൻ കഴിയുന്ന തൊഴിലുകൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, സാങ്കേതിക പരിജ്ഞാനം നൽകുക.

17. സഹകരണമേഖലയിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

18. വ്യവസായിക യൂണിറ്റുകൾക്ക് വായ്പകൾ നൽകുക.

19. സഹകരണ മേഖലയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.

20. കാർഷികമേഖലയിലെ വിഭവങ്ങൾ ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും സംവിധാനമുണ്ടാക്കുക.

21. കാർഷികമേഖലയിലെ സാധാരണക്കാരായവർക്ക് ഭവന നിർമ്മാണ വായ്പകൾ സംഘങ്ങൾ നൽകുക.

22. കൺസ്യൂമർ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

23. സഹകരണ സംഘങ്ങൾ കാർഷിക വിഭവങ്ങൾക്ക് മുൻകൂറായി കർഷകർക്ക് വായ്പ നൽകുക.

24. സഹകരണസംഘങ്ങൾ വഴി തൊഴിൽ വായ്പകൾ കുറഞ്ഞ പലിശക്ക് നൽകുക.

**മുൻഗണന**

1. കൃഷിക്കാർക്ക് പലിശ രഹിത കാർഷിക വായ്പ നൽകുകയും, ന്യായവിലക്ക് അവരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ചെയ്യുക.
2. കർഷകർക്ക് കൃഷിയിറക്കുന്നതിന് അനുയോജ്യമായ രീതിയിൽ സംഘങ്ങൾ വായ്പ നൽകുക.
3. പഞ്ചായത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാകുന്ന വിധത്തിൽ മാർക്കറ്റിംഗ് സഹകരണ സംഘം ആരംഭിക്കുക.
4. സഹകരണ മേഖലയിൽ പൊതുവിതരണ ശൃംഖല ആരംഭിക്കുക.
5. പഞ്ചായത്തിൽ ആവശ്യമായ എല്ലാ പ്രദേശങ്ങളിലും ക്ഷീരസഹകരണ സംഘങ്ങൾ ആരംഭിക്കുക.
6. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് അനാവശ്യ നിയമതടസ്സങ്ങൾ ഒഴിവാക്കണം.
7. സഹകരണ മേഖലയിൽ വിവിധതരം വ്യവസായയൂണിറ്റുകൾ ആരംഭിക്കുക.
8. കാർഷിക മേഖലയിലെ വിഭവങ്ങൾ ശേഖരിക്കുന്നതിനും സംവിധാനം ഉണ്ടാക്കണം.
9. കൺസ്യൂമർ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
10. സഹകരണസംഘങ്ങളിൽ നിന്നും കാർഷിക വിഭവങ്ങൾക്ക് മുൻകൂറായി വായ്പ നൽകുക.

# സാംസ്ക്കാരം

201

## ആമുഖം

അവകാശങ്ങൾക്കും അസ്തിത്വസ്ഥാപനത്തിനും വേണ്ടിയുള്ള ജാജ്വല്യമാനമായ ചരിത്രത്തിൻെറ ഒരു മുഖം ഈ പഞ്ചായത്തിനുണ്ട്. 1962 -ലാണ് കോടശ്ശേരി പഞ്ചായത്ത് രൂപീകരിച്ചത്. അതിനുമുമ്പ് ഈ പഞ്ചായത്ത് പരിയാരം പഞ്ചായത്തിൻെറ ഭാഗമായിരുന്നു. വൻകിട ജന്മികളുടെയും കൊച്ചീരാജവംശത്തിൻെറയും അധീനതയിലായിരുന്നു ഈപ്രദേശം.

ജന്മിമാർക്ക് കീഴിൽ പാട്ട വ്യവസ്ഥയിൽ പണിടെയുത്തിരുന്ന സമൂഹത്തിലെ അടിസ്ഥാനവർഗ്ഗം തിങ്ങിപാർത്തിരുന്ന പഞ്ചായത്താണിത്.

ഈ നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽതന്നെ സ്വാതന്ത്ര്യ സമരത്തിൻെറ അലയടികളും ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായ പുത്തൻ ദേശീയവബോധവും ഇവിടെ ഉണരാൻ തുടങ്ങി. ജന്മി - ദിവാൻ ഭരണത്തിൻെറ അനീതികൾക്കെതിരെ ചെറുത്തുനില്പ് സമരത്തിൻെറ പുതിയ അർത്ഥതലങ്ങൾ സൃഷ്ടിച്ച കർഷകപ്രസ്ഥാനമാണ് ഈ പഞ്ചായത്തിൽ പുത്തൻ ദേശീയബോധത്തിന് വിത്ത് പാകിയത്. പാട്ടം - കുടിയാൻ വ്യവസ്ഥയ്ക്കെതിരെ ഈ പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശമായ കുണ്ടുകുഴിപാടത്ത് ഗോപാലകൃഷ്ണമേനോൻെറ നേതൃത്വത്തിലും മററ് പ്രദേശങ്ങളിലും ആളി പടർന്ന കർഷകസമരങ്ങൾ ഇന്ത്യയിൽ മൊത്തമായി വീശിയടിച്ച ദേശീയസമരത്തിൻെറ ഭാഗമായിരുന്നു.

പാടത്തും പറമ്പിലും പണിയെടുത്തിരുന്ന പുലയൻെറ തേക്കുപാട്ടും വേലൻെറ നന്തുണി താളവും, പാണൻെറ തുയിലുണർത്തുപാട്ടും, പറയൻെറ തുള്ളലും സവർണ്ണ ക്ഷേത്ര നാലുകെട്ടുകളിൽ അരങ്ങേറിയ വരേണ്യ കലകളുടെ താളാത്മകയും ഒത്തുചേർന്ന് ഈ പഞ്ചായത്തിൻെറ സാംസ്കാരികാന്തരീക്ഷം സാന്ദ്രമുഖമാക്കിയിട്ടുണ്ട്. ശിവരാത്രി ദിനങ്ങളിൽ പുലയർ നടത്തുന്ന കാളക്കളിയും, മുടിയാട്ടവും മാരാങ്കോട് ഗിരിജൻ കോളനിയിൽ നടന്ന് വന്നിരുന്ന കോൽക്കളി, ദാരികവധം, കൈക്കൊട്ടികളി, വയലാത്തറ കോളനിയിൽ നടന്ന് വന്നിരുന്ന പുലയസമുദായത്തിൻെറ പ്രാചീനകലയായ കുറത്തിനാടകം, കുററിച്ചിറയിൽ നടന്ന് വന്നിരുന്ന കരകാട്ടം എന്നീ നാടൻ കലകൾ ഈ പഞ്ചായത്തിൻെറ പൊതുതാളമായിയുയർന്നിട്ടുണ്ട്. രണ്ട്കൈ മേഖലകളിൽ നിലനിന്നിരുന്ന മുറംപാട്ട്, പൊറൊട്ട് നാടകം, പരിചമുട്ട് തുടങ്ങി ഏറെ നാടൻ കലാരൂപങ്ങളും ഈ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ നിലനിന്നിരുന്ന സവിശേഷ കലാരൂപങ്ങളായിരുന്നു. കൃസ്ത്യാനികളുടെ മാർഗ്ഗംകളി, മുസ്ലിംകളുടെ കോൽക്കളി എന്നിവയും ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. ശാസ്ത്രീയകലകൾ ഉത്സവകാലങ്ങളിൽ ക്ഷേത്ര അകത്തളങ്ങളിൽ അരങ്ങേറിയിരുന്നെങ്കിലും അത് അഭ്യസിച്ചിരുന്നവരും പരമ്പരാഗതമായി കൊണ്ടു നടന്നിരുന്നവരും കുറവായിരുന്നു.

സാമൂഹിക - സാംസ്ക്കാരിക വ്യക്തിഘടന കെട്ടി പടുക്കുക എന്നത് കുടുംബാന്തരീക്ഷത്തിലും തുടർന്നു സ്ക്കൂൾ തലത്തിലുമാണല്ലോ. എന്നാൽ അതിനാവശ്യമായ യാതൊരു സംവിധാനവും സ്ക്കൂൾ തലത്തിലില്ല. കേരളത്തിൽ ഒരു പ്രത്യേകഘട്ടത്തിൽ വളർന്നു വന്ന കാർഷികസംസ്ക്കാരത്തിൻെറ ഭാഗമായി രൂപമെടുത്ത നാടൻ കലകൾ ഒരു ജീവിത സാഹചര്യത്തിൻെറ പ്രതിഫലനമായിരുന്നു. എന്നാൽ കേരളത്തിൽ വളർന്നുവന്ന കച്ചവടസംസ്ക്കാരത്തിൻെറ ബലതന്ത്രത്തിൽ അകപ്പെട്ട് ഇവ നാശോന്മുഖമായി കൊണ്ടിരിക്കുന്നു. ആധുനിക ദൃശ്യമാധ്യമങ്ങൾ ജനമനസ്സുകളിൽ സൃഷ്ടിച്ചെടുത്ത ഒരു മിഥ്യാബോധം കേരളത്തിൻെറ സാംസ്ക്കാരികപരിസരത്തെ

പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രത്യേകിച്ച് കുരുന്നു മനസ്സുകളിൽ ആധുനിക ദൃശ്യമാധ്യമങ്ങൾ സൃഷ്ടിച്ച ചരിത്രനിരാസം ഇതിനൊരുദാഹരണമാണ്.

വെല്ലുവിളികൾ നേരിടുന്ന നാടൻകലകളെയും മററുസംഗീതസാഹിത്യാദി കലകളെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട സാഹചര്യം ഉരുത്തിരിച്ചെടുക്കാൻ ആർജ്ജവമുള്ള സംഘടനകളും വ്യക്തികളും കുറവാണ്. വായനശാലകളെ പഞ്ചായത്തിൻെറ പ്രധാനഭാഗമായി കാണാനും വളർത്തിയെടുക്കാനുമുള്ള നിശ്ചയദാർഢ്യമില്ലായ്മ ഗ്രന്ഥശാലകളുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥക്ക് ഉദാഹരണമാണ്. സാംസ്ക്കാരിക കേന്ദ്രങ്ങളിൽ കാലോചിതമായൊരു ഇടപെടൽ നിലനിർത്തുന്നതിനുവേണ്ട ഒരു കേന്ദ്ര സാംസ്ക്കാരിക സമിതി പഞ്ചായത്തിൻെറ കീഴിലില്ല. സാക്ഷരതാപ്രസ്ഥാനവും ജനവിദ്യാകേന്ദ്രങ്ങളും നിലനിർത്തേണ്ട സാഹചര്യമുണ്ടായിരുന്നിട്ടും അത്തരം സാംസ്ക്കാരിക സമിതികൾ ഈ പഞ്ചായത്തിലില്ല. ഒരു കേന്ദ്രവിവരശ്രഹണ കേന്ദ്രം ഇല്ലാത്തതും ഈ പഞ്ചായത്തിൻെറ സാംസ്ക്കാരികമേഖലകളെ എന്ന പോലെ മററു മേഖലകളേയും ബാധിക്കുന്നുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സ്ക്കൂൾ കോംപ്ലക്സ് ഇല്ലാത്തത് ഇവയുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും സുഗമമാക്കുന്നതിനും തടസ്സമാകുന്നുണ്ട്.

## സാംസ്ക്കാരികസ്ഥാപനങ്ങൾ

കുററിച്ചിറ പ്രദേശത്ത് നിലനിന്നിരുന്ന L.P സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സാംസ്ക്കാരിക സ്ഥാപനം. അതിനുശേഷമാണ് ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും 4 U.P സ്ക്കൂളും 5 L.P സ്ക്കൂളും ഉണ്ടായത്. ആദ്യകാലങ്ങളിൽ നിലനിന്നിരുന്ന പലസാംസ്ക്കാരികസ്ഥാപനങ്ങളും ഇന്ന് നാമാവശേഷമായി.

ഏറെ നന്നായി പ്രവർത്തിച്ചിരുന്ന സഹൃദയ ക്ലബ് ഇതിന് ഒരു ഉദാഹരണമാണ്. അതിന് ശേഷം ഏറെ ക്ലബുകളും സാംസ്ക്കാരികസമിതികളും ഉയർന്നുവന്നെങ്കിലും അവയ്ക്ക് ദീർഘായുസ്സുണ്ടായിരുന്നില്ല. എന്നാൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ 16 ക്ലബ്ബുകളും വായനശാലകളും ഉണ്ട്. കൂടാതെ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് 2 T.V.സെൻററുകളും കിഴക്കൻ മേഖലയിലെ ഹരിജൻ കോളനിയിൽ 1 T.V സെൻററും ഉണ്ട്. ഈ പഞ്ചായത്തിൻെറ ധന്യവരദാനമെന്ന് പറയാവുന്ന കലാപ്രതിഭകൾ, കായിക താരങ്ങൾ, സാമൂഹ്യ പ്രവർത്തകർ, സന്നദ്ധ സംഘടന നേതാക്കൾ തുടങ്ങിയ പ്രതിഭകൾ ഉണ്ട്. ദേശീയതലങ്ങളിൽ പ്രശോഭിക്കുന്ന നിരവധി കായികതാരങ്ങൾ ഉണ്ട്. കോർമലയിൽനിന്നും വോളിബോളിൽ പങ്കെടുത്ത റോജി.എ.സണ്ണി ഇന്ത്യക്ക് വേണ്ടി സിംഗപ്പൂരിൽപോയി കളിച്ചിട്ടുണ്ട്. ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട മറെറാരു താരം ഗോഹട്ടിയിൽ വെച്ച് നടന്ന പഞ്ചഗുസ്തിയിൽ പങ്കെടുത്ത എലിഞ്ഞിപ്ര സ്വദേശി ശ്രീ.ശിവൻ ഈ പഞ്ചായത്തിൻെറ അഭിമാനമാണ്. ഇതുപോലെ മററനേകം താരങ്ങൾ ജില്ലാ സംസ്ഥാന തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽതന്നെ ജില്ലാതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു ഫുട്ബോൾ മേള കോർമ്മലയിൽ വർഷം തോറും സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഫുട്ബോൾ മേളകൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. മാത്രമല്ല ക്രിക്കററ് ടൂർണ്ണമെൻറുകളും ഷട്ടിൽ മത്സരങ്ങളും നടത്താറുണ്ട്.

വനിതാ ക്ലബ്ബുകൾ ഏറെയില്ലാത്ത പഞ്ചായത്താണിത്. രാഷ്ട്രീയ സാമൂഹ്യ രംഗത്ത് ശ്രദ്ധേയരായ വനിതകളൊന്നും ഈ പഞ്ചായത്തിനില്ല. എന്നാൽ കായികരംഗത്ത് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട 3 വനിതകൾ ഈ പഞ്ചായത്തിലുണ്ട്.

ഏറെ സർഗ്ഗധനരായ പ്രഗത്ഭമതികൾ ഉള്ള ഒരു പഞ്ചായത്താണിത്. പുരോഗമനത്തിൻെറ പുറംപൂച്ചുകൾ പ്രകടിപ്പിക്കുന്ന സംഘടനകളും യാഥാസ്തിക സമൂഹത്തിൻെറ പ്രത്യയ ശാസ്ത്രമേൽക്കയ്യുള്ള ചുററുപാടുകൾ ഏറെ സർഗ്ഗതിലകങ്ങളെ സംഭാവന ചെയ്യുന്നതിന് തടസ്സമായിതീർന്നിട്ടുണ്ട്. എന്നാൽ സ്ത്രീകൾക്കിടയിൽ പ്രചരിപ്പിക്കപ്പെടുന്ന പൈങ്കിളി സാഹിത്യങ്ങളും T.V മാദ്ധ്യമങ്ങളും അവരുടെ സാമൂഹ്യ ഉന്നമനത്തിന് പ്രതിബന്ധങ്ങളായി തീർന്നിട്ടുണ്ട്. എന്നാൽ ബിരുദധാരികളും ബിരുദാനന്തരബിരുദധാരികളും കുറവല്ലാത്ത ഒരു പഞ്ചായത്താണിത്. കഴിഞ്ഞ സാക്ഷരത പ്രവർത്തനത്തിൻെറ ഭാഗമായി 90 ശതമാനത്തിലധികം പേരേ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നിരക്ഷത ഇപ്പോഴും ജനങ്ങളിൽ ഒറ്റപ്പെട്ടുകാണുന്നു. സ്ത്രീകളിലും, പുരുഷന്മാരിലും പണിയെടുക്കുന്നവർ ഏറ്റവും അധികം കാർഷികരംഗത്തും കൂലിപണിരംഗത്തുമാണ്. മററ് മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും, ഉദ്യോഗസ്ഥരും കുറവാണ്. വനിതാരംഗത്തു കാണുന്നതുപോലെത്തന്നെ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരും ധാരാളമുള്ള ഒരു പഞ്ചായത്താണിത്.

ഈ പഞ്ചായത്തിൽ ഏറ്റവും പൌരാണികവും ഐതിഹ്യമാഹാത്മ്യവുമുള്ള ഒരു ക്ഷേത്രം കോതേശ്വരം ശിവക്ഷേത്രമാണ്. നാട്ടുകാരുടെ സഹകരണത്തോടുകൂടി ഉത്സവാഘോഷങ്ങൾ നടന്നിരുന്നു. ടിപ്പുവിൻെറ പടയോട്ടക്കാലത്ത് ഈ അമ്പലത്തിൻെറ പല ഭാഹങ്ങളും തകർക്കപ്പെട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ നടന്നിരുന്ന പൂരത്തിൻെറ ഭാഗമായി 7 അമ്പലങ്ങളിൽ നിന്ന് ഓരോ ആനകളുടെ എഴുന്നള്ളിപ്പ് ഈ അമ്പലത്തിലേക്ക് ഉണ്ടാകാറുണ്ട്. 69 -70 കാലങ്ങളിൽ കാവടി മഹോത്സവങ്ങളും കലാപരിപാടികളും നടന്നിരുന്നു. കലിക്കൽ ഭഗവതിക്ഷേത്രം, ചന്ദനകുന്ന് സുബ്രഹ്മണ്യക്ഷേത്രം തുടങ്ങിയ അമ്പലങ്ങൾ ഏറെ പഴമയുള്ളതാണ്. മററ് അനവധി ക്ഷേത്രങ്ങളും, തറവാട്ടുക്ഷേത്രങ്ങളുമുള്ള ഒരു പഞ്ചായത്താണിത്.

1930 - ൽ സ്ഥാപിച്ച ചൗക്കപള്ളിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളി. ലൂർദ്ദ് മാതാവാണ് ഈ പള്ളിയിലെ പ്രതിഷ്ഠ. പള്ളി തിരുന്നാളുകൾ പകിട്ടോടുകൂടി നടത്താറുണ്ട്. താഴൂർ പള്ളി, ചായ്പൻകുഴി പള്ളി തുടങ്ങിയ ക്രിസ്ത്യൻ ദേവാലയങ്ങളാണ് പിന്നീട് സ്ഥാപിക്കപ്പെട്ടത്. മുസ്ലീം ജനവിഭാഗങ്ങൾ ഏറെയില്ലാത്ത ഒരു പഞ്ചായത്താണിത്. അവരുടെ ദേവാലയങ്ങളും ഇവിടെയില്ല. പെന്തക്കോസ്ത് എന്നറിയപ്പെടുന്ന ക്രിസ്തുമത വിശ്വാസികളിലെ ഒരു വിഭാഗം ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്.

16 ൽ അധികം ക്ലബ്ബുകളും വായനശാലകളും ഈ പഞ്ചായത്തിലുണ്ടെിലും പ്രവർത്തനം കാര്യക്ഷമമല്ല. വായനാകേന്ദ്രങ്ങൾ നിലനിർത്തിക്കൊണ്ട് പോകാനുള്ള ബുദ്ധിമുട്ട്, സ്വന്തമായി കെട്ടിടമില്ലായ്മയും നോക്കി നടത്തുന്നതിന് ഉത്തരവാദിത്വമുള്ള നേതൃത്വമില്ലായ്മയും ഇവയുടെ പരാജയകാരണങ്ങളാണ്. പുസ്തകങ്ങളുടെ വരിസംഖ്യയിൽ മാത്രം പിടിച്ച് നില്ക്കാൻ കഴിയാതെ വരുമ്പോൾ സ്വാഭാവികമായും നല്ല പുസ്തകങ്ങളുടെ വരവും പുതിയ മെമ്പർമാരുടെ വരവും കുറയും. ആയതിനാൽ ഇത്തരം മൃതാവസ്ഥയിൽ കിടക്കുന്ന ഗ്രന്ഥശാലാസംഘവുമായി ബന്ധപ്പെടുത്തി ഗ്രന്ഥശാലസംഘത്തിൻെറ ഗ്രാൻറ് വാങ്ങികൊടുക്കുന്നതിൽ പഞ്ചായത്ത് സമിതി ഇടപെടണം. ബോധവത്ക്കരണക്യാമ്പുകളും, ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിച്ച് വായനാശീലത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തി വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ വായനശാലാപ്രവർത്തകർ ശ്രദ്ധ കേന്ദ്രീകരിക്കണം. ജനങ്ങളുടെ സഹായത്താൽ വായനശാലകളെ നിലനിർത്താൻ ജനകീയ സമിതി രൂപീകരിച്ച് അതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം. കുട്ടികൾക്ക് ഉപകാരപ്പെടുന്ന ബാലസാഹിത്യങ്ങൾ പ്രചരിപ്പിക്കുകയും രക്ഷാകർത്താക്കളുടെ സഹായത്തോടെ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യണം. പഞ്ചായത്ത് അതിർത്തിയിൽപ്പെട്ട സ്ക്കൂളുകളിലെ ഗ്രന്ഥശേഖരങ്ങളിൽ ബാലസാഹിത്യങ്ങളും ശാസ്ത്ര സാഹിത്യങ്ങളും

ഉൾപ്പെടുത്തി വായനാ സമയവും സൗകര്യവും ഏർപ്പെടുത്തണം. T.V മാദ്ധ്യമങ്ങളിൽ ജനോപകാരപ്രദമായ പരിപാടികൾ ഉൾക്കൊള്ളിച്ച് പ്രക്ഷേപണം ചെയ്യിക്കാനാവശ്യമായ ജനകീയ സമ്മർദ്ദം വേണം.

അധമവികാരങ്ങൾ ഉദ്ദീപിപ്പിക്കുന്ന രംഗങ്ങളും അതിസാഹസികതയും കുരുന്നുമനസ്സുകളിൽ ഉണ്ടാക്കാവുന്ന വിപത്തിൻെറ ആഴം മനസ്സിലാക്കി ബദൽ പരിപാടികൾ രൂപീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന സമ്പന്നമായ നാടൻ കലകളെ പുനരുദ്ധരിക്കാനുള്ള വേദികൾ നിർമ്മിച്ചെടുക്കണം. കച്ചവടസംസ്ക്കാരത്തിൻെറ ഭാഗമായി അവഗണിക്കപ്പെട്ട നാടൻ കലാരൂപങ്ങളായ പൊറോട്ടു നാടകം, മുറംപാട്ട്, മുടിയാട്ടം, നന്തുണിപാട്ട്, വില്ലടിച്ചാൺ പാട്ട്, കൈകൊട്ടികളി, കളമെഴുത്തു പാട്ട്, പരിചമുട്ട്, പാനപാട്ട്, കാളക്കളി, മാർഗ്ഗംകളി, കളമെഴുത്തുപാട്ട്, പറയൻ തുള്ളൽ എന്നീ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ഒരു സമൂഹത്തിൻെറ ആർദ്രതയും ആത്മവത്തയും ആത്മബോധവുമെല്ലാം ആയിത്തീർന്ന ഈ സ്വാച്ഛന്ദ്യ കലാരൂപങ്ങളെ പൊതുവേദികളിൽ അവതരിപ്പിക്കാൻ വേണ്ട സാഹചര്യമുണ്ടാക്കിയെടുക്കണം. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു സെൻറർ കൾച്ചറൽ സൊസൈററി രൂപീകരിക്കണം. ഇങ്ങനെ പണികഴിപ്പിക്കുന്ന കലാനിലയങ്ങളിൽ വർഷാവർഷങ്ങളിൽ ഇത്തരം കലാരൂപങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. ആത്മനൊമ്പരങ്ങളേയും അന്തഃക്ഷോഭങ്ങളേയും ഗാനങ്ങളിൽ ഒതുക്കിയ ഒരു കാലഘട്ടത്തിൻെറ സംഗീതമായ നാടൻപാട്ടുകളെ കാസററ് ചെയ്ത് പ്രചരിപ്പിക്കണം. അവശകലാകാരൻമാർക്ക് സഹായം നല്കണം. പ്രതിഭകളെ സംരക്ഷിക്കുന്നതിനുവേണ്ട സാഹചര്യം ഉണ്ടാക്കിയെടുക്കണം. ശാസ്ത്രീയകലകൾ അഭ്യസിക്കുന്നതിനായി കലാനിലയങ്ങൾ കേന്ദ്രമാക്കി ഒരു ആർട്സ് സ്ക്കൂൾ സ്ഥാപിക്കണം. പഞ്ചായത്ത് വായനശാലയിൽ ആനുകാലികപ്രസിദ്ധീകരണങ്ങൾ കഴിയാവുന്നത്ര വരുത്തണം. ജനങ്ങളിൽ, പ്രത്യേകിച്ച് സ്ത്രീകളിലും കുട്ടികളിലും വായനാശീലം കുറയ്ക്കുന്ന ദൃശ്യമാദ്യമങ്ങളുടെ കടന്നു കയററവും പൈങ്കിളി വാരികകളുടെ പ്രചാരണത്തിന് എതിരെയുള്ള പ്രതിബോധം സൃഷ്ടിക്കുന്നതിനുവേണ്ടി രാഷ്ട്രീയ പാർട്ടികളുടെയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ സെമിനാറുകളും, ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കണം. വർഗ്ഗീയലഹളകൾക്കും അന്ധവിശ്വാസങ്ങൾക്കും ആപേക്ഷികമായിട്ടാണെങ്കിലും മേൽക്കയ്യ് കിട്ടുന്ന കേരളത്തിലെ ത്തന്നെ ചില പ്രദേശങ്ങൾ അടുത്തിടെ നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണ്. ഈ പഞ്ചായത്തിൻെറതന്നെ ചിലഭാഗങ്ങളിൽ നിലനിൽക്കുന്ന മേൽപറഞ്ഞ പ്രവണതകൾ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി പള്ളികളിലും ക്ഷേത്രങ്ങളിലും മാത്രമായി ഒതുങ്ങുന്ന ഉത്സവാഘോഷങ്ങൾ ജനകീയ ആഘോഷങ്ങളായി ഉയർത്താൻ കഴിഞ്ഞാൽ മതനിരപേക്ഷതയുടെ പുതിയ ബോധം സൃഷ്ടിക്കുന്നതിന് ഇതുപകരിക്കും. ഉത്സവങ്ങളുടേയും തിരുനാളുകളുടേയും ഇടയിൽ ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്ന അന്ധവിശ്വാസങ്ങളെ ഇതിലൂടെ ചെറുക്കാൻ കഴിയും. ഇങ്ങനേ ചെയ്യുമ്പോൾ തന്നെ ഉത്സവങ്ങളുടേയും, തിരുനാളുകളുടേയും ഐതിഹ്യ - മിത്തുകളെ കടന്നാക്രമിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. പഞ്ചായത്തിൽ ഇപ്പോഴുള്ള മതസൗഹാർദ്ദത്തിന് ക്ഷതമേല്ക്കാതിരിക്കാൻ ഇതുപകരിക്കും. ഏറെ വൈജാത്യമുള്ള ഒരു പഞ്ചായത്താണ് ഇതെങ്കിലും . വാങ്ക് വിളികളുടേയും ഓംകാരത്തിൻേറയും പള്ളിമണികളുടേയും സമന്വയ ശാന്തത ഈ പഞ്ചായത്തിൻെറ അനുഗ്രഹീത സമ്പത്താണ്. ഏറെ ദേശീയ താരങ്ങളും, ജില്ലാ സംസ്ഥാനതാരങ്ങളും ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ കാര്യക്ഷമമായ ഒരു കളിസ്ഥലം ഇല്ല. ഇതിൻെറ ദൗർബല്യം ഈ പഞ്ചായത്തിൻെറ കായികരംഗത്ത് ബാധിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ കായികതാരങ്ങളെ ഒന്നിപ്പിച്ച് "സ്ററഡി കോച്ചിംഗ്" നല്കുന്നതും വെക്കേഷൻ കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നതും മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതുമെല്ലാം ഈ പഞ്ചായത്തിന് ഒരു ഭിന്ന മുഖം കൂടി നല്കുന്നതിന് ഉപകരിക്കും. കാലാകാലങ്ങളിൽ യുവജനമേളകൾ നടക്കുന്നുണ്ടെങ്കിലും ആചാരപ്രകാരമുള്ള പ്രകടനങ്ങൾ മാത്രം നടന്നുപോവുകയും അതിൻെറ സക്രിയാത്മകത വേണ്ടരീതിതിൽ പരിഗണിക്കപ്പെടാതെ പോവുകയും ചെയ്യുന്നു. കായികമേളകൾ മുൻകൂട്ടി അറിയിച്ച് കായികതാരങ്ങൾക്ക് പരിശീലനത്തിലുള്ള സമയവും പ്രോത്സാഹനവും നല്കണം. കേരളോത്സവങ്ങളിലെ സർഗ്ഗപ്രതിഭകളെ സംരക്ഷിക്കുന്നതിനുവേണ്ട അനുയോജ്യമായ

ഇടപെടലുകൾ നടത്തണം. സ്ത്രീകളിലെ കായികപ്രതിഭകൾ ഈ പഞ്ചായത്തിൽ കുറവല്ല.

കോർമലയിലെ റോജി.എ.സണ്ണിയും ചൗക്കയിലെ സിജികുര്യനും ഈ പഞ്ചായത്തിലെ വനിതാ-കായിക ശക്തിയുടെ പ്രതീകങ്ങളാണ്. ഇതുപോലെ അനവധി കായികപ്രതിഭകൾ നമ്മുടെ കണ്ണുകളിൽപ്പെടാതെ കിടക്കുന്നു. അവരെ കണ്ടെത്തി പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

ഇങ്ങനെ സാംസ്കാരികരംഗത്ത് സമ്പുഷ്ടമായ ഒരു പൂർവ്വികതയും വർത്തമാനവും നമ്മൾക്കുണ്ടാക്കിതന്നത് ഈ നൂററാണ്ടിൻെറ ആദ്യ ദശങ്ങളിൽ ഇന്ത്യയിലും അതിൻെറ ഭാഗമായി കേരളത്തിലും വളർന്നുവന്ന ദേശീയപ്രസ്ഥാനത്തിൻേറയും നവോത്ഥാനപ്രസ്ഥാനത്തിൻെറയും ഭാഗമായിട്ടാണ്. ഇന്ത്യയിലും കേരളത്തിലും നിലനിന്നിരുന്ന ജന്മിനാടുവാഴിത്തവും അതിൻെറ ഭാഗമായ അയിത്താചാരവും ഈ പഞ്ചായത്തിലും നിലനിന്നിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ ആഞ്ഞടിച്ച സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി കേരളത്തിൽ വളർന്നു വന്ന സാമൂഹ്യപ്രസ്ഥാനങ്ങളും നവോത്ഥാനപ്രസ്ഥാനങ്ങളും ഉഴുതുമറിച്ച സംസ്കൃതിയിൽ ഈ പഞ്ചായത്തിൻെറ . ഇങ്ങനെ സമ്പുഷ്ടമായ ഒരു സാമൂഹ്യ സാംസ്കാരിക ചരിത്രം ഒരു മലയോര പ്രദേശമായ നമ്മുടെ പഞ്ചായത്തിനുണ്ട്. ജനവിരുദ്ധപ്രസ്ഥാനങ്ങൾക്ക് ഇടം നല്കാതെ വളർന്നു കൊണ്ടിരിക്കുന്ന നവീന പ്രസ്ഥാനങ്ങൾ ഈ പഞ്ചായത്തിൻെറ ശോഭനമായൊരു ഭാവിയിലേക്ക് വിരൽ ചൂണ്ടുന്നു.

<u>ക്ലബ്ബുകളും വായനശാലകളും.</u>

1. ഗ്രാമവേദി ആർട്സ് & സ്പോർട്സ് ക്ലബ്ബ് & വായനശാല, വെള്ളിക്കുളങ്ങര
2. ലേബേഴ്സ് ക്ലബ്ബ് & വായനശാല, രണ്ടുകൈ.
3. വിക്ററി ക്ലബ്ബ്, ചായ്പൻകുഴി
4. കുററിച്ചിറ ഗ്രാമീണവായനശാല
5. തത്വമസി ക്ലബ്ബ്, കുണ്ടുകുഴിപ്പാടം
6. പൗർണ്ണമി ക്ലബ്ബ്, കുണ്ടുകുഴിപ്പാടം
7. സന്തോഷ് ക്ലബ്ബ്, മാരാങ്കോട്
8. അനശ്വര ക്ലബ്ബ്, പുളിങ്കര
9. വള്ളത്തോൾ സ്മാരകവായനശാല, നായരങ്ങാടി
10. മാസ് ക്ലബ്ബ് നായരങ്ങാടി, മേച്ചിറ
11. നവകേരള സാംസ്ക്കാരികസമിതി, നായരങ്ങാടി
12. ഫ്രൻറ്സ് അസോസിയേഷൻ,ചൗക്ക
13. യുവപ്രതിഭ ആർട്സ് & സ്പോട്സ് ക്ലബ്ബ്, വൈലാത്തറ
14. ഗിരിജൻ യുവപ്രതിഭ ആർട്സ് & സ്പോട്സ് ക്ലബ്ബ്, മാരാങ്കോട്.
15. ശ്രീനാരായണ വായനശാല, കലിക്കൽ, നായരങ്ങാടി.
16. ഫീൽഡ് വ്യൂ ആർട്സ് & സ്പോട്സ് ക്ലബ്ബ്, എലിഞ്ഞിപ്ര

206

**നാടൻ കലകൾ.**

1. മുടിയാട്ടം
2. മുറംതട്ടിപ്പാട്ട്
3. കാളകളി
4. പൊറാട്ടുനാടകം
5. കുറത്തിനാടകം
6. മുടിയേററ്
7. കരകാട്ടം
8. ഓണക്കളിപ്പാട്ട്
9. തിരുവാതിരക്കളി.
10. ചിന്തുപാട്ട്
11. ശാസ്താംപാട്ട്
12. ചെട്ടിത്തപ്പ്
13. കോൽക്കളി

# ഗതാഗതം

കോടശ്ശേരി പഞ്ചായത്ത് രൂപീകൃതമായ കാലത്ത് നല്ല റോഡുകൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല.മലയിൽ നിന്നും തടി കയറ്റിക്കൊണ്ടു പോകുന്നതിന് ചാലക്കുടി വെള്ളിക്കുളങ്ങര റോഡും മാരാങ്കോടു നിന്ന് കുറ്റിച്ചിറ ചായ്പൻ കുഴിയിലേക്കുള്ള മൺറോഡുകളും മാത്രമേ ഉണ്ടായിരുന്നുള്ളു. ആദ്യത്തെ പഞ്ചായത്തു നിലവിൽ വന്നതിനു ശേഷമാണ് ഇന്നത്തെ രീതിയിൽ റോഡുകൾ ഫോർമേഷൻ ചെയ്തതും നന്നാക്കിയതും. പ്രധാനപ്പെട്ട എല്ലാ റോഡുകളും പ്രഥമ പഞ്ചായത്തു ഭരണസമിതിയുടെ കാലത്ത് ഫോർമേഷൻ നടത്തിയതും പിന്നീട് നന്നാക്കി സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതുമാണ്. പഞ്ചായത്തിന്റെ എല്ലാ വാർഡുകളുടേയും പ്രധാന ഭാഗങ്ങളെ റോഡുമാർഗ്ഗം ബന്ധിപ്പിക്കത്തക്ക ഒരു റോഡു ശൃംഖല ഇന്നുണ്ട്. എന്നാൽ ആറാം വാർഡിന്റെ ഹൃദയ ഭാഗത്തുകൂടികടന്നു പോകുന്ന കൂർക്കമറ്റം റോട്ടിലെ പാലം കേടായതു മൂലം ഏറ്റവും ക്ലേശം സഹിക്കുന്ന ജനവിഭാഗങ്ങൾ ആറാം വാർഡുകാരാണ്. അതിനാൽ കൂർക്കമറ്റം പാലം പണി അടിയന്തിരശ്രദ്ധ ആർഹിക്കുന്നു.

കോടശ്ശേരി പഞ്ചായത്തു രൂപീകരിക്കുന്നതിനുമുമ്പ് പഞ്ചായത്തിന്റെ ഹദയത്തിലൂടെ ഒരു ട്രാംവെലൈൻ കടന്നു പോയിരുന്നു. ചാലക്കുടിയിലേക്ക് കിഴക്കൻ മലകളിൽ നിന്നും തടി, വിറക്, മുതലായവ ഇറക്കിക്കൊണ്ടു വരുന്നതിന് പറമ്പിക്കുളം വരെ നീണ്ടു കിടന്നിരുന്ന ഒരു റയിൽവേ സംവിധാനമായിരുന്നു ട്രാംവെ. ഇത് കൊച്ചി രാജാക്കന്മാരുടെ കാലത്ത് സ്ഥാപിച്ചതായിരുന്നു. ചാലക്കുടിയുടെ ഐശ്വര്യത്തിനും പ്രശസ്തിക്കും നിദാനം ഈ ട്രാംവെയായിരുന്നു. ഏതാനും നിക്ഷിപ്ത താല്പര്യക്കാരുടെ സ്വാർത്ഥലാഭത്തിനുവേണ്ടി ഈ സ്ഥാപനം നിർത്തലാക്കുകയും അതുവഴി ചാലക്കുടിക്കും അതു കടന്നുപോയിരുന്ന കോടശ്ശേരി പഞ്ചായത്തിനും തീരാനഷ്ടം ഉണ്ടാക്കിവയ്ക്കുകയും ചെയ്തു. ഈ പഞ്ചായത്തിന് അമൂല്യമായ ഒരു മുതല്ക്കൂട്ടാകുമായിരുന്ന ഈ സ്ഥാപനമോ ഇതിന്റെ അവശിഷ്ടങ്ങളോ ഇന്നു നിലവിലില്ല.

ഈ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളും അവയുടെ നീളം സ്വഭാവം ഇവ പട്ടികയായി ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | വാർഡ് | ടാർ റോഡിന്റെ നീളം | മെറ്റൽ റോഡിന്റെ നീളം | മൺ റോഡിന്റെ നീളം | റോഡുകളുടെ എണ്ണം | ആകെ റോഡിന്റെ നീളം |
|---|---|---|---|---|---|---|
| 1 | 1 | 1 K.M. | 2 K.M. | 3.610 | 13 | 6.610 |
| 2 | 2 | 2½ K.M. | 1½ K.M. | 3.450 | 8 | 7.450 |
| 3 | 3 | 1.3 K.M. | 7½ K.M. | 5.050 | 7 | 13.850 |
| 4 | 4 | 4 K.M. | - | 12.750 | 12 | 16.750 |
| 5 | 5 | 8 K.M. | - | 3 K.M. | 11 | 11.000 |
| 6 | 6 | 2 K.M. | 1.5 K.M | 12.500 | 17 | 16.000 |
| 7 | 7 | 2 K.M. | 2 K.M. | 2 K.M. | 7 | 6.000 |
| 8 | 8 | 6 K.M. | 5 K.M. | 10.500 | 16 | 21.500 |
| 9 | 9 | 5 K.M. | - | 6.500 | 11 | 11.500 |
| 10 | 10 | 4 K.M. | ½ K.M. | 6.740 | 10 | 11.240 |
| 11 | 11 | 4 K.M. | 1 K.M | 6 K.M. | 12 | 11.000 |
| 12 | 12 | 7 K.M. | 2½ K.M. | 6 K.M. | 1[illegible] | 15.500 |
| ആകെ | 12 | 47.3 | 23.0 | 78.1 | 125 | 148.400 |

മലയോര പ്രദേശമായതുകൊണ്ടും മുൻകാലങ്ങളിൽ അവികസിതമായിരുന്നതുകൊണ്ടും റോഡുകൾ ഇവിടെ ആവശ്യത്തിനുണ്ടായിരുന്നില്ല. പഞ്ചായത്തു പ്രദേശത്ത് മൊത്തം 47 കിലോമീറ്റർ ടാറിംഗ് റോഡും 23 കിലോമീറ്റർ മെറ്റൽ റോഡും 78 കിലോമീറ്റർ മൺറോഡുമാണുള്ളത്. ആകെ 148.4 കിലോമീറ്റർ പഞ്ചായത്തിലെ ഏറ്റവും പ്രധാന ആവശ്യങ്ങളിൽ ഒന്നാണ് സഞ്ചാര യോഗ്യമായ റോഡുകൾ. കീഴ്ക്കാംതൂക്കായ പ്രദേശങ്ങളിലെ മൺറോഡുകൾ വർഷക്കാലത്ത് മണ്ണൊലിച്ചു പോയി തോടാകുന്നതിനാൽ സഞ്ചാരയോഗ്യമല്ല. കാർഷിക വിഭവങ്ങൾ ഇക്കാലത്ത് മാർക്കറ്റിലെത്തിക്കുക എളുപ്പമല്ല. അതിനാൽ ഭക്ഷ്യോല്പാദന വർദ്ധനവുണ്ടാകുന്നതോടെ റോഡുകളുടെ പ്രസക്തി ഏറി വരുന്നു. കായ, മരച്ചീനി, റബ്ബർ, മരങ്ങൾ, വിറക്, മുതലായവ മാർക്കറ്റിലെത്തിക്കാൻ ആവശ്യമായ റോഡുകൾ അനിവാര്യമാണ് അല്ലാത്ത പക്ഷം ഉല്പാദനമുണ്ടായാലും അവയ്ക്ക് വില ലഭിക്കാത്ത അവസ്ഥ വരും. കോടശ്ശേരി പഞ്ചായത്തിലേക്ക് ഏറ്റവും കൂടുതൽ തുക റോഡു നിർമ്മാണത്തിന് അനുവദിക്കേണ്ടതാണ്. റോഡ് ശൃംഖലമെച്ചപ്പെട്ടതാണെങ്കിലും ഗുണമേന്മയിൽ മോശമാണ്.

## പ്രശ്നങ്ങൾ

1. ചാലക്കുടിയിൽ നിന്ന് വെള്ളിക്കുളങ്ങര, കോർമല രണ്ടുകൈ ഭാഗത്തേക്ക് ബസ് സർവ്വീസുണ്ടെങ്കിലും വെള്ളിക്കുളങ്ങര ഭാഗത്തു നിന്നും കുറ്റിച്ചിറ ചായ്പൻകുഴി അതിരപ്പിള്ളി ഭാഗത്തേക്ക് ബസ് സർവ്വീസ് ഇല്ല.
2. കോടശ്ശേരി പഞ്ചായത്തിലെ ആറാം വാർഡിന്റെ പ്രധാന ഭാഗങ്ങൾ ബസ് സർവ്വീസ് ബന്ധമില്ലാതെ ഒറ്റപ്പെട്ടുകിടക്കുന്നു.
3. പരിയാരം കോടശ്ശേരി പഞ്ചയാത്തുകളെ ബന്ധിപ്പിച്ചിരുന്ന കൂർക്കമറ്റം പാലം ഇടിഞ്ഞു പൊളിഞ്ഞു പോയിരിക്കുന്നു.
4. കുറ്റിച്ചിറ പീലാർമുഴി കനാൽ ബണ്ട് ഫാംറോഡ്, ട്രാം വെറോഡ് യാത്രായോഗ്യമല്ല.
5. മറ്റത്തൂർ ബ്രാഞ്ച് കനാൽ ബണ്ട് ഫാംറോഡ് ഒട്ടും തന്നെ സഞ്ചാരയോഗ്യമല്ല.
6. ചുമ്മാരുകാട്, കൂർക്കമറ്റം, കോണിക്കമറ്റം എന്നീ പട്ടികജാതി കോളനികളിലെ നിവാസികൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കം വൈദ്യസഹായത്തിനും കുറ്റിച്ചിറയുമായി ബന്ധപ്പെടാൻ യാത്രാ സൗകര്യങ്ങളില്ല.
7. കോടശ്ശേരി പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടെ കിഴക്കേയറ്റം മുതൽ പടിഞ്ഞാറെ അറ്റം വരെ തുടർച്ചയായി യാത്ര ചെയ്യാൻ മാർഗ്ഗങ്ങളില്ല.
8. ചാലക്കുടി - വെള്ളിക്കുളങ്ങര ബസ്റൂട്ടിൽ വളരെക്കാലമായി നിലനില്ക്കുന്ന ഫെയർ സ്റ്റേജിൽ അപാകതകളുണ്ട്.
9. റോഡുകളുടെ ഇരുഭാഗങ്ങളിലെ കാനകൾ നികന്നു പോയിരിക്കുന്നു.
10. ആവശ്യമുള്ള സ്ഥാനങ്ങളിൽ കലുങ്കുകളില്ല.
11. കീഴ്ക്കാം തൂക്കായ സ്ഥലങ്ങളിലെ റോഡുകളുടെ ഇരുവശവുമുള്ള കാനകൾ ആഴമേറിയ ഗർത്തങ്ങളായിത്തീർന്നിരിക്കുന്നു.
12. റോഡരുകിലുള്ളവർ കാനകൾ നികത്തിക്കളയുന്നു.
13. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ ചെയ്യുന്നില്ല.
14. അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്യുന്നില്ല.
15. ഫോൺ, വാട്ടർ സപ്ലൈ മുതലായവകുപ്പുകാർ വഴികൾ സദാസമയവും കൊത്തിപ്പൊളിച്ചു നാനാവിധമാക്കുന്നു.
16. റോഡുകൾക്ക് ആവശ്യമായ സ്ഥലങ്ങളിൽ സൈഡ് പ്രൊട്ടക്ഷൻ നൽകുന്നില്ല.

17. കാർഷിക മേഖലയിൽ കൃഷിക്കാർ വെള്ളം തിരിച്ച് റോഡുകൾ കേടുവരുത്തുന്നു.

18. റോഡിന്റെ കാനകളിലും വശങ്ങളിലും കല്ല്, തടിമുതലായവ ശേഖരിക്കുന്നതു മൂലം റോഡുകൾ കേടുവരികയും കാനകൾ നികന്നുപോകയും റോഡപകടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.

19. റോഡുകളുടെ പ്രാധാന്യത്തെക്കുറിച്ച് സാധാരണജനങ്ങൾ ബോധവാന്മാരല്ല.

## പരിഹാരങ്ങൾ

1. വെള്ളിക്കുളങ്ങര ഭാഗത്ത് വന്നു തിരിച്ചപോകുന്ന ട്രാൻസ്പോർട്ടു ബസ്സുകളും ഏതാനും പ്രൈവറ്റ് ബസ്സുകളും കുറ്റിച്ചിറ വഴി ചായ്പൻ കുഴി അതിരപ്പിള്ളി എന്നിവിടങ്ങളിലേക്കു നീട്ടുക.
2. കോടശ്ശേരി പഞ്ചായത്തിലെ ആറാം വാർഡിന്റെ മദ്ധ്യഭാഗത്തുള്ള റോഡ് ഗതാഗതയോഗ്യമാക്കി ബസ് സർവ്വീസ് അതുവഴി ആരംഭിക്കണം.
3. കോടശ്ശേരി പരിയാരം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കൂർക്കമറ്റം പാലം പുതുക്കിപ്പണിയുക.
4. കുറ്റിച്ചിറ ഹീലർമുഴി ഫാം റോഡ് സൈഡ് പ്രൊട്ടക്ഷൻ നൽകിയും ട്രാംവൈറോഡു ടാറിംഗ് നടത്തിയും സഞ്ചാരയോഗ്യമാക്കുക.
5. മറ്റത്തൂർ ബ്രാഞ്ചുകനാൽ ബണ്ട് ഫാംറോഡാക്കി മാറ്റുക.
6. കോണിക്കമറ്റം, കൂർക്കമറ്റം, ചുമ്മാരുകാട്, മാരാങ്കോട് പട്ടികജാതി വർഗ്ഗകോളനികളിലെ നിവാസികൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കും, വൈദ്യസഹായത്തിനും കുറ്റിച്ചിറയുമായി ബന്ധപ്പെടാൻ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് ആറാം വാർഡിന്റെ മദ്ധ്യഭാഗത്തുകൂടെയുള്ള റോഡ് വികസിപ്പിച്ച് ഗതാഗതത്തിനും ബസ് യാത്രക്കും സൗകര്യമുണ്ടാക്കുക.
7. കോർമല – പൊന്നാമ്പ്യോളി – കാരാപ്പാടം, കൂർക്കമറ്റം, മാരാങ്കോട് (തെക്ക്) പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ് വികസിപ്പിച്ച് ട്രാംവെ റോഡുമായി ബന്ധിപ്പിച്ച് കലിക്കക്കുന്ന് വഴി ചാലക്കുടിയുമായി ബന്ധിപ്പിക്കുക.
8. ചാലക്കുടി വെള്ളിക്കുളങ്ങര റൂട്ടിൽ വളരെക്കാലമായി നിലനില്ക്കുന്ന ഫെയർ സ്റ്റേജിലെ അപാകതകൾ പരിഹരിക്കുക.
9. റോഡുകളിൽ പലയിടത്തും വെള്ളം ഒഴുകി പോകുന്നതിനു കലുങ്കുകളുണ്ടാക്കണം.
10. കാനകൾ സമീപസ്ഥരായ താമസക്കാരെക്കൊണ്ട് തികത്തികളയാതിരിക്കാൻ ബോധവല്ക്കരിക്കുക
11. കീഴ്ക്കാം തൂക്കായ റോഡുകളുടെ ഇരുപുറവുമുള്ള കാനകൾ കോൺക്രീറ്റ് ചെയ്യുക.
12. റോഡരുകിലുള്ളവർ കാനകൾ നികത്തിക്കളയാതിരിക്കാൻ കർശനമായ നടപടികൾ സ്വീകരിക്കണം
13. റോഡുകളുടെ ടാറിംഗ് മുതലായ ജോലികൾ കുറ്റമറ്റരീതിയിൽ ചെയ്യിക്കണം.
14. അറ്റകുറ്റപ്പണികൾ മഴക്കാലത്തിനു മുൻപ് ചെയ്തിരിക്കണം.
15. ഫോൺ, വാട്ടർ സപ്ലൈമുതലായ വകുപ്പുകാരുടെ റോഡ് നശിപ്പിക്കൽ പരിപാടി അവസാനിപ്പിക്കണം.
16. കാർഷികമേഖലകളിൽ കൃഷിക്കാർക്ക് റോഡ് കേടാകാതെ വെള്ളം തിരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കണം.
17. റോഡുകളുടെ കാനകളിലും ഇരുവശങ്ങളിലും തടി കല്ല് മുതലായവ ശേഖരിക്കുന്നവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണം.
18. റോഡുകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക.

## പഞ്ചായത്തിലെ റോഡുകൾ

1. കൊട്ടാരം റോഡ് 2 കി. മി. ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം.
2. എലിഞ്ഞിപ്ര – കോണിക്കമറ്റം റോഡ് വടക്കോട്ട് ട്രാംവെ വരേയും പടിഞ്ഞാട്ട് കുട്ടാടൻ ചിറവരെയും നീട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
3. ഗോവ റോഡ് വീതികൂട്ടി ടാർ ചെയ്യണം.
4. കലിയ്ക്കൽ, ചൗക്ക, പാടം (ഫാം) റോഡ്, ആശുപത്രി, പള്ളി, ചൗക്ക സ്കൂൾ, കലിയ്ക്കൽ സ്ക്കൂൾ എന്നിവയെ ബന്ധിപ്പിക്കുന്ന 3. കി.മീ. ടാർ ചെയ്യണം.
5. കണ്ടംകുളം റോഡ് ഒന്നര കി.മീ. ടാർ ചെയ്യണം.
6. താഴൂർ റൈസ്മിൽ റോഡ്, കലിക്കൽ കുന്ന് ഹരിജൻ കോളനിറോഡ്, കലിയ്ക്കൽ കുന്ന് ബ്രാഞ്ച് കനാൽ റോഡ് എന്നിവയും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
7. രണ്ടാം വാർഡിലുള്ള കനാൽ റോഡുകൾ സഞ്ചാരയോഗ്യമാക്കണം.
8. കണ്ണമ്പടത്തി റോഡ് ഒന്നര കി.മീ. ടാർ ചെയ്യണം.
9. കലിക്കൽ വായനശാല – മോച്ചിറ റോഡ് നന്നാക്കണം.
10. മേട്ടിപ്പാലം ബ്രാഞ്ച് കനാൽ റോഡ് (ഫാം റോഡ്), മേട്ടിപ്പാടം മെയിൻ കനാൽ റോഡ്, എലൈറ്റ് ജങ്ഷൻ മുതൽ ബ്രാഞ്ചാ കനാൽ റോഡുവരെയുള്ള റോഡ് എന്നിവയെല്ലാം ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
11. താഴൂർ – ചന്ദനക്കുന്നറോഡ്, താഴൂർ മേട്ടിപ്പാടം ഫാം റോഡ്, മണലായി ചട്ടിക്കുളം റോഡ്, മണലായിപ്പാടം റോഡ്, ചന്ദനക്കുന്ന് ചട്ടിക്കുളം കനാൽ ബണ്ട് റോഡ് എന്നിവ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
12. മാരാങ്കോട്, കൂർക്കമറ്റം, കുണ്ടുകുഴിപ്പാടം ഹരിജൻ, ഗിരിജൻ കോളനിറോഡ്, ചട്ടിക്കുളം – തലവരിപ്പാറ, മൂലേപ്പാടം വഴി കൂർക്കമറ്റം ഹരിജൻ കോളനി ഫാം റോഡ് ടാർ ചെയ്യണം.
13. മാരാംകോട് ചങ്കുറ്റിപ്പാടം റോഡ് 2 കി. മീ. കൂർക്കമറ്റം ഇടുക്കിക്കോളനി – മാരാംകോട് – കോളനി ഒന്നര കി.മി..
14. പൊന്നമ്മത്തറം – കുണ്ടുകുഴിപ്പാടം റോഡ് ഒരു കി.മീ.
15. മാരാംകോട് – ഗിരിജൻ കോളനി റോഡ് 1 കി.മി. (മെറ്റൽഡ്) എന്നീ റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
16. മറ്റത്തൂർ വെള്ളിക്കുളം ബ്രാഞ്ചു കനാൽ ഫാം റോഡ്, മെറ്റൽ ചെയ്ത് ടാറിംഗ് നടത്തണം.
17. കുണ്ടുകുഴിപ്പാടം തെക്കേക്കര മൺറോഡ്, മെറ്റലിംഗും, ടാറിംഗും നടത്തണം.
18. പാലാ ജങ്ഷൻ കുറ്റിച്ചിറ കനാൽബണ്ട്റോഡ് വാഹനഗതാഗതത്തിനുതക്ക വീതിയുണ്ട്. അത് മെറ്റലിംഗ് നടത്തണം. നിർത്തിവച്ചിരിക്കുന്ന മുഴുവൻ ഫാം റോഡുകളുടേയും പണി പുനരാരംഭിക്കണം.
19. പുതിയ ഫാം റോഡുകൾ അനുവദിക്കണം.
20. മോതിരക്കണ്ണി, നമ്പ്യാർപടി, പീലാർമുഴി റോഡിന് 8 മീ. വീതിയുണ്ട്. അതിന്റെ ഒരു ഭാഗത്തുക്കൂടി ഒന്നര കോൽ ഉയരത്തിൽ കയ്യാണിയുണ്ട്. ഇതിൽ നിന്നും വെള്ളം റോട്ടിലേക്കൊഴുകി ആകെ ചളിപിടിച്ചുകിടക്കുകയാണ്. ഈ കയ്യാണി കോൺഗ്രീറ്റ് ചെയ്യണം. റോഡ് മെറ്റൽ വിരിക്കണം.
21. പിലാർമുഴി – മാവുങ്ങച്ചിറ റോഡ് ടാർ ചെയ്യണം.
22. മാവുങ്ങച്ചിറ റോഡും ഫാം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നന്നാക്കണം.

23. കുറ്റിച്ചിറ പാലം ജംഗ്ഷൻ മുതൽ കപ്പത്തോടുവരെയും അവിടെ നിന്ന് പടിഞ്ഞാറോട്ട് കപ്പത്തോടിന്റെ വടക്കു ഭാഗത്തുള്ള ഇടിഞ്ഞുപോയ വഴിയും നന്നാക്കി ഉപയോഗയോഗ്യമാക്കണം.

24. പീലാർമുഴി കിഴക്കേ അറ്റം എട്ടുവിട്ടികാർക്ക് കൃഷി സ്ഥലത്തേക്കുപോകാൻ ഒരു വഴി നിർമ്മിക്കണം.

25. ഈസ്റ്റ് കുറ്റിച്ചിറ ഹരിജൻ കോളനി റോഡ് ടാറിംഗ് നടത്തണം.

26. എട്ടാം വാർഡിൽ കിഴക്കേ അറ്റം പരിയാരം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന 300 മീറ്റർ റോഡ് നന്നാക്കണം.

27. ഇടുക്കി കോളനി റോഡ് മാരാംകോട് കനാലുമായി ചേരുന്നിടത്ത് ഒരു നടപ്പാലം പണിത് അനേകം പേരുടെ യാത്രാക്ലേശം പരിഹരിക്കണം.

28. എലിഞ്ഞിപ്ര – കോതേശ്വരം റോഡ് പുനരുദ്ധാരണപ്പണി നടത്തുക.

29. നായരങ്ങാടി – പരിയാരം ഹരിജൻ കോളനിറോഡ് റീട്ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കണം.

30. കമ്മളം, താഴൂർ, പരിയാരം, നായരങ്ങാടി റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.

31. നായരങ്ങാടി ലക്ഷം വീട് കോളനി റോഡ് കൽവെർട്ട് പണിക്ക് കനാൽ ബണ്ടിൽ കൂടി റോഡ് നിർമ്മിക്കുക.

32. നായരങ്ങാടി ഗവ. യു.പി. സ്കൂൾ റോഡ് നന്നാക്കുക.

33. മേച്ചിറ മേട്ടിപ്പാടം ഗിരിജൻ കോളനി റോഡ് നന്നാക്കുക.

34. പടിഞ്ഞാറെ നായരങ്ങാടിയിൽ നിന്ന് സെറ്റിൽ മേന്റിലേക്കുള്ള റോഡ് നന്നാക്കുക.

35. നായരങ്ങാടി പരിയാരം റോഡിൽ നിന്നും വടക്കോട്ട് (ചൂരൽ സൊസൈറ്റിക്കു സമീപം) പോകുന്ന സെറ്റിൽമെന്റ് റോഡ് നന്നാക്കുക.

36. ട്രാംവെ റോഡിൽ നിന്നും നായരങ്ങാടി റേഷൻ കടയിൽ നിന്നും വടക്കോട്ടുപോകുന്ന ഹരിജൻ കോളനി റോഡ്നന്നാക്കി സംരക്ഷിക്കുക.

37. താഴൂർ – മേട്ടിപ്പാടം ഫാംറോഡ് നന്നാക്കുക.

38. നായരങ്ങാടി എൽ.പി. സ്ക്കൂൾ ലിങ്ക് റോഡ് പുതുക്കിപ്പണിയുക.

39. നായരങ്ങാടി പരിയാരം റോഡിൽ നിന്ന് തുടങ്ങുന്ന കെ.കെ. റോഡ് നന്നാക്കുക.

40. ട്രാംവെ റോഡ് റീടാറിംഗ് നടത്തി കാനകൾ കെട്ടി സംരക്ഷിക്കുക.

41. താഴൂർ – കമ്മളം – കുറുക്കും കുഴിക്കുളം റോഡു നന്നാക്കണം.

42. ചാലക്കുടി – പരിയാരം – നായരങ്ങാടി – താഴൂർ, മാരങ്കോട് ചായ്പൻകുഴി – വെറ്റിലപ്പാറ റൂട്ടിൽ ട്രാൻസ്പോർട്ട് ബസ്സ് അനുവദിക്കുക.

43. കുറ്റിച്ചിറ അംബേദ്ക്കർ കോളനി റോഡ് – കാരാപ്പാടം, പൊന്നാമ്പിയോളി റോഡ് ടാർചെയ്യണം.

44. മാരാങ്കോട് കാരാപ്പാടം റോഡ് കനാലിനു കുറുകെ വീതിയിൽ പാലം പണിത് യാത്രായോഗ്യമാണം.

45. കിഴക്കെ കുറ്റിച്ചിറ അംബേദ്ക്കർ കോളനി റോഡും മാവുങ്ങച്ചിറ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പുതുക്കി യാത്ര യോഗ്യമാക്കണം.

46. കുറ്റിച്ചിറ കനാൽപാലം പൊളിച്ച് വീതികൂടി പണിത് ഉപയോഗ പ്രദമാക്കണം.

47. കുറ്റിച്ചിറ വരുന്ന ട്രാൻസ്പോർട്ട് ബസ് റൂട്ട് രണ്ടുകൈയിലേക്ക് നീട്ടണം.

48. കുറ്റിച്ചിറ കിഴക്കെകോളനി വഴി മുൻപ് വന്നിരുന്ന എല്ലാ ബസ്സുകളും ആ വഴിക്കുതന്നെ തിരിച്ചു വിടണം.

212

49. മാരാങ്കോട് ഗിരിജൻ കോളനി വഴി കുണ്ടുകുഴിപ്പാടം കൂടി കുറ്റിച്ചിറയ്ക്ക് ചാലക്കുടി, ചൗക്ക നായരങ്ങാടി വഴി ട്രാൻസ്പോർട്ട് ബസ്സ് അനുവദിച്ചുതരണം. ഈ പ്രദേശത്ത് പ്രൈവറ്റ് ബസ്സ് പണി മുടക്കിയാൽ ഇവിടുത്തുകാർക്ക് യാത്രാക്ലേശം വളരെയേറെയാണ്. ഇതു പരിഹരിക്കാൻ നടപടിയുണ്ടാകണം.

50. ചാലക്കുടി, ചൗക്ക, എലിഞ്ഞിപ്ര, നായരങ്ങാടി, ചട്ടിക്കുളം വഴി വെള്ളിക്കുളങ്ങരക്കും കുറ്റിച്ചിറയ്ക്കും ഉള്ള ഫെയർ സ്റ്റേജ് വളരെ കൂടുതലായി അനുഭവപ്പെടുന്നു. അത് പുതുക്കി നിശ്ചയിക്കാൻ വേണ്ട നടപടി എടുക്കണം.

51. സെറാഫിക് ലക്ഷം വീട് റോഡ് ടാർ ചെയ്യണം.

52. ഇരിങ്ങണ – ലക്ഷം വീട് റോഡ് ടാർ ചെയ്യണം.

53. വൈലാത്ര – കുന്നത്തുപറമ്പൻ റോഡ്, വൈലാത്ര പാണാടൻ റോഡ്, വൈലാത്ര – അഗ്രോസർവ്വീസ് റോഡ്, വൈലാന്തറ – ശ്മശാനം റോഡ്, ഇരിങ്ങന – ജൂബിലി റോഡ്, കോർമല – അംബുക്കന്നൻ റോഡ്, കോർമല അങ്കമാലി റോഡ്, ഇരിങ്ങണ – കരിക്കാട്ടോളിറോഡ് എന്നിവ ടാർ ചെയ്യണം.

54. കുണ്ടു കുഴിപ്പാടം – പൗർണ്ണമിക്ലബ്ബ് റോഡ് നന്നാക്കണം. കനാലിനുകുറുകെ ഒരു പാലവും പണിയണം.

55. പീലാർമുഴി – ചായ്പൻ കുഴി കനാൽ പാത്തി വെട്ടിക്കുഴി റോഡ് 3 കി.മീ. നീളത്തിൽ ടാർ ചെയ്യണം.

56. ചായ്പൻകുഴി ജംഗ്ഷൻ പീലാർമുഴി ടാങ്ക്റോഡ്, ചായ്പൻ കുഴി താഴ്ത്തങ്ങാടി അംഗൻവാടി ചൂളക്കടവ് റോഡ്, വെട്ടിക്കുഴി കോട്ടാമല റോഡ്, പൂളിങ്കര കുളം റോഡ്, കുറ്റിച്ചിറ – പീലാർമുഴി കനാൽ ബണ്ട് റോഡ് എന്നിവ മെറ്റൽ ചെയ്ത ടാറിടണം.

57. രണ്ടുകൈ – ചൂളക്കടവ് – വെട്ടിക്കുഴി റോഡ് മെറ്റലിക്ക് നടത്തി ടാർ ചെയ്യണം.

58. രണ്ടുകൈ – മരുതുകുഴി റോഡ് – ടാർ ചെയ്യുകയും രണ്ടു കൈജംഗ്ഷനിൽ വന്നു തിരിക്കുന്ന ബസ്സുകൾ മരുതുകുഴിവരെ നീട്ടുക.

59. രണ്ടുകൈ – വാരം കുഴി റോഡ് ടാർ ചെയ്യുക

60. ചായ്പൻകുഴി ചൂളക്കടവ് റോഡ് മെറ്റലിംഗ് – ടാറിംഗ് നടത്തി സഞ്ചാര യോഗ്യമാക്കുകയും ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്യുക.

61. രണ്ടുകൈ ഹെൽത്ത് സെന്ററിലേക്ക് പടിഞ്ഞാറുഭാഗത്തു താമസിക്കുന്ന ഗിരി ജനങ്ങൾക്ക് വരാന് പാകത്തിന് ട്രൈബൽ റോഡ് സഞ്ചാരയോഗ്യമാക്കുക.

62. വീരൻ ചിറയും – കോർമലയും തമ്മിൽ യോജിപ്പിക്കുന്ന പള്ളി റോഡ് ഒന്നര കി.മീ. ടാർ ചെയ്യുക.

63. അരിച്ചാർ കുഴി – ഫോറസ്റ്റ് ക്വാർട്ടേഴ്സ് റോഡ്, കിഴക്കേ കോളനി – എർത്തുകോട്ട മത്തായി – കുഞ്ചൻ തങ്ക റോഡ്.

64. രണ്ടു കൈ കോവാട്ട്കുന്ന് മരുതുകുഴി റോഡ് ഇവയൊക്കെ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

65. ചായ്പ്പൻ കുഴി – എസ്.എൻ.ഡി.പി. അമ്പലത്തിന്റെ തെക്കു ഭാഗത്തൂടെ കിഴക്കോട്ടു പോകുന്ന റോഡ് ടാർ ചെയ്യണം.

66. രണ്ടുകൈ കിഴക്കെ കോളനി പാലത്തിനു സമീപത്തുകൂടി റോഡ് ടാർ ചെയ്യണം.

67. വീരഞ്ചിറ അമ്പലത്തിനു സമീപം കിഴക്കോട്ടു പോകുന്ന റോഡ് ടാർ ചെയ്യണം.

68. മാരാങ്കോട് പാലം മുതൽ കിഴക്കോട്ട് കനാലിന്റെ ഇരു ബണ്ടുകളും ഫാം റോഡുകളാക്കി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കണം.

# ഊർജ്ജം



ഊർജ്ജത്തിനു വേണ്ടി കോടശ്ശേരി പഞ്ചായത്തിൽ ഇന്നും വിറകുതന്നെയാണ് ഉപയോഗിക്കുന്നത്. രണ്ടാം സ്ഥാനമേ വൈദ്യുതിക്കുള്ളു. മൂന്നാം സ്ഥാനം പെട്രോൾ, ഡീസൽ, മണ്ണെണ്ണ മുതലായവയ്ക്കും. വൈദ്യുതി വിളക്കിന്റെ ആവശ്യത്തിനും പെട്രോൾ, ഡീസൽ മുതലായവ യന്ത്രങ്ങൾക്കും ഇന്ധനമാകുന്നു. കോടശ്ശേരി പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്തി നോക്കാത്ത പ്രദേശങ്ങൾ ഉണ്ട് എന്നുപറയുന്നത് അത്ഭുതമായി തോന്നും. എന്നാൽ അത് സത്യമാണ്.

വ്യാവസായികാവശ്യങ്ങൾക്ക് വളരെകുറച്ചു വൈദ്യുതി മാത്രമേ ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നുള്ളു. ജലസേചനത്തിനും വിളക്കിനുമാണ് പ്രധാനമായി വൈദ്യുതി ഉപയോഗിക്കുന്നത്. ഈയിടെയായി കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ ഉപഭോഗം ക്രമാതീതമായി വർദ്ധിച്ചു വരുന്നുണ്ട്. ജല ലഭ്യത കുറഞ്ഞു വരുന്നതാണതിന്റെ കാരണം. കാർഷിക അഭിവൃദ്ധിക്ക് ഈ മേഖലയുടെ പ്രധാന ഭാഗങ്ങളിലേക്കിനിയും വൈദ്യുതി എത്തിക്കേണ്ടിയിരിക്കുന്നു.

പരിയാരം സബ്സ്റ്റേഷനാണി പഞ്ചായത്തിലെ വൈദ്യുതി നിയന്ത്രിക്കുന്നത്. കുറച്ചു ഭാഗത്ത് വെള്ളിക്കുളങ്ങര സബ് സ്റ്റേഷനും പടിഞ്ഞാറു ഭാഗം ചാലക്കുടി സബ് സ്റ്റേഷനുമാണ് വൈദ്യുതി നിയന്ത്രിക്കുന്നത്. വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനുള്ള ഒരു സെന്റർ കുറ്റിച്ചിറയിൽ തുറന്നിട്ടുള്ളത് ഉപഭോക്താക്കൾക്ക് വലിയ ആശ്വാസമാണ്. 2500 ഉപഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും പൂർണ്ണമായി വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ വിവിധ ഡിവിഷനുകളുടെ കീഴിലായതിനാൽ ഭരണപരമായ സൗകര്യക്കുറവുണ്ട്.
3. പ്രേഷണവിതരണരംഗത്ത് ബോർഡ് ഒട്ടുംതന്നെ ശ്രദ്ധിക്കുന്നില്ല. തികച്ചും അനാഥമായ അവസ്ഥയിലാണ് ബോർഡ്. ഒരു നാഥനില്ലാക്കളരിയാണെന്നു പറയുന്നതാണുത്തമം.
4. ഹരിജൻ – ലക്ഷം വീടു കോളനികൾ വൈദ്യുതീകരിച്ചിട്ടില്ല.
5. സ്ട്രീറ്റ് ലൈറ്റുകൾ ഒരിക്കലും പ്രകാശിക്കാറില്ല.
6. വൈദ്യുതി ക്രമാതീതമായി അപഹരിക്കപ്പെടുന്നുണ്ട്.
7. സ്റ്റെപ്-അപ് ഉപയോഗിക്കുന്നതുകൊണ്ട് മറ്റുള്ള ഉപഭോക്താക്കൾക്ക് പ്രശ്നങ്ങളുണ്ടാക്കുന്നു.
8. വൈദ്യുതി ലഭിക്കുന്നതിന് ഇന്ന വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിയിരിക്കുന്നു.
9. മിക്കവാറും ദിവസങ്ങളിൽ വൈദ്യുതി ലയിനുകളിൽ തകരാറുകാണുന്നു.
10. വോൾട്ടേജ് കൂടിയും കുറഞ്ഞും ബൾബുകളും ഗൃഹോപകരണങ്ങളും കേടുവരുന്നു.
11. ബോർഡ് ഉദ്യോഗസ്ഥന്മാർക്ക് സാമൂഹ്യ പ്രതിബദ്ധതയില്ല.
12. സ്ഥിരമായി ഒരു ലയിൻ മാൻ ഇല്ല.
13. ലയിനിലെ അറ്റക്കുറ്റപ്പണികൾ നടത്താൻ ബോർഡ് ശ്രമിക്കുന്നില്ല.
14. കൈത്തൊഴിലുകൾ ആരംഭിക്കുന്നതിനും മറ്റും വൈദ്യുതി ലഭിക്കുവാൻ വളരെ പ്രയാസമനുഭവപ്പെടുന്നു.
15. വിറകിന്റെ ഉപഭോകം, ദക്ഷതയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് അധികമാകുന്നു.
16. ദക്ഷതകൂടിയ അടുപ്പുകൾ വിതരണം ചെയ്യുന്നതിനു വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

214

17. വാഹനപ്പെരുപ്പം പെട്രോളിയം ഉല്പന്നങ്ങൾ കുടിച്ചുതീർക്കുന്നു.

18. പെട്രോളിയം ഉല്പന്നങ്ങളുടെ ഉല്പാദനവും ഉപഭോഗവും തമ്മിൽ ഒരു പൊരുത്തവുമില്ല.

19. സൗരോർജ്ജം ചൂഷണം ചെയ്യുന്ന സാങ്കേതികവിദ്യ വളർത്തിയെടുത്തിട്ടില്ല.

20. ഊർജ്ജാസൂത്രണത്തിൽ ജനകീയ പങ്കാളിത്തമില്ല.

21. കേന്ദ്രീകൃത ഊർജ്ജാസൂത്രണം ലഭ്യതയെമാത്രം ആശ്രയിക്കുന്നതും കേവലമായ ഉപഭോഗവർദ്ധനവിൽ ഊന്നുന്നതുമാണ്.

22. കാര്യക്ഷമതയില്ലാത്ത പാഴ്ച്ചെലവും, ദുരുപയോഗം കുറക്കാനുള്ള പ്രേരണയും ഉണ്ടാകുന്നില്ല.

23. വൈദ്യുതി ഒഴികെയുള്ള ഊർജ്ജ സ്രോതസുകൾകണ്ടെത്താനോ സംരക്ഷിക്കാനോ ശ്രദ്ധിക്കുന്നില്ല.

24. ഊർജ്ജോല്പാദനം വെറും വാണിജ്യലക്ഷ്യത്തോടുകൂടി മാത്രം നടത്തുകയും സമഗ്രവീക്ഷണത്തിന്റെ സാന്നിദ്ധ്യമില്ലായ്മയും.

25. കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കാവുന്ന ഗോബർ ഗ്യാസ് ഉല്പാദിപ്പിക്കാൻ താല്പര്യം കാണിക്കുന്നില്ല.

26. ജൈവ സമ്പത്തുപയോഗിച്ച് ഗ്രാമങ്ങളിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്നില്ല.

27. ചെറുകിട പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. (കരി നഗർ, പൂരി, സിർഗുളി, കരിമ്പയിലെ മീൻ വല്ലം വെള്ളച്ചാട്ടം)

28. ഊർജ്ജോപഭോഗത്തെപ്പറ്റി സമഗ്രമായ സർവ്വെ നടത്തിയിട്ടില്ല.

29. ഊർജ്ജോപഭോഗത്തെപ്പറ്റി സാമ്പിൾ സർവ്വെ നടത്തിയിട്ടില്ല.

30. അടുപ്പുകാമ്പെയ്നുകൾ നടക്കുന്നില്ല.

31. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന സാങ്കേതിക വിദ്യ വളർത്തിയെടുക്കുന്നില്ല.

32. തിരമാലകളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന സാങ്കേതിക വിദ്യവളർത്തിയെടുക്കുന്നില്ല

പരിഹാരങ്ങൾ

1. ഊർജ്ജോപഭോഗം കാര്യക്ഷമമാക്കുക. ഗ്രാമീണ മേഖലയിൽ ജൈവ വസ്തുക്കൾ ഉപയോഗിച്ച് ഊർജ്ജോല്പാദനം നടത്തുക.

2. ഒരു ഡിവിഷന്റെ കീഴിൽ പഞ്ചായത്തിലെ എല്ലായിടത്തും വൈദ്യുതി എത്തിക്കുക.

3. വൈദ്യുതി വിതരണം പഞ്ചായത്ത് ഏറ്റെടുത്തു നടത്തുക.

4. എല്ലാകോളനികളും സൗജന്യമായി വൈദ്യുതീകരിക്കുക.

5. സ്ട്രീറ്റ് ലൈറ്റ് കത്തിക്കുന്നതും ബൾബ് വാങ്ങിയിടുന്നതും ജനകീയ സിതികളെ ഏൽപ്പിക്കുക.

6. വൈദ്യുതി അപഹർത്താക്കളെ കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ സംവിധാനം ചെയ്യുക, ശിക്ഷിക്കുക.

7. സ്റ്റെപ്-അപ് ഉപയോഗിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുക.

8. വൈദ്യുതി ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലളിതമാക്കുക.

9. ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ ജനകീയ സഹകരണത്തോടെ മാറ്റാൻ സ്ഥിരമായ ഒരു ലൈൻമാനെ നിയമിക്കുക.

10. വൈദ്യുതി പ്രവാഹത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാതിരിക്കുന്നതിന് വേണ്ട മുൻ കരുതലുകൾ ചെയ്യണം.

11. ബോർഡ് ഉദ്യോഗസ്ഥന്മാർക്ക് ബോധ വല്ക്കരണം നൽകണം.

12. വൈദ്യുതി വിതരണം കാര്യക്ഷമമായി നടത്തുന്നതിന് പ്രാദേശികമായ ലൈൻമാന്മാരെ നിയമിക്കുകയും ചെലവു ചുരുക്കുന്നതിന് തിരുവനന്തപുരം വൈദ്യുതഭവനിലെ വെള്ളാനകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യുക.

13. ലയിനിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ലയിൻ മാൻ ജനകീയ സമിതികളുമായി സഹകരിച്ച് പ്രവർത്തിക്കുക.

14. കൈത്തൊഴിലുകൾ ആരംഭിക്കുന്നവർക്ക് ഏറ്റവും വേഗം വൈദ്യുതി എത്തിച്ചുകൊടുക്കുവാൻ നിയമനിർമ്മാണം നടത്തുക.

15. വിറകിന്റെ ഉപഭോഗം കുറക്കുവാനും ഇന്ധന നഷ്ടം ഒഴിവാക്കാനും ദക്ഷതയോറിയ അടുപ്പുകൾ ഉണ്ടാക്കി വിതരണം ചെയ്യുക.

16. വാഹനങ്ങളുടെ വർദ്ധനവ് നിയന്ത്രിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ ഇന്ധനം കുടിച്ചു മുടിക്കുന്ന വാഹന വർദ്ധനവ് നിയന്ത്രിച്ചില്ലെങ്കിൽ നമുക്കുണ്ടാകുന്ന ഭാരിച്ച നഷ്ടം നികത്താനാവില്ല. അതിനാൽ ഒരു കരുതൽ ഇന്ധനശേഖരം ഉണ്ടാക്കിയതിനുശേഷം ബാക്കിയുള്ളതുമാത്രം അത്യാവശ്യകാര്യങ്ങൾക്കുപയോഗിക്കുന്ന ഒരു രീതിയുണ്ടാവണം.

17. സൗരോർജ്ജം സുലഭമാണ് നമുക്ക്. ഭൂമദ്ധ്യരേഖാപ്രദേശതുത സ്ഥിതിചെയ്യുന്നതിനാൽ സൗരോർജ്ജത്തിന് വളരെ സൗകര്യമുണ്ട്. പകൽ മുഴുവൻ സൗരോർജ്ജം ഉപയോഗിക്കാൻ നമുക്ക് കഴിയണം. സൂര്യപ്രകാശമില്ലാത്തപ്പോൾ മാത്രം മറ്റൂർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുക.

18. ഇന്ന് ഊർജ്ജാസൂത്രണത്തിൽ ജനകീയ പങ്കാളിത്തം പ്രധാനമായും കണക്കിലെടുക്കണം. കേന്ദ്രീകൃതാസൂത്രണത്തിന്റെ പരിണിതഫലമാണ് നാമിന്നനുഭവിക്കുന്ന ഊർജ്ജ പ്രതിസന്ധി. ഏറ്റവും കുറച്ച് ഊർജ്ജം ഉപയോഗിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കണം. ജനങ്ങൾക്ക് പങ്കില്ലാതെ വരുമ്പോൾ അവർക്കത് അന്യമാവുകയും ദുരപയോഗം ചെയ്യാൻ മനസ്സുവരികയും ചെയ്യും.

19. കേന്ദ്രീകൃതാസൂത്രണത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുകയും അതുവില്ക്കുകയും ചെയ്യുക എന്നതിലൊഴികെ സമൂഹത്തിന് വളർച്ചയുണ്ടാകണമെന്ന കാഴ്ചപ്പാടില്ല.

20. കേന്ദ്രീകൃതാസൂത്രണം പാഴ്ച്ചെലവേറിയതും ദുരുപയോഗ സാദ്ധ്യതയുള്ളതുമാണ്.

21. ഊർജ്ജ സ്രോതസ്സുകളായ ഖനിജങ്ങളുടെ ഉപയോഗം കുറയ്ക്കാനുള്ള നടപടികൾ ആവിഷ്കരിക്കണം. ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന ദക്ഷതയേറിയ അടുപ്പുകൾ കണ്ടെത്തി സാധാരണക്കാർക്ക് കുറഞ്ഞചിലവിൽ ലഭ്യമാക്കുക. കല്ക്കരി മുതലായ ഇന്ധനങ്ങളുടെ ചെലവും പരിമിതപ്പെടുത്തുക. പെട്രോളിയം ഉല്പന്നങ്ങളുടെ ചെലവുനിയന്ത്രിക്കാൻ വാതകങ്ങളുടെ അനാവശ്യമായ വർദ്ധനവ് നിയന്ത്രിക്കുക.

22. വൈദ്യുതി ഒഴികെയുള്ള ഊർജ്ജം സ്രോതസ്സുകൾ കണ്ടെത്താനോ അവസംരക്ഷിക്കാനോ നമ്മൾ ശ്രദ്ധിക്കണം. ജൈവ വസ്തുക്കളിൽ നിന്നും കിട്ടാവുന്ന ഗോബർഗ്യാസ് മുതലായവ ഉല്പാദിപ്പിച്ച് ഉപയോഗിക്കണം. സൗരോർജ്ജം വളരെ വികസന സാദ്ധ്യതയുള്ള ഒന്നാണ്. ഈ മേഖലയിൽ വ്യാപകമായ പഠനങ്ങൾ നടത്തി സാദ്ധ്യതകൾ വർദ്ധിപ്പിക്കണം. കാറ്റിൽ നിന്നുള്ള ഊർജ്ജവും തിരമാലകളിൽ നിന്നുള്ള ഊർജ്ജവും ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങണം.

23. ഗോബർ ഗ്യാസ് സഹകരണാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചുപയോഗിക്കുക.

24. മീൻവല്ലം പോലുള്ള ചെറുകിട വൈദ്യുത പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ മുൻകൈയ്യെടുക്കുക.

25. ഊർജ്ജാസൂത്രണത്തെപ്പറ്റി സമഗ്രമായ സർവ്വെ നടത്തേണ്ടതാണ്.

26. അടുപ്പ് കാമ്പെയ്നുകൾ നടത്തണം.

---

# വിഭവസമാഹരണം

വികസനപ്രവർത്തനങ്ങൾക്കു പണം അത്യന്താപേഷിതമാണ്. വിഭവസമാഹരണത്തിൻെറ സാദ്ധ്യുകൾ കണ്ടെത്തിയാലെ വികസന പ്രവർത്തങ്ങൾക്ക് പദ്ധതി തയ്യാറാക്കാൻ കഴിയുകയുള്ളൂ. അതുപോലെ ധനാഗമമാർഗ്ഗങ്ങളും അതിൻെറ ഉപയോഗവും എങ്ങനെ ഫലപ്രദമായി നിർവ്വഹിക്കാമെന്നുള്ളതും പ്രധാനമാണ്. മുൻപദ്ധതികളിൽ വന്നു പോയ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്തുകൾക്ക് ശ്രദ്ധിക്കാൻ കഴിയും. സ്വയം സമ്പൂർണ്ണമായ ഒരു ഗ്രാമമാണ് നാം വിഭാവനം ചെയ്യുന്നത്. ഇതിനു സാദ്ധ്യമാകുന്ന വിധമായിരിക്കണം സാമ്പത്തിക വിനിയോഗം.

പഞ്ചായത്തിലെ 95-96 ലെ വരവിനങ്ങൾ

| | ഇനം | വരവ് | |
|---|---|---|---|
| 1. | കെട്ടിടനികുതി | 185383 | 30 |
| 2. | തൊഴിൽനികുതി | 87560 | 00 |
| 3. | വിനോദനികുതി | 22790 | 00 |
| 4. | ലൈസൻസ് ഫീസ് | 7201 | 65 |
| 5. | വസ്തു കൈമാറ്റ വരവ് | 203003 | 00 |
| 6. | സർക്കാർ ഗ്രാൻെറ് | 921494 | 00 |
| 7. | ഡെപ്പോസിറ്റ് | 29584 | 85 |
| 8. | ലേലം വകയിൽ | 7450 | 00 |
| 9. | മറ്റുള്ളവ | 3042 | 50 |
| | **ആകെ** | **1467509** | **10** |
| | മറ്റു ഡിപ്പാർട്ടുമെൻറുകളിൽ നിന്ന് | | |
| | കൃഷി | 1004831 | 00 |
| | ട്രൈബൽ | 10000 | 00 |
| | വിദ്യാഭ്യാസം | 2140 | 00 |
| | പട്ടികജാതി വികസനം | 255 | 00 |
| | ഡയറി | 2320 | 00 |
| | പി.ഡബ്ലിയു.ഡി | 16000 | 00 |
| | **ആകെ** | 1035546 | 00 |
| | **ആകെ മൊത്തം** | **2503045** | **10** |

217

## ചെലവ് -95-96

| | |
|---|---|
| സ്ഥാപനച്ചെലവ് | 520192 |
| പൊതുമരാമത്ത് | 59282 |
| വിദ്യാഭ്യാസം | 27194 |
| ജലവിതരണം | 284 |
| പൊതുജനാരോഗ്യം | 1640 |
| മറ്റു ചെലവുകൾ | 1150 |
| തെരുവുവിളക്കുകൾ | 93257 |
| സോഷ്യൽ വർക്ക്സ് | 60700 |
| നോൺപ്ലാൻ | 439472 |
| ഡെപ്പോസിറ്റുകൾ | 10375 |
| ഇൻകംടാക്സ് & K R E W S | 1807 |
| ആകെ ചെലവ് | 1215353 |
| മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ചെലവ് | |
| കൃഷി | |
| ട്രൈബൽ | |
| വിദ്യാഭ്യാസം | |
| പട്ടികജാതി | |
| ഡയറി | |
| P.W.D | |
| ആകെ | |

## 1996-97ലേക്കുള്ള ബജറ്റ്

വരവ്

| | | |
|---|---|---|
| 1 | കെട്ടിടനികുതിയിനത്തിൽ | 2,50,000 |
| 2 | തൊഴിൽക്കരം | 1,50,000 |
| 3 | വസ്തുകൈമാറ്റ ഫീസിനത്തിൽ | 3,50,000 |
| 4 | സെക്ഷൻ 83 പ്രകാരം | 7,53,000 |
| 5 | വിനോദനികുതിയിനത്തിൽ | 1,00,000 |
| 6 | പലവക വരവുകൾ | 24,000 |
| 7 | ലൈസൻസ് ഫീസിനത്തിൽ | 9,000 |
| 8 | ഗവൺമെന്റിൽ നിന്നും ഗ്രാന്റിനത്തിൽ | 60,81,000 |
| 9 | മിസ്‌ലേനിയസ് വരവുകൾ | 11,000 |
| 10 | ഡെബിറ്റ് ഹെഡ് അക്കൗണ്ട് | 45,000 |
| | ആകെ | 70,20,000 |
| | മുന്നിരുപ്പ് | 9,15,000 |
| | ആകെ മൊത്തം | 79,35,000 |

ചിലവിനങ്ങൾ

218

| | | |
|---|---|---|
| 1 | സ്ഥാപനച്ചെലവ് | 6,89,200 |
| 2 | എൻജിനീയറിംഗ് ചെലവുകൾ | 57,000 |
| 3 | പൊതുമരാമത്തുപണികൾ | 12,30,000 |
| 4 | വിദ്യാഭ്യാസം | 15,61,000 |
| 5 | ശുദ്ധജലം | 2,00,000 |
| 6 | വൈദ്യ സേവനം | 55,000 |
| 7 | വൈദ്യുതി ചാർജുകൾ | 1,00,000 |
| 8 | കാർഷികരംഗം | 26,00,000 |
| 9 | മൃഗസംരക്ഷണം | 61,000 |
| 10 | പൗണ്ട് | 1,000 |
| 11 | ഓഫീസുപകരണങ്ങൾ | 9,000 |
| 12 | ഡെബിറ്റ് ഹെഡ് അക്കൗണ്ട് | 45,000 |
| 13 | ആകെ ചെലവുകൾ | 77,53,200 |
| 14 | നീക്കിയിരുപ്പ് | 1,81,800 |
| | ആകെ മൊത്തം | 79,35,000 |

(9) **സാമൂഹ്യക്ഷേമം**

| | | |
|---|---|---|
| 1 | ലക്ഷം വീട് നന്നാക്കൽ | 50,000 |
| 2 | പഞ്ചായത്ത് അസോസിയേഷൻ സെമിനാർ ഫീസ് | 5,000 |
| 3 | വികസന സെമിനാർ | 5,000 |
| 4 | സാക്ഷരതാ പ്രവർത്തനം | 5,000 |
| 5 | പഞ്ചായത്ത് ദിനാഘോഷം | 5,000 |
| 6 | മാനവമൈത്രി, മതസൗഹാർദ്ദ റാലി | 5,000 |
| 7 | വിഭവ ഭൂപടനിർമ്മാണം | 25,000 |
| 8 | മറ്റിനങ്ങൾ | 50,000 |
| | ആകെ | 1,50,000 |

| | |
|---|---|
| **(9-(1)) ഡയറി ഡെവലപ്പ്മെന്റ്** | |
| 3 കണ്ടീജൻസി ചെലവുകൾ | 1,10,000 |
| ആകെ | 1,10,000 |
| **(9-(2))പട്ടികജാതി-പട്ടികവർഗ്ഗ വികസനം** | |
| 1 ഓലകെട്ടിമേച്ചിൽ | 36,000 |
| ആകെ | 36,000 |
| **(9-(3))വീട് വൈദ്യുതീകരിക്കൽ** | 2,00,000 |
| **(9-(2))പട്ടിക ജാതി-പട്ടികവർഗ്ഗ വികസനം** | 1,00,000 |
| ആകെ | 1,00,000 |

## പ്രശ്നങ്ങൾ



1. പഞ്ചായത്തിനു തനതു വരുമാനം വളരെ പരിമിതമാണ്.
2. ലൈസൻസ് ഫീസ് ഇനത്തിൽ വളരെ കുറച്ചു മാത്രമേ വരുമാനമുള്ളൂ. എല്ലാ വ്യാപരസ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല. വളരെ വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ച താരിഫാണ് ഇന്നും നിലവിലുള്ളത്.
3. സർക്കാർ ഗ്രാൻറ് എത്ര കിട്ടുമെന്നറിയാൻ നിവൃത്തിയില്ല.
4. വസ്തുകൈമാറ്റ ഫീസിൻെറ വിഹിതം 25% കൃത്യമായി ലഭിക്കുന്നില്ല.
5. പഞ്ചായത്തിൻെറ ചെലവുകളധികവും പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലകളിലാണ്.
6. പരസ്യനികുതി സാധ്യത ഉപയോഗപ്പെടുത്തുന്നില്ല.
7. ബിസിനസ്സുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.
8. പഞ്ചായത്തിൻെറ കീഴിൽ നടക്കുന്ന പൊതുമരാമത്തു പണികളുടെ മേന്മ ഉറപ്പാക്കുന്നില്ല.
9. പൊതുമരാമത്തു പണികളുടെ മേൽനോട്ടം വഹിക്കാൻ ഗ്രാമപഞ്ചായത്തുകളിൽ എൻജിനീയർമ്മാരോ മറ്റോ ഇല്ല.
10. കേബിൾ ടി.വി. മുതലായവ പഞ്ചായത്തു നികുതിയുടെ കീഴിൽ കൊണ്ടു വരുന്നില്ല.
11. പരസ്യ ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കുന്നതിനു ഫീസ് ഈടാക്കുന്നില്ല.
12. വിനോദനികുതി കൃത്യമായി പിരിഞ്ഞു കിട്ടുന്നില്ല.
13. പഞ്ചയത്തിലെ പൊതുമരാമത്തു പണികൾക്ക് കരാറുകാരനെയാണ് ഇന്നാശ്രയിക്കുന്നത്.
14. പഞ്ചായത്തുകളുടെ വികസനപ്രവർത്തനങ്ങളിൽ സഹകരണബാങ്കുകൾ സഹായം നൽകുന്നില്ല.
15. പൊതുമരാമത്തുപണികൾ ചെയ്യുന്നതിൽ ജനകീയപങ്കാളിത്തമില്ല.
16. പഞ്ചയത്തിൽ സാമ്പത്തികസമാഹരണം നടത്താൻ സാദ്ധ്യതകൾ കുറവാണ്.
17. സ്വന്തം നാടിൻെറ വികസനത്തിനു സന്നദ്ധസംഘങ്ങൾ മുന്നോട്ടു വരുന്നില്ല.

## പരിഹാരങ്ങൾ

പഞ്ചായത്തുകൾക്ക് തനതു വരുമാനമെന്നു പറയാവുന്നത് കെട്ടിട നികുതിയാണ്. രണ്ടാമത് തൊഴിൽ നികുതിയാണ്. കെട്ടിടനികുതിയിനത്തിൽ ഇനി വർദ്ധനവ് അസാദ്ധ്യമാണ്. തൊഴിൽ നികുതിയിനത്തിലും ഇനി വർദ്ധനവ് പെട്ടന്ന് എളുപ്പമല്ല. എന്നാൽ വിനോദനികുതിയിൽ ഇനിയും വർദ്ധനവിന് സാദ്ധ്യതയുണ്ട്. ഇന്ന് കോടശ്ശേരി പഞ്ചായത്തിൽ ഒരു തിയ്യേറ്റർ മാത്രമേയുള്ളൂ. പടിഞ്ഞാറൻ ഭാഗത്ത് മറ്റൊരു തിയ്യേറ്ററിന് സാദ്ധ്യതയുണ്ട്.

വളരെ വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ചിരുന്ന ലൈസൻസ് ഫീസ് നിരക്കാണ് ഇന്നും നിലനിൽക്കുന്നത്. ഇത് പുതുക്കി നിശ്ചയിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

വസ്തു കൈമാറ്റ രജിസ്ട്രേഷൻ ഫീസിൻെറ വിഹിതം കിട്ടുന്ന തുകയുടെ കൃത്യമായ ഭാഗം പഞ്ചായത്തിനു ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. രജിസ്ട്രേഷൻ കഴിഞ്ഞാൽ അതിൻെറ വിവരം പഞ്ചായത്തിൽ രജിസ്ട്രാഫീസിൽ നിന്നും അറിയിക്കണം.

പഞ്ചയത്തുഫണ്ട് പ്രത്യുൽപ്പാദനപരമായ മേഖലകളിലേക്കുകൂടി വിഹിതം നൽകണം. സഹകരണ മേഖലയേയോ, പൊതുമേഖലയേയോ പ്രോത്സാഹിപ്പിക്കണം.

പഞ്ചായത്തിൽ വിഭവസമാഹരണം നടത്തുന്നതിൻെറ ഭാഗമായി പുതിയ പുതിയ സാദ്ധ്യതകൾ ആരായണം. സംസ്ഥാനസർക്കാർ ഫണ്ടുണ്ടാക്കുന്നതു പോലെ പഞ്ചായത്തുകൾക്കും ഫണ്ടുണ്ടാക്കാൻ അനുയോജ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തണം.

കേബിൾ ടി.വി മുതലായക്കും, വഴിവക്കിലെ പരസ്യങ്ങൾ, പോസ്റ്ററുകൾ മുതലായവക്കും നികുതി ചുമത്തണം.

വിനോദനികുതി പഞ്ചായത്തിലെ ഒരു വരുമാന മാർഗ്ഗമാണ്. തിയ്യേറ്റർ ഇല്ലാത്ത പടിഞ്ഞാറൻ ഭാഗത്ത് തിയ്യേറ്റർ സ്ഥാപിക്കാൻ പ്രോത്സഹനം നൽകണം.

വൻ കെട്ടിടങ്ങൾ പണിയുന്നവരിൽ നിന്ന് വിശേഷാൽ നികുതി ഏർപ്പെടുത്താവുന്നതാണ്.

പ്രത്യുൽപ്പാദനപരമായ രംഗങ്ങളിൽ പണം മുടക്കി അതിൽ നിന്ന് ആദായമുണ്ടാക്കുന്ന ഏതാനും പദ്ധതികൾ നടപ്പാക്കേണ്ടതാണ്. എന്നും വേഴാമ്പലിനേപ്പോലെ കഴിഞ്ഞുകൂടുന്നത് അഭികാമ്യമല്ല.

പഞ്ചായത്തുവക മരാമത്തു പണികൾ ജനകീയ സഹകരണത്തോടെ ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയാൽ ജോലി ഗുണപൂർവ്വവും സാമ്പത്തിക നഷ്ടം ഒഴിവാകുന്നതുമായിരിക്കും.

ജന ജീവിതത്തിന്റെ സമസ്ത മേഖലകളിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തണം. ബജറ്റിൽ ഊന്നൽ നൽകുകയും വേണം.

സഹകരണബാങ്കുകൾ ഗ്രാമീണ മേഖലയിൽ പഞ്ചായത്തുമായി സഹകരിച്ച് സാമ്പത്തിക സംരംഭങ്ങൾ തുടങ്ങണം. ഗ്രാമീണരുടെ സാമ്പത്തികോന്നമനം എല്ലാ സ്ഥാപനങ്ങളും ലക്ഷ്യമാക്കണം. അതുകൊണ്ട് ഇന്ദിര വികാസ് പത്രയിലൂടെ പരമാവധി തുക സംഭരിക്കുവാൻ കഴിയണം.

ഗ്രാമക്ഷേമത്തിനായി ഒരു നിശ്ചിത ശതമാനം സംഖ്യ ഗുണഭോക്താക്കൾ മുടക്കണം എന്ന സ്ഥിതിയും സംജാതമാക്കണം. ജനകീയപങ്കാളിത്തമുണ്ടാക്കേണ്ടത് സ്വരാജ്യസ്നേഹവും ആത്മാഭിമാനവും വളർന്നു വരാൻ പ്രയോജനപ്പെടും. എല്ലാം പഞ്ചായത്ത് ചെയ്തു തരും എന്ന മനോഭാവം പുരോഗതിക്ക് തടസ്സമാവുകയേ ഉള്ളൂ.

TRICHUR
221

# കൊരട്ടി ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

അധികാരം ജനങ്ങളിലേക്ക്




222

# 1996 നവംബർ 17 ഞായർ
# കൊരട്ടി ഗവ: പോളിടെക്നിക്ക്
# ഹാളിൽചേർന്ന
# കൊരട്ടി ഗ്രാമപഞ്ചായത്ത്
# വികസനസെമിനാറിൽ
# ചർച്ചയ്ക്കായി അവതരിപ്പിച്ച
# വികസനറിപ്പോർട്ട്

223

# ഉള്ളടക്കം


1. കൊരട്ടി പഞ്ചായത്തിന്റെ ഔട്ട് ലയിൻ മാപ്പ്
2. ഒരു വാക്ക്
3. ഇതുവരെയുള്ള പ്രസിഡന്റുമാർ
4. പഞ്ചായത്തിന്റെ വിസ്തീർണ്ണവും മറ്റും
5. ആമുഖം
6. ഭൂപ്രകൃതി
7. ജലവിഭവം
8. ജനസമ്പത്ത്
9. സസ്യാവരണം
10. കാലാവസ്ഥ
11. ഭൂവിനിയോഗം
12. സസ്യസമ്പത്ത് Transect Walk, Transect Walk - I, Transect Walk - II
13. കൃഷി, ജലസേചനം
14. മൃഗസംരക്ഷണം
15. വിദ്യാഭ്യാസം
16. കുടിവെള്ളം പൊതുജനാരോഗ്യം
17. വ്യവസായം
18. ഗതാഗതം
19. ഊർജ്ജം
20. പാർപ്പിടവും സാമൂഹ്യക്ഷേമവും
21. സംസ്കാരം
22. വനിതാക്ഷേമം
23. സഹകരണമേഖല
24. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
25. വിഭവസമാഹരണം
26. ഉപസംഹാരം
27. പഞ്ചായത്ത് ഭരണസമിതി



225

# ഒരു വാക്ക്

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ട ഉല്പന്നമായിരുന്ന സ്പെഷ്യൽ ഗ്രാമസഭ ഗ്രൂപ്പ് ചർച്ചകളിൽ സജീവമായി പങ്കെടുത്ത് ഗ്രാമസഭകൾ വൻ വിജയമാക്കി തീർത്ത ഗ്രാമസഭ അംഗങ്ങളോടും രണ്ടാം ഘട്ട ഉല്പന്നമായ വികസന റിപ്പോർട്ട് ഈ വിധം തയ്യാറാക്കാൻ അർപ്പണ ബോധത്തോടെ സഹായിച്ച വിദഗ്ദ്ധ സംഘാംഗങ്ങളോടും കോർ ഗ്രൂപ്പിനോടും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടും സ്ഥാപനങ്ങളോടും സർവ്വാത്മനാ സഹകരിച്ച കൊരട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളോടും ജീവനക്കാരോടും പൊതുജനങ്ങളോടും കൊരട്ടി പഞ്ചായത്ത് തല ജന കീയ ആസൂത്രണ പ്രസ്ഥാനത്തിനുള്ള നന്ദിയും കടപ്പാടും നിറഞ്ഞ മനസ്സോടെ ഇവിടെ രേഖപ്പെടുത്തുന്നു. പ്രസ്ഥാനത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടേയും സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

വളരെ തിടുക്കത്തിൽ ഈ റിപ്പോർട്ട് തെയ്യാറാക്കേണ്ടിവന്നതുകൊണ്ട്, പേജ് നമ്പറുകളിൽവന്ന ക്രമക്കേടും, ഭാഷാപരമായ തെറ്റുകുറ്റങ്ങളും സദയം ക്ഷമിക്കുമെന്ന വിശ്വാസത്തോടെ

കൺവീനർ

## ഇതുവരെയുള്ള പ്രസിഡന്റുമാർ

| | | |
|---|---|---|
| 1. | M.A. കൊച്ചുവറീത് | 1952ന് മുമ്പ് |
| 2. | M.V. ആന്റണി | 1952–'67 |
| 3. | K.K. തമ്പുരാൻ | 1967–'69 |
| 4. | N.O. ഔസേപ്പ് | 1969–'71 |
| 5. | P.P. ജോസഫ് | 1971–'73 |
| 6. | M.V. ആന്റണി | 1973–'78 |
| 7. | V.U. ആന്റണി | 1979–'84 |
| 8. | B.D. ദേവസ്സി | 1988–'96 |

# കൊരട്ടി ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട് – 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : കൊരട്ടി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : 1. മുരിങ്ങൂർ തെക്കുംമുറി വില്ലേജ് |
| | 2. കൊരട്ടി കിഴക്കുംമുറി വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | : ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : 1. കൊരട്ടി ഈസ്റ്റ് |
| | 2. കൊരട്ടി വെസ്റ്റ് |
| | 3. മുരിങ്ങൂർ |
| താലൂക്ക് | : മുകുന്ദപുരം |
| അസംബ്ലി മണ്ഡലം | : ചാലക്കുടി |
| വിസ്തീർണ്ണം | : 23.42 ച.കി.മീ |
| അതിരുകൾ | : വടക്ക് : മേലൂർ പഞ്ചായത്ത് |
| | പടിഞ്ഞാറ് : കാടുകുറ്റി & അന്നമനട പഞ്ചായത്ത് |
| | തെക്ക് : പാറക്കടവ് & കറുകുറ്റി പഞ്ചായത്ത് |
| | കിഴക്ക് : കറുകുറ്റി പഞ്ചായത്ത് |
| ജനസംഖ്യ | : 30118 (1991) |
| വാർഡുകൾ | : 12 |
| പ്രസിഡന്റ് | : ശ്രീ. ബി.ഡി. ദേവസ്സി |
| വൈസ് പ്രസിഡന്റ് | : ശ്രീ ഔസേഫ് ദേവസ്സി (ജോസ് വടക്കുംപുറം) |

228 1996 ആഗസ്റ്റ് 17ന്, അതായത് ചിങ്ങം ഒന്നാം തീയതി, ജനകീയ ആസൂത്രണ പ്രസ്ഥാനം സംസ്ഥാനതലത്തിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ നായനാർ ഉദ്ഘാടനം ചെയ്ത അതേ ദിവസം തന്നെ പഞ്ചായത്തുതല ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ഉദ്ഘാടനം കൊരട്ടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പഞ്ചായത്തു പ്രസിഡന്റ് ശ്രീ. ബി.ഡി. ദേവസ്സി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ബഹു: ചാലക്കുടി M.L.A പ്രൊ. സാവിത്രി ലക്ഷ്മണൻ നിർവ്വഹിച്ചു.

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളിലും ആസൂത്രണം നടത്തിയിരുന്നത് കേന്ദ്രതലത്തിൽ പ്ലാനിങ്ങ് കമ്മീഷനും സംസ്ഥാനങ്ങളിൽ സംസ്ഥാനപ്ലാനിങ്ങ് ബോർഡുമായിരുന്നു. ഈ പദ്ധതി ആസൂത്രണപ്രക്രിയക്ക് അതിന്റേതായ പോരായ്മകൾ ഉണ്ടായിരുന്നു. ആസൂത്രണത്തിലും നിർവ്വഹണത്തിലും മുൻഗണ നാനിർണ്ണയത്തിലും ജനഹിതം മാനിച്ചിരുന്നില്ല. അതുകൊണ്ടാണ് ആഗ്രഹിച്ച രീതിയിലുള്ള പുരോഗതി കൈവരിക്കുവാൻ നമുക്കു കഴിയാതെ വന്നത്. അത്തരം ആസൂത്രണത്തിൽ ഉണ്ടായ വൈകല്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് കേരളത്തിൽ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് രൂപം കൊടുത്തത്. ഭൂപരിഷ്ക്കാരത്തിന്റെ കാര്യത്തിലും, സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിലും, ആരോഗ്യപരി പാലനരംഗത്തും, വിദ്യാഭ്യാസരംഗത്തും, വിവിധക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിലും നമ്മുടെ സംസ്ഥാനം ഇതിനു മുമ്പേ തന്നെ ഇന്ത്യക്കു മാതൃക കാണിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം സ്മരണീയമാണ്. കഴിഞ്ഞ പദ്ധതികളുടെ ആസൂത്രണത്തിന് ഒരു കേന്ദ്രീകൃത സ്വഭാവമാണുണ്ടായിരുന്നത്. ഭൂപ്രകൃതിയും, മൺതരങ്ങളും, ജലസ്രോതസ്സുകളും, പരിസ്ഥിതിപ്രശ്നങ്ങളും, പ്രാദേശിക വിഭവങ്ങളും, പ്രാദേശിക സവിശേഷതകളും കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിൽ വേണ്ടത്ര പരിഗണിച്ചിരുന്നില്ല. മാത്രമല്ല, പദ്ധതികളുടെ ചെലവിന്റെ സിംഹഭാഗവും ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന കാഴ്ച നിസംഗരായി കണ്ടു നിൽക്കാനേ ജനങ്ങൾക്കു കഴിഞ്ഞിരുന്നുള്ളു. ഫലം ജീവിതത്തിന്റെ സമസ്ത മേഖലയിലും അഴിമതിയും. പദ്ധതി അടങ്കൽ തുകയുടെ 15-20% മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിച്ചേർന്നിരുന്നുള്ളു എന്നാണ് പഠനറിപ്പോർട്ടുകൾ കാണിക്കുന്നത്. അങ്ങനെ സാമൂഹ്യജീവിതത്തിലും, സാമൂഹ്യ പ്രവർത്തകരിലും, ജനങ്ങൾക്കുള്ള വിശ്വാസം പൂർണ്ണമായി നശിക്കുവാൻ തുടങ്ങിയ അവസരത്തിലാണ് പഴയ ആസൂത്രണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും, ജനങ്ങൾക്ക് ഭരണാധികാരികളിൽ വിശ്വാസം ജനിപ്പിക്കുന്നതിനുമായി കേരളസർക്കാർ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് രൂപം കൊടുത്തത്.

സെപ്തംബർ 15-ാം തീയതി കൊരട്ടി പഞ്ചായത്ത് L.P സ്കൂളിൽവെച്ച് L.R.P കൾക്കുള്ള ഏകദിനപരിശീലനപരിപാടി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.എ. അരവിന്ദാക്ഷ മേനോന്റെ അദ്ധ്യക്ഷതയിൽ ചാലക്കുടി M.L.A പ്രൊ. സാവിത്രി ലക്ഷ്മണൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഉദ്യോഗസ്ഥന്മാരുൾപ്പെടെ 130 L.R.P കൾ പരിശീലനത്തിൽ പങ്കെടുത്തു. അങ്ങനെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ആവേശം ജനങ്ങളിലേയ്ക്ക് എത്തി തുടങ്ങി. ആ ആവേശം പാരമ്യത്തിൽ എത്തിക്കുന്ന തിനായി വിവിധപ്രചരണപരിപാടികളും കലാപരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. ഒന്നാം ഘട്ടപരിശീലനത്തിന്റെ ഉൽപന്നമായിരുന്നു ഗ്രാമസഭകൾ.

സെപ്തംബർ 14ന് കൊരട്ടി പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഗ്രാമസഭ ചാലക്കുടി M.LA പ്രൊ. സാവിത്രി ലക്ഷ്മണൻ അവർകൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് എല്ലാ ദിവസവും ഓരോ വാർഡിലും ഗ്രാമസഭകൾ കൂടുകയുണ്ടായി. ഒക്ടോബർ 2-ാം തീയതി 12-ാം വാർഡിലെ ഗ്രാമസഭയോടെ, ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സ്പെഷ്യൽ ഗ്രാമസഭകൾ അവസാനിച്ചു. ആറാം വാർഡിലെ ഗ്രാമസഭയിൽ ഹരിയാനയിൽനിന്നുള്ള പഠനസംഘം പങ്കെടുത്തു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രാമസഭകളിലെ ജനപങ്കാളിത്തവും, ചർച്ചകളിൽ ജനങ്ങൾ കാണിച്ച താല്പര്യവും പ്രസ്ഥാനത്തിന്റെ ആദ്യഘട്ടം വിജയമാണെന്നാണ് കാണിക്കുന്നത്. ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ ചിലകേന്ദ്രങ്ങളിൽനിന്നുമുയർന്ന സംശയങ്ങളും ആശങ്കകളും അസ്ഥാനത്താണെന്ന് ഗ്രാമസഭകളുടെ തുടർന്നുള്ള പ്രവർത്തനങ്ങളും തെളിയിച്ചു. കക്ഷി രാഷ്ട്രീയത്തിനും, വിഭാഗീയ ചിന്തകൾക്കുമതീതമായ ഒരു പുതിയ വികസനസംസ്കാരം വാർത്തെടുക്കുന്നതിനായി കൊരട്ടി ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പിന്നിൽ അണിനിരന്നു. അധികാരം ഒരു അവകാശമെന്ന ബോധത്തോടെ തന്നെയാണ് ഗ്രാമസഭാംഗങ്ങൾ വർത്തിച്ചത്. അധികാരം

229

കൈയ്യാളുന്നതിനുവേണ്ട പക്വത ചർച്ചകളിലും തീരുമാനങ്ങളിലും അവർ പ്രകടിപ്പിച്ചു എന്നുള്ളത് പ്രത്യേക പരാമർശമർഹിക്കുന്നതാണ്.

ഗ്രാമസഭകൾ വിജയിപ്പിക്കുവാൻ എല്ലാവാർഡുകളിലും മുൻ ഒരുക്കങ്ങൾ സംഘടിപ്പിച്ചിരുന്നു. വിജയകരമായി ഗ്രാമസഭകൾ നടത്തുന്നതിന് ഈ മുന്നൊരുക്കം സഹായകരമായി.

ഗ്രാമസഭകൾക്കുശേഷം ഒക്ടോബർ 11– ാം തീയതി ഒരു വിദഗ്ദ്ധസംഘം രൂപീകരിക്കുകയും ദ്വിതീയ സ്ഥിതിവിവരണകണക്കുകൾ ശേഖരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 22.10.96 ൽ ഗ്രൂപ്പുകളായി വികസനമേഖല റിപ്പോർട്ടുകൾ തയ്യാറാക്കി. ഒക്ടോബർ 25, 26, 27 തീയതികളിലായി, വികസനറിപ്പോർട്ടു തയ്യാറാക്കുന്നതിനായി ജില്ലാതല റിസോഴ്സ് പേഴ്സണുകൾക്കുള്ള രണ്ടാം ഘട്ട പരിശീലനം, മാള I.S.T.കോളേജിൽവച്ച് നടന്നു. ഇതിൽ പഞ്ചായത്തിൽനിന്നു 14 പേർ സംബന്ധിച്ചു. 29.10.96 ൽ L.R.Pകൾക്കായുള്ള രണ്ടാം ഘട്ട ഏകദിനപരിശീലനപരിപാടി ഗവ.പോളിടെക്നിക്കിൽ വച്ച് വിജയകരമായി നടന്നു. ഇതിൽ 38 ഉദ്യോഗസ്ഥരുൾപ്പെടെ 102 പേർ പങ്കെടുത്തു. 31.10.96 ൽ നടപ്പു പദ്ധതികളുടെ അവലോകനത്തിനായി ചേർന്ന യോഗത്തിൽ 35 ഉദ്യോഗസ്ഥന്മാർ പങ്കെടുക്കുകയുണ്ടായി. അനന്തരം ഒരു പഠന പര്യടനപരിപാടിയും വിജയകരമായി സംഘടിപ്പിച്ചു. രണ്ടു ഗ്രൂപ്പുകളിലായി 20 പേർ പഞ്ചായത്തിന്റെ തലങ്ങും വിലങ്ങും നടന്ന് ഭൂപ്രകൃതി, മണ്ണിന്റെ ഘടന, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സമഗ്രമായി പഠിച്ചു.

1952 ലാണ് ഈ പഞ്ചായത്ത് രൂപീകൃതമായത്. അതിനുമുൻപും ഈ സംവിധാനം മറ്റൊരു വിധത്തിൽ ഇവിടെ നിലനിന്നിരുന്നു. നികുതിദായകരിൽ 21 വയസ്സു പൂർത്തിയായവരും പത്താം തരമോ (VIth Form) അതിൽകൂടുതലോ വിദ്യാഭ്യാസയോഗ്യതയുള്ളവരുമായിരുന്നു വോട്ടവകാശം ഉള്ള പൗരന്മാർ. ഇവരാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റും അദ്ദേഹത്താൽ നാമനിർദ്ദേശം ചെയ്യപ്പെട്ട വോട്ടവകാശം ഉള്ള നാലുപേരും അടങ്ങിയ അഞ്ചംഗഭരണസമിതിയായിരുന്നു അന്നത്തെ സംവിധാനം. വഴിവിളക്കുകൾ സ്ഥാപിക്കുക, റോഡുകൾ ശുചീകരിക്കുക, റോഡുകൾ നന്നാക്കുക ഇങ്ങനെ പരിമിതമായ അധികാരങ്ങളും ചുമതലകളും മാത്രമുള്ള ഒരു ഭരണസമിതിയായിരുന്നു അത്.

1952 ൽ ഈ പഞ്ചായത്ത് നിലവിൽ വരുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട 7 അംഗങ്ങൾ ഉണ്ടായിരുന്നു. അന്ന് സ്വന്തമായി കെട്ടിടം ഇല്ലാതിരുന്ന പഞ്ചായത്ത് ഇന്നത്തെ കൊരട്ടിസഹകരണബാങ്ക് നമ്പർ 590 സ്ഥിതിചെയ്യുന്ന കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 1952ൽ, തിരഞ്ഞെടുക്കപ്പെട്ട ഏഴംഗങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് പന്ത്രണ്ടാണ്. 1973ൽ 10 വാർഡുകളും, 1988 ൽ 11 വാർഡുകളും, 1995 ൽ 12 വാർഡുകളുമായി. ഈ പഞ്ചായത്ത് രൂപീകൃതമായതിനുശേഷം ഇതുവരെ ഏതെങ്കിലും ഭൂവിഭാഗം ഇതിനോടുകൂട്ടിച്ചേർക്കപ്പെടുകയുണ്ടായിട്ടില്ല. 1952ൽ ഈ പഞ്ചായത്തിൽ റോഡുസൗകര്യം പരിമിതമായിരുന്നു. ഇന്നത്തെ ദേശീയ പാതയുടെ സ്ഥാനത്ത് മെറ്റൽ ചെയ്ത വഴിയായിരുന്നു(പഴയ N.H). നാലുകെട്ടുറോഡ്, മംഗലശ്ശേരി റോഡ്, പുളിക്കകടവ് റോഡ്, ആറ്റപ്പാടം റോഡ്, കൂട്ടാലപ്പാടം റോഡ് എന്നീവഴികൾ ഉണ്ടായിരുന്നെങ്കിലും അവയെല്ലാം കുണ്ടനിടവഴികളായിരുന്നു. ഏകദേശം 700 ഓളം വീടുകളിലായി അയ്യായിരത്തിനും ആറായിരത്തിനും ഇടയിൽ വരുന്നത്ര ജനങ്ങൾ താമസിച്ചിരുന്നു. ഇവിടത്തെ ഫലഭൂയിഷ്ഠമായ മണ്ണിൽ ആദ്യകാലങ്ങളിൽ നെല്ല്, കവുങ്ങ്, കുരുമുളക്, കശുവണ്ടി, എള്ള്, പയറുവർഗ്ഗങ്ങൾ (മുതിര, ഉഴുന്ന്), പഞ്ഞപ്പുല്ല്, ഇഞ്ചിപ്പുല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, പച്ചക്കറി എന്നിവ കൃഷിചെയ്തിരുന്നു. പെരുമ്പിതോട്, കടവനപ്പാടംതോട് (കൂട്ടാലപ്പാടം), മുടപ്പുഴതോട്, കണ്ണംതാഴം തോട്, ചൂരക്കുളം, തൂമ്പുങ്ങപ്പാടം തോട് എന്നീ തോടുകളിലെ ജലത്തെ ആശ്രയിച്ചായിരുന്നു അന്ന് നെൽകൃഷി മുഖ്യമായും ചെയ്തിരുന്നത്.

ഇതരഭാഗങ്ങളിൽ എന്നപോലെ സവർണ്ണ നാടുവാഴി മേധാവിത്തം ഈ ഗ്രാമത്തിലും നിലനിന്നിരുന്നു. കൊരട്ടി സ്വരൂപത്തിലെ തമ്പാന്മാരായിരുന്നു നാടുവാഴികൾ. സ്വാഭാവികമായും ഭൂസ്വത്തിന്റെ ഏറിയ പങ്കും സവർണ്ണ കുടുംബങ്ങളുടേതായിരുന്നു. കൊരട്ടിസ്വരൂപം, മംഗലശ്ശേരി മന, പൂത്തടി മന, തെക്കേടത്തു പടനായർ, പള്ളിപ്പാടൻ പൗലോസ്, എന്നിവരായിരുന്നു ഇതിൽ പ്രമുഖർ. മറ്റു ഏതാനും നായർ തറവാട്ടു

കാരും ഈ പട്ടികയിൽ വരുന്നു. ജനസംഖ്യയിൽ ബാക്കിയുണ്ടായിരുന്നവർ ഒന്നുകിൽ കുടികിടപ്പുകാരോ അല്ലെങ്കിൽ തുണ്ടുഭൂമിയുടെ അവകാശികളോ ആയി കഴിഞ്ഞുപോന്നു. ജനങ്ങളിൽ പകുതി സവർണ്ണരും ബാക്കിയുള്ളവർ ദരിദ്രരായ അവർണ്ണരും. അങ്ങനെ ഫ്യൂഡലിസം അതിന്റേതായ എല്ലാ സവിശേഷതകളും ഈ ഗ്രാമത്തിലും നിലനിർത്തിയിരുന്നു.

ദേശീയ പ്രസ്ഥാനം ശക്തി പ്രാപിച്ചതോടെ അതിന്റെ പ്രതിഫലനം രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ ഈ പഞ്ചായത്തിലും കണ്ടുതുടങ്ങി. സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയൻ യുഗത്തിന്റെ ആരംഭത്തോടെ, അതായത് 1920 കളോടെ ഈ ഗ്രാമത്തിലും മാറ്റങ്ങൾ ദൃശ്യമായി. അതുവരെ അഭംഗുരം തുടർന്നുപോന്ന നാടുവാഴി മേധാവിത്വത്തിൽ വിള്ളലുകൾ വീഴുവാൻ ആരംഭിച്ചു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും അതിന്റെ ഭാഗമായ തൊഴിലാളി പ്രസ്ഥാനങ്ങളുടേയും ആവിർഭാവം മാറ്റത്തിന്റെ വേഗതയ്ക്കു കാരണമായി. S.N.D.P, പുലയർ മഹാസഭ ഇത്യാദി സാമുദായിക സംഘടനകളുടെ പ്രവർത്തനഫലമായി സാമൂഹികബന്ധനങ്ങൾ വിഛേദിക്കപ്പെട്ടതും, ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തന ഫലമായി വിദ്യാഭ്യാസരംഗത്തുണ്ടായ ഉണർവും സവർണ്ണ നാടുവാഴി മേധാവിത്വത്തിന്റേയും ഫ്യൂഡലിസത്തിന്റേയും നാശത്തിനു മുഖ്യകാരണങ്ങളായി. ജന്മിത്വത്തിനെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായിട്ടാണ് ദേശീയപ്രസ്ഥാനം തന്നെ ഈ ഗ്രാമത്തിൽ ആരംഭിച്ചത്. ക്ഷേത്രപ്രവേശന സമരവും സ്വദേശിപ്രസ്ഥാനവും ജനങ്ങളിൽ സ്വാധീനം ചെലുത്തിയിരുന്നു.

തികച്ചും ഒരു കർഷക ഗ്രാമമായിരുന്നു കൊരട്ടി പഞ്ചായത്ത്. സ്വാതന്ത്ര്യത്തിനു മുൻപ് എടുത്തു പറയാവുന്ന ഒരു വ്യവസായവും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നില്ല. 1952 ൽ തിരുക്കൊച്ചി ഗ്രാമപ്രമുഖൻ ശ്രീചിത്തിര തിരുനാൾ രാമവർമ്മ മഹാരാജാവ് ജമുന ത്രെഡ് മിൽസ് കൊരട്ടിയിൽ ഉദ്ഘാടനം ചെയ്തു. അതൊരു നല്ല തുടക്കമായിരുന്നു. തുടർന്ന് 1965 ൽ ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സും, 1985 ൽ കാർബോറാണ്ടം യൂണിവേഴ്സലും വുഡ്ഹൗസും ആരംഭിച്ചു. ഈ കാലയളവിൽതന്നെ നിരവധി എഞ്ചിനിയറിങ്ങ് സ്ഥാപനങ്ങളും ചെറുകിട വ്യവസായ യൂണിറ്റുകളും പഞ്ചായത്തിന്റെ നാനാഭാഗങ്ങളിലുമായി തുടങ്ങുകയുണ്ടായി. തൽഫലമായി കൊരട്ടിയിലെ കാർഷികാന്തരീക്ഷം ക്രമേണ വ്യാവസായിക അന്തരീക്ഷത്തിന് വഴിമാറികൊടുത്തു.

ആരംഭകാലത്ത് പഞ്ഞിയിൽനിന്ന് സ്വീയിംഗ് ത്രെഡ് നിർമ്മാണം വരെയുള്ള എല്ലാ പ്രവർത്തനഘട്ടങ്ങളും കോട്സിൽ ഉണ്ടായിരുന്നു. പിന്നീട് സ്പിന്നിംഗ് വിഭാഗം നിർത്തലാക്കി. ആദ്യ കാലത്ത് മൂന്നു ഷിഫ്റ്റുകളിലായി ഏകദേശം മൂവായിരത്തോളം തൊഴിലാളികൾക്ക് നേരിട്ടും നൂറുകണക്കിനാളുകൾക്ക് പരോക്ഷമായും തൊഴിൽ നേടിക്കൊടുത്തിരുന്ന ഒരു ഫാക്ടറി ആയിരുന്നു കോട്സ്. എന്നാൽ മൂന്നര വർഷം മുൻപ് ലോക്കൗട്ട് ചെയ്യപ്പെടുമ്പോൾ രണ്ടായിരത്തി അഞ്ഞൂറിൽപരം തൊഴിലാളികളേ ഈ സ്ഥാപനത്തിലുണ്ടായിരുന്നുള്ളു. കൊരട്ടിയുടെ സാമ്പത്തിക മേഖലയ്ക്ക് ഈ ഫാക്ടറിയുടെ ലോക്കൗട്ട് ഏൽപിച്ച ആഘാതത്തിൽനിന്നും ഇന്നും ഈ ഗ്രാമം മുക്തി നേടിയിട്ടില്ലെന്നുള്ളത് ഒരു പരമസത്യം മാത്രമാണ്. പഞ്ചായത്തിന്റെ വരുമാനത്തിന്റെ സിംഹഭാഗവും നഷ്ടപ്പെട്ടു. ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ കൊരട്ടിക്ക് ഓർക്കാപ്പുറത്തേറ്റ ഒരു ഇരുട്ടടിയാണിത്.

സെക്യൂരിറ്റി പ്രസ്സാണ് കൊരട്ടിയിൽ ആരംഭിക്കുവാൻ തുടങ്ങിയതെങ്കിലും നിർഭാഗ്യവശാൽ അതെങ്ങനെയോ ഒരു സാധാരണ പ്രസ്സായി. സർക്കാരിന് ആവശ്യമായ വിവിധ ഫോമുകൾ മാത്രം അച്ചടിക്കുന്ന ഒരു സാധാരണ അച്ചുകൂടമാണ് ഇന്നിത്. നൂറ്റിപ്പത്തേക്കർസ്ഥലം ഇതിനായി ഗവൺമെന്റ് അക്വയർ ചെയ്തെങ്കിലും വെറും ഇരുപതേക്കർ ഭൂമി മാത്രമാണ് പ്രസ്സിനും ജീവനക്കാരുടെ പാർപ്പിടത്തിനുമായി ഉപയോഗിക്കുന്നത്. ബാക്കി സ്ഥലം ഒഴിഞ്ഞു കിടക്കുകയാണ്.

1950 കളിൽ കൊരട്ടി നിവാസികളുടെ ജീവിതത്തിന്റെ സമസ്ഥ മേഖലകളിലും ബഹുജനപ്രസ്ഥാനങ്ങളുടെ സ്വാധീനമുണ്ടായി. കർഷകതൊഴിലാളി സമരങ്ങളും ഫാക്ടറിതൊഴിലാളി സമരങ്ങളും ഇവിടെയും അനിവാര്യമായി മാറി. 1956 ലെ ജമുന ത്രെഡ് ലോക്കൗട്ടിനെതിരെയുണ്ടായ സമരവും 1969ലെ J&P കോട്സ് ബോണസ്സ് സമരവും സെപ്തംബർ 4-ാം തിയതിയിലെ വെടിവയ്പും പ്രത്യേക

പരാമർശമർഹിക്കുന്ന സംഭവങ്ങളാണ്. തൊഴിലാളികളേയും ബഹുജനങ്ങളേയും അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുവാൻ ഈ സമരങ്ങൾക്കു കഴിഞ്ഞു.

1957 ലെ ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായി കൃഷിഭൂമി കൃഷിക്കാരനു ലഭിച്ചു. കുടിയാന്മാർക്ക് കുടികിടപ്പവകാശവും ലഭിച്ചു. തൽഫലമായി ഉൽപാദനത്തിൽ വർദ്ധനവുണ്ടായി. ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയിലും ഗണ്യമായ പുരോഗതിയുണ്ടായി.

1980 കളിലെ കർഷകതൊഴിലാളി സമരങ്ങൾ കൂലിവർദ്ധനവിനുവേണ്ടിമാത്രമുള്ളതല്ലായിരുന്നു. മറിച്ച് പിൻ പണി സമ്പ്രദായം അവസാനിപ്പിക്കുന്നതിനു വേണ്ടിയും കൂടിയായിരുന്നു.

ടിപ്പുവിന്റെ പടയോട്ടം തടയുന്നതിനായി ഈ ഗ്രാമത്തിന്റെ വടക്കേ അതിരിൽ ഒരു കോട്ട കെട്ടിയിരുന്നത്രേ! അതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണ്. അതിനെ 'നെടും കോട്ട' എന്നാണ് ഇന്നും നാട്ടുകാർ പറയുന്നത്.

ഇന്ന് പഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ്. പഞ്ചായത്തിന് സ്വന്തമായി ഒരു L.P സ്കൂളുണ്ട്. 1994ൽ ഇതിന്റെ രജതജൂബിലി ഗംഭീരമായിതന്നെ ആഘോഷിക്കുകയുണ്ടായി. പഠനകാര്യങ്ങളിലും പഠനേതരകാര്യങ്ങളിലും ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്ഥാപനമാണിത്. ശിശുവിഹാർ, ലൈബ്രറി, റീഡിങ്ങ് റൂം, കമ്മ്യൂണിറ്റി ഹാൾ, പൊതു ശ്മശാനം, പൊതു കളിസ്ഥലം, മാർക്കറ്റിനുള്ള സ്ഥലം എന്നിവയുള്ള ഒരു സ്പെഷൽ ഗ്രേഡ് പഞ്ചായത്താണ് കൊരട്ടി.

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കൊരട്ടി പഞ്ചായത്തിനെ നാലു മേഖലകളായി തരംതരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം
2. ഉയർന്ന പ്രദേശം (ലാറ്ററേറ്റ്)
3. ചെരിവുകൾ
4. സമതലപ്രദേശം.

### 1. ഉയർന്ന കുന്നിൻ പ്രദേശം:-

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 200/ അടിയോളം ഉയരം വരുന്ന പ്രദേശമാണിത്. പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന NH47 ന്റെ കിഴക്കുവശത്തുള്ള പ്രദേശം മിക്കവാറും ഉയർന്ന പ്രദേശങ്ങളാണ്. എന്നാൽ ഉയർന്ന കുന്നുകൾ മിക്കവാറും പഞ്ചായത്തിന്റെ കിഴക്കറ്റത്തുള്ള 1-ാം വാർഡിലാണ്. ഇവിടങ്ങളിൽ സമതലപ്രദേശം എന്നു പറയാവുന്ന ഭാഗം തന്നെ വിരളമാണ്. ഈ പ്രദേശത്തിന്റെ വിസ്തീർണ്ണം ആകെയുള്ള വിസ്തീർണ്ണത്തിന്റെ 12% വരും. മുഖ്യമായും റബർ കൃഷികൊണ്ട് നിറഞ്ഞിരിക്കുന്നു. ഇടയ്ക്കു മറ്റു നാണ്യവിളകളായ ജാതി, കുരുമുളക്, തെങ്ങ് മുതലായവയും ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ് മുതലായവയും ധാരാളമായി കണ്ടുവരുന്നു. മണ്ണൊലിപ്പ് ഈ പ്രദേശത്ത് നിലവിലുള്ള ഒരു പ്രതിഭാസമാണ്. അതുകൊണ്ടുതന്നെ വെള്ളം കിനിഞ്ഞിറങ്ങുന്നതിനുള്ള സാദ്ധ്യതയും വിരളം. കുടിവെള്ളപ്രശ്നം ഇവിടെ രൂക്ഷമാകേണ്ടതാണെങ്കിലും പൈപ്പുസൗകര്യങ്ങളും, വാർഡിന്റെ വിവിധ ഭാഗങ്ങളിലായി കുഴിച്ചിരിക്കുന്ന ബോർവെല്ലുകളും, പൊതുകിണറുകളും ഈ പ്രശ്നത്തെ അത്രതന്നെ ഗുരുതരമാക്കുന്നില്ല. നാലുകെട്ട് ഇരട്ടച്ചിറയിൽ സ്ഥാപിച്ചിട്ടുള്ള പമ്പിങ്ങ് സ്റ്റേഷനും ഇരട്ടച്ചിറകനാലും കുടിവെള്ള ലഭ്യതയ്ക്ക് ഒരളവുവരെ സഹായകമാണ്. ഈ പ്രദേശത്ത് പാറകൾ തെളിഞ്ഞുവരുന്ന പ്രദേശത്തിന്റെ വ്യാപ്തി ഓരോ വർഷം കഴിയുന്തോറും ഏറിവരികയാണ്. പാറക്കൂട്ടം, പാലമുറി, തിരുമുടിക്കുന്ന്, പൊങ്ങം എന്നീപ്രദേശങ്ങളും ഉയർന്നവതന്നെയാണ്. ഈ പ്രദേശങ്ങളിലെ മണ്ണ് ചെങ്കല്ല് ഇടകലർന്നതാണ്.

232

## 2. ഉയർന്ന പ്രദേശം (ലാറ്ററേറ്റ്):-

കൊരട്ടി പഞ്ചായത്തിന്റെ സിംഹഭാഗവും ഉയർന്ന പ്രദേശങ്ങളാണ്. സമുദ്രനിരപ്പിൽനിന്നും ശരാശരി 100 അടിയെങ്കിലും ഉയരം വരുന്നതാണ് ഈ ഉയർന്ന സമതലം. മൊത്തം പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ 50 ശതമാനത്തോളംവരുന്നതാണ് ഈ പ്രദേശം. വെള്ളം കിനിഞ്ഞിറങ്ങുവാൻ സാദ്ധ്യതയുള്ളതാണ് ഇവിടം. വയലുകൾ ഒഴിച്ചാൽ ബാക്കിയുള്ള പ്രദേശമത്രയും ചരൽകലർന്ന മണ്ണാണ്. ചിലയിടങ്ങളിൽ ചെങ്കല്ലുമുണ്ട്. തെങ്ങ്, നെല്ല്, വാഴ, കപ്പ, ജാതിക്ക എന്നിവയാണ് മുഖ്യകൃഷികൾ. പച്ചക്കറികൾ ധാരാളമായി കൃഷി ചെയ്തിരുന്നെങ്കിലും സമീപകാലത്തായി അത് ഗണ്യമായി കുറഞ്ഞുവരികയാണ്. ആദ്യകാലങ്ങളിൽ നെൽപ്പാടങ്ങളായിരുന്ന പ്രദേശങ്ങളിൽ 50 ശതമാനവും ഇന്നു പറമ്പുകളായി മാറ്റപ്പെട്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നമാണ് മുഖ്യകാരണം. നെൽകൃഷി ലാഭകരമല്ലാതായതും എടുത്തു പറയത്തക്ക ഒരു കാരണമാണ്. ഈ സമതലങ്ങളിൽ പോലും തെങ്ങുകൾ മുറിച്ചുമാറ്റി റബർ കൃഷി തുടങ്ങുവാനുള്ള പ്രവണത ശക്തമാണിന്ന്. തെങ്ങുകൾക്കുണ്ടാകുന്ന കാറ്റുവീഴ്ചരോഗവും കൊമ്പൻ ചെല്ലിയുടെ അനിയന്ത്രിതമായ കടന്നാക്രമണവുമാണ് കൃഷിക്കാരെ ഇതിനായി പ്രേരിപ്പിക്കുന്നത്. വയലുകൾ നികത്തി തെങ്ങുകൃഷിതുടങ്ങിയ സ്ഥലങ്ങളിൽ അത് തികച്ചും പരാജയമാണെന്ന് പറയാതിരിക്കവയ്യ. പച്ചക്കറികൃഷിയെ സംബന്ധിച്ചും ഇതുതന്നെയാണനുഭവം. ഒരു കാലത്ത് ഈ പഞ്ചായത്തിൽ ധാരാളമായി ഉത്പാദിപ്പിച്ചിരുന്ന ചേന, ചേമ്പ്, പയർവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, കൂർക്ക, മുതിര, ചാമ, പഞ്ഞപ്പുല്ല് തുടങ്ങിയവ ഒന്നും തന്നെഇന്ന് കാര്യമായി കൃഷിചെയ്യപ്പെടുന്നില്ലെന്നുള്ളതാണ് സത്യം. കൊരട്ടി പഞ്ചാത്ത് താരതമ്യേന ഉയർന്ന പ്രദേശമായതുകൊണ്ട് ഈ ഉയർന്ന സമതലത്തിൽ പലഭാഗത്തും വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. പ്രത്യേകിച്ചും, ഏപ്രിൽ, മേയ് മാസങ്ങളിൽ. നിലവിലുള്ള തോടുകളും, കുളങ്ങളും, കനാലുകളും അപര്യാപ്തമാണ്. മണൽകലർന്ന എക്കൽമണ്ണാണ് വയലുകളിൽ കണ്ടുവരുന്നത്. വിരളമായി കളിമണ്ണും കണ്ടു വരുന്നു.

## 3. ചെരിവുകൾ :-

മൊത്തവിസ്തീർണ്ണത്തിന്റെ 15 ശതമാനത്തോളം വരുന്ന പ്രദേശമാണിത്. ഈ പഞ്ചായത്തിലെ ഖന്നാനഗർപ്രദേശത്തിന്റെ തെക്കും വടക്കും, പാലമുറിയുടെ വടക്കും, പാലപ്പിള്ളിയുടെ വടക്കും, നാലുകെട്ടിന്റെ വിവിധഭാഗങ്ങളും, തിരുമുടിക്കുന്നിന്റെ കിഴക്കും പടിഞ്ഞാറും, പൊങ്ങത്തിന്റെ പടിഞ്ഞാറും ഭാഗങ്ങൾ ചെരിവുകളാണ്. എന്നാൽ കുത്തനെയുള്ള ചെരുവുകളിൽ മിക്കതും നാലുകെട്ട് ഭാഗത്താണ്. ചരൽകലർന്ന എക്കൽ മണ്ണാണ് ഇവിടങ്ങളിൽ കാണുന്നത്. ഈ ചെരിവുകളിൽ എല്ലാം തന്നെ നല്ല രീതിയിൽ കൃഷിചെയ്യപ്പെടുന്നു. മിക്കവാറും പ്രദേശങ്ങളിൽ തെങ്ങും മറ്റു പ്രദേശങ്ങളിൽ റബ്ബറുമാണ്. ഫലവൃക്ഷങ്ങളും ധാരാളമായികാണുന്നു. പൊതുവെ മൺപുതപ്പുകളുള്ള പ്രദേശങ്ങളായതിനാൽ വെള്ളം കിനിഞ്ഞിറങ്ങുന്ന തിനുള്ള സാദ്ധ്യതകൾ ഉണ്ടെന്നു പറയാം. വേനൽക്കാലത്തിന്റെ പാരമ്യതയിൽ കുടിവെള്ളപ്രശ്നവുമുണ്ട്. എന്നാൽ പാറക്കൂട്ടം പ്രദേശത്ത് തുടങ്ങിയിട്ടുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആ പ്രദേശത്തെ നല്ലൊരു ഭാഗംവീടുകളിലേയും കുടിവെള്ളപ്രശ്നത്തിനും ജലസേചനപ്രശ്നത്തിനും ഒരു ശാശ്വതപരിഹാരമായി വർത്തിക്കുന്നു. ഈ പദ്ധതിയുടെ കപ്പാസിറ്റി വർദ്ധിപ്പിച്ചാൽ 10-ാം വാർഡിലെ കുടിവെള്ള പ്രശ്നവും ജലസേചനപ്രശ്നവും ഏറിയ പങ്കും പരിഹരിക്കാവുന്നതാണ്.

## 4. സമതലം :-

പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തുള്ള ഒന്നാം വാർഡ് ഒഴികെ പഞ്ചായത്തിന്റെ എല്ലാഭാഗത്തും ഭാഗികമായി സമതലപ്രദേശങ്ങളുണ്ട്. ഇത് ആകെ വിസ്തീർണ്ണത്തിന്റെ ഏകദേശം 23 ശതമാനം വരും. മണ്ണ് ഫലഭൂയിഷ്ഠമായ ചരൽ കലർന്ന ചെമ്മണ്ണാണ്. ജലം കിനിഞ്ഞിറങ്ങുവാൻ സാദ്ധ്യതയുള്ളതാണ് ഈ മണ്ണ്. ചിലയിടങ്ങളിൽ അപൂർവ്വമായി കളിമണ്ണും കണ്ടുവരുന്നു. സമതലങ്ങൾ പൂർണ്ണമായും (വയലുകൾ ഒഴികെ) പാർപ്പിടങ്ങൾക്കായി തുണ്ടുതുണ്ടുകളായി വിഭജിച്ചിരിക്കുന്നു. തെങ്ങാണ് ഇവിടങ്ങളിലെ മുഖ്യ കൃഷി. അതുകഴിഞ്ഞാൽ വാഴ മുതലായവയും.

## ജലവിഭവം

ഈ പഞ്ചായത്തിലെ കൃഷി മഴയെമാത്രം ആശ്രയിക്കുന്ന ഒന്നല്ല. കുളങ്ങളും തോടുകളും കനാലുകളും കൃഷിയെ, ജലസേചനത്തെ സഹായിക്കുന്ന ഘടകങ്ങളാണ്. നല്ലൊരു ഭാഗം സ്ഥലത്തെ കൃഷിക്കും ഈ

ജല വിഭവങ്ങൾ ഉപയോഗിക്കുന്നുണ്ട്.

വർഷക്കാലത്ത് ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്. മാർച്ച് ഏപ്രിൽ മാസങ്ങളിലും വിരളമായിട്ടാണെങ്കിലും മഴ ലഭിക്കാറുണ്ട്. അളവിൽ കുറവാണെന്നു മാത്രം. ഒരാണ്ടിൽ കിട്ടുന്ന ജലത്തിന്റെ 75% വും കാലവർഷത്തിൽ (മൺസൂൺ) നിന്നാണ്. ഈ പഞ്ചായത്തിൽ ഒരാണ്ടിൽ ലഭിക്കുന്ന മഴ സംസ്ഥാന ശരാശരിയിൽ നിന്ന് ഏറെ കുറയാറില്ല, കൂടാറുമില്ല. ഇങ്ങിനെയൊക്കെയാണെങ്കിലും ഈ പഞ്ചായത്തിൽ വേനലിന്റെ മൂർദ്ധന്യത്തിൽ പരക്കെ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. ഭൂവിഭാഗത്തിന്റെ സവിശേഷതകളാണ് ഇതിനുകാരണം.

ജലസ്രോതസ്സുകളായി മുഖ്യമായി എടുത്തു പറയാവുന്നവ കിണറുകളും കുളങ്ങളും തോടുകളും കനാലുകളുമാണ്. കുഴൽകിണറുകളും അവയുടെ ധർമ്മം ഭംഗിയായി നിർവ്വഹിച്ചുപോരുന്നുണ്ട്. എന്നാൽ ചില കുഴൽകിണറുകളിലെ ജലം ഉപയോഗ ശൂന്യമാണ്. 5000 ഓളം കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. അവയിൽ 50 എണ്ണം പൊതു കിണറുകളാണ്. കുടിവെള്ള ദൗർല്ലഭ്യം അനുഭവപ്പെടുന്ന അവസരങ്ങളിൽ നല്ലൊരു ഭാഗം പരിസരവാസികൾ ഈ കിണറുകൾ ഉപയോഗിക്കുന്നു. ഭൂഗർഭജലത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഈ പഞ്ചായത്തിലില്ല. കുടിവെള്ളക്ഷാമ പരിഹാരത്തിനായി, കഴിയുന്നത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുവാൻ കിണഞ്ഞു പരിശ്രമിക്കുകയാണ് പഞ്ചായത്ത് ഭരണസമിതി. ഈ പഞ്ചായത്തിൽ കൂടി പുഴകളൊന്നും തന്നെ ഒഴുകുന്നില്ല. സമീപപഞ്ചായത്തായ മേലൂർ പഞ്ചായത്തിലൂടെ പോകുന്ന ചാലക്കുടിപ്പുഴയിലെ ജലനിരപ്പ് താഴുന്നതാണ്. ഇവിടെ കിണറുകളിൽ വേനൽക്കാലത്ത് ജലം ഇല്ലാതാകുവാനുള്ള മുഖ്യകാരണം.

### കുളങ്ങൾ

ജലസേചനത്തിനു കുടിവെള്ളക്ഷാമപരിഹാരത്തിനുമായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കുവാൻ പോന്ന കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇളഞ്ചേരിച്ചിറ, കൊറ്റൽച്ചിറ, ഇരട്ടച്ചിറയിലെ രണ്ടു കുളങ്ങൾ, തിരുമുടിക്കുന്നു കുളം, തൊഴുത്തുങ്ങപ്പാടം കുളം, മോഡിച്ചിറ ഡാം, മംഗലശ്ശേരി ഹരിജൻ കോളനി കുളം, പനയപ്പാടം കുളം, പെരുങ്കുളം, ചൂരപ്പാടം കുളം, മാങ്ങാട്ടുപള്ളിക്കുളം, കാച്ചേരിക്കുളം, വെള്ളൻച്ചിറക്കുളം, പുത്തൻ കുളം, പള്ളിക്കുളം, മല്ലഞ്ചിറക്കുളം, ഖന്നാനഗർ കുളം, പാറക്കൂട്ടം കുളം, പാണ്ടൻ കുളം, ചൂരക്കുളം, ചുനക്കര ഹരിജൻ കോളനി കുളം, പാറകുളം, പുതു കുളം, ചേലം കുളം, പാമ്പുകുഴി കുളം, ചിറങ്ങര കുളം, പാലമുറി ഹരിജൻ കോളനി കുളം, പോത്തനടി കുളം എന്നിവയാണ് ഈ പഞ്ചായത്തിലെ കുളങ്ങൾ. ഇവ മിക്കതും വൃത്തിയായും കെട്ടി സൂക്ഷിക്കപ്പെടുന്നുണ്ട്.

### തോടുകൾ

തോടുകൾ കൊരട്ടിയിലെ ജലസേചനത്തിൽ നല്ലൊരു പങ്കു വഹിക്കുന്നു. നിലവിലുള്ള തോടുകളുടെ വീതി കൂട്ടുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നിട്ടുള്ളതാണ്. പെരുമ്പി, കൈതപ്പാടം, മങ്ങാട്ടുപാടം തോട്, എരപ്പം പാറതോട്, ഇടിക്കോട്, വാലുങ്ങാമുറിതോട്, ചുനക്കര തോട്, പനയപ്പാടം തോട്, വേക്രപ്പാടം തോട്, തൊഴുത്തങ്ങപ്പടവ് തോട്, പെരുവഴിച്ചാൽ തോട്, എടവഴി തോട്, ചൂരക്കുളം തോട്, തുമ്പങ്ങപ്പാടം തോട്, പാണ്ടം കുളം തോട്, കൊറ്റൻചിറ തോട്, കൊരട്ടിച്ചാൽ തോട്, കാരക്കാ തോട്, ഇളഞ്ചേരി തോട്, കാപ്പുമാടം തോട് എന്നിവയാണ് നിലവിലുള്ള തോടുകൾ. ജന്മിത്തം നാടു നീങ്ങിയതോടെ ഇത്തരം കുളങ്ങളും തോടുകളും വേണ്ടവിധം സംരക്ഷിക്കപ്പെടാതെ വന്നു. എന്നാൽ നിലവിലുള്ള പഞ്ചായത്തു ഭരണ സമിതി അതിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടു ഇനിയും സംരക്ഷിക്കപ്പെടേണ്ടവയുടെ സംരക്ഷണവും വികസനവും അടിയന്തിര പ്രാധാന്യം നൽകി ഏറ്റെടുക്കുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.

### കനാൽ

കൊരട്ടി പഞ്ചായത്തിലെ ജലസ്രോതസ്സുകളിൽ പ്രധാനപ്പെട്ടവ ഇറിഗേഷൻ കനാൽ, പഞ്ചായത്തിലെ ഇതരകനാലുകൾ എന്നിവയാണ്. K.V. മെയിൻ കനാൽ ഇരട്ടച്ചിറയിൽ നിന്ന് ആരംഭിച്ച് മുരിങ്ങൂർ വടക്കും മുറി ബ്രാഞ്ചുകനാലും കല്ലൂർ വടക്കും മുറി ബ്രാഞ്ച് കനാലുമായിതിരിയുന്നു. ഇത് പഞ്ചായത്തിലൂടെ

234

ഏകദേശം 10.കി.മീ. നീളത്തിൽ ഒഴുകുന്നു. പാറക്കടവ് മെയിൻ കനാൽ രണ്ട്, മൂന്ന്, നാല് വാർഡുകളിലൂടെ കടന്ന് പാറക്കടവിലേയ്ക്ക് ഒഴുകുന്നു.ഏകദേശം 5 കി.മീ. നീളത്തിൽ ഈ കനാലുകളും പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഈ കനാലിന്റെ രണ്ടു ബ്രാഞ്ചുകളായ കൊരട്ടി കിഴക്കും മുറി ബ്രാഞ്ചും, ചിറങ്ങര ബ്രാഞ്ചും ആറുകിലോമീറ്ററോളം നീളത്തിൽ ഈ പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. K.V. മെയിൻ കനാലിന്റെ കൊരട്ടി ബ്രാഞ്ചും, കോനൂർ ബ്രാഞ്ചും ഇതിനെല്ലാം പുറമേയാണ്. ഇത്രയും കനാലുകൾ ഉണ്ടെങ്കിൽ പോലും ജലം ഏറ്റവും ആവശ്യമായ മാസങ്ങളിൽ ഗുണം ചെയ്യാറില്ല. അതായത്, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കനാലിലൂടെ വെള്ളം വരുന്നത് വാവിനും ശങ്ക്രാന്തിക്കും മാത്രമായിരിക്കും എന്നു സാരം. ഏപ്രിൽ മേയ് മാസങ്ങളിൽ കനാലിൽകൂടിഒഴുകുന്ന തോതുകുറയുന്നതും, ഒഴുകുന്ന ജലത്തിന്റെ സുഗമമായ പ്രവാഹത്തിന്, യഥാസമയം അറ്റകുറ്റ പണികൾ ചെയ്യാതിരിക്കുന്നതുമാണ് ഇതിനു കാരണം. കനാൽ ജലം സുലഭമായി ലഭിച്ചാൽ ജലസേചനസൗകര്യം മെച്ചപ്പെടുന്നതോടൊപ്പം കുടിവെള്ളക്ഷാമം പരി ഹരിക്കപ്പെടുകയും ചെയ്യും. ചാലക്കുടിപ്പുഴയിലെ ജലം ലിഫ്റ്റ് ഇറിഗേഷനിലൂടെ ഈ പഞ്ചായത്തിലെത്തിച്ചാൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിനും കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരംകാണുന്നതിനും കഴിയും. ചാലക്കുടിപ്പുഴയിലെ ജലവിതാനം താഴുന്നതിന് പരിഹാരമായി ഉചിതമായ സ്ഥലങ്ങളിൽ തടയണ നിർമ്മിക്കേണ്ടതും അനിയന്ത്രിതമായ രീതിയിലുള്ള മണൽവാരൽ നിയന്ത്രിക്കേണ്ടതുമാണ്.

കുടിവെള്ളക്ഷാമത്തിന്റെ പരിഹാരത്തിനായി, കൊരട്ടി, നാലുകെട്ട്, കട്ടപ്പുറം, പൊങ്ങം എന്നീ സ്ഥലങ്ങളിൽ വാട്ടർ സപ്ലൈസ്കീമുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കൊരട്ടി സ്കീമിന്റെ സ്രോതസ്സ് ചാലക്കുടിപ്പുഴയും, നാലുകെട്ടിന്റേത് ഇരട്ടച്ചിറകുളവും, കട്ടപ്പുറം, പൊങ്ങം കുഴൽക്കിണറുകളുമാണ്. പഞ്ചായത്തിന്റെ കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി, പഞ്ചായത്തിൽ ആകമാനം കുടിവെള്ളം എത്തിക്കാവുന്ന രീതിയിൽ ചാലക്കുടിപുഴയിൽ ആഴമുള്ള സ്ഥലത്തുനിന്നും വെള്ളം പമ്പുചെയ്ത്, ഏറ്റവും ഉയർന്ന പ്രദേശത്ത് ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിക്കുള്ളശ്രമം പഞ്ചായത്ത് കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്.

**ജനസമ്പത്ത്**

1991 ലെ സെൻസസ്സ് അനുസരിച്ച് ഈ പഞ്ചായത്തിൽ 30,118 ജനങ്ങളാണ് ഉള്ളത്. ഇതിൽ 15,104 പുരുഷന്മാരും 15,014 സ്ത്രീകളുമാണ്. ആറുവയസ്സിൽ താഴെയുള്ളവരുടെ കാര്യമാണെങ്കിൽ, ആൺ കുഞ്ഞുങ്ങൾ 1646 ഉം പെൺകുഞ്ഞുങ്ങൾ 1524 മാണ്. ഒരു ചതുരശ്രകിലോമീറ്ററിന് 1286 ഉം ജനങ്ങളുള്ള ഒരു പഞ്ചായത്താണിത്. (അതായത്, ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1286). സംസ്ഥാനജനസാന്ദ്രത 749 ഉം ഇന്ത്യയിലെ ജനസാന്ദ്രത 257 ഉം ആണ്. കൊരട്ടിഗ്രാമപഞ്ചായത്ത് ജനസാന്ദ്രതയിൽ ദേശീയ, സംസ്ഥാന ജനസാന്ദ്രതകളേക്കാൾ വളരെ മുകളിലാണ്. 23.42 ചതുരശ്രകിലോമീറ്റർ 6102 വീടുകളിലായി 30118 ജനങ്ങൾ താമസിക്കുന്നു. അതായത് ശരാശരി വീടൊന്നിന് 5 ആളുകൾ വീതമുണ്ട്. ഇത് സംസ്ഥാനശരാശരിയായ 5.6 നേക്കാൾ കുറവാണ്. പാർപ്പിട സൗകര്യത്തിൽ ഈ ഗ്രാമ പഞ്ചായത്ത് സംസ്ഥാനനിലവാരത്തേക്കാൾ മുൻപിലാണ്.

നിരക്ഷരുടെ എണ്ണം തുലോം തുച്ഛം തന്നെ. പുരുഷന്മാരുടെ സാക്ഷരതനിരക്ക് 95.42 ശതമാനവും സ്ത്രീകളുടേത് 92.98 ശതമാനവുമാണ്. 15 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 60% S.S.L.C പാസ്സായവരാണ്. ഇവരിൽതന്നെ, ബിരുദവും സാങ്കേതിക വിദ്യാഭ്യാസയോഗ്യതയുള്ളവരും, ബിരുദധാരികളും ഏകദേശം എണ്ണത്തിൽ തുല്യരാകും. അടുത്തകാലത്ത് വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള പുതിയ പ്രവണതയാണിതിനു കാരണം. പ്രധാനമായും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 8925 പേരാണ്. ഇതിൽ 6701 പുരുഷന്മാരും 2224 സ്ത്രീകളും ഉൾപ്പെടുന്നു. ഇവരിൽ 416 പുരുഷന്മാർ മിക്കവാറും ദിവസങ്ങളിൽ ജോലിയില്ലാത്തവരാണ്. സ്ത്രികൾ 566 പേരും.

235

## വാർഡുതിരിച്ചുള്ള ജനസംഖ്യ

| വാർഡ് | ജനസംഖ്യ | | പട്ടികജാതി | | പട്ടികവർഗം | |
|---|---|---|---|---|---|---|
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| I | 1416 | 1572 | 215 | 236 | 1 | 3 |
| II | 1370 | 1179 | 66 | 57 | — | — |
| III | 1199 | 1113 | 65 | 63 | — | — |
| IV | 1346 | 1311 | 108 | 105 | — | — |
| V | 1527 | 1542 | 83 | 92 | — | — |
| VI | 1148 | 1213 | 28 | 21 | — | — |
| VII | 2200 | 2231 | 142 | 152 | — | — |
| VII | 936 | 994 | 216 | 233 | 4 | 4 |
| Ix | 1410 | 1405 | 186 | 197 | - | - |
| X | 1197 | 1146 | 98 | 110 | - | - |
| XI | 1355 | 1358 | 200 | 204 | 4 | 3 |
| ആകെ. | 15104 | 15014 | 1407 | 1470 | 9 | 10 |

## തൊഴിൽ പങ്കാളിത്തം

| | പു | സ്ത്രീ | മൊത്തം |
|---|---|---|---|
| മുഖ്യ തൊഴിലുകൾ | 6701 | 2224 | 8925 |
| ഭാഗിക തൊഴിലുകൾ | 416 | 566 | 982 |
| മൊത്തം | 7117 | 2790 | 9907 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 47.1 | 18.6 | 32.89 |

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 95% വും S.S.L.C പാസ്സായിട്ടുള്ളവരാണ്. ഇവരിൽ പലരും ഉന്നത ബിരുദധാരികളോ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവരോ ആണ്. അഭ്യസ്തവിദ്യരല്ലാത്ത തൊഴിൽ രഹിതർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാറില്ല.

ഈ പഞ്ചായത്തിലെ നിരവധി ആളുകൾ ലോകത്തിന്റെനാനാഭാഗത്തും ജോലിചെയ്യുന്നുണ്ട്. അതിൽ നല്ല ഒരു ഭാഗം ഗൾഫ് രാജ്യങ്ങളിലും, അമേരിക്ക, കാനഡ, ന്യൂസിലാന്റ്, മുതലായ സമ്പന്ന രാജ്യങ്ങളിലുമാണ്. വിദേശധനം കൊരട്ടിയുടെ സാമ്പത്തികരംഗത്ത് ചെറിയ തോതിലാണെങ്കിലും സ്വാധീനം ചെലുത്തുന്നു.

തൊഴിലില്ലായ്മ ഏറ്റവും അധികം സ്ത്രീകളിലാണ്. 12,253 പേർ. തൊഴിലില്ലാത്ത പുരുഷന്മാർ 9077. സ്ത്രീകളുടെ തൊഴിലില്ലായ്മ 81.6 ശതമാനവും പുരുഷന്മാരുടെ തൊഴിലില്ലായ്മ 60.1 ശതമാനവുമാണ്.

പൊതുവേ പറഞ്ഞാൽ, ജാതിയുടേയും മതത്തിന്റേയും സ്വാധീനം കൂടിവരുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. ജനങ്ങളിൽ ഭൂരിപക്ഷവും ക്രിസ്ത്യാനികളാണ്. രണ്ടാം സ്ഥാനത്ത് ഹിന്ദുക്കളും. ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷവും അവർണ്ണരാണ്. പട്ടികജാതി ആകെ ജനസംഖ്യയുടെ പത്തുശതമാനത്തിൽ താഴെ മാത്രമാണ്. പട്ടിക വർഗ്ഗക്കാരുടെ എണ്ണം അംഗുലീപരിമിതമാണ്.

വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരാണ് ഏറിയ പങ്കും. 28.8%. സർവ്വീസ് മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം വരുംനാളുകളിൽ വർദ്ധിക്കുന്നതിനുള്ള സാദ്ധ്യത ഈ പഞ്ചായത്തിൽ ഏറെയാണ്. വിദ്യാഭ്യാസ പരമായി ഏറെ മുൻപിൽ നിൽക്കുന്ന ഒരു സമൂഹമാണ് കൊരട്ടിയിലേത് എന്നതാണ് കാരണം. കൊരട്ടിയിലെ ഒരു വൻ കിട പൊതുമേഖല വ്യവസായശാലയിൽ പണിയെടുക്കുന്നവരുടെ എണ്ണം 253 ആണെങ്കിൽ രണ്ടു വൻകിട സ്വകാര്യ ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ എണ്ണം 4883 ആണ്. ഇതിലൊന്നായ മധുരാ കോട്സിൽ ജോലി ചെയ്തിരുന്ന 2400ത്തോളം വരുന്ന തൊഴിലാളികളുടെ ദുസ്ഥിതി നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം ഈ പഞ്ചായത്തിൽ ഏറെയാണ്; 108. തൃശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിടവ്യവസായ യൂണീറ്റുകളിൽ ഏററവും കൂടുതൽ രജിസ്ററർ ചെയ്തിട്ടുളള ഒരു പഞ്ചായത്താണ് കൊരട്ടിഎന്നവസ്തുത ഏറെ സന്തോഷത്തിന് വക നൽകുന്നു. ഇത്തരം യൂണിറ്റുകളിൽ 300 ലേറെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

തൊഴിൽ മേഖലയിലെ പങ്കാളിത്തം പരിശോധിക്കുമ്പോൾ കാണുന്ന വസ്തുത വ്യവസായ മേഖലയിലാണ് ഏറ്റവും അധികം തൊഴിലാളികൾ ജോലിചെയ്യുന്നത് എന്നാണ്. തൊട്ടു പിന്നാലെ കാർഷിക മേഖലയിലും. എന്നാൽ കർഷകതൊഴിലാളികളിൽ 906 പേരും സ്വന്തമായി കൃഷിഭൂമിയില്ലാത്തവരാണ്.

### സസ്യാവരണം

ആകമാനം പച്ചപ്പുതപ്പണിഞ്ഞ ഒരു ഗ്രാമമാണ് കൊരട്ടി ഗ്രാമ പഞ്ചായത്ത്.കർഷകരിൽ ബഹുഭൂരിപക്ഷമായ 2865 പേർ നാമമാത്ര കർഷകരാണെങ്കിലും, ഭൂമി ഏറിയ പങ്കും തുണ്ടു തുണ്ടുകളാണെങ്കിലും, ഗ്രാമപഞ്ചായത്ത് സസ്യസമ്പത്തിൽ മുൻപന്തിയിലാണ്. വൃക്ഷങ്ങളോ, സസ്യങ്ങളോ ഇല്ലാത്ത ഒരൊറ്റ പുരയിടമെങ്കിലും ഇവിടെ കാണാൻ കഴിയില്ല.സസ്യവൈവിദ്ധ്യത്തിന്റെ ഒരു ശേഖരം തന്നെയാണ് ഗ്രാമ പഞ്ചായത്ത്.അവയിൽ ചിലതെല്ലാം:-

കീഴാർ നെല്ലി, തൊട്ടാവാടി, ചാമപ്പുല്ല്, പടരൻപുല്ല്, കട്ടപ്പുല്ല്, അയിമപ്പച്ച, ചീര (4തരം), പേര, ചുണ്ടങ്ങ, സുന്ദരി, നീല സുന്ദരി, ചുള്ളി, പുതുമ്പ, കടി തുമ്പ, ആന തുമ്പ, കുറുന്തോട്ടി, കപ്പ, തെങ്ങ്, തേക്ക്, പെരു, പൂവെരു, ഊരം, മാവ്, മുരിങ്ങ, വേനപ്പച്ച, അപ്പ,പുല്ലാനി, കുക്കൂട്ട് പാല, ഇഞ്ചി, ജാതി, മൊസാന്ത, നീലക്കൊളാമ്പി, ഏഴിലംപാല, മുരിക്ക്, പ്ലാവ്, മുക്കുറ്റി, വാഴ, കൊക്കോ, പുളി, പന, കശുമാവ്, മട്ടി, കരയാമ്പൂ, പന്നൽ, തൊണ്ടി, വെണ്ട, ചെമ്പരത്തി (പലതരം), മഞ്ഞൾ, താണി, എലവ്, ഇഞ്ച, ആടലോടകം, പൂപ്പരത്തി, മുള്ളം കള്ളി, കരിംകുറിഞ്ഞി, മരമൂഞ്ഞ, കോഴി അപ്പ, ശീമക്കൊന്ന, ബുഷ്, മൈലാഞ്ചി, കോഴിവാലൻ, കുപ്പിച്ചെടി, മരുന്നുചെത്തി, അശോക ചെത്തി, അശോക മരം, സൂര്യകാന്തി, ചാമ്പ, ലൂബിക്കാ, കരശ്, വളപ്പയർ, തകര, ചേമ്പ്, കാട്ടു ചേമ്പ്, പുളിച്ചേമ്പ്, ഊരി, കാട്ടുകുത്താവ്, കാഞ്ഞിരം, അക്കേഷ്യാ, വയറവള്ളി, പാരിജാതം, ചെയിഞ്ച് റോസ്, കുരുമുളക്, കടലാസ് റോസ്, കവുങ്ങ്, തുളസി, (ചുവന്ന തുളസി), കൃഷ്ണതുളസി, രാമ തുളസി, നിലം പരണ്ട, നാടൻപട്ട്ല്, നാരകം, ഇത്തിൾകണ്ണി, തേരം, ഇരുമ്പൻ പുളി, പുവ്വാം കുരുന്ന്, കുടപ്പുളി, കുങ്കുമച്ചെടി, സോപ്പുചെടി, പിച്ചകം, കാര, വെന്തി, മഞ്ഞകോളാമ്പി, കണിക്കൊന്ന, കൈതച്ചക്ക, ആഞ്ഞിലിച്ചക്ക, തൊണ്ടി (വകഭേദം) നിരോട്ടി, മുക്കൈനി, പപ്പായ, നീലത്താമര, വേറോം, നെല്ലി, ഉങ്ങ്, ആവൽ, നാങ്ങണ, എലിഞ്ഞി, ശതാവരി, വയൽചുള്ളി, ശംഖുപുഷ്പം, കാട്ടു കുറുഞ്ഞി, ചിറ്റമൃത്, കരിനൊച്ചി, പൈൻ, ഞാവൽ, അരണമരം, അപ്പ, അക്രാവ്, മലയിഞ്ചി, വലിയ ചേമ്പ്, മാഞ്ചിയം, കുമുള്ള്, ചന്ദനം, കണലി, കുറ്റിചാണൽ, നിത്യകല്യാണി, മുല്ല, കോഴിവാലൻ, കപ്പ(കട്ടറബ്ബർ), അമര, ശീമപ്പട്ടല്, വഴുതന, കാച്ചിൽ, നമ്പ്യാർവട്ടം, ആദം, റബ്ബർ, കുന്നിവാക, കുന്നി, പൂപാല, മുതിര, ബദാം, ആമി, പൂവാക, മരോട്ടി, ചീര(ചുവപ്പ്, പച്ച, സാമ്പാർ) ആവണക്ക്, പഞ്ചി, കാപ്പി, നീലകനകാംബരം, വിശാലരി, കറുകപ്പട്ട,

വാതസ്(പലതരം), പേൾ, ഇഞ്ച, നറുനീണ്ടി, പാവട്ട, റോസ് (പലതരം), ഡാലിയ, ആര്യവേപ്പ്, വേപ്പ്, സപ്പോട്ട, ലാങ്കാ, മഞ്ഞകോളാമ്പി, വാഴച്ചെടി, താന്തോന്നിച്ചെടി, പച്ചമുളക്(വിവിധ ഇനം) വാഴ (പാളയൻ കോടൻ, പൂവൻ, കണ്ണൻ, ചെങ്കദളി, എറോടൻ, ചാരപ്പടത്തി, കൊടപ്പനില്ലാച്ചുണ്ടൻ, ചെമ്പൂവൻ) മയിലെള്ള്, ചുവന്ന ആദം,പത്തുമണിച്ചെടി, മാങ്ങാനാറി, ചേരി, എള്ള്, കടപ്ലാവ്, മുള്ളൻ ലൂബി, ലൂബി, പ്ലം, മധുരക്കിഴങ്ങ്, മധുരച്ചേമ്പ്, ചേന, ചെറുകിഴങ്ങ്, ചട്ടിവാഴ, പാവൽ, പടവലം, വാക, മല്ലി, പനച്ചെടി, ചെറിയചെത്തി, എവർഗ്രീൻ, വെണ്ട, നീലോമം, ഉമ്മത്തിൻചെടി, മണിപ്ലാവ്, കുടവൻ, പന്നൽ, നെല്ല്, തിരുഹൃദയച്ചെടി, കൊക്കോ, വെറ്റില, കൊട്ടം, മുട്ടപ്പഴച്ചെടി, കാട്ടുചേന, ചെറുകടലാടി, മറുത്, കൂവളം, ചെറി, മല്ലിച്ചെടി, പുളവങ്ങ്, മൾബറി, മുള്ളിലം, മുകൈത ഈറ്റ, മത്തൻ പേരാൽ, അരയാൽ, പൂവ്വാം കുരുന്ന്, മട്ടി, മുയൽച്ചെവി, മുക്കുറ്റി, നീലപ്പന, എലേമത്തൈ, പനികൂർക്ക, ബ്രഹ്മി, വേങ്ങ, തേറം, കരിയക്കായ ചെടി, പുത്തിരിചുണ്ട, വഴുതന, ചെറുവഴുതന, വീട്ടി, അരണമരം, കള്ളിച്ചെടി, ഒട്ടുമാവ്, കറുകപ്പുല്ല്, കൂടതൈ അജ്ഞാതങ്ങളായ അനവധി സസ്യങ്ങൾ വേറെയും.

## കാലാവസ്ഥയെ സംബന്ധിച്ച വിവരങ്ങൾ

| മാസം | മഴ (മില്ലീ ലിറ്റർ) | ഊഷ്മാവ് (ഡിഗ്രിസെൽഷ്യസിൽ) | |
|---|---|---|---|
| | | കൂടിയതാപം | കുറഞ്ഞതാപം |
| ജനുവരി | 7 | 30.8 | 22.9 |
| ഫെബ്രുവരി | 10 | 31.6 | 24.7 |
| മാർച്ച് | 27 | 32.4 | 25.3 |
| ഏപ്രിൽ | 86 | 32.5 | 25.2 |
| മേയ് | 296 | 32.2 | 26 |
| ജൂൺ | 769 | 30 | 24.1 |
| ജൂലൈ | 759 | 29.3 | 23.4 |
| ആഗസ്റ്റ് | 443 | 29.5 | 23.9 |
| സെപ്തംബർ | 257 | 30.8 | 24.3 |
| ഒക്ടോബർ | 301 | 30.9 | 23.8 |
| നവംബർ | 144 | 31.7 | 24.2 |
| ഡിസംബർ | 31 | 31.9 | 22.9 |
| വാർഷികം | 3130 | | |


ഏറ്റവും കൂടുതൽ മഴ സാധാരണ ജൂൺ മാസത്തിലാണ് ലഭിക്കുന്നത്. എന്നാൽ ജൂലൈ മാസത്തിൽ ലഭിക്കുന്ന മഴ ജൂണിനേക്കാൾ അധികം കുറയാറില്ല. ഏറിയ കാലവും ഈ രണ്ടു മാസങ്ങളിലേയും മഴയുടെ അളവ് സമാസമം ആകാറാണ് പതിവ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന മഴ മൊത്തം ഒരാണ്ടിൽ പെയ്യുന്ന മഴയുടെ 63% ആണ്. ഈ പഞ്ചായത്തിൽ ഒരു വർഷം ലഭിക്കുന്ന മഴ സംസ്ഥാനശരാശരിയേക്കാൾ അല്പം താഴെയാണ്. താപനിലയുടെ കാര്യത്തിൽ ഏറ്റവും അധികം താപം അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ്. എന്നാൽ കേരളത്തിലെ തന്നെ പലജില്ലകളിലും അനുഭവപ്പെടാറുള്ള അത്യുഷ്ണം ഈ പഞ്ചായത്തിൽ അനുഭവപ്പെടാറില്ല. അതായത്, മഴയുടെ കാര്യത്തിലെന്നപോലെ താപനിലയിലും, സംസ്ഥാനശരാശരിയേക്കാൾ താഴെയാണെന്ന് സാരം.

| | |
|---|---|
| വേനൽക്കാലം | ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് |
| വർഷക്കാലം | ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ |
| മഞ്ഞുകാലം | നവംബർ, ഡിസംബർ, ജനുവരി |

ഈ പഞ്ചായത്തിൽ പ്രകടമായും അനു വപ്പെടുന്ന കാലാവസ്ഥ വേനൽക്കാലം, മഞ്ഞുകാലം, എന്നിവയാണ്. നിചമായ ഒരു ക്രമവും പണ്ടു മുതൽക്കേ ഉണ്ടായിരുന്നു. എന്നാൽ ഈ അടുത്തകാലത്തായി വ്യക്തമായ കാലപരിധി ഈ വേർതിരിവിന് ഇല്ലാതായിവരുന്നുണ്ട്.

**ഭൂവിനിയോഗം - കൃഷി**

ഈ പഞ്ചായത്തിൽ നിലവിലുള്ള കൃഷിയെപ്പറ്റി വിവരങ്ങളും അതിന്റെ അവലോകനവും ആമുഖത്തിലും, കൃഷിയുടെ വികസന റിപ്പോർട്ടിലും പ്രദിപാദിച്ചിരിക്കുന്നതുകൊണ്ടാണ് ഭൂവിനിയോഗത്തിന്റെ ഒരു വിഹഗ വീക്ഷണം മാത്രമേ ഇവിടെ ലക്ഷ്യമാക്കുന്നുള്ളു.




<u>മറ്റുള്ളവ</u>
പയർ
എള്ള്
പച്ചക്കറികൾ
മരച്ചീനി
കുരുമുളക്
പ്ലാവ്
കശുമാവ്
മാവ്
കവുങ്ങ്
കൊക്കോ


224

| കൃഷിയുടെ പേര് | കൃഷിചെയ്യുന്ന സ്ഥലം ഹെക്ടറിൽ | ശതമാനം |
|---|---|---|
| നെല്ല് | 420 | 16.1 |
| പയർ | 40 | 1.58 |
| എള്ള് | 20 | .75 |
| പച്ചക്കറി | 42 | 1.6 |
| തെങ്ങ് | 1109 | 43.86 |
| വാഴ | 325 | 12.85 |
| മരച്ചീനി | 68 | 2.69 |
| കുരുമുളക് | 30 | 1.9 |
| പ്ലാവ് | 15 | 1.00 |
| കശുമാവ് | 53 | 2.9 |
| മാവ് | 16 | 0.63 |
| റബ്ബർ | 212 | 8.39 |
| കവുങ്ങ് | 56 | 2.20 |
| കൊക്കോ | 4 | 0.15 |
| ജാതി | 67 | 2.65 |
| ഇഞ്ചി | 51 | 2.00 |

## പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ ആകെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് മേൽക്കൂര ഉള്ളവ | മേൽക്കൂര ഓടുമേഞ്ഞവ | മേൽക്കൂര ഓലമേഞ്ഞവ | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 799 | 1 | 121 | 534 | 115 | 28 |
| II | 577 | 9 | 128 | 369 | 40 | 31 |
| III | 637 | 3 | 234 | 383 | 12 | 5 |
| IV | 747 | 30 | 240 | 428 | 49 | — |
| V | 816 | 19 | 300 | 474 | 18 | 5 |
| VI | 715 | 36 | 309 | 357 | 10 | 3 |
| VII | 696 | 52 | 432 | 178 | 30 | 4 |
| VIII | 542 | 8 | 147 | 336 | 50 | 1 |
| IX | 808 | 11 | 310 | 407 | 61 | 19 |
| X | 629 | 53 | 428 | 118 | 24 | 16 |
| XI | 1000 | 34 | 734 | 175 | 50 | 7 |
| XII | 6500 | 10 | 123 | 445 | 60 | 12 |
| ആകെ | 8616 | 266 | 3506 | 4204 | 519 | 131 |
| ശതമാനം | | 3.08 | 40.69 | 48.79 | 6.02 | 1.42 |

ഒന്നിൽകൂടുതൽ നിലകളുള്ള വീടുകൾ ആകെയുള്ളതിന്റെ 3.08% വും കോൺക്രീറ്റ് മേൽക്കൂരയുള്ളവ 40.69% വും ഓടുമേഞ്ഞവ 48.79% വും ഓലമേഞ്ഞവ 6.02% വുമാണ്. പഞ്ചായത്തിൽ ഉള്ള വീടുകളിൽ ഏറ്റവും അധികം ഓടുമേഞ്ഞ മേൽക്കൂരകളുള്ളവയാണ്.എന്നാൽ കോൺക്രീറ്റ് ഭ്രമം ഏറിവരുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. നല്ല മരത്തിന്റെ മേൽത്തട്ടുള്ള വീടുകൾ പോലും പൊളിച്ചു കളഞ്ഞ് കോൺക്രീറ്റ് കൊട്ടാരങ്ങൾ പണുതുയർത്തുന്നതിനുള്ള വാസന എങ്ങും ഏറിവരുന്നു. വാസ്തുശില്പകലയിൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും പല പാശ്ചാത്യ വാസ്തുശില്പകലകളുടേയും അനുകരണങ്ങൾ ഉണ്ടാകുന്നുണ്ട്. വിലകുറഞ്ഞ നിർമ്മാണരീതി ഒട്ടും തന്നെയില്ല. ഈ രംഗത്ത് ഊർജ്ജിതമായ ബോധവൽക്കരണം അടിയന്തിര ആവശ്യമാണ്. പാർപ്പിടനിർമ്മാണത്തിലെ ആഡംബരം കേരളീയ സംസ്ക്കാരത്തിന്റെ ഭാഗമാണ്. അത് ഈ പഞ്ചായത്തിലും ശരി തന്നെ.




30 ശതമാനം വീടുകളും ചുറ്റും മതിൽക്കെട്ടുകൾ ഉള്ളവയാണ്. പണ്ടുകാലത്ത് വീടിന് ചുറ്റും വേലിക്കെട്ടുകൾ ആയിരുന്നു. എന്നാൽ ഇപ്പോൾ വെട്ടുകല്ലുകൊണ്ടോ ഇഷ്ടികകൊണ്ടോ അതുമല്ലെങ്കിൽ കരിങ്കല്ലുകൊണ്ടോ ഭംഗിയായി കെട്ടി സംരക്ഷിച്ചുപോരുന്ന കോമ്പൗണ്ട് വാളുകളുണ്ട്. കോഴികൾക്കു പോലും പ്രവേശനം നിരോധിക്കുന്നതിനു പോന്ന സംവിധാനങ്ങളായി മതിൽക്കെട്ടുകൾ വിലസുന്നു. പഴയരീതിയിലുള്ള ജൈവ പദാർത്ഥങ്ങൾക്കൊണ്ടുള്ള വേലിക്കെട്ടുകൾ മഴവെള്ളത്തിന്റെ സ്വച്ഛന്തമായ പ്രവാഹത്തിന് തടസ്സമായിരുന്നില്ല. അതിന്റെ സ്ഥാനത്ത് ഉറപ്പുള്ള മതിൽക്കെട്ടിന്റെ ആവിർഭാവത്തോടെ ആ സൗകര്യം ഇല്ലാതാകുന്നതുകൊണ്ട് നീർക്കെട്ടുമൂലം റോഡുകൾ സഞ്ചാരയോഗ്യമല്ലാതാകുന്നത്. ഈ ഗ്രാമ പഞ്ചായത്തിൽ നിത്യസംഭവമായിരിക്കുന്നു. ഇതുമൂലം ഉണ്ടാകുന്ന സാമൂഹ്യപ്രശ്നം ഇല്ലാതാക്കുവാൻ പ്രബുദ്ധരായ ഗ്രാമവാസികൾ സഹകരിക്കുമെന്ന് പഞ്ചായത്ത് കമ്മിറ്റി കരുതുന്നു.

241

# സസ്യസമ്പത്ത്

ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന

**കിഴങ്ങുകൾ**

1. ചേന
2. ചേമ്പ്
3. ചെറുകിഴങ്ങ്
4. മധുരകിഴങ്ങ്
5. കാച്ചിൽ
6. നനകിഴങ്ങ്
7. അടതാപ്പ്
8. രാജകൂവ
9. കൂർക്ക
10. കുത്തുകിഴങ്ങ്
11. വെട്ടുകിഴങ്ങ്
12. കണ്ടിചേമ്പ്
13. തീറ്റ കിഴങ്ങ്
14. കുന്ന കിഴങ്ങ്
15. പട്ടി കിഴങ്ങ്
16. ആമ്പൽ കിഴങ്ങ്

**വാഴകൾ**

1. പാളയംകോടൻ
2. പൂവൻ
3. ഞാലിപൂവൻ
4. കുടപ്പനില്ലാകുന്നൻ
5. കണ്ണൻ
6. ഏത്തൻ
7. ഏറാടൻ
8. ചാരപൂവൻ
9. ചെട്ടി
10. കഥളി
11. കുന്നൻ
12. ചെറുകഥളി
13. ആറ്റുന്രേന്തൻ
14. റോബസ്റ്റ്
15. ചിങ്ങൻ
16. കുഴിപൂവൻ
17. കുഴിനേന്ത്രൻ
18. ചത്താലിക്കോടൻ
19. ചെങ്കഥളി
20. ആനകൊമ്പൻ

1. മരുന്നുകൾ
2. അമൽപൊരി
3. അരുത
4. അമ്പഴം
5. അരയാൽ
6. അകോരില്ലം
7. അടക്കാമണിയൻ
8. അടപ്പനായൻ
9. അക്രാവ്
10. അഴുകണ്ണി
11. അമ
12. അപ്പ
13. അത്തി
14. ആടലോടകം ചെറുത്
15. ആടലോടകം വലുത്
16. ആവണക്ക്
17. ആനപ്പരിൽ
18. ആറ്റു ദർഭ
19. ആനയടിയൻ
20. ആമ്പൽ
21. ആട്ടുകൊട്ടപ്പാല
22. ആമി
23. ഇഞ്ചി
24. ഇലവങ്ങം-ഇഞ്ചി
25. ഇത്തിക്കണ്ണി
26. ഉഴിഞ്ഞ-ഉങ്ങ്-ഉദികരിശ്
27. ഉമ്മം (നീലം)
28. ഉമ്മം (വെള്ള)
29. ഊരി
30. എലുങ്ങ് - എരുക്ക്
31. എലിചെവി
32. താണി
33. തിരുതാളി
34. തേക്കട
35. തൊട്ടാവാടി
36. പണപ്പുള്ളടി
37. പതഞ്ചാംപുളി
38. പതിമുഖം
39. പനിനീർകൂർക്ക
40. പർപ്പടപ്പുല്ല് - പരില്
41. പാതിരി - പ്ലാശ്
42. പാച്ചൊറ്റി
43. പാടകിഴങ്ങ്
44. പാൽവള്ളി - പാൽമുതുക്ക്
45. പിച്ചകം - പിള്ളമൂത്ത
45. പീതാഘലാതകൻ - പീരപ്പെട്ടി
46. പുഷ്കരമൂലം
47. പുങ്ങ്
48. പുത്തിരിചുണ്ട
49. പൂച്ചുട്ടി
50. പൂപ്പരത്തി
51. പെരുമരം - പെരുകുറുമ്പ
52. പേരാൽ
53. പൊങ്ങില്യം
54. പൊട്ടൽപ്പീര്യം
55. പൊണാംതകര
56. പൊന്നങ്ങാണി
57. പൊന്നയ്യവീർയ്യം
58. മലയിഞ്ചി
59. മരമണി
60. മഞ്ഞൾ - മാലന്തകര
61. മാഞ്ചി
62. മാങ്ങഇഞ്ചി
63. മാതൃഘലാതകി
64. മാതളം
65. മീനങ്ങാണി
66. മുങ്ങ
67. മുരിങ്ങ
68. മുക്കപ്പാരിയം
69. മുക്കൂറ്റി
70. മുരിക്കുട്ടി
71. മുത്തങ്ങ
72. മുല്ല
73. മുള്ളൻചീര
74. മുയൽചെവി
75. മൂവില
76. വൻകൊട്ടം-വട്ടത്തകര
77. വൻതിപ്പല്ലി
78. വൻതുടലി
79. വട്ടകുറുന്തോട്ടി
80. വയമ്പ്
81. വൻകുറുന്തോട്ടി
82. വള്ളിപ്പാല - വള്ളികാഞ്ഞിരം
83. വൻകടലാടി - വയൽചുള്ളി
84. വൻതുടലി
85. വെറ്റില
86. വേപ്പ്
87. വേങ്ങ്
88. വിഴാല്

89. വെട്ടടക്
90. വെളുത്ത വഴുതന
91. വെള്ളൂരം
92. വെള്ളിലം
93. വേലിപ്പരടത്തി
94. നറുനീണ്ടി
95. നറുംചണ്ണ - നാഗദന്തി
96. നായ്ക്കരണം
97. നരികുമ്പളം
98. നിലംപരണ്ട
99. നിലപ്പാല - നീലകാണിരം
100. നീർമാതളം
101. നീർമരുത്
102. എള്ള്
103. ഏഴിലംപാല
104. ഏകതായകം
105. ഏലം
106. ഒരിയതാമര
107. കരിംകുറിഞ്ഞി
108. കടലാടിവലുത്
109. കടലാടി ചെറുത്
110. കരിനൊച്ചി
111. കരിക്കൊടി
112. കറിവേപ്പ്
113. കരളകം
114. കഴഞ്ചി
115. കച്ചൂരം
116. കൽപ്പാൽ
117. കയ്യുണ്ണി
118. കറുത്തകാര
119. കരിമ്പനവാഴ
120. കദളിവാഴ
121. കറ്റവാഴ - കമ്മട്ടി
122. കണികൊട്ടം
123. കരിംകൂവളം
124. കരിയകിഴങ്ങ്
125. കല്ലുവാഴ - കല്ലൂർവള്ളി -
126. കല്ലുരുക്കി
127. കൽത്താമം
128. കാറ്റടിതായകം
129. കസ്തൂരിമഞ്ഞൾ
130. കാഞ്ഞിരം
131. കാട്ടുഴുത്ത്
132. കാട്ടുപയർ
133. കാട്ടുമുതിര
134. കാട്ടുതിപ്പല്ലി
135. കാക്കത്തൊണ്ടി
136. കാട്ടുതൃത്താവ്
137. കാട്ടുമുളക്
138. കാർത്തോട്ടി
139. കിഴുക്കാനെല്ലി
140. കുടപ്പുളി
141. കുണി
142. കുടകപ്പാല
143. കുശ
144. കുടൽചുരുക്കി
145. കുറ്റിപ്പാണൽ
146. കുരുട്ടുപ്പാല
147. കുറിച്ചുക്കുടി
148. കൂവളം
149. കൃഷ്ണതുളസി
150. കൊടിത്തൂവ
151. കൊടവൻ
152. കൊടുവേലി
153. കൊടിയാവണക്ക്
154. കോടശ്ശേരി
155. കോൽപുളി
156. കോവൽ
157. കൈത
158. ചണ്ണകിഴങ്ങ്
159. ചന്ദനം
160. ചടയൻ
161. ചാമ
162. ചിറ്റീന്തൽ
163. ചിറ്റരണി
164. ചുങ്ങ
165. ചെറുഇടലി
166. ചെറുചീര
167. ചെറുനാരകം
168. ചെറുവഴുതന
169. ചെത്തി
170. ചെറുതേക്ക്
171. ചെമ്പരത്തി
172. ചെങ്ങുനീർച്ചാടി
173. ചെറൂള
174. ചൊറിഞ്ഞണം
175. തഴുതായ്മ
176. തകരം
177. തലനളി
178. തകരം
179. താമര
180. താർതാവൽ
181. നീലഅമരി
182. ശതാവരി
183. ബലിക്കറുക
184. കുറുന്തോട്ടി
185. നെടുമ്പാണൽ
186. കാട്ടുചേന
187. ദർഭ
188. നെയ്യുണ്ണിക്ക
189. ശംഖുപുഷ്പം
190. രാമച്ചം
191. നീർവാളം
192. നെല്ലി
193. തൊഴുകണ്ണി
194. ഗ്രാമ്പു
195. ഞെരിഞ്ഞാമ്പള്ളി
196. വെള്ളഅരണ
197. വെളുത്തനൊച്ചി
198. ചിറ്റഅമൃത്
199. പോണമൃത്
200. രാമതുളസി
201. തുളസി
202. പാവട്ട
203. പാണൽ
204. വള്ളിപ്പാണൽ
205. പർപ്പടകപ്പുല്ല്
206. കാരി
207. മുക്കാപ്പിരിയൻ

**നഷ്ടപ്പെട്ട നെൽവിത്തുകൾ :**

1 അധികൻ
2 ചെറുഅധികൻ
3 ചെമ്പാവ്
4 ചിറ്റേനി
5 ഇട്ടികണ്ടപ്പൻ
6 കൂട്ടുമുണ്ടകൻ
7 എരുമക്കാരി
8 കരുമാങ്കാരി
9 ഓണോട്ടൻ
10 രാജകല
11 ആര്യൻ
12 കല്ലടാര്യൻ
13 ചീര
14 വെളുത്തചീര
15 ശീമ
16 നുറവിളകൻ
17 നൊവ്വ
18 നകര
19 വെള്ളാര്യൻ
20 പാണ്ടി
21 വെള്ളപ്പൊക്കാളി
22 മണലാര്യൻ
23 മോടോൻ
24 അരിമോടോൻ
25 കുമ്പളവൻ
26 തവളക്കണ്ണൻ

**മൃഗങ്ങൾ (നഷ്ടപ്പെട്ടവയും അപൂർവ്വവുമായ)**

1 കാട്ടുപട്ടി
2 കാട്ടുപൂച്ച
3 മരപ്പട്ടി
4 കാട്ടുമുയൽ
5 കീരി
6 അണ്ണാൻ
7 മലയണ്ണാൻ
8 ഇനാംപക്കി
9 കാട്ടുമാക്കാൻ
10 മപകലുണ്ണോമൻ
11 പെരിച്ചാഴി
12 തുരപ്പൻ
13 ചുണ്ടെലി
14 കുറുക്കൻ
15 നീർനായ
16 നീറ്റെലി
17 കൂരാൻ
18 കോക്കാൻ
19 മരങ്ങോടൻ
20 കാട്ടുപന്നി
21 പച്ചയോന്ത്
22 തേവാങ്ക്
23 കുട്ടിതേവാങ്ക്
24 കഴുവാറ
25 ഉടുമ്പ്
26 മെരുക്
27 ജബാദ് (വലിയ മെരുക്)
28 കുട്ടിസ്രാങ്ക്
29 അരണ
30 മരമാക്കാൻ
31 പല്ലികൾ

**തീരെ നശിച്ചുപോയ വൃക്ഷങ്ങൾ**

1 കുന്നിവാക
2 കരിന്തകര
3 ചടച്ചി
4 ഇരുൾ
5 മയിലെള്ള്
6 ഇരിമ്പൻ പുളി
7 നാരകം
8 ചുവന്ന കരശ്
9 ഇലവംങ്ങം
10 മുരിക്ക്
11 വേപ്പ്
12 കൊന്ന
13 വൻതേക്ക്
14 കരിമരുത്
15 ബദാം


**സുലഭമായി ഇല്ലാത്തത്**

1 ഇലവ്
2 നെല്ലി
3 വറങ്ങ്
4 ഞാവൽ
5 കുടപ്പുളി
6 കടപ്ലാവ്
7 കശുമാവ്
8 വട്ടമരം
9 താണി
10 മുക്കയിനി
11 മുള്ളിലം
12 പഞ്ഞി

13 മുരുക്ക്
14 ആഞ്ഞിലി
15 പുളിമരം
16 ഇരുമ്പൻപുളി
17 അമ്പഴം
18 കരള്
19 ചുവന്ന കരള്
20 ആൽ
21 ചേല
22 കാഞ്ഞിരം
23 കൊന്ന
24 എലഞ്ഞി
25 നാരകം
26 മഹാഗണി
27 വാലിമരം

## കിളികൾ

1 പൂത്താങ്കിരി
2 ചെമ്പോത്ത് (ഉപ്പൻ)
3 കാട
4 കാരാൻ
5 ആറ്റക്കിളി
6 തത്ത
7 മൂങ്ങ
8 മൂങ്ങ (വലുത്)
9 മണിയരണ്ട
10 താറാവ് ഇരണ്ട
11 തൊപ്പികിളി
12 വാലൻകിളി
13 മരംകൊത്തി
14 മൈന
15 കൊളക്കോഴി
16 നെല്ലികോഴി
17 കാട്ടുപ്രാവ്
18 ചെങ്ങാലി (അരിപ്രാവ്)
19 പച്ചക്കിളി
20 മഞ്ഞക്കിളി
21 പരുന്ത്
22 കൊക്ക് (പൂതകൊക്ക്)
23 വെള്ളകൊക്ക്
24 കാക്കതമ്പുരാട്ടി
25 കുയിൽ
26 നാരായണപക്ഷി
27 വേഴാമ്പൽ
28 നരിച്ചീൽ
29 പാറാട
30 കുരുവി
31 തേൻകുരുവി
32 അടയ്ക്കാകിളി
33 പൊൻമാൻ
34 ഒട്ടേച്ചി
35 തിത്തിരി
36 കാട്ടുകോഴി
37 കുരിയിൽ
38 തച്ചൻകോഴി
39 കട്ടേപതിങ്ങി
40 എറമുള്ളൻ
41 കിണി
42 ചെന്തൽ
43 ഓലവാലൻ
44 നത്ത്
45 വൈറ്റ് ബ്രസ്റ്റഡ് റോബിൻ
46 റെഡ് ബ്രിസ്റ്റ് റോബിൻ


TRANSECT WALK I
TRANSECT WALK II

# TRANSECT WALK - I

ROOTE

ATTAPADAM- Rail-Cross- N.H.-47 - Tile Factory - Konoor Junction - Valumgamuri Junction - Canal Road - R.e Church Nalukettu - Elamcherykunnu

Direction - West to East

W E

ഭൂപ്രകൃതി



| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മണ്ണ് | മണൽ കലർന്ന- പശിമരാശി മണ്ണ് വെട്ടു കൽമണ്ണ്- കടുപ്പംകൂടി യത് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് ചരൽ കലർന്ന വെട്ടു കൽ മണ്ണ് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് | ചരൽ കലർന്ന വെട്ടുകൽ മണ്ണ് | വെട്ടുകൽ കലർന്ന ചരൽ മണ്ണ് | വെട്ടുകൽ–ച രൽകലർന്നത്. പാറമടക്ക് യോജിച്ച കരി ങ്കല്ല് | വെട്ടുകൽ കലർന്ന ചരൽ മണ്ണ് പാറ ക്കൂട്ടം ചുവന്ന മണ്ണ് | വെട്ടുകൽ പ കൂട്ടങ്ങൾ കലർന്നതു ഇടതൂർന്നര മായ മണ്ണ് പ ക്കൂട്ടം |
| സസ്യാവ രണം | നെൽകൃഷി തെങ്ങ് വാഴ കമുക് ജാതി | തെങ്ങ് കമുക് വാഴ നൽകൃഷി കൊണ്ടൽ കൃഷി | തെങ്ങ് കമുക് | തെങ്ങ് കശു മാവ് വാഴ ജാതി കുരുമു ളക് | തെങ്ങ് കമുക് മാഞ്ചീയം തേക്ക് ഇഞ്ചി കൊണ്ടൽകൃഷി | തെങ്ങ് കശു മാവ് പ്ലാവ് മാവ് വാഴ ജാതി | തെങ്ങ് വാഴ ജാതി മാവ് | റബ്ബർ തെങ്ങ കമുക് മര ച്ചീനി വാഴ ജാതി നെൽകൃഷി | റബ്ബർ തെങ്ങ് വാഴ കമുക് കൊണ്ടൽകൃഷി | റബ്ബർ തേക കളുമാവ് മ ച്ചീനി |
| പരിസ്ഥിതി പ്രശ്ന ങ്ങൾ | പാടം നിക ത്തൽ കല്ല് വെട്ടൽ മണ്ണൊ ലിപ്പ് | കല്ല് വെട്ടൽ | പാടം നിക ത്തൽ മണ്ണൊ ലിപ്പ് | മണ്ണ് എടു ക്കൽ | മണ്ണൊലിപ്പ് | വെട്ട്കല്ല്, വെട്ടൽ, മണ്ണെ ടുക്കൽ | കല്ല് വെട്ടൽ മണ്ണ് എടു ക്കൽ | മണ്ണൊലിപ്പ് പാറവെട്ടൽ കല്ല് വെട്ടൽ | മണ്ണൊലിപ്പ് പാറവെട്ടൽ കല്ല് വെട്ടൽ എല്ലുപൊടി കമ്പനിയിലെ ദുഃർഗന്ധം | മണ്ണൊലിപ് പാറപ്പൊട്ടി ക്കൽ കല്ല് വെട്ടൽ |
| ജലസ്രോ തസ്സ് | ആറ്റുപ്പാടം തോട് കുഴൽകിണർ | എറച്ചൻ പാറ ത്തോട് | ജലദൗർല്ലഭ്യമുള്ള പ്രദേശം | | K.V മെയിൻ കനാൽ പാറ ക്കൂട്ടം ലിഫ്റ്റ് ഇറിഗേഷൻ | K.V കനാൽ ജലം ഉപയോ ഗിച്ച് ജലസേചനം വാലുങ്ങാ മുറി തോട് | | Water Authority Scheme Naluuthu | | കുഴൽ കിണ |

## TRANSECT WALK - II

ROOTE - Palamuri - Konoor - Chirangara - Pongam - Direction - North to South　　N　S

വാലുങ്ങാമുറി



| ഭൂപ്രകൃതി | ചെരിവ് | ചെരിവ് | ചെറിയ ചെരിവ് | ഉയർന്ന സമതലം | സമതലം | ഉയർന്ന സമതലം | സമതലം | ഉയർന്ന സമതലം | സമതലം | ചെരിവ |
|---|---|---|---|---|---|---|---|---|---|---|
| മണ്ണ് | ചരൽ കലർന്ന ചുവന്ന മണ്ണ് കരിങ്കൽ പാറമണൽ ചേർന്ന കളിമണ്ണ് | ചുവപ്പ് കലർന്ന വെട്ടുകൽ മണ്ണ് അടി- കിങ്കല്ല് | ചരൽ കലർന്ന വെട്ടുകൽ മണ്ണ് ചെങ്കല്ല് മണ്ണ് | പശ്ചിമരാശി കലർന്ന വെട്ടുകൽ മണ്ണ് | വെട്ടുകൽ കലർന്ന കളി മണ്ണ് | ചരൽ കലർന്ന വെട്ടുകൽ മണ്ണ് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ് (കുളപ്പാറ) | ചെങ്കല്ല് കലർന്ന വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ |
| സസ്യാവരണം | തെങ്ങ് കവുങ്ങ് വാഴ റബ്ബർ കുരുമുളക് ജാതി | കപ്പ വാഴ തെങ്ങ്,കമുക് കുരുമുളക് ജാതി കൊണ്ടൽ കൃഷിയും നൽകൃഷിയും | റബ്ബർ ഫലവൃക്ഷങ്ങൾ കശു മാവ് | തെങ്ങ് കപ്പ വാഴ കവുങ്ങ് ജാതി എള്ള് റബ്ബർ | തെങ്ങ് വാഴ ജാതി കൊണ്ടൽ സമി ശ്രവിളകൾ | നെൽകൃഷി തെങ്ങ് | തെങ്ങ് വാഴ കവുങ്ങ് ജാതി കുരുമുളക് | നെൽകൃഷി തെങ്ങ് കവുങ്ങ് ജാതി വാഴ | തെങ്ങ് വാഴ കൃഷി കുറ വാണ് | തെങ്ങ് വാഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | പാറ മട മണ്ണൊലിപ്പ് കോട്ട സംരക്ഷിക്കണം | മണ്ണൊലിപ്പ് തടയാൻ ശ്രമിച്ചിട്ടുണ്ട്.ഫലപ്രദമല്ല | സർപ്പകാവ് ഉണ്ട് സംരക്ഷിക്കണം.മണ്ണൊലിപ്പുണ്ട്. ജന വാസം കുറ വാണ് | സമിശ്രകൃഷി നടക്കുന്നുണ്ട് | പരുവപ്പെട്ട വെട്ടുകൽ മണ്ണ് - മണ്ണൊലിപ്പ് തടയണം | ഫാം റോഡ് അത്യാ വശ്യം.പാലം വേണം. നീർവാർച്ചക്ക് തടസ്സം ഉണ്ട് | ജലസേചനം ഇല്ല. ഇലക്ട്രിക് മോട്ടോറുകൾ- സ്വകാര്യമേഖലയിൽ മാത്രം.കൂട്ടായ ശ്രമം ഉണ്ടായാൽ ഊർജ്ജം ലാഭം | നെൽകൃഷിക്ക് ജലലഭ്യത ഉറപ്പുവരുത്തണം ഉൽപാദനം വർദ്ധിപ്പിക്കാം | തരിശ് ശ്രമിച്ചാൽ കൃഷി ഇറക്കാം | കടുപ്പംകൂടിയ വെട്ടുകൽ മണ്ണ്- തരിശ് ജലസേച നസൗകര്യം ഇല്ല അതിനാൽ കൃഷിയ്ക്ക് യോഗ്യമല്ല |
| ജലസ്രോതസ്സ് | കുഴൽകിണർ | ചൂരക്കുളം കനാൽ K.Vമെയിൻ കനാൽ | പാറക്കൂട്ടം കോനൂർ ബ്രാഞ്ച് കനാൽ പഞ്ചായത്ത് കിണർ കുഴൽ കിണർ | കോനൂർ ബ്രാഞ്ച് കനാൽ | രണ്ട് പഞ്ചായത്ത് കിണർ കുഴൽ കിണർ | പെരുമ്പി തോട് ശ്രമ്പിക്കൽ തോട് | | ഇടവഴി തോട് | അമ്പലച്ചിറ ചിറങ്ങര ബ്രാഞ്ച് കനാൽ | പഞ്ചായത്ത് വക കുളം പാ കടവ് മെയിന് കനാൽ |

248

249

# കൃഷി, ജലസേചനം

കൊരട്ടി ഗ്രാമ പഞ്ചായത്തിലെ കൃഷിയിടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ.

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല്(ഒന്നാംവിള) | 365 | 949MT | 2600Kg/H |
| നെല്ല്(രണ്ടാംവിള) | 420 | 1029MT | 2450Kg/H |
| നെല്ല്(മൂന്നാംവിള) | 324 | 742MT | 2290Kg/H |
| പയർ | 40 | 24.8MT | 620Kg/H |
| എള്ള് | 20 | 6.4MT | 320Kg/H |
| പച്ചക്കറികൾ | 42 | 210Mt | 5T/H |
| തെങ്ങ് | 1109 | 5822250എണ്ണം | 30എണ്ണം/വർഷം |
| വാഴ | 325 | 5695MT | 8.5Kg/കുല |
| മരച്ചീനി | 68 | 1142 MT | 16800Kg/H |
| കുരുമുളക് | 30 | 7200Kg. | 240Kg/H |
| പ്ലാവ് | 15 | 48100എണ്ണം | 3200എണ്ണം/H |
| കശുമാവ് | 53 | 35192Kg. | 664Kg/H |
| മാവ് | 16 | 70MT | 4.4MT/H |
| റബ്ബർ | 212 | 198MT | 935Kg/H |
| കവുങ്ങ് | 56 | 11950400എണ്ണം | 2,13,400Nuts/H |
| കൊക്കോ | 4 | 252 | MT 630Kg/H |
| ജാതി | 67 | 52MT | 780Kg/H |
| ഇഞ്ചി | 51 | 169MT | 3300Kg/H |

ഇടത്തരം നാമമാത്രകർഷകർ കൂടുതലാണ് ഈ പഞ്ചായത്തിൽ. 1991 വർഷത്തെ ആധാരമാക്കിയുള്ള സ്ഥിതി വിവരകണക്കുകൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | ശതമാനം |
|---|---|---|
| നാമമാത്രകർഷകർ | 2865 | 80.03% |
| ചെറുകിടകർഷകർ | 601 | 16.79% |
| വൻകിട കർഷകർ | 114 | 3.18% |
| ആകെ കർഷകർ | 3580 | 100.00% |

1986 നെ അപേക്ഷിച്ച് 25% മെങ്കിലും നെൽകൃഷി ഭൂമിയുടെ അളവു കുറഞ്ഞതായി കണക്കാക്കണം. ഉല്പാദനചെലവിലുണ്ടായ വർദ്ധനവ് ഉല്പന്ന വിലയിടിവ് ഇവ ഇടത്തരം കർഷകരേയും നാമമാത്ര കർഷകരേയും കൃഷിരംഗത്തുനിന്നു പിന്തിരിപ്പിക്കുന്നു. കർഷകവൃത്തിയിലൂടെ മാത്രം ജീവസന്താരണം അസാധ്യമെന്നതും ഒരു കാരണമാണ്. കാർഷിക മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നിർമ്മാണ മേഖലയിലേയ്ക്ക് കടന്നു കൂടിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലയിലേക്കുള്ള പിൻ തലമുറയുടെ കടന്നു കയറ്റം ഈ കർഷകരെ നിഷ്ക്രിയരാക്കിയിട്ടുണ്ട്.

251

നെൽകൃഷി കുറയാനിടയാക്കിയ സാഹചര്യങ്ങൾ ജലസേചനസൗകര്യത്തിന്റെ അഭാവം, കർഷക തൊഴിലാളികളുടെ ലഭ്യത കുറവ്, ഉയർന്ന കൂലി നിരക്ക്, ഉൽപന്നത്തിന് ന്യായമായ വില കിട്ടാത്തത്, പുതിയ തലമുറയുടെ കൃഷിയോടുള്ള വിമുഖത എന്നിവയാണ്.

പാടശേഖര സമിതികളുടെ പ്രവർത്തനങ്ങളെക്കൊണ്ട് കൃഷിസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ശ്രമിച്ചാൽ അല്പകാലത്തേയ്ക്കുകൂടി നെൽകൃഷിയെ പച്ചപിടിപ്പിച്ച് നിർത്താനാവും.

കുടിയാന്മാർക്ക് കൃഷിഭൂമി ഉടമാവകാശം ലഭിക്കുകയും, നെൽകൃഷിയിലെ ലാഭം അനുക്രമം കുറയുകയും ചെയ്തതോടുകൂടി ലാഭേച്ഛയോടെ നൽപ്പാടങ്ങൾ നികത്തി തെങ്ങു കൃഷി 80–85 കാലത്തോടെ വ്യാപകമായി തെങ്ങുരോഗം ഈ പ്രവണതകൾക്ക് അല്പം തടയിട്ടിട്ടുണ്ട്. പക്ഷേ, ഭൂരിപക്ഷം പേരും കൃഷിയിടം ഇടത്തട്ടുകാർക്ക് വിറ്റ് രംഗത്തുനിന്ന് നിഷ്ക്രിയരാകുന്നപ്രവണത 1990 മുതൽ ഏറി വരുന്നു.

തെങ്ങ്, കവുങ്ങ്, റബ്ബർ, ജാതി, കൊക്കോ എന്നീ ദീർഘകാല വിളകൾക്ക് പ്രമുഖ്യം ലഭിച്ചു കഴിഞ്ഞു. ഇതിൽ റബ്ബർ തോട്ടങ്ങളൊഴികെ മറ്റു തോട്ടങ്ങളിൽ വാഴ, കുരുമുളക്, മരച്ചീനി, പയർ, ചേന, ചേമ്പ്, പച്ചക്കറി, എന്നിവയുടെ സമ്മിശ്ര കൃഷിയുണ്ട്.

ജനസംഖ്യാ വർദ്ധനവ്, അണു കുടുംബങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, മറ്റിടങ്ങളിൽനിന്നും തൊഴിൽ തേടിയുള്ള കുടിയേറ്റം ഇവ പാർപ്പിട മേഖലയിൽ സമ്മർദം വർദ്ധിപ്പിച്ചതിനാൽ നെൽകൃഷിയിടങ്ങളിലെ ഒന്നാം വിളഭൂമികൾ– തേമാലി, വിരിപ്പുപാടങ്ങൾ–ഏതാണ്ടു പൂർണ്ണമായും വീടുവയ്ക്കുന്നതിന് ഉപയോഗിച്ചു കഴിഞ്ഞു. മറ്റു നെൽകൃഷിയിടങ്ങളിൽ ഈ കയ്യേറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ ജനവാസം ഇല്ലാത്തിടം ഇല്ലാതാകുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു.

## തെങ്ങു കൃഷിയും രോഗങ്ങളും

| വർഡ് | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് രൂക്ഷമായത് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംങ് | മച്ചിങ്ങ കൊഴിച്ചിൽ, ഡ്രൈബൈറ്റ് തുടങ്ങിയവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 133 | 20,004 | 26672 | 26672 | 792 | 2265 | 53 | 45 | 70 | 3225 |
| 2 | 144 | 21380 | 28891 | 28891 | 927 | 2460 | 43 | 15 | 40 | 3485 |
| 3 | 116 | 17469 | 23292 | 23292 | 1387 | 3253 | 72 | 20 | 35 | 4767 |
| 4 | 94 | 14050 | 18733 | 18733 | 701 | 2150 | 40 | 60 | 55 | 3006 |
| 5 | 95 | 14336 | 18862 | 18862 | 428 | 1362 | 22 | 28 | 36 | 1876 |
| 6 | 55 | 8189 | 11066 | 11066 | 78 | 362 | 12 | 13 | 22 | 487 |
| 7 | 37 | 5548 | 7400 | 7400 | 648 | 2060 | 36 | 14 | 16 | 2724 |
| 8 | 75 | 11330 | 14908 | 14908 | 282 | 776 | 22 | 21 | 30 | 1131 |
| 9 | 60 | 8837 | 11941 | 11941 | 310 | 1170 | 31 | 20 | 42 | 1573 |
| 10 | 80 | 11781 | 15,920 | 15,920 | 55 | 250 | 15 | 18 | 31 | 369 |
| 11 | 63 | 9061 | 12584 | 12584 | 132 | 425 | 22 | 20 | 29 | 628 |
| 12 | 157 | 23036 | 31595 | 31555 | 907 | 2700 | 36 | 20 | 19 | 3682 |

252

ജനസംഖ്യാ വർദ്ധനവ് വ്യവസായ വളർച്ചയെ സഹായിക്കുകയല്ല ഉണ്ടായിട്ടുള്ളത്, മറിച്ച് വ്യവസായ വളർച്ച ജനസംഖ്യയെ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. വീടുകളുടെ വർദ്ധനവ് റോഡുകളുടെ വർദ്ധനവിനും പഞ്ചായത്ത് റോഡുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്. റോഡുകളുടെ ആധിക്യവും പുതുക്കലും സ്വാഭാവികമായി നീരൊഴുക്ക് തടസ്സങ്ങൾ സൃഷ്ടിച്ചു. പൊതുകുളങ്ങളും, ജലസ്രോതസ്സുകളും ഇല്ലാതായി. കയ്യേറ്റം വ്യാപകമായതിന്റെ ഫലമായി തോടുകളുടെ വീതി കുറഞ്ഞു. കുളങ്ങളുടെ വലിപ്പം കുറഞ്ഞു. നിലവിലുള്ള കുളങ്ങൾ നന്നാക്കിയും വികസിപ്പിച്ചും, കയ്യേറിയവയിൽ സാദ്ധ്യമായവ പുനഃസ്ഥാപിച്ചും ജലലഭ്യത വർദ്ധിപ്പിച്ച് കൃഷിസംരക്ഷണം നടത്താം. പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളാണെന്നുള്ളത് ഏറെ ആശ്വാസം നൽകുന്നതാണ്.

പഞ്ചായത്തിൽ മണ്ണ് പരിശോധന ഫലപ്രദമല്ലാത്തതിനാൽ രാസവസ്തു പ്രയോഗം അശാസ്ത്രീയമായി തുടരുന്നു. അനുകരണമാണ് വളം പ്രയോഗരീതി. ശാസ്ത്രീയ ജ്ഞാനം വളർത്താൻ കൃഷിഭവനുകൾ ഉപകരിക്കുന്നുമില്ല. ഇതു മൂലം രാസവളപ്രയോഗം ഉപകാരത്തേക്കാൾ ഉപദ്രവമായിരിക്കുന്നു.


## രാസവളപ്രയോഗം സംബന്ധിച്ച വിവരം

രാസവള വിപണനം (തൂക്കം ടണ്ണിൽ )

| സ്ഥാപനത്തിന്റെ പേര് | വർഷം | | |
|---|---|---|---|
| | 1993-94 | 94-95 | 95-96 |
| കൊരട്ടി സർവ്വീസ്സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 590 | 234.32 | 196.85 | 151.98 |
| സ്വകാര്യസ്ഥാപനങ്ങൾ | 173.67 | 181.56 | 137.36 |
| മൊത്തം | 407.99 | 378.41 | 289.34 |
| വില്പന ശതമാനത്തിൽ | 100% | 97.65 | 70.91 |

1993-93ലെ രാസവളവില്പന അടിസ്ഥാനമാക്കുമ്പോൾ 1994-95 വർഷം 2.35% കുറയുകയുണ്ടായി. എന്നാൽ അടുത്തവർഷമായ 1995-96ൽ അത് 29.09 ആയി കുറഞ്ഞു.

രാസവളപ്രയോഗം (ഒറ്റനോട്ടത്തിൽ)




253

**കീടനാശിനി വിപണനം**

| സ്ഥാപനത്തിന്റെ പേര് | 1993-94 ദ്രവം | 1993-94 ഖരം | 1994-95 ദ്രവം | 1994-95 ഖരം | 1995-96 ദ്രവം | 1995-96 ഖരം |
|---|---|---|---|---|---|---|
| കൊരട്ടി സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം No.590 | 87.5 ലിറ്റർ | 1.313 ടൺ | 94.500 ലിറ്റർ | 1.210 ടൺ | 92.5 ലിറ്റർ | 1268 ടൺ |
| സ്വകാര്യസ്ഥാപനങ്ങൾ | 54 ലിറ്റർ | 0.942 ടൺ | 61.000 ലിറ്റർ | 0.814 ടൺ | 69.5 ലിറ്റർ | 1.018 ടൺ |
| മൊത്തം | 141.5 ലിറ്റർ | 2.255 ടൺ | 155.5 ലിറ്റർ | 2.024 ടൺ | 162.0 ലിറ്റർ | 2.286 ടൺ |

ദ്രവ്യരൂപത്തിലുള്ള കീടനാശിനി പ്രയോഗം ഓരോ വർഷം തോറും ഏറുന്നു. എന്നാൽ ഖരരൂപത്തിലുള്ളതിന്റെ പ്രയോഗം സ്ഥിരമായിരിക്കുന്നു.

**കീടനാശിനിയുടെ വിപണനം - ലിറ്ററിൽ**





നാമമാത്ര കർഷകരിൽ എല്ലാവരും തന്നെ ഒരു ഹെക്ടറിൽ കുറവു ഭൂമിയുള്ളവരാണ്. ചെറുകിട കർഷകരിൽ അധികവും 2 ഹെക്ടറിനടുത്ത് വരെ ഭൂമിയുള്ളവരാണ്.

**കൈവശഭൂമിയുടെ വിസ്തീർണ്ണം**

| നാമമാത്രകർഷകർ ഒരു ഹെക്ടറിൽതാഴെ | ചെറുകിട കർഷകർ 1-2 ഹെക്ടർ | വൻകിടകർഷകർ 2-ഹെക്ടറിൽ കൂടുതൽ |
|---|---|---|
| 2865 | 601 | 114 |

നാമമാത്ര കർഷകർ - 80.02%
ചെറുകിട കർഷകർ - 16.79%
വൻകിട കർഷകർ - 3.19%




ഭൂമി തുണ്ടുകളാക്കിയതുമൂലം ഉദ്പാദനക്കുറവ് സംഭവിച്ചിട്ടില്ല. പുതിയ വിത്തിനങ്ങളും, രാസവളവും, കീടനാശിനിപ്രയോഗവും കൃഷിവിളവു വർദ്ധിപ്പിക്കുകയാണുണ്ടായത്. ഇത് 1965 നുശേഷമുള്ള സ്ഥിതിയാണ്. ഇപ്പോൾ ഹെക്ടർ ഒന്നിന് വിളവ് 1985 ലെതു തന്നെയായി നിൽക്കുന്നു. പഞ്ചായത്തിലെ 40% കുടുംബങ്ങളും വരുമാനത്തിലെ 25% മാത്രമേ കാർഷിക വരുമാനം ഒള്ളു. തൊഴിൽ മേഖലയുടെ വൈപുല്ല്യം 60% കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗം കൃഷിയല്ലാതാക്കിയിരിക്കുന്നു. 20% കുടുംബങ്ങൾക്ക് ജീവിത വൃത്തിയിൽ കൃഷിയിടങ്ങൾ അപ്രധാനമോ അഗണ്യമോ ആണ്. 20% പേർ മാത്രമേ കൃഷിയെ മാത്രം ജീവിതവൃത്തിയായി എടുത്തിട്ടുള്ളു.

ഒരു ഹെക്ടറിൽ 170 തെങ്ങ് വരെ കൃഷി ചെയ്യാം. എന്നാൽ തീർത്തും അശാസ്ത്രീയമായ തെങ്ങ് കൃഷിയാണ് ഈ പഞ്ചായത്തിലുള്ളത്. ഒരു ഹെക്ടറിൽ 300 തെങ്ങ് വരെ കൃഷിചെയ്തിരിക്കുന്നത് സാധാരണ കാഴ്ചയാണ്. ഈ അശാസ്ത്രീയത നാളികേരത്തിന്റെ ഉദ്പാദനത്തെ ഗണ്യമായി കുറയ്ക്കുന്നു. അനാവശ്യവളങ്ങളുടെ ഉപയോഗം, പണനഷ്ടവും, ഇടവിളനഷ്ടവും ഉണ്ടാക്കുന്നതോടൊപ്പം മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയ്ക്കുന്നു. നിലം നികത്തി തെങ്ങു വയ്ക്കുന്നത് തീർത്തും നഷ്ടവുമാണ്. ഇവിടേയും അശാസ്ത്രീയത ദൃശ്യമാണ്. രാസവള ഉദ്പാദനകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ല. ടില്ലർ മാത്രമാണ് കൃഷി ഇറക്കുവാനായി ഉപയോഗിക്കുന്ന യന്ത്രം.

കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആസ്ഥാപനം വഴി വിതരണം നടത്തുന്ന വിത്ത് , വളം, കീടനാശിനികൾ ഇവ വേണ്ട സമയത്ത് വിതരണം സാദ്ധ്യമാക്കണം.

### പ്രശ്നങ്ങൾ

(1) പാടശേഖര സമിതികളും കൃഷിഭവനും യോജിച്ച് ശാസ്ത്രീയമായ കൃഷി, വളപ്രയോഗം, കീടനിയന്ത്രണം ഇവ സാദ്ധ്യമാക്കണം. ബോധവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തണം.

(2) യുക്തിപൂർവ്വമായ സബ്സീഡി നയം ഉണ്ടാകണം. സംയോജിതകൃഷി രീതി വളർത്തണം.

(3) കാറ്റു വീഴ്ച മറ്റു അനുബന്ധരോഗങ്ങൾ ഇവയ്ക്ക് പ്രതിവിധി യഥീ സമയം തന്നെ ഉടൻ ഉണ്ടാകണം. ഇപ്പോൾ രോഗബാധിതമായ തെങ്ങുകൾക്ക് ഉചിതമായ പരിഹാരപ്രവർത്തികൾ അടിയന്തിരമായി നടപ്പാക്കണം. ഉല്പാദനചിലവിന്റെ അനിയന്ത്രിതമായ വർദ്ധന കുറയ്ക്കാൻ പറ്റിയ രീതിയിലുള്ള യന്ത്രവൽക്കരണം അടിയന്തിരമായി നടപ്പിലാക്കണം.

(4) മണ്ണൊലിപ്പ് തടയുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും അത്യാവശ്യ സന്ദർഭങ്ങളിൽ അനുയോജ്യമായ സാമ്പത്തിക സഹായം നൽകുകയും വേണം.

(5) വീട്ടമ്മമാരുടെ പുരയിട പച്ചക്കറികൃഷി വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തണം. വിത്തും

വളവും സൗജന്യമായോ, നിസ്സാരവിലയ്ക്ക് നല്കിയോ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രമിക്കണം.

(6) മണ്ണു പരിശോധനയ്ക്ക് ലോക്കൽ ടീമുകളെ വാർത്തെടുത്ത് കർഷകരിൽനിന്ന് പ്രതിഫലം സ്വീകരിച്ച് മണ്ണു പരിശോധന നടത്തിക്കൊടുക്കുന്ന സമ്പ്രദായം ആവിഷ്ക്കരിച്ച് മണ്ണ് പരിശോധന സർവ്വത്രിക മാക്കണം അനാവശ്യമായ വളപ്രയോഗം ഒഴിവാക്കി കൃഷിചിലവു നിയന്ത്രിക്കണം.

(7) പഞ്ചായത്തിൽ ഒരു കൃഷി ഉല്പന്ന സംരക്ഷണ വിപണന കേന്ദ്രം സ്ഥാപിക്കണം. കാറ്റുവീഴ്ച രോഗം തീവ്രമായിടങ്ങളിൽ അനുയോജ്യമെങ്കിൽ റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുക.

(8) പ്രകൃതി ക്ഷോഭം മൂലമുള്ള നഷ്ടത്തിനു സാമ്പത്തിക സഹായം അർഹമായ രീതിയിൽ താമസം വിന വിതരണം ചെയ്യുക.

(9) നെൽ കൃഷിക്കാരെ സഹായിക്കാൻ സംയോജിത കൃഷിവികസനം, യന്ത്രവൽക്കരണം, അനുയോജ്യമായ അത്യുല്പാദനവിത്തുകളുടെ വിതരണം, ഉല്പാദന ചിലവിലെ ഏകീകരണം ഇവ കൃഷിഭവൻ പ്രവർത്തനത്തിൽ ഉൾപ്പെടുത്തുക.

(10) കൃഷിക്കാർക്ക് പ്രത്യേകിച്ച് നെൽകൃഷിക്കാർക്ക് പെൻഷൻ പദ്ധതിയും, അപകട ഇൻഷുറൻസും ഏർപ്പെടുത്തുക.

(11) കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. മണ്ണിന്റെ അമ്ലത നിയന്ത്രണത്തിന് തുടർച്ചയായി കുമ്മായം, കൃഷിയിറക്കുന്ന സമയത്തുതന്നെ സൗജന്യമായി നൽകുക.

(12) കൊരട്ടിച്ചാൽ കൈയ്യേറ്റക്കാരെ ഒഴിവാക്കി ചാൽ പൂർവ്വസ്ഥിതിയിലാക്കി കൊരട്ടിയുടെ നെല്ലറയായി അവകാശപ്പെടാവുന്ന കൊരട്ടിച്ചാൽ പാടശേഖരത്തെ മുപ്പൂവ് കൃഷിയിടമാക്കി മാറ്റുക. ചാലിൽനിന്നും ചാലക്കുടി പഴയിലേയ്ക്കുള്ള വെള്ളം കേറ്റിറക്കു സാദ്ധ്യത സുഗമമാക്കുകയും, ജലസൗകര്യം ക്രമീകരിക്കുകയും ചെയ്യുക വഴി മുപ്പൂവ് കൃഷി ഫലപ്രദമാക്കാം.

(13) പാടശേഖരങ്ങളിലേയ്ക്ക് യന്ത്രങ്ങൾകൊണ്ടു പോകുന്നതിനുള്ള ഫാം റോഡു സൗകര്യങ്ങൾ തോടുകളുടെ ബണ്ടുകളിൽ ഏർപ്പെടുത്തുകയും ആവശ്യമായ ഇടങ്ങളിൽ തടയണകൾ തോടുകളിൽ ഏർപ്പെടുത്തുകയും ചെയ്യുക.

(14) പാടശേഖരങ്ങളിലെ തോടുകൾ വീതി കൂട്ടുകയും ആഴം വർദ്ധിപ്പിക്കുകയും സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക.

(15) എലിനശീകരണം സംയോജിതമായി നടത്തുവാൻ കൃഷിഭവൻ വഴി പ്രേരണയും പ്രോത്സാഹനവും നൽകുക.

(16) തെങ്ങു കൃഷിക്കു ബോഡോമിശ്രിതം തളിക്കുന്നതിന് ഗ്രൂപ്പുസംവിധാനം ഏർപ്പെടുക്കുക.

## നടപ്പു പദ്ധതികളുടെ അവലോകനം

### I നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രപ്പദ്ധതി

നെൽകൃഷിക്കാർക്ക് ജലസേചന ആവശ്യത്തിനായി പമ്പുസെറ്റ്, കുളം, ടാങ്ക് തുടങ്ങിയവ സ്ഥാപിക്കുന്നതിന് 33 1/3 ശതമാനം സബ്സീഡി അനുവദിച്ചിരിക്കുന്നു. 1992-93, 1993-94 വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. കൂടാതെ കുമ്മായ വസ്തുക്കൾ, കീടനാശിനി, കുമിൾനാശിനി, കളനാളിനി ഇവയ്ക്ക് 50 ശതമാനം സബ്സീഡി അനുവദിച്ചുകൊണ്ട് പാടശേഖര സമിതികൾ വഴി വിതരണം ചെയ്തിരുന്നു. കുറ്റിപമ്പ്, പവർ സ്പ്രേയർ, പവർടില്ലർ, മെതി യന്ത്രം തുടങ്ങിയ കാർഷിക ഉപകരണങ്ങൾ പാടശേഖരസമിതികളുടെ നോമിനികളായ കർഷകർക്ക് 50 ശതമാനം സബ്സീഡി നിരക്കിൽ അനുവദിച്ചിരുന്നു. ഇതുപ്രകാരം 6 പവർ ടില്ലറുകളും 25 പമ്പുസെറ്റുകളും 35 കുറ്റി പമ്പുകളും വിതരണം ചെയ്തിട്ടുണ്ട്.

കർഷകർക്ക് വളരെ പ്രയോജന പ്രദമായ പദ്ധതിയാണിത്. കഴിഞ്ഞ രണ്ടു വർഷമായി ഈ പദ്ധതി നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടില്ല. പദ്ധതിക്ക് കർഷകരുടെ ഇടയിൽ നല്ല പ്രതികരണമാണുള്ളത്.

256

## II ഉൽപാദന ബോണസ്

നെൽകൃഷിക്കാർക്ക് ഉല്പാദനബോണസ്സ് ഒരു പൂവ്വിന് ഒരു ഹെക്ടറിന് 250 രൂപ വച്ച് വിതരണം ചെയ്യുവാനുള്ള പദ്ധതിയുണ്ട്. കഴിഞ്ഞ 1995-96 മുണ്ടകൻ കൃഷിമുതലുള്ള ആനുകൂല്യം ഇതുവരേയും കൊടുത്തിട്ടില്ല. പദ്ധതി വിഹിതം ലഭിക്കുന്ന മുറയ്ക്കു കൊടുക്കുന്നതാണ്.

## III. ഊർജ്ജിത വിത്തുല്പാദന പരിപാടി

ഒരോരോ പ്രദേശത്തിനും യോജിച്ച വിധത്തിൽ അതായത് പ്രദേശത്തു നിന്നു ഉല്പാദിപ്പിച്ചെടുക്കുന്നതിനുള്ള പരിപാടിയാണിത്. പദ്ധതി പ്രകാരം 5 ഹെക്ടറെങ്കിലും സ്ഥലമുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികളെ ഈ പദ്ധതിക്കായി തിരഞ്ഞെടുക്കാം. 25 രൂപ ഫീസ് സർക്കാരിലേക്കടച്ച് സമിതി രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്ന സമിതികൾക്ക് ആവശ്യമായ വിത്ത് ഹെക്ടറിന് 80 കിലോ എന്ന തോതിൽ ഡിപ്പാർട്ടുമെന്റ് സൗജന്യമായി നൽകും. സമിതി വിത്തു തയ്യാറാക്കി നൽകുമെന്നുള്ള ഉറപ്പ്, ഡിപ്പാർട്ടുമെന്റിന് നൽകണം. കൃഷിയുടെ വിവിധ ഘട്ടങ്ങളിലായി കൃഷി ആഫീസർ മൂന്നു പ്രാവശ്യം സ്ഥലം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. വിളവെടുപ്പു കഴിഞ്ഞു വേണ്ട രീതിയിൽ ഉണക്കി വിത്താക്കി ഈ വിത്തു നിലവിലുള്ള വിത്തിന്റെ വിലയ്ക്ക് പഞ്ചായത്തിലോ സഹകരണസംഘങ്ങളെക്കൊണ്ടോ, ഗ്രൂപ്പു ഫാമിംഗ് സമിതികളെ കൊണ്ടോ സംഭരിക്കുന്നതാണ്. ഈ വിത്ത് അതേ വിലയ്ക്ക് കൃഷികാർക്ക് കൃഷി ഭവനിൽ നിന്നുള്ള പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ വിൽക്കേണ്ടതാണ്. ഒരു ഹെക്ടറിൽനിന്ന് 1500 കിലോ വിത്ത് എങ്കിലും ഉല്പാദിപ്പിക്കേണ്ടതാണ്. വിത്തുല്പാദിപ്പിക്കുന്ന സമിതിക്ക് ഒരു ഹെക്ടറിന് 1000 രൂപ എന്ന തോതിൽ സഹായ ധനം കൊടുക്കുന്നതാണ്. വിത്തെടുത്ത് വിതരണം ചെയ്യുന്ന സജീകരണ സംഘം ഗ്രൂപ്പ് ഫാമിംഗ് സമിതിക്ക് ഒരു ക്വിന്റലിന് 100 രൂപ ഇൻസെന്റീവ് ലഭിക്കും. ഒരു ചാക്ക് വിത്ത് പാക്ക് ചെയ്തുവിതരണം ചെയ്യുന്നതിന് 10 രൂപ വരെ അനുവദിക്കും.

*റിമാർക്ക്സ്:-* വിളവെടുപ്പു സമയത്ത് രജിസ്റ്റർ ചെയ്ത സമിതിയിലെ പല അംഗങ്ങളും ഓരോരോ കാരണങ്ങളാൽ വിത്താക്കി തരുവാൻ ബുദ്ധിമുട്ടുകാണിക്കുന്നു. അതുകൊണ്ട് വിത്തു സംഭരിക്കുന്നതിന് സാധിക്കാതെ വരുന്നു.

## IV. സീഡ് സ്റ്റോർ

12.5 ടൺ വിത്തെങ്കിലും സൂക്ഷിക്കാവുന്ന സീഡ് സ്റ്റോർ പണിയുന്നതിന് 75% സഹായധനം പരമാവധി 75000രൂപ ഗ്രൂപ്പ് ഫാമിംഗ് പാടശേഖര സമിതിക്കാർക്ക് നൽകും. സമിതികൾക്ക് സ്റ്റോർ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. സ്വന്തമായി സ്ഥലമില്ലാത്തതിനാൽ സമിതികൾ സീഡ് സ്റ്റോർ പണിതിട്ടില്ല.

## V. സമഗ്ര നെല്ലു വികസന പദ്ധതി (I.C.D.P)

പദ്ധതിപ്രകാരം തിരഞ്ഞെടുക്കുന്ന പാടശേഖരങ്ങൾക്ക് താഴെപരയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

a) പ്രദർശന കൃഷി

ശാസ്ത്രീയ മുറകൾ അവലംബിക്കുന്നതിന് (അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിയിറക്കുക, മണ്ണിന്റെ അമ്ലാവസ്ഥ ശരിയാക്കുക, ജൈവ വളം ചേർക്കുക, ജീവാണുവളം ഉപയോഗിക്കുക തുടങ്ങിയവ ഒരു പൂവ്വ് കൃഷിയ്ക്ക് ഒരു ഹെക്ടറിന് 1000 രൂപ എന്ന തോതിൽ സബ്സീഡി അനുവദിക്കുന്നതാണ്.

b). സംയോജിത കീടനിയന്ത്രണ പരിപാടി (IPM)

ഇതിന് വേണ്ടി ഒരു പാടശേഖരത്തിലെ 30 കൃഷിക്കാരെ തിരഞ്ഞെടുത്ത് അവർക്ക് പരിശീലനം

257

നല്കുന്നു. കിറ്റ്, വിതരണം, ട്രെയിനിനിഗ് ചിലവുകൾ ഇവയ്ക്കായി 6000 രൂപ ലഭിക്കും.

c). അവാർഡ്

ബ്ലോക്കു തലത്തിൽ വിളവു നോക്കി ഏറ്റവും മെച്ചപ്പെട്ട വിളവ് വ ീക്കുന്ന പഞ്ചായത്തിന് 50000 രൂപ അവാർഡ് നല്കും. ടി തുക പഞ്ചായത്തിലെ കർഷകരുടെ പൊതു ഗുണം ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾ ഉപയോഗിക്കാം.

## VI. മിനിക്കിറ്റ്

മേൽത്തരം വിത്ത് കൃഷി ചെയ്ത് പ്രചരിപ്പിക്കുന്നതിനായി വിത്തിന്റെ 2 കിലോ, 5 കിലോ പാക്കറ്റുകൾ കർഷകരുടെ ഇടയിൽ വിതരണം നടത്തുന്നു. ഇതിന്റെ നോമിനൽ ചാർജ്ജായി കിലോയ്ക്ക് ഒരു രൂപ നിരക്കിൽ ഈടാക്കുന്നു. വിത്ത് കൃഷി ചെയ്ത് കർഷകരുടെ പ്രതികരണം റിപ്പോർട്ട് ചെയ്യണം.

## VII. പാടശേഖരത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

പാടശേഖരത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വർക്ക് എസ്റ്റിമേറ്റിന്റെ 85% തുക അനുവദിക്കുന്നു. എല്ലാ പാടശേഖരത്തിനും പദ്ധതി തയ്യാറാക്കി എസ്റ്റിമേറ്റോടുകൂടി ജില്ലാ ആഫീസിൽ കൊടുത്തിരുന്നുവെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചില്ല.

കർഷകർക്ക് വളരെ പ്രയോജന പ്രദമായ പദ്ധതിയാണ് ഇത്. ഇത് നടപ്പിലാക്കുകയാണെങ്കിൽ ഉല്പാദനചെലവു കുറയ്ക്കുന്നതിനും വിളവ് വർദ്ധിപ്പിക്കുന്നതിനും സാധിക്കും.

## VIII. തെങ്ങ്

### സമഗ്ര നാളികേര വികസന പദ്ധതി

താഴെ പറയുന്ന ഘടകങ്ങൾക്ക് സഹായധനം ഉണ്ടായിരിക്കുന്നതാണ്.

| | ഇനം | | സബ്സീഡി |
|---|---|---|---|
| a) | ഫിൽറ്റർ പോയന്റ് ട്യൂബ് കിണർ | - | 33 1/3 % പരമാവധി 800രൂപവരെ |
| b) | കിണർ-കുറഞ്ഞത് 30സെന്റ് സ്ഥലം | - | 33 1/3% പരമാവധി 2500രൂപ |
| c) | പമ്പുസെറ്റ് | - | |
| d) | പട്ടികജാതിക്കാർക്ക് കിണർ | - | 100% പരമാവധി 10000രൂപ |
| ല) | ഗ്രൂപ്പ് ഇറിഗേഷൻ | - | 2-5 ഹെക്ടർ വരെ സ്ഥലത്ത് പ്രയോജനം ലഭിക്കുന്നു. ഈ ജലസേചനപദ്ധതിക്ക് 50% സബ്സീഡി പരമാവധി 10000 രൂപ ലഭിക്കും. |

f) കമ്മ്യൂണിറ്റി ഇറിഗേഷൻ:- കുറഞ്ഞത് 5 ഹെക്ടർ സ്ഥലത്തിനും 10 കർഷകർക്കും പ്രയോജനകരമായിരിക്കണം. പദ്ധതിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയാണെങ്കിൽ 85% വരെ സർക്കാർ സഹായം ലഭിക്കും. ഒരു ഹെക്ടറിന് പരമാവധി സഹായം 20000രൂപയാണ്. ബാക്കി 15% തുക ഗുണഭോക്താക്കൾ സ്വരൂപിക്കണം.

കൊരട്ടി പഞ്ചായത്തിൽ തിരുമുടിക്കുന്നിലും കോനൂർ ഇലംകുന്നിലും ഓരോ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

g). തെങ്ങു കയറ്റ യന്ത്രം:- തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുവാൻ 500 രൂപ സഹായം അനുവദിക്കും. പട്ടിക ജാതി തെങ്ങുകയറ്റ തൊഴിലാളികൾക്ക് സൗജന്യമായി തെങ്ങുകയറ്റ യന്ത്രം കൊടുക്കും. ഈ പഞ്ചായത്തിൽ 2 പട്ടിക ജാതി തെങ്ങുകയറ്റ തൊഴിലാളികൾക്ക് സൗജന്യമായി തെങ്ങുകയറ്റയന്ത്രം കൊടുത്തിട്ടുണ്ട്.

h). പച്ചിലവളപ്പയർ വിത്ത്:- 5 രൂപ സബ്സീഡി നിരക്കിൽ വിതരണം ചെയ്യുന്നു.

i) റോക്കർ സ്പ്രേയർ

50% സബ്സീഡി പരമാവധി 1000രൂപ സ്പ്രെയറിനും ലഭിക്കും.

സമഗ്രനാളികേര വികസനപദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഘടകങ്ങൾ

| | ഘടകങ്ങൾ | 1994-95 | 1995-96 |
|---|---|---|---|
| 1 | കിണർ | 28 എണ്ണം | 40 എണ്ണം |
| 2 | കിണർ (SC) | 2 | 2 |
| 3 | പമ്പുസെറ്റ് | 24 | 23 |
| 4 | റോക്കർ സ്പ്രേയർ | 3 | 2 |
| 5 | ട്രെയിനിംഗ് | 3 | 2 |
| 6 | കമ്മ്യൂണിറ്റി ഇറിഗേഷൻ | 2 | – |
| 7 | കേടുവന്ന തെങ്ങു വെട്ടി മാറ്റൽ | 1895 എണ്ണം | 1866 എണ്ണം |

1994-95 വർഷത്തിൽ 6.68 ലക്ഷം രൂപയും 1995-96 വർഷത്തിൽ 5.39 ലക്ഷം രൂപയും ഈ പദ്ധതിയിൽ ചിലവഴിച്ചിട്ടുണ്ട്. 95-96 വർഷത്തിൽ 18 കിണറുകൾക്കും 30 പമ്പുസെറ്റുകൾക്കും അനുമതി ലഭിച്ചിട്ടുണ്ട്.

## IX നാളികേര വികസന ബോർഡിന്റെ പദ്ധതി

a). ഈ പദ്ധതി പ്രകാരം കാറ്റു വീഴ്ച രോഗം ബാധിച്ച ഉല്പാദനം വളരെകുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി, പകരം മേൽത്തരം തൈ വെയ്ക്കുന്നതിന് 200 രൂപ നിരക്കിൽ ലഭിക്കും. 5 രൂപ സബ്സീഡി നിരക്കിൽ ഓരോ തെങ്ങിൻ തൈയും കൊടുക്കും.

1995-96 വർഷത്തിൽ 1866 തെങ്ങുകൾ വെട്ടിമാറ്റി 200 രൂപ നിരക്കിൽ സഹായധനം കൊടുത്തിട്ടുണ്ട്.

b). വളം കിറ്റ് വിതരണം.

5 തെങ്ങ്, 10 തെങ്ങ്, 20 തെങ്ങ് എന്നീപ്രകാരം തെങ്ങുകൾക്ക് ഒരു വർഷം വേണ്ട രാസവളവും മഗ്നീഷ്യം സൾഫേറ്റും പ്രത്യേകം വളം കിറ്റുകളാക്കി വിതരണം ചെയ്യുന്ന പദ്ധതിയാണിത്. 5 തെങ്ങിന്റെ കിറ്റിന് 40 രൂപയും, 10 തെങ്ങിന്റെ കിറ്റിൻ 80 രൂപയും, 20 തെങ്ങിന്റെ കിറ്റിന് 160രൂപയും സബ്സീഡി അനുവദിക്കും. 1995-96 വർഷത്തിലും 1996-97 വർഷത്തിലും കൊരട്ടി സർവ്വീസ് സഹകരണ ബാങ്കു വഴി വിതരണം നടത്തീട്ടുണ്ട്. ഓരോ വർഷത്തിലും 5 തെങ്ങിന്റെ മുന്നൂറു കിറ്റും 10 തെങ്ങിന്റെ 500 കിറ്റും 20 തെങ്ങിന്റെ 160 കിറ്റുമാണ് വിതരണം നടത്തീട്ടുള്ളത്.

c) തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷിചെയ്യാൻ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള (ഉദാ:-വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി, പൈനാപ്പിൾ, കുരുമുളക്, ജാതി, കൊക്കോ, ഗ്രാമ്പു) കൃഷി ചെയ്യുന്നതിന് അവരുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 200 രൂപ സബ്സീഡി ലഭിക്കും.

## X പയറു വികസന പദ്ധതി (കേന്ദ്രപദ്ധതി)

പയറു കൃഷി വ്യാപിപ്പിക്കുന്നതിന് 3-ാം വിള സമയത്ത് നെൽപ്പാടങ്ങളിൽ കൃഷി ചെയ്യുന്നതിനായി പയറിന്റെ മിനി കിററ്4 കിലോ വിത്ത്) റൈസോബീയം കൾച്ചർ ഇവ നോമിനൽ ചാർജ്ജ് മാത്രം വാങ്ങി വിതരണം ചെയ്യുക. ഒരു വർഷം 20 കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

## XI പയറു വികസന പദ്ധതി (സ്റ്റേറ്റു പദ്ധതി)

ഒരു ഹെക്ടറിന് 400 രൂപ എന്ന തോതിൽ പയറു വിത്തിനും റൈസോബീയം കൾച്ചറിനും സസ്യസംരക്ഷണ മരുന്നിനും സബ്സീഡി അനുവദിക്കുന്നതാണ്.

259

## XII കൊക്കോ വികസന പദ്ധതി

കൊക്കോ തോട്ടങ്ങളിൽ ജലസേചനത്തിനായി കിണർ കുഴിക്കുന്നതിന് 25% സബ്സീഡി പരമാവധി 2500 രൂപയും പമ്പു സെറ്റു സ്ഥാപിക്കുന്നതിന് 25% സബ്സീഡി പരമാവധി 1500 രൂപയും അനുവദിക്കുന്നു.

## XIII കൊക്കോ പ്രദർശന തോട്ടം

1). 50 കൊക്കോ ഗ്രാഫ്റ്റുകൾ സൗജന്യമായി കർഷകനു നൽകും. രണ്ടാം വർഷം 300 രൂപ വളം, കീടനാശിനി തുടങ്ങിയവയ്ക്കായി അനുവദിക്കും.

2) **കൊക്കോ ഗ്രാഫ്റ്റുകൾ**

മേൽത്തരം കൊക്കോഗ്രാഫ്റ്റുകൾ ഉല്പാദിപ്പിച്ച് 50% സബ്സീഡിയിൽ 5 രൂപ നിരക്കിൽ കർഷകർക്കു വിതരണം ചെയ്യുന്നു. നിലവിലുള്ള കൊക്കോ തോട്ടങ്ങൾ ഉല്പാദനക്ഷമതയുള്ളതാക്കുക.

3) നിലവിലുള്ള തോട്ടങ്ങളിൽ ഉൽപാദനം കുറഞ്ഞവ മാറ്റി പുതിയ തൈകൾ വച്ചു പിടിപ്പിക്കുക, ശാസ്ത്രീയമായ കൃഷി മുറകൾ അവലംബിച്ച് ഇപ്പോഴുള്ളവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക, തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതിപ്രകാരം ഒന്നാം വർഷം ഹെക്ടർ ഒന്നിന് രണ്ടായിരം രൂപയും 2-ാം വർഷം 1000 രൂപയും അനുവദിക്കുന്നു. 1994- 95 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടർ നടപ്പിലാക്കിയിട്ടുണ്ട്.

## XIV പഴ വർഗ്ഗ വികസന പദ്ധതി

ഈ പദ്ധതി പ്രകാരം പഴ വർഗ്ഗച്ചെടികളുടെ മേൽത്തരം തൈകൾ ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ നിന്നും കാർഷിക യൂണിവേഴ്സിറ്റിയിൽ നിന്നും നാമമാത്ര തുയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിൻപ്രകാരം 550 വിവിധ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

## XV കിഴങ്ങുവർഗ്ഗ വികസന പദ്ധതി

മരച്ചീനി, കിഴങ്ങു വർഗ്ഗങ്ങൾ തുടങ്ങിയവയുടെ നടീൽ വസ്തുക്കളുടെ കിറ്റുകൾ 5 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം 1993-94 വർഷത്തിൽ 30 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## XVI എള്ളു വികസന പദ്ധതി

മൂന്നാം വിളയുടെ സമയത്ത് എള്ളിന്റെ വിത്ത് മിനി കിറ്റായി വിതരണം ചെയ്യുക, പ്രദർശന തോട്ടങ്ങൾ ഉണ്ടാക്കുക, മേൽത്തരം കാർഷിക ഉപകരണങ്ങൾക്ക് സബ്സീഡി അനുവദിക്കുക, സസ്യ സംരക്ഷണ നടപടികൾ സ്വീകരിക്കുക തുടങ്ങിയവ ഉൾപ്പെടും. എള്ളിന്റെ മിനി കിറ്റ് 1995-96 വർഷം ഒഴികെ എല്ലാ വർഷവും 50 മിനി കിറ്റുകൾ വീതം വിതരണം ചെയ്തിട്ടുണ്ട്.

## XVII കുരുമുളക് വികസന പദ്ധതി

താഴെ പറയുന്ന ഘടകങ്ങൾ ഇതിൽപെടുന്നു.

a) ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ നിന്ന് നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക.

b) കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം (മൂന്നുവർഷത്തേയ്ക്ക്) 50% സബ്സീഡി പരമാവധി 6400 രൂപ സബ്സീഡി നടീൽ വസ്തുക്കൾ, കുമ്മായം, ജൈവവള, കീടനാശിനി മറ്റു കാർഷിക മുറകൾ ഇവയ്ക്കായി അനുവദിക്കുക.

c) **കുരുമുളകു പ്രദർശന തോട്ടങ്ങൾ**

മൂന്നു വർഷങ്ങളിലായി 515 രൂപ (50% സബ്സീഡി) നടീൽവസ്തുക്കൾ,രാസവളം, ജൈവവളം, കീടനാശിനി, കുമ്മായം ഇവയ്ക്കനുവദിക്കുക.

260

d) **കുരുമുളക് കൃഷി വർദ്ധിപ്പിക്കുക**

ഈ പദ്ധതി മൂന്നു വർഷം തുടരും. 10000 രൂപ സബ്സീഡി ഒരു ഹെക്ടറിന് അനുവദിക്കാം. ഇവ നടീൽ വസ്തുക്കൾ, ജൈവവളം, രാസവളം, കുമ്മായം, കീടനാശിനി എന്നീ ഘടകങ്ങൾക്കായിട്ടാണ് അനുവദിക്കുന്നത്.

e) **ഇഞ്ചി കൃഷി വികസനം**

ഇഞ്ചിയുടെ ഉല്പാദനത്തിനുവേണ്ടി 25 സെന്റിന്റെ പ്രദർശന തോട്ടങ്ങൾ ഉണ്ടാക്കുക. സബ്സീഡി 50% പരമാവധി 1200 രൂപ നല്കും.

f) **ഇഞ്ചി വിത്ത്**

50 രൂപ വിലവരുന്ന ഇഞ്ചി വിത്ത് കിറ്റുകൾ 50% സബ്സീഡിഅനുവദിച്ച് വിതരണം ചെയ്യുക.

g) **ഇഞ്ചികൃഷിയും മഞ്ഞൾ കൃഷിയും വ്യാപിപ്പിക്കുക**

ഇഞ്ചി, മഞ്ഞൾ കൃഷികൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിനായി വിത്ത്, സസ്യസംരക്ഷണ ഉപാദികൾ, ജൈവവളം എന്നീ ഘടകങ്ങൾക്ക് 25% സബ്സീഡി. സസ്യസംരക്ഷണ ഉപകരണങ്ങൾ 50% സബ്സീഡിയിൽ പരമാവധി 750 രൂപ. 5 സ്പ്രേയർ ഒരു ഇനത്തിൽ വിതരണം ചെയ്ത്.

## XVIII കശുമാവ് വികസന പദ്ധതി

a) **കൃഷി വർദ്ധിപ്പിക്കുക**

കശുമാവ് ഗ്രാഫ്റ്റ്(10രൂപ 50 പൈസ വിലവരുന്നത്) സൗജന്യമായി കൊടുത്ത് നടുന്നതിന് മറ്റു ആനുകൂല്യമായി തൈ ഒന്നിന് 3 രൂപയും അനുവദിക്കുക. ഇവിടെ പദ്ധതി അനുവദിച്ചിട്ടില്ല.

b) **നിലവിലുള്ള കശുമാവ് കൃഷിക്ക് വളം നൽകുക**

10 മരങ്ങൾക്ക് വേണ്ട വളം നൽകുക. വളത്തിന്റെ വില ഞെ.71/- 90. സബ്സീഡി ഞെ.42/80 മൂന്നു വർഷമായി ഓരോ പ്ലോട്ടിന് കൊടുക്കുന്നു. 35 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

## XXI പച്ചക്കറി വികസനം

തിരഞ്ഞെടുത്ത സ്കൂളുകളിൽ പച്ചക്കറി തോട്ടം ഉണ്ടാക്കുക. (500രൂപ സബ്സീഡി) ഡ.ജ.ഒ.ട ലെ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തിന്റെ കിറ്റുകൾ വിതരണം ചെയ്യുക. ഓരോ വർഷവും 500 സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറി വിത്തിന്റെ കിറ്റ് വിതരണം ചെയ്തു വരുന്നു.

## XX പച്ചക്കറി ഉല്പാദന പരിപാടി

പത്ത് സെന്റിലേക്ക് വേണ്ട വിത്ത്, കീടനാശിനി ഇവ കിറ്റുകളായി നൽകി കർഷകരുടെ വീടുകളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുന്നു. കിറ്റിന് 10 രൂപ ടോക്കൺ മണി മാത്രം വാങ്ങുക. 140 രൂപ സബ്സീഡിയാണ്.

## XXI വെറ്റില കൃഷി വ്യാപിപ്പിക്കുക

ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുക, പ്രദർശനത്തോട്ടം ഉണ്ടാക്കുക, സസ്യസംരക്ഷണ ഉപകരണങ്ങൾ സബസീഡി നിരക്കിൽ അനുവദിക്കുക. 500 രൂപ സബ്സീഡി നിരക്കിൽ സ്പ്രേയറുകൾ വിതരണം ചെയ്തിട്ടുണ്ട്.

## XXII യൂത്ത് പ്രോഗ്രാം

123 യുവ കർഷകരെ തെരഞ്ഞെടുത്ത് 1100 രൂപ പദ്ധതി വിഹിതം അടച്ച് പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 60 വയസ്സ് പൂർത്തിയാകുമ്പോൾ കർഷകപെൻഷൻ പ്രതിമാസം 1000രൂപ വീതവും കാലയളവ്

261

അനുവദിച്ച് ഗ്രാറ്റിവിറ്റി 30000 രൂപ മുതൽ 60000 രൂപ വരെ നൽകുന്നതാണ്.

**XXIII പ്രത്യേക ഘടന പദ്ധതി**

പഞ്ചായത്തിലെ പട്ടിക ജാതി കോളനികൾ തെരഞ്ഞെടുത്ത് സൗജന്യമായി നടീൽ വസ്തുക്കൾ വളം, കാർഷികോപകരണങ്ങൾവിതരണം ചെയ്യുക, കിണർ, പമ്പ് സെറ്റ്, ബയോഗ്യാസ് ഇവ സ്ഥാപിക്കുക, മണ്ണ് സംരക്ഷണ നടപടികൾ സ്വീകരിക്കുക. മുതലായ പദ്ധതികൾ എല്ലാ വർഷവും ചെയ്തുവരുന്നു. പട്ടിക ജാതി കർഷകരുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ പദ്ധതി തുടരേണ്ടതാണ്.

**XXIV മണ്ണ് പരിശോധന**

പഞ്ചായത്തിലെ കർഷകരുടെ കൃഷിയിടങ്ങളിലെ മണ്ണ് സൗജന്യമായി പരിശോധിച്ചു മണ്ണിലെ വളാംശം, അമ്ലത, ഇവയുടെ നിജസ്ഥിതി വ്യക്തമാക്കി കൊടുക്കുന്നതാണ്.

**XXV ബയോഗ്യാസ് പദ്ധതി**

കൊരട്ടി പഞ്ചായത്തിൽ കാലികളെ വളർത്തുന്ന കർഷകർക്ക് സബ്സീഡി നിരക്കിൽ ബയോ ഗ്യാസ് പ്ലാന്റുകൾ പണിതു കൊടുത്തു വരുന്നു. 2ക്യു.മീറ്റർ പ്ലാന്റിന് 2400രൂപ സബ്സീഡി അനുവദിക്കും. മുൻ വർഷങ്ങളിലായി 25 പ്ലാന്റുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

**XXVI ഡ്രിപ്പ് ഇറിഗേഷൻ**

തെങ്ങിന്റെ തോട്ടങ്ങളിൽ കണിക ജലസേചനം നടത്തുവാൻ ഹെക്ടറിന് 15000 രൂപ (50%) പരമാവധി അനുവദിക്കുന്നതാണ്. ഈ ഇനത്തിൽ 72000 രൂപ സബ്സീഡി അനുവദിച്ചിട്ടുണ്ട്.

**XXVII ഗ്രീൻ ഹൗസ്**

കാർഷികാവശ്യത്തിനായി ഗ്രീൻഹൗസ് പണിയുന്നതിന് 50% സബ്സീഡി പരമാവധി 31250 രൂപ വരെ അനുവദിക്കാം. കഴിഞ്ഞ വർഷം ഈ പദ്ധതിയിൽ 31250 രൂപ ചിലവായിട്ടുണ്ട്.

**XXVIII കമുക് വികസന പദ്ധതി**

കമുക് കൃഷിയിലെ മാഹാളി രോഗത്തിന് പ്രതിരോധ നടപടിയായി കുമിൾ കീടനാശിനി സ്പ്രേയിംഗ് നടത്താറുണ്ട്. ഇതിന് 50% സബ്സീഡി നിരക്കിൽ തുരിശ് വിതരണം ചെയ്തിട്ടുണ്ട്.

**XXIX വിത്ത്**

നെൽവിത്ത്, തെങ്ങിൻതൈ, പച്ചക്കറിവിത്ത്, അടയ്ക്കാമരം തൈ, ഗ്രാംപൂ, ജാതി, കൊക്കോതുടങ്ങിയ മേൽത്തരം നടീൽ വസ്തുക്കൾ ന്യായമായ വിലയ്ക്ക് വിതരണം ചെയിതു വരുന്നു.

**XXX വളം, കീടനാശിനി ഗുണനിലവാരം പരിശോധന**

വളം, കീടനാശിനി എന്നിവയുടെ നിലവാരം ഉറപ്പാക്കുന്നതിന് വേണ്ടികലാരംഗങ്ങളിൽ വില്പന കേന്ദ്രത്തിൽ നിന്നും സാമ്പിൾ ശേഖരിച്ചു പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പു വരുത്തുന്നു.

**XXXI കാർഷിക വിജ്ഞാന വ്യാപനം**

ഗവേഷണകേന്ദ്രങ്ങളിൽ നിന്നും കാലാകാലങ്ങളിൽ ലഭിക്കുന്ന നൂനത കാർഷിക വിജ്ഞാനങ്ങൾ കർഷകന്റെ കൃഷിയിടങ്ങളിൽ യഥാസമയം കർഷകരെ നേരിട്ടും ഗ്രൂപ്പ് ചർച്ചകൾ നടത്തിയും സെമിനാറുകൾ സംഘടിപ്പിച്ചും കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ എത്തിക്കുന്നു. കൂടാതെ അതിനുവേണ്ടി പ്രദർശനത്തോട്ടങ്ങളും നടത്താറുണ്ട്.

262

**കാഡ :**

കൊരട്ടിപഞ്ചായത്തിൽ നടപ്പാക്കുവാൻ വേണ്ടിനിർദ്ദേശിക്കപ്പെട്ട പദ്ധതികൾ

1. കെ.വി. മെയിൻ കനാലിലെ സ്പൗട്ട് നമ്പർ 15, 16 എന്നിവയുടെ ഫീൽഡ് ചാനൽ നീട്ടൽ

   എസ്റ്റിമേറ്റ് തുക : 3,90,000.00രൂപ.

2. കോട്ടമുറി ഹരിജൻ കോളനി റോഡും പനമ്പിള്ളി മെമ്മോറിയൽ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ഫാം റോഡ്.

   എസ്റ്റിമേറ്റ് തുക : 3,60,000.00 രൂപ

**നടപ്പുപദ്ധതികൾ :**

കെ.വി. മെയിൻ കനാലിലെ സ്പൗട്ട് നമ്പർ 16 (സ്പെഷ്യൽ)ന്റെ ഫീൽഡ് ചാനലിന്റെ നീളം കൂട്ടൽ.

എസ്റ്റിമേറ്റ് തുക 3,60,000.00രൂപ.

## കൊരട്ടി ഗ്രാമ പഞ്ചായത്തിലെ മേജർ ഇറിഗേഷനെപ്പറ്റിയുള്ള വിശദവിവരണങ്ങൾ

താഴെ എഴുതുന്ന കനാലുകൾ വഴിയാണ് ചാലക്കുടി ജലസേചന പദ്ധതിയിൽ നിന്ന് കൊരട്ടി പഞ്ചായത്തിൽ കൃഷിക്ക് ജലസേചനം നടത്തുന്നത്.

1). ഇടതുകര മെയിൻ കനാലിന്റെ 13/750 km. മുതൽ

2). കെ.വി. മെയിൻ കനാൽ – 6.800 km.

3). മേലൂർ സൗത്ത് ബ്രാഞ്ചിന്റെ ഉദ്ദേശം 50 മീറ്റർ.

4). കൊരട്ടി ബ്രാഞ്ച് കനാൽ – 2.09 km.

5). കോനൂർ ബ്രാഞ്ച് കനാൽ – 1.70 km.

6). കിഴക്കുമുറി ബ്രാഞ്ച് കനാൽ – 2.30 km.

7). ചിറങ്ങര ബ്രാഞ്ച് കനാൽ – 1.00km.

8). കെ.വി. ബ്രാഞ്ച് കനാൽ – 4.800km(ഭൂരിഭാഗവും)

9). എം.വി. ബ്രാഞ്ച് കനാൽ – 4.600km (")

മേൽ എഴുയിരിക്കുന്ന കനാലുകളിൽകൂടി ജലവിതരണം 1250 ഹെക്ടറോളം അയക്കെട്ട് കൊരട്ടി പഞ്ചായത്തിൽപെടുന്നു. അതിൽ കുറച്ച് സ്ഥലത്ത് സുലഭമായി വെള്ളം എത്തിക്കുവാൻ സാധിക്കുന്നില്ല.

ആയതിന്റെ മുഖ്യകാരണങ്ങൾ (1) ചാലക്കുടി ജലസേചന പദ്ധതിയിൽ വെള്ളം ലഭിക്കുന്നത് പെരിങ്ങൽ, ഷോളയാർ ഇലക്ട്രിസിറ്റി ബോർഡിന്റെ ജനറേറ്ററുകൾ പ്രവർത്തിക്കുന്നതനുസരിച്ചാണ്. ആയതിന്റെ നിയന്ത്രണം ഇലക്ട്രിസിറ്റി ബോർഡിന്റേതാണ്. (2). ചാലക്കുടി പദ്ധതി വളരെ പഴയതും, കനാലുകൾ ഭൂരിഭാഗവും ലൈനിങ്ങ് നടത്താത്തതുമാണ്. ഘട്ടം ഘട്ടമായി ലൈനിങ്ങ് നടത്തിക്കൊണ്ടിരിക്കുകയുമാണ്. കൊരട്ടി പഞ്ചായത്തതിർത്തിയിലും കനാലുകളുടെ പണികൾ നടക്കുന്നുണ്ട്. കൂടുതൽ പണികൾ നടത്തുന്നതിന്റെ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

ഇക്കൊല്ലം ഏഴാറ്റുമുഖം ഭാഗത്ത് മെയിൻ കനാലിലുണ്ടായിരുന്ന ചോർച്ച അടച്ചതുകൊണ്ട്, മുൻ കൊല്ലങ്ങളേക്കാളും കൂടുതൽ വെള്ളം ലഭിക്കുമെന്ന് പ്രതീക്ഷയുണ്ട്. അതോടൊപ്പം ജലവിതരണ ഘട്ടങ്ങളിൽ കർഷകരുടേയും, ഗുണഭോക്താക്കളായ പൊതുജനങ്ങളുടേയും സഹകരണം ലഭിച്ചാൽ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് വളരെയേറെ ഉറപ്പുള്ള കാര്യമാണ്.

262

## ലിഫ്റ്റ് ഇറിഗേഷൻ

പ്രശ്നങ്ങൾ

1. ഇളഞ്ചേരി പാടത്തുനിന്ന് ഇളഞ്ചേരിയിലേക്ക് L.I.
2. ഇരട്ടച്ചിറ നിന്നും വാലുങ്ങമുറിയിലേക്ക് L.I
3. കൊറ്റഞ്ചിറ നിന്നും വാലുങ്ങ മുറിയില്ക്ക് L.I
4. മുടപ്പുഴ ഡാമിൽ നിന്നും സുഗന്ധി ജംഗഷനിലേക്ക്
5. പൊങ്ങം ലിഫ്റ്റ് ഇറിഗേഷൻ 1990 ൽ കമ്മീഷൻ ചെയ്തു. 4 ലക്ഷം ചിലവ്. പൈപ്പ് തകർന്നിരിക്കുന്നു. പ്രവർത്തനമില്ല. പുതിയ പൈപ്പ് ഇട്ട് പ്രവർത്തന ക്ഷമമാക്കണം.
6. Rly. Station പാടത്ത്, പെരുമ്പിതോട്ടിൽ നിന്ന് വഴിച്ചാൽ മേഖലയിലേക്ക് L.I
7. പെരുമ്പി തോട്ടിൽ നിന്ന് ദേവമാതാ ഭാഗത്തോട്ട് L.I
8. കട്ടപ്പുറം പദ്ധതി വിപുലീകരിച്ച് 8, 9 വാർഡുകളിലേക്ക വെള്ളം എത്തിക്കണം.
9. പാറക്കൂട്ടം ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരിച്ച് ഖന്നാ നഗറിലേക്ക് വെള്ളം എത്തിക്കുക – അല്ലെങ്കിൽ ക്വാളിറ്റിമിക്സ് പാടത്തുനിന്നും പുതിയ ലിഫ്റ്റ് ഇറിഗേഷൻ വഴി ഖന്നാ നഗറിലേക്ക് വെള്ളം എത്തിക്കുക.
10. ചുനക്കര ഹരിജൻ കോളനി ലി.ഇ. പദ്ധതി വിപുലീകരിക്കുക.
11. ചൂരക്കുളത്തുനിന്നും ലി. ഇ. വഴി സമീപപ്രദേശങ്ങളിലേക്ക് വെള്ളം എത്തിക്കുക.
12. തുമ്പുങ്ങൽ പാടത്തോ, വാലുങ്ങാമുറി പാടത്തോ ലി. ഇ. ഏർപ്പെടുത്തി, പാലമുറി–നെടുങ്കോട്ട ഭാഗത്ത് ജലസേചന സൗകര്യം വരുത്തുക.
13. C.C.D.P പ്രകാരം തിരുമുടിക്കുന്നിലും കോനൂരിലും പൂർത്തിയാക്കിയ ലി. ഇ. പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുക.
14. ഇറി.കനാലുകളിലെ ബ്രീച്ചുകൾ അടിയന്തിരമായി നന്നാക്കി അടുത്ത സീസണിലേക്ക് ജലവിതരണം ഉറപ്പു വരുത്തുക.
15. പെരുന്തോട്–സ്രാമ്പിക്കൽ പാടംമുതൽ വീതി കൃത്യമാക്കി ഇരുവശത്തും ബണ്ടുകൾ പിടിപ്പിച്ച് അതിനു മുകളിൽ ഫാം റോഡുണ്ടാക്കി സംരക്ഷിക്കുകയും റോഡിൽ ഇടയ്ക്ക് തടയണകൾ ഉണ്ടാക്കുകയും ചെയ്യുക.
16. പുളിക്കടവിൽ നിന്ന് വെസ്റ്റ് കൊരട്ടിയിലേക്കുള്ള ഇപ്പോൾ നിലനിൽക്കുന്ന നടവഴി റോഡിൽ പുളിക്കടവ് ഭാഗത്ത്, കൊരട്ടി ചാലിൽ നിന്നും പുഴയിലേക്കുള്ള തോട്ടിൽ അന്നമനട പഞ്ചായത്ത് മത്സ്യ ലേലം നടത്തുന്നത് നിർത്തലാക്കി –തോട് തുറന്ന് വെള്ളത്തിന്റെ ഏറ്റമിറക്കത്തിന് അടിയന്തിരമായി സൗകര്യം ഏർപ്പെടുത്തുക.
17. കൊരട്ടി പഞ്ചായത്തിലെ കിണറുകളിലെ വാട്ടർ ടേബിൾ കുറഞ്ഞുവരുന്നതിന് പുളിക്കടവ് പുഴയിലെ ബണ്ട് താഴുന്നത് കാരണമാകുന്നതിനാൽ പുളിക്കടവിനും മാമ്പ്ര അമ്പലക്കടവിനും ഇടയ്ക്ക് 12 അടി ഉയരത്തിൽ തടയണകെട്ടി സംരക്ഷിച്ച് കൊരട്ടി പഞ്ചായത്തിലെ കിണറുകളിൽ സ്വാഭാവിക ജലനിരപ്പ് ഉറപ്പുവരുത്തുക.

264

## പണി തുടങ്ങേണ്ട പദ്ധതികൾ

**3. നാലുകെട്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം**

ഈ പദ്ധതി നടപ്പാക്കുകയാണെങ്കിൽ 37 ഹെക്ടർ സ്ഥലത്ത് വെള്ളം എത്തിക്കാനാകും. എരട്ടച്ചിറകുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് 1125m ദൂരെയുള്ള ടാങ്കിൽ എത്തിക്കുകയും അവിടെ നിന്നും കനാലുകൾ വഴി ജലസേചനം നടത്താനും സാധിക്കും. നിലവിലുള്ള എസ്റ്റിമേറ്റ് ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ തുക 12,95000/- രൂപയാണ്. പുതുക്കിയ 1996 ലെ നിരക്കുകൾ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

**4. പൊങ്ങം ലിഫ്റ്റ് ഇറിഗേഷൻ സ്കീം.**

പൊങ്ങം L.I. സ്കീമിന്റെ അയക്കെട്ട് ഏരിയ 84 ഏക്കർ (34 ഹെക്ടർ)ആണ്. പമ്പ്ഹൗസിന്റേയും സിസ്റ്റേണിന്റേയും നിർമ്മാണം 1988 ജൂൺ മാസത്തിൽ പൂർത്തിയായെങ്കിലും അതിനുവേണ്ട പവർ കണക്ഷൻ 1990 ലെ ലഭിക്കുകയുണ്ടായെങ്കിലും അതിനുവേണ്ട പവർ കണക്ഷൻ 1990 ലെ ലഭിക്കുകയുണ്ടായുള്ളു. എന്നാൽ ട്രയൽ റൺ നടത്തിയപ്പോൾ പൈപ്പുകൾ ലീക്കാവുകയും പമ്പിങ്ങ് തുടരാൻ കഴിയാതെ വരികയും ചെയ്തു. 8-4-91 ൽ I.D.R.B ചീഫ് എഞ്ചിനീയർ വന്ന് സ്ഥലം സന്ദർശിക്കുകയും സ്കീമിന്റെ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ട പ്രകാരം വേണ്ട വിവരങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഇനിയും ഈ സ്കീം പ്രാവർത്തിതമാക്കാൻ കഴിഞ്ഞിട്ടില്ല.

**പ്രശ്നങ്ങൾ :**

1). പഞ്ചായത്തിലെ ജലസ്രോതസ്സുകൾക്കു ആഴവും, വീതിയും വർദ്ധിപ്പിച്ചും, കൈയ്യേറ്റക്കാരെ ഒഴിവാക്കി നികത്തിയെടുത്ത ചാലുകളും, കുളങ്ങളും പുനഃസ്ഥാപിച്ച് സംരക്ഷിച്ചും നെൽ കൃഷിയെ പ്രോത്സാഹിപ്പിക്കുക.

2). തോട്ടങ്ങൾ സംരക്ഷിച്ച് പൊതുജലസേചന പദ്ധതികളും, പൊതു പമ്പിങ്ങ് സംവിധാനങ്ങളും ക്രമപ്പെടുത്തി കൃഷി വികസനം സാദ്ധ്യമാക്കുക.

3). ഇറിഗേഷൻ കനാലുകൾ സ്ഥിരം വാച്ചുമാന്റെ കീഴിലാക്കുകയും, പഞ്ചായത്തു സംവിധാനത്തിനു കീഴിൽ വാച്ചുമാന്റെ സേവനം കൊണ്ടു വരികയും, കനാൽ പരിശോധന ഉറപ്പുവരുത്തി ജല വിതരണം ക്രമപ്പെടുത്തുകയും ആവശ്യാധിഷ്ഠിതമാക്കുകയും ചെയ്യുക.

4). വേനൽക്കാലത്തു ജലസ്രോതസ്സുകൾ ഇല്ലാത്ത I, IV, V, VI, VII,VIII,IX,XI എന്നീ വാർഡുകൾക്ക് വെള്ളം ലഭ്യമാക്കാവുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ചാലക്കുടി പുഴയിൽനിന്നും നടപ്പാക്കുക..

5). ചിറങ്ങര കുളത്തിൽ പഞ്ചായത്തിന്റെ തനതായ 1/3 ഭാഗത്ത് ഫലപ്രദമായ ജലസേചന വിതരണപദ്ധതി ഏർപ്പെടുത്തുക.

**സാദ്ധ്യതകൾ:**

a) ശാസ്ത്രീയമായ മുയൽകൃഷി, കൃഷിക്കാർക്കിടയിൽ പ്രോത്സാഹിപ്പിക്കുക. തുകൽ സംസ്കരണത്തിൽ പരിശീലനം നൽകുക.

b) Mixed breed കോഴികളെ Back yard open hitter scheme വഴി വളർത്തൽ.

c) തേനീച്ച കൂടുകൾ എല്ലാ കർഷക, കർഷകേതര ഭവനങ്ങളിലും സ്ഥാപിച്ച് തേനുല്പാദന രംഗത്ത് വൻപുരോഗതിക്ക് പഞ്ചായത്തു തലത്തിൽ തീവ്രശ്രമം നടത്തുകയും, തേനീച്ച കൂടുകൾ സൗജന്യ നിരക്കിൽ കൊടുക്കുകയും, അവയുടെ സംരക്ഷണത്തിന് ബോധവൽക്കരണം നടത്തുകയും ചെയ്താൽ നന്ന്.

d). സ്വകാര്യ മീൻ വളർത്തലിന് നിലവിലുള്ള കുളങ്ങൾ, കിണറുകൾ, ടാങ്കുകൾ ഇവ ഉപയോഗപ്പെടുത്തി മത്സ്യബന്ധനം വർദ്ധിപ്പിക്കാൻ കഴിയും. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ വേണം.

e) ചെറിപഴ ചെടി നട്ടു പിടിപ്പിക്കുന്നതിന് തൈകൾ വിതരണം ചെയ്യുകയും, ബോധവൽക്കരണം നടത്തുകയും ചെയ്താൽ ചെറിപ്പഴ ഉല്പാദനം വർദ്ധിപ്പിക്കാം.

f) എലി നശീകരണ പ്രവർത്തനത്തിൽ മാങ്ങ, ഇഞ്ചിച്ചെടി, ചെത്തികൊടുവേലി ചെടി ഇവ നട്ടു വളർത്തുന്നതിലുള്ള പ്രാധാന്യവും, പ്രയോജനവും കർഷകരെ മനസ്സിലാക്കി ഈ ചെടികളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

g). മണ്ണൊലിപ്പു നിവാരണത്തിനായി പറമ്പുകളിൽ ഇട ബണ്ടുകൾ കെട്ടുമ്പോൾ അവയിൽ കൈതച്ചക്കചെടി, രാമച്ചം ഇവ നട്ടുപിടിപ്പിച്ച് ഫലപ്രദമാക്കുന്നതിനെപ്പറ്റി കൃഷിഭവൻ ബോധവൽക്കരണം നടത്തുകയും ഇവയിലെ അധികവരുമാനത്തെപ്പറ്റി കർഷകർക്ക് വിവരം നൽകുകയും, ഇവയുടെ തൈകൾ സൗജന്യമായി വിതരണം സാദ്ധ്യമാക്കുകയും ചെയ്യുക.

## കൊരട്ടി പഞ്ചായത്തിലെ നടപ്പ് പദ്ധതികൾ അവലോകനം

**1. പാറക്കൂട്ടം ലിഫ്റ്റ് ഇറിഗേഷൻ സ്കീം**

ഇതിന്റെ അയക്കെട്ട് ഏരിയ 44 ഹെക്ടർ ആകുന്നു. ഇതിന്റെ പമ്പ് ഹൗസിൽ ഒരു 25 HP മോട്ടോറും പമ്പ്സെറ്റും ആണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ വെള്ളം ലഭിച്ചുകൊണ്ടിരിക്കുന്ന സെക്ഷൻ ടാങ്കിൽ നിന്നും പുതിയ മോട്ടോർ വക്കുകയാണെങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നതാണ്. എന്നിരുന്നാലും കൂടുതൽ അയക്കെട്ട് ഏരിയ കിട്ടുകയാണെങ്കിൽ മാത്രമേ ഡിപ്പാർട്ടുമെന്റിന് ഈസ്കീമിനുവേണ്ടി കൂടുതൽ തുക ചെലവു ചെയ്യാൻ സാധിക്കുകയുള്ളു.

**2. കട്ടപ്പുറം ലിഫ്റ്റ് ഇറിഗേഷൻ സ്കീം.**

ഇതിന്റെ അയക്കെട്ട് ഏരിയ 77 ഹെക്ടർ ആണ്. ചാലക്കുടിപ്പുഴയിൽനിന്നും വെള്ളം പമ്പ് ചെയ്ത് പെരും തോടിൽ എത്തിക്കുകയും പെരും തോടിൽ ഒരു വെന്റട് ക്രോസ്ബാർ നിർമ്മിച്ച് വെള്ളം ഉയർത്തുകയും ഈ വെള്ളത്തെ ചാത്തൻ ചാലിൽ എത്തിക്കുകയും ചെയ്യുന്നു. ഇതിനുവേണ്ടി കക്കാട് നമ്പർ I പമ്പ് ഹൗസിനടുത്ത് 40 HP മോട്ടോറും പമ്പ് സെറ്റും വയ്ക്കാവുന്ന പമ്പ്ഹൗസ് പണിയേണ്ടതുണ്ട്. ചാത്തൻ ചാലിൽ എത്തുന്ന വെള്ളം കട്ടപ്പുറത്ത് പ്രവർത്തന രഹിതമായ പമ്പ് ഹൗസിനടുത്തുള്ള കുളത്തിലേയ്ക്ക് ലീഡിംങ്ങ് ചാനൽ വഴി വന്നുചേരുകയും ഈ വെള്ളത്തെ രണ്ട് 50 HP മോട്ടോറുകളുടെ സഹായത്താൽ ലിഫ്റ്റ് ചെയ്യുകയും വേണം. ഇതിനാവശ്യമായ പമ്പ്ഹൗസിനുവേണ്ട സ്ഥലം വിട്ടുകിട്ടാത്തതിനാൽ പമ്പ്ഹൗസിന്റെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കട്ടപ്പുറം പമ്പ്ഹൗസിൽ നിന്നും PVC പൈപ്പ് വഴി വെള്ളം 1020 മീറ്റർ ദൂരെയുള്ള പഞ്ചായത്ത് കിണറിനടുത്തുള്ള സിസ്റ്റേണിൽ എത്തിക്കുകയും അവിടെ നിന്നും 325 മീറ്റർ സിമന്റ് കോൺക്രീറ്റ് കനാൽ വഴി ജലസേചനം നടത്തുകയും ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

# മൃഗസംരക്ഷണം

ഈ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ധാരാളം കന്നുകാലികൾ ഉണ്ടായിരുന്നു. അവയിൽ പ്രധാനമായും കാള, പശു, പോത്ത്, എരുമ, ആട് ഇവയായിരുന്നു എല്ലാം നാടൻ ഇനങ്ങൾ. അവയ്ക്ക് സ്വച്ഛന്തം മേയുന്നതിന് തുറസായ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നു. പാട ശേഖരങ്ങളും തുറസായ സ്ഥലങ്ങളും അവിടങ്ങളിൽ സമൃദ്ധമായി വളർന്നിരുന്ന പുല്ലുകളും കാലിവളർത്തൽ ലാഭകരമാക്കി. പാടശേഖരങ്ങളിലെ കൊയ്ത്ത് കഴിഞ്ഞാൽ അടുത്ത വിളയിറക്കുന്നതു വരെ കാലികൾക്ക് പാടങ്ങളിൽ സൗകര്യം ഉണ്ടായിരുന്നു.

അതുവഴി ധാരാളം ജൈവ വളങ്ങൾ പാടശേഖരങ്ങളിൽ നിക്ഷേപിക്കപ്പെടും. കന്നുകാലികളുടെ ചാണകം അന്നിത്തരം പ്രദേശങ്ങളിൽ നിന്ന് ആരും തന്നെ ശേഖരിച്ചിരുന്നില്ല. അവ അവിടെത്തന്നെ വളമായി മാറും. ജൈവ വളപ്രയോഗം മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. രാസവളമേ ഇല്ലായിരുന്നു. തന്മൂലം വിളവുകുറവായിരുന്നു. എങ്കിലും സസ്യങ്ങൾക്ക് ഇന്നു കാണും വിധം രോഗങ്ങൾ ഇല്ലായിരുന്നു. കാലിവളർത്തൽ ലാഭകരമായിരുന്നു. പ്രത്യേകിച്ച് പണം മുടക്കി തീറ്റകൊടുക്കേണ്ട ആവശ്യം ഇല്ലായിരുന്നു. അതുകൊണ്ട് കാലികൾക്ക് രോഗങ്ങൾ വളരെ കുറവായിരുന്നു. 80 ശതമാനം വീടുകളിലും കാലികളെ വളർത്തിയിരുന്നു. കാലിവളർത്തൽ ഗ്രാമീണരുടെ ജീവിതത്തിന്റെ ഭാഗം തന്നെയായി കരുതപ്പെട്ടു. അതു സംസ്ക്കാരത്തിന്റെ ഭാഗമായി കരുതിയ ജനവിഭാഗം കുറവല്ല. കാളവണ്ടികൾ എവിടേയും കാണാമായിരുന്നു. വീടുകളും ജനങ്ങളും കുറവായിരുന്നതുകൊണ്ട് കന്നുകാലി വളർത്തൽ ലാഭകരമായി. അതെല്ലാം പഴയ കഥ. ഇന്നോ? കന്നുകാലികൾ വളരെ കുറഞ്ഞിരിക്കുന്നു. ഏതുതരമായാലും, കാലിവളർത്തൽ ഇന്ന് ലാഭകരമല്ല. അത് സംസ്ക്കാരത്തിന്റെ ഭാഗവുമല്ലാതായി. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു. ആധുനിക സാങ്കേതിക വിദ്യകൊണ്ട് കൃഷികൂടുതൽ ലാഭകരമാക്കുവാൻ സാധിച്ചു. തരിശായ ഭൂമികൾ കുറഞ്ഞു. പാടശേഖരങ്ങൾ കൃഷിചെയ്യാതെ കിടക്കുന്ന പ്രവണത ഇക്കാലത്തില്ല. പാർപ്പിടങ്ങൾ കൂടി. കൃഷിയും കൂടി. ഇതൊരു തൊഴിലായി സ്വീകരിക്കുവാൻ ജനങ്ങൾക്കുള്ള താത്പര്യവും കുറഞ്ഞു. കാലിവളർത്തൽ നഷ്ടത്തിലേക്കാണിന്ന് പോകുന്നത്. ഭൂമികൾ തുണ്ടുതുണ്ടായി ഭാഗിച്ചുപോരുന്നതും ഇതിനൊരു കാരണമാണ്. ആദ്യകാലങ്ങളിൽ പുല്ലും വൈക്കോലും കൊപ്രയും മതിയായിരുന്നു. ഇന്നതുപോര. അവ കിട്ടാനുമില്ല. മേച്ചിൽ സ്ഥലങ്ങളാണെങ്കിൽ ഇല്ലതന്നെ. ഭൂമി തുണ്ടംതുണ്ടമായി മാറ്റപ്പെട്ടു. അതിനാൽ കൃത്രിമ ആഹാരം കൊടുക്കേണ്ടിവരുന്നു. അവയുടെ വിലയോ ദിനം തോറും ഏറിവരുന്നു. ലഭ്യതയാണെങ്കിൽ കുറവ്, വൈക്കോലിനും മറ്റും തീ വിലയാണ്. ഫലം കാലികൾ എണ്ണത്തിൽ കുറയുന്നു. ചാണകം പോലുള്ള ജൈവ വളങ്ങൾ കിട്ടാതെയായി. കിട്ടണമെങ്കിൽ തീവില കൊടുക്കണം.

ആദ്യകാലങ്ങളിൽ കന്നുകാലികളെ വളർത്തുവാൻ കൊടുക്കുക പതിവുണ്ടായിരുന്നു. ഇതിൽ പ്രധാനമായും കിടാരി, ആട്, കോഴി, ഇവയായിരുന്നു. സമ്പന്നർ സാധാരണക്കാർക്ക് ചെയ്തിരുന്ന ഒരുപകാരമായിട്ടാണ് സമ്പന്നർ ഇതിനെ കണ്ടിരുന്നത്. ആദ്യ പ്രസവത്തിലെ കുട്ടിയും കറവയും വളർത്തുന്നവർക്ക് നൽകിയിരുന്നു. രണ്ടാമത്തെ പ്രസവത്തോടെ തള്ളയേയും കുട്ടിയേയും തിരച്ചേൽപ്പിക്കുക എന്നതായിരുന്നു വ്യവസ്ഥ.

ആദ്യകാലങ്ങളിൽ കാളകളെ അല്ലെങ്കിൽ പോത്തുകളെ പൂട്ടി കലപ്പ ഉപയോഗിച്ചാണ് നെൽകൃഷി ചെയ്തിരുന്നത്. ഇന്ന് അത് കാണുവാൻ പോലുമില്ല .കാലത്തിനൊത്ത് കോലം മാറിയിരിക്കുന്നു. കലപ്പയുടെ സ്ഥാനത്ത് യന്ത്രങ്ങൾ, സ്ഥാനം പിടിച്ചിരിക്കുന്നു. കൃഷി ഇന്ന് ലാഭകരമാക്കണമെങ്കിൽ ഇതു മാത്രമാണ് പോംവഴി. അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന കൂലിനിരക്കാണ് കാരണം.

നെൽകൃഷിയും ആടുമാടുകളും തമ്മിൽ ഇന്ന് യാതൊരു ബന്ധവുമില്ല. കൃഷിനാശം പരക്കെയുള്ള ഒരു പ്രതിഭാസമാണ് പ്രധാനമായും കാറ്റ് വീഴ്ച, കീടങ്ങൾ, വരൾച്ച, വല്ലപ്പോഴുമുള്ള വെള്ളപ്പൊക്കവും.

ക്ഷീരോല്പാദകർ ഇന്ന് വളരെയധികം യാതന അനുഭവിക്കുന്ന കൂട്ടരാണ്. കൃഷിക്കാരന് ന്യായ വില ലഭിക്കുന്നില്ല. ആത്യാധുനിക രീതിയിലുള്ള കാലിവളർത്തൽ നഷ്ടം തന്നെയാണ്. പണ്ട് പുല്ല്,

വൈക്കോൽ, പിണ്ണാക്ക് ഇവ സുലഭമായിരുന്നു. രോഗങ്ങൾ കുറവായിരുന്നു. ഇന്ന് 6–8ലിറ്റർ പാല് ലഭിക്കാത്ത പശുക്കളുളെ വളർത്തൽ ഒട്ടും ലാഭകരമല്ല. രോഗങ്ങളാണെങ്കിൽ കൂടുതലും. ചികിത്സാസൗകര്യത്തെപ്പറ്റി പറയുകയേ വേണ്ട. മൃഗാസ്പത്രികൾ പഞ്ചായത്തു തോറും ഒന്ന് എന്ന തോതിലെങ്കിലും അനിവാര്യമാണ്. പറ്റുമെങ്കിൽ വാർഡിനൊന്ന് എന്ന രീതിയിലാകാം. കാലികളുടെ ചികിത്സ സൗകര്യം വർദ്ധിപ്പിക്കണം. അത്യുത്പാദനശേഷിയുള്ള കാലികളുടെ എണ്ണം വർദ്ധിപ്പിക്കണം. മൃഗസംരക്ഷണത്തിന് ആവശ്യ സ്ഥലങ്ങളിൽ സബ്സെന്ററുകളും പരിശീലനങ്ങളും ലഭ്യമാക്കുക. ചികിത്സസൗജന്യമാക്കണം. കുളമ്പ് കേടിനുള്ള കുത്തിവെയ്പ് സാർവ്വത്രികമാക്കണം. പ്രജനനത്തിന് ആവശ്യമായ ശീതീകരണകേന്ദ്രങ്ങളും പരിശീലനവും കൊടുക്കുക. നല്ലയിനം കിടാരികളെ വിതരണം ചെയ്യണം. സൗജന്യനിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. അതിനാവശ്യമായ വളം സൗജന്യനിരക്കിൽ കൊടുക്കുക. നിർദ്ധനരായവർക്ക് സബ്സീഡി നിരക്കിൽ സാമ്പത്തിക സഹായം നൽകുക. കൂടുതൽ ക്ഷീരസംഘങ്ങളും പാൽ വിതരണകേന്ദ്രങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുക. ബയോഗ്യാസ് പ്ലാന്റുകൾക്ക് സാമ്പത്തിക സഹായം നൽകുക. പാലിന് ന്യായവില ലഭ്യമാക്കുകയും ചെയ്യുക. മേൽ കാര്യങ്ങൾ ശ്രദ്ധയോടെ വീക്ഷിച്ചില്ലെങ്കിൽ പാലുൽപാദനം ഗണ്യമായി കുറയുമെന്നതിന് തർക്കമില്ല.

കോഴിമുട്ട നിത്യ ഉപയോഗ വസ്തുവായി കണക്കാക്കുന്ന ഇക്കാലത്ത് അവയുടെ ദൗർല്ലഭ്യം കൂടികൂടി വരികയാണ്. നമ്മൾ മുട്ടയ്ക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. തമിഴ്നാട്ടിൽ നിന്ന് ലക്ഷക്കണക്കിന് കോഴിമുട്ടയാണ് കേരളത്തിൽ ഇറക്കുമതി ചെയ്യുന്നത്. പഞ്ചായത്ത് കാര്യമായ പ്രോത്സാഹനങ്ങൾ നൽകിയാൽ ഇതിന്റെ ക്ഷാമം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും.

മുയൽകൃഷി നമ്മുടെ നാട്ടിൽ വളരെ കുറവാണ്. വേണ്ടത്ര പ്രോത്സാഹനം നൽകി മുയൽ കൃഷി വ്യാപകമാക്കുവാൻ സാധിക്കും. അവയുടെ തുകൽ സംസ്ക്കരണത്തിന് വേണ്ട പരിശീലനം നൽകുക. സാമ്പത്തിക സഹായം ഇതിന് നൽകിയാൽ വ്യാപകമാക്കുവാൻ സാധിക്കും.

അലഞ്ഞുനടക്കുന്ന പട്ടി ശല്യം എത്രയും വേഗം അവസാനിപ്പിക്കേണ്ടത് അത്യവശ്യമാണ്.

| വാർഡ് | കാള | | പശു | | എരുമ | | | | | കോഴി | |
|---|---|---|---|---|---|---|---|---|---|---|---|
| | നാടൻ | സങ്കരം | നാടൻ | സങ്കരം | (കറവയുള്ളത്) | പോത്ത് | ആട് | പട്ടി | ആന | പൂവൻ | പിട (മുട്ടയിടുന്നത്) |
| 1 | 4 | ഇല്ല | 80 | 112 | 18 | ഇല്ല | 26 | 65 | ഇല്ല | 965 | 2678 |
| 2 | 4 | ഇല്ല | 96 | 108 | 10 | ഇല്ല | 42 | 56 | ഇല്ല | 1080 | 3155 |
| 3 | – | ഇല്ല | 104 | 124 | 8 | ഇല്ല | 216 | 60 | ഇല്ല | 1570 | 5600 |
| 4 | 2 | ഇല്ല | 56 | 58 | 12 | ഇല്ല | 31 | 34 | ഇല്ല | 650 | 3055 |
| 5 | – | ഇല്ല | 76 | 87 | 9 | ഇല്ല | 46 | 42 | ഇല്ല | 860 | 3260 |
| 6 | – | ഇല്ല | 15 | 26 | 6 | ഇല്ല | 16 | 16 | ഇല്ല | 580 | 1890 |
| 7 | – | ഇല്ല | 21 | 38 | 5 | ഇല്ല | 23 | 18 | ഇല്ല | 630 | 1550 |
| 8 | 2 | ഇല്ല | 53 | 72 | 4 | ഇല്ല | 51 | 51 | ഇല്ല | 1100 | 5600 |
| 9 | 2 | ഇല്ല | 68 | 82 | 4 | ഇല്ല | 63 | 63 | ഇല്ല | 1260 | 4200 |
| 10 | 2 | ഇല്ല | 72 | 104 | 13 | ഇല്ല | 79 | 52 | ഇല്ല | 1350 | 4900 |
| 11 | – | ഇല്ല | 16 | 52 | 2 | ഇല്ല | 28 | 23 | ഇല്ല | 570 | 1300 |
| 12 | 4 | ഇല്ല | 58 | 78 | 10 | ഇല്ല | 30 | 46 | ഇല്ല | 760 | 2800 |
| ആകെ | 20 | ഇല്ല | 715 | 941 | 108 | ഇല്ല | 651 | 526 | ഇല്ല | 11175 | 39988 |

## മൃഗസംരക്ഷണം-പ്രശ്നങ്ങൾ

1. മൃഗാസ്പത്രിയുടെ സബ്സെന്റർ ആവശ്യമായ സ്ഥലങ്ങളിൽ തുടങ്ങുക. മൃഗാസ്പത്രി Polyclinic ആക്കുക.
2. മൃഗസംരക്ഷണത്തിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക.
3. കുളമ്പ് കേടിനുള്ള സൗജന്യ കുത്തിവെയ്പ് ലഭ്യമാക്കുക.
4. കന്നുകാലികളുടെ പ്രജനനത്തിന് വാർഡുകളിൽ ഫ്രീസിംഗ് സെന്റർ തുടങ്ങുക.
5. നല്ല ഇനം കന്നുകാലികളെ ലഭ്യമാക്കുക.
6. പശു വളർത്തുന്നതിന് Subsidy നിരക്കിൽ Loan അനുവദിക്കുക.
7. കാലിതീറ്റയ്ക്ക് സബ്സീഡി അനുവദിക്കുക.
8. കാലിതീറ്റ നിർമ്മാണ പരിശീലനം നൽകുക.
9. തീറ്റപ്പുൽ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ സാമ്പത്തിക സഹായം നൽകുക, കൂടാതെ ജനങ്ങളെ ബോധവാന്മാരാക്കുക.
10. കൂടുതൽ ക്ഷീരസംഘങ്ങൾ തുടങ്ങുക.
11. പാൽ വിപണനത്തിന് ബൂത്തുകൾ അനുവദിക്കുക. തീറ്റപ്പുൽകൃഷി വ്യാപകമാക്കുക.
12. ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കുക.
13. പാലിന് ലിറ്ററിന് ഇന്നത്തെ നിലയ്ക്ക 12 രൂപ വില ലഭിക്കുവാനുള്ള നടപടി ഉണ്ടാക്കുക.

### കോഴിവളർത്തൽ – പ്രശ്നങ്ങൾ

1. സൗജന്യ നിരക്കിൽ കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുക.
2. കോഴിവളർത്താൻ കൂടുതൽ ഫാം അനുവദിക്കുക.
3. കോഴിവളർത്തുവാൻ സബ്സീഡി ഉള്ള ലോൺ അനുവദിക്കുക.
4. കോഴി വസന്തയ്ക്ക് കുത്തിവെയ്പ് നടത്തുക.
5. മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
6. കോഴിത്തീറ്റ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
7. കോഴിത്തീറ്റ നിർമ്മാണത്തിന് പരിശീലനങ്ങൾ കൊടുക്കുക.

### സാദ്ധ്യതകൾ

1. മുയൽ വ്യാപകമായി വളർത്തുവാനുള്ള സാദ്ധ്യതകളുണ്ട്. സാമ്പത്തികസഹായം വേണ്ടിവരുന്നവർക്ക് ലഭ്യമാക്കണം. ബോധവൽക്കരണം ആവശ്യമാണ്.
2. മുയൽ തോൽ സംസ്ക്കരണ പരിശീലനം നൽകുക.
3. പന്നി വളർത്തലിനെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വേണം.
4. ആടുവളർത്തൽ വ്യാപകമാക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്.
5. മീൻ വളർത്തലിനെ ആവശ്യമായ ബോധവൽക്കരണവും ഭൗതികസാഹചര്യങ്ങളുണ്ടാക്കണം.
6. അലഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം ഒഴിവാക്കുവാനുള്ള നടപടികൾ ഉണ്ടാക്കുക.

270

## 4.3. രോഗവിവരങ്ങൾ

(പ്രതിമാസ ശരാശരി)

| നമ്പർ | | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 30 | 15 | 7 | 1 | 3 | 7 |
| 2. | ശ്വാസകോശസംബന്ധമായവ | 5 | 2 | 3 | – | – | – |
| 3. | ഉപാപചയസംബന്ധം | 3 | 1 | 2 | – | – | – |
| 4. | ത്വക്ക് രോഗം | 7 | 1 | – | – | 3 | – |
| 5. | ധാതുലവണങ്ങളുടെ അഭാവം | 3 | – | 2 | – | – | – |
| 6. | പരാദരോഗങ്ങൾ | 70 | 30 | 5 | – | 5 | – |
| 7. | പ്രത്യല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 30 | 10 | 5 | – | – | – |
| 8. | വന്ധ്യത | – | – | – | – | – | – |
| 9. | അകിടുവീക്കം | 5 | 2 | 2 | – | – | – |
| 10. | മുടന്തൻ പന്നി | 15 | – | – | – | – | – |
| 11. | പകർച്ചവ്യധികൾ | – | – | – | – | – | 25 |

പ്രതിരോധകുത്തിവെയ്പ് : 1995–96 ൽ 50 നായ്ക്കൾക്ക്

## കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| | ആകെ എണ്ണം | കൃത്രിമബീജസംങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണബീജസങ്കലനംവേണ്ടിവന്നവ |
|---|---|---|---|
| പശു | — | 75 | 20 |
| കിടാരി | — | 75 | 40 |
| എരുമ | — | 15 | 7 |

## വളർത്തുമൃഗസംഖ്യ (1987 സെൻസസ്)

| കന്നുകാലി | | എരുമ | കോഴി |
|---|---|---|---|
| സങ്കരം | നാടൻ | | |
| 969 | 962 | 279 | 25428 |

# നടപ്പു പദ്ധതികളുടെ അവലോകനം

**മൃഗസംരക്ഷണം**

**കൊരട്ടി മൃഗാശുപത്രി:-**

**സ്ഥാപിതം:- 27-6-1980**

**അധികാര പരിധി:- കൊരട്ടി ഗ്രാമ പഞ്ചായത്ത്**

വളർത്തുമൃഗങ്ങളുടെ ചിക്ത്സയും മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുക.

**വികസന പദ്ധതികൾ**

1. *ഗോരക്ഷാ ക്യാമ്പുകൾ:* കന്നുകാലികളിലെ രോഗങ്ങൾ വിദഗ്ദ്ധഡോക്ടർമാർ ചികിത്സ നിശ്ചയിക്കുന്നു 2 ക്യാമ്പുകൾ വീതം. ഓരോ ക്യാമ്പിനും Rs.200/-ക.
2. *വന്ധ്യതാ നിവാരണ ക്യാമ്പുകൾ :* കന്നുകാലികളിലെ വന്ധ്യത വിദഗ്ദധ ഡോക്ടർമാർ പരിശോധിച്ച് ചികിത്സിച്ച് ഭേദമാക്കുന്ന ക്യാമ്പ്.
3. *രോഗപ്രതിരോധ കുത്തിവെയ്പുകൾ :* കുളമ്പുരോഗത്തിനെതിരായുള്ള കുത്തിവെയ്പ് സബ്സീഡി നിരക്കിലും മറ്റുരോഗങ്ങൾക്കെതിരെയുള്ള കുത്തിവെയ്പ് സൌജന്യമായും.
4. *കോഴിരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധകുത്തിവെയ്പ് :* വർഷത്തിൽ കുറഞ്ഞത് പതിനായിരം കോഴികളെ രോഗപ്രതിരോധകുത്തിവെയ്പിന് വിധേയമാക്കുന്നു.
5. *പന്നി വളർത്തൽ പദ്ധതി:*
   a) ബ്രീഡിംഗ് യൂണിറ്റ്:- പന്നി കുടുണ്ടാക്കുന്നതിന് ആറു പന്നികുഞ്ഞുങ്ങളും സബ്സീഡി നിരക്കിൽ
   b) ചെറുകിട കർഷകർക്ക് 2 പന്നി കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നു.

6) മുട്ടയുല്പാദന വർദ്ധനവിനുവേണ്ടി ഓരോ കുടുംബത്തിനും അത്യുല്പാദനശേഷിയുള്ള മൂന്ന് കോഴികളെ വീതം സബ്സീഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി. 1996-97 വർഷത്തിൽ 702 കോഴികളെ വീതം വിതരണം ചെയ്യുന്നതിനുള്ള അനുമതിയായിട്ടുണ്ട്.

7). I.H.D.P കോളനിയിൽ പശുക്കളേയും കിടാരികളേയും വിതരണം ചെയ്യുന്ന പദ്ധതി. 1995-96 മംഗലശേരി ഹരിജൻ കോളനിയിൽ 67 കുടുംബങ്ങൾ ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

8. പേ വിഷ ബാധ നിർമ്മാജ്ജന പദ്ധതി: നായ്ക്കളിൽ പേവിഷ ബാധയ്ക്കെതിരെയുള്ള സബ്സധി നിരക്കിലുള്ള കുത്തിവെയ്പും പേ വിഷബാധയെപ്പറ്റിയുള്ള ബോധവൽക്കരണവും.

## ക്ഷീരവികസനവകുപ്പ് ചാലക്കുടി ബ്ലോക്കിൽപ്പെട്ട കൊരട്ടി ഗ്രാമപ്പഞ്ചായത്ത് വഴി
## 96–97 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ അവലോകന റിപ്പോർട്ട്

| ക്രമ നം. | പദ്ധതിയുടെ വിവരണം | അനുവദിക്കപ്പെടുന്ന ധനസഹായം | എണ്ണം | തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | മാതൃകാ ഡയറി ഫാം യൂണിറ്റ് സ്ഥാപിക്കുന്നതിന് (രണ്ട് കറവപ്പശുക്കൾ, ഒരു തൊഴുത്ത് 50 സെന്റ് – തീറ്റപ്പുൽകൃഷി) | പരമാവധി 7000/ | 1 | പുഷ്കരാക്ഷൻ, കാമ്പളത്ത് വീട്, കോനൂർ | പദ്ധതി പൂർത്തിയാ |
| 2. | മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം | " 1250/ | 1 | കണ്ണൻ, ആര്യാമ്പിള്ളി ഹൗസ്, ചിറങ്ങര | " |
| 3. | കന്നുകാലി പ്രദർശനം | " 900/- | 1 | കോനൂർ ആപ്കോസ് | ആയിട്ടില്ല |
| 4. | ക്ഷീരവികസന സെമിനാർ | 2x200 =400/- | 2 | കോനൂർ ആപ്കോസ് | " |
| 5. | ക്ഷീരോല്പന്ന നിർമ്മാണ ക്ലാസ്സ് | 2x100=200 | 2 | ചിറങ്ങര ആപ്കോസ്<br>"<br>" | "<br>" |
| 6. | തീറ്റപ്പുൽകൃഷി (1) | 500 രൂപ | 1 ഹെ | കോനൂർ, ചിറങ്ങര സംഘത്തിന്റെ പരിധിയിൽപ്പെടുന്ന ക്ഷീരകർഷകർ | പൂർത്തിയായി |
| | (2) വൻപയർ<br>(3) മക്കച്ചോളം | 2x300 =600/-<br>1x700=700 | 2 ഹെ<br>1 ഹെ | do<br>do | 1 ഹെ പൂർത്തിയായ<br>ആയിട്ടില്ല |
| | ആകെ രൂപ | 11550 രൂപ | | | |

273

# വിദ്യാഭ്യാസം

**ചരിത്രപശ്ചാത്തലം**

നൂറുവർഷങ്ങൾക്കു മുമ്പ് കൊരട്ടിപ്പള്ളിയുടെ കീഴിൽ ആരംഭിച്ച ചർച്ച് L. P.സ്കൂളും, തുടർന്ന് അതേ മാനേജ്മെന്റിന്റെ കീഴിൽ കൊരട്ടി, വാലുങ്ങാമുറി, മംഗലശേരി, മുടപ്പുഴ, മേലൂർ, കാടുകുറ്റി, മുരിങ്ങൂർ എന്നീ സ്ഥലങ്ങളിലായി സ്ഥാപിച്ച 17 വിദ്യാലയങ്ങളും സവർണ്ണ മേധാവിത്വം ശക്തമായിരുന്ന കാലഘട്ടത്തിൽ പിന്നോക്ക ദുർബ്ബലവിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിന് ശക്തമായ അടിത്തറ പാകി. എന്നു മാത്രമല്ല സാമൂഹ്യമാറ്റത്തിനും നാട്ടിൻ നവോത്ഥാനത്തിനും അതു നൽകിയ സംഭാവന അനുപചിതമാണ്. ചിറങ്ങര, മംഗലശേരി ഭാഗങ്ങളിൽ താമസക്കാരായ നിലത്തെഴുത്താശാന്മാർ ആദ്യകാല പ്രാഥമിക വിദ്യാഭ്യാസത്തിന് അനുഷ്ഠാനപരമായ സേവനം നൽകിയത് ഏറെ പ്രയോജനകരമായിരുന്നു. പുരോഗമനവാദിയായ ശ്രീ. കെ.കെ ആർ തമ്പുരാന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ അയിത്തജാതി പിന്നോക്കക്കാർക്കിടയിൽ സംഘടിപ്പിച്ച 1950 കളിലെ നിശാപാഠശാലകൾ ഏറെ സ്മരണീയമാണ്. എന്നാൽ അനൗപചാരിക വിദ്യാഭ്യാസത്തിനും, സാംസ്ക്കാരിക അത്യുന്നതിയ്ക്കും ഗുണകരമായി ഗ്രന്ഥശാലകളോ, സാംസ്ക്കാരിക സ്ഥാപനങ്ങളോ കൊരട്ടിയിൽ ഫലപ്രദമായി വളർന്നുവന്നില്ല എന്നത് പ്രത്യേകം പ്രസ്ത്യാവ്യമാണ്.

കൊരട്ടി ചുനക്കര ഭാഗത്ത് ഒരു സോപ്പു കമ്പനി നിലനിന്നിരുന്നസ്ഥലം സർക്കാർ ഏറ്റെടുത്ത് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ 35 വർഷം മുമ്പ് ജൂനിയർ ടെക്നിക്കൽ സ്കൂൾ സ്ഥാപിച്ചു. ഈ സ്ഥാപനത്തിൽ പഠനം പൂർത്തീകരിച്ച ധാരാളം പേർക്ക് അങ്കമാലി ടെൽക്ക് തുടങ്ങിയ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിലും മറ്റും തൊഴിൽ ലഭിച്ചിട്ടുണ്ട് എന്ന് നമുക്ക് അഭിമാനിക്കാം. പാഠ്യ വിഷയങ്ങളിലും, പാഠ്യേതരവിഷയങ്ങളിലും വിദ്യാർത്ഥികളെ സമർത്ഥരും, അച്ചടക്കമുള്ള വരുമാക്കിത്തീർക്കണമെന്ന ബോധത്തോടെ ആദ്യകാല അദ്ധ്യാപകരുടെ സേവനം വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ഏറെ പ്രയോജനം ചെയ്തു. കൊരട്ടി എം.എ.എം.എച്ച്.എസ് ഹെഡ്മാസ്റ്ററായിരുന്ന റവ: ഫാദർ ജോസഫ് വിളങ്ങാട്ടിലിന്റെ സേവനങ്ങളെ ഈ ഘട്ടത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാണ്.

**പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

1). St. ജോസഫ്സ് എൽ.പി. സ്കൂൾ, നാലുകെട്ട്

2) എച്ച്. എം.എൽ.പി. സ്കൂൾ, തിരുമുടിക്കുന്ന്

3) പി.എസ്.എച്ച്.എസ്, തിരുമുടിക്കുന്ന്

4) സെന്റ് മേരീസ് .എൽ.പി. സ്കൂൾ, മുടപ്പുഴ

5) എസ്.എസ്.എൽ.പി.സ്കൂൾ, മംഗലശ്ശേരി

6) ശ്രീശങ്കര എൻ.എൻ.എസ്സ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെറ്റാരിക്കൽ

7) എം.എസ്.യുപി.സ്കൂൾ, ചിറങ്ങര

8) എൽ.എഫ്.സി.എൽ പി. സ്കൂൾ, കൊരട്ടി

9) എൽ.എഫ്.സി.ജി.എച്ച്. സ്കൂൾ, കൊരട്ടി

10) ചർച്ച് എൽ.പി. സ്കൂൾ, കൊരട്ടി

11) എസ്. കെ.എം. എൽ.പി. സ്കൂൾ, ആറ്റപ്പാടം

12) എം.എ.എം. ഹൈസ്കൂൾ,കൊരട്ടി

13) പഞ്ചായത്ത് എൽ.പി.സ്കൂൾ, കൊരട്ടി

14) ഗവ:പോളി ടെക്നിക്ക്, കൊരട്ടി

ഇതിൽ ആറ്റപ്പാടം ശ്രീകുമാരമല്ലംചിറ ലോവർപ്രൈമറി സ്കൂൾ അൺഇക്കണോമിക് ആയിതീർന്നിരിക്കുന്നു. പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ നിന്നും ഹൈസ്ക്കൂളുകളിലേയ്ക്ക് പരമാവധി 4 കിലോമീറ്ററും, യു.പി. സ്കൂളുകളിലേയ്ക്ക് 3 കിലോമീറ്ററും എൽ.പി.സ്കൂളുകളിലേയ്ക്ക 3 കിലോമീറ്ററുമാണ് ദൂരപരിധി.

എം.എ.എം.എച്ച്.സ്കൂൾ, പി.എസ്.എച്ച്.എസ്.തിരുമുടിക്കുന്ന് എന്നീ രണ്ടു സ്കൂളുകൾക്ക് കളിസ്ഥലമുണ്ട്. മിക്കവാറും വിദ്യാലയങ്ങളിൽ തട്ടികവച്ച് മറച്ചക്ലാസ്സുമുറികളും ഉണ്ട്. വളരെ കുറച്ച് സ്കൂളുകൾക്ക് മാത്രമേ യോജിച്ച സ്കൂൾ കോംബൗണ്ട് ഉള്ളൂ. എല്ലാ സ്കൂളുകളുടേയും പരിസരം വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. ചില സ്കൂളുകളിൽ മാത്രം ശ്രാവ്യ ഉപകരണങ്ങളുണ്ട്. കൊരട്ടി എം.എ.എംസ്കൂളൊഴികെ ഒരു സ്കൂളിലും ദൃശ്യോപകരണങ്ങളില്ല. ലാബും, ലൈബ്രറിയും 3 ഹൈസ്ക്കൂളിലും ഉണ്ട്. നിലവാരം വേണ്ടത്രയില്ലെന്നു മാത്രം. ആറ്റപ്പാടം എസ്.കെ.എം.എൽ.പി. സ്കൂളിലൊഴികെ മറ്റെല്ലാ സ്കൂളുകളിലും വൈദ്യുതീകരിച്ചവയാണ്. ട്രെയിനിംഗ് അദ്ധ്യാപകരാണ് എല്ലാ സ്കൂളുകളിലും സേവനമനുഷ്ടിക്കുന്നത്. സ്കൂളുകളിൽ ഉച്ചഭക്ഷണ പാചകത്തിന് പരിമിതമായ സൗകര്യങ്ങളെ ഉള്ളു. കുട്ടികൾ ഭക്ഷണം കഴിക്കുന്നതിന് ക്ലാസ്സ് മുറികൾ തന്നെയാണ് ഉപയോഗിക്കുന്നത്. പാചകം ചെയ്യുന്നസ്ഥലവും പരിസരവും ആരോഗ്യപരിപാലനത്തിന് പോന്നവയല്ല. ആധുനിക സൗകര്യങ്ങൾ ഇക്കാര്യത്തിൽ ഒരു വിദ്യാലയത്തിലും ഇല്ലതന്നെ.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ വിദ്യാലയങ്ങളുടെ എണ്ണം കുറഞ്ഞിച്ചില്ല. സാങ്കേതിത വിദ്യാലയമായിരുന്ന കൊരട്ടി ജെ.ടി.എസ്. നിറുത്തലാക്കിയത് മൂന്നുവർഷം മുമ്പു മാത്രമാണ്. ഇപ്പോൾ ആ സ്ഥലത്ത് പോളിടെക്നിക്കാണ്. അൺ എയിഡ് വിഭാഗത്തിൽ ഒരു എല്.പി. സ്കൂൾ കൂടി വർദ്ധിച്ചു. കഴിഞ്ഞ അഞ്ചു വർഷത്തിൽ കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ എല്ലാ സ്കൂളുകളിലും കുറവുണ്ടായിട്ടുണ്ട്. ജനനനിരക്കിലുള്ള ഗണ്യമായ കുറവും, ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിച്ചതും, ഇടത്തരക്കാർക്ക് ഇംഗ്ലീഷ് മീഡിയത്തിനോടുള്ള വർദ്ധിച്ചു വരുന്ന അഭിനിവേശവും ഇതിന് കാരണമാണ്. സൗജന്യമായ പഠനസൗകര്യമുള്ളതിനാൽ കൊരട്ടി എം.എ.എം.എച്ച്, സ്കൂളിലേയ്ക്കും, കൊരട്ടി എൽ.എഫ്.സി.ജി.എച്ച്. സ്കൂളിലേയ്ക്കും സമീപ പഞ്ചായത്തുകളിൽ നിന്നും, ചാലക്കുടി മുൻസിപ്പാലിറ്റിയിൽനിന്നും എറണാകുളം ജില്ലയുടെ പലഭാഗത്തുനിന്നു പോലും വിദ്യാർത്ഥികൾ എത്തിച്ചേരുന്ന സ്ഥിതിയുണ്ട്. ഇടത്തരക്കാരും, സമ്പന്നരുമായ രക്ഷിതാക്കളിൽ പൊതുവേ കണ്ടുവരുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അന്ധവും അമിതവുമായ ഭ്രമം ചില വിദ്യാലയങ്ങളെ തകർച്ചയുടെ വക്കിൽ എത്തിച്ചിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സെക്കണ്ടറി വിഭാഗത്തിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ടെക്നിക്കൽ ഹൈസ്ക്കൂൾ നിറുത്തലാക്കുകയുണ്ടായി. പോളിടെക്നിക് ആരംഭിക്കുന്നതിനുവേണ്ടി അവിടെ ഉണ്ടായിരുന്ന P.V.T.C., T.H.S. കോഴ്സുകൾ നിറുത്തലാക്കുകയാണുണ്ടായത്. കൊരട്ടിയെ സംബന്ധിച്ച് ഇതൊരു വലിയ നഷ്ടം തന്നെയാണ്. അദ്ധ്യാപകരിൽ പുരുഷന്മാരുടെ എണ്ണം തുലോം തുച്ഛംതന്നെ. അദ്ധ്യാപനം സ്ത്രീകളുടെ കുത്തകയായിത്തീർന്നിരിക്കുന്നു. അദ്ധ്യാപനജോലി പുരുഷന്മാർക്ക് ആകർഷകമല്ലാതായിട്ടുണ്ട്.

അദ്ധ്യാപക രക്ഷാകർത്തൃസംഘടനകളുടെ പ്രവർത്തനം മിക്കവാറും വിദ്യാലയങ്ങളിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. മാതൃസംഗമങ്ങളും പ്രവർത്തിക്കുന്നു. എന്നാൽ എടുത്തു പറയാവുന്ന നിർമ്മാണപ്രവർത്തനങ്ങളൊന്നും പി.ടി.എ.കളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല. എസ്.എസ്.എൽ.സി വിജയ ശതമാനത്തിൽ പഞ്ചായത്തിലെ മൂന്നു ഹൈസ്ക്കൂളുകളും വളരെ നല്ല നിലവാരം പുലർത്തുന്നുണ്ട്. കൊരട്ടി പഞ്ചായത്തിന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് സ്കൂൾ ചാലക്കുടി ഉപജില്ലയിലെ എറ്റവും നല്ല വിദ്യാലയത്തിനുള്ള സമ്മാനം നേടിയതാണെന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കുന്നതാണ്.

പാഠ്യേതരവിഷയങ്ങളായ കലാകായികപ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ പല വിദ്യാലയങ്ങളും എടുത്തു പറയാവുന്ന നേട്ടങ്ങൾ കൈവരിച്ചട്ടുണ്ട്. സാമൂഹ്യവീക്ഷണം വളർത്തുന്ന കാര്യത്തിൽ വിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് തൃപ്തികരമല്ലെന്നാണ് പഠനറിപ്പോർട്ടുകൾ കാണിക്കുന്നത്. പഞ്ചായത്തിലെ

പിന്നോക്ക ഗ്രാമീണമേഖലകളിലെ വിദ്യാലയങ്ങൾ ഈ രംഗത്ത് വളരെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. പഞ്ചായത്തിൽ നൃത്തവിദ്യാലയങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ ഉപകരണസംഗീതവും ശാസ്ത്രീയ സംഗീതവും പഠിപ്പിക്കുന്ന രാഗാഞ്ജലി ഓഫ് മ്യൂസിക് നല്ല നിലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ പാരൽകോളേജായി പെൺകുട്ടികൾക്കുമാത്രം പ്രവേശമുള്ള കൊരട്ടി വിജയമാതാ എന്ന സ്ഥാപനം മാത്രമാണ് ഉള്ളത്. ട്യൂഷൻ സെന്ററുകൾ ഒഴികെ നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ കോളേജുകൾ ഒന്നും ഈ പഞ്ചായത്തിലില്ല. രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ കൊരട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്. നല്ല നിലവാരം പുലർത്തുന്നവയായാണീസ്ഥാപനങ്ങൾ.

### നേഴ്സറി സ്ക്കൂളുകൾ

കൊരട്ടി പഞ്ചായത്തു സ്ക്കൂളിനോടനുബന്ധിച്ചും മുടപ്പുഴ സെന്റ് മേരീസ് സ്ക്കൂളിനോടനുബന്ധിച്ചും മലയാളം മീഡിയം നേഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. കൊരട്ടി എൽ.എഫ്.സി.എൽ.പി സ്ക്കൂളിനോടനുബന്ധിച്ചും, മംഗലശ്ശേരി എസ്.എസ്.എൽ.പി.സ്ക്കൂളിനെടനുബന്ധിച്ചും ഇംഗ്ലീഷ്, മലയാളം മീഡിയം ക്ലാസ്സുകളുള്ള നേഴ്സറിസ്ക്കൂളുകൾ പ്രവർത്തിക്കുന്നു. ചെറ്റാരിക്കലും, ഖന്നാനഗറിലും, കോനൂരിലും ഓരോ ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഭൗതികസാഹചര്യങ്ങളോ, ശാസ്ത്രീയമായ ബോധനരീതികളോ മേൽപ്പറഞ്ഞ നേഴ്സറി സ്ക്കൂളുകളിലൊന്നിലും തന്നെ വേണ്ടത്രയില്ല.

### പ്രശ്നങ്ങൾ

1). നേഴ്സറിഘട്ടം മുതൽ വിദ്യാർത്ഥികളുടെ ബോധനമാദ്ധ്യമം മലയാളമാക്കുക.

2). കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്കും പഠനത്തിൽ താല്പര്യം വളർത്താനും കുട്ടികൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള ശാസ്ത്രീയമായ പഠനബോധനരീതികൾ ആവിഷ്ക്കരിക്കുക.

3). ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ക്ലാസ്സുകളിലെ അംഗസംഖ്യ കുറയ്ക്കാൻ നടപടിയുണ്ടാക്കുക.

4). പഞ്ചായത്തിന്റെ ഒന്ന്, ഒൻമ്പത് വാർഡുകളിൽ നേഴ്സറി സ്ക്കൂളുകൾ സ്ഥാപിക്കുക വഴി ആ പ്രദേശങ്ങളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ സൗകര്യമുണ്ടാക്കുക.

5). കൊരട്ടി പഞ്ചായത്ത് നേഴ്സറിയൊടനുബന്ധിച്ച് കുട്ടികൾക്ക് കളിക്കാനും വിശ്രമിക്കുവാനും വേണ്ടി മിനി പാർക്ക് നിർമ്മിക്കുക.

### അംഗൻവാടികൾ

പഞ്ചായത്തിൽ മൊത്തം 24 അംഗൻവാടികൾ ഉണ്ട്. സാമൂഹികക്ഷേമ വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശുവികസനപരിപാടിയുടെ ഭാഗമായുള്ള ഈ അംഗൻവാടികളിൽ 10 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട്. സർക്കാരിൽ നിന്നുള്ള ഗ്രാന്റും, പൊതുജനങ്ങളുടെ സാമ്പത്തിക സഹകരണവും ഉൾപ്പെടെയാണ് മിക്കയിടത്തും കെട്ടിടം നിർമ്മിച്ചത്. ഇനി ബാക്കിയുള്ള 14 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻഏർപ്പാടുണ്ടാകണം

### പ്രശ്നങ്ങൾ

1). നിലവിലുള്ള അംഗൻവാടികളിൽ കെട്ടിടമുള്ളവയ്ക്ക് കുട്ടികൾക്ക് കളിക്കാനും, വിശ്രമിക്കാനും വേണ്ട ഭൗതിക സാഹചര്യമുണ്ടാക്കുവാനും അനൗപചാരിക പഠനത്തിന് ഉപകരിക്കുന്നതരത്തിലും അധ്യപനം നടത്താൻ പോന്ന പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

2). എല്ലാ അംഗൻവാടികളിലും കുടിവെള്ള സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തണം

3). പഞ്ചായത്തിന്റെ തെക്കു ഭാഗമായ ചീനിപ്രദേശത്ത് ഒരു പുതിയ അംഗൻവാടി അനിവാര്യമാണ്.

4). അംഗൻവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും നൽകിവരുന്ന വേതനം വർദ്ധിപ്പിക്കണം.

### പ്രശ്നങ്ങൾ

1) എൽ.പി.സ്ക്കൂളുകളിൽ ബോധനമാധ്യമം മാതൃഭാഷയിൽ മാത്രമാക്കുക

2) അശാസ്ത്രീയമായ പരീക്ഷാ സമ്പ്രദായംപരിഷ്ക്കരിക്കുക.

3) തത്വദീക്ഷയില്ലാത്ത ആൾപ്രമോഷൻ നിശ്ചിതശതമാനം പ്രമോഷൻ എന്നിവ ഒഴിവാക്കുക.

4) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ സഹായകമായ എം.എൽ.എൽ.സ്കീം എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക..

5) ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് മാതൃസംഗമത്തിന്റേയും പി.ടി.എയുടേയും സഹകരണം ഉപയുക്തമാക്കുക.

6) പഞ്ചായത്ത് എൽ.പി.സ്ക്കൂളിന് ഒരു പുതിയ ക്ലാസ്സ് മുറി പണിയുക. (7) ക്ലാസ്സ് മുറികൾ ചുമർകെട്ടി അടച്ചുറപ്പുള്ളതാക്കുക.

8) കോമ്പൗണ്ടിനുചുറ്റും മതിൽ നിർമ്മിക്കുക.

9) സ്ക്കൂളുകളിലെ താല്ക്കാലിക നിയമനം സംബന്ധിച്ച കാലതാമസം ഒഴിവാക്കാൻ പരിപാടിക്രമങ്ങൾ ലഘൂകരിക്കുക.

### സാദ്ധ്യതകൾ

1) പഠനനിലവാരമുയർത്താൻ നേഴ്സറി ഘട്ടം മുതൽ ബോധനമാധ്യമം മാതൃഭാഷയാക്കുക.

2) കുട്ടികളുടെ മാനസ്സികവും, ബുദ്ധിപരവുമായ വളർച്ചയ്ക്കും, പഠനത്തിൽ താല്പര്യം വളർത്താനും, കുട്ടികൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള ശാസ്ത്രീയമായ പഠനരീതികൾ ആവിഷ്ക്കരിക്കുക.

3) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4) ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അംഗസംഖ്യകുറയ്ക്കാൻ നടപടിയുണ്ടാവുക.

### എൽ.പി.സ്ക്കൂളുകൾ

1) എൽ.പി.സ്ക്കൂളുകളിൽ ബോധനമാദ്ധ്യമം മാതൃഭാഷയിൽ മാത്രമാക്കുക.

2) അശാത്രിയമായ പരീക്ഷാ സമ്പ്രദായം പരിഷ്ക്കരിക്കുക.

3) തത്വദീക്ഷയില്ലാത്ത കൂട്ട പ്രമോഷൻ, നിർബന്ധിത പ്രമോഷൻ എന്നിവ ഒഴിവാക്കുക.

4) വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ സനായകമായ എം.എൽ.എൽ.സ്കീം എല്ലാ വിദ്യാലയങ്ങളിലേയ്ക്കും, വ്യാപിപ്പിക്കുക.

5) ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് മാതൃസംഗമത്തിന്റെയും പി.ടി.എ.യുടേയും സഹകരണം ഉപയുക്തമാക്കുക.

### ഹൈസ്ക്കൂൾ

1) ഇംഗ്ലീഷ് ഭാഷാ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ സബ്ജക്ട് എക്സ്പോർട്ട് അദ്ധ്യാപകരെ നിയോഗിക്കുക.

2) നിലവിലുള്ള ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പരിശീലനകോഴ്സുകൾ നൽകുക.

3) ഭാഷാ പഠനത്തിന്റെ ആദ്യ ഘട്ടങ്ങളിൽ ആവശ്യമായ പഠനോപകരണങ്ങളും ശാസ്ത്രീയ പഠനരതികളും നിഷ്കർഷിക്കുക.

4) നിലവിലുള്ള ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വിപുലമാകുകയും കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

5) ടേപ്പ് റിക്കോഡർ, വീഡിയോ പ്രൊജക്ടർ തുടങ്ങിയ സങ്കേതങ്ങൽ ഉപയോഗിച്ച് അദ്ധ്യയനം കാലത്തിനൊത്ത് പരിഷ്ക്കരിക്കുക.

6) കമ്പ്യൂട്ടർ പഠനസൗകര്യം എല്ലാ വിദ്യാലയങ്ങളിലും ഏർപ്പെടുത്തുക.

**സാദ്ധ്യതകൾ**

1) ഏറെ ശ്രദ്ധിക്കപ്പെടുന്ന ദൃശ്യശ്രാവ്യ മാധ്യമമായ ടെലിവിഷനിൽ വൈകിട്ട് 7 മണിക്കുശേഷം പഠനോപകാരവിഷയങ്ങൾ സംപ്രേക്ഷപണം ചെയ്യുക.

2) PTA, മാതൃസംഗമം ഇവയുടെ പ്രവർത്തനം എല്ലാ സ്ക്കൂളുകളിലും കാര്യക്ഷമമാക്കുക.

3) എല്ലാ ഹൈസ്ക്കൂളുകളിലും തൊഴിലതിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കുക.

(4) എല്ലാ ഹൈസ്ക്കുളുകളിലും പ്ലസ് ടു ഏർപ്പെടുത്തുക.

**ഉപരിപഠനം**

കൊരട്ടിയിൽ ഉപരിപഠനം നടത്തുവാൻ സാധ്യമായ ഒരേ ഒരു സ്ഥാപനമേ നിലവിലുള്ളു. അതുതന്നെ പെൺകുട്ടികൾക്ക് മാത്രമുള്ള ഒരു പാരൽ കോളേജാണ്. സയൻസ് വിഷയങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ഉപരിപഠനസൗകര്യം കൊരട്ടിയിലില്ല. ഉദ്ദേശ്യം 20-25 കിലോമീറ്റർ ദൂരം താണ്ടി വേണം കോളേജ് വിദ്യാഭ്യാസത്തിന് പോകാൻ. ചാലക്കുടിയിലെ S.H.കോളേജ് പെൺകുട്ടികൾക്കുള്ള ജൂനിയർ കോളേജാണ്. PMG കോളേജാണെങ്കിൽ ആർട്സ് വിഷയങ്ങൽ മാത്രം പഠിപ്പിക്കുന്ന സ്ഥാപനമാണ്. ഗവ.ഇന്ത്യ പ്രസ്സ് കോമ്പൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്ന 75 ഏക്കറോളം വരുന്നസ്ഥലം ഉപയുക്തമാക്കി ഒരു കോളേജും, ഐ.ടി.ഐഉം, ആയതിനോടനുബന്ധിച്ച് ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാനും, കൊരട്ടി പഞ്ചായത്തിന്റെ 6-ാം വാർഡിലെ ദേവമാതാ ആശുപത്രിയോടനുബന്ധിച്ച് നേഴ്സിംഗ് സ്ക്കൂളും, പാരാമെഡിക്കൽ കോഴ്സുകളായ BFAM, DFAM തുടങ്ങിയവ തുടങ്ങാനും നടപടികളുണ്ടാവണം. നാലുകെട്ട് സെന്റ് ജോസഫ്സ് LP സ്ക്കൂൾ, പഞ്ചായത്ത് Lpസ്ക്കൂൾ, എസ്.കെ.എം.എൽ.പി.സ്ക്കൂൾ, ആറ്റപ്പാടം എന്നീ എൽ.പി.സ്ക്കുളുകൾ യു.പി.യായി അപ്ഗ്രേഡ് ചെയ്യുക, നിലവിലുള്ള പോളിടെക്നിക്കിൽ കൂടുതൽ പുതിയ കോഴ്സുകൾ ആരം ിക്കുക. ഈ സ്ഥാപനത്തിൽ PTC ആരംഭിക്കുക.

വയോജന വിദ്യാഭ്യാസം, തുടർസാക്ഷരതാ പ്രവർത്തനം എന്നിവ വിദഗ്ദമായി ആസൂത്രണം ചെയ്ത് ആസൂത്രിതമമായി കൊരട്ടി പഞ്ചായത്തിലെ ഇളംഞ്ചേരി, നാലുകെട്ട്, പാലപ്പിള്ളി, ചുനക്കര, ആറ്റപ്പാടം എന്നീ കേന്ദ്രങ്ങളിൽ ആരംഭിക്കുക.

## 1.7 വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S./H.S | | | | | U.P.S | | | | | L.P.S | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ.എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ.എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ.എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ. വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസ്സുകൾ നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | | | | | | | | | | | | 2 | | | 2 | | | | | | | | | | | | | |
| II | | 1 | | | 1 | | | | | | | | | | | | | | | | | | | | | | | |
| III | | | | | | | | | | | | 1 | | | 1 | | | 1 | 1 | | | | | | | | | |
| IV | | | | | | | | | | | | 1 | | | 1 | | | 1 | 1 | | | | | | | | | |
| V | | | | | | | 1 | 1 | | 2 | | | | | | | | 1 | 1 | | | | | | | | | |
| VI | | 1 | | | 1 | | | | | | | 1 | 1 | 2 | | | | 1 | 1 | | | | | | | | | |
| VII | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| VIII | | | | | | | | | | | | | | | | | | | | | | | | | | | | |
| IX | | | | | | | | | | | | 1 | | | 1 | | | | | | | | | | | | | |
| X | | | | | | | | | | | | | 1 | | 1 | | | | | | | | | | | | | |
| XI | | 1 | | | 1 | | | | | | | | | 1 | 1 | | 1 | 1 | 2 | 1 | | 1 | | | | | | |
| XII | | | | | | | | | | | | | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | | | | | | | | | | | | |

# വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ് തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | നാലുകെട്ട്, സെന്റ് ജോസഫസ് എൽ.പി.സ്ക്കൂൾ | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 2. | തിരുമുടിക്കുന്ന്, എച്ച്.എം.എൽ.പി.സ്ക്കൂൾ | 11 ആർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3. | കൊരട്ടി, എൽ.എഫ്.സി.എൽ.പി.സ്ക്കൂൾ | 46സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | കൊരട്ടി, ചർച്ച് എൽ.പി. സ്ക്കൂൾ | 50സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 5. | കൊരട്ടി, എസ്.എസ്.എൽ.പി. സ്ക്കൂൾ | 321/2സെ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | കൊരട്ടി, സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ | 40സെ. | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 7. | ആറ്റപ്പാടം, എസ്.കെ.എം.എൽ.പി. സ്ക്കൂൾ | 1ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 8. | കൊരട്ടി, പഞ്ചായത്ത് എൽ.പി. സ്ക്കൂൾ | 1ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9. | ചെറ്റാരിക്കൽ, ശ്രീശങ്കര എൻ.എസ്.എസ്.ഇ.എം.എൽ.പി.സ്ക്കൂൾ | 20സെ. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10. | ഖന്നനഗർ, സെന്റ് ആന്റണീസ് ഇ.എം.എൽ.പി.സ്ക്കൂൾ | 1ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11. | കൊരട്ടി, എം.എസ്.യു.പി. സ്ക്കൂൾ | 11/2ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 12. | മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്ക്കൂൾ,കൊരട്ടി | 4.941/2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | കൊരട്ടി, ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ | 3 ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | തിരുമുടിക്കുന്ന്, പി.എസ്. ഹൈസ്ക്കൂൾ | 31/2ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | കൊരട്ടി, ഗവ: പോളിടെക്നിക് | 8ഏ. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

280

# വിദ്യാലയ വിവരങ്ങൾ 1996–'97

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | അദ്ധ്യാപക പരിശീല യോഗ്യത | |
|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പു | സ്ത്രീ | ആകെ | BEd. | T.T.C |
| 1. | നാലുകെട്ട്, സെന്റ് ജോസഫസ് എൽ.പി.സ്ക്കൂൾ | എയ്ഡഡ് | 99 | 80 | 179 | 2 | 5 | 7 | – | 7 |
| 2. | തിരുമുടിക്കുന്ന്, എച്ച്.എം.എൽ.പി.സ്ക്കൂൾ | " | 65 | 45 | 110 | 3 | 1 | 4 | – | 4 |
| 3. | കൊരട്ടി, എൽ.എഫ്.സി.എൽ.പി. സ്ക്കൂൾ | " | 319 | 356 | 675 | – | 16 | 16 | – | 16 |
| 4. | കൊരട്ടി, ചർച്ച് എൽ.പി. സ്ക്കൂൾ | " | 131 | 108 | 239 | 1 | 9 | 10 | – | 10 |
| 5. | കൊരട്ടി, എസ്.എസ്.എൽ.പി. സ്ക്കൂൾ | " | 135 | 93 | 228 | 1 | 7 | 8 | – | 8 |
| 6. | കൊരട്ടി, സെന്റ് മേരീസ് എൽ.പി. സ്ക്കൂൾ | " | 56 | 59 | 115 | 1 | 3 | 4 | – | 4 |
| 7. | ആറ്റപ്പാടം, എസ്.കെ.എം.എൽ.പി. സ്ക്കൂൾ | " | 62 | 56 | 118 | – | 4 | 4 | – | 4 |
| 8. | കൊരട്ടി, പഞ്ചായത്ത് എൽ.പി. സ്ക്കൂൾ | " | 132 | 113 | 245 | 2 | 6 | 8 | – | 8 |
| 9. | ചെറ്റാരിക്കൽ, ശ്രീശങ്കര എൻ.എസ്.എസ്.ഇ.എം.എൽ.പി.സ്ക്കൂൾ | അൺ എയ്ഡഡ് | 134 | 81 | 215 | 1 | 5 | 6 | – | 6 |
| 10. | ഖന്നനഗർ, സെന്റ് ആന്റണീസ് ഇ.എം.എൽ.പി.സ്ക്കൂൾ | അൺ എയ്ഡഡ് | 69 | 53 | 122 | – | 9 | 9 | – | 9 |
| 11. | കൊരട്ടി, എം.എസ്.യൂ.പി. സ്ക്കൂൾ | എയ്ഡഡ് | 92 | 91 | 183 | 4 | 6 | 10 | – | 10 |
| 12. | മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്ക്കൂൾ,കൊരട്ടി | " | 1541 | – | 1541 | 35 | 12 | 47 | 31 | 16 |
| 13. | കൊരട്ടി, ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ | " | – | 1654 | 1654 | – | 53 | 53 | 33 | 20 |
| 14. | തിരുമുടിക്കുന്ന്, പി.എസ്. ഹൈസ്ക്കൂൾ | " | 420 | 354 | 774 | 10 | 22 | 32 | | |
| 15. | കൊരട്ടി, ഗവ: പോളിടെക്നിക് | സർക്കാർ | 265 | 62 | 327 | 22 | 3 | 25 | | |

## എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂളിന്റെ പേര് | എസ്.എസ്.എൽ.സി വിജയ ശതമാനം | | | |
|---|---|---|---|---|
| | 1992–93 | 1993–94 | 1994–1995 | 1995–96 |
| മാർ അഗസ്റ്റിൻ മെമ്മോറിയൽ ഹൈസ്കൂൾ, കൊരട്ടി | 92% | 90% | 86% | 81% |
| ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, കൊരട്ടി | 93.6% | 91.4% | 94.2% | 94.4% |
| പി.എസ്.ഹൈസ്കൂൾ തിരുമുടിക്കുന്ന് | 88.1% | 94% | 87.1% | 87.2% |

# ആരോഗ്യം - കുടിവെള്ളം

സ്വാതന്ത്രത്തിന് മുമ്പ് കൊരട്ടി ഗ്രാമ പ്രദേശത്തുകാർക്ക് ആരോഗ്യസംരക്ഷണ ശുശ്രൂഷ സൗകര്യങ്ങൾക്ക് 5-10 കിലോമീറ്റർ വടക്കുള്ള ചാലക്കുടി സർക്കാർ ആശുപത്രിയും കക്കാട് ഗവൺമെന്റ് ആശുപത്രിയുമായിരുന്നു ആശ്രയം.

സാൽവേഷൻ ആർമി, മിഷൻ പ്രവർത്തകർ സ്ഥാപിച്ച കുഷ്ഠരോഗാശുപത്രി നാട്ടുകാർക്ക് ചികിത്സ നൽകി തുടങ്ങിയിട്ട് അധിക കാലമായിട്ടില്ല. നൂറ് ഏക്കർ സ്ഥലത്തുള്ള ഈ സ്ഥാപനം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കുഷ്ഠരോഗികൾക്ക് അഭയകേന്ദ്രമായി തുടരുകയാണ്.

ഈ ആശുപത്രി കുഷ്ഠരോഗികളുടെ ചികിത്സയ്ക്കായി മാത്രം സ്ഥാപിച്ചിട്ടുള്ളതാണ്. ഇവിടെ 120-ഓളം ജീവനക്കാരുണ്ട്. കിടത്തി ചികിത്സിക്കുന്ന 545 ഓളം രോഗികളുണ്ട്. ഇവർക്ക് പൂർണ്ണമായും ഭക്ഷണം സർക്കാർ നൽകുന്നു. കൂടാതെ ആഗസ്റ്റ് 15, ക്രിസ്തുമസ്സ്, അഷ്ടമിരോഹിണി, തിരുവോണം, വിഷു എന്നീ വിശേഷദിനങ്ങളിൽ സ്പെഷൽ ഭക്ഷണവുമുണ്ട്.

രോഗികളുടെ വസ്ത്രത്തിനായി വർഷത്തിൽ 2 പ്രാവശ്യം പുരുഷൻമാർക്ക് 50 രൂപ വീതവും സ്ത്രീകൾക്ക് 33 രൂപ വീതവും നൽകുന്നുണ്ട്. കൂടാതെ വർഷത്തിൽ ഒരു പ്രാവശ്യം ചെരുപ്പിനായി 60 രൂപ നൽകി വരുന്നു.

ഇവിടെ ജനറൽ ഒ.പി.യിൽ ദിവസവും ശരാശരി 30 പേരോളം ചികിത്സയ്ക്കു വരുന്നുണ്ട്.രോഗികളുടെ ക്ഷേമത്തിനായി അവരുടെ തന്നെ ഒരു സഹകരണസംഘം പ്രവർത്തിക്കുന്നു.

110 ഏക്കർ വരുന്ന ആശുപത്രി പറമ്പ് കൃഷിചെയ്യാനും മേലാദായം എടുക്കാനുമായി രോഗികളുടെ സൊസൈറ്റിക്ക് പാട്ടത്തിനു കൊടുത്തിരിക്കയാണ്. ഈ വർഷത്തെ തുക ഈ ഇനത്തിൽ സർക്കാരിൽ അടച്ചത് 29,648/- രൂപയാണ്.

ഇവിടത്തെ അന്തേവാസികൾക്കായി ഹൈന്ദവ ക്ഷേത്രവും മുസ്ലീം- ക്രിസ്ത്യൻ പള്ളികളുമുണ്ട്. സാമൂഹിക സാംസ്കാരിക ഉന്നമനത്തിനായി കലാസമിതിയും ലൈബ്രറിയും പ്രവർത്തിക്കുന്നുണ്ട്.

ആശുപത്രിയോടനുബന്ധിച്ച് ഒരുOperationTheatreകെട്ടിടം ഉണ്ടെങ്കിലുംഅത്പ്രവർത്തനരഹിതമായി കിടക്കുകയാണ്. Urgent repairs നായി 25,000/- രൂപയുടെ Administrative Sanction കിട്ടിയിട്ടുണ്ട്. കൂടാതെ O.P. Block, Office, Nurses duty room and Medical stores, Special repairs എന്നിവയ്ക്കായി 58,000/- രൂപയുടെ Administrative sanction കിട്ടിയിട്ടുണ്ടെങ്കിലും ഇതുവരെയും തുടങ്ങിയിട്ടില്ല.

ലെപ്രസി ഹോസ്പിറ്റലിന് ഒരു കോമ്പൗണ്ട് വാൾ ഇല്ലാത്തതിനാൽ അനവധി കളവുകളും മറ്റു അനാശാസ്യ പ്രവൃത്തികളും അടിക്കടി നടക്കുന്നു. ഒരു Pump Operator ടെ Post ഉണ്ടെങ്കിലും വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്നു.

കൊരട്ടി കുഷ്ഠ രോഗാശുപത്രിയിൽ രോഗവിമുക്തരായവർ ഏറെയുണ്ട്. ഇവരെ പുനരധിവസിപ്പിച്ച് അവശരായ രോഗികൾക്കു മാത്രമായി ഈ ആശുപത്രി നിലനിർത്താവുന്നതാണ്. പക്ഷേ, സമൂഹം ഇവരെ ഉൾക്കൊള്ളുവാൻ വൈമനസ്യം കാണിക്കുന്നു എന്നത് പരമാർത്ഥമാണ്. ഇവരെ അകറ്റി നിറുത്തുന്നതിനുള്ള പ്രവണത ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നു. ചികിത്സിച്ച് പരിപൂർണ്ണമായി ഭേദപ്പെടുത്താവുന്ന ഒരു ത്വക് രോഗം മാത്രമാണ് കുഷ്ഠം എന്നത് ബോധവൽക്കരണങ്ങളിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.

കുഷ്ഠരോഗാശുപത്രിയുടെ വെറുതെ കിടക്കുന്ന സ്ഥലം ആരോഗ്യവകുപ്പിന്റെ വിവിധങ്ങളായ ആതുരശുശ്രൂഷാ പരിശീലന കേന്ദ്രങ്ങൾക്കായോ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയോ ആയുർവ്വേദ ആശുപത്രിയോ നിർമ്മിക്കുന്നതിനായോ, ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായോ പ്രയോജനപ്പെടുത്താവുന്നതാണ്.

പ്രാഥമിക പ്രതിരോധസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലഘട്ടങ്ങളിൽ മരണനിരക്ക് വലിയതോതിൽ ആയിരുന്നു. വസൂരി, വയറിളക്കം, മഞ്ഞപ്പിത്തം എന്നീ സാംക്രമിക രോഗങ്ങളും, ശിശുരോഗങ്ങളും മാരകമായിരുന്നു. 1958 നു ശേഷം വസൂരിമൂലമുള്ള മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ആയുർവ്വേദവും നാടൻ ചികിത്സയുമായിരുന്നു ഇന്നാട്ടുകാരുടെ ഏക ആശ്രയം.

ഇപ്പോഴത്തെ ജനനമരണനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ മികച്ചതായി കാണുന്നു. സംസ്ഥാന ജനനമരണ നിരക്ക് യഥാക്രമം 17ഉം 59ഉം ആണെങ്കിൽ ഈ പഞ്ചായത്തിൽ യഥാക്രമം 10 ഉം 5 ഉം ആണ്.

ചാലക്കുടി ബ്ലോക്കിലെ എലിഞ്ഞിപ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റേയും, 1985 മുതൽ അന്നമനട പഞ്ചായത്തിൽപ്പെട്ട മാമ്പ്ര PHC യുടേയും രോഗപ്രതിരോധ കുടുംബക്ഷേമ പ്രവർത്തനങ്ങൾ ഗുണകരമായ ഈ മാറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട്. തൽഫലമായി ശിശു മരണങ്ങൾ ഇപ്പോൾ ഇല്ലാതായിട്ടുണ്ട്. ശിശിക്കളെ മാരകമായി ബാധിച്ചിരുന്ന രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവെയ്പുകൾ അനിവാര്യമാണെന്നതും, ജനന നിയന്ത്രണത്തിന്റെ ദേശീയ താൽപര്യവും, ദമ്പതികൾക്ക് മനസ്സിലായിട്ടുണ്ട്. എങ്കിലും നിർദ്ധനരായ മാതാക്കളുടെ ഗർഭാവസ്ഥയിലെ പോഷകകുറവും, ശരിയായരീതിയിലുള്ള ശുശ്രൂഷയില്ലായ്മയും,ജനിക്കുന്നകുട്ടികളുടെആരോഗ്യത്തേയും കാര്യമായിത്തന്നെ ബാധിക്കുന്നുണ്ട്.

**മലമ്പനി :-**

കൊരട്ടി പഞ്ചായത്തിൽ മലമ്പനിയില്ലതന്നെ. സംസ്ഥാനത്തിനു വെളിയിൽ താമസിക്കുന്നവരാണ് മലമ്പനിയുമായി എത്തുന്നത്. പ്രാഥമികാരോഗ്യകേന്ദ്രം വഴി സൗജന്യ ചികിത്സ ലഭിക്കുന്നതിനാൽ മരണം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

**തിമിരം :-**

ചികിത്സിച്ചിട്ടും ഭേദമാകാത്ത തിമിരമുള്ള വൃദ്ധജനങ്ങൾ ധാരാളമുണ്ട്. വേണ്ടത്ര സംരക്ഷണവും ചികിത്സയും കിട്ടാതെ പോകുന്ന അവസ്ഥ നിലനിൽക്കുന്നു.

**ു്ട്ടികളുടെ ആരോഗ്യ പോഷണ നിലവാരം**

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 87 | 90 | 59 | 54 | 6 | 7 | – | – |
| 1-3 വയസ്സിൽ | 150 | 129 | 101 | 96 | 18 | 19 | – | – |
| 3-5 വയസ്സിൽ | 140 | 129 | 92 | 74 | 24 | 17 | – | 1 |

1-ാം ഗ്രേഡ് – ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് – മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് – ഗുരുതരമായ പോഷണക്കുറവുള്ളവർ

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീസൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിനു താഴെ | 282 | 245 | 210 | 187 | – | 245 | 210 | 187 | – | – | – | – | – | 144 |
| 1 മതൽ 6വയസ്സു വരെ | 1357 | 1398 | 1383 | 1355 | 1121 | 1398 | 1383 | 1355 | 1121 | 15 | 12 | – | 138 | 1286 |

### ടെറ്റനസ് ടോക്ക്സോയിഡ് (T. T)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 340 | 291 | 18 |

- ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം –13500
- ഇരുമ്പ് /ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ചകുട്ടികളുടെ എണ്ണം –30500

25 അംഗൻവാടികളിലായി ലഘുവും മിതവുമായ പോഷണക്കുറവുള്ള 205 കുട്ടികൾ ഉണ്ട്. പാവപ്പെട്ട ഗർഭിണികൾക്ക് പോഷകാഹാരം അംഗൻവാടികൾ വഴി വിതരണം ചെയ്യുന്നുണ്ട്. എല്ലാ സ്കൂളുകളിലും കുട്ടികൾക്കുള്ള ഉച്ചഭക്ഷണം PTA യുടെ സഹായത്താൽ വിതരണം ചെയ്യുന്നു.

ഒന്നാം വാർഡിലെ നാലുകെട്ട് പ്രാഥമിക ആരോഗ്യകേന്ദ്രം, നാലാം വാർഡിലെ ചിറങ്ങര സബ്സെന്റർ, എട്ടാം വാർഡിലെ കട്ടപ്പുറം മാതൃശിശു സംരക്ഷണകേന്ദ്രം, ആറാം വാർഡിലെ ദേവമാതാ ആശുപത്രി, എട്ടാം വാർഡിലെ സെന്റ് മേരീസ് ആസ്പത്രി കേന്ദ്ര സർക്കാർ പ്രസ്സിലെ ജീവനക്കാർക്കുള്ള ക്ലിനിക്ക്, E.S.I ഡിസ്പെൻസറി എന്നിവ കൂടാതെ ഹോമിയോ ക്ലിനിക്, ആയുർവ്വേദ വൈദ്യശാലകൾ എന്നിവ പഞ്ചായത്തിൽ ഉണ്ട്. ദേവമാതാ ആശുപത്രിയിൽ പ്രസവം, കുട്ടികൾക്കുള്ള പ്രത്യേക ചികിത്സ, ENT, എല്ലുചികിത്സ, മൈനർ ഓപ്പറേഷനുകൾ എന്നിവയ്ക്കുള്ള സൗകര്യങ്ങളും പ്രതിരോധകുത്തിവെയ്പുകളും ഉണ്ട്. വർഷത്തിൽ, OP വിഭാഗത്തിൽ 16052 രോഗികളും IP വിഭാഗത്തിൽ 2860 രോഗികളും വന്നു ചേരുന്നു.

മേൽപ്പറഞ്ഞ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ ഉണ്ടെങ്കിൽത്തന്നെയും നിരവധി പേർക്ക് പരിസര ശുദ്ധിയില്ലായ്മ മൂലം രോഗം വരുന്നു. ഇത് ആകെ രോഗികളുടെ 60% വരും. കുന്നിൻ പ്രദേശങ്ങളിലെ ജലക്ഷാമം, ദരിദ്രവിഭാഗത്തിന്റെ വെളിപ്രദേശത്തുള്ള മല വിസർജ്ജനം, കമ്പോസ്റ്റ് കുഴികളുടെ അഭാവം, വ്യക്തിശുചിത്വമില്ലായ്മ, ദുശ്ശീലങ്ങളുടെ ധാരാളിത്വം എന്നിവക്കു പുറമേ മദുരാ കോട്സ്, വുഡ്ഹൗസ്, കാർബോറാണ്ടം യൂണിവേഴ്സൽ എല്ലുപൊടി ഫാക്ടറി തുടങ്ങിയവയിൽ നിന്നുള്ള മലിനീകരണത്തെ സംബന്ധിച്ച് പരിസരവാസികൾക്ക് പരാതിയുണ്ട്.

പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സുകൾ കിണറുകൾ, കുഴൽകിണറുകൾ, പൈപ്പുവെള്ളം എന്നിവയാണ്. 7923 വീട്ടുകാർക്കായി 4893 കിണറുകളാണുള്ളത്. 3030 വീട്ടുകാർ അയൽകിണറുകളും പൊതുടാപ്പുകളും ഉപയോഗിക്കുന്നു. കുഴൽകിണർ ഉൾപ്പെടെ 50 പൊതു കിണറുകൾ പഞ്ചായത്തിലുണ്ട്. എല്ലാ വാർഡുകളിലുമായി 180 പൊതു ടാപ്പുകളുമുണ്ട്.

ഇത്രയൊക്കെയുണ്ടെങ്കിലും എല്ലാ വാർഡുകളിലും ഏപ്രിൽ മേയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. ഇക്കാലങ്ങളിൽ കനാൽ ജലം ആഴ്ചയിൽ ഒരു പ്രാവശ്യം വീതമെങ്കിലും ഒഴുക്കുകയാണെങ്കിൽ കിണറുകളിലും കുളങ്ങളിലും വെള്ളമുണ്ടാകും.

**പ്രശ്നങ്ങൾ :**

1. നാലുകെട്ട് പ്രദേശത്ത് 20 കിടക്കകളോടുകൂടി ഒരു ആശുപത്രി പണിയുക.
2. മധുരാകോട്സ്, വുഡ്ഹൗസ്, കാർബോറാണ്ടം യൂണിവേഴ്സൽ, എല്ലുപൊടി ഫാക്ടറി, പന്നി വളർത്തൽ കേന്ദ്രം, മലബാർ ക്ലേപ്രൊഡക്റ്റസ്, ഡിവൈൻധ്യാന കേന്ദ്രം എന്നിവയിൽ നിന്നുള്ള മലിനീകരണം തടയുക
3. പഞ്ചായത്തതിർത്തിയിൽ കക്കൂസ് ഇല്ലാത്തവർക്ക് അവ ലഭ്യമാക്കുക.
4. കുഷ്ഠരോഗാശുപത്രിയിലെ രോഗികൾ പൊതു ജലാശയങ്ങളിൽ കുളിക്കുന്നതു മൂലം വളരെയധികം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. ഇതിന് പരിഹാരം കാണണം.
5. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം.
6. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളില്ലാത്ത വാർഡുകളിൽ അവസ്ഥാപിക്കുക.
7. ലെപ്രസി ആശുപത്രിയോടനുബന്ധിച്ചുള്ള O.P വിഭാഗം ഒരു പൂർണ്ണ ആശുപത്രിയായി ഉയർത്തുക.
8. പഞ്ചായത്തിൽ ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.
9. വാർഡുകളിൽ അടിഞ്ഞുകിടക്കുന്ന ചപ്പുചവറുകൾ നീക്കം ചെയ്യുകയും കൊതുകു നിവാരണത്തിനുള്ള നടപടികൾ എടുക്കുകയും ചെയ്യുക.
10. പഞ്ചായത്തിൽ കൊരട്ടി ജംഗ്ഷനിലും ചിറങ്ങരയിലും ടോക്കൺ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൊതു കക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.
11. ഓടകളിൽ കെട്ടികിടക്കുന്ന മലിനജലം ഒഴുക്കി കളയാൻ വേണ്ടതു ചെയ്യുക.
12. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുവാൻ കോൺക്രീറ്റു റിങ്ങുകൾ സ്ഥാപിക്കുക.
13. റോഡരുകിൽ താമസിക്കുന്നവർക്ക് Waste Collecting Bags സൗജന്യമായി വിതരണം ചെയ്യുക.
14. സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാമിന് പ്രാമുഖ്യം നൽകുക.
15. ഹോട്ടലുകൾ, ചായക്കടകൾ എന്നിവിടങ്ങളിലെ ജീവനക്കാർ വ്യക്തിശുചിത്വം പാലിക്കുന്നുണ്ടെന്നും ഭക്ഷണ പദാർത്ഥങ്ങൾ ഗുണമേന്മയുള്ളതാണെന്നും ഉറപ്പുവരുത്തുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
16. ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വരുന്ന പതിനായിരകണക്കിന് ഭക്തജനങ്ങൾ വിസർജ്ജിക്കുന്നതും കുളിക്കുന്നതും ദൂരവ്യാപകമായ പൊതുജനാരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പ്രസ്തുത വിസർജ്ജ വസ്തുക്കൾ ജൈവവളമാക്കി മാറ്റാവുന്ന ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശം നൽകുക.
17. സ്ക്കൂൾ പരിസരങ്ങളിൽ വിൽക്കുന്ന ഗുണനിലവാരമില്ലാത്തതും രോഗാണുബാധയുള്ളതുമായ മിഠായികളും ഐസ് സ്റ്റിക്ക്, ഐസ്ഫ്രൂട്ട് എന്നിവ കുട്ടികൾക്ക് കുടൽ സംബന്ധമായ രോഗങ്ങളും മഞ്ഞപ്പിത്തം , വയറിളക്കം, വിരശല്യം എന്നിവയും പകർത്തുന്നതിനാൽ അവ നിരോധിക്കേണ്ടതാണ്.
18. അറവുശാലകളുൾപ്പെടെയുള്ള നല്ല ഒരു മാർക്കറ്റ് സംവിധാനം ഏർപ്പെടുത്തുക.
19. ബസ്സുകളിലും ആശുപത്രികളിലും ഓഫീസുകളിലും സിനിമാശാലകളിലും മറ്റും നിയമ വിരുദ്ധമായി നടക്കുന്ന പുകവലിക്കെതിരെ ബോധവൽക്കരണം നടത്തുക.

## നടപ്പു പദ്ധതികൾ – അവലോകനം

കൊരട്ടി പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും അതിന്റെ കീഴിലെ അഞ്ചുകുടുംബക്ഷേമ ഉപ കേന്ദ്രങ്ങളും നേതൃത്വം നൽകിവരുന്നു. സാർവ്വത്രിക രോഗ പ്രതിരോധ പരിപാടികളുടെ പ്രയോജനം നമ്മൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ട്. ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായി രക്ത പരിശോധനയും ചികിത്സയും ജനങ്ങൾക്ക് ലഭ്യമാക്കുന്നു. AIDS നിയന്ത്രണ പരിപാടിയുടെ ഭാഗമായി അംഗൻവാടികളിലും മറ്റും വച്ച് എയ്ഡ്സിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

കുട്ടികൾക്ക് ഉണ്ടാകുന്ന അന്ധത കുറയ്ക്കുന്നതിന് 'ജീവകം എ'യുടെ അഞ്ചുമാത്രകൾ എല്ലാകുട്ടികൾക്കും യഥാസമയം നൽകി വരുന്നു. ക്ഷയരോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി കഫം പരിശോധന നടത്തുന്നതിനുള്ള സൗകര്യം ബ്ലോക്ക് പ്രാഥമികാരോഗ്യകേന്ദ്രമായ മാമ്പ്രയിൽ ലഭ്യമാണ്. പുതിയ ഒരു പദ്ധതിയുടെ ഭാഗമായി രോഗികൾക്കുള്ള മരുന്നുകൾ രോഗികളുടെ വീടുകളിൽ എത്തിക്കുവാൻ സാധിക്കുന്നുണ്ട്.ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടികളുടെ ഭാഗമായി ചർച്ചാക്ലാസ്സുകളും, വിദ്യാലയങ്ങളിലെ പരിശോധനകളും, രോഗനിർണ്ണയത്തിനു ശേഷം മരുന്നു വിതരണവും നടത്തുന്നുണ്ട്.

കുടുംബക്ഷേമപരിപാടികളുടെ ഭാഗമായി എല്ലാ ഗർഭിണികളേയും രജിസ്റ്റർ ചെയ്യുകയും അവരുടെ ആരോഗ്യരക്ഷയ്ക്കാവശ്യമായ അയേൺ ഫോളിക് ആസിഡ്, ടെറ്റനസ് ടോക്സോയിഡ് ഇൻജക്ഷൻ എന്നിവ നൽകുകയും ചെയ്യുന്നു. രണ്ടു കുട്ടികളുള്ളവരെ കുടുംബാസൂത്രണ ശസ്ത്രക്രിയക്കു പ്രേരിപ്പിക്കുകയും അവ നടത്തുകയും ചെയ്യുന്നു. കഴിഞ്ഞ വർഷം പഞ്ചായത്തിൽ 301 ഗർഭിണികളേയും 253 ജനനവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൊരട്ടി പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും വിദ്യാഭ്യാസ ആരോഗ്യ പരിപാടി നടത്തിയിട്ടുണ്ട്. ഈ വർഷം പ്രത്യേക വിദ്യാലയ ആരോഗ്യപരിപാടികളുടെ ഭാഗമായി പഞ്ചായത്തിലെ 12 എൽ.പി. സ്ക്കൂളുകളിലുമായി 2500 കുട്ടികളെ പരിശോധിക്കുകയും അവരിൽ 426 കുട്ടികളെ വിദഗ്ദ ചികിത്സയ്ക്കായി ഉപരി കേന്ദ്രങ്ങളിലേയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.കൂടാതെ ജീവക കുറവിനും വിളർച്ചയ്ക്കും സ്ക്കൂളുകളിൽവച്ചുതന്നെ കുട്ടികൾക്ക് മരുന്ന് നൽകുകയും ചെയ്യുന്നു.

കഴിഞ്ഞ വർഷത്തെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ നമ്മുടെ പഞ്ചായത്തിൽ പൂർണ്ണ വിജയമായിരുന്നു. ഈ വർഷം ഡിസംബർ 3, അടുത്ത വർഷം ജനുവരി 18 എന്നീ തിയ്യതികളിൽ വീണ്ടും നടക്കുന്ന ഈ പരിപാടിയിൽ 5 വയസ്സിനു താഴെ പ്രായമുള്ള എല്ലാകുട്ടികളേയും എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. കൊതുകു നിവാരണത്തിനായി D.D.T തളിക്കൽ വ്യാപകമായി നടത്തി വരുന്നു.

## സാദ്ധ്യതകൾ

1,2, 10, 11, 12 വാർഡുകളിലെ കുടിവെള്ളത്തിനായി, നാലുകെട്ട് പദ്ധതി ഗുണമേന്മയുള്ള മോട്ടോറും പമ്പും വെച്ച് ഫലപ്രദമായി പ്രവർത്തിപ്പിക്കണം. ചിറങ്ങര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ദേവമാതാ– ആറാം വാർഡ് ഇറിഗേഷൻ പദ്ധതിയും ഉടൻ പ്രാവർത്തികമാക്കണം. കട്ടപ്പുറത്തുള്ള കുഴൽ കിണറിന് ജലസംഭരണിയുണ്ടാകണം.

വാട്ടർ അതോറിറ്റിയുടെ ജലവിതരണ സംവിധാനം അണുവിമുക്തമല്ല.ചാലക്കുടിമുനിസിപ്പാലിറ്റിയിലെ ശുദ്ധജലവിതരണത്തിനായി ഈടാക്കുന്ന വെള്ള ക്കരത്തിന്റെ അതേ തോതിൽ ശുദ്ധീകരിക്കാത്ത ജലത്തിന് കൊരട്ടി പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിട്ടി കരം ഈടാക്കുന്നുണ്ട്. ഇതു വിവേചന പരവുമാണ്. ഇത് അവസാനിപ്പിക്കണം.

കാടുകുറ്റി, മേലൂർ, കൊരട്ടി പഞ്ചായത്തുകൾക്ക് ചാലക്കുടി ബ്ലോക്കിന്റെ നേതൃത്വത്തിൽ ശുദ്ധീകൃതജലവിതരണ സംവിധാനം ഏർപ്പെടുത്തി ജലക്ഷാമം രൂക്ഷമായ ഭാഗങ്ങൾക്ക് മുൻഗണന നൽകി വിതരണം ചെയ്യണം. നിലവിലുള്ള കുളങ്ങൾ വൃത്തിയായി സംരക്ഷിക്കുക.

25% വീട്ടുകാർ വെളിപ്രദേശത്തും കനാൽ വരമ്പുകളിലും മൂത്ര വിസർജ്ജനം നടത്തുന്നു. അവശിഷ്ടങ്ങൾ കനാലിൽ വലിച്ചെറിയുന്നു.

കൊരട്ടി പഞ്ചായത്തിൽ നാല് ശുദ്ധജല വിതരണ പദ്ധതികൾ നിലവിലുണ്ട്.

1. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - കൊരട്ടി
2. ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി - നാലുകെട്ട്
3. കുഴൽ കിണർ ശുദ്ധജലവിതരണ പദ്ധതി - പൊങ്ങം
4. കുഴൽ കിണർ ശുദ്ധജലവിതരണ പദ്ധതി - കട്ടപ്പുറം.

## I കൊരട്ടി ശുദ്ധജല വിതരണ പദ്ധതി

കൊരട്ടി പഞ്ചായത്തിൽ മുരിങ്ങൂർ തെക്കുംമുറി, കിഴക്കുംമുറി, വടക്കുംമുറി എന്നീ വില്ലേജുകൾക്കു വേണ്ടി 1976 ൽ എൽ.ഐ.സി യുടെ സഹായത്തോടെ ഈ പദ്ധതി നടപ്പാക്കി. 28000 ആളുകൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ 7,00,000 ലിറ്റർ വെള്ളം പ്രതിദിനം വിതരണം ചെയ്യാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നത്.

ചാലക്കുടിപുഴയിൽ കോവിലകം കടവിൽ ഒരു കിണർ കുഴിച്ച് 40 കുതിരശക്തിയുള്ള ഒരു മോട്ടോർ രണ്ടു ഷിഫ്റ്റ് പ്രവർത്തിപ്പിച്ചാണ് നിലവിലുള്ള പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കൊരട്ടിയിൽ ഒരു ലക്ഷം സംഭരണശേഷിയുള്ള തറനിരപ്പിലുള്ള ഒരു ജലസംഭരണിയുണ്ട്. നാലു കിലോമീറ്ററോളം പമ്പിങ്ങ് മെയിൻ സ്ഥാപിച്ച് ഈ സംഭരണയിലേക്കും വിതരണ ശൃംഖലയിലേക്കും ഒപ്പം പമ്പിങ്ങ് നടത്തുന്നു. വിതരണ ശൃംഖല നിറഞ്ഞാൽ മാത്രമേ സംഭരണിയിൽ ജലം സംഭരിക്കാൻ കഴിയൂ. ആകെ 15,228 മീറ്റർ നീളത്തിൽ, 160 മി.മീ. മുതൽ 40 മി.മീ. വരെ വ്യാസമുള്ള പൈപ്പുകൾ ഈ പദ്ധതിയിലുണ്ട്. പൊതുവിതരണത്തിന് 100 ടാപ്പുകൾ, 243 ഗാർഹിക കണക്ഷനും, 26 ഗാർഹികേതര കണക്ഷനുകളും ഉണ്ട്.

ഹരിജൻ കോളനികളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രാജീവ് ഗാന്ധി മെമ്മോറിയൽ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റപ്പാടം കോളനിയിൽ 600 മീറ്റർ പൈപ്പ് ലൈൻ നീട്ടിയിട്ടുണ്ട്. ഇതിൽ 5 ടാപ്പുകളുണ്ട്.

കൊരട്ടി പഞ്ചായത്തിലെ ഖന്നാനഗർ ഭാഗത്ത് നിലവിലുണ്ടായിരുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ഈ ഭാഗം നാലുകെട്ട് പദ്ധതിയുമായി യോജിപ്പിച്ച് ശുദ്ധജലവിതരണം നടത്തുന്നു.

അമിതമായ മണൽ വാരൽനിമിത്തംചാലക്കുടിപുഴയുടെജലനിരപ്പ് താഴുന്നതുകൊണ്ട് വേനൽക്കാലത്ത് പമ്പിങ്ങിന് ജലലഭ്യത കുറയാറുണ്ട്. ഇതിന് പരിഹാരമായി ഡിവൈൻ ട്രസ്റ്റിനുവേണ്ടി ചാലക്കുടി പാലത്തിന്റെ അടുത്ത് സ്ഥാപിച്ചിട്ടുള്ള കിണറിൽനിന്ന് 1800 മീറ്ററോളം പൈപ്പ് ലൈൻ നീട്ടി മുരിങ്ങൂരിൽവെച്ച് പഴയപദ്ധതിയുമായി ബന്ധപ്പെടുത്തുന്നതിന് ഒരു എസ്റ്റിമേറ്റ് അയച്ചിരുന്നു. എന്നാൽ ഈ പദ്ധതിക്ക് ഗവൺമെന്റ് അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുകയാണെങ്കിൽ കൊരട്ടി പ്രദേശത്തെ കുടിവെള്ളവിതരണം കുറ്റമറ്റതാക്കാൻ കഴിയും.

## II നാലുകെട്ട് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

കൊരട്ടി പഞ്ചായത്തിൽ കിഴക്കുംമുറി വില്ലേജിനുവേണ്ടി 1983 ൽ ഈ പദ്ധതി നിലവിൽ വന്നു. 8000 ആളുകൾക്ക് പ്രയോജനപ്പെടുന്ന മട്ടിൽ 2,00,000 ലിറ്റർ വെള്ളം പ്രതിദിനം വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

നാലുകെട്ട് ഇരട്ടച്ചിറയിൽ ഒരു കുളം കുഴിച്ച് അതിൽനിന്നും 20 കുതിരശക്തിയുള്ള പമ്പ്സെറ്റ് വെച്ച് 80,000 ലിറ്റർ സംഭരണശേഷിയുള്ള തറനിരപ്പിലുള്ള ജലസംഭരണിയിൽ ശേഖരിച്ച് അവിടെ നിന്ന് 12061 മീ.

പൈപ്പുകൾ സ്ഥാപിച്ച് 57 പൊതു ടാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ 54 ഗാർഹികകണക്ഷനും, 2 കാർഷികേതര കണക്ഷനുകളും കൊടുത്തിട്ടുണ്ട്.

നാലുകെട്ട് ശുദ്ധജലവിതരണ പദ്ധതിയിൽ നിന്ന് ഖന്നാനഗർ ഭാഗത്തേയ്ക്കു കൂടി ഇപ്പോൾ വെള്ളം കൊടുക്കുന്നുണ്ട്. ഇതിനുവേണ്ടി നാലുകെട്ടു പദ്ധതിയിൽ 1994 മുതൽ രണ്ടു ഷിഫ്റ്റ് പമ്പിങ്ങ് ഏർപ്പെടുത്തിയിട്ടുണ്ട്.

ഹരിജൻകോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രാജീവ് ഗാന്ധി മെമ്മോറിയൽ പദ്ധതിയിലുൾപ്പെടുത്തി ചുനക്കര കോളനിയിൽ1500 മീറ്ററും, വാലുങ്ങാമുറി പാലമുറി കോളനി 1500 മീറ്ററും, നാലുകെട്ട് കോളനിയിൽ 500 മീറ്ററും പൈപ്പു ലൈൻ നീട്ടിയിടാനുള്ള പണികൾ തുടങ്ങിയിട്ടുണ്ട്.

നിലവിലുള്ള 20 കുതിര ശക്തിയുള്ള രണ്ടു മോട്ടോർ പമ്പുസെറ്റുകളും പഴക്കം കൊണ്ടു നിരവധി തവണ ചെയ്ത അറ്റകുറ്റപ്പണികൾകൊണ്ടും ഈ പദ്ധതിക്ക് പര്യാപ്തമല്ലാത്തതായിരിക്കുകയാണ്. പമ്പിങ്ങ് മെയിനിലും കുറെ ഭാഗം കേടായി കിടക്കുന്നുണ്ട്. കേടുവന്ന ഭാഗം പമ്പിങ്ങ് മെയിൻ മാറ്റി ഇടുന്നതിനു വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

### III കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതി – പൊങ്ങം

കൊരട്ടി പഞ്ചായത്തിൽ കിഴക്കുംമുറി വില്ലേജ് പ്രദേശത്തിനുവേണ്ടി വരൾച്ചദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 1985 ൽ ഈ പദ്ധതി നിലവിൽ വന്നു. 319 മീറ്റർ പൈപ്പുലൈനും 3 ടാപ്പുകളുമായി തുടങ്ങി, 200 ആളുകൾക്ക് പ്രയോജനപ്പെടുന്നതിന് 5000 ലി. പ്രതിദിനം പമ്പുചെയ്യാനാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിന്നത്.

1994 ൽ പുതിയ കുഴൽ കിണർ കുഴിച്ച് 5 കുതിര ശക്തിയുള്ള മോട്ടോറും സ്ഥാപിച്ച് ആകെ 1561 മീറ്റർ വിതരണ ശൃംഖലയിലേയ്ക്ക് പമ്പിങ്ങ് നടത്തിക്കൊണ്ടിരിക്കുന്നു. ഇതിൽ 10 പൊതുടാപ്പുകളും 14 ഗാർഹികകണക്ഷനും 1 ഗാർഹികേതര കണക്ഷനും കൊടുത്തിട്ടുണ്ട്.

ഈ പദ്ധതിയിൽ നിന്ന് മംഗലശ്ശേരി കോളനിയിലേയ്ക്ക് കുടിവെള്ളം കൊടുക്കുന്നതിന് 3000 മീറ്റർ പൈപ്പ് നീട്ടിയിടാനുള്ള പദ്ധതികൾ തുടങ്ങിയിട്ടുണ്ട്.

### IV കുഴൽകിണർ ശുദ്ധജലവിതരണ പദ്ധതി–കട്ടപ്പുറം

കൊരട്ടി പഞ്ചായത്തിലെ മുരിങ്ങൂർ തെക്കുംമുറി, വടക്കുംമുറി എന്നീ വില്ലേജുകൾക്കുവേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് കട്ടപ്പുറം പദ്ധതി. 1984 ൽ ഈ പദ്ധതി നിലവിൽ വന്നു. 6400 ആളുകൾക്ക് പ്രതിദിനം 1,60.000 ലിറ്റർ വെള്ളം പമ്പുചെയ്ത് കൊടുക്കാനാണ് ഉദ്ദേശിച്ചിരിന്നത്. ഇതിനുവേണ്ടി 7151 മീറ്റർ നീളത്തിൽ വിതരണശൃംഖലയുണ്ട്. 26 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 150 മീ. വ്യാസമുള്ള കുഴൽകിണറിൽനിന്ന് 7.5 കുതിരശക്തിയുള്ള മോട്ടോർവെച്ച് പമ്പിംഗ് നടത്തുന്നുണ്ട്. ഇപ്പോൾ ഒരു ഷിഫ്റ്റ് പമ്പിംഗ് മാത്രമാണ് നിലവിലുള്ളത്. വേനൽക്കാലങ്ങളിൽ രണ്ട് ഷിഫ്റ്റ് പമ്പിംഗ് ഏർപ്പെടുത്താറുണ്ട്.

291

# വ്യവസായം

വ്യവസായികമായി പിന്നോക്കം അല്ലാത്ത ഒരു പഞ്ചായത്താണ് കൊരട്ടി. വൻകിട വ്യവസായസ്ഥാപനങ്ങളായ മദുരാകോട്സ്, കാർബോറാണ്ടം യൂണിവേഴ്സൽ, മലബാർ ക്ലേ പ്രോഡക്ടസ്, വുഡ് ഹൗസ്, ഗവ: ഓഫ് ഇന്ത്യ പ്രസ്സ് എന്നീസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 3400-ഓളം തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നു.

1952 മുതൽ സ്വകാര്യമേഖലയിൽ വിദേശമൂലധനം മുടക്കി തയ്യൽ നൂൽ ഉൽപ്പാദനം ആരംഭിച്ചസ്ഥാപനമാണ് മദുരകോട്സ്. ജമുനത്രെഡ്മിൽ ലിമിറ്റഡ് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഈ സ്ഥാപനം J & P കോട്സ് Ltd., മദുരാ കോട്സ് Ltd., കോട്സ് വിയല്ല ഇന്ത്യാ Ltd. എന്ന പേരുകളിലും പിന്നീട് അറിയപ്പെടുകയുണ്ടായി. 2241 തൊഴിലാളികൾ ജോലിചെയ്തുകൊണ്ടിരുന്ന ഈ സ്ഥാപനം 1993 ഫെബ്രുവരി 14നു ലോക്കൗട്ട് ചെയ്യുകയുണ്ടായി. ലോങ്ങ് ടേം എഗ്രിമെന്റ് സംബന്ധിച്ച് ചർച്ച നടന്നു കൊണ്ടിരിക്കുമ്പോഴാണ് മാനേജ്മെന്റ് ലോക്കൗട്ട് പ്രഖ്യാപിച്ചത്. വ്യവസായരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മോഡേൺ ടെക്നോളജി നടപ്പിലാക്കേണ്ടി വരുമെന്നത്കൊണ്ട് നിലവിലുള്ള മുഴുവൻ തൊഴിലാളികൾക്കും ജോലികൊടുക്കുന്നതിന് തയ്യാറല്ലാത്ത മാനേജ്മെന്റ് സമീപനം സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സമായി നിൽക്കുകയാണ്. ഈ ഫാക്ടറിയിൽനിന്നൊഴുകുന്ന മലിനജലം പ്യൂരിഫൈ ചെയ്താണ് പുറത്തേയ്ക്ക് വിടുന്നതെങ്കിലും പലപ്പോഴും ജലം ഒഴുകിപോകുന്ന തോടിന്റെ പരിസരത്ത് താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ളത്തിൽ മേൽപ്പറഞ്ഞ ജലത്തിന്റെ കലർപ്പ് ഉള്ളതായി പരാതി ഉണ്ടാകാറുണ്ട്. പ്രതിമാസം 40 ലക്ഷം രൂപ ശമ്പളമായി വിതരണം ചെയ്തിരുന്ന കോട്സ് ലോക്കൗട്ട് കൊരട്ടിയിലെ ജനങ്ങളെ സാമ്പത്തികമായി തളർത്തിയിട്ടുണ്ട്. സംസ്ഥാനസർക്കാർ ലീസിനു നൽകിയിരുന്ന സ്ഥലത്താണ് ഈ ഫാക്ടറി സ്ഥിതിചെയ്യുന്നത്. ഉപയോഗമില്ലാതെ കിടക്കുന്ന പകുതിയോളം സ്ഥലം പഞ്ചായത്തിന് ലീസിനു ലഭിക്കുകയാണെങ്കിൽ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കുവാൻ കഴിയും.

കൊരട്ടിയുടെ കിഴക്കൻ പ്രദേശത്ത് 1985 മുതൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനി. ഗ്രൈന്റിങ്ങ് വീലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായവസ്തുവാണ് ഇവിടെ നിർമ്മിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്വകാര്യസ്ഥാപനത്തിൽ ഇരുന്നൂറുപേർ ജോലിചെയ്യുന്നു. വായു മലിനീകരണം ചെറിയതോതിൽ ഇവിടെയുണ്ട്. ഈ ഫാക്ടറിക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ കേരളത്തിന് പുറമേനിന്നാണ് കൊണ്ടുവരുന്നത്.

മണ്ണ്കൊണ്ട് ഓട്, ഇഷ്ടിക, ഡെക്കറേഷൻടൈൽസും മറ്റും വൻതോതിൽ നിർമ്മിക്കുന്ന ഒരു സ്ഥാപനമാണ് മലബാർ ക്ലെ പ്രോഡക്ടസ്. ആധുനിക സൗകര്യങ്ങളുള്ള ഈ കമ്പനിയിൽ മുന്നൂറോളം തൊഴിലാളികൾ, സ്ഥിരാടിസ്ഥാനത്തിലും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും പണിയെടുക്കുന്നു. തമിഴ്നാട്ടിൽനിന്ന് കുടുംബസമേതം വന്നു ജോലി ചെയ്യുന്നവരും ഇവിടെയുണ്ട്. അസംസ്കൃത വസ്തുവായ മണ്ണ് മറ്റുപഞ്ചായത്തിൽനിന്നാണ് കൊണ്ടുവരുന്നത്.

കേന്ദ്രസർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഗവ: ഓഫ് ഇന്ത്യ പ്രസ്സിൽ 345 പേർ പണിയെടുക്കുന്നുണ്ട്. ഗവ: ആവശ്യത്തിന് വേണ്ടിവരുന്ന ഫോറങ്ങൾ തയ്യാറാക്കുന്ന ജോലിയാണ് ഈ പ്രസ്സിൽ നടക്കുന്നത്.

വിദേശ കയറ്റുമതിക്കായുള്ള തേക്കിന്റേയും വീട്ടിയുടേയും ഷീറ്റുകൾ നിർമ്മിക്കുന്ന സ്ഥാപനമാണ് വുഡ് ഹൗസ്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നൂറിൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന. ഈ സ്ഥാപനത്തിന് ആവശ്യമായ അസംസ്കൃതവസ്തുവായ മരം സംസ്ഥാനത്തിനു വെളിയിൽനിന്നും വരുന്നവയാണ്.

292

**വിവിധവേഖലയിലെ തൊഴിലാളികളുടെ എണ്ണം (അവലംബം 1991 സെൻസസ്)**

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 1038 | 210 | 1248 | 14.00 |
| കർഷകതൊഴിലാളികൾ | 1255 | 838 | 2093 | 23.5 |
| മത്സ്യബന്ധനം, മൃഗപരിപാലനം | 148 | 20 | 168 | 1.9 |
| ഖനനം, പാറപൊട്ടിക്കൽ | 39 | 40 | 79 | 0.9 |
| കുടിൽ വ്യവസായം | 33 | 14 | 47 | 0.5 |
| കുടിലേതര വ്യവസായം | 2225 | 351 | 2576 | 28.8 |
| കെട്ടിടം, റോഡ് നിർമ്മാണം | 362 | 33 | 395 | 4.4 |
| വാണിജ്യം | 593 | 56 | 649 | 7.3 |
| ഗതാഗതം, വാർത്താവിനിമയം | 448 | 17 | 465 | 5.2 |
| സേവനങ്ങൾ | 560 | 645 | 1205 | 13.5 |
| മൊത്തം തൊഴിലെടുക്കുന്നവർ | 6701 | 2224 | 8925 | 100 |

**1991–ലെ സെൻസസ് പ്രകാരം 108 S.S.I. യൂണിറ്റുകൾ ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നു.**

| S.S.I. യൂണിറ്റ് ഉടമസ്ഥാവകാശത്തെ സംബന്ധിച്ച വിവരം | |
|---|---|
| പട്ടികജാതി | 1 |
| പട്ടികവർഗ്ഗം | 1 |
| വനിതകൾ | 18 |
| മറ്റുള്ളവർ | 88 |
| | 108 |

S.S.I. യൂണിറ്റുകൾ ഉപയോഗിക്കുന്ന അസംസ്കൃതപദാർത്ഥത്തിന്റെ അടിസ്ഥാനത്തിൽ

| | |
|---|---|
| അഗ്രൊ ബേസ്ഡ് | 21 |
| ഫോറസ്റ്റ് ബേസ്ഡ് | 12 |
| അനിമൽ ഹസ്ബെന്ററി | 2 |
| ടെക്സ്റ്റയിൽസ് | 8 |
| കെമിക്കൽസ് | 1 |
| എഞ്ചിനീയറിംഗ് | 23 |
| ബിൽഡിംഗ് മെറ്റീരിയൽസ് | 5 |
| മറ്റുള്ളവ | 36 |
| ആകെ | 108 |

ഖാദി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന രണ്ടു സഹകരണ സംഘം ഇവിടെ നിലവിലുണ്ട്. പട്ടികജാതി മുള, ചൂരൽ വ്യവസായ സഹകരണ സംഘം, മറ്റൊന്ന് പട്ടുനൂൽപ്പുഴു-(സെറികൾച്ചർ) വളർത്തൽ സഹകരണ സംഘം. നിലവിൽ 51 അംഗങ്ങളുള്ള മുള, ചൂരൽ വ്യവസായ സഹകരണ സംഘം പ്രവർത്തനരഹിതമാണ്. സ്വന്തമായി സ്ഥലമുണ്ട്. സെറികൾച്ചർ തുടക്കം നന്നായിരുന്നു. എന്നാൽ പിന്നീട് ലാഭകരമല്ലാതെ വന്നതുകൊണ്ട് ഇതിന്റെ പ്രവർത്തനത്തിലും മാന്ദ്യം സംഭവിച്ചിട്ടുണ്ട്.

ഫർണീച്ചർ, പ്ലാസ്റ്റിക് എന്നീരംഗങ്ങളിൽ ചെറിയ തോതിൽ വളർച്ചയുണ്ടായിട്ടുണ്ട്.

ഭൂമിയുടെ അമിതമായ വിലവർദ്ധനവ് മൂലം സൗകര്യമായ സ്ഥലം ലഭിക്കായ്ക, വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം, K.S.E.B. ഏർപ്പെടുത്തിയ നിലവിലുള്ള നിയമമനുസരിച്ച് അപേക്ഷ സമർപ്പിക്കുവാനും അപേക്ഷ സമർപ്പിച്ചാൽ തന്നെ ജീവനക്കാരുടെ അപേക്ഷകരോടുള്ള സമീപനം മുതലായവ വ്യവസായ സംരംഭകരെ നിരുൽസാഹപ്പെടുത്തുന്നവയാണ്. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും വ്യവസായ സംരംഭകരെ തളർത്തുന്ന മുഖ്യഘടകമാണ്. ഉല്പന്നത്തിന് മാർക്കറ്റ് ലഭിക്കാത്തതാണ് മറ്റൊരു പ്രശ്നം. കൊരട്ടിയിൽ മദുര കോട്സിന്റേയും ഗവ: ഓഫ് ഇൻഡ്യാ പ്രസ്സിന്റെയും സർക്കാർ വക ഒഴിഞ്ഞുകിടക്കുന്ന ഭൂമി വ്യവസായ എസ്റ്റേറ്റിനു അനുയോജ്യമാണ്.

## ഗ്രാമസഭ – നിർദ്ദേശങ്ങൾ

സഹകരണാടിസ്ഥാനത്തിൽ താഴെ പറയുന്നവയുടെ സഹകരണസംഘം രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കുക :

1 കൊപ്രസംഭരണം
2 റബ്ബർപാൽ സംസ്കരണം
3 നെയ്ത്തുശാല
4 കുടനിർമ്മാണം
5 സോപ്പുനിർമ്മാണം
6 പേപ്പർ
7 പ്ലാസ്റ്റിക്
8 ചിപ്സ്, മസാല
9 അച്ചാർ, ജാം, സ്ക്വാഷ്
10 ബേക്കറി ഉൽപ്പന്നങ്ങൾ

ഖാദിബോർഡിന്റെ സഹായത്തോടുകൂടി സഹകരണസംരംഭങ്ങൾ ആരംഭിക്കുക. പഞ്ചായത്തിൽ നിലവിലുള്ള പീഡിത വ്യവസായങ്ങൾക്ക് സാമ്പത്തികസഹായം നൽകി പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിക്കുക.

**പഞ്ചായത്തിൽ പൂട്ടികിടക്കുന്ന സ്ഥാപനങ്ങൾ :**

1 മദുരകോട്സ്
2 സിങ്ക് ഓക്സൈഡ്
3 ജെ. എം. പാക്കേഴ്സ്
4 രണ്ടു തീപ്പെട്ടി നിർമ്മാണ യൂണിറ്റ്.

വിവധ വ്യവസായ സ്ഥാപനങ്ങളിലെ കൂലിനിരക്ക് – രൂപയിൽ

| സ്ഥാപനത്തിന്റെ പേര് | വർഷം | | |
|---|---|---|---|
| | 1986 | 1991 | 1996 |
| 1 മലബാർ ക്ലേ പ്രോഡക്ട്സ് | 24.32 | 36.98 | 59.20 |
| 2 കാർബോറാണ്ടം യൂണിവേഴ്സൽ Ltd. | 375* | 1200* | 3000* |
| 3 വുഡ് ഹൗസ് | 40 | 60 | 90 |

*കാർബോറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് കമ്പനിയിലെ മാസക്കൂലിയാണ് കൊടുത്തിരിക്കുന്നത്.

1986നെ അടിസ്ഥാനമാക്കി ഈ മൂന്ന് സ്ഥാപനങ്ങളിലുമുണ്ടായ കൂലിവർദ്ധനവിന്റെ ശതമാനം.

| സ്ഥാപനത്തിന്റെ പേര് | വർഷം | | |
|---|---|---|---|
| | 1986 | 1991 | 1996 |
| 1 മലബാർ ക്ലേ പ്രോഡക്ട്സ് | 100% | +52.05 | +143.42 |
| 2 കാർബോറാണ്ടം യൂണിവേഴ്സൽ Ltd. | 100 | +220 | +700 |
| 3 വുഡ് ഹൗസ് | 100 | +50 | +125 |

കഴിഞ്ഞ 10 വർഷംകൊണ്ട് ഓരോ കമ്പനിയിലും ഉണ്ടായ കൂലിവർദ്ധനവ് പ്രത്യേകം പഠനാർഹമാണ്. ഇത് കമ്പനികളുടെ ലാഭത്തിലുണ്ടായ വർദ്ധനവുകൂടി കണക്കിലെടുക്കേണ്ടതാവശ്യമാണെന്ന് വ്യക്തമാക്കുന്നു.

കൊരട്ടി ഗ്രാമപഞ്ചായത്തിലെ 1995 വരെയുള്ള വാണിജ്യ വ്യവസായ സംരംഭകരുടെ വിവരമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ചെറുതും വലുതുമായ 357 വ്യവസായ സംരംഭങ്ങളാണ് നമുക്കുള്ളത്. ഒന്നോ രണ്ടോ പേർക്കുമാത്രം നേരിട്ട് തൊഴിൽലഭിക്കുന്ന പലചരക്ക് കച്ചവടം, ഫ്ളവർ മിൽ, റൈസ്മിൽ, റേഷൻകടകൾ, സ്റ്റേഷനറി കടകൾ, ചായക്കടകൾ, ഇലക്ട്രിക്കൽ ഗുഡ്സ് കടകൾ എന്നിവകളുടെ എണ്ണം മാത്രം 158 വരും. കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്ന സ്ഥാപനങ്ങളായി ഓട്ടുകമ്പനികൾ 2, തീപ്പെട്ടി നിർമ്മാണ യൂണിറ്റ് 2, എഞ്ചിനിയറിംഗ് വർക്ക് ഷോപ്പ് 19, മറ്റുള്ള വർക്ക് ഷോപ്പുകൾ 15, ഹോളോബ്രിക്സ് ഉല്പാദന യൂണിറ്റ് 4, സ്റ്റൗവ് നിർമ്മാണ യൂണിറ്റ് 1, ഓയിൽ മിൽ 11 എന്നിവയാണുള്ളത്.

## സാധ്യതകൾ

1 ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി ഗവണ്മെണ്ട് ഓഫ് ഉൻഡ്യാ പ്രസ്സ് കൊമ്പൗണ്ട്, മദുര കോട്സ് കൊമ്പൗണ്ട് എന്നിവിടങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് Industrial Estate പണിയുകയും അവിടേക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുകയും ചെയ്യുക.

2 ഈ പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്ന നാളികേരം സംഭരിച്ച് വിവിധ ഉൽപ്പന്നങ്ങളാക്കുന്ന വ്യവസായങ്ങളും ചകിരി ഉപയോഗിച്ച് വിവിധ ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുവാൻ ഏറെ സാധ്യതകൾ ഉണ്ട്.

295

3 വിദേശങ്ങളിൽ പ്രത്യേകിച്ചും സമ്പന്നരാജ്യങ്ങളിൽ കുടിയേറിയിട്ടുള്ള കൊരട്ടി നിവാസികളെ, വ്യവസായ രംഗത്ത് മുതൽമുടക്കുവാൻ പ്രേരിപ്പിക്കുക.

4 വാണിജ്യബാങ്കുകളിൽനിന്ന് ലോണെടുത്ത് പഞ്ചായത്തിന് തന്നെ ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുവാദം ഉണ്ടാക്കുക.

5 നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ റബ്ബർ കൃഷി വ്യാപകമായി വരികയാണല്ലോ. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ വളരെ സാധ്യതയുണ്ട്.

6 ഗ്രാമീണ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിയ്ക്കുവാൻ പനമ്പ്, പായ്, കുട്ട-നെയ്ത്ത് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

7 വളരെയേറെ യുവതികൾ തയ്യൽ പഠിച്ചവരായി നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ ആരംഭിയ്ക്കാവുന്നതാണ്.

# കൊരട്ടി ഗ്രാമ പഞ്ചായത്ത് – 1995 വരെയുള്ള കാലത്തെ വ്യവസായ സംരംഭകരുടെ വിവരം

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പലചരക്ക് കച്ചവടം | ഓയിൽ മിൽ | ഫ്ളവർ മിൽ | റൈസ് മിൽ | തീപ്പെട്ടി നിർമ്മാണം | കെമിക്കൽസ് | Lamp components | സിമന്റ് വില്പന | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | Assembly of Machine Parts | Work shops | ഫർണീച്ചർ കട | പ്രിന്റിംഗ് പ്രസ്സ് | Foot wear കട | ആയുർവേദ മരുന്നുകൾ | Saw mill | ഫോട്ടോ സ്റ്റുഡിയോ | റേഷ… കട |
| ക്ര.ന. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| എണ്ണം | 63 | 11 | 14 | 28 | 2 | 8 | 4 | 6 | 19 | 2 | 15 | 4 | 6 | 6 | 5 | 5 | 2 | 10 |
| | ബേക്കറി | ചായക്കട | ഹോട്ടൽ | ഇലക്ട്രിക്കൽ ഗുഡ്സ് | ഓട്ട് കമ്പനി | Industrial Unit | വളം വില്പന | ചുണ്ണാമ്പ് കല്ല് | Textile | Hollow Bricks | Wood Craft workshop | ചായം | മെഡിക്കൽ ഷോപ്പ് | സോഡ ഫാക്ടറി | സ്റ്റേഷനറി | പെട്രോൾ പമ്പ് | പ്ലാസ്റ്റിക് | പച്ചക്ക… |
| ക്ര.ന. | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 | 31 | 32 | 33 | 34 | 35 | 36 |
| എണ്ണം | 9 | 11 | 10 | 10 | 2 | 1 | 3 | 1 | 6 | 4 | 4 | 3 | 5 | 3 | 22 | 1 | 4 | 4 |
| | മണ്ണെണ്ണ | കോഴി വളർത്തൽ | സ്റ്റൗവ് നിർമ്മാണം | ബാറ്ററി ചാർജ്ജിംഗ് | Cycle Repair | പുകയില | Chicken Selling | Hard wares | നൂൽ | ഇഷ്ടിക | സോപ്പ് | അരി മൊത്ത വ്യാപാരം | ബീർ പാർലർ | ഓട് | ഐസ് ക്രീം | അരി പൊടിക്കൽ | കൽക്കരി | ബ്രഷ് പെയിന്റ് |
| ക്ര.ന. | 37 | 38 | 39 | 40 | 41 | 42 | 43 | 44 | 45 | 46 | 47 | 48 | 49 | 50 | 51 | 52 | 53 | 54 |
| എണ്ണം | 1 | 5 | 1 | 2 | 2 | 5 | 2 | 3 | 2 | 3 | 1 | 2 | 1 | 2 | 2 | 5 | 2 | 3 |
| | | ആകെ = 357 എണ്ണം (54 തരം) | | | | | | | | | | | | | | | | |

# ഗതാഗതം

കൊരട്ടി പഞ്ചായത്തിൽ 168.900 കി.മീ നീളത്തിൽ റോഡുകളുണ്ട്. ഇതിൽ പഞ്ചായത്തു റോഡുകൾ 21.810 കി.മീ നീളത്തിലും P.W.D റോഡ് 13.500 കി.മീ നിളത്തിലും ടാർ ചെയ്തിട്ടുണ്ട്. N-H-47 ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. പൊങ്ങം മുതൽ കോട്ടമുറി വരെ 4 k.m. നീളത്തിൽ പഞ്ചായത്തിന്റെ കീഴിൽ 152.400 കി.മി. നീളത്തിൽ റോഡുകൾ ഉണ്ട്. ഇതിൽ 21.810 കി.മി. ടാർ ചെയ്തതാണ്. ബാക്കി 22.256 കി.മി. കച്ച റോഡുകളും 108.340 കി.മി. ഒരു വിധം പക്ക റോഡുകളുമാണ്. പഞ്ചായത്തിലുള്ള പല റോഡുകളും അത്രതന്നെ നല്ല അവസ്ഥയിലല്ല. റോഡുകൾ ഒന്നിനും നടപ്പാതകളോ, ഓവുചാലുകളോ ഇല്ല. കൽവർട്ടുകൾ പലറോഡുകളും വളരെ കുറവാണ്. അത്യാവശ്യം വേണ്ടിടത്തുപോലും ഇല്ലെന്നതാണ് അവസ്ഥ. റോഡുകളുടെ സമഗ്രമായ അറ്റകുറ്റപ്പണികൾ വളരെ കാലമായിട്ടുതന്നെ നടക്കാറില്ല. പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനതയാണ് മഖ്യകാരണം. വരുമാനത്തിന്റെ 12.85% പോതുമരാമത്തിനായി ചെലവിടുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായും നറവേറ്റുവാൻ കഴിയുന്നില്ല എന്നതാണ് സത്യം. ഓവുചാലുകളും കൾവട്ടറുകളും ഉണ്ടക്കുകയാണെങ്കിൽ റോഡുകളുടെ ഇന്നത്തെ ശോചനീയ സ്ഥിതി ഒരു പരിധിവരെ മാറ്റിയെടുക്കാവാൻ കഴിയും. ടാറിംഗ് ചെയ്യാത്ത റോഡുകൾ ഒട്ടുമിക്കവാറും മഴക്കാലത്ത് ഗതാഗതയോഗ്യമല്ലാതായിത്തീരുന്നു. ഡ്രെയിനേജ് സിസ്റ്റം തീരെ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. വീതികുറവുള്ള റോഡുകളിൽ ഡ്രെയിനേജ് തീർക്കാൻ കഴിയുന്നില്ല. നിലവിൽ വെള്ളം ഒഴുകിയിരുന്ന തോടുകൾ മതിൽ കെട്ടിയും മറ്റും തടസ്സപ്പെടുത്തുന്നതുമൂലം വെള്ളം കെട്ടിനിന്ന് റോഡുകൾ മോശമാകുന്നു. അത്തരം മിക്കറോഡുകളും ഇരുവശത്തുമുള്ള പറമ്പുകളേക്കാൾ താഴ്ന്നവയാണ്. ഇതിന് പരിഹാരം നല്ല രീതിയിലുള്ള ഓവുചാലുകൾ മാത്രമായിരിക്കും. ഈ പഞ്ചായത്തിൽ അഞ്ച് റെയിൽ ക്രോസുകളുണ്ട്.

ഇതിൽ കൊരട്ടി സെന്ററിലെ റെയിൽവേ ക്രോസിൽ ഓവർ ബ്രിഡ്ജ് വളരെ അത്യാവശ്യമാണ്. വളരെ കാലമായി ജനങ്ങലിൽനിന്ന് ഉയർന്നുവരുന്ന ഒരാവശ്യമാണിത്. ഓവർ ബ്രിഡ്ജ് പണിയുന്നതിന് വേണ്ടി ബന്ധപ്പെട്ട പകുപ്പുകളിലേയ്ക്ക് മെമ്മോരാണ്ടം അയച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക പരിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള സാമ്പത്തിക സഹായത്തോടെയും, പൊതുജനസഹകരണത്തോടെയും ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം ഉണ്ടായാൽ ഓവർബ്രിഡ്ജിന്റെ പണി എളുപ്പത്തിൽ വിജയകരമായി പൂർത്തീകരിക്കുവാൻ കഴിയും.

ഈ പഞ്ചായത്തിൽ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദവും ഇപ്പോൾ ഗതാഗതയോഗ്യമല്ലാത്തതുമായ റോഡുകൾ ടാർ ചെയ്യാൻ മുൻകൈ എടുക്കേണ്ടതാണ്. പൊതുജനപങ്കാളിത്തത്തോടുകൂടി നന്നാക്കിയെടുക്കാൻ പറ്റുന്ന റോഡുകൾ നന്നാക്കിയെടുക്കുവാൻ തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്യണം. പഞ്ചായത്തിലൂടെ പോകുന്ന ഇറിഗേഷൻ കനാലുകളുടെ ബണ്ടുകൾ സഞ്ചാരയോഗ്യമാക്കിത്തീർക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. പൊതുജനസഹകരണത്തോടെ അവ ടാർ ചെയ്യാവുന്നതാണ്. ഹരിജൻ കോളനികളിലേക്ക് പോകുന്ന റോഡുകൾ വളരെ പെട്ടെന്ന് സഞ്ചാരയോഗ്യമാക്കിത്തീർക്കണം. പുതിയ റോഡുകൾ വേണ്ട സ്ഥലത്ത് അവ പൊതു ജന പങ്കാളിത്തത്തോടുകൂടി നിർമ്മിക്കണം. പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളെ ചാലക്കുടി, അങ്കമാലി എന്നീ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ ആരംഭിക്കണം. കൃഷിയിടങ്ങളിൽ ടില്ലർ മുതലായവ കൊണ്ടുപോകുന്നതിന് കൃഷിയിടങ്ങളെ ബന്ധപ്പെടുത്തി പൊതുജനപങ്കാളിത്തത്തോടുകൂടി പുതിയ റോഡുകൾ ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കാവുന്നതാണ്. കൊ.ാട്ടി റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിനും അവിടെ പുഷ്പുൾ, ഐലന്റ് എക്സ്പ്രസ്സുകൾ നിറുത്തുന്നതിനും വേണ്ട നടപടികൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് മുഖേന ഉണ്ടാകണം. കൊരട്ടി സെന്ററിൽ സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, ലിമിറ്റഡ് സ്റ്റേപ്പ് ബസ്സുകൾ നിർത്തുന്നതിനുള്ള നടപടി ഉണ്ടാകണം. കൊരട്ടി ജംഗ്ഷനിൽ ബസ്സ് സ്റ്റാൻഡ് നിർമ്മിച്ച് അവിടെ ബസ്സുകൾ ഒതുക്കി നിറുത്താനുള്ള സൗകര്യം ഉണ്ടാക്കണം. ഫെയർ സ്റ്റേജിലെ അപാകതകൾ പരിഹരിക്കണം.

കൊരട്ടി പഞ്ചായത്തിലൂടെ കടന്നു പോകുന്ന N.H-47ന്റെ ഇരുവശങ്ങളും, ടാർറോഡിൽ നിന്നും ഒരടിയേക്കാൾ, ചിലയിടങ്ങളിൽ അത് 4 അടി വരെ താഴ്ചയിലാണ്. ഇവിടെ കരിങ്കൽ വിരിച്ച് ആ താഴ്ച ഇല്ലാതാക്കേണ്ടതാണ്. ഈ താഴ്ചകൾ പലപ്പോഴും ഇരു ചക്രവാഹനങ്ങൾക്ക് അപകടം വരുത്തി വയ്ക്കാറുണ്ട്. N.H-47 പഞ്ചായത്തിലൂടെ 4 Km മാത്രം നീളത്തിൽ മാത്രമാണ് ഉള്ളതെങ്കിലും ഇവിടെ വച്ചുണ്ടാകുന്ന അപകടങ്ങളുടെ എണ്ണം വളരെയേറെയാണ്. ഓരോ വർഷവും ശരാശരി 25 ലേറെ ജീവഹാനിയുണ്ടാകാറുണ്ട്. ഒറ്റ നോട്ടത്തിൽ റോഡ് മനോഹരമാണെങ്കിലും ഇത് തികച്ചും ഒരു അപകട മേഖലയാണ്. അടിയന്തിരമായി പരിഹാരം കാണേണ്ട ഒരു പ്രശ്നമാണിത്. N.H-47 ന്റെ ഇരുവശങ്ങളിലുള്ള താഴ്ച P.W.D റോഡുകളെ സംബന്ധിച്ചും ശരിയാണ്.

**പ്രശ്നങ്ങൾ:**

I ടാർ ചെയ്ത റോഡുകൾ മെയിന്റൻസ് നടത്തേണ്ടത്

1). നാലുകെട്ട്-കൊരട്ടി റോഡ് നാലുകെട്ട് ഭാഗം -1 Km
2). കൊരട്ടി -കട്ടപ്പുറം ചർച്ച് റോഡ് - 1 km.
3). നാലുകെട്ട് - ഇരട്ടച്ചിറ - തിരുമുടിക്കുന്ന് റോഡ് -2 1/2 km.
4). പനമ്പിള്ളി സ്മാരക റോഡ്.

II ടാർ ചെയ്യേണ്ട റോഡുകൾ :-

1) കണക്കൻ വളവ് - ഇളഞ്ചേരിപ്പാടം റോഡ് - 1 1/2 k.m.
2) ചീരംകോട് റോഡ് -1 km.
3). കരിപ്പാല റോഡ് - 1 km
4). നാലുസെന്റ് കോളനി റോഡ് - 1/2 km
5). താണ്ടച്ചിറ- കനാൽ ബണ്ട് റോഡ് - 3 km.
6). വാലുങ്ങാമുറി - ഇരട്ടച്ചിറ കനാൽബണ്ട് റോഡ് -21/2 km.
7). കോട്ടമറ്റം റോഡ് - 800 മീറ്റർ
8). പെട്ട റോഡ്
9). അങ്ങാടി റോഡ്
10). മംഗലശ്ശേരി - മുണ്ടയ്ക്കകത്ത് പറമ്പ്
11). ചെറ്റാരിക്കൽ അമ്പലം - ചിറങ്ങര
12). മാമ്പ്രലക്ഷം വീട് റോഡ്
13). ഗംഗാധരൻ റോഡ്
14). St: തോമസ് ലിങ്ക് റോഡ്
15). തത്തമത്ത് റോഡ് കുരിയാംപറമ്പ് വഴി -മാമ്പ്ര P.W.D റോഡ് 1/2km
16). പെരുമ്പി-റെയിൽ ക്രോസ് വഴി Telephone Exchange വഴി ചിറങ്ങര 1km (E.S.I. റോഡ്)
17. കൂട്ടാലപ്പാടം -കൂട്ടുകുഴി റോഡ് (മാമ്പ്ര ടാർ റോഡിനും കിഴക്കു പാടത്തിനും ഇടയ്ക്ക്.)
18). തത്തമത്ത് റോഡ് വലതുഭാഗം പാടത്തേയ്ക്ക് പോകുന്ന റോഡ്
19). ചെറ്റാരിക്കൽ - കിഴക്കേകോട്ട - കടവനപ്പാടം റോഡ്
20). മുറിപറമ്പ് റോഡ്
21). കോൺ വെന്റ് റോഡ്
22). വടക്കേ അങ്ങാടി - പുളിക്കടവ് റോഡ്
23). പള്ളിക്കുളം റോഡ് - 3 km.
24). ആറ്റപ്പാടം മെയിൻ റോഡ് - 2km
25). കട്ടപ്പുറം പമ്പുഹൗസ് റോഡ് - 1 1/2 km.
26). മുരിങ്ങൂർ കനാൽ കോളനി റോഡ്
27). മുല്ലപ്പറമ്പ് - ഖന്ന നഗർ റോഡ്
28). പാറക്കൂട്ടം റോഡ്
29). അയനിച്ചിറ പാടം റോഡ്

30). പ്രസ്റ്റ്–സാൻജോ നഗർ കോളനി റോഡ്
31). N.H– ലത്തീൻ പള്ളിയുടെ കിഴക്കോട്ട് റോഡ്
32). പനമ്പിള്ളി റോഡ്– ഹരിജൻ കോളനി കനാൽ ബണ്ട് റോഡ്
33). പോളിടെക്നിക് റോഡിന്റെ അവസാനം കനാൽ ബണ്ടിലൂടെ നാലുകെട്ട് റോഡിലേയ്ക്കുള്ള റോഡ്.
34). നെടുങ്കോട്ട റോഡ്, കോനൂർ–കോട്ട റോഡ്, തുരുത്തിമേലേയ്ക്കുള്ള റോഡ്, പെരുമ്പി കോളനി റോഡ്, നാലുകെട്ട് റോഡ്– നെടുങ്കോട്ട റോഡ് –കണ്ണമ്പുഴ റോഡ്, ഏലംകുന്ന് നാലുസെന്റ് കോളനി റോഡ്, കോട്ട റോഡിൽനിന്നും തെക്കോട്ടുള്ള പഞ്ചായതതു റോഡ്, മുറിപറമ്പ് റോഡ്.

**III പുതിയതായി നിർമ്മിക്കേണ്ട റോഡുിൾ അറ്റ|ുറ്റപണി നടത്തേണ്ടത്:–**

1). ഇളഞ്ചേരിപാടം റോഡ് – ഇളഞ്ചേരി ചിററോഡ്
2). ലിങ്ക് റോഡ്–12–ാം വാർഡ്, 2–ാം വാർഡ് ചിറ്റുപ്പാടം റോഡ്, സ്രാമ്പിക്കൽ – പെരുമ്പി കോളനി റോഡ്
3). വാലുങ്ങാമുറി–നെടുങ്കോട്ടറോഡ്.
4). മധുരകോട്സ്–ദേവമാതാ–പൊങ്ങം റോഡ്
5). മംഗലശ്ശേരി–ഹരിജൻ കോളനി റോഡ്, ആറടിപ്പാത തച്ചോളിപ്പാടം റോഡ്
6). തത്തമത്ത് ഹരിജൻ കോളനി പടിഞ്ഞാറു ഭാഗം
7). മാമ്പ്ര P.W.D. റോഡ്– ആറടിപ്പാത റോഡ്, ഹരിജൻ കോളനി റോഡ്.
8). തോട്ടിയാൻ റോഡ്.
9). പഴയ എൻ.എച്ച്–ൽനിന്നും പുതിയ N.H. ലേയ്ക്ക് –(റെയിൽവേസ്റ്റേഷൻകൂടി)
10). കടപ്പാടം വഴി റോഡ്
11). ആറ്റപ്പാടം – അടിയറതെറ്റ് റോഡ് –1km.
12). കൊരട്ടി– കാടുകുറ്റി പഞ്ചായത്തുകളെ ബന്ധപ്പെടുത്തി ആറ്റപ്പാടം പാലയ്ക്കൽ ക്ഷേത്രം വഴി പാടത്തുകൂടി.
13). പോളിടെക്നിക്കിനു ഇരുവശത്തൂടെയുള്ള റോഡുകളും, കുണ്ടുപ്പാടം റോഡും പെരുമ്പിവരെ നീട്ടണം.
14). വാലുങ്ങാമുറി പാടത്ത് ടില്ലർ കൊണ്ടുപോകുന്നതിനും മറ്റും റോഡുനിർമ്മിക്കാം. നെടുങ്കോട്ട റോഡിൽ നിന്നും താങ്ങുചിറപാടത്ത് ടില്ലർ ഇറക്കാൻ റോഡ് നിർമ്മിക്കണം.

കൊരട്ടിയിൽ ഒരു റെയിൽവേ സ്റ്റേഷനുണ്ട്. ശരാശരി 200–റോളം യാത്രക്കാർ ഇവിടെ നിന്നും ദിവസേന ട്രെയിൻ യാത്ര നടത്തുന്നുണ്ട്. പാസഞ്ചർ ട്രെയിനുകൾ മാത്രമേ നിറുത്തുന്നുള്ളു. ആ റെയിൽവേ സ്റ്റേഷൻ ആരംഭിച്ചകാലത്തേതുപോലെതന്നെ ഇന്നും സ്ഥിതിചെയ്യുന്നു. ഇന്ന് ഇവിടെ ടിക്കറ്റ് വിതരണം ചെയ്യുന്നത് കോൺട്രാക്റ്റ് വ്യവസ്ഥയിലാണ്. ഈയൊരു മാറ്റമല്ലാതെ ഈ സ്റ്റേഷനിൽ ഇത്രയും കാലമായിട്ടും ഒരു മാറ്റവുമില്ല. ഈ പഞ്ചായത്തിലൂടെ 6km റെയിൽപാത കടന്നുപോകുന്നുണ്ട്. ഈ റെയിൽവേ സ്റ്റേഷന്റെ വികസനം ഈ പഞ്ചായത്ത് അടിയന്തിരമായി ആഗ്രഹിക്കുന്ന ഒരു ആവശ്യമാണ്.എക്സ്പ്രസ്റ്റ് ട്രെയിനുകൾ അടക്കം എല്ലാ ട്രെയിനുകളും ഈ സ്റ്റേഷനിൽ നിറുത്തേണ്ടതാണ്. യാതൊരു സൗകര്യവുമില്ലാത്തതാണ് ഈ സ്റ്റേഷൻ. യാത്രക്കാർക്ക് മഴ നനയാതെയും, വെയിൽകൊള്ളാതെയും കയറി നില്ക്കുവാൻ പോലും ഈ സ്റ്റേഷനിൽ സൗകര്യമില്ല എന്നത് ഏറെ ദുഃഖകരമാണ്.

ഈ പഞ്ചായത്തിൽ20 പ്രൈവറ്റ് ബസ്സുകൾ ഓടുന്നുണ്ട്. ബസ്സ് യാത്രാ സൗകര്യം കുറവുണ്ട്. പുതുതായി ബസ്സ് റൂട്ട് ആരംഭിക്കാവുന്ന നിരവധി റോഡുകൾ ഈ പഞ്ചായത്തിലുണ്ട്. കൊരട്ടി ജംഗ്ഷൻ, ചിറങ്ങര, ദേവമാതാ ഹോസ്പിറ്റൽ എന്നിവിടങ്ങളിലായി 85 ഓട്ടോറിക്ഷകളും, 25 ടാക്സി കാറുകളും, 12 ടെമ്പോടാക്സും ഇവിടെ ഓടുന്നുണ്ട്. ഇവയ്ക്ക് പുറമേ 15 ടെമ്പോ, രണ്ട് ടൂറിസ്റ്റ് ബസ്സുകൾ എന്നിവ കൂടി ഈ പഞ്ചായത്തിലുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഈ പഞ്ചായത്തിൽ ഒരു ഓട്ടോ സ്റ്റാന്റോ, ബസ്സ് സ്റ്റേഷനോ, ടാക്സി സ്റ്റാന്റോ ഇല്ലെന്നുള്ളതാണ് ഖേദകരമാണ്. ഏറ്റവും തിരക്കുള്ള സ്ഥലങ്ങളിൽ പോലും

ബസ്സ് നിറുത്തുന്നത് റോഡിലാണ്. ബസ്സ് ബേ ഇല്ലാത്തതിന്റെ ദുരിതം ഇന്നാട്ടുകാരനുഭവിക്കുന്നുണ്ട്. പ്രത്യേകിച്ചും കൊരട്ടി ജംഗ്ഷനിൽ.

കൊരട്ടി ജംഗ്ഷനിൽ ഓവർബ്രിഡ്ജ് വളരെ ആവശ്യമാണ്. കൊരട്ടിയിലെ വിദ്യാഭ്യാസ കേന്ദ്രമായി പരിഗണിക്കാവുന്ന സ്ഥലം കൊരട്ടി ജംഗ്ഷൻ തന്നെയാണ്. ഈ റെയിൽവേ ഗെയിറ്റിന്റെ ഇരുവശങ്ങളിലുമായാണ് അവ കേന്ദ്രീകരിച്ചിരിക്കുന്നത്. ഒരു ഭാഗത്ത് എം.എ.എം. ഹൈസ്ക്കൂളും, ഗവ:പോളിടെക്നിക്കും, പഞ്ചായത്ത് L.Pസ്ക്കൂളും സ്ഥിതിചെയ്യുമ്പോൾ മറുഭാഗത്ത് വിജയമാതാ കോളേജ്, എൽ.എഫ്.സി.എൽ.പി.എസ്, എൽ.എഫ്.സി.ജി.എച്ച്.എസ്, ചർച്ച് എൽ.പി.എസ്. ശ്രീശങ്കര എൻ.എസ്.എസ്.ഇംഗ്ലീഷ്മീഡിയം സ്ക്കൂളും സ്ഥിതിചെയ്യുന്നു. ഈ വിദ്യാലയങ്ങളിൽ എല്ലാംകൂടി 5000 ത്തോളം വിദ്യാർത്ഥികൾ ഉണ്ട്. ഇവരിൽ നല്ലൊരു ഭാഗം അങ്ങോട്ടു പോകുമ്പോൾ മറ്റുള്ളവർ ഇങ്ങോട്ട് വരുന്നതും ഈ ലവൽ ക്രോസ് കടന്നാണ് കാലത്തും വൈകിട്ടും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഒരു പ്രവാഹം തന്നെയാണിവിടെ. തൊട്ടടുത്തുള്ള N.H.47 ഉം കൂടിയാകുമ്പോൾ ചിത്രം വിചിത്രം തന്നെ. N.H.47 ൽ കാലത്തും വൈകിട്ടും സ്കൂൾ സമയങ്ങളിൽ പോലിസിന്റെ സേവനം ഉണ്ടെന്നുള്ളത് ആശ്വാസമാണ്. ഇതു കൂടാതെ N.H.47 നോടു തൊട്ടു സ്ഥിതി ചെയ്യുന്ന മധുര കോട്സ് ഫാക്ടറിയിലെ ജാവനക്കാരും, ഗവൺമെന്റ് ഓഫ് ഇന്ത്യാ പ്രസ്സിലെ ജീവനക്കാരും, സമീപത്തുള്ള സർക്കാരാഫീസുകളിലേയ്ക്കും, പള്ളിയിലേയ്ക്കും പോകുന്ന പൊതുജനങ്ങളും, എല്ലാവരും കൂടിയാകുമ്പോൾ രംഗം വഷളാകുന്നു. ഗെയിറ്റ് അടച്ചിടുമ്പോൾ റോഡിന്റെ ഇരുവശങ്ങളിലും നിറുത്തിയിടുന്ന വാഹനങ്ങളുടെ നീണ്ട നിരയും കൂടിയായാൽ എല്ലാം പൂർത്തിയാകും.

കൊരട്ടി ജംഗ്ഷനിൽ ഒരു ട്രാഫിക് ഐലന്റ് അനിവാര്യമാണ്. കൊരട്ടി ജംഗ്ഷനിൽ കൂടി കടന്നുപോകുന്ന കോനൂർ-നാലുകെട്ട് റോഡും, പുളിക്കടവ് റോഡും വളരെ തിരക്കേറിയ റോഡുകളാണ്. ഇടയ്ക്കിടെയുണ്ടാകുന്ന ട്രാഫിക്-ജാം ഒഴിവാക്കാനുള്ള ഏക പോംവഴി ട്രാഫിക് ഐലന്റ് മാത്രമാണ്. ഹൈവേയ്ക്ക് താങ്ങാവുന്നതിലും അധികമാണ് വാഹനങ്ങളുടെ എണ്ണം. അതുകൊണ്ട് ഹൈവേ ഉടനെ തന്നെ ഫോർലൈനാക്കി മാറ്റണം.

# ഊർജ്ജം

കൊരട്ടി പഞ്ചായത്തിലേയ്ക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത് ചാലക്കുടിയിൽ സ്ഥിതി ചെയ്യുന്ന 110 K.V. സബ് സ്റ്റേഷനിൽനിന്നും കറുകുറ്റിയുള്ള 66K.V. സബ്സ്റ്റേഷനിൽനിന്നുമാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ എണ്ണം 60 ആണെങ്കിലും എല്ലാം അധിക ഭാരം വഹിക്കുന്നവയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ട്ഡ് ലോഡിലും വർദ്ധനവ് ഉണ്ടായി കൊണ്ടിരിക്കുന്നു. ഊർജ്ജ ഉപഭോഗത്തിന്റെ 20% ഗാർഹിക മേഖലയിലാണ്. കാർഷിക മേഖലയിൽ 15%വും വ്യവസായ വാണിജ്യമേഖലയിൽ 65% ഉപയോഗിക്കുന്നു. കാർബോറാണ്ടം യൂണിവേഴ്സലിന് E.H.T. സപ്ലയാണ് ഈ ഫാക്ടറിയും മദുര കോട്സ്, മലബാർ ക്ലെ പ്രൊഡക്ട്സ്, വുഡ് ഹൗസ്, ഗവ: ഓഫ് ഇൻഡ്യ പ്രസ്സ് എന്നിവയാണ് ഈ പഞ്ചായത്തിലെ മുന്തിയ വൈദ്യുതി ഉപഭോക്താക്കൾ. പഞ്ചായത്തിലെ 70% വീടുകളും വൈദ്യുതീകരിച്ചതാണ്. ഇവിടെത്തെ വൈദ്യുതി ഉപഭോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ടേജ് തന്നെയാണ് ആവശ്യമായതിന്റെ 70% വോൾട്ടേജാണ് ലഭിക്കുന്നത്. പഞ്ചായത്തിലെ 3% വീടുകളിലെ മീറ്ററുകൾ കേടാണ് വിതരണ സംവിധാനത്തിലെ തകരാറുകൾ മൂലം വളരെയേറെ വൈദ്യുതി നഷ്ടപ്പെടുന്നു. ഈ നഷ്ടം ഒഴിവാക്കുന്നതിന് ജംബർ മെച്ചപ്പെടുത്തുകയും വൈദ്യുതി ലൈയിനുകളിൽ മുട്ടി കിടക്കുന്ന മരച്ചില്ലകൾ വെട്ടി മാറ്റുകയും ട്രാൻഫോർമറുകൾ പുനക്രമീകരണം ചെയ്യുകയുമാണ് വേണ്ടത്.

## വൈദ്യുതി കൂടാതെയുള്ള ശ്രോതസുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ

ഗ്രാമപ്രദേശങ്ങളിൽ പാചകത്തിന് പ്രധാനമായും ഉപയോഗിക്കുന്നത് വിറകാണ്. തെങ്ങിൽ നിന്നും ലഭിക്കുന്ന പട്ട, ചകിരി, മരച്ചില്ലകൾ മുതലായവ ശേഖരിച്ചു ഉപയോഗിക്കുന്നു. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ചുരുക്കം ചിലവീടുകളിൽ മരക്കമ്പനിയിൽ നിന്ന് വിറക് ശേഖരിച്ച് പാചകത്തിന് ഉപയോഗിക്കുന്നു. എഫിഷ്യൻസി കൂടിയ 5% അടുപ്പുകൾ താഴെ മാത്രമേ കാണുകയുള്ളു.

കൊരട്ടി പഞ്ചായത്തിൽ 16ഓളം റേഷൻ കടകളിൽ നിന്നും 32000 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. അതിൽ 19200 ലിറ്റർ മണ്ണെണ്ണ പാചകവാശ്യത്തിന്വേണ്ടി ഉപയോഗിക്കുന്നു. മണ്ണെണ്ണ, ഡീസൽ ഇവ ഇന്ധനമായിട്ടുപയോഗിക്കുന്ന പമ്പുസെറ്റുകൾ നാമമാത്രമായിട്ടുണ്ട്. ഗോബർ ഗ്യാസ് പ്ലാന്റുകൾ ഏകദേശം 30 എണ്ണം ഉണ്ട് എന്നാണറിവ്. ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് സാദ്ധ്യത കൂടുതലുണ്ട്.

വ്യവസായ രംഗത്ത് കൽക്കരി ഉപയോഗിച്ചിരുന്നെങ്കിലും ഇപ്പോൾ ഫർണസ് ഒയിലും L.S.H.S.ഉം ആണ് ഉപയോഗത്തിലുള്ളത്.

സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിനുള്ള പരിപാടികൾ നിലവിൽ ആരും ആരംഭിച്ചുകാണുന്നില്ല.

വാഹനങ്ങൾക്ക് ഇന്ധനം കൊടുക്കുന്ന ഒരു പെട്രോൾ പമ്പും ഈ പഞ്ചായത്തിൽ ഉണ്ട്.

## വൈദ്യുതിയെ സംബന്ധിച്ച വിവരങ്ങൾ

| നിലവിലുള്ള ഉപഭോക്താക്കൾ | | | | കണക്ഷൻ ലഭിക്കാനുള്ളവർ | | | വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ | തെരുവ് വിളക്കുകളുടെ എണ്ണം | ട്രാൻസ്ഫോമറുകളുടെ എണ്ണം (LT) | സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി പഞ്ചായ പ്രതിവർഷം അടക്കുന്ന തുക | |
|---|---|---|---|---|---|---|---|---|---|---|---|
| ഗാർഹികം | കാർഷികം | വ്യാപാരം | വ്യവസായം | ഓർഡിനറി | OTP | OYEC | | | | | |
| 6000 | 1600 | 600 | 300 | 772 | 46 | 227 | 12 | 576+6 സോഡിയം വേപ്പർ ലാംബ് | 60 | 1,98,933.5 അഞ്ച് രൂപ | പഞ്ചായത്തിന മൊത്തം വനരു നത്തിന്റെ 10.80 തെരുവ് വിളക്കി ഉപയോഗിക്കുന |

## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| Ward | കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ | പണം നൽകി ഉപയോഗിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|---|
| XI | ചുനക്കര | 35 | 31 | 4 |
| I | നാലുകെട്ട് (പാലപ്പിള്ളി) | 15 | 15 | 0 |
| I | നാലുകെട്ട് II | 21 | 16 | 5 |
| XII | പാലമുറി (വാലുങ്ങാമുറി) | 20 | 16 | 4 |
| XII | കോനൂർ | 15 | 10 | 5 |
| XI | പെരുമ്പി | 33 | 17 | 16 |
| IV | കുരിയാംപറമ്പ് | 26 | 22 | 4 |
| X | ഖന്നാനഗർ | 30 | 24 | 6 |
| X | പാറക്കൂട്ടം | 13 | 10 | 3 |
| IX | അംബേദ്കർ | 30 | 22 | 8 |
| III | ചിറങ്ങര | 12 | 5 | 7 |
| VIII | കട്ടപ്പുറം | 10 | 7 | 3 |
| | | 260 | 195 | 65 |

സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവർ 75%

പണമടച്ച് വൈദ്യുതി ഉപയോഹിക്കുന്നവർ 25%

302

304

പ്രശ്നങ്ങൾ

| വാർഡ് : വൈദ്യുതികരിക്കാത്ത വീടുകൾ | |
|---|---|
| വാർഡ് 1 | 135 |
| വാർഡ് 2 | – |
| വാർഡ് 3 | 100 |
| വാർഡ് 4 | – |
| വാർഡ് 5 | 50 |
| വാർഡ് 6 | 35 |
| വാർഡ് 7 | – |
| വാർഡ് 8 | – |
| വാർഡ് 9 | – |
| വാർഡ് 10 | 130 |
| വാർഡ് 11 | – |
| വാർഡ് 12 | 115 |

## സ്ട്രീറ്റ് ലൈയിറ്റ് ഇല്ലാത്ത സ്ഥലങ്ങൾ

1–ാം വാർഡിലെ 90% സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റ് ഇല്ല.

2–ാം വാർഡിലെ 25% സ്ഥലങ്ങളിലും സ്ട്രീറ്റ ലൈറ്റ് ഇല്ല.

3–ാം വാർഡിൽ പാറക്കടവ് മെയിൻ, ചീനി റോഡ്, ലെപ്രസി പന്തക്കൽ റോഡ്, മുടപ്പുഴ ബൗണ്ടറി റോഡ് ബസ്ലേഹം റോഡ്, സെൻ മേരീസ് കിഴ്പാടം റോഡ് എന്നിവിടങ്ങളുൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക

4–ാം വാർഡിൽ 25% സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റ് ഇല്ല.

5–ാം വാർഡിൽ ടെലിഫോൺ എക്സ്ചേഞ്ച് റോഡിലും കൊരട്ടി ജംഗഷൻ മുതൽ ചിറങ്ങര വരെ N.H. 47ലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

6–ാം വാർഡിൽ കോൺവെന്റ് റോഡിലും മുറിപറമ്പ് റോഡിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

7–ാം വാർഡിൽ പള്ളിയുടെ മുൻവശത്തുള്ള റോഡിൽ പിൻവശത്തുള്ള റോഡിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

8–ാം വാർഡിൽ പള്ളിക്കുളം ഭാഗത്തും, ആറ്റപ്പാടം ഭാഗത്തും കമ്മ്യുണിറ്റിഹാൾ റോഡിലും കട്ടപ്പുറം ഭാഗത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

9–ാം വാർഡിൽ പാത്താണി കുന്ന് ഭാഗത്തും ആറ്റപ്പാടം റെയിൽവേ ഗേറ്റിന് സമീപത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

10–ാം വാർഡിൽ പനമ്പിള്ളി സ്മാരക റോഡിലും കോട്ടമുറിയിലെ ഹരിജൻകോളനിയിലേക്കു പോകുന്ന ലത്തിൻപള്ളി ഹരിജൻ കോളനി റോഡിലും ഖന്നാനഗർ കനാൽ ബണ്ട് റോഡിലും, നെടുകോട്ട റോഡിലും, പാലമുറി റോഡിൽനിന്ന് ഐനച്ചിറ പാടത്തേയ്ക്കു പോകുന്ന റോഡിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

2,4,11,12 എന്നീ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

**സാദ്ധ്യതകൾ :**

കൊരട്ടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഇലക്ട്രിസിറ്റി ഓഫിസിന്റെ പരിധിയിൽ 23 M.W. മോത്തം സ്ഥാപിതശേഷിയുള്ള കൺസ്യൂമർ ഇപ്പോഴുണ്ട്. പെരിങ്ങൽക്കുത്ത് ജനറേറ്റിങ്ങ് സ്റ്റേഷനിലെ ഏകദേശം മുഴുവൻ ഉൽപാദനവും ഈ സെക്ഷനതിർത്തിയിൽ വേണ്ടിവരും. കേവലം 11 ജനറേറ്റിങ്ങ് സ്റ്റേഷനുകൾ മാത്രമാണ് ബോർഡിനുള്ളത്. അതിലൊന്നു മുഴുവനായും നമുക്ക് ഇപ്പോൾ വേണം. അപ്പോൾ ഭാവിയിൽ നാം നേരിടുന്ന പ്രതിസന്ധി രൂക്ഷമായിരിക്കും. സ്ഥിരവും സ്ഥായിയുമായ പരിഹാരം കൊരട്ടി മദുര കോട്സ് സബ്സ്റ്റേഷൻ വികസിപ്പിച്ചു അവിടെ നിന്നും 11 K.V. ലൈയിനുകൾ പുറത്തേയ്ക്ക് കൊണ്ടു വന്ന് ഫീഡ് ചെയ്താൽ പ്രശ്നം പരിഹരിക്കാം. വികസിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി അടിയന്തിരമായി പൂർത്തിയാക്കണം. അതിന്റെ പ്രയോജനം ചാലക്കുടി, മാള, ബ്ലോക്കതിർത്തിയിൽ ലഭ്യമാകും. അതിനാൽ ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. ഇതിനു താമസം വന്നാൽ പഞ്ചായത്തിൽ ഒരു ഡീസൽ സ്റ്റേഷൻ സ്ഥാപിക്കാം. റെയിൽ സൗകര്യം അടുത്തുണ്ട് പഞ്ചായത്തിൽ അനുവദിച്ചു കിടക്കുന്ന താഴെ പറയുന്ന ട്രാൻസ്ഫോർമറുകൾ ഉടൻ സ്ഥാപിച്ചു വോൾട്ടേജ് പ്രശ്നം പരിഹരിക്കാം. 1. നാലുകെട്ട് മൂന്നാം നമ്പർ ട്രാൻസ് ഫോർമർ 2 സ്രാമ്പിക്കൽ 3 മുടപ്പുഴ 4 മുറിപ്പറമ്പ് 5 കുലയിടം 6 ചെറ്റാരിക്കൽ അമ്പലം.

സ്ലാബ് സമ്പ്രദായം മാറ്റി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മീറ്റർ റീഡിങ്ങ് ഏർപ്പെടുത്തുകയും അതിന് തൊഴിൽരഹിതരെ നിയോഗിക്കുകയുംചെയ്യുക. സോളാർ പാനൽ സിസ്റ്റം നടപ്പിലാക്കുക. പുകയില്ലാത്ത അടുപ്പുകൾ പഞ്ചായത്ത് തലത്തിൽ ആവശ്യക്കാർക്ക് നൽകുക. ബൾബുകൾക്ക് പകരം, ഇലക്ട്രോണിക് ചോക്കുകൾ ഉള്ള ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

അടിയന്തിര ശ്രദ്ധ പതിയേണ്ട പ്രശ്നമാണ് നമ്മുടെ പഞ്ചായത്തിലെ പാർപ്പിടമില്ലാത്തവരുടെ കാര്യം. സ്വന്തമായി വീടില്ലാത്ത അനേകം ആളുകൾ പല വാർഡുകളിലുമുണ്ട്. നാലു സെന്റ് കോളനികൾ, ഹരിജൻ കോളനികൾ എന്നിവിടങ്ങളിലുള്ള ചെറ്റക്കുടിലുകളുടെ സ്ഥാനത്ത് സാമാന്യം ഭേദപ്പെട്ട സുരക്ഷിതമായ വീടുകൾ ഉയരേണ്ടതുണ്ട്. ദ്വിതീയ വിവര ശേഖരണത്തിൽ ലഭിച്ച കണക്കനുസരിച്ച് വിവിധ വാർഡുകളിലായി 150-ഓളം വീടുകൾ അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആകെ 8616 വീടുകളാണ് ഉള്ളത്. കഴിഞ്ഞ 6 വർഷത്തിനുള്ളിൽ മാത്രം 1178 വീടുകൾ പണി തീർത്തിട്ടുണ്ട്. ആകെയുള്ള വീടുകളിൽ 3506 എണ്ണം കോൺക്രീറ്റ് മേൽക്കൂരയുള്ളതാണ്. 49% വീടുകൾ ഓടിട്ടതും 6% വീടുകൾ ഓല മേഞ്ഞതുമാണ്. വെട്ടുകല്ല്, ഇഷ്ടിക എന്നിവകൊണ്ട് ചുമർ നിർമ്മിച്ച വീടുകൾ 93% ഉണ്ട്. തറ സിമന്റ് ഇട്ടത് 60%ഉം, മൊസൈക് വിരിച്ചത് 20%ഉം ചാണകം മെഴുകിയത് 20% ഉം ആണ്. 200 ചതുരശ്ര അടി മുതൽ 500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾ ഏകദേശം 30% ഉണ്ട്. 500 മുതൽ 1000 ച. അടി വരെയുള്ളത് 60%ഉം 1000 ച. അടി മുതൽ 2000 ച. അടി വരെ വിസ്തീർണ്ണമുള്ള വീടുകൾ 10%ത്തിന് അടുത്തുവരും.

പഞ്ചായത്തിൽ 100 ലക്ഷം വീടുകൾ ഉണ്ട്. ഈ കെട്ടിടങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. ദുർബ്ബല ജനവിഭാഗങ്ങൾക്ക് വീടുവയ്ക്കാൻ 4 സെന്റ് ഭൂമി വീതം നൽകപ്പെട്ട 7 കോളനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ വീടു നിർമ്മിക്കാനുള്ള സഹായം ലഭിക്കേണ്ടവർ ഇനിയുമുണ്ട്.

## പ്രശ്നങ്ങൾ

1. വിവിധ വാർഡുകളിൽ സ്വന്തമായി വീടില്ലാത്ത നിരവധി പാവപ്പെട്ടവരുണ്ട്. ഇവർക്ക് വീടുകൾ പുതുതായി ഉണ്ടാകണം.

2. നിലവിലുള്ള കുടിലുകളേയും നമുക്കു മാറ്റിയെടുക്കേണ്ടതുണ്ട്. സർക്കാർ പദ്ധതികൾകൊണ്ട് ഇത്രയും വീടുകൾ നിർമ്മിച്ചു നൽകാനാകുമെന്ന് പ്രതീക്ഷയില്ല.

3. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ നടപടിക്രമങ്ങൾ സങ്കീർണ്ണവും തുക അപര്യാപ്തവുമാണ്.

4. ഭവനനിർമ്മാണ സാമഗ്രികൾക്കുണ്ടായ വിലവർദ്ധന വളരെ വലുതാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സിമന്റിനു വന്ന വിലവർദ്ധന ഇരട്ടിയാണ്. കരിങ്കല്ല്, മെറ്റൽ, വെട്ടുകല്ല്, കമ്പി, തടി, മണൽ എന്നിവയ്ക്കെല്ലാം വൻതോതിൽ വില വർദ്ധിച്ചു.

IRDP സർവ്വേ പ്രകാരം ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരം കക്കൂസുകളെ സംബന്ധിച്ച വിവരം

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങൾ | വിവിധപരിപാടി യനുസരിച്ചു അനുവദിച്ച വീട് | പൂർത്തീകരിച്ച വീടുകൾ | പൂർത്തികരിക്കുവാനുള്ളവ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ | വിവധപദ്ധതികളിലായി അനുവദിച്ചവ | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|---|---|---|---|---|
| I | 5 | 3 | 3 | - | 10 | 18 | 17 |
| II | 10 | 3 | 3 | - | 12 | | |
| III | 10 | 17 | 9 | 8 | 10 | | |
| IV | 15 | 2 | - | 2 | 15 | | |
| V | 15 | 2 | 1 | 1 | 10 | | |
| VI | 2 | - | - | - | 3 | 1 | 14 |
| VII | 2 | - | - | - | 5 | 7 | |
| VIII | 15 | 6 | 1 | 5 | 15 | 3 | |
| IX | 10 | 20 | 15 | 5 | 15 | 3 | |
| X | 22 | 14 | 7 | 7 | 27 | 3 | 12 |
| XI | 25 | 8 | 6 | 2 | 18 | 7 | |
| XII | 15 | 17 | 6 | 11 | 21 | 2 | |
| Total | 146 | 92 | 54 | 41 | 161 | 44 | 43 |

## സാധ്യതകൾ

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കൂട്ടായ ജനകീയ സംരംഭത്തിനേ കഴിയൂ. സർക്കാർ ധനസഹായ പദ്ധതികൾക്കൊപ്പം, വാർഡുതലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ്മയും അദ്ധ്വാനവും കൂട്ടിച്ചേർത്താൽ മാത്രമേ പരിപാടികൾ പൂർണ്ണതയിൽ എത്തിക്കാൻ കഴിയുകയുള്ളു.

1. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബറർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.

2. സിമന്റ്, കമ്പി തുടങ്ങിയ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.

3. നിർമ്മാണച്ചെലവ് 3 ലക്ഷം രൂപയ്ക്കു മുകളിൽ വരുന്ന വീടുകൾക്ക് പ്രത്യേകമായി അധിക വീട്ടുനികുതി ചുമത്തുകയും ഭവനനിർമ്മാണ പദ്ധതിയിലേക്കു മുതൽ കൂട്ടുകയും ചെയ്യുക.

4. സർക്കാർ ലഭ്യമാക്കുന്ന ധനസഹായം, വായ്പ എന്നിവയുടെ സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

5. I.A.Y., J.R.Y. എന്നിവയുടെ സഹായം15,800 രൂപയിൽനിന്ന് 30,000 രൂപയാക്കുക.

6. രാജീവ് ദശലക്ഷ പാർപ്പിടപദ്ധതി 26,400 രൂപയിൽനിന്ന് 50,000 രൂപയാക്കുക.

7. നിർമ്മിതികേന്ദ്രത്തിന്റെ നിർമ്മാണരീതി പ്രചരിപ്പിക്കുക. പ്രേരിപ്പിക്കുക.

9. ഭവനനിർമ്മാണ രംഗത്ത് നിലനിൽക്കുന്ന ആഡംബരം ഇല്ലാതാക്കുവാൻ വേണ്ട ബോധവൽക്കരണം സംഘടിപ്പിക്കുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്ന പദ്ധതികളുമാണ് നിലവിലുള്ളത്. ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസനത്തിനുള്ള പ്രത്യേക പദ്ധതികളും നിലവിലുണ്ട്.


(അവലംബം 1991 സെൻസസ്)

IRDP സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരം


| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC | 92 മുതൽ സഹായം ലഭിച്ചവർ | ഇതിൽ SC |
|---|---|---|---|---|
| I | 358 | 62 | | 36 |
| II | 167 | 17 | | 10 |
| III | 182 | 17 | | 9 |
| IV | 110 | 17 | | 5 |
| V | 169 | 20 | | 10 |
| VI | 56 | 2 | | 1 |
| VII | 80 | 5 | | 10 |
| VIII | 115 | 25 | | 7 |
| IX | 236 | 34 | | 10 |
| X | 173 | 68 | | 32 |
| XI | 122 | 55 | | 19 |
| XII | 254 | 59 | | 10 |
| Total | 2022 | 381 | 306 | 159 |

മൊത്തം ഉള്ള 6104 കുടുംബങ്ങളിൽ 2022 കുടുംബങ്ങൾ അതായത് 33.13% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽ 18.82% ഹരിജനങ്ങളും ബാക്കിയുള്ളവർ അതായത് 81.18% മറ്റുള്ളവരുമാണ്. ആകെയുള്ള കുടുംബങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഹരിജനകുടുംബങ്ങൾ 6.24%വും മറ്റുള്ളവർ 26.89% വുമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഹരിജനങ്ങളിൽ 51.96% കുടുംബങ്ങളും സഹായം ലഭിച്ചവരാണ്.

**മൊത്തം കുടുംബങ്ങൾ**




**മൊത്തം കുടുംബങ്ങൾ**




പഞ്ചായത്ത് അതിർത്തിയിൽ 24 അംഗൻവാടികളുണ്ട്. സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ പത്തെണ്ണം മാത്രമാണ്. മറ്റുള്ളവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടതുണ്ട്. എല്ലാ അംഗൻവാടികൾക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും കുട്ടികൾക്ക് കളിപ്പാട്ടങ്ങളും സംഘടിപ്പിക്കണം.

14 സേവാഗ്രാമത്തിന്റെ മാതൃകയിൽ വനിതകൾക്കും വൃദ്ധജനങ്ങൾക്കുംവേണ്ടി ഒരു ചാരിറ്റബിൾ സൊസൈറ്റി സ്ഥാപിക്കുക.

15 വികലാംഗരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ജോലിക്കും വേണ്ട സാഹചര്യങ്ങളും ആനുകൂല്യങ്ങളും നല്കുക.

16. ലക്ഷംവീടു കോളനികളിലെ കെട്ടിടങ്ങൾ അറ്റകുറ്റ പണികൾ നടത്തുന്നതിന് ധനസഹായം നല്കുക.

17. കൊരട്ടി പഞ്ചായത്തിനെ മൊത്തം ഒരു ഗ്രാമമായി അംഗീകരിച്ച് ടെലിഫോൺ കണക്ഷൻ നല്കുക.

18. ടെലിഫോണിന് അപേക്ഷിച്ചവർക്കെല്ലാം ഉടനെ കണക്ഷൻ നല്കുക.

19. പോളിടെക്നിക് ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

20. 12-ാം വാർഡിലെ നാലുസെന്റ് കൊളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കുക.

21. സ്വന്തമായി പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭ്യമാക്കുക.

**സാധ്യതകൾ**

1. കമ്യൂണിറ്റി ഹാൾ, കളിസ്ഥലം എന്നിവ നിർമ്മിക്കുന്നതിന് ജനപങ്കാളിത്തത്തോടെ സൗജന്യമായി, ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കുക.

2. സ്വന്തമായിസ്ഥലമില്ലാത്ത അംഗൻവാടികൾക്ക് പഞ്ചായത്തുവക പുറമ്പോക്ക് ഭൂമിയോ,ജനങ്ങളിൽ നിന്ന് സൗജന്യമായി കിട്ടുന്ന ഭൂമിയോ ലഭ്യമാക്കുക. JRY ഫണ്ട് ഉപയോഗിച്ച് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നല്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

3 പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ വിധവാ പെൻഷൻ ലഭിക്കില്ല. ഇതിൽമാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതു ലഭ്യമാക്കണം.

4. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം താലൂക്ക് ആശുപത്രി യിലെ പ്രധാന മെഡിക്കൽ ഓഫിസർക്കു നല്കിയാൽ ജില്ലാ ആശുപത്രിവരെ പോകേണ്ട ബുദ്ധിമുട്ട് ഒഴിവാക്കാം. അർഹരായ മുഴുവൻ പേർക്കും കർഷകത്തൊഴിലാളി പെൻഷൻ നല്കുകയും അവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും വേണം.

5. മഹിളാസമാജങ്ങൾ രൂപവല്ക്കരിക്കുകയും, അവയുടെ നേതൃത്വത്തിൽ തയ്യൽ പരിശീലനകേന്ദ്രങ്ങൾ, ഡേ കെയർ സെന്ററുകൾ തുടങ്ങിയവ സംഘടിപ്പിക്കാം. അംഗൻവാടികളുടെ പ്രവർത്തനങ്ങളിലും ശിശുക്ഷേമ ആരോഗ്യപരിപാടികുളുടെ പ്രവർത്തനങ്ങളിലും മഹിളാസമാജങ്ങൾക്ക് ഫലപ്രദമായി ഇടപെടാം.

6. പൊതുവിതരണമേഖലയിൽ പഞ്ചായത്ത് ഇടപെടണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

7. പട്ടയം ലഭിക്കാത്തവർക്ക് അതു ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാകണം. റവന്യൂ വകുപ്പിലെ പല നടപടിക്രമങ്ങളിലേയും സങ്കീർണ്ണതകൾ ഒഴിവാക്കണം.

8. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം പഞ്ചായത്തുകൾക്കു നൽകണം.

311

ചാരായനിരോധനം ഫലപ്രദമായി നടപ്പാക്കുന്നതിനും വ്യാജമദ്യം തടയുന്നതിനും സംസ്ഥാന–ജില്ലാ–ബ്ലോക്ക് തലങ്ങളിൽ ജനകീയ സമിതികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇവ ഇടയ്ക്കെല്ലാം യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഈ സമിതികളുടെ പ്രവർത്തനം പഞ്ചായത്ത്, വാർഡ് തലങ്ങളിലേക്ക് വ്യാപിക്കുന്നതിനുള്ള സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. ഈ സമിതികളുടെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ വർദ്ധിച്ച ജനപങ്കാളിത്തം ആവശ്യമാണ്. വ്യാജമദ്യലോബിയുടെ കരുത്തിനെ നേരിടാൻ ജനങ്ങളുടെ ജാഗ്രതയും സംഘടിതശക്തിയും ആവശ്യമാണ്. വ്യാജമദ്യം തടയുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കാണിക്കുന്ന നിഷ്ക്രിയത്വത്തിൽ ജനങ്ങൾക്ക് വ്യാപകമായ പ്രതിഷേധമുണ്ട്. മദ്യവർജ്ജനത്തെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി നടപ്പാക്കണം. കൂട്ടായ യത്നത്തിലൂടെ നമ്മുടെ പഞ്ചായത്തിനെ ഒരു മദ്യവിമുക്തഗ്രാമമായി മാറ്റാൻ കഴിയണം.

ഒന്നാം ഘട്ട സാക്ഷരതാപ്രവർത്തനം ഏറ്റവും ഫലപ്രദമായി സംഘടിപ്പിച്ച പഞ്ചായത്താണ് നമ്മുടേത്. അനേകം പഠനകേന്ദ്രങ്ങൾ , ആവേശഭരിതരായ നൂറുകണക്കിന് പഠിതാക്കൾ, ചരിത്രദൗത്യം നിറവേറ്റാൻ നിസ്വാർത്ഥതയോടെ പ്രവർത്തിച്ച അനേകം സാക്ഷരതാപ്രവർത്തകർ. ഇവരുടെയെല്ലാം പൂർണ്ണ സംരക്ഷണം അഭിമാനപൂർവ്വം ഏറ്റെടുത്ത ഇന്നാട്ടിലെ നല്ലവരായ ജനങ്ങൾ എല്ലാം ചേർന്ന ഒരു ജനകീയോത്സവമായിരുന്നു നമുക്ക സാക്ഷരതായജ്ഞം. എന്നാൽ പലവിധ കാരണങ്ങളാൽ രണ്ടാംഘട്ട പ്രവർത്തനത്തിൽ മുൻ ഊർജ്ജസ്വലത നിലനിർത്താനായില്ല. വർദ്ധിത വീര്യത്തോടെ ഈ മഹാപ്രസ്ഥാനം നമുക്കു മുന്നോട്ടു കൊണ്ടുപോകണം. നിരക്ഷരതാ നിർമ്മാർജ്ജനം എന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നം നമുക്ക് സാർത്ഥകമാക്കണം.

**പ്രശ്നങ്ങൾ**

1. ഒന്നാം വാർഡിൽ കമ്മ്യൂണിറ്റി ഹാളും കളിസ്ഥലവും നിർമ്മിക്കുക.
2. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടമുണ്ടാക്കുക.
3. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. മഹിളാസമാജങ്ങൾ രൂപവൽക്കരിക്കുക
5. തുടർ സാക്ഷരതാപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കണം.
6. പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
7. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ചു നല്കുക.
8. തയ്യൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക
9. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യവേതനം ഉറപ്പാക്കുക.
10. പെൻഷന് അർഹതയുള്ള എല്ലാവർക്കും അതു ലഭ്യമാക്കുക.
11. അവശജനവിഭാഗങ്ങൾക്ക് നല്കുന്ന ധനസഹായം അർഹതയുള്ള എല്ലാവർക്കും ലഭ്യമാക്കുക.
12. ഡേ കെയർ സെന്ററുകൾ സ്ഥാപിക്കുക.
13. ശിശുക്ഷേമ ആരോഗ്യപരിപാടികൾ നടപ്പിലാക്കുക.

312

# സംസ്ക്കാരം

വിവിധഭാഷകളുടേയും, സംസ്ക്കാരങ്ങളുടേയും, മതവിഭാഗങ്ങളുടേയും ഒരു സങ്കരഭൂമിയാണ് കൊരട്ടി. സമാധാന പ്രിയരായ ജനങ്ങളും, മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്ന ജീവിതശൈലിയും, ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. കേരളിയർ ഓണം ആഘോഷിക്കുന്നതുപോലെയാണ് കൊരട്ടി നിവാസികൾ കൊരട്ടിമുത്തിയുടെ തിരുനാൾ ആഘോഷിക്കുന്നത്. കൊരട്ടി സെന്റ് മേരീസ് പള്ളിയിലെ അത്ഭുതപ്രവർത്തകയായ കൊരട്ടിമുത്തിയുടെ തിരുനാൾ ആഘോഷങ്ങൾ കൊരട്ടി പ്രദേശത്തിന്റെ ദേശീയ ഉത്സവമായിട്ടാണ് ആഘോഷിച്ചു പോരുന്നത്. എട്ടു ദിവസം നീണ്ടുനിലക്കുന്ന ആഘോഷങ്ങളിൽ കൊരട്ടിയിലെ മാത്രമല്ല, ചാലക്കുടി, മേലൂർ, കറുകുറ്റി, കാടുകുറ്റി മുതലായ സ്ഥലങ്ങളിലെ എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്നു. തികച്ചും മതസൗഹാർദ്ദത്തിന്റെ പ്രതീകമായ ഒരു ഉത്സവം. ഒക്ടോബർ മാസത്തിലെ രണ്ടാം വാരം മുതൽ ആരംഭിക്കുന്നു ആഘോഷങ്ങൾ. ഏകദേശം അരക്കോടിയിലേറെ വരുന്ന വിശ്വാസികൾ ആ ദിവസങ്ങളിൽ ഇവിടം സന്ദർശിക്കുകയും തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നു.

ഈ പഞ്ചായത്തിൽ പ്രധാനപ്പെട്ട 9 ക്രൈസ്തവദേവാലയങ്ങളും 12 ഹൈന്ദവക്ഷേത്രങ്ങളുമുണ്ട്. ഒരു മുസ്ലിം പള്ളിയുമുണ്ട്. ക്രൈസ്തവദേവാലയങ്ങളിലേയും ഹൈന്ദവദേവാലയങ്ങളിലേയും പെരുന്നാളുകളിലും ഉത്സവങ്ങളിലും ജനങ്ങൾ സജീവമായി പങ്കുകൊള്ളാറുണ്ട്. ക്രൈസ്തവദേവാലയങ്ങൾ St. Mary's Forane Church, കൊരട്ടി മുരിങ്ങൂർ St Sebastian's Church, ഇമ്മാക്കുലേറ്റ് കൺസപ്ഷൻ ചർച്ച്, St. Joseph's Church, കോനൂർ, St. Thomas Church, മംഗലശ്ശേരി, St. Joseph's ചർച്ച് നാലുകൊട്ട്, ;ചെറുപുഷ്പം ചർച്ച് തിരുമുടിക്കുന്ന്, St. Sebastian's ചർച്ച് വഴിച്ചാൽ, St. Joseph's ചർച്ച് ആറ്റപ്പാടം എന്നിവയാണ്. ഈ ദേവാലയങ്ങളിലെല്ലാം അമ്പുപെരുന്നാൾ കേമമായിത്തന്നെ നടന്നുവരുന്നു.

ഹൈന്ദവക്ഷേത്രങ്ങൾ ഖന്നാനഗർ അയ്യപ്പക്ഷേത്രം, കോനൂർ ശിവക്ഷേത്രം, ചിറങ്ങര ഭഗവതി ക്ഷേത്രം, ചെറ്റാരിയക്കൽ ശിവക്ഷേത്രം, അതിനോടനുബന്ധിച്ചുള്ള ദുർഗ്ഗ ദേവീക്ഷേത്രം, ഖന്നാനഗർ ഓം പരാശക്തി ക്ഷേത്രം, മുരിങ്ങൂർ രാമേശ്വരം ശിവക്ഷേത്രം, പെരുമ്പി ഭഗവതിക്ഷേത്രം, പാലയ്ക്കൽ ദേവിക്ഷേത്രം ഖന്നാനഗർ അയ്യപ്പക്ഷേത്രം എന്നിവയാണ്. ഇവ കൂടാതെ പലകുടുംബക്ഷേത്രങ്ങളും ഈ പഞ്ചായത്തിലുണ്ട്.

കൊച്ചി ഭദ്രാസനത്തിലെ ബിഷപ്പ് ഹൗസും, സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് പള്ളിയും ഈ പഞ്ചായത്തിലെ 5-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. മാർത്തോമ്മാ സിയോൺ ചർച്ച്, ബ്രദർ-ഹുഡ്, യഹോവാസാക്ഷികളുടെ രാജ്യഹാൾ, ഇവയൊക്കെ കൊരട്ടിയിലെ ജനങ്ങളുടെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. ക്ഷേത്രങ്ങളിൽ, ചിറങ്ങരഭഗവതി ക്ഷേത്രത്തിൽ വിഷുവിന് കൊടികയറി 10 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം നടക്കുന്നു. കാവടിയാട്ടം, ആനപ്പൂരം, വിവിധകലാപരിവാടികൾ ഇവയൊക്കെയാണ് ഉത്സവത്തിന്റെ മുഖ്യ ആഘോഷങ്ങൾ. ചെറ്റാരിക്കൽ ഭഗവതി ക്ഷേത്രത്തിൽ താലപ്പൊലി, കളമെഴുത്ത്, ആന എഴുന്നുള്ളിപ്പ് എന്നിവയാണ് ഉത്സവത്തിന്റെ ആഘോഷങ്ങളിൽ ചിലത്.

സാംസ്ക്കാരിക, സാമൂഹ്യകലാരംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള ഒട്ടേറെപ്പേരെ നമ്മുടെ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. V.T. ഭട്ടതിരിപ്പാടിനോടൊപ്പം സാമൂഹ്യപരിഷ്കരണ രംഗത്തും നാടകരംഗത്തും പ്രവർത്തിച്ചിരുന്ന M.S. നമ്പൂതിരി അവരിൽ ഒരാൾ മാത്രം. കേരളത്തിലെ ചില പ്രമുഖ അനുഷ്ഠാനകലകളും, തനതുകലകളും കൊരട്ടിയിൽ വളരെ സജീവമായി നിലനിലക്കുന്നുണ്ട്. മുടിയേറ്റ്, കളമെഴുത്ത് കരകാട്ടം, നന്തുണ്ണിപ്പാട്ട് തുടങ്ങിയവ അവയിൽ ചിലതുമാത്രം. അറിവിന്റെ ആദ്യാക്ഷരം കുറിക്കുന്ന നിലത്തെഴുത്താശ്ശാന്മാർ മുതൽ ആധുനികയുഗത്തിന്റെ മുഖമുദ്രയായ കംപ്യൂട്ടർ പരിശ്ശീലനം നൽകുന്ന സ്ഥാപനങ്ങൾവരെയുള്ള വൈവിധ്യമുള്ള പഠന സൗകര്യങ്ങളും നമ്മുടെ ഗ്രാമത്തിലുണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽതന്നെ നമ്മുടെ പ്രദേശത്ത് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദേശിയ പ്രസ്ഥാനത്തിന്റെ സ്വാധീനം ഇത്തരം പ്രവർത്തനങ്ങളെ വലിയതോതിൽ സ്വാധീനിക്കുകയും പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു.

കൊരട്ടി ഗ്രമപഞ്ചായത്ത് ഉൾക്കൊള്ളുന്ന മേഖലയിൽ 1940കളിൽ അനൗപചാരിക വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് പലമാന്യവ്യക്തികളും നേതൃത്വം നൽകുകയുണ്ടായി. നിശാപാഠശാലകൾ വഴിയായിരുന്നു ഇത്തരം വിദ്യാഭ്യാസപ്രവർത്തനങ്ങൽ നടത്തിയുരുന്നത് ചുനക്കര, കോനൂർ, ആറ്റപ്പാടം എന്നിവിടങ്ങളിൽ ബഹുജനകർഷകപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആയിരുന്നു ഈ പ്രവർത്തനങ്ങൾ നടന്നിരുന്നത്.

കൊരട്ടി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഔപചാരിക വിദ്യാഭ്യാസത്തിന് മുൻകൈയ്യെടുത്തത് ക്രിസ്ത്യൻ മിഷനറിമാരായിരുന്നു.

നമ്മുടെ ഗ്രാമത്തിൽ ഗ്രാമീണ വായനശാലകളും കലാസമിതികളും ആരംഭിച്ചതിൽ ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം വളരെയുണ്ടായിട്ടുണ്ട്. പുസ്തകപ്രസിദ്ധീകരണവും മാദ്ധ്യമപ്രവർത്തനവും വളരെ കുറവായിരുന്ന സ്വാതന്ത്ര്യാസമരകാലഘട്ടത്തിൽ വായനശാല പ്രസ്ഥാനം വളർത്തിയെടുക്കാൻ ആദ്യകാല പ്രവർത്തകർ വളരെയേറെ ത്യാഗം അനുഭവിച്ചിട്ടുണ്ട്. പൂർവ്വികർ ത്യാഗപൂർവ്വം പടുത്തുയർത്തിയ ജനകീയ സംസ്ക്കാരിക സ്ഥാപനങ്ങൾ അതുപോലെ നിലനിറുത്തുവാനും കൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാനും പുതിയ തലമുറയിലെ യുവാക്കൾക്കും സംസ്ക്കാരികപ്രവർത്തകർക്കും കഴിയാതെ വരന്നുവോ എന്ന സന്ദേഹമാണ് കഴിഞ്ഞകാല പ്രവർത്തനങ്ങന്നളെ വിലയിരുത്തുമ്പോൾ ഉണ്ടാകുന്നത്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ഒമ്പത് വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് ലൈബ്രറിക്കു പുറമേ വിവധകലാസമിതികൾ നടത്തുന്ന ആറു ജനകീയവായനശാലകളും, ഗവ. പ്രസ്സിൽ കേന്ദ്രസർക്കാരിന്റേതായി ഒന്നും, കൂടാതെ ഗവ. ലെപ്രസി ആശുപത്രിയിലെ അന്തേവാസികൾക്കായി മറ്റൊന്നും ഇതിൽ ഗവ. ലെപ്രസി ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഇൻമേറ്റ്സ് ലൈബ്രറി 1951ൽ തന്നെ ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വായനശാലയാണ്. എണ്ണായിരത്തിലധികം പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ള ഈ വായനശാലപുസ്തകശേഖരത്തിൽ മുൻപിൽതന്നെയാണ്. ഇതേകാലത്തുതന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് മംഗലശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗ്രാമീണ വായനശാല. ഈ വായനശാലകളിലെല്ലാം നല്ല നിലവാരം പുലർത്തുന്ന പുസ്തകങ്ങളുടെ ശേഖരമുണ്ടെന്നുള്ളത് മുൻപ് വായന ഗൗരവമായി എടുത്തിട്ടുള്ളവരുടെ കൂട്ടായ്മ ഇത്തരം പ്രവർത്തനങ്ങൾക്കു പിന്നിലുണ്ടായിരുന്നു എന്നുള്ളതിന്റെ തെളിവാണ്. പാറക്കുട്ടത്തും കട്ടപ്പുറത്തും ഉള്ള ജനകീയ വായനശാലകൾ സമീപകാലത്തു നടത്തിയിട്ടുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി സജീവത കൈവരിച്ചു. പഞ്ചായത്തിൽ നിന്ന് ധനസഹായവും ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷനുള്ള നാലു വായനശാലകൾക്ക് ഗ്രന്ഥശാലാ സംഘത്തിൽനിന്ന് ഗ്രാന്റും ലഭിക്കുന്നുണ്ട്. ഗവ. ലെപ്രസി ആശുപത്രിയുടെ ഇൻമേറ്റ്സ് ലൈബ്രറിയിലും, പഞ്ചായത്ത് ലൈബ്രറിയിലും ഒഴികെ മറ്റുള്ള വായനശാലകളിൽ ആനുകാലികപ്രസിദ്ധീകരണങ്ങൾ വളരെ കുറച്ചുമാത്രമേ വരുത്തുന്നുള്ളു. പഞ്ചായത്ത് ലൈബ്രറിയിൽ നിരവധി ആനുകാലികപ്രസിദ്ധീകരണങ്ങൾ വരുത്തുന്നുണ്ട്. പഞ്ചായത്തതിർത്തിയുലുള്ള വായനശാലകളിൽ പുസ്തകവിതരണം ശരാശരി 20ൽ കൂടുതൽ ഉണ്ടാകുന്നില്ല. പുസ്തക പാരായണവും ആനുകാലിക പ്രസീദ്ധീകരണങ്ങൾ വായനയും തുലോം കുറവായിട്ടാണ് കാണുന്നത്.

വായനശാലയിൽ പുതിയപുസ്തകങ്ങൾ വാങ്ങിശേഖരിക്കുവാൻ കഴിയാതെ വരുന്നതും, ഇലക്ട്രോണിക് മാധ്യമങ്ങളുടെ കുടുംബസദസ്സുകളിലേക്കുള്ള കടന്നുകയറ്റവും വായനയെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് എടുത്തുപറയാതെ വയ്യ. പുസതകങ്ങൾക്കുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വിലക്കയറ്റവും ഒരളവുവരെ വ്യക്തികളെ പുസ്തകങ്ങൾ വാങ്ങുന്നതിൽനിന്നും വായിക്കുന്നതിൽനിന്നും അകറ്റിയിട്ടുണ്ട്.

കൊരട്ടി പഞ്ചായത്തതിർത്തിയിൽ രണ്ടു പ്രോഫഷണൽ നാടക സമിതിയും ഒരു അമച്ചർ നാടകസമിതിയും ഒരു സംഗീത വിദ്യാലയവും ഉൾപ്പെടെ ഇരുപതു കലാകായിക സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഒരുപാടു സ്റ്റേജുകളിൽ അവതരിക്കപ്പെട്ടിട്ടുള്ള ഉന്നത

315

നിലവാരം പുലർത്തുന്ന നാടകങ്ങളും ബാലെകളും അവതരിപ്പിക്കുന്ന 'കലാരംഗം', 'രജപുത്ര' എന്നീ നാടക സമിതികളും, വളരെയേറെ നാടക മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങിയിട്ടുള്ള അമച്വർ നാടകസംഘമായ 'ശ്രീ പദം' ആർട്സും, വനിതകൾ മാത്രം നടത്തുന്ന രാഗാഞ്ജലി സ്ക്കൂൾ ഓഫ് മ്യൂസിക്കും, അവയുടെ പ്രവർത്തനമേഖയിലെ സവിശേഷതകൾകൊണ്ട് ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളവയാണ്.

കൊരട്ടിയിലെ സംസ്കാരികരംഗത്തെപ്പറ്റി പരാമർശിക്കമ്പോൾ അവിസ്മരിണിയമായ ചിലപേരുകൾ ഉണ്ട്. അതിൽ പ്രഥമഗണനീയരായവരിൽ ഒരാളാണ് 1995 ഏപ്രിൽ 19ന് അന്തരിച്ച ശ്രീ. ഔസേപ്പച്ചൻ. പ്രൊഫഷണൽ നാടകരംഗത്ത് അദ്ദേഹം കൈവരിച്ചനേട്ടം നിസ്തുലമാണ്. അങ്കമാലി 'നാടകനിലയ'ത്തിന്റെ ജീവാത്മാവും പരമാത്മാവുമായിരുന്നു അദ്ദേഹം. 1995ൽ നാടകനിലയം അവതരിപ്പിച്ച "വീരശൃംഖല" ആവർഷത്തെ ഏറ്റവും നല്ല നാടകത്തിനുള്ള സംസ്ഥാന ഗവൺമെന്റ് അവാർഡുനേടി അദ്ദേഹത്തിന്റെ അകാലത്തിലുള്ള വേർപാട് പ്രൊഫഷണൽ നാടകരംഗത്തിനും, വിശിഷ്യ കൊരട്ടി നിവാസികൾക്കും ഒരുതീരാനഷ്ടമായി അവശേഷിക്കുന്നു.

യശ്ശ: ശരീരനായ ശ്രീ. വർഗ്ഗീസ് പോൾ നാടകകൃത്ത് എന്ന നിലയിൽ പ്രശസ്തനായിരുന്നു. അദ്ദേഹം നിരവധിനാടകങ്ങൾ എഴുതുകയുണ്ടായി വിക്രം സാരാഭായി സെന്ററിന്റെ വികാസ്സ് അവാർഡും ഏറ്റവും നല്ല നാടകത്തിനുള്ള സംസ്ഥാന അവാർഡ് മൂന്നു പ്രാവശ്യവും നേടുകയുണ്ടായി. അദ്ദേഹം 26 പ്രൊഫഷണൽ നാടകങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതി അവതരിപ്പിച്ച രണ്ടു നാടകങ്ങൾ സംസ്ഥാനഗവൺമെന്റിന്റെ ഏറ്റവും നല്ല നാടകത്തിനുള്ള അവാർഡുനേടി. കൊരട്ടിയിൽ സാംസ്ക്കാരിക രംഗത്ത് എന്നും ഒരു നെടുംതൂണായിപ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന്റെ വേർപാടും ഒരുതീരാനഷ്ടംതന്നെ.

കൊരട്ടി എന്നും നാടകത്തിന് വളക്കൂറുള്ള മണ്ണാണ്. ആ സവിശേഷത ഇന്നും തുടരുന്നു. ശ്രീ.വർഗ്ഗീസ് പോളും, ശ്രീ.ഔസേപ്പച്ചനും, ശ്രീ.എം.എസ്.നമ്പൂതിരിയും മറ്റും തുടങ്ങിവച്ച പാതയിലൂടെ സഞ്ചരിക്കുന്ന നിരവധി പിൻതലമുറക്കാർ കൊരട്ടിയിൽ ഉണ്ടെന്നുള്ളത് ഏറെ സന്തോഷം നൽകുന്നു. അവരിൽ ഒരാളാണ് ശ്രീ.ജോൺസൺ എസ്തപ്പാൻ. നാടകകൃത്ത് എന്ന നിലയിൽ അസ്ഥിത്വം സ്ഥാപിച്ചെടുക്കുന്നതിൽ അദ്ദേഹം പൂർണ്ണമായി വിജയിച്ചിരിക്കുന്നു.

ലളിത കലാ അക്കാദമിയുടെ അവാർഡ്നേടിയിട്ടുള്ള ശ്രീ.സാമുവൽ വർഗ്ഗീസും പ്രത്യേക പരാമർശം അർഹിക്കുന്ന ആളാണ്.

വ്യക്തിത്വമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാറുള്ള പല കലാസമിതികൾക്കും സ്വന്തമായി സ്ഥലമോ, കെട്ടിടമോ, സംഗീതനാടക അക്കാദമിയുടെ അംഗീകാരമോ ഇല്ല. അക്കാദമിയുടെ അംഗീകാരം വഴി പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായവും മറ്റു സൗകര്യവും ലഭിക്കുമെന്നുള്ളതുകൊണ്ട്, സജീവമായി പ്രവർത്തിക്കാത്ത എല്ലാ കലാ-കായിക സമിതികളുടേയും പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ മൂന്നു ഹൈസ്ക്കൂളുകളിലും പോളിടെക്നിക്കിലും സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുണ്ട്. ഹൈസ്ക്കൂളുകളിൽ ഏകദേശം 50,000 ത്തോളം ഗ്രന്ഥങ്ങൾ ഉണ്ട്. ഇവയിൽ ലക്ഷക്കണക്കിന് രൂപ വില പിടിപ്പുള്ള റഫറൻസ് ഗ്രന്ഥങ്ങളുണ്ട്. ഇവയിൽ പോളിടെക്നിക്ക് ലൈബ്രറിയിലെ റഫറൻസ് ഗ്രന്ഥങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നവയാണ്.

പ്രന്റിങ്ങ് പ്രസ്സുകളുടെ കാര്യത്തിൽ കൊരട്ടി പഞ്ചായത്തിൽ സമ്പന്നമാണ്. കൊരട്ടിയിലുള്ള പ്രിന്റിങ്ങ് പ്രസ്സുകളിൽ രണ്ടെണ്ണം ഓഫ് സെറ്റ് പ്രസ്സുകളാണ്. ചിറങ്ങരയിലെ ഭാവന ഓഫ് സെറ്റ് പ്രസ്സും, കൊരട്ടി സെന്ററിലുള്ള യൂണിവേഴ്സൽ പ്രസ്സുമാണ്. പ്രിന്റിങ്ങ് മേഖലയിൽ ഉണ്ടാകുന്ന ആധുനിക പ്രവണതകളാണ് ഈ പ്രസ്സുകൾ. ഇവയെ കൂടാതെ കൊരട്ടി പഞ്ചായത്തിലുള്ള മറ്റു പ്രസ്സുകൾ :

1. കെ. ആർ. പ്രിന്റേഴ്സ്
2. ഓലിയാപ്പുറം പ്രിന്റേഴ്സ്

316

3. ഹണി പ്രിന്റേഴ്സ്

4. ഷയിൻ ഡാറ്റ പ്രിന്റേഴ്സ്

5. ജേക്കബ്ബ് പ്രിന്റേഴ്സ്

6. ഡിപോൾ പ്രിന്റേഴ്സ്

7. സെന്റ് ജോർജ് പ്രിന്റിങ്ങ് വർക്ക്സ്

കൊരട്ടിയിൽ ഒരു D.T.P. സെന്റർ ഉണ്ട്. ഈ മാസവസാനത്തോടെ ഭാവന ഓഫ് സെറ്റ് മറ്റൊരു D.T.P. യൂണിറ്റ് ആരംഭിക്കുന്നതാണ്.

ഗ്രാമസഭാചർച്ചകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പൊതുവായ പ്രശ്നങ്ങൾ.

(1). എല്ലാവാർഡുകളിലും നിലവിലുള്ള കലാ-കായിക സംഘങ്ങൾക്ക് ടിവി, റേഡിയോ, സ്പോർട്സ് ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കണം. എല്ലാവാർഡുകളിലും ഓരോ പൊതു കളിസ്ഥലവും വേണം.

(2). പഞ്ചായത്ത് ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുക, ഒരു റഫറൻസ് ലൈബ്രറിയായി ഉയർത്തുക. വായനാശീലംവളർത്തുന്നതിന് വീടുകളിൽ പുസ്തകം എത്തിക്കുന്ന ടൂറിങ്ങ് ലൈബ്രറി ഏർപ്പെടുത്തുക. സാംസ്ക്കാരിക നിലയത്തിൽ കലാ-സാഹിത്യ-സാംസ്ക്കാരിക നായകന്മാരെ ഉൾപ്പെടുത്തികൊണ്ട് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക. പഞ്ചായത്ത് വായനശാലയുടെ കീഴിൽ ഒരു കലാകായിക സമിതി രൂപീകരിക്കുക, കലാ കായിക പ്രതിഭകളായിട്ടുള്ള വിദ്യാർത്ഥി കൾക്കും, യുവജനങ്ങൾക്കും, വിദഗ്ദ്ധപരിശീലനങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്യുക. പഞ്ചായത്തുതലത്തിൽ നാടൻ കലാമേളകൾ സംഘടിപ്പിക്കുകയും, കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുകയും വേണം.

3). കിഴക്കൻ പ്രദേശമായ നാലുകെട്ട് ആസ്ഥാനമായി ഒരു കമ്മ്യൂണിറ്റി ഹാൾ വേണമെന്ന നിർദ്ദേശവും, മംഗലശേരി വായനശാലയുടെ സ്ഥാനത്ത് ഒരു ബഹു നില കെട്ടിടം സ്ഥാപിച്ച് അതിൽ സാംസ്ക്കാരിക നിലയവും, വിവിധ ഗവ: വകുപ്പുകളുടെ സർവ്വീസ് സെന്ററുകളും അംഗൻവാടി, ആരോഗ്യ കേന്ദ്രം, തുടങ്ങിയവയും ആരംഭിക്കണമെന്നും ഒരു കളിസ്ഥലം നിർമ്മിക്കണമെന്നും നിർദേശവുമുണ്ട്.

4). ചെറ്റാരിക്കൽ പ്രദേശത്ത് നിലനിൽക്കുന്ന മുടിയേറ്റ് എന്ന തനതു കലാരൂപം മദ്ധ്യകേരളത്തിലും ഉത്തര കേരളത്തിലും മാത്രം നിലനിൽക്കുന്നതും, ലോകപ്രസിദ്ധമായതുമാണ്. അത് പുനഇജ്ജീവിപ്പിക്കുവാനും, കൂടുതൽ വേദിയൊരുക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം. ഈ പഞ്ചായത്തിൽ ഇന്നു നിലനിൽക്കുന്ന കലയാണ് കരയാട്ടം. ഇത് അതിപുരാതനമായ ഒരു കലയാണ്. ഇതിന്റെ ഉൽഭവം തമിഴ്നാട്ടിൽ നിന്നാണെന്ന് കരുതപ്പെടുന്നു. ഇന്ന് പല വേദികളിലും ഇത് അവതരിപ്പിക്കപ്പെടുന്നുണ്ട്.

5) കൊരട്ടി പഞ്ചായത്തതിർത്തിയിലെ എല്ലാതരം സാംസ്ക്കാരികപ്രവർത്തനങ്ങളുടേയും കേന്ദ്രം പഞ്ചായത്ത് സാംസ്ക്കാരിക നിലയം ആയിരിക്കണം. പഞ്ചായത്ത് ലൈബ്രറിയെ നവീകരിച്ച് റഫറൻസ് ലൈബ്രറി ആക്കണം. കുടുംബിനികൾ ഉൾപ്പടെയുള്ളവരുടെ വായനാശീലം വളർത്തുന്നതിനെ നിലവിലുള്ള ലൈബ്രറി സംവിധാനത്തിൻ കീഴിൽ ഒരു ടൂറിങ്ങ് ലൈബ്രറി സർവ്വീസ് ആരംഭിക്കണം.

6) ഇപ്പോൾ സാംസ്ക്കാരിക നിലയത്തിന് കീഴിലുള്ള കമ്മ്യൂണിറ്റി ഹാൾ എതാവിധി ഉപയോഗിക്കുന്നില്ല. ഹാളിനുള്ളിൽ പൊതു പരിപാടികൾ നടത്തുന്നതിനുവേണ്ട സൗകര്യങ്ങളുടെ കുറവാണ് ആയതിനു കാരണം. എല്ലാ തരം പൊതു പരിപാടികളും നടത്തുന്നതിനുവേണ്ട മുഴുവൻ സജ്ജീകരണങ്ങളും

ഹാളിനുള്ളിൽ ഒരുക്കേണ്ടതാണ്. കലാസംഘടനകൾക്ക് സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ കുറഞ്ഞ നിരക്കിൽ അനുവദിക്കേണ്ടതാണ്.

**സാദ്ധ്യതകൾ**

പഞ്ചായത്തതിർത്തിക്കുള്ളിൽ ഇപ്പോൾ പ്രവർത്തിക്കുന്നതും, പുനരുദ്ധാരണത്തിലിരിക്കുന്നതുമായ വായനശാലകൾ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്യേണ്ടതാണ്. ലൈബ്രറിക്കുള്ള ഗ്രാന്റും ലൈബ്രറിയനുള്ള ശമ്പളവും ഗ്രന്ഥശാലാ സംഘത്തിൽ നിന്നു ലഭിക്കും. സ്വന്തമായി സ്ഥലമുണ്ടെങ്കിൽ കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായവും ലഭിക്കും. പഞ്ചായത്തിൽ നിന്ന് മെയിന്റൻസ് ഗ്രാന്റും, വാടക ഗ്രാന്റും, പുസ്തക ഗ്രാന്റും നൽകണം. വായനശാലകൾക്ക് ആനുകാലിക പ്രസദ്ധീകരണങ്ങളും ദിനപത്രങ്ങളും വരുത്തുന്നതിന് പ്രത്യേക ധനസഹായം നൽകേണ്ട താണ്. പഞ്ചായത്ത്, പബ്ലിക്ക് റിലേഷൻസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ എല്ലാ വായന ശാലകളിലും ടിവി, റേഡിയോ തുടങ്ങിയവ സ്ഥാപിക്കുവാൻ കഴിയും.

എല്ലാ വായനശാലകളും വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളായിരിക്കണം. നവ സാക്ഷരർക്കുള്ള തുടർ വിദ്യാഭ്യാസത്തിനുള്ള ഊർജ്ജിത ശ്രമങ്ങൾ വായന ശാല കേന്ദ്രീകരിച്ച് നടത്തേണ്ടതും അതിനുവേണ്ടുന്ന പുസ്തകങ്ങൾ വാങ്ങുന്നതിന് പഞ്ചായത്ത് ധന സഹായം നൽകേണ്ടതുമാണ്. പ്രവർത്തനം നിലച്ചുപോയ ചെറ്റാരിക്കൽ വായനശാലയും, പാലമുറി ശാസ്ത്രി മെമ്മോറിയൽ വായനശാലയും പുനരുദ്ധരിക്കുന്നതിന് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകണം. വായനശാലകളില്ലാത്ത വാർഡുകളിൽ ആയതു രൂപീകരിക്കുവാൻ പ്രവർത്തകർ മുന്നോട്ടു വരികയാണെങ്കിൽ പഞ്ചായത്തു സഹായം നൽകേണ്ടതാണ്. സ്കൂൾ തലത്തിൽ വായനശീലം വളർത്തുന്നതിന് സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്. മാസത്തിൽ ഒരു പീരിഡെങ്കിലും വായനക്കും, വായനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി മാറ്റി വയ്ക്കുവാൻ വേണ്ട നിർദേശങ്ങൾ നൽകേണ്ടതുമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ കലാ-സാംസ്ക്കാരിക സമിതികളും സംഗീത നാടക അക്കാദമിയുടെ കീഴിലുള്ള കേന്ദ്ര കലാ സമിതിയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കേണ്ടതാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന എല്ലാ കലാ സമിതിയുടേയും പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം പഞ്ചായത്ത് നൽകേണ്ടതാണ്. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന കലാസമിതികളേയും പഞ്ചായത്ത് പ്രത്യേകം പ്രോത്സാഹിപ്പിക്കണം. പഞ്ചായത്ത് സാംസ്ക്കാരിക നിലയം കേന്ദ്രമാക്കി എല്ലാ കലാ സമിതികളേയും അഫിലിയേറ്റ് ചെയ്തുകൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രകലാ സമിതി രൂപീകരിക്കണം. ഈ കേന്ദ്രകലാ സമിതിയുടെ നേതൃത്വത്തിൽ ചർച്ചകൾ, സെമിനാറുകൾ, ക്ലാസ്സുകൾ, കലാമത്സരങ്ങൾ, കലാമേളകൾ, നാടനകലാമേളകൾ തുടങ്ങിയവ നടത്തേണ്ടതാണ്. കലാപ്രതിഭകളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തതിർത്തിയിലുള്ള സ്കൂളുകളിലെ കലാപ്രതിഭകളെ കണ്ടെത്തി പ്രത്യേക പ്രോത്സാഹനം കൊടുക്കുവാൻ കഴിയും.

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. നല്ലൊരു കായിക സംസ്ക്കാരം വളർത്തിയെടുക്കുന്നതിന് മത്സാരാടിസ്ഥാനത്തിലല്ലാത്ത ഒരു കായികസങ്കല്പം വളർത്തി യെടുക്കേണ്ടിയിരിക്കുന്നു. ചാമ്പ്യന്മാരെ സൃഷ്ടിക്കുക എന്ന ലക്ഷ്യമായിരിക്കരുത് നല്ലൊരു കായിക സംസ്ക്കാരത്തിന്റെ ലക്ഷ്യം. ദൃഢചിത്തത, ധൈര്യം, തുടങ്ങിയവ ദൃഢ ഗാത്രനായ ഒരാളുടെ ലക്ഷണങ്ങളാണ്. സ്ത്രീകൾക്ക് കായിക പരിശീലനം ലഭിക്കുന്നതു വഴിആത്മധൈര്യം, പ്രതിസന്ധി കളെ നേരിടാനുള്ള കഴിവ് തുടങ്ങിയവ ലഭിക്കുന്നു. ഈ ഒരു ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം കായിക സംസ്ക്കാരം രൂപപ്പെടുത്തേണ്ടത്. എന്നിരുന്നാലും വ്യക്തിഗത നേട്ടങ്ങളെ അതർഹിക്കുന്ന രീതിയിൽ പ്രോത്സാഹിപ്പിക്കേണ്ടതും, കൂടുതൽ ഔന്നിത്യങ്ങളിലേയ്ക്കെത്തുവാൻ വേണ്ട പാത ഒരുക്കി കൊടുക്കേണ്ടതുമാണ്. എല്ലാ സ്പോർട്സ് ക്ലബ്ബുകളും ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കേണ്ട താണ്. ഇടയ്ക്കിടെ കായികമത്സരങ്ങൾ സംഘടിപ്പിക്കേണ്ടതും, കൂടുതൽ പരിശീലനം നൽകേണ്ടവർക്ക് പഞ്ചായത്ത് പരിശീലനത്തിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കേണ്ടതുമാണ്. എല്ലാ സ്പോർട്സ് ക്ലബ്ബുകളേയും

318

ചേർത്ത് കൊരട്ടി സാംസ്ക്കാരികനിലയം കേന്ദ്രമാക്കി പഞ്ചായത്തു തലത്തിൽ കേന്ദ്ര സ്പോർട്സ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്. പ്രധാന കായിക താരങ്ങളേയും സ്പോട്സ് രംഗത്ത് പ്രവർത്തിക്കുന്ന P.I. സെബാസ്റ്റ്യനേപ്പോലുള്ള പ്രമുഖരേയും, സ്കൂളുകളിലെ കായിക അദ്ധ്യാപകരേയും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ക്ലബ്ബുകൾക്ക് കീഴിൽ കായിക പരിശീലനങ്ങളും, പ്രകടനങ്ങളും നടത്തുവാൻ നിലവിലുള്ള പഞ്ചായത്തു കളിസ്ഥലം ഉപയോഗപ്പെടുത്തേണ്ടതും, അതിനുവേണ്ട, സൗകര്യങ്ങൾ ഒരുക്കി കൊടുക്കേണ്ടതുമാണ്. പ്രാദേശികമായി കായിക പരിശീലനത്തിനും പ്രകടനത്തിനുമായി സ്കൂളുകളുടേയും സ്ഥാപനങ്ങളുടേയും കളിസ്ഥലങ്ങൾ സഹകരണാടിസ്ഥാനത്തിൽ പ്രയോജന പ്പെടുത്തേണ്ടതാണ്. വാർഡുതോറും കളിക്കളം നിർമ്മിക്കുക എന്നത് അപ്രയോഗികമായതിനാലാണ് ഇതൊരു സാദ്ധ്യതയായി കാണുന്നത്. ഭാവിയിൽ ഒരു സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ടതാണ്, ഇതിനായി മധുരാകോട്സിന് പിൻവശത്ത്, പോളിടെക്നിക്കിനു സമീപത്തായി ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടത്തുവാൻ കമ്പനി അധി കൃതരും സർക്കാരുമായി കൂടി ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

## കൊരട്ടി ഗ്രാമപഞ്ചായത്തിലെ കലാ-കായികസംഘടനൾ

1. നവധാര ആട്സ് ക്ലബ്ബ്, ഇളഞ്ചേരി
2. കലാകൈരളി, നാലുകെട്ട്
3. സാംസ്ക്കാരിക സമിതി, നാലുകെട്ട്
4. ഫ്രണ്ട്സ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്(FASE), തിരമുടിക്കുന്ന്
5. യൂത്ത് ക്ലബ്ബ്, പൊങ്ങം
6. ജാസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, തിരുമുടിക്കുന്ന്
7. ഐശ്വര്യ കലാ-സാംസ്ക്കാരിക സമിതി, വഴിച്ചാൽ, കൊരട്ടി സൗത്ത് P.O
8. പുരോഗമന കലാസാഹിത്യ സംഘം, കട്ടപ്പുറം യൂണിറ്റ്, കൊരട്ടി P.O
9. ഡോൾഫ് ക്ലബ്ബ്, കട്ടപ്പുറം
10. പ്ലാസ്സാ ബോയ്സ്, കട്ടപ്പുറം
11. ധന്യ ആർട്ട്സ് ക്ലബ്ബ്, ആറ്റപ്പാടം
12. ചുനക്കര-ക്ലാസ്സ് ക്ലബ്ബ്, കൊരട്ടി
13. പ്രസ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പ്രസ്സ് കോർട്ടേഴ്സ്, ഖന്നാനഗർ P.O
14. യുവചേതന, ചീനി, കൊരട്ടി ഈസ്റ്റ് P.O.
15. ശാസ്ത്രി മെമ്മോറിയൽ, ക്ലബ് പാലമുറി
16. ദൃശ്യകല, പെരുമ്പി
17. ശ്രീപദം ആർട്സ്, കൊരട്ടി (അമച്വർനാടകസമിതി)
18. കലാരംഗം, കൊരട്ടി P.O (പ്രൊഫഷണൽ നാടക സമിതി)
19. രജപുത്ര, കൊരട്ടി P.O (പ്രൊഫഷണൽ നാടക സമിതി)
20. രാഗാഞ്ജലി സ്കൂൾ ഓഫ് മ്യൂസിക്, കൊരട്ടി(വനിത സംഗീത വിദ്യാലയം)

319

ഗ്രന്ഥശാലകൾ

1. പഞ്ചായത്ത് ലൈബ്രറി & റീഡിങ്ങ് റൂം (പഞ്ചായത്ത്)
2. ഗവ:ഓഫ് ഇന്ത്യ പ്രസ്സ് വെൽഫയർ ലൈബ്രറി (കേന്ദ്രസർക്കാർ)
3. ഇൻമേറ്റ്സ് ലൈബ്രറി & റീഡിങ്ങ് റൂം, L.H, തിരുമുടിക്കുന്ന് (ജനകീയം)
4. ഗ്രാമീണ വായനശാല, മംഗലശേരി
5. ഗ്രാമീണ വായനശാല, കട്ടപ്പുറം
6. ജനകീയ വായലശാല, പാറക്കൂട്ടം
7. കോനൂർ ലൈബ്രറി & ആർട്ട്സ് ക്ലബ്ബ്, കോനൂർ
8. ശാസ്ത്രി മെമ്മേറിയൽ വായനശാല, പാലമുറി
9. ചെറ്റാരിക്കൽ വായനശാല

# വനിതാക്ഷേമം

കൊരട്ടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ അധികവും പുരുഷന്മാരാണ്. ഇത് കേരളത്തിലെ ഗ്രാമ പഞ്ചായത്തുകൾക്ക് ഒരപവാദമാണ്. മൊത്തം 30118 ജനസംഖ്യയുള്ള പഞ്ചായത്തിൽ 15014 പേർ വനിതകളാണ്. പുരുഷന്മാർ 15104 ഉം. അതായത് 1000 പുരുഷന്മാർക്ക് 994 സ്ത്രീകൾ. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽ സ്ത്രീകളാണ് കൂടുതൽ. കേരളത്തിൽ ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1036 സ്ത്രീകൾ ഉണ്ട്. എന്നാൽ ഇൻഡ്യയിൽ 1000 പുരുഷൻമാർക്ക് 927 സ്ത്രീകൽ മാത്രമേയുള്ളൂ. 6102 കുടുംബങ്ങളിൽ 600-ൽ പരം കുടുംബങ്ങൾ സ്ത്രീ കുടുംബനാഥനായിട്ടുള്ളവയാണ്.

ജനസംഖ്യയിൽ സ്ത്രീ പുരുഷനേക്കാൾ പിറകിലാണ്. വിദ്യാഭ്യാസ നിലവാരത്തിലും തഥൈവ. അത്പോലെതന്നെ, തൊഴിൽ രംഗത്തും സ്ത്രീ പങ്കാളിത്തം കുറവാണ്. സർക്കാർ ഇദ്യോഗങ്ങളും സേവനമേഖലയുമാണ് സ്ത്രീകൾക്ക് താൽപര്യമെന്ന് ആരംഗത്തെ സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഈ പഞ്ചായത്തിലുള്ള സേവനസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 449 ജീവനക്കാരിൽ 390 സ്ത്രീകളാണ്. ഈ മേഖലയിലെ തൊഴിൽ സാദ്ധ്യത കുറഞ്ഞുവരികയുമാണ്. കാർഷികരംഗത്താണ് സ്ത്രീകൾ കൂടുതലായി തൊഴിലെടുക്കുന്നത്. ആ മേഖലയിൽ സ്ഥിരമായി തൊഴിൽ ഇല്ലാതാനും. അതിനാൽ നിർമ്മാണരംഗത്ത് തൊഴിൽ തേടാൻ സ്ത്രീകൾ നിർബന്ധിതരായിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ അനുഭവപ്പെടുന്ന മാന്ദ്യം വിദൂരസ്ഥലങ്ങളിൽ തൊഴിൽ തേടിപ്പോകുന്നതിന് അവരെ പ്രേരിപ്പിക്കുന്നു. ഇത് സ്ത്രികൾക്ക് വളരെ ദുരിതങ്ങൾ വരുത്തിവെയ്ക്കുന്നു.

പൊതുപ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും വിരളമാണ്. രാഷ്ട്രീയ പ്രവർത്തനത്തിലും ബഹുജന സംഘടനാ രംഗത്തും സജീവ പ്രവർത്തകർ ഇരുപതിൽ കൂടുതലില്ല. വ്യവസായ സ്ഥാപനങ്ങളിൽ ട്രേഡ്യൂണിയൻ പ്രവർത്തനം സജീവമാണെങ്കിലും ഈ രംഗത്തും സ്ത്രീകൾ അറച്ചു നിൽക്കുന്ന അനുഭവമാണുള്ളത്. എങ്കിലും കർഷക തൊഴിലാളി യൂണിയനുകളിൽ നേതൃസ്ഥാനം വഹിക്കുന്ന വനിതകളാണ്. നേതൃത്വ സ്ഥാനത്തേക്ക് വരുവാൻ അവർ തല്പരരല്ല. പുരുഷമേധാവിത്വ മാകാം കാരണം.

തൊഴിലില്ലായ്മ ഏറെ ബാധിച്ചിരിക്കുന്നത്. സ്ത്രീകളെയാണ്. 12253 സ്ത്രീകൽ ഈ പഞ്ചായത്തിൽ തൊഴിലില്ലാത്തവരാണ്. എന്നാൽ തൊഴിൽ ഇല്ലാത്ത പുരുഷന്മാരുടെ എണ്ണം 9097 ആണ്. സർക്കാർ സ്ഥാപനങ്ങളിലും സേവനതുറകളിലും തൊഴിൽ തേടാനുള്ള ഒരു പ്രവണതയാണ് അഭ്യസ്തവിദ്യരായ സ്ത്രീകളിൽ കണ്ടുവരുന്നത്. പഞ്ചായത്തിൽ ഏഴ് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ മൂന്നു യീണിർറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വനിതാസഹകരണസംഘങ്ങൾ ഇല്ല എന്നത് ന്യൂനതയായി നിലനില്ക്കുന്നു. അത്തരത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു.

| | പു | സ്ത്രി |
|---|---|---|
| ജനസംഖ്യ | 15104 | 15014 |
| തൊഴിലില്ലാത്തവർ | 9097 | 12253 |
| ശതമാനം | 60.23 | 81.61 |

322

## പട്ടിക

## DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 III (സ്വാശ്രയ) | പനമ്പ് നെയ്ത്ത് | 1993–94 | 10 | കാര്യക്ഷമമായി പ്രവർത്തിക്കുന്നു |
| 2 II (സഹൃദയ) | ചിപ്സ് | 16–8–95 | 10 | |
| 3 V (ശ്രീലക്ഷ്മി) | പനമ്പ് നെയ്ത്ത് & ആടുവളർത്തൽ | 1995 | 10 | കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു |
| 4 XII (ജ്യോതി) | മിൽമ | 1996 | 12 | കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു |
| 5 V (ദൃശ്യ) | പന്നിവളർത്തൽ | 1995 | 10 | |
| 6 III | ചെരുപ്പ് നിർമ്മാണം | — | 10 | |
| 7 III (മൈത്രി) | പനമ്പ് നെയ്ത്ത് | — | 10 | |

സ്ത്രീപക്ഷത്തുനിന്ന് കാര്യങ്ങൾ വീക്ഷിക്കുമ്പോൾ പുരുഷമേധാവിത്വം എല്ലാ മേഖലകളിലും കാണാൻ കഴിയുന്നു. തന്മൂലം പൊതുരംഗത്ത് സ്ത്രീ പങ്കാളിത്തം കുറഞ്ഞു വരുന്നു. പുരുഷന്മാരുടെ മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും മൂലം സ്ത്രീകൾ മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്നു. തന്മൂലം ഭാവി ജീവിതത്തെ ആത്മവിശ്വാസത്തോടെ സമീപിക്കാൻ അവർക്ക് കഴിയാതെ വരുന്നു. സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങളും ലൈംഗികപീഡനങ്ങളും കുറവാണ്. മരണനിരക്ക് കുറവ് സ്ത്രീകളിലാണെങ്കിലും വിവിധതരം രോഗങ്ങൾ സ്ത്രീകളിൽ കണ്ടുവരുന്നു. പോഷകാഹാരക്കുറവ് കൂടുതൽ അനുഭവപ്പെടുന്നത് സ്ത്രീകളിലാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾ, ഗൃഹജോലിയും കുടുംബാംഗങ്ങളുടെ ശുശ്രൂഷയും കടമയായി കണക്കാക്കുന്ന ഒരു ജീവിത രീതിയാണ് നമുക്കുള്ളത്. ഗൃഹജോലികൾ സ്ത്രീകൾ മാത്രം ചെയ്യേണ്ടതാണെന്ന ഒരു കാഴ്ചപ്പാട് എങ്ങിനയോ നമ്മളിൽ സ്വാധീനം ചെലുത്തിയിരിക്കുന്നു. ശുദ്ധജലദൗർലഭ്യവും പരമ്പരാഗതമായ അടുപ്പുകളും സ്ത്രീകളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്ത്രീധനം നിയമവിരുദ്ധമാണെങ്കിലും, അത് അതിന്റെ എല്ലാവിധ ബീഭത്സരൂപത്തിലും ഇവിടെ നിലനിൽക്കുന്നുണ്ട്. സ്ത്രീധനത്തിന്റെ തോത് ദിനം തോറും പെരുകി വരുകയാണ്. സാധാരണക്കാർക്ക് താങ്ങാവുന്നതിലും എത്രയോ ഏറെ പെരുകിയിരിക്കുന്നു. അത് പെൺകുഞ്ഞുങ്ങളുടെ ജനനത്തെപ്പോലും നിയന്ത്രിക്കാൻ സാധാരണക്കാരെ പ്രേരിപ്പിക്കുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയും ഈ പ്രവണതയ്ക്ക് സഹായകരമാകുന്നുണ്ട്. ഈ ദുഷ്പ്രവണതയുടെ ഒരു അദൃശ്യഫലമാണ്, പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു എന്നുള്ളത്.

I.C.D.S പ്രോജക്റ്റുകളുടെ പ്രവർത്തനഫലമായി അംഗൻവാടികൾ വന്നതോടുകൂടി ബാലവാടികളും പോഷകാഹാരവിതരണവും മുഖ്യമായി നടത്തി വന്നിരുന്ന മഹിളാസമാജങ്ങൾ വേരറ്റുപോയിത്തുടങ്ങി. ബ്ലോക്ക് തലത്തിൽ നടത്തിയിരുന്ന മഹിളാക്ഷേമപ്രവർത്തനങ്ങൾക്ക ഉദ്ദേശിച്ച ഫലങ്ങൽ ഉളവാക്കുവാൻ കഴിഞ്ഞിട്ടില്ല.

കലാ-കായിക - സാംസ്ക്കാരിക രംഗത്ത് കഴിവുള്ള സ്ത്രീകളുണ്ടെങ്കിലും കൂട്ടായ പ്രവർത്തനങ്ങൾ കുറവാണ്. സ്ത്രീകൾക്ക് മാത്രമായി സ്ത്രീകൾ നടത്തുന്ന കലാസാംസ്ക്കാരിക കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. ഉള്ളവയിൽ തന്നെ സ്ത്രീകളുടെ അംഗത്വം വിരളമാണ്. തൊഴിൽ രംഗത്ത് വേതനത്തിൽ സ്ത്രീപുരുഷ വിവേചനം നിലനില്ക്കുന്നു. തൊഴിൽ നിയമങ്ങൽ ബാധകമല്ലാത്ത മേഖലയിൽ തുല്യജോലിക്ക് തുല്യവേതനം സ്ത്രീക്ക് ലഭിക്കുന്നില്ല. തൊഴിൽ രംഗത്ത് പുരുഷൻമാർക്ക് ഇപ്പോൾ 80 രൂപ വരെ കൂലിയുണ്ടെങ്കിലും സ്ത്രീകൾക്ക ലഭിക്കുന്നത് 50 രൂപ മാത്രമാണ്. അതുപോലെ തന്നെ വിദഗ്ദ്ധ തൊഴിലാളികൾക്ക് 120 രൂപ കൂലി ലഭിക്കുമ്പോൾ അവരുടെ സഹായികളായി പണിയെടുക്കുന്ന സ്ത്രീകൾക്ക് 60 രൂപ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. കൂലിയിലുള്ള ഈ അന്തരം ഓരോ നാൾ ചെല്ലുന്തോറും ഏറി വരികയാണെന്നത് ഏറെ ദുഃഖകരമാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പരിശ്രമിക്കണം.
2. തൊഴിൽ വിഭജനത്തിലെ വിവേചനം അവസാനിപ്പിക്കണം.
3. സ്വയം തൊഴിൽ ആരംഭിക്കുവാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കണം.
   പരമ്പരാഗത തൊഴിൽ മേഖലയിൽ സഹകരണ അടിസ്ഥാനത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. കൈക്കുത്തരി, പഴസംസ്ക്കരണം, ചിപ്സ്, പശുവളർത്തൽ, ആട് വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.
4. മഹിളാസമാജങ്ങൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.
5. മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കണം.
6. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കണം.
7. പാൽസംഭരണം, ക്ഷീരവ്യവസായം, നൂൽനൂൽപ്പ്, നെയ്ത്ത് തുടങ്ങിയവയ്ക്ക് സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
8. സ്ത്രീപീഡനവും വിവേചനവും അവസാനിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തണം.
9. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് മഹിളാഗ്രന്ഥശാലയും സഞ്ചരിക്കുന്ന വായനശാലയും ആവശ്യമാണ്.
10. ഗ്രാമീണ സ്ത്രീ തൊഴിലാളികളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ഡെ കെയർ യൂണിറ്റുകൾ ആരംഭിക്കണം.
11. വിധവകൾക്ക് സഹായം നൽകുകയും എല്ലാ പദ്ധതികളിലും അവരുടെ ക്ഷേമത്തിനായി മുൻഗണന നൽകുകയും വേണം.

324

## സാദ്ധ്യതകൾ

സ്ത്രീകളെ ഉല്പാദനമേഖലയുമായി ബന്ധപ്പെടുത്തി സാമ്പത്തികമായി അവരെ ഉയർത്തിക്കൊണ്ടു വരണം.

(1) പരമ്പരാഗത തൊഴിൽ മേഖലയായ കാർഷിക തൊഴിൽ രംഗത്ത് സ്ത്രീ തൊഴിലാളികളെ ആകർഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

(2) നല്ലയിനം വിത്തുകളും മറ്റും വിതരണം ചെയ്യുകയാണെങ്കിൽ പാർപ്പിട കൃഷി വർദ്ധിപ്പിക്കുവാൻ കഴിയും. ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വീട്ടമ്മമാരെ അംഗങ്ങളാക്കി സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ കഴിയും.

(3) സാങ്കേതിക വിദ്യാഭ്യാസം നേടിയവരുൾപ്പെടെയുള്ള വിദ്യാസമ്പന്നരായ തൊഴിൽ രഹിതരായ യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുക. അവിടേക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

(4) പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള തൊഴിൽ രഹിത യുവതികളെ ഉൾപ്പെടുത്തി വ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഇലക്ട്രോണിക് മേഖലയിൽ അനുബന്ധവ്യവസായം ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്.

(5) ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഗ്രാമവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുവാനും തീപ്പെട്ടി, നെയ്ത്ത്, ഡിറ്റർജന്റ്, വാഷിങ്പൗഡർ, പഴസംസ്ക്കരണം, അച്ചാർ, ബേക്കറിസാധനങ്ങൾ, നോട്ട് ബുക്ക് നിർമ്മാണം, ചൂരൽകൊണ്ടുള്ള ഗൃഹോപകരണങ്ങൾ എന്നനിവയ്ക്ക് വനിതാഗ്രാമവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കാനും സാദ്ധ്യതയുണ്ട്.

(6) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാസംഘടനകളുടെ പങ്കാളിത്വത്തോടെ സ്ത്രീകൾക്കായി നേതൃത്വപരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാം. അതിന് പഞ്ചായത്ത് നേതൃത്വം നൽകുന്നത് നന്നായിരിക്കും.

(7) അനാചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും ആദ്യ ഇരയാകുന്നത് സ്ത്രീകളാണ്. ശാസ്ത്രീയമായ ജീവിത വീക്ഷണം വളർത്തിയെടുക്കുന്നതിന് ബോധവൽക്കരണ സെമിനാറുകൾ നടത്തി ഒരളവോളം പരിഹാരം കാണാവുന്നതാണ്.

(8) അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കളിക്കോപ്പുകൾ ലഭ്യമാക്കണം. ശിശുക്കൾക്ക് കളിക്കാനും വിശ്രമിക്കാനും സൗകര്യം വേണം. ഇതിനായി ബഹുജനപങ്കാളിത്തം ഉറപ്പാക്കുവാൻ സാധിക്കും.

(9) അംഗൻവാടികളിൽ ക്രഷ് ഏർപ്പെടുത്തുക. ഒരു ആയയെക്കൂടി നിയമിച്ചാൽ മതിയാകും. ഇതിന്നും സ്ത്രീജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ പറ്റും.

(10) അംഗൻവാടികൾ കേന്ദ്രമാക്കി ഒരോമഹിളാസമാജം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം. ഈ മഹിളാസമാജങ്ങൾക്ക് അംഗൻവാടിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും P.T.A. പോലെ പ്രവർത്തിക്കുവാനും കഴിയും.

(11) പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യത്തിന് കംഫർട്ട് സ്റ്റേഷൻ ഉണ്ടായിരിക്കണം. കൊരട്ടി സെന്ററിലും ചിറങ്ങര സെന്ററിലും ഓരോ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുവാൻ ജനപങ്കാളിത്തം ഉണ്ടാകും.

(12) വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ നൽകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകണം. എല്ലാ വിധവകൾക്കും ധനസഹായം നൽകണം.

(13) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ മഹിളാസമാജങ്ങളേയും ഉൾപ്പെടുത്തി കേന്ദ്രമഹിളാസംഘം രൂപീകരിക്കുവാൻ സാദ്ധ്യതയുണ്ട്.

(14) പഞ്ചായത്തിൽ കലാ- കായിക-സാഹിത്യ രംഗങ്ങളിൽ തത്പരരായ വനിതകളെ ഉൾപ്പെടുത്തി ഒരു വനിതാ സംസ്ക്കാരിക സംഘടന രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്. പഞ്ചായത്തു സാംസ്ക്കാരിക നിലയമായിരിക്കണം ഈ സംഘടനയുടെ ആസ്ഥാനം.

(15) സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും ബോധവൽക്കരണത്തിനും പുസ്തകം വീട്ടുമുറ്റത്ത് എന്ന പരിപാടി പഞ്ചായത്ത് ലൈബ്രറിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി സ്ത്രീകൾക്ക് മാത്രമായി സഞ്ചരിക്കുന്ന ലൈബ്രറി ആരംഭിക്കുക. ആഴ്ചയിൽ ഒരു ദിവസം പുസ്തവിതരണം നടത്താവുന്നതാണ്.

(16) ലോകവനിതാദിനത്തിൽ വനിതകൾക്കായി കലാ-കായിക-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

(17) സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക പരിഗണന നൽകണം. P.H.Cയിൽ സ്ത്രീരോഗ വിദഗ്ധനെ നിയമിക്കണം. പബ്ലിക്ക് ഹെൽത്ത് വർക്കരുടെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ആരോഗ്യ വിദ്യാഭ്യാസം നടപ്പിലാക്കുകയും വേണം.

(18) പുക മൂലം ഉണ്ടാകുന്ന രോഗങ്ങൾ തടയുന്നതിന് പുകയില്ലാത്ത അടുപ്പ് ആവശ്യമായ വീടുകളിൽ സ്ഥാപിക്കുവാൻ പഞ്ചായത്ത് ബോധവൽക്കരണം നടത്തണം.

(19) വീട്ടമ്മമാർക്ക് വരുമാനമുണ്ടാക്കുന്നതിന് ആട്, നാടൻ പശു, കോഴി, താറാവ് തുടങ്ങിയ വളർത്തു മൃഗങ്ങളെ വ്യാപകമായി വളർത്തുന്നതിന് സാദ്ധ്യതയുണ്ട്. വേണ്ടിവരുന്ന പക്ഷം അത്തരത്തിലുള്ള മൃഗങ്ങളുടെ കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യണം.

(20) വീട്ടമ്മമാരെ ലഘു സമ്പാദ്യ പദ്ധതികളിൽ അംഗങ്ങളാക്കുവാൻ ബോധവൽക്കരണം ആവശ്യമാണ്.

(21) വനിതകളെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിന് പ്രോത്സാഹനം നൽകുക. വനിതാ വിദ്യാലയങ്ങളിലെ P.T.Aപ്രസിഡന്റ് സ്ഥാനങ്ങൾ വനിതകൾക്കായി സംവരണം ചെയ്യുന്നത് നന്നായിരിക്കും. പെൺകുട്ടികൾ കൂടുതൽ ഉള്ള വിദ്യാലയങ്ങളിലെ P.T.A. അദ്ധ്യക്ഷപദവിയും സ്ത്രീകൾക്കായിരിക്കണം.

(22) സ്ത്രീകൾക്ക് തൊഴിൽ പരിശീലനം ലഭിക്കുന്നതിനായി പഞ്ചായത്തു വക Occupational Training Centre ട്രൈസ്സം പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാവുന്നതാണ്. ടൈലറിങ്ങ്, ടിവി, റേഡിയോ മെക്കാനിക്, ടൈപ്പ്റൈറ്റിങ്ങ്, ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിങ്ങ്, കുടനിർമ്മാണം, പുസ്തക നിർമ്മാണം എന്നിവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ കേന്ദ്രത്തെ Training -Cum-Production Centre -ആയി ഉയർത്താവുന്നതാണ്. ട്രൈസം പരിപാടിയിൽ ഉൾപ്പെടുത്തിയാൽ സാമ്പത്തിക ബാദ്ധ്യതയും വരില്ല .

(23) സ്ത്രീകൾക്കു നേരെയുള്ള അക്രമണങ്ങൾക്കും പീഢനങ്ങൾക്കും നിയമപരമായ സംരക്ഷണം നൽകുന്നതിന് പഞ്ചായത്തിൽ താമസിക്കുന്ന സേവനതൽപരരായ വക്കീൽമാരെ ഉൾപ്പെടുത്തിയാൽ ലീഗൽസെൽ രൂപീകരിക്കാവുന്നതാണ്.

(24) സ്ത്രീകളുൾപ്പെടെയുള്ള വ്യവസായ സംരഭകരുടേയും കൈത്തൊഴിൽക്കാരുടേയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് IRDP മേളയുടെ രീതിയിൽ വിൽപന മേളകൾ സംഘടിപ്പിക്കുവാൻ കഴിയും. കൊരട്ടി മുത്തിയുടെ തിരുനാളിനും ഓണത്തിനും 10 ദിവസം നീണ്ടു നിൽക്കുന്ന വില്പനമേള കൊരട്ടി സെന്ററിൽ വിജയകരമായി നടത്താവുന്നതാണ്.

(25). സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണം നടത്തുക. ഭീമമായ തുക സ്ത്രീധനം വാങ്ങി നടത്തുന്ന വിവാഹങ്ങളിൽ നിന്ന് ജനപ്രതിനിധികളും പൊതുപ്രവർത്തകരും വിട്ടു നിൽക്കുന്നത് നല്ലതാണ്.

# സഹകരണ പ്രസ്ഥാനം

ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചിട്ടുണ്ട്. നൂറ് വർഷം ആയിട്ടുള്ളൂ എങ്കിലും കേരളത്തിൽ ഗ്രാമീണ മേഖലകളിൽ കൃഷി, പുരമേച്ചിൽ, കന്നുകാലി വളർത്തൽ എന്നീ രംഗങ്ങളിൽ പത്ത് ശതാബ്ദങ്ങൾക്കു മുമ്പുതന്നെ സഹകരണസംഘങ്ങൾ നിലവിൽ വന്നിരുന്നു. ഭാഷാ ഗവേഷകനായ ഇളംകുളം കുഞ്ഞൻപിള്ള പറഞ്ഞതുപോലെ "എല്ലാവർക്കും വേണ്ടി ഒരുവൻ ഒരുവനുവേണ്ടി എല്ലാവരും" എന്ന ആശയത്തിന്റെ പ്രണയേതാക്കളായ കേരളീയ ഗ്രാമീണ ജനതയാണ് സഹകരണ പ്രസ്ഥാനത്തിന്റെ നാന്ദി കുറിച്ചതെന്നുപറയാം.

കൊരട്ടി പഞ്ചായത്തിലെ 590 സർവ്വീസ് സഹകരണസംഘം 1122 മകരമാസത്തിൽ ആരംഭിച്ചു. ആദ്യ സംഘാടകർ പൈനാടത്ത് കുഞ്ഞുവറീത് മാഷ് ആണ്.

എൺപതുകളിലാണ് സഹകരണസംഘങ്ങൾ പലതും രൂപം കൊണ്ടത്. ദേശീയ പ്രസ്ഥാനങ്ങളുമായി ഈ സംഘങ്ങൾക്ക് കാര്യമായ പങ്കില്ല. മുഖ്യമായും ഡിപ്പാർട്ടുമെന്റുകളുടെ അധീനതയിലായിരുന്നു ഇവ സംഘടിപ്പിക്കപ്പെട്ടത്. കൃഷിക്കാരുടേയോ, സാധാരണജനങ്ങളുടേയോ ദൈനംദിന ആവശ്യങ്ങളും പ്രശ്നങ്ങളും ആയി ഇന്നുള്ള സംഘങ്ങൾ കാര്യമായി ബന്ധം പുലർത്തുന്നില്ല.

ഈ പഞ്ചായത്തിലെ ഏക ക്രെഡിറ്റ് സഹകരണ ബാങ്ക് 590 സഹകരണ ബാങ്കുമാത്രമാണ്. ഈ പഞ്ചായത്തിലെ നോൺ ക്രെഡിറ്റ് – വ്യവസായ സഹകരണ സംഘങ്ങൾ മധുരാകോട്സ്– എംപ്ലോയീസ് സഹകരണസംഘം, ഗവ: പ്രസ്സിലെ –എംപ്ലോയീസ്– സഹകരണസംഘം, പേഷ്യന്റ്സ് കോ–ഓപ്പറേറ്റീവ് സഹകരണസംഘം –G.L.H കൊരട്ടി എന്നിവയാണ്. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ചാലക്കുടി കേന്ദ്രമായുള്ള ഉപഭോക്തൃ സഹകരണസംഘത്തിന്റെ ഒരു ശാഖ കൊരട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷീരോൽപ്പാദകസഹകരണത്തിന്റെ ശാഖകൾ കോനൂരും ചിറങ്ങരയിലും പ്രവർത്തിക്കുന്നുണ്ട്. മത്സ്യ സഹകരണസംഘങ്ങൾ കൊരട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പി.ഡി.പിയുടെ ബ്രാഞ്ചുകൾ കോനൂർ, വാലുങ്ങമുറി, ചിറങ്ങര എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. കൂടുതൽ ലാഭകരമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന മേഖലയാണ് സർവ്വീസ് സഹകരണ സംഘവും, വ്യവസായ സഹകരണ സംഘവും, ക്ഷീരവികസന സഹകരണ സംഘവും പ്രവർത്തന മേഖലകൾ വിപുലപ്പെടുത്തിയതും അംഗസംഖ്യ വർദ്ധിപ്പിച്ചതും കാര്യക്ഷമമായ മാനേജ്മെന്റുമാണ് ലാഭകരമാവാൻ കാരണം. വനിതാ കുടിൽ വ്യവസായം നിലച്ചുപോയത് മധുരാകോട്സ് അടച്ചു പോയതുകൊണ്ടാണ്.

കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 590-ൽ അംഗങ്ങൾ 9.500 ആണ്. ഓഹരിമൂലധനം 65 ലക്ഷം ആകുന്നു. സ്ഥിരനിക്ഷേപം 3,13,86,673 രൂപ ആകുന്നു. ഹ്യസ്വകാല നിക്ഷേപം 19,08,797 രൂപയാകുന്നു. മൊത്തം നിക്ഷേപം 3,32,95,470 രൂപയാകുന്നു. ഈ സംഘത്തിന്റെ ഹ്യസ്വകാലവായ്പ 1,9,68,625 രൂപയും മധ്യകാലവായ്പ 4,18,237 രൂപയും ആകുന്നു.

| | |
|---|---|
| സാധാരണ വായ്പ | 30,05,058 Rs |
| മധ്യകാലവായ്പ (സാധാരണ) | 1,57,86,060 Rs |
| I.R.D.P | 1,56,709 Rs |
| ഭവന നിർമ്മാണം | 45,784 Rs |
| സ്വർണ്ണപണ്ട പണയം | 50,18,180 Rs |
| സെക്യൂരിറ്റി ലോൺ | 8,54,840 Rs |
| മൊത്തം വായ്പ | 2,72,53,554 Rs ആകുന്നു. |

I പട്ടുനൂൽ കൃഷിക്കാരെ സഹായിക്കാൻ സഹകരണസംഘം നിലവിലുണ്ട്. എന്നാൽ പ്രവർത്തന മാന്ദ്യം സംഭവിച്ചിരിക്കുന്നു. മാർക്കറ്റിംഗ് പ്രശ്നവും, ഉല്പന്നത്തിന് അർഹിക്കുന്ന വിലയും കിട്ടാത്തതാണ് കാരണം.

II റബ്ബർ കർഷകരുടെ ഉന്നമനത്തിനായി റബ്ബർ പാൽ സംസ്കരണ ഫാക്ടറിയും റബ്ബർ ഉല്പാദന സഹകരണ സംഘവും രൂപീകരിക്കണം.

III നാളികേര കർഷകരെ സഹായിക്കാൻ കൊപ്രസഹകരണസംഘം ഉണ്ടാക്കണം.

IV ക്ഷീര കർഷകരുടെ ഉന്നമനത്തിനായി ക്ഷീരകർഷക സഹകരണ സംഘം രൂപീകരിക്കുക.

V 590-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് സൗകര്യങ്ങൾ ഉണ്ടാക്കുക.

VI 590-ാം നമ്പർ ബാങ്കിന്റെ ബ്രാഞ്ചുകൾ ആരംഭിക്കുക.

VII തൊഴിൽ രഹിതരായ യുവതിയുവാക്കളുടെ ഉന്നമനത്തിനായി ഒരു വ്യവസായ സഹകരണ സംഘം രൂപവൽക്കരിക്കുക.

VIII പാൽ, കോഴിമുട്ട എന്നിവ സംസ്കരിച്ച് വിവിധ ഉൽപ്പന്നങ്ങാക്കി മാറ്റുന്നതിന് പൊതു ജനങ്ങ ളിൽ നിന്ന് ഷെയർ സമാഹരിച്ച് ഒരു സഹകരണസംഘം സ്ഥാപിക്കുക.

IX കാർഷിക ഉൽപ്പന്നങ്ങളായ തെങ്ങ്, നെല്ല് എന്നിവ വിപണനം ചെയ്യുന്നതിന് ഒരു സഹകരണ സംഘം ഓഫീസ് തുറന്നു പ്രവർത്തിക്കുക.

X കാർഷിക ഉൽപ്പന്നങ്ങൾ കർഷകരിൽ നിന്ന് സംഭരിച്ച് ന്യായമായ വിലയ്ക്ക് ആഴ്ചയിൽ ശനിയാഴ്ച ദിവസം ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുക.

XI സഹകരണസംഘം വഴി മാത്രമേ ന്യായമായ വില ലഭ്യമാകു എന്നും ഇടത്തട്ടുകാരെ ഒഴിവാക്കേ ണ്ടത് ഉണ്ടെന്നും ജനങ്ങളെ ബോധവൽക്കരിക്കുക.

XII അഞ്ചാം വാർഡിൽ ഒരു വിവിധോദ്ദേശ സഹകരണസംഘം രൂപീകരിക്കുക.

XIII കാർഷിക വായ്പയിൽ ഒരു ഭാഗം വളമായി വാങ്ങണം എന്ന നിർബന്ധം നിറുത്തലാക്കുക.

XIV ഖാദി വില്ലേജ് വ്യവസായങ്ങളുമായി ചേർന്ന് സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരം ഭിക്കുക.

XV 5-ാം വാർഡിൽ വനിത സഹകരണസംഘം രൂപവൽക്കരിക്കുക

XVI ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി VI,VIII വാർഡുകളിൽ കർഷക സഹകരണ സംഘങ്ങൾ രൂപവൽക്കരിക്കുക.

XVII വനിതകളുടെ സ്വയം തൊഴിൽ സംരഭം പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഡ്രസ് തയിച്ച് വിപണിയിൽ ഇറക്കുന്നപദ്ധതിക്ക് ധനസഹായം നൽകണം.

XVIII നെല്ലുകുത്തി പുഴുക്കലാക്കി വിൽക്കാൻ വേണ്ട സഹായം ചെയ്യണം.

XIX VI,VII,X വാർഡുകളിൽ കൺസ്യൂമർ സ്റ്റോർ വേണം.

XX പനമ്പുനെയ്ത്ത്, തയ്യൽ പരിശീലനം, കോഴിവളർത്തൽ, ക്ഷീരവ്യവസായം ഇവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക. വിറ്റഴിക്കുവാനുള്ള അസംസ്കൃതവസ്തുക്കൾ വാങ്ങുവാനും സഹായം നൽകുക.

XXI ബാങ്കുകളുടെ സഹായം സാധാരണക്കാരന് ലഭ്യമാക്കണം.

XXII നൂൽനൂൽപ്പു സഹകരണസംഘം ആരംഭിക്കുക.

XXIII സഹകരണ സംഘങ്ങളുടെ നിബന്ധനകൾ ലഘൂകരിക്കുക. ആൾ ജാമ്യത്തിൽ ലോൺ അനുവദിക്കുക.

XXIV മരണഫണ്ട്, സഹകരണ കുറി എന്നിവ ആരംഭിക്കുക.

XXV ജനങ്ങളുടെ സഹകരണത്തിൽ ഗ്രാമോത്സവങ്ങൾ നടത്തണം.

XXVI ഒരു കാർഷികവ്യവസായ ഉല്പന്ന സഹകരണസംഘംരൂപീകരിച്ച് പനമ്പപ നെയ്ത്ത് യൂണിറ്റും, ഖാദി ബോർഡിന്റെ സഹായത്തോടെ വിവിങ്ങ് സെന്ററും, പച്ചതൊണ്ടിൽനിന്ന് ചകിരി നാര് നിർമ്മിക്കുന്ന യൂണിറ്റും, കാലിത്തീറ്റ നിർമ്മാണ യൂണിറ്റും, റബ്ബർ സംസ്ക്കരണ സംഭരണ യൂണിറ്റും, കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റും ആരംഭിക്കുക.

XXVII കോഴിമുട്ട സംഭരണ യൂണിറ്റ് ആരംഭിച്ച് വീടൊന്നിന് 50 മുട്ടക്കോഴികളെ വീതം വളർത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

XXVIII പരമ്പരാഗത തൊഴിൽ നിലനിർത്തുന്നതിന് ചൂരൽ, ഈറ്റ. മുള തുടങ്ങിയ അസംകൃതപദാർത്ഥങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

XXIX ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് കൂടുതൽ സ്ഥലത്തേക്ക് ആഴ്ചയിൽ ഒരു ദിവസമെങ്കിലും വീതം വെള്ളം എത്തിക്കുന്നതിന് നടപടിയെടുക്കണം. നിലവിലുള്ള പദ്ധതിക്കു പുറമേ മറ്റൊരു പദ്ധതികൂടി ഏർപ്പെടുത്തി ഖന്നാനഗർ ഭാഗത്തേക്ക് വെള്ളം എത്തിക്കുവാൻ ആവശ്യമായ നടപടിയുണ്ടാക്കണം. ഇതിനുവേണ്ടി മനുഷ്യ അദ്ധ്വാനം സഹകരണാടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ തയ്യാറാവണം.

XXX വളം ഡിപ്പോകൾ ഓരോ വാർഡിലും വേണം.

330

# പട്ടികജാതി – പട്ടിക വർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യകളുടെ 9.62% പട്ടികജാതി വിഭാഗമാണ്. 4 പട്ടികവർഗ്ഗ കുടുംബവും ഇവിടെ താമസിച്ചുവരുന്നു. പഞ്ചായത്തിൽ 15 കോളനികളുണ്ട്.

വിദ്യാഭ്യാസ സാമൂഹിക, സംസ്ക്കാരിക മേഘലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിനുവിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും, സർക്കാർ പൊന്നും വിലക്കെടുത്ത് നൽകുന്ന 4 സെന്റ് ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പർണ്ണമായും മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും ഇവരെ പങ്കെടുപ്പിക്കുകയും എല്ലാ പൊതുവരിപാടികളിലും പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ തലങ്ങളുൽ നടപ്പാക്കി വരുന്ന പല പദ്ധതികളുടെ വിതരണത്തിലും നടത്തിപ്പിലും, ഉപയോഗത്തിലും വരുന്ന പല പാളിച്ചകളും, പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനോ പിരപൂർണ്ണമായി വിജയിപ്പിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായനേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനിനിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

**വിദ്യാഭ്യാസം :**

പൊതുവേ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി. ക്കുശേഷം തുടർന്നു പഠിക്കുന്നതുനു സാമ്പത്തികപ്രയാസം മൂലം പല കുട്ടികൾക്കും കഴിയുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവന്നതിൽ പഠനം നിറുത്തേണ്ടിവന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യഗത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96–97 അധ്യയനവർഷത്തിൽ പട്ടികജാതിവിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. S.S.L.C. പരാജയപ്പെടുന്നവർ സാമ്പത്തികപ്രയാസം മൂലം തുടർന്നു പഠിക്കാൻ താൽപര്യം കാണിക്കുന്നില്ല. S.S.L.C. ക്ക് മുകളിൽ പഠിക്കുന്ന ധാരാളം കുട്ടികൾ ഉണ്ടെങ്കിലും അവരുടെ കണക്കുകൾ ലഭ്യമല്ല. പ്രീഡിഗ്രിക്കുശേഷം ഉയർന്ന ക്ലാസുകളിൽ പോകുന്നവർ വിരളമാണ്. P.D.C.ക്ക് ഉപരിയായി വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ മാറ്റിയെടുക്കാൻ ഇത്തരം വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതാണ്.

**തൊഴിൽ :**

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചു വന്നിരുന്നവരാണ്. എന്നാൽ കാർഷിക മേഖലയിലെ തകർച്ചയും, ഈ രംഗത്തെ കുറഞ്ഞ കൂലിയും തൊഴിൽ നഷ്ടപ്പെടുത്തുകയും, ജീവിക്കാനുള്ള തൊഴിലിനുവേണ്ടിയും, ഉയർന്ന കൂലിക്കും വേണ്ടി മറ്റു മേഖലകളിലേയ്ക്ക് പോവാൻ നിർബന്ധിതരായി. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. കാർഷിക മേഖലയെ അപേക്ഷിച്ച് ഉയർന്ന കൂലി നിർമ്മാണരംഗത്ത് ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറിയിരിക്കയാണ്.

സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിൽ ഉപരി ഭക്ഷ്യ ധാന്യ ഉല്പാദന വർദ്ധനവിന്റെ ആവശ്യഗത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂലി വേലമാത്രം ചെയ്തു ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

സർക്കാർ അർദ്ധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ സംവരണ തത്വം നിലവിൽ ഉള്ളതുകൊണ്ട് സർക്കാർ സ്ഥാപനങ്ങളിൽ ഈ ജനവിഭാഗത്തിനു സംവരണം ഉള്ളതുകൊണ്ട് ജോലി ലഭിക്കുന്നുണ്ട്. എന്നാൽ പ്രൈവറ്റ് മേഘലയിൽ സംവരണം നിലവിൽ ഇല്ല എന്നതുകൊണ്ട് ഈ മേഖലയിൽ മറ്റുള്ള ആളുകളോടൊപ്പം ഈ ജനവിഭാഗത്തിന് മത്സരിക്കാനോ തൊഴിൽ ലഭ്യമാക്കാനോ സാധിക്കുന്നില്ല. ഇതിനായി സർക്കാർ തലത്തിൽ നിയമ നിർമ്മാണം ആവശ്യമാണ്. പ്രൈവറ്റ് മേഖലയിൽ ഈ ജനവിഭാഗത്തിനു വളരെ വിരളമയാണ് തൊഴിൽ ലഭിക്കുന്നത്.

**പാർപ്പിടം :**

പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്.

## നടപ്പുപദ്ധതികളുടെ അവലോകനം

1995–96 വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും നടപ്പാക്കിയ പദ്ധതികൾ.

**കൊരട്ടി പഞ്ചായത്ത്**

1. കെട്ടി മേച്ചിൽ ഗ്രാന്റ് – 500 ക വീതം ഒരാൾക്ക്
2. വിവാഹധനസഹായ ഗ്രാന്റ് – 2000 ക വീതം 26 പേർക്ക്
3. യാത്രാപടി ഉദ്യോഗാർത്ഥികൾക്ക് SC/OBC -- 18 പേർക്ക് 1261
4. ചികിത്സാ ധനസഹായം. 1000 ക വീതം – അപേക്ഷകിട്ടിയില്ല.

മേൽകാണിച്ച പ്രകാരത്തിൽ മുൻ വർഷങ്ങളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ചികിത്സാ, വിവാഹ ധനസഹായവും, യാത്രാപടിയും അർഹതയുള്ളവർക്കെല്ലാം ഫണ്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു കൊടുക്കുന്ന പദ്ധതികളാണ്.

മേൽ കാണിച്ച കണക്കുകൾ പ്രകാരം 5 വർഷത്തേക്ക് കണക്കാക്കാവുന്നതാണ്.

1995–96 വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി :– ചാലക്കുടി ബ്ലോക്കിന് കൈമാറ്റം ചെയ്ത് നടപ്പിലാക്കുന്നു.

322

1. സംയോജിത ഭവന പദ്ധതി — 15000ക വീതം 1വീട് 15000/-
   -do- 1996-'97 — 15000 ക വീതം 7 വീട് 105000/-
2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി — 25000 ക വീതം ഇല്ല
   -do- 1996-'97 — 25000 ക വീതം 5X 25000=105000
3. ഐ.എച്ച്.സി.പി കോളനികൾ (ഭവനനിർമ്മാണ പദ്ധതികൾ) — 1)നായരങ്ങാടി - കൊടശ്ശേരി പഞ്ചായത്ത്
   2). മംഗലശ്ശേരി - കൊരട്ടി പഞ്ചായത്ത്

പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ
ഗ്രാമ പഞ്ചായത്തിന് കൈമാറ്റം ചെയ്തത്

1. കെട്ടിട മേച്ചിൽ ഗ്രാന്റ്. Rs. 500/- വരുമാനം 4000/-യിൽ താഴെ
2. വിവാഹ ധനസഹായ ഗ്രാന്റ്ഴ Rs. 2000/- വരുമാനം 8000/ രൂപയിൽ താഴെ.

   മുൻഗണന ക്രമം

   a). അച്ഛനും അമ്മയും മരിച്ച പെൺകുട്ടികൾ.
   b). അച്ഛനില്ലാത്ത പെൺകുട്ടികൾ.
   c). അമ്മയില്ലാത്ത പെൺകുട്ടികൾ.
   d). അച്ഛനും അമ്മയും രോഗികളായവരുടെ പെൺമക്കൾ
   e). അച്ഛനും അമ്മയും ഉള്ള പെൺകുട്ടികൾ.
3. യാത്രാപടി ഉദ്യോഗാർത്ഥികൾക്ക്

   പട്ടിക ജാതിക്കാരും ഒ.ഇ.സിക്കാർക്കും വരുമാന പരിധിയില്ല. യാത്രയ്ക്ക ചിലവായ ബസ് ചാർജ്ജ് / രണ്ടാം ക്ലാസ്സ് തീവണ്ടി കൂലി.

ക്ഷബ്ലാക്ക് പഞ്ചായത്തിന് കൈമാറിയ പദ്ധതികൾ

| | | |
|---|---|---|
| 1. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി. | രൂപ | 25000/- |
| 2. സംയോജിത ഭവന നിർമ്മാണ പദ്ധതി. | " | 15000/- |
| 3. ഓടുമേച്ചിൽ ഗ്രാന്റ് | " | 3000/- |
| മേൽ പദ്ധതികൾക്ക് വരുമാന പരിധി. | " | 8000/ |
| 4. ഐ.എച്ച്. ഡി.പി കോളനികളിൽ വീടുകൾ . | " | 15000/- |

## പ്രശ്നങ്ങൾ :

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു. പഠനം പൂർത്തീകരിക്കാൻ കഴിയുന്നില്ല.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു. തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധന സഹായം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നു.പ്രാഥമികസൗകര്യങ്ങളില്ല.
4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതി ഇല്ല.
5. കോളനികളിൽ പൊതു ശ്മശാനമില്ല
6. നിരവധിപേർക്ക് കൈവശ്യഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

333

7. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെടുത്തണം.
8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺ മക്കളുടെ വിവാഹത്തിനും ധന സഹായം ലഭ്യമാക്കണം.
9. ഐ.ആർ.ഡി.പി. പദ്ധതളടേയും മറ്റ് പദ്ധതികളടേയും വിതരണവും, ഉപയോഗവും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
10. പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമവകുപ്പും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും, ധനസഹായവും ലക്ഷ്യം നേടാൻ പോന്നവയല്ല.
11. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവ് ലഭിക്കാതെ പോകുന്നു.
12. കടക്കെണിയിൽപ്പെട്ടു പോകുന്നു.
13. കോളനികളിലെ റോഡുകൾ സഞ്ചാര യോഗ്യമല്ല.
14. കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമല്ല.
15. പരമ്പരാഗത തൊഴിൽ ഇല്ലാതാകുന്നു.

**സാദ്ധ്യതകൾ**

ഈ പഞ്ചായത്തിലെ 80% ഹരിജൻ കുടുംബങ്ങളുംവൈദ്യുതീകരിച്ചതാണ്. മറ്റു വീടുകൾ വൈദ്യുതീകരിക്കാൻ പദ്ധതിക്ക് രൂപം നൽകുക.

**കുടി വെള്ളം.**

ഈ പഞ്ചായത്തിലെ 75% കോളനികളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇതു പരിഹരിക്കുന്നതിന് വേണ്ടി പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ കിണറുകളും, കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗ ശൂന്യമാണ്. നിലവിലുള്ള പൈപ്പുകൾ നീക്കേണ്ടതും, പുതുതായി ടാപ്പുകൾ സ്ഥാപിക്കേണ്ടതുമാണ്. ജലദൗർലഭ്യം പരിഹരിക്കാൻ പുതിയ മിനി പദ്ധതികൾക്ക് രൂപം നൽകണം. നിലവിലുള്ള പദ്ധതികൾ വികസിപ്പിക്കണം.

പത്തിൽകൂടുതൽ പട്ടിക ജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നിടങ്ങളിൽ 10 സെന്റ് സ്ഥലം വിലക്കുവാങ്ങി ശ്മശാനം നിർമ്മിച്ചു നൽകേണ്ടതാണ്. പൊങ്ങം, ആറ്റപ്പാടം എന്നിവിടങ്ങളിലെ ശ്മശാനം ചുറ്റുമതിൽകെട്ടി സംരക്ഷിക്കണം.

ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവുണ്ടാകുന്നതിന് ഈ വിഭാഗത്തിന് പ്രത്യേക ബോധവൽക്കരണം സംഘടിപ്പിക്കേണ്ടതാണ്.

**സാദ്ധ്യതകൾ**

1. പരിസര ശുചീകരണവും ആരോഗ്യപരിപാലനത്തേപ്പറ്റിയും ബോധവൽക്കരണം.
2. സർക്കാർ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം.
3. ഉപരി പഠനത്തിനായി സഹായ നിധി രൂപീകരണം.
4. സ്വകാര്യ മേഖലയിൽ തൊഴിൽ സംഭരണത്തിനായി നിയമ നിർമ്മാണം.
5 കോളനി വൽക്കരണം. ഇല്ലാതാക്കൽ
6. സാംസ്ക്കാരിക സംഘടനകളുടെ രൂപീകരണം.

| നമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | കെട്ടിമേയുന്ന വീടുകൾ | ജലത്തിന്റെ ലഭ്യത | തെരുവ് വിളക്ക് | വൈദ്യുതീകരിച്ച വീടുകൾ | അലോപ്പതി ആശുപത്രികൾ | ആയുർവേദ ആശുപത്രി | ഹോമിയോ ആശുപത്രി | S.S.L.C. തോറ്റവർ | കുട്ടികൾക്ക് വിദ്യാഭ്യാസ യോഗ്യതയുള്ളവർ | സർക്കാർ ജോലിക്കാർ | IRDP ലോൺ ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | മറ്റ് ലോണുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | അംബേദ്കർ | 9 | 81 | 226 | 212 | 12 | പൈപ്പ് | ഉണ്ട് | 32 | - | - | ഉണ്ട് | 21 | 25 | 6 | 12 | - | 4 |
| 2 | ആറ്റപ്പാടം ഗേറ്റ് | 7 | 10 | 18 | 25 | - | കിണർ | " | 2 | - | - | " | 3 | 2 | - | - | - | 2 |
| 3 | ആറ്റപ്പാടം OLH | 7 | 3 | 9 | 7 | - | " | " | 2 | ഉണ്ട് | | - | 3 | 4 | - | - | - | - |
| 4 | ചിനി | 2 | 4 | 9 | 10 | - | " | - | - | - | - | ഉണ്ട് | - | 1 | | | | 1 |
| 5 | ചിറങ്ങര | 3 | 10 | 23 | 22 | - | " | - | 2 | ഉണ്ട് | - | | 3 | 7 | 5 | | | 6 |
| 6 | ചിറങ്ങര ഗേറ്റ് | 4 | 17 | 43 | 44 | 6 | " | ഉണ്ട് | 7 | " | | | 3 | 11 | 1 | 1 | | |
| 7 | ചുനക്കര | 11 | 62 | 159 | 150 | 6 | " | " | 51 | | | | 21 | 51 | 12 | 6 | 3 | 1 |
| 8 | ഇളംചേരി | 1 | 12 | 30 | 31 | 4 | പൈപ്പ് | - | 4 | | | | 3 | 5 | 2 | 1 | | 2 |
| 9 | കട്ടപ്പുറം | 7 | 41 | 98 | 97 | 3 | കിണർ | - | 13 | ഉണ്ട് | | | 17 | 16 | 4 | 4 | 2 | 5 |
| 10 | ഖന്നാനഗർ | 8 | 63 | 147 | 149 | 18 | " | ഉണ്ട് | 25 | | | ഉണ്ട് | 15 | 17 | | 7 | 3 | 4 |
| 11 | കോനൂർ | 10 | 14 | 27 | 24 | 4 | " | - | 11 | ഉണ്ട് | | | 4 | 6 | 1 | 2 | | 2 |
| 12 | കുണ്ടുകുഴിപ്പാടം | 4 | 2 | 4 | 3 | - | പൈപ്പ് | - | 2 | | | | 1 | 2 | 1 | | | |
| 13 | കുരിയാൻപറമ്പ് | 4 | 10 | 24 | 22 | 5 | കിണർ | - | 7 | ഉണ്ട് | ഉണ്ട് | | 3 | 2 | 1 | 2 | | 3 |
| 14 | മംഗലശ്ശേരി | 4 | 35 | 86 | 64 | 5 | " | ഉണ്ട് | 21 | | | ഉണ്ട് | 13 | 12 | 3 | 7 | | 4 |
| 15 | മുടപ്പുഴ | 3 | 14 | 34 | 26 | - | " | - | 4 | | ഉണ്ട് | | 3 | 3 | | 5 | | |
| 16 | നാലുകെട്ട് | 1 | 54 | 136 | 129 | 10 | പൈപ്പ് | - | 44 | | | | 13 | 18 | 8 | 13 | 1 | 8 |
| 17 | പാലമുറി | 10 | 11 | 25 | 29 | 1 | കിണർ | ഉണ്ട് | 8 | | | | 9 | 4 | 3 | | | 4 |
| 18 | പാലപ്പിള്ളി | 1 | 15 | 33 | 27 | 9 | പൈപ്പ് | " | 6 | | | | 3 | 2 | 1 | | 1 | 1 |
| 19 | പാറക്കുട്ടം | 9 | 17 | 31 | 40 | 4 | കിണർ | " | 4 | | | ഉണ്ട് | 3 | 10 | 5 | 1 | | 3 |
| 20 | പെരുമ്പി | 5 | 21 | 50 | 50 | 5 | " | - | 6 | | | " | 3 | 6 | 1 | 4 | | 2 |
| 21 | പൊങ്ങം | 3 | 10 | 19 | 21 | 3 | പൈപ്പ് | ഉണ്ട് | 0 | | | | 2 | 3 | | | | 1 |
| 22 | പ്രസ്സ് കോളനി | 11 | 30 | 55 | 49 | - | കിണർ | - | 30 | | | ഉണ്ട് | 36 | 7 | 34 | 1 | 1 | |
| 23 | സ്രാമ്പിക്കൽ | 10 | 31 | 64 | 59 | 8 | " | " | 19 | | | | 8 | 4 | | 6 | | |
| 24 | തിരുമുടിക്കുന്ന് | 2 | 23 | 45 | 54 | 6 | പൈപ്പ് | - | 8 | | | | 3 | 8 | 3 | 3 | | 2 |
| 25 | വാലുങ്ങാമുറി | 1 | 10 | 24 | 19 | 5 | " | ഉണ്ട് | 9 | | | | 2 | 1 | | 5 | | 3 |
| | | | 600 | 1419 | 1363 | 114 | | | 317 | | | | 195 | 227 | 91 | 80 | 11 | 7 |

354

# വിഭവ സമാഹരണം

ആയിരത്തിതൊള്ളായിരത്തി എൺപത്തി ആറ് അടിസ്ഥാനവർഷമായി സ്വീകരിച്ച കൊരട്ടി ഗ്രാമപഞ്ചായത്തിലെ 1995 വരെയുള്ള കാലയളവിലെ ഫണ്ടുകളുടെ വർദ്ധനവ്, വരുമാനത്തിന്റെ വർദ്ധനവ്, പൊതുമരാമത്ത് ചിലവിന്റെ വർദ്ധനവ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവിന്റെ വർദ്ധനവ് ഇവയാണ് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നത്.

| വർഷം | ഫണ്ടുകൾ | വരുമാനം | ചെലവ് പൊതുമരാമത്ത് | ചെലവ് എസ്റ്റാബ്ലിഷ്മെന്റ് |
|---|---|---|---|---|
| 1986 | 100 · | 100 | 100 | 100 |
| 87 | −44.2 | +46.72 | +40.13 | +.55 |
| 88 | −80.34 | +71.16 | +63.31 | +8.33 |
| 89 | −13.75 | +30.52 | +39.81 | +39.21 |
| 90 | +76.76 | +64.63 | +87.13 | +57.03 |
| 91 | +47.19 | +84.42 | +64.49 | +66.42 |
| 92 | +78.52 | +86.41 | +119.29 | +72.01 |
| 93 | −36.8 | +89.87 | +147.37 | +84.26 |
| 94 | +127.06 | +93.01 | −14.17 | +95.39 |
| 95 | +133.99 | +79.08 | +105.20 | +116.56 |

വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് വികസനപ്രവർത്തനത്തിൽ പ്രതിഫലിപ്പിക്കുവാൻ പോന്നത്രയില്ല. വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് 1995 ൽ ആകുമ്പോൾ ഏകദേശം 80 ശതമാനത്തോളം അടുക്കുന്ന പ്രവണത കാണിക്കുന്നുണ്ടെങ്കിലും എസ്റ്റാബ്ലിഷ്മെന്റ് ചെലവിൽ വന്ന വർദ്ധനവ് 117 ശതമാനമായി ഉയരുന്നു. വരും കാലങ്ങളിലും എസ്റ്റാബ്ലിഷ്മെന്റ് ചെലവ് കൂടുവാനാണ് സാദ്ധ്യത വർദ്ധിച്ചുവരുന്ന വിലക്കയറ്റവും സാമ്പത്തിക മേഖലയിലെ മുരടിപ്പും ഇതിന് കാരണമായി ചൂണ്ടികാണിക്കാവുന്നതാണ്. സ്ഥിരമായ വർദ്ധനവ് എസ്റ്റാബ്ലിഷ്മെന്റ് ചിലവിനങ്ങളിൽ മാത്രമാണെന്നത് പ്രത്യേക പഠനം അർഹിക്കുന്നതാണ്. ഫണ്ടുകളുടെ ലഭ്യതയിലും വരുമാനത്തിലും അത്തരം സ്ഥിരത കാണുവാൻ കഴിയുന്നില്ല. ഈ രണ്ടു മേഖലകളും, അതായത്, ഫണ്ടുകളുടെ വർദ്ധനവും, എസ്റ്റാബ്ലിഷ്മെന്റ് ചിലവുകളിൽ ഉണ്ടാകുന്ന വർദ്ധനവും സമാനുപാതത്തിൽ നിലനിർത്തുവാൻ കഴിയണം. എങ്കിൽ മാത്രമേ പഞ്ചായത്തു ഭരണ സമിതിയ്ക്ക് കൃത്യമായി ആസൂത്രണം നടത്തുന്നതിനും, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കഴിയൂ.

## പഞ്ചായത്തിന്റെ കഴിഞ്ഞവർഷത്തെ തനത് വരുമാനം

| വർഷം | തൊഴിൽ നികുതി | കെട്ടിടനികുതി | വിനോദനികുതി | വരുമാനം ആകെ |
|---|---|---|---|---|
| 1986 | 113740 രൂപ | 187971 രൂപ | 49291 രൂപ | 128707 രൂപ |
| 1987 | 1714276 " | 243200 " | 48901 " | 1509345 " |
| 1988 | 711894 " | 27876 " | 48876 " | 1760796 " |
| 1989 | 588615 " | 377645 " | 4056 " | 1577574 " |
| 1990 | 413328 " | 558982 " | 20845 " | 1163587 " |
| 1991 | 419321 " | 573177 " | 38721 " | 1897129 " |
| 1992 | 524320 " | 364208 " | 129112 " | 1917640 " |
| 1993 | 497084 " | 372409 " | 23749 " | 1953242 " |
| 1994 | 534820 " | 398640 " | 10684 " | 1986402 " |
| 1995 | 512744 " | 376405 " | 38116 " | 1842386 " |


337

പൊതുമരാമത്ത് മേഖലയിൽ പഞ്ചായത്തിന്റെ ചെലവിന്റെ വർദ്ധനവ് ഒരു സ്ഥിരമായ രീതിയിലല്ലെന്നുള്ളത് പദ്ധതി ആസൂത്രണത്തിൽ മേഖല തിരിച്ചുള്ള വിശകലനവും പഠനവും ആവശ്യമെന്നു കാണിക്കുന്നു.

## ചെലവ് - പൊതുമരാമത്ത്


| വർഷം | ചെലവ്(മൊത്തം) | പൊതുമരാമത്ത് | ശതമാനം |
|---|---|---|---|
| 1986 | 1188075 | 120660 | 10.16 |
| 1987 | 1486363 | 169084 | 11.38 |
| 1988 | 1545279 | 197060 | 12.75 |
| 1989 | 1684000 | 168700 | 10.03 |
| 1990 | 1742500 | 225800 | 12.96 |
| 1991 | 1926400 | 198480 | 10.30 |
| 1992 | 1864750 | 264600 | 14.18 |
| 1993 | 1968680 | 298471 | 15.16 |
| 1994 | 1917045 | 115750 | 6.04 |
| 1995 | 1927460 | 247600 | 12.85 |

ചെലവ് - എസ്റ്റാബ്ലിഷ്മെന്റ്




| വർഷം | എസ്റ്റാ ചെലവ് |
|---|---|
| 1986 | 26.16 |
| 87 | 21.03 |
| 88 | 21.79 |
| 89 | 25.70 |
| 90 | 27.98 |
| 91 | 26.85 |
| 92 | 28.68 |
| 93 | 29.09 |
| 94 | 31.68 |
| 95 | 34.93 |

## 1995 വർഷത്തെ പഞ്ചായത്തിന്റെ ചെലവ് സംബന്ധിച്ച വിവരം




## കൊരട്ടി പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ പ്രവർത്തന വിവരം


| ബാങ്കിന്റെ പേര് | വർഷം | | | | | | | |
|---|---|---|---|---|---|---|---|---|
| | 1993 | | 1994 | | 1995 | | 1996 | |
| | നിക്ഷേപം ലക്ഷം രൂപയിൽ | വായ്പ ലക്ഷം രൂപയിൽ | നിക്ഷേപം ലക്ഷം രൂപയിൽ | വായ്പ ലക്ഷം രൂപയിൽ | നിക്ഷേപം ലക്ഷം രൂപയിൽ | വായ്പ ലക്ഷം രൂപയിൽ | നിക്ഷേപം ലക്ഷം രൂപയിൽ | വായ്പ ലക്ഷം രൂപയിൽ |
| 1. S.B.T കൊരട്ടി ശാഖ | 620 | 180 | 1000 | 200 | 920 | 240 | 860 | 230 |
| 2. ലോഡ്കൃഷ്ണ ബാങ്ക്, കൊരട്ടി ശാഖ | 59 | 26 | 95 | 37 | 162 | 69 | 265 | 107 |
| 3. തൃശൂർ ജില്ലാ സഹകരണബാങ്ക്, കൊരട്ടി ശാഖ | 75 | 109 | 117 | 115 | 26 | 244 | 235 | 720 |
| 4. കൊരട്ടി സർവ്വീസ്സ് സഹകരണ ബാങ്ക് ക്ലിപ്തം No. 590 | 123 | 88 | 173 | 96 | 275 | 137 | 321 | 237 |

339

**കൊരട്ടി പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ 1993 മുതൽ 96 വരെ വർഷം കൊടുത്ത വായ്പയുടെ ശതമാനം(നിക്ഷേപത്തെ അടിസ്ഥാനമാക്കി)**

| ബാങ്കിന്റെ പേര് | വർഷം | | | |
|---|---|---|---|---|
| | 1993 | 1994 | 1995 | 1996 |
| 1. S.B.T കൊരട്ടി ശാഖ | 29.03% | 20% | 26.09% | 26.75% |
| 2. ലോഡ്കൃഷ്ണ ബാങ്ക്, കൊരട്ടി ശാഖ | 44.06% | 38.94% | 42.59% | 40.38% |
| 3. തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെകൊരട്ടി ശാഖ | 145% | 98.5% | 938.46% | 306.38% |
| 4. കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No.590. | 71.54% | 55.5% | 49.8% | 73.81% |

കൊരട്ടി പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന SBT, കൊരട്ടി ശാഖ, ലോഡ്കൃഷ്ണ ബാങ്ക്, കൊരട്ടി ശാഖ, കൊരട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No.590 ഇവ 1996 ൽ വിതരണം ചെയ്ത വായ്പശതമാനം (ഡെപ്പോസിറ്റിനെ അടിസ്ഥാനമാക്കി) ഒറ്റ നോട്ടത്തിൽ




ഈ വർഷം സർക്കാരിൽ നിന്ന് ലഭ്യമായ അൺടൈഡ് ഫണ്ട് 2,46600രൂപയും JRY ഫണ്ട് 38,5368 രൂപയും മറ്റു പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്ന ഫണ്ടുകൾ 970747 രൂപയുമാണ്.

ഈ പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ ഏകദേശം 27.14% വരുന്ന തുക മദുരാകോട്സിന്റെ ലോക്കൗട്ടോടെ ഇല്ലാതായി. ഇത് ഈ പഞ്ചായത്തിനും, പഞ്ചായത്തിലെ ജനങ്ങൾക്കും ഓർക്കാപ്പുറത്തുണ്ടായ ഒരു ദുരന്തമാണ്.

ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന രണ്ടു വാണിജ്യ ബാങ്കുകളാണ് സ്റ്റേറ്റു ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കൊരട്ടി ബ്രാഞ്ചും, ലോഡ് കൃഷ്ണ ബാങ്കിന്റെ കൊരട്ടി ബ്രാഞ്ചും, തൃശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ചും കൊരട്ടി സർവ്വീസ് സഹകരണ ബാങ്കും No.590 ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കൊരട്ടി 590 സഹകരണ ബാങ്കിന്റെ പ്രവർത്തനം സഹകരണ മേഖലയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

പഞ്ചായത്തിലുള്ള കൊമേഴ്സ്യൽ ബാങ്കുകളിൽ ഈ പഞ്ചായത്തിൽ നിന്നുള്ള നിക്ഷേപത്തിന്റെ 60 ശതമാനം എങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങൾക്കു തന്നെ വിതരണം ചെയ്യണം. വേണ്ടിവരുന്ന പക്ഷം പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണബാങ്കിൽ നിന്നും ഒരാണ്ടിൽ പഞ്ചായത്തിന് വിവിധരീതിയിലുള്ള വരുമാനത്തിന്റെ 40 ശതമാനം തുകയ്ക്ക് സമാനമായ തുകകടം എടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ഉണ്ടായിരിക്കണം. എന്നാൽ ഇത്തരത്തിൽ എടുക്കുന്ന കടം പ്രത്യുൽപാദനപരമായ മേഖലകളിലേ നിക്ഷേപിക്കാവൂ. ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായശാലകളിൽ ചുമത്തിവരുന്ന പ്രൊഫഷണൽ ടാക്സിന്റെ പരിധി ഉയർത്തണം. ഫണ്ട് വിനിയോഗത്തിൽ പഞ്ചായത്തിന് പരിപൂർണ്ണമായ അധികാരം ഉണ്ടായിരിക്കണം. ഭരണപരമായ താമസം ഇല്ലാതാകുന്നതിനും വേണ്ട നടപടികൾ ഉണ്ടാകണം. സാങ്കേതിക അനുമതി 5 ലക്ഷം വരെ പഞ്ചായത്തിൽ തന്നെയാകണം. പഞ്ചായത്തുവഴി മറ്റു ഡിപ്പാർട്ടുമെന്റുകൾ നടപ്പാക്കുന്ന പദ്ധതികളുടെ പ്ലാൻ, എസ്റ്റിമേറ്റ് മുതലായ സാങ്കേതിക കാര്യങ്ങൾ ഉണ്ടാകുന്നതിനുള്ള ചുമതല ജൂനിയർ എഞ്ചിനിയർമാരുള്ള പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുക. പഞ്ചായത്തിൽ കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന പദ്ധതികൾ, M.L.A, M.P എന്നിവർ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്നിവ പഞ്ചായത്തു കമ്മിറ്റിയുടെ മുൻഗണനാ നിശ്ചയപ്രകാരം നടപ്പാക്കുക.

കൊരട്ടി പഞ്ചായത്തതിർത്തിയിൽ പത്തു സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവ മുഖ്യമായും സ്വർണ്ണപ്പണ്ടം പണയത്തിൽ പണം കടം കൊടുക്കുന്നവയാണ്. സഹകരണബാങ്കുകൾ ഈടാക്കുന്നതിൽ കൂടിയ പലിശനിരക്ക് ഈ സ്ഥാപനങ്ങൾ ഈടാക്കി വരുന്നു. 36 ശതമാനമാണ് പലിശനിരക്ക്. സാമാന്യം നല്ല ഇടപാടുകൾ നടത്തിവരുന്ന സ്ഥാപനങ്ങളും ഈ കൂട്ടത്തിലുണ്ട്.

**പഞ്ചായത്തിന്റെ 1995 വർഷത്തെ വരവ് സംബന്ധിച്ച വിവരം**




വ്യക്തികളും ഇത്തരം സാമ്പത്തിക വിനിമയം ഈ പഞ്ചായത്തിൽ നടത്തുന്നുണ്ട്. ഇവർ ഈടാക്കുന്ന പലിശ നിരക്ക് 3600 ശതമാനം വരെ പോകുന്നുണ്ടെന്നത് ഏറെ സങ്കടകരമായ കാര്യമാണ്. ഈ ഇടപാടിൽ, ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് തമിഴ്നാട്ടിൽ നിന്ന് വന്നിട്ടുള്ളവരാണ്. ഇവരുടെ പലിശ നിരക്കും ഒട്ടും അംഗീകരിക്കാനാവുന്നതല്ല.

ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം ഏകദേശം 500ഓളം വരും. ഇവരിൽ മിക്കവരും സാങ്കേതികവിദ്യാഭ്യാസ യോഗ്യതയില്ലാത്തവരാണ്. കൈത്തൊഴിലുകാരാണ് ഇത്തരം ഗൾഫ് മേഖലയിലെ കുടികയേറ്റക്കാർ. അതുകൊണ്ടുതന്നെ വരുമാനവും തുച്ഛമായിരിക്കും.

എന്നാൽ മറ്റു വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും ഈ പഞ്ചായത്തിൽ കുറവല്ല. അമേരിക്ക, ജർമ്മനി, കാനഡ, സ്വിറ്റ്സർലാൻഡ്മുതലായ സമ്പന്ന രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ പൊതുവേ സമ്പന്നരാണ്. ഉൽപാദനപരമായ മേഖലകളിൽ ഇത്തരം കുടിയേറ്റക്കാർ കാര്യമായ മൂലധനം ഈ പഞ്ചായത്തിൽ ഇറക്കിയിട്ടില്ല.

**ജനപങ്കളിത്തം**

പഞ്ചായത്തിലെ 4-ാം വാർഡായ മംഗലശേരിയിൽ നിലവിലുള്ള മോശമായ ടാർചെയ്ത റോഡ് വീതി കൂട്ടി ടാർ ചെയ്യുന്നതിന് തദ്ദേശവാസികളായ ജനങ്ങൾ സഹകരിച്ച് രണ്ടേകാൽ ലക്ഷം രൂപ സ്വരൂപിച്ചു. ഇതേ വാർഡിൽതന്നെ, ജനങ്ങളിൽനിന്ന് 25000 രൂപ പിരിച്ച് സെന്റ് സ്ലാവോസ് ലിങ്ക് റോഡ് നിർമ്മിച്ചു. ഗതാഗതസൗകര്യം ഒട്ടും തന്നെയില്ലാതിരുന്ന 26 കുടുംബങ്ങൾക്ക് ഈ റോഡ് അനുഗ്രഹമായി. ഇതേ വാർഡിൽ മംഗലശേരിയിൽനിന്നും ആരംഭിച്ച് ചിറങ്ങര റെയിൽവേ ഗേറ്റിനു സമീപം പഴയ നാഷണൽ ഹൈവേയിൽ എത്തിച്ചേരുന്ന റോഡ് ജനപങ്കാളിത്വത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

നാലുകെട്ടിൽ നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ നാട്ടുകാർ ചേർന്ന് PWD റോഡിനേയും താങ്ങുചിറ ബ്രാഞ്ച് കനാലിനേയും ബന്ധിക്കുന്ന 500 മീറ്റർ നീളമുള്ള ഒരു പുതിയ വഴി നിർമ്മിച്ചു. ഇതിനാവശ്യമായ സ്ഥലം ജനങ്ങൾ സൗജന്യമായി നൽകി.

സ്രാമ്പിക്കൽ റോഡ് എറണാകുളം മഹാരാജാസ് കോളേജിലെ N.S.S പ്രവർത്തകരായ വിദ്യാർത്ഥികളും നാട്ടുകാരും കൂടി വീതികൂട്ടി നന്നാക്കുകയുണ്ടായി.

നാലുകെട്ട്-എളഞ്ചേരി റോഡ് എട്ടു മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഗ്രാമവാസികൾ സൗജന്യമായി വിട്ടു തന്നു. ഈ റോഡിന് ഒന്നര കിലോമീറ്റർ നീളമുണ്ടെന്നുള്ളത് പ്രത്യേക പ്രസ്ത്യാവ്യമാണ്.

നാലുകെട്ടിൽതന്നെ , പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനുവേണ്ടി 50 സെന്റ് സ്ഥലം വീതം നാലുകെട്ട് കാർബോറാണ്ടം യൂണിവേഴ്സൽ ഫാക്ടറിയും ശ്രീമാൻ തെക്കൻ മത്തായിയും സൗജന്യമായി പഞ്ചായത്തിനു വിട്ടുതന്നു. വാലുങ്ങാമുറിയിൽ ആയുർവ്വേദ ആശുപത്രി നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന് രണ്ടു മാന്യ വ്യക്തികൾ സമ്മതിച്ചിട്ടുണ്ട്.

മൂന്നാം വാർഡിൽ സെന്റ് മേരീസ് സ്കൂൾ റോഡു വീതി കിട്ടുന്നതിനുള്ള സ്ഥലം റോഡിന്റെ ഇരു വശവും താമസിക്കുന്ന ജനങ്ങൾ സഹകരിച്ച് സൗജന്യമായി വിട്ടു തന്നു.

5-ാം വാർഡിൽ സൗജന്യമായി ലഭിച്ച സ്ഥലത്ത് ചെറ്റാരിക്കൽ ചിറങ്ങര റോഡ് നിർമ്മിച്ചു.

ദേവമാതാ റോഡിന് 8 മീറ്റർ വീതിയുണ്ടാക്കുന്നതിന് ആവശ്യമായ സ്ഥലം പഞ്ചായത്തിന് സൗജന്യമായി നൽകിയത് ആ പ്രദേശത്തുള്ളവരാണ്.

പത്താം വാർഡിൽ പാറക്കൂട്ടം റോഡ് വീതികൂട്ടുന്നതിന് ജനങ്ങൾ സ്ഥലം സൗജന്യമായി നൽകി. അതേ വാർഡിൽതന്നെ ഖന്നാനഗർ ഹരിജൻ കോളനിയിലേയ്ക്കുള്ള വഴി വീതികൂട്ടുന്നതിനും ജനങ്ങൾ സൗജന്യമായി സ്ഥലം നൽകി സഹായിച്ചിട്ടുണ്ട്. പാറക്കൂട്ടം ലിഫ്റ്റ് ഇറിഗേഷന് ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലവും സൗജന്യമായിലഭിച്ചതാണ്.

പതിനൊന്നാം വാർഡിൽ പെരുമ്പി റോഡ്, കൊനൂർ ഹരിജൻ കൊളനി റോഡ്, പോത്തനൊടി പ്പാടം റോഡ്, K.k റോഡ്, കോനൂർ പാലമുറിറോഡ്, K.V.മെയിൻ കനാൽ കോട്ടറോഡ്, എന്നീ റോഡുകൾക്കാവശ്യമായ സ്ഥലം ജനങ്ങൾ സൗജന്യമായി നൽകുകയുണ്ടായി.

നാലുകെട്ടിൽ ഒരു പ്രൈമറി ഹെൽത്ത് സബ്സെന്റർ ആരംഭിക്കുന്നതിന് വേണ്ടസ്ഥലം നാലുകെട്ട് പള്ളി സൗജന്യമായി തന്നു. നാലുകെട്ടിൽ വാട്ടർസപ്ലൈ സ്കീമിന് ടാങ്കുകെട്ടുന്നതിനാവശ്യമായ സ്ഥലം ജനങ്ങൾ വാങ്ങിതന്നതാണ്. കൊരട്ടി പഞ്ചായത്തിലെ വിവിധ വാർഡുകളിലെ 12 അംഗൻവാടികൾക്ക് സൗജന്യമായി സ്ഥലം നൽകി ബഹുജനപങ്കാളിത്വത്തോടെ കെട്ടിടം നിർമ്മിക്കുകയുണ്ടായി.

1996 നവംബർ ഒന്ന് പുനരർപ്പണദിനമായി ആചരിക്കുകയുണ്ടായി. ഈ ദിനത്തിൽ പഞ്ചായത്തിലെ 10 വാർഡുകളിൽ വിവിധവികസന പ്രവർത്തനങ്ങൾ പൂർണ്ണമായും ജനപങ്കാളിത്തത്തോടെ ആരംഭിച്ചു.

**വാർഡ് II** — ഹൈരാർക്കി മെമ്മോറിയൽ റോഡ്. 15 പേർ പങ്കെടുത്ത് കുഴികൾ നികത്തി, കാനവൃത്തിയാക്കി.

**വാർഡ്III** — പാറക്കടവ് മെയിൻ കനാലിൽ നിന്നും പെരുവഴിച്ചാൽ പാടത്തേയ്ക്ക് 35 പേർ പങ്കെടുത്ത് 15 അടി വീതിയിൽ 460 മീറ്റർ നീളത്തിൽ പുതിയ റോഡ് നിർമ്മിക്കുകയുണ്ടായി.

**വാർഡ് IV** — സെൻസ്സാവോസ് റോഡിൽനിന്നാരംഭിച്ച് 26 കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്ന 15 അടി വീതിയും 600 മീറ്റർ നീളവുമുള്ള പുതിയ ഒരു വഴി 40 പേർ പങ്കെടുത്ത് 25,000 രൂപ പിരിച്ചെടുത്ത് നിർമ്മിക്കുകയുണ്ടായി.

**വാർഡ് V** — വഴിച്ചാൽ ESI റോഡ് പത്തുപേർ പങ്കെടുത്ത് കാനവൃത്തിയാക്കുകയുണ്ടായി.

**വാർഡ് VI** — സ്കൂൾ വിദ്യാർത്ഥികൾഅടക്കം 150 പേർ പങ്കെടുത്ത് പുളിക്കക്കടവ് PWD റോഡ് നന്നാക്കുകയുണ്ടായി.

**വാർഡ് VII** — പടിഞ്ഞാറെ അങ്ങാടി ഫ്യൂണറൽ ഫണ്ട് ഓഫീസിനു സമീപമുള്ള ബ്രാഞ്ച് റോഡ് 25 പേർ പങ്കെടുത്ത് നന്നാക്കി.

**വാർഡ് VIII** — കൈതപ്പാടം തോട്, 25 പേർ പങ്കെടുത്ത് നന്നാക്കി.

**വാർഡ് X** — പാറക്കൂട്ടം റോഡും ലെത്തീൻപള്ളി ഖന്നാനഗർ ഹരിജൻ കോളനി റോഡും 35 പേർ പങ്കെടുത്ത് നന്നാക്കി.

**വാർഡ് XI** — ചുനക്കര ഹരിജൻ കോളനിയിൽ 75 പേർ പങ്കെടുത്ത് പുതിയ റോഡി നിർമ്മിച്ചു.

**വാർഡ് XII** — K.K. റോഡ് 50 പേർ പങ്കെടുത്ത് നന്നാക്കി. പാലമുറി ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ ആരംഭിക്കുന്നതിനുവേണ്ടി പുതിയകുളം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള പ്രവർത്തനം നടത്തുകയുണ്ടായി.

# ഉപസംഹാരം

"നിങ്ങൾ ഒരു വർഷത്തേക്കാണ് ആസൂത്രണംചെയ്യുന്നതെങ്കിൽ ധാന്യങ്ങൾ വിതയ്ക്കുക. പത്തു വർഷത്തേക്കാണ് ആസൂത്രണംചെയ്യുന്നതെങ്കിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക. ഒരു ആയുഷ്ക്കാലത്തേക്കാണ് ആസൂത്രണംചെയ്യുന്നതെങ്കിൽ മനുഷ്യരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക". ക്രിസ്തുവിന് മുൻപ് ജീവിച്ചിരുന്ന ഒരു ചൈനീസ് ചിന്തകന്റെ കാഴ്ചപ്പാടാണിത്.

നാം ഇപ്പോൾ നടത്തുന്ന ആസൂത്രണം 1997 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനിരിക്കുന്ന ഒൻപതാം പഞ്ചവത്സര പദ്ധതിക്കായിട്ടാണ്. എന്നാൽ നാം ഇവിടെ ലക്ഷ്യമാക്കുന്നത് ഒരു ആയുഷ്ക്കാലത്തേക്കുള്ള ആസൂത്രണമാണ്. അതായത് കൊരട്ടി പഞ്ചായത്ത് നിവാസ്സികളുടെ സമഗ്രമായ വികസനമാണ് നമ്മുടെ ആദ്യാന്തികലക്ഷ്യം. അഞ്ചുകൊല്ലംകൊണ്ട് ചെയ്തു തീർക്കുവാനുള്ള പദ്ധതിയേക്കാൾ എത്രയോ മടങ്ങ് വലുതാണ് നമ്മുടെ ഗ്രമസഭകൾ ചർച്ചചെയ്ത് അവതരിപ്പിക്കുന്ന പ്രശ്നങ്ങൾ. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ വിഹിതമായി നമ്മുടെ ഗ്രമപഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് കൊണ്ട് മാത്രം നാം ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികളുടെ നൂറിലൊരംശംപോലും നടപ്പാക്കുവാൻ കഴിയുകയില്ല.

ഏതുതരം ആസൂത്രണത്തേയും നിയന്ത്രിക്കുന്ന മുഖ്യഘടകം ഫണ്ടിന്റെ വലിപ്പമാണ്. എന്നാൽ ജനകീയ ആസൂത്രണം ആരംഭിച്ച ഘട്ടത്തിലും, ഇപ്പോഴും ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ വിഹിതമായി നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടിനേപ്പറ്റി ഇപ്പോഴും വ്യക്തമായ ഒരു ധാരണയില്ല. പക്ഷെ, നമ്മുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതും, പദ്ധതികൾ ആവിഷ്കരിക്കുവാൻ പോകുന്നതും ഫണ്ടിന്റെ ലഭ്യതയെ അടിസ്ഥാനനമാക്കിയല്ല. ഫണ്ട് ഒരു പ്രശ്നമായി ഒരുഘട്ടത്തിലും ഇതുവരെ ചർച്ച ചെയ്തിട്ടില്ലെന്നുള്ളത് സത്യം മാത്രം. പദ്ധതി വിഹിതമായികിട്ടുന്ന ഫണ്ടുകൊണ്ട് ഇതെല്ലാം ചെയ്തു തീർക്കാമെന്ന വ്യാമോഹവും നമുക്കില്ല.

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനശിലതന്നെ ജനപങ്കാളിത്തമാണ്. ജനങ്ങളുടെ ഇച്ഛാശക്തിയും ദൃഢചിത്തതയും ഉണ്ടെങ്കിൽ ഫണ്ടിന്റെ അപര്യാപ്തത വികസനപ്രവർത്തനങ്ങൾക്ക് തടസ്സമാവില്ല. അതിന് ഉദാഹരണങ്ങൾ അന്വേഷിച്ച് വിദേശരാജ്യങ്ങളിലും, ഇതരഗ്രാമപഞ്ചായത്തുകളിലും അലയേണ്ട. ഈ വികസനറിപ്പോർട്ടിൽ നിരത്തിയിട്ടുള്ള ജനപങ്കാളിത്തത്തോടെ നിർവ്വഹിച്ച പണികൾ മാത്രം മതിതെളിവായിട്ട്. കൊരട്ടി ഗ്രാമനിവാസികളുടെ മഹാമനസ്കതയ്ക്കും, സാമൂഹ്യ പ്രശ്നങ്ങളോടുള്ള പ്രതിബന്ധതയ്ക്കും ഇച്ഛാശക്തിക്കും അവമകുടോദാഹരണങ്ങളാണ്. ഈ കരുത്തിലും കഴിവിലും പഞ്ചായത്ത് ഭരണസമിതിക്കും, കൊരട്ടി പഞ്ചായത്ത് തല ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനും പൂർണ്ണ വിശ്വാസം ഉണ്ട്.

അങ്ങിനെ പുതിയൊരു വികസന സംസ്ക്കാരം നമുക്കിവിടെ ആരംഭിക്കാം. രാജ്യത്തിനാകമാനം, മാതൃകയായി പരിണമിക്കാവുന്ന ഒരു വികസന സംസ്ക്കാരത്തിന് 1997 ഏപ്രിൽ ഒന്നിന് നാം ഇവിടെ അടിക്കല്ലിടുന്നത്. കഴിഞ്ഞ ചിങ്ങം ഒന്നിന് ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങൾ പിന്നിടുകയാണ്. ഒന്നാം ഘട്ടത്തിന്റെ ഉല്പന്നമായ ഗ്രാമസഭകളും ഗ്രൂപ്പു ചർച്ചകളും വിജയകരമായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ഗ്രാമസഭകളിൽനിന്ന് ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്ന പ്രശ്നങ്ങളും അവയുടെ പരിഹാരത്തിനായിട്ടുള്ള ചില സാധ്യതകളും ഉൾക്കൊള്ളുന്ന വികസന റിപ്പോർട്ട് പഞ്ചായത്ത് തല ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ട ഉല്പന്നമാണ്. സാധ്യതകൾ എന്ന തലക്കെട്ടിൽ ഓരോ വിഷയത്തിന്റേയും അവസാനം കൊടുത്തിരിക്കുന്നവയിൽ വിശേഷാൽ പ്രതിപാതിക്കാതെ പോയത് മനുഷ്യസമ്പത്ത് തന്നെ. അതിൽ മാത്രമാണ് വിശ്വാസവും.

ഈ വികസറിപ്പോർട്ട് പൂർണ്ണമാണെന്ന വിശ്വാസവും ഇത് ഈ വിധം ഒരുക്കിയ വിദഗ്ദ്ധ സംഘത്തിനില്ല. ഇനിയും കൂട്ടിച്ചേർക്കലും കുറയ്ക്കലും വേണ്ടി വന്നേയ്ക്കാം. തുറന്ന മനസ്സോടെ വികസന സെമിനാറിനായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു. അജയ്യമായ ജനശക്തിയിൽ പരിപൂർണ്ണമായ വിശ്വാസം അർപ്പിച്ചുകൊണ്ട് എല്ലാ മാന്യജനങ്ങളേയും ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ മൂന്നാം ഘട്ട പ്രവർത്തനത്തിലേയ്ക്ക് സ്വാഗതം ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കുന്നു.

# പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

1. ശ്രീ. ബി. ഡി. ദേവസ്സി - പ്രസിഡന്റ്
2. ശ്രീ ഔസേപ്പ് ദേവസ്സി (ജോസ് വടക്കുംപാടൻ) - വൈസ് പ്രസിഡന്റ്
3. ശ്രീ എം. പി. വർഗ്ഗീസ്സ് - സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
4. ശ്രീമതി. കുമാരി വിജയൻ
5. ശ്രീ. എൻ. ആർ. കുമാരൻ
6. ശ്രീമതി. പത്മാവതി കുഞ്ഞപ്പിള്ള
7. ശ്രീ. അഗസ്റ്റിൻ ജോസ്. പി.
8. ശ്രീമതി. എൽസി ജോസ്
9. ശ്രീ. ടി. പി. സുധീർ
10. ശ്രീമതി. ലീലാ സുബ്രഹ്മണ്യൻ
11. ശ്രീ. പി. എ. അയ്യപ്പൻ
12. ശ്രീ. എൻ. ടി. വേലായുധൻ

ഭാവന ഓഫ്സെററ് ചിറങ്ങര, ഫോൺ: 832048, 832618 (0488)

349

അധികാരം ജനങ്ങളിലേക്ക്

# മേലൂർ ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

# വികസന റിപ്പോർട്ട് 1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മേലൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | 1. മേലൂർ വില്ലേജ് |
| | | 2. മുരിങ്ങൂർ വടക്കും മുറി |
| ബ്ലോക്ക് പഞ്ചായത്ത് | : | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | 1. കൊരട്ടി ഈസ്റ്റ് |
| | | 2. മേലൂർ |
| | | 3. മുരിങ്ങൂർ |
| താലൂക്ക് | : | മുകന്ദപുരം |
| അസംബ്ലിമണ്ഡലം | : | ചാലക്കുടി |
| വിസ്തീർണ്ണം | : | 2306 ഹെക്ടർ (23.06 $km^2$) |
| അതിരുകൾ | : | വടക്ക് - ചാലക്കുടി പുഴ |
| | | കിഴക്ക് - കറുകുറ്റി പഞ്ചായത്ത് |
| | | തെക്ക് - കൊരട്ടി പഞ്ചായത്ത് |
| | | പടിഞ്ഞാറ് - കാടകുറ്റി പഞ്ചായത്ത് |
| ജനസംഖ്യ | : | 24854 |
| വാർഡുകൾ | : | 10 |
| പ്രസിഡണ്ട് | : | ശ്രീ. കെ. കെ പരമേശ്വരൻ |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. എൻ. സി. തോമസ് |
| സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ | : | ശ്രീ. സി. പി. തങ്കപ്പൻ |

# നന്ദിസ്മരണ

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഒന്നാംഘട്ട ഉത്പന്നമായിരുന്ന സ്പെഷ്യൽ ഗ്രാമസഭ ഗ്രൂപ്പ് ചർച്ചകളിൽ സജീവമായി പങ്കെടുത്ത് ഗ്രാമസഭകൾ വൻവിജയമാക്കിത്തീർത്ത ഗ്രാമസ ഭാംഗങ്ങളോടും, രണ്ടാംഘട്ട ഉല്പന്നമായ വികസന റിപ്പോർട്ട് ഈ വിധം തയ്യാറാക്കാൻ അർപ്പണ ബോധത്തോടെ സഹായിച്ച വിദഗ്ദ സംഘാംഗങ്ങളോടും, ഇതുമായി ബന്ധപ്പെട്ടഉദ്യോഗ സ്ഥന്മാരോടും, സ്ഥാപനങ്ങളോടും, മേലൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാരോടും, പൊതുജനങ്ങ ളോടും മേലൂർഗ്രാമപഞ്ചായത്ത്തല ജനകീയആസൂത്രണ പ്രസ്താനത്തിനുള്ള നന്ദിയും കടപ്പാടും നിറഞ്ഞമനസ്സോടെ ഇവിടെ രേഖപ്പെടുത്തുന്നു. പ്രസ്ഥാനത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

വളരെ തിടുക്കത്തിൽ ഈ റിപ്പോർട്ട് തയ്യാറാക്കേണ്ടിവന്നതുകൊണ്ട് ഉണ്ടായിട്ടുള്ള ക്രമ ക്കേടുകളും ഭാഷാപരമായ തെറ്റും സദയം ക്ഷമിക്കുമെന്ന വിശ്വാസത്തോടെ,


ജോ. കൺവീനർ  കൺവീനർ

356

# ഉള്ളടക്കം


1. ആമുഖം
2. സാമൂഹിക സാംസ്കാരിക ചരിത്രം
3. ഭൂപ്രകൃതി
4. പഠനപര്യടനം
5. കൃഷിയും ജലസേചനവും
6. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
7. മൃഗസംരക്ഷണവും മത്സ്യബന്ധനവും
8. വിദ്യാഭ്യാസം
9. വ്യവസായം
10. ഗതാഗതം, ഊർജ്ജം
11. പാർപ്പിടവും സാമൂഹികക്ഷേമപ്രവർത്തനവും
12. സംസ്കാരം
13. വനിതാക്ഷേമം
14. സഹകരണമേഖല
15. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
16. വിഭവസമാഹരണം
17. ഉപസംഹാരം

## മേലൂർ ഗ്രാമപഞ്ചായത്ത്



# ഭരണസമിതി അംഗങ്ങൾ

1. ശ്രീ. കെ. കെ പരമേശ്വരൻ ( *പ്രസിഡണ്ട്* )
2. ശ്രീ. എൻ. സി. തോമസ് ( *വൈസ് പ്രസിഡണ്ട്* )
3. ശ്രീ. സി. പി. തങ്കപ്പൻ ( *സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ* )
4. പ്രൊഫ. മൈത്രിയമ്മ പ്രഭാകരൻ ( *മെമ്പർ വാർഡ് 3* )
5. ശ്രീമതി. മേരി ജോസ് ( *മെമ്പർ വാർഡ് 4* )
6. ശ്രീ. പി. കെ. ഭാസി ( *മെമ്പർ വാർഡ് 5* )
7. ശ്രീമതി. ജെസ്സി മാത്യു ( *മെമ്പർ വാർഡ് 6* )
8. ശ്രീ. ടി. ഒ. കുര്യൻ ( *മെമ്പർ വാർഡ് 8* )
9. ശ്രീ. കെ. എ. ജാക്സൻ ( *മെമ്പർ വാർഡ് 9* )
10. ശ്രീമതി ഉഷാഗോപി ( *മെമ്പർ വാർഡ് 10* )

## മുൻഭരണസമിതി

| | | |
|---|---|---|
| 1. | എൻ. കുഞ്ചുമോനോൻ ( പ്രസിഡണ്ട്) | 1930, 1933, 1937 |
| 2. | കെ. എം രാമൻ (വൈസ് പ്രസിഡണ്ട് ) | " |
| 3. | പി. കെ. കൃഷ്ണൻകുട്ടി മേനോൻ (പ്രസിഡണ്ട്) | 1939 |
| 4. | കെ. എം രാമൻ (വൈസ് പ്രസിഡണ്ട്) | " |
| 5. | കെ. എം രാമൻ (ആക്ടിംഗ് പ്രസിഡന്റ് | |
| 6. | എൻ. ജെ. ചാക്കുര്യ (പ്രസിഡണ്ട് ) | 1953, 1964 |
| 7. | കെ. എം രാമൻ (വൈസ് പ്രസിഡന്റ്) | " |
| 8. | കെ. എൽ. അന്തപ്പൻ (പ്രസിഡന്റ്) | 1968 |
| 9. | പി. എസ്. രാജൻ (വൈസ് പ്രസിഡന്റ്) | " |
| 10. | കെ.വി കുമാരൻ (വൈസ് പ്രസിഡന്റ്) | " |
| 11. | കെ. എസ്. ദാമോദരൻ (പ്രസിഡന്റ്) | 1979 |
| 12. | ടി. കെ. ആദിത്യവർമ്മരാജ (വൈസ് പ്രസിഡന്റ്) | " |
| 13. | ടി. കെ. ആദിത്യവർമ്മരാജ (പ്രസിഡന്റ്) | 1988 |
| 14. | ഐ. ടി. വറീത് (വൈസ് പ്രസിഡന്റ്) | " |
| 15. | ടി. ഒ. കുര്യൻ (വൈസ് പ്രസിഡന്റ്) | " |

I

# ആമുഖം

1996 ആഗസ്റ്റ് 17 ന് (ചിങ്ങം ഒന്നാം തീയതി) ജനകീയ ആസൂത്രണ പ്രസ്ഥാനം സംസ്ഥാന തലത്തിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ അവർകൾ ഉൽഘാടനം ചെയ്ത അതേ ദിവസം തന്നെ പഞ്ചായത്തുതല ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ ഉൽഘാടനം മേലൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. N.C. തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ബഹു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. K.K. പരമേശ്വരൻ അവർകൾ നിർവ്വഹിച്ചു.

കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതികളുടെ അവസാനം വരെ അധികാരവും സമ്പത്തും കേന്ദ്രീകരിച്ചിരുന്നത് കേന്ദ്രത്തിലും സംസ്ഥാനതലത്തിലുമായിരുന്നു. അവിടെനിന്നും വിഹിതം അനുവദിച്ചുതരുന്നത് ഇടത്തട്ടുകളിൽ തട്ടിയും ഉടഞ്ഞും പഞ്ചായത്തുതലത്തിൽ എത്തുമ്പോൾ കടുകുമണിപോലെ ലഘുവായിരുന്നു. നാടിന്റെ വികസനം എപ്രകാരമായിരിക്കണമെന്നും എന്തെല്ലാം പദ്ധതികൾ ഏതു വിധത്തിൽ എങ്ങനെ നടപ്പാക്കണമെന്നും തീരുമാനിച്ചിരുന്നത് കേന്ദ്ര പ്ലാനിംഗ് ഉദ്യോഗസ്ഥന്മാരും സംസ്ഥാനതല ഉദ്യോഗസ്ഥരുമായിരുന്നു. സാധാരണ ജനങ്ങൾ നോക്കുകുത്തികളായി നിസ്സംഗമനോഭാവത്തോടുകൂടി നിന്നിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആസൂത്രണത്തിലും നിർവ്വഹണത്തിലും മുൻഗണനാനിർണ്ണയത്തിലും ജനഹിതം മാനിച്ചിരുന്നില്ല. അതുകൊണ്ടുതന്നെയാണ് നാം ആഗ്രഹിച്ച രീതിയിലുള്ള പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിയാതെ വന്നത്. ഇത്തരത്തിലുള്ള വൈകൃതങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കുന്നതിന് വേണ്ടിയാണ് കേരളത്തിൽ ഒരു നവോദ്ധാനത്തിന്റെ നാന്ദിയെന്നോണം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നാം തുടക്കം കുറിച്ചിരിക്കുന്നത്. ഭൂപരിഷ്കരണത്തിന്റെ കാര്യത്തിലും സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിലും ആരോഗ്യപരിപാലന രംഗത്തും വിദ്യാഭ്യാസരംഗത്തും സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നമ്മുടെ കൊച്ചു കേരളം ഇന്ത്യയ്ക്ക് തന്നെ മാതൃകയായിട്ടുണ്ട്. നമ്മുടെ ഈ മാതൃക മറ്റ് സംസ്ഥാനങ്ങൾ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ നമുക്ക് എന്നെന്നും അഭിമാനിക്കാൻ വകയുണ്ട്. നമ്മൾ പിൻതുടരുന്ന മാർഗ്ഗം പൂർണ്ണമായും കുറ്റമറ്റതാണെന്ന ധാരണ ഉണ്ടായികൂടാ. തെറ്റുകുറ്റങ്ങൾ തിരുത്തി വീണ്ടും നമുക്ക് മുന്നോട്ടു പോകാം.


ആസൂത്രണത്തിന്റെ മുന്നോടിയായി ഗ്രാമസഭകൾ വിളിച്ചു ചേർത്ത് വാർഡുകളുടെ വികസനം എപ്രകാരമായിരിക്കണം, ഏതെല്ലാം വികസനങ്ങൾ അതാത് പ്രദേശത്ത് വേണം എന്ന് തീരുമാനിക്കുന്നതിനായി അതിന് നേതൃത്വം കൊടുക്കുവാൻ ചാലക്കുടി-മാള ബ്ലോക്കുതലത്തിൽ കേന്ദ്രീകരിച്ച് മെമ്പർമാർക്ക് ആഗസ്റ്റ് 25, 26, 27 തീയതികളിൽ ചാലക്കുടി ഹിൽവേ ടൂറിസ്റ്റ് ഹോമിൽ വച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. M.V. വിശാലാക്ഷി ടീച്ചർ ഉത്ഘാടനം ചെയ്ത ത്രിദിന പരിശീലന ക്ലാസിൽ ഈ പഞ്ചായത്തിലെ മുഴുവൻ മെമ്പർമാരും പങ്കെടുത്തു. തുടർന്ന് സെപ്തംബർ 15-ാം തീയതി പഞ്ചായത്ത് ഹാളിൽ വച്ച് പഞ്ചായത്ത് ഏകദിന സെമിനാറിൽ വിദഗ്ദ്ധൻമാർക്കും L.R.P. മാർക്കും പരിശീലനം നൽകി. തുടർന്ന് വാർഡ്തല വിശേഷാൽ ഗ്രാമസഭ ചേർന്നു. ചുരുക്കം ചില ഗ്രാമസഭകൾ ഒഴികെ മറ്റ് ഗ്രാമസഭകളും വമ്പിച്ച വിജയമായിരുന്നു. സ്ത്രീകളടക്കം ധാരാളം പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രൂപ്പുതിരിച്ചുള്ള ചർച്ചകളെ തുടർന്ന് വാർഡ്തല വികസനറിപ്പോർട്ടുകൾക്ക് രൂപം കൊടുത്തു. നിരവധി വികസന പദ്ധതികൾ ചർച്ചകളിലൂടെ പൊന്തിവന്നു. ചർച്ചകളിൽ ജനങ്ങൾ കാണിച്ച താൽപര്യം വികസന പ്രസ്ഥാനത്തിന്റെ ആദ്യഘട്ടം വമ്പിച്ച വിജയമായിരുന്നു എന്ന് കാണുന്നു.

ഗ്രാമസഭകൾക്ക് ശേഷം വിദഗ്ദ്ധസംഘം രൂപീകരിക്കുകയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് രണ്ടാം ഘട്ട ജില്ലാതല റിസോർസസ് പേർസൺ ത്രിദിന പരിശീലന ക്യാമ്പ് മാളയിലെ I.S.T കോളേജിൽ വച്ച് നടന്നു. ഈ പഞ്ചായത്തിൽ നിന്നു ഏതാനും മെമ്പർമാരും ജോയിന്റ് കൺവീനറും പരിശീലനം നേടി. ആയതിന്റെ അടിസ്ഥാനത്തിൽ L.R.P കൾക്കുള്ള രണ്ടാം ഘട്ട പഞ്ചായത്തുതല പരിശീലനം പഞ്ചായത്തുഹാളിൽ നടത്തി. വിദഗ്ദ്ധരും ഉദ്യോഗസ്ഥന്മാരും അടക്കം നിരവധിപേർ ക്ലാസ്സിൽ പങ്കെടുത്തു. ക്ലാസ്സുകൾക്ക് സ്റ്റേറ്റ്തല റിസോർസ് പേർസണായ ശ്രീ. V.G.

ഗോപിനാഥൻ നേതൃത്വം നൽകി. നവംബർ ഒന്നിന്റെ പുനരർപ്പണദിനത്തിൽ ജനപങ്കാളിത്തത്തോടെ വികസനം നടത്തിന്നതിന്റെ നാന്ദി കുറിച്ചുകൊണ്ട് വാർഡുകൾ തോറും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് നവംബർ 2, 3 തീയതികളിൽ പഞ്ചായത്തുതലത്തിൽ പന്ത്രണ്ടുപേർ അടങ്ങുന്ന ഒരു സംഘം പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്ന് വിവരങ്ങൾ ശേഖരിച്ചു. ഭൂപ്രകൃതി, മണ്ണിന്റെ ഘടന, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ പഠിച്ചു. ഒരു വിഭവ ഭൂപടം നിർമ്മിച്ചു.

പഞ്ചായത്തിലെ മൊത്തം വിവരങ്ങൾ ശേഖരിച്ച് പരിശീലനം തേടിയവരും വിദഗ്ദ്ധന്മാരും ഉദ്യോഗസ്ഥന്മാരും ദിവസങ്ങളോളം കഠിനാദ്ധ്വാനം ചെയ്ത് ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിച്ചു. പഞ്ചായത്തിന്റെ പ്രശ്നങ്ങളെ പന്ത്രണ്ട് മേഘലകളായി തിരിച്ച് റിപ്പോർട്ട് തയാറാക്കി. ഓരോ മേഘലയിലും പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും വിശദീകരിച്ചിട്ടുമുണ്ട്. റിപ്പോർട്ട് ക്രോഡീകരണ വേളയിൽ പങ്കെടുത്ത് വിജയിപ്പിച്ച വിദഗ്ദ്ധന്മാരെയും പ്രത്യേകിച്ച് ഞങ്ങൾക്ക് നേതൃത്വവും നിർദ്ദേശവും നൽകിയ സ്റ്റേറ്റ് റിസോർസസ് പേർസൺ ശ്രീ. V.G. ഗോപിനാഥിന്റെ നിസ്വാർത്ഥ സേവനം ഇത്തരുണത്തിൽ ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. പരിഹാരമാർഗ്ഗങ്ങളെ പരിപോഷിപ്പിച്ചും പുതിയ സാദ്ധ്യതകളെ കണ്ടെത്തിയും ഈ റിപ്പോർട്ടിനെ സമ്പുഷ്ടമാക്കുവാൻ അഭ്യർത്ഥിക്കുന്നു.

36



മേലൂർ ഗ്രാമപഞ്ചായത്ത്

# II സാമൂഹിക സാംസ്കാരിക ചരിത്രം

കിഴക്കൻ മലനിരകളുടെ മടിത്തട്ടിൽ നിന്നും കൊഞ്ചിക്കുണുങ്ങി കുഞ്ഞോളങ്ങളിൽ നൃത്തം വച്ച് എത്തുന്ന ചാലക്കുടിപുഴ മേലൂർ ഗ്രാമത്തിന്റെ കിഴക്ക് വടക്കേ അറ്റത്ത് നിന്ന് വടക്കുഭാഗത്തുകൂടി പടിഞ്ഞാറെ അതിർത്തി വരെ തഴുകി തലോടി കടന്നു പോകുന്നു. ചരിത്രം ഉറങ്ങുന്ന ടിപ്പുസുൽത്താന്റെ കോട്ടയും (ടിപ്പുസുൽത്താന്റെ ആക്രമണത്തെ തടയുന്നതിന് കൊച്ചി രാജാവ് പണികഴിപ്പിച്ചത്) പ്രാചീന അമ്പലങ്ങളും കുന്നും കുളങ്ങളും ഗ്രാമീണ ഭംഗിയെ ഇന്ന് സമ്പുഷ്ടമാക്കുന്നു. ഗ്രാമസങ്കൽപത്തിന്റെ പൂർണ്ണതയിൽ കൈവന്ന "മേലെഊര് " കാലക്രമത്തിൽ "മേലൂർ" ആയിയെന്നും അല്ല "മേന്മയുള്ള ഊര്" ആണ് "മേലൂർ" എന്നും പറയപ്പെടുന്നു.

ടിപ്പുസുൽത്താന്റെ ആക്രമണം തടയാൻ അന്നത്തെ ഭരണാധികാരി ജനങ്ങളുടെ കൂട്ടായ്മയിൽ കുടി ഒരൊറ്റ ദിവസം കൊണ്ടാണത്രെ പുഷ്പഗിരി മുതൽ പാലക്കാട് വരെയുള്ള ഈ കോട്ട തീർത്തത്. ആധുനികതയുടെ പടയോട്ടത്തിൽ ചരിത്രസ്മാരകങ്ങളെന്ന പേരിൽ പുഷ്പഗിരിയിലെ "വട്ടകോട്ടയും" പാലമുറിയിലെ ഒരു "സ്തൂപവും" തലമുറക്കായി ബാക്കിനിൽക്കുന്നു. പടയോട്ടത്തിൽ വളരെ ഏറെ സമ്പൽ സമൃദ്ധമായ മനകളും വാസ്തുശില്പഭംഗി നിറഞ്ഞൊഴുകുന്ന അതിപുരാതന ക്ഷേത്രങ്ങളും തച്ചുടയ്ക്കപ്പെട്ടതായി കേട്ടറിവിന്റെ പിൻബലത്തിൽ ചില തെളിവുകൾ നിരത്തി പഴമക്കാർ നമ്മെ കാട്ടിത്തരുന്നു. ഇന്നത്തെ പൂലാനി ചെട്ടിതോപ്പ് ഭാഗത്ത് കൊത്തുപണി ചെയ്ത കരിങ്കൽ പാളികൾ പലപ്പോഴും കണ്ടെത്തുന്നു. പൈനാട്ടെ തേവരു (മുടിഞ്ഞമ്പലം) ടെ അമ്പലവും പിണ്ടാണിയിൽ ഒരു വിഷ്ണുക്ഷേത്രവും പടയോട്ടത്തിൽ തച്ചുടക്കപ്പെട്ടതാണെന്ന് കരുതുന്നു. പൂലാനിയിലെ എടത്രക്കാവ് അമ്പലവും പൈനാട്ടെ അമ്പലവും അക്കാലത്തെ മനവക അമ്പലങ്ങളാണെന്ന് കരുതുന്നു. അക്കാലത്ത് എടത്രക്കാവിൽ നിന്നും ആറാട്ടു പുറപ്പെട്ട് അർജ്ജുനന്റെ തേരാൽ ശ്രീ കൃഷ്ണന്റെ പ്രതിഷ്ഠയായ പൈനാട്ടെ അമ്പലത്തിൽ എത്തുകയും; അവിടെ നിന്ന് ഇരു മൂർത്തികളും ഒരുമിച്ച് ഇന്നത്തെ കൂനഞ്ചേരി ഭാഗത്തെ കടവിൽ ആറാട്ടു മുങ്ങിയിരുന്നത്രെ.

എടത്രക്കാവിനെ പറ്റി സാധാരണക്കാരന്റെ ഓർമ്മയിൽ ഒരു കഥയുണ്ട്. വനമായിരുന്നു. ഇന്ന് അമ്പലം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പൂലാനിയിലുള്ള "എടത്ര" എന്ന പുലയസ്ത്രീ പുല്ലിരിയാൻ പോയി എന്നും അവിടെ കണ്ട ഒരു കല്ലിൽ അരിവാൾ മൂർച്ച കൂട്ടാൻ തേച്ച് എന്നും; അപ്പോൾ കല്ലിൽ നിന്നും രക്തം ഒഴുകി എന്ന വാർത്ത കേട്ട് ഓടി എത്തിയ മനക്കാർ താമസിയാതെ അമ്പലം അവിടെ പണിതു – ആ അമ്പലമാണ്

ഇന്നത്തെ എടത്രക്കാവ് അമ്പലം എന്നുമാണ് ഐതീഹ്യം. അമ്പലത്തിൽ അവർണ്ണർക്ക് എല്ലായ്പ്പോഴും പ്രവേശനം ഇല്ലായിരുന്നു എങ്കിൽ തന്നെയും കുംഭമാസത്തിലെ ഉത്രാടനാളിൽ പ്രവേശനം അനുവദിച്ചുവന്നിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ തകർന്ന് പോയ ഒരു ക്ഷേത്രമാണ് കേരളത്തിൽ വളരെ വിരളമായി മാത്രമുള്ള "ശിവപാർവ്വതി" ക്ഷേത്രങ്ങളിലൊന്നാണ് ഇന്ന് നാട്ടുകാർ പുനരുദ്ധരിച്ചുകൊണ്ടിരിക്കുന്ന പിന്നാണിയിലെ ശിവപാർവ്വതീക്ഷേത്രം. ഐതിഹ്യപ്രകാരം എടത്രക്കാവ് അമ്പലവും ഈ ശിവപാർവ്വതീക്ഷേത്രവും അടുത്ത് ബന്ധമുള്ളതായി അറിയുന്നു.

ചാതുർവർണ്ണ്യങ്ങളുടെ ഉത്തുംഗസീമയിൽ ധനാടമ്പര പുഷ്ടിയോടെ നിവസിച്ചിരുന്ന രണ്ട് പ്രബല ഇല്ലങ്ങളായിരുന്നു കാലടിയിലെ പടുതോൾ മനയും, പ്ലാങ്ങാട്ട് പടുതോൾ മനയും. കൊച്ചിരാജകുടുംബത്തെ മൂന്നാം കൂറ് തമ്പുരാനയിരുന്നു ഇല്ലത്ത് അന്ന് താമസിച്ചുവന്ന കൊച്ചമ്മൻ തമ്പുരാൻ എന്നറിയപ്പെട്ടിരുന്ന രവിവർമ്മതമ്പുരാൻ. ഈ മനയുടെ കീഴിൽ വളരെയേറെ ഭൂസ്വത്തുക്കളോടെ പ്രതാപത്തിൽ അന്ന് നിലനിന്നിരുന്ന ക്ഷേത്രമായിരുന്നു കാലടി ശിവക്ഷേത്രം. ഇവരുടെ കുടിയാരായ കൊരട്ടിപ്പള്ളി രണ്ടിടങ്ങഴി നെല്ല് കാണമായി ക്ഷേത്രത്തിലേയ്ക്ക് കൊടുത്തുവന്നിരുന്നുവത്രെ. അയിത്തവും, വിലക്കും, ആട്ടും , വഴിയാട്ടുമൊക്കെ അന്നത്തെ ജാതി വ്യവസ്ഥിതിയുടെ ഭാഗമായിരുന്നു. തമ്പുരാന്റേയൊ സവർണ്ണജാതിക്കാരന്റെയൊ ദൃഷ്ടിയിൽ പെടാതെ തീണ്ടൽ മുന്നറിയിപ്പ് തരുന്ന തമ്പുരാന്റെ പൈലറ്റ് വാഹകരുടെ "ഹോയ്" എന്ന് വിളിച്ചുപറയൽ കേട്ട് കീഴ്ജാതിക്കാരൻ ഓടിയൊളിച്ചുകൊള്ളണം. നിവർത്തികേടിൽ അവൻ ദൃഷ്ടിയിൽ പെട്ടാൽ അവന് ശിക്ഷയുറപ്പ്. തമ്പുരാനോ കുളിച്ചിട്ടെ പിന്നെ യാത്ര തുടരാൻ കഴിയു. തമ്പുരാനായാലും അന്തർജനമായാലും ഇക്കാരണം കൊണ്ട് തന്നെ പ്രധാനമായും ഇല്ലത്ത് ആട്ടും, പാട്ടും, കൂത്തും, കുളിയും , തേവാരവുമായി ഒതുങ്ങിക്കൂടേണ്ടി വന്നു. ഇല്ലത്തെ മൂത്ത ജേഷ്ഠനെ സാധാരണഗതിയിൽ വേളി കഴിക്കാവു. വിവാഹിതനായാൽ അദ്ദേഹം പൂർണ്ണമായും ഗൃഹസ്ഥാശ്രമിയായി ജീവിക്കണം. അദ്ദേഹത്തിന്റെ അന്തർജ്ജനവും മൂന്ന് നേരവും കുളിയും പൂജയും മുറതെറ്റാതെ നടത്തുകയും ഇതിലേയ്ക്കൊരുക്കിയിട്ടുള്ള ഹോമകുണ്ഠത്തിൽ തീ അണയാതെ നോക്കേണ്ടതും ഇവരുടെ ചുമതലയാണ്. ഈ ബുദ്ധിമുട്ടുകളും കണക്കിലെടുത്താകും ഇല്ലത്ത് മൂത്തയാളെ വേളി കഴിപ്പിച്ചിരുന്നുള്ളു. സഹോദരാദികൾ മറ്റു സവർണ്ണജാതയിൽപ്പെട്ട സ്ത്രീകളുമായി സംബന്ധം കൂടും. ഇതിൽ ജനിക്കുന്ന കുട്ടികൾക്ക് മാന വക സ്വത്തിൽ അവകാശവും ഇല്ലായിരുന്നു.

കൊച്ചിരാജവംശത്തിന്റെ കീഴിലുള്ള മുരിങ്ങൂർ പാത്തിശ്ശേരി മന , പൂവ്വത്തടി മന, താക്കിപ്പിള്ളി മന, പൂലാനി, അടിച്ചിലി കോവിലകം , കാലടി ദേവസ്വം വക ഭൂമികളായിരുന്നു ഈ പഞ്ചായത്തിലത്രയും. രാജകുടുംബം ഇവർക്ക് പാട്ടത്തിന് കൊടുക്കുകയും ഇവർ കുടിയാന്മാർക്ക് കീഴ്പാട്ടത്തിന് ഭൂമി പകുത്തു നൽകുകയും ചെയ്തു. എപ്പോൾ ജന്മി തിരിച്ചാവശ്യപ്പെടുന്നുവോ അപ്പോൾ കുടിയാന്റെ സ്വന്തം ചിലവിൽ പ്രമാണം എഴുതി ഒഴിഞ്ഞുകൊടുത്തുകൊള്ളണം എന്നാണ് വ്യവസ്ഥ. കൊയ്ത്ത് കഴിഞ്ഞാൽ കുടിയാൻ ഉണക്ക് തീർത്ത് ജന്മിയുടെ അറമുഖത്ത് അത് കൊടുത്തുകൊള്ളണം. ഈ ശേഖരിക്കുന്ന നെല്ല് അത്രയും പുഴുങ്ങി ഉരലിൽ ഇട്ട് കുത്തി പേറ്റി അരിയാക്കി കൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനാണ്. നെല്ല് കുത്തുന്ന സ്ഥലം പാർവത്യാർ വീടുകളിൽ ചെന്ന് അറിയിക്കണം. വീട്ടിൽ ആളില്ലെങ്കിൽ കുടിയാൻ ഒരു വാഴക്കണം വെട്ടി ചുവരിൽ ചാരിപ്പോരും. പിറ്റേദിവസം തന്നെ വീട്ടുകാരൻ വിവരം തിരക്കി അറിഞ്ഞിരിക്കണം. നെല്ല് പുഴുങ്ങി കുത്തി സൗജന്യമായി ചെയ്ത് കൊടുത്തിരുന്ന ഈ സമ്പ്രദായത്തെ "പണ്ടാരനെല്ലുകുത്ത്" എന്ന് വിളിച്ചിരുന്നു. അക്കാലത്ത് രാജാവിന് വേണ്ടി കുഴിയിൽ വീണ ആനയെ നാട്ടുകാർ കേട്ടറിഞ്ഞ് ചെന്നുകയറ്റിക്കൊള്ളണം. അനക്കിടുന്ന "തലവക" പിടിക്കാനുള്ള അവകാശം മേലൂർക്കാർക്കാർക്കും, "കടവക" പിടിക്കാനുള്ള അവകാശം പരിയാരത്തുകാർക്കുമായിരുന്നവത്രെ.

പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷി മാത്രമെ അന്നുണ്ടായിരുന്നുള്ളു. ഞാല്, വിരിപ്പ് എന്നിവയായിരുന്നു പ്രധാനയിനം. വളരെ വിരളമായി മാത്രം ത്ലാവുകൊണ്ട് തേവിപുഞ്ച പണിതിരുന്നു. കാളകളെ പൂട്ടി കാളതേക്കും, വേത്തുകുത്തി തേവിയും ജലസേചനം നടത്തിയിരുന്നു. പഴയ വിത്തിനങ്ങളായ അരിമോഡേൻ, ശീമോഡേൻ , കറത്തൊറമ്പൻ, അധിയാൻ, നകര, ഇട്ടിക്കണ്ടപ്പൻ,ആര്യൻ എന്നീവിത്തിനങ്ങളായിരുന്നു കൃഷി ഇറക്കിയിരുന്നുത്. ഈ വിത്തിനങ്ങളുടെ വിളവിനെ പറ്റിയും സ്വാദിനെ പറ്റിയും ഇന്നും പഴമക്കാർ അഭിമാനത്തോടെ വാചാലമാകുന്നത് കാണാം. ഉഴുന്ന്, മുതിര, ചാമ, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്,

കുത്തുകിഴങ്ങ് എന്നിവയും ധാരാളമായി കൃഷി ചെയ്തിരുന്നു. നെല്ലുല്പാദനം വളരെ കുറവായതിനാലും പാട്ടം കഴിച്ച് കാര്യമായി ബാക്കിയൊന്നും വരാത്തതിനാലും അന്ന് ജന്മികുടുംബങ്ങൾ ഒഴിച്ച് മറ്റ് എല്ലാവരും അർദ്ധപട്ടിണിയിലായിരുന്നു. അന്ന് വിശപ്പടക്കിയിരുന്നത് മേൽപറഞ്ഞ കിഴങ്ങ് വർഗ്ഗങ്ങളും, പനനൂറും മറ്റു കാട്ടുകിഴങ്ങുകളും, ചക്ക, മാങ്ങ എന്നിവ കൊണ്ടുമായിരുന്നു. കർഷകൻ കൃഷി ചെയ്തുണ്ടാക്കുന്ന മരച്ചീനി, കായ, ചേന, ചേമ്പ് എന്നിവ എറണാകുളം, പറവൂർ , കോട്ടപ്പുറം എന്നീസ്ഥലങ്ങളിലെത്തിക്കാൻ ഏക മാർഗ്ഗം ചാലക്കുടിപുഴയിൽ കൂടി വള്ളങ്ങളിൽ കൊണ്ടുപോയിട്ടായിരുന്നു. ഈ വള്ളങ്ങളിൽ തന്നെയായിരുന്നു ഉപ്പ്, മുളക് തുടങ്ങിയ അത്യാവശ്യ സാധനങ്ങളും റേഷനും എത്തിച്ചിരുന്നത്. രണ്ടാം ലോക മഹായുദ്ധത്തിന്റെ നാളുകളിൽ മണ്ണെണ്ണ മറ്റ് പലവ്യഞ്ജനസാധനങ്ങൾക്ക് വളരെ ഏറെ നിയന്ത്രണവും ക്ഷാമവും നേരിട്ടു. ഇക്കാലത്ത് ജനങ്ങൾ കിഴങ്ങു വർഗ്ഗങ്ങൾ ഭക്ഷണമാക്കുകയും മരോട്ടി, പുന്ന, ഓട എന്നിവയുടെ എണ്ണയെടുത്ത് കത്തിച്ച് വെളിച്ചത്തിനായി ഉപയോഗിക്കുകയും ചെയ്തിരുന്നു. യുദ്ധാരംഭത്തിൽ അരി ഇറക്കുമതി നിലച്ചു. ഭക്ഷ്യ ക്ഷാമം രൂക്ഷമായി. ആദ്യമായി സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലവിൽ വന്നു. എട്ടൗൺസ് റേഷൻ വളരെ കൃത്യമായിരുന്നു. ഭക്ഷ്യക്ഷാമത്തെ നേരിടാൻ "ഗ്രോ മോർ ഫുഡ്" എന്ന പദ്ധതിയും നടപ്പിലാക്കി. ഗോതമ്പ്, ഗജ്റ എന്നിവ ഭക്ഷിക്കാൻ അന്ന് നമ്മൾ ശീലിച്ചു. രാജ്യമന്ന് മുഴുപ്പട്ടിണിയിൽ അമരുമെന്ന് കരുതിയെങ്കിലും നിലനിന്ന സാഹചര്യങ്ങൾക്ക് വളരെ മാറ്റങ്ങൾ അന്നുണ്ടായി. ചെറുപ്പക്കാർ നാട്ടിൻപുറങ്ങളിൽ നിന്നും പട്ടാളത്തിൽ ചേരാൻ തുടങ്ങി. തളർന്ന സാമ്പത്തിക മേഖല പുതുജീവൻ വയ്ക്കാൻ ഇത് ഇടയാക്കി. നാളിതുവരെ ഇല്ലാതിരുന്ന രീതിയിൽ സാധാരണക്കാരുടെ ഇടയിലേയ്ക്ക് പണം എത്തിച്ചേരാൻ തുടങ്ങിയതോടെ സാമ്പത്തിക രംഗത്ത് അൽപം ഉണർവ്വ് പ്രത്യക്ഷപ്പെടാൻ തുടങ്ങി. ഇത് സ്വാതന്ത്ര്യലബ്ധിവരെ തുടരുകയും ചെയ്തിരുന്നു.

അധ്വാനശേഷി കൈമുതലുള്ള കർഷകജനത അവന്റെ ഭൂമിയിൽ അർദ്ധപട്ടിണിയിൽ ഉടുമുണ്ട് മുറുക്കിയുടുത്ത് വിയർപ്പൊഴുക്കാൻ തുടങ്ങിയതോടെ ഭൂപ്രകൃതിയിൽ ആശാവഹമായ മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. കർഷകന്റെ സ്വപ്നങ്ങൾ തളിരിടാൻ തുടങ്ങി. എങ്കിലും കുടിയൊഴിപ്പിക്കൽ അവനൊരു ശാപമായി മാറി. വർഷങ്ങളായി സ്വന്തം മക്കളെപ്പോലെ പാടുപെട്ട് വളർത്തിയെടുത്ത ഫലം എടുക്കാറാകുമ്പോൾ എല്ലാം വിട്ടൊഴിഞ്ഞ് വെറും കൈയ്യോടെ തന്റെ ഭാര്യയേയും മക്കളേയും കൊണ്ട് തെരുവിൽ ഇറങ്ങേണ്ടിവരുന്ന ഒരു ദുസ്ഥിതി ഉണ്ടായി, ജന്മിക്കെതിരെ പ്രതികരിക്കാൻ കഴിഞ്ഞില്ലെങ്കിലും കർഷകന്റെ മനസ്സുകളിൽ പ്രതികാരം രൂപം കൊണ്ടു. ഇത് കർഷകർ അവിടവിടെ ഒത്തുകൂടി ദുഃഖങ്ങൾ സങ്കടങ്ങൾ കൈമാറുന്നതിന് അവസരം ഒരുക്കി. ഇതിൽ നിന്ന് കർഷക പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. കുടുംബക്ഷേത്ര ഉത്സവസ്ഥലങ്ങളിലും സദ്യവീടുകളിലും ഇവർ ഒത്തുചേർന്നു. അടിമത്വത്തിന്റെ സിരകളിൽ അവകാശത്തിന്റെ രക്തം ഒഴുകാൻ തുടങ്ങി. നമ്മുടെ പഞ്ചായത്തിൽ കാര്യമായ കർഷകസമരങ്ങളും അക്രമങ്ങളും നടന്നിട്ടില്ലെങ്കിലും കേരളത്തിലങ്ങോളമിങ്ങോളം ജന്മിക്കുടിയാൻ തർക്കവും മർദ്ദനവും കർഷകസമരങ്ങളും അരങ്ങേറി. കണ്ടായത്തുകാരുടെ ഭൂമി ഒഴിപ്പിക്കാൻ വന്ന ജന്മിമാരുടെ ഗുണ്ടകളായ ആയിപ്പാട്ടുവീരാനേയും സംഘത്തേയും കുടിയാന്മാർ മൂത്തേടത്ത് പരമേശ്വരനും (അടിച്ചിലി) കർഷകസംഘവും ചേർന്ന് ഓടിച്ചത് പഴമക്കാർ ഇന്നും ഓർക്കുന്നു. ജന്മികുടിയാൻ ബന്ധം നമ്മുടെ ഗ്രാമത്തിൽ താരതമ്യേന ഭേദമായിരുന്നു എന്നാണ് സംഘട്ടനങ്ങളിൽ നിന്ന് മോചിതമായ നമ്മുടെ ഗ്രാമത്തിന്റെ ചിത്രം.

കുന്നപ്പിള്ളിയിലും, പൂലാനിയിലും, കൂവ്വക്കാട്ടുകുന്നിലും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആവിർഭാവത്തോടെ ശ്രീ. കെ. എസ്. ദാമോദരൻ, ശ്രീ. കെ. വി. കുമാരൻ, പി.വി. കൊച്ചുകറുപ്പൻ, ശ്രീ. ഇ.കെ. വേലായുധൻ, ശ്രീ. ഗോപാലൻ കറ്റുകണ്ടത്തിൽ, ശ്രീ. നാരായണൻ മണക്കാട്ടിൽ എന്നവരുടെ നേതൃത്വത്തിൽ അക്രമപ്പാട്ടം വെട്ടിക്കുറക്കുക, കുടിയൊഴിപ്പിക്കൽ നിർത്തലാക്കുക എന്നീ മുദ്രാവാക്യങ്ങൾ അയൽ പ്രദേശങ്ങളിലെ കർഷകസമരങ്ങൾക്ക് കരുത്ത് പകർന്നിട്ടുണ്ട്. വിപ്ലവത്തിനു പാതയൊരുക്കാൻ കുന്നപ്പിള്ളി കേന്ദ്രമാക്കി "നവോദയ നടന കലാസമിതി" എന്ന പേരിൽ ഒരു നാടക സംഘടനക്ക് രൂപം നൽകുകയും "രക്തസാക്ഷി" എന്ന നാടകം ഇവർ പല പ്രദേശങ്ങളിലും അവതരിപ്പിച്ച് പ്രശസ്തിനേടുകയും ചെയ്തു. പഞ്ചായത്തിന് പുറത്ത് പുല്ലൂരിലും നാടകം അവതരിപ്പിക്കുകയുണ്ടായി. പുല്ലൂരിൽ ഈ നാടകം അവതരിപ്പിച്ച് നാലാം ദിവസമാണ് പരിയാരത്തെ "ഇഞ്ചക്കുണ്ടിൽ" നിലമൊഴിപ്പിക്കലുമായി ബന്ധപ്പെട്ട് "ശങ്കുണ്ണി ഇൻസ്പെക്ടർ" കൊല ചെയ്യപ്പെടുന്നത്. നാടകസമിതിയിലെ അംഗങ്ങളായ ശ്രീ. പി. വി. കൊച്ചുകറപ്പൻ, ശ്രീ. കെ.വി. കുമാരൻ, ശ്രീ. കെ.കെ.

ഗോപാലൻ കറ്റുകണ്ടത്തിൽ, ശ്രീ. കെ.എസ്. ദാമോദരൻ, ശ്രീ. സി. പി. ഗോപാലൻ, ശ്രീ. നാരായണൻ മാക്കാട്ടിൽ, ശ്രീ. എൻ.എ. കുഞ്ചു എന്നിവരെ പ്രതികളാക്കി കേസ്സ് റജിസ്റ്റർ ചെയ്തു. ഈ ഘട്ടത്തിൽ തന്നെയാണ് എസ.എൻ.ഡി.പി. പ്രസ്ഥാനവും ശക്തിയാർജിച്ചത്. അയിത്തം, തീണ്ടൽ തുടങ്ങിയ സാമൂഹികാനാചാരങ്ങൾക്കെതിരേയുള്ള പടപ്പുറപ്പാടും ഇവർ ആരംഭിച്ചുകഴിഞ്ഞിരുന്നു. സാധാരണ ജനങ്ങൾക്ക് ജാതിമതഭേദമെന്യേ പൊതുവഴിയിൽ കൂടി നടക്കാനുള്ള അവകാശ സമരങ്ങൾ ഈ കാലഘട്ടത്തിലാണ് ആരംഭിക്കുന്നത്. ഇതിന്റെ മുന്നോടിയായി അവർണ്ണർക്ക് പ്രവേശനമില്ലാതിരുന്ന എടത്രക്കാവ് അമ്പലപരിസരത്ത് പൊതുജനങ്ങൾ പ്രവേശിക്കുന്നതിന് ആഹ്വാനം ചെയ്ത് അക്കാലത്ത് ഒരു നോട്ടീസ് ഇറക്കിയത് വലിയൊരത്ഭുതമാവുകയും ഇതിന്റെ പുറകിൽ അന്നത്തെ വിപ്ലവകാരികളിൽ ഒരാളായ "മാളിയേക്കൽ ചാക്കോ" എന്ന ആളാണെന്ന് പറയപ്പെടുകയും ചെയ്യുന്നു. വരാനിരിക്കുന്ന ക്ഷേത്രപ്രവേസന സമരങ്ങളുടെ നാന്ദിയായി ഇത് ഭവിച്ചു.തുടർന്നു നടന്ന ഇരിങ്ങാലക്കുട കുട്ടംകുളം സമരത്തിലേക്ക് ഇവിടെനിന്ന് കർഷക സംഘം; എസ്.എൻ.ഡി. പി. പ്രവർത്തകരായി ഇരുപതോളംപേർ പങ്കെടുത്തിരുന്നു.സമാനസ്വഭാവമുള്ള ചാലിയൻ സത്യാഗ്രഹത്തിലേക്കും ഇവർ പോവുകയുണ്ടായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ സവർണ്ണർക്കെതിരെയുള്ള ഒരു വെല്ലുവിളിയുടെ ഭാഗമായാണ് പൂലാനി ശ്രീ സുബ്രഹ്മണ്യക്ഷേത്രം രൂപംകൊള്ളുകയുണ്ടായിട്ടുള്ളത്.

സ്വാതന്ത്ര ലബ്ധിക്കുമുൻപുതന്നെ രാഷ്ട്രീയരംഗത്ത് കടന്നുവന്ന് രണ്ടു തവണ കൊച്ചി നിയമസഭയിൽ അംഗമായിരുന്നയാളാണ് അഡ്വ. ഐ.വി.മൂത്തേടൻ. അദ്ദേഹം അന്ന് നിയമസഭയിൽ അവതരിപ്പിച്ച ബിൽ അംഗീകരിച്ചതിനെ തുടർന്നാണ് എല്ലാ നികുതിദായകർക്കും വോട്ടവകാശം ലഭിച്ചത്". Pro.Ece lesia it Portifiee" എന്ന പേപ്പൽ ബഹുമതിയും ലഭിച്ചിട്ടുണ്ട്. സ്വാതന്ത്ര്യതിന്റെ തൊട്ടടുത്ത നാളുകളിൽ തന്നെ കൊച്ചി നിയമസഭയിൽ എത്തിയ മറ്റൊരു വ്യക്തിയായിരുന്നു ശ്രീ.കെ.കെ.കേശവൻ വക്കീൽ.

സ്വാതന്ത്ര്യസമരത്തിലെ ദേശീയ നേതാക്കളുമൊത്ത് പ്രവർത്തിച്ചു മാതൃരാജ്യത്തിന്റെ ധീരസേനാനികളിൽ മേലൂക്കാരായ സി.കെ. എസ്.നമ്പടിയും; കല്ലേലി കുഞ്ചാക്കോവും പ്രഥമസ്ഥാനം വഹിക്കുന്നു. ഇവർക്കിരുവർക്കും ദേശീയ അംഗീകാരമായ "താമ്രപത്രം'' ലഭിക്കുകയുണ്ടായിട്ടുണ്ട്.ഇവരെക്കൂടാതെ, കമലം നമ്പീശൻ, പള്ളിപ്പാടൻ കൊച്ചാപ്പു, പന്തലൂക്കാരൻ തോമൻ; ടി.കൃഷ്ണൻ കുട്ടിമേനോൻ,കെ.എൽ. അന്തപ്പൻ തുടങ്ങിയവർ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ പ്രവർത്തകരായിരുന്നു.

1940 കളിലെ പ്രജാമണ്ഡലം പ്രവർത്തനങ്ങൾക്കും ഉത്തരവാദിത്വഭരണത്തിനുംവേണ്ടി നിയോജകമണ്ഡലം തലത്തിൽനെറ്റിക്കാടൻ ചാക്കുര്യ; സി.പി. ഫ്രാൻസീസ് മാസ്റ്റർ ; കെ.എൽ.അന്തപ്പൻ; സി.ശങ്കുപ്പണിക്കർ എന്നിവർ നേതൃത്വം കൊടുക്കുകയും ഇവരിൽ ചിലരെ കരുതൽ തടങ്ങൽ പ്രകാരം ജയിലടക്കുകയും ചെയ്തിട്ടുണ്ട്.1940 കളോട് അടുത്തകാലത്ത് രാഷ്ട്രപിതാവ് ചാലക്കുടി പുത്തൂപറമ്പിൽ ഒരു പൊതുസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചിരുന്നു. പ്രസംഗം തർജമചെയ്തു കൊടുത്തത് ചൊവ്വരപരമേശ്വരൻ എന് പ്രശസ്ത വാഗ്മിയായിരുന്നു. ഈ പ്രസംഗം പഴയകാല രാജ്യസ്നേഹികൾ കുളിർമയോടെ ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു. 1953 കളിലെ മദ്യ വർജന സമരവും ഇവിടത്തെ പങ്കാളിത്തവും വലുതായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ദൃശ്യമായിതുടങ്ങി. pl 480 എന്നറിയപ്പെടുന്ന വിദേശ സഹായപദ്ധതി അനുസരിച്ച് ഇന്ത്യയിലുടനീളം ലഭ്യമായ ഭക്ഷോല്പന്നങ്ങളുടെ ലഭ്യത ഇന്നാടിനേയും അനുഗ്രഹിച്ചു.1950-54 കാലഘട്ടത്തിൽ തുമ്പൂർമുഴി അണക്കെട്ടിന്റെ പണിപൂർത്തിയാവുകയും പനമ്പള്ളി ഗോവിന്ദമേനോൻ മുൻകൈയെടുത്ത് ചീഫ് എൻജിനീയറായി റിട്ടയർചെയ്ത പാലിയത്തച്ചൻ എന്ന എൻജിനീയറാണ് കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക്മേൽനോട്ടം നൽകിയത്. ഈ പദ്ധതിയുടെ താഴെയുള്ള വിഭാഗങ്ങൾ എല്ലാം അനുമതിക്കായി ആയകെട്ട് ഏരിയായിൽപ്പെടുത്തിയിരുന്നു.57 ൽ ഇതിന്റെ നിർമ്മാണം പൂർത്തിയായി കമ്മീഷൻ ചെയ്തതോടെ നമ്മുടെ പഞ്ചായത്തിൽ ചരിത്രപരവും അവിസ്മരണീയവുമായ കുതിച്ചുകയറ്റമാണ് കാർഷികരംഗത്തുണ്ടായത്.ഇക്കാലത്തെ കമ്മ്യൂണിറ്റി പ്രോജക്റ്റുകളുടേയും,പുതിയ സാങ്കേതിക വിദ്യയുടെയും,വിത്തിനങ്ങളുടെയും വരവോടെ കാർഷികമേഖലയിൽ ഒരു കുതിച്ചുകയറ്റം തന്നെ നടക്കുകയായിരുന്നു.1957ൽ ഈ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള കമ്മൂണിസ്റ്റു ഗവൺമേന്റിന്റെ പിറവിയോടെ രാഷ്ട്രീയ സാമൂഹ്യ ഘടനയിൽ വലിയ മാറ്റങ്ങൾ ദൃശ്യമായി. നമ്മടെ തമ്പുരാൻ നമ്മളാണെന്നും, കൃഷി ഭൂമി കൃഷിക്കാരന്റെയാണെന്നും ഉറപ്പിച്ചുപറയാൻ നിയമം നിലവിൽ വരുന്നത്

വരെ കാത്തിരിക്കേണ്ടിവന്നു. പങ്കിനും പാട്ടത്തിനും കുടികിടപ്പിനും മറ്റുമായി അദ്ധ്വാനിച്ച് കൈവശം വച്ച കൃഷിഭൂമികൾ അവന്റെ സ്വന്തമായി. കുന്നും മലയുമായി കിടന്ന തരിശുഭൂമികൾ കനകം വിളയുന്ന നെൽവയലുകളും തെങ്ങിൻതോപ്പുകളും ആയിതീർന്നു.

ആദ്യകാല പഞ്ചായത്തിനെ "ഗ്രൂപ്പ് വില്ലേജ് പഞ്ചായത്ത്" എന്നാണ് പറഞ്ഞിരുന്നത്. 1930 (1106)ലാണ് ആദ്യത്തെ തിരഞ്ഞെടുപ്പ് നടത്തുന്നത്. ഭൂനികുതി അടക്കുന്ന വളരെ കുറച്ചു പേർ ഇതിൽ നിന്ന് ഇവരാണ് കൈ പോക്കി തിരഞ്ഞെടുക്കുന്നത്. ആദ്യത്തെ പ്രസിഡന്റായി രേഖകൾ വെളിപ്പെടുത്തുന്നത് നമ്പ്യാരുവീട്ടൽ കുഞ്ചുമേനോൻ അവർകളേയാണ്. മറ്റംഗങ്ങൾ സി. വേലുനായർ, കെ.വി. ഔസേപ്പ്, വി.സി. വറീത് എന്നിവരാണ്. 1933 (1109)ൽ നടന്ന തിരഞ്ഞെടുപ്പിലും കുഞ്ചുമേനോൻ ആണ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നത്. എൻ. സി. തോമസ് ആക്റ്റിംഗ് പ്രസിഡന്റും, കെ. കുഞ്ഞുരാമൻ, കെ. കെ. കുഞ്ഞുവറീത്, കെ.വി. ഔസേപ്പ് എന്നിവർ മറ്റ് അംഗങ്ങളുമായിരുന്നു. 1937 (1113)ൽ നടന്ന തിരഞ്ഞെടുപ്പിൽ കുഞ്ചുമേനോൻ തന്നെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. വേലുനായർ, കോരുണ്ണി, വി.സി. വറീത്, കെ.കെ. കുഞ്ചുവറീത് ഇവർ മറ്റംഗങ്ങളും. 1939 (1115)ൽ പ്രസിഡന്റ് ശ്രീ. ടി.കൃഷ്ണൻകുട്ടി മേനോനും അംഗങ്ങൾ കുട്ടിമേനോൻ , കാവുത്തമ്പുരാൻ, മനു ആചാരി എന്നിവരുമായിരുന്നു.

ബാലറ്റുപെട്ടിയിലൂടെ ഉള്ള ആദ്യത്തെ തിരഞ്ഞെടുപ്പ് 1953ലാണ് നടക്കുന്നത്. അന്ന് 7 വാർഡുകളായിരുന്നു. എൻ.ജെ. ചാകുര്യ നെറ്റിക്കാടൻ, മാക്കട്ടിനാരായണൻ, എട്ടുവീട്ടിൽ ശങ്കരൻ കുട്ടി മേനോൻ, കീഴാറ മാണിക്ക്യൻ രാമൻ, കരേടൻ ലോനപ്പൻ അന്തപ്പൻ, തെക്കൻ ലോനപ്പൻ ദേവസ്സി, ആറ്റക്കര കൂറുമ്പൻ കാളുകുറുമ്പൻ (ഒരു വാർഡ് ഹരിജൻ – ദ്വയാങ്ക മണ്ഡലമായിരുന്നു) ഇതിൽ പ്രസിഡന്റായി എൻ. ജെ. ചാക്കൂര്യയെ തിരഞ്ഞെടുത്തു. പ്രസിഡന്റുമാരിൽ സ്മരിക്കപ്പെടേണ്ട വ്യക്തിയാണ് ഇദ്ദേഹം. ആദ്യകാലത്ത് പഞ്ചായത്താഫീസ് വില്ലേജാഫീസിന്റെ മുറിയിലായിരുന്നു പിന്നീട് മാച്ചാമ്പിള്ളി ഇട്ടിച്ചന്റെ കെട്ടിടത്തിലേയ്ക്ക് പത്തുരൂപ വാടകയ്ക്ക് മാറുകയും ഇതിന് ശേഷം പള്ളിനടയിലുള്ള ചിരപ്പറമ്പന്റെ കെട്ടിടത്തിലേയ്ക്ക് 15 രൂപ വാടകയ്ക്ക് മാറ്റുകയും ചെയ്തു. 1960 കാലഘട്ടത്തിൽ വില്ലേജോഫീസ് പണിതപ്പോൾ പഴയത് ലേലം ചെയ്യാൻ സർക്കാർ തീരുമാനിച്ചപ്പോൾ അന്നത്തെ പ്രസിഡന്റ് ശ്രീ. എൻ. ജെ. ചാക്കൂര്യ അന്നത്തെ മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ കണ്ട് പഞ്ചായത്ത് അനുവദിപ്പിച്ച് ഉത്തരവുവാങ്ങുകയായിരുന്നു മേലൂർ പഞ്ചായത്തിൽ മേലൂർ–മുരിങ്ങൂർ വടക്കുമുറി വില്ലേജിൽ 1961 ൽ നെറ്റിക്കാടൻ തോമൻ കുഞ്ഞുവറീതിന്റെ നേതൃത്വത്തിൽ മേലൂർ കാർഷിക സഹായ സഹകരണസംഘം രൂപീകൃതമായി. ഇതാണ് ഈ പഞ്ചായത്തിലെ പ്രഥമ സഹകരണസംഘം. മുണ്ടയ്ക്ക ഔസേപ്പ്, നെറ്റിക്കാടൻ അന്തോണിക്കുട്ടി, വടക്കുംപാടൻ തോമൻ പാലി, കൂവക്കാടൻ മാണി നാരായണൻ, ചെരപ്പറമ്പൻ അന്തോണി കുര്യപ്പൻ, തെക്കൻ മാത്തു കുര്യപ്പൻ തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. നെറ്റിക്കാടൻ തോമൻ കുഞ്ഞുവറീത് ആയിരുന്നു പ്രഥമ സംഘം പ്രസിഡന്റ്.

1964ലെ തിരഞ്ഞെടുപ്പിൽ എൻ.ജെ. ചാക്കൂര്യ; ശങ്കരൻ കുട്ടി ; എം. കെ. ബാലഗംഗാധരൻ (കോടതി അയോഗ്യത കല്പിച്ചു) കെ.വി. കുമാരൻ, ആട്ടോക്കാരൻ അന്തോണിക്കുട്ടി, എം.പി. ലോനപ്പൻ മാസ്റ്റർ , ടി.കെ. ആന്റണി, ടി.എൽ. ലോനപ്പൻ, കെ.എൽ. ആന്തപ്പൻ, എം കുമാരൻ എന്നിവർ തിരഞ്ഞെടുക്കപ്പെടുകയും, അന്നത്തെ വനിതാ പ്രതിനിധിയായി കമലാവതി നാരായണനെ നോമിനേറ്റ് ചെയ്യുകയും ചെയ്തു. ഇതിൽ ആട്ടോക്കാരൻ അന്തോണിക്കുട്ടി എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. എൻ.ജെ. ചാക്കൂര്യയായിരുന്നു പ്രസിഡന്റ്. 1968ൽ ശ്രീ. എൻ. ജെ. ചാക്കൂര്യ രാജിവയ്ക്കുകയും ശ്രീ. കെ.എൽ. അന്തപ്പൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. (1963ൽ ഫങ്ഷനിംഗ് കമ്മറ്റി എന്ന പേരിൽ ഒരു കമ്മറ്റിയെ നോമിനേറ്റ് ചെയ്യുകയുണ്ടായിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയെ സഹായിക്കാനായിരുന്നു ഇത്). എഴുപതുകളിൽ ഈ പഞ്ചായത്തിലെ പ്രഥമ ഗവൺമെന്റാശുപത്രി നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലം സദയം സംഭാവന നല്കിയത് കൈതക്കാടൻ കോന്നൻ എന്ന മാന്യവ്യക്തിയായിരുന്നു. 1979ൽ നടന്ന തിരഞ്ഞെടുപ്പിൽ കെ.എസ്. ദാമോദരൻ, ടി.കെ. ആദിത്യവർമ്മ, എൻ.സി. ഗംഗാധരൻ, പി.എസ്. രാജൻ, ടി.കെ. ജോസഫ്, ടി.എൽ. ആന്റണി , സി.ഐ. വേലായുധൻ, തങ്കമ്മ മാത്യു എന്നിവർ തിരഞ്ഞെടുക്കപ്പെടുകയും ശ്രീ. കെ.എസ്. ദാമോദരൻ പ്രസിഡന്റാവുകയും ചെയ്തു.

1988ൽ നടന്ന തിരഞ്ഞെടുപ്പിൽ ടി.കെ. ആദിത്യവർമ്മ, ശ്രീ. കെ.എസ്. ദാമോദരൻ, ശ്രീ. എൽ.സി. ഗംഗാധരൻ, ശ്രീ. പി.കെ ഭാസി, ശ്രീ. എം.പി. ചന്ദ്രൻ, ശ്രീ. ടി.ഒ. കുര്യൻ, ശ്രീ. ഐ.ടി. വറീത്, ശ്രീ. കെ.ഡി ഗംഗാധരൻ, ശ്രീമതി. മേരിക്കുഞ്ഞ്, ശ്രീമതി. ലക്ഷ്മീബായ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ടികെ ആദിത്യവർമ്മ പ്രസിഡന്റായി. 1995ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. കെ.കെ. പരമേശ്വരൻ, സി.പി. തങ്കപ്പൻ , മൈത്രിയമ്മ പ്രഭാകരൻ, മേരീ ജോസ്, പി.കെ. ഭാസി, ജെസി മാത്യു , എൻ.സി. തോമസ്, ടി.ഒ. കുരിയൻ, ജാക്സൺ എ. കരേടൻ , ഉഷാഗോപി എന്നിവർ തിരഞ്ഞെടുക്കപ്പെടുകയും കെ.കെ. പരമേശ്വരൻ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു.

1988ലെ ഭരണ സമിതിയുടെ കാലത്ത് ഇപ്പോഴുള്ള പുതിയ കെട്ടിടം പണി കഴിപ്പിച്ചു. വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത്, കുടിപ്പള്ളിക്കൂടങ്ങളും വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നിരുന്നു. മണ്ടൻപറമ്പ് തിരുമേനി, അരക്കപരമേശ്വരമേനോൻ എന്നിവർ അറിയപ്പെടുന്ന കുടിപ്പള്ളിക്കൂടം വാദ്ധ്യാന്മാരായിരുന്നു. മേലൂരിലെ "ഗ്രാമീണവായനശാല" യാണ് ഈ രംഗത്ത് ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. ശ്രീ. കെ.ജെ. ജോസഫ് മാസ്റ്റർ, ശ്രീ. കെ.എസ്. ദാമോദരൻ, ശ്രീ. പി.വി. കൊച്ചുകറപ്പൻ എന്നിവർ ഈ രംഗത്ത് വലിയ സേവനം പുലർത്തിയവരാണ്.

പഴമ ഏറ്റവും കൂടുതലുള്ള കൊരട്ടി പള്ളിയിൽ നിന്നും പിരിഞ്ഞ ഇടവകപ്പള്ളിയാണ് മേലൂർ "സെന്റ് ജോസഫ്" പള്ളി. ഇവരുടെ ശ്രമഫലമായാണ് 100 വർഷം പഴക്കമുള്ള ആദ്യത്തെ സ്കൂളായ മേലൂരിലെ സെന്റ്. ജോസഫ്സ് എൽ.പി.എസ് (1072)ൽ പ്രവർത്തനം ആരംഭിക്കുന്നത്. രണ്ടാമതായി പൂലാനിയിലെ വി.ബി.എൽ.പി സ്കൂളും 1091ൽ നിലവിൽ വന്നു.

വളരെ അഭിമാനകരമായ കലാസാംസ്കാരിക രാഷ്ട്രീയപാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. അന്താരാഷ്ട്ര ബഹുമതി നേടിയ ഒരു മഹൽ വ്യക്തിയാണ് മേലൂരിന്റെ അഭിമാനമായ നെറ്റിക്കാടൻ വീട്ടിൽ ജനിച്ച പി.തോമസ്, കേംബ്രിഡ്ജിലെ ഇന്റർനാഷണൽ ബയോഗ്രാഫിക്കൽ സെന്റർ 1974ൽ "മെൻ ഓഫ് അച്ചീവ്മെന്റ്" എന്ന ബഹുമതി നൽകിയിരുന്നു. ഇംഗ്ലീഷിൽ ഇരുപത് പുസ്തകങ്ങൾ രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ മറ്റുപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. വൈദിക ശ്രേഷ്ഠനും, ചിന്തകനും , പണ്ഡിതനുമായ വ്യക്തിയാണ് റവ. മോൺ, തോമസ് മൂത്തേടൻ , ശാകുന്തളം മലയാളഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തിയ ഒരു പണ്ഡിത ശ്രേഷ്ഠ കവിയായിരുന്നു "ഗുരുക്കാലടി" എന്നറിയപ്പെടുന്ന കാലടി രാമൻ നമ്പ്യാർ. 1952ൽ വിവർത്തനം പൂർത്തിയായ ഈ ഗ്രന്ഥം 1955ലാണ് നമ്പ്യാരുടെ മകൾ "കേകീ ശാകുന്തളം" എന്ന പേരിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയത്.

കാലടി കിഴക്കേപുഷ്പത്ത് ജനിച്ച കേരളം മുഴുവൻ അറിയപ്പെട്ടിരുന്ന ഒരു മദ്ദള വിദ്വാനായിരുന്നു ചാലക്കുടി നാരായണൻ നമ്പീശൻ. അത് പോലെ തന്നെ ബഹുമാനത്തോടെയും അഭിമാനത്തോടെയും ഓർക്കുന്ന മഹൽ വ്യക്തികളാണ് "ഏഡ്" മാഷ് എന്ന ഉപരനാമത്തിൽ അറിയപ്പെട്ടിരുന്ന എൻ.കെ. മാത്യു മാസ്റ്റർ, ശ്രീ. ഐ. കുഞ്ഞുണ്ണി കർത്ത , ടി.കെ മാത്യു മാസ്റ്റർ എന്നിവർ. പുതിയ തലമുറയ്ക്ക് ഇന്നാവേശം പകരുന്ന സാഹിത്യശാഖ മുഴുവൻ അറിയപ്പെടുന്ന ഒരു പുരോഗമന സാഹിത്യകാരനായ ശ്രീ. സി.ആർ. പരമേശ്വരൻ മേലൂരിന്റെ അഭിമാന ഭാജനം തന്നെയാണ്. ഈ കൊച്ചുഗ്രാമത്തിന്റെ ഇന്നലത്തേയും ഇന്നത്തേയും സ്പന്ദനം മുഴുവൻ പകർത്തിയെഴുതിയാലെ ചരിത്രമാകു. സ്ഥലപരിമിതിയുടെ വാൾ തലയേറ്റ് പലതും അറ്റുപോയി. പലതിനും പോറലേറ്റു. വായനക്കാർ ഞങ്ങളോട് സാദരം പൊറുക്കുമല്ലൊ.

# III ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് മേലൂർ പഞ്ചായത്തിനെ നാലു മേഖലകളായി തിരിക്കാം

1. ഉയർന്ന കുന്നിൻ പ്രദേശം
2. ഉയർന്നപ്രദേശം
3. ചെരിവുകൾ
4. പുഴയോരസമതലപ്രദേശം.

**1. ഉയർന്ന കുന്നിൻ പ്രദേശം:-**

സമുദ്രനിരപ്പിൽ നിന്നും 250 അടിയോളം ഉയരം വരുന്ന പ്രദേശമാണ് മേലൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ കിഴക്കൻ പ്രദേശമായ 1-ാം വാർഡിൽ കുന്നപ്പിള്ളി ദേവരാജഗിരി ,അടിച്ചിലി,ആലക്കാപ്പിള്ളി, പുഷ്പഗിരിപ്രദേശങ്ങൾ പഞ്ചായത്തിലെ ഉയർന്ന കുന്നിൻ പ്രദേശമാണ്. ഈ കുന്നിൻ പ്രദേശങ്ങളിൽ ജല ദൗർലഭ്യം ഉണ്ട്. എങ്കിലും ധാരാളം ജനങ്ങൾ തിങ്ങിപാർക്കുന്നു. മുഖ്യമായും റബ്ബർ, തെങ്ങ്, എന്നിവകൊണ്ട് നിറഞ്ഞു നിൽകുന്നു. ഇടക്കിടെ മറ്റ് നാണ്യവിളകളായ ജാതി, കുരുമുളക്, മറ്റു ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, പുളി, എന്നിവയും കണ്ടുവരുന്നു. കുടിവെള്ളപ്രശ്നം ഈ പ്രദേശത്ത് രൂക്ഷമാണ്. അലക്കപ്പിള്ളി വടക്കേച്ചെരുവിൽ കൂടി പുഴ ഒഴുകുന്നു എങ്കിലും ഈ പ്രദേശങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഇതുവരെ നിലവിൽ വന്നിട്ടില്ല. ആലക്കപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 1991 ൽ രൂപം കൊടുത്തുവെങ്കിലും ഇപ്പോഴും സർക്കാരിന്റെ ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുകയാണ്. ദേവരാജഗിരിക്കുന്നിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനം ഭാഗീകമായി നടത്തിക്കൊണ്ടിരിക്കുന്നു. ഈ കുന്നിൻ പ്രദേശത്ത് അധികവും ഹരിജനങ്ങളാണ് തിങ്ങിപ്പാർക്കുന്നത്. കുത്തനെ ഉള്ള ഇറക്കം അരക്കിലോമീറ്ററിൽ അധികം ഇറങ്ങിവന്നുവേണം കുടിവെള്ളം ശേഖരിക്കേണ്ടത്. ഈ പ്രദേശത്ത് പാറക്കൂട്ടങ്ങളും, ചെങ്കല്ല് ഇടകലർന്ന മണ്ണുമാണ്.

**ഉയർന്ന പ്രദേശം**

പഞ്ചായത്തിന്റെ ഭൂരിഭാഗവും ഉയർന്നപ്രദേശങ്ങളാണ്. കൂവക്കാട്ടുകുന്ന് മണ്ടിക്കുന്ന്, പാലപ്പിള്ളി, പലാട്ടികുണ്ട് എന്നിവയാണ് ഈ പ്രദേശങ്ങൾ. ജലസേചന സൗകര്യം ഇവിടെ തൃപ്തികരമല്ല. കുടിവെള്ള പ്രശ്നവും ഇവിടെ അനുഭവപ്പെടാറുണ്ട്. ചരൽ കലർന്ന മണ്ണ് കാണപ്പെടുന്നു. റബ്ബർ, തെങ്ങ. കവുങ്ങ്, വാഴ, മരച്ചീനി, ജാതി എന്നിവയാണ് മുഖ്യ കൃഷികൾ. തെങ്ങിന് വ്യാപകമായ രീതിയിൽ കാറ്റുവീഴ്ചയും, ചെമ്പൻ ചെല്ലിയുടെ ആക്രമണവും കാരണം തെങ്ങുകൃഷി ആദായകരമല്ലാതായി തീർന്നിട്ടുണ്ട്. റബ്ബർ കൃഷി ഊർജ്ജിതമകുന്ന പ്രവണത എങ്ങും കണ്ടുതുടങ്ങിയിട്ടുണ്ട്. പച്ചക്കറികൃഷി താരതമ്യേന കുറഞ്ഞുവരികയാണ്.

**ചെരിവുകൾ**

മൊത്തം വിസ്തീർണ്ണത്തിന്റെ 10% വും ചെരിവുകളാണ്. അടിച്ചിലി, കുന്നപ്പിള്ളി, പുഷ്പഗിരി, കുവ്വാട്ടുകുന്ന്, പാലാട്ടിക്കുണ്ട്, പാലപ്പിള്ളി എന്നീ ഭാഗങ്ങൾ ചരിഞ്ഞ പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. പാലാട്ടിക്കുന്ന് ഭാഗത്ത് മണ്ണൊലിപ്പ് വ്യാപകമായി കാണുന്നു. ഈ പ്രദേശങ്ങളിൽ റബ്ബർ, തെങ്ങ്, വാഴ, മരച്ചീനി, കവുങ്ങ്, എന്നിവ കൃഷി ചെയ്തുവരുന്നു.

**സമതലം**

പഞ്ചായത്തിന്റെ കിഴക്ക് പൂലാനി, കുറുപ്പം, കല്ലുകുത്തി, പുത്തൽപാടം, കാലടി, മുരിങ്ങൂർ എന്നീ പ്രദേശങ്ങൾ സമതലഭാഗങ്ങളാണ്. തെങ്ങ്, വാഴ, മരച്ചീനി, നെല്ല്. എന്നിവ, പ്രധാനകൃഷികളാണ്. പാടം നികത്തി തെങ്ങുവയ്ക്കുന്ന പ്രവണത പലഭാഗത്തായി കണ്ടുവരുന്നു. എങ്കിലും അത് വിജയപ്രദമല്ല എന്ന്

കാണുന്നുണ്ട്. ജലം ഭൂമിക്കടിയിൽ കിനിഞ്ഞിറങ്ങുവാൻ സാധ്യതയുള്ള പ്രദേശമാണ്. കളിമണ്ണ്, ചരൽ ചേർന്ന മണ്ണും, മണൽ ചേർന്ന മണ്ണും കണ്ടുവരുന്നു. പാടം നികത്തി വീട് വയ്ക്കുന്നതായും, പാടം കുഴിച്ച്, ഇഷ്ടിക നിർമ്മാണം നടത്തുന്നതായും കണ്ടുവരുന്നു. അത് പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ഒരു പരിധിവരെ ബാധിക്കുന്നുണ്ട്.

**ജലവിഭവം**

ഈ പഞ്ചായത്തിലെ കൃഷി മഴയെ മാത്രം ആശ്രയിക്കുന്നില്ല. കൃത്യമായി പുഴയും തോടുകളും കുളങ്ങളും ജലസേചനത്തിന് ഉതകുന്ന പ്രധാന ഘടകങ്ങളാണ്. പഞ്ചായത്തിന്റെ കിഴക്കുവടക്ക് പടിഞ്ഞാറായി ഒഴുകുന്ന താലക്കുടിപുഴയിലെ ജലത്തെ ആശ്രിയിച്ചാണ് കൃഷിയുടെ പുരോഗതി നിലനിൽക്കുന്നത്. പഞ്ചായത്തുവഴി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികളായ ആലക്കാപ്പിള്ളി, പൂലാനി, മുക്കൻപെട്ടി, കല്ലുകുത്തി, കിഴക്കേപാറക്കടവ്, മണ്ടിക്കുന്ന് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിൽ വന്നാൽ പഞ്ചായത്തിന്റെ ജലദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കാം. മഴ ഈ പഞ്ചായത്തിൽ താരതമ്യേന കുറവായി ലഭിക്കുന്നതിനാൽ കുടിവെള്ള ക്ഷാമം പലയിടത്തും അനുഭവപ്പെടുന്നു. ജലസ്രോതസ്സ് പ്രധാനമായി ചാലക്കുടിപുഴയാണ്. തുമ്പൂർമുഴി, ഇടതുകര മെയിൻ കനാലിൽ നിന്നുള്ള കുന്നപ്പിള്ളി പൂലാനി മേലൂർ ബ്രാഞ്ച് കനാലുകളിൽ കൂടി മെയിന്റനൻസ് നടത്താതെയും വെള്ളം വിടാതെയും ഉപയോഗശൂന്യമായിരിക്കുകയാണ്. കൂടാതെ തോടുകളും കുളങ്ങളും കൊണ്ട് അനുഗ്രഹീതമാണ് ഈ പഞ്ചായത്ത്. ജലസ്രോതസ്സുകളുടെ വിശദവിവരം കൃഷി ജലസേചന വിഭാഗത്തിൽ അന്യത്ര വിവരിക്കുന്നുണ്ട്.

**ജനസമ്പത്ത്**

1991 ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 24,854 ആണ്. ഇതിൽ 12486– പുരുഷൻമാരും 12368 – സ്ത്രീകളുമാണ്. ജനസാന്ദ്രതയിൽ ദേശീയ സംസ്ഥാന ജനസാന്ദ്രതയേക്കാൾ വളരെ മുകളിലാണ്. ശരാശരി ഒരു വീടൊന്നിന് നാല് ആളുകൾ വീതമുണ്ട്. പാർപ്പിട സൗകര്യത്തിൽ ഈ ഗ്രാമ പഞ്ചായത്ത് ഇനിയും ഏറെ മുന്നോട്ടു പോകേണ്ടുതുണ്ട്. നിരക്ഷരരുടെ എണ്ണം താരതമ്യേന കുറവാണ്. എസ്.എസ്.എൽ.സി പാസ്സായവർ 46% വരും, ബിരുദവും സാങ്കേതിക വിദ്യാഭ്യാസയോദ്യതയുള്ളവരുടേയും നിലവാരം കൂടുതലാണ്. തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുന്നു. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീവിഭാഗത്തിലാണ് തൊഴിലില്ലായ്മ അനുഭവപ്പെടുന്നത്.

**സസ്യാവരണം**

ഹരിതാഭ കലർന്ന പ്രദേശമാണ് മേലൂർ ഗ്രാമപഞ്ചായത്ത്. ഏറ്റവും ഉയർന്ന പ്രദേശമായ ദേവരാജഗിരിക്കുന്നിൽ നിന്ന് വീക്ഷിച്ചാൽ മേലൂരിന്റെ ഹരിതാഭ മൊത്തത്തിൽ കാണാവുന്നതാണ്. വളരെ നയന മനോഹരമായ ഒരു കാഴ്ചയാണത്. സസ്യസമ്പത്തിൽ ഈ പഞ്ചായത്ത് മുൻ പന്തിയിലാണ്. വൃക്ഷങ്ങളോ സസ്യങ്ങളോ ഇല്ലാത്ത ഒരു പുരയിടം പോലും ഈ പഞ്ചായത്തിൽ ഇല്ല. സസ്യാവരണത്തിൽ പഴയകാല ഔഷധച്ചെടികളിൽ ഗുണമേന്മയുള്ളവ നാട്ടിൽ നിന്നും അപ്രത്യക്ഷമായിട്ടുണ്ട്. ഇപ്പോൾ പരക്കേ കാണപ്പെടുന്നവയെ കുറിച്ച് മൊത്തത്തിൽ താഴെ ചേർക്കുന്നു.

കീഴാർ നെല്ലി, തൊട്ടാവാടി, ചാമപ്പുല്ല്, പടരൻപുല്ല്, കട്ടപ്പുല്ല്, അയിമപ്പച്ച, ചീര (4തരം), പേര, ചുണ്ടങ്ങ, സുന്ദരി, നീല സുന്ദരി, ചുള്ളി, പുതുമ്പ, കടി തുമ്പ, ആന തുമ്പ, കുറുന്തോട്ടി, കപ്പ, തെങ്ങ്, തേക്ക്, പെരു, പൂവെരു, ഊരം, മാവ്, മുരിങ്ങ, വേനപ്പച്ച, അപ്പ,പുല്ലാനി, കുക്കൂട്ട് പാല, ഇഞ്ചി, ജാതി, മൊസാന്ത, നീലക്കൊളാമ്പി, ഏഴിലംപാല, മുരിക്ക്, പ്ലാവ്, മുക്കൂറ്റി, വാഴ, കൊക്കോ, പുളി, പന, കശുമാവ്, മട്ടി, കരയാമ്പൂ, പന്നൽ, തൊണ്ടി, വെണ്ട, ചെമ്പരത്തി (പലതരം), മഞ്ഞൾ, താണി, എലവ്, ഇഞ്ച, ആടലോടകം, പൂപ്പരത്തി, മുള്ളം കള്ളി, കരിംകുറിഞ്ഞി, മരമുഞ്ഞ, കോഴി അപ്പ, ശീമക്കൊന്ന, ബുഷ്, മൈലാഞ്ചി, കോഴിവാലൻ, കുപ്പിച്ചെടി, മരുന്നുചെത്തി, അശോക ചെത്തി, അശോക മരം, സൂര്യകാന്തി, ചാമ്പ, ലൂബിക്കാ, കറശ്, വളപ്പയർ,

തകര, ചേമ്പ്, കാട്ടു ചേമ്പ്, പുളിച്ചേമ്പ്, ഊരി, കാട്ടുകുത്താവ്, കാഞ്ഞിരം, അക്കേഷ്യാ, വയറവള്ളി, പാരിജാതം, ചെയിഞ്ച് റോസ്, കുരുമുളക്, കടലാസ് റോസ്, കവുങ്ങ്, തുളസി, (ചുവന്ന തുളസി), കൃഷ്ണതുളസി, രാമ തുളസി, നിലം പരണ്ട, നാടൻപട്ട്ല്, നാരകം, ഇത്തിൾകണ്ണി, തേറം, ഇരുമ്പൻ പുളി, പുവ്വാം കുരുന്ന്, കുടപ്പുളി, കുങ്കുമച്ചെടി, സോപ്പുചെടി, പിച്ചകം, കാര, വെന്തി, മഞ്ഞകോളാമ്പി, കണിക്കൊന്ന, കൈതച്ചക്ക, ആഞ്ഞിലിച്ചക്ക, തൊണ്ടി (വകഭേദം) നിരോട്ടി, മുക്കൈനി, പപ്പായ, നീലത്താമര, വേറോം, നെല്ലി, ഉങ്ങ്, ആവൽ, നാങ്ങണ, എലിഞ്ഞി, ശതാവരി, വയൽചുള്ളി, ശംഖുപുഷ്പം, കാട്ടു കുറുഞ്ഞി, ചിറ്റമൃത്, കരിനൊച്ചി, പൈൻ, ഞാവൽ, അരണമരം, അപ്പ, അക്രാവ്, മലയിഞ്ചി, വലിയ ചേമ്പ്, മാഞ്ചിയം, കൂമുള്ള്, ചന്ദനം, കണലി, കുറ്റിചാണൽ, നിത്യകല്യാണി, മുല്ല, കോഴിവാലൻ, കപ്പ(കട്ടറബ്ബർ), അമര, ശീമപ്പട്ടല്, വഴുതന, കാച്ചിൽ, നമ്പ്യാർവട്ടം, ആദം, റബ്ബർ, കുന്നിവാക, കുന്നി, പൂപാല, മുതിര, ബദാം, ആമി, പൂവാക, മരോട്ടി, ചീര(ചുവപ്പ്, പച്ച, സാമ്പാർ) ആവണക്ക്, പഞ്ചി, കാപ്പി, നീലകനകാംബരം, വിശാലരി, കറുകപ്പട്ട, വാതസ്(പലതരം), പേൾ, ഇഞ്ച, നറുനീണ്ടി, പാവട്ട, റോസ് (പലതരം), ഡാലിയ, ആര്യവേപ്പ്, വേപ്പ്, സപ്പോട്ട, ലാങ്കാ, മഞ്ഞകോളാമ്പി, വാഴച്ചെടി, താന്തോന്നിച്ചെടി, പച്ചമുളക്(വിവിധ ഇനം) വാഴ (പാളയൻ കോടൻ, പൂവൻ, കണ്ണൻ, ചെങ്കദളി, എറോടൻ, ചാരപ്പടത്തി, കൊടപ്പനില്ലാച്ചുണ്ടൻ, ചെമ്പൂവൻ) മയിലെള്ള്, ചുവന്ന ആദം,പത്തുമണിച്ചെടി, മാങ്ങാനാറി, ചേരി, എള്ള്, കടപ്ലാവ്, മുള്ളൻ ലൂബി, ലൂബി, പ്ലം, മധുരക്കിഴങ്ങ്, മധുരച്ചേമ്പ്, ചേന, ചെറുകിഴങ്ങ്, ചട്ടിവാഴ, പാവൽ, പടവലം, വാക, മല്ലി, പനച്ചെടി, ചെറിയചെത്തി, എവർഗ്രീൻ, വെണ്ട, നീലോമം, ഉമ്മത്തിൻചെടി, മണിപ്ലാവ്, കുടവൻ, പന്നൽ, നെല്ല്, തിരുഹൃദയച്ചെടി, കൊക്കോ, വെറ്റില, കൊട്ടം, മുട്ടപ്പഴച്ചെടി, കാട്ടുചേന, ചെറുകടലാടി, മറുത്, കൂവളം, ചെറി, മല്ലിച്ചെടി, പുളവങ്ങ്, മൾബറി, മുള്ളിലം, മുകൈത ഈറ്റ, മത്തൻ പേരാൽ, അരയാൽ, പൂവ്വാം കുരുന്ന്, മട്ടി, മുയൽച്ചെവി, മുക്കുറ്റി, നീലപ്പന, എലേമത്തെ, പനികൂർക്ക, ബ്രഹ്മി, വേങ്ങ, തേറം, കരിയക്കായ ചെടി, പുത്തിരിചുണ്ട, വഴുതന, ചെറുവഴുതന, വീട്ടി, അരണമരം, കള്ളിച്ചെടി, ഒട്ടുമാവ്, കറുകപ്പുല്ല്, കൂടതൈ അജ്ഞാതങ്ങളായ അനവധി സസ്യങ്ങൾ വേറെയും.

## കാലാവസ്ഥയെ സംബന്ധിച്ച വിവരങ്ങൾ

ഊഷ്മാവ് (ഡിഗ്രിസെൽഷ്യസിൽ)

| മാസം | മഴ (മില്ലീ ലിറ്റർ) | കൂടിയതാപം | കുറഞ്ഞതാപം |
|---|---|---|---|
| ജനുവരി | 7 | 30.8 | 22.9 |
| ഫെബ്രുവരി | 10 | 31.6 | 24.7 |
| മാർച്ച് | 27 | 32.4 | 25.3 |
| ഏപ്രിൽ | 86 | 32.5 | 25.2 |
| മേയ് | 296 | 32.2 | 26 |
| ജൂൺ | 769 | 30 | 24.1 |
| ജൂലൈ | 759 | 29.3 | 23.4 |
| ആഗസ്റ്റ് | 443 | 29.5 | 23.9 |
| സെപ്തംബർ | 257 | 30.8 | 24.3 |
| ഒക്ടോബർ | 301 | 30.9 | 23.8 |
| നവംബർ | 144 | 31.7 | 24.2 |
| ഡിസംബർ | 31 | 31.9 | 22.9 |
| വാർഷികം | 3130 | | |

ഏറ്റവും കൂടുതൽ മഴ സാധാരണ ജൂൺ മാസത്തിലാണ് ലഭിക്കുന്നത്. എന്നാൽ ജൂലൈ മാസത്തിൽ ലഭിക്കുന്ന മഴ ജൂണിനേക്കാൾ അധികം കുറയാറില്ല. ഏറിയ കാലവും ഈ രണ്ടു മാസങ്ങളിലേയും മഴയുടെ അളവ് സമാസമം ആകാറാണ് പതിവ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന മഴ മൊത്തം ഒരാണ്ടിൽ പെയ്യുന്ന മഴയുടെ 63% ആണ്. ഈ പഞ്ചായത്തിൽ ഒരു വർഷം ലഭിക്കുന്ന മഴ സംസ്ഥാനശരാശരിയേക്കാൾ അല്പം താഴെയാണ്. താപനിലയുടെ കാര്യത്തിൽ ഏറ്റവും അധികം താപം അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ്. എന്നാൽ കേരളത്തിലെ തന്നെ പലജില്ലകളിലും അനുഭവപ്പെടാറുള്ള അത്യുഷ്ണം ഈ പഞ്ചായത്തിൽ അനുഭവപ്പെടാറില്ല. അതായത്, മഴയുടെ കാര്യത്തിലെന്നപോലെ താപനിലയിലും, സംസ്ഥാനശരാശരിയേക്കാൾ താഴെയാണെന്ന് സാരം.

| | |
|---|---|
| വേനൽക്കാലം | ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് |
| വർഷക്കാലം | ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ |
| മഞ്ഞുകാലം | നവംബർ, ഡിസംബർ, ജനുവരി |

ഈ പഞ്ചായത്തിൽ പ്രകടമായും അനു വപ്പെടുന്ന കാലാവസ്ഥ വേനൽക്കാലം, മഞ്ഞുകാലം, എന്നിവയാണ്. നിചമായ ഒരു ക്രമവും പണ്ടു മുതൽക്കേ ഉണ്ടായിരുന്നു. എന്നാൽ ഈ അടുത്തകാലത്തായി വ്യക്തമായ കാലപരിധി ഈ വേർതിരിവിന് ഇല്ലാതായിവരുന്നുണ്ട്.

# സസ്യസമ്പത്ത്

ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന

കിഴങ്ങുകൾ

1. ചേന
2. ചേമ്പ്
3. ചെറുകിഴങ്ങ്
4. മധുരകിഴങ്ങ്
5. കാച്ചിൽ
6. നനകിഴങ്ങ്
7. അടതാപ്പ്
8. രാജകുവ
9. കൂർക്ക
10. കുത്തുകിഴങ്ങ്
11. വെട്ടുകിഴങ്ങ്
12. കണ്ടിചേമ്പ്
13. തീറ്റ കിഴങ്ങ്
14. കുന്ന കിഴങ്ങ്
15. പട്ടി കിഴങ്ങ്
16. ആമ്പൽ കിഴങ്ങ്

വാഴകൾ

1. പാളയംകോടൻ
2. പൂവൻ
3. ഞാലിപൂവൻ
4. കുടപ്പനില്ലാകുന്നൻ
5. കണ്ണൻ
6. ഏത്തൻ
7. ഏറാടൻ
8. ചാരപൂവൻ
9. ചെട്ടി
10. കഥളി
11. കുന്നൻ
12. ചെറുകഥളി
13. ആറ്റുനേന്ത്രൻ
14. റോബസ്റ്റ്
15. ചിങ്ങൻ
16. കുഴിപൂവൻ
17. കുഴിനേന്ത്രൻ
18. ചത്താലിക്കോടൻ
19. ചെങ്കഥളി
20. ആനകൊമ്പൻ

1. മരുന്നുകൾ
2. അമൽപൊരി
3. അരൂത
4. അമ്പഴം
5. അരയാൽ
6. അകോരില്ലം
7. അടക്കാമണിയൻ
8. അടപ്പുനായൻ
9. അക്രാവ്
10. അഴുകണ്ണി
11. അമ
12. അപ്പ
13. അത്തി
14. ആടലോടകം ചെറുത്
15. ആടലോടകം വലുത്
16. ആവണക്ക്
17. ആനപ്പരിൽ
18. ആറ്റു ദർഭ
19. ആനയടിയൻ
20. ആമ്പൽ
21. ആട്ടുകൊട്ടപ്പാല
22. ആമി
23. ഇഞ്ചി
24. ഇലവങ്ങം-ഇഞ്ചി
25. ഇത്തിക്കണ്ണി
26. ഉഴിഞ്ഞ-ഉങ്ങ്-ഉദികരിശ്
27. ഉമ്മം (നീലം)
28. ഉമ്മം (വെള്ള)
29. ഊരി
30. എലുങ്ങ് - എരുക്ക്
31. എലിചെവി
32. ദാണി
33. തിരുതാളി
34. തേക്കട
35. തൊട്ടാവാടി
36. പണപ്പുള്ളടി
37. പതഞ്ചാംപുളി
38. പതിമുഖം
39. പനിനീർകൂർക്ക
40. പർപ്പടപ്പുല്ല് - പരില്
41. പാതിരി - പ്ലാശ്
42. പാച്ചൊറ്റി
43. പാടകിഴങ്ങ്
44. പാൽവള്ളി - പാൽമുതുക്ക്
45. പിച്ചകം - പിള്ളമൂത്ത
45. പീതാഘാതകൻ - പീരപ്പെട്ടി
46. പുഷ്കരമൂലം
47. പുങ്ങ്
48. പുത്തിരിചുണ്ട
49. പൂച്ചുട്ടി
50. പൂപ്പരത്തി
51. പെരുമരം - പെരുകുറുമ്പ
52. പേരാൽ
53. പൊങ്ങില്യം
54. പൊട്ടൽപ്പീര്യം
55. പൊണാംതകര
56. പൊന്നങ്ങാണി
57. പൊന്നയ്യവീര്യം
58. മലയിഞ്ചി
59. മരമണി
60. മഞ്ഞൾ - മാലന്തകര
61. മാഞ്ചി
62. മാങ്ങഇഞ്ചി
63. മാതൃഘാതകി
64. മാതളം
65. മീനങ്ങാണി
66. മുങ്ങ
67. മുരിങ്ങ
68. മുക്കപ്പാരിയം
69. മുക്കുറ്റി
70. മുരിക്കുട്ടി
71. മുത്തങ്ങ
72. മുല്ല
73. മുള്ളൻചീര
74. മുയൽചെവി
75. മുവില
76. വൻകൊട്ടം-വട്ടത്തകര
77. വൻതിപ്പല്ലി
78. വൻതുടലി
79. വട്ടകുറുന്തോട്ടി
80. വയമ്പ്
81. വൻകുറുന്തോട്ടി
82. വള്ളിപ്പാല - വള്ളികാഞ്ഞിരം
83. വൻകടലാടി - വയൽചുള്ളി
84. വൻതുടലി
85. വെറ്റില
86. വേപ്പ്
87. വേങ്ങ്
88. വിഴാല്

89. വെട്ടടക്
90. വെളുത്ത വഴുതന.
91. വെള്ളൂരം
92. വെള്ളിലം
93. വേലിപ്പറടത്തി
94. നറുനീണ്ടി
95. നറുംചണ്ണ - നാഗദന്തി
96. നായ്ക്കരണം
97. നരികുമ്പളം
98. നിലംപരണ്ട
99. നിലപ്പാല - നീലകാണിരം
100. നീർമാതളം
101. നീർമരുത്
102. എള്ള്
103. ഏഴിലംപാല
104. ഏകതായകം
105. ഏലം
106. ഒരിയതാമര
107. കരിംകുറിഞ്ഞി
108. കടലാടിവലുത്
109. കടലാടി ചെറുത്
110. കരിനൊച്ചി
111. കരിക്കൊടി
112. കറിവേപ്പ്
113. കരളകം
114. കഴഞ്ചി
115. കച്ചൂരം
116. കൽപ്പാൽ
117. കയ്യുണ്ണി
118. കറുത്തകാര
119. കരിമ്പനവാഴ
120. കദളിവാഴ
121. കറ്റവാഴ - കമ്മട്ടി
122. കണികൊട്ടം
123. കരിംകൂവളം
124. കരിയകിഴങ്ങ്
125. കല്ലുവാഴ - കല്ലൂർവള്ളി
126 കല്ലുരുക്കി
127. കൽത്താമം
128. കാറ്റടിതായകം
129. കസ്തൂരിമഞ്ഞൾ
130. കാഞ്ഞിരം
131. കാട്ടുഴുത്ത്
132. കാട്ടുപയർ
133. കാട്ടുമുതിര
134. കാട്ടുതിപ്പല്ലി
135. കാക്കതോണ്ടി
136. കാട്ടുതൃത്താവ്
137. കാട്ടുമുളക്
138. കാർത്തോട്ടി
139. കിഴുക്കാനെല്ലി
140. കുടപ്പുളി
141. കുണി
142. കുടകപ്പാല
143. കുശ
144. കുടൽചുരുക്കി
145. കുററിപ്പാണൽ
146. കുരുട്ടുപ്പാല
147. കുറിച്ചുക്കുടി
148. കൂവളം
149. കൃഷ്ണതുളസി
150. കൊടിത്തുവ
151. കൊടവൻ
152. കൊടുവേലി
153. കൊടിയാവണക്ക്
154. കോടശ്ശേരി
155. കോൽപ്പുള്ളി
156. കോവൽ
157. കൈത
158. ചണ്ണകിഴങ്ങ്
159. ചന്ദനം
160. ചടയൻ
161. ചാമ
162. ചിറ്റീന്തൽ
163. ചിറ്റരണി
164. ചുണ്ട
165. ചെറുഇടലി
166. ചെറുചീര
167. ചെറുനാരകം
168. ചെറുവഴുതന
169. ചെത്തി
170. ചെറുതേക്ക്
171. ചെമ്പരത്തി
172. ചെങ്ങുനീർച്ചാടി
173. ചെറൂള
174. ചൊറിഞ്ഞണം
175. തഴുതായ്മ
176. തകരം
177. തലനളി
178. തകരം
179 താമര
180. താർതാവൽ
181. നീലഅമരി
182. ശതാവരി
183. ബലിക്കറുക
184. കുറുന്തോട്ടി
185. നെടുമ്പാണൽ
186. കാട്ടുചേന
187. ദർഭ
188. നെയ്യുണ്ണിക്ക
189. ശംഖുപുഷ്പം
190. രാമച്ചം
191. നീർവാളം
192. നെല്ലി
193. തൊഴുകണ്ണി
194. ഗ്രാമ്പു
195. ഞെരിഞ്ഞാമ്പള്ളി
196. വെള്ളഅരണ
197. വെളുത്തനൊച്ചി
198. ചിറ്റഅമൃത്
199. പോണമൃത്
200. രാമതുളസി
201. തുളസി
202. പാവട്ട
203 പാണൽ
204. വള്ളിപ്പാണൽ
205. പർപ്പടകപ്പുല്ല്
206. കാരി
207. മുക്കാപ്പിരിയൻ

**നഷ്ടപ്പെട്ട നെൽവിത്തുകൾ :**

1 അധികൻ
2 ചെറുഅധികൻ
3 ചെമ്പാവ്
4 ചിറ്റേനി
5 ഇട്ടികണ്ടപ്പൻ
6 കുട്ടുമുണ്ടകൻ
7 എരുമക്കാരി
8 കരുമാങ്കാരി
9 ഓണോട്ടൻ
10 രാജകല
11 ആര്യൻ
12 കല്ലടാര്യൻ
13 ചീര
14 വെളുത്തചീര
15 ശീമ
16 നൂറവിളകൻ
17 നൊവ്വ
18 നകര
19 വെള്ളാര്യൻ
20 പാണ്ടി
21 വെള്ളപ്പൊക്കാളി
22 മണലാര്യൻ
23 മോടോൻ
24 അരിമോടോൻ
25 കുമ്പളവൻ
26 തവളക്കണ്ണൻ

**മൃഗങ്ങൾ (നഷ്ടപ്പെട്ടവയും അപൂർവ്വവുമായ)**

1 കാട്ടുപട്ടി
2 കാട്ടുപൂച്ച
3 മരപ്പട്ടി
4 കാട്ടുമുയൽ
5 കീരി
6 അണ്ണാൻ
7 മലയണ്ണാൻ
8 ഇനാംചക്കി
9 കാട്ടുമാക്കാൻ
10 മപകലുണ്ണോമൻ
11 പെരിച്ചാഴി
12 തുരപ്പൻ
13 ചുണ്ടെലി
14 കുറുക്കൻ
15 നീർനായ
16 നീറ്റെലി
17 കുരാൻ
18 കോക്കാൻ
19 മരഞ്ഞോടൻ
20 കാട്ടുപന്നി
21 പച്ചയോന്ത്
22 തേവാങ്ക്
23 കുട്ടിതേവാങ്ക്
24 കഴുവാറ
25 ഉടുമ്പ്
26 മെരുക്
27 ജബാദ് (വലിയ മെരുക്)
28 കുട്ടിസ്രാങ്ക്
29 അരണ
30 മരമാക്കാൻ
31 പല്ലികൾ

**തീരെ നശിച്ചുപോയ വൃക്ഷങ്ങൾ**

1 കുന്നിവാക
2 കരിന്തകര
3 ചടച്ചി
4 ഇരുൾ
5 മയിലെള്ള്
6 ഇരിമ്പൻ പുളി
7 നാരകം
8 ചുവന്ന കരൾ
9 ഇലവംങ്ങം
10 മുരിക്ക്
11 വേപ്പ്
12 കൊന്ന
13 വൻതേക്ക്
14 കരിമരുത്
15 ബദാം

**സുലഭമായി ഇല്ലാത്തത്**

1 ഇലവ്
2 നെല്ലി
3 വറങ്ങ്
4 ഞാവൽ
5 കുടപ്പുളി
6 കടപ്ലാവ്
7 കശുമാവ്
8 വട്ടമരം
9 താണി
10 മുക്കയിനി
11 മുള്ളിലം
12 പഞ്ഞി

13 മുരുക്ക്
14 ആഞ്ഞിലി
15 പുളിമരം
16 ഇരുമ്പൻപുളി
17 അമ്പഴം
18 കരൾ
19 ചുവന്ന കരൾ
20 ആൽ
21 ചേല
22 കാഞ്ഞിരം
23 കൊന്ന
24 എലഞ്ഞി
25 നാരകം
26 മഹാഗണി
27 വാലിമരം

## കിളികൾ

1 പുത്താങ്കിരി
2 ചെമ്പോത്ത് (ഉപ്പൻ)
3 കാട
4 കാരാൻ
5 ആറ്റക്കിളി
6 തത്ത
7 മൂങ്ങ
8 മൂങ്ങ (വലുത്)
9 മണിയരണ്ട
10 താറാവ് ഇരണ്ട
11 തൊപ്പികിളി
12 വാലൻകിളി
13 മരംകൊത്തി
14 മൈന
15 കൊളക്കോഴി
16 നെല്ലികോഴി
17 കാട്ടുപ്രാവ്
18 ചെങ്ങാലി (അരിപ്രാവ്)
19 പച്ചക്കിളി
20 മഞ്ഞക്കിളി
21 പരുന്ത്
22 കൊക്ക് (പൂതകൊക്ക്)
23 വെള്ളകൊക്ക്
24 കാക്കതമ്പുരാട്ടി
25 കുയിൽ
26 നാരായണപക്ഷി
27 വേഴാമ്പൽ
28 നരിച്ചീർ
29 പാറാട
30 കുരുവി
31 തേൻകുരുവി
32 അടയ്ക്കാകിളി
33 പൊൻമാൻ
34 ഒട്ടേച്ചി
35 തിത്തിരി
36 കാട്ടുകോഴി
37 കുരിയിൽ
38 തച്ചൻകോഴി
39 കട്ടേപതിങ്ങി
40 എറമുള്ളൻ
41 കിണ്ടി
42 ചെന്തൽ
43 ഓലവാലൻ
44 നത്ത്
45 വൈറ്റ് ബ്രസ്റ്റഡ് റോബിൻ
46 റെഡ് ബ്രിസ്റ്റ് റോബിൻ

# IV പഠനപര്യടന റിപ്പോർട്ട്

376

ഭൂപ്രകൃതി അനുസരിച്ച് മേലൂർ ഗ്രാമപഞ്ചായത്തിനെ നാലു മേഘലകളായി തരം തിരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം.
2. ഉയർന്ന പ്രദേശം.
3. ചെരുവുകൾ.
4. സമതലപ്രദേശം.

സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 250 അടിയോളം ഉയരം വരുന്ന പ്രദേശമാണിത്. പഞ്ചായത്തിന്റെ കിഴക്കുഭാഗം ഉയർന്ന പ്രദേശങ്ങളിൽ പെട്ട ദേവരാജഗിരിക്കുന്നിൻ മുകളിൽ ഉള്ള ക്ഷേത്രസന്നിധിയിൽ നിന്ന് ഒന്നാം ദിവസത്തെ പര്യടനം 2-11-96 തീയതി രാവിലെ 9 മണിക്ക് ആരംഭിച്ചു. പഠനസംഘത്തിൽ ശ്രീ. N.C. തോമസ്, C.P. തങ്കപ്പൻ, അഗ്രിക്കൾച്ചറൽ ഓഫീസർ ശ്രീ. മത്തായി, K.K. ശിവരാമൻ, K.D. ഗംഗാധരൻ, M.O. ജോസ്, K.K. അജി , ഹൈമാവതി ശിവൻ, K.K. മാധവൻ, P.M. വിപിൻ കുമാർ, T.S. മധു , കൃഷി അസിസ്റ്റന്റ് രാധാകൃഷ്ണൻ എന്നിവർ ഉൾപ്പെടുന്നു. വളരെ സാഹസികവും വിജ്ഞാനപ്രദവുമായ ഒരു അനുഭവമായിരുന്നു. ദേവരാജഗിരിക്കുന്നിൽ നിന്നും കുത്തനേയുള്ള ഇറക്കം ഇറങ്ങി ചരിഞ്ഞ പ്രദേശങ്ങളും സമതലപ്രദേശങ്ങളും റബ്ബർ തോട്ടങ്ങളും, തെങ്ങിൻ തോപ്പുകളും, വയലേലകളും, കുന്നിൻ പ്രദേശങ്ങളും ചതുപ്പ് നിലങ്ങളും കടന്ന് നാഷണൽ ഹൈവേയും റെയിൽപാതയും താണ്ടി മുരിങ്ങൂർ പാടവരമ്പിലൂടെ സംഘം നടന്ന് മണ്ടികുന്ന് പ്രദേശവും സഞ്ചിരിച്ച് ചാലക്കുടി പുഴയോര പ്രദേശമായ മണ്ടികുന്ന് പമ്പ് ഹൗസിൽ വൈകിട്ട് മൂന്നുമണിക്ക് ആദ്യദിവസ പര്യടനം അവസാനിപ്പിച്ചു.പഠനപാതയിലെ ഇരുവശങ്ങളിലും കാണുന്ന അനുഭവങ്ങളെ ഭുപ്രകൃതി, മൺതരം, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിങ്ങനെ നാല് ഗ്രൂപ്പുകളായി തിരിച്ച് പ്രത്യേകം പഠനവിഷയമാക്കി.

ഭുപ്രകൃതിയിൽ പഠനപാതയിലെ കുന്നിൻ ചെരുവ് സമതലം, ചതുപ്പുനിലം, താഴ് വര , തീരസമതലം എന്നിങ്ങനെയായി വേർതിരിച്ച് പരിശോധിച്ചു. മൺതരത്തിൽ പാറകൾ, പശിമരാശി മണ്ണ്, വെട്ടുകൽ പ്രദേശം, ചരൽഭൂമി, മണൽ ചേർന്ന മണ്ണ്, കളിമണ്ണ് എന്നിങ്ങനെയും, സസ്യാവരണങ്ങളിൽ കൃഷിയെ പറ്റിയും പഠനവിഷയമാക്കി. നെൽകൃഷി പാടെ നിലച്ചതായി കാണപ്പെടുന്നു. തെങ്ങുകൃഷി നിശ്ചലാവസ്ഥയിലാണ്. തെങ്ങിൻ തോപ്പുകളിൽ രോഗബാധയുള്ളതായി കാണപ്പെടുന്നു. റബ്ബർ കൃഷിയിൽ ഒരു കുതിച്ചുചാട്ടം എവിടേയും കാണപ്പെട്ടു. പരമ്പരാഗത ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, പുളി തുടങ്ങിയവ അപ്രത്യക്ഷമായി കാണുന്നു. പരിസ്ഥിതി പഠനത്തിൽ ജലക്ഷാമവും കുടിവെള്ള പ്രശ്നങ്ങളും, മണ്ണൊലിപ്പ്, വെള്ളക്കെട്ട്, പാടം നികത്തൽ, കളിമൺ ഘനനം, വെട്ടുകൽ ഘനനം, എന്നിവ കാണപ്പെട്ടു. നീരുറവകൾ വറ്റിവരണ്ടതായും കണ്ടു. ജലവിഭവങ്ങളായ പാഠശേഖരങ്ങളിലെ ചെറുമൽസ്യങ്ങൾ, ഞണ്ട്, ഞവണിക്ക തുടങ്ങിയ ചെറുജീവികൾ നാമമാത്രമായി കണ്ടു. പക്ഷിവർഗ്ഗങ്ങളിലെ പുത്താങ്കീരി, ചെമ്പോത്ത്, കാറാൻ, മഞ്ഞക്കിളികൾ, കുയിൽ, മൂങ്ങ , ചെറുകുരുവികൾ, നെല്ലിക്കോഴി, തൊപ്പിക്കിളി, ഓലവാലൻ കിളികൾ എന്നിവ പ്രകൃതിയുടെ പുതിയ മാറ്റത്തിന്റെ ഫലമായി അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നതായി കണ്ടു. പാടശേഖരങ്ങളിൽ വെള്ളക്കൊക്കുകളെ മാത്രം അങ്ങിങ്ങായി കാണുവാൻ കഴിഞ്ഞു. വളരെ കൗതുകത്തോടെയാണ് പഠനസംഘം അവയെ വീക്ഷിച്ചത്.

രണ്ടാം ദിവസം വിലങ്ങനേയുള്ള പര്യടനം ചാലക്കുടിപ്പുഴയുടെ തീരപ്രദേശമായ പൂലാനിയിലെ കൊമ്പൻപാറ പുഴക്കടവിൽനിന്നും രാവിലെ 10 മണിക്ക് ആരംഭിച്ചു. പുഴയോരപ്രദേശം പുഴയിലെ നിരന്തരമായ മണൽവാരൽ നിമിത്തം കരഭൂമി ഇടിഞ്ഞുപോയിട്ടുള്ളതായി കണ്ടു. പുഴയിൽ നിരന്തരിമായി തോട്ടപൊട്ടിക്കുന്നതുമൂലം മൽസ്യസമ്പത്ത് കുറഞ്ഞുവരുന്നതായി അനുഭവപ്പെട്ടു. ജലജീവികളായ നീർക്കാക്ക, മീൻവെട്ടൻ, പൊൻമാൻ, കടൽക്കാക്ക, പരുന്ത് എന്നിവ കാണുകയുണ്ടായി. ഇവയിൽ പൊൻമാൻ, പരുന്ത് എന്നിവ അന്ന്യം നിന്നു പോകുന്നതായി സംശയിക്കുന്നു. തുടർന്ന് ഈ പര്യടനത്തിൽ കരപ്രദേശത്തെ

പുരാതന നെൽകൃഷിവിളകളായ അതിയൻ, ചെമ്പാവ് , ചിറ്റേനി, ഇട്ടിക്കണ്ടപ്പൻ, കൂട്ടുമുണ്ടകൻ, എരുമക്കാരി, ഓണാടൻ , ആര്യൻ, കല്ലടാര്യൻ, ജീരകച്ചെമ്പാവ്, ചിറ, ശീമ, തകര, മോടോൻ , മണലാര്യൻ, അരിമോടോൻ, കവിളക്കണ്ണൻ എന്നീവിത്തിനങ്ങൾ കരകടന്നുപോയതായി അനുഭവപ്പെട്ടു. കൊണ്ടൽ കൃഷിയിനങ്ങളായ ചെറുചേമ്പ്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കാച്ചിൽ, രാജക്കൂവ , മധുരച്ചേമ്പ്, കൂർക്ക എന്നിവയും, ധാന്യവിളകളായ മുതിര, ചാമ , എള്ള് എന്നിവയുടെ കൃഷിയും നാമാവശേഷമായി കാണപ്പെട്ടു. അമിതമായ രാസവളം കീടനാശിനി എന്നിവയുടെ പ്രയോഗം മൂലം പുഴയോര പ്രദേശത്തും കുന്നിൻ പ്രദേശങ്ങളിലും കണ്ടുവന്നിരുന്നതായ കുറുക്കൻ, കീരി, മരപ്പട്ടി, കോക്കാൻ എന്നിവ നാമാവശേഷമായതായും ഇഴജീവികളിൽ പലതരം പാമ്പുകളും തവളവർഗ്ഗങ്ങളും സംഖ്യയിൽ താരതമ്യേന കുറവുവന്നതായും അനുഭവപ്പെട്ടു. ജലസേചനത്തിന് ഉപയോഗിച്ചിരുന്ന തുമ്പൂർമുഴി ഇടതുകരകനാലിന്റെ മേലൂർ പഞ്ചായത്തിലേയ്ക്കുള്ള ബ്രാഞ്ചുകനാൽ മണ്ണുവീണ് നികന്ന് കാട്ടുചെടികൾ വളർന്ന് കരപ്രദേശം അനധികൃകമായി കയ്യേറിയതായും പര്യടനപാതയുടെ സമീപ പ്രദേശങ്ങളിൽ ഉള്ള പഞ്ചായത്തുവക കുളങ്ങൾ കയ്യേറി മണ്ണിട്ടുനികത്തി, തെങ്ങും മറ്റും നട്ടുവളർത്തിയിരിക്കുന്നതായും കാണപ്പെട്ടു. തുടർന്ന് പര്യടനവേളയിൽ ഒന്നാം ദിവസത്തേപ്പോലെ തന്നെ കാണപ്പെടുന്നു. പഠനപര്യടനം ഭൂപ്രകൃതി, മാപ്പ് ഇതോടൊപ്പം ചേർക്കുന്നു.

### പഠനപര്യടന സംഘം 1-ാം ദിവസം


1. എൻ. സി. തോമസ്
2. സി. പി. തങ്കപ്പൻ
3. മത്തായി - കൃഷി ഓഫീസർ
4. കെ.കെ ശിവരാമൻ
5. കെ.ഡി. ഗംഗാധരൻ
6. എം.ഒ. ജോസ്
7. കെ.കെ. അജി
8. ഹൈമവതി ശിവൻ
9. കെ.കെ. മാധവൻ
10. വിപിൻ കുമാർ
11. ടി.എസ്. മധു.

### രണ്ടാം ദിവസം

1. എൻ.സി. തോമസ്
2. സി.പി. തങ്കപ്പൻ
3. രാധാകൃഷ്ണൻ - കൃഷി അസിസ്റ്റന്റ്
4. കെ.ഡി. ഗംഗാധരൻ
5. ഹൈമവതി ശിവൻ
6. കെ.കെ മാധവൻ

---

# മേലൂർ ഗ്രാമപഞ്ചായത്ത്




1-ാം പഠനപര്യാടനയാത്രയുടെ രേഖാചിത്രവും വിശകലനവും




| ഭൂപ്രകൃതി | ഉയർന്ന കുന്നിൻ മണ്ട | ചരിഞ്ഞ പ്രദേശം | താഴ്‌വര | സമതലം | ഉയർന്ന ഭൂമി | ചരിഞ്ഞ പ്രദേശം | താഴ്‌വര | ചരിഞ്ഞ പ്രദേശം | സമതലം | ചതുപ്പ് സമതലം | കുന്നിൻ പ്രദേശം | തീര പ്രദേശം |
|---|---|---|---|---|---|---|---|---|---|---|---|---|
| മൺതരം | പാറക്കല്ല് | | പശിമരാശി മണ്ണ് | പാടശേഖരം ചതുപ്പ് നിലം | വെട്ടുകല്ല് | ചരൽഭൂമി | | ചെങ്കല്ല് | പാടശേഖരം വെള്ളക്കെട്ട് | ചരൽ ഭൂമി | ചെങ്കൽ | ചരൽഭൂമി മണൽ ചേർന്ന മണ്ണ് |
| സസ്യാവരണം | റബ്ബർ | റബ്ബർ | തെങ്ങ് | നെൽകൃഷി റബ്ബർ തെങ്ങ് | | തെങ്ങ് | നെല്ല് | തെങ്ങ് | നെല്ല് | തെങ്ങ് നെല്ല് | തെങ്ങ് ഫല വൃക്ഷങ്ങൾ | തെങ്ങ് ഫല വൃക്ഷങ്ങൾ തെങ്ങ് |
| പരിസ്ഥിതി പ്രശ്നങ്ങൾ | പാറപൊട്ടിക്കൽ വരണ്ട ഭൂമി ജലക്ഷാമം | മണ്ണൊലിപ്പ് ജലക്ഷാമം | | വെള്ളക്കെട്ട് | വരണ്ട ഭൂമി | പാറ പൊട്ടിക്കൽ | വെട്ടുകൽ ഖനനം | വെള്ളക്കെട്ട് | | വെട്ടുകൽ ഖനനം വെട്ടുകൽ ഖനനം | ജലക്ഷാമം | ജലക്ഷാമം മണ്ണൊലിപ്പ് |

II-ാം പഠനപര്യാടനയാത്രയുടെ രേഖാചിത്രവും വിശകലനവും



382

# V കൃഷിയും ജലസേചനവും

മേലൂർ ഒരു കർഷകഗ്രാമമാണ്. പ്രാചീനകാലം മുതൽ കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റുതൊഴിലുകളുമാണ് ഉപജീവനത്തിന് ആശ്രയിച്ചിരുന്നത്. ഫലഭൂയിഷ്ടിയുള്ള മണ്ണും,ചാലക്കുടിപ്പുഴ ഒരുഭാഗത്തുകൂടി ഒഴുകുന്നുണ്ടെങ്കിലും ഇതിനെ മുഴുവനായി കൃഷിക്കുവേണ്ടി ഉപയോഗിക്കുവാനോ കഴിഞ്ഞിട്ടില്ല. നിലവിലുള്ള ഇറിഗേഷൻ രീതികളുടെ പോരായ്മയും ശാസ്ത്രീയമല്ലാത്ത കൃഷി രീതികളും കാരണം കൃഷി ലാഭകരമല്ല. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2306 ഹെക്ടർ വരും (23.065 Q.K.M). പഞ്ചായത്തിന്റെ മധ്യഭാഗവും വടക്കുഭാഗവും പടിഞ്ഞാറുഭാഗവും സമനിരപ്പിലാണ്. പഞ്ചായത്തിന്റെ മിക്കവാറും തോടുകളും ചാലക്കുടി പുഴയുമായിട്ടാണ് സന്ധിക്കുന്നത്. ഭൂരിഭാഗം പ്രദേശങ്ങളും കൃഷിക്ക് ഉപയോഗിക്കുന്നു. ഭൂരിഭാഗം ഭൂവുടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച് വിശദവിവരം താഴെ കൊടുക്കുന്നു.

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 3615 | 680 ഹെക്ടർ |
| 2. | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 218 | 515 ഹെക്ടർ |
| 3. | രണ്ട് ഹെക്ടറിന് മുകളിൽ | 125 | 360 ഹെക്ടർ |

ആദ്യ കാലത്ത് ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ മാത്രമാണ് ആശ്രയിച്ചിരുന്നത്. കൂടാതെ തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണയോടെ ചിറകെട്ടി സംഭരിച്ച് കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. ആകെ ഭൂമിയുടെ ഏതാണ്ട് പകുതിയോളം നെൽകൃഷി ചെയ്യുന്ന വയലുകളാണ്. ഇരുപത് കൊല്ലം മുമ്പ് നാടൻ വിത്തിനങ്ങളാണ് കൃഷി ചെയ്തിരുന്നത്. കൊച്ചു മുണ്ടൻ, മകരപ്പട്ടാമ്പി, അധികപട്ടാമ്പി. ചീര, നകര, തവളക്കണ്ണൻ എന്നീ വിത്തിനങ്ങൾ ജൈവവളം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. പറമ്പുകളിൽ ചെറുവിത്തുകളും ഉപയോഗിച്ചിരുന്നു. 1970 കളോടുകൂടി മണ്ണുത്തി കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് പുതിയ ഇനം വിത്തുകൾ കൃഷി ചെയ്യുവാൻ തുടങ്ങി. രാസവളങ്ങളുടെ പ്രയോഗം തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്. പുതിയ വിത്തുകൾ വ്യാപകമായതോടെ ജലസേചനത്തിന് പമ്പ് സെറ്റുകൾ ഉപയോഗിക്കുവാൻ തുടങ്ങി.

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി അതിരുകളിൽ കൈതവച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽനിന്ന് കൃഷിസ്ഥലങ്ങളിലേയ്ക്ക് ജലം തിരിച്ചു വിടുന്നതിനായി വാഴയില, ഓല, മുളകുറ്റി എന്നിവ ഉപയോഗിച്ച് താല്കാലിക തടയണകൾ നിർമ്മിച്ചിരുന്നു. നാടൻ ജലസേചന ഉപയോഗത്തിനായി കയറ്റുകൊട്ട, വേത്ത്, കാളത്തേക്ക് , തിലാവുറകൊട്ട, കൊണ്ടുള്ള തേവൽ എന്നിവയാണ് ഉപയോഗിച്ചിരുന്നത്. കാർഷിക ഉല്പന്നങ്ങളുടെ പ്രധാന വില്പന കേന്ദ്രം ചാലക്കുടിയാണ്. തലച്ചുമടും കാളവണ്ടിയിലുമായാണ് ഉല്പന്നങ്ങൾ കൊണ്ടുപോയിരുന്നത്. കർഷകർ നേരിട്ടും ഇടത്തരക്കാർ മുഖേനയും ആണ് ഇവ വിറ്റഴിച്ചിരുന്നത്.

ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ വീടു വയ്ക്കുന്നതിനും, വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ്, റബ്ബർപോലെയുള്ള കാർഷിക വിളകൾ കൃഷിചെയ്തു തുടങ്ങിയതോടെ നേരത്തെയുണ്ടായിരുന്ന ഉത്പാദനക്രമത്തിൽ മാറ്റം വരുവാൻ തുടങ്ങി. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞു വന്നതോടെ അവർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിന് കളമൊരുക്കി. ഇതോടൊപ്പം നിലവിലുള്ള കൃഷിഭൂമി തരിശിടാനും , ജീവിത വരുമാന മാർഗ്ഗം കൃഷിയിൽ നിന്നും മറ്റ് മേഖലകളിലേക്ക് തിരിയാനും തുടങ്ങി. കൂലി നിലവാരം ഉയർന്നു വരുന്നതിനനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞ് വന്നു. ഈ കാരണങ്ങളാൽ നെൽകൃഷി കുറഞ്ഞു.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷകതൊഴിലാളികളുടെ പിൻ തലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകതൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ തെങ്ങുകൃഷിക്കും ഗൃഹനിർമ്മാണത്തിനും നികത്തുക എന്ന പ്രക്രിയയുടെ ഗതിവേഗം കൂട്ടുന്നതിനും കാരണമായി. കാർഷികവൃത്തിയിൽ വന്ന മാറ്റത്തിന്റെ ഭാഗമായി പറമ്പിൽ കൃഷിചെയ്തിരുന്ന ഇടവിളകളുടെ ഉല്പാദനത്തിലും കാര്യമായ കുറവ് വരാൻ തുടങ്ങി. പുരയിടങ്ങളിൽ ഇപ്പോൾ തെങ്ങ് ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങളെല്ലാം നാമാവിശേഷമായിക്കൊണ്ടിരിക്കുകയാണെന്ന് പറഞ്ഞാൽ തെല്ലും അതിശയോക്തി ഇല്ല. മറ്റ് കാർഷികവിളകളുമായി താരതമ്യം ചെയ്യുമ്പോൾ തെങ്ങിന് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്ന വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടികാണിക്കാവുന്നതാണ്. കൃഷിയെ സംബന്ധിച്ച് കർഷകരുടെ മനസ്സിൽവന്നു ചേർന്നിട്ടുള്ള സവിശേഷമായ മനോഭാവം ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നു. ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷികമേഖലയെ തകർക്കുന്നതിന് ചൂണ്ടികാണിക്കാവുന്ന കാരണങ്ങളിൽ ഒന്നാണ്. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ, ചിറകൾ, തോടുകൾ എന്നിവ സംരക്ഷിച്ച്പോന്നിരുന്നസ്ഥിതിക്കും മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞ് തകർന്ന് നാമാവിശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ, ചിറകളോ, തോടുകളോ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് സത്യം.

## ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ വിസ്തീർണ്ണത്തിൽ താഴ്വര, ഉയർന്ന പ്രദേശം, തുരുത്ത് എന്നിങ്ങനെയാണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ പുഴയോരങ്ങളിൽ മണൽ കലർന്ന മണ്ണും മറ്റു പ്രദേശങ്ങളിൽ പശിമയുള്ള മണ്ണുമാണ് കാണപ്പെടുന്നത്. ഇത് മൊത്തം പ്രദേശത്തിന്റെ പകുതിഭാഗത്തോളം വരും. ബാക്കി ചരൽ കലർന്ന ചുവന്ന മണ്ണും ചതുപ്പു നിലങ്ങളുമാണ്.

## നെല്ല് - മറ്റിനങ്ങൾ

## നെൽകൃഷി

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 595 ഹെക്ടർ |
| 2. | "(രണ്ടാം വിള) | 490 " |
| 3. | "(മൂന്നാം വിള) | 165 " |

നെൽകൃഷിയുടെ ഉല്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1600-1850 കിലോഗ്രാം. സങ്കരയിനം നല്ലിനങ്ങൾക്ക് ഹെക്ടറിന് 3000-3200 kg ലഭിക്കുന്നു. സങ്കരയിനം നെൽവിത്തുകളോടാണ് കൃഷിക്കാർക്ക് ഏറെ ആഭിമുഖ്യം. കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തിനങ്ങൾ ജ്യോതി, പവിഴം, ചുവന്ന ത്രിവേണി, കൾച്ചർ, അന്നപൂർണ്ണ എന്നിവയാണ്.

## ഇടവിളകൾ

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1. | പയർ | 80 ഹെക്ടർ |
| 2. | എള്ള് | 30 " |
| 3. | പച്ചക്കറി | 30 " |
| 4. | വാഴ | 1415 " |
| 5. | തെങ്ങ് | 1920 " |
| 6. | മരച്ചീനി | 710 " |
| 7. | കുരുമുളക് | 95 " |
| 8. | കവുങ്ങ് | 35 " |
| 9. | റബ്ബർ | 95 " |
| 10. | കശുമാവ് | 18 " |
| 11. | ജാതി | 34 " |

ഇതിൽ എള്ളിന് 100kg ഉം പയറിന് 200kg ഉം ആണ് ഹെക്ടറിന്റെ വിള.

മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 28.49 എണ്ണമാണ്. സമനിരപ്പുകളിലും പുഴയോരങ്ങളിലും ആണ് കൂടുതൽ വിളവ് ലഭിക്കുന്നത്. ഭൂരിഭാഗം വരുന്ന കുന്നിൻ ചെരുവുകളിൽ ഉല്പാദനം കുറവാണ്. വിത്ത് തെരഞ്ഞെടുക്കുന്നതിന്റെ അപാകത, അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം തുടങ്ങിയവയൊക്കെ തെങ്ങ് കൃഷിയുടെ പ്രശ്നങ്ങളിൽപ്പെടുന്നു. ശരാശരി ഒരേക്കറിൽ 70 തെങ്ങുകളാണ് നിലവിലുള്ളത്. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ച്ചപ്പാടോടുകൂടി വയലുകൾ നികത്തി തെങ്ങ് കൃഷി ചെയ്ത പല സ്ഥലങ്ങളിലും മഞ്ഞളിപ്പും നീർക്കെട്ടുകളും മറ്റ് കാരണങ്ങളാലും ഉല്പാദനം കുറഞ്ഞ് വരുന്നതായി കാണുന്നു.

### വളം

സഹകരണ മേഖലയിലുള്ള ആറും സ്വകാര്യമേഖലയിൽ രണ്ടും ഉൾപ്പടെ എട്ട് വളം വിപണന കേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കൃഷിക്കുപയോഗിക്കുന്നത് 85% വും രാസവളങ്ങളാണ്. ഇത് ശാസ്ത്രീയമായ രീതിയിലല്ല നടന്നുവരുന്നത്. ഇത് കൃഷി ചിലവിന്റെ അനാവശ്യമായ വർദ്ധനക്ക് കാരണമാകുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്ന് കാണുന്നില്ല. ജൈവവളങ്ങൾ വളരെ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ജൈവവളത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവ് കുറവാണ് ഇതിനുള്ള മുഖ്യകാരണം.

### കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കുന്ന മുൻകരുതലുകളോ ശാസ്ത്രീയമായ രീതികളോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. ഇത് കർഷകരുടെ അനാരോഗ്യത്തിന് കാരണമാകുന്നു.

### കാർഷിക ഉപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നൽകിയ ടില്ലറും സ്വകാര്യവ്യക്തികളുടെ ആറ് ടില്ലറുകളുമാണ് കാർഷികയന്ത്രോപരണങ്ങളായി ഇപ്പോഴുള്ളത്. കൂടാതെ 30 ജോടി ഉഴവുകാളകളും പഞ്ചായത്തിലുണ്ട്. കൂടാതെ സമീപ പ്രദേശങ്ങളിലെ യന്ത്രോപകരണങ്ങളും കൃഷിക്കുപയോഗിക്കുന്നുണ്ട്. ഒരു

കാലത്ത് കൃഷിക്ക് പൂർണ്ണമായും ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ട ആറ് പാടശേഖര സമിതികളാണ് ഇപ്പോഴുള്ളത്. പലതും നല്ല രീതിയിലല്ല പ്രവർത്തിക്കുന്നത്.

പാടശേഖര സമിതികളും വിളക്രമങ്ങളും

| നമ്പർ | സമിതിയുടെ പേർ | ഒന്നാംവിള | രണ്ടാംവിള | മൂന്നാം വിള |
|---|---|---|---|---|
| 1. | മുരിങ്ങൂർ പാടം | നെല്ല്, വാഴ | നെല്ല്, വാഴ | പച്ചക്കറി, മരച്ചീനി |
| 2. | വടക്കേ പാടം | നെല്ല് | നെല്ല് | നെല്ല് , പയർ |
| 3. | വെമ്പിള്ളിച്ചാൽ | നെല്ല്, വാഴ | നെല്ല് | നെല്ല്, പയർ |
| 4. | പന്തൽപ്പാടം | നെല്ല്, വാഴ | നെല്ല്,വാഴ | വാഴ |
| 5. | പാലപ്പിള്ളി | നെല്ല്, വാഴ | നെല്ല് | പയർ |
| 6. | അടിച്ചിലി | നെല്ല്, വാഴ | നെല്ല് | പയർ |

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. ഉന്നത വിദ്യാഭ്യാസം നേടുന്നവർക്ക് വൈറ്റ് കോളർ , തൊഴിലിനോടുള്ള ആമുഖ്യം മൊത്തം ജനങ്ങൾക്ക് കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. 5654 കാർഷിക കുടുംബങ്ങളുണ്ടായിരുന്നതിൽ ഇപ്പോൾ 2910 കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ഉപജീവന മാർഗ്ഗമായി ആശ്രയിക്കുന്നുള്ളൂ. ഏകദേശം 1200 പേരാണ് കർഷക തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 80 രൂപയും സ്ത്രീക്ക് 60 രൂപയുമാണ്. ഇപ്പോൾ ഒരു ഏകീകൃത നിരക്ക് നിലവിലില്ല.

## കാർഷിക വായ്പ

ഒരു സഹകരണ സ്ഥാപനമടക്കം 3 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിലുള്ളത്. ഇതുകൂടാതെ ഇരിങ്ങാലക്കുട കാർഷിക വികസന ബാങ്കിന്റെ ചാലക്കുടി ശാഖയിൽ നിന്നും വർഷംതോറും കാർഷിക ലോണുകൾ നൽകാറുണ്ട്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പ പലപ്പോഴും മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ടും വായ്പകൾ കൃത്യസമയത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തതുകൊണ്ടും കൃഷിക്കാർക്ക് ഈ വായ്പകൾ ഗുണത്തിലേറെ ദോഷമായിത്തീരുന്നു. ഒരു ഹെക്ടറിന് പതിനായിരം രൂപ വരെ ഇപ്പോൾ കാർഷിക വായ്പ ലഭിച്ചുവരുന്നുണ്ട്.

## ജലസേചനം

മേജർ ഇറിഗേഷന്റെ കനാലുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൂടി കടന്നുപോകുന്നുണ്ടെങ്കിലും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുകൊണ്ട് കൃഷിക്കാർക്ക് ആവശ്യത്തിന് ജലം ലഭിക്കാറില്ല. കൂടാതെ പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. ചാലക്കുടി പുഴ പഞ്ചായത്തിന്റെ വടക്കുകിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളെചുറ്റി ഒഴുകുന്നുണ്ടെങ്കിലും ജലക്ഷാമം പരിഹരിക്കപ്പെട്ടിട്ടില്ല.

## തോടുകൾ

പഞ്ചായത്തിനാകെയുള്ള തോടുകളുടെ നീളം 26 km വരും. ആകെ തോടുകളുടെ എണ്ണം 15 ആണ്. ഇതിൽ നായ്മേലിതോട്ടിൽ ചീർപ്പുണ്ടെങ്കിലും കാര്യമായി പ്രവർത്തിക്കുന്നില്ല. കനാൽ വെള്ളവും ലിഫ്റ്റ് ഇറിഗേഷൻ വെള്ളവും കൃഷിക്ക് ഉപയോഗിക്കുന്നു. വലിയതോടുകൾക്ക് നിരവധി ഉപതോടുകളും ഉണ്ട്.

## കുളങ്ങളും ചിറകളും

ചെറുതും വലുതുമായി ഈ പഞ്ചായത്തിൽ 15 കുളങ്ങളുണ്ട്. കുളങ്ങളും ചിറകളും ശരിക്കു സംരക്ഷിക്കപ്പെടുകയോ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യാത്തതുകൊണ്ട് പല കുളങ്ങളും ചിറകളും മണ്ണിടിഞ്ഞ് തൂർന്ന് നികത്തപ്പെടുകയോ ജനങ്ങൾ കൈവശപ്പെടുത്തുകയോ ചെയ്തിരിക്കയാണ്. മുൻകാലങ്ങളിൽ ഈ ചിറകളും കുളങ്ങളും പൂർണ്ണമായും ജലസേചനത്തിന് ഉപയോഗിച്ചിരുന്നതാണ്. ഇവ സംരക്ഷിക്കേണ്ടത് ആത്യാവശ്യമാണ്.

## മണ്ണ്–ജലസംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും അതിർത്തികളിൽ മരങ്ങൾ വച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങളിൽ നടത്തിയിരുന്നത്. ജീവിതക്രമങ്ങളിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ട്വൽക്കരണവും കാർഷികവൃത്തിയോട് വന്ന വിമുഖതയും മണ്ണ് – ജല സംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചു.

കുളങ്ങളെ സംബന്ധിച്ച വിവരം

| നമ്പർ | കുളം | സർവ്വേ നമ്പർ | വാർഡ് | വില്ലേജ് |
|---|---|---|---|---|
| 1. | മുക്കുന്നിച്ചിറ | 1076 | 1 | മേലൂർ |
| 2. | ഉരുളപ്പാടംച്ചിറ | 50/3 | 1 | |
| 3. | തൈക്കാട്ടുച്ചിറ | 92/1 | 1 | ” |
| 4. | ചീനേലിച്ചിറ | 100/2 | 3 | ” |
| 5. | ആനടക്കംച്ചിറ | 469 | 3 | ” |
| 6. | നീർച്ചാൽച്ചിറ | 728 | 5 | ” |
| 7. | താങ്ങ്ചിറ | 249 | 4 | ” |
| 8. | നെടുമ്പചിറ | 1219 | 5 | ” |
| 9. | പൊറച്ചിറ | 311 | 6 | ” |
| 10. | പന്തൻപ്പാടംച്ചിറ | 322 | 5 | ” |
| 11. | കിഴങ്ങാംമ്പിള്ളിച്ചിറ | 706 | 8 | ” |
| 12. | കൊട്ടിൽച്ചിറ | 1014 | 4 | ” |
| 13. | പിണ്ടാണിച്ചിറ | 261 | 6 | ” |
| 14. | ആർക്കാട്ട്കുളം | 12 | 10 | ” |
| 15. | കൂട്ടാലച്ചിറ | 228/? | 10 | ” |
| 16. | പുലാനിമറ്റം ചിറ | | | |

387

## കൃഷിഭവൻ

കാർഷികമേഖലയായ പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം പരിമിതമായി മാത്രമേ നടക്കുന്നുള്ളൂ. 3 കൃഷി അസിസ്റ്റന്റ്മാരും 1 കൃഷി ഓഫീസറും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായും എ ല്ല ാ കൃഷിക്കാർക്കും ലഭ്യമാക്കണം.

## പ്രശ്നങ്ങൾ

കൃഷിഭവന്റെ പ്രവർത്തനത്തെപ്പറ്റി ധാരാളം പരാതികൾ ഇവിടുത്തെ കൃഷിക്കാർക്കുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടിയിരിക്കുന്നു.

ഉല്പാദനച്ചെലവിൽ വന്ന വർദ്ധനവ്, കർഷകതൊഴിലാളികളുടെ എണ്ണക്കുറവ്, ഉത്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷവ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് എന്നിവ നെൽകൃഷി ഉല്പാദനം കുറയുന്നതിന് കാരണമാണ്.

മുഖ്യകൃഷിയായ തെങ്ങ് ചിലഭാഗങ്ങളിൽ മെച്ചപ്പെട്ട ഉല്പാദനം ലഭിക്കുന്നുണ്ടെങ്കിലും ആനുപാതികമായ വർദ്ധനവ് പലയിടത്തും ഇല്ല. മഞ്ഞപ്പ് തെങ്ങുംതോപ്പുകളെ കാര്യമായി ബാധിച്ചിരിക്കുന്നു. നാളികേരത്തിന്റെ വിലക്കുറവ്, വർദ്ധിച്ചുവരുന്ന പാർപ്പിടപ്രശ്നങ്ങൾ, നല്ലയിനം തെങ്ങിൻതൈകൾ ലഭിക്കായ്ക തുടങ്ങിയവയൊക്കെ ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട കൃഷിയായ നേന്ത്രവാഴ ഇപ്പോൾ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു. ചെമ്പൻചെല്ലിയുടെ ആക്രമണവും പ്രതീക്ഷിക്കാതെ എത്തുന്ന കാറ്റും കനത്ത നാശ നഷ്ടം വരുത്തിവയ്ക്കുന്നു. നാട്ടിൽ വാഴ ഊന്നിന്റെ അപര്യാപ്തതയും വർദ്ധിച്ചുവരുന്ന കൂലിച്ചെലവും വാഴകൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

രാസവളങ്ങൾ മൊത്തം വളപ്രയോഗത്തിന്റെ 85% ത്തോളം വരും. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തത് ഉല്പാദനക്ഷമത കുറയ്ക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ്. ജൈവവളത്തിന്റെ ലഭ്യതകുറവ് മണ്ണിന്റെ ഘടനയെത്തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ നടക്കേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടക്കുന്നത്. പലവർഷങ്ങളിലും പരിശോധനക്കായി മണ്ണിന്റെ സാമ്പിളുകൾ കൃഷിഭവനിൽ ഏല്പിക്കാറുണ്ടെങ്കിലും റിപ്പോർട്ട് ലഭിക്കാറില്ല.

നെൽപ്പാടങ്ങളിൽ ഇടവിളകളായി കൃഷിചെയ്തിരുന്ന വേനൽക്കാല പച്ചക്കറികളും, കപ്പയും കുറഞ്ഞുവരികയാണ്. ജലസേചന സൗകര്യം ലഭിക്കാത്തതും, ജൈവവളങ്ങളുടെ ലഭ്യതക്കുറവും, ഉല്പ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും ഇതിന്റെ പ്രധാനകാരണങ്ങളാണ്. ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഭൂമി തുണ്ടുകളായി മാറ്റിയത് ഇതിനൊരു തടസ്സമാണ്.കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇനിയും ഇതിന് സാധ്യതകൾ ഉണ്ട്.

കൃഷിഭവന്റെ പ്രവർത്തനവും പോരായ്മയായി നിലനില്ക്കുന്നു. ചിലവാർഡുകളിലെ ചുരുക്കം പ്രദേശങ്ങളിലൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനങ്ങൾ എത്തുന്നില്ല.

ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരഇനം വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ ഉപദേശങ്ങൾ നൽകൽ, സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അജ്ഞത, തുടങ്ങിയവ കൃഷിക്കാരുടെ പുരോഗതിക്ക് തടസ്സങ്ങളായി നിലനില്ക്കുന്നു. അമിതമായ കീടനാശിനിപ്രയോഗം ശുദ്ധജലമത്സ്യങ്ങൾ ചത്തു പൊങ്ങുന്നതിനുള്ള കാരണമായി കർഷകർ കാണുന്നു.

## നിർദ്ദേശങ്ങൾ :

1. ഇപ്പോൾ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറിന്റെ പവർ കൂട്ടുകയും ഫീൽഡ് ചാലുകൾ കോൺക്രീറ്റ് ചെയ്യുകയും ചെയ്താൽ പലവാർഡുകളിലേയും കുടിവെള്ളത്തിന്റേയും ജല

സേചനത്തിന്റെയും പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും. കൃഷിഭൂമിയുടെ സംരക്ഷണത്തിനും ജലസേചനത്തിനും, കുടി വെള്ളത്തിനും ഉപകരിക്കുന്ന ചിറകൾ, കുളങ്ങൾ, തോടുകൾ എന്നിവ അനിയന്ത്രിതമായി കൈയ്യേറുകയും ഇടിച്ചു നിരത്തുകയും ചെയ്തിട്ടുള്ളതിനാൽ കൃഷിക്ക് ദോഷമായിത്തീർന്നിരിക്കുന്നു. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

2. കൃഷിഭൂമിയുടെ രക്ഷക്കായി പണ്ടുകാലം മുതൽ നിർമ്മിച്ചിരുന്ന തോടുകൾ, ഊഴവുമാടുകളെ കൊണ്ടു പോകുന്നതിന് ഉപയോഗിച്ചിരുന്ന വരമ്പുകൾ എന്നിവ വീതി കുറയ്ക്കുകയും ചെയ്യുന്ന സ്ഥിതി കർക്കശമായി തടഞ്ഞ് തോടുകളും വരമ്പുകളും സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

3. പഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ കനാലുകളും അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ച് വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

4. മേജർ ഇറിഗേഷൻ കനാലിൽ കൂടി വരുന്ന വെള്ളം എത്താത്ത വാലറ്റങ്ങളെ വെള്ളക്കരത്തിൽനിന്നും ഒഴിവാക്കണം. ഈ പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുകയും വേണം.

5. വയലുകളിലേക്കും, തോടുകളിലേക്കും, പുഴയിലേക്കും മലിനജലം ഒഴുക്കിവിടുന്നത് കർക്കശനമായി തടയണം. ജലംശുദ്ധികരിച്ച് വിടന്നതിന് കർക്കശ നടപടികൾ സ്വീകരിക്കണം.

ഗ്രൂപ്പ് ഫാമിങ്ങ് :

6. നെല്ല്, തെങ്ങ്, വാഴ എന്നീ കൃഷികൾക്ക് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഏർപ്പെടുത്തണം. നിലവിലുള്ള കർഷകസമിതികളെ പുനരുജ്ജീവിപ്പിക്കണം. ഉല്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് ലഭ്യമാക്കണം. പ്രാദേശികമായ വിത്തുല്പാദിപ്പിക്കുന്നതിന് പാടശേഖരസമിതികളെ പ്രാപ്തരാക്കണം.

7. ഇൻഷൂറൻസ് :

കൃഷിയെ സംരക്ഷിക്കുന്നതിന് കർഷകർക്ക് വിളഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം ഏർപ്പെടുത്തം. വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. ഡീസൽ. മണ്ണെണ്ണ എന്നിവയുടെ അളവ് വർദ്ധിപ്പിച്ച് കർഷകരെ പ്രോൽസാഹിപ്പിക്കണം.

8. തേങ്ങ, കായ, നെല്ല്, പച്ചക്കറികൾ എന്നിവയുടെ വില്പനക്ക് പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രം ആരംഭിക്കുക. സഹകരണ സംഘങ്ങൾ ഉല്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാൻ സാധിക്കും. മേലൂരിൽ ഒരു പഴസംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കണം. കൂൺകൃഷി, മൾബറി കൃഷി എന്നിവ പ്രോൽസാഹിപ്പിക്കണം. തെങ്ങിൽ കുരുമുളക് വച്ചുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നല്കുക. കർഷകർക്ക് അംഗീകാരം നല്കുന്ന വിധത്തിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക. കൂലി ഏകീകരണം നടപ്പിലാക്കുക. കൃഷിഭവന്റെ പ്രവർത്തനം വിപുലമാക്കുക.

| ജലസേചന പദ്ധതികൾ | | (Pref. No.) |
|---|---|---|
| 1. | ദേവരാജഗിരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | XIII |
| 2. | ആലക്കപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | I |
| 3. | കടലക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | XIV |
| 4. | പൂലാനി മഠം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | IX |
| 5. | തവളക്കണ്ടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | XV |
| 6. | കൂവാകാട്ടുകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | VII |
| 7. | പൂത്തുരുത്തി പാലം ചെക്ക് ഡാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | VI |
| 8. | കിഴക്കേ പാറക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | VIII |
| 9. | കിഴക്കേ പാറക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | V |
| 10. | ശാന്തിപുരം റീലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | XI |
| 11. | പീണിക്കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ വഴിയുള്ള പുതിയ റീലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | XVI |
| 12. | കോവിലകം കടവ് ലിഫറ്റ് ഇറിഗേഷൻ പദ്ധതി | IV |
| 13. | കിഴങ്ങാം പിള്ളിച്ചിറ ഇറിഗേഷൻ പദ്ധതി | XII |
| 14. | മുറിങ്ങൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | X |
| 15. | വണ്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | II |
| 16. | മുക്കൽപെട്ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | III |

# VI. കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യ പരിപാലനത്തിന് ശുദ്ധവായു , ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടവുംപരിസരവും അത്യാന്താപേക്ഷിതമായ ഘടകങ്ങളാണ്. ഈ പഞ്ചായത്ത് വ്യവസായ മേഖലയല്ലാത്തതിനാൽ വായു മലിനീകണം താരതമ്യേന കുറവാണ്. പരിസരശുചീകരണത്തിൽ ഇനിയും നാം വളരെ മുന്നേറേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഉദ്ദേശം 15 വർഷം മുമ്പുവരെ ഉയർന്ന പ്രദേശങ്ങളൊഴിച്ചാൽ ഇവിടെ കുടിവെള്ളക്ഷാമം ഉണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ 1, 2, 6, 7, 8, 9, 10 എന്നീ വാർഡുകളെചുറ്റി ചാലക്കുടിപ്പുഴ ഒഴുകുന്നു. പുഴയിലേയും കിണറുകളിലേയും ജലവിതാനം തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. മധുരമറ്റം കുഴൽകിണർ സ്കീം, കുവക്കാട്ടുകുന്ന് വാട്ടർ സപ്ലൈസ്കീം, മൂന്ന് ഹാൻഡ് പമ്പ് കുഴൽകിണർ, 30 പൊതുകിണറുകൾ പ്രവർത്തനം തുടങ്ങാത്ത ഒരു ചെറിയ വാട്ടർടാങ്ക് ദേവരാജഗിരിയിലുണ്ട്. കൂടാതെ സ്വകാര്യ കിണറുകളും ഉണ്ട്. ഇത്ര സംവിധാനങ്ങളുണ്ടെങ്കിലും ശുദ്ധജലക്ഷാമം നിലനിൽക്കുന്നു.

## ശുദ്ധജല സ്രോതസ്സുകൾ

പട്ടിക 1

| കിണറുകൾ | | | | കുഴൽകിണർ | ആകെ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 22 | 8 | 2334 | 500 | 3 | 2867 |

പട്ടിക 2

**പദ്ധതികൾ**

| മധുരമറ്റം കുഴൽകിണർ | കുവ്വക്കാട്ടുകുന്ന് വാട്ടർ സപ്ലൈസ്കീം | മൊത്തം ടാപ്പുകൾ | സ്വകാര്യടാപ്പുകൾ |
|---|---|---|---|
| 1 | 1 | 82 | 36 |

പൊതുകിണറുകളിൽ 8ഉം സ്വകാര്യകിണറുകളിൽ 500 വെള്ളമില്ലാത്തതാണ്. ഇവയിൽ പലതും ആഴം കൂട്ടിയാലും ജലലഭ്യത കുറവുള്ളതാണ്. വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചയിൽ രൂപംകൊണ്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി ചേർക്കുന്നു.

**കുടിവെള്ള പ്രശ്ന പ്രദേശങ്ങൾ**

| | |
|---|---|
| 1. | ആലക്കാപ്പിള്ളി, ദേവരാജഗിരി, നാലു സെന്റ് ലക്ഷം വീട് കോളനി |
| 2. | കുവ്വക്കാട്ടുകുന്ന് |
| 3. | മണ്ടിക്കുന്ന് പരിസരം, നാല് സെന്റ് കോളനികൾ |
| 4. | മുരുങ്ങൂർ പള്ളി പരിസരം, ചീനിക്കൽ ക്ഷേത്രപരിസരം, സാഞ്ചോ നഗർ |
| 5. | പുഷ്പഗിരി, അടിച്ചിലി ഭാഗം |
| 6. | കുറുപ്പം നാലുസെന്റ് കോളനി |
| 7. | ഹൈസ്കൂൾ പരിസരം |
| 8. | R.U.P സ്കൂൾ പരിസരം |
| 9. | കാലടി ലക്ഷം വീട് കോളനി |
| 10. | കൊമ്പിച്ചാൽ നാല് സെന്റ് കോളനി |

**ഉയർന്നുവന്ന പരിഹാര നിർദ്ദേശങ്ങൾ**

| | |
|---|---|
| 1. | ആലക്കാപ്പിള്ളി, ദേവരാജഗിരി, K.W.A സ്കീം നടപ്പിൽ വരുത്തുക. |
| 2. | നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കുക |
| 3. | കാടുകുറ്റി പഞ്ചായത്തിന്റെ K.W.A സ്കീമിൽ നിന്ന് വെള്ളം ലഭ്യമാക്കണം. |
| 4. | മുരിങ്ങൂർ പള്ളി പരിസരത്ത് ടാങ്ക് സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുക. |
| 5. | ദേവരാജഗിരി വാട്ടർ സപ്ലൈ സ്കീം നടപ്പിൽ വരുത്തുക, കൂടാതെ പുഷ്പഗിരി പള്ളിപരിസരത്ത് ടാങ്ക് സ്ഥാപിച്ച് വെള്ളം വിതരണം ചെയ്യുക. |
| 6. | ആലക്കാപ്പിള്ളി, ദേവരാജഗിരി K.W.A സ്കീം നടപ്പിൽ വരുത്തുക |
| 7. | കുവ്വക്കാട്ടുകുന്ന് സ്കീമിൽ നിന്നും കൂടുതൽ ടാപ്പുകൾ അനുവദിക്കുക. പള്ളി സ്കൂളിനടുത്തുള്ള പഞ്ചായത്ത് കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക. |
| 8. | കുവ്വക്കാട്ട്കുന്ന് സ്കീമിൽ നിന്നും കൂടുതൽ ടാപ്പുകൾ കൊടുക്കുക. പുഴയിൽ നിന്നും മണൽവാരൽ നിർത്തലാക്കുക. |
| 9. | ഇറിഗേഷൻ കനാലിൽ ആഴ്ചയിലൊരിക്കൽ വെള്ളം നിറഞ്ഞൊഴുകാൻ അനുവദിക്കുക. പുഴയിലെ മണൽ വാരൽ നിർത്തലാക്കുക. |
| 10. | ആലക്കാപ്പിള്ളി ദേവരാജഗിരി, K.W.A സ്കീം നടപ്പിൽ വരുത്തുക. ചെട്ടിത്തോപ്പ് ലിഫ്റ്റ് ഇറിഗെഷൻ പദ്ധതിയിലെ പോരായ്മകൾ നികത്തുക. |

**കുടിവെള്ളക്ഷാമപരിഹാര പൊതുനിർദ്ദേശങ്ങൾ**

1) ആലക്കാപ്പിള്ളി ദേവരാജഗിരി K.W.A സ്കീം പ്രാവർത്തികമാക്കുക.

2) പുഷ്പഗിരി പള്ളി പരിസരഭാഗത്ത് ടാങ്ക് നിർമ്മിച്ച് പുഷ്പഗിരി ,പാലപ്പിള്ളി ഭാഗത്ത് വിതരണം ചെയ്യുക. മധുരമറ്റം കുഴൽകിണറിൽ നിന്നുള്ള പൈപ്പ് ലൈൻ ആലക്കാപ്പിള്ളി , ദേവരാജഗിരി സ്കീം നടപ്പിലാക്കുമ്പോൾ ഈ ലൈൻ പുഷ്പഗിരി ടാങ്കിലേക്ക് തിരിച്ചുവിടാവുന്നതാണ്.

3) കുവ്വാക്കാട്ടുകുന്ന് വാട്ടർ സപ്ലൈ സ്കീം സംഭരണശേഷിയും ഉയരവും വർദ്ധിപ്പിച്ചാൽ 5, 6, 7, 8 വാർഡുകളിലേക്ക് വെള്ളം എത്തിക്കാവുന്നതാണ്. കൂടാതെ പുഴയിലെ മണൽ വാരൽ നിരോധിക്കുകയും ഇറിഗേഷൻ കനാലിൽ ആഴ്ചയിൽ ഒരു ദിവസം വീതം വെള്ളം അവസാനത്തെ സ്പോട്ടുവരെ നിറഞ്ഞൊഴുക്കുവാൻ സാധിക്കുകയും ചെയ്താൽ 6, 7, 8 വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

4) മുരിങ്ങൂർ പള്ളി പരിസരത്ത് ടാങ്ക് നിർമ്മിച്ച് N.H പുഴയും പാലത്തിന്റെ പരിസരത്തുള്ള വാട്ടർ സപ്ലൈ കിണറിൽ നിന്നും പമ്പ് ചെയ്ത് വിതരണം ചെയ്താൽ 9ാം വാർഡ് മുഴുവനായും 10ാം വാർഡിൽ ഭാഗികമായും വെള്ളം എത്തിക്കാവുന്നതാണ്.

5) 10ാം വാർഡിൽ സ്ഥിതിചെയ്യുന്ന കാടുകുറ്റി പഞ്ചായത്തിന്റെ K.W.A സ്ക്കീമിൽ നിന്ന് വെള്ളം ലഭ്യമായാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

6) കുഴൽ കിണർ നിർമ്മിക്കുവാൻ തയ്യാറുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് അവർക്കു വേണ്ട സാങ്കേതികവും സാമ്പത്തികവുമായ സഹായം നല്കുകയും കൂടാതെ സ്വന്തമായി കിണർ, കുളം മുതലായവ കുഴിക്കുന്നവർക്ക് സാമ്പത്തിക സഹായം നല്കുകയും ചെയ്യുക.

## പൊതുജനാരോഗ്യവും - പരിസരശുചീകരണവും

ഈ പഞ്ചായത്തിലെ ജനങ്ങൾ ചികിത്സാ സൗകര്യത്തിന് ചാലക്കുടി സർക്കാർ ആശുപത്രിയെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. കൂടാതെ ചാലക്കുടിയിൽ നല്ല നിലയിൽ നടത്തിയിരുന്ന രണ്ട് ആയുർവ്വേദ സ്ഥാപനങ്ങളേയും, വിഷ ചികിത്സാ രംഗത്ത് മേലൂർ കാലടി ക്ഷേത്രത്തിനടുത്തുള്ള കോവിലകത്തുണ്ടായിരുന്ന കൊച്ചമ്മ തമ്പുരാന്റെ സേവനവും ഒരനുഗ്രഹമായിരുന്നു. അതുപോലെ തന്നെ ചാലക്കുടിയിലുണ്ടായിരുന്ന ബാലവൈദ്യൻ ശ്രീ. വൈരേലികൃഷ്ണൻനായരുടെ സേവനം ഇന്നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. ഐതിഹ്യമാലയിൽ പരാമർശിക്കപ്പെടുന്ന 'കോക്കരയുടെ' പ്രധാന ശിഷ്യനായ പടുതോൾ കൃഷ്ണൻ നമ്പൂതിരിപ്പാട് എന്നൊരു വിഷഹാരിയും ഉണ്ടായിരുന്നു. പിന്നീട് ഗവൺമെന്റ് റൂറൽ ഡിസ്പെൻസറിയായി തുടങ്ങിയ സ്ഥാപനം ഇന്ന് ആരോഗ്യപ്രാഥമിക കേന്ദ്രമായി പ്രവർത്തിക്കുന്നു. കൂടാതെ പൂലാനിയിലും മേലൂരിലും ഓരോ കുടുംബക്ഷേമകേന്ദ്രവും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾക്കുള്ള സ്ഥലം സൗജന്യമായി ലഭിച്ചതാണ്. സ്വകാര്യരംഗത്ത് ഒരു അലോപ്പതി ആശുപത്രയും, ഒരു നേഴ്സിംഗ് വൈദ്ഡിസ്പെൻസറികളും നിലവിലുണ്ട്. ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ പൊതു ചികിത്സാരംഗം വളരെ പിറകിലാണ്.

## പൊതുജനാരോഗ്യപ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

സ്പെഷൽ ഗ്രാമസഭകളിൽ ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ചേർക്കുന്നു.

**പ്രശ്ന മേഖലകൾ**

1. അടിച്ചിലി, കുന്നപ്പിള്ളി, പൂലാനി, പുഷ്പഗിരി, കുവ്വക്കാട്ടുകുന്ന് ഇവിടങ്ങളിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യക്കുറവ്, പരിസര മലിനീകരണം, ബോധവൽക്കരണക്കുറവ്
2. കാഞ്ഞിരപ്പിള്ളി ശിവശക്തി പേപ്പർമില്ലിൽനിന്നും പുറംതള്ളുന്ന മലിനജലം പരിസരവാസികൾക്കു ഭീഷണിയാകുന്നു.
3. കല്ലുത്തി, കലവറക്കടവ്, മേലൂർ ജംഗ്ഷൻ, കാലടി എന്നീ പ്രദേശങ്ങളിലും മേൽപ്പറഞ്ഞകാര്യങ്ങൾ നിലനിൽക്കുന്നു.

4. മുരിങ്ങൂർ, മണ്ടിക്കുന്ന് എന്നീ സ്ഥലങ്ങളിൽ കുടുംബക്ഷേമ കേന്ദ്രത്തിന്റെ കുറവ്, ചികിത്സാക്കുറവ്, വായു-ജലമലിനീകരണം, കുഷ്ഠരോഗ ഭീഷിണി.

5. ഡിവൈൻ ഡയറി ഫാം പരിസരമലിനീകരണം നാട്ടുകാർക്കു ഭീഷണിയാകുന്നു.

**പരിഹാര നിർദ്ദേശങ്ങൾ**

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പൂർത്തീകരിച്ച വാർഡിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് ഡോക്ടർക്കും മറ്റു ജീവനക്കാർക്കും താമസ സൗകര്യം ഏർപ്പെടുത്തി സേവനം ഉറപ്പുവരുത്തുക. കൂടാതെ കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, ഗൃഹ സന്ദർശനം, ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക, ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ ഇതിൽത്തന്നെ സ്ഥാപിക്കുക.

ഹെൽത്ത്സെന്ററുകൾ സ്ഥാപിക്കുക. വായു മലിനീകരണം നീക്കുന്നതിന് എലുവത്തിങ്കൽ അലുമിനിയം ഫാക്ടറിയിൽ നിന്നു വരുന്ന മാരകമായ പുക ഏതെങ്കിലും തരത്തിൽ ഒഴിവാക്കുക. ഡിവൈൻ ധ്യാന കേന്ദ്രത്തിൻ നിന്നും പുറത്തേക്കു വിടുന്ന മലിന ജലം സംസ്ക്കരിച്ചതിനുശേഷം പുറത്തേക്ക് വിടുവാൻ അനുവദിക്കുക. കുഷ്ഠരോഗ കോളനി മറ്റി സ്ഥാപിച്ച് രോഗ ഭീഷണി ഒഴിവാക്കുക.

**പൊതു നിർദ്ദേശങ്ങൾ**

പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്നവ.

1) ഇൻപേഷ്യന്റ് വാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ച് ഡോക്ടർക്കും മറ്റു ജീവനക്കാർക്കും താമസ സൗകര്യം, മരുന്ന് മറ്റുപകരണങ്ങൾ ശേഖരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക. ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ സെന്ററുകൾ സ്ഥാപിച്ച് അവരുടെ സേവനം ഉപയോഗിച്ച് ഗൃഹ സന്ദർശനവും ആരോഗ്യ ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കുക. പഞ്ചായത്തിന്റെ മധ്യഭാഗത്തും പടിഞ്ഞാറുഭാഗത്തും ഓരോ ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കുക. ഒരു ഹോമിയോ ഡിസ്പെൻസറിയും അനുയോജ്യമായ സ്ഥലത്ത് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുക. മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി സാമൂഹിക സന്നദ്ധ സംഘടനകൾ റോട്ടറി ക്ലബ്, ലയൺസ് ക്ലബ് മുതലായ സംഘടനകളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്. ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

2) പരിസര മലിനീകരണത്തിന് പ്രധാന പങ്കു വഹിക്കുന്ന കക്കൂസുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതാണ്. മുൻകാലങ്ങളിൽ ചുരുങ്ങിയ ചിലവിൽ ഇ. എസ്.പി ടൈപ്പ് കക്കൂസിനാവശ്യമായ ക്ലോസറ്റുകൾ നിർമ്മിച്ച് വിതരണം ചെയ്തിരുന്നു. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. പദ്ധതി വീണ്ടും നടപ്പിലാക്കിയാൽ വളരെയധികം താണ വരുമാനക്കാർക്ക് പ്രയോജനം ലഭിക്കുന്നതാണ്. അതുമല്ലെങ്കിൽ ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ വഴി പഞ്ചായത്തിലെ കക്കൂസില്ലാത്തവർക്ക് കക്കൂസുറപ്പുവരുത്തേണ്ടതാണ്. ഇതിനായി സാമൂഹ്യ സന്നദ്ധസംഘടകൾ വഴി വിഭവ സ്വരൂപണം നടത്തി ജന പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. ബോധവൽക്കരണചർച്ചാ ക്ലാസ്സുകൾ വഴി കക്കൂസിന്റെ കുറവുകൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ജനങ്ങൾക്ക് പകർന്നുകൊടുക്കാവുന്നതാണ്. സ്ഥല പരിമിതിയുള്ള കോളനികളിൽ പൊതു സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ചു കൊടുക്കുന്നത് നല്ലതാണ്. ചപ്പുചവറുകൾ റോഡരുകിൽ കുന്നുകൂടുന്നത് അനുവദിക്കാതിരിക്കുക. ഒന്നോ രണ്ടോ പൊതു കക്കൂസ്, മൂത്രപ്പുര മുതലായവ നിർമ്മിച്ച് വൃത്തിയായി സൂക്ഷിക്കുക. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ബോധവത്ക്കരണം വഴി അടുക്കളത്തോട്ടം കംമ്പോസ്റ്റുകുഴി മുതലായവ നിർമ്മിപ്പിക്കുക. അറവുശാല, മത്സ്യച്ചന്ത മുതലായവ ഏർപ്പെടുത്തുക.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ നശിപ്പിച്ച് ജനങ്ങളെ മാരകമായ പേപ്പട്ടി വിഷബാധയിൽനിന്നും വിമുക്തമാക്കുക. അപകടത്തിൽപ്പെട്ടു ചാകുന്ന ജന്തുക്കളെ കുഴിച്ചുമൂടുന്നതിനായി ജന പങ്കാളിത്തം ഉറപ്പു വരുത്തുക. ജലമലിനീകരണം തടയുന്നതിന് ഡിവൈൻ ധ്യാനകേന്ദ്രത്തിലെ അഴുക്കു

## മേലൂർ ഗ്രാമപഞ്ചായത്ത്
## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ ( 1995–96)
### Ref. AVI, G.F.

| ഏതു വിഭാഗം ചികിത്സാ സംവിധാനം | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| അലോപ്പതി | - | 2 | - | - | 1 | - | 18 |
| ആയുർവേദം | - | 3 | - | - | - | - | 13 |
| ഹോമിയോ | - | 3 | - | - | - | - | 3 |

## മേലൂർ ഗ്രാമപഞ്ചായത്ത്

## ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ

| | | | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം ) | | | | | |
|---|---|---|---|---|---|---|---|---|
| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പുകടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992 | - | 31290 | 2512 | 3920 | 2010 | - | 22848 | 31290 |
| 1993 | - | 13559 | 1035 | 1528 | 1430 | - | 9566 | 13559 |
| 1994 | - | 18673 | 1225 | 1870 | 1210 | - | 14368 | 18673 |
| 1995 | - | 18119 | 1010 | 1990 | 1130 | - | 13989 | 18119 |
| ആകെ | | | | | | | | |

## മേലൂർ ഗ്രാമപഞ്ചായത്ത്
## ആരോഗ്യ സ്ഥിതിവിവരങ്ങൾ

| | | | |
|---|---|---|---|
| 1) | ആകെ വീടുകൾ | : | 6640 |
| | a) കോൺക്രീറ്റ് | : | 1539 |
| | b) ഓടിട്ടത് | : | 3624 |
| | c) കുടിൽ | : | 1474 |
| 2) | കക്കൂസുള്ള വീടുകളുടെ എണ്ണം 4494 | | |
| | a) സെപ്ടിക് | : | 513 |
| | b) ഇ.എസ്. പി | : | 53 |
| | c) മറ്റുള്ളവ | : | 3928 |
| 3) | കുടിവെള്ള സ്രോതസ്സ് | : | |
| | a) സാനിറ്ററി വെൽ | : | 1 |
| | b) സാധാരണ കിണർ | : | 2864 |
| | c) കുളം | : | |
| | d) നദി | : | 1 |
| | e) പൈപ്പ് | : | 2 |
| | f) പൊതുവിതരണം | : | **വരൾച്ച കാലങ്ങളിൽ ലോറികളുൽ വെള്ളം പഞ്ചായത്തിൽ എല്ലാസ്ഥലത്തും വിതരണം ചെയ്യാറുണ്ട്.** |
| 4) | തൊഴുത്ത് | | |
| | a) വീടിനോട് ചേർന്ന് | : | |
| | b) പ്രത്യാകിച്ച് | : | |
| 5) | കമ്പോസ്റ്റ് കുഴി | | |
| | a) ഉള്ളത് | : | |
| | b) ഇല്ലാത്തക് | : | |
| 6) | വൈദ്യുതി | | |
| | a) വൈദ്യുതികരിച്ചവ | : | 4464 |
| | b) അല്ലാത്തവ | : | 2176 |
| 7) | ജനസംഖ്യ | : | 24854 |
| | a) പുരുഷന്മാർ | : | 12486 |
| | b) സ്ത്രീകൾ | : | 12368 |

9) അമ്മമാരുടെ എണ്ണം
(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ
എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | | | |
|---|---|---|---|
| a) | 1 കുട്ടി | : | 823 |
| b) | 2 കുട്ടികൾ | : | 1721 |
| c) | 3 ൽ കൂടുതൽ കുട്ടികൾ | : | 1612 |

10) കുടുംബാസൂത്രണമാർഗം സ്വീകരിച്ച
അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ
അടിസ്ഥാനത്തിൽ)

| | | | |
|---|---|---|---|
| a) | 1 കുട്ടി | : | 588 |
| b) | 2 കുട്ടികൾ | : | 1218 |
| c) | 3 ൽ കൂടുതൽ കുട്ടികൾ | : | 919 |

11) അംഗവൈകല്യമുള്ളവർ

| | | | |
|---|---|---|---|
| a) | അന്ധർ | : | 20 |
| b) | ബധിരർ | : | 22 |
| c) | മൂകർ | : | 25 |
| d) | ബധിര-മൂകർ | : | 23 |
| e) | ചലന വൈകല്യങ്ങൾ | : | 149 |

ആകെ 234

12) മന്ദബുദ്ധികൾ എണ്ണം
പ്രായം

| | | | |
|---|---|---|---|
| a) | 0-5 : 4 | c) | 6-10 : 6 |
| b) | 11-15 : 6 | d) | 16ന് മേൽ : 44 |

13) സ്ഥായിയായ രോഗബാധിതർ

| | | | |
|---|---|---|---|
| a) | രക്തസമ്മർദ്ദം | : | 343 |
| b) | പ്രമേഹം | : | 121 |
| c) | കാൻസർ | : | 15 |
| d) | കുഷ്ഠം | : | 7 + കോളനി |
| e) | ക്ഷയം | : | 30 |
| f) | ഹൃദ്രോഗം | : | 62 |

ആകെ 578 + കോളനി

14) a) ഒരു വയസ്സിനു താഴെ പ്രായമുള്ള
കുട്ടികളുടെ എണ്ണം : 321

b) പ്രതിരോധകുത്തിവെയ്പു നടത്തിയവർ : 312

15) ആകെ ഗർഭിണികൾ : 164

398

## മേലൂർ ഗ്രാമപഞ്ചായത്ത്
## കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 125 | 114 | 49 | 49 | 25 | 6 | 2 | 0 |
| 1-3 വയസ്സ് | 234 | 200 | 102 | 111 | 32 | 15 | 1 | 0 |
| 3-6 വയസ്സ് | 249 | 205 | 110 | 90 | 18 | 21 | 2 | 0 |

1-ാം ഗ്രേഡ് - ലഘുവായ പോഷകക്കുറവുള്ളവർ 256 + 230 = 486

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ 58 + 34 = 92

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ 2 + 3 = 5

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 304 | 269 | 155 | 118 | 46 | 263 | 241 | 215 | 41 | | | | 8 | 115 |
| 1-3 വയസ്സ് | | | | | | | | | | | | | | |
| 3-6 വയസ്സ് | | | | | | | | | | | | | | |

ടെറ്റനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1 D | 2D | 3D |
|---|---|---|---|
| | 132 | 80 | 12 |

| | |
|---|---|
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | 119 |
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 662 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 482 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | 162 |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | Nil |

## മേലൂർ ഗ്രാമപഞ്ചായത്ത്
## പൊതുജനാരോഗ്യം

| വർഡ് നമ്പർ | ശുചീകരണാവ ശ്യത്തിനുള്ള ജീവനക്കാർ | മൂത്ര പ്പുരകൾ | കക്കൂസു കൾ | പൈപ്പ് വെള്ളം |  | പൊതു കുഴൽ കിണർ | പൊതു കിണർ | കുളിക്കട വുകൾ | ശ്മശാനങ്ങൾ | അറവു ശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാ |
|---|---|---|---|---|---|---|---|---|---|---|---|
|  |  |  |  | പൊതു ടാപ്പുകൾ | ഹൗസ് കണക്ഷനുകൾ |  |  |  |  |  |  |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | Nil | Nil | Nil | 9 | Nil | - | 2 | 7 | 1 | Nil | Nil |
| 2 |  | - | - | - | - | - | 3 | 5 | - | - | - |
| 3 | - | - | - | - | - | - | 3 | - | - | - | - |
| 4 | - | - | - | 12 | - | 1 | 4 | 2 | - | - | - |
| 5 | - | - | - | 16 | - | - | 5 | - | - | - | - |
| 6 | - | - | - | 2 | 10 | - | 2 | - | - | - | - |
| 7 | - | - | - | 5 | 26 | - | 2 | 12 | - | - | - |
| 8 | - | - | - | 2 | - | - | 2 | 3 | - | - | - |
| 9 | - | - | - | 2 | - | - | 2 | 5 | - | - | - |
| 10 | - | - | - | - | - | 2 | 5 | 7 | - | - | - |
|  |  |  |  | 48 | 36 | 3 | 30 | 41 |  |  |  |

പോതുജനാരോഗ്യം ചെലവ് : 48500
മൊത്തം ചെലവിന്റെ എത്ര ശതമാനം : 4.5%

ജലം സംസ്ക്കരിച്ച് പുറത്തേക്ക് വിടുക. കൊതുക് നിവാരണത്തിനായി വെള്ളം കെട്ടികിടക്കുന്ന ചാലുകൾ, കുഴികൾ തുടങ്ങിയ സ്ഥലത്ത് മണ്ണെണ്ണ, ഓയിലുകൾ ഒഴിച്ച് കൊതുക് വർദ്ധന തടയാവുന്നതാണ്.

പുകവലി, പുകയില ചേർത്തുള്ള മുറുക്കാൻ, മദ്യപാനം, മയക്കുമരുന്ന്, തമ്പാക്ക് മുതലായവയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി ബോധവല്ക്കരണം അനിവാര്യമാണ്.

പൊതുശ്മശാനങ്ങൾ പഞ്ചായത്തിനത്യാവശ്യമാണ്. പഞ്ചായത്തതിർത്തിയിലുള്ള കുഷ്ഠരോഗികളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റി താമസിപ്പിക്കുവാൻ സന്നദ്ധമാകണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സാഹിത്യ സംഘടനകളേയും കൂട്ടിയിണക്കി ജനപങ്കാളിത്തം ഉറപ്പുവരുത്തി 'ശുചിത്വ ഗ്രാമം ആരോഗ്യഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്കു കഴിയും അതിനായി നമുക്കൊത്തൊരുമിച്ച് വിശ്രമില്ലാതെ പ്രവർത്തിക്കാം.

---

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഭാരതത്തിന്റെ ആദ്യന്തര ഉത്പാദനത്തിന്റെ 10% സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. കാർഷികവരുമാനത്തിന്റെ മാത്രം 25% മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. കഴിഞ്ഞ രണ്ട് ദശാബ്ദക്കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മവർദ്ധനയും ഉത്പാദനക്ഷമതവർദ്ധനയും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗ്രാമീണ ജനതക്ക് ചുരുങ്ങിയസമയത്തിനുള്ളിൽ കൂടിതൽ ആദായവും തൊഴിൽ അവസരങ്ങളും പ്രദാനം ചെയ്യുവാൻ കഴിയുന്ന മേഖലയാണ് ഇത്. കൂടാതെ പോഷകസമൃദ്ധമായ പാൽ, മുട്ട, മാംസം എന്നിയുടേയും, ഔഷധങ്ങളുടെ നിർമ്മാണം, പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ, ജൈവവളങ്ങൾ തുടങ്ങിയവയൊക്കെ ഈ മേഖലയുടെ സംഭാവനയാണ്. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമീണ മേഖലയിലാണ്. ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷതൊഴിലാളുകളുമാണ്. അദ്ധ്വാനത്തിന്റെ 60% സ്ത്രീകളിൽനിന്നുമാണ്.

കേരളത്തിന് ആവശ്യമായ മുട്ട അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടതായി വരുന്നു. മൃഗസംരക്ഷണ മേഖലക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയാണെങ്കിൽ ജൈവവള ലഭ്യത കൂടുതന്നത് നിമ്ത്തം കാർഷിക മേഖലയുടെ ഉത്പാദനം കൂട്ടുവാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിലെ പ്രധാന വളർത്ത് മൃഗങ്ങൾ പശു, ആട്. എരുമ എന്നിവയാണ്. നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവത്ക്കരണവും വളർത്ത് മൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. പ്രത്യകിച്ച് നിലം ഉഴുന്നതിന് ഉപയോഗിക്കുന് ഉപയോഗിച്ചിരുന്ന കാളകളുടേയും പോത്ത്കളുടേയും കാര്യത്തിൽ (പട്ടിക 1-ൽ നോക്കുക.) ഉത്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത് നമ്മുടെ പഞ്ചായത്തിലെ ചില പ്രദേശങ്ങളെ ബാധിക്കുന്നുണ്ട്. നിലവിൽ 2-ാം വാർഡ്, 4-ാം

വാർഡ്, 8-ാം വാർഡ് എന്നിവിടങ്ങളിൽ ആയി 3 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം പഞ്ചായത്തിന്റെ ചില ഭാഗങ്ങലിൽ സ്വകാര്യ പാൽ ശേഖരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കാർഷിക ഗ്രാമമായ മേലൂർ പഞ്ചായത്ത് കന്ന്കാലിസംബത്തിലും വളരെ മുന്നിൽ നിർക്കുന്നു. (പട്ടിക-5) ഇത് വ്യക്തമാക്കുന്നു.

സ്വകാര്യസംഘങ്ങളെ സംബന്ധിച്ചിടത്തോളം പാലിന് വില കൂടുതൽ നൽകുന്നുണ്ടെങ്കിലും ഗവൺമെന്റിന്റേയും മറ്റ് ഏജൻസികളുടേയും നേതൃത്വത്തിൽ ക്ഷീരകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളോ സബ്-സിഡികളോ ഒന്നുംതന്നെ അതിലെ അംഗങ്ങൾക്ക് ലഭിക്കുന്നില്ല. ഇത്തരം ആനുകൂല്യങ്ങളെല്ലാം 'ആപ്കോസ്' (APCOS) സംഘങ്ങൾ വഴിമാത്രമെ ലഭിക്കുകയുള്ളു. പാലപ്പിള്ളിയിലേത് പുതിയ സംഘമാണ്. പൂലാനിയിലെ സംഘമാണ് കൂടുതൽ പാൽ സംഭരിക്കുന്നത്. കാലിത്തീറ്റയുടെ വിലവർദ്ധനവ് ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്. പുല്ലിന്റേയും വൈക്കോലിന്റേയും ലഭ്യതകുറവ് കർഷകരെ രൂക്ഷമായി ബാധിക്കുന്നു.

പഞ്ചായത്തിൽ 15-3-1971-ൽ ആരംഭിച്ച ഒരു മൃഗാസ്പത്രിമാത്രമാണ് ഉള്ളത്. ഇത് സ്ഥിതി ചെയ്യുന്നത് കിഴക്കേ അറ്റത്ത് 1-ാം വാർഡായ കുന്നപ്പിള്ളിയിലാണ്. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശമായി 8,9,10 വാർഡ്കളിലെ ക്ഷീരകർഷകർക്ക് തങ്ങളുടെ കാലികൾക്ക് രോഗം വന്നാൽ ഏകദേശം 9-10 കീലോമീറ്റർ അകലെ കിടക്കുന്ന കുന്നപ്പിള്ളിയിൽ എത്തിക്കുവാൻ പ്രയാസമാണ്. സമയത്തിന് ചികിത്സ ലഭിക്കാക്കത് കൊണ്ട് മൃഗങ്ങൾ പലപ്പോഴും ചാവുന്നതായിക്കാണാറുണ്ട്. അത് പോലെ കൃത്രമ ബീജസംങ്കലനത്തിന് പ്രയാസം നേരിടുന്നതായി കാണപ്പെടുന്നു. (പട്ടിക 4-ൽ നോക്കുക.) മരുന്നിന്റെ ലഭ്യതകുറവും, വില കൂടുലും കർഷകരെ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കന്ന്കാലികളിൽ പൊതുവെ കണ്ടുവരുന്ന അകിടുവീക്കം, കുളമ്പ് രോഗം, പനി, ഉദരരോഗം എന്നിവയാണ്. രോഗപ്രതിരോധ നടപടികളേയും ശുചിത്വത്തേയും സംബന്ധിച്ച് കർഷകരിൽ ഉള്ള അറിവില്ലായമ ഇത്തരം അസുഖങ്ങൾ തുടക്കത്തിലെ മാറ്റുന്നതിന് തടസമാകുന്നുണ്ട്. അതോടൊപ്പം നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ പശുക്കളെ വളർത്തുവാൻ ശ്രദ്ധിക്കണം. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം മുഴുവൻ കർഷകർക്കും ലഭ്യമാകുന്നില്ല. ഇപ്പോൾ ഏകദേശം 100-ൽ താഴെ കർഷകർക്ക് മാത്രമാണ് ലഭിക്കുന്നത്. നിലവിലുള്ള പദ്ധതിയിൽ പശുക്കളെ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളു. ഇത് എരുമകുട്ടികളിലേക്കും വ്യാപിപ്പിക്കണം. ഗോബർ ഗ്യാസ് പ്ലാന്റ്കൾ നമ്മുടെ പഞ്ചായത്തിൽ പലവാർഡുകളിലും ഉണ്ടെങ്കിലും അവ പൊതുവെ പ്രവർത്തന ക്ഷമമല്ല. കർഷകർക്ക് ഇവയെ സംബന്ധിച്ച് അറിവില്ലായ്മ നിലനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പലകുടുംബങ്ങളും ആടുകളെ വളർത്തുന്നുണ്ട്. സാധാരണ കർഷകരെ സംബന്ധിച്ചിടത്തോളം നല്ല ലാഭകരമായി നടത്താവുന്ന കൃഷിയാണെങ്കിലും വളരെ വ്യാപകമായ രീതിയിൽ ഇത് കാണുന്നില്ല്. പാലിനും ഇറച്ചിക്കും ഉപയുക്തമാവുന്ന തരത്തിലുള്ള ആടുകളെ ലഭ്യമല്ലാത്തത് ഇതിന് പ്രധാന കാരണമാകുന്നു. അത് പോലെ അവക്ക് ആവശ്യമായ തീറ്റയുടെ കുറവും മുട്ടനാടുകളുടെ ആഭാവംമൂലം ഉണ്ടാകുന്ന ഇൻബ്രീഡിങ്ങ് ആടുകളുടെ വംശത്തിന് നാശം സംഭവിക്കുന്നതിന് കാരണമാവുന്നു.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തു പക്ഷിയാണ് കോഴി. (പട്ടിക 2-ൽ നോക്കുക.) ഇറച്ചിക്കും മുട്ടക്കുംവേണ്ടി വളർത്തുന്ന കോഴിവളർത്തു കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിലെ പല വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. കോഴി വസന്ത പോലുള്ള അസുഖങ്ങൾ നിമിത്തം വ്യാപകമായി കോഴി ചത്തുപോകുന്നതായി കാണുന്നുണ്ട്. മൃഗാസ്പത്രികളിലേക്കുള്ള ദൂരക്കൂടുതലുകൾ കാരണം കോഴികൾക്കുള്ള അസുഖത്തിന് തത്സമയം മരുന്നു ലഭിക്കുന്നില്ല. കോഴിവസന്തപോലുള്ള രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പിനെപ്പറ്റി കർഷകർക്കുള്ള അറിവില്ലായ്മയും ഇത്തരത്തിലുള്ള അസുഖങ്ങൾ വ്യാപകമാവുന്നതിന് കാരണമാവുന്നു. ഇടനിലക്കാരുടെ ചൂഷണം നിമിത്തം ഇറച്ചി കോഴി വളർത്തുന്നവർക്ക് നല്ല വില ലഭിക്കുന്നില്ല. സഹകരണാടിസ്ഥനത്തിൽ വളരെ വിപുലമായ തരത്തിൽ കോഴി കുഞ്ഞുങ്ങളെ വളർത്തി വിതരണം ചെയ്യുകയാണെങ്കിൽ വൻ സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ കഴിയും. കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ കഴിയണം. 45 ദിവസം പ്രയമായ 5 മുട്ട കോഴിക്കുഞ്ഞുങ്ങളെ ഒരു കുടുംബത്തിൽ നൽകുകയാണെങ്കിൽ വീട്ടുമുറ്റത്തെ കോഴിവളർത്ത്ൽ എന്ന രീതിയിൽ മുട്ട ഉത്പാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത നേടുവാൻ കഴി

യും. വീട്ടമ്മമാരെ ഇതിന് പ്രയോജനപ്പെടുത്താം. 1000 യൂണിറ്റെങ്കിലും പഞ്ചായത്തിൽ ഉണ്ടാക്കുവാൻ കഴിയും.

പന്നി വളർത്ത്ൽ നമ്മുടെ പഞ്ചായത്തിൽ പൊതുവെ കുറവാണ്. ആഡംഭരത്തിനായി ചില വീടുകളിൽ മുയൽ വളർത്തുന്നതായികാണുന്നു. എന്നാൽ വളരെ ലാഭകരമായി നടത്താവുന്ന ഒരു കൃഷിയാണ് പന്നിവളർത്തലും, ഇറച്ചിക്ക് വേണ്ടിയുള്ള മുയൽ വളർത്തലും വെള്ളത്തിന് സൗകര്യമുള്ള ധാരാളം പ്രദേശങ്ങൾ ഉള്ള നമ്മുടെ നാട്ടിൽ വളരെ നല്ല രീതിയിൽ നടത്താവുന്ന ഒരു കൃഷിയാണ് താറാവുവളർത്ത്ൽ. എന്നാൽ നമ്മുടെ പഞ്ചായത്തിൽ താറാവുളർത്തൽ കാണുന്നില്ല. കാടകൃഷിയും നമ്മുടെ പഞ്ചായത്റിൽ സാദ്ധ്യതയുള്ളതാണ്.

നമ്മുടെ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ ചാലക്കുടി പുഴ കടന്നു പോകുന്നു. ശുദ്ധജല മത്സ്യം വളരുന്ന തോടുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. പൊതുകുളവും ചിറയുമായി 8 എണ്ണമുണ്ട്. 7 സ്വകാര്യക്കുളവുമുണ്ട്. സ്വകാര്യവിവിധോദേശഫാം രണ്ട എണ്ണമുണ്ട്. ഇത് ഒഴികെ നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷി ഇല്ല. മത്സ്യ കൃഷി വ്യാപകമായി നടത്തുന്നതിന് അനുയോജ്യമായ പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. തോടുകളിലും, പുഴകളിലും തോട്ട് പൊട്ടിക്കുന്നത് ശുദ്ധജലമത്സ്യത്തിന്റെ നാശത്തിന് കാരണമാവുന്നു. ജനങ്ങൾക്ക് മത്സ്യം ലഭിക്കുന്നതിന് ആവശ്യമായ ഒരു മത്സ്യവിപണന കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ ഇല്ല.

പ്രധാന പ്രശ്നങ്ങൾ:

1. മൃഗാസ്പത്രി ശോചനിയാവസ്ഥയിലാണ്. 7,8,9,10 വാർഡുകളിൽ നിന്ന് ആസ്പത്രിയിലേക്ക് ദൂരകൂടുതൽ ഉണ്ട്. മൃഗസംരക്ഷണ ഉപകേന്ദ്രങ്ങുളുടെ അഭാവം ഉണ്ട്.
2. 6, 7, 9, 10 വാർഡുകളിൽ ക്ഷീരശേഖരണ യൂണിറ്റിന്റെ അഭാവം ഉണ്ട്. കന്ന് കാലികൾക്ക് സമഗ്ര ഉൻഷുറൻസ് ഇല്ല.
3. ബീജസംങ്കലന യൂണിറ്റിന്റെ അഭാവം ഉണ്ട്.
4. കാലിത്തീറ്റയുടെ വില കൂടുതൽ കർഷകരെ ബാധിക്കുന്നു.
5. ക്ഷീരസംഘങ്ങളിൽ നിന്നു പാലിന് ശരിയായ വില ലഭിക്കുന്നില്ല. അവർ ചൂഷണം ചെയ്യപ്പെടുന്നു.
6. വൈക്കോലും, പുല്ലും ആവശ്യാനുസരണം ലഭിക്കുന്നില്ല.
7. നല്ലയിനം ആടുകളെ ലഭിക്കുന്നില്ല.
8. കശാപ്പ് ശാലകളിലെ വൃത്തികേടും, അസുഖം വന്ന മൃഗങ്ങളെ മാംസത്തിന് ഉപയോഗിക്കുന്നതും പല അസുഖങ്ങളും മനുഷ്യർക്ക് വരുന്നതിന് കാരണമാവുന്നു.
9. മാംസസംസ്കരണ യൂണിറ്റിന്റെ അഭാവം ഉണ്ട്.
10. തോൽ മാംസം രക്തം എന്നിവ ഉപയോഗിച്ച് നടത്താവുന്ന വ്യവസായങ്ങൾ ഇല്ല.
11. മൃഗസംരക്ഷണ രംഗത്ത് ഗവൺമെന്റ് നടത്തുന്ന പദ്ധതികളെ സംബന്ധിച്ച് അറിവില്ലായ്മ കർഷകർക്ക് ഉണ്ട്.
12. സഹകരണാടി,സ്ഥാനത്തിൽ ഗോബർ ഗ്യാസ് പ്ലാന്റ് ഇല്ല. ഇവയെ സംബന്ധിച്ച് കർഷകരിൽ അജ്ഞത നിലനിൽക്കുന്നു.
13. ഇറച്ചി, മുട്ട എന്നിവക്കുവേണ്ടി കോഴിവളർത്തൽ വ്യാപകമായി നടത്തുന്നില്ല.

14. കോഴി വസന്ത വന്ന് കോഴികൾ കൂട്ടത്തോടെ ചാവുന്നു. ഇൻഷ്വുറൻസ് ഇല്ല.

15. കോഴിത്തീറ്റയുടെ അഭാവവും വിലവർദ്ധനവും ബാധിക്കുന്നു.

16. സഹകരണ മേഖലയിൽ ഫാം ഇല്ല.

**മത്സ്യബന്ധനം :**

1. പഞ്ചായത്ത് കുളം നന്നാക്കി മത്സ്യ കൃഷി നടത്തുന്നില്ല.

2. മത്സ്യവിപണനകേന്ദ്രം ഇല്ല.

3. നാടൻ മത്സ്യങ്ങലെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകിരക്കുന്നില്ല.

4. പുഴയിൽ തോട്ട പൊട്ടിക്കുന്നത് മത്സ്യങ്ങളുടെ നാശത്തിന് കാരണമാവുന്നു.

5. പുഴയോരം മത്സ്യബന്ധനത്തിന് ഉപയോഗപ്രദം അല്ല.

**സാദ്ധ്യതകൾ**

**1 സേവനമേഖല**

(a) മൃഗാസ്പത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം ആവശ്യനുസരണം സ്റ്റാഫിനെ നിയമിക്കുക. വൈദ്യുത കണക്ഷൻ, ഫോൺ കണക്ഷൻ എന്നിവ നൽകണം. സ്ഥലപരിമിതിമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കണം.

(b) 7, 8, 9, 10 വാർഡുകളിലെ കർഷകരുടെ സൗകര്യാർത്ഥം ഒരു മൃഗാസ്പത്രി ആരംഭിക്കണം. 3 വാർഡുകളിൽ ഒന്ന് എന്ന കണക്കിൽ മൃഗസംരക്ഷണ ഉപകേന്ദ്രം ആരംഭിക്കണം.

(c) ബീജസങ്കലന യൂണിറ്റ് ഉണ്ടാക്കണം.

(d) കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വുറൻസ് നടപ്പിലാക്കണം.

**II കാലിത്തീറ്റ ഉത്പാദനം**

(a) കാലിത്തീറ്റക്കും, മരുന്നിനും സബ്സീഡി അനുവദിക്കുക.

(b) പുൽകൃഷി വ്യാപകമാക്കുക, ഇതിനാവശ്യമായ വിത്തും വളവും സബ്സീഡി നിരക്കിൽ അനുവദിക്കുക.

(c) കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

**III ഉത്പാദന മേഖല**

**പാൽ ഉത്പാദനം**

(a) പഞ്ചായത്തിൽ വിപുലമായ ക്ഷീരസംഘം ആരംഭിക്കുക.

(b) വിവിധ വാർഡുകളിൽ കള്കഷൻ സെന്റർ ആരംഭിക്കുകയും വിതരണത്തിന്ശേഷം മിച്ചം വരുന്ന പാൽ ഉപയോഗിച്ച് ക്ഷീരോല്പന്നങ്ങൽ ഉണ്ടാക്കുകയും ചെയ്യുക. ഇതിലുടെ കുറെ തോഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

(c) സംഘങ്ങളിൽ നിന്ന് കർഷകന് ശരിയായ വിലകിട്ടുന്നതിന് സംവിധാനം ഉണ്ടാക്കുക.

**IV മാംസോത്പാദനം**

(a) സഹകരണടിസ്ഥാനത്തിൽ മാംസോത്പാദന വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ച് എല്ലാ വാർഡുകളിലും സ്റ്റാളുകൾ തുടങ്ങുക. ഇത് തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ സാദ്ധ്യത നൽകുന്നു.

(b) കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ മാംസപരിശോധന നിർബന്ധമാക്കുക. ഇതിന് പഞ്ചായത്തിലെ വെറ്റിനറി ഡോക്ടറുടെ സേവനം ഉപയോഗിക്കണം.

(c) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു വാർഡിൽ നിന്നും 100 കർഷകരെയെങ്കിലും ഉൾപ്പെടുത്തി, പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തേക്കും വ്യാപിപ്പിക്കണം. ഇതിൽ എരുമ കുട്ടികളെ കൂടി ഉൾപ്പെടുത്തണം.

(d) നല്ലയിനം ആടുകളെ സാധരണക്കാരന് ലഭ്യമാക്കുക. 5 പിടയും ഒരു മുട്ടനാടും ഉള്ള യൂണിറ്റുകൾ ഗ്രമീണ മേഖലയിൽ ആരംഭിക്കുക.

(e) മാംസോത്പാദനത്തിനായി കാളക്കുട്ടികളെ വളർത്തുന്നതിന് സഹകരണമേഖലയിൽ യൂണിറ്റ് തുടങ്ങുക.

(f) ലാഭകരമായി നടത്താവുന്ന പന്നി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക. 4 പെൺ പന്നിയും ഒരു ആൺപന്നിയും ഒരു യൂണിറ്റിൽ ഉൾപ്പെടുത്തുക.

(g) കാട, മുയൽ, ഇറച്ചിക്കുവേണ്ടി കോഴി, താറാവ് തുടങ്ങിയവ വളർത്തുന്നതിന് ആവശ്യമായ സഹായം ചെയ്യണം. ഇതിലേക്ക് കൂടുതൽ കർഷകരെ ആകർഷിന്നതിനുള്ള പദ്ധതികൾ ആസുത്രണം ചെയ്യുക.

**V മുട്ട ഉത്പാദനം**

(a) വീട്ട് മുറ്റത്തെ കോഴിവളർത്തൽ - ഒരു കുടുംബത്തിൽ 3 പിടകോഴിയും ഒരു പൂവനും എന്ന കണക്കിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വളർത്തുന്നതിന് ആവശ്യമായ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുക. ഈ പദ്ധതിയിലൂടെ ഇറച്ചിയുടെയും മുട്ടയുടെയും കാര്യത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത നേടാം.

(b) സ്കൂൾ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കുക.

(c) സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തു സംഘങ്ങൾ രൂപികരിക്കുക കുടുംബങ്ങളിലേക്ക് നൽകുന്ന കോഴികുഞ്ഞുങ്ങളെ ഇത്തരം സംഘങ്ങൾ ഉത്പാദിപ്പിക്കുക.

(d) കോഴികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തണം.

(e) താറാവ് വളർത്തലിന് യോജിച്ച സ്ഥലങ്ങളിൽ അത് വളർത്തുന്നതിന് ഒരു കുടുംബത്തിന് 4 പിടയും, ഒരു ആൺ താറാവും എന്ന രീതിയിൽ വിതരണം ചെയ്യുക.

**VI ഊർജ്ജം - (Bio gas)**

സഹകരണാടിസ്ഥാനത്തിൽ ഒരു വാർഡിൽ ചുരുങ്ങിയത് 2 ഗോബർ ഗ്യാസ് പ്ലാന്റെങ്കിലും സ്ഥാപിക്കണം. ഗോബർ ഗ്യാസിന് സർക്കാർ നൽകുന്ന ധനസഹായം ഇതിന് ഉപയുക്തമാക്കണം.

**VII തുകൽ സംസ്കരണം**

തുകൽ സംസ്കരണ ഫാക്ടറി ആരംഭിക്കുക.

VIII കർഷക പരിശിലനം

(a) സമ്മിശ്ര മൃഗപരിപാലന രീതിയെ സംബന്ധിച്ച് കർഷകരിൽ അവബോധം വളർത്തുകയും ആവശ്യമായ സഹായം നൽകുകയും ചെയ്യണം.

(b) ശാസ്ത്രീയമായ രീതിയിൽ കന്നുകാലികളെ വളർത്തുന്നതിന് കർഷകരെ പരിശീലിപ്പിക്കണം.

(c) ഗോബർ ഗ്യാസ് പ്ലാന്റിനെ സംബന്ധിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കണം.

(d) മൃഗസംരക്ഷണ രംഗത്ത് ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് കർഷകരിൽ ബോധവൽക്കരണം നടത്തുക.

(e) പഞ്ചായത്തിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ മേള നടത്തി നല്ല മാതൃക കർഷകന് അവാർഡ് നൽകുകയും ചെയ്യണം.

IX വന്ധ്യതാനിവാരണം

എല്ലാ വാർഡികളിലും ഗോരക്ഷാക്യാമ്പുകൾ നടത്തുക. കന്നുകാലികളെ പ്രതിരോധക്കുത്തിവയ്പിന് വിധേയമാക്കുക.

X പേ വിഷബാധ

(a) ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായകളെ നിർബന്ധമായും ഇല്ലായ്മ ചെയ്യുക.

(b) വളർത്ത് നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തി ലൈസൻസിങ്ങ് ഏർപ്പെടുത്തണം.

XI വനിത പങ്കാളിത്തം

(a) മിനിഡയറി യൂണിറ്റ് – 6 മാസം കൂടുമ്പോൾ 3 പശുക്കളെ വിതരണം ചെയ്യുക. ബാങ്കുകളിൽ നിന്നുള്ള വായ്പാ പദ്ധതി ഇതിനു പ്രയോജനപ്പെടുത്തണം. ഇതിനെ വനിതകൾക്കുള്ള തൊഴിൽ സംരംഭമാക്കി മാറ്റി കൂടുതൽ പേരേ ഇതിലേക്ക് ആകർഷിക്കാം.

(b) വീട്ടുമുറ്റത്തെ കോഴി വളർത്തൽ പദ്ധതിയിലേക്ക് വനിതകളെ ആകർഷിച്ച് ഇത് ഒരു തൊഴിൽ സംരംഭമാക്കി മാറ്റാം.

XII മത്സ്യം വളർത്തൽ

(a) നാടൻ മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(b) പുഴകളിലും തോടുകളിലും തോട്ട പൊട്ടിക്കുന്നത് നിരോധിക്കണം.

(c) പഞ്ചായത്ത് വക കുളങ്ങളും ചിറകളും പുഴയോരവും മത്സ്യം വളർത്തുന്നതിനും മത്സ്യബന്ധനം നടത്തുന്നതിനും ഉപയുക്തമാക്കണം.

പതിനഞ്ചാമത് – പഞ്ചവാർഷിക കന്നുകാലി കാനേഷ് കുമാരി – 1995 – മേലൂർ ഗ്രാമപഞ്ചായത്തിലെ വളർത്ത് പക്ഷികളുടേയും വളർത്തുമൃഗങ്ങളുടേയും എണ്ണം

| വാർഡ് No. | വളർത്തു മൃഗങ്ങൾ: കാള നാടൻ വംശവർദ്ധനവ് | കാള നാടൻ മറ്റുള്ളവ | കാളസങ്കരം വംശവർദ്ധനവ് | കാളസങ്കരം മറ്റുള്ളവ | പശുനാടൻ കറവ ഉള്ളത് | പശുനാടൻ കറവ ഇല്ലാത്തത് | പശു സങ്കരം കറവ ഉള്ളത് | പശു സങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉള്ളത് | എരുമ കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | പന്നി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | – | 3 | 1 | – | – | – | 121 | 811 | 8 | 17 | 2 | 150 | 164 | – |
| II | – | 4 | – | 2 | – | – | 182 | 44 | 9 | 10 | 1 | 69 | 60 | |
| III | – | 2 | – | – | – | – | 110 | 89 | 8 | 17 | – | 162 | 119 | 1 |
| IV | – | – | 1 | – | – | – | 283 | 79 | 22 | 4 | 9 | 66 | 105 | 5 |
| V | – | 8 | – | 8 | – | – | 87 | 72 | 21 | 18 | 3 | 184 | 142 | 22 |
| VI | – | 3 | – | 3 | – | – | 100 | 86 | 24 | 28 | – | 149 | 147 | 8 |
| VII | – | – | – | – | – | – | 124 | 35 | 7 | 8 | 5 | 149 | 73 | – |
| VIII | – | – | – | – | – | – | 182 | 65 | 5 | 1 | 8 | 81 | 74 | – |
| IX | – | 2 | – | – | – | – | 158 | 31 | 13 | 4 | 2 | 4 | 41 | 29 |
| X | – | 6 | 1 | 2 | – | – | 142 | 26 | 12 | 2 | 6 | 79 | 95 | 6 |

പട്ടിക 1

| വാർഡ് നമ്പർ | വളർത്തു പക്ഷികൾ: പൂവൻ കോഴി | പിടക്കോഴി മുട്ടയിടുന്നത് | പിടക്കോഴി മുട്ടയിടാത്തത് | താറാവ് ആൺ | താറാവ് പെൺ | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 95 | 220 | 830 | 2 | 10 | – |
| II | 124 | 410 | 1234 | – | 14 | – |
| III | 81 | 330 | 890 | – | 4 | – |
| IV | 177 | 385 | 1256 | – | 5 | – |
| V | 71 | 267 | 980 | – | 3 | – |
| VI | 84 | 230 | 2765 | 2 | 4 | – |
| VII | 10 | 270 | 1443 | – | 10 | – |
| VIII | 210 | 432 | 977 | 2 | 7 | – |
| IX | 112 | 478 | 1193 | 6 | 10 | – |
| X | 107 | 467 | 1712 | 4 | 15 | – |

പട്ടിക 2



406

പതിനഞ്ചാമത് – പഞ്ചവാർഷിക കന്നുകാലി കാനേഷ് കുമാരി – 1995 – മേലൂർ ഗ്രാമപഞ്ചായത്ത്

പേവിഷബാധ – പ്രതിരോധവും – ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | – | – | – | 61 | – | – |
| കടി ഏറ്റതിന് ശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | 2 | – | 1 | – | – | – |

പട്ടിക 3

പഞ്ചായത്തിലെ മൊത്തം പാൽ ഉത്പാദനം

| കറവമാടുകളുടെ എണ്ണം | 1568 | പ്രതിദിന ശരാശരി പാല് | 5.5 Liters |
|---|---|---|---|
| പ്രതിദിന പാല് ഉല്പാദനം | 8624 | ഉല്പാദന ശതമാനം ശരാശരി പാലിന്റെ വില | 11.00 |
| പ്രതിദിനം ഉല്പാദിപ്പിക്കുന്ന ആകെ പാലിന്റെ വില | 94864 | 1 വർഷം ഉല്പാദിപ്പിക്കുന്ന പാലിന്റെ വില | 28459200 കോടി രൂ |

പട്ടിക – 5

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്ത് മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 1439 | 962 | 14 |
| കിടാരി | 578 | 492 | 35 |
| എരുമ | 236 | 2150 | 11 |

പട്ടിക 4



407

# VIII വിദ്യാഭ്യാസം

രണ്ടു വ്യാഴവട്ടക്കാലത്തിനുമുമ്പ് സമ്പൽ സമൃദ്ധിയുടെ പ്രതീകമെന്നോണം നിലനിന്നിരുന്ന മേലൂർ എന്ന ഗ്രാമം വിദ്യാദേവിയുടെപരിരംഭണങ്ങൾക്ക്വിധേയമായിരുന്നു.കൃഷി, വൈദ്യശാസ്ത്രസംബന്ധിയായ നാട്ടറിവുകളും വിദ്യാതല്പരരായ ഒരുന്യൂനപക്ഷത്തിന്റെ ധൈഷണികമായ പ്രബുദ്ധതയും സമ്മോഹനമായി സമ്മേളിച്ചിരുന്ന ഒരു സമൂഹമാണിവിടെ ഉണ്ടായിരുന്നത്. എന്നാൽ ഒരു ശതാബ്ദം മുമ്പ് ആരംഭിച്ച മേലൂർ സെന്റ്. ജോസഫ്സ് L.P സ്കൂളിൽ നിന്നും തുടങ്ങി 1964 ൽ ആരംഭിച്ച സെന്റ്. ജോസഫ് ഹൈസ്ക്കൂൾ വരെ എത്തുന്നതാണ് മേലൂരിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വ്യാപനം. ഈ വിദ്യാലയങ്ങൾ ആരംഭിച്ചത് സമഗ്രമായ സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടായിരുന്നില്ല. എന്നാൽ കാലക്രമത്തിൽ നാടിന്റെ സമുന്നതമായ പുരോഗതിയും സാമൂഹ്യമനസാക്ഷിയുടെ വിപ്ലവാത്മകമായ നവീകരണവും ഇൻഡ്യൻ ദേശീയതയുടെ ആധുനിക-വൽക്കരണവും (modernity and modernisation) ആണ് വിദ്യാലയങ്ങളുടെ ജനകീയമാക്കിയത്. ഇന്ത്യയിലെ "നിശബ്ദ വിപ്ലവ"മെന്ന അറിയപ്പെടുന്ന അയിത്തോച്ചാടനവും പ്രായപൂർത്തി വോട്ടവകാശവും ആണ് സമൂഹത്തിലെ താണജാതികാർക്ക് വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുവാനുണ്ടായ അടിസ്ഥാന കാരണങ്ങൾ. യശഃശരീരന്മാരായ പ്രപിതാക്കളുടെ ദീർഘവീക്ഷണത്തിനുമുമ്പിൽ ആദരാജ്ഞലികൾ!

19914 ൽ ബഹു: പനമ്പിള്ളി ഗോവിന്ദമേനോന്റെയും മേലൂർ ഇടവക വികാരിയായിരുന്ന Rev. Fr.Issac മഞ്ഞിയങ്കോടിന്റേയും പ്രയത്നഫലമായും അന്നത്തെ മേലൂർ പഞ്ചായത്ത് പ്രസിഡന്റ് N.J ചാകുര്യ, N.M ജോസഫ്, T.K മാത്യു, K.J. ജോൺ എന്നിവരുടെ നിസ്വാർത്ഥ സേവനം മൂലവും 1964 ൽ മേലൂരിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിതമായി. അതോടുകൂടി ഈ പഞ്ചായത്ത് മേഖലയിൽ പത്ത് സ്കൂളുകളായി (പട്ടിക 11 നോക്കുക) എന്നാൽ ഉപരിപഠനത്തിനുതകുന്ന കോളേജുകളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇവിടെയില്ല. എന്നത് ഖേദകരമാണ്. രണ്ട് ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ മാത്രമാണ് ഇവിടെ പ്രവർത്തിച്ചു വരുന്നത്. ചാലക്കുടി, ഇരിങ്ങാലക്കുട, തൃശൂർ, അങ്കമാലി, കാലടി എന്നീ പ്രാന്തപ്രദേശങ്ങളിലെ കലാലയത്തിലേക്ക് തുടർന്നു പഠിക്കുന്നവർ യാത്രയാകുന്നു.

പഞ്ചായത്തിലെ ഹൈസ്ക്കൂളിൽ വിജയശതമാനം താരതമ്യേന കുറവാണ്. പട്ടിക 2 പരിശോധിച്ചാൽ കളിസ്ഥലത്തിന്റെ പരിമിതികൾ മനസ്സിലാക്കാം. "വിദ്യാഭ്യാസത്തിനും വിനോദത്തിനുമുള്ള അവകാശം" (Right to education and Recreation) എന്ന സങ്കല്പം പാടേ തൃജിക്കുകയും ഗൈഡുകൾ, സ്വകാര്യ ട്യൂഷൻ എന്നിവയെ അടിസ്ഥാനപ്പെടുത്തുന്ന "Spoon Feeding" എന്ന വികല സമ്പ്രദായം വ്യപകമാവുകയും ചെയ്തു. Middle class കുടുംബങ്ങൾ അവരുടെ അനന്തര തലമുറകളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കുമ്പോൾ വിദ്യാഭ്യാസത്തിലെ വരേണ്യവൽക്കരണം പൂർത്തിയാവുകയും ചെയ്യുന്നു.

വിദ്യാർത്ഥികൾ വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് അവസാനിപ്പിക്കുന്നതിനുള്ള പ്രധാന കാരണം സാമ്പത്തികമാണ്. വിദ്യാഭ്യാസ ചിലവ് നിർവ്വഹിക്കുന്നതിനുള്ള പ്രയാസം മാത്രമല്ല ഒരു കൗമാരപ്രായക്കാരന് തൊഴിലിന് പോയാൽ ലഭിയ്ക്കുന്ന വരുമാനവും കൂടി ഈ സാമ്പത്തിക പ്രശ്നത്തിൽ അന്തർഭവിക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾ ജോലിയില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്നത് ദർശിക്കുന്ന വിദ്യ അഭ്യസിക്കുന്ന തലമുറയും, അവരുടെ രക്ഷിതാക്കളും, വിദ്യാഭ്യാസം ജോലിക്കുവേണ്ടി മാത്രമുള്ള ഉപാധിയാണെന്ന മൂഢ ധാരണയാൽ വിദ്യാഭ്യാസം അറിവിനുവേണ്ടിയാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാതെ പോകുന്നതും വിദ്യാഭ്യാസം ഇടയ്ക്കുവച്ചു നിറുത്തുന്നതിനുള്ള കാരണങ്ങളാണ്. സാമ്പത്തിക സാഹചര്യങ്ങൾ ഭദ്രമായാൽ ഭൗതികസാഹചര്യങ്ങൾ പ്രായേണ അപ്രസക്തമാകും. കുടുംബപ്രശ്നങ്ങൾ വിദ്യാഭ്യാസ പ്രക്രിയയെ നിഷേധാത്മകമായി സ്വാധീനിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിലെ സ്കൂളുകളിലെ അറ്റകുറ്റപണികൾ സർക്കാരും മാനേജ്മെന്റും കൂടി നേരിട്ടു നിർവ്വഹിക്കുന്നതായിട്ടാണ് പ്രഥമ- ദ്വിതീയസ്ഥിതിവിവരകണക്കുകളിൽ നിന്നും മനസ്സിലാക്കുന്നത്. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്തിന് വിശിഷ്യ P.T.Aക്കും സാമ്പത്തിക ഭാരമില്ലാതെ സഹായിക്കുവാൻ സാധിക്കും. ഇത്തരം സംരഭങ്ങളിൽ ഗണ്യമായ സംഭാവന നൽകുവാൻ പഞ്ചായത്തിന്റെ ദേശീയമായ പ്രതിബദ്ധത അഥവാ ദേശസ്നേഹം പ്രചോദനം നൽകുന്നത്. മറ്റു സാമൂഹ്യ-രാഷ്ട്രീയ സ്ഥാപനങ്ങൾക്ക് മാർഗ്ഗദീപമായിത്തീരും.

വിദ്യാലയാന്തരീക്ഷത്തിലെ കലാപ-സംഘർഷപൂരിതമായ അവസ്ഥയുടെ കാരണങ്ങൾ (1) നൈസർഗ്ഗീകമായതും (2) രാഷ്ട്രീയ പ്രേരിതവുമാണ്. ആഭ്യന്തര പ്രശ്നങ്ങൾ (മൂത്രപ്പുര, അച്ചടക്ക ലംഘനം) എന്നിവകളെ പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലമാണ് നൈസർഗ്ഗീകമായ രീതിയിൽ കലാലയാസ്വസ്ഥതകൾ മുളച്ചു പൊന്തുന്നത്. അധികൃതരും വിദ്യാർത്ഥികളും തമ്മിലുള്ള ആശയസംവേദനം കൊണ്ടും നൈതികവും ഉചിതവുമായ സത്വരനടപടികളെക്കൊണ്ടും ഇത്തരം സമരങ്ങൾക്ക് പരിഹാരമുണ്ടാക്കാം. എന്നാൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയസംഘടനകൾക്കും കക്ഷിരാഷ്ട്രീയത്തിനും അതീതമായ രാഷ്ട്രീയ-ദേശീയ-സാമൂഹ്യസംഭവങ്ങൾ പരോക്ഷമായും , പ്രത്യക്ഷമായും പ്രേരണചെലുത്തുന്നതു മൂലം രാഷ്ട്രീയ സമരങ്ങളും സ്കൂൾ അങ്കണങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ജയപ്രകാശ് നാരായണൻ നയിച്ച വിദ്യാർത്ഥി പ്രക്ഷോഭം J.N.Vയിലെ വിദ്യാർത്ഥി സമരം ഗാന്ധിജിയുടെ സമരാഹ്വാനം എന്നിവയെയാണ് വിവക്ഷിക്കുന്നത്. ഇന്നത്തെ ബഹുഭൂരിപക്ഷം സമരങ്ങളിലും ക്ലാസ്സ് ബഹിഷ്ക്കരണം മാത്രമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. അദ്ധ്യാപകരുടെ സമയോചിതമായ ഇടപെടൽ മൂലവും വിദ്യാർത്ഥികളുടെ സംക്രിയതയെ പരിപോഷിപ്പിക്കുന്നതു മൂലവും വിദ്യാലയസംഘർഷങ്ങളെ ശാന്തമാക്കുവാൻ സാധിക്കും. സ്കൂൾ ഭരണ സംവിധാനത്തിൽ പാർലമെന്റുകൾക്ക് ക്രിയാത്മകമായ പങ്കാളിത്തം കൊടുക്കുകയും (ഉദാ : യൂത്ത്ഫെസ്റ്റ്വൽ, കായികമേള എന്നിവയുടെ നടത്തിപ്പ് ) സാമൂഹികമായ ഉത്തരവാദിത്തം ഏല്പിക്കുകയും (ഉദാ : സേവനദിനം, പൂന്തോട്ടം, പച്ചക്കറിതോട്ടം) ചെയ്യുകയും അവരുടെ കലാവാസനകൾക്ക് പ്രോത്സാഹനം കൊടുക്കുകയും ചെയ്താൽ അവരുടെ കുരുന്നു മനസ്സിൽ അങ്കുരിക്കുന്ന പ്രതിഷേധത്തെയും അസ്വസ്ഥതയേയും സ്വാംശീകരിച്ച് വിദ്യാലയത്തെ സരസ്വതീ മന്ദിരമാക്കാം.

S.S.L.Cക്ക് ഉയർന്ന മാർക്കോടെ ജയിക്കുന്നവർക്കും മറ്റു ക്ലാസ്സുകളിൽ ഉയർന്ന മാർക്കു ലഭിക്കുന്നവർക്കും വർഷം തോറും അവാർഡുകൾ നല്കുന്നതിനായി പല പ്രമുഖ വ്യക്തികളും സ്ഥിരനിക്ഷേപങ്ങൾ സമാഹരിച്ചിട്ടുണ്ട്. ഇത്തരം വ്യക്തിഗത സംഭാവനകൾ സ്വാഗതം ചെയ്യുക എന്നത് പഞ്ചായത്തിന് അഭിലഷണീയമാണ്. ഈ അവാർഡുകൾ സാമ്പത്തികമായി പര്യാപ്തമല്ലെങ്കിലും പ്രോത്സാഹനാജനകമാണ്.

പുതിയ ട്യൂട്ടോറിയൽ / പാരൽ കോളേജുകളും സാങ്കേതിക സ്ഥാപനങ്ങളും സ്ഥാപിക്കപ്പെടുവാൻ പഞ്ചായത്ത് അധികൃതർ മുൻകൈഎടുക്കണം. സഹകരണാടിസ്ഥാനത്തിൽ സാധ്യമായത് എതെല്ലാമെന്ന് പരിശോധിക്കുകയും വേണം. അങ്ങിനെയായാൽ തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം യുവജനങ്ങൾക്ക് ലഭിക്കുവാൻ ഇടയാകും.

P.T.A, മാതൃസംഗമം എന്നിവയിലൂടെ വിദ്യാഭ്യാസ പ്രവർത്തന മേഖലയിൽ പഞ്ചായത്ത് സാർത്ഥകമായി ഇടപെടുകയാണെങ്കിൽ അക്കാദമി നിലവാരം ഉയർത്തുവാൻ കഴിയും. പാഠ്യേതര പ്രവർത്തനങ്ങളായ കായികമേള, കലാമത്സരങ്ങൾ, സേവനദിനാചരണം എന്നിവയിൽ പഞ്ചായത്തിന്റെ ശ്രദ്ധയും പരിചരണവും, സാന്നിദ്ധ്യവും ഉണ്ടെങ്കിൽ സരസ്വതീമന്ദിരങ്ങളിൽ ശാന്തിമന്ത്രത്തിന്റെ മന്ത്രധ്വനികൾ കേൾക്കുവാൻ ഇടവരും. ഉച്ചക്കഞ്ഞി വിതരണത്തെ സാമ്പത്തികമായി പഞ്ചായത്ത് സഹായിക്കുകയാണെങ്കിൽ പൗരന്മാരായ രക്ഷാകർത്താക്കളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിന് പഞ്ചായത്തിന്റെ സാമൂഹ്യ പ്രതിബന്ധതയെ ശോഭമാനമാക്കുവാനും കഴിയുന്നതാണ്.

പഞ്ചായത്തിലെ സമഗ്ര വിദ്യാഭ്യാസ പ്രവർത്തനമായ വിദ്യാജ്യോതിയിലൂടെ വിദ്യാഭ്യാസമണ്ഡപത്തിലെ പ്രവർത്തനങ്ങളെ ഏകോപിക്കുവാനും ചിട്ടപ്പെടുത്തുവാനും കഴിയും. ഈ പ്രവർത്തനങ്ങളെ ക്രിയാത്മകമായി ആവിഷ്ക്കരിക്കുമ്പോൾ പഠനനിലവാരവും അച്ചടക്കവും പ്രബുദ്ധമാകുന്നു. തന്മൂലം സ്കൂൾ വിജയ ശത മാനവും വിദ്യഭ്യാസരംഗത്തിൽ രാഷ്ട്രീയമായ ഇച്ഛാശക്തി പ്രയോഗത്തിൽ വരുത്തുവാൻ പഞ്ചായത്തിന് 'വിദ്യാജ്യോതി'യിലൂടെ കഴിയുന്നു. U.P മോഡൽ സാക്ഷരതായജ്ഞം പുനരാരംഭിക്കുന്നത് വിദ്യാർത്ഥികളുടെ പഠനോത്സുകതയെ പ്രബുദ്ധമാക്കുവാൻ സഹായകരമാകും. ഒഴിവു ദിവസങ്ങളിൽ വിദ്യാർത്ഥികളെ വയോജന വിദ്യാഭ്യാസത്തിൽ സജീവ പങ്കാളിയാക്കുകയെന്നതാണ് L.P മോഡൽ കൊണ്ട് വിവക്ഷിക്കുന്നത്.

വിദ്യാഭ്യാസത്തെ പ്രായോഗിക ജീവിതവുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടി 5-ാം ക്ലാസ്സു മുതൽ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലതിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുകയും ഇത് നിർബന്ധിതമാക്കുകയും, 8-ാം ക്ലാസ്സു മുതൽ കൂടുതൽ കാര്യക്ഷമമായ പരിശീലനം നൽകുകയും ചെയ്താൽ

ഭാവിജീവിതത്തിൽ അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള മേഖലകളിൽ എത്തിച്ചേരാൻ സാധിക്കുന്നതും അതുമൂലം തൊഴിലില്ലായ്മ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്യും.

ചുരുക്കത്തിൽ "പുസ്തകം ഒരായുധമാണ്" എന്ന ബ്രെഹ്ത്തിന്റെ സമവാക്യത്തെ പ്രവർത്തികമാക്കുകയും വിജ്ഞാനത്തെ സാമൂഹോദ്ധ്യാരണത്തിനുള്ള ശ്രേഷ്ഠമായ ഉപാധിയാ ക്കിരൂപാന്തരപ്പെടുത്തുകയും ചെയ്യുമ്പോൾ ചൈതന്യവത്തായ 'ദേശീയരാഷ്ട്ര'ത്തിന്റെ ഉദയം നമുക്ക് ദർശിക്കാനാകും.

## ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ

| | |
|---|---|
| Ward I | കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുക, നേഴ്സറി സ്ഥാപിക്കുക |
| Ward II | കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥ പരിഹരിക്കുക, കുടിനീർക്ഷാമം, പഠനോപകരണങ്ങളുടെ അഭാവം |
| Ward III | സ്കൂൾ അനുവദിച്ചു കിട്ടണം, സാക്ഷരതാ പ്രവർത്തനം |
| Ward IV | Dropouts: in L.P and H.S (കൊഴിഞ്ഞുപോക്ക്)<br>ഉച്ചക്കഞ്ഞി, പാഠപുസ്തകം, വസ്ത്രം എന്നിവ സൗജന്യമായി വിതരണം. |
| Ward V | നേഴ്സറി സ്കൂളുകൾ |
| Ward VI | സാക്ഷരതാപ്രവർത്തനം തുടരുക |
| Ward VII | St. Joseph L.P.S പ്രാഥമിക സൗകര്യങ്ങൾ, അംഗൻവാടി |
| Ward VIII | അംഗൻവാടി |
| Ward Ix | U.Pയായി അപ്ഗ്രേഡ് ചെയ്യണം |
| Ward X | L.P സ്കൂൾ |

ഒരു സാങ്കേതിക വിദ്യാലയം മേലൂർ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്.

### സാദ്ധ്യതകൾ

(1) മേലൂരിന്റെ വിവിധവാർഡുകളിലായി അംഗൻവാടികളോ നേഴ്സറികളോ സാമ്പത്തിക ബാദ്ധ്യതയില്ലാതെ സ്ഥാപിക്കുവാൻ പഞ്ചായത്ത് ശ്രദ്ധിക്കണം. പ്രത്യേകിച്ച് 4, 5, 8 എന്നീ വാർഡുകളിൽ.

(2) 4–ാം വാർഡിൽ സ്കൂളിൽ ഉച്ചക്കഞ്ഞി വിതരണം നിർബന്ധമായി തുടരുകയും പാഠപുസ്തകങ്ങൾ, വസ്ത്രങ്ങൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്താൽ ആ പ്രദേശത്തെ നിരക്ഷരത പിഞ്ചോമനകളുടെ ഇടയിൽ നിന്നെങ്കിലും നിർമ്മാജ്ജനം ചെയ്യുവാൻകഴിയുന്നതായിരിക്കും.

(3) 7–ാം വാർഡിൽ 100 കൊല്ലം മുമ്പ് സ്ഥാപിതമായ St. J.L.P.S ലെ പ്രാഥമികാവശ്യ സൗകര്യങ്ങൾ ഇന്ന് പ്രാകൃതാവസ്ഥയിലാണ്. ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ശുചിത്വമുള്ള ഒരു മൂത്രപ്പുര നിർമ്മിച്ച് ആ സ്കൂളിന് സമ്മാനിക്കുന്നത് തികച്ചും വിവേകപരമായ ഒരു കർത്തവ്യമായിരിക്കും.

(4)10–ാം വാർഡിൽ ഒരു L.P സ്കൂൾ അനുവദിക്കുവാൻ സർക്കാരിലേക്ക് അപേക്ഷ അയയ്ക്കാവുന്നതുമാണ്.

(5) മേലൂർ പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാലയം അനുവദിക്കുവാൻ സർക്കാരിലേക്ക് അപേക്ഷ അയക്കുന്നതോടൊപ്പംതന്നെ സ്വകാര്യ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുവാനുള്ള പരിപാടികളും പഞ്ചായത്ത് ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

S.S.L.Cക്ക് ഏറ്റവും കൂടുതൽ മാർക്ക് സമ്പാദിക്കുന്ന മേലൂർ പഞ്ചായത്തിലെ വിദ്യാർത്ഥിക്ക് ശ്രീ. P.S സത്യാനന്ദൻ മെമ്മോറിയൽ സ്വർണ്ണ മെഡൽ വർഷംതോറും നല്കിവരുന്നത് ഈ സന്ദർഭത്തിൽ സ്മരണാർഹമാണ്. ശ്രീ സത്യാനന്ദന്റെ സംസ്കൃതചിത്തത്തിനു മുമ്പിൽ ബാഷ്പാഞ്ജലികൾ!!

പട്ടിക - I

## മേലൂർ ഗ്രാമപഞ്ചായത്ത്
## സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈ സ്ക്കൂൾ യു പി.. എൽ. പി. പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺഎയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ള ടീച്ചേഴ്സിന്റെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| St. J.H.S. മേലൂർ | H.S. | - | | | | 378 | 242 | 620 | 27 | 27 | - | 3 | 3 ഏക്കർ | $1^1/_2$ ഏക്കർ | Nil | Yes |
| A.U.P.S. മേലൂർ | U.P. | - | | | | 250 | 169 | 419 | 14 | 14 | - | - | 85 സെന്റ് | 40 സെന്റ് | - | - |
| VBUPS പൂലാനി | U.P. | - | | | | 85 | 85 | 170 | 9 | 9 | - | - | $1^1/_2$ ഏക്കർ | 1 ഏക്കർ | 25 സെന്റ് | - |
| SNUPS കുപ്പിള്ളി | U.P. | | | | | 149 | 144 | 293 | 16 | 16 | - | - | 1 ഏക്കർ 34 സെന്റ് | 70 സെന്റ് | - | - |
| RUPS മേലൂർ | L.P. + U.P. | | എയിഡഡ് | | | 277 | 244 | 521 | 19 | 19 | - | - | 1 ഏക്കർ 88 സെന്റ് | 1 ഏക്കർ | 25 സെന്റ് | - |
| J.YLPS മേലൂർ | L.P. | | | | | 171 | 139 | 310 | 9 | 9 | - | - | 80 സെന്റ് | 25 സെന്റ് | - | - |
| VBLPS പൂലാനി | L.P. | | | | | 120 | 113 | 233 | 8 | 8 | - | - | $8^3/_4$ സെന്റ് | - | - | - |
| St. Joseph's L.P.S. മുരിങ്ങൂർ | L.P. | | | | | 139 | 104 | 243 | 8 | 8 | - | - | 90 സെന്റ് | 40 സെന്റ് | - | - |
| St. J.L.P.S. മേലൂർ | L.P. | | | | | 72 | 64 | 136 | 4 | 6 | - | - | 27 സെന്റ് | - | - | - |
| FLPS പുഷ്പഗരി | L.P. | | | | | 80 | 88 | 168 | 6 | 6 | - | - | 50 സെന്റ് | 30 സെന്റ് | - | |
| | | | | | | | | 3123 | - | | | | | | | |



412

പട്ടിക - II

## മേലൂർ ഗ്രാമപഞ്ചായത്ത്
## 9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരെണ്ണം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുര എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗയോഗ്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസൗകര്യം ഉണ്ട്/ഇല്ല-കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | ലൈബ്രറി | സ്റ്റേജ് | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ ? മതി / ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനി മുറികൾ ആവശ്യമുള്ളവയുടെ എണ്ണം | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ / അലമാര, മേശ, ഷെൽഫ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| St. Joseph's H.S. മേലൂർ | 16 | 2 | - | - | 26 | - | - | No | Yes | 6 | 40 | 15 | 6 | No | കിണർ Yes | Yes | Nil | Yes | Yes | 100 | 100 | 15 | 20 | |
| A.U.P.S. മേലൂർ | 10 | 4 | - | - | 20 | - | - | - | - | 2 | 25 | 2 | 2 | No | PipeYes | Yes | Yes | Yes | Yes | - | - | - | - | - |
| V.B.U.P.S. പൂലാനി | 6 | 3 | 1 | - | 9 | 1 | - | Yes | Yes | 2 | 10 | 2 | - | - | കിണർ Yes | - | - | Yes | No | 10 | 10 | 2 | 5 | 1 |
| S.N.U.P.S കുന്നപ്പിള്ളി | 10 | 3 | - | - | 21 | - | - | - | - | 2 | 10 | 2 | 1 | 1 | Yes | No | Yes | Yes | No | | | | 5 | 2 |
| R.U.P.S മേലൂർ | 16 | 3 | - | - | 20 | - | - | - | Yes | 2 | 50 | 2 | 3 | | pipe yes | Yes | Yes | Yes | - | 10 | 10 | 5 | 15 | - |
| J.Y.L.P.S. മേലൂർ | 9 | Yes | - | - | yes | - | - | - | - | 1 | 10 | 2 | 1 | - | pipe yes | yes | - | - | - | 20 | 25 | 2 | 4 | 2 |
| V.B.L.P.S പൂലാനി | 8 | - | - | - | - | - | - | - | no | 2 | 5 | 3 | no | - | കിണർ yes | - | no | no | no | 5 | 10 | 1 | 4 | 1 |
| St. Joseph's L.P.S മുരിങ്ങൂർ | 8 | 1 | - | - | 17 | - | - | - | - | 3 | 25 | 2 | 1 | 1 | pipe yes | yes | 1 | - | yes | - | - | - | - | - |
| St. J.L.P.S മേലൂർ | 4 | 1 | - | - | 5+2 | - | - | - | - | 1 | 4 | 2 | 1 | - | കിണർ yes | no | - | yes | no | 16 | 10 | - | 2 | 1 |
| F.L.P.S പുഷ്പഗിരി | 6 | yes | - | - | 9 | - | - | - | - | 1 | 15 | 1 | 2 | - | yes | no | yes | yes | no | 6 | - | - | - | 1 |



413

 പട്ടിക - III

## അക്കാദമിക് നിലവാരം

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | മെറിറ്റ് സ്കോളർഷിപ്പ് | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30–40 ശതമാനം നേടുന്നവർ | 40–50 ശതമാനം നേടുന്നവർ | 50–60 ശതമാനം നേടുന്നവർ | 60% ത്തിൽ ശതമാനം നേടുന്നവർ | 9–92 കൂടുതൽ നേടുന്നവർ | 92–93 | 93–94 | 94–95 | 95–96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 294 | 14 | 24 | 24 | 33 | 187 | | | | | |
| 4 | 336 | 6 | 15 | 33 | 31 | 251 | | | | | |
| 5 | 313 | 27 | 30 | 52 | 34 | 158 | | | | | |
| 6 | 326 | 33 | 41 | 74 | 54 | 124 | | | | | |
| 7 | 281 | 67 | 59 | 97 | 59 | 101 | | | | | |
| 8 | 236 | 99 | 66 | 31 | 25 | 15 | | | | | |
| 9 | 191 | 89 | 40 | 29 | 22 | 11 | | | | | |
| 10 | 193 | 91 | 38 | 27 | 24 | 13 | | | | | 46 |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |



414

പട്ടിക - IV

## ഗ്രാമപഞ്ചായത്ത്
## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രന്റ് | മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ നുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള് സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | St. Joseph's H.S. മേലൂർ | 2 | 91 | | | | | | |
| 2 | A.U.P.S. മേലൂർ | 6 | 44 | 2 | 7 | | | | |
| 3 | V.B.U.P.S. പൂലാനി | | | | | | | | |
| 4 | S.N.U.P.S. കുന്നപ്പിള്ളി | 4 | 33 | | | | | | |
| 5 | R.U.P.S. മേലൂർ | 2 | 75 | - | 2 | | | | |
| 6 | J.Y.L.P.S. മേലൂർ | | 25 | - | - | | | | |
| 7 | V.B.L.P.S. പൂലാനി | - | 35 | - | - | | | | |
| 8 | St. Joseph's L.P.S. മുരിങ്ങൂർ | | 38 | - | 5 | | | | |
| 9 | St. J.L.P.S. മേലൂർ | - | 13 | - | - | | | | |
| 10 | F.L.P.S. പുഷ്പഗിരി | - | 21 | - | - | | | | |



415

## അനുബന്ധം - 9

---------------------------ഗ്രാമപഞ്ചായത്ത്

### 9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് :

| | ആകെ കുട്ടികൾ SC/ST കുട്ടികളുടെ എണ്ണം | | | | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ* | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ എണ്ണം |
| സ്റ്റാൻഡാർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 191 | 173 | 364 | 12 | 14 | 26 | — | — | — | — | — | — | — | — | — | 0 | 1 | 1 | 1 |
| II | 200 | 146 | 346 | 15 | 10 | 25 | 2 | — | 2 | 10 | 6 | 16 | — | — | — | — | — | — | — |
| III | 175 | 177 | 352 | 10 | 20 | 30 | 1 | 3 | 4 | 8 | 7 | 15 | — | — | — | — | — | — | — |
| IV | 216 | 191 | 407 | 23 | 19 | 42 | 1 | 3 | 4 | 8 | 6 | 16 | — | — | — | — | — | — | — |
| V | 188 | 157 | 345 | 19 | 31 | 46 | 2 | 4 | 6 | 14 | 2 | 16 | 0 | 0 | 0 | 0 | 1 | 1 | 1 |
| VI | 156 | 140 | 296 | 19 | 25 | 44 | 2 | 5 | 7 | 16 | 14 | 30 | — | — | — | — | — | — | — |
| VII | 217 | 166 | 383 | 19 | 24 | 43 | 10 | 6 | 16 | 31 | 9 | 40 | 3 | 2 | 5 | 1 | 1 | 2 | 7 |
| VIII | 147 | 89 | 236 | 17 | 17 | 34 | 10 | 7 | 17 | | | | | | | | | | |
| IX | 115 | 76 | 191 | 21 | 11 | 32 | 10 | 9 | 10 | | | | | | | | | | |
| X | 116 | 77 | 193 | 13 | 8 | 21 | — | — | — | | | | | | | | | | |
| ആകെ | 1721 | 1392 | 313 | 194 | 178 | 343 | 38 | 37 | 75 | 87 | 44 | 133 | 3 | 2 | 5 | 1 | 3 | 4 | 9 |

216

### 9.6 കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്കൂളിന്റെ പേര് | ഇന വിവരം | ജില്ലാതലത്തൽ | | | സംസ്ഥാനതലത്തിൽ | | | ദേശീയ തലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| St. Joseph H.S. മേലൂർ | — | — | — | | | | | | | |
| A.U.P..S. മേലൂർ | — | — | — | | | | | | | |
| V.B.U.P..S. പൂലാനി | — | — | — | | | | | | | |
| S.N.U.P..S. കുന്നപ്പിള്ളി | സംസ്കൃതോത്സവം, നാടകം | 5 | 1 | 6 | | | | | | |
| R.U.P..S. മേലൂർ | — | — | — | | | | | | | |
| J.Y.L.P..S. മേലൂർ | — | — | — | | | | | | | |
| V.B.L.P..S. പൂലാനി | — | — | — | | | | | | | |
| St. Joseph L.P..S. മുരിങ്ങൂർ | — | — | — | | | | | | | |
| St. J. L.P..S. മേലൂർ | — | — | — | | | | | | | |
| F.L.P..S. പുഷ്പഗിരി | — | — | — | | | | | | | |

417

# IX വ്യവസായം

**മേലൂർ പഞ്ചായത്തിന് വ്യവസായിക രംഗത്ത് എങ്ങുമെത്താൻ കഴിഞ്ഞിട്ടില്ല. യുവജനങ്ങളെ നേതൃത്വ നിരയിലെത്തിക്കാനും ബഹുജനങ്ങളെ ബോധവൽക്കരിക്കാനും കഴിഞ്ഞാൽ വികസനം ഒരു ജനകീയ പദ്ധതിയാക്കാനും ലക്ഷ്യം നേടാനും നമുക്ക് സാധിക്കും.**

**നമ്മുടെ ഗ്രാമത്തിന്റെ വ്യവസായ ചരിത്രത്തിലേക്ക് എത്തിനോക്കാം. N.H കടന്നുപോകുന്ന 9-ാം വാർഡിലെ വിരലിലെണ്ണാവുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് സുവർണ്ണജൂബിലി ആഘോഷിക്കാൻ മാത്രം പഴക്കമായി. രണ്ട് ഓട്ടുകമ്പനികൾ, രണ്ട് തീപ്പെട്ടി കമ്പനികൾ, ഒരു റബ്ബർ സംസ്കരണ കേന്ദ്രം, ഒരു പേപ്പർ കാർട്ടൻ കമ്പനി, മിൽമ പാൽ ശീതീകരണ കേന്ദ്രം, കോൺക്രീറ്റ് ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന യീണിറ്റ്, ടി ജാൻബീവറേജ് ലിമിറ്റഡ്, കൊപ്ര സംസ്കരണ കേന്ദ്രങ്ങൾ, ചെറുകിട ഓയിൽ മില്ലുകൾ, 20 ചെറുകിട ലെയ്ത്ത് വർക്ക്ഷോപ്പുകൾ, പോൾസൻ ഡിസ്റ്റിലറി, ക്വാളിറ്റിമിക്സ് കമ്പനി എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലായി 300 പേർ ജോലി ചെയ്യുന്നു. സമീപ പ്രദേശങ്ങളിലായി വ്യവസായ മേഖലകളിൽ 350 പേർ ജോലി ചെയ്യുന്നുണ്ട്.**

### പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങൾ

| | | |
|---|---|---|
| 1. | ഓട്ടുകമ്പനികൾ | 2 |
| | സഹകരണാടിസ്ഥാനത്തിൽ | 1 |
| 2. | സോമിൽ | 2 |
| 3. | എഞ്ചിനിയറിംങ്ങ് വർക്ഷോപ്പ് | 12 |
| 4. | ഫർണീച്ചർ മാർട്ടുകൾ (മരം) | 4 |
| | "(സ്റ്റീൽ) | 1 |
| 5. | വിദേശ മദ്യ ഫാക്ടറി | 1 |
| 6. | ഇഷ്ടിക നിർമ്മാണ കേന്ദ്രം | 1 |
| 7. | ശുദ്ധീകരിച്ച കുടിവെള്ള ഫാക്ടറി | 1. |
| 8. | ഹോളോബ്രിക്സ് | 4. |
| 9. | കൊപ്രസംസ്കരണം | 20 |
| 10. | ഓയിൽ മില്ലുകൾ | 6 |
| 11. | ചകിരി മില്ല് | 4 |
| 12. | പാൽസംസ്കരണകേന്ദ്രം മിൽമ | 1 |
| 13. | ക്വാളിറ്റി മിക്സ് | 1. |
| 14. | സോഡാ കമ്പനികൾ (വൻകിട) | 2 |
| | (ചെറുകിട) | 4 |

2419

വിവിധ മേഖലകളിലെ കൂലിനിരക്ക്

| ക്രമ നമ്പർ | ഇനം | കൂലിനിരക്ക് പുരു | സ്ത്രീ |
|---|---|---|---|
| 1. | കൊപ്രസംസ്കരണം | 100 | 65 |
| 2. | തടിവ്യവസായം | 120 | 65 |
| 3. | അച്ചടി | 75 | 50 |
| 4. | ബേക്കറി | 90 | 50 |
| 5. | ആയുർവേദം | 110 | – |
| 6. | ഓയിൽമിൽ | 90 | 65 |
| 7. | പപ്പടം | 75 | 60 |
| 8. | ഭക്ഷ്യസംസ്കരിക്കൽ | 90 | – |
| 9. | പനമ്പ് നെയ്ത്ത് | 90 | 60 |
| 10. | സോഡാ നിർമ്മാണം | 100 | – |
| 11. | എഞ്ചിനീയറിങ്ങ് | 150 | – |
| 12. | കല്ലുവെട്ട് | 150 | – |
| 13. | കരിങ്കല്ലു പണി | 150 | 90 |
| 14. | കെട്ടിടപണി | 150 | 90 |
| 15. | ഓടുവ്യവസായം | | |
| 16. | ഫർണിച്ചർ പണി | 130 | – |
| 17. | ഹോളോബ്രിക്സ് | 120 | 70 |

കാർഷിക പ്രധാനമായ പഞ്ചായത്തിന്റെ വ്യവസായിക വളർച്ചഅസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയും നമ്മുടെ പരിതസ്ഥിതിയും കണക്കിലെടുത്തായിരിക്കണം.

## ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന പ്രശ്നങ്ങൾ

1. വൈദ്യുതി അപര്യാപ്തത
2. വ്യവസായം തുടങ്ങുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ
3. ഉദ്യോഗസ്ഥ മേധാവിത്വം
4. കുറഞ്ഞ വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന ഇല്ല.
5. കുറഞ്ഞ സാമ്പത്തിക അലോട്ട്മെന്റ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ / സാധ്യതകൾ

1. അഭ്യസ്ത വിദ്യരായ യുവശക്തിയെ ഉപയോഗപ്പെടുത്തുക.
2. പഞ്ചായത്തിന് ഇച്ഛാ ശക്തിവേണം.
3. ജനങ്ങൾക്ക് ബോധവൽക്കരണം ആവശ്യം.
4. സർക്കാർ സഹായത്തോടെ തൊഴിൽ പരിശീലനം വേണം.
5. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങണം.
6. മാർക്കറ്റ് കം ഷോപ്പിങ്ങ് കോംപ്ലക്സുകൾ ആരംഭിക്കണം. പൊതുവായ വിപണന കേന്ദ്രം ഉല്പന്നങ്ങളുടെ വില്പനയ്ക്ക് ആവശ്യമാണ്.

520

## ചുരുങ്ങിയ ചെലവിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

Table No. IV

| നമ്പർ | ഇനം |
|---|---|
| 1. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| 2. | മരം ഫർണിച്ചർ |
| 3. | സ്റ്റീൽ ഫർണിച്ചർ |
| 4. | സ്കൂൾ ബാഗ് |
| 5. | പ്ലാസ്റ്റിക് ബട്ടൻസ്, കുട ഉപകരണങ്ങൾ |
| 6. | അലങ്കാര പണിചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ |
| 7. | ക്ലീനിങ്ങ് പൗഡർ |
| 8. | ഓട്ടോ ഇലക്ട്രിക് ഷോപ്പ് |
| 9. | ഇലക്ട്രിക്കൽ ജനറൽ വർക്ഷോപ്പ് |
| 10. | ജനറൽ എഞ്ചനിയറിങ്ങ് |
| 11. | ഇരുചക്രവാഹനങ്ങളുടെ വർക് ഷോപ്പ് |
| 12. | സ്വിച്ച് ബോർഡ് |
| 13. | സിന്തറ്റിക് വിനാഗിരി |
| 14. | ഓട്ടോ ഡിസ്റ്റിൽഡ് വാട്ടർ |
| 15. | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 16. | അലക്കു സോപ്പ് |
| 17. | സോപ്പ് പൊടി നിർമ്മാണം |
| 18. | പേപ്പർ കവർ നിർമ്മാണം. |
| 19 | കറി പൗഡർ |
| 20. | കരിങ്കല്ല് ജല്ലി |
| 21 | സിമന്റുകൊണ്ടുള്ള ജനാല, കട്ടിള, കെട്ടിട ഉപകരണങ്ങൾ |
| 22. | സിമന്റിഷ്ടിക നിർമ്മാണം. |
| 23. | പുഷ്പം വളർത്തൽ |
| 24. | ലികിഡ് ഡിറ്റർജന്റ് |
| 25. | മെഴുകുതിരി |
| 26. | പനമ്പ് നെയ്ത്ത്, കൊട്ട നെയ്ത്ത് ഉപകരണങ്ങൾ , ചൂരൽകൊണ്ടുള്ള ഫർണിച്ചറുകൾ |
| 27. | പന്നി വളർത്തൽ |
| 28. | ആണി |
| 29. | ബട്ടൻ |

അസംസ്കൃത വസ്തുത ലഭ്യവും കുറഞ്ഞചെലവിൽ തുടങ്ങാവുന്നവയുമായ വ്യവസായങ്ങൾ

III

| No. | ഇനം | അസംസ്കൃതവസ്തു ലഭ്യതവിവരം |
|---|---|---|
| 1. | കെട്ടിട നിർമ്മാണ വസ്തുക്കൾ (മരം കൊണ്ടും, കോൺക്രീറ്റുകൊണ്ടും) | 1 തെങ്ങ് 2 റബ്ബർ, മറ്റിനങ്ങൾ 3 മണൽ, ജലം, സിമന്റ് |
| 2. | തടിമില്ലുകൾ | റബ്ബർ, മറ്റു ഇനം മരങ്ങൾ തെങ്ങ് |
| 3. | കൊപ്രസംസ്കരണ യൂണിറ്റുകൾ | 1 നാളികേരം |
| 4. | ഹാൻഡിക്രാഫ്റ്റ് യൂണിറ്റുകൾ | 1 വാഴനാര്, ചകിരി നാര്, ചിരട്ട, മുള, ഈറ്റ, മരം, ഈർക്കിലി |
| 5. | ചിപ്സ് യൂണിറ്റ് | നേന്ത്രക്കായ, കപ്പ, ചക്ക |
| 6. | പഴസംസ്കരണ യൂണിറ്റ് | നേന്ത്രക്കായ, മാങ്ങാ, ചക്ക, ജാതിക്കായ്, പൈനാപ്പിൾ, പപ്പക്കായ |
| 7. | അച്ചാറ് യൂണിറ്റ് | നെല്ലിക്കായ, പച്ചമുളക്, ജാതിക്കാ, പച്ചക്കറികൾ, മാങ്ങ, പുളി, ലൂബിക്ക |
| 8. | പൂന്തോട്ടം | ഓർക്കിഡ്, കുറ്റിമുല്ല |
| 9. | ഓല മെടച്ചിൽ | തെങ്ങോല |
| 10. | പ്ലാസ്റ്റിക് വ്യവസായം | ജലം. മണൽ |
| 11. | റെഡിമെയിഡ് യൂണിറ്റ് | |
| 12. | പാൽ സംഭരണയൂണിറ്റ് | പാൽ |

## പ്രധാന വ്യവസായ സ്ഥാപനങ്ങളുടെ പേര് സ്ഥിതി ചെയ്യുന്ന സ്ഥലം

| | | |
|---|---|---|
| I | പോൾസൺ ഡിസ്റ്റിലറി | മുരിങ്ങൂർ |
| II | ചാക്കോളാസ് ഓട്ടു കമ്പനി | മുരിങ്ങൂർ |
| III | സെന്റ്. സെബാസ്റ്റയൻസ് ടൈൽ ഫാക്ടറി | മുരിങ്ങൂർ |
| IV | ഭാരത് ടൈൽ വർക്സ് | പുലാനികുറുപ്പം |
| V | ടിജൻ ബിവറേജസ് | കുന്നപ്പിള്ളി |
| VI | സെന്റ് മേരീസ് സോമിൽ | മേലൂർ |
| VII | വിമല സോമിൽ | മുരിങ്ങൂർ |
| VIII | യൂണൈറ്റഡ് മാച്ച് വർക്സ് | മുരിങ്ങൂർ |
| IX | ക്വാളിറ്റി മിക്സ് | മുരിങ്ങൂർ |
| X | M.O.V മാച്ച് വർക്സ് | മുരിങ്ങൂർ |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഴം, പച്ചക്കറി സംസ്കരണവും അനുബന്ധ വ്യവസായവും
2. ചിപ്സ് നിർമ്മാണം
3. സുഗന്ധ വ്യഞ്ജനങ്ങളുടെ സംസ്കരണ യൂണിറ്റ്
4. പഞ്ഞി സംസ്കരിച്ച് തലയിണ, കിടക്ക എന്നിവ ഉണ്ടാക്കുന്ന യൂണിറ്റ്
5. നാളികേരത്തിന്റെ വെള്ളം ഉപയോഗിച്ച് ശീതള പാനീയങ്ങൾ , നാളികേരം ഉപയോഗിച്ച് പൗഡർ അനുബന്ധ വ്യവസായം
6. ചകിരിനാരുല്പാദനവും, കയർ നിർമ്മാണവും
7. വെളിച്ചെണ്ണ മില്ലുകൾ ബോട്ടിലിൽ
8. റെഡിമെയ്ഡ് ഡ്രസ് നിർമ്മാണ യൂണിറ്റുകൾ
9. കരകൗശല വസ്തുക്കളുടെ നിർമ്മാണം.
10. കെട്ടിട നിർമ്മാണ സാമഗ്രികൾ
11. കറിപൗഡറുകളും അച്ചാറുകളും നിർമ്മാണം.
12. ചിരട്ടകൊണ്ടുള്ള വ്യവസായം
13. ബീഡി തെറുപ്പ്
14. ഖാദി വ്യവസായം
15. കാർഷികോപകരണങ്ങളുടെ വ്യവസായം
16. പ്ലാസ്റ്റിക് വ്യവസായം (കസേര, ടീപോയി നിർമ്മാണം)
17. ചൂരൽകൊണ്ടുള്ള കസേരകളും മറ്റ് നെയ്ത്തും
18. തീപ്പെട്ടി നിർമ്മാണം.
19. കളിമണ്ണ് വ്യവസായം (ഓട്, ഇഷ്ടിക, മൺപാത്ര നിർമ്മാണം)
20. ഡക്കറേറ്റീവ് ടൈൽസ് നിർമ്മാണം
21. മിഠായി നിർമ്മാണം
22. പ്രിന്റിംഗ് പ്രസ്സ്
23. വാഷിങ്ങ് സോപ്പ്
24. പപ്പട നിർമ്മാണം
25. ഇലക്ട്രിക് & ഇലക്ട്രോണിക് ഗുഡ്സുകളുടെ അസംബ്ലിങ്ങ്
26. ഹോളോബ്രിക്സ് യൂണിറ്റ്
27. കടലാസ് കവർ , പുസ്തക നിർമ്മാണം
28. ബാഗ് (റെക്സിൻ നിർമ്മാണം)
29. കശുവണ്ടി സംസ്കരണം
30. നെല്ലു സംഭരിച്ച് അരിയാക്കുന്ന കുടിൽ വ്യവസായം
31. ആഭരണ നിർമ്മാണം (വെള്ളി, സ്വർണ്ണം)
32. വീടുകളും മറ്റും വൈദ്യുതീകരിക്കുന്നതിനാവശ്യമായ വയർ നിർമ്മാണം
33. ഈറ്റ, മുള എന്നിവകൊണ്ട് (പനമ്പ്, കുട്ട) നിർമ്മാണം
34. വെയ്സ്റ്റ് പേപ്പർ സംസ്കരിച്ച് പേപ്പർ നിർമ്മാണം
35. റബ്ബർ തടി സംസ്കരണം
36. വാഴനാരുകൊണ്ടുള്ള കരകൗശല നിർമ്മാണം
37. വ്യവസായ എസ്റ്റേറ്റ്
38. പട്ടുനൂൽകൊണ്ടുള്ള നെയ്ത്ത്

# X ഗതാഗതം - ഊർജ്ജം

ഒരു പ്രദേശത്തിന്റെ വികസനത്തെ കൂട്ടിയിണക്കുന്നതും സഹായിക്കുന്നതും, അതിന്റെ ജീവാത്മാവായി നിലകൊള്ളുന്നതും ആ നാട്ടിലെ സമൃദ്ധവും സശ്രദ്ധസംരക്ഷണവുമാർന്ന റോഡുകളും അവയെ പോഷിപ്പിക്കുന്ന പാലങ്ങളുമാണ്. ജനോപകാരപ്രദമായ ഒരു സ്ഥാപനം, ഉദാഹരണം - ഒരാശുപത്രി, ഒരു സർക്കാർ ആഫീസ്, ഒരു കോടതി, ഒരു സ്കൂൾ അല്ലെങ്കിൽ കോളേജ്, പോലീസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ എന്നിവയൊക്കെ എത്രതന്നെ അടുത്തിരുന്നാലും അവിടെ എത്തിച്ചേരാൻ അവയുമായി ബന്ധിക്കുന്ന റോഡുകളും പാലങ്ങളുമില്ലെങ്കിൽ ഈ സ്ഥാപനങ്ങളുടെ പ്രയോജനം സാധാരണക്കാർക്ക് അപ്രാപ്യമാകുന്നു. ഒരു നാടിന്റെ വികസനത്തിന് സർവ്വപ്രകാരേണയും സഹായിക്കുന്ന റോഡുകളുടേയും പാലങ്ങളുടേയും അനിവാര്യത മനസ്സിലാകുന്നത് ഇവിടെയാണ്.

സഞ്ചാരികളുടെ പറുദീസയായ അതിരപ്പള്ളിയും, ഷോളയാറും, പൊരിങ്ങലുമൊക്കെ പ്രദാനംചെയ്ത 'ചാലക്കുടിപ്പുഴ' ഈ ഗ്രാമപഞ്ചായത്തിന്റെ മൂന്ന് അതിരുകളിലൂടെ കരയിട്ടൊഴുകുന്നു. ഈ പഞ്ചായത്തിന്റെ ജലസമൃദ്ധിക്കു നിദാനമായ ഈ പ്രകൃതിദത്ത സൗകര്യം, പക്ഷെ മറ്റു പ്രദേശങ്ങളുമായി ഇതിനെ വേർതിരിക്കയും, അങ്ങിനെ മറ്റു കരകളുമായുള്ള സാമീപ്യസമ്പർക്കവികാസം ഇവിടെ പുഷ്ടിപ്പെടാതെ പോവുകയുംചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ ഈ പഞ്ചായത്തുപ്രദേശത്ത് മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ പാലങ്ങളും കലുങ്കുകളും ആവശ്യമായിവരുന്നു. താഴെപറയുന്ന വെട്ടുകടവുപാലവും, പുത്തുരുത്തി പാലത്തിന്റെ പുനർനിർമ്മാണവും അടിയന്തിരശ്രദ്ധപതിയേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ റോഡുകളുടെ വിവരം താഴെകൊടുക്കുന്നു (Schedule-1 നോക്കുക). അതിൽ PWD വകയായി ആകെയുള്ളത് 31 കി.മീ. ദൂരം മാത്രമാണ്. ശേഷമുള്ളത് പഞ്ചായത്തുറോഡുകൾതന്നെ. കൂടാതെ നാഷനൽ ഹൈവെ 47 ഈ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി 2 കിലോമീറ്റർ ദൂരം തലോടി കടന്നുപോകുന്നു. അതുപോലെതന്നെ റെയിൽപാതയും (ഷൊർണ്ണൂർ - കന്യാകുമാരി) ഈ രണ്ടു കിലോമീറ്ററോളം ദൂരം ഈ പഞ്ചായത്തിനെ ആശ്ലേഷിച്ചു കടന്നുപോകുന്നു. മുരിങ്ങൂരിൽ ഒരു റെയിൽവേ സ്റ്റേഷൻ ഉണ്ടെങ്കിലും സർവ്വസജ്ജമായ ഒരു റെയിൽവേ സ്റ്റേഷൻ ആവശ്യമായിരിക്കുന്നു. പ്രത്യേകിച്ച് ആഴ്ചതോറും ആയിരക്കണക്കിനാളുകൾ മനഃശ്ശാന്തിതേടി മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ എത്തി തിരിച്ചുപോകുന്ന സാഹചര്യത്തിൽ. ഡിവൈൻനഗർ റെയിൽവേ സ്റ്റേഷനിൽ എക്സ്പ്രസ്സ് വണ്ടികൾ ഉൾപ്പെടെ എല്ലാ തീവണ്ടികളും നിർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. ആയതിനുവേണ്ട പ്ലാറ്റ്ഫോം സജ്ജീകരണങ്ങൾ വിപുലീകരിക്കണം.

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പൊതുമരാമത്ത് റോഡുകൾ വേണ്ടത്ര അറ്റകുറ്റപണികൾ സമയത്തിന് ചെയ്യാതെ വാഹനഗതാഗതത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഓടകൾ നിർമ്മിച്ചും സമയാസമയങ്ങളിൽ അറ്റകുറ്റപണികൾ ചെയ്തും റോഡ് സംരക്ഷിക്കേണ്ടതാണ്.

ഗ്രാമീണ റോഡുകളിൽ പ്രധാനപ്പെട്ട ഏതാനും എണ്ണം ഇതിനകം ടാർചെയ്തിട്ടുള്ളതും മറ്റുചിലത് ഭാഗികമായി ടാർചെയ്തിട്ടുള്ളതും (ഉദ്ദേശം 20 കി.മീ.) ടാർചെയ്യാത്ത ഭാഗങ്ങളും പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ള റോഡുകളും മുൻഗണനാടിസ്ഥാനത്തിൽ (കൂടുതൽ വാഹനഗതാഗതം ഉള്ളത് ആദ്യമാദ്യം ചെയ്യണം) മെറ്റലിട്ട് ടാർചെയ്ത് സഞ്ചാരയോഗ്യമാക്കണം. ഇതിൽ 10.5 കി.മീ. മെറ്റലിട്ടതാണ്. കൂടാതെ 80 കി.മീ. മൺറോഡ് മെറ്റലിട്ട് ടാർചെയ്ത് വാഹനഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. റോഡുകളുടെ പൂർണ്ണവിവരം പട്ടികയിൽ അക്കമിട്ട് കൊടുത്തിട്ടുണ്ട്.

**അടിച്ചിലി ബസ്സ് സ്റ്റാന്റ്**

ചാലക്കുടി ഭാഗത്തേക്കും, അങ്കമാലി ഭാഗത്തേക്കും പുഷ്പഗിരി ഭാഗത്തേക്കും സർവ്വീസ് നടത്തുന്ന 25–ൽ കൂടുതൽ ബസ്സുകൾ വന്നപോകുന്ന ഇവിടെ മുമ്പ് ഒരു ബസ്സ് സ്റ്റാന്റ് ഉണ്ടായിരുന്നതും പിന്നീട് നശിച്ച്പോയതുമാണ്. ഈ സ്ഥലത്ത് ചുരുങ്ങിയത് 5 ബസ്സുകൾക്കെങ്കിലും ഹാൾട്ട്ചെയ്യത്തക്കവിധം സൗകര്യമുള്ള ബസ്സ് സ്റ്റാന്റ് പണിയുകയും ബസ്സ് ജീവനക്കാർക്കും യാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഒരു ടോയ്ലറ്റും നിർമ്മിക്കേണ്ടതാണ്.

മുരിങ്ങൂർ കവലയിൽ ഒരു കംഫർട്ട് സ്റ്റേഷനും പൂലാനി സെന്റർ, കുന്നപ്പിള്ളി സെന്റർ, പള്ളിനട, പുഷ്പഗിരി, കാലടി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകളും സ്ഥാപിക്കേണ്ടതാണ്.

**പാലങ്ങൾ**

1. വെട്ടുകടവുപാലം : ചാലക്കുടി മുനിസിപ്പൽ പട്ടണത്തേയും മേലൂർ ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുംവിധം ചാലക്കുടിപ്പുഴയിൽ വെട്ടുകടവ് എന്ന സ്ഥലത്ത് ഒരു പാലം നിലവിൽവരുന്നത് ഈ ഗ്രാമത്തിന്റെ മുഖഛായതന്നെ മാറ്റിക്കളയുവാൻ ഉപകരിക്കും. ഒരു പട്ടണത്തിന്റെ സാമീപ്യം, ആശുപത്രി, പബ്ലിക് ആഫീസുകൾ, മാർക്കറ്റ്, കോളേജുകൾ എന്നിവയുടെയൊക്കെ പ്രയോജനം ഇന്നാട്ടുകാർക്ക് എളുപ്പത്തിൽ ലഭ്യമാകുന്നതോടെ ഒരു പട്ടണപ്രതീതിതന്നെ ഈ പഞ്ചായത്തിനു കൈവരും. ചാലക്കുടി പട്ടണപ്രദേശത്ത് വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, കുതിച്ചുയരുന്ന സ്ഥലവില ഇതിനൊക്കെ കടിഞ്ഞാണിടുവാനും, അതോടൊപ്പം പട്ടണപ്രാധാന്യം ഈ നാട്ടിലേക്ക് നിരങ്ങിനീങ്ങുവാനും ഈ പാലം ഉപകരിക്കും.

2. പുത്തിരിത്തിപ്പാലം : ഇവിടെ ഒരു പാലം ഇപ്പോഴുണ്ട്. പക്ഷെ അത് ദുർബലവും, ഏതു നിമിഷവും അപകടസാദ്ധ്യത തള്ളിക്കളയാൻ ആകാത്തവിധം പഴക്കമാർന്നതുമാണ്. 2–ം, 6–ം വാർഡുകളിൽ ഉൾപ്പെടുന്ന ഈ പാലം ഉടനെ പുതുക്കിപ്പണിയേണ്ടത് ആവശ്യമായിരിക്കുന്നു. പ്ലാന്റേഷൻ റോഡിന്റെ മർമ്മസ്ഥാനത്ത് ഈ പാലം സ്ഥിതിചെയ്യുന്നു.

3. കനാൽപ്പാലം : പുഷ്പഗിരി പള്ളി താഴത്ത് നിന്നും ഉറളാലേ പാടം വഴി കുന്നപിപ്ള്ളി കനാലിൽ സന്ധിക്കുന്ന ഭാഗത്ത് ഒരു പാലം അനിവാര്യമാണ്. തൊട്ടപ്പുറത്തുള്ള നിലവിലുള്ള പാലം ഏതവസരത്തിലും തകർന്ന് വീഴാം കുന്നപ്പിള്ളി ലക്ഷംവീടുകോളനിയിൽനിന്നും പുലാനി ബ്രാഞ്ച് കനാൽ കടന്നു ഗവൺമെന്റ് ആശുപത്രിയിലെത്തുന്നതിനുപകരിക്കുന്ന റോഡിൽ ഒരു കനാൽപാലം നിർമ്മിക്കണം. (വാർഡ് – 3 നടുവത്ര ഗോപിയുടെ വീടിനുസമീപം)

പൂലാനി പാമ്പിള്ളിചിറ റോഡിൽ ട്രാൻസ്ഫോർമറിന്റെ കിഴക്ക് ഭാഗത്തെക്കുള്ള ഇടവഴിയുടെ അവസാനത്തിൽ പാടത്തേക്ക് ഇറങ്ങുന്നിടത്ത് നിലംപതി നിർമ്മിക്കണം.

**കടത്തുകൾ**

സഞ്ചാരസൗകര്യം എവിടെയൊക്കെ ഹനിക്കപ്പെടുന്നുവോ അവിടെയൊക്കെ കടത്തുകടവുകളുടെ ആവശ്യം ഓടിയെത്തുന്നു. ഇപ്പോൾ നിലവിലുള്ള കാഞ്ഞരപ്പള്ളിക്കടവ്, എടത്രക്കാവുകടവ്, മൂഴിക്കക്കടവ്, വെട്ടുകടവ്, വെളിയത്തുകടവ് എന്നീ വഞ്ചിക്കടത്തുകൾ, പടവുകൾ കെട്ടി സംരക്ഷിച്ച്, യാത്രാസൗകര്യം വർദ്ധിപ്പിക്കണം.

കുളിക്കടവുകൾ

1. ചെട്ടികടവ്.
2. കയ്യാണികടവ്.
3. മുഴിക്കകടവ്.
4. തോവർകടവ്.
5. കർത്തേകടവ്.
6. മുണ്ടോലികടവ്.
7. കലവറകടവ്.
8. കാലടികടത്തുകടവ്.
9. പിണിയ്ക്കകടവ്.
10. പുഴപ്പാലംകടവ്.
11. പാറക്കടവ്.
12. ചെമ്പകകടവ്.
13. ചെക്ക്ഡാംകടവ്.
14. കാളിയമ്മകടവ്.
15. തോട്ടപ്പിള്ളികടവ്.
16. പൊട്ടക്കകടവ്.
17. കാഞ്ഞിരപ്പിള്ളി കടവ്.
18. ചുണ്ടാണികടവ്.
19. ചൊട്ടിത്തോപ്പ്കടവ്.
20. ചുരുളപ്പിള്ളികടവ്.
21. കോവിലകം കടവ്

**മേലൂർ പള്ളിനട ജംഗ്ഷൻ വികസനം**

മേലൂർ പഞ്ചായത്തിന്റെ ഹൃദയഭാഗമാണ് പള്ളിനട ജംഗ്ഷൻ. ഇവിടെ 4 വശത്തുനിന്നും വരുന്ന വാഹനങ്ങൾക്ക് നിന്നുതിരിയുന്നതിന് സ്ഥലമില്ല. പുഷ്പഗിരി ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾക്ക് പാലപ്പിള്ളി റോഡിലേക്ക് തിരിയുന്നതിന് ഇപ്പോഴുള്ള പഞ്ചായത്തുകിണർ ഒരു തടസ്സമാണ്. ഇപ്പോൾ ഒരു കുപ്പത്തൊട്ടിയായി മാറിയിരിക്കുകയാണ് ഈ പഞ്ചായത്തുകിണർ. ഇത് നികത്തുകയോ, മുകളിൽ സ്ലാബിട്ടോ റോഡിനു വീതികൂട്ടി വാഹനങ്ങൾക്ക് തിരിയുന്നതിന് സൗകര്യപ്രദമാക്കണം. കുടിവെള്ളവിതരണത്തിന് ഒരു പൊതുടാപ്പും ഏർപ്പെടുത്തണം. 4 റോഡുകൾ ചേരുന്ന ജംഗ്ഷൻ ആയതിനാൽ signboard കളും ഹമ്പുകളും സ്ഥാപിച്ച് വേഗത നിയന്ത്രിക്കണം. കൂടാതെ ഇവിടെ ഒരു കംഫർട്ട് സ്റ്റേഷനും സ്ഥാപിക്കേണ്ടതാണ്. ഈ ജംഗ്ഷനിൽ രാത്രികാലങ്ങളിൽ കൂടുതൽ പ്രകാശം ലഭിക്കുന്നതിന് ഒരു സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. യാത്രാക്ലേശം അനുഭവപ്പെടുന്ന മേഖലയായ പുഷ്പഗിരിയിൽ ചാലക്കുടിയിൽനിന്നും പുഷ്പഗിരിവഴി കാലടി പ്ലാന്റേഷനിലേക്ക് K.S.R.T.C. ബസ്സ് സർവ്വീസ് നടത്തേണ്ടതാണ്. കൂടാതെ അങ്കമാലിയിലേക്ക് പാലപ്പിള്ളി – കൊരട്ടിവഴിയും പുഷ്പഗിരി, അടിച്ചിലി, മൂക്കന്നൂർ വഴിയും ബസ്സ് സർവ്വീസ് നടത്തേണ്ടതാണ്. ചാലക്കുടിയിൽനിന്നും Kകുന്ന് വഴി പാലപ്പിള്ളിയിലേക്ക് മുമ്പ് മൂന്ന് ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നതും ഇപ്പോൾ ഒരു ബസ്സ് മാത്രമേ സർവ്വീസ് നടത്തുന്നുള്ളു. യാത്രാക്ലേശം രൂക്ഷമായ ഈ മേഖലയിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

**ഊർജ്ജം**

ഈ പഞ്ചായത്തിൽ 1950കളിൽതന്നെ വൈദ്യുതി എത്തി എങ്കിലും പഞ്ചായത്തിൽപ്പെട്ട ചില സ്ഥലങ്ങൾ ഇപ്പോഴും അന്ധകാരത്തിൽതന്നെയാണ്. ഇപ്പോൾ മേലൂർ പഞ്ചായത്തിലേക്കുള്ള വൈദ്യുതി കൊരട്ടി, ചാലക്കുടി, പരിയാരം എന്നീ മൂന്ന് സെക്ഷനുകളുടെ അധികാരപരിധിയിൽ ആയതുകൊണ്ടും വൈദ്യുതിചാർജ് അടക്കുന്നതിന് ഈ ഗ്രാമപഞ്ചായത്തിനകത്ത് സൗകര്യം ഇല്ലാത്തതിനാലും ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട്. ഒരു മേജർ സെക്ഷന് ആവശ്യമുള്ളതിലേറെ (6310–ൽ ഏറെ കണക്ഷനുകൾ ഇപ്പോൾ നിലവിലുണ്ട്.) കണക്ഷനുകൾ ഉള്ള ഇവിടെ അടിയന്തിരമായി ഒരു സെക്ഷൻ ഓഫീസ് തുടങ്ങുവാൻ സത്വരനടപടി സ്വീകരിക്കണം. ഇപ്പോൾ അടിച്ചിലി ഭാഗത്തുള്ളവർക്ക് 17 കി.മീ. ദൂരം സഞ്ചരിച്ചാലെ മാസംപ്രതി

വൈദ്യുതി ചാർജ്ജ് അടക്കുവാൻ സാധിക്കുന്നുള്ളു. മൊത്തം ഉപഭോക്താക്കളിൽ 83% വും ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ 10%വും വ്യാപാര ഉപഭോക്താക്കൾ 5%വും ബാക്കി 2% വ്യവസായിക ഉപഭോക്താക്കളുമാണ്. 1989–ൽ മിനിമം ഗാരണ്ടി വച്ചിട്ടും ഇതുവരെ കണക്ഷൻ കിട്ടാത്ത വ്യക്തികളും 1993–ൽ OYEC ആയി പണം അടച്ചിട്ടും കണക്ഷൻ കിട്ടാത്ത വ്യക്തികളും ഈ ഗ്രാമപഞ്ചായത്തിനകത്തുണ്ട്.

ഈ ഗ്രാമപഞ്ചായത്തിനകത്ത് 36 ട്രാൻസ്ഫോർമറുകൾ വിവിധ കപ്പാസിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്രയും ട്രാൻസ്ഫോർമറുകൾ നിലവിലുണ്ടായിട്ടും പല സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പല സ്ഥലങ്ങളിലും ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിക്കേണ്ടതുണ്ട്.

ഈ ഗ്രാമപഞ്ചായത്തുപ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമനമ്പർ | കപ്പാസിറ്റി | പേര്/സ്ഥലം | ക്രമനമ്പർ | കപ്പാസിറ്റി | പേര്/സ്ഥലം |
|---|---|---|---|---|---|
| 1 | 100 KVA | അടിച്ചിലി | 19 | 250 KVA | K.M.S. റോഡ് |
| 2 | 100 KVA | കുന്നപ്പിള്ളി H.C. | 20 | 100 KVA | സാൻജോനഗർ |
| 3 | 100 KVA | ചകിരികമ്പിനി | 21 | 150 KVA | കാലടി |
| 4 | 160 KVA | എടത്രകാവ് | 22 | 160 KVA | നടുത്തുരുത്ത് |
| 5 | 160 KVA | ചെട്ടിത്തോപ്പ് | 23 | 100 KVA | വിമല മുരിങ്ങൂർ |
| 6 | 100 KVA | കോവിലകംപടി | 24 | 250 KVA | മുരിങ്ങൂർ II |
| 7 | 63 KVA | കലവറകടവ് | 25 | 100 KVA | പ്രസ്സ് പമ്പ് |
| 8 | 100 KVA | പുഷ്പഗിരി I | 26 | 250 KVA | പോൾസൺ ഡിസ്റ്റിലറി |
| 9 | 63 KVA | പുഷ്പഗിരി II | 27 | 100 KVA | അന്ന പേപ്പർ |
| 10 | 100 KVA | കുന്നപ്പിള്ളി | 28 | 100 KVA | ഡിവൈൻ പ്രസ്സ് |
| 11 | 63 KVA | കുറുപ്പം | 29 | 160 KVA | പാലമുറി |
| 12 | 63 KVA | കുറുപ്പം (മൺപാത്രം) | 30 | 63 KVA | വെട്ടുകടവ് I |
| 13 | 100 KVA | പിണ്ടാണി | 31 | 100 KVA | വെട്ടുകടവ് II |
| 14 | 63 KVA | കല്ലുകുത്തി (പുഞ്ച) | 32 | 100 KVA | ഡിവൈൻ II (H.T.) |
| 15 | 150 KVA | വെട്ടുകടവ് | 33 | 100 KVA | മിൽമ (H.T.) |
| 16 | 250 KVA | കൈതോലപ്പാടം (മേലൂർ) | 34 | 100 KVA | കോർട്ട്പമ്പ് (H.T.) |
| 17 | 100 KVA | പന്തൽപാടം | 35 | 100 KVA | ക്വാളിറ്റി മിക്സ് (H.T.) |
| 18 | 100 KVA | പള്ളിനട | 36 | 63 KVA | S.N. നഗർ പൂലാനി |

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ താഴെ നിർദ്ദേശിക്കുന്നു.

1. പൂലാനി ഹെൽത്ത് സെന്ററിന് സമീപം. വാർഡ് II
2. IV-ാം വാർഡിൽ പാലാട്ടികുണ്ടിൽ.

കൂടാതെ III-ാം വാർഡിൽ കുറുപ്പം ട്രാൻസ്ഫോർമറിന്റെയും V-ാം വാർഡിലെ K-കുന്ന് ട്രാൻസ്ഫോർമറിന്റെയും VII-ാം വാർഡിലെ പുഞ്ച ട്രാൻസ്ഫോർമറിന്റെയും കപ്പാസിറ്റി വർദ്ധിപ്പിക്കണം.

പഞ്ചായത്ത് പ്രദേശത്ത് ആകെ 11 KV ലൈനും 3 phase L.T. line ഉം Single phase L.T. line ഉം ഉണ്ട്.

ഈ പഞ്ചായത്തിൽ ആകെ 41 ട്യൂബ് ലൈറ്റുകൾ അടക്കം 317 സ്ട്രീറ്റ് ലൈറ്റുകൾ ആണ് ഉള്ളത്. ഇതിൽ 80%ൽ അധികം കത്തുന്നില്ല. ഈ പഞ്ചായത്തിൽ I-ാം വാർഡിൽ ആലക്കാപ്പിള്ളി ഭാഗത്തും കുന്നപ്പിള്ളി ലക്ഷംവീട് പരിസരത്തും ലൈൻ വലിച്ച് കണക്ഷൻ കൊടുക്കകയും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. II-ാം വാർഡിൽ മെയിൻ റോഡിൽ 1 KM. ഓളം പോസ്റ്റുകൾ ഇട്ട് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. പൂലാനി സെന്ററിൽനിന്ന് എടത്രകാവ് വരേയും P.W.D. മെയിൻ റോഡിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. III-ാം വാർഡിലെ കുന്നപ്പിള്ളി ആശുപത്രിയുമായി ബന്ധിപ്പിക്കുന്ന എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. IV-ാം വാർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ കോളനിയിൽ ഏകദേശം 50 വീടുകൾ വൈദ്യുതീകരിക്കണം. മധുരമറ്റത്ത് 15 വീടുകൾ ലൈൻ വലിച്ച് വൈദ്യുതീകരിക്കണം. IV-ാം വാർഡിൽ പന്തൽപാടം ലക്ഷംവീടു കോളനിയിലേക്ക് എത്രയുംവേഗം ഇലക്ട്രിക് കണക്ഷൻ കൊടുക്കണം. OYECൽ പണം അടച്ചിട്ടുള്ളവർക്ക് എത്രയുംവേഗം കണക്ഷൻ കൊടുക്കണം. പഞ്ചായത്തിലെ തെരുവുവിളക്കുകൾ സ്ഥിരമായി കത്തുന്നതിന് നടപടി സ്വീകരിക്കണം. കൂവക്കാട്ടുകുന്ന് ശുദ്ധജല വിതരണത്തിനുള്ള ലൈൻ മാറ്റി പാറക്കടവ് റോഡിലൂടെ ആക്കുക.

VII-ാം വാർഡിലെ എളംമ്പ്ര കോളനിയിലേക്ക് ലൈൻ വലിച്ച് കണക്ഷൻ കൊടുക്കുക. മൂഴിക്കൽകടവ് റോഡ് ലൈൻ നീട്ടി സ്ട്രീറ്റ് ലൈറ്റ് ഇടണം. കൂടാതെ എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

VIII-ാം വാർഡിൽ കാലടി ശിവക്ഷേത്രത്തിന് കിഴക്കുഭാഗത്ത് വൈദ്യുതി എത്തിക്കണം. നാഷണൽ ഹൈവേയിൽ ചാലക്കുടി പാലം മുതൽ മുരിങ്ങൂർ കൊട്ടമുറിവരെ (മേലൂർ അതിർത്തി) സോഡിയം വേപ്പർ ലാമ്പുകളോ, ഹലജൻ ബൾബുകളോ സ്ഥാപിക്കേണ്ടതാണ്.

IX-ാം വാർഡിലേയും X-ാം വാർഡിലേയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ ലൈനുകളിലുമുള്ള കേടുവന്ന കാലുകൾ മാറ്റുകയും ലൈൻ സാഗ് (Sag) കുറയ്ക്കുകയും ജമ്പറുകളും വയറുകളും മാറ്റേണ്ട സ്ഥലങ്ങളിൽ മാറ്റിയും പിൻ ഇൻസുലേറ്ററുകൾ ശരിയാക്കുകയും മറ്റു അറ്റകുറ്റപണികൾ തീർക്കുകയും ചെയ്ത് വോൾട്ടേജ് ക്ഷാമത്തെ പരിഹരിക്കണം.

ഈ പഞ്ചായത്തിൽ സൗരോർജ സ്കീമിനും അവ ഉപയോഗിക്കുന്നതിനും സാധ്യതകൾ ഏറെയുണ്ട്. പാചകവാതകക്ഷാമം പരിഹരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നത് (സഹകരണാടിസ്ഥാനത്തിൽ) സാദ്ധ്യതകൾ ഏറെയുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ പാചകവാതകക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വിതരണ ഏജൻസി ഏർപ്പെടുത്തണം.

**മാർക്കറ്റ്**

പഞ്ചായത്തിൽ ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്ന നേന്ത്രക്കായ, മരച്ചീനി, നാളികേരം, നെല്ല്, പച്ചക്കറികൾ, ചേന, ചേമ്പ്, കൂർക്ക മുതലായവ ക്രയവിക്രയം ചെയ്യുന്നതിന് ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഇന്ന് ഈ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ഇല്ല. ആയതിന് ഒരു പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നാലെ കർഷകർക്ക് ന്യായമായ വില ലഭിക്കുകയുള്ളു. ചാലക്കുടി ചന്തയെ ആശ്രയിച്ചാണ് ഇപ്പോൾ ഈ പഞ്ചായത്തിലെ വിലനിലവാരം തിട്ടപ്പെടുത്തുന്നത്. മേലൂരിലെ നേന്ത്രക്കായ, കപ്പ എന്നിവ പ്രശസ്തിയാർജ്ജിച്ചവയാണ്. കൃഷിക്കാർക്ക് ന്യായവില കിട്ടുന്നതിനും, മധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കുന്നതിനും ഈ പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന് പറ്റിയ സ്ഥലം കല്ലുകുത്തിയാണ്. മൽസ്യം, മാംസം എന്നിവ വിൽക്കുന്നതിനും ഈ മാർക്കറ്റിൽ പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ | റോഡിന്റെ സ്ഥിതിവിവരം | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ടാർ | | മെറ്റൽ | | ഓട | | കലുങ്ക് | |
| | | | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് |
| IX & X | | നാഷണൽ ഹൈവെ 47 | 2 | | ടാർ | | | | | | | |
| | | പൊതുമരാമത്ത് റോഡ് | | | | | | | | | | |
| IX,VIII,VII VI,II,I | 1. | മുരിങ്ങൂർ - ഏഴാറ്റുമുഖം റോഡ് | 12 | 8 | ടാർ | | | | | | | |
| VI,V,IV | 2. | മേലൂർ - അടിച്ചില റോഡ് (via) പുഷ്പഗിരി | 6 | 7 | ടാർ | | | | | | | |
| V | 3. | മേലൂർ - പാലപ്പിള്ളി റോഡ് | 6 | 5 | ടാർ | | | | | | | |
| IX, X | 4. | മുരിങ്ങൂർ - കാടുകുറ്റി റോഡ് (റെയിൽവെ ഗേറ്റ് വരെ) | 1 | 6 | ടാർ | | | | | | | |
| | 5. | മേലൂർ- പാലമുറി- മുരിങ്ങൂർ- കോട്ടമുറി റോഡ് (KMS) | 6 | 8 | ടാർ | | | | | | | |
| | | ഗ്രാമീണ റോഡുകൾ | | | | | | | | | | |
| VII | 1. | കല്ലുകുത്തി - വെട്ടുകടവ് - ചെക്ക് ഡാം റോഡ് | 3 | 6 | 2 കി.മീ | 1 കി.മീ. | 1കി.മീ | | | ഇല്ല | | |
| I | 2. | കുന്നപ്പിള്ളി - എരണ്ടപ്പാലം - P.H.C റോഡ് (ശ്രമദാനം) (ഭൂമിദാനം) | 1 | 4.5 | | | നടുഭാഗം പുതിയതായി നിർമ്മിക്കണം | | | | | |
| VI-VII | 3. | മുള്ളൻ പാറ - മൂഴിക്കൽ കടവ് റോഡ് (ശ്രമദാനം) | 2 | 5 | | കുറച്ചുഭാഗം പുതിയതായി നിർമ്മിക്കണം | | | | | | |
| VII & III | 4. | കാലടി - കപ്പോള - വെട്ടുകടവ് റോഡ് | 2.5 | 8 | 2 കി.മീ | ½കിമീ | | | | | | |
| II,III,IV | 5. | പൂലാനി - പുഷ്പഗിരി റോഡ് | 2 | 8 | 2 കിമീ | | | | | ഇല്ല | | |
| VII | 6. | കല്ലുകുത്തി - കലവറക്കടവ് റോഡ് | 2 | 6 | 2 കിമീ | | | | | | | |
| VIII,IX | 7. | P.W.D. റോഡ് | 6 | 5 | | | | | | | | |
| II, III | 8. | കൊമ്പിച്ചാൽ - കുറുപ്പം റോഡ് | 3 | 6 | ടാർ | | | | | | | |
| IV | 9. | പുഷ്പഗിര - പാലപ്പിള്ളി റോഡ് | 2 | 6 | ടാർ | | | | | | | |
| VI | 10. | P.S.സത്യൻ സ്മാരക റോഡ് (കരിങ്ങാമ്പിള്ളി റോഡ്) | 2.5 | 6 | ടാർ | | | | | | | |
| X | 11. | കോട്ടമുറി - അന്നനാട് റോഡ് | 1.5 | 6 | 1 കിമീ | 500 മീ | ✓ | | | | | |
| VIII | 12. | കരുവാപ്പടി - നടുത്തുരുത്ത് റോഡ് | 1 | 6 | ടാർ | | | | | | | |

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ | റോഡിന്റെ സ്ഥിതിവിവരം: ടാർ ചെയ്തത് | ടാർ ചെയ്യാത്തത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട ഇല്ലാത്തത് | കലുങ്ക് ഉള്ളത് | കലുങ്ക് ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|
| I | 13. | കുന്നപ്പിള്ളി - ആലയ്ക്കാപ്പള്ളി - അടിച്ചിലി റോഡ് | 2 | 6 | 500 കിമീ | | | ✓ | | | | |
| I | 14. | കുന്നപ്പിള്ളി - ദേവരാജഗിരി - പുഷ്പഗിരി റോഡ് | 1.5 | 5 | 500 മീ | | | ✓ | | | | |
| II | 15. | പൂലാനി-നായരങ്ങാടി-മുക്കാൽ വട്ടി-കൊമ്പൻ പാറ റോഡ് | 1.5 | 4 | 600 മീ | | | | | | | |
| II | 16. | പൂലാനി - നിലംപതി - മുക്കാൽ വട്ടി റോഡ് | 1 | 4 | | | | ✓ | | | | |
| II | 17. | പൂലാനി - ഹെൽത്ത് സെന്റർ കൊമ്പിച്ചാൽ റോഡ് | 1 | 6 | 200 മീ | | | ✓ | | | | |
| I & IV | 18. | പുഷ്പഗിരി - ഉരുളേപ്പാടം - കുന്നിപ്പിള്ളി റോഡ് | 1.7 | 8 | 200 മീ | | | ✓ | | | | |
| V | 19. | കുവ്വക്കാട്ടുകുന്ന് - നെടുമ്പാച്ചിറ റോഡ് | 1 | 6 | | | ✓ | | | | | |
| V | 20. | പിണ്ടാണി കപ്പോള കുവ്വക്കാട്ടുകുന്ന് റോഡ് | 1 | 8 | 500 മീ | | 500 മീ. | | | | | |
| VIII, IX | 21. | മുരിങ്ങൂർ - നടുത്തരുത്ത് റോഡ് | 1.5 | 6 | 500 മീ | | 1 കി.മീ. | | | | | |
| IX | 22. | സാൻജോനഗറിൽ നിന്നും ചെറുമറ്റം മറമ്പം വഴി പാലക്കുഴി റോഡ് | 1.5 | 6 | | | 0.5 കിമീ | | | | | |
| X | 23. | ചണ്ടിക്കുന്ന് - മുരിങ്ങൂർപാടം റോഡ് | 1 | 5 | | | 250 മീ | | | | | |
| I | 24. | കുന്നപ്പിള്ളി - വളപ്പീടിക (കനാൽ) റോഡ് | 1 | 4 | | | | 1 കിമീ | | | | |
| I | 25. | അടിച്ചിലി - കയ്യാണിക്കടവ് റോഡ് | 1 | 6 | | | | 1 കിമീ | | | | |
| I | 26. | കുന്നപ്പിള്ളി - തൈക്കാട്ടുചിറ റോഡ് | 0.5 | 4 | | | | ½ കിമീ | | | | |
| II | 27. | പൂലാനി-ഹെൽത്ത് സെന്റർ-ചെട്ടിതോപ്പ്കടവ് റോഡ് | 0.7 | 5 | | | | 700 മീ | | | | |
| II | 28. | പൂലാനി ക്ലബ് സെന്ററിൽ നിന്ന് ചെട്ടിക്കോട്ട് റോഡ് | 1 | 3 | | | | 1 കിമീ | | | | |
| II | 29. | പൂലാനി ലക്ഷംവീട് കോളനിയിൽ നിന്നും ഇടത്തോട്ടുള്ള റോഡ് - കൊമ്പിച്ചാൽ റോഡ് | 0.3 | 3 | | | | 300 മീ | | | | |
| II | 30. | പൂലാനി - കോവിലകം കടവ് റോഡ് | 0.5 | 4 | | | | 500 മീ | | | | |
| III | 31. | താര മഹിളാസമാജം-കുറുപ്പം റോഡ് (via) ഓട്ടുകമ്പനി | 1 | 4 | | | | 1 കിമീ | | | | |
| III | 32. | പിണ്ടാണി - ശിവപാർവ്വതി ക്ഷേത്രം തുടങ്ങി പൂലാനി സുബ്രഹ്മണ്യക്ഷേത്രം വരെയുള്ള റോഡ് പണിയണം | 1 | 4 | | | | 1 കിമീ | | | | |

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ | റോഡിന്റെ സ്ഥിതിവിവരം | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ടാർ | | മെറ്റൽ | | ഓട | | കലുങ്ക് | |
| | | | | | ചെയ്തത് | ചെയ്യാത്തത് | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് |
| IV | 33. | പുഷ്പഗിരി - പാലാട്ടികുണ്ട് - തണ്ടിക്കുന്ന് വഴി മുന്നൂർപ്പിള്ളി റോഡ് | 3 | 5 | | | | 3 കിമീ | | | | |
| IV | 34. | അടിച്ചിലി തണ്ട്യക്കുണ്ട് റോഡ് | 0.5 | 5 | | | | ½ കിമീ | | | | |
| IV | 35. | അടിച്ചിലി പാലാട്ടിക്കുന്ന് റോഡ് | 0.4 | 5 | | | | 400മീ | | | | |
| IV | 36. | പുഷ്പഗിരിയിൽ നിന്നും - കുന്നപ്പിള്ളി ലക്ഷം വീട് കോളനി മുതൽ കുന്നപ്പിള്ളി റോഡ് | 2.0 | 4 | | | | 1.5 കിമീ | | | | |
| IV | 37. | പാലപ്പിള്ളി - കരിപ്പാക്കുഴി - പിണ്ടാണി റോഡ് | 1.5 | 5 | | | | 1½ കിമീ | | | | |
| IV | 38. | പുഷ്പഗിരി ബേക്കറി ജംഗ്ഷൻ - ഹരിജൻ കോളനി വഴി പാലപ്പിള്ളിറോഡ് | 0.3 | 4 | | | | 300 മീ | | | | |
| IV | 39. | പാലപ്പിള്ളി - താങ്ങുച്ചിറ - കോട്ട റോഡ് | 0.2 | 4 | | | | 200 മീ | | | | |
| IV | 40. | പുഷ്പഗിരി - ഹരിജൻ കോളനി കോട്ടമുറി - പാലപ്പിള്ളി റോഡ് | 1.5 | 4 | | | | 1½ കിമീ | | | | |
| V | 41. | നെടുമ്പാച്ചിറ റോഡിൽ നിന്നും ചങ്ങാട്ടുപാടം വഴി പാല മുറിയിലേയ്ക്ക് | 0.75 | 5 | | | | 750 മീ | | | | |
| V | 42. | അച്ചാണ്ടി കുണ്ടിൽ നിന്നും കുന്നുകപ്പോള വഴി | 0.65 | 5 | | | | 650 മീ | | | | |
| V | 43. | കുവ്വാക്കാട്ടുകുന്ന് - കപ്പോളയിൽ നിന്നും കിഴക്കോട്ട് | 0.5 | 5 | | | | 500 മീ | | | | |
| V | 44. | കുവ്വാക്കാട്ടുകുന്ന് - കപ്പോളയിൽ നിന്നും പടിഞ്ഞാറോട്ട് | 1 | 5 | | | | 1 കിമീ | | | | |
| V | 45. | കുവ്വാക്കാട്ട് സ്കൂൾ വഴി തെക്കോട്ട് റിപ്പബ്ലിക്കൻ സ്ക്കൂൾ റോഡ് | 0.4 | 5 | | | | 400 മീ | | | | |
| V | 46. | കുവ്വാക്കാട്ടുകുന്ന് പള്ളിയിൽ നിന്നും വടക്കോട്ടുള്ള വഴി | 0.6 | 4 | | | | 600 മീ | | | | |
| V | 47. | കുവ്വക്കാട്ടുകുന്ന കനാൽ - പാലമുറി റോഡ് | 0.5 | 5 | | | | ½ കിമീ | | | | |
| V | 48. | കുവ്വക്കാട്ടുകുന്ന് വാട്ടർ ടാങ്കിന് താഴെ പടിഞ്ഞാറ് വശത്തേയ്ക്കു പോകുന്ന റോഡ് (ആശാരിമുക്ക്) | 1 | 4 | | | | 1 കിമീ | | | | |

422

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ. | റോഡിന്റെ സ്ഥിതിവിവരം: ടാർ ചെയ്തത് | ടാർ ചെയ്യാത്തത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട ഇല്ലാത്തത് | കലുങ്ക് ഉള്ളത് | കലുങ്ക് ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|
| V | 49. | കുവ്വാക്കാട്ടുകുന്ന് പള്ളിയുടെ പടിഞ്ഞാറുവശത്ത് കൂടി പോകുന്ന റോഡ് | 0.4 | 4 | | | | 400 മീ | | | | |
| VI | 50. | മേലൂർ ബ്രാഞ്ച് കനാൽ റോഡ് | 1 | 5 | | | | 1 കിമീ | | | | |
| VI | 51. | മൂഴിക്കൽ കടവ് - പുന്തൽ പാടം വഴി ലക്ഷം വീട് കോളനി റോഡ് | 1 കിമീ | | | | | | | | | |
| VI | 52. | പിണ്ടാണി ആച്ചണ്ടികുണ്ട് - പിനച്ചിറ റോഡ് | 0.5 | | | | | 500 മീ | | | | |
| III | 53. | കല്ലുകുത്തി - അംബേദ്കർ കോളനി റോഡ് | 1¼ | 5 | | | | | | | | |
| III | 54. | കിഴക്കെ പാറക്കടവ് റോഡ് | 500 മീ | 5 | | | | | | | | |
| III | 55. | മുണ്ടോലിക്കടവ് റോഡ് | 500 മീ | 5 | | | | | | | | |
| III | 56. | ചെട്ടിക്കടവ് റോഡ് | 700 മീ | 5 | | | | | | | | |
| III | 57. | എളമ്പ്ര ലക്ഷംവീട് റോഡ് | 500 മീ | 6 | | | | | | | | |
| III | 58. | എൽ. പി. സ്കൂൾ - എടമ്പാടം റോഡ് | 600 മീ | 6 | | | | | | | | |
| III | 59. | പാറക്കടവ് റോഡ് | 500 മീ | 6 | | | | | | | | |
| VII | 60. | ഫാം റോഡ് (കാലടി കൃഷിഭവൻ കുട്ടാടൻ പുഞ്ചപ്പാടംവഴി) | 1 | 8 | | | | 127 മീ. | | | | |
| VII | 61. | കനാൽ റോഡ് | 500 മീ | 4 | | | | 500 മീ. | | | | |
| VIII | 62. | കോളേജ് സ്റ്റുഡന്റ്സ് റോഡ് | 400 മീ | 5 | | | | 400 മീ. | | | | |
| VIII | 63. | കാലടി സെന്റർ റോഡ് | 1.3 | 6 | | | | 1.3 കിമീ. | | | | |
| VIII | 64. | കാലടി മനപ്പടി റോഡ് | 700 മീ | 6 | | | | 700 മീ. | | | | |
| IX | 65. | നരിച്ചിലപ്പാടം റോഡ് | 750 മീ | 5 | | | | 750 മീ. | | | | |
| IX | 66. | മുരിങ്ങൂർ പോസ്റ്റോഫീസ് ജംഗ്ഷനിൽ നിന്നും കരിയപ്പാടം വഴി സാൻജോ നഗർ റോഡ് | 600 മീ | 4 | | | | 600 മീ. | | | | |
| IX | 67. | സാൻജോ നഗർ നടുത്തുരുത്തു റോഡ് | 1.5 | 6 | | | | 1.5 കിമീ. | | | | |

| വാർഡ് | ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ | വീതി മീ. | റോഡിന്റെ സ്ഥിതിവിവരം: ടാർ ചെയ്തത് | ടാർ ചെയ്യാത്തത് | മെറ്റൽ ചെയ്തത് | മെറ്റൽ ചെയ്യാത്തത് | ഓട ഉള്ളത് | ഓട ഇല്ലാത്തത് | കലുങ്ക് ഉള്ളത് | കലുങ്ക് ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|
| IX | 68. | മുരിങ്ങൂർ റേഷൻകട വഴി പാലത്തുഴിയുമായി ബന്ധിപ്പിക്കുന്ന കനാൽ റോഡ് | 500 മീ | 4 | | | | 500 മീ. | | | | |
| X | 69. | കൂട്ടാലപ്പാടം റോഡ് - ഡിവൈൻ റെയിൽവേ സ്റ്റേഷനുമായി യോജിപ്പിക്കുന്നത് | 1 | 4 | | | | 1 കി.മീ. | | | | |
| X | 70. | കനാൽ റോഡ് (എൻ.എച്ച് മുതൽ അന്നനാട്) | 600 മീ | 4 | | | | 600 മീ. | | | | |
| X | 71. | എൻ.എച്ച് മുതൽ ആശുപത്രിക്കടവ് റോഡ് | 750 മീ | 5 | | | | 750 മീ. | | | | |
| X | 72. | പൊട്ടയ്ക്കക്കടവ് റോഡ് | 500 മീ | 5 | | | | 500 മീ. | | | | |
| X | 73. | കർത്തക്കടവ് റോഡ് | 500 മീ | 5 | | | | 500 മീ. | | | | |
| X | 74. | ഭാവന - അംഗൻവാടി റോഡ് | 500 മീ | 5 | | | | 500 മീ. | | | | |
| X | 75. | ഭാവന അംഗൻവാടി റോഡ് - കൂട്ടലപ്പാടം | 1. | 4 | | | | 1 കി.മീ. | | | | |
| X | 76. | കമ്പനി റോഡ് (കാടുകുറ്റി - കനാൽപ്പാലം റോഡ്) | 300 മീ | 4 | | | | 300 മീ. | | | | |
| X | 77. | കൂട്ടാലപ്പാടം റോഡിൽ നിന്നും വെള്ളായനിപ്പാടം റോഡ് | 500 മീ | 4 | | | | 500 മീ. | | | | |
| X | 78. | മണ്ടിക്കുന്ന് കവലയിൽ നിന്നും കിഴക്കോട്ടുള്ള വഴി | 500 മീ | 4 | | | | 500 മീ. | | | | |
| II | 79. | പൂലാനി - നിലംപതി കനാൽ ബണ്ട് കോളനി റോഡ് | 300 മീ | 4 | | | | 300 മീ. | | | | |
| II | 80. | കൊമ്പിച്ചാൽ ലക്ഷം വീട് കോളനി റോഡ് | 250 മീ | 3 | | | | 250 മീ. | | | | |
| IV | 81. | പുഷ്പുഗിരി മഠം എളഞ്ചേരി റോഡ് | 500 മീ | 4 | | | | 500 മീ. | | | | |
| IV | 82. | പുഷ്പഗിരി - കുന്നുപ്പിള്ളി റോഡിൽ നിന്ന് ആരംഭിച്ച് പുഷ്പഗിരി അടിച്ചിലി ടാർ റോഡിൽ ചേരുന്ന റോഡ് ( പുത്തൻ പുരകളുടെ സൈഡിലൂടെ ) | 750 മീ | 3 | | | | 750 മീ. | | | | |

436

# XI പാർപ്പിടവും സമൂഹ്യക്ഷേമവും

പാർപ്പിട പ്രശ്നം വികസിത രാജ്യങ്ങളിൽ പോലും ഒരു പ്രധാനപ്രശ്നമാണിന്ന്. എല്ലാവർക്കും പാർപ്പിടമെന്ന ലക്ഷ്യത്തിൽ എത്താൻ ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ട്. ഇപ്പോൾ നിലവിലുള്ളവയെ വിലയിരുത്തിയാൽ, ഒരു വിഭാഗം മധ്യവയസ്സ് കഴിയുന്നതുവരെ എല്ലുമുറിയെ പണിയെടുക്കുകയും ഇത്രയും നാൾകൊണ്ട് നേടിയ സമ്പത്തെല്ലാം കൊണ്ട് ഒരു ടറസ്സ് വീട് പണിയുകയും. പുന്നെ പെയിന്റിംഗോ റിപ്പയറിംഗോ കാലാകാലങ്ങളിൽ നടത്തുന്നതിന് സാധിക്കാറില്ല. ബോധവൽക്കരണത്തിലൂടെ ഇവർക്കാവശ്യമായ സൗകര്യമുള്ള ചെറിയ വീട് പണിയാനും മിച്ചം വരുന്ന പണം ജീവിതത്തിന്റെ മറ്റുള്ള ആവശ്യങ്ങളിലേയ്ക്ക് തിരിച്ചുവിടാൻ സാധിക്കും. നേരേ മറിച്ച് ഒരുവിഭാഗം അന്തിയുറങ്ങുന്നതിന് ഒരു ചെറിയ കുടിൽ പോലും ഇല്ലാത്ത അവസ്ഥ. ഇവർക്ക് എന്തെങ്കിലും ഭവനനിർമ്മാണ വായ്പ നല്കിയാൽ അറിവില്ലായ്മ കാരണം മറ്റ് ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കുന്നു.

പട്ടിക 1

| വീടുകൾ | | | | ജനസംഖ്യ | | | | കക്കൂസ് | | |
|---|---|---|---|---|---|---|---|---|---|---|
| കോൺക്രീറ്റ് | ഓട് | ഓല | ആകെ | പു | സ്ത്രീ | പട്ടികജാതി | ആകെ | സെപ്റ്റിക് ടാങ്ക് | GSP | ആകെ |
| 1539 | 3624 | 1477 | 5640 | 12486 | 12368 | 2031 | 24854 | 513 | 53 | 3928 |

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഭവനനിർമ്മാണ പദ്ധതികളും, IRDP , ജവഹർ ഭവന നിർമ്മാണ പദ്ധതി, രാജീവ് ദശലക്ഷഭവനപദ്ധതി , മൈത്രീ ഭവനനിർമ്മാണ പദ്ധതി കൂടാതെ HDFC, KSFE, തുടങ്ങിയ ഭവന നിർമ്മാണ പദ്ധതികളും നാമമാത്രമായിട്ടാണ് ഈ പഞ്ചായത്തിൽ ലഭ്യമാകുന്നത്. വരുമാനാടിസ്ഥാനത്തിൽ വായ്പാസഹായം ലഭ്യമാക്കുകയും ഇവ ഈ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഗ്രാമസഭകൾ ഉറപ്പ് വരുത്തുകയും വേണം.

**നിർദ്ദേശങ്ങൾ:-**

1. ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുക. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുക.
2. വീട് വയ്ക്കുന്നതിന് പഞ്ചായത്ത്, വില്ലേജ്, റജിസ്ട്രാഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ രേഖകൾ , സർട്ടിഫിക്കറ്റുകൾ എന്നിവ കാലതാമസം കൂടാതെ നൽകുക.
3. വായ്പാരീതി ലളിതമാക്കുക, വായ്പയുടെ തോത് കാലാനുസൃതമായി പുതുക്കുക.
4. ഉദ്യോഗസ്ഥരുടെ ചൂഷണം, ഓഫീസികുളിൽ അനാവശ്യമായ കാലതാമസം എന്നിവ ഒഴിവാക്കുക.
5. സഹകരണാടിസ്ഥാനത്തിൽ വീടുപണിയുന്നതിന് പ്രേരിപ്പിക്കുക, സഹായമുണ്ടാക്കുക.
6. പഞ്ചായത്തതിർത്തിക്കുള്ളിൽ പണിയുന്ന പാർപ്പിടങ്ങൾ പഞ്ചായത്ത് ചട്ടങ്ങൾക്ക് വിധേയമായിരി ക്കണം.
7. വായു, വെളിച്ചം എന്നിവ ലഭിക്കത്തക്ക രീതിയിലുള്ള വീടുകൾ പണിയുവാൻ പ്രേരിപ്പിക്കുക.
8. എല്ലാ വീടുകളുടേയും മുൻവശത്ത് പൂന്തോട്ടവും ഔഷധച്ചെടികളും, /ആ വീടിന് ആവശ്യമായ അടുക്കളത്തോട്ടവും നിർമ്മിക്കാൻ പ്രേരിപ്പിക്കുക.

1132

# അംഗൻവാടികൾ

ഈ പഞ്ചായത്തിൽ ആകെ 26 അംഗൻവാടികൾ ഉണ്ട്. കുട്ടികളുടെ മാനസികവും ശാരീരികവും കായികപരവുമായ വികാസത്തിനുവേണ്ട പ്രാമിക സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഉദ്ദേശലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നില്ല. മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് ഭാരതീയർക്ക് പോഷകാഹാരക്കുറവ് കണ്ടുവരുന്നു. ഇത് പരിഹരിക്കുന്നതിന് വേണ്ടി കേന്ദ്രഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന ബൾഗർ വീറ്റ്, സോയാബീൻ മിൽക്ക്, സോയാബീൻ ഓയിൽ എന്നിവയിൽ പലതും ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നു. ഇലയും കൂടാതെ ഇവയോടൊപ്പം കൂടുതൽ പോഷകാഹാരം നൽകണം. അമ്മമാർക്കുള്ള പോഷകാഹാരങ്ങളും നല്ല രീതിയിൽ നൽകണം.

**നിർദ്ദേശങ്ങൾ:-**

1. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിടവും ഇടിഞ്ഞുവീഴാറായ അംഗൻവാടികെട്ടിടങ്ങൾ (8 മഹിളാസമാജം കെട്ടിടങ്ങൾ ) പുതുക്കിപ്പിണിയുകയും, എല്ലാ കെട്ടിടങ്ങൾക്കും കോമ്പൗണ്ട് വാൾ അനുവദിക്കുകയും, വർഷം തോറും അറ്റകുറ്റപ്പണികൾ നടത്താൻ വേണ്ട പണം പഞ്ചായത്തിൽ നിന്നും നൽകണം.
2. വെള്ളം, വെളിച്ചം, സാനിറ്ററി സൗകര്യങ്ങൾക്കും വേണ്ട നടപടികൾ സ്വീകരിക്കുക.
3. കുട്ടികളുടെ ഉല്ലാസത്തിനുതകുന്ന കളിപ്പാട്ടങ്ങൾ (സൈക്കിൾ ഉഞ്ഞാൽ, അരയന്നം, നമ്പർ സ്റ്റാന്റ്) തുടങ്ങിയവയും പ്രീസ്കൂൾവിദ്യാഭ്യാസത്തിനും ആവശ്യമായ പഠനോപകരണങ്ങളും നൽകുക.
4. പോഷകാഹാരം പാകം ചെയ്യുന്നതിനുള്ള ഭക്ഷ്യ എണ്ണ, പാത്രങ്ങൾ എന്നിവ ലഭ്യമാക്കുക.
5. വിറക്, പച്ചക്കറി എന്നിവയ്ക്കുള്ള ഫണ്ട് നൽകുക.
6. അംഗൻവാടിക്ക് ആവശ്യമായ ഫർണിച്ചർ നൽകുക.
7. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും, വർക്കർമാരെയും, ഹെൽപർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച്, വേതനം വർദ്ധിപ്പിക്കുക.
8. അംഗൻവാടികൾക്ക് ശനിയാഴ്ച അവധി ദിവസമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
9. ഗ്രാമവികസനത്തിന്റെ കീഴിലുള്ള DWCRA യൂണിറ്റുകളുടെ വികസനത്തിന് പഞ്ചാത്ത് തലത്തിൽ മുൻകൈ എടുക്കുക.

# പൊതുവിതരണം

അവശ്യസാധനങ്ങളുടെ വിലക്കയറ്റവും, തൊഴിലില്ലായ്മയും മൂലം ജനങ്ങൾ വളരെയധികം ദുരിതമനുഭവിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ പൊതുവിതരണ സ്ഥാപനങ്ങളുടെ പ്രാധാന്യം എടുത്തുപറയേണ്ടതില്ലല്ലോ. അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഗവൺമെന്റ് ഏജൻസികളുടെ പ്രവർത്തനം വളരെ അനിവാര്യമാണ്. ഓണം , ക്രിസ്തുമസ്, തുടങ്ങിയ അവസരങ്ങളിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന്, മാവേലി സ്റ്റോറുകളിൽകൂടി ആയവ വിതരണം ചെയ്യുന്നതിലൂടെ കഴിയും. ഈ പഞ്ചായത്തിൽ ആകെ 13 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. ഇതിലെല്ലാം കൂടി 5213 കാർഡുകൾ ഉണ്ട്. പഞ്ചായത്തിലെ റേഷൻ കടകളുടെ പ്രവർത്തനം വളരെ ശോചനീയാവസ്ഥയിലായിണ്. സാധനങ്ങൾ ആവശ്യമുള്ളവർക്ക് അത്യാവശ്യസമയത്ത് ലഭ്യമാക്കുന്നതിൽ പല റേഷൻകടകളും വീഴ്ചവരുത്തുന്നു. വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവുതൂക്കങ്ങളുടെ കാര്യത്തിലും പലപ്പോഴും കൃത്യത കാണുന്നില്ല. പൂഴ്ത്തിവയ്പും, കരിഞ്ചന്തയും ഈ മേഘലയിൽ വ്യാപകമാണ്.

അതുപോലെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരമില്ലായ്മ എടുത്തു പറയേണ്ട മറ്റൊരു ന്യൂനതയാണ്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരി പലപ്പോഴും ഭക്ഷ്യയോഗ്യമാവാറില്ല. പഞ്ചസാ

രയും, മണ്ണെണ്ണയും, ഗോതമ്പ് തുടങ്ങിയവയും പലപ്പോഴും കൃത്യസമയത്ത് വിതരണം ചെയ്യാറില്ല. റേഷൻ കടകളുടേയും കാർഡ് ഉടമകളുടേയും അനുപാതം വളരെ ഉയർന്നതാണ്. പുതിയ റേഷൻ കടകൾ ആയവ നിലവിലില്ലാത്ത സ്ഥലങ്ങളിൽ അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോർ മാത്രമാണ് പഞ്ചായത്തിലുള്ളത്. അത് പഞ്ചായത്തിലെ ആറാം വാർഡിൽ പ്രവർത്തിക്കുന്നു. മാവേലി സ്റ്റോറിന്റെ പ്രവർത്തനം ഇപ്പോൾ കുറെ തൃപ്തികരമാണ്. വിശേഷിച്ചും കഴിഞ്ഞ ഓണക്കാലത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിലും, സാധാരണക്കാർക്ക് വിലകുറച്ച് അവ വിതരണം ചെയ്യുന്നതിലും ഈ മാവേലിസ്റ്റോറിന്റെ പ്രവർത്തനം വളരെ സഹായിച്ചിട്ടുണ്ട്.

റേഷൻ ഷാപ്പുകളുടെ പേരുമാറ്റംകൊണ്ട് യാതൊരു ഗുണവുമുണ്ടായിട്ടില്ല. മാത്രമല്ല പുതിയ പ്രശ്നങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. ആയതുകൊണ്ട് പൊതുവിതരണകേന്ദ്രം എന്ന പുതിയ പേര് എടുത്തുകളഞ്ഞ് അവയുടെ പഴയ പേരായ റേഷൻ ഷോപ്പ് അഥവാ ന്യായവിലഷോപ്പ് എന്നത് തിരിച്ചുനൽകേണ്ടതാണ്.

**പരിഹാരമാർഗ്ഗങ്ങൾ :-**

1. റേഷൻ സാധനങ്ങളുടെ കൃത്യമായ വിതരണം ഉറപ്പു വരുത്തുക.
2. അളവ് തൂക്കങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുക.
3. (N.B.) ഓരോ റേഷൻ കടയോടു ചേർന്നും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ വിജിലൻസ് സെല്ലുകൾ ആരംഭിക്കുക.
4. റേഷൻ കടകളില്ലാത്ത 7, 10 എന്നീ വാർഡുകളിലും, 4-ാംവാർഡിലെ പുഷ്പഗിരിയിലും ഓരോ റേഷൻ കടകൾ തുടങ്ങുക.
5. റേഷൻ കടകൾ വഴിയും, മാവേസിസ്റ്റോറുകൾ വഴിയും വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക. അവ കുറെ കൂടി കുറഞ്ഞ വിലയക്ക് ലഭ്യമാക്കാൻ ശ്രമിക്കുക.
6. റേഷൻ കാർഡുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് അവ ലഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളിലൊന്നായ വീട്ടു നമ്പർ പരമാവധി നേരത്തെ നൽകാൻ ശ്രമിക്കുക.
7. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ തുടങ്ങി അത് ആഴ്ചയിലൊരിക്കൽ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
8. റേഷൻ കടകളുടെ പൂർണ്ണമായ അധികാരം അതാത് പഞ്ചായത്തുകൾക്ക് നൽകണം
9. ഉപഭോക്താക്കളുടെ അവകാളങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിൽ വിവധതലത്തിലുള്ള പെൻഷന് അർഹതപ്പെട്ടവർ ഉണ്ട്. എന്നാൽ ഇന്ന് അത് എല്ലാവർക്കും കിട്ടുന്നില്ല. കാരണം പെൻഷനെപ്പറ്റിയുള്ള അജ്ഞതമൂലമാണ്. 241 കർഷകതൊഴിലാളി , പെൻഷൻ, വിധവാ പെൻഷൻ വാർദ്ധക്യക്കാല പെൻഷൻ അതുപോലെ തന്നെ തൊഴിലില്ലായ്മ വേതനം മുതലായവ സർക്കാർ തലത്തിൽ അനുവദിക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ കുറച്ചു പേർക്കു മാത്രമേ കിട്ടുന്നുള്ളൂ. കാരണം വളരെയധികംപേർക്കും ഇതിനെപ്പറ്റി അറിയുകയില്ല. അല്ലെങ്കിൽ അപേക്ഷ അയച്ചിട്ടും ഇതുവരെ അനുവദിച്ചു കിട്ടിയിട്ടില്ല. ആയതുകൊണ്ട് ഈ പഞ്ചായത്തിൽ ഉൾപ്പെട്ട എല്ലാ അർഹതപ്പെട്ട പെൻഷൻകാർക്കും പെൻഷൻ കിട്ടുന്നതിനും അത് കാലാകാലങ്ങളിൽ ഭേദഗതികൾ വരുത്തി ഗ്രാമപഞ്ചായത്തു വഴി വിതരണം ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണം.

നമ്മുടെ പഞ്ചായത്തിൽ അശരണന്മാർക്കും നിരാംലബരുമായ വൃദ്ധജനങ്ങൾ ഉണ്ട്. അവരെ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും ആയി ഈ പഞ്ചായത്തിൽ ചുരുങ്ങിയത് 2 വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുകയും, അവരുടെ സംരക്ഷണ ചുമതല ഗ്രാമ പഞ്ചായത്ത് ഏറെറടുക്കുകയും ചെയ്താൽ നാം അവരോട് ചെയ്യുന്ന ഏറ്റവും ഉചിതമായ ഒരു സേവനമായിരിക്കും.

നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി നടത്തി വരുന്ന അറവുശാലകൾ പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അതുപോലെ തന്നെ റോഡിന്റെ ഇരുവശങ്ങളിൽ കെട്ടികിടക്കുന്ന ഓടകളിലും മറ്റു ജല നിർഗമ ഉപാധികളും പരിസ്ഥിതിയെ ബാധിക്കുന്നു. ഇതു മൂലം സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതിനും സാധ്യതയുണ്ട്. ആയതിനാൽ ഇത് പരിഹാരിക്കുന്നതിനുവേണ്ട താഴെ പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് ഏറ്റെടുക്കണം.

**നിർദ്ദേശങ്ങൾ :-**

1). പഞ്ചായത്തുവകയായി പൊതു മാർക്കറ്റ് സാഥാപിക്കുകയും അതിനോടുചേർന്ന് മത്സ്യ മാംസ വിൽപന നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാകേണ്ടതാണ്.

2) നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള ഓടകൾ വൃത്തിയാക്കുന്നതിനും [illegible] ശിനി [illegible]ളിക്കുന്നതിനും പഞ്ചായത്തിൽ നിന്നും ജീവനക്കാരെ നിയമിക്കേണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ പഞ്ചായത്തിൽ 9-ാം പഞ്ചവത്സര പദ്ധതി കയഴിയുമ്പോഴേക്കും (2000-ാംമാണ്ട് കഴിയുമ്പോഴേയ്ക്കും) വീടില്ലാത്ത ഒരു വ്യക്തിയും ഈ പഞ്ചായത്തിൽ ഇല്ല എന്നും, അതിനുവേണ്ടി സർക്കാർ ആവിഷിക്കരിച്ചിരിക്കുന്ന വിവിധ ഇനം പദ്ധതികളുടെ പ്രയോജനം എല്ലാവർക്കും ലഭിക്കുന്നതിനും പൊതുജനപങ്കാളിത്വത്തോടെയും മനുഷ്യപ്രയത്നത്തിന്റേയും സഹായത്തോടെ എല്ലാ തരത്തിലുമുള്ള ജനങ്ങൾക്കും സ്വന്തം വീട് എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കണമെന്നും സർവ്വോപരി നാടിനും നമ്മുടെ സംസ്ഥാനത്തിനും നമ്മുടെ പഞ്ചായത്തും മറ്റു പഞ്ചായത്തുകളുടെ മുന്നിൽ ഒട്ടും പിറകിലല്ല എന്നും മറ്റ് സങ്കുചിത ചിന്തകൾ വെടിഞ്ഞ്, കക്ഷി രാഷ്ട്രീയം മറന്ന് പഞ്ചായത്ത് ജനതയും മറ്റ് സ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാം എന്ന് ദൃഢപ്രത്ജ്ഞ ചെയ്യണം. അങ്ങിനെ ഐശ്വരപൂർണ്ണമായ മേലൂർ ഗ്രാമം 2000-ാംമാണ്ട് പുലരുമ്പോൾ ആകട്ടെ എന്ന് പ്രർത്ഥിക്കാം. അതിനുവണ്ടി നാം ഇപ്പോഴെ പരിശ്രമിക്കാം.

## മേലൂർ ഗ്രാമപഞ്ചായത്ത്
## 26 അംഗൻ വാടികളിൽ നിന്ന് ശേഖരിച്ച വിവരം

| | | | | |
|---|---|---|---|---|
| 1) | a) | പഞ്ചായത്തിലെ ആകെ സംഖ്യ | : | 24854 |
| | b) | പുരുഷന്മാർ | : | 12486 |
| | c) | സ്ത്രീകൾ | : | 12368 |
| 2) | a) | പട്ടികജാതി ജനസംഖ്യ | : | 203 |
| | b) | പട്ടികവർഗ ജനസംഖ്യ | : | - |
| 3) | | അംഗൻവാടികളുടെ എണ്ണം | : | 26 |
| 4) | a) | ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : | 355 |
| | b) | 1-2 വയസ്സുവരെ പ്രയുമുള്ള കുട്ടികൾ | : | 373 |
| | c) | 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 313 |
| | d) | 3-5 വയസ്സുവരെ പ്രയമുള്ള കുട്ടികൾ | : | 541 |
| 5) | a) | പഞ്ചായത്തിൽ ആകെ ഗർഭിണികളുടെ എണ്ണം | : | 166 |
| | b) | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | 19 |
| 6) | | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള) | : | 137 |
| 7) | a) | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : | 354 |
| | b) | ചാപിള്ള ജനനങ്ങൾ | : | 3 |
| 8) | a) | ഒരു വയസ്സിന് താഴെ പ്രയത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) | : | 10 |
| | b) | 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | 1 |
| | c) | 3-6 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം | : | 1 |
| 9) | a) | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : | Nil |
| | b) | മറ്റുമരണങ്ങളുടെ എണ്ണം | : | 126 |
| 10) | a) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 943 |
| | b) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 115 |
| | c) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 96 |

പട്ടിക - 1

## അംഗൻവാടികളുടെ വിവരം

| ക്രമനമ്പർ | വാർഡ് | എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 3 | 44,50,117 | 192 | 3 | Nil | ✓ | - | Nil | Nil | ✓ |
| 2 | 2 | 3 | 51,52,118 | 161 | 2 | A.W. No. 52 | Nil | 1 | Nil | Nil | Nil |
| 3 | 3 | 2 | 107,53 | 166 | 2 | - | ✓ | - | Nil | Nil | - |
| 4 | 4 | 3 | 54,49,48 | 166 | 3 | - | ✓ | - | Nil | Nil | - |
| 5 | 5 | 3 | 46,111,47 | 192 | 2 | A.W. No. 47 | Nil | 1 | " | " | - |
| 6 | 6 | 2 | 40,45 | 99 | - | 2 | - | 2 | " | " | - |
| 7 | 7 | 3 | 105,55,56 | 229 | 1 | 2 | 1 | 1 | " | " | 1 |
| 8 | 8 | 3 | 106,42,43 | 189 | 3 | - | ✓ | - | " | " | - |
| 9 | 9 | 1 | 41 | 34 | 1 | - | ✓ | - | " | " | - |
| 10 | 10 | 3 | 122,104,39 | 216 | 3 | - | ✓ | - | " | " | - |
| | ആകെ | 26 | | 1644 | 20 | 6 | 1 | 5 | | | 1 |

പട്ടിക - 2

## മേലൂർ ഗ്രാമപഞ്ചായത്ത്

### IRDP സർവ്വേ പ്രകാരം – ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC | സഹായം ലഭിച്ചതു വഴി ദാരിദ്രരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 219 | 9 | 24 | 12 | 2 | 219 |
| II | 219 | 6 | 24 | 10 | - | 219 |
| III | 231 | 7 | 20 | 9 | 2 | 231 |
| IV | 333 | 20 | 22 | 9 | 3 | 333 |
| V | 297 | 56 | 21 | 14 | 5 | 297 |
| VI | 260 | 9 | 20 | 3 | 1 | 260 |
| VII | 231 | 17 | 19 | 14 | 4 | 231 |
| VIII | 130 | 5 | 5 | 3 | - | 130 |
| IX | 76 | 5 | 6 | 4 | 1 | 76 |
| X | 170 | 11 | 9 | 5 | 1 | 170 |

പട്ടിക – 3

## മേലൂർ ഗ്രാമപഞ്ചായത്ത്
## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 32 | 11 | 5 | 6 | 21 |
| II | 38 | 8 | 1 | 7 | 31 |
| III | 43 | 1 | 0 | 1 | 42 |
| IV | 54 | 4 | 1 | 3 | 51 |
| V | 86 | 11 | 3 | 8 | 75 |
| VI | 55 | 2 | - | 2 | 53 |
| VII | 59 | 3 | - | 3 | 56 |
| VIII | 47 | 2 | - | 2 | 45 |
| IX | 22 | - | - | - | 22 |
| X | 73 | 10 | 2 | 8 | 63 |

പട്ടിക - 4

4446

## മേലൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 14 | 3 | 11 | |
| II | 18 | - | 18 | |
| III | 32 | 1 | 31 | |
| IV | 19 | - | 19 | |
| V | 8 | 1 | 7 | |
| VI | 2 | - | 2 | |
| VII | 19 | 9 | 10 | |
| VIII | 5 | - | 5 | |
| IX | 2 | - | 2 | |
| X | 7 | - | 7 | |

പട്ടിക - 5

## ഗ്രാമപഞ്ചായത്ത് - മേലൂർ

# LATRINE

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം Latrine ലഭിക്കേണ്ടവർ | സഹായം ലഭിച്ച വരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 39 | 3 | 36 | |
| II | 36 | 13 | 23 | |
| III | 34 | 2 | 32 | |
| IV | 48 | 6 | 42 | |
| V | | | | |
| VI | | | | |
| VII | | | | |
| VIII | | | | |
| IX | | | | |
| X | | | | |

പട്ടിക - 6

446

## മേലൂർ ഗ്രാമപഞ്ചായത്ത്

## TRYSEM

| വാർഡ് നമ്പർ | IRDP സർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | | 5 Nos. | | |
| II | | 1 | | |
| III | | 1 | | |
| IV | | 3 | | |
| V | | - | | |
| VI | | 1 | | |
| VII | | 1 | | |
| VIII | | 2 | | |
| iX | | 5 | | |
| X | | - | | |

പട്ടിക -7

447

## മേലൂർ ഗ്രാമപഞ്ചായത്ത്

### ജനനമരണ വിവരങ്ങൾ (രജിസ്ട്രേഷൻ നടന്നത്)

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 16 | 111 | |
| 1194-95 | 8 | 136 | |
| 1995-96 | 5 | 142 | |

## മേലൂർ ഗ്രാമപഞ്ചായത്ത്

### പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലമന്യ രോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993 | 313 | Nil | Nil | |
| 1994 | 260 | Nil | Nil | |
| 1995 | 692 | Nil | Nil | |
| 96 up to 9/96 | 448 | Nil | Nil | |

# XII സംസ്ക്കാരം

ചാലക്കുടിപ്പുഴയുടെ മേലേക്കരയിൽ സ്ഥിതിചെയ്യുന്ന കാർഷിക ഗ്രാമമായ മേലെയുള്ള ഊര് (മേന്മയുള്ള ഊര് എന്നും വിവക്ഷ) ഉരുതിരിഞ്ഞ് "മേലൂർ" എന്ന ഗ്രാമം സാസ്കാരിക രംഗത്ത് തനിമ പുലർത്തിപോരുന്നു. പ്രാചീന കലാരൂപമായ സംഘംകളിക്ക് (യാത്രാകളി) നേതൃത്വം നൽകിയ പടു തോൾസംഘം ഈ ഗ്രാമത്തിലാണ് ഉണ്ടായിരുന്നത്. പ്രാചീനമായ ഒരു സംസ്കാരം ഉണ്ടായിരുന്നു എന്നതിന്റെ പല അവശിഷ്ടങ്ങളും മുടിഞ്ഞ അമ്പലങ്ങളും ഗ്രാമത്തിന്റെ അങ്ങിങ്ങായി കാണപ്പെടുന്നു. ചരിത്രവിദ്യാർത്ഥികൾക്ക് ഗവേഷണങ്ങൾക്ക് വകയുള്ളതാണ് മുടിഞ്ഞ അമ്പലങ്ങളും പഞ്ചായത്തിന്റെ തെക്കേ അതിരിൽ കിഴക്കു പടിഞ്ഞാറായി കാണുന്ന ടിപ്പുസുൽത്താന്റെ പടയോട്ടത്തെ തടഞ്ഞ കോട്ടയും മറ്റും. കൂടാതെ കഴിഞ്ഞ തലമുറയിലെ പ്രശസ്ത കവിയായ കാലടി രാമൻ നമ്പീശൻ (കേളീശാകുന്തളം) ഈ ഗ്രാമത്തിൽ ജനിച്ചു വളർന്നതാണ്. അടുത്ത കാലത്ത് അന്തരിച്ചഇംഗ്ലീഷ് സാഹിത്യകാരനായP.തോമാസനെറ്റിക്കാടൻ , വിശുദ്ധഗ്രന്ഥമായ ബൈബിൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ മോൻ:തോമസ് മൂത്തേടൻ എന്നിവരുടെ ജന്മഭൂമി മേലൂർ ആണ്. മദ്ദളവായന കലയിലെ അതുല്യനായ ചാലക്കുടി നാരായണൻ നമ്പീശൻ ഈ ഗ്രാമത്തിൽ ജനിച്ചു വളർന്നതാണ്. ആധുനിക സാഹിത്യകാരന്മാരിൽ പ്രമുഖനും കേരളസാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രീ.C.R പരമേശ്വരൻ, യുവകവിയായ ഋഷികേശൻ, പരിവർത്തന കാലഘട്ടത്തിലെ നടനും സംവിധായകനുമായ ശ്രീ ജോണി എകരേടനും നാടക കലയിലൂടെയും പൊതുപ്രവർത്തനങ്ങളിലൂടെയും ജനങ്ങളിൽ വിപ്ലവത്തിന്റെ വിത്തു പാകി ഒരു ഉയർത്തെഴുന്നേല്പിന് നേതൃത്വംനടത്തിയ രാഷ്ട്രീയാചാര്യന്മാരായ ശ്രീ.K.S ദാമോദരനും P.V. കൊച്ചുകരപ്പനും മേലൂരിന്റെ സംഭാവനകളാണ്. സാക്ഷരതാപ്രവർത്തനരംഗത്ത് വമ്പിച്ച ജന മുന്നേറ്റം കൈവരിച്ച് വിജയം നേടിയ ഗ്രാമമാണ് മേലൂർ.

ഈ പഞ്ചായത്തിൽ സാസ്കാരിക രംഗത്ത് പ്രധാനമായി ആശാൻ മെമ്മോറിയൽ വായന ശാല, A&G മെമ്മോറിയൽ വായനശാല , ടാഗോർ വായനശാല, ഗ്രാമീണ വായനശാല, മേലൂർ പഞ്ചായത്തുവക വായന ശാല എന്നിവ പ്രവർത്തിക്കുന്നു. വിപ്ലവപ്രസ്ഥാനത്തിന്റെ ഈറ്റില്ലമായിരുന്ന കുന്നപ്പിള്ളിയിൽ ആശാൻ മെമ്മോറിയൽ വായനശാല കൂടാതെ മൂന്ന് ആർട്ട്സ് & സ്പോർട്ട്സ് ക്ലബുകളും സർക്കാർ സ്ഥാപിച്ച ഒരു സാംസ്കരിക കേന്ദ്രവും, ഒരു മഹിളാസമാജവും, S.N.D.P. ശാഖയും പ്രവർത്തിക്കുന്നു. ദേവരാജഗിരികുന്നിൻ മുകളിലായി "ദേവരാജഗിരിദ്വതനാഥ ക്ഷേത്രവും കുടികൊള്ളുന്നു. ഈ ക്ഷേത്രത്തിൽ വർഷം തോറും ഉത്സവത്തോടനുബന്ധിച്ച് കാവടിയാട്ടം, നാടകം തുടങ്ങിയവ നടത്തുന്നു. ഈഴവരും ഹരിജനങ്ങളും കൂടുതലായി അധിവസിക്കുന്നു. പൂലാനി പ്രദേശത്ത് പ്രധാനമായി നാലു സാംസ്കാരിക സ്ഥാപനങ്ങൾ ഉണ്ട്. നാല്പതിലേറെ വർഷങ്ങൾക്ക് മുമ്പ് ജന്മംകൊണ്ട "കേരള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്" ഇപ്പോൾ പ്രവർത്തനം മുരടിച്ചു നില്ക്കുന്നു. മറ്റുസ്ഥാപനങ്ങൾ കായിക-കലാരംഗത്ത് പ്രോത്സാഹജനകമായ പ്രവർത്തനം കാഴ്ചവച്ച് പ്രവർത്തിച്ചുവരുന്നു. ഈ സാംസ്കാരിക സ്ഥാപനങ്ങൾ വർഷം തോറും നല്ല നിലവാരം പുലർത്തുന്ന നാടകംഅവതരി പ്പിക്കുന്നു.ഇവിടെ നിന്നും നാടകതാരങ്ങളെ വാർത്തെടുക്കാൻ കഴിയും. കൂടാതെ ഈ പ്രദേശത്ത് പുരോഗമന കലാ-സാഹിത്യ സംഘത്തിന്റെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കലാകായികരംഗത്ത് പ്രതിഭാശാലികൾ വളർന്നു വരുന്നുണ്ട്. എടത്രക്കാവ് ഭഗവതി ക്ഷേത്രം, മുക്കാൽവട്ടി ശ്രീകൃഷ്ണക്ഷേത്രം എന്നിവ പ്രധാന ആരാധനാലയങ്ങളാണ്. താലം എഴുന്നള്ളിപ്പ്, ആന എഴുന്നള്ളിപ്പ്, നാടകം, ഹരിജൻ കലയായ മുടിയാട്ടം, കാളകളി, തുടികൊട്ട് എന്നിവ പ്രധാന ആഘോഷങ്ങളാണ്. ഒരു വനിതാ സമാജം നാമമാത്രമായി പ്രവർത്തിക്കുന്നു. ഹിന്ദുമത വിശ്വാസികൾ കൂടുതൽ.

പൂലാനികുറുപ്പം വാർഡിൽ ഒരു മഹിളാ സമാജം ഉൾപ്പെടെ കലാസമിതികൾ നല്ലനിലയിൽ പ്രവർത്തിക്കുന്നു. S.N.D.Pയുടെ കീഴിൽ പുരാതന ആരാധനാലയമായ ശ്രീ.സുബ്രഹ്മണ്യക്ഷേത്രം നിലനിൽക്കുന്നു. ഇവിടെ ആനയെഴുന്നള്ളിപ്പ്, കാവടിയാട്ടം, നാടകം തുടങ്ങിയ കലാപരിപാടികൾ കാലങ്ങളായി നടത്തിയിരുന്നു. ഹരിജനങ്ങളുടെ വകയായി ഒരു ആരാധനാസ്ഥാപനവും ഒരു ക്രിസ്ത്യൻ പള്ളിയും ഇപ്പോൾ അടുത്തകാലത്തായി സ്ഥാപിച്ച് നിലനിന്നുപോരുന്നു. ഇവിടെ മതാചാരപ്രകാരമുള്ള ആഘോഷങ്ങൾ വർഷം തോറും നടത്തിവരുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഒരുമിച്ച് മതമൈത്രിയോടെ താമസിക്കുന്നു.

പുഷ്പഗിരി, പാലപ്പിള്ളി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ടാഗോർവായനശാല പ്രവർത്തിക്കുന്നു. മുഖ്യ ആരാധനാലയമായ പുഷ്പഗിരിപ്പള്ളി നിലകൊള്ളുന്നു. മറ്റുചെറിയ ആരാധനാലയങ്ങളും ഉണ്ട്. ക്ലബ്ബുകളും മറ്റുകലാസമിതികളും പ്രവർത്തിക്കുന്നു. പൂക്കള മത്സരം, നാടകം മറ്റുകലകളും നടത്തി വരുന്നു. കൂടുതലായി ക്രിസ്ത്യാനികളും മറ്റു പിന്നോക്ക സമുദായക്കാരും ഇടതിങ്ങിപ്പാർക്കുന്നു. കുവ്വക്കാട്ടുനിന്ന് വാർഡിൽ ഹരിജനങ്ങളും ക്രിസ്ത്യാനികളും കൂടുതൽ അധിവസിക്കുന്നു. സാംസ്കാരിക സംഘടനകൾ പ്രവർത്തിക്കുന്നു. വനിതാസംഘടനകളും പ്രവർത്തിക്കുന്നു. കുവ്വക്കാട്ടുകുന്ന് ഭാഗത്ത് ഹരിജനങ്ങൾ കൂട്ടമായി താമസിക്കുന്നു. സാംസ്കാരികമായും പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. ഇവിടെ തിരുഹൃദയകുന്ന് ദേവാലയവും മൂന്ന് അമ്പലവും ഒരു U.P സ്കൂളും ഉണ്ട്. കലാസമിതികളും ക്ലബുകളും ഭാഗികമായി പ്രവർത്തിക്കുന്നു. ഒരു കന്യാസ്ത്രീ മഠവും അതിനോടുചേർന്ന് ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു.

6-ാം വാർഡ് മുള്ളൻപാറ, പന്തൽപ്പാടം, കറിങ്ങാമ്പിള്ളി, കല്ലുകുത്തിപള്ളിനട എന്നീ പ്രദേശങ്ങൾ വാർഡിൽ ഒരു വായനശാലയും ഹൈസ്കൂൾ അടക്കം രണ്ടു സ്കൂളുകളും സാംസ്കാരിക കേന്ദ്രമായ ക്ലബുകളും പ്രവർത്തിക്കുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടതിങ്ങി താമസിക്കുന്നു. ഒരു ക്രിസ്ത്യൻ ദേവാലയവും 3 സ്വകാര്യ അമ്പലവും സ്ഥിതിചെയ്യുന്നു. അമ്പലങ്ങളിലും പള്ളിയിലും മതപരമായ ആഘോഷങ്ങൾ നടത്തി വരുന്നു.

കല്ലുകുത്തി, കലവറക്കടവ്, ശാന്തിപുരം പ്രദേശങ്ങൾ ഉൾപ്പെടുന്ന 7-ാം വാർഡിൽ ഒരു പള്ളിയും ഒരു കന്യാസ്ത്രീ മഠവും രണ്ട് അമ്പലങ്ങളും രജിസ്റ്റേഡ് ക്ലബുകളും പ്രവർത്തിച്ചുവരുന്നു. ക്രൈസ്തവ മത വിശ്വാസികൾ ഭൂരിപക്ഷം ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് മതസൗഹാർദ്ദം നിറഞ്ഞു നിൽക്കുന്നു. അമ്പലത്തിലേയും പള്ളികളിലേയും ആഘോഷങ്ങളിൽ നാനാജാതി മതസ്ഥർ പങ്കെടുത്തുവരുന്നു. ഈ പ്രദേശത്തുകാരായ P.തോമസ് നെറ്റിക്കാടൻ, Fr:മോൺ.തോമസ് മൂത്തേടനും പഞ്ചായത്തു ജഡ്ജിയായിരുന്ന N.C തോമസ് നെറ്റിക്കാടൻ പ്രഗത്ഭനായ പഞ്ചായത്ത് പ്രസിഡന്റ് N.J ചാകുര്യ, മേലൂർ സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപകൻ കുഞ്ഞുവറീത് നെറ്റിക്കാടൻ എന്നിവർ ഈ വാർഡുകാരാണ്.

ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്ന കാലടി പ്രദേശം ഉൾക്കൊള്ളുന്ന ഈ പ്രദേശത്ത് രണ്ട് ക്രിസ്ത്യൻ ദേവാലയവും മൂന്ന് അമ്പലവുംസ്ഥിതിചെയ്യുന്നു. ഈ പ്രദേശം സാംസ്കാരിക രംഗത്ത് കഴിവുറ്റ സംഭാവന നൽകിയ സാഹിത്യ അക്കാദമി അവാർഡ് നേടിയ നോവലിസ്റ്റായ ശ്രീ.C.Rപരമേശ്വരന്റെ ജന്മം കൊണ്ട് അനുഗ്രഹീതമാണ്. പ്രസിദ്ധ പെയിന്ററായ ദാമോദരൻ നമ്പീശൻ ഈ പ്രദേശത്തുകാരനാണ്. സാംസ്ക്കാരിക രംഗത്ത് ഇനിയും അഭിവൃദ്ധിക്ക് വകയുണ്ട്.

നാഷണൽ ഹൈവേ കടന്നുപോകുന്ന മുരിങ്ങൂർ ഭാഗം കായികമായി മുന്നിൽ നിൽക്കുന്നു. കായിക രംഗം പരിപോഷിപ്പിക്കുന്നതിനാവശ്യമായ രീതിയിലുള്ള ഒരു കളിസ്ഥലം ഇവിടെയില്ല. അമ്പലവും പള്ളിയും ഈ പ്രദേശത്തുണ്ട്. പ്രസിദ്ധമായ കാലടി ശിവക്ഷേത്രം ഈ വാർഡിലാണ്. യുവജനരംഗത്ത് പ്രവർത്തിക്കുന്ന ക്ലബുകളും ഈ പ്രദേശത്തുണ്ട്. ഈ പ്രദേശം വ്യാവസായികമായി മുന്നിൽ നിൽക്കുന്നു. ക്രിസ്ത്യൻമതവിശ്വാസികൾ തിങ്ങിപ്പാർക്കുന്നു.

ഈ ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറെഅറ്റത്തെ വാർഡായ മണ്ടിക്കുന്ന് പ്രദേശത്ത് കലാകായികരംഗത്ത് പ്രവർത്തിക്കുന്ന ക്ലബുകൾ ഉണ്ട്. പഞ്ചായത്തുവക ഒരു വായനശാലയും ഇവിടെപ്രവർത്തിക്കുന്നു. ഹിന്ദു ക്രിസ്ത്യൻ ദേവാലയങ്ങൾ സ്ഥിതിചെയ്യുന്നു. അഖിലേന്ത്യാ തലത്തിൽ പ്രശസ്തിയുള്ള ഡിവൈൻ ധ്യാനകേന്ദ്രം ഈ പ്രദേശത്ത് സ്ഥിതിചെയ്യുന്നു. നാടൻകളി, ഓണക്കളി, തിരുവാതിരകളി കൂടാതെ പ്രാചീന കലാരൂപമായ മുടിയേറ്റ് ഈ പ്രദേശത്ത് എല്ലാവർഷവും നടത്തിവരുന്നു.

ഈ പഞ്ചായത്തിലെ ജനതയുടെ കായികവിനോദമായ ഫുട്ബോൾകളി ഇന്നും നിലനിലനിൽക്കുന്നു. പൂലാനിയും മേലൂരും കേന്ദ്രീകരിച്ച് വർഷത്തിൽ രണ്ട് മൂന്ന് പ്രാവശ്യം പഞ്ചായത്തിന്റെ സമീപ പഞ്ചായത്തിലെ പ്രഗൽഭ ടീമുകളെ പങ്കെടുപ്പിച്ച് ഫുട്ബോൾ മത്സരം നടത്തിവരാറുണ്ട്. പക്ഷെ ഈ രംഗത്ത് അവരെ വേണ്ടുംവിധം പ്രോത്സാഹിപ്പിച്ച് മുന്നേറുന്നതിന് ഉതകുന്നഒരു നല്ല ഗ്രൗണ്ട് ഇനിയും ഈ പഞ്ചായത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേറ്റു തലത്തിൽ ഉയർന്നുവരാവുന്ന കായികതാരങ്ങൾ ഈ പഞ്ചായത്തു

ത്തിക്കുള്ളിലുണ്ട്. അവരെ തെരഞ്ഞുപിടിച്ചുപ്രോത്സാഹിപ്പിച്ച് വളർത്തിയെടുക്കുവാൻ ഇനിയും വൈകി കൂടാ. കൂടാതെ യുവാക്കളുടെ ഹരമായ ക്രിക്കറ്റും പഞ്ചായത്തിൽ വളർന്നു വരുവാൻ സാധ്യതയുള്ള കായിക വിനോദമാണ്. ഈ രംഗത്തും ശോഭിക്കുവാൻസാധ്യതയുള്ള കായിക താരങ്ങളുണ്ട്. കലാകായിക പ്രതിഭ കളെ ചെറുപ്രയത്തിൽ കണ്ടെത്തുകയും അവർക്ക് ചെറുപ്രയത്തിൽ തന്നെ കാര്യക്ഷമമായ പരിശീലനവും പോഷകാഹാരങ്ങളും നൽകുക. നാടിന്റെ സാമ്പത്തായി വളർത്തി കൊണ്ടു വരിക.

**പ്രശ്നങ്ങൾ**

I വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും കുറവ്
II പ്രവർത്തിക്കുന്ന വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും പ്രവർത്തനം പ്രോത്സാഹ ജനകമല്ല.
III പൊതു സാംസ്ക്കാരിക നിലയങ്ങളുടെ അപര്യാപ്തത.
IV T.V, റേഡിയോ തുടങ്ങിയ മാധ്യമങ്ങളുടെ അപര്യാപ്തത.
V ഹരിജൻ കോളനികളിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ കുറവ്.
VI ഹരിജൻ കോളനികളിൽ നിർബന്ധവും തുടർച്ചയുമായ വിദ്യാഭ്യാസ പ്രവർത്തന കുറവ്.
VII കലാസാംസ്കാരിക സ്ഥാപനങ്ങളോടുള്ള അവഗണന.
VIII പൊതുസ്ഥലങ്ങളും പൊതു കളിസ്ഥലത്തിന്റേയും കുറവ്.
IX കലാ, കായിക, സാഹിത്യരംഗത്തെ പ്രതിഭകളോടുള്ള അവഗണന.

**പരിഹാരം**

I പഞ്ചായത്തിൽ നിലവിലുള്ള വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും പ്രവർത്തനം ത്വരി തപ്പെടുത്തുക.
II സർക്കാരിൽ നിന്നുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുക.
III പുസ്തകങ്ങളുടേയും ഫർണീച്ചറുകളുടേയും നില മെച്ചപ്പെടുത്തുക.
IV ആവശ്യമായ പ്രദേശങ്ങളിൽ പുതിയ വായന ശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കുക.
V കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.
VI കലാ സാംസ്കാരിക സ്ഥാപനങ്ങൾ T.V. റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ ഏർപ്പെടുത്തുക.
VII ഹരിജൻ കോളനികളിൽ നിർബന്ധവും തുടർച്ചയുമായ വിദ്യാഭ്യാസ പ്രവർത്തനം നടത്തുക.
VIII കലാ സാഹിത്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
X കായിക പ്രതിഭകളെ സാമ്പത്തിക അവാർഡ് നൽകി പ്രോത്സാഹിപ്പിക്കുക.
XI പഞ്ചായത്തിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ പഞ്ചായത്തുവക കളിസ്ഥലം നിർമ്മിക്കുക.
XII വനിതാ വായനശീലം വളർത്തുന്നതിന് വനിതാ പുസ്തക കോർണർ സ്ഥാപിക്കുക.

**സാധ്യത**

I വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്ത് ഫണ്ടും സർക്കാർ ഗ്രാന്റും ഉപയോഗിക്കുക.
II പുസ്തകങ്ങളുടേയും ഫർണീച്ചറുകളുടേയും നില വിഭവസമാഹരണം വഴി മെച്ചപ്പെടുത്താം.
III വായനശാലകളും ഗ്രന്ഥശാലകളും ഓരോ വാർഡുകളിലും സർക്കാർ ഫണ്ടുപയോഗിച്ചും ജന പങ്കാളിത്തത്തോടുകൂടിയും സ്ഥാപിക്കാം.

IV പൂലാനിയിൽ പഞ്ചായത്തുവക 40 സെന്റ് ഭൂമിയിൽ കമ്മ്യൂണിറ്റി ഹാളും വായന ശാലയും, സർക്കാർ ഫണ്ടും ജനപങ്കാളിത്തം ഉറപ്പാക്കിയും സ്ഥാപിക്കാം.

V കലാ-കായിക പ്രതിഭകൾക്ക് ജനപങ്കാളിത്തത്തോടുകൂടി സാമ്പത്തിക സഹായം നൽകേണ്ടതാണ്.

VI പഞ്ചായത്തുവക കളിസ്ഥലം ഫണ്ടുപയോഗിച്ചും ജനപങ്കാളിത്തം ഉറപ്പാക്കിയും സ്ഥാപിക്കാം.

VII സെമിനാറുകളും ചർച്ചാക്ലാസ്സുകളും നടത്തി വനിതാ രംഗത്ത് അവബോധം സൃഷ്ടിച്ച് വായനാശീലം വളർത്തണം.

**മുൻഗണന**

I ഗ്രന്ഥശാലപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

II കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവ പണിയുന്നതിന്

III പഞ്ചായത്തുവക ഗ്രൗണ്ട് നിർമ്മാണത്തിന്

IV സാംസ്കാരിക നിലയം സ്ഥാപിക്കാൻ

V കായിക-കലാരംഗം പരിപോഷിപ്പിക്കുന്നതിൽ മുൻഗണന നൽകാവുന്നതാണ്.

VL കലാകായിക പ്രതിഭകളെ ചെറുപ്പത്തിൽ കണ്ടെത്തി പരിശീലനം നൽകുക.

# XIII. വനിത

ഇന്ന് ലോകമെമ്പാടുമുള്ള വനിതാ പ്രസ്ഥാനങ്ങൾ സാമൂഹ്യതുല്യതയ്ക്കുവേണ്ടി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പക്ഷെ, നമ്മുടെ പഞ്ചായത്തിൽ ഭൂരിപക്ഷം സ്ത്രീകളും തങ്ങളുടെ കുടുംബങ്ങളിൽ ഒതുങ്ങിക്കൂടുന്നവരാണ്. നാടിന്റെ സാമൂഹ്യവും സാംസ്കാരികവുമായ മാറ്റത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്.

പഴയ കാലഘട്ടത്തിൽ സ്ത്രീകൾ വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. അതിന്റെ പ്രധാനകാരണം പെൺകുട്ടികളെ സ്കൂളിലയച്ച് പഠിപ്പിക്കുന്നതിന് രക്ഷിതാക്കൾ താല്പര്യം കാണിച്ചിരുന്നില്ല എന്നതായിരുന്നു. ചുരുക്കം ചില കുടിപള്ളിക്കൂടങ്ങളെ ആശ്രയിച്ച് അക്ഷരജ്ഞാനം നേടിയിരുന്നു എന്നു മാത്രം. എന്നാൽ ഇന്ന് സ്ഥിതി ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. സ്വതന്ത്രഭാരതത്തിൽ സർക്കാരും സാമൂഹ്യസംഘടനകളും സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ മുന്നോട്ടു വന്നു. ഇന്ന് ചുരുങ്ങിയത് പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ലഭിക്കാത്ത ഒരു പെൺകുട്ടിയും നമ്മുടെ പഞ്ചായത്തിൽ ഇല്ല. പെൺകുട്ടികളെ ചെറുപ്പത്തിലേ വിവാഹം കഴിച്ചയക്കേണ്ടതാണെന്നും, അതുകൊണ്ട് അവരെ പഠിപ്പിക്കുന്നതുകൊണ്ട് നേട്ടമൊന്നും ഇല്ലെന്നുള്ള ആ പഴയ കാഴ്ചപ്പാടിന് മാറ്റം വന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മൊത്ത ജനസംഖ്യ 24,854 ആണ്. അതിൽ 12368 സ്ത്രീകളും 2411കുട്ടികളുമാണ്. പഞ്ചായത്തിലെ ആകെ ഉള്ള പത്ത് സ്കൂളുകളിലും ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണം ഏതാണ്ട് തുല്യമാണ്. പെൺകുട്ടികൾക്ക് മാത്രമായി ഒരു വിദ്യാലയം പഞ്ചായത്തിലില്ല. അതുപോലെ തന്നെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമോ ഒരു സാങ്കേതിക വിദ്യാലയമോ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ കുട്ടികൾ ദൂരസ്ഥലങ്ങളിൽ പോയി പഠനം പൂർത്തിയാക്കുവാൻ നിർബന്ധിതരായിത്തീരുന്നു. ഇതിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്.

പഞ്ചായത്തിലുള്ള ഉദ്യോഗസ്ഥരുടെ കണക്കെടുക്കുകയാണെങ്കിൽ സ്ത്രീകളാണ് മുൻപന്തിയിൽ. പുരുഷ ജീവനക്കാരേക്കാൾ കൂടുതൽ സ്ത്രീ ജീവനക്കാരുള്ള വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിനുള്ളിലെ മൊത്തം കുടുംബങ്ങളിൽ 25% സ്ത്രീ നിയന്ത്രണത്തിലുള്ളതാണ്. റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ , ചന്ത മുതലായ സ്ഥലങ്ങളിലെല്ലാം സ്ത്രീകളാണ് കൂടുതലായി പോകുന്നത്. ഈ ഗ്രാമ പഞ്ചായത്തിലെ മുഖ്യ തൊഴിൽ കൃഷിയാണ്. കൃഷിപണിയിൽ ധാരാളം സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കൂലി കൂടുതലുള്ള കെട്ടിട നിർമ്മാണ രംഗത്തും വളരെ പേർ പണിയെടുക്കുന്നുണ്ട്. വനിതകളുടെ സ്വയം തൊഴിൽ സംരംഭം ഉണ്ടെങ്കിലും അവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. പുതിയതായി രജിസ്റ്റർ ചെയ്ത രണ്ട് DWCRA യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. ഒന്ന് പുലാനിയിലും മറ്റേത് പാലപ്പിള്ളിയിലും. അടിച്ചിലിയിൽ നിലവിലുള്ള യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും ഒന്നിന്റേയും പ്രവർത്തനം തൃപ്തികരമല്ല. നമ്മുടെ പഞ്ചായത്തിൽ 26 അംഗൻവാടികൾ ഉണ്ട്. അവയിൽ വർക്കർമാരായി 26 ഉം ഹെൽപർമാരായി 26 ഉം സ്ത്രീ ജീവനക്കാർ പ്രവർത്തിക്കുന്നു. വനിതകൾക്കുവേണ്ടിയുള്ള രണ്ട് ഖാദി നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് കുറുപ്പത്തും, രണ്ടാമത്തേത് K. കുന്നിലുമാണ്.

വിവിധ വനിതാ സംഘടനകൾ പഞ്ചായത്തിൽ പവർത്തിക്കുന്നുണ്ടെങ്കിലും പൊതു രംഗത്ത് സ്ത്രീ പങ്കാളിത്തം കുറവാണ്. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ അവമതിയോടെ കാണുന്ന രീതി, സ്ത്രീകൾക്കിടയിലും സമൂഹത്തിൽ തന്നെയും നിലനിൽക്കുന്നു. സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ആയത് കൊടുക്കലും വാങ്ങലും സാർവ്വത്രീകമായി തന്നെ തുടർന്നു കൊണ്ടിരിക്കുന്നു സ്ത്രീധനത്തിന്റെ പേരിൽ പീഡനം അനുഭവിക്കുന്ന ഒട്ടേറെ സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. ഇത്തരംസംഭവങ്ങൾക്കുള്ള ഉത്തരവാദിത്തം സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമാണ്. സ്ത്രീകളെ മോശമായി ചിത്രീകരിച്ചിട്ടുള്ള സിനിമാ പോസ്റ്ററുകൾ നമ്മുടെ പഞ്ചായത്തിൽ പലസ്ഥലങ്ങളിലും കാണുന്നുണ്ട്. ഇവ നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇനിയും ഫലപ്രദമായിട്ടില്ല. അതുപോലെ തന്നെ നിയമം മൂലം ചാരായം നിരോധിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അനധികൃതമായി ചാരായത്തിന്റെ ഉല്പാദനവും

വില്പനയും നടക്കുന്നുണ്ട്. ഇതുമൂലം യാതന അനുഭവിക്കുന്ന ഒട്ടേറെ കുടുംബങ്ങളുണ്ട്. മദ്യനിരോധന സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന സ്ത്രീകളെയും ഉൾപ്പെടുത്തിക്കൊണ്ട് മദ്യലോപിക്കെതിരായ പ്രവർത്തനം ശക്തിപ്പെടുത്തണം. മദ്യലോബിക്കെതിരായി സംസാരിക്കുന്നവരെ അപകടപ്പെടുത്തുന്ന പ്രവണത വരെ കാര്യങ്ങൾ എത്തയിരിക്കുന്നു.

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ:

1) സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം നമ്മുടെ പഞ്ചായത്തിൽ ഇല്ല.

2) സ്ത്രീകൾക്കുമാത്രമായുള്ള സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

3) സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും അന്ധവിശ്വാസവും അനാചാരവും സ്ത്രീകളിൽ കൂടുതലായി കാണുന്നു.

4) അംഗൻവാടികളുടെ പ്രവർത്തനം തപ്തികരമല്ല

5) സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

6) സാമൂഹ്യ സേവനരംഗത്തേയ്ക്ക് സ്ത്രീകൾക്ക് ധീരമായി കടന്നു വരാൻ പറ്റുന്നില്ല.

7) മദ്യനിരോധന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

## പരിഹാരങ്ങൾ

1. നമ്മുടെ പഞ്ചായത്തിൽ ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രവും ഒരു സാങ്കേതിക വിദ്യാലയവും സ്ഥാപിക്കണം.
2. സ്വയം തോഴിൽ പദ്ധതികളെക്കുറിച്ച് ബോധവത്ക്കണ ക്ലാസ്സുകൾ നടത്തണം.
3. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി ബോധവത്ക്കരണം നടത്തണം.
4. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധോദ്ദേശ സഹകരണസംഘങ്ങൾ ആരംഭിക്കണം.
5. തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് മുൻഗണന നൽകണം.
6. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം.
7. IRDP ലോണുകൾ നല്കുന്നതിൽ വിധവകൾക്കും അവശർക്കും മുൻഗണന ഏർപ്പെടുത്തുക.
8. മദ്യനിരോധന പ്രവർത്തനം ശക്തിപ്പെടുത്തുക.

# XIV സഹകരണമേഖല

സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കർഷകവായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണല്ലോ സഹകരണ പ്രസ്ഥാനങ്ങൾ സജീവമാകുന്നത്. മേലൂർ പഞ്ചായത്തിൽ മേലൂർ മുരിങ്ങൂർ വടക്കുംമുറി വില്ലേജിൽ 1961 നെറ്റിക്കാടൻ തോമൻ കുഞ്ഞുവറീതിന്റെ നേതൃത്വത്തിൽ മേലൂരിൽ വച്ച് മേലൂർ കാർഷികവായ്പാസഹകരണസംഘം രൂപീകൃതമായി. മുണ്ടക്ക ഔസേപ്പ്, നെറ്റിക്കാടൻ അന്തോണികുട്ടി, വടക്കുംപാടൻ തോമൻപാലി, കുവ്വക്കാടൻ മാണി നാരായണൻ , ചെരപ്പറമ്പൻ അന്തോണി കുര്യപ്പൻ, തെക്കൻ മാത്തു കുരിയപ്പൻ തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകന്മാർ. നെറ്റിക്കാടൻ തോമൻ കുഞ്ഞു വറീത് ആയിരുന്നു പ്രഥമ പ്രസിഡന്റ്.

വിവിധമേഘലകളിലായി 9 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിൽ ഈറ്റ, പനമ്പ് നെയ്ത്ത് തൊഴിലാളി സഹകരണസംഘം (കുന്നപ്പിള്ളി) കെടുകാര്യസ്ഥതമൂലം പ്രവർത്തനരഹിതമായി. സഹകരണ മേഘലയിൽ 90 പേർ ജോലി ചെയ്തുവരുന്നു. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടേയും പ്രവർത്തനപരിധി ഈ പഞ്ചായത്തിൽ കൂടി ഉൾപ്പെട്ടതാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ :

### സഹകരണസംഘങ്ങൾ

മേലൂർ പഞ്ചായത്തിൽ മേലൂർ സർവ്വീസ് സഹകരണബാങ്ക് സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. അതേപോലെ മേലൂർ മൺപാത്ര വ്യവസായ സംഘം, പൂലാനി ക്ഷീരവ്യവസായ സഹകരണ സംഘം എന്നിവയും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. മേലൂർ സർവ്വീസ് സഹകരണ ബാങ്കിൽ കൺസ്യൂമർ വിഭാഗം സ്ഥാപിച്ച് പ്രവർത്തിച്ചെങ്കിലും ഇടക്കാലത്ത് അതെല്ലാം സ്വകാര്യവ്യക്തികൾക്ക് കൈമാറി. സ്കൂൾ സഹകരണസംഘം ഒരെണ്ണം മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിൽ 3 പാൽ ഇൽപ്പാദക സഹകരണ സംഘം (APCOS) പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള 'ഇത്രയും സംഘങ്ങളിൽ പൂലാനി ക്ഷീരോൽപാദനക സഹകരണസംഘം മാത്രം നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഖാദി ഗ്രാമവ്യവസായത്തിന്റെ കീഴിൽ മേലൂർ മൺപാത്രവ്യവസായ സഹകരണസംഘം മാത്രമേ ഉള്ളു. കൂടാതെ ചകിരിനാരുൽപാദനത്തിനുള്ള ഒരു സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിൽ ഒരു മൾബറി കൃഷി സഹകരണ സംഘം കുന്നപ്പിള്ളിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം സുഗമമല്ല.

### കാർഷികമേഖല

**ഹ്രസ്വകാലവായ്പ:**

ഏകദേശം 5000 ത്തോളം കർഷകകുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ വസിക്കുന്നത്. ഹ്രസ്വകാല കാർഷിക, കാർഷികേതര വായ്പയാണ് പഞ്ചായത്തിലെ സഹകരണ ബാങ്ക് മുഖേന നൽകി വരുന്നത്. മുഴുവൻ കർഷകർക്കും അർഹമായ വായ്പ നൽകുന്ന കാര്യത്തിൽ ബാങ്കധികാരികൾ പിന്നോക്കം നിൽക്കുന്നു. നല്ല രീതിയിലുള്ള പ്രവർത്തനം കുറിച്ച ഈ ബാങ്ക് ഇടക്കാലത്ത് തകർച്ച അനുഭവപ്പെട്ടതിനാൽ സംഘം വലിയ നഷ്ടത്തിലാണ്. കർഷകരുടെ ആവശ്യം പരിമിതമായി നിർവ്വഹിക്കുവാൻ 5 കോടി രൂപയെങ്കിലും ആവശ്യമാണ്. നിലവിലുള്ള കർഷകവായ്പ നയത്തിൽ നബാർഡ് മാറ്റം വരുത്തിയാൽ മാത്രമെ ഉദ്ദേശിച്ച രൂപത്തിൽ വായ്പാവിതരണം സുഗമമാക്കുവാൻ സാധിക്കുകയുള്ളു. കൃത്യസമയത്ത് വായ്പ തിരിച്ചടവ് വരാത്തത് ബാങ്ക് പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. എല്ലാ വാർഡിലും

വളം വിതരണത്തിനുള്ള സംവിധാനം നിലനിൽക്കാത്തതിനാൽ സ്വകാര്യവ്യക്തികളെ ആശ്രയിക്കേണ്ടി വരുന്നു. ഇത് കർഷകന് വളരെ നഷ്ടം വരുത്തി വയ്ക്കുന്നു.

ഈ ബാങ്ക് ലാൻഡ് രജിസ്റ്റർ പ്രകാരം " ക്രഡിറ്റ് ലിമിറ്റഡ് " സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വർഷം തോറും ജില്ലാ ബാങ്കിൽ നിന്നും അംഗീകാരം വാങ്ങാന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും അർഹമായ രീതിയിൽ വായ്പ നൽകുവാനുള്ള സംവിധാനം നിലവിലില്ല.

പട്ടിക 1

കാർഷിക വായ്പ സംഘം

| | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (000) | നിക്ഷേപം | വായ്പ | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
| | മേലൂർ സർവ്വീസ് സഹകരണ ബാങ്ക് | 1961-ൽ | മേലൂർ, മുരിങ്ങൂർ, വടക്കുംമുറി വില്ലേജ് | 9228 | 30,00,000 | 4,75,18,408 | 645 ലക്ഷം | | | | | 12,00,000 | 27 | – |

പട്ടിക 2

കാർഷികവ്യവസായ സഹകരണ സംഘം - ഇല്ല

പട്ടിക 3

ഖാദി ഗ്രാമ വ്യവസായ സംഘം

| | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | ലാഭം | നഷ്ടം | സ്ഥിരം | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മേലൂർ മൺപാത്ര വ്യവസായ സഹകരണ സംഘം | 25 ലക്ഷം | മേലൂർ, മുരിങ്ങൂർ, വടക്കുംമുറി വില്ലേജ് | 160 | 1,19,882.50 | 9,77,012.50 | ഇല്ല | 2,50,000 | ഇല്ല | 14,00,000 | 32 | 21 |
| 2 | മേലൂർ പഞ്ചായത്ത് മൾബറി സഹകരണ സംഘം | | | റിക്കാർഡുകൾ ലഭ്യമല്ല | | | | | | | | |
| 3 | ഈറ്റ, പന, നെയ്ത് തൊഴിലാളിസഹകരണ സംഘം | | | റിക്കാർഡുകൾ ലഭ്യമല്ല | | | | | | | | |

ദീർഘകാല കാർഷികവായ്പ

മുകുന്ദപുരം താലൂക്ക് പ്രവർത്തനപരിധിയായുള്ള മുകുന്ദപുരം ഭൂവികസന കാർഷിക ബാങ്കാണ് ഈ പഞ്ചായത്തിൽ കർഷകർക്ക് ദീർഘകാല വായ്പ നൽകി വരുന്നത്. കൂടാതെ ജില്ലാ സർവ്വീസ് സഹകരണ ബാങ്കും വ്യവസായ വായ്പയും ദീർഘകാല വായ്പയും നൽകി വരുന്നു. ഖാദി ഗ്രാമ വ്യവസായ ബോർഡും വ്യാവസായിക വായ്പ നൽകി വരുന്നുണ്ട് എങ്കിലും വായ്പ ലഭിക്കുന്നതിനുള്ള നടപടി നിയമങ്ങൾ സാധാരണ കർഷകരെയും കർഷകത്തൊഴിലാളികളേയും ഈ സംരംഭത്തിൽ നിന്നും പിൻതിരിപ്പിക്കുന്നു. അതിനാൽ വായ്പ ലഭിക്കുന്നതിനുള്ള നടപടി നിയമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

ഖാദീഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ

പ്രാരംഭത്തിൽ നന്നായി പ്രവർത്തിച്ച ഈറ്റ, പനമ്പ് നെയ്ത്ത് സഹകരണ സംഘം അസംസ്കൃത വസ്തുവായ ഈറ്റ മുള എന്നിവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് കൊണ്ടും അതിന്റെ ഭരണസമിതികളുടെ കെടുകാര്യസ്ഥതമൂലം അടച്ചു പൂട്ടപ്പെട്ടു.

മേലൂർ പഞ്ചായത്തിൽ പ്രവർത്തനം കുറിച്ച മൾബറി യൂണിറ്റും പ്രവർത്തനരഹിതമാണ്. ആകെ മേലൂർ മൺപാത്ര വ്യവസായ സഹകരണസംഘത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ടൈൽസ് വർക്സ് മാത്രമാണ് പ്രവർത്തിക്കുന്ന ഏക സ്ഥാപനം. അത് തന്നെ പ്രാണവായു ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനാൽ ബോർഡിൽ നിന്നും ലഭിച്ച വായ്പ സമയത്തിന് തിരിച്ചുനൽകുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് പലിശയ്ക്ക് പുറമേ പിഴപലിശയും ഒടുക്കേണ്ടിവരുന്നു. കാലങ്ങളായി ഈ സ്ഥാപനം ഭീമമായ നഷ്ടത്തിലാണ്. നഷ്ടം നികത്തുന്നതിനാവശ്യമായ സബ്സിഡി ഖാദി ബോർഡിൽ നിന്നോ, സർക്കാരിൽ നിന്നോ ലഭ്യമാക്കണം. ഇതിൽ 32 പേർ സ്ഥിരതൊഴിലാളികളും 21 പേർ ടെമ്പററി തൊഴിലാളികളും 3 സ്റ്റാഫും ഇവിടെ പ്രവർത്തിക്കുന്നു.

പാർപ്പിടപ്രശ്നം

പഞ്ചായത്തിലെ പാർപ്പിടപ്രശ്നം വളരെ ഗുരുതരാവസ്ഥയിലാണ്. സഹകരണ മേഘലയുലെ വിവിധ ഏജൻസികൾ മുഖേന ലഭിക്കുന്ന വായ്പയാണ് വീട് നിർമ്മാണത്തിന് ഭൂരിഭാഗവും ഉപയോഗപ്പെടുത്തുന്നത്. ഭവന നിർമ്മാണ വായ്പകൾ പ്രധാനമായും നൽകേണ്ട ചാലക്കുടി ഹൗസിംഗ് സഹകരസംഘത്തിന് രജിസ്ട്രേഷൻ ലഭിച്ചുവെങ്കിലും മുകുന്ദപുരം താലൂക്ക് സഹകരണസംഘം അതിന്റെ പ്രവർത്തന പരിധി വെട്ടിച്ചുരുക്കാൻ തയ്യാറാവാത്തതിനാൽ ചാലക്കുടി ഹൗസിംഗ് സൊസൈറ്റിക്ക് പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. ആയതിന്റെ സംഘാടകർ അതിനാൽ തൃശങ്കുസ്വർഗ്ഗത്തിലാണ്. അതിനാൽ ബന്ധപ്പെട്ടവർ ഇടപെട്ട് പ്രവർത്തനക്ഷമമാക്കേണ്ടതും തദ്വാര പാർപ്പിടപ്രശ്നം ഒരു പരിധി വരെ തരണം ചെയ്യാൻ സാധിക്കും. ഇപ്പോൾ ചില ഏജൻസികൾ വഴി നടപ്പിലാക്കുന്ന ഹൗസിംഗ് സ്കീം കർഷക കുടുംബങ്ങളെ ഒരു പരിധിവരെ ചൂഷണം ചെയ്യുന്നു. അതിനാൽ ബന്ധപ്പെട്ട ഏജൻസികളെ ഈ സ്പോൺസർഷിപ്പിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## ഗ്രാമസഭകളിലൂയർന്നു വന്ന പ്രശ്നങ്ങൾ/ആവശ്യങ്ങൾ/സാദ്ധ്യതകൾ

കാർഷികമേഖല

1. മേലൂർ സർവ്വീസ് സഹകരണബാങ്ക് 30.6.96ലെ ബാലൻസ് ഷീറ്റ് പ്രകാരം 12 ലക്ഷം രൂപയോളം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്തുന്നതിനാവശ്യമായ പലിശരഹിത ദീർഘകാല വായ്പയോ ഓഹരി മൂലധനമോ അനുവദിക്കേണ്ടതാണ്.
2. എല്ലാ കർഷകരേയും അംഗങ്ങൾ ആക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.
3. നിക്ഷേപസമാഹരണം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി മൂലധനം വർദ്ധിപ്പിച്ച് ലാഭകരമായ രീതിയിൽ കെട്ടു തെങ്ങ് വായ്പ, കൺസ്യൂമർ വായ്പ, ഭവനനിർമ്മാണ വായ്പ, വ്യവസായ വായ്പ എന്നിവ നൽകുക.
4. സ്വകാര്യ ചിട്ടി ഇടപാട് സ്ഥാപനങ്ങൾ നിലനിൽക്കാത്തസാഹര്യത്തിൽ ബാങ്ക് കൂടുതൽ ചിട്ടികൾ നടത്തുക. കൂടാതെ കണ്ണൂർ ജില്ലയിൽ നടത്തിവരുന്ന ഡെപ്പോസിറ്റ് സ്കീം നടപ്പിലാക്കുക.
5. സഹകരണ ബാങ്കുകൾ കർഷകരെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങളോടുകൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേയ്ക്കും ആവശ്യമായ വായ്പ തുക തിട്ടപ്പെടുത്തുക.

6. ഓരോ കർഷകനും ഓരോ വർഷത്തേയ്ക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പു തന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റ്കാർഡ് നടപടി നൽകേണ്ടതാണ്.

7. കാർഷിക ആവശ്യത്തിന് നബാർഡിൽ നിന്നും കൺസഷനൽ ഫിനാൻസ് അനുവിച്ചുകിട്ടുന്നതിന് നടപടി എടുക്കുക.

8. സർക്കാരിൽ നിന്ന് അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പാകാർക്ക് ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും എടുക്കേണ്ടതാണ്.

9. വളവും, വിത്തും, കീടനാശിനിയും, കാർഷികോപകരണങ്ങൾ വിതരണം ചെയ്യുവാനുംനും കാർഷികോല്പന്നങ്ങൾ സംഭരിക്കുവാനും ബാങ്കുകളിൽ ആവശ്യമായ ഗോഡൗൺ ഏർപ്പെടുത്തുക.

10. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് വിലയിടിവ് അനുഭവപ്പെടുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങികീ ലോൺ അനുവദിച്ച് കൊടുക്കാൻ സംവിധാനം ഉണ്ടാക്കുക.

11. അർഹതപ്പെട്ട വ്യക്തികൾക്ക് അംഗത്വം ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.

12. മേലൂർ സർവ്വീസ് സഹകരണ ബാങ്കിന് മേലൂർ പഞ്ചായത്തിലെ എല്ലാ വാർഡിലും ബ്രാഞ്ചുകൾ തുറക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.

13. കേരവികസനത്തിന് ഒരു കോക്കനട്ട് ഗ്രോവേർസ് സഹകരണ സംഘം രൂപീകരിക്കുന്നതിന് നിർദ്ദേശമുണ്ടെങ്കിലും, അതുവരെ പച്ച തേങ്ങയും കൊപ്രയും സംഭരിക്കുന്നതിന് മേലൂർ സഹകരണ ബാങ്കിൽ സംവിധാനം ഉണ്ടാക്കുക.

14. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ മേലൂർ പഞ്ചായത്തിലെ പാടശേഖരങ്ങൾ തോട്ടങ്ങളായും ഇഷ്ടികക്കളങ്ങളായും മാറുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. നെൽകൃഷിക്ക് സർക്കാരിൽ നിന്നും നാമമാത്രമായ ഒരു സബ്സിഡിയാണ് നൽകുന്നത്. ഹെക്ടറിന് ചുരുങ്ങിയത് 2000/- രൂപയെങ്കിലും സബ്സിഡിയായും, മേൽത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ എന്നിവ സൗജന്യനിരക്കിൽ ലഭ്യമാക്കണം. ഇതിനായി വിവിധ പാഠശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. അത്തരം പത്തോളം സംഘങ്ങൾ മേലൂർ പഞ്ചായത്തിലെ നെൽപാടശേഖരങ്ങളിൽ രൂപീകരിക്കാവുന്നതാണ്.

15. ദീർഘകാലവായ്പ നൽകിവരുന്ന കാർഷിക ഗ്രാമവികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതവൽക്കരിക്കണം കൂടാതെ പഞ്ചായത്തുകൾ തോറും ഈ ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പാ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയ വൽക്കരിക്കണം.

**ക്ഷീരവ്യവസായ സഹകരണസംഘം**

നിലവിലുള്ള പൂലാനി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ (APCOS) പരിധി 1,2,3,4 വാർഡുളാണ്. ഇന്ന് ഒരു ദിവസം ശേഖരിക്കുന്ന പാൽ 800 ലി. ആകുന്നു. കൂടുതൽ കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്യാനും ഉത്പാദനം വരുന്ന അഞ്ചുകൊല്ലത്തിനുള്ളിൽ 1500 ലി. ആയി വർദ്ധിപ്പിക്കുവാനും നടപടി എടുക്കണം. പാലപ്പിള്ളി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പരിധി 4 ഉം 5 ഉം വാർഡുകളും കൊരട്ടി പഞ്ചായത്തിന്റെ ഒരു ഭാഗവും ചേർന്ന വാർഡുകളാണ്. സംഘം ഇപ്പോൾ പ്രതിദിനം 200 ലി. പാൽ ശേഖരിക്കുന്നു. കാർഷികമേഖലയായ പാലപ്പിള്ളിയിൽ നല്ലയിനം പശുക്കളെ കൂടുതലായി വളർത്തി പാലുത്പാദനം അഞ്ചു വർഷത്തിനുള്ളിൽ 1000 ലി. ആയി വർദ്ധിപ്പിക്കാവുന്നതും കർഷകർക്കാവശ്യമായ ജൈവവളം (ചാണകം) ലഭിക്കുന്നതുമാണ്. ഈ ചാണകം ഉപയോഗിച്ച് പാചക വാതകത്തിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് ഇന്ധനക്ഷാമം ഒരു പരിധി വരെ പരിഹരിക്കാവുന്നതും വേസ്റ്റായി വരുന്ന ചാണകം ഫലഭൂയിഷ്ടമായ ജൈവവളമായി തീരുന്നു. മേലൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി 6,7,8,9 വാർഡുകളാണ്. ഇവിടെ ദിനം പ്രതി 70 ലി. പാൽ ശേഖരിക്കുന്നു. ഭരണ സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. നിലവിലുള്ള മെമ്പർമാർക്ക്

നല്ലയിനം പശുക്കളെ വിതരണം ചെയ്തും ക്ഷീരകർഷകരായ മെമ്പർമാരെ ചേർത്തും ഉത്പാദനം അഞ്ചു വർഷത്തിനുള്ളിൽ 1000 ലി. ആയി വർദ്ധിപ്പിക്കേണ്ടതാണ്.

ക്ഷീരസഹകരണ സംഘങ്ങൾ
മറ്റ് നിർദ്ദേശങ്ങൾ :

1. സംഘങ്ങൾ അടുത്ത 5 വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാൻ ഉദ്ദേശിക്കുന്ന പാലിൽ മേലൂർ പഞ്ചായത്തിലെ ഉപയോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് സംസ്കരിച്ച് സൂക്ഷിക്കുവാൻവേണ്ട സൗകര്യങ്ങളും അതിനാവശ്യമായ മൂലധനവും അനുവദിക്കേണ്ടതാണ്.

2. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിനും പ്രത്യേക സംവിധാനം ഉണ്ടാക്കുകയും ബ്ലോക്ക് അതിർത്തിയിൽ ചെറുകിട കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുകയും വേണം.

3. അത്യുല്പാദനശേഷിയുള്ള കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

4. കന്നുകാലിസംരക്ഷണത്തിനായി മേലൂർ പഞ്ചായത്തിൽ 1-ാം വാർഡിൽ ഒരു മൃഗാസ്പത്രി മാത്രമേ ഉള്ളു. ഇതിന്റെ പ്രവർത്തനം അപര്യാപ്മാണ്. അതുകൊണ്ട് മേലൂർ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗമായ 5,6,7,8,9 വാർഡുകൾ കേന്ദ്രീകരിച്ച് മൃഗസംരക്ഷണത്തിനുള്ള സംവിധാനം ഏർപ്പെടുത്തണം.

5. പഞ്ചായത്തുതലത്തിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘം മുഖേന വിതരണം ചെയ്യണം.

പട്ടിക - 5

മത്സ്യതൊഴിലാളിവികസനക്ഷേമ സഹകരണ സംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിൽ മത്സ്യവിപണന തൊഴിലാളികൾ ധാരാളം പ്രവർത്തിക്കുന്നു. ഇവർ, ചാലക്കുടി, ആലുവ മുതലായ മാർക്കറ്റുകളിൽ നിന്ന് മത്സ്യം വാങ്ങി സൈക്കിൾ, ഓട്ടോറിക്ഷ മുതലായ വാഹനങ്ങളിൽ കൊണ്ടുനടന്ന് വിൽക്കുന്നു. വാങ്ങുന്ന മത്സ്യം വില്പന കഴിച്ച് ബാക്കി വരുന്നത് കേടുകൂടാതെ സൂക്ഷിക്കാൻ ആവശ്യമായ ഫ്രീസിംഗ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്. ഒരു മത്സ്യതൊഴിലാളി സഹകരണ സംഘം സ്ഥാപിച്ച് മത്സ്യതൊഴിലാളികൾക്ക് വാഹനവായ്പ, പ്രവർത്തന മൂലധനവായ്പ എന്നിവ സംഘം മുഖേന നൽകേണ്ടതാണ്.

വളരെയധികം വികസനസാദ്ധ്യത ഉള്ളതാണ് ഉൾനാടൻ മത്സ്യവളർത്തലും മത്സ്യബന്ധനവും, മേലൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ നിന്ന് മണ്ണ് എടുത്ത കുഴികളിൽ മത്സ്യകൃഷി നടത്താവുന്നതാണ്.

കയർ സഹകരണ സംഘങ്ങൾ

മേലൂർ പഞ്ചായത്തിൽ കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. ഒരു ചകിരി ഉല്പാദന യൂണിറ്റ് മേലൂർ പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്രവർത്തിച്ചിരുന്നത് ലോൺ എടുതത്തത് തിരിച്ചടക്കാത്തതുമൂലം ബാങ്കുകാർ ലേലം ചെയ്ത് പൂട്ടിയിട്ടിരിക്കുകയാണ്. ഇതുമൂലം അവിടുത്തെ തൊഴിലാളികൾ പണിയില്ലാതെ മുഴുപട്ടിണിയിലാണ്. അവരെ പുനഃരധിവസിപ്പിക്കുന്നതിന് വേണ്ടി ആ യൂണിറ്റിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളെ ചേർത്ത് ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്. അവർക്ക് ആവശ്യമായ പ്രവർത്തന ഫണ്ടും ലോണും കയർ ബോർഡിൽ നിന്നും നൽകേണ്ടതാണ്. പുതിയതായി മാക്സാൻ മാറ്റിങ്ങിനുവേണ്ടി ഒരു ഗോൾഡ് ഫൈബറിംഗ് മെക്കാനൈസ്ഡ് വർക്കേഴ്സ് സൊസൈറ്റി രൂപീകരിച്ചുവരുന്നു. സ്ത്രീ തൊഴിലാളികൾ കൂടുതലായി ജോലിചെയ്യുന്ന ഈ മേഖലയിൽ തൊഴിൽ ശാലയോടനുബന്ധമായി ക്രോഷെ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം സംഘങ്ങൾക്ക് നൽകേണ്ടതാണ്. പരമ്പരാഗത തോഴിൽ മേഖല പരിഭോഷിക്കുന്നതിനുവേണ്ടി

കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം ഈ സംഘങ്ങൾക്ക് ലഭ്യമാക്കണം. സംഘങ്ങളുടെ പ്രവർത്തനപരിധീയിൽ സബ്സെന്റർ തുടങ്ങുന്നതിനും കയർ ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ടി ഗോഡൗൺ നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം സംഘങ്ങൾക്ക് നൽകേണ്ടതാണ്.

**കൺസ്യൂമർ മേഖല**

ഈ പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. മേലൂർ സഹകരണ ബാങ്കിനോടനുബന്ധിച്ച് കൺസ്യൂമർ സ്റ്റോർ പുനഃസംഘടിപ്പിച്ച് നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യണം. കൺസ്യൂമർ സംഘങ്ങൾക്കുവരുന്ന നഷ്ടം സിവിൽസപ്ലൈസ് കോർപറേഷനു വരുന്ന നഷ്ടം മാതിരികണക്കാക്കി സർക്കാരിൽ നിന്ന് സബ്സിഡി അനുവദിച്ച് നഷ്ടം നികത്തേണ്ടതാണ്. മേലൂർ പഞ്ചായത്ത് പ്രവർത്തനപരിധിയായി ഒരു കൺസ്യൂമർ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്. ഓരോ വീട്ടിലും നിത്യോയോഗസാധനങ്ങൾ എത്തിക്കുവാൻ ഉപഭോക്താക്കളിൽ നിന്ന് ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഡോർ ഡലിവറി സിസ്റ്റം നടപ്പാക്കേണ്ടതാണ്.

മേലൂർ ഹൈസ്കൂൾ സഹകരണ സംഘം വഴി നോട്ടുപുസ്തകങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവമാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ അതുപോലെ കോസ്മെറ്റിക്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും ഈ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം. ഇതിനായി ഒരു സെയിൽസ്മാനെ നിയോഗിക്കുകയും അപ്രകാരം അയാൾക്ക് ജോലി നൽകാനും സാധിക്കുന്നതാണ്. പ്രൈമറി സ്കൂൾ കോംപ്ലക്സ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുഗമമല്ല. എല്ലാ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സ്കൂൾ സംഘങ്ങളിൽ അംഗങ്ങളാക്കേണ്ടതും സെക്രട്ടറി എന്ന നിലയ്ക്ക് കൂടുതൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസ് അനുവദിക്കണം.

ഹരിജൻ സഹകരണ സംഘം മേലൂർ പഞ്ചായത്ത് പ്രവർത്തന കേന്ദ്രമാക്കി പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു ഹരിജൻ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘം**

അസംഘടിതരായ തൊഴിലാളികൾ മേലൂർ പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളായ ഷോപ്പിങ്ങ് കോംപ്ലക്സ്, റോഡു നിർമ്മാണം, റോഡ് ടാറിങ്ങ് എന്നിവ ഈ സംഘം മുഖേന നടത്താവുന്നതും പഞ്ചായത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതാണ്.

**കോഴിവളർത്തൽ സഹകരണ സംഘം**

കേരളത്തിന്റെ വരുമാനത്തിൽ സിംഹഭാഗവും ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപയോഗം വഴി അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. പഞ്ചായത്തിൽ ഒരു കോഴിവളർത്തൽ സഹകരണസംഘം രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും, സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ 10 എണ്ണം വരുന്ന ഓരോ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും അതിനാവശ്യമായ സംരക്ഷണം മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും, സാമ്പത്തികസഹായവും ലഭ്യമാക്കേണ്ടതാണ്. കോഴിവളർത്തൽ കേന്ദ്രങ്ങളിൽ കോഴിക്കുഞ്ഞുങ്ങൾ അസുഖം പിടിച്ച് കൂട്ടത്തോടെ ചത്തുപോകുന്നു. ആയതിനാൽ നഷ്ടപരിഹാരം ലഭിക്കാൻ വേണ്ട നടപടികൾ ആസൂത്രണം നൽകണം.

പട്ടിക-1

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I

| | | | |
|---|---|---|---|
| 1) | സ്ഥാപനത്തിന്റെ പേര് | : | മേലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നമ്പർ R 196 മേലൂർ. |
| 2) | പ്രവർത്തന പരിധി | : | മേലൂർ, മുരുങ്ങൂർ വില്ലേജുകൾ |
| 3) | ക്രെഡിറ്റ് / നോൺ ക്രഡിറ്റ് | : | ക്രഡിറ്റ് |
| 4) | പ്രവർത്തനം ആരംഭിച്ച വർഷം | : | 1961 |
| 5) | ആകെ അംഗങ്ങൾ | : | 9228 Nos. |
| 6) | ഒരു ഓഹരിയുടെ വില | : | Rs. 10/- |
| 7) | അംഗീകൃത ഓഹരി മൂലധനം | : | Rs. 30,00,000/- (30 ലക്ഷം) |
| 8) | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : | Rs. 2172830/- |
| 9) | സർക്കാർ ഓഹരിയുണ്ടോ? | : | ഉണ്ട് |
| 10) | ഉണ്ടെങ്കിൽ ലഭിച്ച തുക | : | Rs. 92680/- |
| 11) | പരമാവധി കടം എടുക്കാവുന്ന തുക | : | Rs. 11,45,93,200/- |

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| a) | സ്ഥിരം | : | Rs. 587 ലക്ഷം |
| b) | ഹ്രസ്വകാലം | : | Rs. 58 ലക്ഷം |
| | ആകെ | : | 645 ലക്ഷം |

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | കാർഷിക ഹ്രസ്വകാല വായ്പകൾ (വിളവായ്പകൾ) | Rs. 1139219.00 |

b) മറ്റ് വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | കാർഷികേതര വായ്പകൾ | Rs. 25401715.00 |
| 2. | പണ്ടം പണയ വായ്പകൾ | Rs. 17778488.00 |
| 3. | നിക്ഷേപ വായ്പകൾ | Rs. 1839726.00 |
| 4. | ഓവർ ഡ്രാഫ്റ്റ് വായ്പകൾ | Rs. 1259972.00 |

c) പ്രത്യേക വായ്പകൾ

| | ഇനം | തുക |
|---|---|---|
| 1. | I.R.D.P. വായ്പകൾ | Rs. 99291.00 |
| | ആകെ വായ്പകൾ | Rs. 47518408.00 |

പട്ടിക-2

മേലൂർ കോ. ഓപ്പറേറ്റീവ് ബാങ്ക്
സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ

461

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. തൃശൂർ ജില്ലാ സഹകരണ ബാങ്ക് | കാർഷിക ഹ്രസ്വകാല വായ്പകൾ | Rs. 130250.00 |
| | മദ്ധ്യകാല വായ്പകൾ | Rs. 371795.00 |
| | ആകെ | Rs. 502045.00 |

## V നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| 1. കാർഷിക ഹ്രസ്വകാല വായ്പകൾ | Rs. 128443.00 |
| 2. സാധാരണ വായ്പകൾ<br>മദ്ധ്യകാല വായ്പകൾ | Rs. 4713369.00 |
| 3. I.R.D.P. വായ്പകൾ | Rs. 23144.00 |
| ആകെ | Rs. 48,64,996.00 |

## VI സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishment charges Rs. 1841641.00

2) Contingencies Rs. 537229.00

## VII വായ്പാ സഹഃസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ചിട്ടികൾ, എല്ലാത്തരം നിക്ഷേപപദ്ധതികൾ.
2. വളം, കീടനാശിനി വിതരണം.

**കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം**
**1.4.96 ലെ 30.9.96**

പട്ടിക-3

മേലൂർ ഗ്രാമപഞ്ചായത്ത്

| എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| 1 | 2 | 3 |
| 1 | New well & Pump house | 15,000 |
| 8 | Rural Housing Scheme | 290,000 |
| 1 | Broiler Poultry Scheme | 23,700 |
| 1 | Tiller | 81,000 |
| 1 | Coconut Processing | 40,000 |
| 1 | Flour mill | 44,000 |
| 1 | Retail outlet for farm products | 35,000 |
| Total 14 | Total | 528,700 |

462

പട്ടിക-4

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I

| | | | |
|---|---|---|---|
| 1) | സ്ഥാപനത്തിന്റെ പേര് | : | മേലൂർ മൺപാത്ര വ്യവസായ സഹകരണ സംഘം No. C.IND(R) 106 |
| 2) | പ്രവർത്തന പരിധി | : | മേലൂർ പഞ്ചായത്തിൽപെട്ട മേലൂർ, മുരിങ്ങൂർ, വടക്കുംമുറി വില്ലേജ് |
| 3) | ക്രഡിറ്റ് / നോൺ ക്രഡിറ്റ് | : | നോൺ ക്രഡിറ്റ് |
| 4) | പ്രവർത്തനം ആരംഭിച്ച വർഷം | : | 16-7-1987 |
| 5) | ആകെ അംഗങ്ങൾ | : | 160 Nos. |
| 6) | ഒരു ഓഹരിയുടെ വില | : | Rs. 10/- |
| 7) | അംഗീകൃത ഓഹരി മൂലധനം | : | 2,00,000 |
| 8) | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : | Rs. 1,19,882.50 |
| 9) | സർക്കാർ ഓഹരിയുണ്ടോ? | : | ഇല്ല |
| 10) | പരമാവധി കടം എടുക്കാവുന്ന തുക | : | 20 ലക്ഷം |

### II സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. കേരള ഖാദി ബോർഡ് | മൂലധനം | 6,98,200.00 |
| 2. | പ്രവർത്തന മൂലധനം | 2,50,000.00 |
| 3. | ഓഹരി മൂലധനം | 28,812.00 |

### II സ്ഥാപനത്തിന്റെ ചെലവുകൾ

| | |
|---|---|
| 1) Establishment charges | 70,560.49 |
| 2) Contingencies | 44,129.08 |

പട്ടിക-5

## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | | |
|---|---|---|---|
| 1) | സ്ഥാപനത്തിന്റെ പേര് | : | ചാലക്കുടി ബ്ലോക്ക് മെക്കനൈസ്ഡ്ഗോൾഡ് ഫൈബർ ഡീഫൈബറിംഗ് വർക്കേഴ്സ് Ind. co-op. സൊസൈറ്റി LTD. R.No. 965 |
| 2) | പ്രവർത്തന പരിധി | : | മേലൂർ പഞ്ചായത്ത് |
| 3) | ക്രഡിറ്റ് / നോൺ ക്രഡിറ്റ് | : | നോൺ ക്രഡിറ്റ് |
| 4) | പ്രവർത്തനം ആരംഭിച്ച വർഷം | : | 22-7-95 |
| 5) | ആകെ അംഗങ്ങൾ | : | 57 |
| 6) | ഒരു ഓഹരിയുടെ വില | : | Rs. 1000/- |
| 7) | അംഗീകൃത ഓഹരി മൂലധനം | : | 10 lakhs |
| 8) | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : | 57000/- |
| 9) | സർക്കാർ ഓഹരിയുണ്ടോ? | : | ഉണ്ട് |
| 10) | ഉണ്ടെങ്കിൽ ലഭിച്ച തുക | : | 45000/- |
| 11) | പരമാവധി കടം എടുക്കാവുന്ന തുക | : | P.C. + R.F ന്റെ 25 ഇരട്ടി |

## ക്ഷീരസഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | | | | |
|---|---|---|---|---|---|
| I | 1) സ്ഥാപനത്തിന്റെ പേര് | : | പൂലാനി ക്ഷീരോല്പാദക സഹകരണ സംഘം | പാലപ്പിള്ളി ക്ഷീരോല്പാദക സഹകരണ സംഘം | മേലൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം No. R 27. D (APCOS) |
| | 2) പ്രവർത്തന പരിധി | : | മേലൂർ പഞ്ചായത്ത് വാർഡ് 1,2,3, & 1/2 of 4. | മേലൂർ പഞ്ചായത്ത് വാർഡ് 4,5 | മേലൂർ പഞ്ചായത്ത് വാർഡ് 6,7,8 5–9വരെ ഏതാനും വാർഡുകൾ |
| | 3) ക്രെഡിറ്റ് / നോൺ ക്രഡിറ്റ് | : | നോൺ ക്രഡിറ്റ് | നോൺ ക്രഡിറ്റ് | നോൺ ക്രഡിറ്റ് |
| | 4) പ്രവർത്തനം ആരംഭിച്ച വർഷം | : | 1980 | 1995 | 1990 |
| | 5) ആകെ അംഗങ്ങൾ | : | 760 | 259 | 463 |
| | 6) ഒരു ഓഹരിയുടെ വില | : | Rs. 10/- | Rs. 10/- | Rs. 10/- |
| | 7) അംഗീകൃത ഓഹരി മൂലധനം | : | Rs. 10,000/- | Rs. 10,000/- | Rs. 10,000/- |
| | 8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | : | Rs. 7620/- | Rs. 2590/- | Rs. 4655/- |
| | 9) സർക്കാർ ഓഹരിയുണ്ടോ? | : | ഉണ്ട് | ഇല്ല | ഇല്ല |

463

ഖാദി വ്യവസായ സഹകരണ സംഘങ്ങൾ

മേലൂർ പഞ്ചായത്ത് പ്രവർത്തന മേഖലയായി രൂപീകരിച്ച മേലൂർ മൺപാത്ര വ്യവസായ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സംഘത്തിൽ ആവശ്യപ്പെടുന്ന തൊഴിലാളികൾക്ക് മെമ്പർഷിപ്പ് നൽകുവാനുള്ള നടപടി സ്വീകരിക്കണം. ഈ സ്ഥാപനത്തിൽ മാനേജ്മെന്റിന്റെ ഒത്താശ ഉള്ളവർക്കു മാത്രമെ അംഗത്വം നൽകുന്നുള്ളു. സമ്പൂർണ്ണ ചാരായ നിരോധന പശ്ചാത്തലത്തിൽ കള്ളു വ്യവസായത്തിനുള്ള സാധ്യതകൾ വളരെ വലുതാണ്. ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളേയും കള്ളു ചെത്തുമേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ തെങ്ങ്, പന ചെത്തുന്നതിനുള്ള അവകാശം ഈ സംഘത്തിനുമാത്രം നൽകേണ്ടതും, ചെത്തിയെടുക്കുന്ന കള്ള് വ്യാവസായികാടിസ്ഥാനത്തിൽ ശീതളപാനീയങ്ങളായി മാറ്റി ഈ മേഖലയെ പുഷ്ടിപ്പെടുത്താവുന്നതുമാണ്. മേലൂർ പഞ്ചായത്തിലെ നാളികേരത്തിന്റെ വികസനത്തിനായി നാളികേരവും അനുബന്ധ ഉത്പന്നങ്ങളും സംസ്കരണ വിപണന വിതരണത്തിനായി ഒരു കോക്കനട്ട് ഗ്രോവേർസ് സഹകരണസംഘം മോലൂർ പഞ്ചായത്ത് പ്രവർത്തന പരിധിയായി രൂപീകരിക്കാവുന്നതാണ്.

വനിത സഹകരണ സംഘങ്ങൾ

തൊഴിൽ സാധ്യതകൾ മേലൂർ പഞ്ചായത്ത് പ്രവർത്തന മേഖലയായി വനിത സഹകരണ സംഘം രൂപീകരിച്ച സംഘത്തിന്റെ കീഴിൽ റെഡീമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ, കറിപൗഡർ നിർമ്മാണം എന്നിവ ആരംഭിക്കേണ്ടതാണ്. സഹകരണ ബാങ്കിന്റെ ബ്രാഞ്ചുകൾ എല്ലാവാർഡിലും നടപ്പാക്കുക വഴി 28 ഓളം തസ്തികകൾ 5 വർഷത്തിനകം ഉണ്ടാകാവുന്നതാണ്.

കൺസ്യൂമർ മേഖലയിൽ 4 പേർക്കെങ്കിലും ജോലി ലഭിക്കും. ഗ്രൂപ്പ ഫാമിംഗ സഹകരണ സംഘം വഴി 10 ഓളം പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകും. ചകിരിനാര് നിർമ്മാണ മേഖലയിൽ 100 ഓളം പേർക്ക് പ്രത്യക്ഷമായി ജോലി നൽകാൻ സാധിക്കും.

കോഴിവളർത്തൽ സഹകരണസംഘം വഴി 10 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും.

ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക വഴി 8 പേർക്ക് തൊഴിൽ ലഭിക്കും. കൂടാതെ അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെ 20 പേർക്ക് പ്രത്യേകമായി തൊഴിൽ ലഭിക്കും. കൂടുതൽ കറവമാടുകളുടേയും ഉപരിയായി സംഘ അംഗങ്ങളുടേയും വരുമാനം വർദ്ധിപ്പിക്കാം. മത്സ്യ തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടുവരിക വഴി മത്സ്യ ഉല്പാദനവും വിപണനവും വർദ്ധിച്ച് തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ സാദ്ധിക്കും. ഉൾനാടൻ മത്സ്യ ഉല്പാദന സഹകരണ സംഘങ്ങൾ വഴി 100 പേർക്ക് ഉപതൊഴിൽ ലഭിക്കുകയും കേരള സംസ്ഥാനത്തിന് വിദേശനാണ്യം നേടിയെടുക്കാൻ കഴിയന്നതുമാണ്.

നിർദ്ദേശിച്ച പട്ടികജാതി സഹകരണ സംഘവും ലേബർ കോൺട്രാക്ട് സഹകരണ സംഘവും, ഗ്രൂപ്പ് ഫാമിങ് സഹകരണ സംഘവും, പഴം , പച്ചക്കറി സംസ്ക്കരണ സഹകരണ സംഘവും രൂപീകരിക്കുകയാണെങ്കിൽ ചുരുങ്ങിയത് 50 പേർക്കെങ്കിലും പ്രത്യക്ഷമായി ജോലി നല്കാൻ സാധിക്കും. സഹകരണ രംഗത്തെ വളർച്ചക്കായി മേലൂർ പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ

വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനം കുറ്റമറ്റതാക്കാവുന്നതുമാണ്.

സഹകരണ രംഗത്തെ വിവിധമേഖലകളിലെ വളർച്ചക്കായി ഈ പഞ്ചായത്തിൽ 400 ലക്ഷം രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്.

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി മേലൂർ പഞ്ചായത്തിലെ 10 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രാമസഭറിപ്പോർട്ട് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി മേലൂർ പഞ്ചായത്തിലെ കർഷകരംഗത്തും വ്യവസായികരംഗത്തും കാര്യമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക സാമൂഹിക മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് മേലൂർ പഞ്ചായത്തിനെ സജ്ജമാക്കുന്നതമാണ്.

# പട്ടികജാതി - പട്ടിക വർഗ്ഗ വികസനം

മേലൂർ ഗ്രാമപഞ്ചായത്തിന്റെ പത്തു വാർഡുകളിൽ I.H.D.Pകോളനി, പട്ടിക ജാതി കോളനി, ലക്ഷം വീട് കോളനി, നാലുസെന്റ് കോളനി തുടങ്ങിയ കോളനികളിലും റവന്യൂകനാൽ, പുറമ്പോക്ക് പ്രദേശങ്ങളിൽ, വാർഡുകളുടെ വിവിധ പ്രദേശങ്ങളിലുംമായി പഞ്ചായത്തിലെ 450 കുടുംബങ്ങൾ ഈ വിഭാഗത്തിൽ അധിവസിക്കുന്നു. (ആകെയുള്ള 5654 കുടുംബങ്ങളിൽ) പട്ടികവർഗ്ഗ കുടുംബക്കാർ ഈ പഞ്ചായത്തിൽ നിലവിലില്ല. ചെറുപ്പക്കാർക്കിടയിലും അല്ലാത്തവരിലും നിരക്ഷത നിലവിലുണ്ട്. വിദ്യാഭ്യാസരംഗത്ത് പുരോഗമനപരമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും സാമൂഹ്യസാംസ്കാരികരംഗത്തെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞട്ടില്ല. ഈറ്റ, മുള എന്നിവകൊണ്ട് പരമ്പരാഗത തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരും കാർഷിക രംഗത്ത് പണിയെടുക്കുന്നവരും മറ്റു തൊഴിൽ ചെയ്തു ജീവിക്കുന്നവരും പഴയ ആചാരാനുഷ്ഠാനങ്ങളുടെ ചുവടുപിടിച്ച് കുലദൈവങ്ങളെ ആരാധിച്ചു പോരുന്നു. ഇക്കൂട്ടർക്ക് സംഘടിതമായ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കാത്തതുകൊണ്ട് ചൂഷണത്തിനു വിധേയരായി കഴിയുകയാണ്. പറയൻതുള്ളൽ, തുടികൊട്ട് തുടങ്ങിയ പുരാതനനാടൻകല ഈ വിഭാഗക്കാർ ഇവിടങ്ങളിലെ ഉത്സവങ്ങളിൽ അവതരിപ്പിച്ചു വരുന്നു.

സർക്കാർനൽകിവരുന്ന ആനുകൂല്യങ്ങൾ ഈവിഭാഗങ്ങൾക്ക് വേണ്ടവിധം ലഭിക്കുന്നതിന്, പദ്ധതികളെക്കുറിച്ചുള്ള അജ്ഞത, പ്രയാസമേറിയ നിബന്ധനകൾ എന്നിവ തടസ്സം നിൽക്കുന്നു. ആയതുകൊണ്ടുതന്നെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുകയാണ്.

കണക്കുകളുടെ അടിസ്ഥാനത്തിൽ ആകെ പട്ടികജാതി അംഗങ്ങളുടെ ജനസംഖ്യ 2031 ആണ്. റവന്യൂ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള അംഗീകാരത്തിനുവേണ്ടി കാത്തു നിൽക്കുന്നു. പട്ടികജാതി സങ്കേതങ്ങളെ കോളനിയായി അംഗീകരിച്ചു കിട്ടുന്നതിനും അർഹരായവർക്ക് പട്ടയം ലഭിക്കുന്നതിനും സത്വരനടപടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പരാധീനതകൾ, സാങ്കേതിക ബുദ്ധിമുട്ടുകൾ എന്നിവ കാരണം സ്കൂൾ ഫൈനലിനുശേഷമുള്ള ഉപരി പഠനത്തിന് അധികം പേരും സന്നദ്ധരാകുന്നില്ല. ഇക്കാര്യത്തിൽ രക്ഷിതാക്കളുടെ അശ്രദ്ധയും കാരണമായിഭവിക്കുന്നു. ചെറുപ്പത്തിലേ കുടുംബ ബാദ്ധ്യതകൾ ഏറ്റെടുത്ത് പഠനത്തോട് വിടപറയേണ്ടിവന്ന കുട്ടികളും ഈ വിഭാഗത്തിൽ ഏറെയുണ്ട്. ഈ വിഭാഗക്കാർ തിങ്ങിപ്പാർക്കുന്നിടങ്ങളിൽ ട്യൂഷൻ സെന്ററുകളും , ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ച് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. പ്രീഡിഗ്രി, ഡിഗ്രി, പി.ജി, ഐ.ടി.ഐ എന്നിങ്ങിനെ ഉപരിപഠനത്തിന് വിരലിലെണ്ണാവുന്നവർ മാത്രമേ ചേർന്നു പഠിക്കുന്നുള്ളു. 1996-97 സാമ്പത്തിക വർഷത്തിൽ 343 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഹൈസ്കൂൾ തലത്തിൽ 87 കുട്ടികളും U.P തലത്തിൽ 133 കുട്ടികളും ബാക്കിയുള്ള L.P സ്കൂൾ തലത്തിലും പഠനം നടത്തുന്നു. S.S.L.Cക്കു താഴെ തോറ്റു പഠിക്കുന്നവർ 76 പേരും പഠനം ഇടയ്ക്കു നിറുത്തിയവർ 5 പേരുമാണ്.

പട്ടികജാതി കുടുംബങ്ങൾ ഭൂരിപക്ഷവും കാർഷികമേഖലയെ അടിസ്ഥാനമാക്കി കഴിയുന്നവരാണ്. സമീപകാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച മൂലം മറ്റു തൊഴിലുകളെ ആശ്രയിക്കേണ്ടി വരികയും ഉപജീവനത്തിനായി ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു.വിവിധപ്രദേശങ്ങളിൽ വ്യത്യസ്ത കൂലികൾ ലഭിക്കുന്നതിനാൽ അസംഘിടിതരായ ഈ സമൂഹത്തിന് വളരെയേറെ യാതനകൾ സഹിക്കേണ്ടി വരുന്നു. നിർമ്മാണ രംഗത്തെ പ്രവർത്തനങ്ങളിൽ പുരുഷതൊഴിലാളികൾക്ക് 100 നും 115 നും ഇടയ്ക്കും, സ്ത്രീകൾക്ക് 70 നും 80 നും ഇടയ്ക്കും രൂപ കൂലിയായി ലഭിച്ചു വരുന്നു. സ്ത്രീകൾ മാത്രം ചെയ്തു വരുന്ന നടീൽ, കളമാറ്റൽ തുടങ്ങിയ കാർഷികവൃത്തികൾക്ക് ആവശ്യമായ തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.കൂടുതൽ തൊഴിലാളികളെ ഈമേഖലയിലേക്ക് ആകർഷിക്കുന്നതിന് ആവശ്യമായനടപടികൾസ്വീകരിക്കേണ്ടതുണ്ട്.കാർഷികമേഖലയിൽ സീസണുകളിൽ മാത്രമാണ്തൊഴിൽലഭിക്കുന്നുള്ളു എന്നതും ഈ മേഖലയിൽ സ്ഥിരം തൊഴിലാളികളില്ല എന്ന അവസ്ഥ സംജാതമാക്കുന്നു.

467

വർഷങ്ങൾക്കു മുമ്പ് മൂവായിരം രൂപയാൽ പണിതീർത്ത വീടുകളിലാണ് ഈ പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗത്തിലെ കുടുംബങ്ങൾ കഴിയുന്നത്. ഇത്തരം വീടുകളുടെ നില ശോചനീയമാണ്. കോളനി നിവാസികൾക്ക് ഗുണഭോക്താക്കളുടെ സൗകര്യങ്ങൾ കണക്കിലെടുത്ത് വീടുകൾ ലഭ്യമാക്കേണ്ടതാണ്. പട്ടിക ജാതി കോളനികളിൽ പരിമിതമായ സൗകര്യങ്ങളും, ഓലമേഞ്ഞവീടുകളും, കൊച്ചു കുടിലുകളും ആണ് നിലവിലുള്ളത്. നാലുസെന്റ് കോളനിയിൽ താമസിക്കുന്നവരുടെ വീടുകൾ വളരെ ദയനീയമായ അവസ്ഥയിലാണ്. ഇവർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ താല്ക്കാലിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ, യഥാർത്ഥ വികസനപ്രവർത്തനങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

## പ്രശ്നങ്ങൾ

1. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. കൊഴിഞ്ഞുപോക്കും നിലവിലുണ്ട്. സാംസ്ക്കാരിക നിലയങ്ങളുടേയും സംയോജിത ട്യൂഷൻ സെന്ററുകളുടേയും അഭാവം നേരിടുന്നു.
2. മറ്റു തൊഴിലുകളെ തേടിപോകുന്നു–തൊഴിൽദായകരുടെ അഭാവം, തൊഴിൽ സംരംഭങ്ങളുടെ ലഭ്യതയിലുള്ള കുറവ് എന്നിവ ഇതിന് നിദാനമാകുന്നു.
3. പുറമ്പോക്കുകളിൽ കഴിഞ്ഞുകൂടുന്നു.–വീടുവയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ ലഭ്യമാകുന്ന തുക കൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നു.
4. പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല. വൈദ്യുതി ക്ഷാമം നേരിടുന്നു. കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്.
5. പൊതു ശ്മശാനം ഇല്ല. ഉള്ള ശ്മശാനങ്ങൾ വേണ്ട വിധത്തിൽ സംരക്ഷിക്കപ്പെടുന്നില്ല.
6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. കോളനി പ്രദേശത്ത് ആരോഗ്യ സംരക്ഷണ സംവിധാനവും, പരിപാലനവും മെച്ചപ്പെട്ടതല്ല.
8. ധന സഹായങ്ങൾ ലഭിക്കുന്നില്ല.
9. അഭ്യസ്തവിദ്യർക്ക് പട്ടികജാതി വികസനകോർപ്പറേഷൻ, പട്ടികജാതി ക്ഷേമ വകുപ്പ് നൽകി വരുന്ന ധന സഹായം ലക്ഷ്യം നേടുന്നില്ല.
10. I.R.D.P തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നില്ല.
11. പട്ടകജാതി – വർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് സമയോചിതമായി അറിയാൻ കഴിയുന്നില്ല.
12. ഗതാഗത സൗകര്യങ്ങളും വേണ്ടത്ര അനുയോജ്യമല്ല.
13. കടക്കെണിയിൽപെട്ടുപോകുന്നു.
14. ഇവർക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ സർക്കാരിന്റെ ഔദാര്യമാണെന്ന് സത്യം ഉൾക്കൊള്ളാത്തതു കാരണം കിട്ടുന്ന ആനുകൂല്ല്യങ്ങൾ താല്ക്കാലിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.
15. ഈ വിഭാഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്ല്യങ്ങൾ മറ്റു വിഭാഗക്കാർ തട്ടിയെടുക്കുന്നു.

## സാദ്ധ്യതകൾ

എ. കുടിവെള്ളം.

കോളനികളിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ഉയർന്ന ഭൂപ്രദേശങ്ങളിൽ താമസിക്കുന്നതുകൊണ്ട് ഒരുകിലോമീറ്ററോളം ദൂരം വരെ തലച്ചുമടായി വെള്ളം സംഭരിക്കേണ്ട ഗതികേടും ഇക്കൂട്ടർ അനുഭവിക്കുന്നു. പഞ്ചായത്തിൽ അനുയോജ്യമായ ജലസ്രോതസ്സുകൾ കണ്ടെത്തിയും മറ്റ്

ഏജൻസികൾ വഴി കിണർ, കുഴൽകിണർ എന്നിവ നിർമ്മിച്ചും കോളനികളിലേക്ക് പൈപ്പുവഴി വെള്ളം എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

b. വൈദ്യുതി

പഞ്ചായത്തിന്റെ പത്തു വാർഡുകളിലും താമസിക്കുന്ന പട്ടിക ജാതി വിഭാഗങ്ങൾക്ക് കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല, എത്തിയിട്ടുള്ള ഇടങ്ങളിൽ അപൂർണ്ണവുമായ രീതിയിലുമാണ്.

ഒന്നുമുതൽ ആറുവരെ വാർഡുകൾക്ക് ഉപകാരപ്രദമകാവുന്ന കുന്നപ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രം കിടത്തി ചികിത്സിക്കുന്ന ആശുപത്രിയാക്കിയാൽ മേൽ വാർഡുകളിലെ കോളനി നിവാസികൾക്ക് ഉപകാരപ്രദമാകും.

പഞ്ചായത്തടിസ്ഥാനത്തിൽ കോളനി നിവാസികൾക്ക് പൊതുവായി ഒരു ശ്മശാനം ഉണ്ടാക്കുന്നതിനും, നിലവിലുള്ള പട്ടികജാതിക്കാരുടെ ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടികജാതി വികസന കോർപ്പറേഷൻ, പട്ടികജാതി ക്ഷേമവകുപ്പും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി ഫലപ്രദമായി നടപ്പിലാക്കേണ്ടതാണ്. ലളിതമായ വ്യവസ്ഥകളിലൂടെ വായ്പകളും മറ്റു ധനസഹായങ്ങളും നൽകി തൊഴിൽ സംരംഭങ്ങളെ പരിപോഷിപ്പിക്കുവാൻ കഴിയും. ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിനും അർഹതപ്പെട്ടവർക്ക് യഥാ സമയങ്ങളിൽ ലഭ്യമാക്കുന്നതിനും നിബന്ധനകൾ ക്രമീകരിക്കേണ്ടതുണ്ട്. പട്ടികജാതിക്കാരുടെ ക്ഷേമങ്ങളെ മുൻ നിറുത്തി സത്വരനടപടികൾക്കായി ശ്രദ്ധചെലുത്തേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കോളനി പ്രദേശങ്ങളിൽ അഭ്യസ്ത വിദ്യരെ ഉപയോഗപ്പെടുത്തി ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കുക. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
2. കാർഷിക മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
3. പരമ്പരാഗത കുലത്തൊഴിലുകളായ കുട്ട, പനമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
4. അംഗീകാരത്തിനുവേണ്ടി കാത്തു നിൽക്കുന്ന കോളനികളുടെ അംഗീകാരവും വികസന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തുക.
5. ചെറുകിട വ്യവസായങ്ങളും, കുടിൽ വ്യവസായങ്ങളും പ്രോത്സാഹിപ്പിച്ച് സ്ത്രീകളുടെ ഉന്നമനത്തിനായി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
6. പൈപ്പുകൾ നീട്ടിയും ടാപ്പുകൾ സ്ഥാപിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കുക.
7. പട്ടികജാതി സഹകരണസംഘം ആരംഭിക്കുക.
8. സഹകരണ മേഖലയിൽ സിമന്റ്, ഇഷ്ടിക നിർമ്മാണം ആരംഭിക്കുക.
9. വിവിധകോളനിക്കാർക്ക് പട്ടയം നൽകുക.
10. വീടില്ലാത്തവർക്ക് വീട് ലഭ്യമാക്കുക. കക്കൂസ്, സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. മെയിന്റനൻസ് ഗ്രാന്റുകൾ അനുവദിക്കുക.
12. നാലുസെന്റുകോളനികളിലെയും ലക്ഷം വീടുകോളനികളിലെയും റോഡ്ഗതാഗതയോഗ്യമാക്കുക.
13. അഭ്യസ്ത വിദ്യരായ ആളുകളുടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ ഏജൻസികൾ മുഖാന്തരമുള്ള വായ്പകൾ ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് നൽകുക.
14. വ്യവസായ പരിശീലനകേന്ദ്രങ്ങളും പരിശീലന കളരികളും സംഘടിപ്പിച്ച് വ്യവസായ സംരംഭങ്ങൾ പരിപോഷിപ്പിക്കുക.

15. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പട്ടികജാതിവികസന കോർപ്പറേഷൻ വഴി സഹകരണ മേഖലയിൽ പനമ്പുനെയ്ത്ത്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയവയുടെ പ്രവർത്തനം ആരംഭിക്കുക.
16. പഞ്ചായത്ത് കേന്ദ്രീകരിച്ച് പാട്ടവ്യവസ്ഥയിൽ കൃഷിയിടങ്ങൾ കണ്ടെത്തി, കൃഷിഭവൻവഴിയുള്ള ധനസഹായം ലഭ്യമാക്കി പച്ചക്കറിതോട്ടങ്ങൾ സ്വരൂപിച്ച് തൊഴിൽ പ്രശ്നം പരിഹരിക്കുക.
17. എല്ലാ ക്ഷേമ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഒരു സമിതി രൂപീകരിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ മേൽനോട്ടത്തിനുള്ള സാഹചര്യവും ഉണ്ടാക്കുക.
18. കോളനി നിവാസികളുടെ ഭൂമികളിൽ മണ്ണൊലിപ്പ് തടയുന്നതിനു വേണ്ടിയുള്ള സത്വരനടപടികൾ സ്വീകരിക്കുക.
19. വായനശാലകൾ സാംസ്കാരിക നിലയങ്ങളും സ്ഥാപിക്കുക.
20. സംയോജിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
21. പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
22. 1–ാം വാർഡിലെ ദേവരാജഗിരി പ്രാന്തപ്രദേശത്തെ I.H.D.Pകോളനിയായും അംഗീകരിക്കുക.
23. നിലവിലുള്ള അഗ്രോ സെന്റർ പ്രവർത്തനം ആരംഭിക്കുക.
24. സൗജന്യമായി വയറിംഗ് നടത്തി വൈദ്യുതി എത്തിക്കുക.
25. 3–ാം വാർഡിലെ നാലുസെന്റു കോളനിയിൽ വീടുകൾ ഓടു മേയുന്നതിനും കക്കൂസ് പണിയുന്നതിനും ധനസഹായം നൽകുക.
26. 4–ാം വാർഡിൽ പുഷ്പഗിരി പടിഞ്ഞാറുഭാഗം സാംബവരടങ്ങുന്ന കുടുംബങ്ങളുള്ള പ്രദേശം അംബേദ്കർ ഗ്രാമമായി തെരഞ്ഞെടുക്കുകയും നിലവിലുള്ള പൊതുകിണറിൽ നിന്നും പൈപ്പുവഴി വെള്ളം എത്തിക്കുകയും ചെയ്യുക.
27. പുഷ്പഗിരി കിഴക്കുംഭാഗം റോഡ് സഞ്ചാരയോഗ്യമാക്കുക. പൈപ്പ് നീട്ടി കുടിവെള്ളപ്രശ്നം പരിഹരിക്കുക.
28. കുവ്വക്കാട്ടുകുന്ന് പടിഞ്ഞാറുഭാഗം പുതിയൊരു കോളനിയായി അംഗീകരിക്കുക.
29. വള്ളിച്ചിറ റോഡ് ഗതാഗതയോഗ്യമാക്കുക.
30. 1–ാം വാർഡ് പടിഞ്ഞാറു ഭാഗവും 4–ാം വാർഡുംസംയോജിപ്പിക്കാവുന്ന ലക്ഷംവീടുകോളനി റോഡ് പണിയാരംഭിക്കുക.
31. വിവധ പദ്ധതികളെക്കുറിച്ച് കൃഷിഭവൻ തുടങ്ങിയ ഏജൻസികളിൽ നിന്നു ലഭ്യമാക്കാവുന്ന പദ്ധതികളെക്കുറിച്ച് കോളനി നിവാസികൾക്ക് സമയോജിതമായി അറിയുവാൻ കഴിയുന്നതിനും സംവിധാനം ഏർപ്പെടുത്തുക.
32. കോളനി നിവാസികളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ – മേശ കസേര എന്നിവ സൗജന്യമായി ലഭിക്കുന്നതിനും ലംപ്സംഗ്രാന്റും സ്റ്റൈപന്റും വർദ്ധിപ്പിക്കുന്നതിനും നടപടികൾ എടുക്കുക.
33. ക്ഷേമ പ്രവർത്തനങ്ങൾക്കായി എക്സ്റ്റൻഷൻ സെന്ററുകൾ സ്ഥാപിക്കുക.
34. പട്ടികജാതി വിഭാഗത്തിലെ S.S.L.C ക്കുശേഷം അഭ്യസ്തവിദ്യർക്ക് കുടുംബങ്ങളിൽ ഒന്ന് എന്ന നിരക്കിൽ സർക്കാർ, അർദ്ധസർക്കാർ , ധനകാര്യ സ്ഥആപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് തൊഴിൽ ഉറപ്പാക്കുക.
35. സർക്കാരിൽ നിന്ന് കിട്ടുന്നതും, കിട്ടേണ്ടതുമായ ആനുകൂല്ല്യങ്ങൾ (ഔദാര്യങ്ങൾ) സർക്കാർ നിഷ്കർഷിക്കുന്ന കാര്യത്തിന് തന്നെ ഉപയോഗിച്ചാലേ ഇവരുടെ വികസനം യാഥാർഥ്യാമാകുകയൊള്ളുയെന്നും മേലിൽ ഔദാര്യമില്ലാതെ തന്നെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്താൻ കഴിയു എന്നും ബോദ്ധ്യപ്പെടുത്തണം.
36. ഇവർക്ക് കിട്ടേണ്ട ആനുകൂല്ല്യങ്ങൾ മറ്റു വിഭാഗക്കാർ തട്ടിയെടുക്കുന്നില്ലയെന്ന് ഉറപ്പു വരുത്തുക.

പട്ടികജാതി കുടുംബങ്ങളുടേയും അംഗങ്ങളുടേയും എണ്ണം (പട്ടിക- 1 )

| ക്രമ നം. | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | V | കുവ്വക്കാട്ടുകുന്ന് I.H.D.P | 75 | 316 |
| 2 | II | പൂലാനി " | 45 | 155 |
| 3 | I | കുന്നപ്പിള്ളി ലക്ഷം വീട് | 8 | 31 |
| 4 | II | കൊമ്പിച്ചാൽ " | 6 | 27 |
| 5 | III | കുറുപ്പം " | 10 | 46 |
| 6 | VII | വെട്ടുകടവ് " | 9 | 40 |
| 7 | VIII | നടുതുരുത്ത് " | 10 | 50 |
| 8 | II | പൂലാനി 4 സെന്റ് " | 4 | 19 |
| 9 | III | കുറുപ്പം " | 3 | 12 |
| 10 | VI | പന്തൽപ്പാടം " | 4 | 19 |
| 11 | VII | നടുതുരുത്ത് " | 6 | 31 |
| 12 | X | മണ്ടിക്കുന്ന് " | 13 | 69 |
| 13 | X | " | 15 | 73 |

പട്ടിക - 2 വീടുകളുടെ സ്വഭാവം

| ക്രമ നം. | വാർഡ് നമ്പർ | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകൾ | ആവശ്യമുള്ള കക്കൂസുകൾ |
|---|---|---|---|---|---|---|
| | | കോ.ൺ | ഓട് | ഓല. | | |
| 1 | I | 4 | 34 | 16 | 16 | 25 |
| 2 | II | 6 | 23 | 27 | 27 | 32 |
| 3 | III | 3 | 7 | 9 | 9 | 11 |
| 4 | IV | 5 | 39 | 21 | 21 | 26 |
| 5 | V | 8 | 55 | 52 | 52 | 58 |
| 6 | VI | 3 | 9 | 7 | 7 | 11 |
| 7 | VII | 5 | 15 | 20 | 20 | 16 |
| 8 | VIII | 2 | 10 | 13 | 13 | 15 |
| 9 | IX | 1 | 8 | 3 | 3 | 7 |
| 10 | X | 3 | 16 | 13 | 13 | 15 |

പട്ടിക - 3

ജല ദൗർലഭ്യ - പരിഹാര സാധ്യതകൾ

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാവുന്നവ | വാർഡ് | ചെറുകിട ജലസേചന പദ്ധതികൾ |
|---|---|---|---|
| I | കുന്നപ്പിള്ളി | I | കുന്നപ്പിള്ളി |
| IV | പുഷ്പഗിരി | III | കുറുപ്പം |
| V | കുവ്വക്കാട്ടുകുന്ന് | IV | പുഷ്പഗിരി |
| X | മണ്ടിക്കുന്ന് | IV | കുവ്വക്കാട്ടു കുന്ന് |
| | | IV | പന്തൽപ്പാടം |
| | | X | മണ്ടിക്കുന്ന് |

അംഗീകാരത്തിനു വേണ്ടി കാത്തിരിക്കുന്ന കോളനികൾ (പട്ടിക- 4)

| വാർഡ് | സ്ഥലങ്ങൾ | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| I | കുന്നപ്പിള്ളി ദേവരാജഗിരി | 30 | 141 |
| IV | പുഷ്പഗിരി - കിഴക്ക് - | 14 | 70 |
| | " - പടിഞ്ഞാറ് | 15 | 72 |
| V | കുവ്വക്കാട്ടുകുന്ന് | 12 | 60 |
| V | പാലമുറി | 14 | 68 |

വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർ

| വാർഡ് | | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| I | | 22 | 103 |
| II | | 11 | 53 |
| III | | 12 | 50 |
| IV | | 36 | 161 |
| V | | 14 | 56 |
| VI | | 10 | 48 |
| VII | | 33 | 139 |
| VIII | | 9 | 38 |
| IX | | 12 | 50 |
| X | | 8 | 34 |
| | ആകെ | 450 | 2031 |

## പട്ടിക - 4

റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുകക്കൂസ് എന്നിവയുടെ സ്ഥിതി വിവര കണക്കുകൾ

| വാർഡ് | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | കുടിവെള്ളം | | പൊതു കക്കൂസ് |
|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യം | ഗതാഗത യോഗ്യമല്ലാത്തത് | | കിണർ | ടാപ്പ് | |
| V | കൂവ്വാക്കാട്ട് കുന്ന് (I.H.D.P) | ഉണ്ട് | — | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| II | പൂലാനി (I.H.D.P) | ഇല്ല | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| I | കുന്നപ്പിള്ളി ലക്ഷം വീട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| II | കൊമ്പിച്ചാൽ ലക്ഷം വീട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| III | കുറുപ്പം ലക്ഷം വീട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VI | വെട്ടുകടവ് ലക്ഷം വീട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VIII | നടുത്തുരുത്ത് ലക്ഷം വീട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| II | പൂലാനി 4 സെന്റ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| III | കുറുപ്പം 4 സെന്റ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VI | പന്തൽപാടം 4 സെന്റ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VIII | നടത്തുരുത്ത് 4 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| X | മണ്ടിക്കുന്ന് A 4 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| X | മണ്ടിക്കുന്ന് B 4 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| I | കുന്നപ്പിള്ളി ദേവരാജഗിരി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| IV | പുഷ്പഗിരി കിഴക്കുഭാഗം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| IV | പുഷ്പഗിരി പടിഞ്ഞാറുഭാഗം | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| V | കൂവക്കാട്ടുകുന്ന് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| V | വള്ളിച്ചിറ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| I | വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർ | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| II | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| III | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| IV | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| V | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VI | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VII | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VIII | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| IX | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| X | | — | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

# XVI വിഭവ സമാഹരണം

കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള നമ്മുടെ പഞ്ചായത്തിൽ വ്യവസായിക മേഖലയിൽ എടുത്തു പറയത്തക്ക നേട്ടങ്ങളൊന്നുമില്ലാത്തത് വിഭവസമാഹരണത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് വിഭവസമാഹരണം വിപുലമായ രീതിയിൽ തന്നെ നടത്തേണ്ടതുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റുകൾ നല്ല രീതിയിൽ വിനിയോഗിക്കുകയും കൂടുതൽ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ച് ഗ്രാമപഞ്ചായത്ത് ആഴത്തിൽ ചിന്തിക്കേണ്ടിയുമിരിക്കുന്നു. ഇതോടൊപ്പം മനുഷ്യ വിഭവശേഷി ധാരാളം ഇവിടെയുണ്ട്. ഇത് വികസനമേഖലയിലേക്ക് തിരിച്ച് വിടണം.

പട്ടിക – 1

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 345269 | 293422 | 51847 |
| സർവ്വീസ് ചാർജ് (ലൈബ്രറി) | 17442 | 15170 | 2272 |
| തൊഴിൽ നികുതി | 144135 | 133980 | 10155 |
| വാഹന നികുതി | – | | |
| വിനോദ നികുതി | – | | |
| അഡി. വിനോദ നികുതി | – | | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | – | | |
| ചന്ത വരവ് | – | | |
| ലാന്റ് സെസ്സ് | – | | |
| ലൈസൻസ് ഫീസ് | 19953 | 15522 | 4431 |
| കെട്ടിട നികുതി സർചാർജ്ജ് | | | |
| വസ്തു കൈമാറ്റ നികുതി–75% | 165103 | 165103 | |
| വസ്തു കൈമാറ്റ നികുതി–25% | | | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ. | 52580.90 | 52580.90 | |
| സംഭാവന | | | |
| ഡെപ്പോസിറ്റ് | 29880 | 29880 | |
| മറ്റുള്ളവ | 547732 | 547732 | |
| ആകെ | 1322094.90 | 1253389.90 | 68705 |

ഈ പട്ടിക പ്രകാരം ധനാഭ്യർത്ഥന പ്രകാരമുള്ള തുക സംഭരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് ഖേദകരമാണ്. അടിയന്തിരമായ ശ്രദ്ധ ഇതിലേക്കായി പതിപ്പിക്കേണ്ടതുണ്ട്.

1995-96 വർഷത്തിൽ JRY ഫണ്ട്. അൺടൈഡ് ഫണ്ട് എന്നിവയിലൂടെ അനുവദിക്കപ്പെട്ട ആകെ ഫണ്ടിന്റെ വിവരം പട്ടിക - 2 ൽ കൊടുക്കുന്നു.

പട്ടിക - 2

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | SPL ഗ്രാന്റ് രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂപ | 75% രൂപ | | | | |
| 29614 | 2840 | 263961 | - | 218,200 | - | 2,39,100 | 302700 | 10,56,415 |

Ref: ഗ്രാന്റ് രജിസ്റ്റർ, സ്പെഷൽ ഗ്രാന്റ് രജിസ്റ്റർ

1995-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, ഗ്രാമ പഞ്ചായത്തിനു കൈമാറിയ തുകയെക്കുറിച്ചുള്ള വിശദ വിവരം മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളു. പദ്ധതിയേതര വിഹിതമൊന്നും അനുവദിച്ചിട്ടില്ല.

പട്ടിക - 3

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതിവിഹിതം | പദ്ധതി യേതര വിഹിതം | ആകെ |
| മൃഗസംരക്ഷണം | 18800 | - | 18800 |
| ആരോഗ്യം | 66204 | - | 66204 |
| കൃഷി | 441875 | - | 441875 |
| പി.ഡബ്ല്യു.ഡി. | - | - | - |
| ഹിരജന ക്ഷേമം | 1099 | - | 1099 |
| മറ്റുള്ളവ | - | - | - |
| ആകെ | 527978 | - | 527978 |

ആകെയുള്ള വരവുകളെകുറിച്ച് വിശദമായ അവലോകനം നടത്തിയതിനുപുറമെ ചിലവു സംബന്ധിച്ച വിവരങ്ങളെക്കുറിച്ച് ഒന്നു കണ്ണോടിക്കാവുന്നതാണ്.

പട്ടിക - 4

| ഇനം | ആകെ |
|---|---|
| ഭരണം | 524853 |
| പൊതുമരാമത്ത് | 464598 |
| വിദ്യാഭ്യാസം | 14354 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 52125 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 53364 |
| മറ്റുള്ളവ | 126856 |
| ആകെ | 1236150 |

പഞ്ചായത്തിന് നേരിട്ട് ലഭ്യമാകുന്ന വരുമാന മാർഗ്ഗങ്ങളിൽ പ്രധാനം കെട്ടിട നികുതികളിൽ നിന്ന് തന്നെയാണ്. കെട്ടിടങ്ങൾക്ക് ചുമത്തുന്ന നികുതി കാലോചിതമായി പുതുക്കേണ്ടതുണ്ട്. കെട്ടിടം പണിക്ക് ചിലവാകുന്ന തുകയുടെ അടിസ്ഥാനത്തിൽ, സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തി നികുതി പിരിക്കുകയാണെങ്കിൽ ഈ ഇനത്തിൽ പഞ്ചായത്തിന് അധിക വരുമാനം ഉണ്ടാകുന്നതാണ്. ഒപ്പം നികുതി നല്കേണ്ടതിനെക്കുറിച്ച് എല്ലാവരേയും ബോധവത്കരിക്കേണ്ടതും ആവശ്യമാണ്. തങ്ങൾ നല്കുന്ന നികുതി തുക നമ്മുടെ പ്രദേശത്തിന്റെ തന്നെ വികസനത്തിന് കാര്യമായ സംഭാവന ചെയ്യുന്നു എന്ന് അവർക്ക് ബോധ്യം വരേണ്ടതുണ്ട്.

വിനോദ നികുതിയിനത്തിൽ യാതൊരു തരത്തിലും വരുമാനം ലഭിക്കാതെ പോകുന്ന അപൂർവ്വം പഞ്ചായത്തുകളിലൊന്നാണ് നമ്മുടേതെന്ന് ഖേദപൂർവ്വം ഓർക്കേണ്ടതാണ്. 2-ാം വാർഡിൽ തുടങ്ങാൻ പോകുന്ന ഒരു സിനിമാതിയേറ്റർ ഇതിനൊരു പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ ധനകാര്യ മേഖലയിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും നാല് വാണിജ്യ ബാങ്കുകളുടേയും സേവനം ലഭിക്കുന്നു. ഇതിൽ 196-ാം നമ്പർ മേലൂർ സർവ്വീസ് സഹകരണ ബാങ്കിന് രണ്ടു ബ്രാഞ്ചുകളുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, കാനറ ബാങ്ക് തുടങ്ങിയ വാണിജ്യ ബാങ്കുകളുടേയും സേവനം വ്യത്യസ്ത വാർഡുകൾക്ക് ലഭിക്കുന്നുണ്ട്. പുതിയ തൊഴിൽ സംരംഭകർക്ക് വേണ്ടി ബാങ്കുകൾ തങ്ങളുടെ വായ്പാ നിബന്ധനകൾ ലഘൂകരിക്കേണ്ടതുണ്ട്.

ഇവയ്ക്ക് പുറമെ മൂന്ന് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ സമ്പദ്മേഖലയിൽ കാര്യമായ് പങ്കൊന്നും ഇവർക്കില്ല. ഇത്തരം സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെക്കൂടി അവരുടെ സമ്പത്തിനെ - ഉത്പാദന രംഗത്തേക്ക് എങ്ങനെ കൊണ്ടുവരാം എന്നതിനെക്കുറിച്ച് നാം കാര്യമായി ചിന്തിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്വയം തൊഴിൽ തുടങ്ങുന്നതിനും വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
2. പഞ്ചായത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ, കരാറുകാരന്റെ അമിതലാഭവും അഴിമതിയും മൂലം നഷ്ടമായിപ്പോകുന്ന പൊതുസ്വത്ത്.
3. നികുതികൾ ഈടാക്കുന്നതിലെ അപാകത.
4. വിഭവസമാഹരണത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ശരിയായ ആവബോധം ഇല്ലായ്മ.
5. കാർഷിക വിഭവങ്ങൾ വിറ്റഴിയ്ക്കാനുള്ള ഒരു പൊതു വിപണിയുടെ അഭാവം.

## സാദ്ധ്യതകൾ

1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്വയം തൊഴിൽ വായ്പകൾ ലഭിക്കുന്നതിനുള്ള തടസ്സം ഇല്ലാതാക്കുന്നതിന്, അവരെകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ജനകീയ സമിതി പഞ്ചായത്തുതലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇവർ ഒത്തുകൂടി പ്രദേശത്തിനനുസൃതമായ് സ്കീമുകൾ തയ്യാറാക്കേണ്ടതാണ്.
2. പഞ്ചായത്തിലെ വികസന നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടത്തട്ടുകാരെ ഒഴിവാക്കി, ഒരു ജനകീയ സമിതിയുടെ മേൽനോട്ടത്തിൽ തന്നെ തികച്ചും സുതാര്യമായ രീതിയിൽ പണികൾ നടത്തേണ്ടതാണ്.
3. നികുതി ഒടുക്കുന്നതിലൂടെ തങ്ങളും നാടിന്റെ പ്രത്യകിച്ച് അധിവസിക്കുന്ന പ്രദേശത്തിന്റെ വികസനത്തിൽ പരോക്ഷമായി പങ്കാളികളാകുന്നു എന്ന ഓരോ നികുതിദായകരേയും ബോധ്യപ്പെടുത്തേണ്ടതാണ്.
4. പ്രാദേശിക തലത്തിൽ നടത്തപ്പെടുന്ന വികസന പ്രവർത്തനങ്ങളിൽ ധനസമാഹരണം മനുഷ്യ വിഭവശേഷി എന്നിവ പ്രാദേശികമായി തന്നെ ഉറപ്പാക്കണം. കൂടുതൽ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ മനുഷ്യ വിഭവശേഷി ഉറപ്പു വരുത്താവുന്ന തരത്തിൽ ജനങ്ങളിൽ ബോധവത്ക്കരണം നടത്തേണ്ടതാണ്.

ആകെ ചിലവിന്റെ 35.5% വും പൊതുമരാമത്ത് രംഗത്താണ് ചിലവഴിച്ചരിക്കുന്നത്. ഇതിനു പുറമെ J.R.Y.-ൽ ജനറൽ സെക്ടറിലും SC വിഭാഗത്തിലുമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക അനുവധിച്ചിട്ടുണ്ട്. അതിന്റെ വിശദ വിവരം പട്ടിക – 5 ൽ കൊടുത്തിരിക്കുന്നു.

J.R.Y.-പണി സംബന്ധിച്ച വിവരങ്ങൾ

പട്ടിക – 5

| Sl. No. | പണിയുടെ പേര് | ജനറൽ സെക്ടർ | SC വിഭാഗം | ആകെ തുക |
|---|---|---|---|---|
| 1 | വീട് നിർമ്മാണം, 19 Nos. SC Spill over | – | 38286 | 38286 |
| 2 | കക്കൂസ് നിർമ്മാണം, 19 Nos. SC Spill over | – | 1681 | 1681 |
| 3 | - do - SC 60 nos. | – | 30,000 | 30,000 |
| 4 | വീട് നിർമ്മാണം SC 1 no. | – | 15,800 | 15,800 |
| 5 | പാലപ്പിള്ളിച്ചിറ റോഡ് നന്നാക്കൽ (വാർഡ് – IV) | 26400 | | 26400 |
| 6 | പാലാട്ടികുണ്ട്റോഡ് നന്നാക്കൽ (വാർഡ് – IV) | 40000 | | 40000 |
| 7 | നാല് സെന്റ് കോളനിയിൽ കക്കൂസ് നിർമ്മാണം (40 – nos.) | 20000 | | 20000 |
| 8 | ആലക്കപ്പിള്ളി റോഡ് മെറ്റലിംഗ് (വാർഡ്– I) | 134007 | | 134007 |
| 9 | പുഷ്പഗിരി കുന്നപ്പിള്ളി റോഡ് ബ്ലാക്ക് ടോപ്പിംഗ് | 76218 | | 76218 |
| | | 296625 | 85267 | 381892 |

പഞ്ചായത്ത്തിർത്തിയിൽ ഒരു പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സോ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളോ ഇല്ലാത്തത് നമ്മുടെ നികുതിയേതര വരുമാനത്തെ കുറച്ചോന്നുമല്ല ബാധിക്കുന്നത്. മേലൂർ ജംഗ്ഷനോട് ചേർന്ന് ഒഴിവായി കിടക്കുന്ന പഞ്ചായത്ത് വക ഭൂമിയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിന് ഏറെ സാദ്ധ്യതകളുണ്ട്. പൂലാനി ഹെൽത്ത് സെന്ററിനോട് ചേർന്ന് വെറുതെ കിടക്കുന്ന ഭൂമിയിൽ താഴത്തെ നിലയിൽ ഷോപ്പിംഗ് കോംപ്ലക്സോടു കൂടിയ ഒരു കല്യാണ മണ്ഡപം നിർമ്മിച്ചാൽ പഞ്ചായത്തിന് ഈയിനത്തിൽ നല്ലൊരു വരുമാനം ഉണ്ടാകുന്നതാണ്.

പഞ്ചായത്ത് ഭൂമികളിലെ ഫലവൃക്ഷങ്ങളിൽ നിന്നും പഞ്ചായത്തതിർത്തിയിലെ നാലു കടവുകളിൽ നിന്ന് മണൽ വാരുന്നതിൽ നിന്നും, മത്സ്യ ബന്ധനത്തിൽ നിന്നും ലേല ഇനത്തിൽ ചെറിചൊരു തുക പഞ്ചായത്തിന് ലഭിക്കുന്നുണ്ട്.

പട്ടിക – 6

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫല വൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ് കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| – | – | – | – | 510 | – | മണൽ–36700<br>മീൻ–4480 | 41,690 |

വിദേശപണം, പഞ്ചായത്തിന്റെ നാനാവിധമായ മേഖലകളിൽ അഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്താവുന്ന രീതിയിൽ 200–ഓളം പേർ, ഈ പഞ്ചായത്തിൽ നിന്നും ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്.

# XVII ഉപസംഹാരം

മേലൂർ ഗ്രാമപഞ്ചായത്തിന് ആധികാരികമായ ഒരു ഗ്രന്ഥം ജനകീയ ആസൂത്രണ പദ്ധതി (9-ാം പഞ്ചവത്സരപദ്ധതി) യുടെ ആരംഭത്തോടുകൂടി രണ്ടാം ഘട്ട വികസനപ്രവർത്തനത്തിന്റെ രണ്ടാമത്തെ സെമിനാറിൽ ഉരുത്തിരിഞ്ഞുവന്നിരിക്കയാണ്. ഭാവിയിൽ മേലൂർ പഞ്ചായത്തിന്റെ ചരിത്രം പഠിക്കുന്നവർക്ക് ഈ ഗ്രന്ഥം വളരെയേറെ വിജ്ഞാനപ്രദമായിരിക്കും. ഒന്നും രണ്ടും ഘട്ടങ്ങളിലായി പഞ്ചായത്തിലെ പത്തു വാർഡുകളിലെ ഗ്രാമസഭകളിൽ ഉദ്ദേശം 2000ൽ അധികം വികസന തല്പരരും, രണ്ടുസെമിനാറുകളിൽ നിന്നും 500ൽ അധികം വരുന്ന ജനങ്ങളും നൂറിൽപരം വിദഗ്ദ്ധന്മാരും അടക്കം 2600 ഓളം വരുന്ന ജനങ്ങൾ അവരുടെ സമഗ്രമായ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ പദ്ധതികളും മാർഗ്ഗനിർദ്ദേശങ്ങളും വിദഗ്ദന്മാരും സന്നദ്ധപ്രവർത്തകരും കൂടിച്ചേർന്ന് ക്രോഡീകരിച്ചെടുത്തതാണ് ഈ ഗ്രന്ഥത്തിൽ അടങ്ങുന്ന മാർഗ്ഗരേഖ. ഇത് നൂറു ശതമാനം വിജയമാണെന്ന് കരുതുന്നില്ല. പോരായ്മകൾ ഏറെ കണ്ടേക്കും. പോരായ്മകൾ 23-ാം തീയതിയിലെ സെമിനാറിൽ ഉരുത്തിരിഞ്ഞുവരുന്ന പ്രശ്നങ്ങളും , പ്രശ്നപരിഹാരങ്ങളും, നിർദ്ദേശങ്ങളും കൂട്ടിചേർത്ത് ഈ രേഖ കുറ്റമറ്റതാക്കണം. അപ്രകാരമാകുമെന്ന് ഉറച്ച ആത്മവിശ്വാസവും ഉണ്ട്.

നാം ഇപ്പോൾ നടത്തുന്ന ആസൂത്രണം 1997 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനിരിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിക്കായിട്ടാണ്. നാം ഇവിടെ ലക്ഷ്യമാക്കുന്നത് അഞ്ചുവർഷത്തേക്കുള്ള പദ്ധതിയല്ല. ഒരു ആയുഷ്കാലത്തേയ്ക്കുള്ള ആസൂത്രണമാണ്. മേലൂർ പഞ്ചായത്ത് നിവാസികളുടെ സമഗ്രമായ വികസനമാണ്. അഞ്ചുവർഷം കൊണ്ട് ചെയ്തുതീർക്കുവാനുള്ള പദ്ധതിയേക്കൾ പതിൻമടങ്ങ് വലുതാണ് നമ്മുടെ ഗ്രാമസഭകളിലൂടെ ഉയർന്നുവന്നിട്ടുള്ള ഇത്തരത്തിലുള്ള പദ്ധതികളും ഈ പ്ലാനുകളും. പദ്ധതി വിഹിതമായി നമുക്കു ലഭിക്കുന്ന ഫണ്ടുകൊണ്ട് ചെയ്തുതീർക്കാവുന്നതല്ല. വമ്പിച്ച തോതിലുള്ള ജനകീയ പങ്കാളിത്തം ഈ പദ്ധതികളുടെ ആകെ നടത്തിപ്പിനും വിജയത്തിനും അനിവാര്യമാണ്. ഏതുതരം ആസൂത്രണത്തേയും നിയന്ത്രിക്കുന്ന മുഖ്യഘടകം ഫണ്ടിന്റെ വലുപ്പമാണ്. എന്നാൽ നമ്മൾ ചർച്ച ചെയ്തതും പദ്ധതികൾ ആവിഷ്കരിക്കാൻ പോകുന്നതും ഫണ്ടിന്റെ ലഭ്യതെ ആധാരമാക്കിയാണ്. ഫണ്ട് ഒരു പ്രശ്നമായി ഇതുവരെ നടന്നിട്ടുള്ള ചർച്ചകളിൽ ഉയർന്നു വന്നിട്ടില്ല. പദ്ധതിവിഹിതമായി നമുക്ക് ലഭിക്കുന്ന ഫണ്ടുകൊണ്ട് ഇതെല്ലാം ചെയ്തുതീർക്കാമെന്ന ധാരണയും നമുക്കില്ല.

ജനകീയാസൂത്രണത്തിന്റെ നെടുംതൂണ് ജനപങ്കാളിത്തമാണ്. ജനങ്ങളുടെ ഇച്ഛാശക്തിയും സഹകരണവുമുണ്ടെങ്കിൽ ഫണ്ടിന്റെ അപര്യാപ്തത വികസനത്തിന് തടസ്സമാവില്ലെന്ന് ഈ വികസന റിപ്പോർട്ടിന്റെ പ്രാരംഭ പ്രവർത്തനം മുതൽ തന്നെ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഗ്രാമസഭകളിലെ ജനപങ്കാളിത്തം മുതൽ റിപ്പോർട്ട് തയ്യാറാക്കുന്നതുവരെയുള്ള ഇത്രയും മഹത്തരമായ ഉദ്യമത്തിൽ ജനങ്ങൾ എത്രകണ്ട് പങ്കെടുത്ത് വിജയിപ്പിക്കുമെന്ന കാര്യത്തിൽ വളരെ ആശങ്കിയുണ്ടായിരുന്നു എങ്കിലും അത്തരം ആശങ്കകൾ അസ്ഥാനത്താണെന്ന് ഈ പഞ്ചായത്തിലെ നല്ലവരായ ജനങ്ങൾ ഇതിനകം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. തുടർന്നുള്ള പ്രയാണത്തിൽ ജനങ്ങൾ മുൻ പന്തിയിലുണ്ടാകുമെന്ന് ഉറപ്പുണ്ട്. ഈ റിപ്പോർട്ടിന്റെ പൂർത്തീകരണത്തിൽ പ്രത്യേകിച്ച് സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിലും, ഗ്രാമറിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിലും, പഠനപര്യടനത്തിലും, ഡിപ്പാർട്ട്മെന്റ് തലവന്മാരും, പഞ്ചായത്ത് ജീവനക്കാരും സർക്കാർ തലത്തിൽ വിവിധ വകുപ്പുകളിൽ പെൻഷൻ പറ്റിയ വിദഗ്ദ്ധന്മാരും പഞ്ചായത്തുതലത്തിൽ അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്തവരും മറ്റ് സാമൂഹിക സാംസ്കാരിക സംഘടനകളിൽ പ്രവർത്തിക്കുന്നവരുമായ ഒട്ടനവധി പേർ ആത്മാർത്ഥമായ മനസ്സോടുകൂടി പ്രവർത്തിച്ചത് ഇവിടെ നന്ദിപൂർവ്വം സ്മരിക്കുന്നു. അവരോട് എന്നെന്നും കടപ്പാടുണ്ടായിരിക്കും.

ജനത്തിന്റെ ഇതുവരെയുള്ള വികസനത്തെക്കുറിച്ചുള്ള ധാരണ തെരെഞ്ഞടുക്കപ്പെടുന്ന ജനപ്രതിനിധികളും ഗവൺമെന്റും എന്ത് കൊണ്ടുവരുന്നു എന്നതാണ്. എന്നാൽ ഈ ജനകീയ ആസൂത്രണ പദ്ധതിയുലൂടെ വിവക്ഷിക്കുന്നത് നമ്മുടെ പ്രദേശത്തിന്റെ വികസനത്തിനായി നമുക്ക് എന്ത് ചെയ്യാൻ കഴിയും എന്നതാണ്. ഗവൺമെന്റിൽ നിന്നും കിട്ടുന്ന ഫണ്ടുകളും മറ്റു ധനസഹായങ്ങളും വാങ്ങുകയും ഈ ഫണ്ട് കോൺട്രാകേടഴ്സിന്റെയും ഉദ്യോഗസ്ഥരുടേയും ചൂഷണത്തിന് ഇടനല്കാതെ പദ്ധതി പ്രദേശത്തുതന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, പ്രാദേശികമായി ലഭിക്കാവുന്ന് ജനവിഭവശേഷി പരിമാവധി ഉപയോഗിച്ച് ( 1 ലക്ഷം രൂപ നല്കിയുട്ടുണ്ടെങ്കിൽ 2 ലക്ഷം രൂപയുടെ പ്രവർത്തം പദ്ധതി പ്രദേശത്ത് ജനപങ്കാളിത്തത്തോടെ നടത്താൻ സാധിക്കണം) ഈ രീതിയിൽ സമസ്ഥജനവിഭാഗങ്ങളേയും പങ്കാളികളാക്കികൊണ്ട് വികസനകാര്യത്തിൽ നമ്മുടെ പഞ്ചായത്തിനെ മറ്റു പഞ്ചായത്തുകളേക്കാൾ മുൻപന്തിയിലെത്തിക്കാൻ നമുക്ക് കഴുയും, കഴിയണം. ഇതിനുവേണ്ടി വിഭാഗീയചിന്താഗതികൾക്കതീതമായി നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. അങ്ങിനെ പുതിയൊരു വികസന സാംസ്കാരത്തിന്, വികസന രാഷ്ട്രീയത്തിനും ഇവിടെ തുടക്കം കുറിക്കാം. രാജ്യത്തിനാകമാനം മാതൃകയായി പരിണമിക്കാവുന്ന ഒരു വികസന സംസ്കാരത്തിന് 1997 ഏപ്രിൾ ഒന്നിന് നാം ഈ കൊച്ചു ഗ്രാമത്തിൽ അടിസ്ഥാനശില പാകുകയാണ്. ഈ വികസന റിപ്പോർട്ട് പൂർണ്ണമാണെന്നുള്ള വിശ്വാസം ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഞങ്ങൾക്കില്ല. ഇനിയും അനേകം കൂട്ടിചേർക്കലും കുറക്കലും അനിവാര്യമായിരിക്കും. തുറന്ന മനസ്സോടുകൂടി വികസന സെമിനാറിന്റെ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു. നിസ്സീമവും, അർപ്പണമനോഭാവവുമുള്ള ഒരു ജനശക്തിക്കുമുന്നിൽ പരിപൂർണ്ണമായ വിശ്വാസം അർപ്പിച്ചുകൊണ്ട് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ മൂന്നാം ഘട്ട പ്രവർത്തനത്തിലേക്ക് എല്ലാ മാന്യ ജനങ്ങളേയും സ്വാഗതം ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കുന്നു.

ശുഭാപ്തിവിശ്വാസത്തോടെ

| | |
|---|---|
| കൺവീനർ | M.P. ജോർജ്ജ് മാസ്റ്റർ, മേലൂർ |
| ജോ. കൺവീനർ | K.K. അജി, കുന്നപ്പിള്ളി |



479

ഭാവന ഓഫ്സെറ്റ് ചിറങ്ങര, ഫോൺ : 832048, 832618 (0488)

അധികാരം ജനങ്ങളിലേക്ക്



# പരിയാരം ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്




പരിയാരം
സെ. ജോർജ്ജസ് ദേവാലയം



പരിയാരം മഹാവിഷ്ണു ക്ഷേത്രം

## ഗ്രാമപഞ്ചായത്ത് ഭരണസമിതി


484




ടി. കെ. കുമാരൻ
പഞ്ചായത്ത് സെക്രട്ടറി



**മേഴ്സി മാത്യു**
പ്രസിഡൻറ്



**പി. പി. ആഗസ്തി**
വൈസ് പ്രസിഡൻറ്



**വി. സി. ജോസ്**
സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ



**ജെസ്സി വർഗീസ്**
മെമ്പർ




**ഷെർലി ജോസ്**
മെമ്പർ




**റോസിലി പൗലോസ്**
മെമ്പർ



**യു. വി. തോമാസ്**
മെമ്പർ



**ടി. എൽ. ജോർജ്**
മെമ്പർ



**കെ. വി. രാജൻ**
മെമ്പർ



**കെ. ഒ. വർഗീസ്**
മെമ്പർ


## പരിയാരം പഞ്ചായത്ത് മുൻ പ്രസിഡൻറുമാർ



















## പരിയാരം പഞ്ചായത്തിലെ മുൻ പ്രസിഡന്റുമാർ

1. ശ്രീ. ഐ.പി. ലോനക്കുട്ടി (ഇയ്യനം)
2. „ സി.എ. ഇട്ടീര (ചിറപ്പണത്ത്)
3. „ വി.സി. ലോനപ്പൻ (വട്ടോലി)
4. „ ഐ.ൽ. പൗലോസ് (ഇയ്യനം)
5. „ സി.ജെ. മാത്യു (ചിറപ്പണത്ത്)(ആക്ടിഗ്)
6. „ കെ.കെ. പൗലോസ് (കല്ലേലി)
7. „ കെ.എ. ജോർജ്ജ് (കരിപ്പായി)
8. ശ്രീമതി. കെ. എസ്. കുഞ്ഞുകുട്ടിയമ്മ (കിഴക്കേവീട്ടിൽ)
9. ശ്രീ. പി.പി. ആഗസ്തി (പടിഞ്ഞാക്കര)(ആക്ടിഗ്)
10. „ വി.സി. മാത്യു (വടക്കുമ്പാടൻ)

289

# പരിയാരം പഞ്ചായത്ത് വികസന രേഖ

## വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ശ്രീ. എം.ഒ.തോമാസ് മാസ്റ്റർ

„ പി.കെ. പോൾ മാസ്റ്റർ

„ പി.ഐ. ജോർജ്ജ് മാസ്റ്റർ

„ കെ..എ. പൊറിഞ്ചു മാസ്റ്റർ

„ യു.വി. തോമാസ്

„ കെ.വി. രാജൻ

„ പി.പി. സദാനന്ദൻ

„ വി.പി. ജോസ്

„ പി.എൻ. രാജൻ

„ എം.എസ്. മണികണ്ഠദാസ്

ശ്രീമതി പി.പി. രത്നം ടീച്ചർ

ശ്രീ. വി.ഡി. ഗോപി

ചീഫ് എഡിററർ:
മേഴ്സി മാത്യൂ
പ്രസിഡന്റ്, പരിയാരം ഗ്രാമപഞ്ചായത്ത്.

എഡിററർ:
പോളി ഡേവീസ്വാടക്കകത്ത്.

മുഖ്യസാങ്കേതികഉപദേഷ്ടാവ്: വി.ജി.ഗോപിനാഥ്

# പരിയാരം പഞ്ചായത്ത് വികസന രേഖ


**പഠനപര്യടനം-16 Km.**

വിഭവ ഭൂപട നിർമ്മാണത്തിലേക്കായി വൈ. പ്രസിഡന്റിന്റെ നേതൃത്വത്തിൽ 14 അംഗങ്ങളടങ്ങിയ സ്ക്വാഡ്,പഞ്ചായത്തിന്റെകിഴക്കേ അതിർത്തിമലയായ കുബ്ലാൻമുടിയിൽനിന്നും പടിഞ്ഞാറ് കലവറക്കടവ് പുഴയോരം വരെ 16 കി.മി. ദൂരം ഒററദിവസംകൊണ്ട് നടന്ന്,പരിധിപ്രദേശങ്ങളിലെ വിഭവങ്ങൾ രേഖപ്പെടുത്തുകയുണ്ടായി.

**പഠനസംഘം**

1. വി.പി.ആഗസ്തി.വൈ.പ്രസിഡന്റ്
2. വി.സി.ജോസ് -സ്റ്റാന്റിംഗ്കമ്മററി ചെയർമാൻ
3. കെ.വി.രാജൻ-മെമ്പർപരിയാരം പഞ്ചായത്ത്
4. പി.പി.സദാനന്ദൻ-പുതിയേടൻ
5. പി.ൻ.രാജൻ-പറമ്പിക്കാട്ടിൽ
6. കെ.വി.വർഗ്ഗീസ്-കല്ലേലി
7. വി.പി.ജോൺ-വടക്കുംമ്പാടൻ
8. വി.പി.ജോർജ്ജ്-വടാശ്ശേരി
9. ഇ .കെ.മോഹനൻ-ഇരിങ്ങംപിള്ളി
10. കെ.എ.ഡേവീസ്-കരിപ്പായി
11. എം.എ.ആഗസ്തി-മോറേലി
12. കെ.എൽ.പൗലോസ്-കോലങ്കണ്ണി
13. കെ.ഡി.ജോസഫ്-കരിപ്പായി
14. പി.പി.ജോൺസൺ-പോട്ടക്കാരൻ

# പരിയാരം ഗ്രാമ പഞ്ചായത്ത് പഠന പര്യടനം




| ഭൂപ്രകൃതി | കിഴ്ക്കാം തൂക്കായ വനം | ജനവാസമുള്ള അടിവാരം | പാറമട കുന്ന് | അന്ത്രക്കമ്പാടം | സമതലം | പാടം | സമതലം | പാടം | സമതലം | പുഴയോരം |
|---|---|---|---|---|---|---|---|---|---|---|
| മൺതരം | കറുത്ത മണ്ണ്, പാറ, ഉരുളൻ കല്ല് | കറുത്ത മണ്ണ് | പാറയും വലിയ ചരലും | ചെളിമണ്ണ് | ചരൽ മണ്ണ് | ചെളിമണ്ണ് | കറുത്തമണ്ണ്, കാടക്കണ്ണൻ | ചെളി | വെട്ടുകല്ല്, ചുവന്ന ചരൽ മണ്ണ് | മണൽ കലർന്ന എക്കൽ മണ്ണ് |
| സസ്യാവരണം | ഇടതൂർന്ന വനം | റബ്ബർ, വാഴ, തെങ്ങ്, മരച്ചീനി, ജാതി, കാവുങ്ങ് | കുറ്റിച്ചെടികൾ | നെല്ല്, തെങ്ങ് | റബ്ബർ, വാഴ, തെങ്ങ് | നെല്ല് മരച്ചീനി തെങ്ങ് | തെങ്ങ്, മാവ്, പ്ലാവ്, വാഴ | നെല്ല് | തെങ്ങ് പ്ലാവ് മാവ് വാഴ മുതലായവ | തെങ്ങ്, കാവുങ്ങ് വാഴ, ജാതി |
| പരിസ്ഥിതി പ്രശ്നങ്ങൾ | ചെറിയ തോതിൽ വനനശീകരണം | മണ്ണൊലിപ്പ് | പാറ പൊട്ടിക്കുന്നു | മണ്ണൊലിപ്പ് | കോളനിയിൽ ജല ദൗർലഭ്യം | പാടം നികത്തുന്ന പ്രവണത കാണുന്നു. | ഇല്ല | പാടം പറമ്പായി മാറുന്നു. | ചെറിയ തോതിൽ മണ്ണൊലിപ്പ് | മണൽ വാരൽ മൂലം പുഴയോരം ഇടിയുന്നു. |
| ജലം | ചെറിയ നീരുറവ മാത്രം കാണുന്നു. | കുറച്ചുഭാഗത്ത് ജലസേചന സൗകര്യമുണ്ട് | വരണ്ട ഭൂമി | ജലമുണ്ട്. | ജല ദൗർലഭ്യമുണ്ട് | ജലമുണ്ട്. | ജലദൗർലഭ്യമുണ്ട് | ജലമുണ്ട് | ജല ദൗർലഭ്യം അനുഭവപ്പെടുന്നു. | ജലദൗർലഭ്യമുണ്ട് |

192

# നന്ദിസ്മരണ

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഉൽപ്പന്നമായിരുന്ന ഗ്രാമസഭകളെ വിജയമാക്കിതീർത്ത ഗ്രാമസഭാംഗങ്ങളോടും, വികസന റിപ്പോർട്ടു തയ്യാറാക്കാൻ അർപ്പണ ബോധത്തോടെ സഹായിച്ച വിദഗ്ദസംഘാംഗങ്ങളോടും, ഇതുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരോടും, ഗ്രാമപഞ്ചായത്തംഗ ങ്ങളോടും ജനകീയാസൂത്രണ പ്രസ്ഥാനത്തിനുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. പരിമിതമായ കാലയളവി നുള്ളിൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടി വന്നതിനാൽ വന്നു ചേർന്നിട്ടുള്ള ക്രമക്കേടുകളും ഭാഷാപരമായ തെറ്റുകളും സദയം ക്ഷമിക്കുമെന്ന വിശ്വാസത്തോടെ,

കൺവീനർ

പോളി ഡേവിസ്

## ഉള്ളടക്കം

**അറിവിൻെറ വഴികൾ**


1. ആമുഖം
2. ചരിത്ര പശ്ചാത്തലം
3. ചരിത്രം
4. ഭൂവിനിയോഗം
5. കൃഷിയും ജലസേചനവും
6. പൊതുജനാരോഗ്യം - കുടിവെള്ളം
7. മൃഗസംരക്ഷണം - മത്സ്യബന്ധനം
8. വ്യവസായം
9. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
10. പാർപ്പിടവും - സാമൂഹ്യക്ഷേമവും
11. വിദ്യാഭ്യാസം
12. സംസ്ക്കാരം
13. വനിത
14. പട്ടികജാതി - പട്ടികവർഗ്ഗം
15. സഹകരണം
16. വിഭവസമാഹരണം
17. വനസമ്പത്ത്
18. ഉപസംഹാരം

## അറിവിന്റെ വഴികൾ

1. എം. കെ. എം. ആചാരി
2. വി. എൽ. വർഗ്ഗീസ്
3. വി. ഡി. ചുമ്മാർ
4. എം. ജെ. ദേവസ്സി
5. കെ. ഒ. പൊറിഞ്ചു മാസ്റ്റർ
6. പി. കെ. പോൾ മാസ്റ്റർ
7. എം. ഒ. തോമസ്
8. വി. സി. റോസ കൊച്ചുപൗലോസ്
9. ഏല്യക്കുട്ടി. ജെ. ആച്ചാട്ട്
10 പി. എ. ജോൺ മാസ്റ്റർ
11. പി. എ. പോൾ പടിഞ്ഞാക്കരം
12. പി. ഐ. ജോർജ്ജ് മാസ്റ്റർ
13. ഡേവീസ് വാടക്കകത്തിന്റെ ഡയറി കുറിപ്പുകൾ
14. വിഷ്ണു ശൈവ ക്ഷേത്ര പൂജാരി
15. വിവിധ സുവനീറുകൾ
16. വി. സി. മാത്യു മാസ്റ്റർ
17. പി.പി. ആഗസ്ഥി
18. വി. റ്റി. കുഞ്ഞുവറീത് മാസ്റ്റർ
19. കുമ്മയിൽ നാനിക്കുട്ടിയമ്മ

അന്വേഷണങ്ങൾ – പഴയ പത്രതാളുകൾ – വായ്മൊഴികളിലൂടെ ലഭ്യമായവ – വിശകലനങ്ങൾ

## ആമുഖം

കഴിഞ്ഞ കാലഘട്ടങ്ങളിലെ പഞ്ചവത്സര പദ്ധതികൾ. കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനത്തുലും തീരുമാനങ്ങൾ എടുക്കുകയും കേന്ദ്രീകൃതരീതിയിൽ നടപ്പിലാക്കുകയും ചെയ്തപ്പോൾ ഓരോ പ്രദേശത്തിന്റെയും ജനകീയ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഇല്ലാതാവുകയും. പരസ്പരം ബന്ധമില്ലാതെ വിവിധ വകുപ്പുകൾ സ്കീമുകൾ തയ്യാറക്കിയുതവഴി ജനക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ ഉപയോഗപ്പെടാതാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ 9-ാം പദ്ധതിയുടെ 35 – 40 ശതമാനത്തോളം താഴ തട്ടുകളിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണമെന്ന പ്ലാനിംഗ് ബോർഡിന്റെ കാഴ്ചപാട് അർത്ഥവത്താണ്.

പൊതു വിദ്യാഭ്യാസം പൊതുജനാരോഗ്യം പൊതുവിതരണം മേഖലകളിൽ കേരളം ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ഉൽപ്പാദന മേഖലയിലെ മുരടിപ്പ് തൊഴിലില്ലായ്മ ഭയാനകമാവുകയും കേരളം നിത്യോപയോഗ വസ്തുകൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായും വന്നും ആയതിനാൽ ഭക്ഷ്യ രംഗത്ത് ഒരു സ്വയം പര്യാപ്തത നേടിയെടുക്കുകയെന്നതും പ്രാധാന്യമേറിയതാണ്.

പരിയാരം ഗ്രാമ പഞ്ചായത്തിനകത്ത് ജനകീയ ആസൂത്രണത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഏകദിന പരിശീലനങ്ങൾ പൂർത്തികരിക്കുകയും ഗ്രാമസഭകൾ ചേരുകയും ജനങ്ങളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടിട്ടുള്ള ഗ്രാമസഭ റിപ്പോർട്ടുകളും അവയുടെ പഞ്ചായത്തുതല ക്രോഡികരണവും നടന്നും പത്തു വാർഡുകളിലായി നടന്ന ഗ്രാമ സഭകളിൽ 1489 പേർ പങ്കേടുക്കുകയുണ്ടായി. പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ നടന്ന ദ്വിതീയ സ്ഥിതി വിവര കണക്കുകളുടെ വിലയിരുത്തലുകളും ശേഖരിച്ചു. പഞ്ചായത്തിന്റെ ചരിത്രം പഠനനവിധേയമാക്കാൻ കാരണവരുമായി മുഖാമുഖ വായ്മൊഴികളും ഡയറി കുറിപ്പുകളും സുവനീറുകളും ഉപയോഗപ്പെട്ടുതുകയും ചെയ്തു പഞ്ചായത്തിലെ ഏറ്റവും ഉയരകൂടിയ കുബളാൻമുടി മലയിൽ നിന്ന് ചാലക്കുടി പുഴയുടെ ഓരം വരെ പഠന പര്യടന സംഘം സഞ്ചരിക്കുകയും ആയതിൽ നിന്നു് ലഭ്യമായ വൈവിധ്യമായ വിവരങ്ങൾ ശേഖരിക്കുകയും സാമൂഹ്യ ഭൂപട തയ്യറാക്കുകയും ചെയ്തു..

ജനകീയ ആസുത്രണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴവൻ വാർഡുകളിൽ ജനപങ്കാളിത്തോടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

ഭാരതത്തിനും ലോകത്തിനും നിരവധി നവ സന്ദേശങ്ങൾ സംഭാവന നല്കിയ കേരളം ഒരിക്കൽ കൂടി ലോകചരിത്രത്തിന്റെ താളുകളിൽ തങ്ക ലിപികളാൽ രേഖപ്പെടുത്തുമ്പോൾ ആ വലിയ സന്ദേശത്തിന്റെ ഭാഗഭാക്കാകുവാൻ പരിയാരം ഗ്രാമ പഞ്ചായത്തിന് കഴിയുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ ആമുഖം കുറിക്കുന്നു.

# പഞ്ചായത്ത് ചരിത്ര പശ്ചാത്തലം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പരിയാരം ഗ്രാമ പഞ്ചായത്ത് |
| വില്ലേജ് | : | പരിയാരം |
| ബ്ലോക്ക് ഡിവിഷൻ | : | പരിയാരം, കോടശ്ശേരി, അതിരപ്പിള്ളി |
| നിയോജക മണ്ഡലം | : | ചാലക്കുടി |
| താലൂക്ക് | : | മുകുന്ദപുരം |
| ജില്ല | : | തൃശൂർ |
| ജനസംഖ്യ | : | 20931 |
| വിസ്തീർണ്ണം | : | 16.08 സ്ക്വ. കി.മി. |
| വാർഡുകളുടെ എണ്ണം | : | 10 |
| പ്രസിഡണ്ടിന്റെ പേര് | : | മേഴ്സി മാത്യു |
| വൈ. പ്രസിഡണ്ടിന്റെ പേര് | : | പി.പി. ആഗസ്ഥി. |

കരം അടക്കുന്നവർക്ക് മാത്രം വോട്ടവകാശം ഉണ്ടായിരുന്ന പഴയ കൊച്ചി രാജ്യത്തിലെ പഞ്ചായത്തുകളിലൊന്നായ പരിയാരം പാഞ്ചായത്ത് പ്രസിഡണ്ടുമാരെ അധികാരികൾ എന്നാണ് വിളിച്ചിരുന്നത്. കളപ്പുരയിൽ രാമപണിക്കർ, കിഴക്കുടൻ കുരിയപ്പൻ, കെ. എൻ. നമ്പൂതിരി മുതലായവരാണ് ആദ്യകാല പ്രസിഡണ്ടുമാർ (അധികാരികൾ). 1953ലെ തിരുകൊച്ചി ആക്ടിന്റെ പ്രാബല്യത്തിൽ ഇന്നത്തെ രീതിയുലുള്ള പഞ്ചായത്ത് നിലവിൽ വന്നു.

കേരളത്തിലെ ഏറ്റവും ദൈർഘ്യമുണ്ടായിരുന്ന പരിയാരം പഞ്ചായത്ത് 1966ൽ വിഭജിച്ച് കോടശ്ശേരി പഞ്ചായത്ത് രൂപികരിക്കുകയും 1977ൽ വീണ്ടും വിഭജനം നടത്തി വെറ്റിലപ്പാറ (അതിരപ്പിള്ളി) പഞ്ചായത്ത് രൂപികരിക്കുകയും ചെയ്തു.

## അതിരികൾ

| | | |
|---|---|---|
| വടക്ക് | : | കോടശ്ശേരി പഞ്ചായത്ത് |
| തെക്ക് | : | ചാലക്കുടി പുഴ |
| കിഴക്ക് | : | അതിരപ്പിള്ളി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | കോടശ്ശേരി പഞ്ചായത്ത് |

## ഓഫീസുകൾ – സ്ഥാപനങ്ങൾ

കൃഷിഭവൻ, പ്രഥമികാരോഗ്യ കേന്ദ്രം P.H.C. സബ്ബ് സെന്ററുകൾ, തുമ്പൂർമുഴി ക്യാറ്റിൽ ബ്രീഡിങ്ങ് ഫാം, ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്, ഫോറസ്റ്റ് ചെക്ക് പോസ്റ്റ്, ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ, ഗവൺമെന്റ ആയ്യുർവ്വേദ ഡിസ്പൻസറി, ഗവൺമെന്റ മൃഗാശുപത്രി, വില്ലേജ് ഓഫീസ്, വില്ലേജ് എക്സ്റ്റാൻഷൻ ഓഫീസ്, ഇല്ട്രിസിറ്റി ഓഫീസ്, ടെലിഫോൺ എക്സ്ചേഞ്ച് സബ്ബ് പോസ്റ്റാഫീസ്, ബ്രാഞ്ച് പോസ്റ്റാഫീസുകൾ, റേഷൻ കടകൾ, മവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങൾ പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നു.

# പരിയാരം ചരിത്രത്തിന്റെ താളുകളിലൂടെ

പതി (മല)യുടേയും ഓരത്തിന്റെയും ഇടയ്ക്കുള്ള സ്ഥലനാമം വരികയും വായ്മൊഴികളിലൂടെ മാറ്റങ്ങൾക്ക് വിധേയമായി പതിയാരമാവുകയും പന്നീട് പരിയാരമാവുകയമാണ് ഉണ്ടായത്.

പഴയ കൊച്ചി രാജ്യത്തിന്റെ ആസ്ഥാനം തൃപ്പൂണിത്ത്റ ആയിരുന്നെങ്കിലും കൊല്ലത്തിൽ രണ്ട് മാസം രാജാവ് താമസിച്ചിരുന്നത് പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളി കോവിലകത്തിലാണ്. രാജാവിന്റെ വേനൽകാലവസതിയായ ഈ സ്ഥലത്തിന് ഭരണകാര്യങ്ങളിലും വ്യക്തമായ പങ്കുണ്ടായിരുന്നു.

ചാലക്കുടി പുഴയുടെ തീരത്ത് സ്ഥിതി ചെയ്തിരുന്ന ഈ സുഖവാസകേന്ദ്രത്തിൽനിന്ന് കോവിലകം വാസികളുടെ താമസ സ്ഥലവുമായി ബന്ധപ്പെടുത്തി കൊച്ചിരാജാവ് സ്ഥാപിച്ച ആട്ടുപാലം കൊച്ചിയിലെ ആദ്യത്തെയാണെന്ന് കരുതപ്പെടുന്നു.

കൊച്ചിരാജ്യത്ത് ആദ്യമായി വൈദ്യുതി എത്തിയ സ്ഥലങ്ങളിൽ ഒന്ന് കാഞ്ഞിരപ്പിള്ളി കോവിലകമായിരുന്നു.

ചന്ദ്രിക പവർ കോപ്പറേഷൻ എന്ന സ്വകാര്യ സ്ഥാപനമാണ് വൈദ്യുതി എത്തിച്ചത്.

കൊച്ചിരാജ്യത്തെ ജയിലറും കൺസർവേറ്ററുമെല്ലാം ആയിരുന്നിട്ടുള്ള ഇംഗ്ലണ്ടിലെ കോലഫ് കുടുംബം പിൽക്കാലത്ത് താമസിച്ചിരുന്നത് പരിയാരത്തായിരുന്നു. ആധുനിക പ്ലാന്റേഷനുകൾ പലതും ഉണ്ടാക്കിയത് കോലഫ് കുടുംബാഗമായ ജോസഫ് കോലഫ് ആയിരുന്നു. ആംഗ്ലോ സമുദായക്കാരനായ വില്യംസ് എന്ന റെയിഞ്ചാണ് പരിയാരത്ത് ആദ്യമായി കശുമാവ് പ്ലാന്റ് ചെയ്തത്.

1930ലെ നിയമ ലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി പരിയാരവും സ്തന്ത്ര്യ സമര പോരാട്ടങ്ങളിൽ പങ്കുചേർന്നു. ഉപ്പു സത്യാഗ്രഹത്തിലും സജീവമായ പങ്കാളിത്തമുണ്ടായിരുന്നു. P.K.പോൾ മാസ്റ്റർ, C.S.പണിക്കർ, T.K. അച്ചുതൻ വൈദ്യർ, ഡോക്ടർ ജെ. ആച്ചാട്ട് തുടങ്ങിയവർ ആദ്യകാല സ്വാതന്ത്ര്യസമര സേനാനികളിൽ പ്രമുഖരാണ്. ജാതിക്കും നീചമായ വ്യവസ്ഥിതികൾക്കും എതിരായ സമരങ്ങളിൽ 1940 ൽ തന്നെ ഇവിടെ സ്ഥാനം ലഭിച്ചിരുന്നു. പാലിയം സത്യാഗ്രഹത്തിലും കുട്ടൻകുളം സമരത്തിലും പങ്കെടുത്തവർ നിരവധിയാണ്.

കോൺഗ്രസ്സിന്റെ ആദ്യകാലനേതാക്കളിൽ ഒരാളും തികഞ്ഞ ഗാന്ധിയനുമായിരുന്ന ജ.ഗ. പോൾ മാസ്റ്റർ പഴയ കാല അദ്ധ്യാപകനും തിരുകൊച്ചി നിയമസഭയിലെ ങ.ഘ.ഇ യും പിന്നീട് ങ.ഘ.അ യും ആയിരുന്നു. പുരോഗമന ആശയങ്ങൾ ഇഴുകി ചേർന്ന മണ്ണാണ് പരിയാരത്തിന്റേത്. ഡോക്ടർ ഖ. അച്ചാട്ട് ജ.ഇ. പൈലക്കുട്ടി, M.I. കുട്ടൻ ഡ.ഡ. ദാമോദരൻ, P.K. പാപ്പു തുടങ്ങിയവർ ആയതിന്റെ മുന്നണി പോരാളികളികൾ ആയിരുന്നു.

സ്വന്തമായി കൃഷിഭൂമി ഇല്ലാതിരുന്ന കർഷകരും തൊഴിലാളികളും 1940 കളുപടെ ആദ്യത്തിൽതന്നെ സംഘടിക്കുകയും സംഘടനാ നേതൃത്വത്തിലേക്ക് ഉയർന്നു വരികയും ചെയ്തു. 1944 ൽ രൂപംകൊണ്ട ആനമല കൂട്ടുകൃഷി സഹകരണ സംഘം ഈ കർഷക കൂട്ടായ്മയുടെ ഉദാഹരണമാണ്.

അഖില കൊച്ചി കർഷക സമ്മേളനത്തിന് ആതിഥേയമരുളിയതും പരിയാരത്തിന്റെ ചരിത്രത്തിൽ തൂവൽ ചാർത്തുന്നു. പഴയ ചന്തപറമ്പിൽ നടന്ന സമ്മേളനം ഉൽഘാടനം ചെയ്തത് അ.ഗ.ഏ. യാണ്. സമ്മേളനത്തോടനുബന്ധിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടത് അയ്യംപിള്ളി പറമ്പിലായിരുന്നു. ഋ.ങ.s., ഇ. അച്ചുതമേനോൻ, E. ഗോപാലകൃഷ്ണമേനോൻ തുടങ്ങിയവരാണ് ക്ലാസ്സുകളെടുത്തത്. ങ.ഗ. കാട്ടുപറമ്പനും P.C. തോമാസുമായിരുന്നു സമ്മേളന സംഘാടകരിൽ പ്രമുഖർ.

1946 ലെ കർഷക സമരം പരിയാരത്തെ ഇളക്കി മറിച്ചു. കർഷക സമരവുമായി ബന്ധപ്പെട്ട് പിന്നീട് നടന്നതായ ശങ്കുണ്ണി ഇൻസെപ്കടറുടെ കൊലകേസ്സും തുടർന്നുണ്ടായ പോലീസ് നരനായാട്ടും ഇന്നു പരിയാരത്തിന്റെ മണ്ണിൽ ഒളിമങ്ങാതെ നിലനിൽക്കുന്നു.

കർഷക സമരത്തെ ആസ്പദമാക്കി പി. ഭാസ്കരൻ രചിച്ച പരിയാരംകുന്ന് എന്ന കവിതയും നവജീവൻ പത്രത്തിൽ സി. ആച്ചതമേനോൻ എഴുതിയ പരിയാരം ഡയറി കുറിപ്പുകളും എ.കെ.ജി.യുടെ ആത്മകഥയും ഈ സമരത്തിന്റെ പ്രസക്തിയെ കാണിക്കുന്നു.

ഭൂപരിഷ്കരണം നിലവിൽവന്നപ്പോൾ ജന്മികുടിയാൻ ബന്ധങ്ങളിൽ സാരമായി മാറ്റമുണ്ടാവുകയും ചെയ്തു.

പഞ്ചായത്തിനകത്തെ അധികഭൂമിയും കയ്യാളിയിരുന്ന കോവിലകം കുടുംബത്തിന്റെ ഭൂമികൾ ഭൂപരിഷ്കരണ നിയമം വന്നതിനാൽ കൃഷിഭൂമിയുടെ സിംഹഭാഗവും കർഷകർക്ക് ലഭ്യമായി.

1969 ജനുവരി 2ന് കപ്പായും കൂട്ടുകൃഷി സംഘത്തിന്റെ നേതൃത്വത്തിൽ വന ഭൂമി കയ്യേറി കൃഷിയിറക്കുകയുണ്ടായി കപ്പായും കർഷക സമരത്തിന് നേതൃത്വം നൽകിയത്. N.M. കാർത്തികേയൻ, ഡേവിസ് വാടക്കകത്ത്, S. വെള്ളപാണി, V. മുനിസ്വാമി, M.V. ജോണി എന്നിവരാണ്.

## പരിയാരം പഞ്ചായത്ത് വികസന രേഖ

1912 ൽ ആണ് പരിയാരത്ത് ഗ്രന്റോടുകൂടിയ ലോവർ സെകന്ററി സ്കൂൾ ആരംഭിച്ചത്. ചിറപ്പണത്ത് പാലിമാസ്റ്റർ, P.S. രാമയ്യർ, P.K. പോൾ, K.J. ജോസഫ് തുടങ്ങിയവരാണ്. ആദ്യകാല അദ്ധ്യാപകർ കൊച്ചി രാജ്യത്തെ ആറ് B.A. കാരിൽ ഒരാളായ ജേക്കബ്ബ് മൂത്തേടൻ പരിയാരത്തിന്റെ സന്താനമാണ്.

വിലാസിനി എന്ന തൂലികാനാമത്തിൽ പിൽക്കാലത്ത് അറിയപ്പെട്ട മൂർക്കനാട് കൃഷ്ണൻകുട്ടി മേനോൻ (M.K. മേനോൻ) പരിയാരം സ്കൂളിലെ അദ്ധ്യാപകനായിരുന്നു. 1936ൽ ആദ്യമായി ഒരു വനിത അദ്ധ്യാപികയാകുന്നത് പരിയാരം സ്കൂളിലാണ് ശ്രീമതി : M.O. റോസകുട്ടി ടീച്ചർ. 1920 ൽ ഡോക്ടർ ജെ. അച്ചാട്ട് ആരംഭിച്ച ഹോമ്യോ ഡിസ്പെൻസറിയാണ് പരിയാരത്തെ ആദ്യചികിൽസാ കേന്ദ്രം. 1930കളുടെ അന്ത്യത്തിൽ മൈക്കിൾ ചീരോത്തി ആരംഭിച്ച വിഷചികിൽസാ കേന്ദ്രവും. 1940 കളിൽ ഡോക്ടർ അ.അ. കറമ്പൻ ആരംഭിച്ച അലോപ്പതി കേന്ദ്രവുമാണ് പരിയാരത്തിലെ ആദ്യകാല ആരോഗ്യ കേന്ദ്രങ്ങൾ.

പരിയാരത്ത് L.M.B. ഡിഗ്രി എടുത്ത് ആദ്യമായി ഡോക്ടറായത് ജേക്കബ്ബ് കണ്ണംമ്പിള്ളിയാണ്.

1940കളുടെ അന്ത്യത്തിൽ പരിയാരം തെക്കുംമുറിയിൽ വെറ്റിനറി ആശുപത്രി നിലവിൽ വന്നു. ശങ്കരൻ കരിപ്പായി ആയിരുന്നു സ്റ്റോക്ക്മെൻ. ഇദ്ദേഹം ഒരു എഴുത്തുകാരൻ കൂടിയായിരുന്നു. ആയൂർവേദരംഗത്ത് കൊച്ചാമൻ വേലൻ, വല്ലത്തുകാരൻ പൈലോത് അച്ച്യുതൻവൈദ്യർ, രാവുണ്ണി മേനോൻ കുഞ്ഞയൻ വൈദ്യർ എന്നിവരും പ്രാഗൽഭ്യം തെളിയിച്ചവരാണ്.

1945ൽ തന്നെ പരിയാരത്ത് അഞ്ചലാപ്പീസ് നിലവിൽ വരികയുണ്ടായി.

1931ൽ കിഴക്കൂടൻ ഔസേപ്പ് ചാക്കപ്പൻ ആരംഭിച്ച യന്ത്രവൽകൃത റൈസ് മില്ലും പരിയാരത്തിന്റെ മുന്നേറ്റങ്ങളെ സൂചിപ്പിക്കുന്നു.

1940 കളിൽ ജനറേറ്റർ ഉപയോഗിച്ച് ലൈറ്റുകൾ പ്രകാശിപ്പിച്ച നീലകണ്ഠൻ നമ്പൂതിരിയും പരിയാരത്തിന്റെ ചരിത്ര താളുകളിൽ അഭിമാനപാത്രമാണ്.

വിദേശവസ്ത്രബഹിഷ്കരണ ആഹ്വാനത്തിന്റെ ഭാഗമായി മലബാറുകാരനായിരുന്ന രാജൻ നേതൃത്വം കൊടുത്ത് കുറിയേടത്ത് നീലകണ്ഠൻ നമ്പൂതിരിയുടെ സഹായത്തോടെ ആരംഭിച്ച നൂൽനൂൽപ്പ് കേന്ദ്രവും 1958ൽ ആരംഭിച്ച ഖാദി സൊസൈറ്റിയും സ്വദേശി പ്രസ്ഥാനത്തോടുള്ള പരിയാരത്തുകാരുടെ ആഭിമുഖ്യം വെളിപ്പെടുത്തുന്നു. ഖാദി സൊസൈറ്റിക്ക് നേതൃത്വം കൊടുത്തത് അരിയമ്പറമ്പത്ത് ശങ്കരൻ കുട്ടിമാസ്റ്റർ, K.A. അച്ചാരുണ്ണി ടീച്ചർ, P.P. മേരി, U.V. മേരി എന്നിവരാണ്.

കൊച്ചിരാജ്യത്ത് ഏറ്റവും കൂടുതൽ മനകളുണ്ടായിരുന്ന പരിയാരം ദേശത്ത് ഇന്ന് അവയുടെ അവിശിഷ്ടങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. വാസ്തു ശില്പ തനിമ നിറഞ്ഞു നിന്ന കരകൗശലവിദഗ്ദമായ ആ തലമുറയും ഏറെകുറെ കടന്നുപോയി കഴിഞ്ഞു. ഏകദേശം 700 വർഷം മുൻപ് മുതൽ ഉണ്ടായതായി കരുതുന്ന പരിയാരം വിഷ്ണുക്ഷേത്രവും ചേരമാൻ പെരുമാളിന്റെ കാലത്തുണ്ടായതാണെന്ന് കരുതുന്ന മണ്ണുംപുറം ക്ഷേത്രവും പരിയാരത്തിന്റെ ചരിത്ര സ്മാരകങ്ങൾ കൂടിയാണ്.

1920 ൽ ആദ്യമായി കാർ ഉപയോഗിച്ച ജോസഫ് കോലഫും 1940ൽ കാർ ഉപയോഗിച്ച കുറിയേടത്തു നീലകണ്ഠൻ നമ്പൂതിരിയും. 1930ൽ ആദ്യമായി പരിയാരത്തുനിന്ന് ഇരിങ്ങാലക്കുടക്ക് സെന്റ് ആൽബർട്ട് എന്ന നാമധേയത്തിൽ ബസ്സ് സർവ്വീസ് നടത്തിയ കണ്ണംമ്പിള്ളി ഔസേപ്പ് ഭാര്യ എല്യകുട്ടിയും പരിയാരത്തിന്റെ അഭിമാനസ്തംഭങ്ങളാണ്.

1933ൽ P.S.N. മോട്ടേഴ്സ് തൃശ്ശൂർക്കും 1945ൽ U.C.T. സർവ്വീസ് കുറ്റിക്കാടുനിന്ന് ഇരിങ്ങാലക്കുടക്കും 1946ൽ U.M.T.സർവ്വീസ് കാഞ്ഞിരപ്പിള്ളിയിൽ നിന്ന് കൃഷ്ണൻകോട്ടക്കും സർവ്വീസ് നടത്തിയിരുന്നു. 1950 കളിൽ A.B.T. ബസ്സ് സർവ്വീസാണ് കേരളത്തെ തമിഴുനാടുമായി ബന്ധിപ്പിക്കുന്ന ചാലക്കുടി വാൽപ്പാറ സർവ്വീസ് നടത്തിയത്.

1940 ഓടുകൂടി പരിയാരം പത്രപ്രവർത്തനരംഗത്ത് വളർച്ച പ്രാപിച്ചിരുന്നു.

ഗോമതി, തൊഴിലാളി, ദീനബന്ധു, മാതൃഭൂമി നർമ്മദ, പൗരധ്വനി, നവജീവൻ, എക്സ്പ്രസ്സ് എന്നീ പത്രങ്ങൾ ഇവിടെ ഉണ്ടായിരുന്നു. ജ. കൃഷ്ണൻനായർ, ഡേവീസ് വാടക്കകത്ത്, ആന്റണി കാച്ചപ്പിള്ളി, മണപ്പിള്ളി പരമേശ്വരൻ, ഡ.ഇ. മാത്യു തുടങ്ങിയവർ ആദ്യകാല പത്രപ്രവർത്തകരിൽ പ്രധാനികളാണ്.

1950 കളിൽ ജേക്കബ്ബ് മാഡോണയുടെ പത്രാധിപത്യത്തിൽ 'മാസ്റ്റർ' എന്ന ത്രൈമാസികയും പുറത്തിറങ്ങി.

1950ൽ പരിയാരത്ത് സ്ഥാപിതമായ ഗോൾഡൻ ടാക്കീസാണ് ആദ്യകാലസിനിമാ തിയ്യറ്റർ പിന്നീട് ജോളി ടാക്കീസ് ആര്യഗുപ്ത എന്നീ തിയ്യറ്ററുകളും ഉണ്ടായി.

1940 ൽ മലയാളത്തിലെ ആദ്യനാടകങ്ങളിലൊന്നായ ജ്ഞാനസുന്ദരി പരിയാരം ചന്തപറമ്പിൽ അരങ്ങേറി സെബാസ്റ്റ്യകുഞ്ഞു കുഞ്ഞു ഭാഗവതരുടെ സംവിധാനത്തിൽ അരങ്ങേറിയ നാടകത്തിന്റെ സംഘാടക കണ്ണംമ്പുള്ളി ഔസേപ്പ് ഭാര്യ ഏല്യകുട്ടിയാണ്.

1950 കളിൽ പരിയാരത്ത് ഉദയം ചെയ്ത ഉദയകലാസമിതിയും, യുവജന കലാസമിതിയും, സോഷ്യൽ ക്ലബ്ബും, കേരള കലാസമിതിയും പരിയാരത്തിൻെറ സാംസ്ക്കാരിക ചരിത്രത്തിൻെറ മുതൽകൂട്ടുകളാണ്.

ഉദയകലാസമിതി അവതരിപ്പിച്ച എസ്. എൽ. പുരം സദാനന്ദൻെറ 'ഒരാൾ കൂടി കള്ളനായി' എന്ന നാടകം നിരവധി സ്റ്റേജുകളിൽ അരങ്ങേറി. വി.ഡി.ചുമ്മാർ, എം.കെ.എം. ആചാരി, പി.എ. ഭാസി തുടങ്ങിയവർ ആയതിലെ നടൻമാരായിരുന്നു. യുവജനകലാസമിതി അവതരിപ്പിച്ച ഏരൂർ വാസുദേവിൻെറ 'കാക്കപ്പൊന്ന്' എന്ന നാടകവും അക്കാലത്ത് പ്രസിദ്ധമായിരുന്നു. ഈ നാടകത്തിൽ അഭിനയിച്ചിരുന്ന തൃശ്ശൂർ ഫിലോമിനയും, കാലടി ഓമനയും പിന്നീട് സിനിമാ രംഗത്തേക്ക് ചേക്കേറുകയുണ്ടായി. ആൻറണി തെക്കേക്കര, വി. എൽ. വർഗ്ഗീസ്, ഡേവിസ് വാടക്കകത്ത് എന്നിവർ ഈ സമിതിയുടെ സംഘാടകരായിരുന്നു.

അന്ത്രക്കാം പാടം - സോഷ്യൽക്ലബ് പിന്നീട് സോഷ്യൽ തിയ്യറ്റേഴ്സ് എന്ന പേരിൽ നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

1970 കളിൽ രൂപം കൊണ്ട സാരഥി ക്ലബും നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട് . അഡ്വ: പ്രഭാകരൻ, പി.പി. ആഗസ്തി, ഡോ: ജെ. ആച്ചാട്ട്, ലോഹിതദാസ് എന്നിവരായിരുന്നു ഇതിൻെറ സംഘാടകർ. ലോഹിതദാസ് ഇപ്പോൾ സിനിമാരംഗത്താണ്. പരിചമുട്ട് കലാകാരൻ ഔസേപ്പും മുടിയാട്ടം കലാകാരൻ ചെമ്മിക്കാടൻ കുറുമ്പനും ഇന്നും നിലനിൽക്കുന്ന കലാകാരൻമാരാണ്. പരിയാരത്തിൻെറ ചരിത്രം ഇനിയും ഏറെയുണ്ടെങ്കിലും പരിമിതമായ സമയം ഏറെ പ്രശ്നം സൃഷ്ടിക്കുന്നു. ചരിത്രത്തിൻെറ താളുകളിലേക്ക് ഒരു വെള്ളിരേഖ മാത്രം സമർപ്പിച്ചുകൊണ്ട് തൽക്കാലം പര്യവസാനിപ്പിക്കുന്നു.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പൊതുവേ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണ് പരിയാരം. ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് 8,9.10 വാർഡുകളിലും 4-ാം വാർഡിലെ തൃപ്പപ്പിള്ളി ഭാഗത്തും 1-ാം വാർഡിലെ ഹരിജൻ കോളനി ഭാഗത്തും, ലക്ഷംവീട് കോളനി ഭാഗത്തുമാണ്. 8,9 വാർഡുകളിലുള്ളവർ വേനൽക്കാലത്ത് ഒന്നും, രണ്ടും കിലോമീറ്റർ അകലെ നിന്നാണ് കുടിവെള്ളം കൊണ്ടുവരുന്നത്. ഈ പ്രദേശങ്ങൾ മലയോരപ്രദേശമാണ്. മഴക്കാലത്ത് കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥലങ്ങളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ 33.45% പ്രദേശത്ത് കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. 22.34% പ്രദേശത്ത് കുറഞ്ഞ തോതിൽ വെള്ളം ലഭിക്കുന്നു 44.21% പ്രദേശത്ത് മഴക്കാലത്തുപോലും കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. 3237 കിണറുകളാണ് പഞ്ചായത്തിലെ മുഖ്യ കുടിനീർ ശ്രോതസ്. പഞ്ചായത്തിൽ 2217 വറ്റാത്ത കിണറുകൾ ഉണ്ട്. 1020 കിണറുകൾ വേനൽക്കാലത്ത് വറ്റിപോകുന്നു 60.14 % ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകൾ തന്നെയാണ്. എന്നാൽ കിണറുകളിൽ 30% വും കെട്ടിക്കാത്തതാണ്. ഇത് ശുദ്ധജലലഭ്യതയ്ക്ക് കാര്യമായ തടസ്സം സൃഷ്ടിക്കുന്നു. പഞ്ചായത്തിന്റെ 10 വാർഡുകളിലായി 26 പൊതുകിണറുകളും 9 കുഴൽ കിണറുകളും ഉണ്ട്.

ഈ പഞ്ചായത്തിലെ ശുദ്ധജലവിതരണം പ്രധാനമായും നടക്കുന്നത് 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പരിയാരം ശുദ്ധജലവിതരണപദ്ധതി വഴിയാണ്. ചാലക്കുടി പുഴയിൽ തീർത്തിട്ടുള്ള കിണർ ഇപ്പോൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നു. പുഴയിൽ നിന്നും അനധികൃതമായ മണൽ വാരൽ നിമിത്തം പുഴ വളരെ താന്നു പോയതുകൊണ്ട് തുടർച്ചയായി 2 മണിക്കൂർ മാത്രമാണ് വെള്ളം പമ്പു ചെയ്യാൻ കഴിയുന്നത്. കിണറിന്റെ അടിഭാഗം പാറയായതുകൊണ്ട് കിണർ താഴ്ത്താനും ബുദ്ധിമുട്ടാണ്. തൃപ്പപ്പിള്ളി പ്രദേശത്തേയും, തവളപ്പാറ പ്രദേശത്തേയും കാഞ്ഞിരപ്പിള്ളി ഹരിജൻ കോളനിയേയും ഉൾപ്പെടുന്ന അവസ്ഥയിലാണ് ഈ ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കിയത്. എന്നാൽ ഇന്ന് ഈ പഞ്ചായത്തിലെ 10 വാർഡുകളിലും ഈ പദ്ധതിയിൽനിന്നു വെള്ളം എത്തിക്കാൻ പൈപ്പുകൾ നീട്ടി ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അതിൽ ഏകദേശം 25%ടാപ്പുകളിൽ മാത്രമാണ് വെള്ളം കിട്ടുന്നത്. തന്നെയുമല്ല പൈപ്പുകൾ പലതും കേടുപാടു സംഭവിച്ചിട്ടുള്ളതുമാണ്. പല പൈപ്പുകളും പൊട്ടി വെള്ളം ധാരാളം നഷ്ടപ്പെടുന്നുണ്ട്.

കൂടാതെ ചക്രപാണി ഭാസത്ത് കുഴൽ കിണർ കുഴിച്ച് ആ പ്രദേശത്തെ ടാപ്പുകൾ വഴി ശുദ്ധജല വിതരണം നടത്തുന്നുണ്ട്. മോതിരകണ്ണി പള്ളിക്കു താഴെ ഒരു കിണറിൽ നിന്ന് മോട്ടോർ വെച്ച് വെള്ളം പമ്പു ചെയ്യുന്നുണ്ട് ഇത് പതിനാറ് ടാപ്പുകൾ വഴിയാണ് വിതരണം നടത്തുന്നുണ്ട്. എന്നാൽ ഇതിൽ മൂന്നു ടാപ്പുകളിൽ മാത്രമാണ് വെള്ളം എത്തുന്നത്. കിണറിൽ വെള്ളം ഇല്ലാത്തതു കാരണം ലഭ്യമായ പൊതു കുടിവെള്ള സംവിധാനം തന്നെ വേണ്ടത്ര ശുദ്ധീകരിക്കപ്പെടുന്നില്ല. പൊതുകിണർ പലതിന്റെയും നില വളരെ മോശമാണ്. 9 കുഴൽകിണറുകൾ ഉള്ളതിൽ രണ്ടെണ്ണത്തിനുമാധതമാണ് മോട്ടോർ വെച്ച് പമ്പു ചെയ്യുന്നത്. ബാക്കി ഏഴെണ്ണവും ഹാന്റ് പമ്പാണ്. അതു പലതും കേടു വന്നതാണ്. യഥാസമയത്ത് അതിന്റെ റിപ്പയർ പണികൾ നടക്കുന്നില്ല. ഇതിനാവശ്യമായ വിദഗ്ദരെ ലഭിക്കാത്തതാണ് പ്രധാന കാരണം. ഈ പഞ്ചായത്തിന്റെ തെക്കു ഭാഗത്തുകൂടി ചാലക്കുടി പുഴ ഒഴുകുന്നതുകൊണ്ട് കൊന്നക്കുഴി ഭാഗത്തും, കൊമ്പൻപ്പാറ ഭാഗത്തും ശുദ്ധജലവിതരണപദ്ധതി നടപ്പിലായാൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും കൂടാതെ 4-ാം വാർഡിലെ ബാലിക്കുളത്തിൽ കിണർ കുഴിച്ച്

ലിഫ്റ്റ് ചെയ്ത് ടാങ്കിലെത്തിച്ചാൽ 9,10 വാർഡുകളിലും 8–ാം വാർഡിന്റെ അന്ത്രക്കാംപ്പാടം പ്രദേശത്തും നിലവിലുള്ള കുടിവെള്ളക്ഷാമത്തിന്. പരിഹാരം ഉണ്ടാക്കാൻ സാധിക്കുന്നതാണ്.

ഈ പഞ്ചായത്തിലെ 19 കുളങ്ങൾ മണ്ണ് നീക്കി താഴ്ത്തി സൈഡുകൾ കെട്ടി സംരക്ഷിക്കുകയും, തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ചും, ചാലക്കുടി പുഴയിൽ മൂഴിക്കകടവ് ഭാഗത്തും, കൊമ്പൻപ്പാറ ഭാഗത്തും ചെക്ക് ഡാമുകൾ നിർമ്മിച്ചും കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്. ഈ പഞ്ചായത്തിൽ സ്രോതസുകൾ ധാരാളമുണ്ടെങ്കിലും അത് വേണ്ടപോലെ ഉപയോഗിക്കാൻ സാധിക്കാത്തതാണ് ഇവിടത്തെ പ്രധാന പ്രശ്നം

## പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. മലയോര വാർഡുകളിലും, കോളനികളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
3. കുടിനീർ സ്രോതസ്സുകൾ വേണ്ടത്ര ഉപയോഗിക്കുന്നില്ല.
4. നിലവിലുള്ള കുടി വെള്ള പദ്ധതിയുടെ പ്രവർത്തനം നല്ല നിലയിൽ നടത്തുന്നില്ല.
5. പൈപ്പുകൾ പലതും പല തരത്തിലായതുകൊണ്ട വെള്ളം വളരെ പാഴായി പോകുന്നു.
6. നിലവിലുള്ള തൃപ്പാപ്പിള്ളി ശുദ്ധജലവിതരണപദ്ധതിയുടെ കിണർ അടിഭാഗം പാറയായതുകൊണ്ട് തുടർച്ചയായി പമ്പിങ്ങ് നടക്കുന്നില്ല.
7. മോതിരക്കണ്ണിയിലെ കുഴൽക്കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യൽ നടക്കുന്നില്ല.
8. ഒന്നാം വാർഡിലെ മാമ്പ്രാത്തോട് കുഴൽക്കണറിലെ വെള്ളം കുടിക്കാൻ പറ്റുന്നതല്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ബാലിക്കുളത്തിൽ ശുദ്ധജലവിതരണപദ്ധതി എത്രയും വേഗം നടപ്പിലാക്കുക.
2. ചാലക്കുടി പുഴയിൽ കൊമ്പൻപ്പാറ ഭാഗത്തും, മുനിപ്പാറ ഭാഗത്തും ശുദ്ധജലവിതരണപദ്ധതി കൂടി നടപ്പിലാക്കുക.
3. നിലവിലുള്ള തൃപ്പാപ്പിള്ളി ശുദ്ധജലവിതരണപദ്ധതിയുടെ ടെണ്ടർ ചെയ്ത പണികൾ ഉടനെ നടത്തുക.
4. എല്ലാ കുളങ്ങളും നന്നാക്കി വെള്ളം നിറച്ച് നിർത്തുന്നതിന് സാദ്ധ്യമാക്കുക.
5. തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.
6. ചാലക്കുടി പുഴയിൽ ചാലക്കുടി പുഴയിൽ മൂന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുക.
7. മലയോര വാർഡുകളിലും, കോളനികളിലും കുഴൽക്കിണർ നിർമ്മിക്കുക.
8. പഞ്ചായത്ത് കിണറുകൾ ആണ്ടിൽ ഒരിക്കൽ നന്നാക്കുക.
9. ദുർബലവിഭാഗങ്ങൾക്ക് കിണർ കുഴിക്കാനും കെട്ടിക്കാനും സഹായം നൽകുക.
10. ചക്രപാണി കുഴൽക്കിണറിൽ നിന്നും കുടിവെള്ളത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പ് നീട്ടി പുതിയതായി ടാപ്പുകൾ കൂടി നിർമ്മിക്കുക. താണിക്കക്കുണ്ട് ഭാഗത്തേയ്ക്കും എച്ചിപ്പാറ ഭാഗത്തേയ്ക്കും 1250 മീ.
11. കാഞ്ഞിരപ്പിള്ളി കോളനിപ്രദേശത്ത് പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.
12. കാഞ്ഞിരപ്പിള്ളി 4 സെന്റ്കോളനി, കാഞ്ഞിരപ്പിള്ളി S.C. കോളനി, ഒരപ്പന എന്നീ പ്രദേശങ്ങളി

506

ലേയ്ക്ക് പുതിയ ശുദ്ധജലപദ്ധതി നടപ്പിലാക്കുക.

13. പരിയാരം ശുദ്ധജലവിതരണപദ്ധതിയുടെ പൈപ്പ് ലൈൻ താഴെ പറയുന്ന സ്ഥലങ്ങളിലേക്ക് നീട്ടുക.

1. വേളൂക്കര മോതിരക്കണ്ണി റോഡിൽ തുമ്പാക്കോട് പള്ളി ജംഗ്ഷനിൽ നിന്ന് മഹിളാസമാജം സെന്റർ വരെ 250 മീ. പൈപ്പ് ലൈൻ നീട്ടുക.
2. മഹിളാസമാജം മുതൽ ഒരപ്പന കനാൽ കവല വരെ 500 മീ.
3. ചാലക്കുടി ആനമല റോഡിൽ നിന്ന് കുടുംബി കോളനി വരെ 100 മീ.
4. ആനമല റോഡിൽ മുനിപ്പാറ S.C. കോളനി റോഡുവഴി 250 മീ.
5. പരിയാരം ലക്ഷം കോളനിയിലെ 58-ാം നമ്പർ അംഗൻവാടി വരെ 100 മീ.
6. മാമ്പ്രത്തോട് കപ്പേള മുതൽ താഴെക്ക് 650 മീ.
7. മാമ്പ്രത്തോട് കപ്പേള മുതൽ ചാലക്കുടി – പരിയാരം റോഡിൽ 200 മീ. പടിഞ്ഞാറു ഭാഗത്തേക്ക്
8. പരിയാരം തെക്കുമുറി കോളനി പ്രദേശത്ത് 750 മീ.
9. മുനിൽ്പാറ പഴവെള്ളം പാറഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.
10. പരിയാരം തെക്കുമുറി മുണ്ടന്മാണി കടവിലുള്ള കപ്പേള മുതൽ തെക്കോട്ട് 200 മീ.
11. കാവുങ്ങ ജോസിന്റെ പടിമുതൽ മഞ്ഞളി ചാക്കുവിന്റെ വീടിനു സമീപം വരെ 250 മീ.
12. തവളപ്പാറ ജംഗ്ഷനിൽ നിന്ന് കാനാച്ചേരി കടവ് വരെ 450 മീ.
13. മോതിരക്കണ്ണി പള്ളിക്ക് കിഴക്കുവശം മോതിരക്കണ്ണി വായനശാലവരെ 750 മീ.
14. മപ്പുപുറം കുന്ന് പ്രദേശത്ത് 750 മീ.
15. ബാലിക്കുളം- മോതിരക്കണ്ണി വരെ 600 മീ.
16. ബാലിക്കുളം- കൊന്നക്കുഴി റോട്ടിൽ 1000 മീ.
17. ബാലിക്കുളം കുന്ന് പ്രദേശത്ത് 500 മീ.
18. ഹിഡുംബൻ കവല പരിസരം 400 മീ.
19. കുറ്റിക്കാട് പള്ളിനടയിൽ നിന്ന് കുറ്റിക്കാട് സ്ക്കൂൾ ഗ്രൗണ്ട് വരെ 300 മീ.
20. കുറ്റിക്കാട് പടിഞ്ഞാട്ടുമുറിഭാഗത്ത് കാവുങ്ങ വാറു ഇട്ടീരയുടെ വീടുവരെ 150 മീ.
21. കുറ്റിക്കാട് തളവരിപ്പാറ റോഡിൽ 400 മീ.
22. കല്ലേലി ലൈനിൽ റോട്ടിൽ 400 മീ.
23. പാറക്കുന്ന് ഭാഗത്ത് 150 മീ.
24. എലഞ്ഞിക്കകുന്നിൽ നിന്ന് പള്ളത്താട്ടി ജംഗ്ഷൻ വഴി കോഴിപ്പാടൻ കവല വരെ 1½ കി. മീ.
25. പള്ളത്താട്ടി ജംഗ്ഷൻ നിന്ന് എലഞ്ഞിക്കകുന്നിലേക്ക് 2 കി. മീ.
26. തൃപ്പാപ്പിള്ളി ഹരിജൻ കോളനി റോട്ടിൽ M.C വേലായുധന്റെ വീടിന്റെ അടുത്തുവരെ 200 മീ
27. തൃപ്പാപ്പിള്ളി ഹരിജൻ കോളനി അംഗൻവാടിയുടെ അടുത്തുനിന്ന് മുള്ളൂർക്കര പിയുസിന്റെ വീടുവരെ 100 മീ
28. തൃപ്പാപ്പിള്ളി O.K സെന്റർ കനാലിന്റെ സമീപത്ത് 100 മീ
29. പൂവ്വത്തിങ്കൽ കടവ് റോട്ടിൽ 100 മീ
30. തുമ്പാക്കോട് പള്ളി ജംഗ്ഷനിൽ നിന്ന് താണിപ്പിള്ളി ഫ്രാൻസിസിന്റെ വീടുവരെ 200 മീ
31. വേളൂക്കര ജംഗ്ഷൻ മുതൽ ശങ്കർ ആശാരിയുടെ വീടുവരെ 75 മീ.
32. തുമ്പാക്കോട് കൈതാരൻ കുന്നിൽ 150 മീ.
33. കോന്നൻ പാറയിൽ കുഴൽ കിണർ നിർമ്മിക്കുക.
34. തൃപ്പാപ്പിള്ളി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക.
35. കൊന്നക്കുഴി ചാട്ടുകല്ലിൽത്തറ എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുക.
36. പടിഞ്ഞാട്ടുമുറി ഹരിജൻ കോളനിയിൽ പുതിയ 4 ടാപ്പുകൾ സ്ഥാപിക്കുക.

# പൊതുജനാരോഗ്യം

പഞ്ചായത്തിലെ പ്രധാന ആരോഗ്യകേന്ദ്രമായ പ്രൈമറി ഹെൽത്ത് സെന്റർ കുറ്റിക്കാട് പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. അവിടെ റിപ്പോർട്ട് ചെയ്ത രോഗികൾ 1993 –ൽ 10837 ഉം, 1994 –ൽ 13182 ഉം 1995 –ൽ 14261 ഉം ആണ്. ഇതിൽ 78%വും സ്ത്രീകളും കുട്ടികളുമാണ്. പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിൽ അഭയം തേടുന്നവർ ഇതിലും കൂടുതലാണ്. P.H. സെന്ററിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്ത പ്രധാന രോഗങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

## പട്ടിക I

| വർഷം | രോഗവിവരം | രോഗികളുടെ എണ്ണം |
|---|---|---|
| 1993 | ശ്വാസകോശ സംബന്ധമായ രോഗങ്ങൾ. തൊണ്ട വേദന | 3463 |
| | പനി, തലവേദന മുതലായവ വയർ | 2566 |
| | സംബന്ധമായ രോഗങ്ങൾ | |
| 1994 | ശ്വാസകോശ സംബന്ധമായ രോഗങ്ങൾ. തൊണ്ട വേദന | 2921 |
| | പനി, തലവേദന മുതലായവ വയർ | 2755 |
| | സംബന്ധമായ രോഗങ്ങൾ | |
| 1995 | ശ്വാസകോശ സംബന്ധമായ രോഗങ്ങൾ. | 4076 |
| | പനി, ന്യൂമോണിയ തലവേദന | |
| | വയർ സംബന്ധമായ രോഗങ്ങൾ | 2715 |

പഞ്ചായത്തിന്റെ മൊത്തം ആരോഗ്യസ്ഥിതിയെ വിശകലനം ചെയ്യുന്നതിന് വളയെയേറെ സഹായകമാകുന്ന ജനനമരണ രജിസ്റ്റർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ലഭ്യമല്ല. സാങ്കേതിക കാരണങ്ങളാൽ പഞ്ചായത്ത് ആഫീസിൽ ജനന മരണങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യാത്തതും പഞ്ചായത്തിന്റെ മൊത്തം ആരോഗ്യസ്ഥിതിയെ വിലയിരുത്തുന്നതിന് തടസ്സം ആകുന്നു. സാധാരണയായി കണ്ടുവരുന്ന പകർച്ചവ്യാധികൾ, ചെങ്കണ്ണ്, ചിക്കൻബോക്സ് എന്നിവയാണ്. പഞ്ചായത്തിലെ ആരോഗ്യരംഗത്ത് പഞ്ചായത്തിനു പുറത്തുള്ള ആരോഗ്യകേന്ദ്രങ്ങളാണ് പ്രധാന പങ്കുവഹിക്കുന്നത് P.H.C. യുടെ കീഴിൽ 3 സബ് സെന്ററുകൾ ഉണ്ടെങ്കിലും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതുകൊണ്ട് മരുന്നുകളും മറ്റു ഉപകരണങ്ങളും സൂക്ഷിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം അത്ര ഗുണകരമല്ല.

ലൂർദ്ദ് മാതാ ക്ലിനിക്ക് എന്ന പേരിൽ സ്വകാര്യമേഖലയിൽ ഒരു അലോപ്പതി ചികിൽസാ കേന്ദ്രം പഞ്ചായത്തിലെ നാലാം വാർഡിൽ ഉണ്ട്. ഏറ്റവും അധികം കരിങ്കൽ ക്വാറികൾ സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്ത് പലപ്പോഴും പല തരത്തിൽ അപകടം സംഭവിക്കാറുണ്ട് അവർക്ക് ഏകാശ്രയമാണിത്. ഔട്ട് പേഷ്യന്റ് വിഭാഗം മാത്രമാണ് ഇവിടെയും പ്രവർത്തിക്കുന്നത് . 1992-93 തുടങ്ങി ക്ലിനിക്കിൽ റിപ്പോർട്ട് ചെയ്ത രോഗികളുടെ കണക്ക് പട്ടിക രണ്ടിൽ കൊടുക്കുന്നു.

പട്ടിക– II

| | |
|---|---|
| 1992-93 | - 1400 |
| 1993-94 | - 1300 |
| 1994-95 | - 1500 |
| 1995-96 | - 1100 |

പഞ്ചായത്തിലെ ഏക സർക്കാർ വക ആയുർവേദ ഡിസ്പെൻസറി പഞ്ചായത്തിന്റെ ഏറ്റവും പടിഞ്ഞാറു ഇവിടെ അധികവും വൃദ്ധ ജനങ്ങളാണ് ചികിൽസക്കായി വരുന്നത്. പ്രത്യേകിച്ച് പടിഞ്ഞാട്ടു മുറി ഹരിജൻ കോളനിയിലെയും സെന്റ് ആന്റണീസ് വൃദ്ധ മന്ദിരത്തിലെ അന്തേവാസികളുടെ ഏക ആശ്രയമാണിത്. കഴിഞ്ഞ 92-93 കാലയളവ് തൊട്ട് 95-96 കാലയളവ് വരെ 75054 രോഗികൾ ഈ ഡിസ്പെൻസറിയിൽ ചികിൽസക്കായി എത്തിയവരുടെ കണക്കും പ്രധാന രോഗങ്ങളുടെ വിവരവും പട്ടികയിൽ കൊടുക്കുന്നു.

പട്ടിക III

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റിന്റെ എണ്ണം | ത്വക് രോഗം | വാതരോഗം (എല്ലാവിഭാഗവും) | പകർച്ച വ്യാധികൾ | വിഷ ചികിൽസ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | – | 22970 | 4235 | 10723 | 19 | 50 | 6937 | |
| 1993-94 | – | 17509 | 4261 | 9800 | Nil | 30 | 3868 | |
| 1994-95 | – | 17387 | 4100 | 9400 | Nil | 37 | 3850 | |
| 1995-96 | – | 17188 | 3896 | 9087 | 8 | 30 | 4434 | |
| ആകെ | – | 75054 | 16492 | 39010 | 27 | 147 | 19089 | |

ആരോഗ്യ രംഗത്തെ സർക്കാർ കേന്ദ്രങ്ങളെക്കുറിച്ചുള്ള ലഘുരൂപം താഴെ പട്ടിക ഒന്നിൽ കൊടുക്കുന്നു.

## 1. അലോപ്പതി

കുറ്റിക്കാട് പ്രദേശത്ത് സ്ഥിതിചെയ്യുന്ന മിനി P.H.C യുടെ കീഴിൽ രണ്ടു സബ് സെന്ററുകൾ തുമ്പാക്കോട് പ്രദേശത്തും പരിയാരം രണ്ടാംവാർഡിലും സ്ഥിതിചെയ്യുന്നു. എന്നാൽ സബ് സെന്ററുകളിൽ ഒന്നും തന്നെ ഡോക്ടറുടെ സേവനമോ മറ്റു യാതൊരു വിധ പ്രവർത്തനമോ നടക്കുന്നില്ല. അങ്കണവാടികളെ കേന്ദ്രീകരിച്ച് കുട്ടികൾക്ക് പ്രതിരോധകുത്തിവയ്പുകൾ നടക്കുന്നുണ്ട് എന്നു മാത്രം. ഗർഭിണികൾക്കും മറ്റു വൃദ്ധജനങ്ങൾക്കും ചികിൽസയ്ക്ക് വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. P.H.C സെന്ററിലും, സബ്സെന്ററിലും കൂടി ആകെ പതിനേഴ് ജീവനക്കാർ മാത്രമാണ് ഉള്ളത്. തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ജനനമരണ രജിസ്റ്ററുകൾ ഇവിടെയില്ല. ശിശുമരണവിവരണങ്ങളും ഇവിടെ ലഭ്യമല്ല. ഒരു പ്രൈമറി ഹെൽത്ത് സെന്ററിനുവേണ്ട യാതൊരു സൗകര്യവും ഇപ്പോഴില്ല. ഇപ്പോൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. P.H.C യ്ക്ക് വേണ്ടി ഡൊമനിക്കൻ സിസ്റ്റേഴ്സ് നൽകിയ ഒരേക്കർ സ്ഥലത്ത് പഞ്ചായത്തിൽ നിന്ന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എങ്കിലും കെട്ടിടത്തിലേക്ക് കരണ്ടും വെള്ളവും ലഭിക്കാത്തതുകൊണ്ട് പ്രവർത്തനം

മാറ്റുന്നതിന് കഴിഞ്ഞിഞ്ഞില്ല. തന്നെയുമല്ല ഇപ്പോൾ കെട്ടിടം പണിതിരിക്കുന്ന സ്ഥലത്തേയ്ക്ക് ബസ് സൗകര്യം കുറവായതും രോഗികൾക്ക് എത്തിച്ചേരുന്നതിനും പ്രയാസം അനുഭവപ്പെടുന്നു. തന്നെയുമല്ല കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പട്ടിക IV

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ചികിൽസാ രീതി | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം പരിയാരം | അലോപ്പതി | വാടക | 17 | 1993 | രേഖങ്ങൾ സൂക്ഷിക്കുന്നതിന് സ്ഥലമില്ല |
| 2 | സർക്കാർ ആയുർവേദ ഡിസ്പെൻസറി | ആയുർവേദം | വാടക | 3 | 1954 | ഫാർമസിസ്റ്റ് ഇല്ല മരുന്ന് സൂക്ഷിക്കുന്നതിന് സ്ഥലമില്ല രണ്ട് അലമാരിയുടെ കുറവുണ്ട് കരണ്ട് ഇല്ല. |

തന്നെയുമല്ല പി.എച്ച്.സി. സെന്റർ പുതിയ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതോടുകൂടി ഒരു ഡോക്ടറുടെ സേവനം കൂടി അവിടെ ലഭ്യമാക്കേണ്ടതാണ്. തന്നെയുമല്ല മലയോരഗ്രാമങ്ങളും ഹരിജൻകോളനികളും നിറഞ്ഞു നിൽക്കുന്ന പ്രദേശങ്ങളിലേക്ക് മരുന്നും മറ്റും സഹായങ്ങളും എത്തിക്കുന്നതിന് സ്വന്തമായ ഒരു വാഹനവും പി.എച്ച്.സി.യ്ക്ക് അനുവദിക്കേണ്ടതാണ്. മരുന്നുകളുടെ കുറവും ഇവിടെ ഒരു പ്രധാന പ്രശ്നമാണ്. അത് പെട്ടെന്ന് പരിഹരിക്കേണ്ടതാണ്.

## 2. ആയുർവേദം

പരിയാരം പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആയുർവേദ ഡിസ്പെൻസറി സ്ഥിതി ചെയ്യുന്നു. കഴിഞ്ഞ 42 വർഷമായി ഇത് വാടക കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

ഇവിടെ 50നും 80 നും ഇടയ്ക്കു രോഗികൾ വരുന്നതായി റിപ്പോർട്ട് ചെയ്യുന്നു. പ്രധാനമായും വാതസംബന്ധരോഗികളാണ് വരുന്നത്. മരുന്നുകൾ ഇപ്പോൾ ഒരുവിധം ഉണ്ടെങ്കിലും അതു സൂക്ഷിക്കുവാൻ യാതൊരു സൗകര്യവും ഇല്ല. ഒരു ഫാർമസിസ്റ്റ് ഇല്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ട് ഉണ്ട്. രോഗികളെ പരിശോധിക്കുന്നതിന് യാതൊരു സൗകര്യവും ഇല്ല. തന്നെയുമല്ല ഇവിടെ കരണ്ട് പോലും ഇല്ല. ഇവിടത്തെ ദുർബലവിഭാഗങ്ങളുടെയും, വൃദ്ധമന്ദിരത്തിലെയും അന്തേവാസികൾക്ക് ഏകാശ്രയം ഈ ആയുർവേദ ഡിസ്പെൻസറി മാത്രമാണ്. ഡിസ്പെൻസറി പണിയുന്നതിന് പഞ്ചായത്ത് 15 സെന്റ് സ്ഥലം നൽകിയിട്ടുണ്ട് അവിടെ കെട്ടിടം പണിയുന്നതിന് 5 ലക്ഷം രൂപ M.P. ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട് അത് എത്രയും വേഗം പണിയുന്നതിനുള്ള നടപടി അധികൃതരുടെ ഭാഗത്തുനിന്നു ഉണ്ടാകേണ്ടതാണ്.

## 3. കക്കൂസ്

പഞ്ചായത്തിലെ ആരോഗ്യസ്ഥിതിയെ പ്രതികൂലമാക്കുന്ന പ്രധാന ഘടകം സെഫ്റ്റിക് ടാങ്കുള്ള കക്കൂസുകളുടെ കുറവാണ് എന്നതാണ്. 68% പേർക്ക് സ്വന്തമായി കക്കൂസുകളുണ്ട്.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കക്കൂസില്ലാത്ത വീടുകൾ 8,9,4 എന്നീ വാർഡുകളിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടിക (2) സാമ്പത്തിക ബുദ്ധിമുട്ടുകൾ തന്നെയാണ് കക്കൂസുകൾ നിർമ്മിക്കാതിരിക്കാൻ പ്രധാന കാരണം. കൂടാതെ അജ്ഞതയും ഒരു പ്രധാന കാരണമാണ്. ഒരു ബോധവൽക്കരണപരിപാടിയും വളരെ അത്യാവശ്യമായി മലയോരപ്രദേശങ്ങളിൽ ഉള്ളവർക്കും, കോളനിനിവാസികൾക്കും നൽകേണ്ടതുണ്ട്. കൂടാതെ അവിടത്തെ നാലാം വാർഡിലും എട്ടാം വാർഡിലും താമസിക്കുന്നവർക്ക് അവർ താമസിക്കുന്നത് ഉയർന്ന പാറപ്രദേശമായതുകൊണ്ട് കക്കൂസ് കുഴികൾ നിർമ്മിക്കാൻ സാധിക്കാത്തതും ഒരു കാരണമാണ്. പഞ്ചായത്തിലെ ജലസ്രോതസുകളുടെ തീരത്തിലുള്ള ജനങ്ങളുടെ പ്രാഥമികാവശ്യനിർവ്വഹണം ജലജന്യരോഗങ്ങൾക്ക് കാരണമാകുന്നു. കൂടാടെ കനാൽ ബണ്ടുകളിൽ താമസിക്കുന്നവർ അവരുടെ ഭക്ഷണാവശിഷ്ടങ്ങൾ കനാലിൽ ഇടുന്നതും ആരോഗ്യപ്രവർത്തനങ്ങൾക്ക് ഭംഗം വരുത്തുന്നവയാണ്. കോളനികളിലേയും മറ്റു ദുർബല വിഭാഗങ്ങൾക്കും കെട്ടിക്കാത്ത കിണറുകളാണ് ഉള്ളത്. അതുകൊണ്ട് കിണറുകളിലെ വെള്ളം മലിനമാകുന്നത് പലതരം രോഗങ്ങൾക്കും കാരണമാകുന്നു.

കൊതുക് ഈച്ച എന്നിവ പകർച്ചവ്യാധികളായ രോഗക്കാരികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നില്ല. അടുക്കളയിൽ പണിയെടുക്കുന്ന സ്ത്രീകളിൽ ശ്വാസകോശരോഗങ്ങൾ, വിളർച്ച, അലർജി മുതലായവയും കുട്ടികളിൽ ന്യുമോണിയ, ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്കും പുകയാണ് കാരണം. പഞ്ചായത്തിലെ 90% വീടുകളിലും സാധാരണ വിറകടുപ്പാണ് ഉപയോഗിക്കുന്നത്.

പട്ടിക V

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | 45 | 65 | 69 | 107 | 96 | 72 | 85 | 246 | 126 | 68 |

### പ്രശ്നങ്ങൾ

1 P.H.C യിൽ ആവശ്യത്തിനു മരുന്നും, മറ്റുപകരണങ്ങളും ഇല്ല.

2 കുടുംബക്ഷേമ കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഡോക്ടറുടെ സേവനം ലഭ്യമല്ല.

3 സാനിറ്റേഷൻ സൗകര്യം എല്ലാ വീടുകളിലും ഇല്ല.

4 കക്കൂസുകൾ നിർമ്മിക്കാനുള്ള സാമ്പത്തിക സഹായക്കുറവ്

5 ഹെൽത്ത് സെന്ററുകളിലും ഡിസ്പെൻസറികളിലും ആവശ്യം ആവശ്യമായ മരുന്നുകളുടെ ലഭ്യതക്കുറവ്.

6 ആരോഗ്യ ബോധവൽക്കരക്ലാസുകൾ നടത്തുന്നില്ല.

7 ജീവനക്കാരുടെ കുറവ് ഭൗതികസാഹര്യങ്ങളുടെ അപര്യാപ്തത, ഗതാഗത സൗകര്യക്കുറവ് എന്നിവ ഡിസ്പൻസറികളേയും ഹെൽത്ത് സെന്ററുകളേയും സാരമായി ബാധിക്കുന്നു.

8 പകർച്ചവ്യാധികൾക്കു കാരണമായ കൊതുക് ഈച്ച എന്നിവയുടെ നിർമ്മാർജ്ജനപ്രക്രിയ

കാര്യക്ഷമമായി നടക്കുന്നില്ല.

9 മലിനൃങ്ങൾ, ചപ്പുചവറുകൾ എന്നിവ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ കെട്ടികിടക്കുന്നു.

10 റോഡരികിലുള്ള മാംസവിൽപ്പനയും, അവയുടെ അവശിഷ്ടങ്ങളും പരിസരപ്രദേശത്ത് ദുർഗന്ധപൂരിതമാക്കുന്നു.

11 കാനകൾ, അഴുക്കുചാലുകൾ എന്നിവ ഉപയോഗമല്ലാത്തതുകൊണ്ട് അഴുക്കുജലം കെട്ടികിടക്കുന്നു.

12 കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ മതിയായ രീതിയിൽ സംരക്ഷിക്കാത്തതുകൊണ്ട് മാലിനൃങ്ങൾ ഒഴുകി എത്തുന്നു.

13 പോഷകാഹാരക്കുറവ്

14 കിടത്തി ചികിൽസിക്കുന്നതിന് ആശുപത്രികൾ ഇല്ല.

15 പഞ്ചായത്തിൽ പൊതുകക്കൂസുകളും മൂത്രപ്പുരകളും ഇല്ല.

16 പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ ഇല്ല.

17 ശുദ്ധജല വിതരണം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

18 രോഗപ്രതിരോധകുത്തിവയ്പുകൾ യഥാസമയം നടക്കുന്നില്ല.

19 കീടനാശിനികൾ കൃഷികൾക്ക് അമിതമായി ഉപയോഗിക്കുന്നു.

സാദ്ധ്യതകൾ

1 പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടറുടെ കുടി സേവനം ലഭ്യമാക്കുന്നു.

2 കുടുംബക്ഷേമ കേന്ദ്രങ്ങൾ കുടുതൽ കാര്യക്ഷമമാക്കുകയും ആഴ്ചയിൽ 3 ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

3 ആവശ്യത്തിന് മരുന്നു ലഭ്യമാക്കുന്ന സംവിധാനം ഉണ്ടാക്കണം.

4 പരിയാരം P.H.C. യിലും പുതിയതായി പണിയാൻ പോകുന്ന ആയുർവ്വേദ ഡിസ്പെൻസറിയിലും ഇൻ പേഷ്യന്റ് വിഭാഗം കുടി ഉൾപ്പെടുത്തവിധം സൗകര്യങ്ങൾ ഉണ്ടാക്കണം.

5 കൊതുക് ഈച്ച മുതലായ പകർച്ചവ്യാധികളുടെ നിർമ്മാർജ്ജനപ്രക്രിയ കാലാകാലങ്ങളിൽ ശരിയായ രീതിയിൽ നടത്തേണ്ടതാണ്.

6 T.B. ക്യാൻസർ എന്നീ മാരകരോഗങ്ങൾക്ക് സൗജന്യമായി ചികിൽസ നടത്തണം.

7 മുനിപ്പാറ ഭാഗത്തും കൊന്നക്കുഴി മോതിരക്കണ്ണി പ്രദേശത്തും ഓരോ സബ് സെന്ററുകൾ സ്ഥാപിക്കണം.

8 മോതിരക്കണ്ണിയിൽ ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം.

9 കാനകൾ, അഴുക്കുചാലുകൾ എന്നിവ ഉപയോഗ്യമാക്കുക. പൊതുകുളങ്ങളും, കിണറുകളും ഭിത്തികെട്ടി രക്ഷിക്കുക.

10 ഡിസ്പൻസറികളിൽ റിക്കാർഡുകൾ കൃത്യമായി സുക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

11 ചാലക്കുടിയിൽനിന്നും കുറ്റിച്ചിറയ്ക്കു പോകുന്ന ബസ്സുകൾ P.H.C. വഴി പോകുന്നതിനുവേണ്ടി സംവിധാനം ഉണ്ടാക്കുക.

12 യാത്രാസൗകര്യം കുറവുള്ള മലയോരപ്രദേശങ്ങളിൽ പുതിയതായി ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

13 കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് സൗജന്യമായി കക്കൂസ് നിർമ്മിച്ച് കൊടുക്കുക.

14 പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

15 കാഞ്ഞിരപ്പിള്ളിയിലെ ശ്രീശക്തി പേപ്പർ മില്ലിൽനിന്നും അഴുക്കുവെള്ളം പുഴയിലേക്ക് തുറന്നുവിടുന്നത് നിർത്തുക.

16 പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം എല്ലാ സ്ഥലത്തും എത്തിക്കുക. പഞ്ചായത്ത് വഴിയോ, മറ്റു സന്നദ്ധ സംഘടനകൾ വഴിയോ, സൗജന്യനിരക്കിൽ അടുപ്പുകൾ വിതരണം നടത്തുക.

17 കൃഷികൾക്ക് അമിതമായി കീടനാശിനി ഉപയോഗിക്കുന്നത് ഒഴിവാക്കുക. പകരം ജൈവ കീടനാശിനി ഉപയോഗം പ്രാവർത്തികമാക്കുക

18 കരിങ്കൽ തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്യുറൻസ് സൗകര്യം ഏർപ്പെടുത്തുക. 4-ാം വാർഡിൽ ESI ഡിസ്പെൻസറി സ്ഥാപിക്കുക.

19 സാംക്രമിക രോഗങ്ങൾക്കെതിരെ സമയാസമയങ്ങളിൽ പ്രതിരോധക്കുത്തിവയ്പുകൾ നടത്തുകയും, ജനങ്ങൾക്ക് ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്യുക.

20 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ സ്ഥാപിക്കണം.

21 ഈ പഞ്ചായത്തിലെ ഒമര ഒരു വൃദ്ധമന്ദിരമായ സെന്റ് ആന്റണീസ് വൃദ്ധസങ്കേതത്തിൽ ആഴ്ചയിൽ ഒരിക്കൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

22 പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളോടനുബന്ധിച്ച് മൂത്രപ്പുരകൾ സ്ഥാപിക്കുക.

23 ജനനമരണങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിൽ റെജിസ്റ്റർ ചെയ്യാവുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

24 2-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സബ്സെന്ററിന്റെ പ്രവർത്തനം നിലവിലുള്ള വാടകകെട്ടിടം തകർന്നുപോയതുകൊണ്ട് പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുക. പുതിയ കെട്ടിടം ഉണ്ടാക്കുക.

25 സബ്സെന്ററിൽ ഒരു ഡോക്ടറുടെ സേവനം ആഴ്ചയിലൊരിക്കലെങ്കിലും ലഭ്യമാക്കുക.

# പാർപ്പിടം

വിദ്യാഭ്യാസപരമായും, സാംസ്ക്കാരികവുമായി മുന്നോക്കം നിൽക്കുന്ന തൃശൂർ ജില്ലയിലെ പഞ്ചായത്തുകളിലൊന്നാണ് പരിയാരം. എന്നാൽ ജീവിത സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ പരസ്പര ബന്ധം പുലർത്തുവാനോ നിയമങ്ങൾക്കനുസരിച്ച് വീടുകൾ നിർമ്മിക്കുവാനോ ശ്രദ്ധിക്കാറില്ല. കഴിവിന്റെ പതിന്മടങ്ങ് സംഖ്യക്കുള്ള വീടുകൾക്ക് പ്ലാൻ തയ്യാറാക്കുകയും പണികൾ ആരംഭിക്കുകയും ചെയ്യുന്നു. സ്വന്തം ജീവിതത്തിന്റെ അന്ത്യംവരെയും പണിതിട്ടും പണിതീരാത്ത നിരവധി വീടുകൾ നമ്മുക്ക് കാണാൻ കഴിയുന്നു. ലളിതവും, കാലാവസ്ഥക്കനുസൃതമായും ഭൂമിയുടെ കിടപ്പുമായും ബന്ധപ്പെടുത്തി വീടുകൾ നിർമ്മിക്കുവാൻ ശ്രദ്ധിക്കാറില്ല. അതുക്കൊണ്ടുതന്നെ പരിസ്ഥിതിപ്രശ്നങ്ങൾ നിലനിൽക്കുന്നു. ഓരോ വർഷത്തിലുണ്ടാകുന്ന ഉഷ്മാവ് വർദ്ധിക്കുന്നതായും, ടർസു വീടുകൾക്കുള്ളിലെ ചൂടു നിയന്ത്രിക്കുവാൻ അധിക സാമ്പത്തികശേഷി ഉപയോഗിച്ചുള്ള സംവിധാനങ്ങൾ കണ്ടെത്തേണ്ടതായും വരുന്നു.

പരമ്പരാഗതമായ വീടുനിർമ്മാണം ഗ്രാമങ്ങളിൽ അപ്രത്യക്ഷമാകുകയും, അവ ഇന്ന് നക്ഷത്ര ഹോട്ടലുകളുടെ ഭംഗി വർദ്ധിപ്പിക്കാവുന്ന രീതിയിലുള്ള ഐസ്ക്രീം പാർലറുകളായി മാറികൊണ്ടിരിക്കുന്നു. നല്ലൊരു വനസമ്പത്ത് ഉള്ള പ്രദേശമെന്ന നിലയിൽ ഈറ്റയില, പനയോല, പുല്ല് ഉപയോഗിച്ചുകൊണ്ടുള്ള ചെറുവീടുകൾ ഇന്നു നമുക്ക് ഉപയോഗിക്കാം. അഭിമാനത്തിലും, പ്രൗഢിയിലും വൻ കൊട്ടാരങ്ങൾ നിർമ്മിക്കുന്നവർക്ക് ഒരു സീസണൽ വീടായും ഈ രീതിയിലുള്ള വീടുകൾ നിർമ്മിക്കാവുന്നതാണ്. നാട്ടിൻ പുറങ്ങളിൽ ധാരാളമായി ലഭിച്ചുകൊണ്ടിരുന്ന തെങ്ങിൻ ഓല കൊണ്ടുള്ള വീടുകളും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ശരിയായ രീതിയിലുള്ള പരിചരണം ലഭിക്കാത്തതുകൊണ്ട് ഒരു വർഷം പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. സീസണിങ്ങ് പോലുള്ള സാങ്കേതികത്വം ഈ കാര്യത്തിൽ നല്കേണ്ടിരിക്കുന്നു.

വീടു നിർമ്മാണത്തിലേക്കായി പ്രാദേശിക വിഭവങ്ങൾക്കുപകരമായി, അന്യസംസ്ഥാനങ്ങളിൽ നിന്നും നിർമ്മാണ വസ്തുക്കൾ കൊണ്ടുവരുന്നതുകൊണ്ട് സാമ്പത്തിക ശോഷണം നാട്ടിലുണ്ടാകുന്നു.

## വീടു നിർമ്മാണത്തിന് സുലഭമായി ലഭിക്കുന്ന വസ്തുക്കൾ

1. കരിങ്കൽ, വെട്ടുക്കല്ല്, തെങ്ങ് തടി, പ്ലാവ്, തെങ്ങിൻ ഓല, റബ്ബർ മരം മുതലായവയാകുന്നു.

കർഷകരും, കർഷക തൊഴിലാളികളും തിങ്ങിപാർക്കുന്ന പ്രദേശങ്ങളാകെ കൃഷി രീതി മാറിയതനുസരിച്ച് കർഷക തൊഴിലാളികൾ ഭൂരിഭാഗവും കെട്ടിട നിർമ്മാണ രംഗത്തേക്ക് മാറിക്കൊണ്ടിരിക്കുന്നു. മുതൽ മുടക്കുന്ന ഏറ്റവും വലിയ വ്യവസായമായി കെട്ടിട നിർമ്മാണം മാറിയിരിക്കുന്നു.

ന്യൂനപക്ഷം വൻ കോട്ടതളങ്ങൾ നിർമ്മിക്കുമ്പോൾ അവശരായ ഭൂരിപക്ഷം ജനങ്ങളും സ്വന്തമായി ഒരു വീട് അത്യാവശ്യ സൗകര്യങ്ങളോടുകൂടി നിർമ്മിക്കാൻ കഴിയാത്തവരാണ്. കോളനി വാസികളുടെ ജീവിതം അതൃധികം പരിതാപകരമാണ്. സംതൃപ്തകുടുംബജീവിതം

ഇതുകൊണ്ടുതന്നെ അസാധ്യമാകുന്നു. സാമൂഹികമാറ്റം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. ജനപങ്കാളിത്തത്തോടുകൂടി ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് വീടു നിർമ്മിക്കുവാനുള്ള കർമ്മ പദ്ധതികൾക്കൊണ്ട് രൂപം നൽകണം. ശാസ്ത്രീയമായ വീടുകൾക്ക് കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം വിനിയോഗിക്കുവാൻ സൗകര്യമുണ്ടാക്കണം.

നഗരങ്ങളെ കേന്ദ്രീകരിച്ചുള്ള കോൺക്രീറ്റ് കെട്ടിടങ്ങളും, വയലുകൾ നികത്തി വീടുകൾ നിർമ്മിക്കുന്നതും പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നു. കൃഷി സ്ഥലങ്ങളുടെ വ്യാപ്തി കുറയ്ക്കുകയും ചെയ്യുന്നു.

## നിലവിലുള്ള വീട്, പീടിക സ്ഥാപനങ്ങൾ

### പട്ടിക – 1.

| വാർഡ് | പീടിക സ്ഥാപനങ്ങൾ ഷെഡ് | പുറം പോക്കിൽ താമസിക്കുന്നവർ | വാടകക്ക് താമസിക്കുന്നവർ | കുടിൽ | വാർക്ക വീടുകൾ | ഓടിട്ട വീടുകൾ | ആകെ |
|---|---|---|---|---|---|---|---|
| I | 69 | 10 | 16 | 42 | 56 | 275 | 468 |
| II | 23 | 42 | 35 | 13 | 127 | 250 | 490 |
| III | 139 | 46 | - | - | 145 | 300 | 630 |
| IV | 13 | 39 | - | 50 | 55 | 443 | 600 |
| V | 164 | 30 | - | 17 | 300 | 337 | 848 |
| VI | 44 | 32 | - | 58 | 109 | 396 | 639 |
| VII | 67 | 67 | - | 78 | 56 | 404 | 672 |
| VIII | 38 | 24 | - | 42 | 20 | 410 | 534 |
| IX | 20 | 23 | - | 100 | 86 | 221 | 452 |
| X | 21 | 11 | - | 64 | 26 | 260 | 382 |
| | 598 | 326 | 51 | 464 | 980 | 3296 | 5715 |

516

വീടുകളുടെ പൊതുസ്വഭാവം.

1. 100 നടുത്ത് വരുന്ന വീടുകളിൽ വൻ തുക മുടക്കി ആവശ്യത്തിലുപരി സൗകര്യങ്ങളോടും വലുപ്പത്തിലും നിർമ്മിച്ചിരിക്കുന്നു. താമസിക്കുന്നവരുടെ അംഗസംഖ്യ പരിമിതവും.

2. ഇടത്തരം വലിയ വീടുകൾ, ഇടത്തരം കർഷകരും, ഗവ. ജീവനക്കാരും, മിച്ചംവരുന്ന പണം കൊണ്ട് നിർമ്മിക്കുന്നു. കർഷികരംഗത്തും, വികസനരംഗങ്ങളിലും ചെലവഴിക്കേണ്ടത്, വീടുനിർമ്മാണത്തിൽ ചെലവഴിക്കുന്നു.

3. ആവശ്യം നിറവേറ്റാൻ വേണ്ടിമാത്രം പണിയുന്ന വീടുകൾ ധാരാളമുണ്ടെങ്കിലും പലതും കടബാദ്ധ്യതയിൽ പെട്ട് വരുമാനത്തിന്റെ നല്ലൊരു പങ്കും കടം വീട്ടാൻ വേണ്ടി ചെലവഴിക്കുന്നു.

4. S.C. കോളനിവാസികളുടേയും, ലക്ഷംവീടുകളുടേയും അവസ്ഥ വളരെ മോശമാണ്. പ്രാഥമിക സൗകര്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യമോ, ആവശ്യത്തിന് വെള്ളമോ ലഭിക്കുന്നില്ല. അംഗസംഖ്യയുടെ വർദ്ധനവ് അനുസരിച്ച് സൗകര്യങ്ങൾ വർദ്ധിക്കുവാനോ, പുതിയ വീടു നിർമ്മിക്കുവാനോ കഴിയുന്നില്ല.

5. പുറംമ്പോക്കു നിവാസികൾ – ഈ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഭൂമി സ്വന്തമല്ലാത്തതിനാൽ മറ്റു സഹായങ്ങൾ ഒന്നുംതന്നെ ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല.

വീടുകൾ നിർമ്മിക്കുവാൻ വിവിധപദ്ധതികൾ ഉണ്ടെങ്കിലും ശരിയായിട്ടുള്ള പ്രയോജനം താഴെത്തട്ടി ലുള്ളവർക്ക് ലഭിക്കുന്നില്ല. ലഭിക്കുന്നസംഖ്യതന്നെ ശാസ്ത്രീയമായി വിനിയോഗിക്കുവാൻ കഴിയുന്നില്ല. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, കൂലിനിരക്കിലുള്ള വർദ്ധനവ് പാവപ്പെട്ട ജനവിഭാഗങ്ങളുടെ സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നില്ല.

ഭവന ഏജൻസികൾവഴി അപേക്ഷ സമർപ്പിച്ചാലും, നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് കൃത്യസമയത്ത് പണം ലഭിക്കാത്തതിനാൽ ഉപഭോക്താവിന് പണചെലവും, സമയബന്ധിതമായി പണി പൂർത്തീകരിക്കുവാനും കഴിയാതെ വരുന്നു.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. മിനിമം സൗകര്യങ്ങളോടുക്കൂടിയ വീടുകൾക്ക് അംഗീകാരം കൊടുക്കുക
2. വീടുകൾക്ക് , ചെലവഴിക്കുന്ന പണത്തിന്റെ കണക്കും, വലിപ്പവും പഞ്ചായത്ത് കമ്മറ്റിതീരുമാനങ്ങൾക്ക് വിധേയമായിരിക്കണം.
3. പരിസ്ഥിതിപ്രശ്നങ്ങൾ കണക്കിലെടുത്തുവേണം വീടുകൾക്ക് അനുമതിനൽകുവാൻ.
4. ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിലുള്ള ഹൗസിംഗ് കോപ്ലക്സ് ഉണ്ടാക്കുക.
5. ഇന്ദിര ആവാസ് യോജന, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി. മൈത്രീഭവൻ പദ്ധതി പ്രകാരം

വീടുവയ്ക്കുവാനുള്ള സാമ്പത്തികസഹായത്തിന്റെ നിയമ നടപടികൾ ലഘൂകരിക്കുക.

6. ഗുണഭോക്താവിന്റെ സാമ്പത്തികസ്ഥിതിയും, മനുഷ്യാദ്ധ്വാനവും വിലയിരുത്തി സഹായം നൽകുക.

7. ഭവന പദ്ധതിക്കായി പഞ്ചായത്ത് തലത്തിൽ ഒരു സബ് കമ്മറ്റിക്ക് രൂപം നൽകുക.

8. നിലവിലുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.

9. ചിലവ് കുറഞ്ഞ വീടുകളുടെ പ്രോത്സാഹനം വർദ്ധിപ്പിക്കുക.

10. രജിസ്റ്റർ ഓഫീസുകളിലെ അമിതമായ ഫീസ് ഇളവുചെയ്യുക.

11. 5 വർഷംകൊണ്ട് പഞ്ചായത്തിലെ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുക.

12. വൻകിട വീടുകൾക്ക് സെസ് ഏർപ്പെടുത്തുക.

13. ഭൂമിയില്ലാത്തവർക്ക് വീടുവെയ്ക്കുവാൻ ഭൂമി ലഭ്യമാക്കുക.

14. ബാങ്കുകളുടെ നിക്ഷേപങ്ങളിൽ നിന്നും, നിശ്ചിതശതമാനം സംഖ്യ ഈ ആവശ്യത്തിലേക്കായി വിനിയോഗിക്കുക.

518

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖകയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് ഇന്ന് നിലവിലുള്ളത്.

ഇതിനു പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ ക്ഷേമത്തിനായി വനിതാവികസന കോർപ്പറേഷനും പ്രവർത്തിച്ചു വരുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പല പദ്ധതികളെക്കുറിച്ചും, ജനങ്ങൾക്കുള്ള അജ്ഞത, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതി, ആവശ്യത്തിനും സമയത്തിനും ലഭിക്കാതിരിക്കൽ, നടപ്പിലാക്കുമ്പോഴുള്ള സാങ്കേതികനൂലാമാലകൾ എന്നീ കാര്യങ്ങൾ എടുത്തു പറയത്തക്കതാണ്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗത്വം പോലുമില്ല.

V.E.O സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ ക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക - 1

**IRDP സർവ്വേ സഹായ ലഭ്യതാ കണക്ക് പരിയാരം പഞ്ചായത്ത്.**

| വർഷം | കുടുംബങ്ങളുടെ എണ്ണം | പട്ടികജാതി/പട്ടിക വർഗ്ഗം | വായ്പ ലഭിച്ചവർ |
|---|---|---|---|
| 95 -96 | 2623 | 272 | 249 |

**IRDP സർവ്വേയിൽ ഉൾപ്പെടുത്താത്ത വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. OWCRA സഹായ ലഭ്യതാകണക്ക്.**

| വർഷം | സ്കീമുകളുടെ എണ്ണം | പ്രവർത്തിക്കുന്ന അംഗങ്ങൾ | വായ്പ |
|---|---|---|---|
| 95 - 96 | 2 | 10 | |
| ആകെ | | | |

## <u>OWCRA സഹായ പദ്ധതി</u>

സ്ത്രീകളുടേയും, കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് OWCRA .

ഈ പദ്ധതി പ്രകാരം വനിതകളുടെ ടൈലറിംഗ് സെൻററും, പശു-ആടു വളർത്തലും തൊഴിലാക്കിയിട്ടുണ്ട്. 519

## ട്രൈസം

18-നും, 35-നും മധ്യേ പ്രായമുള്ള തൊഴിൽരഹിതരായ അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം പദ്ധതി.

### ട്രൈസം പരിശീലന ലഭ്യതാ പട്ടിക

| വർഷം | എണ്ണം | ആവശ്യം |
|---|---|---|
| 92 - 93 | 2 | പ്ലാസ്റ്റിക് വർക്ക്സ് |
| 93 - 94 | ലഭ്യമല്ല | - |
| 94 - 95 | ലഭ്യമല്ല | - |
| 95 - 96 | 2 | പ്ലംമ്പിംഗ് |
| ആകെ | 4 | |

ഒരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ ആരംഭിക്കുവാനും സഹായിക്കണം. പരിശീലകർക്ക് നൽകുന്ന സൈറ്റ്പ്പൻറ് തുക വർദ്ധിപ്പിക്കുകയും വേണം.

## ടൂൾസ് കിറ്റ്.

ഗ്രാമീണ കൈത്തറി തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾസ് കിറ്റ്.

ഈ പദ്ധതി അർഹമായ എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്.

### ടൂൾസ് കിറ്റ് പഞ്ചായത്തിൽ ലഭിച്ചവർ.

| വർഷം | എണ്ണം | തുക |
|---|---|---|
| 1992 - 93 | 2 | |
| 1993 - 94 | 2 | |
| 1994 - 95 | 2 | |
| ആകെ | 6 | |

**ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ നൽകുന്ന പദ്ധതിയാണ് CRSP. ഈപദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ**

| വർഷം | എണ്ണം | തുക |
|---|---|---|
| 1993 - 94 | | |
| 1994 - 95 | | |
| ആകെ | 343 | |

## വിവിധതരം പെൻഷനുകൾ

വിധവാ പെൻഷൻ, വികലാംഗപെൻഷൻ, കാർഷീക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മാ വേതനം എന്നിവ അർഹിക്കുന്നവർക്ക് ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അവശരായ രോഗികളെ ചികിത്സിക്കുന്നതിലേക്കായി സാമ്പത്തികസഹായം ലഭ്യമാക്കണം.

**പെൻഷൻ ഗുണഭോക്താക്കളുടെ വിവര പട്ടിക**

| വർഷം | അഗതിപെൻഷൻ | വാർദ്ധക്യകാലപെൻഷൻ | വിധവാപെൻഷൻ | വികലാംഗപെൻഷൻ |
|---|---|---|---|---|
| 1991 | 21 | 2 | | |
| 1992 | | 8 | | |
| 1993 | 5 | 4 | | |
| 1994 | | 5 | | |
| 1995 | 2 | | | |
| 1996 | 6 | 10 | | |
| ആകെ | | | | |

| | ക്ഷയരോഗ | കാൻസർരോഗ പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മവേതന പെൻഷൻ |
|---|---|---|---|---|
| 1991 | | | | |
| 1992 | | | | |
| 1993 | | 2 | | |
| 1994 | | | | |
| 1995 | | | | |
| 1996 | | 11 | | |

## അംഗൻ വാടികൾ

അംഗൻ വാടികളുടെ എണ്ണം കുട്ടികളുടെ അനുപാതവർദ്ധനവിനനുസരിച്ച് വർദ്ധനവ് വരുത്തണം

**- അംഗൻ വാടികൾ - പട്ടിക -**

| വാർഡ് | എണ്ണം | അംഗൻ വാടികൾ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | കളിപ്പാട്ടം ഇല്ലാത്തത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|
| I | 3 | 57 -58 | 40 | | ഇല്ല | | ഇല്ല | | ഇല്ല | ഇല്ല |
| II | 1 | 59 | 12 | | ഇല്ല | | | | | |
| III | 3 | 82 | | | | | | | | |
| IV | 2 | 83 | | | | | | | | |
| V | 3 | 109 | | ഉണ്ട് | | | | | | |
| VI | 3 | | | ഉണ്ട് | | | | | | |
| VII | 3 | | | | | | | | | |
| VIII | 3 | | | | | | | | | |
| IX | 1 | | | | | | | | | |
| X | 5 | | | | | | | | | |

## പൊതുവിതരണ കേന്ദ്രം

നമ്മുടെ പഞ്ചായത്തിലാകെ 6 പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. ഇവിടെ ജനങ്ങൾക്കാവശ്യമായ എല്ലാ വസ്തുക്കളും വേണ്ടത്ര ലഭിക്കുന്നില്ല.

# 4. ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

പരിയാരം പഞ്ചായത്തിന്റെ കിഴക്ക് അതിർത്തിയിൽ നിലകൊള്ളുന്ന ഒരു വനപ്രദേശമാണ് കുമ്പളാൻമുടിമല.

പ്രകൃതി രമണീയവും ഔഷധസുഗന്ധ സസ്യപടർപ്പിനാലും കാനന ചോലയുടെ കുളിരിനാലും ദൃശ്യകുളിർമ പകരുന്ന ഒരനുഭൂതിയാണ് ഈ വനപ്രദേശം. തെക്കുഭാഗത്തുകൂടി ചാലക്കുടി പുഴ പ്രൗഢിയോടുകൂടിയൊഴുകുന്നു. കിഴക്ക് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള വെട്ടിക്കുഴിമലയും വടക്ക് പിലാർമുടി മലയും പടിഞ്ഞാറ് കൃഷി മേഖലയുമാണ്.

രണ്ടര കി. മീ. ദൂരത്തിലും 3 തട്ടുകളിലായി കിടക്കുന്ന വനപ്രദേശത്ത് വിലമതിക്കാനാവാത്ത വൻമരങ്ങളും ഔഷധചെടികളും വള്ളിപടർപ്പുകളും വളരുന്നുണ്ട്. (വൻമരങ്ങൾ ഔഷധചെടികൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.)

മലയുടെ ചരിവിനുതാഴ്ഭാഗം ചാലക്കുടി പദ്ധതിയുടെ വലതു കര കനാൽ ഒഴുകുന്നു. പരിസരവാസികൾ കുടിവെള്ളത്തിനായി ഈ കനാൽ ഉപയോഗിക്കുന്നുണ്ട്. മലഞ്ചെരുവിനെ ചുറ്റിപോകുന്ന കനാലിന്റെ താഴ്ഭാഗം നാനാവിധത്തിലുള്ള കൃഷികളാൽ ധന്യമാണ്.

വളക്കൂറുള്ള കറുത്ത മണ്ണും പാറകളും നിറഞ്ഞ ചരിവുള്ള ഈ ഭാഗത്ത് കൂടുതലും തെങ്ങും കവുങ്ങുകളും മരച്ചീനി, വാഴ മുതലായവ വെച്ചുകണ്ടു. നെൽകൃഷിക്ക് അനുയോജ്യമെങ്കിലും നെൽപാടം ഉപയുക്തമാക്കേണ്ടതിനു പകരം നികത്തി നാണ്യവിളകൾ കൃഷിചെയ്തു വരുന്നു.

ഉയർന്ന ഭാഗമായിട്ടുള്ള ഹിഡുംമ്പൻ കവലയിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നു. ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ട് റബ്ബർ, പൈനാപ്പിൾ മുതലായവ കൃഷിചെയ്യുന്നു.

അനുക്കം പാടം, മോതിരക്കണ്ണി, കാഞ്ഞിരപ്പിള്ളി, മുനിപ്പാറ കോളനി വാസികളുടെ ജീവിത നിലവാരം വളരെ താഴ്ന്നതാണ്. കുവെള്ളത്തിന് കിലോമീറ്ററോളം സഞ്ചരിച്ച് തലചുമടായിട്ടാണ് കൊണ്ടുവരുന്നത്. കക്കൂസും മറ്റ് പൊതുജനാരോഗ്യ സംവിധാനവും ഇല്ല. പഞ്ചായത്തിലെ മറ്റു കോളനുകളുടെയും അവസ്ഥ വ്യത്യസ്ഥമല്ല. ബാലിക്കുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നുള്ള ജലം കോളനി വാസി

കൾക്ക് ലഭിക്കുന്നില്ല. റബ്ബർ, തെങ്ങ്, കുരുമുളക്, മാവ്, പ്ലാവ് മുതലായവയാണ് പ്രധാന കൃഷി. തെങ്ങുകൾക്ക് കാറ്റ് വീഴ്ചബാധ രോഗമുണ്ട്.

മണ്ണൊലിപ്പ് തടയുവാനുള്ള സംവിധാനം കുറവാണ്. റോഡുകൾ പലതും യാത്രായോഗ്യമല്ലാതായിരിക്കുന്നു.

## വനപ്രദേശത്തെ സസ്യജാലങ്ങൾ

| ഔഷധചെടികൾ | വൃക്ഷങ്ങൾ | പുല്ല് വർഗ്ഗം |
|---|---|---|
| വാതകൊടി | താണിമരം | എടന്ന |
| പാലിഞ്ഞ | മൈലെള്ള് | ഇഞ്ചിപ്പുല്ല് |
| മുവില | വെള്ളപൈൻ | ചോറപ്പുല്ല് |
| ഓരില | കുന്നിവാക | കറുക |
| പഞ്ചവൻ | ചീനി | മുള |
| ഇടംപിക്കായ | നെട്ടുനാര് | ചൂരൽ |
| മലയിഞ്ചി | അമ്പഴം | |
| കാട്ടുതിപ്പല്ലി | വേങ്ങ | |
| ചെന്തണ്ട് | പാതിരി | |
| ശങ്കുപുഷ്പം | ഈട്ടി | |
| കാട്ടുപയർ | മരുത് | |
| ചണ്ണ (ഏലച്ചെടി) ഇലയുടെ വലുപ്പം | പുന്ന | |
| കുന്തിക്കുരു | ഇരുൾ | |
| വാഴകിഴങ്ങ് | തേക്ക് | |
| കുറുന്തോട്ടി | വെൺതേക്ക് | |
| മഞ്ഞകടമ്പ് | തേംബാവ് | |
| ചാവാല് | വക്കമരം | |
| ആട്ടങ്ങ | നെല്ലി | |
| വെള്ളില | ചന്ദനം | |
| പൊള്ളക്കുരു | കാട്ടുവേപ്പ് | |
| അല്ലികൊടി | | |
| പലകപ്പയ്യാനി | | |
| ഇഞ്ചവള്ളി | | |
| പുല്ലാനിവള്ളി | | |
| ചങ്ങലവള്ളി | | |
| ഞെരളവള്ളി | | |

കടുങ്ങാട് പാടശേഖരം ജലദൗർലഭ്യം മൂലം മുപ്പൂ കൃഷിക്ക് സൗകര്യമില്ല. വേനൽക്കാലത്ത് ജലസ്രോതസുകളായ 3 കുളങ്ങളും വറ്റുന്നു. പുഴയിലേക്കുള്ള തോട് സൈഡുകെട്ടി ചീർപ്പ് നിർമ്മിക്കുകയാണെങ്കിൽ ഈ പ്രദേശം ഭൂരിഭാഗവും നെൽകൃഷിക്കനുകൂലമാക്കാവുന്നതാണ്.

സമീപത്തുള്ള ആര്യൻ പാടം താഴ്ന്ന പ്രദേശം നെൽകൃഷിക്കനുകൂലമാണ്. പക്ഷേ ഈ ഭാഗം കൂടുതലും ഇഞ്ചി, മരച്ചീനി, വാഴ, തെങ്ങ്, കവുങ്ങ് മുതലായവ കൃഷി ചെയ്യുകയാണ്.

ഈ പാടത്തിന്റെ കര ചരൽ നിറഞ്ഞതും വരൾച്ചയുള്ളതുമാണ്. ഈ ഭൂവിഭാഗത്തിന് താഴെ പുഴയോരമാണ്. ഇവിടെ തെങ്ങ്, കവുങ്ങ്, ജാതി, വാഴ, എന്നിവയാണ് പ്രധാന കൃഷി.

മണൽ വാരൽ നിമിത്തം പുഴയുടെ സൈഡ് ഇടിയുന്നു. കരപ്രദേശങ്ങളിലെ കണറുകൾ വറ്റുന്നു. നദീ തീരം സംരക്ഷിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

പൊരുമ്പത്തോട്ടിൽ ഒരു തടയിണ ഉണ്ടാക്കുകയാണെങ്കിൽ പൂതംകുഴി ഭാഗത്ത് ജലസേചനത്തിന് സൗകര്യമാകും.

കഴിഞ്ഞകാലസംസ്കാരത്തിന്റെ അവിശിഷ്ടങ്ങളായ കൊത്തുകല്ലുകൾ അവിടവിടെ ദൃശ്യമാണ്. തൊട്ടുതന്നെ പുല്ലുമുടി വനപ്രദേശമുണ്ടെങ്കിലും മരങ്ങളെല്ലാം നശിച്ചുപോയിരിക്കുന്നു. സമ്പൽസമൃദ്ധമായ മണ്ണ് ഇവിടെയുണ്ടെന്നതിനാൽ ഔഷധചെടികളോ, വനവൃക്ഷങ്ങളോ പ്ലാന്റ് ചെയ്യാവുന്നതാണ്. വാഹനമെത്തിചേരുവാനുള്ള സൗകര്യമേർപ്പെടുത്തുകയാണെങ്കിൽ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാവുന്ന പ്രദേശം കൂടിയാണിത്. താഴെകുണ്ട് താഴവരയിൽനിന്നും ജലമെത്തിക്കുവാൻ കഴിയുന്നതാണ്.

അന്ത്രക്കംവാടം സമതലം നാണ്യവിളപ്രദേശമാണ്. കുറച്ച് ഭാഗങ്ങളിൽ നെൽകൃഷിയുണ്ട്. അന്ത്രക്കംപാടത്തിന് തൊട്ട് തൂമ്പാക്കോട് പാടശേഖരം നസ്ഥിതിചെയ്യുന്നു. 36 ഏക്കർ വരുന്ന നെൽപാടം നവീനരീതിയിലുള്ള കൃഷിയവലംബിക്കുന്നു.

**1995 നവംമ്പർ 1 മുതൽ 1996 ഒക്ടോബർ 31 വരെയുള്ള കൂടിയതും കുറഞ്ഞതുമായ ഊഷ്മാവ്**

| *കൊല്ലം* | *മാസം* | *കൂടിയ ചൂട് 0C* | *റിമാർക്സ്* |
|---|---|---|---|
| 1995 | നവംബർ | 20.02 | |
| 1995 | ഡിസംബർ | 18.05 | |
| 1996 | ജനുവരി | 18.05 | |
| 1996 | ഫെബ്രുവരി | 18.11 | |
| 1996 | മാർച്ച് | 21.92 | |
| 1996 | ഏപ്രിൽ | 22.5 | |
| 1996 | മേയ് | 22.5 | |
| 1996 | ജൂൺ | 20 | |
| 1996 | ജൂലായ് | 21.2 | |
| 1996 | ആഗസ്റ്റ് | 15 | |
| 1996 | സെപ്തംബർ | 22 | |
| 1996 | ഒക്ടോബർ | 20.7 | |

## പരിയാരം പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പ്

1. കുമ്പാളാൻമുടി മല
2. മലയുടെ കുത്തനെയുള്ള ചരിവ്
3. ചെറിയചെരിവ്
4. സമതലം
5. ഹിഡുബൻകവലകുന്ന്
6. അന്ത്രക്കംവാടം
7. മോതിരകണ്ണി കോളനികുന്ന്
8. മണ്ണുംപുറം ഉയർന്ന ഭാഗം
9. അന്ത്രക്കംപാടം സമതലം
10. കുപ്പതോട് - താഴ്വാര
11. അല്പം ഉയർന്ന ഭാഗം
12. തീര സമതലം
13. സമതലം

526

## ഉപരിതലമൺതരങ്ങൾ

മലപ്രദേശം : കറുത്ത വളക്കൂറുള്ള മണ്ണ് - പാറ, ഉരുളൻകല്ല്
സമതലം : ചരൽ മണ്ണ്, പൂഴി, കറുത്ത മണ്ണ്,
തീരസമതലം : വളക്കൂറുളള കറുത്ത മണ്ണ്, പശിമരാശി മണ്ണ്.

## ജനശക്തി

| *പഞ്ചായത്ത് ജനസംഖ്യ* | *20931* |
|---|---|
| പുരുഷൻ | |
| സ്ത്രീകൾ | |
| തൊഴിൽ ചെയുന്നവർ | |
| തൊഴിലില്ലാത്തവർ | |
| ഭാഗിക തൊഴിൽ ചെയ്യുന്നത് | |
| പട്ടികജാതി, പട്ടികവർഗ്ഗം | |
| സ്ത്രീകൾ | |
| പുരുഷന്മാർ | |

## ജലശ്രോതസ്

പരിയാരം പഞ്ചായത്തിന്റെ തെക്ക് ചാലക്കുടിപുഴ, വടക്ക് കപ്പതോട് കൂടാതെ ജലസംഭരണികളായിട്ടുള്ള ബാലിക്കുളം, തുടങ്ങിയ കുളങ്ങളും ചെറുതോടുകളും ഉണ്ട്. ജലശ്രോതസ്സുകൾ നിരവധിയുണ്ടെങ്കിലും ഉപയുക്തമാക്കാത്തതുകൊണ്ട് കുടിവെള്ളം, ജലസേചനം, ഭൂരിഭാഗം പ്രദേശങ്ങളിലും ലഭിക്കുന്നില്ല.

വർഷത്തിൽ ഏകദേശം 300 സെ. മീറ്റർ കൂടുതൽ മഴ ലഭിക്കുന്നു.

## കാലാവസ്ഥ ചക്രം

| | |
|---|---|
| നവംബർ, ഡിസംബർ, ജനുവരി | മഞ്ഞ് |
| ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് | വേനൽ |
| ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ | മഴ |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പരിയാരം ഗ്രാമ പഞ്ചായത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടിട്ടുള്ള 572 കുടുംബങ്ങളാണുള്ളത്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു വീടുമാണുള്ളത്. പട്ടികജാതിയിൽ പുലയർ, പറയർ, പാണർ, വേലർ തുടങ്ങിയ വിഭാഗങ്ങൾ ഉൾപ്പെടുന്നു. 95% കുടുംബങ്ങളും ദാരിത്രരൈഘയ്ക്ക് താഴെയാണ്. കാലാകാലങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഈ പദ്ധതികളുടെ ഗുണം രൂക്ഷമായ തൊഴിലില്ലായ്മയും ദാരിദ്രവും ഈ വിഭാഗത്തെ തകർത്തുകൊണ്ടിരിക്കുന്നു.

നിലവിലുള്ള കോളനികളുടെ സ്ഥിത വളരെ ദയനീയമാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ലാത്ത കുടുംബങ്ങൾ നിരവധിയാണ്. കോളനികളിലേക്കുള്ള റോഡുകളുടെ സ്ഥിതി അതിനേക്കാൾ ശോചനീയവുമാണ്. വിദ്യാഭ്യാസരംഗത്തും പിന്നോക്കാവസ്ഥയാണ്. പൊതുവെ നിരക്ഷർ കുറവാണെങ്കുലും വിദ്യാഭായാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തുന്ന കുട്ടികളും ഉണ്ട്.

പഞ്ചായത്തിലെ ഹൈസ്കൂളിൽ എത്തുവാൻ പട്ടിക ജാതി കോളനികളിൽനിന്ന് ഏറ്റവും കൂടിയ ദൂരം 10 കിലോമീറ്ററുമാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ അലോപ്പതിഡോക്ടർ പട്ടികജാതിയിലെ പുലയസമുദായത്തിൽപ്പെട്ട എ.എ. കറമ്പൻ ആണെന്നത് സ്മരണാർഹമാണ്. സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിലും ഈ വിഭാഗത്തിൽനിന്ന് വേണ്ടത്ര പേർ നേതൃത്വനിരയിലേക്ക് ഉയർന്നിട്ടില്ല. ഭൂരിഭാഗം കോളനികളിലും കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതിനാൽ വളരെ ദുരിതപൂർണ്ണമാണ് ജീവിതം. കോളനികൾ പൊതുവെ ഉയർന്ന പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്നതിനാൽ നിലവിലുള്ള കുടിവെള്ള പദ്ധതി വഴി കോളനികളിലേക്ക് വെള്ളം ലഭ്യമാകുന്നില്ല. ഇതിന് പരിഹാരം കാണുന്നതിലേക്കായി പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40% കുടുബങ്ങൾക്കും സ്വന്തമായി വീടും സാനിറ്ററി കക്കൂസുകളും ഇല്ലാത്തതാണ്. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ പുറംബോക്കുകളിൽ താമസിക്കുന്നു. ഇവർക്ക് സാനിറ്ററി കക്കൂസുകൾ ഇല്ലാത്തതുമൂലം പരിസരമലിനീകരണം പൊതുജനാരോഗ്യത്തെ കാര്യമായി ബാധിക്കുന്നു. നിരവധി രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാദ്ധ്യതയും ഇതുമൂലം ഉണ്ടാകുന്നു. ഈ രംഗത്ത് ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

കോളനി നിവാസികളിൽ തന്നെ പട്ടയം ലഭിക്കാത്തവർക്ക് സർക്കാരിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാകാതെ വരുന്നു. കോളനികളിൽനിന്ന് ഒറ്റപ്പെട്ടുകിടക്കുന്ന കുടുബങ്ങൾക്കും സർക്കാരിൽനിന്നു ലഭിക്കുന്ന ആനുകൂല്യങ്ങൾ വേണ്ടത്ര രീതിയിൽ എത്തുന്നില്ല.

ഊർജ്ജ രംഗത്തും വളരെയേറെ പോരായ്മകൾ കോളനികളിൽ നിലനിൽക്കുന്നു. 70% കോളനികളിലും ഭാഗികമായിട്ടാണ് വൈദ്യുതി എത്തിയിട്ടുള്ളത്. പൂർണ്ണമായും വൈദ്യുതി എത്താത്ത കോളിനിയും നിലവിലുണ്ട്.

ഈ വിഭാഗത്തിൽപ്പെട്ടവരുടെതായ തനതായ കലകൾ പറയൻതുള്ളൽ, മുടിയാട്ടം എന്നിവയാണ്. പട്ടികജാതി വിഭാഗത്തിൽനിന്ന് പരിയാരം പഞ്ചായത്ത് ഭരണ സമിതിയിലേക്ക് ആദ്യമായി തെരെഞ്ഞെടുക്കപ്പെട്ടത് പരേതനായ ശ്രീ. കെ. റ്റി. കാവലൻ ആണ്.

## *പ്രശ്നങ്ങൾ*

- പട്ടികജാതി ജനവിഭാഗങ്ങളുടെ പൊതുജനാരോഗ്യസ്ഥിതി വളരെ ശോചനീയമാണ്.
- സ്വന്തമായി വീട് നിർമ്മിക്കാൻ സാമ്പത്തികമായി കഴിവില്ലാത്തതിനാൽ 60% കുടുംബങ്ങളും കൂരകളിലാണ് താമസിക്കുന്നത്.
- നിലവിലുള്ള വീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ്.
- വീട് പണിക്ക് അനുവദിക്കുന്ന പൈസയുടെ അവര്യാപ്തത കാരണം പലവീടുകളും പൂർത്തീകരിക്കുന്നില്ല.
- സാനിറ്ററി കക്കൂസുകൾ ഭൂരിഭാഗം വീടുകളിലും ഇല്ല.
- 80% കോളനികളും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവയാണ്.
- കോളനികളിൽ കുടിവെള്ള പദ്ധതികൾ കുടിവെള്ളപദ്ധതികൾ ഇല്ലാത്തതുമൂലം ഈ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതം വളരെ ദയനീയമാണ്.
- കോളനികളിലേക്കുള്ള വഴികൾ ഭൂരിഭാഗവും സഞ്ചാരയോഗ്യമല്ലാത്തവയാണ്.
- ചില കോളനികളിലേക്ക് വൈദ്യുതി എത്തിയിട്ടില്ല എന്നു മാത്രമല്ല 80% കോളനികളിലും ഭാഗികമായിട്ടാണ് വൈദ്യുതി എത്തിയിട്ടുള്ളത്.
- സർക്കാർ ധനസഹായങ്ങൾ, പദ്ധതികൾ എന്നിവ യഥാസമയം അറിയുന്നില്ല.
- യുവാക്കളിൽ മദ്യം, കഞ്ചാവ് എന്നിവയോടുള്ള ആസക്തി ചെറിയ തോതിൽ ഈ വിഭാഗത്തിൽ കണ്ടുവരുന്നു.
- അർഹതപ്പെട്ട പെൻഷനുകൾ ഈ വിഭാഗക്കാർക്ക് ഭൂരിപക്ഷവും ലഭിക്കുന്നില്ല.
- കോളനികൾക്കു പുറത്ത് ഒറ്റപ്പെട്ടു ജീവിക്കുന്നവർക്ക് ഗവൺമെന്റ് സഹായങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

- കൃഷിയ്ക്ക് അനുയോജ്യമായ മണ്ണ് കോളനികളിൽ ഉണ്ടെങ്കിലും ജലസേചനസൗകര്യം ഇല്ലാത്തതിനാൽ കൃഷിയോടുള്ള താൽപര്യം കുറഞ്ഞുവരുന്നു.
- സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുവാൻ കഴിവുള്ളവർ ഉണ്ടെങ്കിലും പ്രോത്സാഹനമില്ലായ്മയും സാമ്പത്തിക പരാധീനതയും ഈ രംഗങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗത്തെ അകറ്റി നിറുത്തുന്നു.

### *സാദ്ധ്യതകൾ*

- ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ നിർബന്ധമായും സ്കൂളുകളിൽ അയക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം.
- സ്കൂളുകളിൽ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിക്കുന്ന സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
- എല്ലാ കോഴനികളിലും ഇൻഫർമേഷൻ സെന്ററുകളും അവയോട് ചേർന്ന് സാംസ്കാരിക നിലയങ്ങളും സാക്ഷരതാ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതാണ്.
- പട്ടികജാതി സഹകരണ സംഘങ്ങൾ ഉണ്ടാക്കുകയും അതുമുഖേന പരമ്പരാഗത കൈതൊഴിലുകളും ചെറുകിടകുടിൽവ്യവസായങ്ങളും, കാലി, കോഴി എന്നിവയുടെ വളർത്തൽ കേന്ദ്രങ്ങളും തുടങ്ങി അവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം.
- ഈ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികളിൽ കുടിവെള്ളം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.
- ഈ വിഭാഗങ്ങളിൽ വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിനും പട്ടയം ലഭിക്കത്തവർക്ക് ആയതി ലഭ്യമാക്കുവാനും നിലവില്ലുള്ള വീടുകളിൽ താമസ യോഗ്യമല്ലാത്തവ പുനരുദ്ധരിക്കുവാനും നടപടികൾ ആരംഭിക്കേണ്ടതാണ്.
- ഈ വിഭാഗക്കാർക്ക് അർഹതപ്പെട്ട പെൻഷനുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കോളനികളിൽ കൃഷിചെയ്യുന്നതിനാവശ്യമായ ജലസേചന സൗകര്യം ഏർപ്പടുത്തണ്ടതാണ്.
- കോളനികളിലെ മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കോളനികളിൽ നിലവിലുള്ല റോഡുകൾ സഞ്ചാരയോക്യമാക്കുന്നതിനും റോഡ് ഇല്ലാത്ത കോളനികളിലേക്ക് പുതിയ റോഡുകൾ തുറക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്.
- വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളിൽ പൂർണ്ണമായും വൈദ്യുതി എത്തിക്കുന്നതിനും ഭാഗികമായി വൈദ്യുതി എത്തിയിട്ടുള്ള കോളനികളിൽ വൈദ്യുതി സംവിധാനം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

## പരിയാരം പഞ്ചായത്ത് വികസന രേഖ

- പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
- സ്വന്തമായി വീട് ഇല്ലാത്തവരും പുറംബോക്കിൽ താമസിക്കുന്നവരുമായ എല്ലാ പട്ടികജാതി/പട്ടി കവർഗ്ഗവിഭാഗക്കാർക്കും സ്വന്തമായി ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനാവശ്യവുമായ സമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്.
- പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന സംഖ്യ വർദ്ധിപ്പിക്കു ന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
- പഞ്ചായത്തിൽ ഒരു പട്ടികജാതി ശ്മശാനം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരി ക്കണം.
- പുകയേൽക്കാത്ത അടുപ്പിന്റെ ഗുണങ്ങളെ കുറിച്ച് ഈ വിഭാഗത്തിൽപ്പെട്ടവരെ ബോധവാൻമാരാ ക്കേണ്ടതുണ്ട്.
- മദ്യം, കഞ്ചാവ് എന്നിവയുടെ ദോഷവശങ്ങളെ കുറിച്ച് ഈ വിഭാഗങ്ങളിൽപ്പെട്ടവരെ ബോധവാൻമാ രാക്കേണ്ടതുണ്ട്.
- ബഹുജന സംഘടനാ പ്രവർത്തനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അഗത്വം നൽകുകയും അവർക്ക് പ്രോൽസാഹനം നൽകേണ്ടതുമാണ്.

## കോളനികളുടെ വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | | വൈദ്യുതീകരിച്ചതാണോ | കുടിവെള്ളം ലഭ്യമാണോ | ഗതാഗത സൗകര്യം |
|---|---|---|---|---|---|---|---|
| | | | പട്ടിക ജാതി | മറ്റുള്ളവർ | | | |
| 1. | I | പടിഞ്ഞാറുമുറി I.H.D.P. | 31 | 16 | അതെ | ഭാഗികം | ഭാഗികം |
| 2. | I | പരിയാരം കാം വാർഡ് O.L.H. | 4 | 19 | അതെ | ഉണ്ട് | ഉണ്ട് |
| 3. | III | പരിയാരം O.L.H. | 12 | 10 | അതെ | ഉണ്ട് | ഉണ്ട് |
| 4. | IV | തൃപ്പാപ്പിള്ളി | 90 | 118 | ഭാഗികം | ഉണ്ട് | ഭാഗികം |
| 5. | IV | തൃപ്പാപ്പിള്ളി O.L.H. | 9 | 17 | ഭാഗികം | ഉണ്ട് | ഭാഗികം |
| 6. | V | പാറക്കുന്ന് | 23 | 40 | ഭാഗികം | ഇല്ല | ഭാഗികം |
| 7. | V | തലവരുപ്പാറ | 21 | 12 | ഭാഗികം | ഇല്ല | ഭാഗികം |
| 8. | V | കൈതപ്പിള്ളി | 12 | 40 | ഭാഗികം | ഭാഗികം | ഭാഗികം |
| 9. | VI | ഒറ്റകൊമ്പൻ | 45 | | അതെ | അതെ | ഭാഗികം |
| 10. | VII | മുനിപ്പാറ O.L.H. | 4 | 15 | അതെ | അതെ | ഭാഗികം |
| 11. | VII | ചപ്പ്രാണി | 20 | 8 | അതെ | അതെ | ഭാഗികം |
| 12. | VIII | അക്രാംപ്പാടം | 22 | 5 | ഭാഗികം | ഭാഗികം | ഇല്ല |
| 13. | VIII | കാഞ്ഞിരപ്പിള്ളി | 90 | 6 | ഭാഗികം | ഭാഗികം | ഭാഗികം |
| 14. | VIII | കാഞ്ഞിരപ്പിള്ളി 4 സെന്റ് | 4 | 3 | അല്ല | അല്ല | ഇല്ല |
| 15. | VIII | ചാട്ടുകല്ലിൽ തറ കനാൽ | 10 | 32 | ഭാഗികം | ഭാഗികം | ഭാഗികം |
| 16. | IX | ബാലിക്കുളം I.H.D.P. | 28 | 1 | ഭാഗികം | ഇല്ല | ഭാഗികം |
| 17. | IX | ഹിഡുമ്പൻ കവല | 87 | 35 | ഭാഗികം | ഇല്ല | ഇല്ല |
| 18. | IX | മോതിരക്കണ്ണി | 25 | 3 | ഭാഗികം | ഇല്ല | ഭാഗികം |
| 19. | X | മണ്ണുംപ്പുറം. | 22 | | ഭാഗികം | ഇല്ല | ഉണ്ട് |
| | | ആകെ | 599 | 370 | | | |

534

## പരിയാരം പഞ്ചായത്ത് വികസന മേഖല

### കൃഷി

പരിയാരം കാർഷിക പ്രാധാന്യമുള്ള ഒരു ഗ്രാമമാണ്. മലയോരഗ്രാമമാണെങ്കിലും പടിഞ്ഞാറുഭാഗം ഇടനാടിന്റെ സവിശേഷതകളും ഉൾക്കൊള്ളുന്നതാണ്. തെങ്ങ്, നെല്ല്, കവുങ്ങ്, വാഴ, ജാതി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, റബ്ബർ, മരച്ചീനി, പച്ചക്കറി മുതലായവയാണ് പ്രധാനകൃഷികൾ. ഗ്രാമത്തിന്റെ കിഴക്കൻ മേഖല മലയോരവും, മദ്ധ്യപശ്ചിമ മേഖലകൾ സാമാന്യം സമതല പ്രദേശങ്ങളുമാണ്.

### കാലാവസ്ഥ

ഏകദേശം മദ്ധ്യകേരളത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് താരതമ്യേന മഴ സുലഭമാണ്. ആദ്യകാലത്ത് ആണ്ടിൽ പലവട്ടം വെള്ളപ്പൊക്കം അനുഭവപ്പെടാറുണ്ട്. പൊരിങ്ങൽക്കുത്ത്, ഷോളയാർ അണക്കെട്ടുകൾ ചാലക്കുടിപ്പുഴയിൽ നിർമ്മിച്ചതോടെ വെള്ളപ്പൊക്കം ദുർല്ലഭമാണ്.

കഴിഞ്ഞവർഷത്തെ മഴയുടെ കണക്ക് താഴെകൊടുക്കുന്നു.

1995–1996

| | മാസം | വർഷപാതം | (ഓരോമാസത്തേയും മൊത്തം) |
|---|---|---|---|
| 95 | നവംബർ | 153.5 | MM |
| 95 | ഡിസംബർ | ഇല്ല | " |
| 96 | ജനുവരി | 11.8 | " |
| 96 | ഫെബ്രുവരി | ഇല്ല | " |
| 96 | മാർച്ച് | 10.3 | " |
| | ഏപ്രിൽ | 116.2 | " |
| | മേയ് | 43.8 | " |
| | ജൂൺ | 527.8 | " |
| | ജൂലായ് | 634.4 | " |
| | ആഗസ്റ്റ് | 361.8 | " |
| | സെപ്തംബർ | 939.6 | " |
| | ഒക്ടോബർ | 193.1 | " |
| | ആകെ | 2999.3 | |

പഞ്ചായത്തിൽ വർഷകാലം സാധാരണയായി ആരംഭിക്കുന്നത് ജൂൺമാസാരംഭത്തിൽ തന്നെയാണ്. ചിലവർഷങ്ങളിൽ മേയ് അവസാനവും കാലവർഷം ആരംഭിക്കാറുണ്ട്. അതുപോലെ തുലാവർഷം സെപ്തംബർ ഒക്ടോബർ കാലത്താണ് ലഭിക്കാറുള്ളത്. മഞ്ഞുകാലം ആരംഭിക്കുന്നത് നവംബർ അവസാനത്തോടുകൂടിയാണ്. ഇത് ഫെബ്രുവരിവരെ തുടരും. അതുകഴിഞ്ഞാൽ വേനൽക്കാലം ആരംഭിക്കുകയായി. വർഷത്തിൽ ഏകദേശം 8 മാസം മഴ ലഭിക്കുന്നുവെന്നത് വലിയൊരു അനുഗ്രഹമാണ്.

മഴ ധാരാളമായി ലഭിക്കുന്ന പ്രദേശമാണെങ്കിലും വേനൽക്കാലത്ത് കുടിവെള്ളത്തിനും ജലസേചനത്തിനും ദൗർലഭ്യമനുഭവപ്പെടുന്നത് വലിയൊരു വിരോധാഭാസമാണ്. ജല സംരക്ഷണത്തിന്റെ പോരായ്മയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. മാത്രമല്ല മണ്ണൊലിപ്പിനും മണ്ണിന്റെ ഫലപുഷ്ടിശോഷണത്തിനും ഇതു കാരണമാകുന്നു. കയറ്റിറക്കമുള്ള ഭൂമിയുടെ കിടപ്പും ഈ പ്രതിഭാസത്തിന് ആക്കം വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിന്റെ തെക്കെ അതിരിൽ ചാലക്കുടിപ്പുഴയും വടക്കേ അതിരിൽ സുലഭമായി ജലമുള്ള കപ്പത്തോടും ഇവയിൽ ഒഴുകിയെത്തുന്ന ഊടും പാവും പോലെയുള്ള ചെറുതോടുകളും ചാലക്കുടി ഇറിഗേഷൻ പ്രൊജക്ടിന്റെ മെയിൻ കനാൽ കിഴക്കുഭാഗത്തുകൂടി കുറുകെയും അതിന്റെ നാലു ബ്രാഞ്ചുകനാലുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലൂടെയും പോകുന്നഘട്ടത്തിൽ വേനൽക്കാലത്ത് ഒട്ടേറെ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമംപോലും അനുഭവപ്പെടുന്നതിന് കാരണമെന്തെന്ന് കണ്ടുപിടിക്കുന്നതിനും അത് പരിഹരിക്കുന്നതിന് പ്രഥമവും പരമവുമായ പ്രാധാന്യം നൽകേണ്ടതാണ്.

## മണ്ണ്

പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ചെങ്കൽ മണ്ണാണ് പ്രധാനമായിട്ടുള്ളത്. സമതലപ്രദേശങ്ങളിൽ കറുപ്പുരാശിയുള്ള ഫലഭൂയിഷ്ഠമായ ചെളിമണ്ണാണുള്ളത്. പുഴയോരങ്ങളിൽ ഫലവത്തായ എക്കൽമണ്ണും കാണുന്നു. മൊത്തത്തിൽ കൃഷിക്ക് വളരെ അനുയോജ്യമായ ഭൂപ്രദേശമാണ്.

## ഭൂവിനിയോഗം.

ഒരോരോ ഭൂപ്രകൃതിവിഭാഗങ്ങളിലും വിഭിന്നങ്ങളായ വിളകളാണ് കൃഷിചെയ്തുവരുന്നത്. കുന്നിൻ മണ്ടകളിലും ചെരിവുകളിലും റബ്ബർ, കശുമാവ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളാണ് കൂടുതൽ. താഴ്വരകളിലും പാടങ്ങളിലും തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, പച്ചക്കറികൾ, ജാതി മുതലായവയും നെല്ലും കൃഷിചെയ്യുന്നു.
പഞ്ചായത്തിലെ ഭൂവിനിയോഗം താഴെ കാണിക്കും പ്രകാരമാണ്.

പട്ടിക 2

ഭൂവിനിയോഗം.

| | | |
|---|---|---|
| 1 | നിലം | 125ഹെക്ടർ |
| 2 | പുരയിടം കൃഷിക്ക് ഉപയോഗം | 2382 |
| 3 | പുറമ്പോക്ക് | 335 |
| 4 | കൃഷിയോഗ്യമല്ലാത്ത തരിശ് | 6 |

വനമൊഴിച്ചുള്ള ഭൂമിയുടെ വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

### കാർഷിക ചരിത്രം.

പരിയാരം പഞ്ചായത്തിൽ കാർഷികബന്ധങ്ങളിലും വിളകളിലും കൃഷിരീതിയിലും വളരെ മാറ്റം ഉണ്ടായിട്ടുണ്ട്. കിഴക്ക് കുമ്പളാൽമുടി മലകളിൽ നിന്ന് നോക്കിയാൽ പടിഞ്ഞാറെ അതിർത്തിയോളമുള്ള ഭൂപ്രദേശം കാണാവുന്നതാണ്.ഉയർന്ന പ്രദേശങ്ങളൊഴിച്ചുള്ള സ്ഥലങ്ങളെല്ലാം ഒരു പൂ കൃഷിയിറക്കുന്ന നെൽവയലുകളായിരുന്നു. മഴയെമാത്രം ആശ്രയിച്ചുള്ള ഒരുപൂ കൃഷിയായിരുന്നു ബഹുഭൂരിപക്ഷം പാടശേഖരങ്ങളിലും ചെയ്തിരുന്നത്. ചുരുക്കം സ്ഥലങ്ങളിൽ കുളങ്ങളിൽനിന്നുള്ള നീരൊഴുക്ക് ഉപയോഗിച്ച് മുണ്ടകൻ കൃഷിയും നടത്തിയിരുന്നു. കപ്പത്തോട്, പൊരുമ്പത്തോട്, തുടങ്ങിയവയുടെ പാർശ്വഭൂമികളിലും തോടുകളിൽ മൺചിറകളും മറ്റും നിർമ്മിച്ച് ഇരിപ്പുകൃഷിചെയ്തിരുന്നു. അതുപോലെ ചുരുക്കം സ്ഥലങ്ങളിൽ വെള്ളം തേവിയും

കൃഷി ചെയ്തിരുന്നു. നെൽകൃഷിയ്ക്ക് ശേഷം മിക്കവാറും നിലങ്ങളിൽ, എള്ള്, ചാമ, മധുരക്കിഴങ്ങ്, മുതലായവും കൃഷി ചെയ്തിരുന്നു. ഉയർന്നപ്രദേശങ്ങളിൽ അരിമോഡൻ, ചീര, ചാമ, പഞ്ഞപ്പുല്ല്, മരച്ചീനി പയറുവർഗ്ഗങ്ങൾ, കൂർക്ക, പച്ചക്കറികൾ മുതലായവയും ധാരാളം കൃഷി ചെയ്തിരുന്നു. അതിനു പുറമെ മാവ്, പ്ലാവ്, പുളി, കശുമാവ്, മുതലായ ഫലവൃക്ഷങ്ങളും വെച്ചുപ്പിടിപ്പിച്ചിരുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയും വിവിധ മതങ്ങളുടെയും ദേവസ്വങ്ങളുടെയും കോവിലങ്ങളുടെയും മറ്റു ജന്മികളുടെയും ആയിരുന്നും. കൃഷിയിറക്കിയിരുന്നവർ കുടിയാൻ എന്നപേരിലുള്ള സാധാരണ കർഷകരായിരുന്നു. ഭാരിച്ച പാട്ടവും പങ്കുവാരലും, അശാസ്ത്രിമായ കൃഷി സമ്പ്രദായങ്ങളും വിളവു കുറഞ്ഞ വിത്തിനങ്ങളുടെ ഉപയോഗവും, പ്രകൃതിക്ഷോഭങ്ങളും കാരണം കർഷകരുടെ അദ്ധ്വാനത്തിന് തക്ക ആദായം ലഭിച്ചിരുന്നില്ല. എന്തെങ്കിലും കാരണങ്ങൾകൊണ്ടായാലും വിളവ് കുറഞ്ഞാലും ജന്മിക്ക് നല്കേണ്ട പാട്ടത്തിൽ കുറവ് അനുവദിച്ചിരുന്നില്ല. പാട്ടം നല്കിയില്ലെങ്കിൽ ഭൂമി ഒഴിപ്പിക്കാനും ജന്മികൾ മടിക്കാറുണ്ടായിരുന്നില്ല. അതുകൊണ്ട് കർഷകരുടെ കടബാദ്ധ്യതയും പട്ടിണിയുമായിരുന്നുമിച്ചം ഇരുപ്പുകർഷരുടെ നില അല്പം കൂടിമൊച്ചമായിരുന്നു അതുകൊണ്ട് കഠിനാദ്ധ്വാനം ചെയ്താണെങ്കിലും വെള്ളം തേവി രണ്ടാം വിളയിറക്കാൻ വെള്ളം ലഭിക്കുന്നിടങ്ങളിൽ കർഷകർ ശ്രദ്ധിച്ചിരുന്നു. കന്നിമാസത്തിൽ വയ്ക്കോൽ തല്ലികിട്ടുന്നനെല്ലിൽ നെല്ലിൽ കൂലികഴിച്ച് ബാക്കികിട്ടുന്നത് പട്ടിണിമാറ്റാൻ ഉപയോഗിച്ചിരുന്നു. കർഷകതൊഴിലാളികളുടെ സ്ഥിതിയും വളരെ പരിതാവകരമായിരുന്നു. സ്ത്രി തൊഴിലാളികൾ 5 നാഴി നെല്ലും പുരുഷ തൊഴിലാളികൾ 3 ഇടങ്ങാഴി നെല്ലും ആയിരുന്നു ദിവസക്കൂലികൊടുത്തിരുന്നത് കൊയ്ത്തിന് പതമ്പ് 8ന് ഒന്ന് എന്നതായിരുന്നു സാധാരണപതിന് ഭേദപ്പെട്ടകർഷകരുടെ പറമ്പുകളൽ താമസിച്ചിരുന്ന കുടികിടപ്പുക്കാരായിരുന്നു കർഷകത്തൊഴിലാളികളിൽ ഭൂരിപക്ഷവും അവരിൽ ഏറെയും പട്ടികജാതിയിൽ പെട്ടവരായിരുന്നു. പറമ്പുകളിലെ ചക്കയും മാങ്ങയും ഭക്ഷിച്ചാണ് ജിവൻ നിലനിർത്തിയിരുന്നത് ഭൂവടമകളുടെ പീഡനങ്ങളും ചൂഷണങ്ങളും സഹിച്ച് നരകതുല്യമായ ജീവിതമാണ് നയിച്ചിരുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനനാളുകളിൽ ഭാരതത്തിൽ അനുഭവപ്പെട്ട രൂക്ഷമായ ഭക്ഷികമ്മി തരണം ചെയ്യാൻ കൊച്ചി സംസ്ഥാനത്ത് നടപ്പാക്കിയ "ഹിൽപാഡി പ്രൊഡ്ക്ഷൻ" പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ വനം വെട്ടി കൃഷിയിറക്കാൻ ഒട്ടേറെ കർഷകർ മുന്നോട്ട് വരികയുണ്ടായിരുന്നു.

റബ്ബർ കൃഷി നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ചത് ജോസഫ് കൊലപ്പ് ആണെന്നാണ് പറയുന്നത്. അതുപോലെ കശുമാവ് കൃഷിതോട്ടടിസ്ഥാനത്തിൽ ആദ്യമായി കൃഷിചെയ്തത് റെയ്ഞ്ചറായിരുന്ന ആഗ്ലോഇന്ത്യൻ വില്യംസ് ആയിരുന്നു. ഇരുപേർക്കും പഞ്ചായത്തിലെ കൊന്നക്കുഴി എച്ചിപ്പാറ ഭാഗത്ത് ഒട്ടേറെ ഭൂമിയുണ്ടായിരുന്നു.

ചാലക്കുടി ഇറിഗേഷൻ പദ്ധതി 1956 ൽ പ്രവർത്തികമായതോടെ നിലങ്ങളെല്ലാം ഇരുപ്പുവു മുപ്പുവ് നിലങ്ങളായി മാറി അതുപോലെത്തന്നെ ഒട്ടേറെ പറമ്പുകളും തട്ട് തിരിച്ച് നെൽകൃഷി ആരംഭിച്ചു. അധികം താമസിതെ ഭൂപരിഷ്കരണ് നടപ്പായതോടെ പാട്ടവ്യവസ്ഥിതിയും പങ്കുവാരവുംമെല്ലാം അവസാനിച്ചു കൃഷിഭൂമിയെല്ലാം കുടിയാൻമാരുടെ കൈവശത്തിലായി. ഭൂമിയുടെ ഉടമസ്ഥതലഭിച്ചതോടെ കരഭൂമികളിലെല്ലാം ദീർഘകാലവിളകൾ ആരംഭിച്ചു. അതിന് മുൻപ് ഉള്ളവയിൽ നിന്ന് വലിയ പങ്ക് ജന്മി എടുക്കുകയായിരുന്നു പതിവ്. ഭൂവരിഷ്കരണംമൂലം യഥാർത്ഥകൃഷിക്കാരായ കർഷകത്തൊഴിലാളികൾക്ക് "പത്ത് സെന്റ്" കുടികിടപ്പായി ലഭിക്കുകമാത്രമാണ് ചെയ്തതെന്നസത്യത്തിന് എതിരെ കണ്ണടച്ചിട്ട് കാര്യമില്ല. സ്വന്തം ഭൂമിലഭിച്ചു കഴിഞ്ഞപ്പോൾ പുതിയകൃഷികൾ ആരംഭിക്കാൻ കർഷകർ അമിതവോഗം കാണിക്കുകയുണ്ടായി. അതോടെ പഞ്ചായത്തിലെ കാർഷികവികസനം യഥാർത്ഥ്യമാവുകയായിരുന്നു. രാജ്യമാകെ നടപ്പാക്കികൊണ്ടിരുന്ന ഹരിതവിപ്ലവത്തിന്റെ അലകൾ നമ്മുടെ നാട്ടിലും പ്രകടമായി.

പുതിയവിത്തിനങ്ങളുടെ വരവും ശാസ്ത്രിയ കൃഷിരീതിയും മൂലം വിളവ് ഇരട്ടിയും രണ്ടിരട്ടിയുമായി വർദ്ധിച്ചു. ഇതേ കാലയളവിൽത്തന്നെ ജനസംഖ്യവർദ്ധനവ് ഉള്ളകരഭൂമിത്തന്നെ താമസിക്കാൻ തികയാതെ വന്നു. അതേസമയം കൂട്ടുകുടുംബസ്ഥിതി തകർന്നതും പ്രശ്നം കൂടുതൽ ഗുരുതരമാക്കി നിലങ്ങൾ പുരയിടങ്ങളാക്കിമാറ്റാനും കരകൃഷികൾ ആരംഭിക്കുവാനും ഇതിയിടയാക്കി അത് നെല്ല് ഉല്പാദനം കുറയാനിടയാക്കി. അതിന് പുറമെ '80തുകളുടെ ആരംഭത്തോടെ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ തള്ളിച്ചയോടെ ഉണ്ടായ നിർമ്മാണപ്രവർത്തനങ്ങളിൾ വർദ്ധിച്ച കൂലിനിരക്ക് ഉണ്ടായതോടെ കർഷകത്തൊഴിലാളികളുടെ കൂലി വർദ്ധിക്കുകയും കർഷകത്തൊഴിലാളികളെ ലഭിക്കാൻ ബുദ്ധിമുട്ടാകുകയും ചെയ്തു കൂടാതെ രാസവളങ്ങളുടെ അമിതപ്രയോഗവും നിയന്ത്രണമില്ലാത്ത കീടനാശിനിപ്രയോഗവും ഭൂമിയുടെ ആരോഗ്യം ക്ഷയിക്കാനു തദ്വാരാ ഉല്പാദനകുറവ് ഉണ്ടാകാനും ഇടയായി. കൃഷിചെലവ് വർദ്ധിച്ചുവെങ്കിലും ആനുപാതികമായി നെല്ലിന്റെ വിലവർദ്ധിച്ചില്ല. അയൽ സംസ്ഥാനങ്ങളിൽനിന്ന് വളരെകുറഞ്ഞനിരക്കിൽ അരി സുലഭമായിവരാനും തുടങ്ങി ലെവി സമ്പ്രദായം പുനഃസ്ഥാപിച്ച് നെല്ലിന്റെ വില പിടിച്ചുനിർത്താൻ സർക്കാർ ശ്രമിച്ചുവെങ്കിലും അത് വിജയച്ചില്ല. അങ്ങനെ പലകാരണങ്ങളാലും നെൽകൃഷി അനാകർഷകമായി തുടർന്ന് കൂടുതൽ ആദായകരമായ തെങ്ങ്, കാവുങ്ങ്, വാഴ, മരച്ചീനി മറ്റു വാണിജ്യവിളകളിലേയ്ക്ക് കർഷകർ തിരിയാൻ തുടങ്ങി. കനാലിൽ നിന്ന് പലപ്പോഴും ആവശ്യാനുസരണം ജലം ലഭിക്കാതിരുന്നതും ഈ പ്രവണതയ്ക്ക് ആക്കം കൂട്ടി. ഒരുകാലഘട്ടത്തിൽ മുകുന്ദപുരം താലൂക്കിലെ നെല്ലറയായിരുന്ന ഈ പഞ്ചായത്തിൽ 125 ഹെക്ടർ മാത്രമാണ് ഇപ്പോൾ നിലമായിട്ടുള്ളത്. അത് തന്നെ മുഴുവനും നെൽകൃഷിയ്ക്ക് ഉപയോഗിക്കുന്നുണ്ടെന്ന് പറയാൻ നിവൃത്തിയില്ല. ഇതിൽനിന്നും കഴിഞ്ഞ 4 പതിറ്റാണ്ടിനിടയ്ക്ക് നെൽകൃഷിയ്ക്ക് നേരിട്ട ശോഷണം മനസ്സിലാക്കാം. (പട്ടിക രണ്ട് നോക്കുക)

## ഭൂമിയുടെ ഉടമസ്ഥത.

ഏകദേശം 20 ശതമാനത്തിൽ താഴെ ആളുകൾ മാത്രമെ മൊത്തത്തിൽ പഞ്ചായത്തിൽ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നുള്ളു. ഭൂരിപക്ഷം പേർക്കു കൃഷി ഒരു ഉപവരുമാനമാർഗ്ഗം മാത്രമാണ്. ഭുവിതരണത്തിന്റെ സ്വഭാവം താഴെ കൊടുക്കുന്നു.

പട്ടിക 3

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 - 2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1. | 237 | 9 | 1 |
| 2. | 215 | 7 | 2 |
| 3. | 490 | 7 | 1 |
| 4. | 231 | 8 | 2 |
| 5. | 548 | 9 | 3 |
| 6. | 395 | 20 | 5 |
| 7. | 410 | 25 | 7 |
| 8. | 231 | 17 | 9 |
| 9. | 180 | 28 | 12 |
| 10. | 250 | 31 | 22 |
| ആകെ | 3187 | 161 | 64 |

ഇതിൽ നിന്നും ബഹുഭൂരിപക്ഷംപേരും പരിമിത കർഷകരാണെന്ന് വ്യക്തമാണല്ലോ

539

## വിളകളുടെ ഉല്പാദനം - ഉല്പാദനക്ഷമത.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യപ്പെടുന്നത് തെങ്ങ് തന്നെയാണ്. ഏതാണ്ട് 1300 ഹെക്ടർ ഭൂമിയിൽ, അതായത്, കൃഷിയോഗ്യമായ ഭൂമിയുടെ 52% - ത്തിൽ തെങ്ങ് കൃഷി ചെയ്യുന്നുണ്ട്.

അത്യുല്പാദനശേഷിയുള്ള ജ്യോതി, ചുവന്നത്രിവേണി തുടങ്ങിയവയാണ് പ്രധാന നെല്ലിനങ്ങൾ. അതിന് പുറമെ പട്ടാമ്പി, തുടങ്ങിയ നാടൻ ഇനങ്ങളും മുണ്ടകൻ കൃഷിയ്ക്ക് ഉപയോഗിക്കുന്നുണ്ട്.

പട്ടിക 4

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് - ഒന്നാം വിള | 125 ഹെക്ടർ | 187500 കി.ഗ്രാം. | 1500 കി.ഗ്രാം. |
| നെല്ല് - രണ്ടാം വിള | 125 " | 225000 " | 1800 " |
| നെല്ല് - മൂന്നാം വിള | 110 " | 176000 " | 1600 " |
| പയർ | 25 " | 5000 " | 200 " |
| പച്ചക്കറികൾ | 50 " | 250000 " | 5000 " |
| തെങ്ങ് | 1300 " | 10530000 " | 8100 " |
| വാഴ | 225 " | 4500000 " | 20000 " |
| മരച്ചീനി | 45 " | 2070000 " | 46000 " |
| കുരുമുളക് | 15 " | 18750 " | 1250 " |
| പ്ലാവ് | 5 " | 50000 " | 10000 " |
| കശുമാവ് | 20 " | 40000 " | 2000 " |
| മാവ് | 10 " | 150000 " | 15000 " |
| റബ്ബർ | 180 " | 900000 " | 5000 " |
| കവുങ്ങ് | 300 " | 1050000 " | 3500 " |
| ജാതി | 50 " | 125000 " | 2500 " |
| പൈനാപ്പിൾ | 5 " | 250000 " | 50000 " |
| ഇഞ്ചി | 20 " | 200000 " | 10000 " |
| | | | |

## കാർഷിക വികസന പദ്ധതികൾ ഒരുവിലയിരുത്തൽ

പഞ്ചായത്തിലെ കാർഷിക വികസന പ്രവർത്തനങ്ങളിൽ കൃഷിഭവന് അതിപ്രധാനമായ പങ്കുണ്ട്. വളരെയേറെ ആസൂത്രിത പദ്ധതികൾ നടപ്പിലാക്കേണ്ടിവരുന്നതുകൊണ്ട് ഇന്നത്തെ പരിമിതമായ കൃഷിഭവൻ ഉദ്യോഗസ്ഥരെക്കൊണ്ട് കാർഷികവികസനത്തിന്റെ പ്രധാനമേഖലയായ വിജ്ഞാനവ്യാപനത്തിൽ ശ്രദ്ധകേന്ദ്രികരിക്കാൻ സാധിക്കുന്നില്ല. ഒന്നാം പഞ്ചവത്സര പദ്ധതികാലത്ത് ജപ്പാൻ മോഡൽ കൃഷി പ്രചരിപ്പിക്കാൻ കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാരും കൃഷിക്കാരോടൊപ്പം പാടശേഖരങ്ങളിൽ ഉണ്ടാകുമായിരുന്നു.. ഇന്നിപ്പോൾ ഓഫിസ് ജോലികൾ മാത്രമായി ഒതുങ്ങിക്കഴിയുകയാണ്. അതുകൊണ്ട് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കാനും അവർക്ക് കിട്ടേണ്ടതായ ഒട്ടേറെ ആനുകൂല്യങ്ങളെപ്പറ്റി അറിയിക്കാനും ആളില്ലാത്ത അവസ്ഥയാണ്. പരീക്ഷണശാലകളിൽ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തുന്നില്ല അങ്ങനെയൊരും സംവിധാനം ഉണ്ടാകേണ്ടിരുക്കുന്നു.

എട്ടാം പദ്ധതിയിൽ കൃഷിഭവനിൽനിന്നും വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിതരണത്തെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

### പട്ടിക 5

### നടീൽ വസ്തു വിതരണം.

| ഇനം | 93 - 94 | 94 - 95 |
|---|---|---|
| തെങ്ങ് | | 350 |
| കുരുമുളക് | 6520 | 5000 |
| കവുങ്ങ | | 430 |
| മാവ് | 1110 | 150 |
| കൊക്കൊ | 150 | |
| ജാതി | 160 | 100 |
| കരയാമ്പു | 100 | |
| പൈനാപ്പിൾ | 8700 | |

## കർഷക സംരംഭങ്ങൾ

പഞ്ചായത്തിൽ പ്രധാനമായി പ്രവർത്തുക്കുന്ന കാർഷിക സംഘടകൾ താഴെ പറയുന്നതാണ്

## വിളകളുടെ ഉല്പാദനം - ഉല്പാദനക്ഷമത.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യപ്പെടുന്നത് തെങ്ങ് തന്നെയാണ്. ഏതാണ്ട് 1300 ഹെക്ടർ ഭൂമിയിൽ, അതായത്, കൃഷിയോഗ്യമായ ഭൂമിയുടെ 52% - ത്തിൽ തെങ്ങ് കൃഷി ചെയ്യുന്നുണ്ട്.

അത്യുല്പാദനശേഷിയുള്ള ജ്യോതി, ചുവന്നത്രിവേണി തുടങ്ങിയവയാണ് പ്രധാന നെല്ലിനങ്ങൾ. അതിന് പുറമെ പട്ടാമ്പി, തുടങ്ങിയ നാടൻ ഇനങ്ങളും മുണ്ടകൻ കൃഷിയ്ക്ക് ഉപയോഗിക്കുന്നുണ്ട്.

പട്ടിക 4

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് - ഒന്നാം വിള | 125 ഹെക്ടർ | 187500 കി.ഗ്രാം. | 1500 കി.ഗ്രാം. |
| നെല്ല് - രണ്ടാം വിള | 125 " | 225000 " | 1800 " |
| നെല്ല് - മൂന്നാം വിള | 110 " | 176000 " | 1600 " |
| പയർ | 25 " | 5000 " | 200 " |
| പച്ചക്കറികൾ | 50 " | 250000 " | 5000 " |
| തെങ്ങ് | 1300 " | 10530000 " | 8100 " |
| വാഴ | 225 " | 4500000 " | 20000 " |
| മരച്ചീനി | 45 " | 2070000 " | 46000 " |
| കുരുമുളക് | 15 " | 18750 " | 1250 " |
| പ്ലാവ് | 5 " | 50000 " | 10000 " |
| കശുമാവ് | 20 " | 40000 " | 2000 " |
| മാവ് | 10 " | 150000 " | 15000 " |
| റബ്ബർ | 180 " | 900000 " | 5000 " |
| കവുങ്ങ് | 300 " | 1050000 " | 3500 " |
| ജാതി | 50 " | 125000 " | 2500 " |
| പൈനാപ്പിൾ | 5 " | 250000 " | 50000 " |
| ഇഞ്ചി | 20 " | 200000 " | 10000 " |
| | | | |

512

## 1. ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ

1. മോതിരക്കണ്ണി പാടശേഖര സമിതി
2. തെക്കുംവേലി പാടശേഖര സമിതി
3. തൂമ്പാക്കോട് പാടശേഖര സമിതി
4. കടുങ്ങാട് പാടശേഖര സമിതി
5. കൊമ്പൻ പാറ പാടശേഖര സമിതി (കർഷക സമിതി)
6. പൂതംകുഴി പാടശേഖര സമിതി
7.
8.

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ആരംഭിച്ച 1988 തലത്തെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ നിർജീവമാണ് മിക്ക സമിതികളും കൂട്ടായപ്രവർത്തനങ്ങൾ ഉഴവയിൽ മാത്രം ഒതുങ്ങുന്നു. സർക്കാരിൽനിന്ന് ആനുകൂലനങ്ങൾ നേടിയെടുക്കുന്നതിനും നെല്ലുല്പാദനക്ഷമതവർദ്ധിപ്പിക്കുന്നതിനും സമിതികളുടെ പ്രവർത്തനം അടിയന്തിരമായി സജീവമാക്കേണ്ടതുണ്ട്.

## 2. കേരളസംരക്ഷണ സമിതികൾ

ഓരോ വാർഡിലും ഓരോ കേരസംരക്ഷണസമിതിയുണ്ട്. ഒരുകാലത്തിൽ ഒരുവിധംഫലപ്രദമായി പ്രവർത്തിച്ച സമിതികളാണ്. അതാത് വാർഡിലെ തെങ്ങ് കൃഷിയുടെ പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാരം കണ്ടെത്തേണ്ട ഈ സമിതികൾ പ്രവർത്തനരഹിതങ്ങളാണ് അവയെ പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

## 3. കേരവികസന സമിതി

കേരകർഷകർ തിരഞ്ഞെടുക്കേണ്ട പഞ്ചായത്ത് തല സമിതിയാണ് മെമ്പർഷിപ്പ് പ്രവർത്തനം ആരംഭിച്ചുവെങ്കിലും പിന്നീട്ട് തിരിഞ്ഞെടുപ്പ് നടത്തുകയൊ കാര്യക്ഷമമായി പ്രവർത്തിക്കുകയൊ ചെയ്യുന്നില്ല.

## 4 റബ്ബർ ഉല്പാദക സഹകരണസംഘം

റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിക്കുന്ന സ്ഥാപനമാണിത് വേണ്ടത്രഫല പ്രവർത്തനം മുന്നോട്ട് പോകുന്നില്ല റബ്ബർബോർഡുമായി ബന്ധപ്പെട്ട് അവരിൽനിന്നുള്ള സഹായങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിന് ഫലപ്രദമായി ഇടപെടണം.

## ജലസേചന സൗകര്യങ്ങൾ

ഒട്ടേറെ ജലസ്രോതസ്സുകളുള്ള പഞ്ചായത്താണ് പരിയാരം അതെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല. ചാലക്കുടി ജലസേചന പദ്ധതിയുടെ വലതുകര മെയിൻ കനാൽ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുകൂടിയാണ് ഒഴുകുന്നത്. 3 ബ്രഞ്ച് കനാലുകൾ പഞ്ചായതിന്റെ വിവിധഭാഗങ്ങളിൽക്കൂടി പോകുന്നു. അതിനുപുറമെ 6 ലിഫ്റ്റ് ഇരിഗേഷൻ പദ്ധതികളും ചെക്ക് ഡാമുകളും പഞ്ചായത്തിലുണ്ട് നിലവിലുള്ള ജലസേചന സൗകര്യങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

## പട്ടിക

### പണിപൂർത്തിയായതൊ നടന്നുകൊണ്ടിരിക്കുന്നതൊയായ ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേർ | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | ചാലക്കുടി ജല സേചന പദ്ധതി | | 1956 | | 1377 | |
| 2. | മുനിപ്പാറ എൽഐ. സ്കീം | 1980 | 1983 | 5,57,688 | 48 | നന്നായി നടക്കുന്നു. |
| 3. | തവളപ്പാറ എൽഐ. സ്കീം | 1990 | 1992 | 26,99,000 | 170 | നന്നായി നടക്കുന്നു. |
| 4. | വെളക്കര L.I.S | 1993 | 1994 | 2,55,000 | 13 | |
| 5. | പശ്ചിമഘട്ട വികസന ബാലിക്കുളംL.I.S | 1991 | 1992 | 8,64,000 | 86 | കാർഷിക സമിതി നടത്തുന്നു. |
| 6. | വെള്ളപ്പൊക്കം പദ്ധതി തൃപ്പാപ്പിള്ളി | 1996 | 96 | 2,00,000 | | പണി ബാക്കിയുണ്ട് |
| 7. | പാറക്കുന്ന് | | | നബാർഡിന്റെ സഹായത്തോടെ കുറ്റിക്കാട് ഫാർമേഴ്സ് ബാങ്കന്റെ പദ്ധതി | | |
| 8. | കുറ്റിക്കാട്, പടിഞ്ഞാട്ടുംമുറി | 1983 | 1983 | 10,500 | 24 | ചെറകിട കർഷകരുടെ പദ്ധതി |

## രാസവള പ്രയോഗം

രാസവളത്തിന്റേ മൊത്തം ഉപയോഗം '95 – '96 വർഷത്തിൽ 402956 കി.ഗ്രാം ആയിരുന്നു. ദ്രവകീടകുമിൾ നാശിനികളുടെ ഉപയോഗം 171.5 ലിറ്ററും ഖര കീടനാശിനികളുടെ ഉപയോഗം 3224.5 കി.ഗ്രാമും ആയിരുന്നു. വാഴ, നെല്ല്, മരച്ചീനി, തെങ്ങ്, റബ്ബർ മുതലായ വിളകൾക്കാണ് രാസവളം കൂടുതൽ ഉപയോഗിക്കുന്നത്. കീടനാശിനികൾ കൂടുതലും നെല്ല്, വാഴ, പച്ചക്കറി മുതലായ കൃഷിക്കാണ് ഉപയോഗിക്കുന്നത്. രാസവളങ്ങളും കീടനാശിനികളും ആവശ്യത്തിലേറെ ഉപയോഗിക്കുന്നണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നു. വിതരണം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

544

## പട്ടിക 7
## രാസവള-കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി. | | രാസ വളം | കീടനാശിനി | |
| | | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| 1 | കൃഷിഭവൻ | 800 | 7.300 | 10.450 | | 3.400 | 1.300 | | 5.500 | 3.500 |
| 2 | KFSB. NO 572 | 184900 | 110 | 1548 | 197848 | 77 | 10.57 | 20200 | 93. | 1145 |
| 3 | SCB NO 593 RRH1 | 156159 | 61 | 3127 | 159837 | 37 | 2014 | 161974 | 73 | 1980 |
| 4 | കിഴക്കൂടൻ ട്രേഡേഴ്സ് | 52494 | | 89 | 58043 | | 112 | 388982 | | 96 |
| | | | | | | | | 571156 | | |

## രോഗ കീടബാധ

നെല്ലിന് പ്രധാനമായി കണ്ടുവരുന്നരോഗങ്ങൾ കുലവാട്ടം, പോളരോഗം, കുഴൽപുഴു, ഇലപ്പിള്ളിരോഗം, തണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴും, ചാഴി മുതലായവയാണ് . തെങ്ങിനു പ്രധാനമായി വേര് ചീയൽ, കൂമ്പ് ചീയൽ, ഓലകരിച്ചിൽ, മഞ്ഞളിപ്പ് മുതലായവയാണ്. ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നി കീടങ്ങളുടെ ഉപദ്രവവുമുണ്ട്. കവുങ്ങിന് പ്രധാനമായി മഹാളിരോഗവും മഞ്ഞളുപ്പും ആണുള്ളത്. വാഴക്ക് വളരെ ഉപദ്രവകാരിയായി മാറിയിരിക്കുന്ന കീടമാണ് പിണ്ടിവണ്ട്. പട്ടപഴുപ്പ്, കൂമ്പടപ്പ് മുതലായവയാണ് പ്രധാനരോഗങ്ങൾ. കുരുമുമകിന് ദ്രുതവാട്ടവും പൊള്ളവുമാണ് പ്രധാനമായികാണുന്നരോഗങ്ങൾ ഇഞ്ചിയ്ക്ക് മഞ്ഞളിനും മൂട് ചീയൽരോഗവും കാണുന്നുണ്ട്.

ഏറ്റവും പ്രധാനകൃഷിയായ തെങ്ങിന് ബാധിച്ചിരിക്കുന്ന രോഗങ്ങളും അതിന്റെ വ്യാപ്തിയും പട്ടികയിൽനിന്ന് മനസ്സിലാക്കാം.

## പട്ടിക 8
## തെങ്ങുകൃഷിയെ സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ചത് | ആകെ | റൂട്ട വെൽട്ട് | ലീഫ് റോട്ട് | ബട്ട് റൂട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ളത് | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 188 | 4100 | 29148 | 33248 | 2954 | 5060 | 125 | 15 | 250 | 8404 |
| 2 | 83 | 2300 | 13607 | 15907 | 1649 | 2950 | 84 | 11 | 133 | 4827 |
| 3 | 70 | 1900 | 11313 | 13263 | 472 | 1280. | 50 | 10 | 75 | 1887 |
| 4 | 150 | 4534 | 25097 | 29631 | 4557 | 6607 | 75 | 18 | 320 | 11577 |
| 5 | 190 | 6500 | 30292 | 36792 | 3271 | 3600 | 120 | 24 | 345 | 7360 |
| 6 | 132 | 3849 | 22059 | 25908 | 2039 | 4080 | 78 | 8 | 134 | 6339 |
| 7. | 135 | 4400 | 22134 | 26534 | 2018 | 4200 | 160 | 19 | 238 | 6635 |
| 8. | 132 | 3936 | 22333 | 26269 | 985 | 2580 | 68 | 11 | 430 | 3774 |
| 9. | 100 | 2788 | 15965 | 15693 | 405 | 1200 | 35 | 6 | 68 | 1714 |
| 10. | 120 | 3410 | 20307 | 23717 | 1758 | 3506 | 108 | 13 | 128 | 5513. |

## കൂലിസേവന വ്യവസ്ഥകൾ

വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ കാർഷികോല്പാദന വർദ്ധനവിന് വിഘാതമായി നില്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായി ഉയർന്നുവന്നത് തൊഴിലാളകളുടെ ദൗർലഭ്യമാണ്. തൊഴിൽമേഖലയിൽ കൃഷിയുടെ പ്രധാന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ വ്യാപനം ഇതിലൊരുപങ്ക് വഹിച്ചിട്ടുണ്ട് കാരണമെന്തായാലും നമ്മുടെ വിളകൾക്ക് വേണ്ടത്ര പരിചരണം ലഭിക്കുന്നുല്ല. കർഷകർ കുറെയൊക്കെ ടില്ലറും മറ്റും ഉപയോഗിക്കുന്നു. നിലംനിരത്തുന്നതിനുവേണ്ടിയാണ് മൃഗങ്ങളെ ഉപയോഗിക്കുന്നത്. അതിന് അമിതമായ കൂലിയാണ് ആവശ്യപ്പെടുന്നത്. കിളക്കാൻ 100 രുപയും അതിൽ കുടുതലും, ഞാറുവലി, നടീൽ, പുല്ലുപറിക്കൽ തുടങ്ങിയവയ്ക്കും അമിതനിരക്കാണ്. തേങ്ങയിടുന്നതിനും തെങ്ങ് വൃത്തിയാക്കുന്നതിനും കൊല്ലത്തിൽ കൂലിവർദ്ധിച്ചുകൊണ്ടിരിക്കുകയാണ് കൊയ്ത്തുകാരുടെ നിരന്തരം മാറികൊണ്ടിരിക്കുന്ന വ്യവസ്ഥകൾ എല്ലാം അംഗീകരിച്ചാൽപോലും ആളെകിട്ടാനില്ല. അതുപോലെത്തന്നെ റബ്ബർടാപ്പ് ചെയ്യുന്നതിന് കീടനാശിനിതെളിക്കുന്നതിനും എല്ലാം കർഷകർക്ക് താങ്ങാൻ കഴിയാത്ത കൂലിയാണ്.

## കാർഷിക വിപണന സൗകര്യം

പഞ്ചായത്തിൽ വിപണനകേന്ദ്രങ്ങൾഇല്ല. വിളകളുടെ വിപണനത്തിന് പ്രധാനമായി ചാലക്കുടി മാർക്കറ്റിനെയും നാട്ടിലെ ഇടനിലകച്ചക്കാരെയുമാണ് ആശ്രയിക്കുന്നത്. ഇതിൽവലിയ ചൂഷണം നടക്കുന്നു. കർഷകർക്ക് ലഭിക്കുന്നതിലേക്കാൾ കൂടുതൽ ലാഭം ഇടത്തടുകാർക്ക് ലഭിക്കുന്ന സാഹചര്യമാണുള്ളത് അതുപോലെ കാർഷികോല്പന്ന സംസ്കരണ സംവിധാനങ്ങളും പഞ്ചായത്തിൽ നിലവിലില്ല.

## വായ്പാ സൗകര്യങ്ങൾ

കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വായ്പ നൽകുവാൻ രണ്ട് സഹകരണസ്ഥാപനങ്ങളടക്കം 5 ബാങ്കുകൾ പഞ്ചായത്ത് പരിധിയിലുണ്ട് വായ്പാവശ്യങ്ങൾ എറെക്കുറെ നിറവേറ്റുന്നുമുണ്ട്. എന്നാൽ ഒരു സഹകരണ ബാങ്കിൽ ഓഹരികളും വായ്പകളും നല്കുന്ന കാര്യത്തിൽ വിവേചന കാണിക്കുന്നവെന്ന പരാതി വ്യാപകമായിട്ടുണ്ട്. കാർഷികാവശ്യത്തിനുള്ള വായ്പയുടെ പലിശനിരക്ക് കുറക്കണമെന്ന് കാർഷകർക്ക് മൊത്തത്തിൽ അഭിപ്രായമുണ്ട്.

## മണ്ണ് സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളും മാട്ടങ്ങളും കെട്ടിയും അതിർത്തികളിൽ മരങ്ങൾവെച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയളക്കിയുമാണ്. മണ്ണ്-ജലസംരക്ഷണങ്ങൾ നടത്തിയിരുന്നത്. ജീവിതക്രമത്തിലുണ്ടായ പരിപ്രവർത്തനങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും പൊതുവിൽ കാർഷികവൃത്തിയോടുവന്ന വിമുഖതയും മണ്ണ്-ജലസംരക്ഷണങ്ങളേയും ബാധിച്ചു. മണ്ണ് സംരക്ഷണത്തിന് കൃഷിഭവന്റെ കീഴിൽ ചില പ്രവർത്തങ്ങൾ പരിമിതമായ തോതിൽ നടന്നിട്ടുണ്ട്. പട്ടിക നോക്കുക

### പട്ടിക 9
### മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

| പദ്ധതിയുടെ പേര് | വിസ്തീർണ്ണം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂവിസ്തീർണ്ണം | പ്രയോജനം ലഭിച്ചവർ | ചെലവായ തുക |
|---|---|---|---|---|---|---|---|---|
| തൃപ്പാപ്പിള്ളി ഹരിജൻ കോളനി | 5.30 ഹെ. | 1160000 | 67 | 6/11/92 | 15/3/93 | 5.1826 ഹെ. | 67 | 90019 |
| പടിഞ്ഞാട്ടുംമുറി ഹരിജൻ കോളനി | 1.06 ഹെ | 75000 | 27 | 25/1/95 | 21/11/95 | 1.028 | 27 | 69709 |
| ഹിഡുംബൻ ഹരിജൻ കോളനി | 4.77 ഹെ. | 76000 | 55 | 14/2/95 | തുടരുന്നു. | | | 35213 |

## പട്ടിക 8
## തെങ്ങുകൃഷിയെ സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ചത് | ആകെ | റൂട്ട വെൽട്ട് | ലീഫ് റോട് | ബട്ട് റൂട്ട് | സ്റ്റെംബ്ലീഡിംഗ് | മറ്റുള്ളത് | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 188 | 4100 | 29148 | 33248 | 2954 | 5060 | 125 | 15 | 250 | 8404 |
| 2 | 83 | 2300 | 13607 | 15907 | 1649 | 2950 | 84 | 11 | 133 | 4827 |
| 3 | 70 | 1900 | 11313 | 13263 | 472 | 1280 | 50 | 10 | 75 | 1887 |
| 4 | 150 | 4534 | 25097 | 29631 | 4557 | 6607 | 75 | 18 | 320 | 11577 |
| 5 | 190 | 6500 | 30292 | 36792 | 3271 | 3600 | 120 | 24 | 345 | 7360 |
| 6 | 132 | 3849 | 22059 | 25908 | 2039 | 4080 | 78 | 8 | 134 | 6339 |
| 7. | 135 | 4400 | 22134 | 26534 | 2018 | 4200 | 160 | 19 | 238 | 6635 |
| 8. | 132 | 3936 | 22333 | 26269 | 985 | 2580 | 68 | 11 | 430 | 3774 |
| 9. | 100 | 2788 | 15965 | 15693 | 405 | 1200 | 35 | 6 | 68 | 1714 |
| 10. | 120 | 3410 | 20307 | 23717 | 1758 | 3506 | 108 | 13 | 128 | 5513. |

## കൂലിസേവന വ്യവസ്ഥകൾ

വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ കാർഷികോല്പാദന വർദ്ധനവിന് വിഘാതമായി നില്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായി ഉയർന്നുവന്നത് തൊഴിലാളകളുടെ ദൗർലഭ്യമാണ്. തൊഴിൽമേഖലയിൽ കൃഷിയുടെ പ്രധാന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ വ്യാപനം ഇതിലൊരുപങ്ക് വഹിച്ചിട്ടുണ്ട് കാരണമെന്തായാലും നമ്മുടെ വിളകൾക്ക് വേണ്ടത്ര പരിചരണം ലഭിക്കുന്നുല്ല. കർഷകർ കുറെയൊക്കെ ടില്ലറും മറ്റും ഉപയോഗിക്കുന്നു. നിലംനിരത്തുന്നതിനുവേണ്ടിയാണ് മൃഗങ്ങളെ ഉപയോഗിക്കുന്നത്. അതിന് അമിതമായ കൂലിയാണ് ആവശ്യപ്പെടുന്നത്. കിളക്കാൻ 100 രൂപയും അതിൽ കൂടുതലും, ഞാറുവലി, നടീൽ, പുല്ലുപറിക്കൽ തുടങ്ങിയവയ്ക്കും അമിതനിരക്കാണ്. തേങ്ങയിടുന്നതിനും തെങ്ങ് വൃത്തിയാക്കുന്നതിനും കൊല്ലത്തിൽ കൂലിവർദ്ധിച്ചുകൊണ്ടിരിക്കുകയാണ് കൊയ്ത്തുകാരുടെ നിരന്തരം മാറികൊണ്ടിരിക്കുന്ന വ്യവസ്ഥകൾ എല്ലാം അംഗീകരിച്ചാൽപോലും ആളെകിട്ടാനില്ല. അതുപോലെത്തന്നെ റബ്ബർടാപ്പ് ചെയ്യുന്നതിന് കീടനാശിനിതെളിക്കുന്നതിനും എല്ലാം കർഷകർക്ക് താങ്ങാൻ കഴിയാത്ത കൂലിയാണ്.

548

# സാദ്ധ്യതകളും നിർദ്ദേശങ്ങളും

## 1. ജലസേചനം

ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കേണ്ടതാണ്.

തുമ്പൂർമുഴി ക്രോസ്ബാറിന്റെ ഉയരം കൂട്ടുകയും മെയിൽ കനാലുന്റെ വീതിയും ആഴവും കൂട്ടി സൈഡ് കോൺക്രിറ്റ് ചെയ്യണം.

### ഒന്നാം വാർഡ്

1. പരിയാരം പടിഞ്ഞാടുമുറി ലിഫ്റ്റ് ഇരിഗേഷൻ പദ്ധതി നടപ്പാക്കുക്.
2. കടുങ്ങാട് തോട്ടും അർച്ചനം തോട്ടും സൈഡുകൾ കെട്ടി സംരക്ഷിക്കുക. കടുങ്ങാട് തോട്ടിൽ രണ്ട് ചീർപ്പുകൾ നിർമ്മിക്കുക.
3. ലക്ഷംവീട് പരിസരത്തു, മാമ്പ്ര തോട്ടു കപ്പേള പരിസരത്തും സാമൂഹിക ജലസേചന പദ്ധതികൾ നടപ്പാക്കുക.
4. പരിയാരം മേജർ ഇറിഗേഷൻബ്രാഞ്ച് കനാലിന്റെ ഡിസ്ട്രിബ്യൂട്ടറിനെ നമ്പർ 2 നന്നാക്കുക.
5. ചങ്കുളം, കണിയൻ ചിറകുളം, തോലൻ ചിറകുളം എന്നിവ നന്നാക്കി വെള്ളം നിറക്കുക.
6. തവളപ്പാറ ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് താവെ പറയുന്ന സ്ഥലങ്ങളിലേക്ക് കോൺക്രീറ്റ് തോടുകൾ നിർമ്മിക്കുക.
   1. തെക്ക് മുറി പള്ളിക്ക് താഴെ 2. കൊല്ലാറ ജംഗ്ഷൻ 3. ആയുർവേദ ഡിസ്പെൻസറിക്കു സമീപം 4. ഹൈസ്ക്കൂൾ പരിസരം
7. മൂഴിക്കകടവിൽ ചെക്ക് ഡാം നിർമ്മിക്കുക.

### രണ്ടാം വാർഡ്

1. തവളപ്പാറ ലിഫ്റ്റ് ഇറിഗേഷന് കോൺക്രീറ്റ് തോടുകൾ നിർമ്മിക്കണം.
2. കനാൽ അറ്റകുറ്റപണികൾ നടത്തണം
3. കൊമ്പൻ പാറയിൽ (ചാലക്കുടിപ്പുഴ) ചെക്ക് ഡാം നിർമ്മിക്കുക.

### മൂന്നാം വാർഡ്

1. കൊമ്പൻ പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉടനെ നടപ്പാകണം
2. തുലാപ്പാടികുളം കെട്ടി സംരക്ഷിക്കണം.
3. പോത്തോടി തോട്ടിൽ ചെക്ക് ഡാം നിർമ്മിക്കണം
4. പോത്തോട്, എലിഞ്ഞിപാറത്തോട് സൈഡ് കെട്ടണം
5. കനാൽ അറ്റകുറ്റപണി നടത്തണം

## നാലാം വാർഡ്

1. വെളുത്തകുളം സൈഡ് കെട്ടി ഫിൽഡ്ചാനൽ നിർമ്മിക്കണം.
2. തൃപ്പാപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം
3. പൊരുമ്പത്തോട്, ചാലക്കുടിപ്പുഴ എന്നിവയുടെ സൈഡ് കെട്ടണം
4. കനാൽ നന്നാക്കണം

## അഞ്ചാം വാർഡ്

1. കൈതപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം
2. കനാലുകൾ ഉടനടി അറ്റകുറ്റപണികൾ നടത്തണം
3. 4 കുളങ്ങൾ മണ്ണ് മാറ്റി സൈഡ് കെട്ടി സംരക്ഷിക്കണം.

## ആറാം വാർഡ്

1. ചങ്കുകുറ്റി ക്രോസ്ബാർ പുതിക്കിപ്പണിയണം
2. ഒറ്റക്കൊമ്പൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.
3. ഒറ്റക്കൊമ്പൻകുളം നന്നാക്കണം

## ഏഴാം വാർഡ്

1. ചാലക്കുടി ഇറിഗേഷൻ പ്രൊജക്ടിൽപ്പെട്ട കാഞ്ഞിരപ്പിള്ളി, എച്ചിപ്പാറ ബ്രാഞ്ച് കനാലുകൾ നന്നാക്കണം.
2. മുനിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നിന്നുള്ള വെള്ളം കാഞ്ഞിരപ്പിള്ളി മേജർ ഇറിഗേഷൻ ബ്രഞ്ച് കനാലിൽ ഒഴുകി വിട്ട് കൃഷിക്ക് ജലസേചനം സാധ്യമാക്കുക.
3. കാഞ്ഞിരപ്പിള്ളി കോവിലകംതോട്, കാഞ്ഞിരപ്പിള്ളി കല്ലേലിതോട്, ഒരപ്പന കാഞ്ഞിരപ്പിള്ളി തോട്, പാഴവെള്ളംതോട് എന്നിവ സൈഡ് കെട്ടി സംരക്ഷിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാത നിർമ്മിക്കുക ചീപ്പുകൾ സ്ഥാപിക്കുക.
4. മുനിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ വികസന പദ്ധതി നടപ്പാക്കുക.
5. മുനിപ്പാറ കുളം മണ്ണ് മാറ്റി സൈഡ് കെട്ടി സംരക്ഷിക്കുക.
6. കാഞ്ഞിരപ്പിളി അമ്പലക്കടവിൽ ചെക്ക് ഡാം നിർമ്മിക്കണം.

## എട്ടാം വാർഡ്

1. കാഞ്ഞിരപ്പിള്ളിയിലും മുനിപ്പാറയിലും ചക്രപാണിയിലും സാമൂഹ്യ ജലസേചന പദ്ധതികൾ നടപ്പാക്കുക.
2. കനാലുകൾ സൈഡ് കെട്ടി സംരക്ഷിക്കുക.
3. കാഞ്ഞിരപ്പിള്ളി, അന്ത്രക്കംപ്പാടം, ചാട്ടുംകല്ലതറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

## ഒമ്പതാം വാർഡ്

1. കുട്ടൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.
2. ബാലിക്കുളം ലിഫ്റ്റ് ഇറിഗേഷൻ വികസന പദ്ധതി നടപ്പാക്കുക

550

## പത്താം വാർഡ്

1. മോതിരക്കണ്ണി ലിഫ്റ്റ് ഇറിഗേഷൻ, ബാലിക്കുളം വികസന പദ്ധതിയും നടപ്പാക്കുക.
2. കനാലുകളുടെ അറ്റകുറ്റ പണികൾ യഥാസമയം കർഷകരുടെ നേതൃത്വത്തിൽ നടത്തുക.
3. ബാലിക്കുളം മണ്ണ് മാറ്റി സൈഡ് കെട്ടി സംരക്ഷിക്കുക.

## ജൈവവളം

ജൈവവളങ്ങളത്തിന്റെ ഉപയോഗം കൃഷിഭവന്റെ സഹായത്തോടെ വർദ്ധിപ്പിക്കാവുന്നതാണ്. ഓരോ വീട്ടിലും ഓരോ കമ്പോസ്റ്റ്കുഴി എടുക്കണമെന്നത് ഒരു ചിട്ടയായി കർഷകർ പാലിക്കണം അതിരുകളിൽ ശീമക്കൊന്ന,സുബാബുൾ എന്നിവ കൃഷി ചെയ്യണം. കനാൽ, തോട്, റോഡ് സൈഡുകളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പച്ചില സസ്യങ്ങൾ നട്ടുപിടിപ്പിക്കണം പാടങ്ങളിലും പറമ്പുകളിലും ഇടയ്ക്കടെ പച്ചിലച്ചെടി വിത്തികൾ കൃഷി ചെയ്യണം

## യന്ത്രവല്ക്കരണം

കാർഷികാവശ്യത്തിന് തൊഴിലാളികളുടെ ദൗർലഭ്യത്തിന് പരിഹാരമായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടോമൂന്നോ അഗ്രോ ക്ലിനിക്കുകൾ ആരംഭിച്ച് യന്ത്രങ്ങൾ കർഷകർക്ക് വാടകയ്ക്ക് നല്കണം വിവിധ യന്ത്രങ്ങൾ 50% സബ്സീഡി നിരകിൽ ലഭ്യമാണ്.

## പാടം നികത്തുന്നത് തടയൽ

നെൽ പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നത് തടയാൻ സാമൂഹിക സമ്മർദം ഉയർത്തി കൊണ്ടുവരണം.

## ഉല്പാദന ക്ഷമത

ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി നല്ലയിനം കൃഷി ചെയ്യണം ശാസ്ത്രിയപരിചരണങ്ങളും ജലസേചനവും നടത്തി ഉല്പാദനക്ഷമത വർദ്ധിപ്പിക്കണം വിത്തും വളും സബ്സീഡി നിരക്കിൽ നല്കണം സാങ്കേതിക ജ്ഞാനം ലഭ്യമാക്കണം വിള വൈജാത്യം വർദ്ധിപ്പിക്കണം ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കണം

## നഴ്സറികൾ

നല്ലയിനം നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭിക്കുവാൻ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നഴ്സറി സ്ഥാപിക്കണം

## കീടബാധ

കീടരോഗങ്ങളെപ്പറ്റി ബോധ വല്ക്കരണ നടത്തണം രോഗബാധക്ക് എല്ലാതരം കൃഷികൾക്കും ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രതിരോധ നടപടികൾ സ്വീകരിക്കണം. ജൈവകീട നാശിനികൾ പരമാവധി പ്രയോജനപ്പെടുത്തണം.

## മണ്ണൊലിപ്പ്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ചെലവ് കുറഞ്ഞ പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കണം.

## വായ്പ

കർഷകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കാൻ സഹകരണ ബാങ്കുകളെ ശക്തമാകണം പലിശ നിരക്ക് കുറക്കണം വിവേചനം പാടില്ല

## വൈദ്യുതി

കൃഷിക്ക് ഉപയോഗിക്കുന്ന പമ്പ് സെറ്റുകൾക്ക് മുൻഗണനനടിസ്ഥാനത്തിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നല്കണം

## ഫാം റോഡുകൾ

വിവിധ പാടശേഖരങ്ങളിലേക്ക് ടില്ലർ, വളങ്ങൾ മുതലായവ കൊണ്ടുപോകുന്നതിന് തക്ക ഫാം റോഡുകൾ നിർമ്മിക്കണം.

## കർഷക സമിതികൾ

വിവിധ ഇന കർഷക സമിതികളുടെ പ്രവർത്തന തൃപ്തികരമല്ല അവയുടെ പ്രവർത്തന വിലയിരുത്തി ചെറുകിട നാമമാത്ര കർഷകർക്ക് കൂടി പ്രതിനിധ്യം നല്കി കര്യക്ഷമമാക്കാൻ അടിയന്തിര, നടപടികൾ സ്വീകരിക്കണം.

## പച്ചക്കറി

സൗജന്യമായി നല്ലയിന വിത്തുകളും വളവും നല്കി ഘട്ടം ഘട്ടമായി മുഴുവൻ വീടുകളുലും സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്ക തക്കവിധ അടുക്കള തോട്ടങ്ങൾ ഉണ്ടാകണം.

## വിപണന സൗകര്യങ്ങൾ.

പഞ്ചായത്തിൽ മാർക്കറ്റിങ്ങ് സൊസൈറ്റി രൂപികരിച്ച് വിപണന സൗകര്യ ഏർപ്പെടുത്തി ഇടത്തട്ടുക്കാരിൽ നിന്നും കർഷകരെ രക്ഷിക്കണം.

## സംസ്കരണം

കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാല സ്ഥാപിക്കണം.

## തോടുകൾ

പഞ്ചായത്തിൽ ഒട്ടേറെ തോടുകൾ ഉണ്ട് അതിൽ ഏറ്റവും പ്രധാനം പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലുള്ള കപ്പത്തോടാണ്. വേനൽക്കാലത്തുപോലും സമൃദ്ധിയായി ജലമുണ്ട്. ചങ്കുംകുറ്റിയിൽ ഒരു ക്രോസ്ബാറും, പാറക്കുന്നിലും (കേടുവന്നിട്ടുണ്ട്) ഇല്ലിക്കചിറയിലും ചെക്ക് ഡാമുകളും ഉണ്ട്. രണ്ട് പൊതുലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. ഒന്നിന്റെ പണിപൂർത്തിയായിട്ടുണ്ട്. ഒട്ടേറെ സ്വകാര്യ പമ്പ് സെറ്റുകളും പ്രവർത്തിക്കുന്നു. ഇനിയും ചില പദ്ധതികളുടെ ആവശ്യം ഉയർന്നു വന്നുട്ടുണ്ട്. പൊരുമ്പത്തോടിൽ രണ്ട് ചീർപ്പുള്ളത് ഉപയോഗശൂന്യമാണ്. കാടുങ്ങാട് തോട്ടിലുള്ള ചീർപ്പു കേടുവന്നും പഞ്ചായത്തിലെ തോടുകളെ പൂർണ്ണമായി ഉപയോഗിച്ചാൽ കാർഷികോല്പന്നരംഗത്തും ഉല്പാദനക്ഷമതരംഗത്തും അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാം.

## കുളങ്ങൾ

വലുതും ചെറുതുമായി പഞ്ചായത്തിൽ 19 പൊതുകുളങ്ങൾ ഉണ്ട്. 185.4 ഹെക്ടർ ഭൂമി ഇതിന്റെ ആയക്കെട്ട് ഏരിയായിൽ വരുന്നു. പക്ഷെ കുളങ്ങൾ പലതും യഥാവിധി സംരക്ഷിക്കപ്പെടുകയൊ ഉപയോഗിക്കുകയൊ ചെയ്യുന്നില്ല പലകുളങ്ങളും പരിസരവാസികൾ നികത്തി പറമ്പാക്കി മാറ്റികൊണ്ടിരിക്കുകയാണ്.

## പച്ചക്കറി

നമ്മുടെ കർഷിക അധ:പതനത്തിന്റെ നാടകീയമായ ഒരുപ്രദർശമാണ് ദിനം പ്രതി അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറി ലോറികൾ. നമ്മുടെ പഞ്ചായത്തിലും പ്രതിവർഷം ലക്ഷക്കണക്കനു രൂപയുടെ പച്ചക്കറികൾ എത്തുന്നുണ്ട്. ധാരാളം ജലസ്രോതസ്സും മറ്റുഘടകങ്ങളുമുള്ള നമ്മുടെ പഞ്ചായത്തിൽ പച്ചക്കറി കൃഷിയ്ക്ക് അനന്തസാദ്ധ്യകളുണ്ട്. ആരോഗ്യരംഗത്തും കുടുംബവരുമാനത്തിനും പച്ചക്കറിയ്ക്കു കൃഷിയ്ക്കു അതിപ്രധാനമായ സ്ഥാനമുണ്ട് ഇപ്പോഴത് ഗൗവരമായി ആരും പരിഗണിക്കുന്നതായി കാണുന്നില്ല.

## ഔഷധ സസ്യങ്ങൾ

നമ്മുടെ പഞ്ചായത്തിലെ കിഴക്കെ അതിർത്തിയില്ലുള്ള കുബളാൽമുടി കുന്നുകളിൽ ഒട്ടേറെ ഔഷധങ്ങ സസ്യങ്ങളുണ്ട്. വാതകൊടി, പാലിഞ്ഞ, മൂവില, ഓരില ഇടംപിരിക്കായ, മലയിഞ്ചി, എടന്ന, കാട്ടുതിച്ചെലി, ചെന്തണ്ട്, ശംഖുപുഷ്പം, കാട്ട് പയർ, മഞ്ഞകടമ്പ്, ചന്ദനം ചാവാല്, ആട്ടുങ്ങ, വെള്ളില, അല്ലിക്കൊടി പലകപ്പയാനി, കാട്ടുവേപ്പ്, ഞറളവള്ളി, ചങ്ങലവള്ളി മുതലാവ അതിൽ ചിലതാണ്. ഔഷധസസ്യങ്ങൾ തോട്ടടിസ്ഥാനത്തിൽ നട്ടുവളർത്തിയാൽ ആയ്യുർവേദരംഗത്ത് അത് വലിയ സംഭാവനകൾ നല്കുവാൻ പര്യാപ്തമാണ്. ഒട്ടേറെ പേർക്ക് തൊഴിൽ സാദ്ധ്യതകളുണ്ട്.

## കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന ചില കാർഷികോപരണങ്ങൾ നല്കിയുണ്ട്. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ പരിമിതമാണ്. കാർഷികരംഗത്ത് യന്ത്രങ്ങളുടെ പ്രാമുഖ്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

| വാർഡ് | ട്രില്ലർ | നാടൻ കലപ്പ | നാപ് സ്റ്റാക്ക് | നാപ് സ്റ്റാക്ക് | തെങ്ങ് യന്ത്രം | പമ്പുസെറ്റ് ഷോർട്ടബിൾ |
|---|---|---|---|---|---|---|
| 1 | | 4 | 10 | 20 | 1 | 1 |
| 2 | | 2 | 3 | 9 | | |
| 3 | 1 | 4 | 4 | 7 | | |
| 4. | 1 | 5 | 9 | 11 | | 1 |
| 5. | 1 | 5 | 7 | 15 | 2 | |
| 6. | | 2 | 3 | 9 | | |
| 7. | 3 | 2 | 8 | | | 2 |
| 8. | | | 3 | 7 | | 4 |
| 9. | | 2 | 5 | 12 | | 4 |
| 10. | 1 | 3 | 8 | 15 | | 1 |

**ചരിത്രം** **കൃഷി** റവന്യൂ സെറ്റിൽമെന്റ് രേഖ

വിള ചേരുവ →

വ്യാപനം
ഭൂഉടമസ്ഥത
സങ്കേതം
വിളകൾ

ഉല്പാദന ക്ഷമത

സാങ്കേതിക ഘടകങ്ങൾ ↓
ജലസേചനം
വള പ്രയോഗം
രോഗങ്ങൾ
ഉപകരണങ്ങൾ
വിത്ത്, നടീൽ വസ്തുകൾ

സാമ്പത്തിക ഘട്ടകങ്ങൾ ↓
വിപണനം
വായ്പകൾ
സംസ്കരണം

സംഘടക ഘടകങ്ങൾ ↓
കാർഷിക ബന്ധം
കൂലി-സേവനം
കാർഷിക സംരഭങ്ങൾ
വികസന സംരഭങ്ങൾ

554

## പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും ഏകദേശം ¼ കൂടുതൽ ഭൂമികളുലും ജലസേചനത്തിനുള്ള വെള്ളം ലഭിക്കുന്നില്ല.

2. കനാലുകൾ യഥാസമയം അറ്റകുറ്റപണികൾ നടക്കാത്തതുകൊണ്ട് പകുതിയിലേറെ ദൂരത്തേക്ക് വർഷങ്ങളായി വെള്ളം ഒഴുകുന്നില്ല.

3. തോടുകളിൽ നിർമ്മിച്ചിട്ടുള്ള ചീർപ്പുകളും ചെക്ക് ഡാമുകളും പൊട്ടി താകർന്ന് നാശമായി കിടക്കുകയാണ്.

4. കുളങ്ങളിൽ മണ്ണ് നിറഞ്ഞ് ഉപയോഗശൂന്യമായിമായിരിക്കുകയാണ്.

5. ജൈവവളം കുറഞ്ഞചെലവിൽ വേണ്ടത്ര ലഭിക്കുന്നില്ല.

6. തെങ്ങുകളെ വ്യാപകമായ തോതിൽ ബാധിച്ചിട്ടുള്ള രോഗങ്ങൾക്ക് എതിരെ ഫലപ്രദമായ രോഗപ്രതിരോദ നടപടികൾ സ്വീകരിക്കുന്നില്ല.

7. തൊഴിലാളികളെ കിട്ടാനില്ല. കൂലിനിരക്ക് വളരെ കൂടുതലാണ്.

8. മണ്ണ് പരിശോധന കാലകാലങ്ങളിൽ നടക്കുന്നില്ല.

9. കർഷകർക്ക് ആവശ്യമുള്ള ഗുണനിലവാരമുള്ള വിത്തിനങ്ങളും നടീൽ വസ്തുകളും ലഭിക്കുന്നില്ല.

10. പഞ്ചായത്തിൽ വ്യാപകമായ തോതിൽ മണ്ണൊലിപ്പും കരയിടിച്ചിലും ഉണ്ട് അതിനെതിരെ വേണ്ടത്ര ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.

11. കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭിക്കുവാൻ സൗകര്യമില്ല

12. പല പാടശേഖരങ്ങളിലേക്കും ടില്ലർ, വളം എന്നിവ കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.

13. നെൽപാടങ്ങൾ മറ്റു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നും.

14. ആധുനിക കൃഷി രീതിയെപ്പറ്റിയുള്ള ബോധവല്ക്കരണമൊ പരിശീലന സന്ദർശന പരിപാടിയൊ നടക്കുന്നില്ല.

15. പാടശേഖര സമിതികളുടെയും കേര സംരക്ഷണ സമിതികളുടെയും പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല.

## പ്രശ്നങ്ങൾ

16. ശാസ്ത്രിയമായ സ്ഥലജല മാനേജ്മെൻറ്റ് ഇല്ല.

17. ഭൂവുടമസ്ഥരിൽ വലിയൊരു പങ്ക് ഭൂമിയിൽ പണിയെടുക്കുന്നില്ല.

18. കാർഷികോല്പാദന വർദ്ധനവിനും ഉല്പാദനക്ഷമതയ്ക്കും അനുയോജിമായ ശാസ്ത്രയ സമീപനങ്ങൾ സ്വീകരിക്കുന്നില്ല.

19. കാർഷികരംഗത്തെ വിവിധഘടങ്ങളുടെ പരസ്പരധാരണയോടുള്ള പ്രവർത്തനം നടക്കുന്നില്ല.

20 കാർഷികോല്പന്നങ്ങൾക്ക് ലാഭകരമായവില കർഷകർക്ക് ലഭിക്കുന്നില്ല.

21. പഞ്ചായത്തിൽ വിപണന സൗകര്യമില്ലാത്തതുകൊണ്ട് കർഷകർ ചൂഷണം ചെയ്യപെടുന്നു.

22. പഞ്ചായത്തിൽ കാർഷികോല്പന്ന സംസ്കരണ സംവിധാനങ്ങളില്ല.

23. കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കികൊണ്ടിരിക്കുന്ന ഒട്ടനവധി പദ്ധതികളെപ്പറ്റി പഞ്ചായത്തിലെ കർഷകർ തികച്ചും അജ്ഞരാണ്.

24. വായ്പാ സൗകര്യങ്ങൾ ചെറുകിട നാമമാത്ര കർഷകർക്ക് വേണ്ടത്ര ലഭ്യക്കുന്നില്ല.

25. രാസവളത്തിന്റെയും കീടനാശിനികളുടെയും വിലവർദ്ധനവ്.

26. ജൈവവളങ്ങളും ജൈവകീടനാശിനികളും പ്രോത്സാഹിപ്പിക്കുവാൻ സംവിധാനമില്ല.

27. പമ്പ് സെറ്റുകൾക്ക് വൈദ്യുതി ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.

28. കൃഷിഭവന്റെ പ്രവർത്തനങ്ങൾ കർഷകരുടെ പ്രതീക്ഷകൾക്ക് ഒത്തുണ്ടാകുന്നില്ല.

29. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവാക്കളുടെ ക്രയശേഷി കാർഷികരംഗത്തേക്ക് തിരിച്ചുവിടാൻ ആസുത്രിതമായ നടപടികൾ ഇല്ല.

30. രാസവള പ്രയോഗത്തേയും കീടനാശിനി പ്രയോഗത്തേയും പറ്റിയുള്ള ശാസ്ത്രിയ ജ്ഞാനം കർഷകർക്ക് ലഭിക്കുന്നില്ല.

***************

## കൃഷിഭവൻ

1. കാർഷികമേഖലെ വെല്ലുകളിൾ ഏറ്റെടുക്കതക്കവിധത്തിൽ കൃഷിഭവന്റെ പ്രവർത്തന ശക്തമാകണം പണ്ട് ഉണ്ടായിരുന്ന സന്ദർശന പരിപാടി നടപ്പാക്കണം

2. കൃഷി വകുപ്പ് ഒട്ടേറെ കൃഷി വികസന പദ്ധതികൾക്ക് രൂപം നല്കുന്നുണ്ട് അതിനെപ്പറ്റി കൃഷികാരെ ബോധ വല്ക്കരിക്കുകയും ആനുകൂല്യങ്ങൾ പരമാവധി കർഷകർക്ക് ലഭിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

3. കൃഷിഭവനിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഓഫീസ് പ്രവർത്തനത്തിന് പ്രത്യേക സ്റ്റാഫിനെ നിയമിക്കുകയും വേണം.

4. മണ്ണ് പരിശോധന കാലകാലങ്ങളിൽ നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം വേണം

## ഔഷധ സസ്യങ്ങൾ

പഞ്ചായത്തിലുള്ള അപൂർവ്വ തരത്തിലുള്ള ഔഷധ സസ്യങ്ങളെ കണ്ടെത്തി സംസരക്ഷിക്കുന്നതിനു നഴ്സറി ആരംഭിക്കുന്നതിന് അവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിക്കണം.


ഇതിനെല്ലാം പുറമെ സുഗന്ധവിളകൾ, കുൺ കൃഷി, തേനിച്ച വളർത്തൽ, സെറി കൾച്ചർ എന്നി കൃഷികളുടെ വ്യാപനത്തിനുവേണ്ട നടപടികൾ സ്വീകരിക്കണം.

## ഹോൾട്ടി കൾച്ചർ സൊസൈറ്റി.

വിവിധ സസ്യങ്ങളുടെ നഴ്സറികളും തോട്ടങ്ങളും വച്ച് പിടിപ്പിക്കുന്നതിനു പച്ചക്കറി വിപണന അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിനും പഞ്ചായത്തിൽ ഹോൾട്ടി കൾച്ചർ സൊസൈറ്റി സ്ഥാപിക്കണം.

********************

# പരിയാരം ഗ്രാമ പഞ്ചായത്ത് പഠന പര്യടനം




57

# 6 വ്യവസായം

കേരളം വ്യവസായികമായി പിന്നോക്കം നില്ക്കുന്ന സംസ്ഥാനങ്ങളിലൊന്നും, കേരളത്തിൽ തന്നെ വ്യവസായികമായി വളരെ പുറകിലായിട്ടുള്ള പഞ്ചായത്തുകളിലൊന്നുമാണ് പരിയാരം ഗ്രാമപഞ്ചായത്ത്.

വികസനം രേഖകളിൽ മാത്രമായി ഒതുക്കാതെ പഞ്ചായത്തിന്റെ സാധ്യതകളും അസംസ്കൃതവസ്തുക്കളും, മാനുഷ്യവിഭവവും ഉപയോഗിച്ച് പഞ്ചായത്തിന്റെ തനതായ വ്യവസായ സംരംഭങ്ങൾ കൂട്ടായി ഒത്തുചേർന്ന് ചർച്ച ചെയ്ത് രൂപപ്പെടുത്തുകയാണ് നമ്മുടെ ലക്ഷ്യം.

കാർഷിക മേഖലയെ ആശ്രയിച്ചുള്ള തൊഴിൽസംരംഭങ്ങളാണ് നിലവിലുണ്ടായിരുന്നത് തൊഴിലാളികളിൽ 75% പേരും കാർഷികരംഗത്തും അനുബന്ധമായി കൈതൊഴിൽ രംഗങ്ങളിലുമായിരുന്നു, ഉപജിവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. കൃഷിക്കാവശ്യമായ തൊഴിൽ ഉപകരണങ്ങളായ കരി (കലപ്പ), തൂമ്പ(കൈക്കോട്ട്), വെട്ടുകത്തി അരിവാൾ എന്നിവ ഉണ്ടാക്കുന്ന കരുവാനും, കരി, നുകം, ഞവരി മുതലായവ ഉണ്ടാക്കുന്ന ആശാരിമാരും, ഇന്ന് വിരളമാണ്. പായ, പനമ്പ്, മുറം, കുട്ട മുതലായവ നെയ്യുന്നവരുടെ തൊഴിൽ സംരംഭങ്ങൾ ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

റൈസ് മില്ലുകളുടെ സ്ഥാനത്ത്, പൊടിയന്ത്രങ്ങൾ കയറിയെങ്കിലും, മാർക്കറ്റിലേക്കാവശ്യമായ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നില്ല. പാചകാവശ്യങ്ങളായ മുളക് പൊടി, മല്ലിപ്പൊടി, കറി പൗഡറുകൾ ഉണ്ടാക്കുകയാണെങ്കിൽ, പഞ്ചായാത്തിന്റെയാവശ്യമെങ്കിലും നിറവേറ്റാമായിരുന്നു.

സ്വന്തം ഗ്രാമത്തെ കണ്ടറിയാതെ, വിദ്യാസമ്പന്നരും, സാങ്കേതിക വൈദഗ്ദ്യം ലഭിച്ചവരുമായ യുവാക്കൾ മറ്റു സംസ്ഥാനങ്ങളിലേക്ക് തൊഴിലന്വേഷകരായി പോകുന്നു. തനതായ കഴിവ് പ്രകടിപ്പിക്കുവാനും, കഴിവുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും, അംഗീകരിക്കുവാനും തയ്യാറായാൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുവാൻ കഴിയുന്നതാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായ, അതിരപ്പിള്ളി, വാഴച്ചാൽ, വനപ്രദേശങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശമെന്നനിലയിൽ ടൂറിസ്റ്റുകൾക്കാർഷണീയമായ കരകൗശല വസ്തുക്കൾ ഉണ്ടാക്കാവുന്നതാണ് പരമ്പരാഗതമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്നവർക്ക്, ആകർഷീയവും, നവീകരണമാക്കുന്നതിലേക്കായിയുള്ള സാങ്കേതികത്വം പരിശീലിപ്പിച്ചാൽ മതിയാകുന്നതാണ്. വനസമ്പത്തുള്ള കുബലാൻ മുടിമല സ്ഥിതിചെയ്യുന്ന പ്രദേശമെന്നതിനാൽ അസംസ്കൃത വസ്തുക്കൾ എളുപ്പം ലഭിക്കുവാനും, തൊഴിൽ മേഖലസൃഷ്ടിക്കുവാനും സംസ്കാരിക മുന്നേറ്റമുണ്ടാക്കുവാനും കഴിയുന്നതാണ്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 109 ചെറുകിട വ്യവസായ, വ്യാപാര യൂണിറ്റുകളുണ്ട്. തൊഴിൽ സംരംഭമുള്ളതും ഇടത്തരം വ്യവസായങ്ങളും പരിമിതമാണ് . സ്വയം തൊഴിലേർപ്പിട്ടിരിക്കുന്ന യൂണിറ്റുകളധികവും തൊഴിൽ സംരംഭങ്ങളായിട്ടുള്ള വ്യവസായ യൂണിറ്റുകൾ ചുവടെ കൊടുത്തിരിക്കുന്നു.

**തൊഴിൽ സംരംഭ വ്യവസായങ്ങൾ**

| വ്യവസായത്തിന്റെ പേര് | 10 20 തൊഴിലാളികൾ | 20 50 തൊഴിലാളികൾ | 50 നും മുകളിൽ | അനുബന്ധ തൊഴിലാളികൾ |
|---|---|---|---|---|
| ശ്രീ ശക്തി പേപ്പർ മിൽ | | | 150 | 200 |
| അഗ്രോഫെർട്ടിലൈസേഴ്സ് | 15 | | | 25 |
| ഖാദി നൂൽ നൂൽപു സഹകരണ സംഘം | | | 67 | |
| ബ്രൈറ്റ്ദാൾ | 6 | | | 5 |
| ട്രാൻസ് ഇന്ത്യ പോളിമേഴ്സ് | | | പ്രവർത്തിക്കുന്നില്ല. | |
| ഹോളോബ്രിക്സ്റ്റ സോളിഡ് | 4 | 20 | | |
| പേപ്പർ ബ്ലോക്ക് ക്ലിനിംഗ് യൂണിറ്റ്. | 20 | | | |
| | | | | |

# പ്രധാന വ്യവസായങ്ങൾ സംരഭങ്ങൾ

## 1. ശ്രീ ശക്തി പേപ്പർമിൽ കാഞ്ഞിരപ്പിള്ളി.

ഇടത്തരം വ്യവസായത്തിൽപ്പെട്ട ഈ സ്ഥാപനത്തിൽ 150 സ്ഥിരം ജീവനക്കാരും ദിവസക്കൂലിക്കാരായും, അനുബന്ധഘടകങ്ങളുമായി 200 ൽ അധികം തൊഴിലാളികളും തൊഴിലെടുക്കുന്നുണ്ട്.

അസംസ്കൃതവസ്തുവായി പഴയ പേപ്പറുളാണ് ഉപയോഗുക്കുന്നത്. പാക്കിംഗ് ആവശ്യമായ ഡ്യൂപ്ലക്സ് ബോർഡുകൾ ഉല്പാദിപ്പിക്കുന്നു. കാര്യമായ മൂലധനനിക്ഷേപമില്ലാതെ തന്നെ പൾപ്പ് ഉപയോഗിച്ച് എഴുതുവാനുതക്കുന്ന പേപ്പർ നിർമ്മിക്കുകയാണെങ്കിൽ പരിയാരം പഞ്ചായത്തിന്റെ നല്ലൊരുഭാഗത്ത് തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയുന്നതാണ്.

## 2. അഗ്രോഫെർട്ടിലൈഴ്സ്

കാർഷികാവശ്യമായ ജൈവവളമായ എല്ലുപൊടി ഉല്പാദിപ്പിക്കുന്ന വ്യവസായ യൂണിറ്റാണ്. അസംസ്കൃതവസ്തുവും തൊഴിലും മാർക്കറ്റും ലഭിച്ചുകൊണ്ടിരിക്കുന്ന വ്യവസായസംരഭമാണിത്.

## 3. ബ്രൈറ്റ്ദാൾ

ഉഴുന്നു പയറിൽനിന്നും, ഉഴുന്ന് പരിപ്പും, ഉഴുന്നുപൊടിയുമുണ്ടാക്കുന്ന യൂണിറ്റാണിത്. ഭക്ഷ്യവസ്തുവായും, തേച്ചുകുളുക്കുവാനുള്ള പൊടിയായും ഇവിടെത്തെ ഉല്പനങ്ങൾ ഉപയോഗിക്കുന്നു അതുകൊണ്ടുതന്നെ ഈ യൂണിറ്റ് വിപുലീകരിക്കാവുന്നതാണ്.

## 4. Palu Polymers (പാലു പോളിമേഴ്സ്)

ഫോംകുഷ്യൻ, റബ്ബർഫോം തുടങ്ങിയവ ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന ഈ യൂണിറ്റ് ഇപ്പോൾ പ്രവർത്തനരഹിതമാണ്. കമ്പോളസാദ്ധ്യതയുള്ള ഉല്പന്നങ്ങൾ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്.

561

## 5. ഖാദി നൂൽനൂൽപ്പ് കേന്ദ്രം.

രണ്ടുയൂണിറ്റുകൾ ഈ പഞ്ചായത്തിൽ ഖാദിബോർഡിന്റെ കീഴിൽ ഉണ്ടായിരുന്നുവെങ്കിലും നിലവിൽ 5-ാം വാർഡിലുള്ള ഒരു യൂണിറ്റ് മാത്രമാണ് പ്രവർത്തിക്കുന്നത് 67 സ്ത്രീകൾ ഇവിടെ ജോലിചെയ്യുന്നു. സാങ്കേതികത്വം കുറഞ്ഞ യന്ത്രങ്ങളിലാണിവിടെ ഉവയോഗിച്ചുകൊണ്ടിരിക്കുന്നത്. വളരെ കുറഞ്ഞ കൂലിനിരക്കാണിവിടെ തൊഴിലെടുക്കുന്നവർക്ക് ലഭിക്കുന്നത്. കാലാനുസൃതമായി ഈ യൂണിറ്റുകൾ നവീകരിക്കേണ്ടതുണ്ട്.

## 6. പേപ്പർ പ്രിന്റിംഗ് ക്ലീനിംഗ് യൂണിറ്റ്.

രണ്ടു പേപ്പർ പ്രിന്റിംഗ് ക്ലീനിംഗ് യൂണിറ്റ് ഈ പഞ്ചായത്തിലുണ്ട്. വാർഡ് 2 ലും, വാർഡ് 5 ലും പ്രവർത്തിക്കുന്നു. 50 ഓളം തോഴിലാളികൾ ജോലിചെയ്യുന്നു.

ബ്രെഡ് ഉണ്ടാക്കുന്ന ഒരു യൂണിറ്റ് വാർഡ് 3 ൽ ഉണ്ട്.

ഗെയ്റ്റ്, ഗ്രിൽ, ഫർണീച്ചർ, മരം, അലുമിനിയം മുതലായവ ഉണ്ടാക്കുന്ന ചെറിയ യൂണിറ്റുകളും ഉണ്ട്.

72 കരിങ്കൽ ക്വാറികൾ വിവിധ വാർഡുകളിലായിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനാവശ്യമായ കല്ലുകൾ, കടൽഭിത്തിക്കാവശ്യമായ ബോളർ, കൈതൊഴിലായി മെറ്റലും ഉടയ്ക്കുന്ന 1000 ൽ പരം തൊഴിലാളികൾ ഈ യൂണിറ്റുകളിൽ ജോലിചെയ്യുന്നു.

സഹകരണടിസ്ഥാനത്തിൽ മെറ്റൽ യൂണിറ്റും, കൊത്തുവേലകളും ഇവിടെ സാധ്യമാകുന്നതാണ്.

## സാദ്ധ്യതയുള്ള വ്യവസായങ്ങൾ.

### 1. പച്ചക്കറി, പഴവർഗ്ഗ സംസ്കരണ വ്യവസായം

ധാരാളം പഴവർഗ്ഗങ്ങളും പച്ചക്കറിക്കളും ലഭ്യമാകുന്ന പ്രദേശമെന്ന നിലക്ക് ഈ ഉല്പന്നങ്ങൾ ഉപയോഗിച്ച് തൊഴിലവസരം സൃഷ്ടിച്ചുകൊണ്ടും വരുമാനം കണ്ടെത്താവുന്നതാണ്.

റോബസ്റ്റും, കണ്ണനും ഏത്തവാഴയും ഈ പഞ്ചായത്തിൽ ധാരാളമുണ്ട്, പഴം സംസ്കരണത്തിന് ഏറെ സാദ്ധ്യതകളുണ്ട്. നമ്മുടെ നാട്ടിൽ ധാരാളമായി കൃഷിചെയ്താൽ ഉണ്ടാകുന്ന ചെറിപഴവും സംസ്കരിച്ച് വിൽപന നടത്താവുന്നതാണ്. ഉപ്പേരി ഇന്ന് മാർക്കറ്റിൽ നല്ല ഡിമാന്റുള്ളതാണ്.

## 2. ഇറച്ചി സംസ്കരണ ഫാക്ടറി.

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിൽ, പോത്തിറച്ചി സംസ്കരണ ഫാക്ടരി സ്ഥാപിക്കുന്നതിനുവേണ്ടി 1987 മേയ് 4 ന് കാഞ്ഞിരപ്പിള്ളിയിൽ 6.0918 ഹെക്ടർ സ്ഥലം ഗവ. അക്വയർ ചെയ്തിട്ടുള്ളതാണ്. ആവശ്യത്തിനുള്ള പോത്തുകളെ ലഭ്യമല്ലാതെ വന്നാൽ ആട്, കോഴി, പന്നി എന്നി മൃഗങ്ങളുടെ ഇറച്ചിയും സംസ്കരിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലമുണ്ടായിരിക്കെ തൊഴിലാളികളുടെ പങ്കാളിത്തതോടുകൂടി ഈ ഫാക്ടറി എത്രയും വേഗം സ്ഥാപിക്കേണ്ടതാണ്.

## 3. പാലുല്പന്ന വ്യവസായം.

ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാലിൽ 75% വും മറ്റുപ്രദേശങ്ങളിലേക്ക് പൊയ്കൊണ്ടിരിക്കുകയാണ്. സഹകരണടിസ്ഥാനത്തിലോ, അല്ലാതെയോ മോര് കൂടാതെ, പേഡ, ഐസ്ക്രീം തുടങ്ങി ഭക്ഷ്യവസ്തുകൾ ഉണ്ടാക്കാവുന്നതാണ്.

## 4. റെഡിമെയ്ഡ് ഗാർമെന്റ്സ്.

തയ്യൽ പരിശീലനം ലഭിച്ച ധാരാളം വനിതകൾ ഈ പഞ്ചായത്തിലുണ്ട് സഹകരണടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും, വില്പനശാലയും തുടങ്ങാവുന്നതാണ്. ബനിയൻ, അണ്ടർവെയർ മുതലായവ ഫാഷനുകളിൽ കാര്യമായ മാറ്റമുണ്ടാകാത്തവയായതിനാൾൽ കൂടുതൽ സാദ്ധ്യതയുള്ളവയാകുന്നു.

## 5. ഔഷധ നിർമ്മാണം.

ഫലഭൂയിഷ്ഠമായ കുബളാൻ മുടിമല പ്രകൃതിരമണീയമായ ഒരു വനപ്രദേശമവും ഔഷധസസ്യങ്ങൾ ധാരാളമുള്ളതു മലഞ്ചെരുവുകൂടിയുള്ളതുമാണ്. ഇന്ന് വില്പനക്ക് ഏറ്റവും സാദ്ധ്യതയുള്ളതും യാഥാർത്ഥ ഔഷധങ്ങൾ ലഭ്യമല്ലാതിരിക്കെ, ജനങ്ങൾക്ക് വിശ്വാസതയോടുകൂടി ശരിയായ ഔഷധങ്ങൾ ഉപയോഗിച്ചുള്ള ഔഷധ നിർമ്മാണശാല തുടങ്ങാവുന്നതാണ്. തരിശുഭൂമികളിൽ ഔഷധ ചെടികൾ ധാരാളം വച്ചുപിടിപ്പിക്കുവാൻ തയ്യാറായാൽ തൊഴിലവസരം ധാരാളമായി വർദ്ധിപ്പിക്കുവാൻ കഴിയും. ഈ ആവശ്യത്തിലേക്കായി ഔഷധചെടികൾ വച്ചുപിടിപ്പിക്കുന്നതിലേക്കായും നിലവിലുള്ളത് സംരക്ഷിക്കുന്നതിലേക്കായും ഈ വനപ്രദേശം സഹകരണസംഘമായിമാറാവുന്ന ഹോൾട്രി കൾച്ചറൽ സൊസൈറ്റിക്ക് വിട്ടുകൊടുക്കേണ്ടതാണ്.

### 6. പഞ്ഞി സംസ്കരണ യൂണിറ്റ്.

പഞ്ഞിക്കായ ധാരാളമായി ഉല്പാദിപ്പിക്കുന്ന പ്രദേശമാണിത്. ഇവിടെയുണ്ടാകുന്ന പഞ്ഞിക്കായ മുഴുവാനായും തമിഴ്നാടിലേക്ക് പ്രവഹിക്കുകയാണ്. ഈ അസംസ്കൃത വസ്തുപയോഗിച്ച് കിടക്ക, തലയിണ, മറ്റുതരം ഫോമുകൾ നിർമ്മിക്കുവാനുള്ള വ്യവസായ യൂണിറ്റ് ഇവിടെ തുടങ്ങുവാൻ കഴിയുന്നതാണ്.

### 7. ഫർണീച്ചർ, പ്ലൈവുഡ്.

റബ്ബർ മരം ധാരാളമായി മുറിച്ചുമാറ്റി പകരം പ്ലാന്റ് ചെയ്തുകൊണ്ടിരിക്കുന്നതിനാൽ ഈ മരം ഉപയോഗിച്ച് സീസണിംഗ് നടത്തി ഫർണിച്ചർ ഉണ്ടാക്കുവാനും, പ്ലൈവുഡ് നിർമ്മാണ യൂണിറ്റും തുടങ്ങുവാൻ കഴിയുന്നതാണ്. കൂടാതെ തെങ്ങ് തടി ഉപയോഗിക്കാവുന്നതാണ് ഈ വ്യവസായ യൂണിറ്റിനാവശ്യമായ ടൂൾസ്, യന്ത്രസാമഗ്രികൾ നികുതിയിളവോടുകൂടി വിശ്വകർമ്മക്കാർക്ക് കൊടുക്കേണ്ടതാണ്.

8. പരിയാരം ഖാദിവ്യവസായ സപകരണ സംഘത്തിന്റെ കീഴിൽ ഒന്നാം വാർഡിൽ ഒരു നൂൽനൂൽപ്പുകേന്ദ്രം പ്രവർത്തിച്ചിരുന്നു. സാമ്പത്തിക ബാദ്ധ്യതമൂലം സ്ഥാപനം അടച്ചു പൂണ്ടേതായി വന്നു. ഈ സ്ഥലത്ത് തൊഴിൽ സാദ്ധ്യതയുള്ള ഏതെങ്കിലും വ്യവസായ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

# വ്യവസായ യൂണിറ്റുകൾ വാർഡുതലത്തിൽ

| വ്യവസായത്തിന്റെ പേര് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| റൈസ് & ഫ്ലവർമിൽ | | 2 | 2 | 2 | 4 | 3 | | 1 | | 2 |
| ഫർണീച്ചർ | 2 | 1 | | | 1 | 1 | | | | |
| ഓയിൽ മിൽ | | | | 1 | 1 | | | 1 | | |
| വെൽഡിംഗ് വർക്ക് | | 1 | 1 | | | 1 | | | | |
| സോപ്പ് | 2 | 1 | 1 | | | | | | | |
| വളനിർമ്മാണം | | 1 | | | | | | | | |
| ടിമ്പർ | 1 | 1 | | | | | | | | |
| ബ്രെഡ് | | | 1 | | | | | | | |
| കക്കനീറ്റ് | | | | 1 | | | | | | |
| കണ്ണാടി നിർമ്മാണം | 1 | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

# വ്യാപാര യൂണിറ്റുകൾ

| വാർഡ് | പലചരക്ക് | ചായക്കട | സ്റ്റേഷനറി | റേഷൻകട | സൈക്കിൾ റിപ്പയറിംഗ് | തയ്യൽകട | ഹോമിയോ | വളം | പെയിന്റ് | സിമന്റ് |
|---|---|---|---|---|---|---|---|---|---|---|
| I | 3 | | 3 | 1 | 1 | 2 | | | | |
| II | 5 | 4 | | 1 | 2 | 3 | | | | |
| III | 4 | 4 | 2 | | 1 | | 1 | 1 | 1 | 1 |
| IV | 5 | 4 | 3 | 2 | 1 | 2 | | | | |
| V | 9 | 9 | 6 | 1 | 2 | 5 | 2 | 1 | 1 | |
| VI | 4 | 4 | | 1 | | 1 പരിശീലനം | | | | |
| VII | 6 | 5 | 1 | 1 | 1 | 1 | | | | |
| VIII | 3 | 7 | 2 | 1 | | 1 | | | | |
| IX | 3 | 2 | 1 | 1 | | 1 | | | | |
| X | 6 | 4 | | 1 | 1 | 2 | | 1 | | |
| ആകെ | 48 | 43 | 18 | 10 | 9 | 18 | 3 | 3 | 2 | 1 |
| | | | | | | | | | | |

# പ്രശ്നങ്ങൾ

1. സാമ്പത്തികം ഒരു പ്രധാനപ്രശ്നമാണ്. ധനകാര്യസ്ഥാപനങ്ങളുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല.

2. വ്യവസായം തുടങ്ങുവാനുള്ള പ്രോത്സാഹനമില്ലായ്മ.

3. സാങ്കേതിക പരിജ്ഞാന കുറവ്

4. വൈദ്യുതിയുടെ ലഭ്യത കുറവ്

5. പരമ്പരാഗത കൈതൊഴിൽ മേഖലയിൽ നവീകരണത്തിന്റേയും പരിഷ്കാരത്തിന്റേയും അഭാവമൂലം ഉയരുവാൻ കഴിയുന്നില്ല.

6. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നല്കുവാനുള്ള സംവിധാനമില്ല.

7. നിയമപരമായ തടസ്സങ്ങൾ നിരവധിയാണ്.

8. ബാങ്കിൽ നിന്നും ലോൺകിട്ടുവാൻ വളരെ പ്രയാസം നേരിടുന്നു.

9. മുഖ്യ കാർഷികോൽപന്നങ്ങളായ നാളികേരം, റബ്ബർ എന്നിവയിലധിഷ്ഠമായ വ്യവസായ യുണിറ്റുകളൊന്നും നിലവിലില്ല.

# നിർദ്ദേശങ്ങൾ

1. അസംസ്കൃതവസ്തുക്കളായ റബ്ബർ, നാളികേരം ഔഷധചെടികൾ, പാറകൾ, വെള്ളം എന്നിവ സുലഭമായിട്ടുള്ള ഈ പഞ്ചായത്തിൽ വ്യവസായ വളർച്ചക്ക് വളരെ അനുകൂലമാണ്.

2. കാർഷകരുടെ നിക്ഷേപം ബാങ്കുകളിൽ ഉണ്ടെങ്കലും നിക്ഷേപത്തിന്റെ വളരെ ചെറിയൊരുഭാഗം മാത്രമാണ് ഇവിടെ ചെലവഴിക്കപ്പെട്ടുന്നത്. 75% നിക്ഷേപം ഇവിടെ വ്യവസായാവശ്യത്തിന് മുതൽ കൂട്ടാക്കാവുന്നതാണ.

3. പഞ്ചായത്ത് വക ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള സ്ഥലമുണ്ടെങ്കിലും അതു ഉപയുക്ത മാക്കുന്നില്ല. വിദ്യാസമ്പന്നരേയും, സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ചവരേയും ബന്ധപ്പെടുത്തി ഒരു വ്യവസായ എസ്റ്റേറ്റ് തുടങ്ങുവാൻ കഴിയും.

4. റോൾഡ് ഗോൾഡ് ആഭരണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ വനിതകൾക്ക് വേണ്ടി തുടങ്ങുവാൻ കഴിയും.

5. ഖാദി നൂൽനൂൽപുകേന്ദ്രം ആധുനികവത്കരിച്ച് നെയ്ത്ത് കേന്ദ്രമായി മാറ്റാവുന്നതാണ്.

6. കരിങ്കൽ ക്വാറികളിൽ നിന്നുള്ള കല്ലുപയോഗിച്ച് മെറ്റൽ യൂണിറ്റ്, വീടുകൾക്കാവശ്യമായ കട്ടില, ഹോളോബ്രിക്സ്, സോളിഡ് ബ്രിക്സ് നിർമ്മിക്കാവുന്ന യൂണിറ്റിന് സാധ്യതയേറെയാണ്.

7. ഫ്ലവർ മില്ലുകളിൽ വീട്ടാവശ്യങ്ങൾക്കാവശ്യമായ എല്ലാതരം കറിപൗഡറുകളും, അരി, ഗോതമ്പ് മാവുകളും ഉണ്ടാക്കാവുന്നതാണ്.

8. അലങ്കാരചെടികളും, പൂക്കളും നടിൽ വസ്തുക്കളും വ്യവസായടിസ്ഥാനത്തിൽ ബാങ്കുകളുടെ സഹകരണത്തോടെ ഉല്പാദിപ്പിച്ച് വിപണി കണ്ടെത്താവുന്നതാണ്.

9. പഞ്ചായത്തിന്റെ തെക്ക് ഭാഗം ചാലക്കുടി പുഴയും, വടക്ക് കപ്പത്തോടും ജലശ്രോതസ്സു കളായിരികെ, ഇതിൽ നിന്നുള്ള വെള്ളമുപയോഗിച്ച് കാർഷികാഭിവൃദ്ധി കൈവരിക്കാവുന്നതും. അതിൽനിന്നും. വ്യവസായിക അസംസ്കൃത പദാർത്ഥങ്ങൾ കണ്ടെത്താവുന്നതുമാണ്.

# നിർദ്ദേശങ്ങൾ

10 മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യക്കുവേണ്ടി കാഞ്ഞിരപ്പിള്ളിയിൽ അക്വയർ ചെയ്ത സ്ഥലത്ത് പോത്തിറച്ചി ഫാക്ടറി സ്ഥാപിക്കുക.

11. പരിയാരം ഖാദിവ്യവസായ സഹകരണ സംഘം വക സ്ഥലത്ത് താഴെ പറയുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

1. റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റ്.
2. വൈരക്കൽ വ്യവസായ യൂണിറ്റ്.
3. നോട്ട് ബുക്ക് നിർമ്മാണം.

12. പടിഞ്ഞാട്ടുംമുറി ഹരിജൻ കോളനിയിലെ സാബവ കുടുംബങ്ങളുടെ പരമ്പരാഗത തൊഴിലായ ഈറ്റ നെയ്ത്ത് യൂണിറ്റ് സ്ഥാപിക്കുക.

570

# ഗതാഗതം

1946 - ൽ കൊച്ചി രാജാവിന്റെ ഭരണകാലത്ത് പ്രധാന കേന്ദ്രവുമായി ബന്ധപ്പെടുന്ന പോട്ട-കാഞ്ഞിരപ്പിള്ളി റോഡ് നിർമ്മിച്ചിരുന്നു. എന്നാൽ ദശാബ്ദങ്ങൾ പിന്നിട്ടിട്ടും ഈ പഞ്ചായത്തിൽ റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടില്ല. തമിഴ് നാടുമായി എളുപ്പവഴിയിൽ ബന്ധപ്പെടാവുന്ന ആനമല റോഡ് ഉണ്ടെങ്കിലും പണിതുടങ്ങിയ അവസ്ഥയിൽ നിന്നും കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. ഒരു ബസുതന്നെ കഷ്ടിച്ച് കടന്നുപോകാവുന്ന അവസ്ഥതന്നെയാണ് ഇന്നുള്ളത്. ചാലക്കുടിയിൽ നിന്നും അതിരപ്പിള്ളി പഞ്ചായത്തിലേക്ക് ഏറ്റവും ദൂരം കുറഞ്ഞ രീതിയിൽ എത്തിച്ചേരാവുന്ന പഴയ റോഡുകൾ ഇപ്പോഴും നിലനിൽക്കുന്നു. പക്ഷേ അടിയന്തിര പ്രാധാന്യം കൊടുക്കാത്തതുകൊണ്ട്, ഇന്ന് നടപ്പാതയുടെ ആവശ്യം വരെ നിർവ്വഹിക്കുവാൻ കഴിയുന്നില്ല. (ചാലക്കുടി പരിയാരം റോഡ്, മോതിരക്കണ്ണി-വെട്ടിക്കുഴി റോഡ്).

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ പരിയാരം വാഹനത്തിന്റെ കാര്യത്തിൽ പുരോഗതി പ്രാപിച്ചിരുന്നു . 1920-ൽ ജോൺ കോലപ്പൻ ആദ്യമായി കാർ ഉപയോഗിച്ചു തുടങ്ങിയിരുന്നു. 1930-ൽ കേരളത്തിലെ തന്നെ ആദ്യബസ് സർവ്വീസ് പരിയാരത്തുനിന്ന്, ഇരിങ്ങാലക്കുടക്ക് ആരംഭിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ നിരവധി പാലങ്ങളും, കനാലുകളും നിർമ്മിച്ചുവെങ്കിലും, പിന്നീട് ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ വികസനകാര്യങ്ങളിൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കാർഷികമേഖലയ്ക്കൊപ്പം, വ്യവസായിക മുന്നേറ്റം വരുത്തേണ്ടത് അനിവാര്യമായിരിക്കുന്നു.

ആകെ 98.25 കി.മീ. റോഡ് ഉണ്ടെങ്കിലും, വാഹന ഗതാഗത യോഗ്യമായ റോഡ് 19.216 കി.മീ. മാത്രമാണ്. ഒരു ചതുരശ്ര കി.മീറ്ററിൽ ശരാശരി 5.18 കി.മീ. വഴിയാണ് ഈ പഞ്ചായത്തിലുള്ളത്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | നീളം | പക്ക | മെറ്റൽ | കച്ച | ഉടമസ്ഥത |
|---|---|---|---|---|---|---|
| I | മുഴിക്കക്കടവ് | | | | | |
| | 1. ചുണ്ടാണിക്കടവ് റോഡ് | 1Km | | | | |
| | 2. മാമ്പ്രത്തോട് കപ്പേള(കരിപ്പായി) (ഹരിജൻ കോളനി കിഴക്കൂടൻ കടവ് റോഡ്) | 650 മീറ്റർ. | | | | |
| | 3. ലക്ഷംവീട് കോളനി | 500 മീ. | | | | |
| | 4. കല്ലോലി ലെയൻ | 600 മീ. | | | | |
| | 5. പടിഞ്ഞാക്കര ലെയൻ | 360 മീ. | | | | |
| | 6. മുത്തേടൻ ലെയിൻ | 300 മീ. | | | | |
| | 7. സ്ക്കൂൾ റോഡ് (ഹരിജൻ കോളനി) | 250 മീ. | | | | |
| | 8. കിഴക്കൂടൻ ലെയിൻ റോഡ് | 200 മീ. | | | | |

**പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ**

| വാർഡ് | റോഡിന്റെ പേര് | നീളം | പക്ക | മെറ്റൽ | കച്ച | ഉടമസ്ഥത |
|---|---|---|---|---|---|---|
| | 9. മുഴിക്ക കടവ് PWD റോഡ് | 21/2 KM | | | | |
| | 10. പടിഞ്ഞാട്ടു മുറി ഹരിജൻ കോളനി റോഡ് | 600 മീ. | | | | |
| | 11. കണിയാൻ ചിറകുളം റോഡ് | 300 മീ. | | | | |
| II | 1. പോസ്റ്റോഫീസ് കോവിലകം റോഡ് | 2000 മീ. | | | | പഞ്ചായത്ത് |
| | 2. കോൺവെന്റ് റോഡ് | 800 മീ. | | | | " |
| | 3. കാതാച്ചേരി കടവ് റോഡ് | 600 മീ. | | | | " |
| | 4. മുണ്ടൻ മാണി കടവ് | 500 മീ. | | | | " |
| | 5. ആനമല PWD റോഡ് | 1200 മീ. | | | | PWD |
| | 6. കനാൽറോഡ് | 1200 മീ. | | | | പഞ്ചായത്ത് |
| | 7. ബ്രാഞ്ചി റോഡ് കനാൽ | 700 മീ. | | | | " |
| III | 1. കോതേശ്വരം അമ്പലം റോഡ് | 165 മീ. | | | | പഞ്ചായത്ത് |
| | 2. പോത്തോടി കമ്മളം റോഡ് | 750 മീ. | | | | പഞ്ചായത്ത് |
| | 3. അന്നപൂർണ്ണേശ്വരി അമ്പലം റോഡ് | 1000 മീ. | | | | " |
| | 4. നയരങ്ങാടി ഹരിജൻ കോളനി റോഡ് | 750 മീ. | | | | " |
| | 5. തുലാപ്പടികുളം റോഡ് | 300 മീ. | | | | " |
| | 6. കടമ്പാടൻ ലെയൻ റോഡ് | 400 മീ. | | | | " |
| | 7. സബ് ബ്രാഞ്ച് കനാൽ റോഡ് | 1200 മീ. | | | | ഇറിഗേഷൻ |
| | 8. പോട്ടശ്ശേരി പറമ്പ് റോഡ് | 400 മീ. | | | | പഞ്ചായത്ത് |
| | 9. പരിയാരം ബ്രാഞ്ച് കനാൽ റോഡ് | 600 മീ. | | | | ഇറിഗേഷൻ |
| | 10. ആനമല റോഡ് | 2200 മീ. | | | | PWD |
| | 11. ചാലക്കുടി പരിയാരം റോഡ് | 450 മീ. | | | | പഞ്ചായത്ത് |

**പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ**

| വാർഡ് | റോഡിന്റെ പേര് | നീളം | പക്ക | മെറ്റൽ | കച്ച | ഉടമസ്ഥത |
|---|---|---|---|---|---|---|
| IV | 1. തൃപ്പാപ്പിള്ളി ഹരിജൻ റോഡ് | 1500 മീ. | | | | |
| | 2. തലവരിപ്പാറ | 300 മീ. | | | | |
| | 3. മുണ്ടൻ മാണി റോഡ് | 600 മീ. | | | | |
| | 4. ആനമല PWD റോഡ് | | | | | |
| V | 1. കുറ്റിക്കാട് മോതിരക്കണ്ണി റോഡ് | 3 കി. മീ. | | | | PWD |
| | 2. ചങ്കംകുറ്റി റോഡ് | 1000 മീ. | | | | |
| | 3. കൈതപ്പിള്ളി റോഡ് | 1500 മീ. | | | | പഞ്ചായത്ത് |
| | 4. കല്ലേലി റോഡ് | 2000 മീ. | | | | " |
| | (ഇടപ്പാടം കൈതപ്പിള്ളി ഹരിജൻ റോഡ്) | | | | | " |
| | 5. കുറ്റിക്കാട് മോതിരക്കണ്ണി റോഡ് | 3 കി. മീ. | | | | PWD |
| | 6. ചട്ടിക്കുളം റോഡ് | 1500 മീ. | | | | " |
| | 7. തളവരിപ്പാറ കിറേക്കാട് റോഡ് | 1000 മീ. | | | | " |
| | 8. തെക്കൻ വേലി ചട്ടിക്കുളം | 1000 മീ. | | | | " |
| | 9. കൈതപ്പിള്ളി തുമ്പാക്കോട് | 1000 മീ. | | | | " |
| | 10. മണിലായി പാറക്കുന്ന് | 2500 മീ. | | | | " |
| | 11. കുറ്റിക്കാട് പാറക്കുന്ന് | 1000 മീ. | | | | " |
| | 12. മഹിളാ സമാജം കല്ലേലി റോഡ് | 2000 മീ. | | | | " |
| VI | 1. ചിങ്കളത്ത് റോഡ് | 300 മീ. | | | | |
| | 2. ചങ്കംകുറ്റി റോഡ് | 500 മീ. | | | | |
| | 3. അന്ത്രക്കപൊടം കുറ്റിക്കാട് (പട്ടികജാതി കോളനി റോഡ്) | 1500 മീ. | | | | |
| | 4. ഒറ്റകൊമ്പൻ കോളനി റോഡ് | 300 മീ. | | | | |
| | 5. കുറ്റിക്കാട് മണ്ണംപുറം കലാൽ ബണ്ട് റോഡ് | 2000 മീ. | | | | |
| | 6. ജീവധാര – എലഞ്ഞിക്കൽ റോഡ് | 2000 മീ. | | (1000) | (1000) | |

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | നീളം | പക്ക | മെറ്റൽ | കച്ച | ഉടമസ്ഥത |
|---|---|---|---|---|---|---|
| | 7. ഒറ്റകൊമ്പൻ ജീവധാര കനാൽ ബണ്ട് റോഡ് | 500 മീ. | | | | |
| | 8. കുറ്റിക്കാട് മോതിരക്കണ്ണി | 1500 മീ. | | | | PWD |
| | 9. തുമ്പക്കോട് | | | | | |
| | 10. അന്ത്രക്കവാടം | | | | | PWD |
| | കുറ്റിക്കാട് ജീവധാര | 1500 മീ. | | | | PWD |
| VII | 1. ചക്രവാണി എച്ചിപ്പാറ (പട്ടികജാതി കോളനി റോഡ്) | 750 മീ. | | | | |
| | 2. കാഞ്ഞിരപ്പിള്ളി കോവിലകം റോഡ് | 750 മീ. | | | | |
| | 3. കാഞ്ഞിരപ്പിള്ളി കോവിലകം റോഡ് | 500 മീ. | | | | |
| | 4. കാഞ്ഞിരപ്പിള്ളി ഒരപ്പന S.C. കോളനി റോഡ് | 800 | | | | |
| | 5. കാഞ്ഞിരപ്പിള്ളി അമ്പല ക്കടവ് റോഡ് | 400 മീ. | | | | |
| | 6. മുനിപ്പാറ അമ്പല ക്കടവ് റോഡ് | 600 മീ. | 600 | | 400 | |
| | 7. ചക്രവാണി കൊന്നക്കുഴി S.C. കോളനി റോഡ് | 500 മീ. | | | | |
| | 8. മുനിപ്പാറ ഇഞ്ചക്കുണ്ട് S.C. റോഡ് | 250 മീ. | | | | |
| | 9. കാഞ്ഞിരപ്പിള്ളി ഒരപ്പന പാടം റോഡ് | 750 മീ. | | | | |
| | 10. കോന്നപ്പാറ റോഡ് | 500 മീ. | | | | |
| | 12. മുനിപ്പാറ പമ്പ്ഹൗസ് റോഡ് | 500 മീ. | | | | |
| VII | 13. എടത്തറക്കാവ് കടവ് റോഡ് | 200 മീ. | | | | |
| | 14. തുമ്പാക്കോട് ചർച്ച് റോഡ് | 550 മീ. | | | | |
| | 15. വേളൂക്കര മോതിരക്കണ്ണി റോഡ് | 1 കി.മീ. | | | | |

574

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | നീളം | പക്ക | മെറ്റൽ | കച്ച | ഉടമസ്ഥത |
|---|---|---|---|---|---|---|
| VIII | 1. കാഞ്ഞിരപ്പിള്ളി കോളനി റോഡ് | 1000 മീ. | | | | പഞ്ചായത്ത്. |
| | 2. അന്ത്രക്കംപാടം കോളനി റോഡ് | 300 മീ. | | | | " |
| | 3. ഒരപ്പന റോഡ് | 300 മീ. | | | | " |
| | 4. പുല്ലുമുടി റോഡ് | 200 മീ. | | | | " |
| | 5. അന്ത്രക്കംപാടം കൊന്നക്കുഴി റോഡ് | 300 മീ. | | | | പഞ്ചായത്ത്. |
| | 6. പാട്ടുക്കല്ല് ഫോറസ്റ്റ് റോഡ് | 300 മീ. | | | | പഞ്ചായത്ത്. |
| | 7. ബാലികുളം കൊന്നക്കുഴി റോഡ് | 850 മീ. | | | | പഞ്ചായത്ത്. |
| | 8. ചക്രപാണി എച്ചിപ്പാറ SIC റോഡ് | 3 മീ. | | | | പഞ്ചായത്ത്. |
| IX | 1. ബാലിക്കുളം കൊന്നക്കുഴി റോഡ് | 1000 മീ. | | | | പഞ്ചായത്ത്. |
| | 2. മോതിരക്കണ്ണി കോട്ടാമല റോഡ് | 3500 മീ. | | | | പഞ്ചായത്ത്. |
| | 3. മോതിരക്കണ്ണി ഹിഡുംബൻ കവല കനാൽ റോഡ് | 500 മീ. | | | | ഇരിഗേഷൻ |
| | 4. ബാലിക്കുളം ഹിഡുംബൻ കവല റോഡ് | 600 മീ. | | | | പഞ്ചായത്ത്. |
| | 5. ബാലിക്കുളം കോളനി റോഡ് | 2000 മീ. | | | | പഞ്ചായത്ത്. |
| X | 1. കുറ്റിക്കാട് മോതിരക്കണ്ണി | 1500 | | | | PWD |
| | 2. തുമ്പാക്കോട് മോതിരക്കണ്ണി | 1000 മീ. | | | | PWD |
| | 3. മോതിരക്കണ്ണി മാവുങ്ങച്ചിറ | 2000 മീ. | 400 | 200 | 1400 | പഞ്ചായത്ത് |
| | 4. മണ്ണംപുറം കോളനി റോഡ് | 750 മീ. | | | | പഞ്ചായത്ത് |
| | 5. ഉദയകേരള വായന ശാല റോഡ് | 600 മീ. | | | | പഞ്ചായത്ത് |

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | നീളം | പക്ക | മെറ്റൽ | കച്ച | ഉടമസ്ഥത |
|---|---|---|---|---|---|---|
| | 6. മോതിരക്കണ്ണി കോളനി റോഡ് | 650 മീ. | | | | പഞ്ചായത്ത് |
| | 7. മോതിരക്കണ്ണി കുറ്റിച്ചിറ ലിങ്ക് റോഡ് | 700 മീ. | | | | പഞ്ചായത്ത് |
| | 8. മോതിരക്കണ്ണി സ്ക്കൂൾ റോഡ് | 400 | | | | " |
| | 9. മണ്ണംപുറം ബാലിക്കുളം കനാൽ റോഡ് | 1500 | | | | " |
| | 10. ബാലിക്കുളം മണ്ണംപുറം റോഡ് | 500 | | | | " |
| | 11. മണ്ണംപുറം കോളനി റോഡ് | 300 | | | | " |
| | 12. മോതിരക്കണ്ണി വൈലിക്കട റോഡ് | 600 | | | | " |
| | 13. മോതിരക്കണ്ണി കുറ്റിച്ചിറ റോഡ് | 400 | | | | പഞ്ചായത്ത് |

റോഡുകളുടെ പ്രധാനപ്രശ്നങ്ങൾ

15 K.M നടുത്ത് PWD പക്കറോഡ് ഉണ്ടെങ്കിലും യഥാസമയങ്ങളിലുള്ള അറ്റകുറ്റപണികളുടെ കുറവുകൊണ്ട് സഞ്ചാരയോഗ്യമല്ലാതിരിക്കുന്നു. കാനകൾ ഇന്ന് അപൂർവ്വമായിതീർന്നു. കാനകളോട് ചേർന്നുള്ള വ്യക്തികളുടെ മതിൽക്കെട്ടും, സംരക്ഷണവും, റോഡുകളുടെ കാനകൾ നികത്തികൊണ്ടാണ് ചെയ്യുന്നത്. വർഷക്കെടുതികളുടെ ഫലമായി റോഡിന്റെ പല ഭാഗങ്ങളും നശിച്ചുപോകുന്നു. കൃഷിയിടങ്ങളിലേക്കും പ്രധാന കേന്ദ്രവുമായി ബന്ധപ്പെടുന്ന റോഡുകളുടെ നിർമ്മാണത്തിനു പ്രാധാന്യം കൊടുക്കാത്തതുകൊണ്ട് കാർഷികവ്യവസായ രംഗത്ത് പഞ്ചായത്ത് വികസന കാര്യങ്ങളിൽ പുറകിലാകുന്നു.

സാദ്ധ്യതകളും നിർദ്ദേശങ്ങളും.

വാർഡ് തിരിച്ചുള്ള വിശദീകരണം.

വാർഡ് I

1. ലക്ഷംവീട് കോളനി റോഡിൽനിന്നും പുതിയ റോഡ് വെട്ടി ചാലക്കുടി – പരിയാരം റോഡിൽ എത്തിക്കുക.
2. ചുണ്ടാണിക്കടവിൽനിന്നും നിന്നും പുതിയ റോഡ് വെട്ടി ചാലക്കുടി – ആനമല റോഡിൽ എത്തിക്കുക.

3. ലക്ഷംവീട് മുതൽ പടിഞ്ഞാട്ടുമുറി ഹരിജൻകോളനി വരെ –800 മീ.
4. കനാൽബണ്ട് റോഡ് നിർമ്മിക്കും.
5. ചാലക്കുടി – പരിയാരം റോഡ് അടിയന്തിരമായി 1500 മീ. ടാറിംഗ് നടത്തുക., വീതി കൂട്ടുക, ഈ റോഡ് കിഴക്കൻ മേഖലയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ ആനമല റോഡിൽ കൂടി പോകുന്നതിനേക്കാൾ 2 കി.മീ. കുറയുന്നതാണ്.
6. മുഴിക്കകടവ്, ചുണ്ടാണിക്കടവ് റോഡ് ചാലക്കുടി ആനമല റോഡിൽ എത്തിച്ച് ടാറിംഗ് നടത്തുക.(2കി.മീ.ദൂരം)
7. കല്ലേലി ലൈയിൻ റോഡ് 600 മീ. സഞ്ചാരയോഗ്യമാക്കുക
8. മാമ്പ്രത്തോട് കപ്പേള മുതൽ കിഴക്കൂടൻ കടവ് വരെ ടാറിംഗ് നടത്തുക. 650 മീ.
9. ലക്ഷംവീട് കോളനി റോഡ് 500 മീ. ടാറിംഗ്
10. മുത്തേടൻ ലൈയിൻ റോഡ് 300 മീ.
11. പടിഞ്ഞാക്കര ലൈയിൻ റോഡ് 360 മീ.
12. സ്ക്കൂൾ റോഡ് ഹരിജൻകോളനി 250 മീ.
13. കണിയാൻ ചിറക്കുളം റോഡ് 300 മീ.
14. ഹരിജൻകോളനി റോഡ് പടിഞ്ഞാട്ടുമുറി 650 മീ.

വാർഡ് II

1. എല്ലാ റോഡുകളും ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കണം.
2. CSR റോഡും അരിയപ്പറമ്പത്തു റോഡും തുറക്കുക 200 മീ. വീതം.
3. റോഡിലേക്കുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിലേക്കായി കൽവെർട്ടുകൾ ഉണ്ടാക്കുകയും കാനകൾ ഉണ്ടാക്കി സൈഡ് കെട്ടുക.

വാർഡ് III

1. നിലവിലുള്ള റോഡുകൾ ടാറിംഗ് നടത്തുക
2. ഇലപ്പടി റോഡ് പുതുതായി തുറക്കുക.
3. മുഴിക്കക്കടവിൽ ചെക്ക് ഡാം ബ്രിഡ്ജ് നിർമ്മിക്കുക.

വാർഡ് IV

1. തൃപ്പാപ്പിള്ളി പട്ടികജാതി കോളനി റോഡ് വീതികൂട്ടുകയും ടാറിംഗ് നടത്തുകയും ചെയ്യുക.
2. തലവരിപ്പാറ, മുണ്ടൻമാണി റോഡ് ടാറിംഗ് ചെയ്യുക

വാർഡ് V

(പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ)

1. മോതിരക്കണ്ണി PWD റോഡിൽ നിന്നും പുതംക്കുഴി പുഞ്ചംപാടം ഭാഗത്തേക്ക് റോഡ് നിർമ്മിക്കണം. 1500 മീ.
2. ഇടംപാടം ഭാഗത്തേക്ക് ഒരു കി.മീ നീളത്തിൽ ഫാം റോഡ് നിർമ്മിക്കുക.
3. കുറ്റിക്കാട്, പാറക്കുന്ന് പട്ടികജാതി കോളനി ഭാഗത്തേക്ക് കനാൽബണ്ട് ഫാം റോഡാക്കി മാറ്റുക.
4. കൈതപ്പിള്ളി റോഡിൽ രണ്ടു കലുങ്കുകൾ നിർമ്മിക്കുക – കരാറി ഹരിജൻ കോളനിയായി ബന്ധപ്പെടുന്ന റോഡ് പണി ആരംഭിക്കുക.

5. നിലവിലുള്ള എല്ലാ റോഡുകളും ടാറിംഗ് നടത്തുക
6. കാനകളും, കലങ്കുകളും നിർമ്മിക്കുക.

വാർഡ് VI

1. കുറ്റിക്കാട് അന്ത്രക്കം പാടം ഹരിജൻ കോളനി റോഡ് ടാറിംഗ് നടത്തുവാൻ അടിയന്തിര പ്രാധാന്യം നൽകണം.
2. ചങ്കംക്കുറ്റി റോഡ് വീതിക്കൂട്ടി ടാറിംഗ് നടത്തണം. കപ്പത്തോട് പാലം നിർമ്മിക്കണം.
3. ഒറ്റക്കൊമ്പൻ റോഡ് ടാറിംഗ് നടത്തണം.
4. ജീവധാര – ഒറ്റക്കൊമ്പൻ റോഡിലേക്കുള്ള ഫാം റോഡ് നിർമ്മിക്കുക.
5. കൂർക്കമറ്റം റോഡിൽ തകർന്നു കിടക്കുന്ന പാലം പുതുക്കി, റോഡ് സഞ്ചാരയോഗ്യമാക്കുക.

വാർഡ് VII

1. ചക്രപാണി – എച്ചിപ്പാറ S.C കോളനി റോഡ് ടാറിംഗ് നടത്തുക.
2. കാഞ്ഞിരപ്പിള്ളി – കോവിലകം റോഡ് ടാറിംഗ് നടത്തുക.
3. കാഞ്ഞിരപ്പിള്ളി – ഒരപ്പന S.C കോളനി റോഡ് ടാറിംഗ് നടത്തുക.
4. കാഞ്ഞിരപ്പിള്ളി – അമ്പലക്കടവ് റോഡ് ടാറിംഗ് നടത്തുക.
5. ചക്രപാണി – കൊന്നക്കുഴി S.C കോളനി റോഡ് സൈഡ് കെട്ടി ടാറിംഗ് നടത്തുക.
6. മുനിപ്പാറ – ഇഞ്ചക്കുണ്ട്, കോന്നൻപ്പാറ, മുനിപ്പാറ പമ്പ്ഹൗസ് റോഡ് കാഞ്ഞിരപ്പിള്ളി – ഒരപ്പന പാടം റോഡ്, എടത്തറക്കടവ് റോഡ് ടാറിംഗ് നടത്തുക.
7. ഒരപ്പന റോഡിൽനിന്ന് കാഞ്ഞിരപ്പിള്ളി, ഇരിഗേഷൻ ബ്രാഞ്ച് കനാൽ ബണ്ടിൽക്കൂടി പരിയാരം ഡിസ്ബ്യൂട്ടറി കനാൽ ബണ്ട് വഴി തുമ്പാക്കോട് ചർച്ച് റോഡിലേക്ക് ഫാം റോഡ് പുതിയതായി തുറക്കുക.

വാർഡ് VIII

1. ഹിഡുംബൻ കവല കൊന്നക്കുഴി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസുവരെയുള്ള ബ്രാഞ്ച് കനാൽ റോഡ് സൈഡ് കെട്ടി ടാറിംഗ് നടത്തുക.
2. ചക്രപാണി – എച്ചിപ്പാറ റോഡ് സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിരിക്കുന്നത് വീതി കൂട്ടി ടാറിംഗ് നടത്തുക.
3. കൊന്നക്കുഴി – ബാലിക്കുളം റോഡ് ടാറിംഗ് നടത്തുക.
4. കാഞ്ഞിരപ്പിള്ളി ലക്ഷംവീട് കോളനി റോഡ് വീതി കൂട്ടി ടാറിംഗ് നടത്തുക.

വാർഡ് IX

1. ബാലിക്കുളം കുണ്ട് റോഡ് പുതിയതായി നിർമ്മിക്കുക. 2000 മീ.
2. എല്ലാ റോഡുകളും ടാറിംഗ് നടത്തുക സൈഡ് പ്രൊട്ടക്ഷൻ നടത്തുക.

വാർഡ് X

1. നിലവിലുള്ള എല്ലാ റോഡുകളും ടാറിംഗ് നടത്തി സംരക്ഷിക്കുക.
2. മോതിരക്കണ്ണി – കുറ്റിച്ചിറ ലിങ്ക് റോഡിൽ കപ്പത്തോടിൽ വലിയ പാലം നിർമ്മിച്ച് കുറ്റിച്ചിറ ജംഗ്ഷനുമായി ബന്ധപ്പെടുക.

### യാത്രാപ്രശ്നങ്ങൾ

പരിയാരം കുറ്റിക്കാട് കുറ്റിച്ചിറ വഴി അതിരപ്പിള്ളി പഞ്ചായത്ത് പ്രദേശത്തേക്കു, ആനമല റോഡുവഴി മലക്കപ്പാറ വഴി തമിഴ്നാട്ടിലേക്ക് ബസ് സർവ്വീസുകൾ ഉണ്ട്. വേളൂക്കര തുമ്പാക്കോട് വഴി മോതിരക്കണ്ണിയിലേക്കു ബസ് സർവ്വീസുകൾ ഉണ്ട്. എന്നാൽ വിദ്യാർത്ഥികൾ യാത്ര ചെയ്യുന്ന സമയങ്ങളിൽ ബസുകൾ കുറവാണ്. ഓട്ടോറിക്ഷകൾ ചെറുപ്പക്കാരുടെ ഒരു ജീവിത മാർഗ്ഗം തന്നെയാണ്. എന്നാൽ പഞ്ചായത്തിൽ പ്രധാന കേന്ദ്രങ്ങളിൽ പാർക്കു ചെയ്യാവുന്ന സൗകര്യങ്ങളില്ല. അതുപോലെ ബസ്സ്റ്റോപ്പുകളിൽ വിശ്രമകേന്ദ്രങ്ങളില്ല.

ഏറ്റവും പഴക്കമുള്ളതും ജനസാന്ദ്രത ഏറെയുള്ളതുമായ മുഴിക്കക്കടവ് പ്രദേശത്തുക്കാർ ഇന്നു യാത്രാക്ലേശം മൂലം ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. ഒരു ബസ് മാത്രമാണ് അവിടെ നിന്നും ഉള്ളത്. അവിടത്തെ വിദ്യാർത്ഥികളും മറ്റും 21/2 കി.മീ. നടന്നാണ് ബസ്യാത്ര ചെയ്യുന്നത്. അതുകൊണ്ട് അടിയന്തിരമായി രണ്ട് ബസെങ്കിലും മുഴിക്കക്കടവിലേക്ക് അനുവദിക്കേണ്ടതാണ്.

# വനിത

**കാലത്തിന്റെ കൽപ്പടവുകളിൽ സാമൂഹ്യ മാറ്റങ്ങളുടെ ഉണർത്തുപാട്ടുമായി, കൈകുടന്നയിൽ ഒരുപിടി മുല്ലപ്പൂക്കളുമായി കടന്നു പോകുന്ന ഋതുകന്യകമാർ! അവരെ ശ്രദ്ധിക്കാൻ കാതോർക്കാൻ, അതേറ്റുപാടാൻ എന്തേ സ്ത്രീകൾ തയ്യാറാവുന്നില്ല? വിലക്കുകളുടെയും സമ്മർദ്ദനങ്ങളുടെയും ദൂഷിതവലയങ്ങളിൽ കുരുങ്ങി പോകുന്നതുകൊണ്ടാണോ അങ്ങിനെ സംഭവിക്കുന്നത്? വനിതാ പ്രസ്ഥാനങ്ങളും സാംസ്ക്കാരിക സംഘടനകളും സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ശബ്ദമുണർത്തുമ്പോഴും ഇതൊന്നും കണ്ടില്ല കേട്ടില്ല എന്ന മട്ടിൽ നിശബ്ദരാകുന്നു സ്ത്രീ സമൂഹം!**

വനിതകളുടെ പ്രവർത്തനരംഗങ്ങളെ വിലയിരുത്തുമ്പോൾ വളരെ മഹത്തായ പാരമ്പര്യമൊന്നും പരിയാരം പഞ്ചായത്തിന് അവകാശപ്പെടാനില്ലെങ്കിലും -'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' വരാൻ മടിച്ചിരുന്ന കാലഘട്ടങ്ങളിൽ പോലും ഈ ഗ്രാമത്തിലെ വനിതകൾ സമൂഹ്യ സാംസ്ക്കാരിക, വിദ്യാഭ്യാസരംഗങ്ങളിൽ സജീവമായ പ്രവർത്തനം കാഴ്ചവച്ചിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്.

വനിതകളുടെ നാനാമുഖമായ ഉന്നമനം ലക്ഷ്യമാക്കി പയ്യപ്പിള്ളി ആന്റണി ഭാര്യ മേരി ടീച്ചറും, തോപ്പിൽ വേലു മകൾ കമലവും കൂടി 1958-ൽ ഒരു മഹിളാസമാജം രൂപീകരിച്ചു. നാടകരംഗത്തേയ്ക്ക് വരാൻ സ്ത്രീകൾ അറച്ചുനിന്നിരുന്ന കാലത്തുപോലും കോമ്പാറ ലോനപ്പൻ മകൾ മേരി, മുളളൂർക്കര പിയൂസ് മകൾ അമ്മിണി (കുഞ്ഞാളിച്ചി) എന്നിവർ അന്നത്തെ പേരുകേട്ട നാടകനടികളായിരുന്നു.

സമൂഹ്യ രംഗത്തും സ്ത്രീകളുടെ പ്രകടനം ഒട്ടും മോശമായിരുന്നില്ല. 1964-ൽ വെറ്റിലപ്പാറ സ്വദേശിനിയായ ശ്രീമതി ഐഷാ ബീവി ആദ്യത്തെ വനിതാ പഞ്ചായത്തു മെമ്പറായും '77-ൽ കടുക്കപ്പിള്ളി സുഭദ്ര രണ്ടാമത്തെ വനിതാ മെമ്പറായും സ്ഥാനമേറ്റു. എന്നാൽ ആദ്യത്തെ വനിതാ പ്രസിഡണ്ട് ശ്രീമതി K.S. കുഞ്ഞുക്കുട്ടിയമ്മയായിരുന്നു. 1995 – ൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നപ്പോൾ ബ്ലോക്ക് പഞ്ചായത്തു മെമ്പറായി ശ്രീമതി റോസിലി ലോനക്കുട്ടിയും, പഞ്ചായത്തു പ്രസിഡണ്ടായി ശ്രീമതി മേഴ്സി മാത്യുവും ജനപ്രതിനിധികളായി ശ്രീമതിമാർ റോസിലി പൗലോസ്, ഷെർളി ജോസ്, ജെസ്സി വർഗ്ഗീസ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

1912-ൽ പരിയാരത്ത് ആരംഭിച്ച വിദ്യാലയത്തിലെ പ്രഥമാധ്യാപിക ചെർപ്പണത്ത് പി.ഒ. റോസക്കുട്ടിയായിരുന്നു. യാഥാസ്ഥിതികത്വവും, കൂട്ടുകുടുംബസമ്പ്രദായവും സാമ്പത്തി കപരാധീനതയും സ്ത്രീയെ 'അടുക്കളക്കാരികളും വീടാംകൂട്ടിൽ കുടുങ്ങും തത്തമ്മകളുമാക്കിത്തീർത്തു എന്നേ പറയേണ്ടൂ. അതുകൊണ്ടായിരിക്കണം ഉന്നത വിദ്യാഭ്യാസം നേടിയ വനിതകൾ നമുക്കില്ലാതെ പോയത്. എന്നിരുന്നാലും ഈ പഞ്ചായത്തിൽ ഞങ്ങൾക്കു അഭിമാനിക്കാവുന്ന റാങ്കു ജേതാക്കളുണ്ട്.

സാഹസികതയിലും നമ്മുടെ വനിതകൾ ഒട്ടും പിന്നിലല്ല. സ്വജീവൻ പോലും തൃണവൽഗണിച്ചുകൊണ്ട് കിണറ്റിൽ വീണു മരണത്തോടു മല്ലടിച്ച പിഞ്ചു ബാലികയെ അത്ഭുതകരമായി രക്ഷിച്ചതിന് രാഷ്ട്രപതിയിൽനിന്നും 'ജീവൻരക്ഷാപഥക്' ഏറ്റുവാങ്ങിയ ഇരിങ്ങാമ്പിള്ളി വള്ളിക്കുട്ടിയെന്ന വനിതാ ഗ്രാമത്തിന് അഭിമാനമാണ്. കായികരംഗവും നമ്മുടെ വനിതകൾ കയ്യടക്കിയതിന് തെളിവുണ്ട്. കേരള സംസ്ഥാന കായികമൽസരത്തിൽ സ്വർണ്ണമെഡൽ

ജേതാവായ വി.ഡി. വിൻസി, സ്വപ്ന പത്മനാഭൻ പനപ്പറമ്പിൽ തുടങ്ങിയവർ പരിയാരത്തിന്റെ വിലമതിക്കാനാവാത്ത മുത്തുകളാണ്.

1995 - 96 വർഷങ്ങളിലെ സർവ്വേ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 58% വും സ്ത്രീകളാണ്. പട്ടികജാതിക്കാർക്കിടയിലും പുരുഷന്മാരേക്കാൾ അധികവും സ്ത്രീകളാണ്. ഈ സ്ത്രീ പുരുഷ അനുപാതമാകട്ടെ സംസ്ഥാനജില്ലാ ശരാശരിയേക്കാൾ കൂടുതലുമാണ്. പക്ഷേ, പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കണക്കെടുത്താൽ ആൺകുട്ടികളാണ് കൂടുതൽ.

പട്ടിക

| അപ്പർപ്രൈമറി | | ഹൈസ്ക്കൂൾ | |
|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ |
| 737 | 548 | 1688 | 1226 |

സേവനവേതനരംഗങ്ങളിലുമുണ്ട് ഈ അന്തരം. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വളരെ കുറവാണ്. സ്ത്രീകൾക്കു മാത്രമായി നടത്തുന്ന ചെറുകിട, വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല എന്നു പറയാം. തൊഴിൽരഹിതമാണ് ഭൂരിപക്ഷവും. പഞ്ചായത്തിലെ 2500 പുരുഷന്മാർ തൊഴിൽരഹിതരാണെങ്കിൽ സ്ത്രീകൾ 3595 ആണ്. കാർഷികമേഖലയിലായാലും ഈ വിടവ് അപ്രകാരം തന്നെ. കെട്ടിടം പണിക്കുവേണ്ടിയും കമ്പനിപ്പണിക്കുവേണ്ടിയും പട്ടണങ്ങളിൽ ചേക്കേറുന്ന വനിതാതൊഴിലാളികളും വിരളമാണ്. ഇവിടെ കരിങ്കൽ ക്വാറികളിൽ ഏകദേശം അഞ്ഞൂറോളം സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ട്. വനിതാസംരംഭമായി എടുത്തുപറയാവുന്നത് ആകപ്പാടെ 5-ാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു നൂൽനൂൽപ്പ് കേന്ദ്രമാണ്. അതിൽ 67 സ്ത്രീകൾ തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും മെച്ചമായ ഒരു വേതനവ്യവസ്ഥയില്ലെന്നുള്ളത് വേദനാജനകമാണ്. കമ്മീഷൻ വ്യവസ്ഥയിൽ റോൾഡ്ഗോൾഡ് ആഭരണം പണിത് തുച്ഛമായ വരുമാനം ലഭിക്കുന്നവരും, തയ്യിൽ വേല ചെയ്തു അർദ്ധപട്ടിണിയിൽ കുടുംബം പുലർത്തുന്ന വനിതകളും, സ്വകാര്യസ്ഥാപനത്തിൽ ബീഡി തെറുത്ത് ജീവിതം തള്ളിനീക്കുന്ന വനിതകളും നമ്മുടെ പഞ്ചായത്തിന്റെ സ്വകാര്യദുഃഖങ്ങളാണെന്ന് പറയാതെ നിവർത്തിയില്ല.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ കൊണ്ടുവന്നാൽ ചൂഷണത്തിൽ നിന്നും ചൂഷകരിൽ നിന്നും ഇവരെ മോചിപ്പിക്കാം. ഗാർഹികവേലകൾ ചെയ്യുന്ന വനിതകൾ ഏകദേശം 8% വരും. മൃഗസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും കുറവല്ല. D.W.C.R.A , വനിതാ വികസനകോർപ്പറേഷൻ വനിതാ സഹകരണ സംഘങ്ങൾ, ജില്ലാവ്യവസായ കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള ഏജൻസികൾ വഴി സ്ത്രീകളെ സംഘടിപ്പിച്ച് അവർക്ക് തൊഴിൽ നല്കാൻ സാധിച്ചാൽ സാമ്പത്തിക ഭദ്രത ഒരു പരിധിവരെ ഉറപ്പാക്കാൻ കഴിയും.

പൊതുപ്രവർത്തനരംഗങ്ങളിൽ സ്ത്രീകളുടെ എണ്ണം താരതമ്യേന കുറവാണ്. കേരളസംസ്ക്കാരം തന്നെ സ്ത്രീക്ക് പലതിലും വിലക്ക് കല്പിച്ചിരുന്നുവല്ലോ. അതിന്റെ മായാത്ത മുദ്ര അവളിൽ രൂഢമൂലമായിരുന്നതുകൊണ്ടും, എന്തിനും ഏതിനും കരുവാക്കുന്നതും

ബലിയാടാകുന്നതും സ്ത്രീയായതുകൊണ്ടുമായിരിക്കാം അവൾ അവളിലേക്കു തന്നെ വലിഞ്ഞുപോകുന്നത് എന്നാൽ സാക്ഷരകേരളത്തിൽ സ്ത്രീ അവളുടെ ശക്തി മനസ്സിലാക്കി പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. സമ്പൂർണ്ണാസാക്ഷരതാ യത്നത്തിൽ മുന്നണി പ്രവർത്തകരായി വന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. മദ്യനിരോധനത്തിനുവേണ്ടി പ്രയത്നിച്ച വനിതകളും പരിയാരം പഞ്ചായത്തിലുണ്ട്.

വളരെ പണ്ട് സമൂഹത്തിൽ സ്ത്രീക്കായിരുന്നു മുൻതൂക്കം എന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ടെങ്കിലും കാലത്തിന്റെ കുത്തൊഴുക്കിൽ പലതും - അലറിക്കുതിച്ചെത്തുന്ന പുരോഗമനത്തിന്റെ അലകളിൽപ്പെട്ട് തകിടം മറിഞ്ഞ കൂട്ടത്തിൽ സ്ത്രീ സ്വാതന്ത്ര്യവും അവളുടെ മനകരുത്തും മുങ്ങിത്താണു. രക്ഷപ്പെടുവാൻ ഒരു കച്ചിത്തുമ്പുപോലും കിട്ടാത്ത അവസ്ഥയിൽ മുങ്ങിപൊങ്ങുന്നു. ഇന്നവൾ ഉപഭോഗവസ്തുവായി മാറി സ്ത്രീ സൗന്ദര്യം സോപ്പിലൂടെയും പൽപ്പൊടിയിലൂടെയും വിറ്റ് പണപ്പെട്ടികൾ തീർക്കുന്ന കോടീശ്വരന്മാർ. മാധ്യമങ്ങളിൽ സ്ത്രീ കാഴ്ചവസ്തുവായി മാറിയിരിക്കുന്നു. ചില രാഷ്ട്രീയക്കാരുടെയും പോലീസിന്റേയും കളിപ്പാട്ടങ്ങൾ. ആർക്കും ഇഷ്ടംപോലെ തട്ടിതെറിപ്പിക്കാം. സ്ത്രീ സമൂഹത്തിൽ ഒന്നുമല്ലാതായിരിക്കുന്നു.

പൊതുപ്രവർത്തന മേഖലകളിൽ സ്ത്രീകൾക്ക് അർഹമായ അംഗീകാരം നല്കുകയും സാമൂഹിക ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും ആണെങ്കിൽ സ്ത്രീക്ക് സമൂഹത്തിൽ ആരോഗ്യകരമായ ഒരു ചുറ്റുപാട് വളർത്തിയെടുക്കാൻ സാധിക്കും. എന്നാൽ അഭ്യസ്തവിദ്യരായ വനിതകൾ പോലും ഈ രംഗത്തേയ്ക്ക് കടന്നുവരാൻ മടിക്കുന്നത് എന്തുകൊണ്ടാണ്? ചിന്തിക്കേണ്ട സംഗതിയാണ്. സൂഷ്മമായി അപഗ്രഥിച്ചാൽ ഈ ഉൾ ചലിവിന്റെ കാരണം - അവളെ - വീട്ടിലും നാട്ടിലും വരിഞ്ഞുകെട്ടുന്ന പുരുഷമേധാവിത്വം തന്നെയാണെന്ന് നിസ്സംശയം പറയാം.

വായനാശീലം സ്ത്രീകളിൽ വളർത്തിയെടുക്കേണ്ടത് ഇതിന്റെ ഒരത്യാവശ്യഘടകമാണ്. സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ചും കഴിവുകളെക്കുറിച്ചും അവൾക്കുതന്നെ ബോധമുണ്ടാകണം. അതിലുള്ള ഒരേയൊരു പോംവഴി അവരെ വിദ്യാസമ്പന്നരാക്കുക എന്നതാണ്. ' ശക്തി സ്വരൂപിണിയാണ് താൻ' എന്ന അറിവ് അവളെ ആത്മവിശ്വാസമുള്ളവളാക്കുക. ഇതിനുപകരിക്കുമാറ് വനിതാ വായനശാലകൾ പഞ്ചായത്തിൽ സ്ഥാപിക്കുന്നത് വായിച്ച് വളരാൻ അവളെ പ്രാപ്തയാക്കും.

സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീ പങ്കാളിത്വമുള്ള ഈ പഞ്ചായത്തിൽ 6 മഹിളാ സമാജങ്ങളും 27 അംഗനവാടികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 6 മഹിളാ സ്വസ്ത് സംഘങ്ങളുമുണ്ട്. വനിതാശിശുക്ഷേമമാണ് ഇതിന്റെയൊക്കെ ലക്ഷ്യം. സ്ത്രീകൾക്കുവേണ്ടി പോഷകാഹാരവിദ്യാഭ്യാസം ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും നാളെയുടെ വാഗ്ദാനങ്ങളായ ശിശുക്കൾക്ക് പോഷകാഹാരം, രോഗപ്രതിരോധ കുത്തിവയ്പ്പുകൾ മുതലായവ നടത്തുകയും ചെയ്യുന്നു. ഈ സംവിധാനങ്ങളിൽക്കൂടി സ്ത്രീകളെ നേതൃത്വനിരയിലേയ്ക്ക് ഉയർത്തികൊണ്ടുവരാൻ സാധിക്കും.

ഖാദിബോർഡിന്റെ കീഴിൽ സ്ത്രീകളുടെ നേതൃത്വത്തിൽ ഒന്നാം വാർഡിൽ പ്രവർത്തിച്ചിരുന്ന ഒരു നൂൽനൂൽപ്പുകേന്ദ്രം അടച്ചുപൂട്ടിയിട്ട് വർഷങ്ങളേറെയായി അവിടെയുണ്ടായിരുന്ന കെട്ടിടം പോലും ഇന്ന് അവശേഷിക്കുന്നില്ല. 30 സെന്റ് സ്ഥലം സ്വന്തമായി ഉണ്ട്. അതിനെ പുനരുദ്ധരിച്ചാൽ വളരെയധികം യുവതികൾക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാകാൻ ഇടയുള്ള ഒരു മേഖലയാണ്.

583

## പ്രായാടിസ്ഥാനത്തിൽ ദമ്പതികൾ

| | | | | |
|---|---|---|---|---|
| 15 വയസ്സുമുതൽ | | 19വരെ | | 30 |
| 20 | " | 24 | " | 465 |
| 25 | " | 29 | " | 702 |
| 30 | " | 34 | " | 624 |
| 35 | " | 39 | " | 564 |
| 40 | " | 44 | " | 322 |
| അമ്മമാരുടെ എണ്ണം | | | | 2562 |
| ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | | | | |
| 1 കുട്ടിയുള്ള അമ്മമാർ | | | | 419 |
| 2 | " | | | 1303 |
| 2-ൽ കൂടുതൽ | | " | | 840 |
| കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ:-) | | | | |
| 1 കുട്ടിയുള്ള അമ്മമാർ | | | | 233 |
| 2 | " | | | 1245 |
| 2-ൽ കൂടുതൽ | | " | | 801 |

### പ്രശ്നങ്ങൾ

1. സ്ത്രീകളെ പൊതുരംഗത്തേയ്ക്ക് വിടുതിനുള്ള സമൂഹത്തിന്റെ വിമുഖത
2. മദ്യവ്യവസായം
3. മാധ്യമങ്ങളിലെ സ്ത്രീ ചിത്രീകരണം
4. അശ്ലീല പരസ്യങ്ങൾ
5. സ്ത്രീധനം വാങ്ങൽ
6. സ്ത്രീ പീഡനം
7. വിശ്രമമില്ലാത്ത അധ്വാനം
8. സേവനവേദനതരംതിരിവുകൾ
9. പുരുഷമേധാവിത്തം
10 അടിമത്ത മനോഭാവം

11 സർക്കാരിന്റെ വിവേചനം
12 അംഗനവാടി ടീച്ചർമാർ
13 തൊഴിലില്ലായ്മ
13 പ്രാഥമികസൗകര്യങ്ങൾ ഇല്ലാത്ത അംഗനവാടികൾ
14 ശരിയായ നേതൃത്വമില്ലായ്മ

സാധ്യതകൾ

1. വനിതാ ബോധവൽക്കരണ ക്ലാസുകൾ
2. സമ്പൂർണ്ണ മദ്യനിരോധനം
3. വനിതാസഹകരണ സംഘങ്ങൾ
4. അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക.
5. പരസ്യം മാധ്യമങ്ങളിൽ നിരോധിക്കുക
6 സ്ത്രീകൾക്കുമാത്രമായി സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.
7. വാർഡുകൾ തോറും ക്രെഷ് അനുവദിക്കുക.
8 അംഗനവാടികളുടെ ഉത്കൃഷ്ടമായ നടത്തിപ്പിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക.

# സംസ്ക്കാരം

കടന്നുപോയ നല്ല നാളയെ ഓർത്ത് സ്മരണകൾ അയവിറക്കി കഴിയുന്ന മാതൃത്വത്തിന് മകുടോദാഹരണമാണ് പരിയാരം പഞ്ചായത്ത്. പതി മുതൽ ഓരം വരെ വ്യാപിച്ചുകിടക്കുന്നതെന്ന അർത്ഥത്തിലാകണം പതിയോരം എന്ന സ്ഥല നാമത്താൽ അലംകൃതമായത്. പിന്നീട് പതിയാരം എന്നും പരിയാരം എന്നും വികല്പന പ്രയോഗിച്ച് ഇന്ന് പരിയാരം എന്നു സർവ്വസമ്മതമായിരിക്കുന്നു.

എവിടെ നോക്കിയാലും ഗതകാല ഐശ്വര്യത്തിന്റെ വടുക്കളും നഷ്ടപ്രഭകളും കാണാമെന്ന ചരിത്രവസ്തുത ഒളിച്ചുവയ്ക്കുന്നില്ല. ഏകദേശം 700 കൊല്ലം പഴക്കമുള്ള പരിയാരം വിഷ്ണു ക്ഷേത്രവും ചേരമാൻ പെരുമാക്കന്മാരുടെ കാലത്ത് സ്ഥാപിക്കപ്പെട്ട മണ്ണുംപുറം ശിവക്ഷേത്രവും പഴമയുടെ തെളിവുകളാണ്. കൊച്ചി രാജത്താവഴിയിലെ കാവുത്തമ്പുരാന്റെ കാലത്താണ് മണ്ണുംപുറം ശിവക്ഷേത്രം അന്യാധീനപ്പെട്ടത് ഈ ചരിത്ര വസ്തുതകൾ പ്രദേശത്തിന്റെ പഴമയും പ്രതാപവും  വിളിച്ചറിയിക്കുന്നു. ഒരു ക്ഷേത്രകുളത്തിന്റെ എല്ലാ യോഗ്യതയും തികഞ്ഞതാണ് ഇന്നത്തെ ബാലിക്കുളം. കാലത്തിന്റെ കൂലംകുത്തിൽ പെട്ടോ, പ്രകൃതിയുടെ ആഘാതത്തിൽ പെട്ടോ എന്നറിയില്ല മേലുദ്ധരിച്ചവയൊഴികെ 200 കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള സംസ്ക്കാര പൈതൃകങ്ങൾ ഒന്നുതന്നെ ഇന്ന് കണ്ണള മൂറിയാതെ ശേഷിക്കുന്നില്ല എന്ന ദുഃഖസത്യം അവശേഷിക്കുന്നു.

ഈ നവയുഗ സംസ്ക്കാരത്തിന്റെ യവനിക ഉയരുമ്പോൾ കേളികൊട്ടായി നിലകൊള്ളുന്നത് പരിയാരം ക്രൈസ്തവ ദേവാലയമാണ്. 19-ാം നൂറ്റാണ്ടിൽ ഇവിടെ ഗവൺമെന്റ് ഗ്രാന്റോടെ വർത്തിച്ചിരുന്ന ഒരു വിദ്യാലയവും അതിൽ ജോലി ചെയ്തിരുന്ന 3 അദ്ധ്യാപകരേയും ആദരവോടെ സ്മരിക്കട്ടെ! മാമ്പ്രാത്തോട് ഗുരുകുലം ഈ സംസ്ക്കാര പാച്ചിലിലെ ഒരു നാഴികക്കല്ലാണ്. പരിയാരം പള്ളിയിൽ വർത്തിച്ചിരുന്ന ഗ്രാന്റ് സ്ക്കൂൾ പിന്നീട് ഇന്നത്തെ സെന്റ്ജോർജ്ജ് ഹൈസ്ക്കുൾ സ്ഥിതി ചെയ്യുന്നിടത്തേയ്ക്ക് മാറിയതായി രേഖകൾ തെളിയിക്കുന്നു. ഇതിനായിരിക്കണം ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പരിയാരം സെന്റ്ജോർജ്ജ് ഹൈസ്ക്കുളിന്റെ ആരംഭ ചരിത്രസൂചന.1966 – ൽ കേവലം രണ്ടു ഡിവിഷനായി ആരംഭിച്ചതാണ് മറ്റൊരു ഹൈസ്ക്കുളായ കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൃഷി, കച്ചവടം, വ്യവസായം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ തൃശൂർ ജില്ലയിലെ മറ്റേതൊരു ഗ്രാമത്തോടും കിടപ്പിടിക്കത്തക്ക യോഗ്യതയും ഈ ഗ്രാമത്തിനുണ്ടായിരുന്നു എന്നത് നിസ്തർക്കമാണ്.

പരിയാരത്തെ മുഴിക്കക്കടവിൽ 20–ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെ ജലമാർഗ്ഗമുള്ള ഈറ്റ, മുള എന്നീ വ്യവാസായം നടന്നിരുന്നതാണ്.

ഭൂഉടമ (Land Lord) എന്ന പദവിയിൽ ടെലഫോൺ ഡയറക്ടറിയിൽ അടുത്തകാലം വരെ പദവി നല്കിയിരുന്ന വ്യക്തിയും പരിയാരത്തു തന്നെ ആയിരുന്നു. കണ്ണപ്പിള്ളി ലോനപ്പൻ ലോനകുഞ്ഞിയാണത്.

എന്തിനേറെ പറയുന്നു 20–ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ അദ്ധ്യാപകർ, എൻജിനീയർ, ഡോക്ടർ, വക്കീൽ, പുരോഹിതൻ, മുൻസിഞ്ഞ്ദോർ ആദായ നികുതി കമ്മീഷണർ, വകുപ്പുമേധാവികൾ എന്നീ തലത്തിൽ നാനാതുറയിലും പെട്ടവരാൽ അതിനിവേശിത

പ്രദേശമായിരുന്നു പരിയാരം. ഇന്ന് പരിയാരം ഗ്രാമസഭാതിർത്തിയിലെ ഏറ്റവും വലിയ കലാകാരൻ ജോണി മാഖായേലാണ്, പാവക്കൂത്ത്, ശില്പകല എന്നിവയാണ് മുഖമുദ്രകൾ.

ശിക്കാർ ഹോബിയാക്കിയിരുന്ന ജോൺ F. കോലഫ് ബ്രിട്ടീഷ് പൗരനും പിന്നീട്, ഇന്ത്യൻ പൗരത്വം സ്വീകരിച്ച വ്യക്തിയുമാണ്.

ആവശ്യം സൃഷ്ടിയുടെ മാതാവാണ്. നാളുകൾ കഴിഞ്ഞു പരിയാരത്തുനിന്ന് ജനങ്ങൾ കൃഷി സ്ഥലങ്ങളായ കുറ്റിക്കാട്, മോതിരക്കണ്ണി, തുമ്പാക്കോട് എന്നിവിടങ്ങളിൽ താമസിച്ച് കൃഷി ചെയ്യാൻ നിർബന്ധിതരായി. ദൈനംദിന ജോലിയുടെ കൂട്ടത്തിൽ ഈശ്വരപൂജക്കു ദേവാലയവും വേണ്ടി വന്നു. 1919 –ൽ സ്ഥാപിക്കപ്പെട്ട കുറ്റിക്കാട് പള്ളി, തുടർന്ന് സ്ക്കൂൾ 1966 ആയപ്പോം ..ും ഒരു ഹൈസ്ക്കൂളായി മാറി. പ്രതിവർഷം നൂറുകണക്കിന് വിദ്യാർത്ഥികൾ ..S.L.C കഴിഞ്ഞിറങ്ങിത്തുടങ്ങി. അതിന്റെ സ്വാധീനം ഉൽസവത്തെയും തിരുനാളുകളേയും ഉയർത്തി. കഥകളി, ഓട്ടംതുള്ളൽ, ഹരികഥ, നാടകം എന്നിങ്ങനെ ഏതെങ്കിലും ഒന്ന് വലിയ പാടം ക്ഷേത്രോത്സത്തോടനുബന്ധിച്ച് അവതരിപ്പിക്കൽ ചടങ്ങായിത്തീർന്നു. പഞ്ചവാദ്യം – നാഗസ്വരം തുടങ്ങിയവയും ഉൽസവത്തിന് ചാരുതയാർന്നിരുന്നു.

കുറ്റിക്കാട് പള്ളി തിരുനാളും ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് ഉയർന്നിരുന്നു. നകാരം, ബാന്റ്, പഞ്ചവാദ്യം, നാഗസ്വരം, ചെട്ടിമേളം എന്നീ വാദ്യങ്ങൾ തിരുനാളിന് നിറവും മിഴിവുമേകിത്തുടങ്ങി ഇന്ന് മുകുന്ദപുരം താലൂക്കിൽ വെച്ച് ചിട്ടയായി നടക്കുന്ന വലിയ ആഘോഷം എന്നു പറഞ്ഞാൽ വാസ്തവം മാത്രമായിരിക്കും. തുടർന്ന് തുമ്പാക്കോട്, മോതിരക്കണ്ണി പള്ളികളും തിരുനാളുകൾ വാർഷികാഘോഷം എന്ന നിലക്ക് മോടിക്കൂട്ടാനും തുടങ്ങി

"നിന്റെ തുന്നൽവേല തന്നിലെത്തിയാൽ
നിനക്കു തങ്കമുദ്ര കിട്ടു മെട്ടു കാലി നിശ്ചയം"

എന്ന ആപ്തവാക്യം ഈ ദേശവികസന സൊസൈറ്റികളുടെ കാര്യത്തിൽ ഏറെക്കുറെ ശരിയാണ്. ഈ ദശാംബ്ദത്തിൽ ഈ ഗ്രാമത്തിന്റെ മുഖച്ഛായ പരിഷ്ക്കരണത്തിൽ സാരമായ പങ്കുവഹിക്കുന്ന ഒരു സേവനസന്നദ്ധസംഘടനയാണ് "അവാർഡ്" എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. Appex Volentry Agency for Rural Development. എന്നാണിതിന്റെ പൂർണ്ണനാമധേയം.

മാനവവിഭവശേഷി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ കുറ്റിക്കാട് K.A.C.S. ഓഡിറ്റോറിയം പണികഴിപ്പിച്ചു. 1000–ത്തോളം പേർക്കിരുന്ന് കലാപരിപാടികൾ ആസ്വദിക്കുവാൻ കഴിയാവുന്ന പഞ്ചായത്തിലെ ഏകസ്ഥാപനമാണ് ഇത്. പഞ്ചായത്തിലെ ഓരോ വാർഡിലേയും ഓരോ ഗ്രാമവികസന സൊസൈറ്റികളായി രൂപീകരിച്ചിരിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒട്ടും മോശമല്ലാത്ത സംഭാവനയാണ് പരിയാരത്തിന്റേത്. നാല്പതുകളിലെ കർഷകസംഘം പോലുള്ള ജനകീയ മുന്നേറ്റത്തിന്റെ അലയൊലികൾ പരിയാരത്തു ഉണ്ടായിരുന്നു. പരേതരായ ശ്രീ. M.I കുട്ടൻ, Dr.J.ആച്ചാട്ട്, ശ്രീ. T.K അച്യുതൻ വൈദ്യർ, ശ്രീ. V.V. ദാമോദരൻ, P.C പൈലകുട്ടി, വയറോണി തുടങ്ങിയവർ ഇതിനു നേതൃത്വവും ലാളനയും നല്കിയവരാണ്.

അമ്പതുകളുടെ മദ്ധ്യത്തിൽ പരേതനും, അദ്ധ്യാപകനുമായിരുന്ന ശ്രീ. P.K പോൾമാസ്റ്റർ പോട്ടക്കാരൻ. M.L.A. M.L.E. എന്നീ നിലകളിൽ പ്രശോഭിച്ചിരുന്ന വ്യക്തിയാണ്. ശീലക്കുടക്ക് നികുതി ചുമത്തിയതിൽ പ്രതിഷേധിച്ച കേരളത്തിന്റെ തനിമയായ ഓലക്കുടയുമായി നിയമസഭയിലേക്ക് യാത്ര നടത്തിയ വ്യക്തിയാണദ്ദേഹം. അദ്ദേഹത്തിൽനിന്നും ആവേശം എറ്റുവാങ്ങി

കോൺഗ്രസ് പ്രസ്ഥാനത്തിൽ ചേക്കേറിയവരും കുറവായിരുന്നില്ല. ആനമല കൂട്ടുകൃഷി സഹകരണസംഘ സ്ഥാപകനായ അരിയമ്പറമ്പത്ത് ഭാസ്ക്കരമേനോൻ അക്കാലത്ത് പരിയാരം പഞ്ചായത്തു മെമ്പർ കൂടിയായിരുന്നു. കേരളത്തിലെ ഉന്നതരായ പല വ്യക്തികളുടെയും വിഹാരരംഗമായിരുന്നു പരിയാരം ശ്രീ. A.K ജി, ശ്രീ. C അച്യുതമേനോൻ തുടങ്ങിയവർ ഗണത്തിൽപ്പെടുന്നു. പരിയാരം കുന്നിന്റെ പ്രകൃതി ഭംഗി പി. ഭാസ്ക്കരനേപ്പോലുള്ളവരെ ആകർഷിക്കാനും ഇടയായിട്ടുണ്ട്.

വിദ്യാലയങ്ങളുടെ വളർച്ചയും വിദ്യാഭ്യാസത്തിന്റെ വ്യാപ്തിയും സംസ്ക്കാര രംഗത്തെ പാടേ തകിടം മറിച്ചു. പുതുമഴയത്ത് തകരയെന്ന കണക്കിൽ അഹമിഹയാ കലാസമിതികൾ രൂപംകൊണ്ടു. പലതിനോടും ചേർന്ന് വായനാസൗകര്യങ്ങളുമുണ്ടായി. വാർഷികാഘോഷം ഒരു നിർബന്ധച്ചടങ്ങെന്ന രൂപത്തിലായി. നാടകമോ ഗാനമേളയോ ഇല്ലാതെ വാർഷികമില്ലെന്നായി. ഏകദേശം എൺപതുകൾ വരെ ഈ നില തുടർന്നിരുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ വൻസ്വാധീനം കലാസമിതികളിൽ ജനസ്വാധീനം കുറച്ചുതുടങ്ങി. അതോടെ കൂട്ടായ പ്രവർത്തനത്തിന്റെ ആവേശം കുറഞ്ഞു. നിർബന്ധമെങ്കിൽ പണം സ്വരൂപിച്ച് സിനിമയോ നാടകമോ വരുത്തി വാർഷികം ആഘോഷിക്കുന്ന നിലയിലേക്കു ഉയർന്നു. നാടൻ കലാരൂപങ്ങളുടെ തളർച്ചയ്ക്കു ഇതു മാത്രമല്ല കാരണം വിദ്യാലയങ്ങളിൽ കലാപരിപാടികൾക്ക് ആഴ്ചയിൽ ഒരു പിരേഡെങ്കിലും ഉപയോഗിച്ചിരുന്നു. പരിഷ്ക്കരണത്തിൽ സ്ക്കൂൾ സമയ വിവര പട്ടികയിൽ പാഠ്യേതര കലാസംസ്ക്കാര പ്രവർത്തനങ്ങളുടെ പ്രസക്തി നാമാവശേഷമായി. അറിഞ്ഞോ അറിയാതെയോ ഇന്ന് കലാസമിതികളുടെ വാർഷികാഘോഷത്തോട് വലിയ താല്പര്യം കാണുന്നില്ല. ഉണ്ടെങ്കിൽ തന്നെ അത് അംഗങ്ങളിൽ ഒതുങ്ങുന്നു എന്നതും ഇതിന്റെ പ്രത്യേകതയാണ്.

ഒരു ഗ്രാമത്തിന്റെ സുസ്ഥിതിയ്ക്കും നിലനിൽപ്പിനും പറ്റിയ മാർഗ്ഗം കുതിച്ചുയരുന്ന യുവശക്തിയെ കേന്ദ്രീകരിച്ച് വിന്യസിക്കലാണ്. അതിനുള്ള ഉപാധിയാണ് ക്ലബുകളും കലാസമിതികളും പലപ്പോഴും ഒരാവേശതള്ളൽ രൂപീകൃതമാകുന്ന ഇത്തരം കലാസമിതികളിൽ പലതും ലക്ഷ്യത്തിനൊത്ത് പൂക്കുകയോ കായ്ക്കുകയോ ചെയ്യാറില്ല. പലപ്പോഴും അനഭിലഷണീയ പ്രവർത്തനങ്ങളുടെ വിളനിലമായി ത്തീരുകയും ചെയ്യാറുണ്ട്. ഈ പൊതുതത്വത്തിൽനിന്ന് അന്യമല്ല ഇവിടത്തേയും സ്ഥിതി എങ്കിലും പലതും നല്ലനിലയി പ്രവർത്തിക്കുന്നവയും ജനോപകാര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കഴിയുന്നവയുമാണ്.

സംസ്ക്കാര സമിതികൾ മൂന്നെണ്ണം ഉണ്ട്. അതിലൊന്ന് എല്ലാ നിലയിലും പൂർണ്ണത നേടി എന്നു പറയാം. മറ്റുള്ളവയ്ക്കു കെട്ടിടം ഗ്രാന്റ് എന്നിവയുടെ അപര്യാപ്തതകൊണ്ട് ശ്വാസം മുട്ടുകയാണ് .

പരിയാരം C.L.C. സംഘടന ജൂബിലിക്ലബ്, C.Y.M. ക്ലബ്, യുവധാര ക്ലബ് തുടങ്ങിയവയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഇവരുടെ പ്രവർത്തനഫലമായി 100 ൽ അധികം പേർക്ക് കാഴ്ചയും രക്തവും ദാനം ചെയ്യാൻ കഴിഞ്ഞു എന്നത് മഹത്തായ കർമ്മം തന്നെ. രക്തദാനഗ്രൂപ്പിൽ 500-ൽ അധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് സേവനസന്നദ്ധത വിളിച്ചറിയിക്കുന്നു.

1959-ൽ ജനങ്ങളുടെ ശ്രമദാനത്താൽ പണിതീർത്തതാണ് Y.M.A. കുറ്റിക്കാട് എന്ന സ്ഥാപനം. പരിയാരം ഉദയകലാസമിതിയും നല്ല ഒരു അമേച്ച്വർ നാടകവേദിയായിരുന്നു.

| ക്രമ No: | പേര് | സ്ഥലം | വാർഡ് |
|---|---|---|---|
| 1 | യുവധാര ആർട്സ് & സ്പോർട്സ് ക്ലബ് | പരിയാരം | I |
| 2 | ശിവജി ആർട്സ് ക്ലബ് | പരിയാരം | III |
| 3 | വിൽസ് ക്ലബ് | തുമ്പാക്കോട് | IV |
| 4 | യംഗമെൻ അസോസിയേഷൻ | കുറ്റിക്കാട് | V |
| 5 | ഫാർമേഴ്സ് ക്ലബ് | " | V |
| 6 | യുവശക്തി ക്ലബ് | " | V |
| 7 | ജൂബിലി ആർട്സ് & സ്പോർട്സ് ക്ലബ് | " | V |
| 8 | മുല്ല ആർട്സ് & സ്പോർട്സ് ക്ലബ് | " | V |
| 9 | സേവന ആർട്സ് & സ്പോർട്സ് ക്ലബ് | " East | V |
| 10 | സംഘം ആർട്സ് & സ്പോർട്സ് ക്ലബ് | കുറ്റിക്കാട് | VI |
| 11 | യംഗ്മെൻ ആർട്സ് & സ്പോർട്സ് ക്ലബ് | കാഞ്ഞിരപ്പിള്ളി | VII |
| 12 | സോഷ്യൽ ക്ലബ് ലൈബ്രറി അന്ത്രക്കമ്പാടം | അന്ത്രക്കമ്പാടം | VIII |
| 13 | ബോധി കലാസമിധി | കൊന്നക്കുഴി | VIII |
| 14 | ബിന്ദു ആർട്സ് ക്ലബ് | തുമ്പൂർമുഴി | VIII |
| 15 | ബാലിക്കുളം ന്യൂ കേരള ആർട്സ് | മോതിരക്കണ്ണി | X |
| 16 | ഫാർമേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ് | " | X |
| 17 | നേതാജി ക്ലബ് | കുറ്റിക്കാട് | V |

ഒരു പ്രദേശത്തിന്റെ സമഗ്രജ്ഞാനത്തിന് നിർണ്ണായക സ്വാധീനമാണ് ദൃശ്യമുവ്യ മാധ്യമങ്ങൾക്കുള്ളത്. എന്നാൽ പുരാതനവും ജനകീയവുമായ ജ്ഞാനസമ്പാദനരീതി വായനയാണല്ലോ. കാലത്തിന്റെ കോലം മറിച്ചിലിൽ വായനയുടെ ചൂടും ശുഷ്ക്കാന്തിയും പാടെ കുറഞ്ഞു. ദിനപ്പത്രങ്ങൾപ്പോലും ലഘുവായനയിൽ കഴിച്ചുകൂട്ടുന്നു. വിജ്ഞാനമണ്ഡലത്തെ ആകെ പ്രകമ്പനം കൊള്ളിക്കുന്ന ഒരു പ്രതിഭാസമാണിത്. വായനയ്ക്കു താല്പര്യമില്ല പുസ്തകങ്ങളോടും പ്രസിദ്ധീകരണങ്ങളോടും ആഭിമുഖ്യമില്ല. ഇതിൽനിന്ന് ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു. ഏകദേശം 1200 ദിനപ്പത്രങ്ങളാണ് ഇന്ന് ഈ ഗ്രാമപഞ്ചായത്തതിർത്തിയിൽ വിതരണം നടത്തുന്നത്. മനോരമ, മാതൃഭൂമി, ദീപിക, എക്സ്പ്രസ്സ്, ദേശാഭിമാനി, കേരളകൗമുദി, മംഗളം, രാഷ്ട്രദീപിക, കേരളടൈംസ് എന്നിവയാണ് പത്രങ്ങൾ. ആഴ്ചപതിപ്പുകൾ, മാസികകൾ എന്നിവയുടെ സ്വാധീനവും മോശമല്ല.

മനോരമ, മാതൃഭൂമി, മംഗളം, കുങ്കുമം, പൂമ്പാറ്റ, കലാകൗമുദി, ബോബനും മോളിയും, ചിത്രഭൂമി, നാന, സിനിമാമാസിക എന്നിവയാണ് ഈ രംഗത്ത് ആദിപത്യം ഉറപ്പിച്ചിരിക്കുന്നവ. ഏതു ഭാവവും സ്വന്തമാക്കാനും സ്വന്തമെന്നപോലെ കരുതി പ്രവർത്തിക്കാനുള്ള കഴിവൊന്നു

വേറെയാണ്, ആയത് കരഗതമാകുന്നത് വായനയിലൂടെയാണ്. ആയതിനാൽ പ്രോത്സാഹനമർഹിക്കുന്ന രംഗമാണിത്.

ഗ്രാമീണ സർവ്വകലാശാലകളെന്ന ഖ്യാതിക്ക് അർഹമായ വായന ശാലകൾ എണ്ണത്തിലും വണ്ണത്തിലും എന്നു വേണ്ട പ്രവർത്തനത്തിലും തുലോം പിന്നോക്കമാണെന്ന് സമ്മതിക്കാതെ തരമില്ല. അറിയാനും പഠിക്കാനും ആഗ്രഹിക്കുന്നവരുടെ സംഖ്യ പരിമിതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാവരിലും തിളയ്ക്കുന്ന തിരക്കാണ്. എല്ലാം ഗുളിക പ്രായത്തിൽ മതി. അതിനാൽ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ ചുവട് പിടിച്ചുള്ള പരക്കം പാച്ചിൽ ചില്ലറയൊന്നുമല്ല. ആയതിന്റെ അതിപ്രസരം ഗ്രാമീണ ജീവിതത്തിന്റെ ശുദ്ധിയേയും ശാലീനതയേയും പാടെ തകിടം മറിച്ചുകൊണ്ടിരിക്കുകയാണ്.

പ്രധാന വായനശാലകളും അവ സ്ഥിതി ചെയ്യുന്ന വാർഡുകളും

| ക്രമ No: | പേര് | വാർഡ് |
|---|---|---|
| 1 | പരിയാരം ഗ്രാമീണ വായനശാല | III |
| 2 | അക്ഷര ഗ്രാമീണ വായനശാല | IV |
| 3 | യംഗ്മെൻ ഗ്രാമീണ വായനശാല കുറ്റിക്കാട് | V |
| 4 | സോഷ്യൽ ക്ലബ് ലൈബ്രറി അന്ത്രക്കമ്പാടം | VIII |
| 5 | ഉദയ കേരള ലൈബ്രറി മോതിരക്കണ്ണി | X |

1955-ൽ രൂപീകൃതമായ അന്ത്രക്കമ്പാടം സോഷ്യൽ ക്ലബ് ലൈബ്രറി ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും B. Grade ൽ പെടുന്നതുമാണ് ഏകദേശം 7000 ൽ പരം പുസ്തകങ്ങളുണ്ട്. പഞ്ചായത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാലയാണ് ഈ സ്ഥാപനം.

1953-ൽ രൂപീകൃതമായതാണ് പരിയാരം ഗ്രാമീണ വായനശാല. സ്വന്തമായി കെട്ടിടവുമുണ്ട്. തുമ്പക്കോട് പള്ളിയിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ വഴി ഇതിനകം 40 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. C.L.C. യുടെ മദ്യനിരോധനപ്രവർത്തനവും ശുഭോദർക്കമാണ്.

കലാസാംസ്ക്കാരിക കായിക രംഗങ്ങളിൽ വളർന്നു വരുന്ന പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് 17 ക്ലബുകളും, 8 ദേശം വികസന സമിതികളും 6 വായന ശാലകളും 3 സാംസ്ക്കാരിക കലാകേന്ദ്രങ്ങളും 3 ഹരിജൻ കോളനി T.V. സെന്ററുകളും ഒരു പൗരസമിതിയും ഈ ഗ്രാമപുനഃനിർമ്മാണത്തിലും വികസനത്തിലും കഴിവത് സഹകരിക്കുകയും അർപ്പിക്കുകയും ചെയ്യുന്നുണ്ട്.

പണ്ടുമുതൽക്കേ പരിയാരം ബാന്റ് കമ്പനി പ്രസിദ്ധമായിരുന്നു. ഇന്നും അവ നാമാവശേഷമായിട്ടില്ല എന്നു മാത്രം. ട്രൂപ്പുകളുടെ എണ്ണം കൂടിയിട്ടില്ല

തലമ, കിളിക്കിളി, തുകല്ഇട്ടുകളി, പശുവും പുലിയും, പെട്ടിയും, മേശയും, കുട്ടിയും കോലും എന്നിങ്ങനെയുള്ള നാടൻകളികൾ മാനസികാല്ലോസത്തിനും കായികശേഷിക്കും തുലോം പര്യാപ്തമെത്രേ?

കൊയ്ത്ത്, ഞാറ്റടി, തുടങ്ങിയ കാർഷിക വേലക്ക് ഈ ഗ്രാമതല ശക്തി ഒന്നു വേറെ തന്നെയാണ്. ഇപ്പോഴും മറ്റു പ്രദേശങ്ങളിലേക്ക് ഇവിടെ വന്ന് കർഷക തൊഴിലാളി സ്ത്രീകളെ ദത്തെടുക്കാറുണ്ട്. തദവസരത്തിലെ അവരുടെ നാടൻ ശീലുകൾ നമ്മുടെ പുരാതന നാടൻ പാട്ടു സാഹിത്യത്തിലെ മുതൽക്കൂട്ടുകളാണ്.

ഓണക്കളി, കുമ്മിയടി, തുമ്പിതുള്ളൽ, ചവിട്ടുനാടകം, കോൽക്കളി, പരിചമുട്ട് ലഘുനാടകം, പാവക്കൂത്ത്, മാർഗ്ഗംകളി, പഠനവായന, മുടിയാട്ടം എന്നീ കലാവിശേഷങ്ങൾ ഗ്രൂപ്പ്തിരിഞ്ഞ് മത്സരിച്ച് അവതരിപ്പിച്ചിരുന്നതാണ്. കാലപ്പഴക്കം കൊണ്ട് വന്ന ഗൃഹപ്പിഴയും അല്ലെങ്കിൽ മോഡേൺ അല്ലെന്ന ചിന്തയാകും അവയെ വിസ്മൃതി ആഴ്ത്തി കളഞ്ഞത്. ജനഹൃദയങ്ങളിലെ സൗഹൃദവും ഐക്യവും ശാലീനതയും നിലനിറുത്താൻ ഇവയുടെ വീണ്ടെടുപ്പ് അത്യാന്താപേക്ഷികയാണ്.

## കായികരംഗം

' ആരോഗ്യമുള്ള ശരീരത്തിലെ ഉണർവ്വുള്ള മനസ്സുണ്ടാകു. ' എന്നാണല്ലോ വിശ്വാസം. ആരോഗ്യത്തിനും ഉണർവ്വിനും, ജീവിതത്തിലെ അച്ചടക്കത്തിനും ആണിക്കല്ലും മൂലക്കല്ലും ഏകാഗ്രതയാണ്. ആ ഏകാഗ്രത ലഭിക്കുന്നത് കായിക അഭ്യാസത്തിൽ നിന്നാണ്. തേവുമ്പോൾ ഈണത്തിൽ എണ്ണിയിരുന്നതും, ഞാറുനടുമ്പോൾ, പുല്ലുപറിക്കുമ്പോൾ ഒക്കെ നാടൻ പാട്ടുകളും കുത്തുപാട്ടുകളും പാടിയിരുന്നത് കായികാദ്ധ്വാനഭാരം അറിയാതെ മനസ്സിനെ ആ കലയിൽ പിടിച്ചുനിർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു.

കുറ്റിക്കാട് പരിയാരം എന്നിവിടങ്ങളിൽ സ്ക്കൂളിനോടനുബന്ധിച്ച് ഓരോ മൈതാനങ്ങളുണ്ടെന്നത് ശുഭോദർക്കമാണ്. തുമ്പോക്കോടും മോതിരക്കണ്ണിയിലും നാമമാത്രമായെങ്കിലുമുണ്ട്. ഫുട്ബോൾ, ബാന്റ്മിന്റൺ, വോളിബോൾ എന്നീ കളികൾ മറഞ്ഞു പോയ്ക്കൊണ്ടിരിക്കയാണ്. ക്രിക്കറ്റ് സ്ഥാനം പിടിച്ചെടുത്തു.

'ടീൻഏജൻസ്' കഴിഞ്ഞവർ യുവത്വത്തിന്റെ മൂർദ്ധന്യത്തിലെത്തിയവർ ഇതിലും ഉൾപ്പെടാതെ മാറിയിരുന്ന് പ്രേക്ഷകരാകുന്ന അവസ്ഥ തുലോം പരിതാപകരമാണ്. ആലസ്യത്തിന് വാതിൽ തുറന്നിട്ട് പരദൂഷണം 'ഓൾസെയിൽ' ആയി ഇരിക്കുന്ന വരെ നമുക്കൊന്ന് മോചിപ്പിക്കേണ്ടയോ എന്ന ചിന്തയ്ക്ക് അടിസ്ഥാനമില്ലാതില്ല. ചെറുപ്പത്തിലെ ഈ കായികവിദ്യയോട് അഭിരുചി ഊട്ടി വളർത്താത്തതാണിതിനു കാരണം. പ്രൈമറി ക്ലാസ്സുമുതൽ ശാരീരികാഭ്യസനം നിർബന്ധവിഷയമാക്കുകയും പരീക്ഷ ഏർപ്പെടുത്തുകയും ചെയ്താലെ മുൻപറഞ്ഞ മോചനം സാധിക്കൂ. മാത്രമല്ല സ്വതസിദ്ധ പ്രതിഭകളെ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും കഴിയും.

## മതസൗഹാർദ്ദം

എല്ലാ മതവിഭാഗങ്ങളും ഉൾക്കൊള്ളുന്ന പ്രദേശമാണ് പരിയാരം. ജനസംഖ്യയിൽ ഭൂരിഭാഗവും ക്രിസ്ത്യാനികളായിരിക്കുമെങ്കിലും സവർണ്ണാവർണ്ണമേധാവിത്വ വിരോധമില്ലാതെ ഉത്സവങ്ങളിലും ആഘോഷങ്ങളിലും മതത്തിലും വിവാഹത്തിലും പരസ്പരം പങ്കെടുക്കുകയും സൗഹാർദ്ദം നിലനിർത്തുകയും ചെയ്യുന്നു. പുരോഗമന കലാസാഹിത്യവേദി,

ശാസ്ത്രസാഹിത്യപരിഷത്ത്, ശാസ്ത്രപഥം, പൗരസമിതി, പുരോഗമനസാമൂഹ്യസംഘടനകളുടെ പ്രവർത്തനം ഈ സൗഹാർദ്ദത്തെ പാലൂട്ടി വളർത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. സ്ത്രീകളിലെ വായനാശീലം നാമമാത്രമാണ്. വായിക്കുന്നത് തന്നെ പലപ്പോഴും നീണ്ടകഥകളും പൈങ്കിളിമാസികകളും.
2. എല്ലാവർക്കും ലഘുവായന മതി, എല്ലം ഗുളിക പ്രായത്തിലായാൽ അത്രയും നന്ന്. ഓർമ്മിക്കുന്ന ശീലം കുറഞ്ഞ് വരുന്നു.
3. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം സമൂഹത്തെ കാർന്നു തിന്നുന്നു.
4. ആരംഭക്കാലെ പ്രോത്സാഹിപ്പിക്കുന്ന പ്രവണതയില്ല.
5. സാമ്പത്തിക പരാധീനതയാണ് അമേച്വർ നാടകങ്ങളുടെ വളർച്ചയ്ക്കു തടസം. സമൂഹത്തിന് ആ ചിന്തയില്ല.
6. കലാസമിതികൾ, വായനശാലകൾ തുടങ്ങിയ സാംസ്ക്കാരിക കേന്ദ്രങ്ങൾക്കു നൽകുന്ന ധനസഹായം അപര്യാപ്തമാണ്.
7. കായിക പരിശീലനം നിർബന്ധമാക്കണം. ആലസ്യവും നിരുത്തരവാദിത്വവും ഭൂഷണമെന്ന ചിന്ത വരുത്തും.
8. സ്പോർട്സ് ക്ലബുകൾ, വായനശാലകൾ എന്നിവയ്ക്ക് സ്വന്തം കെട്ടിടമുണ്ടെങ്കിലും വൈദ്യുതി നല്കുന്നതിൽ കാലതാമസത്തിൽ മാറ്റമില്ല.
9. പഴക്കമുള്ള രേഖകളോ ചരിത്രമോ എഴുതി സൂക്ഷിക്കുന്ന പതിവില്ല.
10. നാഗരീകതയുടെ അതിപ്രസരത്താൽ അയൽവീടുകളുമായുള്ള ബന്ധത്തിലും ഹൃദയഐക്യത്തിലും വിടവ്.
11. ആശ്രയത്തബോധം കുറഞ്ഞുവരുന്നു.
12. ആദരണീയവ്യക്തികളെ ബഹുമാനിക്കുന്നതിന് ഇസങ്ങളുടെ മതിൽക്കെട്ടുകൾ തടസ്സം സൃഷ്ടിക്കുന്നു.
13. പഴയകലകളേയും സാഹിത്യത്തേയും പുനരുദ്ധരിക്കണം.
14. സാംസ്ക്കാരിക കലാസമിതികളോട് ചിറ്റമ്മനയം പാടില്ല.

## സാദ്ധ്യതകൾ

1. ഗ്രാമതല സാംസ്ക്കാര കേന്ദ്രം ആരംഭിക്കുക. അവയുടെ മേൽനോട്ടത്തിൽ സഞ്ചരിക്കുന്ന വായനശാലകൾ ഏർപ്പെടുത്തുക. അനുബന്ധിച്ച് Information കേന്ദ്രവും ആരംഭിക്കുക.
2. ചെറുപ്പത്തിലെ മനപ്പാഠമാക്കുന്ന സ്വഭാവം ഊട്ടി വളർത്തുക. അക്ഷരശ്ലോകം, അഷ്ടാംഗഹൃദയ എന്നിവ പഠിച്ച് ചൊല്ലുന്ന മത്സരങ്ങൾ ഏർപ്പെടുത്തുക.
3. കേബിൾ T.V നികുതി എർപ്പെടുത്താം. ഗ്രാമസഭ കേന്ദ്രമാക്കി പ്രാചീന കലാതല്പര സമിതികൾക്ക്

593

രൂപംകൊടുക്കുക.

4. കേരളോത്സവം പോലുള്ള മത്സരങ്ങൾ നാമമാത്രമാക്കാതെ തികഞ്ഞ ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തുക. കായികമത്സരങ്ങൾക്ക് മുൻതൂക്കം നൽകുക. പ്രൈമറി തലത്തിൽ നിർബന്ധമാക്കുക.

5. കലാതല്പര സമിതികൾ മദ്യവിരുദ്ധസമിതി, രക്തദാനസമിതി, നേത്രദാനസമിതി, വായനശാലകൾ എന്നിവ കൂടുതൽ എണ്ണം പെരുപ്പിക്കുന്നതിനേക്കാൾ മാനദണ്ഡമനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് മോശമല്ലാത്ത ഗ്രാന്റ് നല്കുക. കെട്ടിടനിർമ്മാണത്തിന് ധനസഹായം നൽകുകയോ ദേശം സമിതികളോട് അനുബന്ധിച്ച് പ്രവർത്തിക്കുക. മാന്യമായ ഗ്രാന്റ് അനുവദിക്കുക.

6. വൈദ്യുതി അനുവദിക്കുന്നതിൽ മുൻഗണന വേണം.- കലാസമതി വായനശാല എന്നിവയ്ക്ക്.

7. ചരിത്രവും ചരിത്രകാരന്മാരും ബഹുമാനിക്കപ്പെടുന്ന സംസ്ക്കാരം വളർത്തണം - അറിഞ്ഞ് അഭിനന്ദിക്കുന്ന സ്വഭാവം വേണം.

8. പൊതു സാംസ്ക്കാരിക സംഘടനയ്ക്ക് നികുതിയിളവ് നിയമപ്രാബല്യം നല്കി അവതരണം പ്രോത്സാഹിപ്പിക്കുക.

9. പ്രാചീനകലകളും, രേഖകളും ശില്പങ്ങളും തേടി പിടിച്ച് ഏല്പിക്കുന്നവർക്ക് പാരിതോഷികം നല്കണം.

10. ലൈബ്രറി ബസ് പഞ്ചായത്തിലെ ലൈബ്രറികൾക്കായി വിനിയോഗിക്കണം.

# സഹകരണം

ഇംഗ്ലണ്ടിലെ മാഞ്ചെസ്റ്റർ നഗരത്തിലെ ടോഡ് ലെയിനിൽ സഹകരണപ്രസ്ഥാനം ആദ്യമായി നാമ്പെടുത്തത്. ഇന്ത്യയിൽ 1904ൽ ആദ്യത്തേതും 1912ൽ രണ്ടാമത്തേതുമായ സഹകരണ സംഘങ്ങൾ നിലവിൽവന്നു. ഭാരതത്തിൽ കർഷകസമൂഹത്തെ കടബാദ്ധ്യതയിൽനിന്ന് മോചിപ്പിക്കുക എന്ന ഉൾക്കാഴ്ചയായിരുന്നു കൂട്ടായ്മസംഘങ്ങളുടെ രൂപീകരണത്തിനു പ്രേരകമായത്.

## വായനാസംഘങ്ങൾ

പരിയാരം പഞ്ചായത്തിൽ ഇന്നു കർഷക ജനതയുടെയും ഇതരവിഭാഗത്തിന്റെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിലും സാമ്പത്തിക ആവശ്യങ്ങൾ നിർവഹിക്കുന്നതിലും വലിയ പങ്ക് വഹിക്കുന്നത് 1947–ൽ വളരെ പരിമിതികളോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ട രണ്ടുസംഘങ്ങളാണ് ഇവയിൽ ഒന്ന് എലിഞ്ഞിപ്ര പരിയാരം സഹകരണസംഘം ക്ലിപ്തം എന്ന പേരിലാണ് സ്ഥാപിതമായത്. 28.5.1976 ലാണ് ഈ ബാങ്ക് 593 – ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് ആയിതീർന്നത്. സംഘത്തിന്റെ സ്ഥാപകപ്രസിഡണ്ട് ദിവംഗതനായ പടിഞ്ഞാക്കര ദേവസി അഗസ്റ്റിയും സർവ്വീസ് സഹകരണ ബാങ്ക് ആവുമ്പോഴത്തെ പ്രസിഡണ്ട് സമീപകാലത്ത് യശഃശരീരനായ മൂത്തേടൻ വറീത് അന്തോണിക്കുട്ടി മാസ്റ്ററുമായിരുന്നു. ആദ്യകാലത്ത് കാർഷികവായ്പകൾക്കു പുറമേ ഒരു ലിഫ്റ്റ് ഇറിഗേഷൻ പരിപാടിയും വിജയകരമായി നടത്തി വരുന്നു. ബാങ്കിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. കെ. ജെ. ഉറുമീസ് മാസ്റ്റർ കല്ലേലിയും. സ്ഥാപനത്തിൽ മൊത്തം 20 ജീവനക്കാർ ത്യാഗപൂർണ്ണമായ സേവനം ചെയ്തു വരുന്നു.

### കുറ്റിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്

ഒരു സാധാരണ സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ട കുറ്റിക്കാട് ബാങ്ക് 1947 –ൽ ആണ് പ്രവർത്തനം ആരംഭിച്ചത് എന്നാൽ സർവ്വീസ് സഹകരണ സംഘമായി ഉയർത്തപ്പെട്ടതും കാർഷികമേഖലയ്ക്ക് കൂടുതൽ സഹായം എത്തിക്കാൻ പ്രാപ്തമായതും 16-8-1961ലാണ്. സംഘത്തിന്റെ പ്രമോട്ടറും ആദ്യപ്രസിഡണ്ടും സർവ്വീസ് സഹകരണ ബാങ്കായപ്പോൾ പ്രസിഡണ്ടു പദം അലങ്കരിച്ചിരുന്നതും എല്ലാം കാലയവനികക്കുള്ളിൽ മറഞ്ഞ കെ. കെ. ദേവസിക്കുട്ടി കാവുങ്കൽ ആയിരുന്നു. കേവലം 437 അംഗങ്ങളും 5581 രൂപ ഓഹരി മൂലധനവും ഉണ്ടായിരുന്ന പിന്നീടുള്ള വളർച്ച പെട്ടെന്നായിരുന്നു. 1983–ൽ ഫാർമേഴ്സ് സർവ്വീസ് സഹകരണബാക്കായി ഉയർത്തപ്പെട്ടു. 1984 –ൽ ബാങ്കിന്റെ ഒരു ശാഖ കുറ്റിച്ചിറയിൽ ആരംഭിച്ചു. ഇപ്പോൾ 85 കർഷകകുടുംബങ്ങളുടെ 60 ഏക്കർ സ്ഥലത്തേയ്ക്ക് പ്രയോജനപ്പെടുന്ന ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി DRDA യുടെ സഹായത്തോടെ സ്ഥാപിച്ച് വിജയകരമായി നടത്തിവരുന്നു. സംഘത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് എം. സി. ആന്റണി മാസ്റ്റർ മോരേലിയാണ്. ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലുമായി 29 ജീവനക്കാർ ഇടപാടുക്കാരെ സഹായിക്കാൻ അരയും തലയും മുറുക്കി നിൽക്കുന്നു. കേരകർഷകരെ സഹായിക്കാനായി നടപ്പെടുന്ന കെട്ടുതെങ്ങ് പദ്ധതി പ്രവർത്തിക്കുന്ന അതിവിരളമായ സംഘങ്ങളിൽ ഒന്നാണിത്. ഓഹരിക്കാരുടെ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ രണ്ടു ബാങ്കുകളും പ്രതിമാസകുറികൾ നടത്തുന്നുണ്ട്. രണ്ടു വായ്പാ സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളുടെ ഒരു താരതമ്യനപഠനം താഴെ കൊടുക്കുന്നുണ്ട്.

595

| വായ്പസംഘത്തിന്റെ പേര് | പരിയാരം സർവ്വീസ് സഹകരണബാങ്ക് | കുറ്റിക്കാട് സർവ്വീസ് സഹകരണബാങ്ക് |
|---|---|---|
| പ്രവർത്തനം ആരംഭിച്ച വർഷം | 1947 | 1947 |
| ആകെ അംഗങ്ങൾ | 7885 | 9423 |
| സർക്കാർ ഓഹരി | 8300 | 10000 |
| നിക്ഷേപങ്ങൾ സ്ഥിരം | 3,82,24,686 | 3,90,43,102 |
| ഹ്രസ്വകാലനിക്ഷേപം | 19,80,796 | 72,69,678 |
| പരമാവധി കടം എടുക്കാവുന്ന തുക | 10,39,15250 | 8,43,66,920 |
| കാർഷികവായ്പകൾ | 44,38,155 | 1,10,73,385 |
| കാർഷികേതവായ്പകൾ: | | |
| ഗോൾഡ്ലോൺ | 57,80,040 | 1,28,85,223 |
| സാധാരണ വായ്പകൾ | 1,98,27,043 | 2,25,82,458 |
| സെക്യൂവേഡ് ലോൺ | 17,23,236 | - |
| ഐ. ആർ. ഡി.പി ലോൺ | - | 4,98,327 |
| ബ്രാഞ്ചുകൾ | 2 | 1 |
| വളഡിപ്പോകൾ | 3 | 3 |
| കൻസ്യൂമർസ്റ്റോർ | - | 2 |
| ജൗളിവ്യാപാരം | 1 | 1 |
| ലിഫ്റ്റ് ഇരിഗേഷൻ | - | 1 |

## സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

ഓരോരുത്തരും എല്ലാവർക്കും വേണ്ടിയും എല്ലാവരും ഓരോരുത്തർക്കും വേണ്ടിയും എന്ന അംഗീകൃത തത്വം സഹകരണ രംഗത്ത് പ്രാവർത്തികമാകാൻ പൂർണ്ണഅർത്ഥത്തിൽ സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഡയറക്ടർ ബോർഡ് തെരഞ്ഞെടുപ്പിലും ഉദ്യോഗനിയമങ്ങളിലും കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരവും സ്വജനപക്ഷപാതവും സംഘങ്ങളെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ലക്ഷ്യത്തിൽനിന്ന് വഴി തെറ്റിക്കുകയാണ് ചെയ്യുന്നത്. തെരഞ്ഞെടുപ്പുകൾ രാഷ്ട്രമോ അല്ലാത്തതോ ആയ രീതികളിൽ നടന്നാലും മത്സരം കഴിയുമ്പോഴെങ്കിലും വൈകാരികമായി ഒന്നിക്കാൻ സാധിക്കാത്തതും തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ഉറപ്പിക്കുന്നതിനുവേണ്ടി അംഗത്വം പരിമിതപ്പെടുത്തുന്നതും സഹകരണം സമ്പൂർണ്ണതയിൽ നടപ്പാക്കുന്നതിന് വിനയാകുന്നുണ്ട്. പക്ഷിപരിഗണനകൾ വച്ചുകൊണ്ട് വകഞ്ഞു മാറ്റി നിർത്തപ്പെടുന്ന അംഗത്വാർത്ഥികളുടെ പേർക്ക് സംഘങ്ങളിൽനിന്ന് ലഭിക്കേണ്ട വായ്പാസൗകര്യങ്ങളും മറ്റാനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു എന്നുള്ളത് ഒരു ദുഃഖസത്യം മാത്രമാണ്. പൊതുയോഗത്തിലും അല്ലാതെയും എതിർപക്ഷത്തിന്റെ നേരെ വസ്തുനിഷ്ഠമല്ലാത്ത വിമർശനങ്ങൾ തൊടുത്തുവിടുന്നതും, നിർദ്ദേശം ക്രിയാത്മകമാണെങ്കിലും എതിരാളിയുടേതാണെന്ന് കൊണ്ട് ഉത്തരക്ഷണത്തിൽ നിഷേധിക്കപ്പെടുന്നതും ഇന്ന് സഹകരണ രംഗത്ത് നിലനിൽക്കുന്ന വിനാശകരമായ പ്രവണതയാണ്.

സംഘങ്ങളുടെ കണക്കുകൾ യഥാകാലം ഓഡിറ്റിംഗ് കഴിഞ്ഞുകിട്ടാൻ ഉണ്ടാകുന്ന കാലതാമസം പ്രവർത്തനങ്ങളുടെ സുതാര്യത നഷ്ടമാക്കുന്നുണ്ട്. സംഘങ്ങളുടെ ധനദുർവിനിയോഗം നല്ല ലക്ഷ്യങ്ങൾക്ക് മങ്ങലേൽപ്പിക്കുമ്പോൾ സത്വര നടപടികൾ സ്വീകരിക്കാൻ സംവിധാനം ഉണ്ടാവേണ്ടതാണ്.

സാമ്പത്തിക സഹായ രംഗത്ത് നിലവിലുള്ള മുൻഗണനാക്രമങ്ങൾ തെറ്റിക്കുന്നതുകൊണ്ട് കർഷക ജനത ദുരിതമനുഭവിക്കേണ്ടിവരുന്നുണ്ട്. അത്രയും സംഖ്യയുടെ സഹായം ആ മേഖലയ്ക്ക് നിഷേധിക്കപ്പെട്ടു എന്നു മാത്രമല്ല ലഭിക്കുന്ന വായ്പകളുടെ സബ്സിഡിയും നബാഡിന്റെ സംജന്യങ്ങളും എടുത്തുമാറ്റപ്പെടുകയും ചെയ്യുന്നു. നിത്യദുരിതത്തിൽ കഴിഞ്ഞുകൂടുന്ന കർഷക ജനതയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പരിമിതമായ ആനുകൂല്യങ്ങളും നീക്കം ചെയ്യപ്പെടുന്നത് ക്രൂരമാണ്.

സഹകരണ രംഗത്ത് ഒട്ടാകെ കൂലംകഷമായ പഠനം നടത്തിയ എ.ഡി. ഗോർവാലെ അഭിപ്രായപ്പെട്ടത്. ' സഹകരണാ പരാജയപ്പെട്ടു, പക്ഷെ അതു വിജയിപ്പിക്കുകതന്നെ വേണ' എന്നാണ്

മേൽപ്രസ്താവിച്ച വൈകല്യങ്ങൾ ഒട്ടൊക്കെയുണ്ടെങ്കിലും ഉള്ള അംഗങ്ങൾക്ക് വായ്പ കൊടുക്കുന്ന കാര്യത്തിൽ രണ്ടു സർവ്വീസ് സംഘങ്ങളും ആർജ്ജവവും മികവും പുലർത്തുന്നുണ്ട്.

വികസിത രാജ്യങ്ങൾ പോലും ജനിതകവികാസത്തിലേക്കും ജൈവനിയന്ത്രണത്തിലേക്കും വഴിമാറികൊണ്ടിരിക്കുമ്പോൾ ഇന്ത്യക്കാരും കേരളീയരും പ്രകൃതി വിരുദ്ധങ്ങളെന്നു കണ്ടെത്തിയ രാസവള കീടനാശിനി പ്രയോഗങ്ങളിൽ മുഴുകി കഴിയുകയാണ്. കാർഷികവായ്പ എടുക്കുന്നവർക്ക് സംഘങ്ങൾ 20% വളമായേ കൊടുക്കൂ എന്ന വ്യവസ്ഥ ജൈവവളപ്രയോഗ സാദ്ധ്യത കുറയ്ക്കുകയാണ് ചെയ്യുന്നത്. രാസവള പ്രയോഗത്തിന് കർഷകരെ നിർബന്ധിതരാക്കുന്ന ഈ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുമെന്ന് ഓർക്കേണ്ട കാലം അധിക്രമിച്ചിരിക്കയാണ്.

## ആനമല കൂട്ടുകൃഷി സഹകരണ സംഘം.

1942-ൽ സ്ഥാപിതമായ ആനമല കൂട്ടുകൃഷി സഹകരണ സംഘമാണ് സ്വന്തമായി കൃഷിഭൂമിയുള്ളതും റബറും ഫലവൃക്ഷങ്ങളും നട്ടുവളർത്തി ആദായമെടുക്കുന്നതുമായ മറ്റൊരു സ്ഥാപനം 1958-ൽ തുമ്പൂർ മുഴിയിൽ 35-ഏക്കറോളം വെട്ടിക്കുഴിയിൽ 166-ഏക്കറും മലയോരഭൂമി ഈ സംഘത്തിന് പതിച്ചുകിട്ടുകയുണ്ടായി. വെട്ടിക്കുഴിയിൽ 25-ഏക്കർ സ്ഥലത്ത് റബർ കൃഷി നടത്തുകയും ബാക്കി സ്ഥലത്ത് തെങ്ങ്, കവുങ്ങ്, കശുമാവ് മുതലായ ഫലവൃക്ഷങ്ങൾ വളർത്തുകയും ചെയ്യുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു വായ്പേതരസംഘമാണ് ഇത്. കൂടാതെ ഔഷധ ഫലവൃക്ഷങ്ങളും ഔഷധ ചെടികളും ഇപ്പോൾ വളർത്തപ്പെടുന്നുണ്ട്. പച്ചക്കറികളും ഏത്തവാഴയും തുമ്പൂർമുഴിയിൽ ലാഭകരമായി കൃഷി ചെയ്തു വരുന്നുണ്ട്. പരിസ്ഥിതി സന്തുലിതാവസ്ഥ രക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള " നല്ല ഭൂമി " എന്ന സംഘത്തിന്റെ സംരംഭം ശ്രദ്ധേയമാണ് 1244 പേർ മെമ്പർമാരായുള്ള ഈ സംഘത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീ. എ.കെ ചന്ദ്രനാണ്.

## സഹകരണം മൃഗസംരക്ഷണരംഗത്ത്

മൃഗസംരക്ഷണ രംഗത്ത് വളരെ വിപുലമായ സാദ്ധ്യതകളാണ് കൂട്ടായ്മ പ്രക്രിയക്ക് ഉള്ളതെ ങ്കിലും നാമമാത്രമായേ ചൂഷണം ചെയ്യപ്പെടുന്നുള്ളൂ. ഇപ്പോൾ പഞ്ചായത്തിൽ ആകെ 1250

അംഗങ്ങൾ ഉൾക്കൊള്ളുന്ന നാല് ആപ്കോസ് ക്ഷീരസംഘങ്ങളാണ് നിലവിലുള്ളത് പരിയാരത്തെ ക്ഷീരശ്രോതസ്സ് ഉണർത്തുന്ന താല്പര്യം കൊണ്ടായിരിക്കാം അത്രയും തന്നെ സ്വാതന്ത്ര്യസംഘങ്ങളുടെ സ്ഥാപനങ്ങളും രംഗത്തുണ്ട്. ആപ്കോസ് സംഘങ്ങൾ സംഭരിക്കുന്നത് ഏകദേശം 1250 ലി. പാലാണെങ്കിൽ ഏതാണ്ടത്രയും തന്നെ സ്വകാര്യസംഘങ്ങളും സംഭരിക്കുന്നുണ്ട്. എന്നാൽ മീഗപരിപാലന രംഗത്ത് നടപ്പിലാക്കാവുന്ന സഹകരണ പരിപാടികൾ ഒന്നുമില്ല. കാലിത്തീറ്റ ഉൽപ്പാദനം മുട്ടക്കോഴി വളർത്തൽ മുയൽ വളർത്തൽ ക്ഷീരോല്പന്നനിർമ്മാണം തേനീച്ച വളർത്തൽ മുതലായവ ആദായകരവും ഒട്ടൊക്കെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായിരിക്കും. ഖാദിബോർഡിന്റെ ഒന്നാം വാർഡിൽ ഒഴിഞ്ഞുകിടക്കുന്ന 30 സെന്റ് സ്ഥലത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് തുടങ്ങാവുന്നതാണ്.

### റബ്ബർ ഉൽപാദകസംഘം

120 റബ്ബർ കർഷകർക്ക് അണകത്വമുള്ള ഒരു റബ്ബർ ഉൽപാദകസംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. റബ്ബർ ബോർഡിൽ നിന്ന് സൗജന്യനിരക്കിൽ ലഭിക്കുന്ന കർഷക ഉപാധിക അംഗങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ശാസ്ത്രീയ റബ്ബർ ടാപ്പിംഗ് നല്ല റബ്ബർ ഷീറ്റ് ഉൽപാദനം മണ്ണു പരിശോധന മുതലായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും കർഷകർക്ക് ശാസ്ത്രീയ റബ്ബർ കൃഷിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ ഒരുക്കുകയും ചെയ്യുന്നു. റബ്ബർ പാലും ഷീറ്റും സംഭരിക്കാനും വിപണനം നടത്താനും സഹകരണാടിസ്ഥാനത്തിൽ റബ്ബർ പാല് ഉപയോഗിച്ച് വ്യവസായ സംരംഭത്തിൽ ഏർപ്പെടാനും സാദ്ധ്യതകൾ ഉണ്ടെങ്കിലും സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതുകൊണ്ട് പ്രവർത്തന മൂലധനത്തിന്റെ അഭാവം കൊണ്ട് സാധിക്കുന്നില്ല. ഒട്ടേറെ റബ്ബർ കർഷകർ അംഗത്വം എടുക്കാത്തതും സുഗമമായ പ്രവർത്തനത്തിന് തടസ്സമാവുന്നുണ്ട്.

### പ്രശ്നങ്ങൾ

1 സർവ്വീസ് സഹകരണ ബാങ്കുകളിൽ അർഹമായ എല്ലാവർക്കും അംഗത്വം ലഭിക്കുന്നില്ല
2 പരിയാരം സർവ്വീസ് സഹകരണ ബാങ്കിന്റെ വ്യാപകാതിർത്തിയുടെ വൈപുല്യം വോട്ടു ചെയ്യാൻ അസൗകര്യമുണ്ടാക്കുന്നു.
3 സംഘങ്ങളുടെ കണക്കുകൾ ഓഡിറ്റു ചെയ്ത് കിട്ടുന്നതിലുള്ള കാലതാമസം പ്രശ്നമാകുന്നു
4 സംഘങ്ങളുടെ പൊതുയോഗങ്ങൾ നടക്കാത്തത് സംഘത്തിന്റെ പ്രവർത്തനത്തെപ്പറ്റി ഓഹരിക്കാർക്കുള്ള ധാരണ കുറയ്ക്കുന്നു എന്നു മാത്രമല്ല ബഡ്ജറ്റ് അനുവാദമില്ലാതെ അടുത്ത വർഷത്തെ ചിലവുകൾ ചെയ്യേണ്ടതായും വരുന്നു.
5 വായ്പകളുടെ മുൻഗണനാക്രമം തെറ്റിക്കുന്നത് ഏതു മേഖലയിലായാലും ദുരിതം അനുഭവിക്കേണ്ടി വരുന്നത് അടിസ്ഥാന ബാങ്കുകളുടെ അംഗങ്ങളാണ്
6 കാർഷിക വായ്പകളുടെ 20% വളമായേ കൊടുക്കു എന്നത് കർഷകന് ദോഷകരമാണ്
7 കാലിത്തീറ്റയ്ക്കും മറ്റും കുത്തകകമ്പനികളുടെ ഉൽപ്പന്നങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

### നിർദ്ദേശങ്ങൾ

1 സർവ്വീസ് സഹകരണ ബാങ്കുകളിൽ അർഹരായ എല്ലാവർക്കും അംഗത്വം നൽകണം.
2 പരിയാരം സർവ്വീസ് സഹകരണ ബാങ്കിന്റെ കിഴക്കും പടിഞ്ഞാറും അറ്റങ്ങൾ വരെ അകലെയായതുകൊണ്ട് ഡയറക്ടർ ബോർഡ് തെരഞ്ഞെടുപ്പിന് രണ്ട് പോളിംഗ്

സ്റ്റേഷനുകളെങ്കിലും പുതിയതായി സ്ഥാപിക്കണം.

3 കൂടുതൽ ഓഡിറ്റേഴ്സിനെ നിയമിച്ച് വർഷാവസാനത്തോടെ ഓഡിറ്റിംഗ് പൂർത്തിയാക്കണം.

4 അപ്രകാരം ഓഡിറ്റ് ചെയ്ത്കിട്ടുന്ന മുറയ്ക്ക് മൂന്നുമാസത്തിനുള്ളിലെങ്കിലും പൊതുയോഗം നടത്തണം

5 മുൻഗണനാമേഖലയ്ക്ക് നീക്കി വെച്ചിട്ടുള്ള സംഖ്യ അതാതു മേഖലകളിൽ തന്നെ പ്രാഥമിക ബാങ്കുകളും മേൽബാങ്കുകളും വിതരണം ചെയ്യുക.

6 ഗുണമേന്മയുള്ള ഫാക്ടറി നിർമ്മിത ജൈവവളങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതാതിടത്ത് കർഷകന് ലഭിക്കാവുന്ന പച്ചില വളം, ചാണകം മുതലായവ ഉപയോഗിക്കാൻ അവസരം ഉണ്ടാകുമാറ് രാസവളം ആവശ്യക്കാർക്ക് മാത്രം നിഷ്കർഷിക്കുക.

7 സഹകരണാടിസ്ഥാത്തിൽ മൃഗസംരക്ഷണത്ത് നടപ്പിലാക്കാവുന്ന പദ്ധതികൾ നടപ്പിലാക്കുക.

8 ക്ഷീരകർഷക സഹകരണാടിസ്ഥാത്തിൽ പ്രദേശികമായി ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ മിശ്രണയൂണിറ്റുകൾ ഉണ്ടാക്കുന്നതിന് സൗകര്യമുണ്ടാക്കുക.

9 പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിന് സംഘങ്ങൾ രൂപീകരിക്കേണ്ടതും അസംസ്കൃത ഉൽപ്പന്നങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

10 പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ പാൽ ഉപയോഗിച്ച് സഹകരണാടിസ്ഥാത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യേണ്ടതാണ്.

11 വനിതകൾക്ക് ഏർപ്പെടാവുന്ന തൊഴിലുകൾ ചെയ്യുന്നതിന് വനിതാസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

12 പഞ്ചായത്തിൽ കൈത്തറി ബീഡിത്തെറപ്പ് എന്നീ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

# വിദ്യാഭ്യാസം

**പരിയാരം ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് ഒരെത്തിനോട്ടം നടത്തിയാൽ പഴയ കാലഘട്ടത്തിന്റെ ക്ലേശകരവും പുതിയ കാലഘട്ടത്തിന്റെ സുഖസമ്പൂർണ്ണവുമായ ഒരു വിദ്യാഭ്യാസരീതി നമുക്ക് കാണുവാൻ സാധിക്കും. എങ്കിലും ഇന്നും ഈ പ്രദേശത്ത് വിദ്യാഭ്യാസ മേഖലയിൽ പോരായ്മകൾ അനവധി നിലനിൽക്കുന്നു. 18-ാം നൂറ്റാണ്ടിൽ നിരവധി ആശാൻ പള്ളികൂടങ്ങൾ ഈ പ്രദേശങ്ങളിൽ നിലനിന്നിരുന്നു. അന്നത്തെ വിദ്യാഭ്യാസത്തിന്റെ ആണിക്കല്ലും ഇത്തരത്തിലുള്ള ആശാൻ പള്ളികൂടങ്ങൾ തന്നെയായിരുന്നു. ആദ്യത്തെ അംഗീകൃത വിദ്യാലയം സെന്റ് ജോർജ്ജ് എൽ.എസ്.എസ്. 1912 - ൽ സ്ഥാപിതമായി. 50 വർഷങ്ങൾക്ക് മുമ്പ് മാമ്പ്രാത്തോട് ഗുരുകുലം നിലവിൽ വന്നു. സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പു തന്നെ 1946- ൽ പരിയാരം സെന്റ് ജോർജ്ജ് ഹൈസ്ക്കൂൾ നിലവിൽ വന്നു. 1996-ൽ അമ്പത് വർഷം പൂർത്തിയാക്കി സുവർണ്ണജുബിലി ആഘോഷിക്കുകയാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനവും ഇതുതന്നെയാണ്. ഇന്നത്തെ പരിയാരം കോടശ്ശേരി, അതിരപ്പിള്ളി, മേലൂത് തുടങ്ങിയ പഞ്ചായത്ത് പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രായം ഈ വിദ്യാലയം മാത്രമായിരുന്നു. നല്ല അച്ചടക്കമുള്ള ഒരു വിദ്യാലയമാണിത്. ഏറ്റവും കുടുതൽ പട്ടികജാതി വിദ്യാർത്ഥികളെ S.S.L.C പരീക്ഷയ്ക്ക് ഇരുത്തി ഈ വിദ്യാലയം തൃശൂർ ജില്ലയിൽ അവാർഡ് നേടിയിട്ടുണ്ട്. ഇവിടെ വിദ്യാഭ്യാസം നേടിയവരിൽ ഉദ്യോഗസ്ഥതലങ്ങളിലും ഉയർന്ന നിലയിലും എത്തിയിട്ടുള്ളവർ അനവധിയാണ്.**

**കോടശ്ശേരി പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ പുളിക്കര, ചായ്പൻകുഴി, വെട്ടികുഴി പ്രദേശങ്ങളിൽനിന്ന് 15 കി.മീ. വരെ ദൂരം ദിവസേന രാവിലെയും വൈകിട്ടും നടന്ന് പഠിച്ചാൽ അനേകമാണ്. ഏകദേശം 35 വർഷങ്ങൾക്ക് മുമ്പുള്ള അവസ്ഥ ഇതായിരുന്നു. കല്ലും മുള്ളും നിറഞ്ഞ വഴികളിലൂടെയായിരുന്നു അന്നത്തെ യാത്ര**

**ആദ്യകാല അദ്ധ്യാപകരിൽ കെ.ജെ. ജോസഫ് മാസ്റ്റർ പി.കെ പോൾ മാസ്റ്റർ(തിരുകൊച്ചി നിയമ സഭാംഗം) പി.എസ് രാമയ്യർ ചെറപ്പണത്ത് പാലി മാസ്റ്റർ എന്നിവരുൾപ്പെടുന്നു. ചിറപ്പണത്ത് റോസക്കുട്ടി ടീച്ചറാണ് പ്രഥമ വനിതാ അദ്ധ്യാപിക. ഇവിടത്തെ ആദ്യത്തെ ബി. എ. ക്കാരൻ ശ്രീ. മുത്തേടൻ ജേക്കബ് അവർകളാണ്. ആദ്യത്തെ ഡോ. ജേക്കബ് കണ്ണമ്പിള്ളി എൽ.എം.ബി യാണ്. വിലാസിനി എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന മൂർത്തനാട്ട് കൃഷ്ണൻകുട്ടി മേനോൻ പരിയാരം ഹൈസ്ക്കുളിലെ അദ്ധ്യാപകനായിരുന്നു.**

**പരിയാരം ഗ്രാമ പഞ്ചായത്തിന്റെ പ്രധാന ഭാഗമെന്ന് പറയാവുന്ന കുറ്റിക്കാട് പ്രദേശത്ത് സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്ക്കൂൾ സ്ഥാപിതമായത് 1101 മേടമാസത്തിലാണ്. അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ. ഗോവിന്ദമേനോൻ വളരെ പ്രഗൽഭനായിരുന്നു. 2000-ാം ആണ്ടിൽ 75 വർഷം പൂർത്തിയാക്കി പ്ലാറ്റിനം ജുബിലി ആഘോഷിക്കാൻ കാത്തിരിക്കുകയാണ് ഈ വിദ്യാലയം 1956-ൽ യു.പി സ്ക്കൂളായി ഉയർത്തപ്പെട്ടു. പ്രഥമ ഹെഡ്മാസ്റ്റർ പരിയാരത്തുനിന്നുള്ള കടമ്പാട്ടു പറമ്പിൽ ശ്രീ. കെ.കെ. ജോസ്മാസ്റ്ററായിരുന്നു. അകാലത്തിൽ ചരമമടഞ്ഞ അദ്ദേഹം ഈ വിദ്യാലയത്തിന്റെ ജീവാത്മാവും പരമാത്മാവുമായിരുന്നു. 1966-ൽ ഹൈസ്ക്കുളായി അപ്പ്ഗ്രേഡ് ചെയ്തു. ഭാഗ്യസ്മരണീയന്മാരായ അന്നത്തെ സ്ക്കൂൾ മാനേജർ റവ. ഫാ.ആന്റണി കിഴക്കൂടന്റെയും ഹെഡ്മാസ്റ്റർ ശ്രീ.കെ.കെ ജോസ് മാസ്റ്ററുടെയും അത്യുൾത്സാഹവും അന്നത്തെ കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രത്യേക താല്പര്യവുമാണ് ഇതൊരു ഹൈസ്ക്കുളായി ഉയർത്തുവാൻ കാരണമായത്. ഈ മൂവരും മൺമറഞ്ഞ് ഓർമ്മയിൽ മാത്രം തങ്ങിനില്ക്കുന്നു.**

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ എൽ.പി.സ്ക്കൂളും ഹൈസ്ക്കൂളും ഇവിടത്തെ വിദ്യാലയങ്ങൾ തന്നെയാണ്. രണ്ട് വിദ്യാലയങ്ങൾ തന്നെയാണ്. രണ്ട് വിദ്യാലയങ്ങളിലുമായി ഏകദേശം 90 അദ്ധ്യാപകരും 2800–ഓളം വിദ്യാർത്ഥികളുണ്ട് . ഈ ബൃഹത്തായ അംഗസംഖ്യ ഒരു പ്ലസ് ടു ഇവിടെ തുടങ്ങാനുള്ള സാദ്ധ്യത എടുത്തു കാണിക്കുന്നു. എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് എല്ലാ വർഷവും 400–ൽ താഴെ വിദ്യാർത്ഥികളെ ഇരുത്തി 90–ശതമാനത്തിലധികം വിജയശതമാനത്തിലെത്തിക്കുന്നത് സമീപപ്രദേശങ്ങളിൽനിന്നു പോലും വിദ്യാർത്ഥികൾ ഇവിടെ എത്തുന്നതിന് കാരണമാവുന്നു. നാൾക്കുനാൾ ഇവിടെ പ്രവേശനത്തിനുള്ള തിരക്ക് കൂടിവരുന്നു. വിദ്യാർത്ഥി സമരങ്ങൾ എത്തിനോക്കാത്ത വിദ്യാലയമാണിത്. ശക്തമായ പി.ടി.എ യും കർമ്മനിരതരായി രംഗത്തുണ്ട്. 1984 നവംബർ 1–ാം തിയ്യതി ഹൈസ്ക്കൂളിൽനിന്ന് L.P. സ്ക്കൂൾ വേർതിരിഞ്ഞു. എഴുപത് വർഷം പഴക്കം ചെന്ന L.P. സ്ക്കൂളിന്റെ കെട്ടിടം പൊളിച്ച് പണിയേണ്ട സ്ഥിതിയിലാണ് അതിനുള്ള ആലോചനകൾ നടന്നു വരുന്നു.

1972-73 വിദ്യാഭ്യാസവർഷത്തിലാണ് കൊന്നക്കുടി ഗവ: L.P. സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത് ബഹുജനപങ്കാളിത്തത്തോടെ ആരംഭിച്ച സ്ക്കൂളിന് ജെ. എച്ച് വില്യം എന്ന ആംഗ്ലോ ഇന്ത്യനാണ് ഒരേക്കർ സ്ഥലം സ്ക്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സൗജന്യമായി നൽകിയത്. എന്നാൽ ഒന്നാം ക്ലാസ് ആരംഭിച്ചതിനുശേഷം അടുത്തവർഷം വിദ്യാഭ്യാസവകുപ്പിന് കെട്ടിടം നിർമ്മിച്ചുകൊടുക്കാൻ സാധിക്കാതെ വന്നതിനെ തുടർന്ന് 1974 – ൽ അംഗീകാരം പിൻവലിച്ച് സ്ക്കൂൾ അടച്ചുപൂട്ടി. പഞ്ചായത്തിൽ കെട്ടിടം നിർമ്മിച്ച് നൽകാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 1990 സ്ക്കൂളിന് വീണ്ടും അംഗീകാരം ലഭിക്കുകയുണ്ടായി. 4 ക്ലാസ്സ്മുറികളോടു കൂടിയ കെട്ടിടം പഞ്ചായത്ത് ജെ. ആർ. വൈ. ഫണ്ട് ഉപയോഗിച്ച് പണിയുകയും 1991-92 വിദ്യാഭ്യാസവർഷം വീണ്ടും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെണ്ടിന്റെ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽപ്പെടുത്തി രണ്ടു മുറികൾ കൂടി പണിതു. ഇന്ന് യു. പി. സ്ക്കൂളായി ഉയർത്താനുള്ള എല്ലാ സാദ്ധ്യതകളുമുള്ള വിദ്യാലയമാണിത്. കളിസ്ഥലം, മൂത്രപ്പുര, കക്കൂസ് എന്നിവ വിദ്യാലയത്തിലുണ്ട്.

പഞ്ചായത്തിലെ മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളാണ് സെന്റ് ജോർജ്ജസ് യു.പി. സ്ക്കൂൾ വേളൂക്കര, സെന്റ് ജെ.ബി.സി.എൽ.പി. സ്ക്കൂൾ പരിയാരം, സെന്റ് ജോർജ്ജസ് എൽ.പി. സ്ക്കൂൾ പരിയാരം, എന്നിവ .

വിദ്യാഭ്യാസത്തിന് ഉന്നത നിലവാരം പുലർത്തുന്ന പ്രദേശമാണെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത സ്ഥിതിയാണ് ഇന്നുള്ളത്. കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിനോടനുബന്ധിച്ച് പ്ലസ് ടു തുടങ്ങേണ്ടത് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. അതുപോലെ തന്നെ സൗകര്യമുള്ള സ്ഥലത്ത് ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും ആവശ്യമാണ്. കോളേജ് വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ഈ പഞ്ചായത്തിന് അർഹിക്കുന്ന പരിഗണന ഇതുവരെ ലഭിച്ചിട്ടില്ല. ചാലക്കുടി, ഇരിങ്ങാലക്കുട തുടങ്ങിയ പട്ടണപ്രദേശങ്ങളെ ആശ്രയിച്ചാണ് ഉന്നത വിദ്യാഭ്യാസവും ഇന്ന് ലഭ്യമാവുന്നത്. ഇവിടത്തെ വിദ്യാർത്ഥികളെ സംബന്ധിച്ച് ഇത് യാത്രാക്ലേശത്തിനും ധനനഷ്ടത്തിനും സമയ നഷ്ടത്തിനും കാരണമാകുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. പ്രൈമറി സ്ക്കൂളുകളിൽ വായുസഞ്ചാരവും വെളിച്ചവും ഇല്ലാത്ത ക്ലാസ്സുമുറികളും കായികകഴിവുകൾ വളർത്തിയെടുക്കുന്നതിന് പര്യാപ്തമായ കളിസ്ഥലങ്ങളുടെ കുറവ് ഒരു പോരായ്മ തന്നെയാണ്. കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ സ്ക്കൂളിന്റെ പൊതുവിവരം, സ്ക്കൂളിന്റെ ഭൗതികകാര്യങ്ങളുടെ വിവരം, അക്കാദമികസൗകര്യങ്ങൾ, അക്കാദമിക്നിലവാരം, കുട്ടികൾക്കു ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം, സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം,ആവർത്തനസ്വഭാവമുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ എന്നിവയുലട

ഒരു സ്ഥിതി വിവര കണക്ക് അടുത്തുവരുന്ന പേജുകളിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിച്ചാൽ നമുക്ക് പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ ഒരു ഏകദേശ രൂപം മനസ്സിലാക്കാൻ സാധിക്കും.

1. പുതിയ സ്ക്കൂളുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കാനും എൽ.പി., യു.പി. സ്ക്കൂളുകൾ അപ്പ് ഗ്രേഡ് ചെയ്യാനും കഴിയാത്ത അവസ്ഥ.

2. അൺ എയ്ഡ്സ്, അണറെക്കഗ്നൈസഡ്സ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. ഇത് എയ്ഡ്സ് ഗവൺമെന്റ് സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയുവാൻ കാരണമാകുന്നു.

3. മിക്ക സ്ക്കൂളുകളുടെയും · ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. ( കക്കൂസ്, മൂത്രപ്പുര, കിണർ, പാചകപ്പുര, കളിസ്ഥലം).

4. ഉന്നത വിദ്യാഭ്യാസത്തിനൊ സാങ്കേതിക വിദ്യാഭ്യാസത്തിനൊ സൗകര്യമില്ല.

5. നല്ല റോഡുകളുടെ അഭാവം വിദ്യാർത്ഥികളുടെ സ്ക്കൂളുകളിലേയ്ക്ക് പോക്കുവരവിനെ ക്ലേശപൂർണ്ണമാക്കുന്നു.

6. എൽ. പി. സ്ക്കൂളുകളിലേയ്ക്ക് ഒരു കിലോമീറ്ററിലധികം നടക്കേണ്ട സ്ഥലങ്ങൾ ധാരാളമുണ്ട്.

7. വിദ്യാർത്ഥികളുടെ ബസ് യാത്ര ദുരിതം നിറഞ്ഞതാണ്. കണ്ടക്ടർമാർക്കും കിളികളും മോശമായി പെരുമാറുന്നു.

8. പ്രാദേശിക വിദ്യാലയങ്ങളിൽ പഠിക്കാതെ അകലെ പട്ടണങ്ങളിലുള്ള വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നതും ബസുകളിൽ വിദ്യാർത്ഥികളുടെ തിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

10. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത മിക്കസ്ക്കൂളുകളിലും നിലനിൽക്കുന്നു.

സാദ്ധ്യതകൾ

1. ഒന്നാം വാർഡിലെ പടിഞ്ഞാട്ടുമുറി ഹരിജൻകോളനി കേന്ദ്രീകരിച്ച് ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചാൽ പരിയാരം പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ളവർക്കും, കോടശ്ശേരി പഞ്ചായത്തിലുള്ളവർക്കും പ്രാഥമികവിദ്യാഭ്യാസം എളുപ്പമാകും.

2. കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിനോടനുബന്ധിച്ചും പരിയാരം സെന്റ് ജോർജ്ജസ് ഹൈസ്ക്കൂളിനോടനുബന്ധിച്ചും പ്ലസ് ടു ആരംഭിക്കേണ്ടത് ഉന്നതവിദ്യാഭ്യാസസൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണ്.

3 കുറ്റിക്കാട് കേന്ദ്രമായി ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം തുടങ്ങുക.

4. കൊന്നക്കുഴി ഗവഃ എൽ.പി സ്ക്കൂളും വലിയപാടം S.N.D.P എൽ.പി സ്ക്കൂളും യു.പി സ്ക്കൂളായി അപ്പ്ഗ്രേഡ് ചെയ്യുക.

5 കൊന്നക്കുഴി ഗവഃ എൽ.പി സ്ക്കൂളിന് കോമ്പൗണ്ട് വാൾ പണിയുക. വിദ്യാലയം സമഗ്രമായി മെയിന്റൻസ് നടത്തുക.

6 ഹൈസ്ക്കൂളുകളോടനുബന്ധിച്ച് കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുക.

7. കൂടുതൽ ബസ് സർവ്വീസുകൾ ഏർപ്പെടുത്തി വിദ്യാർത്ഥികളുടെ യാത്രാപ്രശ്നത്തിന് പരിഹാരം കാണുക.

8. എൽ.പി സ്ക്കൂളുകളോടനുബന്ധിച്ച് നൈസറി ക്ലാസ്സുകൾ തുടങ്ങുക

# ഊർജ്ജം

1946 – ൽ പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിക്കോവിലകത്ത് വൈദ്യുതി വിളക്കുകളുടെ പ്രകാശം പരത്തുന്ന ബൾബുകൾ കത്തി ജ്വലിച്ചു. ചന്ദ്രിക പവ്വർക്കോർപ്പറേഷൻ എന്ന സ്വകാര്യ സ്ഥാപനമാണ് ആധുനികപുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി ഈ പ്രദേശത്ത് ആദ്യമായി എത്തിച്ചത്. തുടർന്ന് പരിയാരത്ത് കുറിയേടത്ത് മനയ്ക്കൽ പരേതനായ ശ്രീ. നീലകണ്ഠൻ നമ്പൂതിരിപ്പാട് ഓയിൽ യന്ത്രം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും അത് ഏറ്റവും കൂടുതൽ ആളുകൾ താമസിച്ചിരുന്ന പരിയാരം മുഴിക്കക്കടവ് ഭാഗത്തേയ്ക്ക് വിതരണം നടത്തുകയുണ്ടായി. ഒരുപക്ഷേ തൃപ്പൂണിത്തറ കൊട്ടാരത്തിലെതൊഴിച്ചാൽ കേരളത്തിൽ ആദ്യമായി വൈദ്യുതി ലൈയിൻ വലിച്ച് സപ്ലേ തുടങ്ങിയത് ഇവിടെയാണെന്ന് പഴമൊഴിയുണ്ട്.

1957 – ൽ കമ്മീഷൻ ചെയ്ത പെരിങ്ങൽക്കുത്ത് ജല വൈദ്യുത പദ്ധതി പരിയാരം പഞ്ചായത്തിലായിരുന്നു. പഞ്ചായത്ത് 1977 – ൽ വിഭജിച്ചപ്പോൾ അത് അതിരപ്പിള്ളി പഞ്ചായത്തിലായെന്ന് മാത്രം.

പഞ്ചായത്തിൽ ഇലക്ട്രിസിറ്റിബോർഡിന്റെ സെലക്ഷൻ ആഫീസ് വാടകകെട്ടിടത്തിൽ 3-ാം വാർഡിൽ സ്ഥിതിചെയ്യുന്നുണ്ട്. പരിയാരം, കോടശ്ശേരി, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകൾ മുഴുവനും, മേലൂർ പഞ്ചായത്തിന്റെ കുറെ ഭാഗങ്ങളും ഈ ആഫീസിന്റെ പരിധിയിൽ ഉണ്ട്. ഗാർഹിക, വ്യാപാര ഗുണഭോക്താക്കളായി 8335 പേർക്കും, വ്യവസായത്തിന് 162 ഉം, കർഷികത്തിന് 1595 കണക്ഷനും ഇവിടെ നിന്നും നൽകിട്ടുണ്ട്. ഇനി ഓർഡിനറി കണക്ഷന് 771 OTP 49 ഉം, OYEC 136 ഉം പേരും കണക്ഷനുവേണ്ടി കാത്തിരിക്കുന്നു. 24-9-93 വരെ നൽകിയ അപേക്ഷകർക്ക് മാത്രമേ ഇത് വരെ കണക്ഷൻ ലഭിച്ച കണക്കുകൾ പ്രകാരം ഇവിടെ 25 വാൾട്ടിന്റെ 807 ബൾബുകളും, 60 വാൾട്ടിന്റെ 48 ബൾബുകളും 100 വാൾട്ടിന്റെ 1 ബൾബും. 26 ട്യൂബ് ലൈറ്റുകളും പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ പകുതി പോലും കത്തുന്നില്ലെന്നാണ് വാസ്തവം.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും
പട്ടിക ഒന്നിൽ ചേർക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 1 | 100 KVA | എലിഞ്ഞിപ്ര No I | 18 | 100KVA | വേളൂക്കര |
| 2 | 160" | എലിഞ്ഞിപ്ര No II | 19 | 160 " | കാഞ്ഞിരപ്പിള്ളി |
| 3 | 160 " | മുഴിക്കക്കടവ് | 20 | 160 " | മുനിപ്പാറ ലിഫ്റ്റ് |
| 4 | 160 " | ചർച്ച് റോഡ് പരിയാരം | 21 | 63 " | മുനിപ്പാറ |
| 5 | 100 " | കിഴക്കൂടൻ | 22 | 100 " | കാഞ്ഞിരപ്പിള്ളി |
| 6 | 63 " | പരിയാരം വാട്ടർ സപ്ലേ | 23 | 160 " | എല്ലുപൊടിക്കമ്പനി. |
| 7 | 250 " | A.S. ചന്ദ്ര | 24 | 100 " | പാറയ്ക്ക No I |
| 8 | 160 " | കപ്പാത്തോട് | 25 | 100 " | പാറയ്ക്ക No II |

| നമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 9 | 250 " | പൂവ്വത്തിങ്കൽ | 26 | 63 " | ചക്രപാണി |
| 10 | 63 " | തുമ്പാക്കോട് | 27 | 100 " | കൊന്നക്കുഴി |
| 11 | 100 " | അന്ത്രക്കംപാടം | 28 | 50 " | കൊന്നക്കുഴി ഫാം |
| 12 | 160 " | ബാലികുളം | 29 | 100 " | പാറക്കുന്ന് |
| 13 | 100 " | ബാലികുളം | 30 | 100 " | കമ്മളം |
| 14 | 160 " | കുറ്റിക്കാട് No I | 31 | 100 " | കമ്മളം ടൈൽസ് |
| 15 | 160 " | കുറ്റിക്കാട് No II | 32 | 160 " | മണലായി |
| 16 | 250 " | കുറ്റിക്കാട് No III | 33 | 100 " | പാലുപോളിമയർ |
| 17 | 63 " | മോതിരക്കണ്ണി | 34 | 63 " | തുമ്പൂർമുഴി. |

അവലംഭം **KSEB** കണക്ക്

ഊർജ്ജത്തെ കുറിച്ച് പ്രതിബാധിക്കുമ്പോൾ വൈദ്യുതി മാത്രമല്ല ഈ രംഗത്തുള്ളത് എന്ന് നമുക്കറിയാമല്ലോ. ഈ പഞ്ചായത്തിൽ 90% കുടുംബങ്ങളും ഭക്ഷണം പാകം ചെയ്യുന്നതിന് ഉപയോഗിക്കുന്നത് വിറകടുപ്പാണ്. തെങ്ങ് കൃഷി ധാരാളമുള്ള ഈ പഞ്ചായത്തിൽ ചകിരിയും, പട്ടയുമാണ് പ്രധാന ഊർജ്ജ ഉൽപ്പാതക വസ്തു. സാധാരണ അടുപ്പുകൾ മാത്രം ഉപയോഗിക്കുന്ന ഇവിടത്തെ ധാരാളം ഊർജ്ജം പാഴായി പോകുന്നു. ധാരാളം പേർ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിട്ടുണ്ട്. എങ്കിലും ഒമ്പത് ഗോബർ പ്ലാന്റ് മാത്രമാണ് പഞ്ചായത്തിന്റെ നിലവിലുള്ളത്.

മലയോര പഞ്ചായത്തായ ഇവിടെ ഇന്നു വൈദ്യുതി പല സ്ഥലത്തും എത്തിനോക്കിയിട്ടില്ല. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിൽ താമസിക്കുന്നവർ വൈദ്യുതി ലൈയിൽ വലിക്കുന്നതിനായി മുറവിളിതുടങ്ങിയിട്ട് വർഷം പലതും കഴിഞ്ഞു. ഇന്നും നിരാശമാത്രമാണ് അവരുടെ കൂടപ്പിറപ്പ്. മോതിരക്കണ്ണി - കോട്ടാ മല - പീലർമുഴി തുടങ്ങിയ പ്രദേശങ്ങൾ വൈദ്യുതി തീർത്തും ഇല്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ പല സ്ഥലത്തും വോൾട്ടേജ് ക്ഷാമം അനാഭവപ്പെടുന്നു.
2. പല പ്രധാന റോഡുകളിലും Street light കൾ തീരെ ഇല്ല.
3. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകളിൽ പലതും കത്തുന്നില്ല.
4. മോതിരക്കണ്ണി പള്ളിക്കു കിഴക്കു ഭാഗത്ത് ഒട്ടും തന്നെ വൈദ്യുതി എത്തിയിട്ടില്ല. 5 കി.മീ. ദൂരം
5. പുതിയതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ പഞ്ചായത്തുകൾക്ക് അനുമതി ലഭിക്കുന്നില്ല.
6. ലൈനുകളിൽ മരച്ചില്ലകളും, തെങ്ങിൻ പട്ടകളും ടച്ച് ചെയ്ത് വൈദ്യുതി നഷ്ടപ്പെടുന്നു.
7. കോളനികൾ പലതും വൈദ്യുതീകരിച്ചിട്ടില്ല.
8. മലയോര വാർഡുകളിൽ പല സ്ഥലത്തും വൈദ്യുതി ഇല്ല.
9. പവ്വർകട്ട് മൂലം ചെറുകിട വ്യവസായം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
10. തീർത്തു കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്ത് കരണ്ട് ചാർജ്ജ് അടക്കേണ്ടിവരും.
11. ഭക്ഷ്യതയേറിയതും, ചിലവ് കുറഞ്ഞതുമായ അടുപ്പുകൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല.
12. വോൾട്ടേജ് കൂടിയ ബൾബുകൾ കൂടുതലും ഉപയോഗിക്കുന്നു.

13. ഊർജ്ജാസൂത്രണം ലഭ്യതയേ മാത്രം ആശ്രയിക്കുന്നു.
14. ബയോഗ്യാസ് പ്ലാന്റുകൾക്ക് വേണ്ടത്ര പ്രചരണവും സാമ്പത്തിക സഹായവും ഉണ്ടാകുന്നില്ല.
15. സ്ട്രീറ്റ് ലൈറ്റുകളിലെ ബൾബുകൾ എളുപ്പം ഫ്യൂസാകുന്നു.
16. സ്ട്രീറ്റ് ലൈറ്റുകളിൽ ഇടുന്ന ബൾബുകൾ ക്വാളിറ്റി കുറഞ്ഞതാണ്.
17. യഥാസമയം ഫ്യൂസായ തെരുവു വിളക്കുകൾ മാറ്റുന്നില്ല.
18. ഇവിടത്തെ ഇലക്ട്രികൽ സെക്ഷൻ ആഫീസിന് സ്വന്തമായി വാഹനമില്ല. അതുകൊണ്ട് മൈലുകൾക്കപ്പുറമുള്ള മലയോര പ്രദേശങ്ങളിലേക്ക് യഥാസമയം എത്തിച്ചേരുവാനും അറ്റകുറ്റപ്പണികൾ നടത്തുവാനും കഴിയുന്നില്ല.
19. സെക്ഷൻ ആഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. മെറ്റീരിയൽ സൂക്ഷിക്കാൻ സ്ഥലമില്ല.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. മുഴിക്കക്കടവ് ഭാഗത്ത് പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുക.
2. ഹരിജൻ കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
3. ലൈനുകൾ റീ കട്ട് ചെയ്ത് റോഡിൽ കൂടി ലൈയിൻ വലിക്കുക.
4. ലൈനുകളിലെ ജമ്പറുകൾ മാറ്റുക.
5. ലൈയിനുകളിലെ തൊട്ട് നിൽക്കുന്ന കമ്പുകളും പട്ടകളും മുറിച്ച് മാറ്റുക.
6. കാലങ്ങളായി കത്താതിരിക്കുന്ന തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് കത്തിക്കുക.
7. ഫ്യൂസായ ബൾബുകൾ യഥാസമയം മാറ്റുക.
8. താഴെ പറയുന്ന സ്ഥലങ്ങളിലേക്ക് വൈദ്യുതി ലൈയിൻ വലിക്കുക.

I. ചാലക്കുടി – പരിയാരം റോട്ടിൽ വെണ്ണാട്ട് പറമ്പൻ ജോസിന്റെ വസതി മുതൽ കോലംഞ്ചേരി വർഗീസിന്റെ വസതി വരെ പോസ്റ്റിട്ട് പുതിയ ലൈയിൻ വലിക്കുക.
II. രണ്ടാം വാർഡിൽ 500 മീ. പോസ്റ്റിട്ട് പുതിയ ലൈയിൻ വലിക്കുക.
III. നായരങ്ങാടി സബ്ബ് റോഡിൽ വെണ്ണാട്ട് പറമ്പൻ പോളിന്റെ വീടിനു സമീപം മുതൽ ലക്ഷം വീട് വഴി കണ്ണംമ്പുഴ ജോസിന്റെ വീടിനു സമീപം വരെ പേസ്റ്റിട്ട് പുതിയ ലൈയിൻ വലിക്കുക.
IV. സെന്റ് ജോർജ്ജസ് കോൺവെന്റ് മുതൽ – ഐക്യരക്കുടി കുമാരന്റെ പടിവരെ.
V. കടമ്പാടൻ ലയിൻ റോട്ടിൽ അച്ചാടൻ തോമാസിന്റെ പടിവരെയും 83-ാം നമ്പർ അംഗൻവാടി കൂടി പുഞ്ചപ്പറമ്പൻ രാവുണ്ണിയുടെ പടിവരെ.
VI. അന്നപൂർണേശ്വരി അമ്പലം റോട്ടിൽ നിന്നും തെക്കേക്കര ഫ്രാൻസീസിന്റെ പടിവരെ.
VII. നാലാം വാർഡിൽ 1000 മീ. പുതിയ പേസ്റ്റിട്ട് ലൈയിൻ വലിക്കുക.
VIII. അഞ്ചാം വാർഡിൽ പാറക്കുന്നു ഭാഗത്ത് പേസ്റ്റിട്ട് പുതിയ ലൈയിൻ വലിക്കുക.
IX. അറാം വാർഡിൽ ഒറ്റകൊമ്പൻ കോളനി മുതൽ ബീഡി സെന്റർ വരെ 2000 മീ. പുതിയ ലൈയിൻ വലിക്കുക.
X. 8-ാം വാർഡിൽ ചാടുകല്ലിൽത്തറ കനാൽ റോട്ടിൽ 300 മീ. പുതിയ ലൈയിൻ വലിക്കുക.
XI. അന്ത്രക്കംപാടം സോഷ്യ ക്ലബ് ഭാഗത്ത് 500 മീ. പുതിയ ലൈയിൻ വലിക്കുക.
XII. കൊന്നക്കുഴി താണികുണ്ട്– കുണ്ട് കനാൽ റോട്ടിൽ 1 1/2 കി.മീ., കാഞ്ഞിപ്പിള്ളി കോളനി, ലക്ഷം വീട് കോളനി 500 മീ. ഒരപ്പന റോട്ടിൽ 400 മീ. പുതിയ ലൈയിൻ വലിക്കുക.
XIII. ഏഴാം വാർഡിൽ ചാലക്കുടി – ആനമല റോട്ടിൽ കല്ലേലി ജഗ്ഷൻ – മുനിപ്പാറ – കോവിലകം ജംഗ്ഷൻ
XIV. കാഞ്ഞിരപ്പിള്ളി കോവിലകം റോഡ്
XV. കോന്നൻ പാറ റോഡ്

607

XVI. മുനിപ്പാറ – അമ്പലക്കടവ് റോഡ്
XVII. മുനിപ്പാറ പമ്പ് ഹൗസ് റോഡ്. ഒരപ്പന പാടം റോഡ് മുനിപ്പാറ ഇഞ്ചക്കുണ്ട് റോഡ്
XVIII. ചക്രപാണി – കൊന്നക്കുഴി SC കോളനി റോഡ്
XIX. ഒമ്പതാം വാർഡിൽ മോതിരക്കണ്ണി – കോട്ടമല റോട്ടിൽ 5 കി.മീ. പുതിയ പേസ്റ്റിട്ട് ലൈയിൻ വലിക്കുക.
XX. ബാലിക്കുളം – കൊന്നക്കുഴി റോട്ടിൽ ഹിഡുംബൻ കവല വരെ 1/2 കി.മീ.
XXI. നോർത്ത് കൊന്നക്കുഴി മുതൽ – കനാൽ വഴി പല്ല് മുടി വരെ 2 കി.മീ.
XXII. മോതിരക്കണ്ണി പള്ളി ജംഗ്ഷൻ മുതൽ തെക്കോട്ട് ഹിഡുംബൻ കവല വരെ 1/2 കി.മീ.
XXIII. കണ്ണായി ചാക്കുവിന്റെ പടി മുതൽ കനാൽ വഴി ഹിഡുംബൻ കവല വരെ 300 മീ.

9. പ്രധാനപ്പെട്ട റോഡുകളിൽ ത്രീ ഫെയ്സ് ലയിൻ വലിക്കണം.
10. എല്ലാവാർഡുകളിലും പുതിയ സ്ട്രീറ്റ് ലയിൻ വലിച്ച് തെരുവ് വിളക്കുകൾ ഇല്ലാത്ത സ്ഥലത്ത് ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
11. നിലവിലുള്ള തെരുവ് വിളക്കു ബൾബുകൾ മാറ്റി വോൾട്ട് കുറഞ്ഞ ട്യൂബുകളും, കോംപാക്റ്റ് ഫ്ളൂറസന്റ് ലാമ്പുകൾ സ്ഥാപിക്കണം.
12. കരണ്ട് ലാഭിക്കുന്നതിനായി കുറഞ്ഞ നിരക്കിൽ ട്യൂബ് ലൈറ്റുകളും കോംപാക്റ്റ് ഫ്ളൂറസന്റ് ലാമ്പുകളും വിതരണം നടത്തുക.
13. ഇലക്ട്രോണിക് ചോക്കുകൾ സബ്സിഡിനിരക്കിൽ പഞ്ചായത്തിൽ വിതരണം നടത്തുക.
14. ഭക്ഷതയേറിയ അടുപ്പുകളും മറ്റുപകരണങ്ങളും പഞ്ചായത്തു വഴി വിതരണം നടത്തുക.
15. കൂടുതൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ വീടുകളിൽ സ്ഥാപിക്കുന്നതിന് വേണ്ട സഹായം നൽകുക.
16. ധാരാളം പശുവളർത്തൽ ഈ പഞ്ചായത്തിൽ ഉള്ളതുകൊണ്ട് ഗോബർ ഗ്യാസ് പ്ലാന്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിന് സാദ്ധ്യതയുണ്ട്.
17. മോതിരക്കണ്ണി – പിലാർമുഴി ഭാഗത്ത് സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം നടത്തുക.
18. ഇവിടത്തെ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് മേജർ സെക്ഷൻ ആഫീസായി ഉയർത്തുക. സ്വന്തമായി വാഹനം അനുവദിക്കുക.
19. അഞ്ചാം വാർഡിൽ മഹിളാ സമാജം പരിസരത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
20. എട്ടാം വാർഡിൽ കാഞ്ഞിരപ്പിള്ളി, ഒരപ്പന എന്നി ഭാഗങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
21. മോതിരക്കണ്ണിയിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
22. നാലാം വാർഡിൽ തൃപ്പാപ്പിള്ളി ലക്ഷംവീട് ഭാഗത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
23. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
24. പറമ്പുകളിലൂടെ പോയിട്ടുള്ള ലൈൻ റോഡിലേക്ക് മാറ്റി സ്ഥാപിക്കുക.

# മാർക്കറ്റ്

പഞ്ചായത്തിൽ നിലവിൽ മാർക്കറ്റുകളൊന്നുമില്ല. ഇവിടെയുൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ പൂർണ്ണമായും ചാലക്കുടി മാർക്കറ്റിലാണ് വിറ്റഴിക്കപ്പെടുന്നത്. ഇതു മൂലം കർഷകർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.

## പ്രശ്നങ്ങൾ.

1. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്, കയറ്റിറക്ക് കൂലി, ഉൽപ്പന്നം കേടുവരൽ, ന്യായമായ വില ലഭിക്കായ്ക, അമിതമായ മാർക്കറ്റുകൂലി, ഇടത്തട്ടുകാരുടെ ചൂഷണം.

## സാധ്യതകളും, നിർദ്ദേശങ്ങളും.

1. പഞ്ചായത്തിനെ കേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ കാർഷീകോൽപ്പന്നങ്ങൾ ലഭ്യമായസ്ഥലത്ത് പൊതു മാർക്കറ്റ് ഉണ്ടാക്കണം.
2. മത്സ്യ-മാംസമാർക്കറ്റ് പഞ്ചായത്തതിർത്തിയിൽ വിവിധ കേന്ദ്രങ്ങളിലായി നിർമ്മിയ്ക്കുക.
3. മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിച്ച് പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളും പുറമേ നിന്നു വരുന്ന വസ്തുക്കളും ന്യായവും, നീതിയുക്തവുമായ രീതിയിൽ വിതരണം നടത്താവുന്നതാണ്.

# 12 വിഭവസമാഹരണം

പരിയാരം സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ്. ഒട്ടേറെ വരുമാന സ്രോതസ്സ് ഉണ്ടായിരുന്ന അതിരപ്പിള്ളി പരിയാരം പഞ്ചായത്തിൻെറ ഭാഗമായിരുന്നപ്പോൾ നടത്തിയ ക്ലാസിഫിക്കേഷൻ ഇപ്പോഴും തുടരുകയാണ്.

പഞ്ചായത്തിൻെറ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിൽ ഒരു നിർണ്ണായക ഘടകമാണ് വരവുചിലവുകണക്കുകൾ. പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്താണെന്നും എങ്ങിനെ ചിലവഴിക്കപ്പെടുന്നു എന്നും മനസ്സിലാക്കുന്നതും അത്യന്തം പ്രയോജനകരമാണ്. പഞ്ചായത്തിൻെറ വരുമാന സ്രോതസ്സ് വളരെ പരിമിതമാണ്. കെട്ടിടനികുതി, തൊഴിൽനികുതി, വസ്തുകൈമാറ്റനികുതി എന്നിവയാണ് പ്രധാന ധനാഗമമാർഗ്ഗങ്ങൾ.

## പഞ്ചായത്തിൻെറ വരവ്

1995 - 96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിലെ വരവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 1ൽ നൽകിയിരിക്കുന്നു. വരുമാനത്തിലേക്ക് ഏറ്റവും തുച്ഛമായ വിഹിതം നല്കുന്നത് പ്രദർശന നികുതിയും ലൈസൻസ് ഫീസുകളുമാണ്. വസ്തുകൈമാറ്റ നികുതിയിൽ ചോർച്ചയനുഭവപ്പെടുന്നുണ്ട്. വസ്തുവിൻെറ വില കുറച്ചു കാണിച്ച് വസ്തു കൈമാറ്റം നടത്തുന്നതാണ് അതിനു കാരണം. പഞ്ചായത്തിൻെറ വരുമാനത്തിൽ തനതുവരുമാനം ശതമാനം ആണ്.

611

## പട്ടിക 1

1-23- വരവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| ഇനം<br>1 | ധനാഭ്യർത്ഥന<br>2 | പിരിച്ചത്<br>3 | ബാക്കി<br>4 |
|---|---|---|---|
| കെട്ടിട നികുതി | 197264 | 169161 | 28108 |
| സർവ്വീസ്ചാർജ്ജ്(Library) | 10264 | 9417 | 847 |
| തൊഴിൽ നികുതി | 157221 | 151130 | 6091 |
| വാഹന നികുതി | Nil | Nil | |
| വിനോദ നികുതി | 16252.20 | 16253.20 | Nil |
| അഡി. വിനോദ നികുതി | 9841.55 | 9841.55 | Nil |
| പ്രദർശന നികുതി | 1378 | 1378 | Nil |
| പ്രദർശന നികുതി - സർചാർജ്ജ് | 344.50 | 344.50 | Nil |
| ചന്ത വരവ് | Nil | Nil | Nil |
| ലാന്റ് സെസ്സ് | Nil | Nil | Nil |
| ലൈസൻസ് ഫീസ് | 8423 | 8080 | 343 |
| കെട്ടിട നികുതി - സർചാർജ്ജ് | Nil | Nil | Nil |
| വസ്തു കൈമാറ്റനികുതി | 118719 | 118719 | Nil |
| സർക്കാർഗ്രാന്റുകളുംമറ്റ് ഒഴികെയുള്ളമറ്റുവരവുകൾ | 28420.60 | 28420.66 | Nil |
| സംഭാവന | Nil | Nil | Nil |
| ഡെപ്പോസിറ്റ് | 21852 | 21852 | Nil |
| മറ്റുളളവ - ഗ്രാന്റുകൾ | 1156592 | 1156592 | |
| ആകെ | 1726572.85 | 1691188.85 | 35384 |

## ചിലവുകൾ

1995 - 96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിലെ ചിലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-ൽ നൽകിയിരിക്കുന്നു. പഞ്ചായത്തിൻെറ വരുമാനത്തിൽ വലിയൊരുപങ്ക് ഭരണ ചിലവിനാണ് ഉപയോഗിക്കുന്നത്. മറ്റ് പ്രധാന ചിലവിനങ്ങൾ ജലവിതരണവും തെരുവ് വിളക്കുകളുമാണ്.

1995 - 96 സാമ്പത്തിക വർഷത്തെ പൊതു സാമ്പത്തികനിലയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3-ൽ കൊടുക്കുന്നു. പഞ്ചായത്തിൻെറ പ്രവർത്തനം പ്രധാനമായി സർക്കാർ ഗ്രാന്റുകളെ ആശ്രയിച്ചാണ് നടക്കുന്നത്.

ജെ. ആർ. വൈ. പദ്ധതി പ്രകാരം ജനറൽ സെക്ടറിൽ 2,73037 രൂപയും SC/ST വിഭാഗത്തിൽ 1,19,000 രൂപയും ചിലവുചെയ്തതായും കാണുന്നു.

പഞ്ചായത്തിൻെറ കഴിഞ്ഞ വർഷങ്ങളിലെ വരവുചിലവു കണക്കുകളെ സംബന്ധിച്ചും അവയിലെ വർദ്ധനവിനെ സംബന്ധിച്ചും താരതമ്യപഠനം നടത്തുന്നതിന് സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല.

പട്ടിക - 2
1-24 ചിലവ് സംബന്ധിച്ച വിവരങ്ങൾ 1995 - 96.

| ഇനം<br>1 | തുക<br>2 |
|---|---|
| ഭരണം | 4,38,933 |
| പൊതുമരാമത്ത് | Nil |
| വിദ്യാഭ്യാസം | 5,192 |
| ജലവിതരണം, പൊതുജനാരോഗ്യം | 79,299 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 98,232 |
| മററുള്ളവ | 455,506.35 |
| ആകെ | 10,77,162.35 |

613

പട്ടിക - 3
1-25 പൊതുസാമ്പത്തിക നില

| 1 | പൊതുകണക്ക് 2 | മൂലധനകണക്ക് 3 | കടംസംബന്ധിച്ചകണക്ക് 4 |
|---|---|---|---|
| വരവ് | 7,48,982.90 | 9,10,406 | 31,805.95 |
| ചിലവ് | 6,68,812.35 | 3,93,310 | 15,040 |

## ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളെ 3 ആയി തിരിക്കാം.

1. വാണിജ്യബാങ്കുകൾ
2. സഹകരണ വായ്പാ ബാങ്കുകൾ
3. ബാങ്കേതര ധനകാര്യ സ്ഥാപനങ്ങൾ

സഹകരണ വായ്പാ ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. പ്രധാനമായും കാർഷികവായ്പകളാണ് നൽകുന്നത്. പരിയാരം സർവ്വീസ് സഹകരണ ബാങ്കും കുറ്റിക്കാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുമാണ് സഹകരണ മേഘലയിൽ പ്രവർത്തിക്കുന്നത്. കാത്തലിക് സിറിയൻ ബാങ്കിൻെറ ശാഖ കുറ്റിക്കാടും, സൗത്ത് ഇന്ത്യൻ ബാങ്കിൻെറ ശാഖ പരിയാരത്തിലും പ്രവർത്തിക്കുന്നു. ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖ പരിയാരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഡെപ്പോസിറ്റ് സമാഹരണത്തിലുപരി വികസന പ്രവർത്തനങ്ങൾക്ക് കാര്യമായി വായ്പകൾ നൽകുന്നതായി അറിവില്ല. സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല. ചില സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളും തമിഴ്നാട്ടിൽ നിന്നുള്ള ചില വ്യക്തികളും വായ്പകൾ നല്കുന്നുണ്ട്. പക്ഷെ കുടുംബങ്ങളുടെ ദൈനംദിന കാര്യങ്ങളിലാണ് അവർ ഇടപെടുന്നത്.

ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ കുറെപേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പക്ഷെ സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല. ചില വൻ വീടുകൾ പണിയുന്നു എന്നല്ലാതെ വ്യവസായ വികസന രംഗങ്ങളിൽ അവരുടെ ഇടപെടൽ ഒന്നുതന്നെ ഉണ്ടായിട്ടില്ല. അവരുടെ കാര്യത്തിൽ ശ്രദ്ധപതിയേണ്ടതാണ്.

മനുഷ്യ വിഭവശേഷി വികസനത്തിൻെറ കാര്യത്തിൽ പ്രയോജനപ്പെടുത്താനുള്ള കാര്യമായ ഒരു ശ്രമവും ഇതുവരെ ഉണ്ടായിട്ടില്ല. വിവിധ യുവജന ക്ലബ്ബുകൾ, വിദ്യാർത്ഥി സമൂഹം ബഹുജനവർഗ്ഗ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ഒട്ടേറെ സന്നദ്ധപ്രവർത്തനങ്ങൾ വികസനരംഗത്തേക്ക് തിരിച്ചു വിടാനുള്ള സാദ്ധ്യതകളുണ്ട്.

# പരിയാരം പഞ്ചായത്ത് വികസന രേഖ

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്ക.
2. ഭരണച്ചിലവിലെ വർദ്ധനവ്.
3. വാണിജ്യബാങ്കുകളിൽ നിന്ന് വായ്പലഭിക്കാനുള്ള ബുദ്ധിമുട്ട്
4. സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്
5. ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന അമിതലാഭം.

**സാദ്ധ്യതകൾ**

1. നികുതി പിരിവ് കാര്യക്ഷമമാക്കലും, ചോർച്ച തടയലും.
2. നികുതിയുടെ മിനിമം മാക്സിമം നിരക്കുകൾ ഉയർത്താനുള്ള നടപടി.
3. വിദ്യാഭ്യാസ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധി സ്വരൂപിക്കൽ.
4. ധനകാര്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്ക്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം.
5. സന്നദ്ധസംഘടനകൾക്കായുള്ള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടി (റജിസ്റ്റർ ചെയ്ത വികസന സമിതികൾക്കും മറ്റും കേന്ദ്ര ഗവണ്മേൻെറിൻെറ പല ഏജൻസികളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് സഹായം ലഭിക്കും)
6. പഞ്ചായത്തിലുള്ള കരിങ്കൽ ക്വാറികളെല്ലാം പഞ്ചായത്ത് പുറമ്പോക്കിലുള്ളവയാണ്. അവയ്ക്ക് നികുതിയോ, പാട്ടമോ ഏർപ്പെടുത്തണം.
7. പഞ്ചായത്ത് കുളങ്ങളും, വെള്ളം കെട്ടിക്കിടക്കുന്ന ക്വാറികളും മത്സ്യവളർത്തലിന് പാട്ടത്തിന് നൽകാൻ നടപടി സ്വീകരിക്കണം.
8. ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവരിൽനിന്ന് ലാന്റ്സെസ്സ് ഈടാക്കണം.
9. വീട്-കെട്ടിട നിർമ്മാണത്തിന് ലൈസൻസ് ഏർപ്പെടുത്തണം. ഒരു ലക്ഷം രൂപയിൽ കൂടുതൽ ചിലവ് വരുന്ന വീടുകൾക്ക് ഒരു നിശ്ചിത ശതമാനം തുക ലൈസൻസ് ഫീസആയി ഈടാക്കണം.
10. പരിയാരം അങ്ങാടി, പൂവ്വത്തിങ്കൽ ജംഗ്ഷൻ, കുറ്റിക്കാട് പള്ളിയങ്ങാടി, മോതിരക്കണ്ണി സെന്റർ എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം.
11. എല്ലാ വാർഡുകളിലും മിനിമാർക്കറ്റുകളും, മിനി കമ്മ്യൂണിറ്റിഹാളുകളും നിർമ്മിച്ച് വാടകയടിസ്ഥാനത്തിൽ നല്കണം.
12. പഞ്ചായത്തിൽ ഉപയോഗിക്കുന്ന വാൾപോസ്റ്ററുകൾ, ബാനറുകൾ, ചുവരെഴുത്തുകൾ എന്നിവയ്ക്ക് പരസ്യനികുതി ഈടാക്കണം.
13. പഞ്ചായത്ത് റോഡുകളുടെ സൈഡിൽ സൗകര്യങ്ങളുള്ള സ്ഥലങ്ങൾ തേക്ക്, മാഞ്ചിയം, ഈട്ടി മുതലായവ വച്ചുപിടിപ്പിക്കണം.
14. പഞ്ചായത്ത് പുറംപോക്കുകൾ ഭുവില ഈടാക്കി കൈവശക്കാർക്ക് പതിച്ചുകൊടുക്കണം.
15. കരിങ്കൽ ക്വാറികൾ പൂർണ്ണമായും പഞ്ചായത്ത് നിയന്ത്രണത്തിൽ വരണം.

## മൃഗസംരക്ഷണം

### 1. ആമുഖം

കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തിനിടയിൽ കേരളത്തിലെ മൃഗസംരക്ഷണ മേഖല കൈവരിച്ച നേട്ടങ്ങൾ അസൂയാവഹമാണ്. എന്നാൽ ഈ നേട്ടങ്ങൾ ഗ്രാമീണജനതയുടെ പ്രതീക്ഷക്കൊത്ത് താഴെത്തട്ടിലെത്തിക്കാൻ എത്ര മാത്രം കഴിഞ്ഞിട്ടുണ്ട് എന്നത് പരിശോധനയർഹിക്കുന്നു. ആസൂത്രിതമായ ഒരു വികസന തന്ത്രത്തിൻെറ അഭാവം ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. മൃഗസംരക്ഷണത്തിൻേറയും സാങ്കേതികവിദ്യയുടേയും വളർച്ചയ്ക്കൊപ്പം അനുബന്ധമേഖലകൾ വികസിപ്പിക്കുന്ന കാര്യത്തിൽ പല പദ്ധതികളും പ്രതീക്ഷക്കൊപ്പമുയർന്നിട്ടില്ല. അതിനാൽ തന്നെ കേരളത്തിൻെറ തനതായ പ്രത്യേകതയും ഗ്രാമീണജനതയുടെ തൊഴിൽ സാഹചര്യങ്ങളും കണക്കിലെടുത്ത് ശക്തമായ ഒരു ജനകീയാസൂത്രണ തന്ത്രം മെനഞ്ഞെടുക്കുന്ന പക്ഷം ഈ മേഖല കൂടുതൽ സചേതനമാക്കാം.

കാർഷികമേഖലയുടെ വരുമാനത്തിന്റെ 25% മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർഷികമേഖലക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വെറും 6.98% മാത്രമേ മൃഗസംരക്ഷണമേകലക്ക് ലഭിക്കുന്നുള്ളൂ എന്നത് ദുഖകരമായ വസ്തുതയാണ്. കൃഷി ഭൂമി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ കുറഞ്ഞ ഭൂമിയിൽ കൂടുതൽ ആദായം ഉണ്ടാക്കാവുന്ന മൃഗസംരക്ഷണമേകലയുടെ സാധ്യതകൾ അനന്തമാണ്. പാലിന്റെ മൊത്തം മൂല്യം കേരളത്തിൽ ഉത്പാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാൾ അധികമാണ് എന്നത് ഏറെ ശ്രദ്ധേയമാണ്.

ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭ്യമാക്കുന്ന അപൂർവ്വം ചില തൊഴിൽ മേകലകളിൽ ഒന്നാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ ഉൽപ്പന്നങ്ങൾ ഏറിയ പങ്കും സംസ്ഥാനത്തിനകത്ത് ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളത്തെറ്റലുകളും കേന്ദ്രസർക്കാറിന്റെ ഇറക്കുമതി നയവും ഈ ഉത്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിക്കുകയില്ല. ഇന്ന് തമിഴ്നാട്ടിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇവിടെ ഉപയോഗിക്കുന്ന മുട്ട, മാംസം, പാൽ മുതലായവയുടെ നല്ലൊരു ശതമാനവും വരുന്നത്. കന്നുകാലി സമ്പത്തിന്റെ 94 % വും ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കയ്യിൽ ആയതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണസമ്പദ്വ്യവസ്ഥ ശക്തമാക്കും. ഈ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകളുടെ ഭാഗത്തുനിന്നാണ്. ഈ മേഖലയിൽ 5% തൊഴിൽ വളർച്ചാനിരക്കുണ്ടെന്നാണ് ആസൂത്രണ കമ്മീഷന്റെ മനുഷ്യവിഭവശേഷി വിഭാഗത്തിന്റെ വിലയിരുത്തൽ.

ഗ്രാമീണ ജനതക്ക് കൂടുതൽ തൊഴിലവസരങ്ങൾ, ദൈനംദിന വരുമാനവർദ്ധന, പോഷകപ്രധാനമായ ഭക്ഷ്യവസ്തുക്കളായ പാൽ, മുട്ട, മാംസം എന്നിവയുടെ അധികോൽപ്പാദനം കൂടാതെ വ്യാവസായിക പ്രാധാന്യമുള്ള ജെലാറ്റിൻ, ഓഡീൻ എന്നിവയുടെ ഉത്പാദനം ഔഷധങ്ങളുടെ നിർമ്മാണം പാര

ബദ്രേതര ഊർജ്ജ സ്രോതസ്സുകൾ, ജൈവവളങ്ങൾ, പരിസ്ഥിതിക്കിണങ്ങുന്ന മൃഗശക്തി എന്നിവയൊക്കെ മൃഗസംരക്ഷണ മേഖലയുടെ സംഭാവനകളാണ്. ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണം (ഉദാ: പേവിഷ ബാധ), നിർമാർജ്ജനം, മാംസപരിശോധനയിലൂടെ സംശുദ്ധമായ മാംസോൽപ്പാദനം തുടങ്ങിയവ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനങ്ങളാണ്.

## മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പരിയാരം പഞ്ചായത്തിൽ അന്നും ഇന്നും.

മലരണിക്കാടുകൾ തിങ്ങിവളർന്നിരുന്ന ഒരു മലയോരഗ്രാമമാണ് പരിയാരം. മാമരങ്ങൾക്കൊപ്പം നട്ടുവളർത്തിയതാണോ തന്നെ മുളച്ചതാണോ എന്ന് സംശയം ജനിപ്പിക്കുന്ന മാവും പ്ലാവും ഇടക്കിടെ ഫലനിബിഡമായി വളർന്നിരുന്നു. ഇടങ്ങഴിയും ഒന്നരയും കറക്കുന്ന പശുക്കളും എരുമകളും ആയിരുന്നു അന്നത്തെ കാലിസമ്പത്ത്. വണ്ടിക്കും കാളതേക്കിനും ഉപയോഗിച്ചിരുന്ന കാളകൾക്കും പോത്തിനും പുറമേ ഉഴവ് മാടുകളും അതാതിടത്തെ ആവശ്യം പോലെ വളർത്തിയിരുന്നു. ഏകദേശം ഒരു നൂറ്റാണ്ട് മുമ്പു വരെ പ്രസവിക്കാനും കറക്കാനും മാത്രം ഉടമസ്ഥനെ തേടിവരുന്ന പശുക്കളായിരുന്നു നാട്ടിൻപുറത്തെ ക്ഷീരദായിനികൾ. വേലികെട്ടുകളും, അതിർമാട്ടങ്ങളും കാര്യമായ മനുഷ്യപ്രയത്നങ്ങളും ഇല്ലാതിരുന്ന തുകൊണ്ട് കയറൂരി വിടുന്നവയും ഒരിക്കലും കെട്ടാറില്ലാത്തവയുമായ ആടുമാടുകൾക്ക് യഥേഷ്ടം മേഞ്ഞു നടക്കാനും തോടുകളിൽ നിന്നും കൊച്ചു കൊച്ചു ജലാശയങ്ങളിൽ നിന്നും ദാഹം തീർക്കാനും സൗകര്യ മുണ്ടായിരുന്നു. കാലക്രമേണ മനുഷ്യപ്രയത്നം കടന്നുവരാൻ തുടങ്ങിയതോടെ മേച്ചിൽപുറങ്ങൾ പരി യാരത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലേക്ക് മാറി. കിഴക്കൻ പ്രദേശങ്ങളിൽ വളർത്തിയിരുന്ന മൃഗങ്ങളെ മലയിലേക്ക് കയറ്റി തീറ്റാനും പാറയിടുക്കുകളിലും വരകളിലും പ്രകൃതി കരുതി വയ്ക്കുന്ന തെളിനീർ കൊടുക്കാനും സൗകര്യങ്ങൾ ഉണ്ടായിരുന്നു. ഇഞ്ചിപ്പുല്ലുകൊണ്ടും വൈക്കോലുകൊണ്ടും മേഞ്ഞ തൊഴു ത്തുകൾക്ക് ഭദ്രമായി വാരിക്കൊണ്ട് അഴിയടിച്ച് അതിനുമുകളിൽ ഇല്ലിമുള്ളുകൾ പാകി പുള്ളിപ്പുലി,കടുവ മുതലായവയിൽ നിന്ന് കാലികൾക്ക് രക്ഷ നല്കിയിരുന്നു. എന്നാലും മേച്ചിൽപ്പുറങ്ങളിൽ നിന്ന് ഇട ക്കിടെ ഉരുക്കളെ പട്ടി (പുലി) പിടിക്കുമായിരുന്നു. തൊഴുത്തുകൾ ശുചിയായി സൂക്ഷിക്കലും മൃഗ ങ്ങളെ തേച്ചുകഴുകലും അന്ന് സാധാരണമായിരുന്നു. വീട്ടിലെ കഞ്ഞിവെള്ളവും ഏറിയാൽ കുറച്ച് തവിടും കലക്കിക്കൊടുത്താലായി. ഇന്നാകട്ടെ നാട്ടിലും കാട്ടിലും മേച്ചിൽപ്പുറങ്ങളില്ല. വൻ മരങ്ങളുടെ മേലാപ്പും വനങ്ങളിൽ നീരൊലിപ്പും ഇല്ലാതായതിനുപുറമേ വനം വെച്ചുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ കൂടി നടക്കു ന്നത് കൊണ്ട് പുല്ലിന്റെ ലഭ്യത തീരെ കുറഞ്ഞു. മല കയറ്റിത്തീറ്റുന്നത് കുറ്റകരവുമായി. പശുക്കളെ തൊഴുത്തിൽ നിർത്തി പുല്ലും വൈക്കോലും ഖരാഹാരങ്ങളും കൊടുത്തു സംരക്ഷിക്കേണ്ട സ്ഥിതിയായി.

വർഗ്ഗമേന്മയുള്ള പശുക്കളുടെ രംഗപ്രവേശത്തോടുകൂടി കഴിഞ്ഞ മൂന്നു ദശകങ്ങൾ കൊണ്ട് കേരള ത്തിൽ ക്ഷീരോൽപ്പാദനം പത്തിരട്ടിയായി എന്നാണ് കണക്കാക്കപ്പെടുന്നത്. രണ്ടായിരമാണ്ടോടുകൂടി 38 ലക്ഷം മെട്രിക്ക് ടൺ പാലിന്റെ ഒരു ലക്ഷ്യമാണ് ഇട്ടിരിക്കുന്നത്. പക്ഷേ ഇന്നത്തെ ക്ലേശകരമായ സാഹച ര്യത്തിൽ അത് എത്രത്തോളം സാദ്ധ്യമാകുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.

ഇന്ന് ക്ഷീരോൽപ്പാദനം ചിലവേറിയതും ശ്രമകരവുമായ ഒരു തൊഴിലായി മാറിയിരിക്കയാണ്. വീട്ടാവശ്യം കഴിച്ചുള്ള പാൽ, ക്ഷീരസംഘങ്ങളുടെ രംഗപ്രവേശത്തോടെ, വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ

ഉണ്ടായിട്ടുണ്ടെങ്കിലും ഇവയുടെ അകലം കർഷകന് ഇന്നും ഒരു പ്രശ്നമാണ്. പരിയാരം പഞ്ചായത്തിൽ ചികിത്സക്കും ബീജദാനത്തിനുമായി പഞ്ചായത്തിന്റെ ഒരറ്റത്ത് ഒരേ ഒരു മൃഗാശുപത്രി മാത്രമാണുള്ളത്. ഇപ്പോൾ പരിമിതമായ സൗകര്യങ്ങളോടു കൂടി വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഡോക്ടറും ഒരു അറ്റന്ററും മാത്രമുള്ള ഈ ആശുപത്രി സ്വന്തമായി പണിതീർക്കപ്പെടുന്ന പുതിയ കെട്ടിടത്തിലേക്ക് മാറുന്നതോടുകൂടി കർഷകർക്ക് കൂടുതൽ സേവനം ലഭ്യമാകുമെന്ന് ആശിക്കാം. ഇന്ന് പരിയാരം പഞ്ചായത്തിലെ മൃഗസമ്പത്ത് പരിഗണിക്കുമ്പോൾ ഉള്ള ആശുപത്രിയിൽതന്നെ കൂടുതൽ ഡോക്ടർമാരുടേയും രണ്ട് വാർഡിന് ഒന്ന് എന്ന തോതിലെങ്കിലും ലൈവ് സ്റ്റോക്ക് അസിസ്റ്റന്റുമാരുടേയും സേവനം ലഭ്യമാക്കേണ്ടതാണ്. കൃത്രിമ ബീജസങ്കലനം നടത്തുവാൻ റോഡുകളും വാഹനങ്ങളുമായി പരിചയമില്ലാത്ത പശുക്കളെ റോഡിൽക്കൂടി നടത്തിക്കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടും അധ്വാനവും ഓർത്ത് സമീപത്തുള്ള നാടൻ വിത്തുകാളകളെക്കൊണ്ട് ഇണ ചേർക്കുന്ന പതിവും ഇവിടെ നിലനിൽക്കുന്നുണ്ട്. ക്ഷീരോൽപ്പാദനരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ പ്രാപ്തമായ അത്യുൽപ്പാദനശേഷിയുള്ള പ്രീമിയം ബുള്ളിന്റെ (വിത്തുകാള) ബീജം ഇന്നും പരിയാരത്തെ ക്ഷീരകർഷകർക്ക് അന്യമാണ്. ഇനിയും പ്രചാരത്തിലായിട്ടില്ലാത്തതും വ്യയഹേതുകവുമായ ഭ്രൂണമാറ്റം പോലെയുള്ള നൂതന സങ്കേതങ്ങൾ അവലംബമാക്കാതെ കൂടുതൽ പശുക്കളെ ഒരേ തൊഴുത്തിൽ വളർത്തുകയെന്നത് അസാദ്ധ്യമായിരിക്കയാണ്. വർഗ്ഗശുദ്ധിയുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ പശുക്കൾക്ക് കൂടുതൽ ശാസ്ത്രീയമായ പരിചരണവും ചിലവേറിയതുമായ ശുശ്രൂഷയും ആവശ്യമായതുകൊണ്ട് സാധാരണക്കാർക്കും, വായ്പ കൊണ്ട് പശുക്കളെ വാങ്ങുന്നവനും ഇന്ന് അവ അപ്രാപ്യമാണ്. തൊഴുത്തുപോലുമില്ലാത്ത പാവപ്പെട്ട ക്ഷീരകർഷകർ ധാരാളമുണ്ട് എന്നത് ദുഃഖകരമാണ്. പാലിന്റെ ഏറ്റവും വലിയ സംഭരണവിതരണ ഏജൻസി മിൽമയാണെങ്കിലും അവിടെവിടെ ഒറ്റപ്പെട്ട സ്വകാര്യസ്വതന്ത്രക്ഷീരസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. പാലിന്റെ സംഭരണ വിതരണ വിലകൾ തമ്മിലുള്ള അന്തരം ഇന്ന് ഏതാണ്ട് മൂന്ന് രൂപയാണ്. ഏകദേശം 8 രൂപക്ക് സംഭരിക്കുന്ന പാൽ അധികമുള്ള കൊഴുപ്പ് നീക്കം ചെയ്തിട്ടാണ് 11 രൂപക്ക് വിപണനം നടത്തുന്നത്. കൊഴുപ്പിന്റെ അംശം കൂടുതലുള്ള സ്റ്റാൻഡേർഡ് മിൽക്കിന്റെ വില 13 രൂപയാണ്. 3.5% കഴിച്ചുള്ള കൊഴുപ്പ് വേർത്തിരിച്ച് വെണ്ണയും നെയ്യുമായി വേറെ വിൽക്കുകയാണ്. പാൽ സംഭരിക്കാനും ശീതീകരിച്ച് സൂക്ഷിക്കാനും വിപണനം ചെയ്യാനും ചിലവിന്റെ വലിയൊരംശം ഭരണശമ്പളചിലവുകളാണ്. അത്രതന്നെ പ്രവർത്തനചിലവില്ലാത്ത സ്വകാര്യ ഏജൻസികളും മിൽമയുടെ ചുവടുപിടിച്ചാണ് വില നിശ്ചയിക്കുന്നത്. സംഭരണവിതരണത്തിലുള്ള ഈ അന്തരം കുറച്ചാലല്ലാതെ ക്ഷീരകർഷകന് ലാഭകരമായി പശുപരിപാലനം തുടർന്നുകൊണ്ടുപോകുക ശ്രമകരമാണ്. പാലിന് ഇന്ന് ലഭിക്കുന്ന വില തീരെ അപര്യാപ്തമാണ്.

തീറ്റ പുല്ല് കൃഷിചെയ്തുണ്ടാക്കാമെന്ന് പറയുന്നുണ്ടെങ്കിലും അനുയോജ്യമായ ഇടവും വെള്ളവും ഇന്ന് ലഭ്യമല്ല. തെങ്ങുകളുടെ കൂടെ ഇടവിളയായി കവുങ്ങ്, കൊക്കോ, ജാതി മുതലായവ തിങ്ങിവളരുന്നതുകൊണ്ട് പുൽകൃഷിക്ക് ഇടം ലഭിക്കുക പ്രയാസമാണ്. ജലലഭ്യതയില്ലെങ്കിൽ വേനൽക്കാലത്ത് പുല്ല് വളരുകയില്ലെന്ന് മാത്രമല്ല ഉണങ്ങികരിയുകയും ചെയ്യും. മൃഗാസ്പത്രകളിലെ മരുന്നിന്റെ ലഭ്യതയില്ലായ്മ പുറമെ നിന്നു വാങ്ങുന്ന മരുന്നുകളുടെ അനിയന്ത്രിതമായ വില പ്രതിരോധകുത്തിവെയ്പ്പുകളുടെ അഭാവം അകിടുവീക്കം, മൃഗങ്ങളുടെ ആകസ്മികമരണം മുതലായ ഒട്ടനവധി പ്രശ്നങ്ങൾ ക്ഷീരകർഷകന് ഒരു ഭീഷണിയാണ്. ഇവയെല്ലാം പരിഗണിച്ച് കർഷകന് താങ്ങും തണലും ഏകിയില്ലെങ്കിൽ ധവളവിപ്ലവം ഒരു വിദൂരസ്വപ്നമായി നിലനിൽക്കും.

## പരിയാരം ആപ്കോസ് ക്ഷീരോൽപാദനസംഘങ്ങളുടെ പട്ടിക

| | സംഘത്തിന്റെ പേര് | ഓഹരിക്കാരുടെ എണ്ണം | സംഭരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്ന പാൽ |
|---|---|---|---|---|
| 1. | പരിയാരം ക്ഷീരോൽപാദന സഹകരണസംഘം R.22 | 500 | 325 ലിറ്റർ | 25 ലിറ്റർ |
| 2. | മോതിരക്കണ്ണി K.V.C.S. Reg. 182 (D) | 241 | 242ലിറ്റർ | 22 ലിറ്റർ |
| 3. | കുറ്റിക്കാട് K.V.C.S. Reg.184 (D) | 218 | 430 ലിറ്റർ | 40 ലിറ്റർ |
| 4. | കൊന്നക്കുഴി K.V.C.S. R. 195 (D) | 257 | 237 ലിറ്റർ | 6.3 ലിറ്റർ |

ഏകദേശം ഇത്രയും തന്നെ പാൽ നാല് പിഡി.ഡി.പി. സ്വതന്ത്രസംഘങ്ങളും ശേഖരിക്കുന്നുണ്ട്.

പശുക്കൾക്ക് പുളയുണ്ടാകുന്നതും ബീജദാനം നടത്തേണ്ട സമയവും കർഷകൻ തിരിച്ചറിയേണ്ടതുണ്ട്. ആ സമയത്ത് നടത്തപ്പെടുന്ന ബീജസംകലനം ഫലപ്രദമാവില്ല. ഗർഭാശയസംബന്ധമായ കാരണങ്ങൾകൊണ്ടും ബീജസംകലനം വിഫലമായെന്നുവരാം. ക്ഷീരോൽപാദനത്തിൽ താൽപര്യവും സന്നദ്ധതയും ഉള്ള കർഷകൻ ഇവയൊക്കെ അറിഞ്ഞിരിക്കേണ്ടതാണ്. ക്ഷീരകർഷകരെ ബോധവൽക്കരിക്കാൻ സെമിനാറുകളും ക്ഷീരോൽപന്നങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച ശിൽപശാലകളും നടത്തപ്പെടേണ്ടതുണ്ട്.

1995 96 വർഷത്തിൽ പരിയാരം മൃഗാസ്പത്രിയിൽ 1323 പശുക്കൾക്കും 546 കിടാരികൾക്കും കൃത്രിമ ബീജസംഘലനം നടത്തിയിട്ടുണ്ട്. 109 എരുമകൾക്കും ബീജം കുത്തിവെച്ചിട്ടുണ്ട്. 750 പശുക്കൾക്ക് ഒരു ബീജസംഘലനകേന്ദ്രം എന്നത് കേരളത്തിന്റെ കണക്കാണെങ്കിലും പഞ്ചായത്തിൻ അനുപാതം ഇതിന്റെ പകുതിയാണ്.

അശാസ്ത്രീയമായി നടത്തപ്പെടുന്ന അറവുശാലകൾ പരിഷ്ക്കരിക്കേണ്ടതാണ്. അറുപതോളം അറവുശാലകൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചിലത് എല്ലാദിവസവും ഭൂരിഭാഗവും വിശേഷ ദിവസങ്ങളിലും എന്ന വ്യത്യാസമുണ്ടെന്നു മാത്രം. മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന മൃഗങ്ങളുടെ മാംസത്തെപോലും ആശ്രയിക്കേണ്ടിവരുന്ന പഞ്ചായത്ത് നിവാസികൾക്ക് ലൈസൻസില്ലാതെ പരിശോധനയില്ലാതെ അറക്കപ്പെടുന്ന മാടുകളുടെ മാംസം പലവിധ അസുഖങ്ങൾക്കും കാരണമായേക്കും.

## ആടുകൾ

മാംസത്തിനും പാലിനും വേണ്ടി ആടിനെ വളർത്തുന്ന ചുരുക്കം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. നമ്മുടെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായ മലബാറി ആടികളെ മാംസത്തിനുവേണ്ടിയും പാലുൽപാദനത്തിന് അൽപയിൽ മലബാറി സങ്കരയിനം ആടുകളേയും ലഭ്യമാക്കണം. കാർഷിക സർവകലാശാലയിൽനിന്ന് നിർത്തിവച്ച സങ്കരിയിനം ആട്ടിൻകുട്ടി വിതരണം പുനരാരംഭിക്കണം. പരിയാരം പോലെയുള്ള ഗ്രാമപ്രദേശങ്ങളിൽ ആടുകൾക്ക് മേഞ്ഞുതിന്നാനുള്ള സൗകര്യങ്ങൾ തുലോം കുറവായതുകൊണ്ട് കൂടുകളിലോ കെട്ടിയിട്ടോ വളർത്തേണ്ടിയിരിക്കുന്നു. ആടുകളുടെ ഇഷ്ട ആഹാരമായ പ്ലാവിലയും മറ്റും പരിമിതമായികൊണ്ടിരിക്കയാണ്. അതുകൊണ്ട് ശരിയായ അനുപാതത്തിൽ മിക്സ് ചെയ്ത ഫീഡുകൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കേണ്ടതുണ്ട്.

പ്രജനനത്തിന് ആടുകളെ കൃത്രിമ ബീജസങ്കലനം നടത്തി മേൽത്തരം ജനുസ്സുകളെ ഉൽപാദിപ്പിക്കുന്ന സമ്പ്രദായം വ്യാപിപ്പിക്കണം. സബ്സിഡിയോടുകൂടി നല്ലയിനം പെണ്ണാടുകളെ വിതരണം ചെയ്യുകയും കൃത്രിമ ബീജദാന പരിപാടി നടപ്പാക്കുകയും ചെയ്താൽ മുട്ടനാടുകളെ പരിപാലിക്കുന്ന ഭാരം കുറയ്ക്കാവുന്നതാണ്.

ഏതായാലും പഞ്ചായത്തിലിപ്പോൾ ആടുവളർത്തലിൽ താൽപര്യം കാണിക്കുന്ന 300 കുടുംബങ്ങളുണ്ട്. സാന്നൽ ജംനാപരി ഇനത്തിൽപ്പെട്ട ആടുവളർത്തലിന്റെ സാദ്ധ്യതയും പഞ്ചായത്തിൽ പരീക്ഷിച്ച് നോക്കാവുന്നതാണ്.

## കോഴികൾ

പണ്ടൊക്കെ വീട്ടുമുറ്റത്ത് അവശിഷ്ടങ്ങളും കൊയ്തുകയറുന്ന കറ്റയും കൊഴിയുന്ന മണികളും കൊത്തിപ്പെറുക്കിയാണ് വാതിൽപ്പുറകോഴികൾ താനെ വളർന്നിരുന്നതെങ്കിൽ ഇടക്കാലത്ത് ഡിപ്പ് ലിററിലും കേജിലും കോഴികളെ അടച്ചിട്ട് മുട്ടയ്ക്ക് വേണ്ടി പരിപാലിക്കുന്നു. മുട്ടയുൽപാദനശേഷി കൂടതലുള്ള വൈറ്റ്ലഗോൺ, ആസ്ട്രോവൈറ്റ് എന്ന ഇനങ്ങളുടെ രോഗപ്രതിരോധ ശേഷിയുടെ കുറവും,

ബയോഗ്യാസ് പ്ലാന്റുകളുടെ ആയുസ്സ് വളരെ കുറവാണെന്നും പലതും ശരിക്ക് പ്രവർത്തിക്കുന്നില്ലെന്നും ഒരു പരാതി കർഷകരുടെ ഇടയിൽ പരക്കെ ഉണ്ട്. എന്നാൽ ദീർഘകാലമായി വളരെ കൃത്യമായി പ്രവർത്തിക്കുന്ന പ്ലാന്റുകളും പഞ്ചായത്തിലുണ്ട് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം വളരെ ശ്രദ്ധയോടെ ശാസ്ത്രീയമായി നിർവ്വഹിക്കുകയും ഇന്നുള്ള അപര്യാപ്തമായ സബ്സിഡി കാര്യമായി ഉയർത്തുകയും വേണം. ഗ്യാസ് ഉത്പാദനം കഴിഞ്ഞ് പുറത്തേക്ക് വരുന്ന ചാണക (സ്ലറി) ത്തിൽ കൂടുതൽ പാക്യജനകമുണ്ട് എന്നവസ്തുത ജൈവവളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുമ്പോൾ കൂടുതൽ ശ്രദ്ധേയമാണ്.

## തുമ്പൂർ മുഴിക്കാറ്റിൽ ബ്രീഡിംഗ് റിസർച്ച് സെററർ

മൃഗസംരക്ഷണരംഗത്ത് ഗവേഷണപഠനങ്ങൾ നടത്തുന്നതിന് സംസ്ഥാന ഗവണ്മെണ്ടിന്റ കീഴിൽ 1957 ൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ആദ്യമായി സ്ഥാപിക്കപ്പെട്ട തുമ്പൂർ മുഴിക്കാറ്റിൽ ബ്രീഡിങ്ങ് റിസർച്ച് സ്റ്റേഷൻ സുപ്രധാനമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. 1972 ൽ ഇത് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഏറ്റെചുത്തു. ആദ്യം ഡ്രൈഫാം എന്ന നിലയിൽ പ്രവർത്തിച്ചിരുന്ന ഈ കേന്ദ്രത്തിൽ മണ്ണുത്തിയിൽ നിന്ന് കന്നുകുട്ടികളെ കൊണ്ടുവന്ന് സംരക്ഷിച്ച് ചെന പിടിപ്പിച്ച് പ്രസവിക്കാറാകുമ്പോൾ മണ്ണുത്തി ഫാമിലേക്കുതന്നെ തിരിച്ചയക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ 1992 ൽ കറവപ്പശുക്കളെ സംരക്ഷിക്കുന്ന സംവിധാനം കൂടി ഏർപ്പെടുത്തിയതോടെ ഇപ്പോൾ 39 കറവപ്പശുക്കൾ കേന്ദ്രത്തിലുണ്ട്. ഇവക്ക് ശരാശരി 8ലിറ്റർ പാൽ ലഭിക്കുന്നുണ്ട്. ഒരു വയസ്സിനു താഴെ 29 കന്നുകുട്ടികളും ഒരു വയസ്സിനുമുകളിലിൽ 142 കിടാരികളും ഇവിടെ സംരക്ഷിക്കപ്പെടുന്നുണ്ട്. സ്ഥാപനത്തിൽ 16 ഉദ്യോഗസ്ഥൻമാരും 39 സ്ഥിരം തോഴിലാളികളും 10 താൽക്കാലിക സ്ത്രീ തൊഴിലാളികളും ഉണ്ട്. ആകെ സംരക്ഷിക്കപ്പെടുന്ന 171 കാലികളിൽ 24 വെച്ചൂർ ഇനത്തിൽപ്പെട്ടവയുമുണ്ട്. ഈകേന്ദ്രത്തിൽ ആകെ 25.5 ഹെക്റ്റർ ഫലഭൂയിഷ്ഠമായ സ്ഥലമുള്ളതിൽ 10.52 ഹെക്ടറും കനാൽ വെള്ളം കൊണ്ട് നനക്കാവുന്നതാണ്. 21.86 ഹെക്ടർ സ്ഥലത്ത് പശുവിനാവശ്യമായ തീറ്റപ്പുല്ലും സമൃദ്ധമായി വിളയുന്ന തെങ്ങുകളും വളരുന്നു.

പൊതുജനങ്ങളുടെ പശുക്കൾക്ക് കൃത്രിമ ബീജദാന സൗകര്യമല്ലാതെ മറ്റൊന്നും ഇവിടെനിന്ന് ലബിക്കുന്നില്ല. 16.08 ചതുരശ്രകിലോമീറ്റർ വിസ്തൃതിയപള്ള പരിയാരം പഞ്ചായത്തിലെ പഞ്ചായത്തിലെ രണ്ടാമത്തെ ചികിത്സാകേന്ദ്രമായി ഇതിനെ മാറ്റേണ്ടതാണ്. അങ്ങിനെയായാൽ പഞ്ചായത്തിന്റ രണ്ടറ്റത്തും ഓരോ മൃഗാശുപത്രി ഉണ്ടാകുകയും ഇത് കിഴക്കൻ മേഖലയിലുള്ളവർക്ക് വളരെ സഹായകമാവുകയും ചെയ്യും. കൂടാതെ ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീരോൽപ്പന്നങ്ങളാക്കി ടൂറിസ്റ്റ് കേന്ദ്രമായ അതിരപ്പള്ളിയിലും വാഴചാലിലും സ്ഥാപനത്തിന്റെ മുമ്പിൽ സ്റ്റോളുണ്ടാക്കിയും വിൽക്കാവുന്നതാണ്.

പരയാരത്തെ അറവുശാലകൾ റോഡരികിലും കടത്തിണ്ണകളിലും പാടത്തും പറമ്പിലും താൽകാലികമായുണ്ടാക്കിയ വൃത്തിയുള്ള തറയില്ലാത്ത ചാച്ചുകെട്ടിലുമാണ് നടത്തപ്പെടുന്നത്. പരിയാരം മാർക്കറ്റിനകത്തെ സ്ലോട്ടർ ഹൗസിലും ഇപ്പോൾ കശാപ്പു നടത്തുന്നില്ല. വേണ്ടത്ര ശുചിത്വവും ശ്രദ്ധയുംമില്ലാതെ

അജ്ഞാത രോഗങ്ങളും തീറ്റയുടെ വിലകൂടുതലും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ തളർത്തിക ളഞ്ഞു. എന്നാൽ ഇറച്ചി കോഴികളെ ഡിപ്പ്ലിറ്ററിൽ വളർത്തുന്നവർ ഇന്നുമുണ്ട്. തീറ്റവിലയിലുണ്ടായ കുതിച്ചുചാട്ടവും ഇറച്ചി വിലയിലെ അസ്ഥിരതയും ബ്രോയിലർ കോഴി ഫാമുകൾക്കും വലിയ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ബ്രോയിലർ കോഴികുഞ്ഞുങ്ങളുടെ വിലയും ലഭ്യതയും ഇന്ന് ഒരു സർവ്വകാല പ്രശ്ന മാണ്. ഇതുപരിഹരിക്കാൻ നാട്ടിൻപുറത്ത് ചെറിയ ഹാച്ചറികൾ ആരംഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാ ക്കുകയോ ഗവൺമേണ്ടുഫാമുകളിൽ നിന്ന് ബുക്ക് ചെയ്യുന്നവർക്ക് മുൻഗണനാ ക്രമമനുസരിച്ച് ആവശ്യ മായ കുഞ്ഞുങ്ങളെ ലഭ്യമാക്കുകയോ വേണം. ഈ പഞ്ചായത്തിൽ 13 പേർ ഡിപ്പ് ലിറ്റർ സമ്പ്രദായത്തിൽ ഇറച്ചികോഴികളെ വളർത്തുന്നുണ്ട്. മുട്ടകോഴിവളർത്തുകേന്ദ്രങ്ങൾ ഇല്ലെങ്കിലും മിക്കവാറും എല്ലാ വീടു കളിലും അടുക്കളമുറ്റത്ത് കോഴികളെ വളർത്തുന്നുണ്ട്. അവാർഡിന്റെ ഒരു പദ്ധതിയായ 5 പിടകോഴി കളും കൂടും ഏറ്റുവാങ്ങി വഴർത്തുന്ന അമ്പതോളം കുടുംബങ്ങളുണ്ട്. സൗജന്യനിരക്കിൽ മുട്ടകോഴികളെ വിതരണം ചെയ്താൽ കുറെയേറെ വീടുകളിൽ അടുക്കള മുറ്റത്ത് കോഴി വളർത്താനും മുട്ട ഉൽപാദനം വർദ്ധിപ്പിക്കാനും കഴിയും. കാലാകാലങ്ങളിൽ കോഴി വസന്തക്കുള്ള പ്രതിരോധകുത്തിവെപ്പിനെ സംബ ന്ധിച്ച് കർഷകരെ ബോധവൽക്കരിക്കേണ്ടതാണ്. പാഞ്ചായത്തിൽ ആവശ്യമായ മുട്ട അന്യസംസ്ഥാന ങ്ങളിൽനിന്നാണ് ഇപ്പോഴും കൊണ്ടുവരുന്നത്. രോഗപ്രതിരോധശേഷിയുള്ള ആസ്ട്രോവൈറ്റ് കോഴിക ളുടെ ഫാം ഇതിനൊരു പരിഹാരമാണ്.

## താറാവ്

വ്യവസായ അടിസ്ഥാനത്തിൽ ആരും വളർത്തുന്നില്ലെങ്കിലും വളരെ ചുരുക്കം പേർ താറാവിനെ വളർത്തുന്നുണ്ട്. ശരിയായ തീറ്റയുടെയും വെള്ളത്തിന്റെയും അഭാവം കൊണ്ട് മുട്ട വളരെ കുറവ് മാത്രമെ ലഭിക്കുന്നുള്ളൂ എന്നുമാത്രം.

## മുയൽ

ഉപജീവനമാർഗ്ഗമെന്ന നിലയിൽ വിപണനത്തിനുവേണ്ടി മുയലിനെ ആരും വളർത്തുന്നില്ല. ചുരുക്കം പേർ വളർത്തുന്ന മുയലുകൾ പ്രസവിക്കുന്ന കുഞ്ഞുങ്ങളെ ആരെങ്കിലും ആവശ്യപ്പെട്ടാൽ വിൽക്കുക യെന്നല്ലാതെ ഇറച്ചിയുടെയോ തോലിന്റെയോ സംസ്കരണമോ വിപണിയോ നോക്കുന്നുപോലുമില്ല.

## മറ്റുള്ളവ

കൾക്കം, വാത്ത്, ഗിനികോഴി, കാട, ലൗ ബേഡ്സ് എന്നിവ കൗതുകത്തിനു വേണ്ടി വളർത്തുന്ന വിരലിലെണ്ണാവുന്നവർ മാത്രമെയുള്ളു. കാടമുട്ടയ്ക്ക് വലിയ പ്രിയമുള്ളതുകൊണ്ട് കാടവളർത്തുന്നത് കൗതുകത്തോടൊപ്പം ആദായകരവുമാണ്. എണ്ണം പെരുകുമ്പോൾ ലൗ ബേഡ്സിനെ നഗരത്തിലെ വ്യാപാ

രികൾക്ക് വിൽക്കുയാണ് ചെയ്യുന്നത്. വാത്ത് ജോഡികൾക്ക് 1000 രൂപയോളം വിലയുണ്ടെങ്കിലും ഇതിന്റെ വംശ വർദ്ധന വളരെ സാവധാനമാണെന്നത്കൊണ്ട് സ്ഥിരമായ വിൽപനസാദ്ധ്യത കുറവാണ്. കൾക്കം പേരിനുമാത്രമെ വളർത്തുന്നുള്ളൂ.

## തേനീച്ച

വലിയ ചെലവില്ലാതെ അൽപം ജാഗ്രതമാത്രമുണ്ടെങ്കിൽ ഉത്സാഹികളായ പെൺതേനീച്ചകൾ അറകളിൽ മധു സംഭരിച്ചുകൊള്ളും. ഔഷധത്തിനും ആഹാരത്തിനുമുപയോഗിക്കുന്ന തേൻ വിപണിയിൽ പ്രിയമുള്ളതാണ്. ഒരു കാലത്ത് ഖാദി സംഘം ഇതിന്റെ പ്രചാരണത്തിൽ ശ്രദ്ധിച്ചിരുന്നു. പൂത്തുലയുന്ന റബ്ബർ മരങ്ങൾ ധാരാളം വളരുന്ന തോട്ടങ്ങളിലും പണ്ടേയുള്ള തെങ്ങിൻ തോപ്പുകളിലും ലാഭകരമായി പരീക്ഷിച്ച് വിജയിപ്പിക്കാവുന്ന ഒരു തൊഴിലാണ് തേനീച്ച വളർത്തൽ. അടപുഴുവും മറ്റു കീടങ്ങളും കൂട് ആക്രമിക്കാതെ ശ്രദ്ധിക്കുകയേ വേണ്ടൂ. പക്ഷേ ഈച്ചകളെ പിടിച്ച് കൂട്ടിലാക്കാനും ബാഹ്യശത്രുക്കളുടെ ആക്രമണം കൊണ്ട് ഈച്ചകൾ കൂടുവിടാതിരിക്കാനും ശ്രദ്ധിക്കുന്നതിന് സനദ്ധത മാത്രം പോരാ പരിശീലനവും ആവശ്യമാണ്. തേനീച്ച വളർത്തലിൽ പരിശീലനം കൊടുത്താൽ ധാരാളം ചെറുപ്പക്കാർ പഞ്ചായത്തിൽ മുന്നോട്ടു വരുമെന്നതിന് സംശയമില്ല. സ്വന്തം തോട്ടത്തിലെയൊ അയൽതോട്ടങ്ങളിലേയോ തേൻ സംഭരിച്ച് കുരുവിലമായി ജീവിച്ചുകൊള്ളുമെന്നത് കൊണ്ട് ചെറിയ പാർപ്പിടമുള്ളവർക്കും പരീക്ഷിക്കാവുന്ന ലാഭകരമായ ഒരു കൗതുക ജോലിയാണ് തേനിച്ച പരിപാലനം.

## നായ

പഞ്ചായത്തിലെ മിക്കവാറും എല്ലാ വീടുകളിലും നായ്ക്കളെ ൂവളർത്തുന്നുണ്ട്. അത്യപൂർവ്വമായി പ്രജനനത്തിനായി വളർത്തപ്പെടുന്ന പൊമേറിയൻ ഗ്രെയ്റ്റ് ഡെയിൻ, അൾസേഷൻ, ഡോബർമാൻ ഇനങ്ങളിൽ പെട്ട നായകളുമുണ്ട്. എന്നാൽ പേവിഷ പ്രതിരോധകുത്തിവെപ്പിനുള്ള നിഷ്കർഷ കാണിക്കുന്നവർ വളരെ ചുരുക്കമാണ്. പേവിഷകുത്തുവെപ്പും ലൈസൻസു സമ്പ്രദായവും പഞ്ചായത്തിൽ കർശനമാക്കേണ്ടതാണ്. മൃഗാസ്പത്രികളിൽ പ്രതിരോധകുത്തിവെപ്പിനുള്ള വാക്സീൻ ലഭ്യമാക്കുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നൊടുക്കുകയും വേണം. കഴിഞ്ഞ വർഷം പരിയാരം മൃഗാസ്പത്രിയിൽ ആകെ 30 നായ്ക്കൾക്കാണ് പേ വിഷ പ്രതിരോധ കുത്തിവെപ്പ് നടന്നിട്ടുള്ളത്.

## പന്നി

പന്നി വളർത്തുന്ന എഴുപതോളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും ലാഭകരമായി വളർത്താവുന്ന യോർക്ക് ഷെയർ പന്നി കുഞ്ഞുങ്ങളുടെ ലഭ്യതകുറവ് കൂടുതൽ ആളുകളെ ഇതിലേയ്ക്കാകർഷിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഊർജ്ജിത പന്നി വളർത്തൽ വികസന പദ്ധതി എന്നൊന്നു

ണ്ടെങ്കിലും ജനങ്ങൾക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. കശാപ്പു ശാലകളിലേയും ഹോട്ടലുകളിലേയും അവശിഷ്ടങ്ങൾ ധാരാളമായി ലഭിച്ചാൽ പന്നിവളർത്തൽ വളരെ ലാഭകരമാക്കാം. ഇവ സുലഭമല്ലെങ്കിലും ചക്കയും, കശുമാങ്ങയും മറ്റു പഴ വർഗ്ഗ അവശിഷ്ടങ്ങളും വാഴപിണ്ടിയും വാഴമാങ്ങും മറ്റും ഒരളവോളം ഉപയോഗപ്പെടുത്താവുന്ന ഒരു തൊഴിലാണ് പന്നിവളർത്തൽ. പന്നികൂടിനും പന്നികുഞ്ഞുങ്ങൾക്കും സൗജന്യമായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഉപയോഗപ്പെടുന്നവയാണ്. കൂടുതൽ കർഷകർക്ക് ലാഭകരമായി ചെയ്യാവുന്ന ഒരു തൊഴിലാണ് പന്നിവളർത്തൽ. ഈ രംഗത്ത് ഇപ്പോൾ തന്നെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് പരിയാരം. അഞ്ച് പെൺ പന്നികളും ഒരു ആൺപന്നിയുമടങ്ങിയ സൗജന്യ ഊർജ്ജിത പന്നിവളർത്തൽ യൂണിറ്റുകൾ തുടങ്ങേണ്ടതുണ്ട്.

## ആധുനിക ആസ്പത്രി

മൃഗ പരിപാലനരംഗത്തെ ഗുണപരമായ വളർച്ചക്ക് മൃഗാസ്പത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മെച്ചപ്പെട്ട ലാബറട്ടറി സൗകര്യം, മിനി ഓപ്പറേഷൻ തീയ്യറ്റർ മുതൽ ഡോക്ടറുമായി ബന്ധപ്പെടാനുള്ള ടെലികമ്മ്യൂണക്കേഷൻ സൗകർസൗകര്യം വരെ ഏർപ്പെടുത്തേണ്ടതുണ്ട്.

## മാതൃകാ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടത്.

മൃഗപപരിപാലന രംഗത്ത് കർഷകരുടെ ശ്രദ്ധയിൽപെടാത്ത നിരവധി മാതൃകാ പദ്ധതികൾ പ്രാവർത്തികമാക്കുന്നുണ്ട്. ഒരു വീട്ടിൽ ഒരു പശു, മിനി ഡയറി യൂണിറ്റ്, ഡയറി യൂണിറ്റ് വ്യവസായ അടിസ്ഥാനത്തിൽ, പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി, സങ്കര പശു വർഗ്ഗങ്ങൾക്ക് കാലിതീറ്റ സബ്സിഡി, വൈറ്റമിൻ ധാതുലവണ മിശ്രിത വിതരണ പദ്ധതി, തീറ്റ പുൽ കൃഷി പ്രചരണ പദ്ധതി, തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം, അകിട്വീക്ക രോഗ നിയന്തണ പരിപാടി ഭ്രൂണമാറ്റ പദ്ധതി, പന്നിവളർത്തൽ പദ്ധതി, മുയൽ വളർത്തൽ, എഗ്ഗർ ലെയർ (കോഴികൾ) നഴ്സറി, വീട്ടുമുറ്റത്തെ കോഴിവളർത്തൽ സമ്പൂർണ്ണ പേവിഷബാധ നിയന്ത്രണ പദ്ധതി, താറാവു വളർത്തൽ, സമ്മിശ്ര മൃഗപരിപാലനം, ചെറുകിട കാലിതീറ്റ മിശ്രിത യൂണിറ്റുകൾ, ശാസ്ത്രീയ മാംസോൽപാദന സംസ്കരണ പദ്ധതി, ഗ്രീൻ കാർഡ് സമ്പ്രദായം, രോഗരക്ഷാ ക്ലാസുകൾ/വന്ധ്യതാ നിവാരണ ക്യാമ്പുകൾ, പാലുൽപാദന യൂണിറ്റുകൾ, പഞ്ചായത്തുതല മൃഗസംരക്ഷണ മേള, സമഗ്രകന്നുകാലി ഇൻഷുറൻസ് പദ്ധതി മുതലായവ ഫലപ്രദമായി നടപ്പാക്കുന്നതിന് എല്ലാ പശ്ചാത്തല സൗകര്യങ്ങളുമുള്ള പരിയാരം പഞ്ചായത്തിനെ ദത്തെടുത്ത് പരിപൂർണ്ണ വിജയമാക്കാവുന്നതാണ്.

## മത്സ്യബന്ധനം

തെക്കും വടക്കും അതിരുകളിൽകൂടി ഒഴുകുന്ന ചാലക്കുടി പുഴയും കപ്പതോടും മത്സ്യബന്ധനത്തിന് പറ്റിയ കേന്ദ്രങ്ങളാണ്. പരിയാരത്തിന്റെ കിഴക്കു ഭാഗത്ത് പാറമടകൾ സുലഭമാണ്. വേനലവസാ

നിക്കുമ്പോൾ വെള്ളം കുറയുമെങ്കിലും ചുരുങ്ങിയ മാസങ്ങൾകൊണ്ട് വളരുന്ന ഗ്രാസ്കാർപ്പ്, കറ്റല, രോഹു, മൃഗാല മുതലായ മത്സ്യങ്ങളെ ലാഭകരമായി വളർത്താവുന്നതാണ്. ഇതു കൂടാതെ തന്നെ വറ്റാത്ത കുളങ്ങളും ജലാശയങ്ങളും വേറെയുമുണ്ട്. ചുരുക്കം ആളുകൾ മാത്രമെ മത്സ്യ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ളൂ. മലവെള്ളം കയറുന്ന താഴ്ന്ന കൃഷിയിടങ്ങളിലെ കിണറ്റുകളിലും കുളങ്ങളിലും വരാല് മുതലായവ അദ്ധ്വാനമോ ശുശ്രൂഷയോ കൂടാതെ തന്നെ വളരുന്നവയാണ്. പക്ഷേ ഇത്തരം മത്സ്യങ്ങളുടെ പകർച്ച രോഗങ്ങളും കീടനാശിനി പ്രയോഗവും വംശനാശത്തിനിടയാക്കുന്നുണ്ട്.

മത്സ്യ കൃഷിയെ സംബന്ധിച്ച് ശരിയായ അവബോധമോ, മത്സ്യബന്ധന താല്പര്യമോ ചെറുപ്പകാരുടെ ഇടയിൽ കുറവാണ്. ആസൂത്രിതമായ പഠനങ്ങളും സെമിനാറുകളും കൊണ്ട് ബോധവൽക്കരണവും തൊഴിലില്ലാത്ത യുവാക്കളെ ആകർഷിക്കാൻ സാധിച്ചാൽ വിപുലമായ സാദ്ധ്യതകളുള്ള മേഖലയാണ് മത്സ്യം വളർത്തൽ.

പഞ്ചായത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 24 തൊഴിലാളികളും വിപണന രംഗത്ത് 52 പേരും ഉണ്ട്.

### പ്രശ്നങ്ങൾ

1. കാലിതീറ്റയുടെ വില കുതിച്ചുയരുമ്പോൾ പാലിന്റെ വില ആനുപാതികമായി ഉയരുന്നില്ല.

2. സങ്കരയിനം മാടുകളെ പാൽ ലഭ്യത ലക്ഷ്യം വച്ചുകൊണ്ട് പ്രചരിപ്പിക്കുമ്പോൾ അകിടുവീക്കം മുതലായ രോഗങ്ങളിൽനിന്ന് രക്ഷിക്കാൻ തൊഴുത്തുകൾ ശാസ്ത്രീയമാക്കാൻ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

3. തൊഴുത്തുകളിൽ എത്തി ബീജദാനം നടത്താനുള്ള സൗകര്യമില്ല.

4. കിഴക്കു പടിഞ്ഞാറ് 14 കി. മീറ്റർ അകലത്തിൽ നീണ്ടുകിടക്കുന്ന പഞ്ചായത്തിന്റെ ഒരറ്റത്താണ് മൃഗാസ്പത്രി.

5. ആസ്പത്രികളിൽ പല മരുന്നുകളും ലഭ്യമല്ല.

6. അകിട് വീക്കവും സത്വര ചികിത്സ ആവശ്യമുള്ളതുമായ രോഗങ്ങൾക്ക് ചികിത്സിക്കാൻ ഒരു ഡോക്ടർ മാത്രമെയുള്ളൂ.

7. കാലി സമ്പത്തിന്റെ പത്തു ശതമാനം പോലുമില്ലാത്ത നഗരങ്ങളിൽ മാത്രം പ്രീമിയം ബുൾ ബീജം ഉപയോഗിക്കപ്പെടുന്നു.

8. കറവമാടുകളുടെ ശാസ്ത്രീയ പരിപാലനത്തെ പറ്റി അവബോധമുണ്ടാക്കാൻ ശ്രമിക്കുന്നില്ല.

9. മിശ്രിത കാലിതീറ്റക്കും നേരാഹാരങ്ങളായ പിണ്ണാക്ക് പരുത്തിക്കുരു മുതലായവക്കും വിൽപനനികുതി ഒരധികഭാരമാണ്.

10. മെത്തരം കറവ മാടുകളെ ശാസ്ത്രീയമായി പരിരക്ഷിക്കാനുള്ള സൗകര്യങ്ങൾ സാധാരണ ക്കാർക്കും കർഷകതൊഴിലാളികൾക്കും ഇല്ല.

11. ബയോഗ്യാസ് പ്ലാന്റുകളുടെ സഹായധനം അപര്യാപ്തമാണ്.

12. ആടുകളെ കൃത്രിമ ബീജസങ്കലനം നടത്തി വർഗ്ഗ മേന്മയുണ്ടാക്കാൻ ശ്രമം നടക്കുന്നില്ല.

13. കോഴി കുഞ്ഞുങ്ങളുടെയും പന്നികുഞ്ഞുങ്ങളുടെയും ലഭ്യത തുലോം കുറവാണ്.

14. പേവിഷ പ്രതിരോധത്തിന് കുത്തിവെയ്ക്കാനുള്ള വാക്സീൻ മൃഗാസ്പത്രിയിൽ ഇല്ല. ഉണ്ടെ ങ്കിൽ തന്നെ വലിയ വില കൊടുക്കേണ്ടിവരുന്നു.

15. ശാസ്ത്രീയമായ പഠനസൗകര്യങ്ങളും മത്സ്യകുഞ്ഞുങ്ങളും ലഭ്യമാക്കണം.

## നിർദ്ദേശങ്ങൾ

1. തുമ്പൂർ മുഴികാറ്റിൽ ഫാമിൽ ഒരാസ്പത്രിയുടെ സേവനവും മദ്ധ്യഭാഗത്തായി ബീജാദാനസൗകര്യ മടക്കമുള്ള സേവനങ്ങൾ ലഭിക്കുന്നതുമായ രണ്ടു ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് മാരുടെ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2. കാലിതീറ്റയുടെ വില കൂടുന്നതിനനുസരിച്ച് പാലിന്റെ വില ഉയർത്തുകയും തീറ്റയുടെ ഗുണനി ലവാരം നിയന്ത്രിക്കുകയുയും ചെയ്യുക.

3. വളരെ അധികം സാധാരണക്കാർ ഏർപ്പെട്ടിട്ടുള്ള ക്ഷീരോൽപാദനമേഖലയായ പരിയാരം ഗ്രമത്തെ ദത്തെടുത്ത് പ്രീമിയം ബുൾ സെമനും ഭ്രൂണമാറ്റ രീതിയും പരീക്ഷിച്ച് വിജയിപ്പിക്കുക.

4. സാധാരണക്കാർക്കും കർഷക തൊഴിലാളികൾക്കും തൊഴുത്തു പണിയാനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുക, നിലവിലുള്ള തൊഴുത്തുകൾ ശാസ്ത്രീയവും വൃത്തിയുള്ളതുമാക്കി പരിഷ്കരിക്കുക

5. പേ വിഷത്തിനെതിരെയുള്ള പ്രതിരോധകുത്തിവെപ്പ് ഫലപ്രദവും കർശനവുമാക്കുക.

6. കൃഷിചെയ്തുണ്ടാക്കുന്നതും വർഷകാലത്ത് സുലഭമായി ലഭിക്കുന്നതുമായ പച്ച പുല്ല് സൈലേജ് രീതിയിൽ സൂക്ഷിക്കാൻ പരിശീലനം നൽകുകയും വൈക്കോൽ യൂറിയ സംസ്കരണം വഴി സംപുഷ്ടമാക്കുകയും ചെയ്യുക.

7. യൂറിയ കൃത്യമായ അനുപാതത്തിൽ ചേർത്ത് വൈയ്ക്കോൽ സൂക്ഷിക്കാനുള്ള പരിശീലനം കൊടുക്കുക.

8. പാലിന്റെ സംഭരണ വിതരണ വിലകൾ തമ്മിലുള്ള ഭീമമായ വ്യത്യാസം കുറക്കാൻ മിൽമയുടെ ഭരണചിലവ് കുറക്കുക.

9. അടുകള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കാൻ ഗുണനിലവാരമുള്ള എഗ്ഗർ ലെയർ കോഴികുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക,.

10. സർക്കാർ സേഖലയിലോ സഹകരണ മേഖലിലോ കാലിതീറ്റ, കോഴി തീറ്റ മിശ്രണയൂണിറ്റുകൾ സ്ഥാപിച്ച് ഗുണനിലവാരമുള്ള തീറ്റ മിതമായ വിലയ്ക്ക് കർഷകനു ലഭ്യമാക്കുക.

11. ശാസ്ത്രീയ മൃഗപരിപാലനത്തെ കുറിച്ചുള്ള അജ്ഞത കർഷകന് ആ മേഖലയിൽനിന്നുള്ള വരുമാനം കുറയ്ക്കുന്നതുകൊണ്ട് പരിഹാരമായി പരിശീലനംക്ലാസുകളും ബോധവൽക്കരണ സെമിനാറുകളും നടത്തുന്ന്തിന് പഞ്ചായത്തിൽനിന്ന് സാമ്പത്തിക സഹായം ചെയ്യുക.

12. ആടുകൾക്ക് കൃത്രിമ ബീജദാന സൗകര്യമേർപ്പടുത്തി ജനിതകമേന്മ വരുത്തുക.

627

# വനം

റിസർവ്വ് വനങ്ങളായ കുമ്പളാൻ മുടി, കോട്ടമലയുടെ ഒരു ഭാഗം പുല്ലേമുടി ചക്രപാണി വനപ്രദേശങ്ങളായിട്ടുണ്ട്. രാജ്യത്താകെ വനങ്ങളുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഏകദേശം 25 ഏക്കർ സ്ഥലം വനനിബഡമായി പഞ്ചായത്തിലുണ്ട്. കുമ്പളാൻമുടി മല പ്രകൃതിരമണീയമായി നിലകൊള്ളുന്നു. ഔഷധച്ചെടികളും, വള്ളിപ്പടർപ്പുകളും, വൻ മരങ്ങളും ഇടതിങ്ങി നിൽക്കുന്നു. ഇത്രയധികം ഔഷധച്ചെടികൾ തിങ്ങിനിൽക്കുന്ന വനപ്രദേശം മറ്റെവിടെയുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മുത്തെനി, പാൽത്തെനി, കാട്ടുകുരുമുളക്, കാട്ടുതിപ്പല്ലി, മലയിഞ്ചി, അല്ലികൊടി, ആട്ടങ്ങ, മൂവില, ഓരില ഇവയിൽ ചിലതു മാത്രം. 18''വരെ വണ്ണത്തിൽ വൃക്ഷശിഖിരത്തിൽ പടർന്നുകിടക്കുന്ന ഇഞ്ചവള്ളി, പുല്ലാനി വള്ളി, ഞരളി വള്ളി എന്നിവ സാഹസികരായ വിനോദസഞ്ചാരികൾക്കും, സിനിമാ നിർമ്മാതക്കൾക്കും ഒരു അസുലഭമുതൽകൂട്ടാണ്.

വൻമരങ്ങളായിട്ടുള്ള വെള്ളപൈൻ, കുന്നി വാക, മൈലെള്ള്, ചീനി, തെടുനാര്, അമ്പഴം, വേങ്ങമരം, പാതിരി, ഈട്ടി, മരുത്, പുന്ന, ഇരുൾ, തേക്ക്, വെൺതേക്ക്, വക്കമരം, നെല്ലിമരം എന്നിവ ഒരു വൻ വനസമ്പത്തു തന്നെയാണ്.

പുല്ലു വർഗ്ഗത്തിൽപ്പെട്ട മുള, ചൂരൽ, തെരുവപുല്ല്, ചോറപ്പുല്ല്, കറുകപ്പുല്ല് എന്നിവ ധാരാളമായി കാണുന്നു.

വിസ്തൃതിയിലും, ആകൃതിയിലും നിലകൊള്ളുന്ന പാറക്കൂട്ടങ്ങൾ, പാറയിടുക്കുകൾ പുനർജനിയുടെ രൂപത്തിലും, ചില പാറയിടുക്കുകളുടെ അടിഭാഗം ഗുഹയോടുകൂടിയും കാണുന്നു. പട്ടി വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങൾ ഗുഹയിൽ താമസിക്കുന്നതിന്റെ ലക്ഷണമുണ്ട്. പുലിമടയുടെ പ്രതീതിയാണ്തോന്നിയത്. കൂടാതെ കാട്ടുപന്നിയുടെ കാഷ്ഠവും കാണാൻ കഴിഞ്ഞു. വെള്ള കുരങ്ങ്, മുയൽ, കൂരാൻ, അണ്ണാറക്കണ്ണൻ, പാറയോന്ത്, മുള്ളൻപന്നി, കരിമുണ്ടി, എലിവർഗ്ഗത്തിൽപ്പെട്ട ചുണ്ടൻ എലി, തുരപ്പൻ എലി, പെരുച്ചാഴി, നീറ്റെലി എന്നിവ ഈ വനപ്രദേത്തുണ്ട്.

## പക്ഷികൾ -

മലയിലും ബന്ധപ്പെട്ടപ്രദേശങ്ങളിലുമായി നിരവധി ഇനത്തിൽപ്പെട്ട പക്ഷികൾ ഈ പ്രദേശങ്ങളിലുണ്ട്. കുളക്കോഴി, കാട്ടുകോഴി, കാക്ക, കുയിൽ, ഉപ്പൻ, വണ്ണാത്തി, ഓലവാലൻ, കുരുവി, തത്ത, മാടത്ത, മുളംതത്ത, പഞ്ചവർണ്ണൻ, മരംകൊത്തി, തൊപ്പിക്കിളി, ആറ്റക്കിളി, എരണ്ട, പൂത്താംകീരി, മുറിതല, മൈന, കാറാൻ, കൊക്ക്, പമ്പിലകുടുക്ക, കോഴിപിടിയൻ, കാലൻകോഴി, മലമുഴക്കി, ഊമൻ, നത്ത്, നാരായണക്കിളി, അടക്കാകിളി.

## പാരിസ്ഥിതികം-

കാലാവസ്ഥയുടെ മാറ്റമനുസരിച്ച് മഴ കുറയുന്നതിനാൽ മലയിലെ ജലസ്രോതസ്സ് കുറഞ്ഞുവരുന്നു. നീരുറവ മഴ മാറുന്നതോടെ അപ്രത്യക്ഷമാകുന്നു. വേനൽക്കാലങ്ങളിൽ ഹരിതഭംഗി നഷ്ടപ്പെടുകയും അടിക്കാടുകൾ ഉണങ്ങി തീ പടർന്ന് വനനശീകരണം സംഭവിക്കുന്നുണ്ട്. പക്ഷി-മൃഗാദികളും കാലാവസ്ഥക്കനുസരിച്ച് വംശനാശം നേരിടുന്നുണ്ട്. കാടുകൾ അപ്രത്യക്ഷമാകുന്നതോടെ ചെറിയതോതിൽ മണ്ണൊലിപ്പുണ്ടാകുന്നു. പാവപ്പെട്ട ജനവിഭാഗത്തിന്റെ ജീവനോപാധിയാണ് ഈ വനപ്രദേശം. കൃഷിക്കാവശ്യമായ ജൈവവളം സംഭരിച്ചുകൊണ്ടു വരുന്നവർ, വിറകിന്റെ ആവശ്യത്തിലേക്കായി ഉണങ്ങിയ മരക്കമ്പുകൾ ശേഖരിക്കുന്ന വിഭാഗം, ഔഷധച്ചെടികൾ, വിവിധയിനം കിഴങ്ങു വർഗ്ഗങ്ങൾ (ചാവാല്, നൂറ്റക്കിഴങ്ങ്) കൂടാതെ നെല്ലിക്കാ മറ്റു കായ്കൾ ശേഖരിച്ച് വിറ്റ് ജീവിക്കുന്ന ജനവിഭാഗങ്ങളും ധാരാളമുണ്ട്. ചാലക്കുടിപ്പുഴയും

കപ്പത്തോടും വന പ്രദേശത്തിന്റെ ഭാഗമായിട്ടുണ്ട്. ധാരാളം മത്സ്യസമ്പത്ത് ഉണ്ടായിരുന്നുവെങ്കിലും ഇന്ന് ഏറെക്കുറേ നശിച്ചു കൊണ്ടിരിക്കുകയാണ്. മത്സ്യപിടുത്തത്തിന് തോട്ട ഉപയോഗിച്ചു തുടങ്ങിയതിനാലും, വൈറസ് രോഗവും, കീടനാശിനി പ്രയോഗവും മത്സ്യസമ്പത്ത് കുറയുവാൻ കാരണമായിട്ടുണ്ട്.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. പുൽമുടിയിൽ വൻമരത്തൈകൾ വച്ചു പിടിപ്പിക്കാവുന്നതാണ്. ജനങ്ങളുടെ പ്രവേശനം ഇല്ലാതാക്കാൻ കമ്പിവേലി കെട്ടണം.

2. ഔഷധച്ചെടികൾ സംരക്ഷിക്കുകയും പുതിയതരം നട്ടു പിടിപ്പിക്കേണ്ടതുമാണ്.

3. മണ്ണൊലിപ്പ് നിവാരണ നടപടികൾ സ്വീകരിക്കണം. കല്ലു കൊണ്ട് ബ്ലോക്കു തിരിക്കുകയും, പുല്ല് വച്ച് പിടിപ്പിക്കുകയും, തീ കടക്കാതിരിക്കുകയും ചെയ്താൽ ഈ പ്രശ്നം ഒഴിവാക്കാൻ കഴിയും.

4. കാലാവസ്ഥക്കനുസൃതമായി വനം കുറയുന്നതനുസരിച്ച് പുതിയ വനപ്രദേശങ്ങൾ കണ്ടെത്തണം. വീട്ടുപറമ്പുകളിലും, പൊതുസ്ഥലങ്ങളിലും ജനപങ്കാളിത്തത്തോടു കൂടി മരങ്ങൾ വച്ചു പിടിപ്പിക്കണം.

5. വിദ്യാലയ കോമ്പൗണ്ടുകളിലും, ഗവ. സ്ഥാപനങ്ങളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലും നിർബന്ധമായും ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കണം.

6. പ്രാദേശികമായും, കൃഷിഭവൻ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ മുഖാന്തിരം വിത്തുകൾ ശേഖരിക്കുകയും, താൽപര്യമുള്ള ജനവിഭാഗങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുക.

# ഉപസംഹാരം

കാലഹരണപ്പെട്ട മാതൃകകളുടെ സമ്പ്രദായങ്ങളുടേയും ദൂഷ്യഫലങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

റോഡും, വൈദ്യുതിയും വെളവുമെത്തിയാൽ വികസനമായി എന്ന മുൻധാരണ നിറുത്തണം. സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങളോടൊപ്പം ജനകീയ പങ്കാളിത്തവും ഉറപ്പാക്കേണ്ടതുണ്ട്.

പ്രാദേശിക വികസനത്തിനുവേണ്ടി അനുവദിക്കപ്പെടുന്ന തുകയുടെ വലിയൊരു വിഭാഗം ഏറ്റവും ദരിദ്രരായ വിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ചെലവഴിക്കേണ്ടിയിരുന്നു.

ഫലപ്രദമല്ലാത്തതും, സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ളതുമായ വിഭാഗങ്ങളുടെ താത്പര്യങ്ങൾക്ക് കൂടുതൽ പരിഗണന നല്കുന്നതുമായ സ്കീമുകൾക്കെതിരെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

ശരിയായ പ്രശ്നനിർണയവും അവ പരിഹരിക്കാനുള്ള സമയ ബന്ധിതമായ പ്രവർത്തനങ്ങളും തന്ത്രങ്ങളും കൃത്യതയാർന്ന പ്രവർത്തി വിഭജനവും വകയിരുത്തപ്പെടുന്ന വിഭവങ്ങളുടെ തടസ്സമില്ലായ്മയും ഉറപ്പു വരുത്തേണ്ടതാണ്

സ്കീമുകൾ തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കളുടെ സാമൂഹ്യ - സാമ്പത്തിക സ്ഥിതി പരിഗണിക്കപ്പെടണം.

ചെലവ് ചുരുക്കാനുള്ള സാധ്യതകളും വിഭവസമാഹരണവും സാങ്കേതിക വൈദഗ്ദ്യവും ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

വിവിധ സർക്കാർ ഏജൻസികളുടെ സേവനം ഒരു പ്രശ്നവുമായി ബന്ധപ്പെടുത്തി ഏകോപിപ്പിച്ചാൽ പ്രയോജനം പല മടങ്ങ് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

ഉത്പാദനം, ഉത്പാദനക്ഷമത, വരുമാനം, തൊഴിലവസരങ്ങൾ, ദാരിദ്ര്യം തുടങ്ങിയവയെ വിശദമായി വിലയിരുത്തിക്കൊണ്ട് മുൻഗണനാക്രമം നിശ്ചയിക്കുകയും സാദ്ധ്യതകളേയും, ചെലവിനേയും നേട്ടങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തേണ്ടതായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ പരിമിതികളും പോരായ്മകളും മാത്രമല്ല വിഭവങ്ങളും സ്രോതസുകളും ഈ വികസന രേഖയിലൂടെ ബോധ്യപ്പെട്ടിരിക്കുന്നു. ഇനി ഊഴം നമ്മുടേതാണ്.

630

**" ഒരേ മനസ്സും ലക്ഷ്യവുമായി നാം
ഒന്നായ് നീങ്ങീടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു
വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു
നാടിനു നൽകേണം"**



ചാലക്കുടി പുഴ



കപ്പത്തോട്



മണ്ണുംപുറം ക്ഷേത്രം



കരിങ്കൽ ക്വാറി

ഭാവന ഓഫ്സെററ്, ചിറങ്ങര – ഫോൺ: 832048, 832618 (0488)

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി


# അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത്



# ജനകീയ വികസനരേഖ



അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത്



*ഹൃദയാവർജ്ജകമായ പ്രകൃതി ദൃശ്യങ്ങൾ,*
*അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന*
*ഹരിതഭംഗിയുടേയും പുഷ്പഭംഗിയുടേയും കുടമാറ്റം-*
*നടത്തുന്ന കാനന ശോഭകണ്ടും കേട്ടും*
*തഴുകിയും തലോടിയും, എന്നെന്നും*
*നെഞ്ചേറ്റിത്താലോലിക്കാൻ അനുഭവങ്ങളുടെ*
*ആയിരം തൂവൽ സ്പർശങ്ങളേല്കാൻ!*
*ഏഴിലംപാലയും കാട്ടുമുല്ലയും മുത്തിലഞ്ഞിയും*
*കാട്ടുചെമ്പകവും സമ്മാനിച്ച സുഗന്ധവാഹി*
*യായ ഇളംതെന്നലേറ്റ് വസന്തത്തിന്റെ*
*മണിത്തേരിലേറി അതിരപ്പിള്ളിയുടെ ആതിഥ്യം*
*നുണഞ്ഞ് കടന്നുപോകുന്ന രാജ്യരാജ്യാന്തരങ്ങളിലെ*
*പ്രകൃതി സ്നേഹികൾക്ക് - സ്വന്തം തിരുമുറ്റത്ത്*
*രാപ്പാർക്കുന്ന തദ്ദേശവാസികൾക്ക് പോലും*
*കണ്ണിനും കാതിനും വിരൽത്തുമ്പുകൾക്കും*
*ഗോചരമായിട്ടില്ലാത്ത അതിരപ്പിള്ളി*
*യുടെ ഹൃദയത്തുടിപ്പുകൾ കാതോർത്തറിയാൻ*
*അതിരപ്പിള്ളിയുടെ കാൽക്കീഴിൽ ചിതറിക്കിടക്കുന്ന*
*അനന്തമായ നിധികൾ പെറുക്കിയെടുക്കാൻ*
*പ്രതീക്ഷകൾ നട്ട് ആറ്റുനോറ്റിരിക്കുന്ന പാവങ്ങൾക്ക്*
*ഇത്തിരിയെങ്കിലുമാശ്വാസമേകാൻ*
*നല്ലൊരുനാളെ പണിതുയർത്താൻ ഒരുപദ്ധതിതീർക്കാൻ*
*ഈ പഞ്ചായത്തിലെ പരിശ്രമ ശാലികളായ ജനങ്ങൾ*
*ഒത്തുചേർന്നൊരു ശ്രമം നടത്തുകയാണ്.*

അതിരപ്പിള്ളീ!!!

വിനോദസഞ്ചാരികൾക്കെന്നും സ്വപ്നമൊരുക്കി നീ തീർക്കുന്ന നീർമുത്തുമണി പ്രളയവും സപ്ത വർണ്ണ മഴമേഘ ചായത്തളികയിൽ കൈത്തൊട്ട് മുത്തം വച്ച് നിന്റെ കാവൽക്കാരായ ഗജവീരൻമാരേയും കാട്ടുപോത്ത് കരിമ്പുലികളേയും കണ്ട്, നിബിഡവനത്തിലെ കരിവീട്ടിത്തണലിൽ വിശ്രമിച്ച് ചാർപ്പ യിലേയും വാഴച്ചാലിലേയും പനിനീരഭിഷേകമേറ്റ് കരിമ്പാറകൂട്ടങ്ങളേയും കണ്ട് അന്തിമേഘങ്ങളുടെ ചെങ്കതിരുകൾ പുൽകി അതിരപ്പിള്ളിയോട് വെണ്ണയിൽ നിന്ന് വേർപെടുത്തുന്ന താമര നൂലുപോലെ വിടപറയുന്നവരെ വീണ്ടും വീണ്ടും തിരികെ വിളിക്കാൻ - അവർക്ക് തൂവൽപ്പരവതാനികളൊരുക്കാൻ നമുക്കെന്തു ചെയ്യാനാവും?

അന്വേഷിക്കാം, നമുക്കു കൂട്ടായി

637

# അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട്-1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | 1. പരിയാരം |
| | | 2. കുറ്റിച്ചിറ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചാലക്കുടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | അതിരപ്പിള്ളി |
| താലൂക്ക് | : | മുകുന്ദപുരം |
| അസംബ്ലി മണ്ഡലം | : | ചാലക്കുടി |
| വിസ്തീർണ്ണം | : | 489 ച. കി.മീ |
| അതിരുകൾ | : | വടക്ക് : റിസർവ്വ് വനം |
| | | തെക്ക് : ചാലക്കുടി പുഴയും, എറണാകുളം ഇടുക്കിജില്ലകളും |
| | | കിഴക്ക് : കോയമ്പത്തൂർ ജില്ല |
| | | പടിഞ്ഞാറ് : കോടശ്ശേരി, പരിയാരം പഞ്ചായത്തുകൾ. |
| ജനസംഖ്യ | : | 9950 |
| വാർഡുകൾ | : | 8 |
| പുരുഷൻ | : | 5060 |
| സ്ത്രീകൾ | : | 4890 |
| പട്ടികജാതിക്കാർ | : | 1178 |
| പുരുഷൻമാർ | : | 598 |
| സ്ത്രീകൾ | : | 580 |
| പട്ടിക വർഗ്ഗക്കാർ | : | 3044 |
| പുരുഷൻമാർ | : | 1544 |
| സ്ത്രീകൾ | : | 1500 |
| പ്രസിഡണ്ട് | : | കെ. കെ. അച്ചുതൻ |
| വൈ. പ്രസിഡണ്ട് | : | കെ. മുനിയാണ്ടി |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴസൻ | : | ശ്രീമതി. മേഴ്സി പോൾസൺ |

# പഞ്ചായത്തിൻെറ മുൻ പ്രസിഡണ്ട്മാർ



ശ്രീ.K.K.കരുണാകരൻ

അവിഭക്തകമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും തുടർന്ന് CPI യുടെയും പ്രവർത്തകൻ മലയോരകർഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ച് പഞ്ചായത്തിൻെറ രൂപീകരണവേളയിൽ പ്രസിഡണ്ടായി നാമ നിർദ്ദേശം ചെയ്യപ്പെട്ടു. എടുത്തുപറയത്തക്ക വിക സനപ്രവർത്തനങ്ങൾക്കൊന്നും തുടക്കം കുറി ക്കാനുള്ള അധികാരമോ അവസരമോ ലഭിച്ചില്ല. 1992ൽ നിര്യാതനാവുന്നതുവരെ പൊതുരംഗത്തു പ്രവർത്തിച്ചു.



ശ്രീ.M.D.ഔസേപ്പ്

വെറ്റിലപ്പാറ പഞ്ചായത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ആദ്യപ്രസിഡണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) പ്രവർത്തകൻ. ഇന്നത്തെ പഞ്ചായത്താഫീസിൻെറ നിർമ്മാണവും പഞ്ചായത്തിലെ വിവിധ റോഡു കളുടെ നിർമ്മാണവും വികസനവും നടത്തിയത് ശ്രീ.M.Dഔസേപ്പിൻെറ കാലത്താണ്.



ശ്രീ.P.K.രാമകൃഷ്ണൻ

വെറ്റിലപ്പാറ പഞ്ചായത്തിൻെറ ഒടുവിലത്തേയും അതി രപ്പിള്ളി ഗ്രാമപഞ്ചായത്തിൻെറ ആദ്യത്തെയും പ്രസിഡണ്ട്. കമ്മ്യു:പാർട്ടി (മാർക്സിസ്റ്റ്) പ്രവർത്തകൻ. കുടിവെള്ളം, പുറ മ്പോക്ക് പുനരധിവാസം, വൈദ്യുതി, ഗതാഗതം തുടങ്ങിയ എല്ലാരംഗത്തും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നട ത്താനും രണ്ട് കമ്മ്യൂണിറ്റി ഹാളുകൾ, നിരവധി റോഡുകൾ, പാലങ്ങൾ, എന്നിവ നിർമ്മിക്കാനും പഞ്ചായത്തിൻെറ മുഖ ഛായയിൽ കാതലായ മാറ്റം വരുത്താനും ശ്രീ. രാമകൃ ഷ്ണൻെറ ഭരണകാലത്ത് കഴിഞ്ഞിട്ടുണ്ട്.

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ ചരിത്രം

640

| | | |
|---|---|---|
| രൂപികരണം | - | (വെറ്റിലപ്പാറപഞ്ചായത്ത്) 25-7-1977 |
| പ്രസിഡണ്ട് | - | (നോമിനേറ്റഡ്) ശ്രീ. കെ.കെ. കരുണാകരൻ |
| കാലാവധി | - | 8-8-1977 മുതൽ 28-8-1979 വരെ |
| അംഗങ്ങൾ | - | ശ്രീ. സി.കെ. രാഘവമേനോൻ, കുമാരി ആയിഷാദേവി |

## തെരഞ്ഞെടുക്കപ്പെട്ട ആദ്യഭരണ സമിതി

| | | |
|---|---|---|
| കാലാവധി | - | 1-10-79 മുതൽ 1-10-1984 വരെ |
| പ്രസിഡണ്ട് | - | ശ്രീ. എം. ഡി. ഔസേപ്പ് |

### അംഗങ്ങൾ

സർവ്വശ്രീ. എൻ. എ. ജേക്കബ്ബ്

„ പി.കെ. രാമാകൃഷ്ണൻ

„ കെ.ജെ. ആൻറണി

„ പി.സി. ഗോവിന്ദൻ

ശ്രീമിതി.ടി.കെ. മേരി

„ മണിയമ്മ

ശ്രീ. ചെല്ലയ്യ

## തെരഞ്ഞെടുക്കപ്പെട്ട രണ്ടാം ഭരണണസമിതി

| | | |
|---|---|---|
| കാലാവധി | - | 10-2-1988 മുതൽ 30-9-1995 വരെ |
| പ്രസിഡണ്ട് | - | ശ്രീ. പി.കെ. രാമകൃഷ്ണൻ |

### അംഗങ്ങൾ

ശ്രീമതി. സുഭാഷിണി ദാമോദരൻ

ശ്രീ. കെ.കെ. സത്യൻ

ശ്രീമതി പാത്തുമ്മ ഉസ്മാൻ

ശ്രീ. ബേബി ജോർജ്

ശ്രീ. എം. ഒ. പോൾ


ശ്രീ. പി.സി. ഗോവിന്ദൻ

ശ്രീ. കെ. മുനിയാണ്ടി

## നിലവിലുള്ള ഭരണ സമിതി 2-10-1995 മുതൽ

പ്രസിഡണ്ട് - ശ്രീ. കെ. കെ. അച്ചുതൻ

അംഗങ്ങൾ -
ശ്രീമതി. മേഴ്സി പോൾസൻ
ശ്രീ. എൻ. ആർ. സതീശൻ
ശ്രീ. കെ.ജെ. ആൻറണി
ശ്രീമതി. ലതികാസുന്ദരൻ
ശ്രീ. കെ.എം. ബാലൻ
ശ്രീമതി. അനന്തമ്മാൾ
ശ്രീ. കെ. മുനിയാണ്ടി (വൈ. പ്രസിഡൻറ്)



## ശ്രീ. K.K. അച്ചുതൻ

പ്രസിഡണ്ട്

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഒരു സ്വാശ്രയ പഞ്ചായത്ത് പണിതുയർത്താനുള്ള തീവ്ര ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു. പട്ടികജാതി സംവരണത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. 5-ാം വാർഡിനെ പ്രതിനിധീകരിക്കുന്നു. കമ്യൂ: പാർട്ടി (മാർക്സിസ്റ്റ്) പ്രവർത്തകൻ.

# ആമുഖം

1996 ആഗസ്റ്റ് 17ന് (ചിങ്ങം ഒന്ന്) സംസ്ഥാന തലത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ: ഇ.കെ.നായനാർ ഉദ്ഘാടനം ചെയ്തു. അന്നേദിവസം തന്നെ അതിരപ്പിള്ളി പഞ്ചായത്തിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പഞ്ചായത്തുതല ഉൽഘാടനം വെറ്റിലപ്പാറ കൃഷിഭവനിൽ ചേർന്ന യോഗത്തിൽ പഞ്ചായത്തു പ്രസിഡണ്ട് ശ്രീ: കെ.കെ. അച്ചുതൻ ഉൽഘാടനം ചെയ്യുകയുണ്ടായി.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഭാരതത്തിൻെറ സമഗ്രവികസനം ലക്ഷ്യമാക്കി ആരംഭിച്ച പഞ്ചവൽസരപദ്ധതികൾ എട്ടെണ്ണം പൂർത്തിയാവുകയും അൻപതു സംവത്സരങ്ങൾ പിന്നിടുകയും ചെയ്തുവെങ്കിലും പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്ന കാര്യത്തിൽ പല അപാകതകളും പോരായ്മകളും അവശേഷിക്കുകയാണ്. മേലേത്തട്ടിൽനിന്ന് അശാസ്ത്രീയമായ ആസൂത്രണവും ജനപങ്കാളിത്തത്തിൻെറ അഭാവവുമാണ് പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ തടസ്സമാകുന്നതെന്ന് കണ്ടെത്തി. അത്തരം വികലമായ ആസൂത്രണത്തിൻെറ ആവർത്തനം ഒഴിവാക്കി പുതിയൊരു സംവിധാനം പരീക്ഷിക്കുകയാണ് ജനകീയാസൂത്രണത്തിലൂടെ ലക്ഷ്യമാക്കുന്നത്. 1997 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതി ഏറ്റവും താഴെ തട്ടിൽ നിന്നുള്ള ജനകീയാസൂത്രണത്തിലൂടെ രൂപപ്പെടുത്താനും, പുതിയ പഞ്ചായത്തീരാജ് സംവിധാനപ്രകാരം 1995 ഒക്ടോബർ 2-ാം അധികാരത്തിൽവന്ന ത്രിതല പഞ്ചായത്തുകൾക്ക് കൈവന്ന പ്രത്യേകാധികാരം വഴി സംസ്ഥാന പദ്ധതി വിഹിതത്തിൻെറ 30-40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയിരിക്കുകയുമാണ്. ഈ തുക ഉപയോഗപ്പെടുത്തി ജനപങ്കാളിത്തത്തോടെ വികസനപദ്ധതികൾ ആവിഷ്കരിക്കാനും മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കാനും വേണ്ട പരിശീലനം സംസ്ഥാന ആസൂത്രണബോർഡിൻെറ നിർദ്ദേശാനുസരണം സംസ്ഥാന ജില്ലാ, പ്രാദേശികതലത്തിലുള്ള സന്നദ്ധപ്രവർത്തകർക്കുവേണ്ടി ഏർപ്പെടുത്തി. ഇതിൻെറ ഭാഗമായി സെപ്റ്റംബർ 6, 7, 8 തീയ്യതികളിൽ ജില്ലാ റിസോഴ്സ് പേഴ്സനു (DRP)ള്ള പരിശീലനം ചാലക്കുടിയിൽ വച്ച് നല്കപ്പെട്ടു. അതിരപ്പിള്ളി പഞ്ചായത്തിൽനിന്ന് 8 പേർ ഈ പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനം ലഭിച്ചവരിൽ 5 പേർ പഞ്ചായത്തംഗങ്ങളും 3 പേർ പൊതു പ്രവർത്തകരുമാണ്. തുടർന്ന് പഞ്ചായത്തുതലത്തിൽ ലോക്കൽ റിസോഴ്സ് പേഴ്സൻ (LRP)മാർക്കുള്ള ഏകദിനപരിശീലനം അരൂർമുഴി കമ്മ്യൂണിറ്റി ഹാളിൽ വച്ച് കഴിഞ്ഞ സെപ്റ്റ: 15-ാംനു നല്കി. 65 പേർ വിവിധ വാർഡുകളിൽ നിന്നായി ഈ പരിശീലനത്തിൽ പങ്കെടുത്തു. ഈ ഒന്നാം ഘട്ട പരിശീലനത്തിൻെറ ഉദ്ദേശം 9-ാം പദ്ധതിക്കുവേണ്ട അതതു വാർഡുകളിലെ വികസന നിർദ്ദേശങ്ങൾ സ്വരൂപിക്കാനുള്ള വിശേഷാൽ ഗ്രാമസഭകൾ ഫലപ്രദമാക്കുന്നതിനു വേണ്ട പ്രവർത്തകരെ തയ്യാറാക്കുക എന്നതാണ്. ഈ പരിശീലനത്തിനുശേഷം വിശേഷാൽ ഗ്രാമ സഭയുടെ പ്രചാരണവും അതോടൊപ്പം ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ആവേശവും ജനങ്ങളിൽ പ്രതിഫലിക്കാൻ തുടങ്ങി. സെപ്റ്റംബർ 21-ാം, അതിരപ്പിള്ളി പഞ്ചായത്ത് 3-ാംവാർഡിലെ ഗ്രാമസഭ വെറ്റിലപ്പാറ ഗവ: ഹെയർ സെക്കൻററി സ്ക്കൂളിൽ വച്ചു ചേർന്നു. പഞ്ചായത്തു പ്രസിഡണ്ട് ശ്രീ. കെ.കെ. അച്ചുതൻ അദ്ധ്യക്ഷനായിരുന്നു. രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ ഗ്രാമസഭയിൽ ജനങ്ങൾ ആവേശപൂർവ്വം അവരുടെ പങ്കാളിത്തം പ്രയോജനപ്പെടുത്തി. തുടർന്ന് മറ്റ് 7 വാർഡുകളിലും ഗ്രാമസഭകൾ നടത്തപ്പെട്ടു ജനകീയാസൂത്രണത്തിനു വേണ്ടിയുള്ള

വിശേഷാൽ ഗ്രാമസഭകൾ ഒരു പുതിയ അനുഭവവും വലിയ വിജയവുമായിരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനം കക്ഷിരാഷ്ട്രീയത്തിനും ജാതി മത വിഭാഗീയചിന്താഗതികൾക്കും അതീതമാണെന്ന പ്രസ്താവം സംശയദൃഷ്ടിയോടെ വീക്ഷിച്ച ചിലരെങ്കിലും തുടക്കത്തിൽ ഉണ്ടായിരുന്നു. അവരുടെ സംശയങ്ങളും ആശങ്കകളും നിരർത്ഥകമാണെന്ന് തുടർന്നുള്ള പ്രവർത്തനങ്ങളിൽനിന്ന് ബോദ്ധ്യം വന്നതോടെ പഞ്ചായത്തിലെ ജനങ്ങൾ ആവേശപൂർവ്വം പുതിയൊരു വികസനസംസ്കാരത്തിന്റെയും പുതിയൊരു രാഷ്ട്രീയത്തിന്റെയും ചങ്ങലക്കണ്ണികളാകാൻ താല്പര്യം കാണിക്കുന്ന രംഗം ആവേശജനകമാണ്. ഇദംപ്രഥമമായി അധികാരം സ്വന്തം കൈകളിലെത്തിയതിന്റെ ഫലം അനുഭവവേദ്യമാകുന്ന ധന്യമുഹൂർത്തം ഓരോ പൗരനും ഉത്തരവാദിത്വബോധത്തോടെ നിറവേറ്റി നിർവൃതി കൊള്ളുന്ന കാഴ്ച അവിസ്മരണീയ മുഹൂർത്തങ്ങൾ തീർത്തു. ഗ്രാമസഭകൾക്കു വേണ്ടി ആസൂത്രിതമായി നടത്തിയ മുന്നൊരുക്കങ്ങൾ ഗ്രാമസഭകളുടെ വിജയത്തിന് ഏറെ സഹായകമായി. ഗ്രാമസഭകളിൽ അഞ്ച് ഗ്രൂപ്പുകളായാണ് ചർച്ചകൾ നടന്നത്. ഓരോ ഗ്രൂപ്പിനും പരിശീലനം ലഭിച്ച ഒരു L.R.P നേതൃത്വം നല്കി. ഗ്രാമസഭയുടെ അവസാനംഓരോ ഗ്രൂപ്പിൽനിന്നും ലീഡർക്കുപുറമെ രണ്ടു പേരെക്കൂടി തിരഞ്ഞെടുത്തിരുന്നു. ഒന്നാം ഘട്ട പരിശീലനത്തിന്റെ ഉല്പന്നം വിശേഷാൽ ഗ്രാമസഭകളായിരുന്നു.

ഒക്ടോബർ 25-26-27 തീയ്യതികളിൽ മാളയിൽ വച്ച് ജില്ലാതല റിസോഴ്സ് പേഴ്സനുള്ള രണ്ടാം ഘട്ട പരിശീലനം നടത്തി. വികസന റിപ്പോർട്ടുകൾ തയ്യാറാക്കലും വികസനസെമിനാർ നടത്തലുമാണ് ഈ പരിശീസനം കൊണ്ടുദ്ദേശിക്കുന്നത്. വികസന റിപ്പോർട്ടിന്റെ ഭാഗമായ ഗ്രാമസഭാനിർദ്ദേശങ്ങളുടെ ക്രോഡീകരണം, സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം തലങ്ങും വിലങ്ങും നടന്നുള്ള വിവരശേഖരണം, വികസന റിപ്പോർട്ടിന്റെ കരടുരേഖ തയ്യാറാക്കൽ, നാട്ടറിവുകളും പഴയവ്യക്തികളുടെ അനുഭവങ്ങളും ശേഖരിക്കൽ, വീടു വീടാന്തരമുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കൽ തുടങ്ങി തിരക്കു പിടിച്ച ശ്രമകരമായ ഒട്ടേറെ ഉത്തരവാദിത്വങ്ങൾ ചെയ്തുതീർക്കാൻ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ള സന്നദ്ധ പ്രവർത്തകർ രാപ്പകലില്ലാതെ ആവേശപൂർവ്വം സഹകരിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണീ വികസനറിപ്പോർട്ടിന്റെ കരടുരേഖ.

## ചരിത്രം

25-7-1977ലാണ് വെറ്റിലപ്പാറ പഞ്ചായത്ത് രൂപം കൊണ്ടത്. അതുവരെ പരിയാരം പഞ്ചായത്തിലെ പത്തുവാർഡുകളിൽ 3 വാർഡുകളായിരുന്നു ആ പ്രദേശം. ചാട്ടുകല്ല്, തുമ്പൂർമുഴി, കുതിരമൂക്കൻ, ചിക്ലായിവൈശേരി, വെട്ടിക്കുഴി, കോട്ടാമല, പണ്ടാരംപാറ, വരടക്കയം, വെറ്റിലപ്പാറ, ഞണ്ടൻകുത്ത്, തേനട്ടുപാറ, പിള്ളപ്പാറ, കണ്ണൻകുഴി, അതിരപ്പിള്ളി, കാരിക്കപ്പാറ, ചാർപ്പ, വാഴച്ചാൽ, കാരാന്തോട്, പെരിങ്ങൽകുത്ത്, പൊകലപ്പാറ, പുളിയിലപ്പാറ, മുക്കംപുഴ, വാച്ചുമരം, തവളക്കുഴിപ്പാറ, തുമ്പിക്കൈപ്പാറ, ആനക്കയം, കുമ്മാട്ടി, നെടുമ്പാറ, അമ്പലപ്പാറ, ഷോളയാർ ചണ്ടൻതോട്, പത്തടിപ്പാലം, അടിച്ചിൽത്തൊട്ടി, പെരുമ്പാറ, കപ്പായം, അരൈക്കാപ്പ്, റോപ്പമട്ടം, കടമട്ടം, മയിലാടുംപാറ, എന്നീ പേരിൽ അറിയപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് അതിരപ്പിള്ളി പഞ്ചായത്ത്.

1950ൽ ആയിരം ഏക്കർ വനഭമി വനംവകുപ്പ് 4 ബ്ലോക്കുകളായി തിരിച്ച് സർവ്വെ നടത്തുന്ന കാലത്ത് ചിക്ലായി അരൂർമുഴി തുടങ്ങിയ സ്ഥലങ്ങളിൽ മലയൻ സമുദായക്കാരായ ആദിവാസികൾ താമസിച്ചിരുന്നു. അനമല ചാലക്കുടി റൂട്ടിൽ 23-ാം കിലോമീറ്ററിലാണ് ഞണ്ടൻകുത്ത്. സർവ്വെയിൽ സഹായിക്കാൻ ആദിവാസികളെ ഉപയോഗിച്ചിരുന്നു. ഈ പ്രദേശത്തെ ആദിവാസി കോളനിക്കു സമീപം വലിയ പാറക്കെട്ടിനടിയിൽ കാട്ടുവെറ്റില പടർന്നു വളർന്നിരുന്നു. ആയിരം ഏക്കർ സ്ഥലം സർവ്വെ പൂർത്തിയായപ്പോൾ കാട്ടുവെറ്റില പടർന്ന പ്രദേശത്തെ വെറ്റിലപ്പാറ കൂപ്പ് എന്ന് നാമകരണം ചെയ്തു.

വനം മുറിച്ചുമാറ്റി രണ്ടാംലോകമഹായുദ്ധത്തിൽ പങ്കെടുത്ത പട്ടാളക്കാർക്ക് ഈ പ്രദേശം പതിച്ചുനല്കിയപ്പോൾ വെറ്റിലപ്പാറ എക്സ്സർവ്വീസ്മെൻ കോളനി എന്നും, പഞ്ചായത്ത് നിലവിൽ

വന്നപ്പോൾ വെറ്റിലപ്പാറ പഞ്ചായത്ത് എന്നും പേരു നല്കി.

പായക്കപ്പലുകൾക്കും മറ്റും വേണ്ടകൊടിമരങ്ങൾ, റെയിൽവെ സ്ലീപ്പർ മുതലായവക്കാവശ്യമായ മരങ്ങൾ ഈ പ്രദേശത്തുനിന്ന് മുറിച്ച് വലിയ ട്രാക്കുകളിൽ കയറ്റി ചാലക്കുടി ആനമല ട്രിമ്പർ ട്രസ്റ്റ് എന്ന കമ്പനിയിലേക്കും, സ്റ്റാൻറാർഡ് ഫർണ്ണിച്ചർ കമ്പനിയിലേക്കും കൊണ്ടുപോയിരുന്നു. കൊച്ചിൻ പോട്ടറീസെന്ന പേരിൽ ചാലക്കുടിയിൽ പ്രവർത്തിച്ചിരുന്ന മൺപാത്രനിർമ്മാണശാലയിലേക്കാവശ്യമായ വിറകും ഇവിടെനിന്ന് കൊണ്ടുപാകുമായിരുന്നു. ഈ ആവശ്യങ്ങളിലേക്ക് ധാരാളം മിലിറ്ററി ട്രക്കുകളും ടെയിലറുകളും ഓടിക്കൊണ്ടിരുന്നു.

ചാലക്കുടി ഇറിഗേഷൻ പദ്ധതി തുമ്പൂർമുഴിയിലാണ് ആരംഭിക്കുന്നത്. പുഴയിൽ കുറുകെ അണകെട്ടി ഇരുവശങ്ങളിലേക്കും കൃഷിക്ക് വെള്ളം തിരിച്ചുവിടുന്നു. സ്വാതന്ത്ര്യലബ്ദിക്കുമുമ്പ് പണിതീർത്ത പദ്ധതിയാണിത്. ബ്രിട്ടീഷ് ഭരണകാലത്ത് C.C. കോലോഫ് എന്ന ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ എച്ചിപ്പാറ എന്ന സ്ഥലത്ത് 1000ഏക്കർ വനഭൂമി വെട്ടിത തെളിച്ച് പാട്ടകൃഷിക്കാരെക്കൊണ്ട് കൃഷി ചെയ്യിച്ചിരുന്നു. അതിൽ 35 ഏക്കർ ഭൂമി പുതുമന എന്ന കുടുംബക്കാർക്ക് കൃഷിക്കുനല്കിയിരുന്നു. ഈ കൃഷി സ്ഥലത്തേക്ക് വെള്ളം കൊണ്ടുപോകാനാണ് ആദ്യമായി ഇറിഗേഷൻ കനാൽനിർമ്മിച്ചത്. തുടർന്ന് നടത്തിയ വികസനത്തിൻെറ ഭാഗമായാണ് ഇന്നത്തെ സ്ഥിതിയിലെത്തിയത്. യുദ്ധകാലത്തെ ഭക്ഷ്യക്ഷാമം നേരിടുന്നതിനു വേണ്ടി കൊച്ചി സർക്കാർ വെട്ടിത്തെളിച്ച വനഭൂമി ബുൾഡോസർ വച്ചു നിരപ്പാക്കി തട്ടുകളാക്കി തിരിച്ചു. 5 ഉം 10 ഉം ഏക്കർ വീതം തിരിച്ച് കൃഷിക്ക് ലേലത്തിൽ കൊടുത്തു. വൻകിടകൃഷിക്കാരാണ് ഈ ഭൂമികൾ ലേലത്തിൽ പിടിച്ചത്. വെട്ടിക്കുഴി എന്ന സ്ഥലത്ത് കൊച്ചിരാജകുടുംബത്തിൽപ്പെട്ട അപ്പൻ തമ്പുരാൻ നായാട്ടിനും ഉല്ലാസത്തിനും വനത്തിൽ എത്തിയാൽ താമസിക്കാൻ ഇരുമ്പു റെയിലുകൾ കൊണ്ട്, ഒരു വീട് പണിതീർത്തു. കാട്ടാനകൾക്ക് കൈയ്യെത്താത്ത ഉയരത്തിൽ തടി കൊണ്ട് തട്ടുകൾ തീർത്ത ഈ വീടാണ് ഇപ്പോഴത്തെ ആനമല കൂട്ടു കൃഷി സംഘം ഓഫീസ്. അക്കാലത്തെ പ്രധാന കൂപ്പുകോൺട്രാക്ടറായ ചാലക്കുടിക്കാരൻ ചിന്നപ്പ റാവുത്തർക്ക് വെട്ടിക്കുഴിയിൽ 50 ഏക്കർ വനഭൂമി കൈവശത്തിലുണ്ടായിരുന്നു. അദ്ദേഹം 12 ആനകളുടെ ഉടമയായിരുന്നു. രാജകുടുംബക്കാരുടെയും ഇട്യാനത്തുമഠത്തുകാരുടെയും പാട്ടകൃഷിക്കാരായിരുന്ന ചാലപ്പറമ്പൻ, ഊരക്കാട്ടിൽ കുടുംബക്കാർ പണ്ടാരംപാറ എന്ന സ്ഥലം അനിയൻതമ്പുരാൻെറ ഒത്താശയോടെ വെട്ടിത്തെളിയിച്ച് ആ പ്രദേശത്തു കൂടി ഒഴുകുന്ന കപ്പത്തോടിൽ ചിറകെട്ടി വെള്ളമെടുത്തു കൃഷി ചെയ്തുപോന്നു. 1955ൽ വെറ്റിലപ്പാറ പ്രദേശത്ത് ആനമല റോഡിന് വടക്കുവശം 1000ഏക്കർ സ്ഥലത്ത് 183 വിമുക്ത ഭടന്മാർക്ക് കോളനി സ്ഥാപിക്കാൻ 4 ഏക്കർവീതം ഭൂമി വീതിച്ചു നൽകുകയും ബാക്കിസ്ഥലം R-3317-ാം നമ്പർ വിമുക്തഭട സഹകരണസംഘത്തിന് കൃഷി ഫാം സ്ഥാപിച്ചു നിലനിർത്തുകയും ചെയ്തു. ഇതൊരു സഹകരണസംഘമാണെങ്കിലും ജില്ലാകളക്ടർ പ്രസിഡണ്ടായി 7 ഉദ്യോഗസ്ഥരും 5 വിമുക്തഭടന്മാരും അംഗങ്ങളായുള്ള കമ്മറ്റിയാണ് ഭരണം നടത്തുന്നത്. വിമുക്തഭടൻമാരുടെ പങ്കാളിത്തം ന്യൂന പക്ഷമായതിനാൽ ഉദ്യോഗസ്ഥതാല്പര്യത്തെ മറികടന്ന് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത സ്ഥിതിയാണ്. ഈ സ്ഥലത്തു വിവിധകൃഷികൾ ആരംഭിച്ചു എങ്കിലും കാട്ടാനക്കൂട്ടങ്ങൾ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ഉപദ്രവം മൂലം കൃഷി ലാഭകരമല്ലാതായി. കാട്ടാനകൾ അക്കാലത്ത് കോളനി നിവാസികളുടെ കുടുംബാംഗങ്ങളെ കൊലപ്പെടുത്തിയ സംഭവം പോലും ഉണ്ടായിട്ടുണ്ട്. ഇതിൻെറ ഫലമായി ഭയന്ന് ഭൂമി ഉപേക്ഷിച്ച് നാട്ടിലേക്കുപോയവരും ഉണ്ട്.എങ്കിലും പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് ഇന്നത്തെ സ്ഥിതിയിലേക്കെത്തിച്ചതിന് ധീരനേതൃത്വം വഹിച്ചത് സർവ്വശ്രീ.പി.കെ.ദാമോദരൻ, M.R. മാധവൻ മാസ്റ്റർ, P.S. മാധവൻ, K.K. ശങ്കരൻ, K.J. ജോൺ, P.K. കുമാരക്കുറുപ്പ്, C.P.മേനോൻ, C.K. രാഘവമേനോൻ, P.രാവുണ്ണിനായർ തുടങ്ങിയവരാണ്. കണ്ണങ്കുഴി തോടിന് കിഴക്കുഭാഗത്ത് അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് പടിഞ്ഞാറായി 97 ഏക്കർ സ്ഥലം ഭൂമിയില്ലാത്ത കൃഷിക്കാർക്ക് പുറംപോക്കു

നിവാസികൾക്കും താമസിക്കുന്നതിനും കൃഷിക്കും പതിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ട് 1967ൽ അധികാരത്തിലിരുന്ന ഇ.എം.എസ്. ഗവൺമെൻറിന് നിവേദനങ്ങൾ നൽകുകയും വനഭൂമി സമരം നടത്തുകയുംയ ചെയ്തു. സർവ്വശ്രീ. T.R. സോമസുന്ദരം, V.V. ദാമോദരൻ, M.D. ഔസേപ്പുണ്ണി, ഓടാശ്ശേരി അച്ചുതൻ പിള്ള, P.R. ശങ്കുണ്ണി K.T. ചാത്തു എന്നിവർ സമരത്തിന് നേതൃത്വം നല്കിയവരായിരുന്നു. ടി സമരത്തെ പ്ലാൻേറഷൻ കോർപ്പറേഷൻ തൊഴിലാളികൾ പിൻതുണച്ചതോടെ സമരം ശക്തമായി. അന്നത്തെ വനംവകുപ്പ്/ഹരിജന ക്ഷേമവകുപ്പ് മന്ത്രിയായിരുന്ന അഭിവന്ദ്യനായ ശ്രീ.M.K. കൃഷ്ണൻ ഇടപ്പെട്ട് 97 പട്ടികജാതി കുടുംബങ്ങൾക്ക് 1/2 ഹെക്ടർ ഭൂമി പതിച്ചുനല്കി കൃഷിയിറക്കാൻ 1000 രൂപയും നല്കി. ടൂറിസം രംഗത്ത് അതിരപ്പിള്ളി ശ്രദ്ധനേടിയതോടെ ടൂറിസം വ്യവസായം അതിരപ്പിള്ളിയിൽ വേരുപിടിക്കാൻ തുടങ്ങി.

1970 ലെ ഭൂപിരഷ്ക്കരണ നിയമപ്രകാലം ചിക്ലായി ഭാഗത്ത് മിച്ചഭൂമി കണ്ടെത്തുകയും അത് വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് ഭൂരഹിത കാർഷികത്തൊഴിലാളികൾ നടത്തിയ സമരം 60 പേർക്ക് 10 സെൻറ് വീതം ഭൂമി നല്കാമെന്ന വ്യവസ്ഥയിൽ ഒത്തുതീർപ്പാവുകയും 60 കുടുംബങ്ങൾക്ക് സ്വന്തമായിഭൂമി ലഭ്യമാവുകയുമുണ്ടായി. മലക്കപ്പാറ ഭാഗത്ത് തമിഴ് നാടിനോടടുത്ത് ടാറ്റാടീ എസ്റ്റേറ്റ കൈവശം വച്ചിരുന്നു 203 ഏക്കർ ഭൂമി ഭൂരഹിത കാർഷികത്തൊഴിലാളികളും പുറംപോക്കുകുടികിടപ്പുകാരും കയ്യേറി ആധിപത്യം സ്ഥാപിച്ചു നടത്തിയ ധീരമായ സമരത്തെത്തുടർന്ന് ആ ഭൂമി സർക്കാർ ഏറ്റെടുത്ത് ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തെ ഏല്പിച്ചു.

മലയോരപിന്നോക്ക ഗ്രാമമെന്നനിലയിലും സമീപകാലത്തു രൂപം കൊണ്ട പഞ്ചായത്തെന്ന നിലയിലും ജനങ്ങൾ സാമ്പത്തീകമായി പിന്നോക്കം നില്ക്കുന്നവരാകയാലും, പ്രകൃതി വിഭവങ്ങൾ, ജലസമ്പത്ത്, ടൂറിസം മുതലായവയും മനുഷ്യാദ്ധ്വാന ശേഷിയും യഥാസമയം ആസൂത്രിതമായി ഉപയോഗപ്പെയുത്താൻ കഴിയാതിരുന്നതിനാലും വികസനപ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാനോ, ജനങ്ങളുടെ ജീവിതനിലവാരം കാലോചിതമായി അഭിവൃദ്ധിപ്പെടുത്താനോ കഴിഞ്ഞിട്ടില്ല. ശ്രീ.P.K.രാമകൃഷ്ണൻ പ്രസിഡണ്ടായിരുന്ന കാലത്താണ് എടുത്തുപറയത്തക്ക വികസനപ്രവർത്തനങ്ങൾ പിന്നോക്കമേഖലകളിലും പഞ്ചായത്തിൽ പൊതുവേയുമുണ്ടായത്. ശ്രീ. ചെപ്പണത്ത് ഇട്ടീര പഞ്ചായത്ത് അംഗമായ വാർഡായി പരിയാരം പഞ്ചായത്തിൻെറ ഭാഗമായിരുന്ന കാലത്ത് എക്സ് സർവ്വീസ്മെൻ കോളനി റോഡുകളുടെ നിർമ്മാണമാണ് പ്രധാനമായി നടന്നത്. ശ്രീ. കെ.കെ.കരുണാകരൻെറ നേതൃത്വത്തിലുള്ള നോമിറേറ്റഡു ഭരണസമിതിക്ക് വളരെ കുറച്ചുകാലമേ ഭരണം ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ കാര്യമായ വികസനപ്രവർത്തനങ്ങളൊന്നും നടത്താനായില്ല. വേണ്ടത്ര അധികാരവുമുണ്ടായിരുന്നില്ല. സാമ്പത്തിക പ്രശ്നങ്ങളും രൂക്ഷമായിരുന്നു.

ശ്രീ.M.D.ഔസേപ്പ് പ്രസിഡണ്ടായിരുന്ന കാലത്ത് വിവിധ പ്രാദേശിക റോഡുകളുടെ നിർമ്മാണവും വിപുലീകരണവും നടന്നു. പഞ്ചായത്താഫീസിന് സ്വന്തമായൊരു കെട്ടിടം നിർമ്മിക്കാനും ഈ കാലയളവിൽ കഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി ആദ്യമായി നടത്തിയകാൽവെപ്പ് സംസ്ഥാനത്തൊട്ടാകെ സ്ഥാപിതമായ ജില്ലാ കൗൺസിലുകളാണ് 1990ൽ അധികാരത്തിൽവന്ന ജില്ലാ കൗൺസിലുകൾക്ക് അധികാരം താഴെത്തട്ടിലേക്കിറക്കിക്കൊണ്ടുവരാൻ ഒട്ടേറെ സാദ്ധ്യതകൾ ഉണ്ടായിരുന്നു. ജനങ്ങൾ അമിതമായ പ്രതീക്ഷകളും ഈ ജനപ്രതിനിധി സഭകളിൽ അർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനതലത്തിൽ വന്ന ഭരണമാറ്റത്തെത്തുടർന്ന് ജില്ലാ കൗൺസിലുകൾ നിഷ്ക്രിയമാവുകയും ക്രമേണ അകാലമൃത്യു വരിക്കുകയുമാണുണ്ടായത്. അന്തരിച്ച ശ്രീ.പൗലോസ് താക്കോൽക്കാരനായിരുന്നു LDFസ്ഥാനാർത്ഥിയായി അതിരപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുന്ന പരിയാരം ഡിവിഷനിൽനിന്ന് മൽസരിച്ച് വിജയിച്ചത്. കൈവന്ന അധികാരങ്ങളുപയോഗിച്ച് ചുരുങ്ങിയ കാലംകൊണ്ട് ഈ പഞ്ചായത്തിനുവേണ്ടി പലതും ചെയ്തുതരുവാനോ തുടങ്ങിവക്കാനോ കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ സ്നേഹിക്കുകയും ജനങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന ആ സഹൃദയന് കഴിഞ്ഞു എന്നത് ആദരപൂർവ്വം ഇവിടെ

വിസ്മരിക്കട്ടെ. ഒരിക്കലും വർഗ്ഗീയകലാപങ്ങളോ കൊലപാതകങ്ങളോ ഈ പഞ്ചായത്തിൽ നടന്നിട്ടില്ല. സംഘടനാ പ്രവർത്തനത്തിൻെറ ഭാഗമായും ഔദ്യോഗികകൃത്യനിർവ്വഹണത്തിൻെറ ഭാഗമായും നീതി പൂർവ്വം പ്രവർത്തിച്ച ഒരു വനപാലകൻ ഈ പഞ്ചായത്തിൽ അധോലോക സംഘത്തിൻെറ ആക്രമണത്തിൻെറ ഫലമായി ദാരുണമായി കൊലചെയ്യപ്പെട്ടിട്ടുണ്ട്. ശ്രീകൃഷ്ണൻ നാടാർ എന്ന ആ മഹാനായ വനപാലകനെ ജനം എന്നും ആദരവോടെ സ്മരിക്കുന്നു. അമ്പലങ്ങൾ, പള്ളികൾ, മോസ്കുകൾ വ്യത്യസ്ത മതാചാരങ്ങളും വിശ്വാസങ്ങളും വച്ചുപുലർത്തുന്നവരും എല്ലാ മതങ്ങളുടെയും സത്തകൾ ഉൾക്കൊള്ളുന്നവരുമായ സമ്മിശ്ര സംസ്കാരത്തിൻെറ ഉടമകളായ ഒരു ജനവിഭാഗം ഐക്യത്തോടെയും സാഹോദര്യത്തോടെയും കഴിയുന്നൊരു ഗ്രാമപ്രദേശമാണിത്. പഞ്ചായത്തിൻെറ ഒന്നുമുതൽ നാലുവരെയുള്ള വാർഡുകൾ പൊതുവേ ചാലക്കുടിപ്പുഴക്കഭിമുഖമായി തെക്കോട്ടു ചരിഞ്ഞുകിടക്കുന്നതിനാൽ തെക്കൻ വെയിലിൻെറ രൂക്ഷത നേരിട്ടു കൃഷികളെ ബാധിക്കുന്നുണ്ട്. സമൃദ്ധമായി ലഭ്യമാക്കാവുന്ന പുഴയിലേയും തോടുകളിലെയും അരുവികളിലെയും ജലം ഉപയോഗപ്പെടുത്തി കൃഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. നെൽകൃഷിക്ക് സാദ്ധ്യതകളുണ്ടെങ്കിലും ഒട്ടനവധി പ്രതിബന്ധങ്ങളും നിലനിൽക്കുന്നു. റബ്ബർ കൃഷി വ്യാപിച്ചു വരുന്നു. കുരുമുളക്, തെങ്ങ് മുതലായവ ആശാവഹമായരീതിയിൽ കൃഷി ചെയ്യുന്നില്ല. ജനകീയാസൂത്രണപ്രസ്ഥാനം അധികാവികേന്ദ്രീകരണത്തിൻെറ ഭാഗമായി പ്രാവർത്തികമാകുന്നതോടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും സ്വയം പര്യാപ്തതയിലേക്ക് പടിപടിയായി ഉയരാനും ഈ പഞ്ചായത്തിനു കഴിയുമെന്നുറപ്പാണ്. 1996 നവംബർ 1-ാംനു കേരളപ്പിറവിദിനത്തിൽ സംസ്ഥാനത്തൊട്ടാകെ ഉൽഘാടനം നടത്തപ്പെട്ട വാർഡുതോറുമുള്ള വികസനപദ്ധതികളും പഞ്ചായത്തിൽ പൊതുവായി നടത്താൻ നിശ്ചയിച്ചിട്ടുള്ള ഓരോ വികസനപദ്ധതികളും അന്നേ ദിവസം ഈ പഞ്ചായത്തിലും തുടക്കം കുറിക്കപ്പെട്ടിട്ടുണ്ട്. "എല്ലാ മരത്തിലും കുരുമുളകുകൊടി" എന്ന പദ്ധതിയാണ് പഞ്ചായത്തു പ്രസിഡണ്ട് ശ്രീ.K.K.അച്ചുതൻ ഉൽഘാടനം ചെയ്യുകയും കൃഷി വകുപ്പിൻെറ സഹായത്തോടെ ഒരു വർഷം കൊണ്ട് പ്രാവർത്തികമാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളത്. ജനങ്ങൾ അതതു പ്രദേശത്തിൻെറ വികസന പങ്കാളികളാവുകയും 9-ാം പദ്ധതിയിൽ ലഭ്യമാകുന്ന വിഹിതത്തോടൊപ്പം പഞ്ചായത്തിലെ വിഭവങ്ങളും സേവനാത്മകമായ മനുഷ്യാദ്ധ്വാനവും ഒന്നിച്ച് ചേരുമ്പോൾ ഈ പഞ്ചായത്തിന് മുമ്പൊരിക്കലും നാം സ്വപ്നം കണ്ടിട്ടുപാലുമില്ലാത്തത്ര മഹത്തരമായ ഐശ്വര്യവും സമ്പന്നതയും കൈവരും എന്ന് ആത്മാർത്ഥമായി നമുക്ക് വിശ്വസിക്കാം.

648

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ അർദ്ധ-സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ താഴെ കൊടുക്കുന്നു.

1. ഗവൺമെൻറ് യു.പി. സ്ക്കൂൾ മലയ്ക്കപ്പാറ
2. ഇലക്ട്രിക് ജനറേഷൻ ഡിവിഷൻ ആഫീസ് പെരിങ്ങൽ കുത്ത്.
3. ഷോളയാർ ഫോറസ്റ്റ് റേഞ്ച് ആഫീസ് മലയ്ക്കപ്പാറ.
4. ഫോറസ്റ്റ് റേഞ്ച് കൊല്ലത്തിരുമേട്-വാച്ചുമരം
5. സിവിൽ ജനറേഷൻ ഡിവിഷൻ ആഫീസ് പെരിങ്ങൽകുത്ത്
6. പോസ്റ്റാഫീസ് പെരിങ്ങൽ കുത്ത്
7. ഗവൺമെൻറ് എൽ.പി. സ്ക്കൂൾ പെരിങ്ങൽകുത്ത്
8. വാഴച്ചാൽ ഫോറസ്റ്റ് റേഞ്ച് ആഫീസ്-പുകയിലപ്പാറ
9. ചാർപ്പ ഫോറസ്റ്റ് റേഞ്ച് ആഫീസ്-വാഴച്ചാൽ
10. ഗവൺമെൻറ് എൽ.പി. സ്ക്കൂൾ-വാഴച്ചാൽ
11. ഇൻവെസ്റ്റിഗേഷൻ ആഫീസ്-കണ്ണംകുഴി
12. ലൈവ് സ്റ്റോക്ക് അസിസ്റ്റൻറ് ആഫീസ്-15/5 വെറ്റിലപ്പാറ.
13. ഗവൺമെൻറ് ഹൈ. സെക്കൻണ്ടറി സ്ക്കൂൾ - വെറ്റിലപ്പാറ
14. അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ആഫീസ് - വെറ്റിലപ്പാറ
15. ഗവൺമെൻറ് ആയ്യൂർവ്വേദ ഡിസ്പ്പെൻസറി വെറ്റിലപ്പാറ
16. പോസ്റ്റാഫീസ് വെറ്റിലപ്പാറ
17. പ്ലാൻേറഷൻ കോർപ്പറേഷൻ ഡിവിഷൻ ആഫീസ് വെറ്റിലപ്പാറ
18. വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് വെറ്റിലപ്പാറ
19. പ്രൈമറി ഹെൽത്ത് സെൻറർ വെറ്റിലപ്പാറ
20. കൃഷിഭവൻ ആഫീസ് വെറ്റിലപ്പാറ
21. കനറാ ബാങ്ക് ശാഖ അരൂർമുഴി വെറ്റിലപ്പാറ
22. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അരൂർമുഴി വെറ്റിലപ്പാറ
23. പോലീസ് സ്റ്റേഷൻ വെറ്റിലപ്പാറ
24. പോലിസ്സ്റ്റേഷൻ മലക്കപ്പാറ
25. സെയിൽ ടാക്സ് ചെക്ക്പോസ്റ്റ് തൂമ്പൂർമുഴി
26. ഇറിഗേഷൻ അസിസ്റ്റൻറ് എഞ്ചിനീയർ ആഫീസ് തുമ്പൂർമുഴി
27. ഫോറസ്റ്റ് സ്റ്റേഷൻ മലക്കപ്പാറ
28. ഫോറസ്റ്റ് സ്റ്റേഷൻ ആനക്കയം
29. ഫോറസ്റ്റ് സ്റ്റേഷൻ വാച്ചുമരം
30. ഫോറസ്റ്റ് സ്റ്റേഷൻ പുകയിലപ്പാറ
31. ഫോറസ്റ്റ് സ്റ്റേഷൻ വാഴച്ചാൽ
32. പോസ്റ്റാഫീസ് മലയ്ക്കപ്പാറ
33. ജനറേഷൻ ആഫീസ് ഷോളയാർ
34. ഗവൺമെൻറ് മൃഗാശുപത്രി വൈശ്ശേരി

**സ്വകാര്യ സ്ഥാപനങ്ങൾ**

1. ടാറ്റ ടീ എസ്റ്റേറ്റ് ആഫീസുകൾ
2. കാപ്പി എസ്റ്റേറ്റ് പെരുമ്പാറ
3. റിച്ച്മണ്ട് റിസോഴ്സ് അതിരപ്പിള്ളി
4. സ്പ്രിംഗ്വാലി ഹോളിഡേ ഹോം അതിരപ്പിള്ളി
5. അവന്യ റീജൻറ് അതതിരപ്പിള്ളി
6. മീൻ അകാമിനറൽസ് അതിരപ്പിള്ളി
7. ഹരിശ്രീ ട്യൂഷൻസെൻറർ വെറ്റിലപ്പാറ
8. ധന്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വെറ്റിലപ്പാറ
8. മഹിമ ടൈപ്പ്റൈറ്റിംഗ്ഇൻസ്റ്റിറ്റ്യൂട്ട് വെറ്റിലപ്പാറ
9. ഹരിശ്രീ ആയ്യൂർവ്വേദ വൈദ്യശാല അരൂർമുഴി
10. അംഗൻവാടികൾ 10 എണ്ണം

**സഹകരണസ്ഥാപനങ്ങൾ**

1. ഷോളയാർ പട്ടികവർഗ്ഗസഹകരണ സംഘം മലയ്ക്കപ്പാറ
2. ഫോറസ്റ്റ് സഹകരണ സംഘം വാഴച്ചാൽ
3. പട്ടികജാതി സർവ്വീസ് സഹകരണസംഘം കണ്ണൻകുഴി
4. വിമുക്തഭട സഹകരണ കോളനി വെറ്റിലപ്പാറ
5. പരിയാരം സർവ്വീസ് സഹകരണ ബാങ്ക് ബ്രാഞ്ച് അരൂർമുഴി
6. സ്വതന്ത്ര ക്ഷീരോൽപ്പാദക സഹകരണ സംഘം (മിൽമ)
7. അരൂർമുഴി ക്ഷീരോൽപ്പാദക സഹകരണ സംഘം (മിൽമ)
8. ട്രൈബൽ ഹോസ്റ്റൽ വാഴച്ചാൽ

ആരാധനാലയങ്ങൾ

| | |
|---|---|
| 1. ക്രിസ്ത്യൻ പള്ളികൾ | 6 എണ്ണം |
| 2. കന്യാസ്ത്രീ മഠങ്ങൾ | 2 |
| 3. ഹൈന്ദവ ദേവാലയങ്ങൾ - | 12 „ |
| 4. മുസ്ലീം ദേവാലയങ്ങൾ - | 1 എണ്ണം |
| ക്ലബ്ബുകൾ - | 12 എണ്ണം |
| ലൈബ്രറികൾ - | 4 എണ്ണം |

അതിരപ്പിള്ളി പഞ്ചായത്തിൽ വികസനപ്രവർത്തനങ്ങൾക്ക് ഭൂമിയുടെ ലഭ്യത വലിയ പ്രശ്നമാണ്.

വിവിധ സർക്കാർ സ്ഥാപനങ്ങളും ദേവാലയങ്ങളും സ്ഥാപിക്കുന്നതിന് വെറ്റിലപ്പാറ വിമുക്തഭട കോളനിയിൽ നിന്ന് സൗജന്യമായി ഭൂമി ലഭിച്ചിട്ടുണ്ട്.

2-ാം വാർഡിൽ അംഗൻവാടി കെട്ടിടത്തിന് കുടുക്കച്ചിറ അപ്പാച്ചൻ തൊമ്മച്ചൻ സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്.

3-ാം വാർഡിൽ 15/5ൽ അംഗൻവാടി കെട്ടിടത്തിന് ശ്രീമതി K.K കല്ല്യാണി 2 സെൻറ് സ്ഥലം സംഭാവന നല്കിയിട്ടുണ്ട്.

4-ാം വാർഡിൽ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് 5 സെൻറ് സ്ഥലം ശ്രീ. T.S. മണിലാൽ സംഭാവന ചെയ്തിട്ടുണ്ട്.

വികസനരംഗത്ത് ഈ മാതൃക മറ്റുള്ളവരും അനുകരിക്കേണ്ടതാണ്.

# കൃഷിയും ജലസേചനവും

അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും ഒരു ഊർജിതസേഖലയല്ല. 489 ച.കി. സ്ഥലത്ത് പരന്നു കിടകകുന്ന അതിരപ്പിള്ളി ഗ്രാമം, ഭൂപ്രകൃതിയുടെ കാര്യത്തിലും, കാലാവസ്ഥയുടെ കാര്യത്തിലും വളരെയധികം വൈവിധ്യങ്ങൾ നിറഞ്ഞതാണ്. തുമ്പൂർ മുഴി മുതൽ കണ്ണൻ കുഴി വരെയുള്ള, ആനമല റോഡിൻെറ തെക്കു ഭാഗത്തെ ഭുമി പ്ലാൻേറഷൻ കോർപ്പറേഷൻ വകയാണ്. ഇവിടെ എണ്ണപ്പന കൃഷി ചെയ്തു വരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ച് മാത്രം കൃഷി ചെയ്യാൻ നിർബന്ധിതരാണ് ഈ ഗ്രാമത്തിലെ കാർഷക ജനത. ഊർജിത കൃഷി വികസനത്തിന് ഇന്ന് വിലങ്ങുതടയായി താർന്നിരാക്കുന്നത് ജലസേചന സൗകര്യത്തിൻെറ അപര്യാപ്തതയാണ്. ചാലക്കുടിപ്പുഴ ഈ പഞ്ചായത്തിൽ കൃഷിക്ക് ഉപയോഗിക്കുന്നതിന് വിവിധ സാങ്കേതിക കാരണങ്ങളാൽ സാധിക്കുന്നില്ല.

സമീപകാലങ്ങൾ വരെ വൈശ്ശേരി, ആരൂർമുഴി, കണ്ണൻകുഴി എന്നീ പ്രദേശങ്ങളിൽ നെൽ കൃഷി ചെയതിരുന്നു. പക്ഷി ശല്യവും, കാട്ടാന ശല്യവും നെൽ കൃഷിചെയ്യുന്നതിൽ നിന്നും കർഷകലെ പിന്തിരിപ്പിച്ചു എന്നു വേണം കരുതാൻ. നെൽകൃഷി ചെയതിരുന്ന സ്ഥലങ്ങൾ കാലക്രമേണ തെങ്ങിൻ തോട്ടങ്ങളായി രൂപാന്തരം പ്രാവിച്ചു. 5,6 വാർഡുകൾ പൂർണ്ണമായും വനമേഖലയായതിനാൽ കാർഷിക വൃത്തി ഈ പ്രദേശത്തുള്ളവർ മുഖ്യ ജീവതോപാധിയായി സ്വീകരിക്കപ്പെട്ടിട്ടില്ല. 7,8 വാർഡുകൾ തേയില കാപ്പി, ഏലം എന്നീ കൃഷികൾ ഉള്ള തോട്ടം മേഖലയാണ്. തരിശായി കിടക്കുന്ന വനസേഖലകളിൽ-പ്രധാലമായും തുമ്പൂർമുഴി, വാഴച്ചാൽ എന്നീ മേഖലകളിൽ - ഔഷധ സസ്യ കൃഷി വനം വകുപ്പിൻെറ കീഴിൽ ചെയ്തുവരുന്നണ്ട്. തവളക്കുഴിപ്പാറ, അടിച്ചിൽ തൊട്ടി എന്നീ ആദിവാസി മേഖലകളിൽ ഇപ്പോഴും നെൽ കൃഷി പ്രാബല്യത്തിലുണ്ട്. അടിച്ചിൽതൊട്ടി പ്രദേശത്തെ നെൽകൃഷി സ്ഥലങ്ങൾ ഇടുക്കി ജില്ലയുടെ പരിധിയിൽ വരുന്നതിലാൽ ഈ പഞ്ചായത്തിലെ കൃഷി ഭവൻ രേഖകളിൽ കാണുന്നില്ല.

ഈ പഞ്ചായത്തിൽ 801 ഹെക്ടർ സ്ഥലത്ത് കേരകൃഷിയും, കൃഷിഉപയോഗ്യ തരിശ് 238 ഹെക്ടർ സ്ഥലവും ആണെന്നു കാണുന്നു. കൃഷിയോഗ്യമായ ഭൂമിയിൽ റബ്ബർ തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറി മുതലായ കൃഷികൾ ഭാഗീകമായി ചെയ്തു വരുന്നു. ഈ പഞ്ചായത്തിലെ വിള വിസ്തീർണ്ണത്തേയും ഉല്പാദനത്തേയും കുരിച്ചുള്ള ഏകദേശം വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | പയർ | 2 ഹെ. | 6 M.T. | 3 M.T. |
| 2 | പച്ചക്കറികൾ | 10 „ | 30 „ | 3 „ |
| 3 | തെങ്ങ് | 315 „ | 45 „ | 45 „ |
| 4 | വാഴ | 60 „ | 1200 „ | 20 „ |
| 5 | മരച്ചീനി | 60 „ | 2120 „ | 30-40 „ |
| 6 | കുരുമുളക് | 250 „ | 250 „ | 1 „ |
| 7 | കശുമാവ് | 50 „ | 62.5 „ | 1.250 „ |
| 8 | റബ്ബർ | 209 „ | 49 „ | 400-500 „ |
| 9 | കവുങ്ങ് | 10 „ | 39 „ | 200-400 Nos. |

അതിരപ്പിള്ളി ഗ്രാമത്തിൽ ഫലഭൂയിഷ്ടമായ കറുത്ത മണ്ണും, വെട്ടുകൽ മണ്ണും ഇടകലർന്നു കാണുന്നു. ഫലഭൂയിഷ്ഠതയുടെ കാര്യത്തിൽ സമ്പന്നമാണ്. എങ്കിലും, കാർഷിക മേഖലയിൽ ഈ ഗുണമേൻമയെ ചൂഷണം ചെയ്യുന്നതിലുള്ള ഉത്സാഹം കർഷകരിൽ കാണുന്നില്ല. ഇതിന് പ്രധാനമായും ചില കാലണങ്ങളുണ്ട്. ഈ പഞ്ചായത്തിൻെറ കാർഷിക മേഖലയുടെ ശാപം ജലത്തിൻെറ ദൗർലഭ്യമാണ്. ചാലക്കുടി പുഴയുടെ തീരഭൂമിയായ ഈ പഞ്ചായത്തിനെ ശാപത്തിൽ നിന്നും രക്ഷിക്കുന്ന

തിനുള്ള ഏകമാർഗ്ഗം ചാലക്കുടിപ്പുഴയിൽ നിന്നും ജലസേചന ആവശ്യത്തിന് ജലം ലഭ്യമാക്കുക എന്നതാണ്. മലമ്പ്രദേശങ്ങളിൽ നിന്നും ഒഴുകി വരുന്ന വെള്ളച്ചാലുകളിൽ തടയണകൾ കെട്ടി സംരക്ഷിക്കുക വഴി ഈ പ്രദേശത്തെ കിണറുകളിൽ വെള്ളം സുലഭമായി സംഭരിക്കുന്നതിനു സാധിക്കും. ചിക്ലായി ഇറിഗേഷൻ പദ്ധതി, വാളാർകുത്തിൽ അണകെട്ടി വെള്ളം സംഭരിക്കുക. തടസ്സങ്ങൾ നീക്കി ചാലക്കടി പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക എന്നിവ പ്രാധാന്യം അർഹിക്കുന്നു. പഞ്ചായത്തിലെ പ്രധാന തോടുകൾ പ്ലാച്ചിത്തോട്, കപ്പത്തോട് കുതിരമൂക്കൻ തോട്, അരൂർമുഴിത്തോട്, കണ്ണാങ്കുഴിത്തോട് എന്നിവയാണ്. ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കൃഷിഭവനിൽ നിന്നും സബ്സിഡി നൽകി വരുന്ന വമ്പു സെറ്റുകൾ വാങ്ങി ഉപയോഗിക്കുന്നതിൽ കർഷകർ വളരെയധികം പിന്നോക്കം നിൽക്കുന്നു എന്നു തന്നെ പറയാം.

ജനസേചനസൗകര്യം ഇല്ലാത്തതിനാൽ, പൂർണ്ണമായും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്നതിൽ കർഷകർ പുറകോട്ടാണ്. കൃഷിഭവനിൽ നിന്നും സബ്സിഡി നിരക്കിൽ നൽകി വുരുന്ന രാസവളം വാങ്ങി ഉപയോഗിക്കുന്നതിൽ കർഷകർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. ഇത് മൂലം ശാസ്ത്രീയ രാസ വള പ്രയോഗം മൂലം ഉളവാകുന്ന ഗുണമേൻമ കർഷകർക്ക് ലഭിക്കുന്നല്ല. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഇതുവരെയും സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ ഒരു വളം ഡിപ്പോ ഇല്ല എന്നുള്ളതു കൃഷിക്കാരെ വളപ്രയോഗത്തിൽ നിന്നു മാറ്റി നിർത്തുന്ന ഒരു ഘടകമാണ്. വളം വാങ്ങുന്നതിന് ഈ ഗ്രാമത്തിലുള്ള കർഷകർ 18 കി. മീറ്റർ അകലെയുള്ള പരിയാരം സർവ്വീസ് സഹകരണ സംഘം വക വളം ഡിപ്പോയെ ആശ്രയിക്കണം. വർദ്ധിച്ചു വരുന്ന രോഗങ്ങളും കീടങ്ങളും കൃഷിയുടെ ഉല്പാദനക്ഷമതയെ വളരെ താഴോട്ടുകൊന്ടുപോകുന്ന മുഖ്യ ഘടകമാണ്. ജൈവവളം മാത്രം, വളരെ അധികം ഉപയോഗിക്കുന്നവരാണ് ഇവിടത്തെ കർഷകർ. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്ന ശീലം കർഷകരിൽ തീരെ ഇല്ല എന്നു തന്നെ പറയാം.

അശാസ്ത്രീയമായ കീടനാശിനി പ്രയോഗം ജനതയുടെ ആരോഗ്യത്തെ പരോക്ഷമായി ബാധിക്കുന്ന ഒരു പ്രശ്നമായി തീർന്നിരുക്കുകയാണ്. വിളകളെ സംരക്ഷിക്കുന്ന രീതിയിൽ ശാസ്ത്രീയമായ കീടനാശിനി പ്രയോഗത്തിന് കർഷകരെ പ്രേരിപ്പിക്കേണ്ടതാണ്. പച്ചക്കറി കൃഷി മേഖലയിലാണ് ഈ പ്രവണത അമിതമായി കണ്ടുവരുന്നത്. കർഷകരുടെ ഇക്കാര്യത്തിലുള്ള അറിവില്ലായ്മ ഇതിനൊരു കാരണമായിരുന്നു. ഒരു കാലത്ത് വളരെ വിപുലമായ രീതിയിൽ കൃഷി ചെയ്തിരുന്ന കുരുമുളക് ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. കുരുമുളകിനെ ബാധിച്ച രോഗബാധ മൂലമാണ് ഇതു സംഭവിച്ചതെന്നു പറയാം. തെങ്ങിൻെറ 'കാറ്റുവീഴ്ച രോഗം' നാളികേര ഉല്പാദനത്തെ കാര്യമായി ബാധിച്ചിട്ടില്ല. കർഷകർ തെങ്ങിൻ തോട്ടങ്ങൾ, റബ്ബർ തോട്ടങ്ങളായി മാറികൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇപ്പോൾ. കൃഷിഭവൻ മുഖേന പച്ചക്കറി വിത്തുകളും, നടീൽ വസ്തുക്കളും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്നുണ്ടെങ്കിലും, അവ വേണ്ട വിധം ഉപയോഗിക്കുന്നതിൽ കർഷകർ ശ്രദ്ധിക്കുന്നില്ല. യഥാകാലങ്ങളിൽ അവ വിതരണം നടത്തേണ്ടതിനുള്ള നടപടി ഉണ്ടാവേണ്ടതാണ്.

| ഇനം | എണ്ണം | | |
|---|---|---|---|
| | 93 - 94 | 94 - 95 | 95 - 96 |
| തെങ്ങ് | — | — | — |
| കശുമാവ് | — | — | — |
| പച്ചക്കറി വിത്ത് | 600 പാക്കറ്റ് | 500 പാക്കറ്റ് | 450 പാക്കറ്റ് |
| കവുങ്ങ് | — | — | 225 Nos. |
| കൊക്കൊ | 200 എണ്ണം | 600 എണ്ണം | — |
| മാവ് | — | 275 „ | 200 „ |
| മഞ്ഞൾ | — | 120 kg. | — |

കാട്ടാന, പന്നി എന്നീ കാട്ടുമൃഗങ്ങളുടെ ശല്യം കാർഷിക മേഖലയിൽ ഉല്പാദനക്ഷമത കുറക്കുന്ന മറ്റൊരു ഘടകമായി നിലനിൽക്കുന്നു. വരൾച്ച മൂലം ഉണ്ടാകുന്ന വിളനാശവും ഉല്പാദനക്ഷമതയെ ബാധിക്കുന്ന ഘടകമായി കാണാം.

കൃഷിഭവൻ നടത്തിയ ദുരിതാശ്വാസ സഹായ നിധി വിതരണത്തിൻെറ രേഖ.

| വർഷം | വരൾച്ച (ഹെക്ടറിൽ) | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1993-94 | 4.8 | 150 | Rs. 4700/- |
| 1994-95 | 1.5 | 3 | Rs. 600/- |
| 1995-96 | 37 | 11 | Rs. 14,956/- |

## കാർഷിക ഉല്പന്ന വിപണനം

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ കാർഷിക ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് വിപണന കേന്ദ്രം ഇല്ല എന്നുള്ളത്, ഇവിടത്തെ കർഷകർക്ക് അവരുടെ കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണവും ശക്തമായുണ്ട് പ്ലാൻേറഷൻ കോർപ്പറേഷനിൽ നിന്നും, എക്സ് സർവ്വീസ് മെൻ കോളനിയിൽ നിന്നും പാട്ടത്തിന് സ്ഥലമെടുത്ത് കൃഷിചെയ്യുന്നവർക്ക് അവരുടെ ഉല്പന്നങ്ങൾ കൃഷി സ്ഥലത്തുവെച്ചുതന്നെ വിപണനം സാദ്ധ്യമാകുമ്പോൾ, ഇവിടത്തെ ചെറുകിട കർഷകർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് 25 കി.മീറ്റർ അകലെയുള്ള ചാലക്കുടിയിൽ പോകേണ്ടി വരുന്നു. ഇത് കർഷകന് ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിൽ നിന്നും കർഷകനെ വിലക്കുന്ന ഒരു പ്രധാന ഘടകമാണ്. കശുവണ്ടി, റബ്ബർ എന്നിവക്ക് വെറ്റിലപ്പാറയിൽ വിപണ സൗകര്യം ഉണ്ട്. പരിയാരം സർവ്വീസ് സഹകരണസംഘം അതതു സീസണിൽ കശുവണ്ടി സംഭരണം നടത്തുന്നതിനു നടപടികളെടുത്തുവരുന്നുണ്ട്. റബ്ബർ സംഭരിക്കുന്നതിന് ഒരു സ്വകാര്യ ഏജൻസിയും, തൃശ്ശൂർ ജില്ലാ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ വക ഏജൻസിയും ഉണ്ട് എന്നുള്ളത് റബ്ബർ ഉല്പാദകരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണെന്നു പറയാം. വിപണന സൗകര്യം ഈ പഞ്ചായത്തിലെ കർഷകനെ സംബന്ധിച്ചിടത്തോളം അപര്യാപ്തമായതിനാൽ ഉല്പന്നങ്ങൾക്കു ലഭിക്കേണ്ട ലാഭത്തിൻെറ 75%ത്തോളം ഇടത്തട്ടുകാരാൽ ചൂഷണം ചെയ്യപ്പെടുന്നു എന്നുള്ളത് ഒരു വസ്തുതയാണ്.

1959ന് മുമ്പ് വനപ്രദേശമായിരുന്ന അതിരപ്പിള്ളി ഗ്രാമത്തിൽ വനമേഖല വിമുക്തഭടന്മാർക്ക് പതിച്ചു നൽകിയപ്പോൾ 4½ ഏക്കറോളം വരുന്ന ബ്ലോക്കുകളുടെ ഉടമകളെ സൃഷ്ടിക്കപ്പെട്ടു. ഇവരായിരുന്നു ഭൂവുടമകൾ. എന്നാൽ കാലക്രമേണ വീതിച്ചും, ക്രയവിക്രയം നടത്തിയും കൃഷിയിടങ്ങളുടെ വലിപ്പം കുറഞ്ഞുവന്നു. അതുകൊണ്ടുതന്നെ കൃഷിയിടങ്ങളിൽ സ്വന്തം പ്രയത്നം കൊണ്ട് വിളയിക്കുന്നവരാണ് ഇന്ന് കൂടുതൽ എന്നുപറയാം. ഏകദേശം 80%ത്തോളം ഭൂവുടമകളും അവരുടെ കൃഷിഭൂമിയിൽ പണിയെടുക്കുന്നവരാണ്. എങ്കിലും കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചവർ വിരളമാണ്. കാർഷിക വൃത്തിക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല എന്നുള്ളതും ഇതിനൊരു കാരണമായി കരുതാം. തൊഴിലാളിക്ക് നൽകി വരുന്ന വേതന വ്യവസ്ഥ പഞ്ചായത്തിൽ പലസ്ഥലങ്ങളിലും പല രീതിയിലാണ്. അശാസ്ത്രീയമായ കൂലി വർദ്ധനയെ നിയന്ത്രിക്കുക എന്നുള്ളത് ഉചിതമായ പരിഹാരമാർഗ്ഗമായി കരുതാം.

## വായ്പാസൗകര്യങ്ങൾ

കർഷകർക്ക് ഇപ്പോൾ ലഭ്യമായികൊണ്ടിരിക്കുന്ന വായ്പാ സൗകര്യങ്ങൾ ചെറുകിട/നാമമാത്ര കർഷകരെ സംബന്ധിച്ചിടത്തോളം തീരെ കുറവാണ്. പരിയാരം സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക്, കനറാ ബാങ്ക് ഇവയാണ് ഇന്ന് ഈ പഞ്ചായത്തിൽ കർഷകർക്ക് കാർഷിക വായ്പ ലഭിക്കുന്നതിനുള്ള ആശ്രയം.

## ഭൂപ്രകൃതിയും മണ്ണൊലിപ്പും

കുന്നിൻ ചരിവുകളും സമതലങ്ങളും ഇടകലർന്ന ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിൻേറത്. അതുകൊണ്ടുതന്നെ കൃഷിയിടങ്ങളിൽ മണ്ണൊലിപ്പ് രൂക്ഷമായികൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൻെറ ഭൂരിഭാഗം കൃഷിസ്ഥലങ്ങളും രൂക്ഷമായ മണ്ണൊലിപ്പിൻെറ പിടിയിലാണ്. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തേണ്ടത് അത്യാവശ്യമാണ്.

## കേരവികസന സമിതിയും, കുരുമുളകു സംരക്ഷണസമിതിയും

കൃഷിഭവനിൽ നിന്നും സമഗ്ര നാളികേര വികസനപദ്ധതി മുഖേന പമ്പുസെറ്റുകൾ, റോക്കർ സ്പ്രേയർ വാങ്ങുന്നതിനും, കിണർ കുഴിക്കുന്നതിനും സബ്സിഡി നൽകി വരുന്നു. കേര കർഷകരുടെ

ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന കേര വികസനസമിതി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കുരുമുളക് കർഷകരെ സഹായിക്കുന്നതിനും കുരുമുളകു സംരക്ഷണ സമിതിയും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. റബ്ബർ ഉല്പാദകരെ സഹായിക്കുന്നതിന് റബ്ബർ ഉല്പാദക സംഘവും, റബ്ബർ ബോർഡിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

**ജലസേചനം**

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. ജൂൺമുതൽ ആഗസ്റ്റ് മാസം വരെ ലഭിക്കുന്ന കാലവർഷവും, സെപ്തംബർ മുതൽ നവംമ്പർ വരെ ലഭിക്കുന്ന തുലാവർഷവും ആണ് ഈ പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായി ലഭിക്കുന്ന മഴക്കാലം. ഈ പഞ്ചായത്തിൽ വർഷത്തിൽ ശരാശരി 405mm മഴ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ അനേകം നീരൊഴുക്കുകൾ ഉണ്ട്. അവയെല്ലാം ചാലക്കുടി പുഴയിൽ എത്തിചേരുന്നു. പഞ്ചായത്തിലെ പ്രധാനതോടുകൾ കപ്പത്തോട്, അരൂർമുഴിത്തോട്, പ്ലാച്ചിത്തോട്, ചുണ്ടാൻതോട്, പിള്ളപ്പാറതോട്, കണ്ണൻ കുഴിത്തോട് എന്നിവയാണ്. പഞ്ചായത്തിൽ ആകെ 4 കുളങ്ങൾ ഉണ്ട്.

**കൃഷിഭവൻ**

1987ലാണ് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ നിലവിൽ വന്നത്. കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കർഷകർക്ക് സഹായകരമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷിഭവനിൽ ഒരു ഓഫീസറുടേയും 2 കൃഷി അസിസ്റ്റൻറിൻേറയും തസ്തികകളാണ് ഇപ്പോൾ ഉള്ളത്.

**പ്രശ്നങ്ങൾ**

1. ജലസേചന പദ്ധതികൾ മുഴുവൻ പ്രാവർത്തികമാക്കിയിട്ടില്ല.
2. കാർഷിക വിഭവ വിപണന സൗകര്യം ഇല്ല
3. പണിപൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ
4. ഉല്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യം ഇല്ലായ്മ
5. മണ്ണൊലിപ്പ് രൂക്ഷമാണ്
6. കാട്ടുമൃഗങ്ങളിൽ നിന്നുള്ള ശല്യം
7. കർഷകത്തൊഴിലാളികളുടേയും, കൃഷിഭൂമിയുടേയും ലഭ്യത കുറവ്.
8. കൃഷിഭൂമിയുടെ അശാസ്ത്രീയമായ ഉപയോഗം
9. നൂതന കൃഷി സമ്പ്രദായത്തെ കുറിച്ചുള്ള അറിവില്ലായ്മ
10. വർദ്ധിച്ചുവരുന്ന രോഗകീടബാധ
11. നടീൽവസ്തുക്കളുടെയും, വിത്തുകളുടെയും ലഭ്യത കുറവ്.
12. വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലുള്ള പോരായ്മകൾ

**നിർദ്ദേശങ്ങൾ**

1. രണ്ടു ഘട്ടങ്ങളിലായി തുടങ്ങിവെച്ച് പ്രവർത്തനം മുടങ്ങികിടക്കുന്ന ചിക്ലായി ഇറിഗേഷൻ പദ്ധതി പ്രവർത്തികമാക്കുകവഴി ഒന്നാം വാർഡിലേയും രണ്ടാം വാർഡിലേയും കർഷകർക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ സാധിക്കും. കൂടാതെ വാളാറകുത്തിൽ അണകെട്ടി വെള്ളം സംഭരിച്ചാൽ 1,2 വാർഡികളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്താം.

2. ചാലക്കുടി പുഴയിൽ നിന്നും കൃഷി ആവശ്യത്തിന് ജലം എടുക്കുന്നതിലുള്ള സാങ്കേതിക തടസ്സം നീക്കി പുഴയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും ചെയ്യുക.

3. അരൂർ മുഴിത്തോട്, കുതിരമുക്കം തോട്, പ്ലാച്ചിത്തോട്, വെട്ടിക്കുഴിത്തോട് എന്നീ തോടുകളിൽ തടയണകൾ കെട്ടുകമൂലം ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും, ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

4. 3-ാം വാർഡിൽ വാക്കടയിൽ കൃഷ്ണൻകുട്ടി എന്ന ആളുടെ വക സ്ഥലത്ത് വേനൽക്കാലത്ത് സുലഭമായി വെള്ളം ലഭിക്കുന്ന ഒരു കുളം ഉണ്ട്. ടി കുളം പഞ്ചായത്ത് ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുകയാണെങ്കിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്. അതുപോലെ 4-ാം വാർഡിൽ അത്തിക്കൽ എബ്രഹാം എന്ന ആളുടെ പറമ്പിനടുത്തുള്ള കുളം നന്നാക്കി

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനു സാധിക്കും.

5. പിള്ളപ്പാറ പട്ടികവർഗ്ഗ കോളനിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (ആനപ്പിടിക്കയത്തിൽ നിന്നുള്ളത്) 3-ാം വാർഡിലെ എല്ലാ കർഷകർക്കും ഉപയുക്തമാകും വിധത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

6. 3-ാം വാർഡിലെ റിസർവ്വ് വനത്തിൽ പേത്താൾ എന്ന സ്ഥലത്തെ ജലസ്രോതസ്സ് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉതകുംവിധം പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയാണെങ്കിൽ പഞ്ചായത്തിലെ 2,3,4 വാർഡുകളിൽ ജലസേചനാവശ്യത്തിന് വെള്ളം എത്തിക്കാൻ സാധിക്കും.

7. കണ്ണൻ കുഴി ജലസേചന പദ്ധതി പൂർത്തീകരിക്കുക.

8. കുണ്ടൂർമാട് (കണ്ണൻ കുഴിതോട്) വെള്ളച്ചാട്ടത്തിൽ തടയണ കെട്ടി സംരക്ഷിക്കുക മൂലം 3,4 വാർഡുകളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ സാധിക്കും.

9. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു മുകൾഭാഗത്ത് തടയണ നിർമ്മിച്ച്, വെള്ളം കണ്ണൻ കുഴി ഹരിജൻ കോളനിയുടെ മുകൾ ഭാഗത്തുകൂടി നേരെ പടിഞ്ഞാറോട്ടു കൊണ്ടുവന്ന് 4,3,2,1 എന്നീ വാർഡുകളിൽ കൂടി കനാൽ നിർമ്മിച്ച് ഒഴുക്കി, കനാലിനെ തുമ്പൂർ മുഴി വലതുകര കനാലുമായി ബന്ധിപ്പിച്ചാൽ ഈ പഞ്ചായത്തിലെ 1,2,3,4 വാർഡുകളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

10. പഞ്ചായത്തിൽ കാർഷിക വിഭവ വിപണനത്തിന് പൊതുകമ്പോളം സ്ഥാപിക്കേണ്ടതാണ്. കാർഷിക വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് ഈ നടപടികർഷകന് സഹായകമാകും. ചാലക്കുടി പുഴയ്ക്കു കുറുകെ ഏറ്റവും അനുയോജ്യമായ സ്ഥലത്ത് ഒരു പാലം നിർമ്മിച്ച് ഈ പഞ്ചായത്തിനെ എറണാകുളം ജില്ലയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ കാർഷിക വിഭവ വിപണനം ചുരുങ്ങിയ ചിലവിൽ സാദ്ധ്യമാകും.

11. മണ്ണൊലിപ്പു നിവാരണ പ്രവർത്തനങ്ങൾ കൃഷി വകുപ്പിൻറയും, മണ്ണു സംരക്ഷണ വകുപ്പിൻേറയും സഹകരണത്തോടെ ഊർജ്ജിതമായി നടപ്പിലാക്കുക. വാച്ചുമരം കോളനിയുടെ മദ്ധ്യത്തിലൂടെ, ഇടമലയാർ ഓഗ് മെൻേറൻ കനാൽ നിർമ്മിച്ചതിനാൽ, കനാലിൻെറ ഇരുവശങ്ങളിലും ഉള്ള സ്ഥലം മണ്ണിടിഞ്ഞു നശിച്ചുകൊണ്ടിരിക്കുന്നു. ഇതു തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആദിവാസികളുടെ കൃഷിഭൂമികൾ സംരക്ഷിക്കേണ്ടതാണ്.

12. കാർഷിക വിഭവങ്ങൾ സാംസ്ക്കരിക്കുന്നതിനു പൊതു ജനപങ്കാളിത്തത്തോടെ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക വഴി, കാർഷിക മേഖലയിൽ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാം.

13. കാട്ടുമൃഗങ്ങളുടെ ശല്യത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു. പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുനഅന കന്നുകാലികൾ കൃഷിയിടങ്ങൾക്കു ഭീക്ഷണിയാകുന്നത്. ഇതിന് പരിഹാര മാർഗ്ഗങ്ങൾ ഉടനെ ആരായേണ്ടതുണ്ട്.

14. കൃഷിഭവൻെറ കീഴിലുള്ള കേര വികസന സമിതി. കുരുമുളകു സംരക്ഷണസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

15. വനം വകുപ്പിൻെറ കൂപ്പുമുറിച്ച സ്ഥലങ്ങളിൽ കൃഷി സ്ഥലം പാട്ടത്തിനു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക. വാച്ചുമരത്ത് കോളനി നിവാസികളായ ആദിവാസികൾക്ക് കൃഷിഭൂമി, തരിശായ വനഭൂമിയിൽ നിന്നും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുക. ഈ പഞ്ചായത്തിലെ, സർക്കാർ വക ഭൂമി തിരികെ ഏറ്റെടുത്ത്, ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് വീതിച്ചു നൽകിയാൽ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു സഹായകരമാകും. പട്ടയം ഇല്ലാത്ത കൃഷി ഭൂമികൾക്ക് പട്ടയം ലഭ്യമാക്കുന്നതിനു ഇതു നടപടിമൂലം ടി ഭൂമിയിലെ കർഷകന് വായ്പാസൗകര്യം ലഭിക്കുകയും തദ്വാര കൃഷി ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം.

16. ശാസ്ത്രീയമായ നൂതന കൃഷി സമ്പ്രദായത്തെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനും, വർദ്ധിച്ചുവരുന്ന രോഗകീട ബാധയ്ക്കെതിരെ സ്വീകരിക്കേണ്ട സസ്യസംരക്ഷണ മാർഗ്ഗങ്ങളെ കുറിച്ച് മനസ്സിലാക്കികൊടുക്കുന്നതിനും കൃഷിഭവൻ, കേരവികസന സമിതി, കുരുമുളകു സംരക്ഷണസമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

17. വാച്ചുമരം കോളനിയിലെ ആദിവാസി കർഷകർക്ക് വിത്തുകളും നടീൽ വസ്തുക്കളും, കാർഷിക ഉപകരണങ്ങളും സൗജന്യമായി നൽകുക. ടി കോളനിയിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തി പെരിങ്ങൽ കുത്ത് റിസർവ്വോയറിൽ നിന്നും വെള്ളം പമ്പുചെയ്യുന്നതിന് പമ്പുഹൗസ് സ്ഥാപിക്കുക.

18. തവളക്കുഴിപ്പാറ കോളനിയിൽ നെൽകൃഷി ചെയ്തിരിക്കുന്ന സ്ഥലത്ത് നെൽകൃഷി പുനർജീവിപ്പിക്കുന്നതിന് അനുയോജ്യമായ വിത്തിനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക. കോളനിക്കു ചുറ്റുമുള്ള നീർച്ചാലുകൾ തടയണ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി ഉണ്ടാക്കുക.

19. അടിച്ചിൽത്തൊട്ടി മുതുവാൻ കോളനിയിൽ 250 ഏക്കറോളം സ്ഥലത്ത് ഒരു പൂ നെൽ കൃഷി ചെയ്തു വരുന്നുണ്ട്. കൃഷി ഭവൻ മുഖേന വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യ നിരക്കിൽ കർഷകർക്ക് ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കി അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. തെങ്ങിൻതൈ വിതരണം അടിച്ചിൽത്തൊട്ടിയിലെ എല്ലാ കുടുബംഗങ്ങൾക്കും പ്രയോജനകരമായ വിധത്തിൽ നടത്തുക. ടി. പ്രദേശത്തെ നീർ ചാലുകൾ തടയണതൾ നിർമ്മിച്ച് ജലം സംഭരിക്കുകയും, ജലവിതരണത്തിന് പമ്പു സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

20. പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്ന തിലേക്ക് എല്ലാ വിളകളും കൃഷിവകുപ്പിൻെറ വിള ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരിക.

21. ഒരു ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്റിങ്ങ് സമിതി രൂപികരിക്കുന്നത് കർഷകർക്ക് ആശ്വാസകരമാകും.

22. ഇവക്കെല്ലാം പുറമേ കൃഷി ഭവൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, കൃഷി ഭവനുമായി ബന്ധപ്പെട്ടുകൊണ്ട് നൂതന കൃഷി സമ്പ്രദായങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുകയും കാർഷികപരിശീലന കേന്ദ്രങ്ങളും ആഗ്രോ ക്ലീനിക്കുകളും സ്ഥാപിക്കുകയും ചെയ്യുകയും ചെയ്യുക.

23. പച്ചക്കറി കൃഷി വ്യാപമാക്കുന്നതിന് പച്ചക്കറി ഗ്രാമം പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

പ്രകൃതി രമണീയത കൊണ്ടും, സംപുഷ്ടമായ വനമേഖലയാലും കേരളത്തിൻെറ വിനോദസഞ്ചാര ഭൂപടത്തിൽ അർഹമായ സ്ഥാനത്താലും അനുഗ്രഹീതമായ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിനെ കേരളത്തിൻെറ കാർഷിക വികസന ഭൂപടത്തിൽ പ്രദമമായ സ്ഥാനത്തെത്തിക്കുവാൻ സഹായകമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഈ വികസന രേഖയിൽ ഉൾകൊളളിച്ചിട്ടുണ്ട്. ക്രിയാത്മകമായ ചർച്ചകൾക്കുശേഷം ഇനിയും ഉളവാകുന്ന നിർദ്ദേശങ്ങൾ ഈ വികസന രേഖ കൂടുതൽ പ്രകാശ പൂരിതമാക്കും എന്നുറപ്പുണ്ട്. കൂട്ടായ പ്രവർത്തനം മാത്രം നാം കൈ മുതലാക്കിയാൽ മതി.

# മൃഗസംരക്ഷണം

അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത് മൃഗസംരക്ഷണ രംഗത്ത് വളരേയേറെ സാദ്ധ്യതകൾ ഉൾകൊള്ളാൻ അനുയോജ്യമായ ഒരു പ്രദേശമാണ്. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ചിടത്തോളം സംസ്ഥാനമൊട്ടാകെ കാണാൻ കഴിയുന്ന ഒരു ന്യൂനത ഈ മേഖല തെല്ലും സ്വയം പര്യപ്തമല്ല എന്നതാണ്. മുട്ടക്കും, മാംസത്തിനും എന്തിനേറെ കാലിതീറ്റക്കുപോലും ഇന്നു നമുക്ക് അയൽ സംസ്ഥാനത്തെ ആശ്രയിക്കേണ്ടിയിരിക്കുന്നു. കുറച്ചുകാലങ്ങൾക്കു മുമ്പ് ഈ മേഖലയിൽ കാര്യമായപുരോഗതി ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. എന്നാൽ തീറ്റപുൽ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും ക്ഷീരോൽപ്പാദകന് ന്യയമായ വില ലഭിക്കുന്നതിലും, അത്യുൽപ്പാദന ശേഷിയുള്ള ജനുസ്സുളുടെ അഭാവവും, ചികിത്സാകേന്ദ്രങ്ങൾ ഇല്ലാത്തതും ഈ മേഖലയിൽ നിന്ന് കർഷകരെ പിൻതിരിപ്പിച്ചു. സംസ്ഥാനമൊട്ടാകെ ഈ മേഖല പുരോഗതിയെ പ്രാപിച്ചപ്പോഴും, അതിരപ്പിള്ളി ഗ്രാമത്തിൽ ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. നെൽകൃഷി ഈ പഞ്ചായത്തിൽ തീരെ ഇല്ലാത്തതിനാൽ വൈക്കോൽ ലഭ്യമല്ല.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട്, എരുമ എന്നിവയാണ്. തെക്ക് ചാലക്കുടി പുഴയുടെ തീരം, പ്ലാൻേറഷൻ കോർപ്പറേഷൻ വകയായതിനാലും, വടക്ക് വന മേഖലയായതിനാലും മുൻകാലങ്ങളേക്കാൾ 1, 2, 3, 4 വാർഡുകളിൽ മേച്ചിൽ സ്ഥലങ്ങൾ കുറവാണ്. വന മേഖലയിൽ വന്യ മൃഗങ്ങളുടെ ശല്യം നിരന്തരം ഉണ്ടായികൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിലെ വളർത്തു മൃഗസംഖ്യയുടെ ഏകദേശ രൂപം താഴെ ചേർക്കുന്നു.

| പശു | | എരുമ | | കാള | |
|---|---|---|---|---|---|
| സങ്കരം | നാടൻ | സങ്കരം | നാടൻ | സങ്കരം | നാടൻ |
| 2638 | — | 61 | 11 | 38 | 36 |

| പോത്ത് | ആട് | കോഴി | താറാവ് |
|---|---|---|---|
| 22 | 722 | 6195 | 56 |

നിരന്തരമായി വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങളും യഥാകാലങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള അസൗകര്യവും ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്ത് പിന്നിലാക്കി. പാലിനും, പാലുൽപ്പന്നങ്ങൾക്കും വിപണന സൗകര്യം ഈ പഞ്ചായത്തിൽ തീരെ ഇല്ലായിരുന്ന അടുത്ത കാലം വരെ. അടുത്തകാലത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തനം ആരംഭിച്ച ക്ഷീരസംഭരണ കേന്ദ്രവും, ഇക്കൊല്ലം തുടങ്ങിയ മിൽമ ക്ഷീര സംഭരണ കേന്ദ്രവവും ആണ് ഈ പഞ്ചായത്തിലെ ക്ഷീരവ്യവസായമേഖലയിൽ കർഷകന് ആശ്വാസകരമായി പ്രവർത്തിക്കുന്നത്. ക്ഷീരോല്പന്നങ്ങളുടെ വിപണനവും, അതിനോടനുബന്ധിച്ച വ്യവസായങ്ങൾക്കും ഈ ടൂറിസ്റ്റ് മേഖലയിൽ സാധ്യതകൾ ഏറെയാണ്. ഒരളവു വരെ ഈ പഞ്ചായത്തിലെ തൊഴലില്ലായ്മ പരിഹരിക്കുന്നതിന് ഇത് സഹായമാകും. ക്ഷീരോൽപ്പാദകന് ഉൽപ്പന്നങ്ങൾക്ക് മാന്യമായ വില ലഭിക്കുന്നില്ല എന്നത് സംസ്ഥാനമൊട്ടാകെയുള്ള ഒരു പ്രതിഭാസമാണെങ്കിലും 1 ലിറ്റർ മിനറൽ വാട്ടറിന് 12 രൂപ വിലക്ക് വിൽക്കപ്പെടുമ്പോൾ 1 ലിറ്റർ പാലിന് കർഷകന് 10 രൂപ പോലും ലഭിക്കുന്നില്ല എന്നുള്ളത് പോരായ്മയാണ്.

മൃഗാശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല എന്നത് മറ്റൊരു പ്രതിബന്ധമാണ്. അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ച്, വെറ്റ്ലേരിയിൽ പ്രവർത്തിച്ചു വരുന്ന മൃഗാശുപത്രിയും, 1990ൽ വെറ്റിലപ്പാറ 15-ൽ ആരംഭിച്ച കൃത്രിമ ബീജസങ്കലന കേന്ദ്രവും ആണ് മൃഗചികിൽസാ രംഗത്ത് ഈ പഞ്ചായത്തിൽ ആശ്വാസമേകുന്നത്. ഇതുകൊണ്ടു തന്നെ മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ നടപ്പാക്കുന്ന മുഴുവൻ പദ്ധതികളുടെയും ഗുണം ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല. തുടക്കത്തിൽ തന്നെ ചികിത്സിച്ചു മാറ്റേണ്ട പല രോഗങ്ങളും (അകിടുവീക്കം, കുളമ്പുദീനം, ഉദരരോഗം മുതലായവ) മൃഗസംരക്ഷണവകുപ്പിൻെറ പ്രവർത്തന ക്ഷമതയില്ലായ്മ മൂലവും, കന്നുകാലി കർഷകർക്ക് ഈ രംഗത്തെ പരിജ്ഞാന കുറവുകൊണ്ടും ചികി

ത്സിച്ചു മാറ്റുന്നതിനു തടസ്സം നിൽക്കുന്നു. വൃത്തിയില്ലാത്ത തൊഴുത്തുകൾ കന്നുകാലികളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

ഗോബർ ഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് കൃഷിഭവൻ മുഖേന സബ്സിഡി ഉണ്ടെങ്കിലും കർഷകർക്ക് ഇതിൽ താല്പര്യം ജനിച്ചിട്ടില്ല.

ഇറച്ചിയുടെ ഉപയോഗത്തിൽ ടൂറിസ്റ്റ് കേന്ദ്രമായ ഈ പഞ്ചായത്ത് മുൻപന്തിയിലാണ്. ആയതിനാൽ, ഇറച്ചിക്കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നീ പദ്ധതികൾക്ക് ഈ പഞ്ചായത്തിൽ വിജയ സാദ്ധ്യതകളേറെയാണ്. ഇറച്ചിക്കോഴികളെ മറ്റുള്ള സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്നാണ് ഇവിടെ വിപണനം നടത്തി കൊണ്ടിരിക്കുന്നത്.

മറ്റുള്ള വളർത്തു മൃഗങ്ങളെ അപേക്ഷിച്ച് ഈ പഞ്ചായത്തിൽ ആടുവളർത്തൽ കൂടുതലായി കാണുന്നു. എങ്കിലും, സങ്കര ഇനങ്ങളിൽപ്പെട്ട ജനുസ്സുകൾ ലഭ്യമല്ലാത്തതിനാൽ ഇത് വിജയകരമാകുന്നില്ല.

ആകെ ഉള്ളവയുടെ എണ്ണവും തമ്മിലുള്ള ഭീമമായ അന്തരത്തിന് കാരണം. താഴെ ചേർക്കുന്ന രേഖകൾ അതാണ് സൂചിപ്പിക്കുന്നത്. കൃത്രിമ ബീജസങ്കലനം നടത്തി നല്ല ഇനം ജനുസ്സുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബിജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 899 | 102 | 21 |
| കിടാരി | 453 | 80 | 28 |
| എരുമ | 81 | 9 | 1 |

മൃഗസംരക്ഷണ വകുപ്പിൻേറയും പഞ്ചായത്തിൻേറയും ആഭിമുഖ്യത്തിൽ പേവിഷബാധയ്ക്കെതിരായ കുത്തിവെയ്പു് നടത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതുണ്ട്. ഈ നടപടികൾ പഞ്ചായത്തിൽ

**വളർത്തു പക്ഷി സംഖ്യ**

| വാർഡ് നമ്പർ | പൂവ്വൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 203 | 174 | 670 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 2 | 277 | 239 | 953 | ,, | ,, | ,, |
| 3 | 272 | 255 | 854 | ,, | ,, | ,, |
| 4 | 310 | 295 | 882 | 16 | 40 | ,, |
| 5 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ,, | ,, | ,, |
| 6 | 78 | 70 | 230 | ,, | ,, | ,, |
| 7 | 41 | 51 | 159 | ,, | ,, | ,, |
| 8 | 31 | 32 | 119 | ,, | ,, | ,, |

പഞ്ചായത്തിൽ ഒരു കൃത്രിമ ബിജസങ്കലന കേന്ദ്രം പ്രവർത്തിക്കുന്നതായി പ്രതിപാദിച്ചുവല്ലോ. ഈ ബിജസങ്കലനകേനദ്രത്തിൻെറ പ്രവർത്തനക്ഷമതാകുറവോ, അല്ലെങ്കിൽ ക്രിത്രിമ ബീജസങ്കലനം നടത്തി നല്ല ഇനം ജനുസ്സുകളെ സൃഷ്ടിക്കുന്നതിൽ കർഷകൻെറ താല്പര്യകുറവോ ആകാം. കൃത്രിമ ബീജസങ്കലനം നടത്തിയ കന്നുകാലികളുടെ എണ്ണവും

നടക്കുന്നില്ല. ഇതുവരെ പേ വിഷബാധയേറ്റ് 40ഓളം പേർക്ക് ചികിത്സയും കുത്തിവെയ്പും നടത്തേണ്ടിവന്നിട്ടുണ്ട്. അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളുടെ എണ്ണം ഇപ്പോൾ 788 ആണ്.

## പ്രധാനപ്രശ്നങ്ങൾ

1. തീറ്റപുൽ വൈക്കോൽ ലഭ്യതകുറവും കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും

656

2. മൃഗചികിത്സാ സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല

3. ക്ഷീര വിപണനം കാര്യക്ഷമമില്ല. അതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്.

4. മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ നടപ്പിലാക്കി വരുന്ന പ്രതിരോധ കുത്തിവെയ്പ് പദ്ധതികൾ പഞ്ചായത്തിൽ വേണ്ടത്ര നടപ്പിലാക്കുന്നില്ല.

5. കാട്ടുമൃഗങ്ങളിൽ നിന്നും, തെരുവുനായ്ക്കളിൽ നിന്നും വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന ശല്യം

6. കാലിവളർത്തൽ, കോഴിവളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് വായ്പാസൗകര്യം ലഭിക്കുന്നതിലുള്ള പ്രയാസം

### സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. തീറ്റപുൽ, വൈക്കോൽ എന്നിവ ലഭിക്കുന്നതിലുള്ള അസൗകര്യം ആണ് ഇന്ന് ഈ പഞ്ചായത്തിലെ ക്ഷീരകർഷകനെ സംബന്ധിച്ച ഏറ്റവും വലിയ പ്രശ്നം. അനമല കൂട്ടുകൃഷി സംഘതതിൻെറ വക തരിശായിക്കിടക്കുന്ന സ്ഥലത്തോ, അല്ലെങ്കിൽ വേറെ ഉചിതമായ സ്ഥലം കണ്ടെത്തി തീറ്റഫുൽ കൃഷി ഉല്പാദന കേന്ദ്രവും അതിനോടനുബന്ധിച്ച് കാലിവളർത്തൽ ഫാമും സ്ഥാപിക്കുക. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലും ഇത്തരം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

2. പഞ്ചായത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പ്രവർത്തനം ഊർജിതമാക്കുക. അതോടൊപ്പം തന്നെ തോട്ടംമേഖലയായ മലക്കപ്പാറയിലും ആധുനിക സൗകര്യങ്ങളുള്ള ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.

3. ക്ഷീരോല്പാദകന് ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് ഇപ്പോഴുള്ള സംവിധാനം വളരെ കുറവാണ്. നിലവിലുള്ള പാൽസംഭരണ കേന്ദ്രങ്ങളുടെ കളക്ഷൻ സെൻററുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഈ പോരായ്മ പരിഹരിക്കാവുന്നതാണ്. അതുപോലെതന്നെ, പാൽ ഉപയോഗിച്ച് നിർമ്മിക്കാവുന്ന പാൽ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി വേണം. ഈ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ മലക്കപ്പാറ പോലുള്ള വളരെ അകലെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളേയും കണക്കിലെടുക്കേണ്ടതാണ്.

4. പശു, ആട്, കോഴി, പന്നി എന്നിവ വളർത്തുന്നതിന് കർഷകന് സാമ്പത്തീകസഹായം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക. വനമേഖലയോടടുത്തു കിടക്കുന്ന പ്രദേശങ്ങളിലെ കാലികൾക്ക് പുലിപോലുള്ള വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം മൂലം ജീവഹാനി സംഭവിക്കുമെന്നതിനാൽ ആ പ്രദേശങ്ങളിലെ കർഷകന് സാമ്പത്തിക വായ്പാസൗകര്യം ലഭ്യമാക്കുന്നതിൽ ബാങ്കുകൾ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല. ഇതു പരിഹരിക്കേണ്ടതാണ്.

5. വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന പേവിഷബാധയ്ക്കെതിരെ പ്രതിരോധകുത്തിവെയ്പും ചികിത്സയും നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

# മത്സ്യബന്ധനം

മത്സ്യബന്ധനത്തിൻെറ കാര്യത്തിൽ പുഴയേയും തോടുകളേയും ആശ്രയിച്ചാണ് ഈ പഞ്ചായത്തിലെ മത്സ്യസമ്പത്ത് നിലനില്ക്കുന്നത്. രണ്ട് ജലവൈദ്യുതപദ്ധതികളുടെ ജലസംഭരണികളും ഇവിടെയുണ്ട്. ഉൾനാടൻ മത്സ്യകൃഷിവികസനത്തിനുള്ള പല പദ്ധതികളും ഗവൺമെൻറിൻെറ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം ചൂഷണം ചെയ്യാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആറ്റുമത്സ്യങ്ങൾക്ക് കടൽ മത്സ്യങ്ങളേക്കാൾ കൂടുതൽ ആവശ്യക്കാരുണ്ടെങ്കിലും മത്സ്യം ലഭ്യമല്ലാത്ത ഒരവസ്ഥയാണിന്ന്. ഒരുകാലത്ത് വിവാഹസദ്യക്കും മറ്റും ചിലവിഭാഗങ്ങൾ പ്രധാന വിഭവമായി ഉപയോഗിച്ചിരുന്ന വാള, വരാൽ, വാക, തൂളി, ചൂര മുതലായ നിരവധി മത്സ്യങ്ങൾ ഇന്ന് വംശനാശ ഭീഷണിയിലാണ്. അതുകൊണ്ടുതന്നെ ഇത്തരം മത്സ്യങ്ങളുടെ സ്ഥാനം ഇന്ന് കടൽ മത്സ്യങ്ങൾ കയ്യടക്കിയിരിക്കുന്നു. നമ്മുടെ ജലാശയങ്ങളിൽ സർവ്വസാധാരണമായി കാണുന്നതും വൻതോതിൽ വംശവർദ്ധനവുണ്ടാകുന്നതും പ്രതികൂലപരിതസ്ഥിതികളെ അതിജീവിക്കാൻ കഴിവുള്ളതുമായ ജനുസ്സുകളെ വേർതിരിച്ചെടുത്ത് കൃത്രിമ പ്രജനനം നടത്തി പരമാവധി ഉൽപ്പാദന വർദ്ധനവുണ്ടാക്കാൻ പരിശ്രമിക്കേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. ആറ്റുകൊഞ്ച്, വാക, വാള, ചൂര മുതലായവക്ക് ആവശ്യക്കാർ ഏറെയാണ്. സ്വാദിഷ്ടമായ ഈ മത്സ്യങ്ങളെ വൻതോതിൽ വളർത്താനുള്ള ഭൗതിക സാഹചര്യങ്ങൾ പലതും നമുക്കുണ്ട്. നിയമവിരുദ്ധ മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം മൂലം വൻതോതിൽ മത്സ്യങ്ങളുടെ ജീവനാശവും മറ്റുപരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ഈരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കത്തക്കവിധം ഒരു കമ്മറ്റി രൂപീകരിച്ച് ഈ രംഗത്ത് പരമാവധി നേട്ടമുണ്ടാക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശം നല്കേണ്ടതുണ്ട്. വീട്ടുപറമ്പിലെ കുളങ്ങളും പൊതു കുളങ്ങളും പഞ്ചായത്തു കിണറുകളും വീട്ടുപറമ്പിലെ കിണറുകളും ടാങ്കുകളും പാറമടകളും മറ്റുജലാശയങ്ങളും എല്ലാം മത്സ്യകൃഷിക്കനുയോജ്യമാണ്. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം, തോട്ടയും നഞ്ചും ഉപയോഗിച്ചുള്ള മീൻപിടുത്തം ഇവയെല്ലാം ഈ രംഗത്തെ ഭീഷണിയാണ്. മത്സ്യത്തിൻെറ പ്രജനനകാലത്ത് മത്സ്യബന്ധനം ഉച്ചകോടിയിലെത്തുന്നു. ഈ സമയത്ത് മത്സ്യപ്രജനനത്തിനും വളർത്തക്കും വേണ്ട സാഹചര്യം മത്സ്യസങ്കേതങ്ങളിൽ ഒരുക്കിക്കൊടുക്കാൻ ഏർപ്പാടുണ്ടാകണം. അലങ്കാര മത്സ്യകൃഷി ടൂറിസവുമായി ബന്ധപ്പെട്ടുനടത്താവുന്ന ഒരു കുടിൽ വ്യവസായമാക്കി മാറ്റാവുന്നതാണ്. പരമാവധി സൗകര്യങ്ങളുപയോഗപ്പെടുത്തി മത്സ്യം വളർത്തുകയും ശാസ്ത്രീയമായി മത്സ്യബന്ധനത്തിൽ പരിശീലനം നല്കി ആ രംഗത്തെ പരമാവധി നഷ്ടങ്ങൾ ഒഴിവാക്കുകയും . വിപണനശൃംഘല ശക്തിപ്പെടുത്തുകയും അധികമുള്ളവ സംസ്ക്കരിച്ചു സൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തും. വില്പനക്കായി കൗണ്ടറുകൾ ഏർപ്പെടുത്തിയും, ചെറുമത്സ്യങ്ങളും പാകപ്പെടുത്താവുന്ന മത്സ്യങ്ങളും പാകപ്പെടുത്തി ടിന്നുകളിലാക്കി വില്പന നടത്താനും സാദ്ധ്യതയുണ്ട്. ടൂറിസം ഹോട്ടൽ വ്യവസായം ഈ പഞ്ചായത്തിൽ ശക്തിപ്പെട്ടുവരുന്നുണ്ട്. മത്സ്യവിഭവങ്ങൾ വൈവിദ്ധ്യമാർന്ന വിഭവങ്ങളാക്കി വില്പന നടത്തുവാൻ കഴിഞ്ഞാൽ മത്സ്യപ്രേമികളെ കൂടുതൽ ആകർഷിക്കാനാവും.

സൈക്കിളിലും മറ്റ് ഇരുചക്രവാഹനങ്ങളിലും കടൽമത്സ്യം വില്പന നടത്തുന്ന പത്തിൽ താഴെ പേരാണ് വിപണന രംഗത്തെ പ്രധാന കണ്ണികൾ. തലച്ചുമടായി ഉണക്ക മത്സ്യം കൊണ്ടുവരുന്ന അല്പം ചിലരുമുണ്ട്. പലചരക്കു കടകളിൽ വ്യാപകമായി ഉണക്കിയ കടൽ മത്സ്യങ്ങൾ വില്ക്കപ്പെടുന്നുണ്ട്.

## പ്രശ്നങ്ങൾ

* ഏറ്റവും വിസ്തൃതമായ ജലാശയങ്ങൾ ജലസംഭരണികളാണ് ഇവിടെ മത്സ്യം വളർത്തുന്നതിന് വനംവകുപ്പോ, വൈദ്യുതി ബോർഡോ ശ്രമം നടത്തുന്നില്ല.
* റിസർവോയറുകളിൽ അനധികൃത മത്സ്യബന്ധനവും വില്പനയും നടക്കുന്നു.
* തോട്ട ഉപയോഗിച്ചുള്ള മത്സ്യബ്നധനം വളരെ ഏറെ മത്സ്യങ്ങളുടെ വംശനാശത്തിനും, മത്സ്യക്കുഞ്ഞുങ്ങളെയും അനാവശ്യമായി കൊന്നൊടുക്കപ്പെടുന്നു.
* നഞ്ച് കലക്കിയുള്ള മത്യബന്ധനത്തിന് മേൽപ്പറഞ്ഞ ദോഷങ്ങൾക്കുപുറമെ ജലം വിഷമയമാക്കിത്തീർക്കുന്നതുമൂലമുള്ള മലിനീകരണത്തിനും ഇടവരുത്തുന്നു.
* മത്സ്യ കൃഷിരംഗത്ത് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെ സഹായത്തോടെ മത്സ്യകൃഷിയും മത്സ്യബന്ധനവും, വിപണനവുമായി ബന്ധപ്പെട്ടവരുടെ സഹകരണസംഘമുണ്ടാക്കി പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ ഈ രംഗത്ത് വൻനേട്ടമുണ്ടാക്കാവുന്നതാണ്.
* പഞ്ചായത്തിലെ രണ്ട് ജലസംഭരണി (പെരിങ്ങൽക്കുത്ത് - ഷോളയാർ) കളിലും മത്സ്യകൃഷി നടത്താൻ വെണ്ട ഏർപ്പാടുണ്ടാകകിയാൽ ഈ പഞ്ചായത്തിൻെറ ആവശ്യം കഴിഞ്ഞ് ധാരാളം മത്സ്യം പുറത്തേക്ക് വില്ക്കാനാവും.
* മത്സ്യ സംസ്ക്കരണത്തിനുള്ള ഒരു ഫാക്ടറി സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും.
* പഞ്ചായത്തിലെ ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ വീട്ടുപറമ്പിലെ കിണറുകളിലും കുളങ്ങളിലും മത്സ്യം വളർത്താവുന്നതാണ്.
* അലങ്കാര മത്സ്യകൃഷി പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിപണന സാദ്ധ്യതയുള്ളതാകയാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാം.
* അശാസ്ത്രീയ മത്സ്യബന്ധനം ഒഴിവാക്കാൻ നടപടികളെടുത്താൽ ഇന്നുള്ളതിനേക്കാൾ എത്രയോ കൂടുതൽ മത്സ്യം പ്രകൃതിദത്തമായിത്തന്നെ ഉൽപ്പാദിപ്പിക്കാനാവും.
* മത്സ്യബന്ധന വിപണന രംഗത്ത് സഹകരണ സംഘമുണ്ടാക്കി ശാസ്ത്രീയമായ മത്സ്യകൃഷി, മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തൽ, മത്സ്യസംസ്ക്കരണം, മത്സ്യത്തീറ്റയുൽപ്പാദനം തുടങ്ങി പല തീരിയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും.
* ഇപ്പോൾ ഈ രംഗത്ത് പിള്ളപ്പാറയിൽ ശ്രീ പി.പി. ജോർജ്ജ് എന്നയാൾ നടത്തുന്ന മത്സ്യക്കുഞ്ഞ് ഉൽപ്പാദനകേനദ്രം ശാസ്ത്രീയമായി പരിശീലനം നല്കി വികസിപ്പിച്ചാൽ പല നേട്ടങ്ങളും കൈവരിക്കാം.
* മത്സ്യബന്ധന ഉപകരണങ്ങളുടേയും അലങ്കാരമത്സ്യം വളർത്തുന്നതിനുള്ള അക്വേറിയങ്ങളുടേയും ഉൽപാദനവിതരണരംഗത്ത് തൊഴിൽ സാദ്ധ്യതകളുണ്ട്.
* പുഴയിൽ വളർത്താവുന്ന കൊഞ്ച്, ചെമ്മീൻ, കക്ക, ചിപ്പി, ഞണ്ട്, തവള എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിച്ചാൽ ധാരാളം വിപണന സാധ്യതയുണ്ട്.
* മത്സ്യവില്പനക്കുള്ള കൗണ്ടറുകൾ ഏർപ്പെടുത്തുകയും, അധികമുള്ളവ സംസ്ക്കരിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ഈ രംഗത്ത് വൻസാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിനുണ്ട്.
* മത്സ്യവില്പനക്ക് തല്പരരായവരെ കണ്ടെത്തി ഇരുചക്രവാഹനങ്ങളും മറ്റ് ഉപകരണങ്ങളും വാങ്ങാനും മുതൽ മുടക്കിനുള്ള സഹായം ചെയ്തുകൊടുക്കാനും തയ്യാറായാൽ തൊഴിൽ സാദ്ധ്യതയുള്ള രംഗമാണ്.

# വ്യവസായം

വ്യവസായികമായി ഏറെ പിന്നോക്കാവസ്ഥ അനുഭിവിക്കുന്ന പഞ്ചായത്താണ് അതിരപ്പിള്ളി. ജന സംഖ്യതിൽ ചെറുന്യൂനപക്ഷം മാത്രമേ വ്യവസായിക മേഖലയിൽ തൊഴിൽ കണ്ടെത്തിയവരായുള്ളൂ. നമ്മുടെ പഞ്ചായത്തിൻെറ സാമ്പത്തിക വിന്നോക്കാവസ്ഥയുടെ മുഖ്യ കാരണവും ഇതു തന്നെയാണ്. കാർഷിക മേഖലയിൽ നിന്നും മറ്റും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യവസായികമായ ഒരു കുതിച്ചുചാട്ടം നമ്മുടെ പഞ്ചായത്തിൽ സംഭവിക്കേണ്ടിയിരിക്കുന്നു.

പ്ലാൻേറഷൻ കോർപ്പറേഷൻെറ നിയന്ത്രണത്തിൽ 500 ഏക്കർ ഭൂമിയിൽ അതിരപ്പിള്ളി പഞ്ചായത്തിൻെറ 1,2,3 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന റബ്ബർ കൃഷിയും അതിനോടനുബന്ധിച്ച വ്യവസായങ്ങളും സംഘടിപ്പിക്കാമായിരുന്നു. എന്നൽ ഈ 500 ഏക്കർ ഭൂമിയിൽ റബ്ബർ റീപ്ലൻറ് ചെയ്യുന്നതിനു പകരം എണ്ണപ്പന കൃഷിയാണ് പ്ലാൻേറഷൻ കോർപ്പറേഷൻ ആരംഭിച്ചിരിക്കുന്നത്. ഇത് ഈ മേഖലയിൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിന് വിഘാതം സൃഷ്ടിക്കും എന്നു മാത്രമേ നിലവിലുള്ള തെഴിലവസരങ്ങൾ പോലും ഒപു പക്ഷേ നഷ്ടപ്പടുത്തിയേക്കാം എന്ന ആശങ്കയിലാണ് ഈ മേഖലയിലെ തൊഴിലാളികൾ. എണ്ണപ്പന കൃഷി മാരകമായ പരിസ്ഥിതി പ്രശ്നത്തിനും കാരണമായേക്കാം എന്നു സംശയിക്കുന്ന വാരുമുണ്ട്.

അതിരപ്പിള്ളി പഞ്ചായത്തിൻെറ 4-ാം വാഡിൽ വെള്ളച്ചാട്ടത്തിൻെറ തൊട്ടുതാഴെയായി 'ബ്ലൂമിൻ അക്വ മിനറൽസ്' എന്ന പേരിൽ ഒരു മിനറൽ വാട്ടർ കമ്പനി പ്രവർത്തിക്കുന്നുണ്ട്. 6 സ്ത്രീകളും, 4 പുരുഷൻമാരും പ്രത്യക്ഷമായി തന്നെ തൊഴിൽ ചെയ്യുന്നുണ്ട്. പരോക്ഷമായി ഈ കമ്പനി എത്രയോപേർക്ക് തൊഴിലും വരുമാനവും നൽകുന്നുണ്ട്. ചാലക്കുടി പുഴയുടെ പ്രഭവസ്ഥാനത്ത് സ്ഥതിചെയ്യുന്ന ഈ പഞ്ചായത്തിൽ മിനറൽ വാട്ടർ വ്യവസായ മേഖലയിൽ ഇനിയും ഏറെ മുന്നോട്ടു പോകുവാൻ കഴിയും. ചാലക്കുടിപുഴ സൗന്ദര്യത്തിൻെറ കാര്യത്തിൽ മാത്രമല്ല പരിശുദ്ധമായ വെള്ളത്തിൻെറ കാര്യത്തിലും സാമ്പന്നയാണെന്നതിനാൽ വ്യവസായത്തിൻെറ ഈ മേഖലയിൽ ആർക്കും കടന്നു വരാവുന്നതാണ്.

അതിരപ്പിള്ളി പഞ്ചായത്തിൻെറ 1-ാം വാർഡിൽ A.C.K. Sons എന്ന പേരിൽ എരു റോക്ക് പ്രോസ്സസിങ്ങ് യൂണിറ്റ് (മെറ്റൽ ക്രഷർ) വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളും പുരിഷൻമാരും അടക്കം ഏകദേശം 25 ഓളം പേർ ഈ ചെറുകിട വ്യവസായ യൂണിറ്റിൽ തൊഴിൽ ചെയ്യുന്നുണ്ട്. അതികഠിനമായി അദ്ധ്വാനിക്കുന്നവരാണ് ഇവർ. തൊഴിൽ ഭാരത്താലും പരിസ്ഥിതി പ്രശ്നങ്ങളാലും ശ്വാസ കോശസംബന്ധമായ പ്രശ്നങ്ങൾ പിടിപെടാൻ സാദ്ധ്യതയുണ്ട്. വളരെ കരുതലോടെ ഈ മേഖലയിൽ ഇനിയും പുതിയ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

അതിരപ്പിള്ളി പഞ്ചായത്തിൻെറ 2-ാം വാർഡിൽ മാത്രം അഞ്ചിലധികം കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. 75 ഓളം തൊഴിലാളികൾ ഈ കരിങ്കൽ ക്വറികളിൽ വിവിധങ്ങളായ തൊഴിലുകളിൽ വ്യാപൃതരാ.യിരാക്കുന്നു. സ്ഥായിയായ നിലനിൽപ്പിന് സാധ്യതയില്ലാത്ത ഒരു വ്യവസായം എന്നതിനാലും പ്രതികൂലമായ സ്ഥിതിവിശേഷങ്ങൾ പലതും സംഭവിക്കാമെന്നതിനാലും ഈവ്യവസായം എത്രമാത്രം മുമ്പോട്ടു കൊണ്ടു പോകാം എന്ന ധാരണ നമുക്കുണ്ടാവേണ്ടയിരിക്കുന്നു.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ തോട്ടം തൊഴിലാഴി മേഖലയാണ് ഈ പഞ്ചായത്തിൻെറ 6,7,8 വാർഡുകൾ ഉൾപ്പെടുന്ന മലക്കപ്പാറ മേഖല. തൊഴിലാളികൾ പഞ്ചായത്തിൻെറ അവികസിതമായ ഈ മഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്. ഇന്ത്യയിലെ തന്നെ വൻകിടക്കാരുടെ ഉടസ്ഥതയിലുള്ള കാപ്പി, ചായ എസ്റ്റേറ്റിൽ പണിയെടുക്കുന്ന ഈ മേഖലയിലെ തൊഴിലാളികൾ അവിശ്വസനീയമായ വിധത്തിൽ ഇപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ട്. അതിരപ്പിള്ളി പഞ്ചായത്തിലെ 6,7,8 വാർഡു

കളിലെ മുഴുവൻ ഭൂമിയും രണ്ടോ മൂന്നോ വൻകിട ക്കാരുടെ ഉടമസ്ഥതയിലുള്ളതാമെണന്നറിയുമ്പോൾ ഈ പ്രദേശത്തിൻെറ ദുസ്സഹമായ സവിശേത ഊഹി ക്കാവുന്നതാണെല്ലോ. പോരാട്ടത്തിൻെറ പുതിയപാഠങ്ങൾ ഈ പ്രദേശത്തെ തൊഴിലാളികൾ ഇനിയും പഠിക്കുകയും വൻകിടക്കാരെ പഠിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നുപറഞ്ഞാൽ മതിയല്ലോ.

**ടൂറിസംവികസനം**

വ്യവസായത്തിൻെറ മേഖലയിലാണെല്ലോ സർക്കാർ ടൂറിസത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിരപ്പിള്ളി പഞ്ചായത്തിൻെറ സമസ്ത പ്രദേശങ്ങളും ടൂറിസത്തിന് അനന്ത സാധ്യകൾ ഉള്ളവയാണ്.

**സാദ്ധ്യതകൾ**

1. അതിരപ്പിള്ളി പഞ്ചായത്തിൻെറ 1-ാം വാർഡിൻെറ തുമ്പൂർമുഴി പ്രദേശം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ പ്രകൃതിപരമായി തന്നെ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൻെറ സഹകരണം ആവശ്യമാണ്.

2. 2-ാം വാർഡിൽ വഞ്ചിക്കടവ് പ്രദേശത്ത് ബോട്ടിങ്ങ് ആരംഭിച്ചാൽ ടൂറിറ്റുകളെ കൂടുതലായി സ്വാധീനിക്കുന്നതിന് കഴിയും. നിരവധി പേർക്ക് ഈ മേഖലയിൽ തെഴിൽ കണ്ടെത്താം.

3. 2-ാം വാർഡിൽ വൈശേരിഭാഗത്ത് മലയുടെ നടുവിൽ സ്ഥിതി ചെയ്യുന്ന വാളറകുന്നത്ത് ചേതോഹരമായ കാഴ്ചയാണെങ്കിലും ഇന്നും ഭൂരിഭാഗം ടൂറിസ്റ്റുകൾക്കും ഈ പ്രദേശം അഞ്ജാതമാണ്. മലമുകളിലേക്കുള്ള വഴിപ്പണി പൂർത്തിയാക്കുകയും പ്രകൃതിയുടെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുകയും ചെയ്യുന്ന വിധത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്താൽ ടൂറിസം വിപുലമായ തോതിൽ ഈ പ്രദേശത്ത് വികസിക്കും.

4. 3-ാം വാർഡിൽ പഞ്ചായത്തുടമയിൽ ലോഡ്ജിംഗ് സൗകര്യം ഉണ്ടക്കണം.

6. അതിരപ്പിള്ളിയുൽ പഞ്ചായത്ത് വകസ്ഥലത്ത് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കണം.

7. അപകടം പതിയിരിക്കുന്ന വാഴച്ചാലിൽ ടൂറിസ്റ്റുകളുടെ ജീവൻ അപായപ്പെടാതിരിക്കുന്നതിന് വേണ്ട മുൻകരുതൽ എന്ന നിലയിൽ ഫോറസ്റ്റ്, പോലിസ് ഉദ്യോഗസ്ഥരുടെ സജീവ സാന്നിദ്ധ്യമുണ്ടാകണം.

8. ഒരു കാലത്ത് നിരവധി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പെരിങ്ങൽകുത്ത്, ഷോളയാർ പ്രദേശങ്ങളിൽ എന്തുകൊണ്ടാണ് ടൂറിസ്റ്റുകൾ കുറഞ്ഞു പോകുന്നത് എന്നു പരിശോധിക്കണം.

9. തമിഴ്നാടിനോടു തൊട്ടുകിടക്കുന്ന മലക്കപ്പാറ പ്രദേശം പഞ്ചായത്തിൻെറ മറ്റെതൊരു പ്രദേശത്തേക്കാളും സുന്ദരമാണ്. ടൂറിസ്റ്റുകൾക്ക് പ്രിയപ്പെട്ട കാലാവസ്ഥയാണ് ഈ പ്രദേശത്തുളളത്. കൊടൈക്കനാലിനോടു സാദൃശ്യമുള്ള ഈ പ്രദേശത്തിന് അർഹമായസ്ഥാനം ലഭിക്കേണ്ടിയിരിക്കുന്നു.

10. ടൂറിസത്തിൻെറ കാര്യത്തിൽ സമ്പന്നമായ അതിരപ്പിള്ളി പ്രദേശത്തിൻെറ ടൂറിസ്റ്റ് മേഖലയെപ്പറ്റി കൃത്യമായ അറിവുള്ള ഈ പഞ്ചായത്തിലെ ചെറുപ്പക്കാരിൽ നിന്നും ഗൈഡുകളെ നിയമിക്കണം.

11. തുമ്പൂർമുഴി പ്രദേശത്ത് ഫോറസ്റ്റ് ഭൂമിയിൽ മാൻ പാർക്ക് ആരംഭിക്കണം.

12. 2-ാം വാർഡിൽ പ്രദേശത്ത് പാർക്കും മൃഗശാലയും ആരംഭിക്കണം.

13. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് സമീപം 'റോപ്പ് വേ' സ്ഥാപിക്കണം.

14. പെരിങ്ങൾ കുത്ത്, ഷോളയാർ തുമ്പൂർമുഴി എന്നീ ഡാമുകളിൽ ബോട്ടു സൗകര്യം

15. തുമ്പൂർമുഴിയിൽ പക്ഷിവളർത്തൽ കേന്ദ്രം.

16. അതിരപ്പിള്ളി പാർക്കിങ്ങ് ഗ്രൌണ്ട് സ്ഥാപിക്കുക

17. അതിരപ്പിള്ളിയിൽ ഗൈഡൻസ് ബ്യൂറോസ്ഥാപിക്കുക.

**അനുകൂലഘടകങ്ങൾ**

വ്യവസായികമായ ധ്രുതഗിതിയിലുള്ള വളർച്ചക്ക് ഇതരപഞ്ചായത്തുകൾക്ക് ഇല്ലാത്ത ചില അനുകൂല ഘടകങ്ങൾ അതിരപ്പിള്ളി പഞ്ചായത്തിനുണ്ട്.

1. ശാരീരികാരോഗ്യമുള്ള തൊഴിൽസേന

2. ഏത് പ്രതിസന്ധികളെയും നേരിടുന്നതിനുള്ള മാന സ്സീക തയ്യാറെടുപ്പ്.

3. ഉപഭോഗ വാസന

4. ഈ പഞ്ചായയത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽ പ്പന്നങ്ങളോട് ഇന്നാട്ടുകാർക്കുള്ള പ്രത്യേക അഭി നിവേശം

5. വ്യവസായിക സ്ഥാപനങ്ങൾക്ക് സുലഭമായ സ്ഥല ലബ്ധി.

6. അസംസ് കൃത പദാർത് ഥങ്ങളുടെ ലഭ്യത

7. വ്യവസായമലീനീകരണം ഒഴിവാക്കുന്നതിനുള്ള സാധ്യതകൾ

8. പരമ്പരാഗത വ്യവസായങ്ങളുടെ സാധ്യതകൾ

9. വന മേഖലയുടെ സാന്നദ്ധ്യം

10. ഗതാഗതസൗകര്യം

11. കുറഞ്ഞ ജനസാന്ദ്രത

12. പരിസ്ഥിതി പ്രശ്നങ്ങൾ കുറവ്

13. ശാന്തമായ തെഴിൽ മേഖല

14. ജലസമ്പത്ത്, വനവിഭവങ്ങൾ

15. ആദിവാസി ഉൽപ്പന്നങ്ങളുടെ അനന്യമായ മേൻമ.

അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി മേഖലയിൽ നിന്നും ലഭിക്കുന്ന പരിശുദ്ധമായ തേൻ ആകർഷകമായ വിധത്തിൽ പരസ്യപ്പെടുത്തി കയ റ്റുമതി ചെയ്യുവാൻ കഴിയും

സംസ്ഥാനത്തെ ജനസാന്ദ്രത കുറഞ്ഞ പഞ്ചാ യത്ത് എന്ന നിലയിൽ തീറ്റപ്പുല്ല് കൃഷി ചെയ്താൽ വ്യവസായിക അടിസ്ഥാനത്തിൽ കന്നുകാലി വളർത്തൽ ആരംഭിക്കുവാൻ കഴിയും.

### വ്യവസായ വികസനത്തിൻെറ പ്രശ്നങ്ങൾ

1. താരതമ്യേന കുറഞ്ഞ സാക്ഷരത

2. സാങ്കേതിക ജ്ഞാനക്കുറവ്

3. പവർ ഷോർട്ടേജ്

4. സാമ്പത്തിക പരാധീനത

5. വ്യവസായ സംരഭകരുടെ അഭാവം

6. വിപണന സാധ്യത കുറവ്

7. വ്യവസായിക മേഖലയെ കുറിച്ചുള്ള വ്യവസായ ങ്ങൾക്ക് തടി മില്ലിൻെറ അഭാവം

8. വ്യവസായിക മേഖലയെ കുറിച്ചുള്ള അജ്ഞാനം

9. കാർഷികമേഖലയോടുള്ള അതിയായ അഭിനിവേ ശം

10. വ്യവസായിക മേഖലയിലെ അപായങ്ങൾ നേരി ടുന്നതിനുള്ള വൈമനസ്യം

11. കുഗ്രാമ കർഷകമനസ്സ്

12. വ്യവസായികമായ ഭാവനാദാരിദ്ര്യം

13. വ്യവസായിക മേഖലയിലെ പുത്തൻ അന്വേഷ ണത്തിൻെറ അഭാവം.

അതിപ്പിള്ളി പഞ്ചായത്തിൻെറ വ്യവസായി കമായ പിന്നോക്കാവസ്ഥ അപരിഹാര്യമായ ഒരു പ്രശ്നമാണെന്ന് കരുതുക വയ്യ. അർപ്പണ ബോധത്തോ ടെയുള്ള ചില പ്രവർത്തികൾകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്.

### പരിഹാരനിർദ്ദേശങ്ങൾ

1. വ്യവസായിക മേഖലയിലേക്ക് കടന്ന് വരുന്നവർക്ക് സാങ്കേതിക ജ്ഞാനം നൽകുക

2. ഊർജ്ജകമ്മി പരിഹരിക്കുന്നതിന് അതിരപ്പിള്ളി പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക

3. ബാങ്കിങ്ങ് സൗകര്യം മെച്ചപ്പെടുത്തുക

4. സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായയുണി റ്റുകൾ ആരംഭിക്കുക

5. കാർഷിക മേഖലയോട് ബന്ധപ്പെട്ട വ്യവസാ യങ്ങൾ തുടങ്ങുക

6. വ്യാവസായിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കുക

7. 2-ാം വാർഡിൽ പഞ്ചായത്ത് എടുക്കാമെന്ന് ആലോചിക്കുന്ന സ്ഥലം വാങ്ങി വാണിജ്യ കേന്ദ്രവും വ്യവസായകേന്ദ്രവും ആരംഭിക്കുക.

9. വ്യവസായി സംരഭങ്ങളിലേക്ക് വനിതകൾ സജീവമായി കടന്ന് വരണം

10. പ്രാദേശിക അസംസ്കൃത പാദാർത്ഥങ്ങൾ മുഴുവൻ വ്യാവസായിക നിർമ്മിത വസ്തുക്കളാക്കി കമ്പോളത്തിൽ എത്തിക്കണം.

### വ്യവസായ വികസനത്തിന് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

1. റോൾഡ് ഗോൾഡ്, ടൈലറിംങ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, സോപ്പ്, മെഴുകുതിരി ചന്ദനത്തിരി, തീപ്പെട്ടി മുതലായ വ്യവസായ സംരഭങ്ങൾ ആരംഭിക്കുക.

2. കാലിത്തീററ ഫാക്ടറി ആരംഭിക്കുക

3. പൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി, എല്ലുപൊടി കമ്പനി ആരംഭിക്കുക

4. വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

7. ജൈവവളം ഉണ്ടാക്കുന്നതിനും പനമ്പ്, കൊട്ട മുതലായവ ഉണ്ടാക്കുന്നതിനും പരിശീലനം നൽകുക

8. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ചെറുകിടവ്യവസായസംരഭങ്ങൾ ആരംഭിക്കുക.

9. വനവിഭവങ്ങൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കുക

10 നാളികേരവികസന ബോർഡിൻെറ കീഴിൽ കൊപ്ര സംഭരണകേന്ദ്രം ആരംഭിക്കുക.

11.ബാംബു കോർപ്പറേഷനുമായി ബന്ധപ്പെട്ട് ബാംബു ഉൽപ്പന്നങ്ങൾകൊണ്ടുള്ള വ്യവസായ സംരംഭം തുടങ്ങുക

12.കാശുമാങ്ങ സംകസ്കരണഫാക്ടറിയും കശുവണ്ടി സംഭരണ കേന്ദ്രവും സ്ഥാപിക്കുക.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് ആശ്വാസമാകുകയും ജനങ്ങളുടെ ജീവിതനിലവാരം ഉയരുകയും ചെയ്യും. സാമൂഹിക സാംകസ്കാരിക മേഖലയിൽ നമുക്ക് ഏറെ മുമ്പോട്ട് പോകുന്നതിന് കഴിയും. വ്യവസായിക മേഖലയിലെ വികസനവും നൂതന സമ്പ്രദായംങ്ങളും ഒരു വികസിത രാജ്യത്തിൻെ അനിവാര്യ സവിശേഷതയാണെന്ന ധാരണയോടെ ഒരു പുത്തൻ വികസന സംസ്കാരത്തന് നമുക്ക് തുടക്കമിടാം.

# ഊർജ്ജം

ഇന്ന് നാം കടന്നുപോവുന്നത് ഇലക്ട്രോണിക് യുഗത്തിലൂടെയാണ്. ഒന്ന് തൊട്ടാൽ മതി വെളിച്ചം, വെള്ളം, പാട്ട്, സിനിമ എന്നുവേണ്ട അരയ്ക്കാൻ, അലക്കാൻ, പറമ്പ് നനയ്ക്കാൻപോലും വിരലൊന്നനക്കിയാൽ മതി. ഇവയുടെ നിയന്ത്രണം എല്ലാംതന്നെ ഊർജ്ജം കയ്യടക്കിയിരിക്കുകയാണ്. ഇന്ന് ഊരജ്ജം നിലച്ചാൽ ജനജീവിതം തന്നെ സ്തംഭിക്കുന്ന അവസ്ഥയാണ് നിലനില്കുന്നത്. എന്തിനധികം ലോകത്തിലെ ഏതുകോണിലേക്കും സമ്പർക്കം പുലർത്താൻപോലും ഇരുന്നിടത്തുനിന്ന് എഴുന്നേൽക്കുകപോലും വേണ്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. ലോകത്തുനടക്കുന്ന ഏതു സംഭവവികാസങ്ങളും നമുക്ക് തൽസമയദൃശ്യമായി കഴിഞ്ഞിരിക്കുകയാണ്. ഇവിടെയാണ് ഊർജ്ജത്തിൻെറ അതിപ്രാധാന്യം നാം കാണുന്നതും മനസ്സിലാക്കുന്നതും.

നമ്മുടെ പഞ്ചായത്തിൽ ഊർജ്ജസ്രോതസ്സ് വളരെ അധികമാണ്. സ്വയം പര്യാപ്തതയിലെക്ക് നാം കടന്നു ചിന്തിക്കേണ്ട അവസരം സമാഗതമായി കഴിഞ്ഞിരിക്കുന്നു. അതിൻെറ മുന്നോടിയായി താഴെ കൊടുത്തിരിക്കുന്ന പ്രശ്നങ്ങളിലേക്കും മാർഗ്ഗനിർദ്ദേശങ്ങളിലേക്കും ഒരു എത്തിനോട്ടം അനിവാര്യമാണ്.

### പ്രശ്നങ്ങൾ:

1. കറണ്ടുല്പാദിപ്പിക്കുന്ന രണ്ട് ജലവൈദ്യുത പദ്ധതികളുള്ള നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി സപ്ലൈ എല്ലായ്പ്പോഴും ലഭ്യമല്ല. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്.

അപ്രഖ്യാതവും പ്രഖ്യാപിതവുമായ കറൻറ് കട്ട് നിലനില്കുന്നു. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലേയ്ക്ക് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്ന് വൈദ്യുതി വിതരണം നടത്തേണ്ട സ്ഥിതി എത്തിയിരിക്കുന്നു.

2. എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ ഇല്ല.

3. വഴി വിളക്കുകൾ എല്ലാ ഭാഗത്തേയ്ക്കും എത്തിയിട്ടില്ല.

4. ഉള്ള വഴിവിളക്കുകൾതന്നെ എല്ലാം കത്തുന്നില്ല. കത്തുന്നവയും കത്താത്തവയും തമ്മിൽ വെളിച്ചത്തിൻെറ കാര്യത്തിൽ വലിയ വ്യത്യാസമില്ല.

5. കൃഷി ആവശ്യത്തിനും വ്യവസായങ്ങൾക്കും വേണ്ടത്ര വൈദ്യുതി ലഭിക്കുന്നില്ല.

6. പാചക ആവശ്യത്തിനായി L.P.G. യൂണിറ്റ് നമ്മുടെ പഞ്ചായത്തിലില്ല.

7. വൈദ്യുതി സ്ഥിതികരണത്തിനാവശ്യമായ വേണ്ട ട്രാൻസ്ഫോമറുകൾ നമ്മുടെ പഞ്ചായത്തിലില്ല.

### പരിഹാര നിർദ്ദേശങ്ങൾ

#### 1. സബ്സ്റ്റേഷൻ

നമ്മുടെ പഞ്ചായത്തിന് തനതായ ഒരു സബ്സ്റ്റേഷൻ ഉണ്ടാകണം. 66 കെ.വി കപ്പാസിറ്റിയുള്ള ഒരു സബ്ബ് സ്റ്റേഷൻ അരൂർമുഴി ഭാഗത്ത് സ്ഥാപിക്കാനുള്ള നടപടി ഉടനടി ആരംഭിക്കണം. ഇതിനാവശ്യമായ സ്ഥലം, സാമ്പത്തികം എന്നീ പ്രശ്നങ്ങൾ നേരിടുന്ന പക്ഷം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തുമായും പ്ലാൻേറഷൻ കോർപ്പറേഷനുമായും K.S.E.B കൂടി ആലോചിച്ച് അവരുമായി സഹകരിച്ച് അവിടെ സബ്ബ് സ്റ്റേഷൻ പണിയണം.

വൈദ്യുതി പവർസ്റ്റേഷൻ ഉള്ള പെരിങ്ങൽകുത്തിൽനിന്ന് വാർഡ് 3,4,5 വാർഡുകളിൽ വൈദ്യുതി വിതരണം നടത്തേണ്ടതാണ്.

3. ഷോളയാർ പവർസ്റ്റേഷനിൽനിന്ന് പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങളായ 6,7,8 വാർഡുകളിലേക്ക് വൈദ്യുതിവിതരണം നടത്തേണ്ടതാണ്.

4. ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ വൈദ്യുതി പദ്ധതികളുടെ സമീപത്തുള്ള ഷോളയാർ, തവളക്കുഴിപാറ, വാച്ചുമരം, പുളിയിലപ്പാറ, അടിച്ചിൽതൊട്ടി, പൊകലപ്പാറ, മുക്കംമ്പുഴ എന്നീ പട്ടികജാതി-പട്ടികവർഗ്ഗകോളനികളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്തിൻെറ I,II,III വാർഡുകളിൽ

വൈദ്യുതി ലഭിക്കാത്ത വീടുകൾക്ക് എത്രയും വേഗം കണക്ഷൻ നൽകേണ്ടതാണ്.

### 6. കുടിൽ ജ്യോതി

ദാരിദ്രരേഖയ്ക്ക് ഏറ്റവും താഴെ നിൽക്കുന്ന വർക്ക് ഒരു വീടിന് ഒരു ലൈറ്റ് എന്ന സൗജന്യപദ്ധതി എത്രയും വേഗം നടപ്പിലാക്കുക. ഇതുവഴി അത്രയും പുതിയ കണക്ഷനുകൾക്ക് ഉടൻ പരിഹാരം കണ്ടെത്തുക.

### 7. വഴിവിളക്ക്

എല്ലാ പ്രദേശത്തേയ്ക്കും വഴിവിളക്കുകൾ സ്ഥാപിക്കുക. എല്ലാ വിളക്കുകളും രാത്രി കത്തുന്നതിന് വേണ്ട നടപടികൾ എടുക്കുക. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ട്യൂബ്ലൈറ്റ് സ്ഥാപിക്കുക.

### 8. സോഡിയം വേപ്പർ ലാംബ്

പഞ്ചായത്തിൻെറ ഏതാനും ചില ഭാഗങ്ങളിൽ വെപ്പർ ലാംബ് സ്ഥാപിക്കേണ്ടതാണ്. അതിരപ്പിള്ളി, കണ്ണൻകുഴി, പിള്ളപ്പാറ, ഹൈസ്കൂൾ പരിസരം, പോസ്റ്റാഫീസ് പരിസരം, അരൂർമുഴി, വൈശ്ശേരി, ചീക്ലായ്, തുമ്പൂർമുഴി, വെട്ടിക്കുഴി, വാഴച്ചാൽ, പെരിങ്ങൽക്കുത്ത്, മലക്കപ്പാറ, VI, VII, VIII വാർഡുകളിലെ പ്രധാനപ്പെട്ട കവലകളിൽ സോഡിയം വെപ്പർ ലാംബ് സ്ഥാപിക്കുവാൻ നടപടി ഉണ്ടാകണം.

9. ടൂറിസ്റ്റ് മേഖലയിൽ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ലാംബുകൾ സ്ഥാപിക്കേണ്ടതാണ്.

10. മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുക

നിലവിലുള്ള മണ്ണെണ്ണ പെർമിറ്റിൻെറ വിഹിതം വർദ്ധിപ്പിക്കുക.

### 11. പുകയില്ലാത്ത അടുപ്പുകൾ

വീടുകളിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് വിറക് ഇന്ധനമായി ഉപയോഗിക്കുന്നവർക്ക് പുകയില്ലാത്ത അടുപ്പുകൾ ലഭ്യമാക്കുക.

### 12. ബയോഗ്യാസ്

ബയോഗ്യാസ് യൂണിറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുക.

### L.P.G കണക്ഷൻ

നമ്മുടെ പഞ്ചായത്തിൽ L.P.G കണക്ഷൻ നിലവിലില്ല. നമ്മുടെ പഞ്ചായത്തിൽ ഗവൺമെൻറ് തലത്തിൽ L.P.G. കണക്ഷൻ ലഭിക്കുവാനുള്ള നടപടി ഉണ്ടാക്കുക.

### 13. സൗരോർജ്ജം

വൈദ്യുതി എത്തിക്കുവാൻ ബുദ്ധിമുട്ടുള്ള വനപ്രദേശങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ വെള്ളവും വെളിച്ചവും ലഭ്യമാക്കുന്നതിന് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി വിതരണം നടത്തുക.

### ഊർജ്ജസ്രോതസ്സുകൾ

പെരിങ്ങൽക്കുത്ത് വലുതകര ജലവൈദ്യുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. നിർദ്ദിഷ്ട അതിരപ്പിള്ളി-ആനക്കയം ജലവൈദ്യുത പദ്ധികൾ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന് ദോഷം വരാത്തരീതിയിൽ എത്രയും പെട്ടെന്നു നിർമ്മാണ പ്രവർത്തൻ ആരംഭിക്കേണ്ടതാണ്.

### മിനി ജലവൈദ്യുത പദ്ധതി

അതിരപ്പിള്ളി പഞ്ചായത്തിൻെറ ആരംഭം മുതൽ അവസാനം വരെയുള്ള 60 k.m നീളത്തിൽ ഒഴുകുന്ന ചാലക്കുടിപുഴയിലും അതിനോടനുബന്ധിച്ചുള്ള തോടുകളിലും മിനി ജലവൈദ്യുത പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ട് നടപ്പിലാക്കുവാൻ സാധിക്കുന്നതാണ്. ആനക്കയം, കുണ്ടൂർമാട്ട്, വാളാർകുത്ത് എന്നീ പ്രദേശങ്ങളിൽ ഈ പദ്ധതികൾ നടപ്പിലാക്കുവാൻ സാദ്ധ്യതകൾ ഏറയാണ്.

തുമ്പൂർ മുഴി മുതൽ അതിരപ്പിള്ളിവരെയുള്ള 20 k.m നീളത്തിൽ റോഡ് പുറംപോക്കിൽ വിറകാവശ്യത്തിന് പാഴ്മരങ്ങൾ സഹകരണാടിസ്ഥാനത്തിൽ വച്ചുപിടിപ്പിക്കുവാൻ നടപടി ഉണ്ടാകണം.

# ഗതാഗതം



റോഡ് മാത്രമാണ് നമ്മുടെ പഞ്ചായത്തിലെ ഏക ഗതാഗതമാർഗ്ഗം. നീണ്ടകാലത്തെ ഗതാഗത പാരമ്പര്യചരിത്രമുള്ള ഏകറോഡാണ് ഇന്ന് ആനമല റോഡ് എന്നറിയപ്പെടുന്ന വാൽപ്പാറ-കൊച്ചിൻ റോഡ്. ഈ പഞ്ചായത്തിൽ ആദ്യമായി ഒരു ബസ്സ് ഗതാഗതം A.B.T കമ്പനി ആരംഭിച്ചത് ഈ റോഡിലൂടെയാണ്. ആദ്യകാലത്ത് കൽക്കരി ഇന്ധനമാക്കിയാണ് A.B.T ബസ്സുകൾ ഓടിയിരുന്നത്. ററ്റാ ടീ കമ്പനിക്ക് കൊച്ചിയിലേക്ക് തേയില കൊണ്ടുപോകുന്നതിന് വേണ്ടിയാണ് ഈ റോഡ് ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചത്. 88k.m നീളമുള്ള ഈ റോഡിൻെറ 74 k.m നീളവും നമ്മുടെ പഞ്ചായത്തിലുടെയാണ് കടന്നു പോവുന്നത് നിരവധി സ്വകാര്യ ബസ്സുകൾ ഈ റോഡുകളിലൂടെ ഓടുന്നുണ്ട്. തമിഴ്നാട് കേരളവുമായി ബന്ധിപ്പിച്ചുകൊണ്ട് ഒരു ചേരൻ ബസ്സും ഓടുന്നുണ്ട്. ഒരു K.S.R.T.C ബസ്സുമാത്രമേ മലക്കപ്പാറവരെ ഓടുന്നുള്ളൂ. രണ്ടു സ്വകാര്യ ബസ്സുകൾ തമിഴ്നാടുമായി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്. അഞ്ചു കി. മീറ്റർ നീളത്തിലുള്ള വെട്ടിക്കുഴി ചായ്പൻകുഴി എം.എൽ.എ റോഡിൽകൂടിയും ബസ്സ് ഗതാഗതം ഇപ്പോൾ നിലവിലുണ്ട്. മേൽപ്പറഞ്ഞ രണ്ടു റോഡുകൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ P.W.Dയ്ക്കുള്ളൂ. മറ്റുള്ള 69 കി. മീറ്റർ റോഡ് പഞ്ചായത്തിൻേറതായിട്ടുണ്ട്. ഇതിൽ 22 k.m മെറ്റൽ റോഡും 11k.m ടാറിംഗ് റോഡും 34 k.m മൺ റോഡുമാണ്.

3 k.mനീളം വരുന്ന ആനമല-കോട്ടാല റോഡ് മദ്ധ്യഭാഗത്തായി 500 M നീളത്തിലുള്ള റോഡ് ആനമല സൊസൈറ്റിയുടേതെന്ന വാദഗതി ഉന്നയിച്ച് കഴിഞ്ഞ് പഞ്ചായത്ത് ഭരണസമിതിയുടെ കാലത്ത് റോഡുപണി ആരംഭിച്ചപ്പോൾ പഞ്ചായത്തിൻെറയും പ്രസിഡണ്ടിൻെറയും പേരിൽ ഹൈക്കോടതിയിലും ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിലും ആനമല സൊസൈറ്റി നൽകിയ കേസിൻെറ അടിസ്ഥാനത്തിൽ പണി നിർത്തിവച്ചിരിക്കുകയാണ്. ഈ റോഡിൻെറ തർക്കമുള്ള ഭാഗം റോഡിനു വേണ്ടി സർക്കാർ ഇടപെട്ട് വിട്ടുതരേണ്ടതും ഈ റോഡിൻെറ പണിയും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. ആനമല കൂട്ടുകൃഷി സ്ഥലത്തുകൂടി പോവുന്ന പഞ്ചായത്ത് റോഡുകളുടെ വികസനത്തിന്നാവശ്യമായ സ്ഥലം ആനമലസൊസൈറ്റിയിൽനിന്ന് പഞ്ചായത്തിന് കിട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
2. P.W.D. റോഡുകളായ M.L.A റോഡും ആനമല റോഡുകളും റീ ടാറിംഗ് ചെയ്യേണ്ടതാണ്. റോഡിൻെറ വശങ്ങളിൽ ഉടനീളം രണ്ടടി വീതിയിലുള്ള കാനകൾ നിർമ്മിച്ച് വെള്ളച്ചാലുകൾ ഉണ്ടാകേണ്ടതാണ്.
3. കയ്യേറപ്പെട്ട ചാലക്കുടി ആനമല റോഡിൻെറ പുറംപോക്കിൽനിന്ന് പഞ്ചായത്ത് കുടിയൊഴിപ്പിച്ച സ്ഥലവും അതിലെ വൃക്ഷങ്ങളും P.W.D ഏറ്റെടുക്കുകയും പുതിയ കയ്യേറ്റങ്ങൾ ഒഴിവാക്കുകയും ചെയ്യേണ്ടതുമാകുന്നു.
4. സ്വകാര്യ വ്യക്തികൾ റോഡുസൈഡിൽ സ്ഥിര സ്വഭാവത്തിൽ നടത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഒഴിവാക്കേണ്ടതാണ്.
5. റോഡിൻെറ ടാർ മെറ്റലിനോട് ചേർന്നുള്ള ടെലഫോൺ ഇലക്ട്രിക് പോസ്റ്ററുകൾ റോഡിൽ നിന്ന് 6 അടി അകലത്തിൽ സ്ഥാപിക്കേണ്ടതാണ്.
6. ചാലക്കുടിയിൽനിന്ന് മലക്കപ്പാറയ്ക്ക് ഒരു K.S.R.T.C ബസ്സ്കൂടി ആരംഭിക്കേണ്ടതാണ്. അങ്കമാലിയിൽനിന്ന് ചായ്പ്പൻകുഴി വൈശ്ശേരി വഴി പുളിയിലപ്പാറ ഹാൾട്ട് ചെയ്യുന്ന ബസ്സ് ഉടനടി സർവ്വീസ് തുടങ്ങേണ്ടതാണ്.

7. അതിരപ്പിള്ളിയിൽ ഒരു ബസ്സ് സ്റ്റാൻറും പെട്രോൾ ബാങ്ക് അനുവദിക്കേണ്ടതാണ്.

8. ബസ്സുകളുടെ മത്സരയോട്ടം കർശനമായി നിയന്ത്രിക്കേണ്ടതാണ്.

9. തൃശ്ശൂരിൽ നിന്ന് വെറ്റിലപ്പാറ ഹൈസ്ക്കൂൾ സമയത്തിന് ഒരു K.S.R.T.C ബസ്സ് ഓടേണ്ടതാണ്.

**പാലങ്ങൾ**

പ്രധാനപ്പെട്ട അഞ്ചുപാലങ്ങളും മറ്റനേകം ചെറുപാലങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ പലതും വീതികൂട്ടി പുതുക്കി പണിയേണ്ടതാകുന്നു. അഞ്ചാം വാർഡിൽ വാച്ചുമരത്ത് ആനമല റോഡിലുണ്ടായിരുന്ന ഒരു പാലം K.S.E.B ഓഗ്മെൻേറഷൻ വർക്ക് നടത്തിയപ്പോൾ താറുമാറായത് എത്രയും വേഗം K.S.E.B വീതികൂട്ടി പുതുക്കി പണി തീർത്ത് തരേണ്ടതാണ്.

**പുതിയതായി പണിയേണ്ട പാലങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

ആനമല റോഡിൽ അരൂർമൂഴിയിൽ ചാലക്കുടി പുഴയിലേയ്ക്ക് കുറുകെ അയ്യമ്പുഴ പഞ്ചായത്തിനേയും അതിരപ്പിള്ളി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ഒരു പാലം ഉടനടി P.W.D. നിർമ്മിക്കേണ്ടതാണ്.

ഒന്നാം വാർഡിലെ കുറ്റികാടൻ റോഡിലുള്ള രണ്ടുപാലവും കോട്ടാമല റോഡിലുള്ള ഒരു പാലവും ബ്ലാച്ചിതോട്ടിലൊരു പാലവും കുതിരമൂക്കൻ തോട്ടിൽ ഒരു പാലവും അരൂർമുഴി വരടക്കയം ഭാഗത്ത് ഒരു പാലവും നിർമ്മിക്കേണ്ടതാണ്. മൂന്നാം വാർഡിലെ കോളനി സെൻറർ റോഡിൽ കോയിക്കര റോഡിൻെറ പരിസരത്തും ചൂണ്ടാൻ തോടിനു കുറുകേയും പിള്ളപ്പാറ തോടിനു കുറുകേയും ഓരോ പാലങ്ങൾ ജില്ലാ പഞ്ചായത്ത് മുഖേന പണിതീർത്ത് തരേണ്ടതാണ്. വാച്ചുമരം കോളനിയിൽ ക്രോസ് ബാർ കം ബ്രിഡ്ജ് സ്ഥാപിക്കേണ്ടതാണ്. എല്ലാ നാലുസെൻറ് കോളനികളിലും ലക്ഷം വീട് കോളനികളിലേയും റോഡുകൾ ടാറ് ചെയ്യേണ്ടതാണ്.

അൺ-ടൈഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ റീ-ട്ടാറ് ചെയ്യേണ്ടതാണ്.

25 വർഷങ്ങൾക്ക് മുൻപ് ഈ പഞ്ചായത്തിലൂടെ ചാലക്കുടി പൊള്ളാച്ചി മലയോര റയിൽവേ പാതയ്ക്ക് വേണ്ട സർവ്വേ നടത്തിയതായി ചരിത്രം സൂചിപ്പിക്കുന്നു. മേൽപറഞ്ഞ റയിൽവേ പാതയുടെ നിർമ്മാണ പ്രവർത്തനം ഉടനെ പൂർത്തീകരിച്ചു ഗതാഗതം ആരംഭിക്കണം.

# ആരോഗ്യം

1955 ന് ശേഷമാണ് ആരോഗ്യരംഗത്ത് ഈ പ്രദേശത്ത് ഒരു ആയുർവ്വേദാശുപത്രി നിലവിൽവ ന്നത്. 1977ൽ ഈ പഞ്ചായത്ത് രൂപീകൃതമായതിന് മുൻപും തുടർന്നും മിക്ക ആദിവാസി കോളനി കളിലും ഒറ്റപ്പെട്ട മറ്റു ചില സ്ഥലങ്ങളിലും രോഗം വന്നാൽ മന്ത്രോച്ചാരണവുമായി കഴിഞ്ഞു കൂടുകയാ യിരുന്നു പതിവ്.

ചില ആദിവാസി കോളനികളിൽ മുറിവുണങ്ങു ന്നതിനും മറ്റ് ചില പ്?റധാന അസുഖങ്ങൾക്കും കാട്ടിൽ നിന്നും പച്ചില മരുന്നുകൾ ഉപയോഗി ക്കുയാണ് പതിവ്.

ഇന്ന് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും മല ക്കപ്പാറയിലെ തേയിലതോട്ടം മേഖലയിലെ സ്വകാര്യ ആശുപത്രിയും, ആയുർവേദാശുപത്രിയടക്കം മൂന്ന് സ്ഥാപനങ്ങൾ മാത്രമാണ് ഉള്ളത്.

കൂടാതെ ആദിവാസി കോളനികളിൽ മാത്രം ഒരു മൊബയിൽ ഡിസ്പൻസറി സർക്കർ തലത്തിൽ മാസത്തിൽ ഒരിക്കൽ വരാറുണ്ട്. അവാർഡ് എന്ന സന്നദ്ധസംഘടനയുടെ ഒരു മൊബയിൽ യൂണിറ്റും ചില പ്രദേശങ്ങളിൽ എത്തിവരുന്നുണ്ട്. ഇത്തരം കാരണം കൊണ്ട് ഈ പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല.

വിദഗ്ദമായ ചികിത്സ ലഭിക്കണമെങ്കിൽ 88 കി.മീറ്റർ സഞ്ചരിച്ചിട്ട് വേണം ഒരാശുപത്രിയിൽ എത്തിച്ചേരുവാൻ. ഇതുമൂലം ആരോഗ്യരംഗത്ത് നമുക്ക് മുന്നേറുവാൻ കഴിയാത്തത്. 1995-96 വർ ഷത്തിൽ ജനസംഖ്യയുടെ 25% ജനങ്ങൾക്ക് ത്വക്ക് രോഗം പിടിപ്പെട്ടിട്ടുണ്ട്. ചെറുതും വലുതുമായ വാത രോഗങ്ങൾ 50% പേർക്കുണ്ട്. 10% പേർ പകർച്ച വ്യാധിയ്ക്ക് അടിമപ്പെട്ടിട്ടുണ്ട്. വയറു സംബന്ധമായ അസുഖമുള്ളവർ 10 ശതമാനത്തോളം വരും. 1995-96 വർഷം ജനനനിരക്ക് 162 ഉം മരണനിരക്ക് 65 ഉം ആണ്. ക്യാൻസർ രോഗം ബാധിച്ചവർ ഒരു വർഷത്തിനുള്ളിൽ 15ഓളം പേരിൽ കൂടുതലാണ്.

പഞ്ചായത്തിലെ ശരാശരി കുടുംബ വലിപ്പം 5 ആണ്. കിടത്തി ചികിൽസിക്കാവുന്ന ആശുപത്രി ആ പഞ്ചായത്തിലില്ല. അന്തരീക്ഷ മലിനീകരണമില്ലാത്ത ഈ പഞ്ചായത്തിൽ പഞ്ചായത്തിലെ ഗ്രാമസഭാ നിർ ദ്ദേശങ്ങളും മറ്റു വിദഗ്ധനിർദ്ദേശങ്ങളും ക്രോഡീകരിച്ചു കൊണ്ട് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കി ആരോഗ്യപൂർണ്ണമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കു കയാണ് നമ്മുടെ ലക്ഷ്യം.

### സ്ഥാപനങ്ങളും സേവനങ്ങളും

അതിരപ്പിള്ളി പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ സ്ഥാപനങ്ങൾ

പ്രാഥമിക ആരോഗ്യകേന്ദ്രം-1

ആയ്യുർവ്വേദ ആശുപത്രി-1

മലക്കപ്പാറ സ്വകാര്യ ആശുപത്രി-1

പരിസരശുചീകരണം.

പരിസരമലിനീകരണം ഏറെയില്ലാത്ത ഒരു പ്രദേശമാണ് അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്. ഇങ്ങ നെയാണെങ്കിലും വർദ്ധിച്ചുവരുന്ന വിനോദസഞ്ചാരി കളുടെ പ്രവർത്തനങ്ങൾ. അനധികൃതമായ രീതി കളിൽ 'തോട്ട', 'നഞ്ച്' എന്നീ മാർഗ്ഗങ്ങൾ ഉപയോ ഗിച്ചുള്ള മീൻപിടുത്തം എന്നിവ ചാലക്കുടിപ്പുഴയെ മലിനീകരിക്കുന്നുണ്ട്.

കിഴക്കൻ മേഖലയിൽ താമസിക്കുന്നവർക്ക് ശുചിത്വത്തിൻെറ കാര്യത്തിലുള്ള അറിവില്ലായ്മ പല തരം പകർച്ച വ്യാധികൾക്ക് കാരണമാക്കുന്നു. പഞ്ചാ യത്തിലെ 4 മുതൽ 8 വരെയുള്ള വാർഡുകളിൽ കാണപ്പെടുന്ന പ്രധാന രോഗങ്ങളാണ് ത്വക്ക്രോഗം, വയറിളക്കം, പനി, വിളർച്ച, വിരശല്യം തുടങ്ങിയവ. അട്ടപ്പുഴുവിൻെറ രക്തപാനം വിളർച്ചയ്ക്കുള്ള പ്രധാന കാരണമാണ്.

പഞ്ചായത്തിൽ വില്പനയ്ക്കെത്തുന്ന മൽസ്യ-മാംസങ്ങളിൽ രാസവസ്തുക്കൾ ചേർക്കപ്പെടു ന്നതിനാൽ പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം വസ്തുക്കളിൽ ആരാഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുടെ പരിശോധനയില്ലാതെയാണ് വിപണനം നടക്കുന്നത്.

പഞ്ചായത്തിൽ നിലവിലുള്ള 2586 വീടുകളിൽ 1348 വീടുകളിൽ മാത്രമേ കക്കൂസുകൾ സ്ഥാപിച്ചി ട്ടുള്ളൂ. എല്ലാ വീടുകളിലും കക്കൂസ് സ്ഥാപിച്ചുവെന്ന്

ഉറപ്പുവരുത്താതെ ശുചിത്വകാര്യത്തിൽ ഒരു മുന്നേറ്റം നടത്താൻ സാധ്യമല്ല.

ഇത്തരത്തിലുള്ള ഭൗതിക സാഹചര്യങ്ങളെ ക്കുറിച്ചുള്ള ബോധമുൾക്കൊണ്ടുകൊണ്ട് ഇവയ്ക്ക് പരിഹാരമെന്നോണം ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹരിജൻ ഗിരിജൻ കോളനികളിൽ എല്ലാ കുടുംബ ങ്ങളിലും കക്കൂസുകൾ സ്ഥാപിക്കുക.

2. ആരോഗ്യവൽക്കരണ യൂണിറ്റിൻെറ പ്രവർത്തനം വിപുലമാക്കുകയും വ്യക്തിശുചിത്വം, പരിസര ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചാക്ലാസ്സ്, ഫീൽഡ് പബ്ലിസിറ്റി പ്രദർശനങ്ങൾ എന്നിവ നട ത്തുക. ഇതിനായി സന്നദ്ധസംഘടനകളെയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെയും പ്രയോജന പ്പെടുത്തുക.

3. പുഴമലിനീകരണം തടയുന്നതിന് പോലീസ്, ഫോറസ്റ്റ് വകുപ്പുകളടെ പ്രവർത്തനം കാര്യക്ഷമ മാക്കുക.

4. വിനോദ സഞ്ചാര മേഖലകളിൽ ഉൾപ്പെടെ പ്രധാന അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പഞ്ചായത്തിൽ വിപണനം നടക്കുന്ന ഭക്ഷ്യവ സ്തുക്കളിൽ ആരോഗ്യവകുപ്പിൻെറ പരിശോധന നിർ ബന്ധമാക്കുക. ആരോഗ്യപരിപാലന നിയമങ്ങൾ കർ ശനമായി പാലിക്കുന്നെന്ന് ഉറപ്പുവരുത്തുക.

6. മൊബൈൽ ഡിസ്പൻസറി 'ഒരു ദിവസത്തിൽ ഒരു കോളനി' എന്ന നിലയിൽ പ്രാവർത്തികമാക്കണം.

7. P.H സെൻററിന് സ്വന്തമായി വാഹനവും വാർത്താ വിനിമയ സംവിധാനവും ലഭ്യമാക്കണം.

8. പ്രഥമികാരോഗ്യകേന്ദ്രം കിടത്തി ചികിൽസിക്കുന്ന ആശുപത്രിയായി ഉയർത്തുകയും മുഴുവൻ സമയവും ഡോക്ടറുടെ സേവനം ഉറപ്പാക്കുകയും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുകയും വേണം.

9. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും രക്തഗ്രൂപ്പ്, മുൻ ചികിത്സകളെ സംബന്ധിച്ച വിവരങ്ങൾ എന്നിവ അതിൽ ഉൾപ്പെടുത്തുകയും ചെയ്യുക.

10. പുകവലി, മദ്യപാനം എന്നിവ പ്രചരണ ബോധ വൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രിക്കുക.

11. രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വം ജനങ്ങളെ ബോധവൽക്കരിക്കുകയും ജനങ്ങളെ ഈ കാര്യങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.

12. 4 സെൻറ് കോളനികളിൽ പൊതുകക്കൂസുകൾ സ്ഥാപിക്കുക.

13. നിലവിലുള്ള ആയുർവ്വേദാശുപത്രി കിടത്തി ചികി ത്സിക്കാവുന്ന രീതിയിൽ ഉയർത്തുക.

14. പുതുതായി ഹോമിയോ ചികിത്സാസംവി ധാനവും വിഷ ചികിത്സാകേന്ദ്രവും ആരംഭി ക്കുക.

15. 3317-ാം നമ്പർ എക്സ്-സർവ്വീസ്മെൻ കോളനി സൗജന്യമായി നല്കിയിട്ടുള്ള 2 ഏക്കർ സ്ഥലത്ത് കിടത്തി ചികിത്സിക്കാവുന്ന ആശുപത്രി യോടൊപ്പം ഡോക്ടർമാർക്ക് താമസിക്കുന്ന തിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുകയും വേണം.

16. വാച്ചുമരം ആദിവാസികോളനിയിൽ ആശുപത്രി സൗകര്യം ഏർപ്പെടുത്തുക.

17. നിലവിലുള്ള മൊബൈൽ ക്ലിനിക്കിൻെറ പ്രവർത്തനം പിള്ളപ്പാറ ഗിരിജൻ കോളനി, മുക്ക മ്പുഴ കോളനി, പണ്ടാരൻപാറ, കണ്ണൻകുഴി, തവ ളക്കുഴിപ്പാറ, അമ്പലപ്പാറ, അടിച്ചിൽതൊട്ടി തുട ങ്ങിയ കോളനികളിലേയ്ക്കും വ്യാപിപ്പിക്കുക.

18. പഞ്ചായത്തിൽ നിലവിലുള്ള വാട്ടർ ടാങ്കുകൾ തുടർച്ചയായി കഴുകി വൃത്തിയാക്കുക.

19. മലക്കപ്പാറ പ്രദേശത്ത് അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആശുപത്രി സ്ഥാപിക്കുകയും ആമ്പു ലൻസ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

20. പഞ്ചായത്തിലെ തെരുവുകൾ വൃത്തിയാക്കു ന്നതിന് ജീവനക്കാരെ നിയമിക്കുക.

21. സ്ക്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണം പോലെ പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് പോഷകാ ഹാരങ്ങൾ നല്കുന്നതിന് നടപടി സ്വീകരിക്കുക.

22. പഞ്ചായത്തിൽ നിലവിലുള്ള 10 അംഗൻവാടികളിൽ കക്കൂസ് നിർമ്മിക്കുക. അംഗൻവാടികളുടെ ചുറ്റും മതിൽകെട്ടി സംരക്ഷിക്കുകയും കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചയ്ക്കാവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുക.

23. മൂന്നാം വാർഡിൽ തന്നെ 4 സെൻറ് കോളനികളിൽ മൂന്നെണ്ണം ഉണ്ട്. പരിമിതമായ ചുറ്റുപാടുകളോടുകൂടിയ ധാരാളം പാവപ്പെട്ട കുടുംബങ്ങളും ഈ വാർഡിൽ തിങ്ങി പാർക്കുന്നുണ്ട്. പരിസരശുചീകരണത്തിൻെറ ഭാഗമായി കക്കൂസ് നിർമ്മിക്കുന്നതിൻെറ ആവശ്യകതപോലെ തന്നെ ഒരു പൊതു ശ്മശാനവും ഈ വാർഡിൽ അത്യാവശ്യമാണ്.

24. വെറ്റിലപ്പാറ ഗവ: ഹയർ സെക്കൻററി സ്ക്കൂളിൽ നിലവിലുള്ള വാട്ടർ ടാങ്ക് മാസത്തിൽ രണ്ട് തവണ എന്ന തോതിലെങ്കിലും വൃത്തിയാക്കുവാനും ചപ്പുചവറുകളും മറ്റ് മാലിന്യങ്ങളും വീഴാത്തവിധം നെറ്റ് ഇട്ട് സൂക്ഷിക്കുവാനുള്ള നടപടി ഉണ്ടാകണം.

25. മലിനജലം കെട്ടി കിടക്കുന്ന പ്രദേശങ്ങളിൽ, കൊതുകുനാശിനി പ്രയോഗം നടപ്പിലാക്കി പരിസരം വൃത്തിയാക്കുക.

വെറ്റിലപ്പാറ ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിലും പരിസരത്തും സ്ഥിരമായി ഒരു തരം കറുത്ത പ്രാണി (എരുമമൂട്ട) കൂട്ടത്തോടെ പറന്ന് നടക്കുകയും സദാ കെട്ടിടത്തിൽ നിന്ന് കൊഴിഞ്ഞു വീണ് രോഗികൾക്ക് ശല്ല്യമുണ്ടാക്കുകയും ചെയ്യുന്നു. ഈ പ്രാണി ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് ഏറെ കാലമായി തടസ്സം നിൽക്കുന്നു. ഈ പഞ്ചായത്തിൽ, വർഷക്കാലമാരംഭിക്കുമ്പോൾ ഒട്ടുമിക്ക വീടുകളിലും ഈ പ്രാണികൂട്ടത്തോടെ പറന്ന് പറന്ന് ശല്ല്യമുണ്ടാക്കാറുണ്ട്. ആവശ്യമായ പ്രതിരോധനടപടി സ്വീകരിച്ച് പഞ്ചായത്തിൽ നിന്ന് തന്നെ പ്രാണിയേ ഇല്ലാതാക്കണം.

അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കണക്കിലെടുത്ത് അന്തരീക്ഷമലിനീകരണം തികച്ചും തടസ്സമായി നിൽക്കാത്ത ഈ സാഹചര്യത്തിൽ ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കി വൃത്തിയുള്ള ഗ്രാമം ആരോഗ്യമുള്ള ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്ക് കഴിയണം. വരുന്ന നാളുകൾ അതിനുള്ളതാക്കട്ടെ.

# പാർപ്പിടം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ താരതമ്യേന വിസ്തൃതിയിലും കുറഞ്ഞ ജനസാന്ദ്രതയിലും ഉള്ള ഒന്നാണ് അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്. സാമ്പത്തികമായും സാമൂഹികമായും പിന്നിൽ നില്ക്കുന്നതും ആദിവാസികൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങൾ അധിവസിക്കുന്നതുമായ ഈ പഞ്ചായത്തിൽ പാർപ്പിട പ്രശ്നം പ്രധാമപ്പെട്ട ഒന്നായി അവശേഷിക്കുന്നു. രണ്ടായിരാമാണ്ടോടെ മനുഷ്യന്റെ അടിസ്ഥാനസൗകര്യങ്ങളിലൊന്നായ പാർപ്പിടം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കൊപ്പം സന്നദ്ധ സംഘടനകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

അതിരപ്പിള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആ ലക്ഷ്യം നേടുന്നതിനായി ഇനിയും ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ പാർപ്പിട സൗകര്യങ്ങൾ ചുവടെ കാണും വിധം സംഗ്രഹിക്കാം.

| വാർഡ് നമ്പർ | ഓല | ഓട് | ടെറസ്സ് | ബഹുനില കെട്ടിടങ്ങൾ | ആകെ |
|---|---|---|---|---|---|
| 1 | 63 | 206 | 42 | 3 | 314 |
| 2 | 72 | 231 | 57 | 6 | 366 |
| 3 | 78 | 304 | 12 | ഇല്ല | 394 |
| 4 | 47 | 319 | 3 | ഇല്ല | 369 |
| 5 | 26 | 69 | ഇല്ല | ഇല്ല | 95 |
| 6 | 65 | 342 | ഇല്ല | ഇല്ല | 407 |
| 7 | 28 | 265 | ഇല്ല | ഇല്ല | 293 |
| 8 | 24 | 324 | ഇല്ല | ഇല്ല | 348 |
| ആകെ | 403 | 2060 | 114 | 9 | 2586 |

അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വീടുകളില്ലാത്ത എല്ലാവർക്കും 9-ാം പദ്ധതിയിൽ തന്നെ വീടുകൾ ലഭ്യമാകുമെന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം.

കരിങ്കല്ല് ഒഴികെ കെട്ടിട നിർമ്മാണത്തിനാവശ്യമായ മുഴുവൻ വസ്തുക്കളും ഈ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഇതിന്റെ ഗതാഗത ചെലവ് ഏറെയാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗങ്ങളിൽ ഉൾപ്പെടെയുള്ളവരുടെ പാർപ്പിട പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു.

പഞ്ചായത്തിൽ ഇതുവരെയായി ജവഹർ റോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, നലമ എന്നീ പദ്ധതികളിലൂടെ നിരവധി വീടുകൾക്ക് സഹായം ലഭ്യമായിട്ടുണ്ട്. കൂടുതൽ കുടുംബങ്ങളെ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കണം.

ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. ഒന്നാം വാർഡിൽ നല്കിയിരിക്കുന്ന 4 സെൻറ് കോളനിയിൽ പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തണം.
2. 2-ാം വാർഡിൽ വഞ്ചിക്കടവ് ഭാഗത്തുള്ള ലക്ഷം വീട് കോളനിയിൽ പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.
3. 3-ാം വാർഡിൽ 15/2, പാള്ളിപ്പാറ, 15/5 എന്നിവിടങ്ങളിലെ 4 സെൻറ് കോളനികളിൽ പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.
4. സ്വന്തമായി സ്ഥലമില്ലാത്ത മുഴുവൻ പഞ്ചായത്ത് നിവാസികൾക്കും 4 സെൻറ് ഭൂമി വിതരണം ചെയ്ത് പാർപ്പിട പ്രശ്നം പരിഹരിക്കുക. ഇതിനായി സർക്കാർ പഞ്ചായത്തിന് ഭൂമിയെടുത്തു നല്കുക.
5. പട്ടികവർഗ്ഗക്കാരായ എല്ലാവർക്കും പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.
6. ആദിവാസി കോളനികളിലെ വീടുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുക.
7. മുക്കാംപുഴ, അമ്പലപ്പാറ ഭാഗത്ത് താമസിക്കുന്ന ഗിരിജനങ്ങൾക്ക് വീട് വയ്ക്കാൻ ഭൂമിയും ധനസഹായവനും നല്കുക.
8. കോളനികളിൽ അനഃധികൃത കെട്ടിടം പണികൾ തടയുകയും കോളനി നിവാസികളല്ലാത്തവർ കോളനികളിൽ താമസിച്ച് ആദിവാസികളെ ചൂഷണം ചെയ്യുന്നത് നിരോധിക്കുകയും ചെയ്യുക
9. ആദിവാസികൾക്കുള്ള ഭവന നിർമ്മാണ സഹായം വർദ്ധിപ്പിക്കുക.

# കുടിവെള്ളം

**" വെള്ളം വായു ഇവ രണ്ടും**

**പ്രകൃതി നൽകിയ സമ്പത്ത്. "**

വായു, വെള്ളം, പാർപ്പിടം ഇവ ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെയ്യുന്ന ഘടകങ്ങളാണ്.

കേരളത്തിൻെറ പ്രധാന പുഴകളിൽ ഒന്നായ ചാലക്കുടിപ്പുഴ, അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിൻെറ കിഴക്കൻ മലകളിൽനിന്ന് ഉത്ഭവിച്ച് പഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടി ഒഴുകി പടിഞ്ഞാറ് പ്രവേശിക്കുന്നു.

എന്നാൽ പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശവും വേനൽക്കാലമായാൽ കുടിവെള്ളക്ഷാമത്തിൻെറ പിടിയിലാണ്. ആകെയുള്ള 242 കിണറുകളിൽ വേനൽക്കാലമായാൽ 198 കിണറുകളിൽ വെള്ളമില്ലാത്ത അവസ്ഥയാണ്. കേരളവാട്ടർ അതോറിറ്റിയുടെ രണ്ട് ജലവിതരണ പദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒന്നാം വാർഡിലും രണ്ടാം വാർഡിൻെറയും ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്ന ഒരു പദ്ധതി നിർമ്മാണ ഘട്ടത്തിലാണ്.

നിലവിലുള്ള പദ്ധതികളിൽ കണ്ണൻകുഴി പദ്ധതിയിൽ 9 ടാപ്പുകളിൽ നിന്ന് 60 ഓളം കുടുംബങ്ങൾ കുടിവെള്ളക്ഷാമത്തിൽ നിന്ന് രക്ഷപ്പെട്ടു നിൽക്കുകയാണ്. വെറ്റിലപ്പാറ പദ്ധതിയിൽ 25 പൊതു ടാപ്പുകളും 14 വീടുകളിൽ പൈപ്പുവെള്ള കണക്ഷനുകളുമുണ്ട്.

നിലവിലുള്ള പദ്ധതികളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാതെ അശാസ്ത്രീയമായ രീതിയിൽ പൊതു ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനാൽ 80% ടാപ്പുകളിലും വെള്ളം ലഭിക്കുന്നില്ല. വിവിധ വാർഡുകളിലായി 14 പൊതുകുഴൽ കിണർ ഉണ്ടെങ്കിലും ഇതിൽ 7 എണ്ണം വേണ്ടവിധത്തിൽ പ്രയോജനപ്രദമല്ല. കൂടാതെ 12 ആദിവാസി കോളനികളിലും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നുണ്ട്.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം ശേഖരിക്കുന്നതിനായി ജനങ്ങൾ ഒരു കിലോമീറ്റർ മുതൽ 3 കിലോമീറ്റർ വരെ കുടിവെള്ളം ശേഖരിക്കുവാൻ സഞ്ചരിക്കേണ്ടിവരുന്നു. ആദിവാസി കോളനികളായ വാഴച്ചാൽ, പൊകലപ്പാറ, മുക്കംപുഴ, അമ്പലപ്പാറ എന്നീ കോളനികളിൽ കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്നു. ഇത്തരം മേഖലകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങളും ബന്ധപ്പെട്ട പരാതികളും വിശേഷാൽ ഗ്രാമസഭയിൽ നിന്ന് ഉയരുകയുണ്ടായി, അവ ഇതോടൊപ്പം ചേർക്കുന്നു.

**കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ**

### വാർഡ് നമ്പ്ര് I

പഞ്ചായത്തിൻെറ കവാടമായ ചാട്ടു കല്ലംതറ, തുമ്പൂർമുഴി എന്നീ പ്രദേശങ്ങളിലും വെട്ടിക്കുഴി കോട്ടാമല പ്രദേശവും, നാലുസെൻറ് കോളനികളിലും.

### വാർഡ് നമ്പ്ര് II

വൈശേരി, വെട്ടിക്കുഴി, പണ്ടാരംപാറ, വരടക്കയം, വാളാറ, അരൂർമുഴി അയ്യപ്പക്ഷേത്രം മുതൽ വെറ്റിലപ്പാറ പോസ്റ്റോഫീസ് ജംങ്ഷൻ വരെ ആനമലറോഡിൻെറ അരികിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധജലക്ഷാമം രൂക്ഷമാണ്, കൂടാതെ ഈ വാർഡിലെ 4 സെൻറ് കോളനിയിലും.

**വാർഡ്നമ്പ്ര് III**

വാർഡിലെ 15 /2 മുതൽ കണ്ണംകുഴി പാലം വരെ ആനമല റോഡുസൈഡിലും പിള്ളപ്പാറ 4 സെൻറ് കോളനിയിലും പരിസരപ്രദേശങ്ങളിലും വെറ്റിലപ്പാറയിലെ ഉയർന്ന പ്രദേശങ്ങളിലും മറ്റു രണ്ട് നാലുസെൻറ് കോളനികളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

**വാർഡ്നമ്പ്ര് IV**

വാർഡിലെ അതിരപ്പിള്ളി പ്രദേശം, വാഴച്ചാൽ, പൊകലപ്പാറ, മുക്കംപുഴ, പെരിങ്ങൽകുത്ത് എന്നീ ആദിവാസി കോളനികളിലും പുളിയിലപ്പാറ എന്ന പ്രദേശത്തും കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

**വാർഡ്നമ്പ്ര് V**

വാച്ചുമരം. തവളക്കുഴിപ്പാറ, അമ്പലപ്പാറ എന്നീ ആദിവാസികോളനികളിലും, കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

**വാർഡ്നമ്പ്ര് VI**

അടിച്ചിൽതൊട്ടി മുതുവാൻ കോളനിയിൽ കുടിവെള്ളക്ഷാമം ഉണ്ട്. ആദിവാസി കോളനി (മലക്കപ്പാറ) പുതുക്കാട്, റോപ്പമട്ടം പുറമ്പോക്ക് നിവാസികൾക്കും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

**വാർഡ് VII**

മലക്കപ്പാറ ഗവ: U.P.സ്ക്കൂളിൽ കുടിവെള്ളം ഇല്ലാത്ത അവസ്ഥയാണ്. കൂടാതെ കൊമ്പു റോഡു നിവാസികൾക്കും കുടിവെള്ളക്ഷാമം പ്രശ്നമാണ്.

**വാർഡ് VIII**

കീഴ്പ്പരട്ട്, താമസിക്കുന്ന പുറംമ്പോക്ക് നിവാസികൾക്കും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും.

**വാർഡ് I**

തുമ്പൂർമുഴി, ചാട്ടുംകല്ലുംതറ എന്നീ പ്രദേശങ്ങളിൽ തുമ്പൂർമുഴിയിൽ നിലവിലുള്ള ഇറിഗേഷൻ പമ്പുഹൗസിൽനിന്ന് 2.km നീളത്തിൽ പൈപ്പ് ലൈൻ ഇട്ട്, ടാപ്പ് സ്ഥാപിച്ച് പരിഹരിക്കാവുന്നതാണ്. കോട്ടാമലഭാഗത്ത് ഒരു മിനി കുടിവെള്ള പദ്ധതി നടത്തിയെങ്കിലേ അവിടെ പൂർണ്ണമായും കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കൂ...ബാക്കി ഭാഗങ്ങളിൽ ചീക്ലായിയിൽ ആരംഭിച്ചിരിക്കുന്ന പദ്ധതി പൂർത്തീകരിച്ചാൽ കുടിവെള്ള ക്ഷാമം ഒന്നാം വാർഡിലും രണ്ടാം വാർഡിൻെറ ചിലഭാഗങ്ങളിലും പരിഹാരം കണ്ടെത്താവുന്നതാണ്.

**വാർഡ് II**

ചാലക്കുടി പുഴയിൽ നിന്നും വെള്ളം ഉപയോഗിച്ച് K.W.A. യുടെ പുതിയ കുടിവെള്ള പദ്ധതി ഒന്ന് രണ്ട് വാർഡുകളിലെ സംഗമസ്ഥലമായ അരൂർമുഴിയിൽ ഒരു പുതിയ പദ്ധതി ആരംഭിച്ച് രണ്ടാം വാർഡിൻെറ ശേഷിക്കുന്ന ഭാഗത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

**വാർഡ് III**

3-ാം വാർഡിൽ നിലവിലുള്ള വെറ്റിലപ്പാറ ദ.ല.ജയുടെ പദ്ധതി മുഴുവനായും 3-ാം വാർഡിലേയ്ക്ക് തന്നെ ഉപയോഗിച്ചാൽ കുടിവെള്ളക്ഷാമം ഏറെ പരിഹരിക്കുവാൻ കഴിയും. മൂന്നാം വാർഡിലെ പട്ടിക വർഗ്ഗ കോളനിയിൽ രാജീവ് ഗാന്ധി നാഷണൽ വാട്ടർ സ്ക്കീം ആരംഭം കുറിച്ച പദ്ധതി പൂർത്തിയായാൽ കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. മൂന്നാം വാർഡിൻെറ കിഴക്കേ അറ്റമായ കണ്ണൻകുഴിപ്പാലത്തിനു സമീപം താമസിക്കുന്നവർക്ക് കുഴൽകിണർ സ്ഥാപിച്ച് പരിഹാരം കണ്ടെത്താവുന്നതാണ്.

**വാർഡ് IV**

വാർഡിൻെറ പടിഞ്ഞാറെ അറ്റമായ കണ്ണൻകുഴി പട്ടികജാതി കോളനിയിൽ നിലവിലുള്ള പദ്ധതിയുടെ ലൈനിൽനിന്ന് പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിച്ച് എത്താത്തഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കാവുന്നതാണ്. വാഴച്ചാൽ പട്ടികവർഗ്ഗ കോളനിയിൽ നിലവിലുള്ള കുഴൽ കിണർ ശുദ്ധീകരിച്ച് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

കൂടാതെ ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൻെറ നിലവിലുള്ള ടാങ്കിൽ നിന്ന് 300മീ ലൈൻ നീട്ടിയാലും ഏറെക്കുറെ പരിഹാരമാർഗ്ഗം കണ്ടെത്താം.

പുകലപ്പാറ, മുക്കംമ്പുഴ, എന്നീ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി ഇല്ലാത്തതിനാൽ കുളം

കുഴിച്ച് സൗരോർജ്ജം ഉപയോഗിച്ച് കുടിവെള്ള പദ്ധതി ആരംഭിച്ചാൽ പൂർണ്ണമായും ഈ ഭാഗത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കാം.

പുളിയിലപ്പാറ പ്രദേശത്ത് കുഴൽ കിണറുകൾ സ്ഥാപിക്കുകയോ, നിലവിൽ K.S.E.B യിൽ ഉള്ളതായ പൈപ്പ് ലൈനിൽ നിന്നും ലൈൻനീട്ടി ടാപ്പുകൾ ഫിറ്റു ചെയ്താൽ ഒരു പരിധിവരെ പരിഹാരം കണ്ടെത്താം.

### വാർഡ് നമ്പർ (V) 5

ഈ വാർഡിലെ വാച്ചുമരം, തവളക്കുഴിപ്പാറ എന്നീ പട്ടികവർഗ്ഗ കോളനികളിൽ സൗരോർജ്ജം ഉപയോഗിച്ച് ഓരോ പദ്ധതിയും നടപ്പിലാക്കുവാൻ സാധിച്ചാൽ മാത്രമേ പരിഹാരം കണ്ടെത്തുവാൻ സാധിക്കൂ.

അമ്പലപ്പാറ ഭാഗത്ത് K.S.E.Bയിൽ ഉള്ളതായ പൈപ്പ് ലൈൻ നീട്ടുകയോ കുഴൽ കിണർ സ്ഥാപിക്കുകയോ ചെയ്ത് പരിഹാരമാർഗ്ഗം കണ്ടെത്താം.

### വാർഡ് VI

വാർഡിലെ ആദിവാസി കോളനിയായ അടിച്ചിൽ തൊട്ടി മുതുവാൻ കോളനിയിൽ (മലക്കപ്പാറ) കുടിവെള്ള പദ്ധതി വിപുലീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക. മലക്കപ്പാറ റോപ്പമട്ടം ഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന കുഴൽകിണറിൻെറ അറ്റക്കുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്തു തീർത്താൽ പരിഹാരം കണ്ടെത്താം.

### വാർഡ് VII

വാർഡിൽ സ്ഥിതി ചെയ്യുന്ന ഗവ: U.P സ്ക്കൂളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് റ്റാറ്റാ തേയിലകമ്പനിയുടെ കുടിവെള്ള പദ്ധതിയിൽനിന്ന് പൈപ്പ് ലൈനിൽ നീട്ടി സ്ക്കൂളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

### വാർഡ് VIII

കുടിവെള്ളക്ഷാമം കൂടുതൽ രൂക്ഷമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ച് പരിഹരിക്കാം.

ഇതിനെല്ലാം പുറമേ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനടുത്ത് പുഴയ്ക്ക് സമീപം ടാങ്ക് നിർമ്മിച്ച് വെള്ളം ശുദ്ധീകരിച്ച് പൈപ്പ് വഴി വിതരണം നടത്തുകയാണെങ്കിൽ അതിരപ്പിള്ളി പഞ്ചായത്തിൻെറ 1, 2, 3 വാർഡുകളിലും 4-ാം വാർഡിൻെറ കണ്ണൻകുഴി പ്രദേശത്തും സമീപപഞ്ചായത്തുകളായ പരിയാരം കോടശ്ശേരി എന്നീ പ്രദേശങ്ങൾക്കും കൂടി വൈദ്യുതിയില്ലാതെ കുടിവെള്ളം എത്തിയ്ക്കുവാൻ കഴിയും. ആ പദ്ധതി വൈദ്യുതിയ്ക്ക് ബുദ്ധിമുട്ടുള്ള ആ കാലഘട്ടങ്ങളിൽ വളരെ സാമ്പത്തിക ലാഭം ഉണ്ടാക്കുന്നതാണ്.

മറ്റ് ചില പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. മലയിൽനിന്ന് വരുന്ന എല്ലാ നീരൊഴുക്കുള്ള തോടുകളിലും തടയണകൾകെട്ടി പുതിയ പദ്ധതികൾക്ക് രൂപം നൽകുക.
2. മഴവെള്ള സംരഭത്തിന് കുഴികളും ഉപയോഗം നടക്കാത്ത കിണറുകളും ഉപയോഗത്തിൽ വരുത്തുക.
3. തടയണകൾ നിർമ്മിച്ച് വെള്ളം സംരഭിക്കാൻ വേണ്ട പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം.

# വിദ്യാഭ്യാസം

അതിരപ്പിള്ളി പഞ്ചായത്തിൻെറ ജനകീയാസൂത്രണപരിധിയിൽ ഉൾപ്പെട്ട വിദ്യാഭ്യാസ റിപ്പോർട്ടിനു തുടക്കം കുറിക്കേണ്ടത്. ഈ പഞ്ചായത്തിലെ മുഖ്യജനവാസകേന്ദ്രമായ വെറ്റിലപ്പാറയെ സംബന്ധിച്ച് പ്രതിപാദിച്ചുകൊണ്ടാണ്. കാരണം ഈ പഞ്ചായത്തിൻെറ പൂർവ്വവിദ്യാഭ്യാസ ചരിത്രം ആവിർഭവിക്കുന്നതുതന്നെ വെറ്റിലപ്പാറ പ്രദേശത്തിൻെറ ഉൽഭവത്തോടുകൂടിയാണ്. വനനിബിഢമേഖലയായ വെറ്റിലപ്പാറയിൽ 1957ൽ ഒരു "എക്സ് സർവ്വീസ് മെൻ കോളനി" രൂപീകൃതമായിക്കാണുന്നു. പ്രസ്തുത കോളനി നിവാസികളും പട്ടികജാതി പട്ടികവർഗ്ഗ കോളനി നിവാസികളുമാണ് ഇവിടുത്തെ പ്രധാന ജനവിഭാഗം. മുകുന്ദപുരം താലൂക്കിലെ ഏറ്റവും വിസ്തൃതമായ പരിയാരം പഞ്ചായത്ത് വിഭജിക്കപ്പെട്ട് പുതിയ "വെറ്റിലപ്പാറ പഞ്ചായത്ത്" രൂപീകൃതമാകുകയും മൊഴിമറ്റത്തിലൂടെ, ഇന്നറിയപ്പെടുന്നവിധം, അതിരപ്പിള്ളി പഞ്ചായത്തായി പിന്നീട് പരിണമിക്കുകയുമാണുണ്ടായത്.

ഇന്നാട്ടിലെ കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വഹിക്കുവാൻ ഒരു കുടിപ്പള്ളിക്കൂടം പോലും ഇല്ലാതിരുന്ന ഈ പഞ്ചായത്ത് പ്രദേശത്ത് ശ്രീ. M.R. മാധവൻ മാസ്റ്റർ എന്ന ഒരു എക്സ് സർവ്വീസ്മാൻ മുൻകൈ എടുത്തതിൻഫലമായി 1954ൽ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുവാൻ ആദ്യമായി അവസരം കൈവന്നു. എക്സ്സർവ്വീസ് മെൻ കോളനി വകയായി അനുവദിച്ചുകിട്ടിയ സ്ഥലത്ത് ഒരു താൽക്കാലിക ഷെഡിൽ 4 വർഷക്കാലം യാതൊരു ശമ്പളവും പറ്റാതെ അധ്യാപകനും പ്രധാന അധ്യാപകനുമായി അദ്ദേഹം കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കുകയെന്ന പുണ്യകർമ്മം നിർവ്വഹിച്ചകാര്യം പ്രത്യേകം ഓർക്കുന്നു. പിന്നീട് ആസ്ഥാപനം 1967ൽ ഒരു യു.പി. സ്ക്കൂളായി ഉയർത്തപ്പെട്ടു. എന്നാൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം കിട്ടണമെങ്കിൽ വിദൂരമായ ചാലക്കുടിയിലോ പരിയാരത്തോ പോകണമെന്ന ദുരവസ്ഥയാണുണ്ടായിരുന്നത്. എന്നാൽ തമിഴ്നാട്ടുകാരായ "ആന മലൈ ബസ്ട്രാൻസ്പോർട്ട്" എന്ന ബസ്സ് കമ്പനിക്കാർ, ഈ പ്രദേശത്തെ വിമുക്ത ഭടന്മാരുടെ മക്കൾക്ക് ചാലക്കുടിയിലോ പരിയാരത്തോ പോയി പഠനം നടത്താൻ സൗജന്യയാത്രാസൗകര്യം അനുവദിച്ചതിൻ ഫലമായി ഈ പ്രശ്നത്തിനു ഒരു താൽക്കാലിക പരിഹാരം കിട്ടി. എന്നിരുന്നാലും ഇക്കാരണത്താൽ ആകാലഘട്ടത്തിലെ പ്രൈമറി പഠിതാക്കളിൽ ബഹുഭൂരിപക്ഷത്തിനും ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുവാനുള്ള ഭാഗ്യമുണ്ടായില്ല. എന്നുമാത്രമല്ല വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമായി അവർ പരിഗണമിക്കുകയും ഈ പ്രദേശത്തിൻെറ ഭാവി പുരോഗതിയെപോലും അതു ബാധിക്കാനിടവന്നു എന്ന കാര്യം ഒരു ദുഃഖസത്യമാണ്. വെറ്റിലപ്പാറ നിവാസികളുടെ നിരന്തര പരിശ്രമഫലമായി ഈ സാഹചര്യത്തിനു ഒരു മോചനമുണ്ടായത്. 1973-74ൽ ഈ സ്ഥാപനത്തെ ഒരു ഹൈസ്ക്കൂളാക്കി ഉയർത്തിക്കിട്ടിയതുകൊണ്ടാണ് ഇതുതന്നെ സാധിതമായത്, അതിന്നാവശ്യമായ പണവും കൂടുതൽ സ്ഥലവും കൂടാതെ കളിസ്ഥലവും സ്വരൂപിച്ച് സർക്കാരിനെ ഏൽപ്പിച്ചതിൻെറ അടിസ്ഥാനത്തിലായിരുന്നു. അതിനുശേഷം 1992ൽ ഈ സർക്കാർ ഹൈസ്ക്കൂൾ, പ്ലസ്ടു സയൻസ് ഗ്രൂപ്പ് അനുവദിച്ചിട്ടുള്ള ഒരു ഹയർ സെക്കൻററിസ്ക്കൂളായും ഉയർത്തിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസമേഖല ഉൾപ്പെടെ സർവ്വമേഖലയാലും വളരെ പിന്നോക്കാവസ്ഥയിലുള്ള ഈ പ്രദേശത്തിൻെ സമഗ്ര വികസനത്തിനുപകരിക്കുന്ന വിവിധ വിജ്ഞാന പ്രവർത്തനങ്ങൾ നടത്തുവാൻ വളരെ വൈകിയിരിക്കുന്നു.

### നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1. ഗവ. H.S.S. വെറ്റിലപ്പാറ (L.P., U.P., H.S. വിഭാഗങ്ങളും കൂടാതെ പ്ലസ്ടു വിഭാഗവും)
2. ഗവ. U.P.S. മലക്കപ്പാറ

3. ഗവ. L.P.S. പെരിങ്ങൽക്കുത്ത്

4. ഗവ. ട്രൈബൽ L.P.S. വാഴച്ചാൽ (ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെ)

5. ഹോളി എയ്ഞ്ചൽസ് L.P. സ്ക്കൂൾ (അൺ എയ്ഡഡ്)

6. ടാറ്റാ ടീ L.P.S (1, 2 സ്റ്റാൻഡേർഡുകൾ മാത്രം - അൺഎയ്ഡഡ്)

7. 2 നേഴ്സറി സ്ക്കൂളുകൾ

കാൻ ഫെഡ് സഹായത്താൽ 1985 ൽ ഈ പ്രദേശത്ത് വയോജന വിദ്യാഭ്യാസം ഏർപ്പെടുത്തുകയുണ്ടായി. പിന്നീട് 1987ൽ ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനങ്ങളും നടന്നുവെങ്കിലും 1990ൽ നിർവ്വഹിച്ച പ്രശംസനീയമായ സാക്ഷരതാ പ്രവർത്തനങ്ങളാണ് ഈ പ്രദേശത്തെ സർവ്വമേഖലയിലും ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്തത്. അതിനാൽ പ്രസ്തുത പ്രവർത്തനത്തിന്റെ തുടർപരിപാടി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു.

ഇതിനോടനുബന്ധിച്ച്, ഈ പഞ്ചായത്തിൽ നിലവിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക രൂപഭാവങ്ങളെ സ്ഥിതി വിവരക്കണക്കുകളുടെ രൂപത്തിൽ അന്യത്രരേഖപ്പെടുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിചെ വിദ്യാഭ്യാസമണ്ഡലത്തിന്റെയും ഇവിടത്തെ വിദ്യാർത്ഥി സമൂഹത്തിന്റെയും നിചസ്ഥിതി മനസ്സിലാക്കുവാൻ ആ കണക്കുകൾ ഏറെ സഹായകരമാണ്. L.P അഥവാ U.P പഠനങ്ങൾക്കുശേഷമോ അതിലുപരി ണമ ഏധ്യയനത്തിനുശേഷമോ പഠനം നിർത്തി കൊഴിഞ്ഞു പോകുന്ന ധാരാളം കുട്ടികളെ ഈ പഞ്ചായത്തിൽ അങ്ങോളമിങ്ങോളം കാണാൻ കഴിയും. സ്ക്കുളുകളുടെ അപര്യാപ്തതയുടെ ഫലമായി തുടർവിദ്യാഭ്യാസത്തിനു തടസ്സം നേരിടുന്നതു മൂലമാണ് ഇത് പ്രധാനമായും സംഭവിക്കുന്നത്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉപരി പഠനം ഇന്നും ഒരു ദിവാസ്വപ്നം മാത്രമാണ്. എന്നാൽ ഇത്രപോലും പഠനസൗകര്യങ്ങൾ ഇല്ലാതിരുന്ന മുൻ കാലഘട്ടങ്ങളിലെ വിദ്യാർത്ഥികളായിരുന്ന ഇന്നത്തെ ജനസമൂഹത്തിലെ ഭൂരിപക്ഷത്തിനും സാമാന്യ വിദ്യാഭ്യസം പോലും നേടാൻ ഭാഗ്യമില്ലാതെ പോയതിന്റെ കാരണവും മറ്റൊന്നല്ല. ഈ ജനവിഭാഗങ്ങളിൽ ഒരു നല്ല ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്. അവർക്ക് സൗകര്യപ്രദമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമാണ് അവരുടെ സാമൂഹ്യപുരോഗതിക്ക് ഒരു പരിധി വരെ എന്നും വിലങ്ങുതടിയായി നിലകൊള്ളുന്നത് എന്നതും പ്രസ്ഥാവ്യമാണ്.

ഈ പഞ്ചായത്തതൃത്തിയിലുള്ള വിവിധ വിദ്യാലയങ്ങളിലെ പഠിതാക്കളുടെ കാര്യം പൊതുവേ പറയുകയാണെങ്കിൽ, നാം പ്രതീക്ഷിക്കുന്ന ഗുണപരമായ മാറ്റം അവരിൽ പ്രകടമാകുന്നില്ല. അക്ഷരജ്ഞാനമോ ഇല്ലാത്തവരാണ് S.S.L.C ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ പോലും അധികം പേർ. ഇതു ശരിയാണെങ്കിൽ, ഇതുവരെ ലഭിച്ച വിദ്യാഭ്യാസത്തിന്റെയോ അതു നേടുന്ന രീതിയുടേയോ പാകപ്പിഴയാണു ഇതിനു കാരണം.

നിലവിലുള്ള പരിമിതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തന്നെ ഇന്നത്തെ പഠനനിലവാരമോ ഭൗതിക സാഹചര്യങ്ങളോ ഒട്ടും പ്രശംസനീയമല്ല. വളരെ ദൂരെനിന്നും ദിനം പ്രതി യാത്ര ചെയ്തെത്തുന്നവരാണ് അവിടത്തെ അധ്യാപകരിൽ ബഹുഭൂരിപക്ഷവും. അവർക്ക് ഏറെ ആവശ്യമായ യാത്രാസൗകര്യമോ അതല്ലെങ്കിൽ യാത്രകൾ ഒഴിവാക്കി ഇവിടെ താമസിക്കുവാനുള്ള ക്വാർട്ടേഴ്സ് സംവിധാനമോ വളരെ പരിമിതമാണ്. ഈ വക കാരണങ്ങളാൽ ഈവിടത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പഠനനിലവാരം സമാനമായ മറ്റു പല പ്രദേശങ്ങളിലെ വിദ്യാലയളിലെ പഠനനിലവാരത്തിലേക്കെത്തിക്കിട്ടുന്നില്ല. അതിലുപരി ശിക്ഷണത്തിന്റെ അടിസ്ഥാനശിലയായ അദ്ധ്യാപകരക്ഷാകർതൃബന്ധം ഈ പ്രദേശത്ത് ദുർബലമാണ്. ദൂരയാത്രക്കാരായ അധ്യാപകർക്ക് സ്ക്കൂൾ സമയത്തിനുശേഷം രക്ഷിതാക്കളോടോ, അഥവാ, തോട്ടം തൊഴിലാളികളോ കൂലിപ്പണിക്കാരോടോ പരസ്പരം ബന്ധപ്പെടാനും കുട്ടികളുടെ പ്രശ്നങ്ങൾ വിനിമയം ചെയ്യുവാനും അവസരം കിട്ടാറില്ല. രക്ഷിതാക്കളുടെ അറിവിന്റെ കുറവും കൂടാതെ വിദ്യാഭ്യാസത്തിന്റെ പ്രയോജനത്തെക്കുറിച്ചുള്ള അവരുടെ തെറ്റായ ധാരണകളുമാണ് ഇതിനു ആക്കം കൂട്ടുന്നു എന്ന കാര്യം ഈ ചിത്രം പൂർണ്ണമാക്കുന്നു.

വിദ്യാഭ്യാസം കൊണ്ട് അക്ഷരജ്ഞാനത്തേക്കാൾ ബഹുമുഖമായ വ്യക്തിത്വ വികസനമാണു ലക്ഷ്യം. അതിരപ്പിള്ളി പഞ്ചായത്തിൻെറ മുഖച്ഛായക്ക് ഒരു ശോഭ ലഭിക്കണമെങ്കിൽ ഈ പ്രദേശത്തെ വിദ്യാഭ്യാസരംഗം പ്രവർത്തനനിരതമാകുകതന്നെ വേണം.

ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ യാതൊന്നുമില്ല. അതുപോലെ S.S.L.C പരീക്ഷയിൽ പരാജിതരാകുന്നവർക്ക് പുനഃപഠനത്തിനുതകുന്ന ട്യൂട്ടോറിയൽ സംവിധാനവും വിരളമാണ്. ഇവിടെ 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. അതേസമയം ബുദ്ധിമാന്ദ്യം സംഭവിച്ചതോ ആയ കുട്ടികളുടെ പഠനത്തിനുപകരിക്കുന്ന യാതൊരു സ്ഥാപനവും ഈ പഞ്ചായത്തിൽ ഇല്ല തന്നെ.

വിദ്യാർത്ഥികളുടെയും മുതിർന്നവരുടെയും അറിവ് വർദ്ധിപ്പിക്കുവാനും വായനാശീലം വളർത്തുവാനും അനിവാര്യമായ വായനശാലകൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. പഞ്ചായത്ത് ആഭിമുഖ്യത്തിലുള്ള മൂന്നു ലൈബ്രറികൾക്കു പുറമെ ആകെയുള്ള ലൈബ്രറി ഹൈസ്ക്കൂൾ ലൈബ്രറി മാത്രമാണ്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും കൂടാതെ പഞ്ചായത്തിൻെറ വിവിധപ്രദേശങ്ങളിലും സന്നദ്ധസംഘടനകൾ മുഖേനയോ മറ്റുവിധ ജനപങ്കാളിത്തത്തോടെയോ കൂടുതൽ ലൈബ്രറികളും തുടർ സാക്ഷരതാ കേന്ദ്രങ്ങളും ഏർപ്പെടുത്തുകയും നിലവിലുള്ളവയെ പുരോഗമിപ്പിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

വിദ്യലയത്തിലെ പ്രധാന കണ്ണിയായ അധ്യാപകൻെറ കാര്യെകൂടി പരാമർശിച്ചാൽ മാത്രമെ ഈ റിപ്പോർട്ടിനു പരിപൂർണ്ണത അവകാശപ്പെടാനാകൂ. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാന മണ്ഡലം കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് തൻെറ ദൗത്യം പ്രശംസനീയമായി നിർവ്വഹിക്കണമെങ്കിൽ, ആനുകാലികവിജ്ഞാനപുരോഗതി ശാസ്ത്രീയമായി ഉൾക്കൊള്ളാനുള്ള അവസരം കൂടി യഥാവിധി അവർക്കു ലഭിച്ചിരിക്കണം. ഇതിനു ഏറ്റവും അനുയോജ്യമായ പദ്ധതിയാണ് നിലവിലുള്ള "സ്ക്കൂൾ കോംപ്ലക്സ് പ്രോഗ്രാം". അറിവും അനുഭവവും പഠനോപകരണങ്ങളും പരസ്പരം പങ്കുവെച്ച് പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ക്കൂളുകളിലെയും പഠന നിലവാരം ഉയർന്നു കിട്ടുവാൻ ഈ രീതി തീർച്ചയായും സഹായിക്കും. പരിമിതമായ ഭൗതികസാഹചര്യങ്ങൾ മാത്രം നിലവിലുള്ള സ്ക്കൂളുകൾക്ക്, ഇക്കാര്യത്തിൽ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള മറ്റു സ്ക്കൂളുകളുമായി ബന്ധപ്പെടാനും സഹകരണം നേടാനും ഈ രീതി ഉപകരിക്കും. അതിനാൽ നമ്മുടെ പഞ്ചായത്തിലെ പഠനപുരോഗതിക്ക് അനുയോജ്യമായ രീതിയിൽ ഈ പദ്ധതിയെ പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് നേതൃത്വം നൽകണം. കൂടാതെ ഓരോ പഠനവിഷയത്തിലും, വിശിഷ്യാ, ഇംഗ്ലീഷ്, കണക്ക്, ശാസ്ത്രം എന്നീ വിഷയങ്ങളിൽ, ഈ പഞ്ചായത്തിൽ സേവനം അനുഷ്ഠിക്കുന്ന പ്രഗൽഭരായ അധ്യാപകരും തദ്വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഈ പഞ്ചായത്തിലെ മറ്റധ്യാപകരും തമ്മിൽ വിജ്ഞാനവിനിമയവും കൂട്ടായ്മയും ഒരുക്കുവാൻ 2 മാസത്തിൽ ഒരിക്കലെങ്കിലും "റിഫ്രഷർ കോഴ്സ്" കൾ നടത്താൻ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ അവസരം ഉണ്ടാക്കണം. എന്നാൽ മാത്രമേ ദേശീയ വിദ്യാഭ്യാസ കമ്മീഷനുകൾ ആവർത്തിച്ചു പറഞ്ഞിട്ടുള്ള "അയൽപക്ക വിദ്യാലയം" എന്ന മഹത് സങ്കൽപ്പം സാക്ഷാൽക്കാരിക്കപ്പെടുകയുള്ളൂ.

മേൽപറഞ്ഞ കുറേ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ പ്രശ്നങ്ങൾ ഇങ്ങിനെ സംഗ്രഹിക്കാം.

1. കുട്ടികളിൽ താൽപര്യം ജനിപ്പിക്കാത്ത പഠന രീതികൾ.
2. പാഠ്യേതര പാഠാനുബന്ധ പ്രവർത്തനങ്ങളുടെ പോരായ്മ
3. മക്കളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ അലംഭാവം
4. "പഠനം പരീക്ഷക്കുമാത്രം" എന്ന ആശയപ്രചരണം
5. കുട്ടികൾക്കു താങ്ങാനാവാത്ത പാഠപുസ്തകങ്ങളും മോശമായ പഠനനിലവാരവും.

6. പാഠപുസ്തകങ്ങളേക്കാൾ ഗൈഡുകൾക്കു കൊടുക്കുന്ന പ്രാധാന്യം

7. സ്ക്കൂളുകൾക്കു പുറത്തുള്ള വിദ്യാസമ്പന്നർക്കു സ്ക്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നില്ല.

8. സ്ക്കൂൾ കളിസ്ഥലങ്ങളുടെയും കായികാധ്യാപകരുടെയും അപര്യാപ്തത

9. പരിമിതമായ യാത്രാസൗകര്യങ്ങളോടൊപ്പം K.S.R.T.C യുടെ അവഗണനയും.

ഇത്തരം നിരവധി പ്രശ്നങ്ങൾ വിദ്യാഭ്യാസ രംഗത്തം നിലവാരത്തകർച്ചക്ക് കാരണമായി നില കൊള്ളുന്നു. അത്തരം പോരായ്മകൾ പരിഹരിച്ചുകിട്ടുന്നതിനുപകരിക്കുന്ന രീതിയിലുള്ള ഈ പഞ്ചായത്തു ഗ്രാമസഭകളുടെ പൊതു നിർദ്ദേശങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം കൂടുതൽ പ്രവർത്തന നിരതമാക്കുകയും കരുത്താർജ്ജിക്കുകയും ചെയ്യുവാൻ സഹായകമായി ഒരു വിദ്യാഭ്യാസ സുരക്ഷാസമിതി രൂപീകരിക്കുകയും അവരുടെ സേവനം സ്ക്കൂളുകൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.

2. രക്ഷിതാക്കൾ മാസത്തിൽ ഒരിക്കലെങ്കിലും സ്ക്കൂളിൽ വന്ന് അധ്യാപകരുമായി ബന്ധപ്പെടുകയും പഠനകാര്യങ്ങളിൽ പങ്കാളികളായും ചെയ്യാവുന്ന രൂപത്തിൽ രക്ഷിതാക്കളെ ബോധവൽക്കരാക്കുക.

3.വിദ്യാലയങ്ങളിൽ വിജ്ഞാനവും അക്ഷരജ്ഞാനവും ഉറപ്പാക്കാത്ത കുട്ടികളെ കണ്ടെത്തി അവർക്കു പ്രത്യേക "പരിഹാരപഠനം" നൽകുക.

4. 8-ാം ക്ലാസ്സ് മുതൽ മറ്റുപഠനങ്ങളോടൊപ്പം കമ്പ്യൂട്ടർ, പ്ലംബിംഗ്, വയറിംഗ്, ബുക്ക്ബൈൻറിംഗ്, കൃഷി മുതലായ തൊഴിലധിഷ്ഠിത പരിശീലനം കൂടി നൽകുക.

5. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നിലവിലുള്ള യാത്രാ സൗകര്യം കാര്യക്ഷമമാക്കുകയും സ്ക്കൂളിൽ എത്തുവാനും പഠനം കഴിഞ്ഞ് തിരിച്ചുപോകുവാനും തക്കസമയത്ത് കൂടുതൽ വാഹന സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

7. സ്ക്കൂൾ അധ്യായന സമയത്തിനു ശേഷവും അധ്യാപകരുടെ സേവനം നാടിനു കിട്ടാൻ ഉപകരിക്കുന്ന വിധത്തിൽ അധ്യാപകർക്ക് ക്വാർട്ടേഴസ് സംവിധാനം ഏർപ്പെടുത്തികൊടുക്കുക.

8. ഒന്നാംവാർഡിലെ ഹോളി എയ്ഞ്ചൽസ് L.P. സ്ക്കൂൾ ഒരു അംഗീകൃത സ്ക്കൂളാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

9. മലക്കപ്പാറ മുതൽ വെറ്റിലപ്പാറ വരെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന സൗകര്യം കണക്കിലെടുത്ത് നിലവിൽ ബോർഡിംഗ് സൗകര്യങ്ങളോടുകൂടി സ്ഥാപിതമായിട്ടുള്ള വാഴച്ചാൽ ഗവ: L.P. സ്ക്കൂൾ ഒരു ഹൈസ്ക്കൂളായി ഉയർത്തുക.

10. വെറ്റിലപ്പാറ ഹയർസെക്കൻററി സ്ക്കൂളിലെ പ്ലസ് ടു കോഴ്സിൽ തദ്ദേശവാസികൾക്ക് കൂടുതൽ സീറ്റ് സംവരണം ചെയ്തുകിട്ടുവാൻ വേണ്ടനടപടികൾ കൈക്കൊള്ളുക.

11. പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹൈസ്ക്കൂൾ - ഹൈസ്ക്കൂളേതര ഹോസ്റ്റൽ സൗകര്യം ഏർപ്പാടു ചെയ്യുക.

12. ഇന്നത്തെ "ഓൾപ്രമോഷൻ" സമ്പ്രദായം അപ്പാടെ നിർത്തലാക്കുക.

13. അധ്യാപകർക്ക് റിഫ്രഷൻ കോഴ്സുകൾ ഏർപ്പെടുത്തുക.

14. സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ ഉയർത്തുക.

15. വിദ്യാലയാന്തരീക്ഷത്തിൽ കക്ഷിരാഷ്ട്രീയം കടന്നുവരാതിരിക്കുവാൻ ശ്രദ്ധിക്കുക.

16. സ്ക്കൂൾ സാഹിത്യ സമാജങ്ങൾ, കയ്യെഴുത്ത് - ചിത്രമാസികകൾ, പൂന്തോട്ട - പച്ചക്കറിത്തോട്ട നിർമ്മാണം, കായിക പരിശീലന പരിപാടികൾ എന്നിവ വ്യവസ്ഥാപിതമായി നടപ്പിലാക്കുക.

17. ഈ പഞ്ചായത്തിൽ സർക്കാർ തലത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഡ്രൈവിംഗ് സ്ക്കൂൾ എന്നിവ സ്ഥാപിച്ചുകാട്ടുക.

18. വെറ്റിലപ്പാറ ഗവ. ഹയർ സെക്കൻററി സ്ക്കൂളിനു ആവശ്യമായ "സ്ക്കൂൾ ചുറ്റുമതിൽ" എത്രയും വേഗം പണിയുക. കൂടാതെ പ്രസ്തുത സ്ക്കൂളിൽ ഒരു കാർഷിക ക്ലബ്ബ് രൂപീകരിക്കുകയും അതിൻെറ സജീവ പ്രവർത്തനത്തിനായി സ്ക്കൂൾ കളിസ്ഥലത്തിനു സമീപം ഒഴിഞ്ഞു കിടക്കുന്ന ഭൂമി പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

മേൽവിവരിച്ച സാഹചര്യത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്കു കൂടി പ്രാധാന്യം നൽകുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേയ്ക്ക് പഠിതാക്കളെ ഉൽസുകരാക്കുകയുമാണ് അഭികാമ്യം. സ്ക്കൂൾ P.T.A.കൾ, മാതൃസംഗമങ്ങൾ, രക്ഷിതാക്കൾ എന്നിവർ അധ്യാപകരോടൊപ്പം ഒരു കൂട്ടായ്മയോടെ ശ്രമിച്ചാൽ വിദ്യാലയ മേഖലയെ സംബന്ധിച്ച് നാം പരാതിപ്പെടുന്ന ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് തീർച്ചയായും പരിഹാരം ഉണ്ടാകും.

## പട്ടിക V
## ഭൗതിക സാഹചര്യങ്ങൾ

| | സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | G.H.S.S. വെറ്റിലപ്പാറ | 378 | 18 | 3 | 2 | ഉണ്ട് | ഉണ്ട് |
| 2 | G.U.P.S. മലക്കപ്പാറ | 218 | 13 | 1 | 1 | ഇല്ല | ഇല്ല |
| 3 | G.W.L.P.S. വാഴച്ചാൽ | 43 | 4 | 2 | 2 | ഇല്ല | ഇല്ല |

## പട്ടിക VI A
## 5 വർഷത്തെ S.S.L.C വിജയ ശതമാനം

| സ്ക്കൂൾ | 91 - 92 | 92 - 93 | 94 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|
| G.H.S.S. വെറ്റിലപ്പാറ | 23% | 9% | 17% | 18% | 29% |

## പട്ടിക VI B
## 95 96 ലെ പാദവാർഷിക പരീക്ഷ

| ക്ലാസ്സുകൾ | ആകെ | 30% മാർക്കിന് താഴെ | 30നും 40നും ഇടയിൽ | 40% നും 50%നും ഇടയിൽ | 50നും 60%നും ഇടയിൽ | 60ന് മീതെ |
|---|---|---|---|---|---|---|
| III | | | | | | |
| IV | | | | | | |
| V | 82 | 5 | 18 | 24 | 15 | 20 |
| VI | 79 | 18 | 15 | 18 | 11 | 17 |
| VII | 85 | 6 | 19 | 29 | 16 | 15 |
| VIII | 58 | 10 | 10 | 15 | 15 | 8 |
| IX | 52 | 5 | 10 | 20 | 10 | 7 |
| X | 33 | 13 | 11 | 4 | 3 | 2 |

## പട്ടിക - 1 D
### പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| | | | | | |

## പട്ടിക II
### ഗവ. സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| പഞ്ചായത്തിൽ ആകെ അദ്ധ്യാപകർ | ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാകർ | ശതമാനം | പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 49 | 43 | 87.7 | | | |

## പട്ടിക III
### ഉന്നത വാദ്യാഭ്യാസത്തിനായി മറ്റു സ്ഥലങ്ങളിൽ പോകുന്നവർ

| |
|---|
| പ്രീഡിഗ്രി, ഉ 2 ........ |
| ഡിഗ്രി........................... |
| ഐ.ടി.ടി.ഐ.............. |
| മെഡിസിൻ.............. |
| മറ്റുള്ളവ .................. |

## പട്ടിക IV
### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത | ലാബ് | പ്രവർത്തിക്കാത്തത | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്പോർട്സ് ക്ലബ് | മാതൃസംഗമം സജീവം | ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നു |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 1 | 1 | 1 | 1 | – | 1 | 1 | 1 | – | 1 | 4 സ്ക്കൂളിലും അംഗീകൃതമല്ല | 2 | – |
| ഇല്ലാത്തത് | 3 | 3 | 3 | 3 | 4 | 3 | 3 | 3 | 4 | 3 | | 2 | 4 |

| വെറ്റിലപ്പാറ | | | മലക്കപ്പാറ | |
|---|---|---|---|---|
| 53 + 40 = | 93 | L.P | 60 + 49 = 109 | L.P. |
| 86 + 56 = | 142 | U.P | 50 + 59 = 109 | U.P |
| 83 + 60 = | 143 | H.S | | |
| | 378 | | | |

വാഴച്ചാൽ

42 + 1 = 43 L.P.

L.P. Total

| | |
|---|---|
| വാഴച്ചാൽ | 42 + 1 |
| മലക്കപ്പാറ | 60 + 49 |
| വെറ്റിലപ്പാറ | 53 + 40 |
| പെരിങ്ങൽക്കുത്ത് | |
| മഠം | |

SC/ST L.P.

| | | Total |
|---|---|---|
| വാഴച്ചാൽ | 42 + 1 | 42 + 1 |
| മലക്കപ്പാറ | 33 + 30 | 60 + 49 |
| വെറ്റിലപ്പാറ | 18 + 23 | 53 + 40 |
| പെരിങ്ങൽക്കുത്ത് | | |
| മഠം | | |

പഠനം നിർത്തിയവർ

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| വെറ്റിലപ്പാറ - 2 | 1 | 3 | 2 | 1 | 3 |
| മലക്കപ്പാറ - 1 | – | 1 | – | – | – |
| വാഴച്ചാൽ - 11 | – | 11 | – | – | – |

## പട്ടിക 1 A
## വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി.എച്ച്.എസ്. എസ്. വെറ്റിലപ്പാറ | ഗവർമ്മെണ്ട് | 222 | 156 | 378 | | | 18 |
| 2 | ജി.യു.പി.എസ്. മലക്കപ്പാറ | " | 110 | 108 | 218 | | | 13 |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

| ആകെ വിദ്യാർത്ഥികൾ | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| | | | | 110 | 108 | 49.54 | 222 | 156 | 41.27 |
| | | | | | | | | | |
| | | | | | | | | | |

## പട്ടിക 1 C
## പട്ടിക ജാതി പട്ടികവർഗ്ഗം

| | | | | | |
|---|---|---|---|---|---|
| SC/ST | L.P. | 18 + 23 = | 41 | 33 + 30 | = 63 |
| | U.P | 24 + 10 = | 34 | 30 + 33 | = 63 |
| | H.S. | 21 + 14 = | 35 | | |

## പട്ടിക - 1 A
### വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്ക്കൂൾ | ഗവർമ്മേണ്ട് or മേനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | G.H.S.S.<br>വെറ്റിലപ്പാറ | HS<br>ഗവർമ്മെണ്ട് UP<br>LP | 83<br>86<br>53 | 60<br>56<br>40 | 378 | 3 | 15 | 18 |
| 2 | G.U.P.S.<br>മലക്കപ്പാറ | ഗവർമ്മെണ്ട് UP<br>LP | 50<br>60 | 59<br>49 | 218 | 6 | 7 | 13 |
| 3 | G.W.L.P.S.<br>വാഴച്ചാൽ | ഗവർമ്മെണ്ട് LP | 42 | 1 | 43 | 1 | 3 | 4 |
| 4 | G.L.P.S.<br>പൊരിങ്ങൽക്കുത്ത് | ഗവർമ്മെണ്ട് | | | | | | 4 |

## പട്ടിക - 1 B
### LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | L.P. | | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| | | | | 136 | 115 | 45.8 | 83 | 60 | 41.9 |

| ആകെ | L.P. | | U.P. | | | H.S. | | |
|---|---|---|---|---|---|---|---|---|
| | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| | | | 251 | 97 | 38.6 | 143 | 35 | 24.4 |

# സാമൂഹ്യക്ഷേമം



മനുഷ്യൻെറ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ എത്രമാത്രം ലഭ്യമാണ് എന്നതിനെ അടിസ്ഥാനമാക്കിയാണ് സമൂഹത്തിൻെറ ജീവിതനിലവാരം കണക്കാക്കുന്നത്.

അതിരപ്പിള്ളി പഞ്ചായത്തിന് എല്ലാരംഗത്തും ഒട്ടേറെ പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ പത്തുകൊല്ലത്തെ സജീവചരിത്രം മാത്രമെ വികസനരംഗത്തുള്ളു. ഗ്രാമസഭകളിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖക്ക് വളരെ താഴെ നിലയിലാണെന്നു മാത്രമല്ല പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുമാണ്. ലഭ്യമായ ധനശേഷി ഉപയോഗപ്പെടുത്തി ഈ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നടത്തിയ ശ്രമങ്ങൾ പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നതിന് നടത്തിയ ശ്രമങ്ങൾ പ്രത്യക്ഷത്തിൽ അനുഭവപ്പെട്ടു തുടങ്ങുന്നേയുള്ളു. എന്നാൽ ഭവനനിർമ്മാണം, റോഡുപുറംമ്പോക്ക് പുനരധിവാസം, കക്കൂസുകളുടെ പരിഷ്കരണവും വ്യാപനവും, കുഴൽക്കിണറുകൾ, ശുദ്ധജലവിതരണ പദ്ധതികൾ, പഞ്ചായത്തു കിണറുകൾ, റോഡുകൾ, വൈദ്യുതി, വഴിവിളക്കുകൾ, മുതലായവ സ്ഥാപിക്കുന്നതിൽ കാര്യമായ പുരോഗതി നേടിയിട്ടുണ്ട്. എന്നിരുന്നാലും യഥാർത്ഥ ആവശ്യത്തിൻെറ പകുതി പോലും പല രംഗത്തും നാം മുന്നേറിയിട്ടില്ല. ഏറ്റവും രൂക്ഷമായ കുടിവെള്ളപ്രശ്നം പല വാർഡുകളിലും നിലനിന്നിരുന്നു. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ നിരവധിയാണ്. രണ്ട് ജലവൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്ന പഞ്ചായത്ത് വൈദ്യുതിയുടെ കാര്യത്തിൽ ഇത്രമാത്രം പിന്നോക്കാവസ്ഥ അനുഭവിക്കേണ്ടിവരുന്നത് ഒരു വിരോധാഭാസമാണ്.

### പ്രശ്നങ്ങൾ

- ലക്ഷം വീട് 4 സെൻറ് കോളനിപ്രദേശത്തേക്കും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്കും വേണ്ടത്ര ഗതാഗതസൗകര്യമില്ല.
- വൈദ്യുതി പലഭാഗത്തും എത്തിയിട്ടില്ല.
- ലക്ഷം വീടുകളിലും പട്ടികവർഗ്ഗക്കാരുടെ വീടുകളും അറ്റകുറ്റപ്പണികൾ ചെയ്യാൻ ഏർപ്പാടില്ല.
- ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന പ്രവർത്തനം നടക്കുന്നില്ല.
- ക്ഷേമ നിധികളും പെൻഷനുകളും അർഹരായവർക്കെല്ലാം ലഭിക്കുന്നില്ല.
- പത്തടിപ്പാലത്തു നിന്ന് അടിച്ചിൽതൊട്ടിയിലേക്ക് നടപ്പാതയില്ലാത്തതിനാൽ കാർഷികവിഭങ്ങൾ വിൽപ്പനക്കെത്തിക്കുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു.
- തവളക്കുഴി പാറയിലേക്കുള്ള റോഡ് ടാറിങ്ങ് നടത്തിയിട്ടില്ല.

ഈ പഞ്ചായത്തിലെ 65% ജനങ്ങളും കർഷകരാണ്. ഇതിൽ ഭൂരിപക്ഷം ജനങ്ങളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ആകെ ജനസംഖ്യയുടെ 8.15% പേർ പട്ടിക വർഗ്ഗക്കാരും 27.40% പേർ പട്ടിക ജാതിക്കാരുമാണ്. സാമൂഹ്യ ക്ഷേമ പ്രവർത്തങ്ങൾ ഏറെ വിഭാവനം ചെയ്യപ്പെടുകയും അവയിൽ മിക്കവയും നടപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അർഹരായ മുഴുവൻ ജനവിഭാഗങ്ങളിലേക്കും ഇതിൻെറ ഗുണഫലങ്ങൾ വേണ്ടത് പോലെ എത്തിയിട്ടില്ല. നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും സാമൂഹ്യ സംഘടനകളുടെ സഹാത്തോടു കൂടി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയേണ്ടതുണ്ട്. പഞ്ചായത്തിൽ2213 കുടുംബങ്ങളാണ് ഉള്ളത്. അതിൽ 18.16% പേർ ദരിദ്ര രേഖക്ക് താഴെയാണെന്ന് പട്ടിക കാണിക്കുന്നു. ഇതിൽ നല്ലൊരു ശതമാനം നാമമാത്രമായ കർഷകരും കർഷകതൊഴിലാളികളും കൂലിവേലക്കാരുമാണ്. അതുകൊണ്ട് ഈ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തങ്ങൾക്ക് ഊന്നൽ നൽകേണ്ടതാണ്.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. അംഗൻവാടികളിൽ കളിക്കോപ്പുകൾ അടക്കമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
2. പോഷകാഹാര പ്രധാനമായ ഭക്ഷണ വിതരണം നടത്തുക.

3. അംഗൻവാടികൾക്ക് ചുറ്റും മതിൽ കെട്ടി സംരക്ഷിക്കുക. കക്കൂസും കളിസ്ഥലവും നൽകുക.

4.വാർദ്ധക്യകാല പെൻഷൻ അർഹരായ എല്ലാ പേർക്കും നൽകുക

11. E.D.D.A. പോസ്റ്റ്മാൻെറ സേവനം അതിരപ്പിള്ളി വരെ നീട്ടുക

12. പഞ്ചായത്തിൻെറ വിവിഭാഗങ്ങളിൽ ടെലഫോൺ ബൂത്തുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

**IRDP സർവ്വേ പ്രകാരം ദരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം**

| വാർഡു നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ച ദരിദ്രരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദരിദ്ര രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പടെ |
|---|---|---|---|---|---|---|
| I | 180 | 5 | 20 | 5 | 8 | 180 |
| II | 246 | 4 | 27 | 4 | 11 | 246 |
| III | 203 | 22 | 18 | 10 | 6 | 203 |
| IV | 208 | 149 | 91 | 86 | – | 208 |
| V | 26 | 26 | 17 | 17 | – | 26 |
| VI | 270 | 164 | 48 | 43 | – | 270 |
| VII | 222 | 196 | 73 | 60 | 16 | 222 |
| VIII | 319 | 288 | 110 | 84 | 63 | 319 |
| ആകെ | 1674 | 854 | 404 | 309 | 104 | 1674 |

**പരിഹാര നിർദ്ദേശങ്ങൾ**

5. കിടപ്പാടമില്ലാത്തവർക്ക് 4 സെൻററ് ഭൂമി നൽകുക.

6. പിള്ളപ്പാറ ഗിരിജൻ കോളനിയിലെ പുതിയ അംഗൻവാടി കെട്ടിടത്തിൻെറ പണി പൂർത്തിയാക്കുക.

7. പിള്ളപ്പാറ ഗിരിജൻ കോളനിയിൽ വായനശാല സ്ഥാപിക്കുക

8. ഗ്രാമസേവകരുടെ പ്രവർത്തനം ആദിവാസി മേഖലയിൽ കൂടുതൽ സമയം കേന്ദ്രീകരിക്കുന്നതിനുള്ള നടപടി ഉണ്ടാകണം

9. കോളനിക്ക് ചുറ്റും മതിൽകെട്ടി സംരക്ഷിക്കുക.

10.പുളിയിലപ്പാറയിൽ പട്ടയമില്ലാത്ത നിവാസികൾക്ക് പട്ടയം നൽകുക

13. 773-ാം നമ്പർ പട്ടികജാതി സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

14.തവളക്കുഴിപ്പാറ, വാച്ചുമരം, അമ്പലപ്പാറ എന്നീ പ്രദേശങ്ങളിലെ ശ്മശാനങ്ങൾക്ക് മതിൽകെട്ടി സംരക്ഷിക്കണം ഉറപ്പാക്കുക.

15.ആദിവാസി കോളനികളിൽ പൊതു കളിസ്ഥലവും വായനശാലയും സ്ഥാപിക്കുക.

16.വിധവപെൻഷൻ അർഹരായവർക്ക് ലഭ്യമാക്കുക

17.മന്ദബുദ്ധികളായ കുട്ടികൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക. വികലാംഗർക്ക് തൊഴിൽ പരിശീലനവും സ്വയം തൊഴിൽ ധനസഹായവും നൽകുക.

18. വെറ്റിലപ്പാറ ഹയർസെക്കൻററി സ്ക്കൂളിനു സമീപം പഞ്ചായത്താഫീസിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം സ്ക്കൂൾകുട്ടികൾക്കും പൊതുജനങ്ങൾക്കും ഗുണംകിട്ടത്തക്ക രീതിയിൽ സൗകര്യങ്ങളോടു കൂടി രാവിലെ 10 മണി മുതൽ 5 മണി വരെ പ്രവർത്തന സമയം വർദ്ധിപ്പിക്കണം.

19. പഞ്ചായത്തിൽ വെയ്റ്റിഗ് ഷെഡ് ഇല്ലാത്ത സ്ഥല ങ്ങളിൽ വെയ്റ്റിഗ് ഷഡ് സ്ഥപിക്കുക.

20. ഗിരിവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് കളിസ്ഥലം നിർമ്മിച്ച് കളിക്കോപ്പുകൾ വിത രണം പെയ്യുക.

21. അംഗൻവാടി ടീച്ചർമാരുടെയും ഹെൽപ്പർമാ രുടേയും ശമ്പളം കാലോചിതമായി പരിഷ്കരി ക്കുകയും യാത്രാദുരിതമുള്ള പ്രദേശങ്ങളിൽ ജോലിചെയ്യുന്നവർക്കു താമസ സൗകര്യം ഏർപ്പെ ടുത്തിക്കൊടുക്കുകയും മറ്റുള്ളവർക്ക് യാത്ര ബത്ത ഏർപ്പെടുത്തുകയും ചെയ്യുക.

22. അംഗൻവാടികളുടെ മുറ്റത്ത് ഇലക്കറിച്ചെടികൾ കൃഷിടെചെയ്യാൻ ഏർപ്പാടുണ്ടാക്കുക.

23. അംഗനവാടികളുടെ പോഷകാഹാര വിതരണ പദ്ധതിയിൽ തദ്ദേശ ഉൽപ്പാദിത പച്ചക്കറികൾ കൂടി ഉൾപ്പെടുത്തുക.

24. കാഷികത്തൊഴിലാളികളും, അഗതികളും, വിധവ കളും, വികലാംഗരും, മറ്റു നിർദ്ധനരായവർക്ക് പെൻഷൻ നൽകുക.

25. കാഷികത്തൊഴിലാളി ക്ഷേമനിധി, കാർഷിക ത്തൊഴിലാളിപെൻഷൻ എന്നിവയുടെ ഇടപാ ടുകൾ പഞ്ചായത്തിൽ കൂടിയാക്കുക.

26. ലക്ഷംവീട് 4 സൻറ് കോളനികളിലേക്കുള്ള റോഡുകൾ ജലവിതരണം വൈദ്യുതിവിതരണം എന്നിവയുടെ പണി ഉടനെ തീർക്കുക.

27. ഗൾഫിൽ നിന്നും, ബോംബെ, ഗുജറാത്ത് തുടങ്ങിയ വ്യവസായിക നഗരങ്ങളിൽ നിന്നും മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കാനും അവരുടെ സാങ്കേതിക ജ്ഞാനം ഉൽപ്പാദന നിർ മ്മാണ മേഖലകളിലേക്ക് തിരിച്ചുവിടാനും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുക.

പൊതുവിതരണ കേന്ദ്രങ്ങളിൽ പച്ചക്കറിക ളടക്കം എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യ മാക്കണം

ജനവാസം കൂടുതലുള്ള പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ തുറക്കണം. ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറിൻെറ സേവനം പഞ്ചായത്തിലാ കമാനം ഏർപ്പെഉത്തണം.

ബോധവൽക്കരണത്തിൻെറ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ വ്യാജവാറ്റും വില്പനയും തട യാനും മദ്യവർജ്ജനം നടപ്പാക്കാനും കഴിയണം.

ഭാഷാ ന്യൂനപക്ഷമെന്ന നിലയിൽ പ്രത്യേക പരിഗണന കൊടുത്ത് മലക്കപ്പാറയിലെ തമിഴ് സംസാരിക്കുന്നവർക്ക് പ്രത്യേക ലൈബ്രറി-വായനശാല മുതലായവ സ്ഥാപിക്കുക.

തമിഴ്കലാ സാഹിത്യ അഭ്യാസത്തിന് വേണ്ടി സൗകര്യങ്ങൾ മലക്കപ്പാറയിൽ ഏർപ്പെടുത്തുക

തമിഴ് ഭാഷ സംസാരിക്കുന്നവരുടെ ഉന്നമ നത്തിന് പഞ്ചായത്തിൻെറ കീഴിൽ ഒരു പ്രത്യേക കമ്മിറ്റിയുണ്ടാക്കി ധനസഹായ മടക്കം വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക

ടൂറിസ്റ്റുകൾക്ക് സഹായം നൽകുന്നതിനുണ്ടി വിദ്യാഭ്യാസയോഗ്യതയുള്ള തദ്ദേശവാസികൾക്ക് പഞ്ചായത്തിൻെറ ചെലവിൽ പരിശീലനം നൽകി ബന്ധപ്പെട്ട തൊഴിലിൽ നിയമിക്കുക.

തിരക്കു കൂടുതലനുഭവപ്പെടുന്ന ടൂറിസ്റ്റ് സീസണുകളിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മിതമായ വിലക്ക് ശീതളപാനീയങ്ങൾ, ഭക്ഷണപ്പൊതികൾ, ലഘുഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിനുള്ള സ്റ്റാളുകൾ തൊഴിൽ രഹിതരായ യുവതി യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുക.

# സാംസ്കാരികം

ടൂറിസവുമായി ബന്ധപ്പെട്ട് പ്രസിദ്ധമായിക്കൊണ്ടിരിക്കുന്ന ഒരു മലയോര ഗ്രാമമായ അതിരപ്പിള്ളിക്ക് തനതായ ഒരു സംസ്കാര പാരമ്പര്യമൊന്നും അവകാശപ്പെടാനില്ല. എന്നാൽ നിഷ്കളങ്കരും സത്യസന്ധരുമായ പട്ടികവർഗ്ഗകാർ നൂറ്റാണ്ടുകളായി ഈ പ്രദേശത്തു താമസിച്ചുപോരുന്നതായി ചരിത്രം പറയുന്നുണ്ട്. ഗോത്രവർഗ്ഗസംസ്കാരത്തിൻെറയും ദ്രാവിഡ സംസ്കാരത്തിൻേറയും പ്രകാശായമാനമായ അവശിഷ്ടങ്ങൾ ഈ പഞ്ചായത്തിൽ ഇന്നു കാണാം. നിലനില്പുമായി ബന്ധപ്പെട്ട് വനാന്തർഭാഗത്ത് പ്രതികൂലസാഹചര്യങ്ങളിൽ പ്രകൃതി ശക്തികളുടെ തകിടം മറിച്ചിലിൽ അപകടപ്പെട്ടു പോകാതിരിക്കാൻ വന്യജീവികളിൽനിന്ന് സംരക്ഷണം കിട്ടാൻ രോഗങ്ങളിൽനിന്ന് മുക്തിനേടാൻ എന്നിങ്ങനെ എന്തിനും വനവാസികൾ ആശ്രയിച്ചിരുന്നത് വനദൈവങ്ങളെയാണ്. ആണ്ടിലൊരിക്കൽ നിർബന്ധമായും ചില പ്രത്യേക സാഹചര്യങ്ങളിൽ വിശേഷാലും ഉത്സവങ്ങൾ, പൂജാകർമ്മങ്ങൾ, വിവാഹം, മരണം മുതലായവയുമായി ബന്ധപ്പെട്ട പടങ്ങൾ എന്നിവയൊക്കെ ഓരോ വിഭാഗത്തിൻേറയും അചാരങ്ങൾക്കനുസരിച്ച് കാട്ടിൽ നടത്തിവരുന്നുണ്ട്. കാളി, ശാസ്താവ്, മുരുകൻ, ഗണപതി മുതലായവയാണ് വനവാസികളുടെ ആരാധനാ മൂർത്തികൾ മരണപ്പെട്ടുപോയ മുൻഗാമികളെ "കാർന്നൻമാർ" എന്നു പേരുവിളിച്ചും ആരാധിച്ചുപോരുന്നു. ഇവരെ എല്ലാം തൃപ്തിപ്പെടുത്താൻ നടത്തുന്ന ഉത്സവകാലങ്ങളിൽ പൂജ, ബലികർമ്മങ്ങൾ, ഉറഞ്ഞുതുള്ളൽ കൊട്ട്, പാട്ട് തുടങ്ങി ആകർഷകമായ പലചടങ്ങുകളും നടന്നുവരുന്നുണ്ട്. ഓരോ സമുദായക്കാരും അവരുടേതായ പ്രത്യേകരീതിയിൽ ഈ അനുഷ്ഠാനങ്ങൾ നടത്തിപ്പോരുന്നു. അടിച്ചിൽത്തൊട്ടിയിലെ മുതുവാൻമാരും മലക്കപ്പാറയിലെ കാടൻമാരും, തവളക്കുഴിപ്പാറയിലെ മലയൻമാരും ഇത്തരത്തിലുള്ള ഉത്സവങ്ങൾ എല്ലാവർഷവും നടത്തിവരുന്നു.

പട്ടികജാതി കോളനിയായ കണ്ണങ്കുഴിയിലെ ശാസ്താക്ഷേത്രത്തിൽ അയ്യപ്പൻവിളക്കും അതിനോടനുബന്ധിച്ച് കലാപരിപാടികളും നടത്താറുണ്ട്. തമിഴ്നാടിൻെറ സാമിപ്യമുള്ള മലക്കപ്പാറ പ്രദേശത്ത് അമ്മൻ കോവിലിൽ ദ്രാവിഢ സംസ്കാരാനുസൃതമായ ഉത്സവാഘോഷങ്ങൾ നടക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലുള്ള വിവിധ ഹിന്ദു ക്ഷേത്രങ്ങളിൽ ജാതിമത ചിന്തകൾക്കതീതമായി ജനകീയ ഉത്സവങ്ങളായി ഓരോ വർഷവും ഉത്സവാഘോഷങ്ങൾ നടത്തപ്പെടുന്നുണ്ട്. മലക്കപ്പാറയിൽ ഒരു ദേവാലയം മാത്രമാണ് ഇസ്ലാംമത വിഭാഗങ്ങളുടേതായിട്ടുള്ളത് വ്യത്യസ്ഥ ക്രൈസ്തവ വിഭാഗങ്ങളുടെ ദേവാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്. അവിടെയെല്ലാം കാലാ കാലങ്ങളിൽ പെരുന്നാളുകളും മറ്റും നടത്തിവരുന്നു.

കോളനികളുടെ ഒരു സങ്കേതമാണ് അതിരപ്പിള്ളി പഞ്ചായത്തെന്നു പറയാം. അതുകൊണ്ടുതന്നെ ഓരോ കോളനികളും കേരളത്തിൻെറ ഓരോ ചെറിയ പതിപ്പുകളാണ്. എക്സ് സർവ്വീസ് മെൻ കോളനി, കണ്ണങ്കുഴി പട്ടികജാതികോളനി എന്നിവ എടുത്തുപറയത്തകവിധം പരസ്പരവിരുദ്ധമായ സംസ്കാരവിശേഷങ്ങളുള്ള കേരളത്തിൻെറ നാനാ ഭാഗങ്ങളിൽനിന്നും വന്നുചേർന്നവരുടെ സമ്മിശ്ര സംസ്കാരമാണിവിടെയുള്ളത്. മറ്റൊരു പ്രധാന ജനവിഭാഗം മലക്കപ്പാറയിലെ തേയിലത്തോട്ടങ്ങളിലും വെറ്റിലപ്പാറയിലെ പ്ലാൻേറഷൻ കോർപ്പറേഷൻെറ തോട്ടങ്ങളിലും ജോലിക്കെത്തിയ തമിഴ്നാടടക്കമുള്ള വിവിധ പ്രദേശങ്ങളിൽ നിന്നെത്തിയവരാണ്. ഈ പ്രത്യേകത മറ്റ് ഒരു പഞ്ചായത്തിനും ഉണ്ടാകാനിടയില്ല. മറ്റെല്ലാ പഞ്ചായത്തുകൾക്കെല്ലാമുള്ള സ്ഥായിയായ ഒരു പരമ്പരാഗത സംസ്കാരം ഇവിടെ ഇല്ല. എന്നിരുന്നാലും മതമൈത്രികൊണ്ടും ത്യാഗസന്നദ്ധതകൊണ്ടും ഇല്ലായ്മയുടെ ലാളിത്യംകൊണ്ടും വളരെ സമാധാന ജീവിതം നയിക്കുന്നവരാണീ ഗ്രാമവാസികൾ.

വായനശാലകൾ, കലാ-കായികസമിതികൾ, പൊതുടെലിവിഷൻ വീക്ഷണനിലയങ്ങൾ, കല്യാണ മണ്ഡപങ്ങൾ എന്നിവയൊക്കെ ഈ പഞ്ചായത്തിൽ വ്യാപിച്ചുവരുന്നു. പേരെടുത്തുപറയാവുന്ന സാഹിത്യകാരൻമാരോ കവികളോ നമ്മുടെ പൂർവ്വികരായിട്ടില്ല.

പല ആനുകാലിക പ്രസിദ്ധീകരണങ്ങളും നമ്മുടെ ഗ്രാമത്തിൽ വിറ്റഴിയുന്നുണ്ടെങ്കിലും അത്തരം പ്രസിദ്ധീകരണങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽനിന്നും പുറത്തിറങ്ങുന്നില്ല. നവസാക്ഷരരുടെ രംഗപ്രവേശത്തോടെ ലളിതമലയാള പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം പുഷ്ടിപ്പെട്ടിട്ടുണ്ട്.

റേഡിയോ, ടെലിവിഷൻ, ടെലഫോൺ തുടങ്ങിയ വിനിമയ ഉപകരണങ്ങൾ ദ്രുതഗതിയിൽ വ്യാപിച്ചുവരുന്നുണ്ട്. ഡിഷ് ആൻറിനകളും റേഡിയോ ടെലഫോണുകളും മറ്റും നമ്മുടെ പഞ്ചായത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ലൈബ്രറികൾ ജനസംഖ്യാനുപാതികമായി വേണ്ടത്ര ഇല്ലെങ്കിലും ആധികാരിക വിജ്ഞാനദായകങ്ങളായ ഒട്ടേറെ പുസ്തകങ്ങൾ ശേഖരിച്ചുവച്ചിട്ടുള്ള മൂന്നോ നാലോ ലൈബ്രറികളെങ്കിലും നമുക്കുണ്ട്.

കായികരംഗത്ത് പുതിയ പ്രതികൾ വളർന്നുവരണമെങ്കിൽ അതിനു വേണ്ട ഭൗതിക സാഹചര്യങ്ങൾ ഉണ്ടാകണം. അതിരപ്പിള്ളി പഞ്ചായത്തിലെ 1,2,3,4 വാർഡുകളിലെ കുട്ടികൾക്കും യുവാക്കൾക്കും കായികമായുള്ള കളികളിലേർപ്പെടുന്നതിന് ആകെയുള്ള ഒരു ഗ്രൗണ്ട് ഗവൺമെൻറ് ഹൈസ്കൂളിനോട് ചേർന്നുള്ളതാണ് ഇവിടെ എത്തിച്ചേരുന്നതിന് 1-ാം വാർഡിലുള്ളവർക്ക് 10 കിലോമീറ്ററും 4-ാം വാർഡിലുള്ളവർക്ക് 18 കിലോമീറ്ററും യാത്രചെയ്യേണ്ടതുണ്ട്. ഈ പ്രതികൂല സാഹചര്യങ്ങളിൽപ്പോലും പ്രതിസന്ധികളെ മറികടന്ന് സംസ്ഥാന ജില്ലാതലങ്ങളിലും പ്രാദേശികതലത്തിലും മികച്ച കഴിവുകൾ പ്രകടിപ്പിച്ച സാഹസിക പ്രതിഭകൾ ഈ പഞ്ചായത്തിൽ മിന്നിത്തിളങ്ങുന്നുണ്ട്. ഇതിൽ പ്രഥമസ്ഥാനീയനായിട്ടുള്ളത് പഴയ പരിയാരം പഞ്ചായത്തിലെ വെറ്റിലപ്പാറ ഉൾപ്പെട്ട വാർഡിലെ മെമ്പറായിരുന്ന അന്തരിച്ച ശ്രീ. ചെപ്പണത്ത് ഇട്ടീരയുടെ മകനും കേരളാ പോലീസിലെ ഉദ്യോഗസ്ഥനുമായ ശ്രീ. സി. ഐ. പോൾസനാണ്. 1994-95 വർഷത്തെ സംസ്ഥാന അത്‌ലറ്റിക് മത്സരത്തിത 110 മീറ്റർ ഹർഡ്രിൽസിൽ 1-ാം സ്ഥാനം നേടി അഭിമാനകരമായി അതിരപ്പിള്ളി പഞ്ചായത്തിൻെറ നാമം സംസ്ഥാന തലത്തിലുയർത്തിപിടിച്ച ആ കായിക പ്രതിഭക്ക് സുഗമമായ മാർങ്ങളൊരുക്കി കൊടുക്കാൻ നാം എന്തുചെയ്തു എന്നൊരു നിമിഷം ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ സിറ്റി ക്ലബ്ബ് വോളിബോളിലും, വിവേകോദയം റിക്രിയേഷൻ ക്ലബ്ബ് ഫുട്ബോളിലും, സംഘവേദി ഫുട്ബോളിലും മികച്ച പ്രകടനം നടത്തിവരുന്നുണ്ട്. സിറ്റി ക്ലബ്ബിലെ കെ. വർഗ്ഗീസ് ജില്ലാതലത്തിൽ അംഗീകരിക്കപ്പെട്ട വോളിബോൾ പ്ലെയറാണ്. ശ്രീ. പി.എസ്. ബിജു ഹാൻറ് ബോളിൽ ജില്ലാതല പ്ലേയറാണ്. ശ്രീ. K.T ഭദ്രൻ ഈ പഞ്ചായത്തിൽ അത്‌ലറ്റിക് രംഗത്തും സ്പോർട്സ് രംഗത്തും പ്രതിഭകളെ കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും കൊടുത്തുകൊണ്ട് കഴിഞ്ഞ 20 വർഷത്തോളമായി നടത്തിവരുന്ന നിസ്വാർത്ഥ സേവനം വളരെ പ്രശംസനീയമാണ്. പെൺകുട്ടികളും ഈ രംഗത്ത് പേരിനെങ്കിലും ഉണ്ട്. ശ്രീമതി.P.V അനിത പഞ്ചായത്ത് തലത്തിൽ 100 മീറ്റർ റേസിൽ ഒന്നാം സ്ഥാനക്കാരിയാണ്. നാടകരചനയിലും അവതരണത്തിലും അഭിനയത്തിലും തൻേറതായ സംഭാവനകൾ ചെറുപ്പം മുതൽ നല്കിവരുന്ന ഒരനുഗ്രഹീത പ്രതിഭയാണ് ശ്രീ. പാലപ്പെട്ടി ഉണ്ണികൃഷ്ണൻ. നാടകാഭിനയം, ചിത്രരചന, ക്രോസ്കൺട്രിറേസ്, തുടങ്ങിയ മറ്റൊരു പ്രതിഭയാണ് ശ്രീ. C.V സുരേഷ് ഇവരെല്ലാം അതിരപ്പിള്ളിയുടെ പാലാഴി കടഞ്ഞുകിട്ടിയ അമൃത തുള്ളികളാണ്. ഇക്കൂട്ടത്തിൽ വെളിച്ചം കാണാതെ പ്രകാശിക്കാൻ അവസരം കിട്ടാതെ സൂര്യപ്രഭ അന്ധകാരയവനിക്കുപുറകിൽ തടയപ്പെട്ട് കഴിയുന്നവരും ഇടക്കിടെ മിന്നിമറയുന്നവരും നിരവധിയുണ്ട്. പഞ്ചായത്തിൻെറ പുതിയ സംവിധാനങ്ങൾ ഈ രംഗത്ത് ധന്യതയേകാൻ ഉണർന്നുപ്രവർത്തിക്കേണ്ടതുണ്ട്. ചെണ്ട, തപ്പ്, ക്ലാരനറ്റ്, തബല, ഫ്ലൂട്ട്, ഹാർമ്മോണിയം തുടങ്ങി വിവിധ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവർ ഈ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിൻെറ പ്രഥമ പുരുഷൻ തന്ന ഒരു ക്ലാരനറ്റ് വിദഗ്ധനാണെന്ന വസ്തുത അഭിമാനകരമാണ്. കൃസ്ത്യൻ മതസ്ഥാപനങ്ങൾ കലാരംഗത്ത് നടത്തിവരുന്ന സേവനങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. ഗായകർ, ഗായികമാർ, നടീനടന്മാർ, സാഹിത്യകാരന്മാർ കലാകാരന്മാർ, കായികതാരങ്ങൾ എന്നിങ്ങനെ ശ്രദ്ധിക്കപ്പെടാത്ത അഥവാ അവഗണിക്കപ്പെട്ടുപോയ ഒരു ജനതതി നമ്മൾക്കിടയി

ലുണ്ട്. അവരെ കണ്ടെത്താനും കൈപിടിച്ചുയർത്താനും വൈകിക്കൂട.

ആദിവാസികളുടെയും പട്ടികജാതിവിഭാഗങ്ങളുടെയും പലകലാശാഖകളും വേരറ്റു പോയ്ക്കൊണ്ടിരിക്കുന്നു. കൊയ്ത്തുപാട്ടുകൾ, ഞാറ്റുപാട്ടുകൾ, വടക്കൻപാട്ടുകൾ, തേക്ക് പാട്ടുകൾ, അലമുറകൾ എന്നിങ്ങനെ പലതും അക്കൂട്ടത്തിൽപ്പെടും- അവയെല്ലാം കൃഷിയും കൃഷിപ്പണികളുമായി ബന്ധപ്പെട്ട കലാരൂപങ്ങളാണെങ്കിൽ ആദിവാസിപ്പണികളുമായി ബന്ധപ്പെട്ട കലാരൂപങ്ങളാണെങ്കിൽ ആദിവാസികളുടെ പരമ്പരാഗതമായ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട നിരവധി പാട്ടുകളും താളങ്ങളും കലാരൂപങ്ങളുമുണ്ട്. അവയൊക്കെ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും നമുക്ക് കടപ്പാടുണ്ട്.

സ്കൂളുകളിൽത്തന്നെ വിവിധ കലാകായിക പ്രതിഭകളുടെ നാമ്പുകൾ പ്രതീക്ഷകളുയർത്തുന്ന പ്രകടനങ്ങൾ കാഴ്ചവെക്കുന്നുണ്ട്. പണിതുയർത്തിക്കൊണ്ടിരിക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിൻെറ സാംസ്കാരികരംഗം നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങളും അവക്കുള്ള പരിഹാരനിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നുവരികയുണ്ടായി.

**പ്രശ്നങ്ങൾ**

- വായനശാലകളുടെയും പുസ്തകശാലകളുടെയും കുറവുകൾ
- ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ വ്യാപനവും ആസൂത്രിതമായ ഉപഭോഗസംസ്കാരത്തിൻെറ നീരാളിപ്പിടുത്തവും മൂലമുള്ള സാസ്കാരിക അധഃപതനവും മരവിപ്പും.
- കലാകായിക രംഗത്തെ വിദഗ്ദരുടെ കുറവ്, സ്കൂളുകളിലെ ആ രംഗത്തുള്ള പരിശീലന പദ്ധതികളുടെ കുറവ്.
- കളിസ്ഥലങ്ങളുടേയും ഒത്തു ചേരാനുള്ള ഈ സൗകര്യങ്ങളുടേയും അഭാവം.
- സാമ്പത്തികമായി പിന്നോക്കാവസ്ഥയും യുവാക്കൾക്കും കുട്ടികൾക്കും കൂലിവേലക്കുപോകേണ്ടിവരുന്ന സ്ഥിതി.
- ഭൂമിശാസ്ത്രപരമായ പഞ്ചായത്തിൻെറ പ്രത്യേകത
- ഈ രംഗത്തെ ആസൂത്രണത്തിൻെറയും സംഘടനത്തിൻെറയും പങ്കാളിത്തത്തിൻെറയും പോരായ്മ.
- ഗ്രാമോത്സവം, കേരളോത്സവം തുടങ്ങിയ പേരിൽ അറിയപ്പെടുന്ന സർക്കാർതലം സാംസ്കാരിക പരിപാടികളുടെ സാമ്പത്തിക അപര്യാപ്തത.
- പരിശീലന സ്ഥാനപങ്ങളുടെയും വിദഗ്ധരുടേയും കുറവ്
- ഗ്രാമത്തിൻെറ സാമ്പത്തിക സാമൂഹ്യപിന്നോക്കാവസ്ഥ
- ജനപ്രതിനിധികളുടെ മുൻകൈ സംബന്ധിച്ച കുറവ്.

**പരിഹാരനിർദ്ദേശങ്ങൾ**

- സാസ്കാരിക രംഗത്തെ നവോത്ഥാനത്തിനുവേണ്ടി ആ രംഗത്ത് തല്പരനായ ഒരു പഞ്ചായത്തംഗത്തിൻെറ നേതൃത്വത്തിൽ ഒരു ജനകീയ കമ്മറ്റി രൂപീകരിച്ച് പദ്ധതി തയ്യാറാക്കി സമയബന്ധിതമായി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ആവശ്യമായത്ര വായനശാലകളും ലൈബ്രറികളും സ്ഥാപിക്കുകയും ജനപങ്കാളിത്തത്തോടെ അവയുടെ വികസനവും പരിപാലനവും നടത്തുക.
- സ്കൂളുകളിൽനിന്നും കലാ-കായിക പ്രതിഭകളെ കണ്ടെത്തി വിദഗ്ദവും കാലാനുസൃതവുമായ പരിശീലനം നല്കുന്നതിനുള്ള സ്ഥിരം സംവിധാനം പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഏർപ്പെടുത്തുക.
- ഈ രംഗത്ത് സർക്കാരിൻെറ വിവിധ വകുപ്പുകളും മറ്റ് സേവന ഏജൻസികളും നല്കിവരുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും മനസ്സിലാക്കിക്കൊടുക്കാൻ തല്പരരായവരുടെ ബോധവൽക്കണസെമിനാറുകൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കുക.

- കലാസാംസ്കാരിക സമിതികളുടെ പ്രവർത്തനം പഞ്ചായത്ത് നിരീക്ഷിക്കാനും അവയുടെ ന്യായ മായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും വേണ്ട സംവിധാനമുണ്ടാക്കുക.
- ജനപങ്കാളിത്തത്തോടെ സാസ്കാരിക പ്രവർ ത്തകർ മുൻകയ്യെടുത്ത് കലാ സാസ്കാരിക പ്രവർത്തനങ്ങൾ, ചിത്രപ്രദർശനങ്ങൾ, കവിയര ങ്ങുകൾ, മുതലായവ സംഘടിപ്പിക്കുക.
- ഒരു സിനിമാശാലയോ, നാടകവേദിയോ ഇല്ലാത്ത തിൻെറ പോരായ്മ നിറവേറ്റാൻ വീഡിയോ പാർ ലറുകൾ, നിശ്ചിതകാലയളവിൽ ഓരോ നാട കങ്ങൾ അരങ്ങേറാനുള്ള സ്ഥിരം വേദി എന്നിവ സംഘടിപ്പിക്കുക.
- പ്രാദേശികമായി രചിച്ച് അവതരിപ്പിക്കപ്പെടുന്ന നാടകങ്ങൾ ഉത്സവങ്ങൾക്കും പെരുന്നാളു കൾക്കും അവതരിപ്പിക്കാൻ അവസരം നല്കുക.
- കലാ-സാംസ്കാരിക-കായികരംഗങ്ങളിൽ മത്സ രങ്ങൾ സംഘടിപ്പിക്കാൻ ആ രംഗത്തു പ്രവർ ത്തിക്കുന്ന സംഘടനകളെ പ്രേരിപ്പിക്കുകയും സമ്മാനങ്ങളും പ്രോത്സാഹനങ്ങളും ഗ്രാൻറുകളും നല്കുവാൻ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തു നടപ്പാക്കുക.
- സ്കൂൾ യുവജനോത്സവങ്ങളോടനുബന്ധിച്ച് നിർദ്ധനരായ കുട്ടികൾക്ക് കലാപരിപാടികളവത രിപ്പിക്കാൻ സാമ്പത്തിക സാങ്കേതിക സഹാ യങ്ങൾ പഞ്ചായത്തിൽനിന്ന് നല്കുക.
- സ്കൂളുകളിൽ വാദ്യോപകരണങ്ങൾ, സ്പോർട്സ് സാമഗ്രികൾ മുതലായവ വാങ്ങുകയും കായിക, കലാവിഷയങ്ങളിൽ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക.
- ഒരു അച്ചടിശാല സ്ഥാപിക്കാൻ തല്പരരായവർക്ക് ധനസഹായം നല്കി പ്രേരിപ്പിക്കുക.
- ഫോട്ടോ കോപ്പിയർ യന്ത്രവും, ജോബ് ടൈപ്പിംഗ് യന്ത്രവും, ഫോട്ടോ സ്റ്റുഡിയോയും സ്ഥാപി ക്കാൻ സ്വയം തൊഴിൽ തേടുന്ന യുവതീ യുവാ ക്കളെ സഹായിച്ച് പ്രേരിപ്പിക്കുക.
- പട്ടികവർഗ്ഗ/ജാതി കോളനികളിൽ ടി.വി. സെറ്റ് നൽകാത്തിടത്ത് നൽകുകയും കേടുവന്നവ ഉട നടി റിപ്പയർ ചെയ്യാനുള്ള സംവിധാനം ഉണ്ടാ ക്കുകയും ചെയ്യുക.
- പഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ ഒരു ഇല ക്ട്രോണിക് മെക്കാനിക്കിൻെറ സേവനം ലഭ്യ മാക്കി എല്ലാ ടി.വി. കേന്ദ്രങ്ങളിലേയും ടി.വി കളുടെ പ്രവർത്തന ക്ഷമത ഉറപ്പുവരുത്താവുന്ന താണ്.
- പട്ടികജാതി/വർഗ്ഗ കോളനികളിൽ കളിസ്ഥലങ്ങ ളുണ്ടാക്കി കളിക്കോപ്പുകളും മറ്റു സാമഗ്രികളും വാങ്ങിക്കൊടുക്കുക.
- പട്ടികവർഗ്ഗ യുവാക്കളെ അവരുടെ കലാകായിക മേളകളിൽ പങ്കെടുപ്പിക്കാൻ വേണ്ട സംവിധാനമു ണ്ടാക്കുക.
- ചലചിത്രനിർമ്മാണരംഗത്ത് ഒട്ടനവധി സാദ്ധ്യ തകൾ നൽകാൻ തക്ക പ്രകൃതി സമ്പത്ത് അനുഗ്ര ഹിച്ചുകിട്ടിയിരിക്കുന്ന നമ്മുടെ പഞ്ചായത്തിലെ ഫിലിം ലൊക്കേഷനുകൾ തിട്ടപ്പെടുത്തി സാദ്ധ്യ തകൾ ആരായുക.

# പട്ടികജാതി പട്ടികവർഗ്ഗം

ജില്ലയിലെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് അതിരപ്പിള്ളി പഞ്ചായത്തിന് പ്രത്യേകതകൾ പലതുമുണ്ട്. പഞ്ചായത്തിൻെറ നീളം 74 കിലോമീറ്റർ, ജനവാസമുള്ള പ്രദേശങ്ങൾ അങ്ങിങ്ങായി ഒറ്റപ്പെട്ടുകിടക്കുന്നു. വിവിധ പട്ടികജാതി വിഭാഗങ്ങളും, പട്ടികവർഗ്ഗ വിഭാഗങ്ങളും പാർക്കുന്ന ഒട്ടേറെ കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഇന്നത്തെ അതിരപ്പിള്ളി പഞ്ചായത്ത് ഒരു കാലത്ത് വെറ്റിലപ്പാറ പഞ്ചായത്തും, അതിന് മുമ്പ് തൊട്ടടുത്ത പരിയാരം പഞ്ചായത്തിൻെറ ഒരു വാർഡും ആയിരുന്നു വെറ്റിലപ്പാറ എക്സ്സർവ്വീസ്മെൻ കോളനി സ്ഥാപിതമാകുന്നതിന് മുമ്പത്തെ ഈ പഞ്ചായത്തിൻെറ ചരിത്രം പട്ടികവർഗ്ഗവിഭാഗങ്ങളിലെ മനുഷ്യരുടെ ചരിത്രമാണെന്ന് പറയാം. അതിരപ്പിള്ളി പഞ്ചായത്തിനെ ആപാദചൂഢം പുണർന്നു കിടക്കുന്ന ആനമല റോഡിൻേറയും കിഴക്കൻ മലമടക്കിലെ തേയില എസ്റ്റേറ്റിൻേറയും ഉൽഭവം അക്കാലത്തെ ആദിവാസികളായ കണ്ണൻേറയും തേവൻേറയും മററും സജീവ പങ്കാളിത്തത്തോടെയായിരുന്നു എന്നു കാണാം.

ഈ പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ സാമൂഹ്യമായും, സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കമാണ്. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ആധിക്യവും ഈ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥക്ക് ആക്കം കൂട്ടുന്നു. സർക്കാർ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതിൽ ഈ വിഭാഗക്കാർ പ്രാപ്തരായിട്ടില്ല. ജീവിതത്തിൻെറ എല്ലാ മേഘലകളിലും ചൂഷണം അനുഭവിക്കുന്നവരാണിവർ. പട്ടികജാതിക്കാർ താരതമ്യേന മെച്ചപ്പെട്ടജീവിത പാതിയിലേക്കെത്തപ്പെട്ടിട്ടുണ്ടെന്നു പറയാം. എന്നാൽ പട്ടികവാർഗ്ഗക്കാർ കടുത്ത ജീവിതപ്രശ്നങ്ങളുടെ കയത്തിൽ നിശ്ശബ്ദം മുങ്ങിത്താഴുകയാണ്. പട്ടിണിയും ദാരിദ്ര്യവും മൂലമുള്ള രോഗങ്ങൾ, ശുദ്ധജലത്തിൻെറ അഭാവം മൂലമുള്ള രോഗങ്ങൾ എന്നിവ മിക്കവാറും പട്ടിവർഗ്ഗകോളനികളിലുണ്ട്. എത്രപട്ടിണി അനുഭവിക്കേണ്ടിവന്നാലും യാചന ഭിക്ഷാടനം ഇവയൊന്നും ഈ സമുദായക്കാരുടെ ആചാരങ്ങൾക്ക് ചേർന്നതല്ല. റേഷൻകാർഡും, വോട്ടവകാശവും, ജോലിയും, കൂലിയും, ഭൂമിയും, സർക്കാർ ആനുകൂല്യങ്ങളുമെന്നു വേണ്ട പട്ടിക വർഗ്ഗക്കാരുടെ ജനനവും മരണവും പോലും ചൂഷണവിധേയമാണ്. പലർക്കും റേഷൻ കാർഡുതന്നെയില്ല. ഉള്ള പലതും നാട്ടുകാരായ പലരുടെയും കയ്യിലോ, റേഷൻ കടക്കാരൻെറ കയ്യിലോ ആണ്. വോട്ടവകാശം, കാശിനോ കള്ളിനോ, പുകയിലക്കു പോലുമോ വില്ക്കേണ്ടിവരുന്നു. ചൂഷണത്തിൽ നിന്ന് പട്ടിക വർഗ്ഗവിഭാഗങ്ങളെ മോചിപ്പിക്കുവാനുള്ള ആത്മാർത്ഥവും ഫലപ്രദവുമായ പ്രവർത്തനം നടത്തുന്നതിന് ഒരാസൂത്രിത സംവിധാനം ഇന്നില്ല അതു ഉണ്ടാകാൻ വൈകികൂടാ.

ആദിവാസികളെന്നും ഗിരിവർഗ്ഗം എന്നും വിളിച്ചിരുന്ന വിഭാഗത്തെയാണിന്ന് പട്ടികവർഗ്ഗം എന്നപേരുകൊണ്ടുദ്ദേശിക്കുന്നത്. ഈ വിഭാഗത്തിന് ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിന് ഷോളയാർ പട്ടികവർഗ്ഗ സഹകരണസംഘം, ജില്ലാ മെഡിക്കൽ വിഭാഗം, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഒരു മൊബൈൽ ക്ലീനിക് പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനം അതിൻെറ ഗുണഭോക്താക്കളെ തൃപ്തിപ്പെടുത്താവുന്നവിധം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന പരാതി പൊതുവായുണ്ട്.

പാർപ്പിടങ്ങൾ പട്ടികജാതി-വർഗ്ഗവിഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ നിർമ്മിച്ചു നൽകുന്ന ഏർപ്പാട് നിലവിലുണ്ട്. എന്നാൽ അതും ഗുണഭോക്താക്കളുടെ പരിമിതമായ താൽപര്യങ്ങൾ പോലും നിറവേറ്റപ്പെടുന്നവിധത്തിലുള്ളവയല്ല.

വിദ്യാഭ്യാസ സൗകര്യങ്ങൾ പട്ടിക വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം കയ്യെത്താദൂരത്താണ്. വാഴച്ചാലിലെ എൽ.പി. സ്ക്കൂളിനോടനുബന്ധിച്ച ഹോസ്റ്റൽ സൗകര്യം ഉപയോഗിക്കാൻ അവസരം കിട്ടുന്ന 40 കുട്ടികൾക്കു മാത്രമാണ് യഥാർത്ഥത്തിൽ ഈ പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നത്. ഓരോ

വർഷവും ഏറിയാൽ എഴുപത് കുട്ടികൾക്കു മാത്രമാണിവിടെ പ്രവേശനം ലഭിക്കുന്നത്. ഇതിൻെറ എത്രയോ ഇരട്ടികുട്ടികൾ ഹോസ്റ്റൽ സൗകര്യത്തിൻെറ മാത്രം കുറവുകൊണ്ട് സ്ക്കൂളിൽ പ്രവേശനം ലഭിക്കാതെ വിദ്യാഭ്യാസം നേടാനാവാതെ കാട്ടിൽ അലഞ്ഞു നടക്കേണ്ടിവരുന്നു. പ്രൈമറി വിദ്യാഭ്യാസം നേടിയവർക്ക് തുടർന്ന് താമസിച്ചു പഠിക്കാൻ ഈ പഞ്ചായത്തിൽ സൗകര്യമില്ല.

കൃഷിക്കും ഭവനനിർമ്മാണത്തിനും ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാലും വനം വകുപ്പ് വനവാസികളായ പട്ടികവർഗ്ഗക്കാരുടെ താൽപര്യങ്ങൾ വേണ്ടരീതിയിൽ പരിഗണിക്കാത്തതിനാലും ഒട്ടേറെ കഷ്ടതകൾ ഇക്കൂട്ടർ സഹിക്കേണ്ടി വരുന്നുണ്ട്. വനാന്തർ ഭാഗത്തു ജീവിക്കുന്ന ഒരു മനുഷ്യ വിഭാഗം എന്നനിലയിൽ നാട്ടുകാരിൽ നിന്ന് വേർപെട്ട് കഴിയുക എന്നത് ചൂഷണത്തിൽ നിന്ന് രക്ഷനേടാനുള്ള ഒരു മാർഗ്ഗമായി എല്ലാ ആദിവാസി വിഭാഗങ്ങളും അനുവർത്തിച്ചു പോരുന്ന ഒരു രീതിയാണ് എന്നാൽ പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനത്തിൻെറ ഭാഗമായി വാഹനഗതാഗതയോഗ്യമായ റോഡരുകിലേക്ക് ആദിവാസി കുടുംബങ്ങളെ പറിച്ചു നട്ടതിൻെറ ഫലമായി ഉദ്ദേശം ഫലപ്രദമായി സാധിച്ചെടുക്കാനായില്ല എന്നു മാത്രമല്ല. ഇടത്തട്ടുകാർക്ക് പെട്ടെന്ന് ചെന്നെത്താനും വോട്ടെടുപ്പുകാലത്ത് ഒന്നടങ്കം വാരിക്കൂട്ടി കൊണ്ടുപോയി വോട്ടു ചെയ്യിക്കാനും മറ്റും സൗകര്യമാവുകയും ചെയ്തു. പൊതുധാരയിലേക്ക് പട്ടിക വർഗ്ഗക്കാരെ കൈപിടിച്ചുയർത്താൻ നടത്തിയ ശ്രമങ്ങൾ ഇക്കൂട്ടരെ "നാടനോ കാടനോ" അല്ലാത്ത ഒരവസ്ഥയിലേക്കാണ് കൊണ്ടെത്തിച്ചിരിക്കുന്നത്. ഈ പഞ്ചായത്തിൽ 12 പട്ടികവർഗ്ഗകോളനികളാണുള്ളത്. പണ്ടാരപാറ, പിള്ളപാറ, വാഴച്ചാൽ, പുകയിലപ്പാറ, പുളിയിലപ്പാറ (പെരിങ്ങൽകുത്ത്) വാച്ചുമരം, തവളക്കുഴിപ്പാറ, മൂക്കംപുഴ, അമ്പലപ്പാറ (ഷോളയാർ) അടിച്ചിൽത്തൊട്ടി, അരെക്കാപ്പ്, എന്നിവയാണവ. ഇതുകൂടാതെ വെട്ടിച്ചുട്ടകാട് എന്നൊരു കോളനിയും ഈ പഞ്ചായത്തിലുണ്ട്. ഓരോ കോളനിയിലും ഒരു പ്രത്യേക സമുദായക്കാരാണ് താമസിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ മുതുവാൻ, മന്നാൻ എന്നി സമുദായക്കാർ അതിരപ്പിള്ളി പഞ്ചായത്തിൽ മാത്രമാണുള്ളത്. കാടർ, മലയൻ, നാടോടി, മുതുവാൻ, മന്നാൻ എന്നിവയാണ് ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗവിഭാഗങ്ങൾ. കാടർ അഥവാ കാടൻ കാട്ടിൽ അലഞ്ഞുനടന്ന് ഇരതേടാനും നാട്ടുകാരിൽനിന്ന് അകന്നുനില്കാനും ഇഷ്ടപ്പെടുന്നു. ആഫ്രിക്കൻ പിഗ്മികളോട് സാദൃശ്യമുള്ള ശരീരപ്രകൃതിയാണിവരുടേത്. തടിച്ചചുണ്ടും വിടർന്ന നാസികയും ചുരുണ്ടമുടിയും രോമക്കുത്ത് കുറഞ്ഞ ദൃഢപേശികളുള്ള കറുത്തിരുണ്ട് മിനുത്ത ശരീരപ്രകൃതമാണിവരുടേത്. മീൻപിടുതതം, നായാട്ട് എന്നിവയാണ് പ്രധാന ഉപജീവനമാർഗ്ഗം ഒന്നൊ രണ്ടോ നാടൻ വളർത്തു നായ്ക്കൾ ഓരോ കുടുംബത്തോടൊപ്പം ഉണ്ടാവും. നായാട്ടിൽ സഹായിക്കാനും അപകട സാദ്ധ്യത മണത്തറിയാനും നായ്ക്കൾ സഹായിക്കുന്നു. കാട്ടുകിഴങ്ങുകളും, പഴങ്ങളും കായ്കളും, തേനും എല്ലാം ഭക്ഷിച്ച് കാട്ടിൽ സ്വൈരമായി കഴിഞ്ഞിരുന്ന ഈ കാടിൻെറ ഓമന മക്കളെ വനമദ്ധ്യത്തിലെ സുരക്ഷിത സ്ഥാനങ്ങളിൽനിന്ന് റോഡരുകിലേക്ക് കൊണ്ടുവന്നത് ആരുടെ നന്മക്കുവേണ്ടി എന്ന ചോദ്യം ഒരിടിമുഴക്കംപോലെ മനുഷ്യ മനസ്സാക്ഷിയെ കിടിലം കൊള്ളിക്കുന്നു.

**മലയൻ**

ഈ പഞ്ചായത്തിലെ മനുഷ്യചരിത്രമെഴുതുമ്പോൾ ആദ്യം എഴുതേണ്ടത് മലയൻ സമുദായക്കാരുടെ ചരിത്രമാണ്. ആദ്യമായി ഒരു വിദ്യാലയം ഈ പഞ്ചായത്തിലുണ്ടായതും അന്നത്തെ ആദിവാസി മലയൻമാരുടെ മക്കളെ വിദ്യയഭ്യസിപ്പിക്കാനുദ്ദേശിച്ചുള്ളതായിരുന്നു. നാട്ടുകാരുമായി എളുപ്പം ഇണങ്ങുന്ന ഇക്കൂട്ടർ, സൗന്ദര്യത്തിലും രൂപഭാവങ്ങളിലും നാട്ടുകാരോട് സാദൃശ്യമുള്ളവരാണ്. വനവിഭവങ്ങൾ ശേഖരിക്കൽ, കൃഷി എന്നിവയിലൊക്കെ തല്പരരാണ്. വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും ഇവരുടെ നില താരതമ്യേന ഭേദമാണ്.

**നാടോടി (ഉള്ളാടൻ)**

ജനസംഖ്യയിൽ വളരെ കുറവാണ് നാട്ടുകാരുമായി സഹകരിച്ചു കഴിയുന്നു. വനത്തിൽനിന്ന് നാട്ടിൽവന്ന് തൊഴിൽ (കൂലിപ്പണി) ചെയ്തു ജീവിച്ചു പോരുന്നു.

## മുതുവാൻ

. ഇടുക്കി ജില്ലയിൽനിന്നും പാലക്കാടു ജില്ലയിലെ പറമ്പിക്കുളത്തുനിന്നും വന്ന് കുടിൽവച്ച് താമസിക്കുന്ന അമ്പതോളം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇട മലയാർ റിസർവോയർ നിലവിൽ വന്നതോടെ ഇടുക്കി ജില്ലയുടെ വടക്കേ അതിരിൽ തൃശൂർ ജില്ലയോടടുത്ത വനാന്തർ ഭാഗത്തു കഴിഞ്ഞിരുന്ന ഇക്കൂട്ടർ ഇടുക്കിയുമായുള്ള ബന്ധം അറ്റു പോയി. പുരാതന ഗോത്ര വർഗ്ഗത്തിൽപ്പെട്ട മുതവാൻമാർ മറ്റ് ആദിവാസി വിഭാഗങ്ങളേക്കാൾ ജാതിയിൽ ഉയർന്നവരായിക്കരുതുന്നു. കൃഷിയാണ് മുഖ്യതൊഴിൽ. മഴയെ ആശ്രയിച്ചുള്ള നെൽകൃഷി മുതുവാൻ കോളനിയിൽ വ്യാപകമായിട്ടുണ്ട്. 1990ലെ സാക്ഷരത സർവ്വേ പ്രകാരം നൂറുശതമാനം നിരക്ഷരുടെ കോളനിയായിരുന്നു മുതുവാൻമാർ പാർക്കുന്ന അടിച്ചിൽത്തൊട്ടി മുതുവാൻകുടി- സാക്ഷരതാ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്താനും കുറേ കുട്ടികളെ സ്കൂളിൽ ചേർത്താനും സാധിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരാൻ മടിച്ചുനിന്നിരുന്ന ഇവർ സാക്ഷരതയുടെ കാര്യത്തിൽ ഇതര കോളനികളേക്കാൾ ഭേദമാണ്. അന്യപുരുഷന്മാരിൽനിന്നു മറഞ്ഞുനില്ക്കുന്ന സ്വഭാവക്കാരാണ് മുതുവാൻ സ്ത്രീകൾ. പെൺകുട്ടികളെ സ്കൂളിലയക്കാൻ തീരെ താല്പര്യം കാണിച്ചിരുന്നില്ല. ദീർഘനാളത്തെ പരിശ്രമത്തിൻെറ ഫലമായി പെൺകുട്ടികൾ കന്യാസ്ത്രീകൾ നടത്തുന്ന വിദ്യാലയത്തിൽ ചേർന്നു പഠിക്കാൻ തുടങ്ങിയിട്ടുണ്ട്. മുടി കെട്ടിവച്ച് മുടിക്കുമേലെ തലപ്പാവു കെട്ടി കാതിൽ കടുക്കനിട്ട് ഉടുമുണ്ട് താറുടുത്ത് ഒരു തുണിസഞ്ചി തോളിൽ തൂക്കി മൂർച്ചയേറിയ വാക്കത്തി കയ്യിലേന്തി കാടു ചുറ്റുന്ന മുതുവാൻ സത്യസന്ധതയിലും ആത്മാർത്ഥതയിലും നാട്ടുകാർക്ക് മാതൃകയാണ്. അലിഖിതമായ ഒട്ടേറെ നിയമങ്ങൾ ഇവർ കടുകിട തെറ്റിക്കാതെ പാലിച്ചുപോരുന്നു. മിക്കവീടുകളിലും നാടൻ തോക്കുണ്ട് എങ്കിലും വന്യജീവി സമ്പത്തിന് ഇക്കൂട്ടർ തീരെ ഭീഷണിയല്ല. പരമ്പരാഗതമായി സ്വരൂപം ചെയ്ത് ശുദ്ധമാക്കി സൂക്ഷിച്ചുപോരുന്ന മുതുവാൻ മാരുടെ സാമൂഹ്യനിയമങ്ങൾ പലതും നീതിയുടെ ഉന്നതമാനം പുലർത്തുന്നു. ഒരു ഉദാഹരണം നോക്കൂ. ഏതെങ്കിലും മുതുവാൻ ഒരു കാട്ടുമൃഗത്തെ വെടിവച്ചോ മറ്റോ കൊന്നു എന്നിരിക്കട്ടെ. അയാൾ ആ മൃഗത്തിൻെറ മാംസം ആ കോളനിയിലെ എല്ലാ വീടുകളിലും തുല്യമായി വീതിച്ച് എത്തിച്ചുകൊടുക്കണമെന്നു മാത്രമല്ല എല്ലാം കുടുംബങ്ങൾക്കും അത്താഴത്തിന് അരിയും വാങ്ങിക്കൊടുക്കണം എന്നാണ് ചിട്ട. ഇതുപാലിക്കാത്തവന് ഊരു വിലക്ക്, കുടിവെള്ളം നിഷേധിക്കൽ ഒറ്റപ്പെടുത്തൽ തുടങ്ങിയ ശിക്ഷാനടപടികളുണ്ട്. കാണിക്കാരനാണ് കുടിയുടെ തലവൻ. നാലോ അഞ്ചോ വെളിച്ചപ്പാടൻമാരും മന്ത്രവാദികളും കോളനിയിൽ കാണും. രോഗത്തിന് മന്ത്രവാദ ചികിത്സയും ചില പച്ചമരുന്നുകളുമുണ്ട്. പകർച്ചവ്യാധികൾ വരുമ്പോൾ രോഗം ബാധിച്ചവരെ വിട്ട് മറ്റുള്ളവർ കാട്ടിലേക്കൊളിച്ചോടും. പ്രകൃതിക്ഷോപങ്ങൾ, രോഗം, കൃഷിനാശം മുതലായവ വനദേവതയുടെ കോപം മൂലമാണെന്ന് വിശ്വസിക്കുന്നു. മന്ത്രവാദം, പൂജാ കർമ്മങ്ങൾ, ബലി (ആട്, കോഴി) മുതലായവ പരിഹാര ക്രിയകളാണിന്നും. രോഗം വന്നാൽ ചികിത്സിക്കാൻ തീരെ താല്പര്യം കാണിക്കാറില്ല. പത്തും ഇരുപതും ഏക്കർ ഭൂമി ഓരോ കുടുംബത്തിനുമുണ്ട്. മഴയെ ആശ്രയിച്ച് നെൽകൃഷി നടത്തുന്നു. പെരുവക എന്ന വിത്താണ് കൂടുതലായി ഉപയോഗിക്കുന്നത്. കൃഷി സ്ഥലം തയ്യാറാക്കുമ്പോൾ വൻ മരങ്ങൾ തീയിട്ട് ഉണക്കി കത്തിച്ച് ചാരം വളമാക്കുന്നു. ഭൂമിക്ക് വിശ്രമം നല്കിക്കൊണ്ട് വിളകൾ മാറ്റി മാറ്റി കൃഷിചെയ്യുന്നു. ഒരു വിധ വളങ്ങളും കീടനാശിനികളും ഉപയോഗിക്കാറില്ല. നെല്ല്, കപ്പ, വാഴ, പച്ചക്കറികൾ മുതലായവയും തെങ്ങ്, കുരുമുളക്, ഏലം, ഇഞ്ചിപ്പുൽ എന്നിവയും കൃഷിചെയ്തുവരുന്നു. സാമ്പത്തികമായി മെച്ചപ്പെട്ട നിലയിലുള്ള വരും ഇക്കൂട്ടരിലുണ്ട്. ഒരു പ്രത്യേക ഇനം ഈറ്റ ഉപയോഗിച്ച് മുതുവാൻ കുടിലിലെ സ്ത്രീകൾ നെയ്തെടുക്കുന്ന അതിമനോഹരമായ പായ കരവിരുതിൻെറ മകുടോദാഹരണമാണ്. കാളി, ശ്രീഅയ്യപ്പൻ, മുരുകൻ തുടങ്ങിയവരാണ് ആരാധനാ മൂർത്തികൾ. മകരമാസത്തിൽ ഉത്സവം നടത്തുന്നു. അമ്പലം താല്ക്കാലികമായി കെട്ടിയുണ്ടാക്കും ദേവി തുള്ളി വന്ന് കല്പിക്കും പ്രജകൾ ആവലാതികൾ പറയും. കോഴിയേയും ആടിനേയും കുരുതി കൊടുക്കുന്ന സമ്പ്രദായവും ഇപ്പോഴുമുണ്ട്.

1990ലെ സാക്ഷരതാ സർവ്വെയിൽ നൂറുശതമാനം നിരക്ഷരരാണെന്ന് കണ്ടെത്തിയ

അടിച്ചിൽത്തൊട്ടി മുതുവാൻ കോളനിയിലെ ആദിവാസികളെ സാക്ഷരരാക്കാനും ഒരിക്കലും വിദ്യാലയത്തിലെത്തിയിട്ടില്ലാത്ത അവരുടെ കുട്ടികളെ വാഴച്ചാലിലേയും പരിയാരത്തേയും സ്കൂളുകളിലെത്തിക്കാനും ബാഹ്യലോകവുമായി മുതുവാൻമാരെ ബന്ധപ്പെടുത്തുവാനും ഇടുക്കിജില്ലയിൽനിന്നും ഒറ്റപ്പെട്ട് തൃശൂർ ജില്ലക്കുസമീപം താമസിക്കുന്ന ഇവരെ തൃശൂർ ജില്ലയിലെ പട്ടികവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾക്കർഹരാക്കാനും മദ്യപാനം, ചൂഷണം, ഭൂമി കൈമാറ്റം, എന്നിവ പരമാവധി ഇല്ലായ്മ ചെയ്യാനും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ഏറെമുന്നേറാനും പ്രാപ്തരാക്കുന്നതിൽ കേരള കർഷകസംഘം, കാർഷികത്തൊഴിലാളിയൂണിയൻ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ശ്രീ. ടി.എസ്. മണിലാൽ, പാത്തുമ്മഉസ്മാൻ, കെ.കെ. രാമചന്ദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങൾ പ്രശംസനീയമാണ്.

**മന്നാൻ**

മത്സ്യബന്ധനവും കൃഷിയും വനവിഭവസമാഹരണവും മറ്റുമാണ് പ്രധാനതൊഴിൽ. നാട്ടുകാരായ കച്ചവടക്കാരെ ആകർഷിക്കാനും കാട്ടിൽ അവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും മറ്റും മന്നാൻമാർ താല്പര്യം കാണിക്കുന്നു. മറ്റാദിവാസി വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലേക്ക് ഇരച്ചു കയറി ആധിപത്യം സ്ഥാപിക്കുക, കൃഷിഭൂമി പിടിച്ചെടുക്കുക എന്നിങ്ങനെ കയ്യേറ്റ സ്വഭാവമുള്ള പ്രവർത്തികൾ ചെയ്യാനും ഇവർ മടിക്കാറില്ല. ഗോത്രസമുദായക്കാരായ ഇവർക്ക് രാജമന്നാൻ എന്നരാജാവും മറ്റ് സാമുദായിക ആചാര നിയമപാലന സംവിധാനവും മറ്റുമുണ്ട്.

**പ്രശ്നങ്ങൾ**

- വർഷം മുഴുൻ പട്ടിണികൂടാതെ കഴിയാവുന്ന സാഹചര്യമില്ല.
- കുടിക്കാൻ ശുദ്ധജലം കിട്ടാൻ സംവിധാനമില്ല - വൈദ്യുതി വേണ്ടത്രയില്ല.
- ചികിത്സാ സൗകര്യം പര്യാപ്തമല്ല.
- സാക്ഷരതാനിലവാരം തൃപ്തികരമല്ല. തുടർവിദ്യാഭ്യാസം നടക്കുന്നില്ല, വിദ്യാഭ്യാസം തൃപ്തികരമല്ല, കൊഴിഞ്ഞുപോക്ക് വർദ്ധിക്കുന്ന ഹോസ്റ്റൽ സൗകര്യം അപര്യാപ്തം, പഠനസൗകര്യം കുറവ്
- യാത്രാസൗകര്യം അപര്യാപ്തം
- കൃഷിമേഖലയിൽ കൂലിക്കുറവ്
- എല്ലാവർക്കും സ്വന്തം വീടില്ല
- വീടിനുള്ള ധനസഹായം തൃപ്തികരമല്ല
- സർക്കാർ പണിതുനല്കുന്ന വീടുകൾ പരിസ്ഥിതിക്ക് ചേർന്നതല്ല, ഗുണഭോക്താവിന് സ്വസ്ഥതയില്ല.
- സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കുറവ്
- പ്രകൃതിവിഭവങ്ങൾ സംസ്കരിക്കാനും വിപണനത്തിനും സംവിധാനമില്ല
- ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ല.
- അടിച്ചിൽതൊട്ടി, അരൈക്കാപ്പ്, വെട്ടിച്ചുട്ടകാട് എന്നീ ആദിവാസികോളനികൾ തൃശൂർജില്ലയിലെ ആദിവാസി കോളനികളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. അതിനാൽ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
- വനമേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല.
- വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് വനം വകുപ്പുദ്യോഗസ്ഥൻമാരിൽ നിന്നും എതിർപ്പുകൾ നിലനില്കുന്നു.
- വനവിഭവങ്ങൾക്ക് പരമാവധി വില ലഭിക്കുന്നില്ല.
- തെള്ളി, തേൻ, നെല്ലിക്ക, കുടംപുളി മുതലായവയുടെ ശേഖരണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകുന്നു.
- നാട്ടുകാർ പട്ടികവർഗ്ഗകോളനികളുമായി അനാശ്യാസബന്ധങ്ങൾ സ്ഥാപിക്കുന്നു.
- മതസ്ഥാപനങ്ങൾ പ്രലോഭിപ്പിച്ച് മതപരിവർത്തനങ്ങൾ നടത്തുന്നു. ആരോഗ്യരംഗത്ത് ആസൂത്രിതമല്ലാത്ത പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ദോഷകരമായി ബാധിക്കുന്നു.

- മൊബൈൽ ക്ലിനിക്കിൻെറ സേവനം തൃപ്തി കരവും ഫലപ്രദവുമല്ല.
- ക്ഷേമ പദ്ധതികളെക്കുറിച്ച് വേണ്ടത്രഅറിവ് ലഭിക്കുന്നില്ല.
- ഏലം കൃഷിക്ക് ചീക്ക് രോഗവും ഇലപ്പുള്ളി രോഗവും വന്ന് നാമാവശേഷമാകുന്നു.
- ഷോളയാർ പട്ടികവർഗ്ഗസഹകരണസംഘ ത്തിൻെറ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകുന്നില്ല
- വനവിഭവങ്ങളുപയോഗിച്ച് കരകൗശലവസ്തുകളും ഉപഭോക്തൃഉൽപ്പന്നങ്ങളും ഉണ്ടാക്കാൻ വനം വകുപ്പ് തടസ്സമാകുന്നു.
- മത്സ്യകൃഷി, മത്സ്യബന്ധനം എന്നിവക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് തടസ്സം നില്കുന്നു.
- കോളനികൾക്ക് അംഗീകരാം ലഭിക്കാത്തതിനാൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.
- കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.
- കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ലോണുകളും മറ്റാവശ്യങ്ങൾക്കുള്ള രേഖകളും ലഭിക്കുന്നില്ല.

**ഭവനങ്ങൾ**

കാട്ടിലെ ആദിവാസികൾ മരങ്ങളുടെ ഉയർന്ന ഭാഗങ്ങളിൽ ഏറുമാടങ്ങളുണ്ടാക്കി അതിലാണ് താമസിക്കുന്നതെന്ന ധാരണ പലരും വച്ചുപുലർത്തുന്നുണ്ട്. എന്നാൽ തദ്ദേശലഭ്യമായ വസ്തുക്കളുപയോഗിച്ച് വളരെ സൗകര്യപ്രദവും മനോഹരവുമായ വീടുകളാണ് ഇവരുണ്ടാക്കുന്നത്. ഈറ്റ, മുള, ചൂരൽ, ചെറിയ തടികൾ (കഴകൾ) എന്നിവയാണ് വീടുനിർമ്മാണ സാമഗ്രികൾ. മണ്ണുകൊണ്ട് ഉറപ്പുള്ള തറയുണ്ടാക്കി അതിൽ പരമ്പരാഗതമായ കണക്കുകൾ പ്രകാരം കാൽപ്പാദങ്ങൾകൊണ്ട് അകലം നിശ്ചയിച്ച് തൂണുകൾ സ്ഥാപിച്ച് കൃത്യമായ അളവിൽ മുറികൾക്കുള്ള അളവു നിശ്ചയിച്ച് പുരുഷൻെറ തലമുട്ടാവുന്ന ഉയരത്തിൽ ഇടബന്ധങ്ങൾ വച്ച് ഈറ്റകൊണ്ടു കഴുക്കോലുകളും ഈറ്റിലകൊണ്ട് മേച്ചിലും നടത്തി ഈറ്റപൊളിച്ചുണ്ടാക്കിയ വാരികൾകൊണ്ട് വലപോലെ നെയ്തുണ്ടാക്കി ഈറ്റ ഇലകൾ കാറ്റിൽപ്പറന്നുപോകാതെ പുരപ്പുറം ഭദ്രമാക്കി ഉറപ്പിക്കുന്നു. പുരുഷന്മാർ പകൽസമയത്ത് വീടിനകത്ത് കഴിയാറില്ല. സ്ത്രീകളും കുട്ടികളും വീട്ടിലുണ്ടാകും. വീടിനകത്ത് പ്രവേശിക്കുന്ന പുരുഷന്മാർ തലകുനിച്ചുപിടിച്ച്വേണം കടക്കാൻ. വീടിൻെറ ചുമരുകൾ ഈറ്റയും, ഈറ്റയുടെ വാരികളും ഇലകളും കൊണ്ട് കെട്ടിയുണ്ടാക്കി ഇരുവശങ്ങളും കല്ലും തരിയുമില്ലാത്ത മണ്ണുകുഴച്ച് തേച്ചുപിടിപ്പിക്കുന്നു. നാലിഞ്ച് കനമേ ചുമരുകൾക്കുണ്ടാവൂ. വീടിനകത്ത് പറങ്ങൾ, തട്ടുകൾ, അറകൾ മുതലായവ നിർമ്മിച്ച് വിത്തുകൾ, കിഴങ്ങുകൾ, മത്സ്യമാംസങ്ങൾ മുതലായവ സൂക്ഷിച്ചുവക്കുന്നു. അടുക്കളയോടടുത്ത ഭാഗത്ത് ഞെരിപ്പോടുണ്ടാക്കി രാത്രിമുഴുവൻ തീയെരിച്ചുകൊണ്ടിരിക്കും. ആരെങ്കിലും രോഗം ബാധിച്ചു കിടക്കുന്നുണ്ടെങ്കിൽ പകൽസമയത്തും തീയെരിക്കും. വീടിനകത്ത് സുഖകരമായ താപം നിലനില്കാനും വസ്ത്രങ്ങളിൽ പറ്റിയ മഴയുടേയും വിയർപ്പിൻെറയും ഈർപ്പം മാറ്റാനും രക്തം കുടിക്കുന്ന കീടങ്ങളെ അകറ്റിനിർത്താനും വീടിനെ കീടങ്ങളിൽനിന്നും ചിതലിൽനിന്നും സംരക്ഷിക്കാനും സർവ്വോപരി കാട്ടുമൃഗങ്ങൾ അടുത്തുവരാതിരിക്കാനും തീയെരിക്കൽകൊണ്ട് കഴിയുന്നു. തറമിനുസപ്പെടുത്താൻ പരമ്പരാഗതരീതിയിൽ മണ്ണ് തന്നെയാണ് ഉപയോഗിക്കുന്നത്. ഇടക്കിടെ മണ്ണ് വെള്ളത്തിൽ കലക്കി മെഴുകാറുണ്ട്. കട്ടൻചായ (പാൽ ചേർക്കാത്തത്) എപ്പോഴും തിളപ്പിച്ച് കഴിച്ചുകൊണ്ടിരിക്കും, അലുമിനിയം, സ്റ്റെയിൻലസ്സ്റ്റീൽ പാത്രങ്ങളാണ് ഉപയോഗിക്കുന്നത്. ഭക്ഷണം കഴിക്കാൻ ചെറിയ മുറങ്ങളിൽ വാഴയിലവച്ച് അതിൽ ചോറും കറിയും വിളമ്പുന്ന രീതിയുമുണ്ട്. വിവാഹത്തിന് സ്ത്രീധനത്തിൻേറയോ ആഭരണങ്ങളുടേയോ പ്രശ്നമൊന്നുമില്ല. കുപ്പിവളകളും കല്ലുമാലകളും നാണയങ്ങൾ വിളക്കിച്ചേർത്ത മാലകളും മററുമാണ് പ്രധാന ആഭരണങ്ങൾ. പുതുവസ്ത്രങ്ങൾ വാങ്ങാനും സദ്യനടത്താനുമുള്ള പണമുണ്ടായാൽ വിവാഹം നടത്താം. എന്നാൽ വിവാഹപ്രായവും പ്രാപ്തിയുമാണ് പ്രധാനം. സ്വന്തമായി വീടുകെട്ടാൻ, വേട്ടയാടാൻ, ആചാരാനുഷ്ഠാനങ്ങൾ നടത്താൻ എന്നുവേണ്ട പൂർവ്വികന്മാർ ചെയ്തുപോന്ന എല്ലാ കർമ്മ പ്രവർത്തികളും കുറ്റമില്ലാതെ ചെയ്യാൻ പഠി

ച്ചാലേ പെണ്ണ് കിട്ടൂ. സ്ത്രീക്കും ഇതുപോലെ കാടിലെ ജീവിതത്തിന് ഒരു സ്ത്രീ അനുഭവിക്കേണ്ട എല്ലാ പ്രവൃത്തികളും തെറ്റുകൂടാതെ ചെയ്യാൻ പഠിച്ചാലേ വിവാഹത്തിന് പ്രാപ്തിയായി കണക്കാക്കൂ. ഓരോ ആദിവാസി സ്ത്രീയും പുരുഷനും സ്വാശ്രയശേഷി നേടിയിരിക്കണം. സർക്കാരിൽനിന്ന് പണിതുകൊടുക്കുന്ന വീടുകൾക്കൊന്നും മേൽപ്പറഞ്ഞ സൗര്യങ്ങളില്ല.

**പരിഹാരമാർഗ്ഗങ്ങൾ**

- കൃഷിചെയ്യാവുന്ന വനഭൂമിയും, വൈദ്യുതപദ്ധതി പ്രദേശങ്ങളിലെ ടവർലൈനുകളുടെ ചുവട്ടിലെ ഭൂമി വൻകിടക്കാർക്ക് ലേലം ചെയ്തു കൃഷിക്കു നൽകുന്ന രീതി മാറ്റി തദ്ദേശവാസികളായ പട്ടികജാതി/വർഗ്ഗകാർഷിക തൊഴിലാളികൾക്ക് കൃഷിക്കുനൽകണം.

- പുഴയോരങ്ങളിലെ വെള്ളക്കെട്ടുള്ള ചതുപ്പു വനഭൂമികൾ നെല്ല്, പച്ചക്കറി കൃഷികൾക്ക് തല്പരരായ പട്ടികജാതി/വർഗ്ഗകൃഷിക്കാർക്ക് നല്കുകയും ഭൂമികൃഷിയോഗ്യമാക്കുന്നതിനും, വിത്തും വളവും മറ്റു കാർഷികവസ്തുക്കളും ഉപകരണങ്ങളും സാങ്കേതിക വിദ്യയും ലഭ്യമാക്കണം. പിള്ളപ്പാറ, വാഴച്ചാൽ, പൊകലപ്പാറ, വാച്ചുമരം, മുക്കംപുഴ, തവളക്കഴിപ്പാറമുക്കംപുഴഅടിച്ചിലിൽ തൊട്ടിപ്രദേശങ്ങളിൽ ധാരാളം ഭൂമിയുണ്ട്.

- സൗജന്യ റേഷൻ പട്ടിണികാലങ്ങളിൽ കൃത്യമായി വിതരണം ചെയ്യണം.

- പട്ടികജാതി/പട്ടികവർഗ്ഗസഹകരണസംഘങ്ങളിൽ ബാങ്കിംഗ്/നിക്ഷേപ സൗകര്യങ്ങൾ ഏർപ്പെടുത്തി തൊഴിലും വരുമാനവുമുള്ള കാലങ്ങളിൽ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നിത്യ ചിലവിന് കഴിച്ച് ബാക്കിവരുന്ന പണം സംമ്പാദിക്കാൻ സൗകര്യം ചെയ്തുകൊടുക്കുകയും, പണമിടപാടുകളും കൊടുക്കൽ വാങ്ങലുകളും ഈ സഹകരണസംഘങ്ങൾ വഴി ആക്കാൻ പ്രേരിപ്പിക്കുകയും വേണം.

- വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവിനും, ജീവിത ചിലവിൻെറ ഉയർച്ചക്കും അനുസരിച്ച് ആനുപാദികമായി വിലവർദ്ധിപ്പിച്ചുനല്കണം.

- സഹകരണസംഘം വഴി നല്കുന്ന ബോണസ്സ് പഞ്ഞ മാസങ്ങളിൽ നല്കണം.

- കുടിവെള്ളം മൂലമാണ് രോഗപകർച്ച ഏറ്റവും കൂടുതൽ ഉണ്ടാകുന്നത്. ശുദ്ധജലം ലഭ്യമാക്കാനുള്ള പദ്ധതികൾ ഏറ്റവും മുൻഗണനനല്കി നടപ്പാക്കണം. വനാന്തർഭാഗത്ത് ലഭ്യമായ ശുദ്ധജലസ്രോതസ്സുകൾ പരിഷ്കരിച്ച് ലാഭകരമായി കോളനികളിൽ വെള്ളമെത്തിക്കാം. മുക്കംപുഴ, അടിച്ചിൽത്തൊട്ടി, അരൈക്കാപ്പ് എന്നിവിടങ്ങളിൽ ഫലപ്രദമായി ഈ പദ്ധതി നടപ്പാക്കാൻ സൗകര്യമുണ്ട്. അടിച്ചിൽത്തൊട്ടി മുതുവാൻ കുടിയിൽ 45 കുടുംബങ്ങൾ ഒന്നരകിലോമീറ്റർ നീളത്തിൽ ഈറ്റക്കുഴലുകൾ ബന്ധിപ്പിച്ച് മലമുകളിലെ നീരുറവയിൽനിന്ന് വെള്ളമെടുത്ത് വേനൽക്കാലത്തെ കുടിവെള്ളപ്രശ്നത്തിന് താല്കാലികമായി പരിഹാരം കണ്ടെത്തിയിട്ടുണ്ട്.

- ഇടുക്കി ജില്ലയുടെ ഭൂപരിധിക്കടുത്തുകിടക്കുന്ന അടിച്ചിൽത്തൊട്ടി, അരൈക്കാപ്പം കോളനികളെ തൃശൂർ ജില്ലയുടെ ഭരണപരിധിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്തിലെ അംഗീകാരമില്ലാത്ത എല്ലാ പട്ടികജാതി പട്ടികവർഗ്ഗകോളനികൾക്കും അംഗീകാരം നല്കണം. വൈദ്യുതി എത്തിക്കാൻ സൗകര്യമുള്ള കോളനികളിൽ ഉടൻ എത്തിക്കുകയും അല്ലാത്തപ്രദേശങ്ങളിൽ പ്രാദേശിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മൈക്രോ വൈദ്യുതി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും സോളാർ ഊർജ്ജം ലഭ്യമാക്കുകയും വേണം. അടിച്ചിൽത്തൊടി, മുക്കംപുഴ, വാച്ചുമരം, തവളക്കുഴിപ്പാറ എന്നിവിടങ്ങളിൽ മൈക്രോ ജലവൈദ്യുതി പദ്ധതികൾക്ക് സൗകര്യങ്ങളുണ്ട്.

- പട്ടികജാതി/വർഗ്ഗ കോളനികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ ബോധവൽക്കരണത്തിലൂടെ മദ്യം, പുകയില, മുളക്, മുതലായവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുവാൻ ഏർപ്പാടുണ്ടാക്കുകയും പച്ചക്കറി, നെല്ല് മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും വേണം.

- പട്ടികജാതിക്കാർക്ക് നല്കിയിരിക്കുന്ന കോളനി പ്രദേശങ്ങളിൽക്കൂടി പട്ടികവർഗ്ഗക്കാർക്കുവേണ്ടി

ഏർപ്പെടുത്തിയിരിക്കുന്ന മൊബൈൽ ക്ലിനിക്കിൻെറ സേവനം ലഭ്യമാക്കണം. ഇപ്പോൾ തൃശൂർ നിന്ന് പുറപ്പെട്ട് മലക്കപ്പാറവരെ എത്തുന്ന മൊബൈൽ ക്ലിനിക്ക് വെറ്റിലപ്പാറ പി.എച്ച്. സബ്സെൻററിൻെറ കീഴിലാക്കുകയും ആവശ്യത്തിനുള്ള മരുന്നുകളും മറ്റ് ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു പരിഷ്കരിക്കണം.

- പട്ടികജാതി/വർഗ്ഗ വകുപ്പുകൾ സഹകരിച്ച് ഈ പഞ്ചായത്തിന് ഒരു ആംബുലൻസ് കം ക്ലിനിക്കൽ ലബോറട്ടറി ലഭ്യമാക്കുകയും നിശ്ചിത ദിവസങ്ങളിൽ ഓരോ കോളനിയിലും ചികിത്സാ സൗകര്യം ലഭ്യമാക്കുകയും വെറ്റിലപ്പാറ പി.എച്ചിൻെറ കീഴിൽ പ്രവർത്തിക്കുകയും അലോപ്പതി ചികിത്സക്കുപുറമെ, ആയുർവ്വേദ ചികിത്സകൂടി മൊബൈൽ ക്ലിനിക്കുകൾ വഴി എത്തിക്കുക.
- പട്ടികജാതിവർഗ്ഗകോളനികളുടെ ഏതാണ്ട് മദ്ധ്യഭാഗമായ വാച്ചുമരത്ത് വനംവകുപ്പ് ഉപേക്ഷിച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ ഏറ്റെടുത്ത് പട്ടികവർഗ്ഗവിഭാഗങ്ങളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടിയ ആസ്പത്രി സ്ഥാപിക്കണം (സർക്കാരിൽ മുമ്പ് നിർദ്ദേശം വച്ചിട്ടുണ്ട്)
- ദാരിദ്രജന്യരോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സ നല്കുകയും പച്ചിലക്കറികൾ, പച്ചക്കറികൾ മുതലായവ ഉപയോഗിക്കുന്ന സ്വഭാവം പ്രോത്സാഹിപ്പിക്കാൻ നടപടികളെടുക്കണം.
- പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ പരമ്പരാഗത ചികിത്സാരീതി പ്രോത്സാഹിപ്പിക്കാനും വേരറ്റുപോകാതെ പരിഷ്കരിച്ചു സംരക്ഷിക്കാനും ഏർപ്പാടുണ്ടാക്കണം.
- പച്ചമരുന്നുകളും, പച്ചിലമരുന്നുകളുടേയും ഉപയോഗരീതികളും കൃഷിരീതികളും പരിശീലിപ്പിച്ച് മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ സഷ്ടിക്കാനും സാധിക്കും.
- തുടർസാക്ഷരത പരിപാടി പുനരാരംഭിക്കുകയും വനാന്തർഭാഗങ്ങളിലെ ഏകാദ്ധ്യാപകവിദ്യാലയങ്ങൾ സ്ഥാപിക്കുകയും ഉച്ചഭക്ഷണം നല്കി വിദ്യാർത്ഥികളെ ഈ വിദ്യാലയങ്ങളിൽ വരാൻ പ്രേരിപ്പിപ്പുകയും വേണം.
- വിദ്യാഭ്യാസം നേടിയ യുവതീ യുവാക്കളുള്ള കോളനികളിൽ അവരെ ഉപയോഗപ്പെടുത്തി ട്യൂഷൻ ക്ലാസ്സുകൾ വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ, സാക്ഷരതാ കേന്ദ്രങ്ങൾ മുതലായവ ഏർപ്പെടുത്തണം. പ്രോത്സാഹനവുമായി പഠിതാക്കൾക്ക് പാരിതോഷികങ്ങളും, ലഘുഭക്ഷണവും മറ്റും വിതരണം ചെയ്യുവാൻ ഏർപ്പാടുണ്ടാക്കണം. അദ്ധ്യാപകർക്ക് ഓണറേറിയം നല്കണം.
- വാഴച്ചാലിലെ ട്രൈബൽ ഹോസ്റ്റലിൻെറ ശേഷി 40 കുട്ടികളിൽനിന്നും 100 കുട്ടികളെങ്കിലുമായി ഉയർത്തണം.
- വാഴച്ചാലിലേയും പെരങ്ങൽകുത്തിലേയും സ്കൂൾ ജീവനക്കാർക്ക് താമസസൗകര്യം ഏർപ്പെടുത്തണം.
- കൃഷിയും മറ്റ് സാങ്കേതിക വിദ്യകളും അഭ്യസിപ്പിക്കുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സർക്കാർ ഉടമയിൽ സ്ഥാപിക്കുകയും പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് കൂടുൽ പരിശീലന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുന്നതുവഴി കൃഴി വ്യാപിക്കാനും ചെറുകിട/കുടിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനും വനവിഭവങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗപ്പെടുത്തുവാനും കഴിയും.
- ലാഭനഷ്ടം നോക്കാതെ കോളനികളുടെ സമീപത്തുകൂടി കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ് ആരംഭിക്കുകയാണെങ്കിൽ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും സൗകര്യപ്രദമായിരിക്കും.
- കാലാനുസൃതമായ കൂലി ലഭിക്കാത്ത പ്രദേശങ്ങളിൽ തൊഴിൽ വകുപ്പ് ഇടപ്പെട്ട് ന്യായമായ കൂലി ലഭ്യമാക്കുന്നതിനും തൊഴിലാളി സംഘടനകൾ വക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും സംവിധാനമുണ്ടാകണം.
- പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് കാട്ടിലെ വിവിധ തൊഴിലുകൾ ഉറപ്പാക്കണം വനം വകുപ്പിൻെറ കീഴിലും മറ്റു പലവകുപ്പുകളുടെ കീഴിലും വന

പ്രദേശത്തു നടക്കുന്ന തൊഴിലുകൾ പട്ടികവർഗ്ഗക്കാരെ കിട്ടാനില്ലാത്ത അവസ്ഥയിൽ മാത്രമെ പുറമെയുള്ളവർക്ക് നല്കാവൂ. പട്ടിക വർഗ്ഗക്കാരെ കിട്ടാത്ത സാഹചര്യത്തിൽ പട്ടികജാതിക്കാർക്ക് മുൻഗണന നല്കണം.

- വീടുകൾ നിർമ്മിക്കുമ്പോൾ ഗുണഭോക്താവിൻെറ പ്രായോഗിക നിർദ്ദേശങ്ങൾ അനുസരിച്ചുവേണം പ്ലാനുകൾ തയ്യാറാക്കാൻ. പ്രാദേശികമായി ലഭ്യമാവുന്നതും ഗുണഭോക്താവു നിർദ്ദേശിക്കുന്നതുമായ വസ്തുക്കൾ വീടുപണിക്കുവേണ്ടി പരിഗണിക്കണം. ചുരുങ്ങിയ ചിലവിൽ വനപ്രദേശങ്ങളിൽ കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ച് സൗകര്യപ്രദമായ വീടുകൾ പണിയാനുള്ള പരമ്പരാഗത സാങ്കേതികവിദ്യ മിക്കാവാറും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വശമാണ്. ആ സങ്കേതങ്ങൾ ആധുനിക സാങ്കേതികവിദ്യകളുമായി സംയോജിപ്പിച്ച് സൗകര്യപ്രദമായ വളരെ ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കാനാവും. കോൺക്രീറ്റ്, ഓട്, വിവിധയിനം ഷീറ്റുകൾ എന്നിവകൊണ്ടു ഈ വീടുനിർമ്മാണം പരമാവധി നിരുത്സാഹപ്പെടുത്തണം. പരമ്പരാഗതമായ രീതിയിൽ പരിസ്ഥിതിക്കിണങ്ങിയതും, തദ്ദേശ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചുള്ളതും, സുരക്ഷിതവും, ഗുണഭോക്താവിന് തൃപ്തികരവുമായ വീടുകൾ നിർമ്മിക്കുവാൻ വേണ്ട സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കണം.
- ചിലവുകുറഞ്ഞ വീടുകൾ പ്രാദേശിക വിഭവങ്ങൾ കൊണ്ട് നിർമ്മിക്കുകയും ആവശ്യമായ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടത്തുകയും ചെയ്യണം.
- ഗിരിജനങ്ങൾക്ക് സ്വതന്ത്രമായി കാട്ടിൽ ജീവിക്കാൻ സാതന്ത്ര്യം നൽകണം.
- നാട്ടുകാരുടെ ഇടപെടലുകൾ അതിക്രമങ്ങളും കോളനികളിൽനിന്നും ഒഴിവാക്കണം.
- പട്ടികജാതി/വർഗ്ഗകാർ ഉൽപ്പാദിപ്പിക്കുന്നതും ശേഖരിക്കുന്നതുമായ കരകൗശല വസ്തുക്കളും വനവിഭവങ്ങളും സംസ്കരിക്കാനുള്ള സൗകര്യം കോളനിപ്രദേശത്തുണ്ടാകണം.
- പനമ്പ് ഉപയോഗിച്ച് ബാംബൂ പ്ലൈ ഉണ്ടാക്കുന്ന ഫാക്ടറി, വാഴ/കൈത ഇവയുടെ നാരുകൊൾ കൊണ്ടുള്ള കരകൗശല വസ്തുക്കൾ തേൻ, തെള്ളി, പത്രിപ്പൂവ്, മെഴുക്, പുളിഞ്ചിക്ക മുതലായവ ഉപയോഗിച്ച് വിവിധ ഉപഭോക്തൃ വസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കുന്നതുവഴി വനവിഭവങ്ങളിൽനിന്ന് പരമാവധി വരുമാനം പട്ടികവർഗ്ഗക്കാർക്കുണ്ടാവുന്നതാണ്.
- വിവിധ ഇനം പനമ്പുകൾ കുട്ടകൾ, പായകൾ, വട്ടികൾ മുതലായവയും മറ്റുകര കൗശലവസ്തുക്കളും നിർമ്മിക്കാൻ ആദിവാസി സ്ത്രീകൾക്കറിയാം. അവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കുടിൽ വ്യവസായമായി ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാം.
- നെല്ലിക്ക, കാട്ടുമാങ്ങ, ചക്ക, കൊടംപുളി തുടങ്ങിയ ഭക്ഷ്യയോഗ്യമായ വനവിഭവങ്ങൾ ഉപയോഗിച്ച് സംസ്കരിച്ച ഭഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ തുടങ്ങുക
- കൃഷി പ്രധാന തൊഴിലായ പട്ടികവർഗ്ഗകോളനികളായ അടിച്ചിൽത്തൊട്ടി, തവളക്കുഴിപ്പാറ എന്നിവിടങ്ങളിൽ തടയണകെട്ടി ജലംസംഭരിച്ച് നെൽകൃഷി ഒരുപൂവിൽനിന്നും 3 പൂവായി ഉയർത്താൻ സാധിക്കും.

**പട്ടികജാതി**

ഈ പഞ്ചായത്തിൽ പട്ടികജാതിക്കാർ താമസിക്കുന്നത് അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനടുത്ത കണ്ണൻക്കുഴി കോളനിയിലാണ്. 1969ൽ ശ്രീ. എം.കെ. കൃഷ്ണൻ മന്ത്രിയായിരുന്ന ഇടതുപക്ഷമുന്നണി മന്ത്രിസഭയുടെ കാലത്ത് 97 പട്ടികജാതി കുടുംബങ്ങളെ ഈ കോളനിയിൽ അര ഹെക്ടർ ഭൂമിവീതം നല്കി പുനരധിവസിപ്പിച്ച് കാർഷികത്തൊഴിലാളികളായ പട്ടികജാതിക്കാരാണ് കോളനി നിവാസികൾ. തെങ്ങ്, വാഴ, കൈത മുതലായവയും മാവ്, കശുമാവ്, റബ്ബർ, കവുങ്ങ് കപ്പ മുതലായവ പരിമിതമായും കൃഷി ചെയ്തുവരുന്നു. 1992ൽ ചാലക്കുടി പുഴയിൽനിന്നും വെള്ളം പമ്പുചെയ്ത് ജലസേചനം നടത്താൻ ഒരു പദ്ധതി നടപ്പിലാക്കിയതോടെ കൃഷികൾ അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ട അഞ്ച് സെൻറ് ഭൂമി ശ്രീ. ടി.എസ്. മണിലാൽ എന്ന

വ്യക്തി സൗജന്യമായി നല്കിയതാണ്. ജലസേചനസൗകര്യം ഇനിയും വിപുലമാക്കേണ്ടതുണ്ട്. കാർഷികത്തൊഴിലാളികൾ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവിക്കുന്നു. ഒരു പട്ടികജാതി സഹകരണസംഘം ശ്രീ. കെ.കെ അച്ചുതൻ പ്രസിഡണ്ടായി ഈ പ്രദേശത്തു പ്രവർത്തിക്കുന്നുണ്ട്. ഈ സംഘത്തിൻെറ പ്രവർത്തനം ശക്തമാക്കി കാർഷിക രംഗത്ത് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കി തദ്ദേശവാസികളുടെ തൊഴിലില്ലായ്മക്ക് പരിഹാരം കാണാം. പച്ചക്കറികൾ പച്ചമുളക്, ചീര മുതലായവയുടെ കൃഷി വ്യാപിപ്പിക്കാൻ പറ്റിയ സാഹചര്യമുണ്ട് കൃഷി ചെയ്യാതെ കിടക്കുന്നു ഭൂമികൾ പാട്ടത്തിനെടുത്ത് സംഘത്തിൻെറ കീഴിൽ കൃഷി നടത്താവുതാണ്. ടൂറിസവുമായി ബന്ധപ്പെട്ട മേഖലയിൽ, ഇളനീർ പാർലറുകൾ, ശീതള പാനീയ നിർമ്മാണം, വിപണനം, ഇറച്ചിക്കോഴി വളർത്തൽ വില്പന ഫോട്ടോഗ്രാഫി, ടെലഫോൺ ബൂത്ത്, കളിപ്പാട്ടനിർമ്മാണം വില്പന, പനമ്പു നെയ്ത്, ഓലനെയ്ത്ത്, കൊപ്രമില്ല്, സോപ്പ് നിർമ്മാണയൂണിറ്റ്, സ്കൂട്ടർടാക്സി, ഓട്ടോറിക്ഷ, ടൂറിസ്റ്റ് ഗൈഡ് ലഘുഭക്ഷണശാലകൾ ഇങ്ങനെ ടൂറിസ്റ്റുകൾക്കാവശ്യമായ വസ്തുക്കളുടെ നിർമ്മാണം വില്പന എന്നിവയിലൂടെ തൊഴലവസരങ്ങൾ സൃഷ്ടിക്കാനും സാമൂഹ്യപുരോഗതികൈവരിക്കാനും സാധിക്കും. കൂലിപ്പണിക്ക് പുരുഷന്മാരോടൊപ്പം സ്ത്രീകളും പോകുന്നു. ടൂറിസം വ്യവസായരംഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ തൊഴിലുകൾ ഭാഗീകമായി ലഭിക്കുന്നുണ്ട്. 1990ൽ ഈ രംഗത്ത് ടൂറിസ്റ്റ് ഹോമുകളുടേയും കോട്ടേജുകളുടേയും പണികൾ ആരംഭിച്ചുവെങ്കിലും 1994 ശ്രീമാൻ ഇ. രാധാകൃഷ്ണൻ ഉടമസ്ഥതയിലുള്ള റിച്ച്മണ്ട് റിസോർട്ട്സ് എന്ന സ്ഥാപനം ആരംഭിച്ചതോടെ ഈ പ്രദേശത്ത് വലിയൊരു ഉണർവ്വുണ്ടായി ഈ സ്ഥാപനം അതിരപ്പിള്ളിയിൽ സ്ഥാപിക്കുന്നതിന് ശ്രീ. ടി.എസ്. മണിലാൽ സ്തുത്യർഹമായ പങ്കു വഹിച്ചിട്ടുണ്ട്. ഭൂമിയുടെ വിലയിൽ ഈ സ്ഥാപനത്തിൻെറ വരവോടെ വളരെ വലിയ വർദ്ധനവുണ്ടായി. തദ്ദേശവാസികൾ പലരും നല്ല വിലക്ക് ഭൂമികൾ വിൽക്കാൻ ഇതുവഴി വച്ചു. ബ്ലുമിൻ അക്വാമിനറൽ എന്ന സ്ഥാപനം ശ്രീമാൻ. രമേഷ് എന്ന വ്യക്തി ഈ പ്രദേശത്തു സ്ഥാപിച്ചിട്ടുണ്ട്. സ്പ്രിംഗ് വാലി ഹോളിഡേഹോം എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. ടൂറിസത്തിൻെറ മേന്മ മുതലാക്കാൻ തദ്ദേശവാസികൾക്കു സാധിച്ചിട്ടില്ല. ഈ പ്രദേശത്തെ തൊഴിലാളി തൊഴിലുടമാ ബന്ധം തൃപ്തികരമാക്കേണ്ടത് നിർമ്മാണ പ്രവർത്തനത്തിന് അത്യാവശ്യമാണ്.

അതിരപ്പിള്ളി പഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ പേരുകൾ താഴെ പറയുന്ന പ്രകാരമാണ്.

പുലയൻ

പറയൻ

വേലൻ

പാണൻ

കവറ

കണക്കൻ

വേട്ടുവ

പാണ്ടിപ്പറയൻ

ചക്ലിയൻ

മലക്കപ്പാറ ഭാഗത്ത് തമിഴ്നാട്ടിൽനിന്ന് കുടിയേറിയ പട്ടിജാതി വിഭാഗങ്ങളും ഇതിൽപ്പെടുന്നുണ്ട്. തേയിലത്തോട്ടങ്ങളിലെ തൊഴിലാളി കുടുംബങ്ങളാണിവരുടേത്. പലരും താല്കാലിക ജോലിക്കാരാണ്. വളരെ കഷ്ടപ്പെട്ടാണ് ജീവസന്ധാരണം നടത്തുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത ഇവർ തേയിലത്തോട്ടങ്ങളിലെ ക്വാർട്ടേഴ്സുകളിലും റോഡുപുറമ്പോക്കിലുമായി താമസിക്കുന്നു. ഇവരുടെ പ്രാഥമികാവശ്യങ്ങൾ പോലും നിറവേറ്റപ്പെടാൻ ബാക്കി കിടക്കുന്നു. അടിയന്തിരമായി കുടിവെള്ളം, വീടുവെക്കാനുള്ള സ്ഥലം വീട് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. തൊഴിലില്ലായ്മ രൂക്ഷമാണ്.

# വനിത

അതിരപ്പിള്ളി പഞ്ചായത്തിൽ പൊതുവെ സ്ത്രീകൾ പുരുഷൻക്കൊപ്പം രംഗത്തുണ്ട് എന്നുപറയാം. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളി കുടുംബങ്ങളിലേയും ദരിദ്രകർഷകകുടുംബങ്ങളിലേയും പുരുഷൻമാരോടൊപ്പം സ്ത്രീകളും തൊഴിലുകളിൽ പങ്കാളികളാകാറുണ്ട്. അവകാശസമരങ്ങളിലും പൊതു പ്രശ്നങ്ങളിലും നേരിട്ടു പങ്കെടുക്കുകയും പ്രതികരിക്കുകയും ചെയ്യുന്നകാര്യത്തിലും സ്ത്രീകൾ പുറകിലല്ല എന്നിരുന്നാലും. മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതിയുടേയും പഴയ ഫ്യൂഡൽ വ്യവസ്ഥിതിയുടേയും അവശിഷ്ടങ്ങൾ ഈ പഞ്ചായത്തിലും നിലനിൽക്കുന്നുണ്ട്. സാമൂഹ്യമായി പുരുഷനോടൊപ്പം സ്ത്രീകൾ മന്നോട്ടുവരുന്നത് ധിക്കാരപരമായ ഒരു നടപടിയായി പൊതുവെകരുതപ്പെടുകയും സ്ത്രീ, പുരുഷന് അല്പം പിന്നിലായി നിൽക്കേണ്ടവളാണ് എന്ന ധാരണ നിലനിൽക്കുകയും ചെയ്യുന്നു. സാധാരണ മനുഷ്യൻ ചൂഷണം അനുഭവിക്കുമ്പോൾ സ്ത്രീകളെ സംബന്ധിച്ചുടത്തോളം ഈ വക ചൂഷണങ്ങൾക്കുപുറമെ പുരുഷൻ സ്ത്രീകളുടെമേൽ മേധാവിത്വം അടിച്ചേല്പിക്കുന്നതു മൂലമുള്ള ചൂഷണം കൂടി സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നു.

വീടിനോടനുബന്ധിച്ച നിരവധി പണികൾ സ്ത്രീകൾ നിത്യേനചെയ്തു പോരുന്നുണ്ട്. അതിരാവിലെ മറ്റുകുടുംബാംഗങ്ങളേക്കാൾ നേരത്തെ എഴുന്നേറ്റ് കുടുബാംഗങ്ങളെ പരിചരിക്കാനും പരിസരം വൃത്തിയാക്കാനും കുടിവെള്ളം കൊണ്ടുവരാനും ആരംഭിക്കുന്ന സ്ത്രീയുടെ പ്രവർത്തിദിവസം അർദ്ധരാത്രിയോളം നീണ്ടുപോകുന്നു. പക്ഷിമൃഗാദികളുടെ പരിപാലനം, പാചകം, തുണികഴകൽ ഇസ്തിരിയിടൽ, രോഗികളെ പരിചരിക്കൽ ഇങ്ങനെ എത്രയെത്ര ജോലികൾ.

ഇത്രയൊക്കെ കഠിനാദ്ധ്വാനം യാതൊരു പരാതികളും കൂടാതെ നിർവ്വഹിച്ചു പോരുന്ന സ്ത്രീക്ക് പലപ്പോഴും അവഗണനകളും, പരാതികളും, കുറ്റപ്പെടുത്തലുകളുമാണ് പ്രതിഫലം സ്വയം തൊഴിൽ രംഗത്തും ഈ പഞ്ചായത്തിൽ ധാരാളം സ്ത്രകൾ കടന്നുവരാൻ തുടങ്ങിയിട്ടുണ്ട്. തയ്യൽ , പനമ്പ് കൊട്ട നിർമ്മാണം, പലഹാര നിർമ്മാണം, തുടങ്ങിയ സ്വയം തൊഴിലുകളും ടൂറിസവുമായി ബന്ധപ്പെട്ട വില്പന ശാലകളും സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. മാതൃ സംഘങ്ങൾ, സ്കൂളിലെ മാതൃസംഗമം തുടങ്ങി സ്ത്രകൾ സാമൂഹ്യരംഗത്തക്ക് ഇറങ്ങിവന്നു പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളും വിവിധ രാഷ്ട്രീയ കക്ഷികളുടെ വനിതാസംഘടനകളും ഇതിന്റെ ഗണത്തിൽപ്പെടും.

ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കാവുന്ന വിവിധ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കാനാവുമെന്നിരിക്കെ മിക്കവാറും കുടുംബങ്ങളിലെ സ്ത്രീകൾക്കും പെൺക്കുട്ടികൾക്കും വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ട സാമ്പത്തികാവശ്യങ്ങൾക്കുപോലും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്ന ഒരു ദയനീയ സ്ഥിതിയാണുള്ളത്. തേയില എസ്റ്റേറ്റുകളിലും സർക്കാർ ഉടമയിലുള്ള തോട്ടം മേഖലയിലും ധാരാളം സ്ത്രകൾ തൊഴിലെടുക്കുന്നുണ്ടെങ്കിലും സ്ത്രീ പുരുഷ തൊഴിലിനനുപാതിക വേദനത്തിന്റെ കാര്യത്തിൽ കാര്യമായ അന്തരമുണ്ട്. കുടുംബാസൂത്രണം പ്രചരിക്കുന്നതിനു മുമ്പുണ്ടായ കൂട്ടുകുടുംബങ്ങളിൽ പലതിലും പെൺക്കുട്ടികൾ വിവാഹപ്രായം കഴിഞ്ഞ് പ്രതീക്ഷയറ്റ് കഴിയുന്നുണ്ട്. സ്ത്രധനസംമ്പ്രദായത്തിന്റെ അതിപ്രസരത്തിൽ വിവാഹം ഒരു വിദൂര സ്വപ്നമായി ദരിദ്ര കുടുംബങ്ങളിലെ ധാരാളം പെൺക്കുട്ടികളുണ്ട്. പഞ്ചായത്തിനോട് തൊട്ടുകുടക്കുന്ന തമിഴ്നാടിന്റെ കോയമ്പത്തൂർ ജില്ലയിൽനിന്ന് ധാരാളം യുവാക്കൾ നമ്മുടെ പഞ്ചായത്തിലുള്ള നിർദ്ധനരായ പെൺക്കുട്ടിളെ വിവാഹം

ചെയ്യാൻ മുന്നോട്ടുവരുന്നുണ്ട്. ജാതിമത സാമ്പത്തിക പരിഗണനകൾക്കതീതമായ വിവാഹ ബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നുമുണ്ട്. പട്ടികജാതിക്കാർക്കിടയിൽ സ്ത്രീകൾ തൊഴിലെടുക്കുന്നവരാണധികവും കുടുംബത്തിൻെറ ഭാരം മിക്കവാറും സ്ത്രീകളാണ് വഹിക്കുന്നത്. നല്ലനിലയിൽ കുടുംബം പരിപാലിക്കുന്ന പുരുഷന്മാരും ധാരാളമുണ്ട്. സാമ്പത്തിക സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങൾക്കാശ്വാസം കണ്ടെത്താൻ മദ്യപാനം ഒരു ഉപാധിയായി സ്വീകരിച്ച ചിലരുടെയെല്ലാം കുടുംബങ്ങളിൽ ഇതിൻെറ തിക്താനുഭവങ്ങൾക്കിരയാവുന്നത് സ്ത്രീകളും കുട്ടികളുമാണ്.

ഈ വിഭാഗക്കാർക്കിടയിൽ അപൂർവ്വം സ്ത്രീകളും പുകവലിയുടെയും മദ്യപാനത്തിൻേറയും നീരാളിപിടുത്തത്തിനിരയാവുന്നുണ്ടെന്നത് അപകട സൂചനയായി കാണേണ്ടതുണ്ട്. സ്ത്രീധനം - ധനപരമായ മറ്റാചാരങ്ങൾ എന്നിവയുടെ കാര്യത്തിൽ ഇതരവിഭാഗക്കാരെ അപേക്ഷിച്ച് പട്ടികജാതിക്കാരുടെ ഇടയിൽ കുറവാണ്. പുറത്തുനിന്ന് നോക്കിയാൽ അലോസരം നിറഞ്ഞതാണെന്ന് തോന്നാമെങ്കിലും ഇവരുടെ ഇടയിൽ ദാരിദ്ര്യത്തിൻെറ ലാളിത്യവും സ്നേഹത്തിൻെറ ആഴമേറിയതുമായ കുടുംബ ബന്ധങ്ങൾ കാണാൻ കഴിയും.

പട്ടികജാതിക്കാരേക്കാൾ അംഗസംഖ്യയിൽ കൂടുതൽ ഈ പഞ്ചായത്തിൽ പട്ടിക വർഗ്ഗക്കാരുടെ ജനസംഖ്യയനുസരിച്ച് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. എന്നാൽ അതിരപ്പിള്ളി പഞ്ചായത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കുറവാണ്. ഈ സ്ഥിതി തന്നെയാണ് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കാര്യത്തിലും പട്ടികവർഗ്ഗക്കാർക്കിടയിൽ ഒട്ടനവധി അനാചാരങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിലും പൊതുവേ സ്ത്രീകളുടെ സാമൂഹ്യാംഗീകാരവും പരിഗണനയും ഭേദപ്പെട്ടതാണ് മുതുവാൻ സമുദായത്തിൽപ്പെട്ട ആദിവാസികൾ സ്ത്രീകളെ അന്യപുരുഷന്മാർ കാണരുതെന്ന ആചാരം വച്ചുപുലർത്തുന്നവരാണെങ്കിലും പുരുഷന്മാരുടെ വസ്ത്രം കഴുകൽ, വെള്ളം ചൂടാക്കിക്കൊടുക്കൽ, തുടങ്ങിയ അടിമത്വസ്വഭാവമുള്ള ജോലികൾ ചെയ്യാറില്ല. സ്ത്രീകളും പുരുഷന്മാരും തൊഴിലുകൾ പ്രായോഗികമായി പങ്കുവച്ചു ചെയ്യുന്നു ഗൃഹഭരണം, പാചകം, ശുചിത്വ പരിപാലനം വെള്ളം, വിറക് ശേഖരണം മുതലായവ സ്ത്രീകളും ആഹാരസമ്പാദനം, ഭൂവികസനം കൃഷി എന്നിവപുരുഷന്മാരും സ്വയം ഏറ്റെടുത്ത് നിർവ്വഹിക്കുന്നു. കൃഷിയിൽ വിളയിറക്കലും വിളവെടുപ്പും സ്ത്രീകളുടെകൂടി സഹകരണത്തോടെ നടത്തുന്നു. സ്ത്രീസഹജമായ അസ്വസ്ഥതകളും രോഗങ്ങളുമുള്ളപ്പോൾ അയൽ വീടുകളിലെ സ്ത്രീകൾ അവരുടെ സഹായത്തിനെത്തുന്നു. പട്ടികജാതിയിലേയും പട്ടികവർഗ്ഗങ്ങളിലേയും സ്ത്രീകൾക്ക് പലവിധ കൈത്തൊഴിലുകളുമുണ്ട്. പനമ്പ്, കൊട്ട, വട്ടി, പായ മുതലായവ നിർമ്മിക്കാനും ഓല നെയ്യാനും, ചൂരൽകൊണ്ടുള്ള അലങ്കാരവസ്തുക്കളുണ്ടാക്കാനുമറിയാവുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. അടിച്ചിൽത്തൊട്ടിയിലേയും, തവളക്കുഴിപ്പാറയിലേയും പട്ടികവർഗ്ഗസ്ത്രീകൾക്ക് അതിമനോഹരമായ ചിത്രപ്പണികളുള്ള പായകൾ നെയ്യാനറിയാം. മലക്കപ്പാറയിൽ തമിഴ് ഭാഷ സംസാരിക്കുന്ന തോട്ടം തൊഴിലാളികളായ ധാരാളം സ്ത്രീകളുണ്ട്. തേയിലത്തോട്ടത്തിലെ ജോലിക്കാരും അവരുടെ ആശ്രിതരും താല്ക്കാലിക ജോലിക്കാരുമായിക്കഴിയുന്നവരും ഉണ്ട്. ഇവരിൽ പട്ടികജാതിയിൽപ്പെട്ടവരുമുണ്ട്. കുറഞ്ഞ വേതനവും ശുഷ്കമായ ജീവിതസൗകര്യങ്ങളും പ്രതികൂല തൊഴിൽ സാഹചര്യങ്ങളുമൊക്കെയാണെങ്കിലും ഒരു തൊഴിലുണ്ടല്ലോ എന്നാശ്വസിച്ചുകഴിയുന്നവരാണിവിടത്തെ സ്ത്രീകൾ.

വിധവകൾ വിവാഹ മോചനം നേടിയവർ, ഭർത്താവ് ഉപേക്ഷിച്ചവർ എന്നിങ്ങനെ അവശതയനുഭവിക്കുന്ന നിരവധി സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്.

**പ്രശ്നങ്ങൾ**

* സ്ത്രീകൾക്ക് തൊഴിലഭ്യസിക്കാനുള്ള സൗകര്യക്കുറവ്.
* കാർഷിക രംഗത്ത് സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുണ്ടെങ്കിലും ജലസേചനം സാങ്കേതികജ്ഞാനം എന്നിവയുടെ പോരായ്മ.
* പ്രകൃതി വിഭവങ്ങളെ വേണ്ടരീതിയിൽ ചൂഷണം ചെയ്യാനുള്ള സംവിധാനമില്ല.
* വനവിഭവങ്ങൾ അസംസ്കൃതവസ്തുക്കളായിത്തന്നെ വില്പനനടത്തുന്ന സംവിധാനം.

* സാമ്പത്തിക പ്രയാസങ്ങൾ

*സാദ്ധ്യതകളെക്കുറിച്ചുള്ള ബോധവൽക്കരണത്തിൻറം അപര്യാപ്തത.

* ഇലക്ട്രോണിക് മാധ്യമങ്ങളുടേയും ലളിതസാഹിത്യ പ്രസിദ്ധീകരണങ്ങളുടെയും അതിപ്രസരം.

* മാർഗ്ഗ നിർദ്ദേശങ്ങളുടെ ദൗർലഭ്യം.

* വൈദ്യുതി, കെട്ടിടം തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ കുറവ്

* ആത്മവിശ്വാസക്കുറവ്.

* സാമൂഹ്യാചാരങ്ങളുടെ വേലിക്കെട്ട്.

**പരിഹാര നിർദ്ദേശങ്ങൾ**

* കന്നുകാലി വളർത്തൽ ഊർജ്ജിതമാക്കുകയും, പാലുൽപ്പാദനം വർദ്ധിപ്പിക്കുകയും, പാലുല്പന്നങ്ങൾ നിർമ്മിക്കുകയും വില്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ആരംഭിക്കുക.

* ഇന്ധനക്ഷാമം പരിഹരിക്കൽ ഗോബർഗ്യാസ് പ്ലാൻറുകൾ വ്യാപിക്കുക.

* തീറ്റപ്പുല്ല്, കൃഷി വ്യാപകമാക്കുകയും പുല്ല് വില്പന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

* വർഷക്കാലത്ത് സമൃദ്ധമായിക്കിട്ടുന്ന നാടൻ പുല്ല് സംസ്കരിച്ച് വേനൽക്കാലത്ത് ലഭ്യമാക്കുവാൻ സംവിധാനമുണ്ടാക്കുക.

* നെൽകൃഷി ചെയ്യാവുന്ന പ്രദേശങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുകയും വൈക്കോൽ ലഭ്യമാക്കുകയും ചെയ്യുക.

*സ്ത്രീകളുടെ സാമൂഹ്യ ഉന്നമനം സാംസ്കാരിക വളർച്ച-പിന്നോക്കാവസ്ഥാ ദൂരീകരണം എന്നിവ ലക്ഷ്യമാക്കി ബോധവൽക്കരണ ക്ലാസുകൾ ഇടക്കിടെ സംഘടിപ്പിക്കുക.

* തൊഴിലവസരങ്ങൾ മെച്ചപ്പെടുത്താൻ പഞ്ചായത്തു തലത്തിൽ ഒരു കമ്മറ്റി രൂപീകരിച്ച് തീവ്രയത്നം നടത്തുക.

* വീട്ടുപറമ്പിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

* പലഹാരങ്ങൾ, ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

* പച്ചക്കറികൾ ഉൽപ്പാദിപ്പിച്ച് പാകപ്പെടുത്താൻ തയ്യാറാക്കി പാക്കറ്റുകളിലാക്കി വില്പന നടത്താനുള്ള സംവിധാനമുണ്ടാക്കുക.

* ശുദ്ധവും ഗുണമേന്മയുള്ളതുമായ നിത്യോപയോഗ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും ആകർഷകമായ പാക്കറ്റുകളിലാക്കി വിതരണം ചെയ്യുക.

* സ്ത്രീകളുടെ സഹകരണ സംഘങ്ങളുണ്ടാക്കി ഉപഭോക്തൃവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതുമായ യൂണിറ്റുകൾ പഞ്ചായത്തിൻെറ നാനാഭാഗത്തും സ്ഥാപിക്കുക.

* സ്ത്രീകൾക്കുവേണ്ടി വിനോദകേന്ദ്രങ്ങൾ, പാർക്കുകൾ, വിജ്ഞാനവ്യാപനകേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുക.

* ഔഷധ സസ്യകൃഷി, പുഷ്പകൃഷി, ഓർക്കിഡ്, ആന്തൂറിയം, കൃഷി മുതലായവ പരിശീലിപ്പിക്കാനും നടീൽ വസ്തുക്കൾ ലഭ്യമാക്കാനും വിപണനത്തിനുമുള്ള ഏർപ്പാടുണ്ടാക്കുക.

* പുകയേല്ക്കാത്ത അടുപ്പുകൾ വ്യാപിക്കുന്നതിനും വീട്ടമ്മമാരുടെ ഗൃഹാതുരത്വം ഇല്ലാതാക്കുന്നതിനും, ഉല്ലാസകരമായ ജീവിതസാഹചര്യം സൃഷ്ടിക്കുന്നതിനും വേണ്ട ബോധവൽക്കരണ സംവിധാനമുണ്ടാക്കണം.

* സ്ത്രീകൾ നടത്തുന്ന തൊഴിൽ സംരംഭങ്ങൾക്ക് വൈദ്യുതിയും, അസംസ്കൃതവസ്തുക്കൾ, സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ മുതലായവയും കാലതാമസം കൂടാതെ മുൻഗണന നല്കി ലഭ്യമാക്കുക.

* സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി നല്കുകയും വായ്പകളെ പലിശയിൽനിന്ന് ഒഴിവാക്കുകയും വേണം.

* വ്യാജവാറ്റും വില്പനയും തടയുകയും ഈ രംഗത്ത് ബന്ധപ്പെട്ട് ജീവിക്കുന്നവരെ പുനരധിവാസസൗക ര്യങ്ങളും ജീവിതമാർഗ്ഗങ്ങളും കണ്ടെത്താൻ പദ്ധതി തയ്യാറാക്കുക.

* തെങ്ങിൽനിന്നു കിട്ടുന്ന വിവിധ വസ്തുക്കൾ ഉപ യോഗിച്ച് ചെറുകിട വ്യവസായങ്ങൾ കുടിൽ വ്യവ സായങ്ങൾ എന്നിവ സ്ഥാപിക്കുക. (കൊപ്ര, വെളിച്ചെണ്ണ, സോപ്പ്, തേങ്ങാപ്പൊടി, തേങ്ങാപ്പാൽ, ഓലമെടച്ചിൽ, ചൂല് നിർമ്മാണം,ചിരട്ടകൊണ്ട് കരകൗശലവസ്തുക്കൾ, ചകിരികൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ).

* റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ പഞ്ചാ യത്തിൽ ആരംഭിക്കുക. (ഫോം ബെഡ്, ബ്രഷ്കൾ, ഫാൻസി ബലൂണുകൾ, വീട്ടുപകരണങ്ങൾ, ചവി ട്ടികൾ, മുതലായവ)

* ഇലക്ട്രോണിക് പാർട്ടുകളും ചെറുകട ഗൃഹോപക രണങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപി ക്കുക.

* കൂൺകൃഷിയിൽ പരിശീലനം നൽകി ഉല്പാദന സംരംഭങ്ങൾ സ്ഥാപിക്കുക.

* ഹെൽത്ത് സെൻററിൽ വനിതാ ഗൈനക്കോള ജിസ്റ്റിനെ നിയമിക്കുകയും രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സംവിധാനം ഏർപ്പെടു ത്തുകയും ചെയ്യുക.

* കുടിവെള്ള പ്രശ്നം യുദ്ധകാലാടിസ്ഥാനത്തിൽ പരി ഹരിക്കുക.

* മാവേലി സ്റ്റോറുകൾ ജനസാന്ദ്രതയുള്ള പ്രദേശങ്ങ ളിലെല്ലാം സ്ഥാപിക്കുക.

* പഞ്ചായത്തിലെല്ലായിടത്തും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ സേവനം ലഭ്യമാക്കുക.

* പലവ്യഞ്ജനങ്ങൾ ഗന്ധമസാലകൾ, മല്ലി, മുളക്, മഞ്ഞൾപ്പൊടികൾ എന്നിവ സഹകരണാടിസ്ഥാ നത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

* എല്ലാ സ്ത്രീകൾക്കും തൊഴിലവസരങ്ങൾ സൃഷ്ടി ക്കാവുന്ന വിധം കൃഷി, വ്യവസായം, ടൂറിസം മേഖലകളിൽ വികസന പദ്ധതികൾ ആവിഷ്കരി ക്കണം.

* പബ്ലിക് ടെലഫോൺ ബൂത്ത്, ഫോട്ടോ കോപ്പികൾ, ജോബ് ടൈപ്പിംഗ്, ലെറ്റർപ്രസ്, മുതലായ സൗക ര്യങ്ങൾ പഞ്ചായത്തതൃത്തിയിൽ ഇല്ല. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭമായി ഇവ ആരംഭിക്കാ വുന്നതാണ്.

# സഹകരണമേഖല

ഇന്നത്തെ കേരളത്തിലെ പശ്ചാതലത്തിൽ കാർഷിക/ബാങ്കിംഗ് മേഖലകളിൽ സഹകരണ പ്രസ്ഥാനം വളരെയധികം പുരോഗതി നേടിയിട്ടുണ്ട്. ഈ സഹകരണ മേഖല കേരള ജനതക്ക് എന്നും ആശ്വാസമാണ്. എന്നാൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഒരു കാർഷിക സഹകരണ സംഘം ആരംഭിക്കുന്നതിന് കഴിയാതെ പോയത് ആ രംഗത്തെ പോരായ്മയായി നാം കാണുന്നു. ഇന്ന് ഈ രംഗത്തുള്ളത് പരിയാരം സർവ്വീസ് സകരണ ബാങ്കിൻെറ ഒരു ശാഖ മാത്രമാണ് പ്രവർത്തിക്കുന്നത്. ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ പരിയാരം ബാങ്കിൻെറ പരിധിയിലും, നാലുമുതൽ 8 വരെയുള്ള വാർഡുകൾ കുറ്റിക്കാട് ഫാർമേഴ്സ് ബാങ്കിനേയും ആശ്രയിക്കുന്നു. ഈ രംഗത്ത് വളരെയധികം കുതിച്ചുചാട്ടം നമുക്കാവശ്യമാണ്. അതിനായുള്ള പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കേണ്ടതുണ്ട്.

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഇതര സഹകരണ സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു.

1. പരിയാരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. 593
2. ഷോളയാർ പട്ടിക വർഗ്ഗ സർവ്വീസ് സഹകരണസംഘം ക്ലിപ്തംR. 332.
3. വെറ്റിലപ്പാറ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകര?ണസംഘം ക്ലിപ്തം R. 773
4. സ്വതന്ത്ര ക്ഷീരോൽപ്പാദക സംഘം (P.D.D.P) വെറ്റിലപ്പാറ 15/5
5. അരൂർമുഴി ക്ഷീരോൽപ്പാദക സഹകരണ സംഘം (മിൽമ)
6. സ്വതന്ത്ര ക്ഷീരോൽപാദക സംഘം (P.D.D.P) അരൂർമുഴി.
7. സ്വതന്ത്ര ക്ഷീരോൽപ്പാദക സംഘം (P.D.DP) വെട്ടിക്കുഴി
8. ആനമല കൂട്ടുകൃഷി പരസ്പരസഹായ സഹകരണസംഘം - വെട്ടിക്കുഴി മേൽപറഞ്ഞ സംഘങ്ങളുടെ പ്രവർത്തനം സജ്ജീവമാണ്. എന്നാൽ പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിൻെറ പ്രവർത്തനം മന്ദഗതിയിലാണ്. കാർഷികമേഖലയിൽ പാരിയാരം സർവ്വീസ് ബാങ്കിൻെറ സേവനമാണ് ലഭ്യമാകുന്നത്. പിന്നെ അരൂർമുഴി കനറാബാങ്ക് ശാഖയും കർഷകരെ സാമ്പത്തികമായി സഹായിച്ചു വരുന്നുണ്ട്.

സഹകരണമേഖലയിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്ക് ആരംഭിക്കുകയും, പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക. ഈ ബാങ്കിൻെറ കീഴിൽ കൊപ്ര സംഭരണം, റബ്ബർ സംഭരണം, വളം ഡെപ്പോ തുടങ്ങിവ ആരംഭിച്ച് കർഷകരെ സഹായിക്കുക. അത്മൂലം കൃഷിക്കാരന് ന്യായമായ വില കിട്ടുന്നതിന് സഹായകമാകുന്നു.

വനിതകൾക്കായി സഹകരണ സംഘം രൂപീകരിച്ച് (വിവിധോദ്ദേശ്യം) പ്രവർത്തനം തുടങ്ങിയാൽ പല രംഗത്തും സ്ത്രീകൾക്ക് മുന്നേറ്റമുണ്ടാക്കുവാൻ കഴിയും.

തോട്ടം മേഖലയിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ ഈ രംഘത്തെ സാധാരണക്കാരായ തൊഴിലാളികളെ സഹായിക്കുന്നതിനും, അവരുടെ സാമ്പത്തികനിലവാരം ഉയർത്തുന്നതിനും സഹായകമാകും.

പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയാൽ വളരെയധികം പട്ടികജാതിക്കാരെ കൈതൊഴിൽ രംഗത്ത് പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പട്ടികജാതിക്കാരുടെ ആത്മാർത്ഥ സഹകരണം ഈ രംഗത്തുണ്ടാകണം.

## കാർഷികമേഖല.

അതിരപ്പിള്ളി പഞ്ചായത്തിൻെറ 1, 2, 3, 4 വാർഡുകൾ കാർഷികമേഖലയിലാണ്. മുഴുവൻ കർഷകർക്കും പരിയാരം, സർവ്വീസ് സഹകരണബാങ്കിൻെറ സേവനമാണ് ലഭിക്കേണ്ടത്. എന്നാൽ ഈ ബാങ്കിൽനിന്നും വളരെ കുറച്ച് പ്രദേശത്തുമാത്രമേ സേവനം ലഭിക്കുന്നുള്ളൂ. മദ്ധ്യകാല, ദീർഘകാല വായ്പകൾ കിട്ടുവാൻ കഴിയുന്നില്ലയെന്നാണറിയുന്നത്.

1. കൃഷിക്കാർക്കാവശ്യമായ വായ്പകളും, മറ്റു സഹായവും നൽകുന്നതിന്വേണ്ട പ്രവർത്തനങ്ങൾ നൽകുക.
2. കൊപ്രസംഭരണം, റബ്ബർ സംഭരണം എന്നിവക്കാവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
3. വനഭൂമിയും, കയ്യേറ്റ പ്രദേശങ്ങളും കൂടുതലായ അതിരപ്പിള്ളി പഞ്ചായത്തിൽ പട്ടയം ലഭിക്കാത്തവർക്കും കൂടി വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുക.

## ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സഹകരണസംഘമാണ് പ്രവർത്തിക്കുന്നത്. ഈ സംഘം ആരംഭിച്ചിട്ട് കുറച്ച് നാൾ മാത്രമേ ആയിട്ടുള്ളൂവെങ്കിലും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ക്ഷീരകർഷകർക്കാവശ്യമായ ബോധവൽക്കരണം ഈ സംഘം നടത്തിവരുന്നുണ്ട്. സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയാൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഉപഭോഗം കഴിച്ചുള്ള പാൽ സംസ്കരിക്കുന്നതിനും, പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, പഞ്ചായത്തിൽ വിപണനം നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുവാൻ കഴിയും. കാലിത്തീറ്റ, കറവ്മാട് എന്നിവയുടെ വിതരണം കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്.

1. ഓരോ വാർഡിലും ക്ഷീരോല്പാദക സഹകരണസംഘങ്ങൾ രൂപീകരിക്കുക.
2. വനിതാസഹകരണ സംഘങ്ങൾ വാർഡുതലങ്ങളിൽ രൂപീകരിച്ച് കോഴിവളർത്തൽ, സോപ്പ് നിർമ്മാണം, മെഴുകുതിരി, കറിപൗഡർ, അച്ചാർ, ജാം, തേൻസംസ്കരണം, ഔഷധച്ചെടികളുടേയും പൂച്ചെടികളുടെയും, ഓർക്കിഡ്, ആന്തൂറിയം എന്നിവയുടെ കൃഷിയും വിപണനവും, ബ്യൂട്ടിപാർലർ, ടെലിഫോൺബൂത്ത്, പബ്ലിക് ബൂത്ത്, ഫോട്ടോസ്റ്റാറ്റ് ഫോട്ടോഗ്രാഫി, പച്ചക്കറി വ്യാപനം, പഴവർഗ്ഗങ്ങളുടെയും, പാൽ ഉൽപ്പന്നങ്ങളുടെയും സംസ്കരണവും നിർമ്മാണവും അലങ്കാരപക്ഷികളുടെയും മത്സ്യങ്ങളുടെയും, ഉൽപ്പാദനവും, വിപണനവും, അച്ചടിശാല, ജോബ് ടൈപ്പിംഗ്, പലഹാരനിർമ്മാണം, കൈതച്ചക്ക, കശുമാങ്ങ, ഏത്തപ്പഴം എന്നിവ കൊണ്ട് ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം മുതലായ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ കഴിയും.
3. ഇപ്പോൾ സ്വകാര്യമേഖലയിൽ നടക്കുന്ന ക്വാറികൾ സർക്കാരിൻെറ അനുമതിയോടെ സഹകരണാടിസ്ഥാനത്തിൽ നടത്തിയാൽ തൊഴിൽ സാദ്ധ്യതകൾ കൂടുതൽ ഉണ്ടാകും.
4. അതിരപ്പിള്ളി പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും ഉപയോഗപ്രദമായ രീതിയിൽ ഒരു കാർഷിക സഹകരണസംഘം ആരംഭിക്കേണ്ടതാണ്.
5. വ്യാവസായികമേഖല ശക്തിപ്പെടുത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ ചെറിയ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

## 1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

**Ref. Q**

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
| 1 | 2 | 3 | 4 |
| മൃഗ സംരക്ഷണം | 1750 | — | 1750 |
| ആരോഗ്യം | 6238 | — | 6238 |
| കൃഷി | 143350 | — | 143350 |
| പ.ഡബ്ല്യൂ.ഡി. | 16000 | — | 16000 |
| ഹരിജനക്ഷേമം | 10965 | — | 10965 |
| ക്ഷീരവികസനം<br>മറ്റുള്ളവ<br>വിദ്യാഭ്യാസം | 6238<br>2140 | — | 8378 |
| ആകെ | 186681 | — | 186681 |

# വനം

അതിപ്പിള്ളി ഗ്രാമപഞ്ചായത്തിൻെറ ഭൂരി ഭാഗവും വനസമ്പത്തുകൊണ്ട് അനുഗ്രഹീതമാണ്. പാലക്കുടി വാഴച്ചാൽ മലയാറ്റൂർ എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലായി ആറ് റെയ്ഞ്ചുകളുണ്ട്. പഞ്ചായത്തിൻെറ ഒന്നുമുതൽ എട്ട്വരെയുള്ള വാർഡുകളും വനപ്രദേശത്താണ് പ്ലാൻേറഷൻ. കോർപ്പറേഷൻ, ആനമല സൊസൈറ്റി പെരുംമ്പറ കാപ്പിതോട്ടം റ്റാറ്റ ടീ എസ്റ്റേറ്റ് എന്നീ വനം വെട്ടിവെളിപ്പിച്ച പ്രദേശങ്ങൾ മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൽ നിന്ന് പാട്ടത്തിന് നൽകിയിട്ടുള്ളവയാണ്. നിലവിലുള്ള വനപ്രദേശത്ത് ഡിപ്പാർട്ട്മെൻറ് തേക്ക് ഔഷധസസ്യങ്ങൾ, അൽവീസിയ, അകേഷ്യാ, യൂക്കാലിപ്പസ്, മുള, ഈറ്റ എന്നിവ നേരിട്ട് കൃഷിചെയ്യുന്നു. മറ്റുള്ള പ്രദേശങ്ങൾ നിബിഡവനങ്ങളാണ്. ഈ വനത്തിൽ നിന്ന് ബാംബു കോർപ്പറേഷൻ ഈറ്റയും, ഗ്വാളിയോർ റയോൺസ് ഫാക്ടറി മുളയും ഈറ്റയും ശേഖരിച്ച് കൊണ്ടുപോയി ഉൽപ്പന്നങ്ങളാക്കി മാറ്റുന്നു. ഇപ്പോൾ നിലവിലുള്ള വനങ്ങളിൽ, കൊടുവേലി, കാട്ടുജീരകം, കസ്തൂരിമഞ്ഞൾ, സരപ്പഗന്ധി, നെല്ലിക്ക, തെള്ളി, പുളിഞ്ചിക്ക, പത്രിപ്പൂവ്, ഏലം, ഉളുർഞ്ചി, കക്കുംകായ, കറുകപ്പട്ട, ഇഞ്ച, മലയിഞ്ചി മുതലായ മലഞ്ചരക്കുകൾ ലക്ഷക്കണക്കിന് രൂപയ്ക്ക് കൊല്ലംതോറും പട്ടികവർഗ്ഗക്കാർ ശേഖരിച്ച് ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റയെ ഏൽപിച്ചുവരുന്നു. ഇതു കാലാകാലങ്ങളിൽ ശാസ്ത്രീയമായി സംഭരിക്കുവാൻ കഴിഞ്ഞാൽ കോടിക്കണക്കിനു രൂപയുടെ മലഞ്ചരക്ക് നമുക്ക് സുലഭമായി ലഭിക്കും.

വനത്തിൻെറ അകത്ത് കോടിക്കണക്കിന് രൂപ ചെലവഴിച്ച് പ്രകൃതി ദത്തമായ വനത്തിൽ സോഷ്യൽ ഫോറസ്ട്രി വച്ചുപിടിപ്പിക്കുന്ന വനവൽക്കരണം തികച്ചും പരാജയമാണ്. ഇങ്ങനെ വച്ചുപിടിച്ച മരങ്ങളൊന്നും ഇത്രയും കാലമായിട്ട് വനത്തിൽ കാണുവാൻ സാധിച്ചിട്ടില്ല.

വനത്തിൽ വീണുകിടക്കുന്ന വൻമരങ്ങൾ യഥാസമയം ഡിപ്പാർട്ടുമെൻറിൻെറ നേതൃത്വത്തിൽ വെട്ടി മാറ്റി ലേലം ചെയ്താൽ കോടിക്കണക്കിന് രൂപ ഡിപ്പാർട്ട്മെൻറിന് കിട്ടുന്നതാണ്. ഇപ്പോൾ ഇങ്ങനെ വീണുകിടക്കുന്ന മരങ്ങൾ സോഷ്യൽ ഫോറസ്ട്രിക്കാർ വനവൽക്കരണത്തിന് വേണ്ടി തീയിട്ടു നശിപ്പിക്കുന്നു. ഈ രീതി തികച്ചും ശരിയല്ല.

വനത്തിൽ ചില പ്രദേശങ്ങളിൽ ഫ്ലോട്ടുകളായി തിരിച്ച് ചെറിയ മരങ്ങൾ വെട്ടി തൂണുനാട്ടി മുള്ളുകമ്പി ഇട്ടുവരുന്നതായി കാണുന്നു. ഇതുമൂലം മാൻ ഉൾപ്പെടെയുള്ള കാട്ടുമൃഗങ്ങൾ മുള്ളുകമ്പി കയറി ശരീരം വൃണപ്പെട്ട് ചത്തുപോവുന്നതായി കണ്ടുവരുന്നു. നായാട്ടുകാർക്ക് മൃഗങ്ങളെ വേട്ടയാടുന്നതിന് ഇത് തികച്ചും അനുഗ്രഹമാണ്. ഭാവിയിൽ ലക്ഷക്കണക്കിന് രൂപ വിലകിട്ടുന്ന മരങ്ങൾ ചെറുപ്രായത്തിൽ മുറിക്കുന്നതിനാൽ വരുന്ന നഷ്ടങ്ങൾ ഏറെയാണ്. ആയതിനാൽ പുനർവിചിന്തനം നടത്താത്ത ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

ഫോറസ്റ്റു ഡിപ്പാർട്ട്മെൻറിലെ റെയിഞ്ചർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാർ അധികാര പരിധിയ്ക്കകത്ത് താമസിക്കേണ്ടതും അവർക്ക് ക്വോർട്ടേഴ്സുകൾ നൽകേണ്ടതുമാണ്. പോലീസ് സ്റ്റേഷൻ മാതൃകയിൽ ഫോറസ്റ്റ് സ്റ്റേഷനുകളിൽ ചീഫ് കൺസർവേറ്റർ ഉൾപ്പെടെയുള്ളവരുടെ പരിശോധനകൾ നടക്കേണ്ടതും ആണ്.

ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആധുനിക വാർത്താവിനിമയ ഉപകരണങ്ങളും ആയുധങ്ങളും നൽകി ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന ഫോറസ്റ്റ് സ്റ്റേഷനുകൾ സജ്ജീവമാക്കേണ്ടതാണ്.

കാട്ടിൽ അന്യം നിന്നുപോവുന്ന മാവ്, പ്ലാവ് എന്നീ വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന് റിസർവ്വ് ഫോറസ്റ്റിൻെറ 100m ചുറ്റളവിൽ ജനകീയ പങ്കാളിത്വത്തോടെ നട്ടുവളർത്തി സംരക്ഷിക്കേണ്ടതാണ്. സമതലമായി കിടക്കുന്ന പ്രദേശത്ത് ജൈവവള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. കൂടാതെ നാട്ടിൻ പുറത്തെ സ്ത്രീകൾക്ക്, പച്ചില, വിറക് ചുള്ളി എന്നിവ

ശേഖരിക്കുന്നതിനാവശ്യമായ അനുവാദം കൊടുക്കേണ്ടതാണ്.

വനങ്ങളിൽ വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീ തടയുന്നതിന് ജനങ്ങളിൽ ബോധവൽക്കരണ നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും നാട്ടുകാരുടേയും വനസംരക്ഷണ സേന രൂപീകരിക്കേണ്ടതും പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകേണ്ടതുമാണ്. സോഷ്യൽ ഫോറസ്ട്രി നടപ്പാക്കുന്ന വനവൽക്കരണപരിപാടി നിർത്തിവച്ച് അവർ മുഖേന അനുയോജ്യമായ വനപ്രദേശത്ത് ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാകുന്നു.

വനാന്തർഭാഗത്തു നടക്കുന്ന കള്ളവാറ്റ്, തടിവെട്ട് നായാട്ട് എന്നിവ നിർത്തലാക്കണം. ഇതിന് മേൽപറഞ്ഞ വനസംരക്ഷണസേന സജ്ജീവമായി രംഗത്തുവരണം. തുമ്പൂർ മുഴിയിൽ ഒരു പക്ഷി വളർത്തൽ കേന്ദ്രവും പിക്നിക്ക് സ്പോർട്ടും സ്ഥാപിക്കേണ്ടതാണ്.

വാഴച്ചാൽ ഭാഗത്ത് കാഴ്ച ബംഗ്ലാവ് സ്ഥാപിക്കേണ്ടതാണ്. വാഴച്ചാൽ ഡിവിഷനിൽ മരം മുറിച്ചമാറ്റിയ പ്രദേശത്ത് എണ്ണപ്പന കൃഷിചെയ്യുന്നതിന് വേണ്ടി പ്ലാന്റേഷൻ കോർപ്പറേഷൻ 500 ഏക്കർ സ്ഥലം നൽകേണ്ടതാണ്.

പൊകലപ്പാറ ഗിരിജൻ കോളനിയ്ക്കകത്തുള്ള എലവുമരങ്ങൾ മുറിച്ച്മാറ്റി പട്ടിക വർഗ്ഗക്കാരെ ഈ പ്രദേശത്ത് പുനരധിവസിപ്പിക്കേണ്ടതാണ്.

വനത്തിനകത്തു താമസിക്കുന്ന വാച്ചുമരം, മുക്കംമ്പുഴ, ഷോളയാർ എന്നീ പട്ടികവർഗ്ഗക്കാരെ അനുയോജ്യമായ സ്ഥലത്ത് ഇവരെ പുനരധിവസിപ്പിക്കേണ്ടതാണ്. ഇവർക്ക് ഓരോ കുടുംബത്തിനും കൃഷി ചെയ്യുന്നതിനു വേണ്ടി ഒരു ഏക്കർ സ്ഥലം വീതം നൽകേണ്ടതാണ്.

പുനർവനവൽക്കരണ പ്രവർത്തനങ്ങൾക്ക് കേരള റിസർച്ച് ഫോറസ്റ്റ് ഇൻസ്റ്റിട്ട്യൂട്ട് പോലെയുള്ള സ്ഥാപനങ്ങളുടെ സഹായം തേടേണ്ടതാണ്.

ഇപ്പോഴുള്ള വനവൽക്കരണം, വനപരിപാലനം എന്നിവയിൽ കാതലായ മാറ്റം അനിവാര്യമാണ്. ജനപങ്കാളിത്വത്തോടുകൂടി വനവൽക്കരണവും വനപരിപാലനവും നടപ്പാക്കേണ്ടതാണ്.

71/701

# വിഭവസമാഹരണം

ശിശുവായ ഈ പഞ്ചായത്ത് ബാലാരിഷ്ട‌തകൾ പിന്നിട്ടെങ്കിലും ഒരു മാതൃകാ പഞ്ചായത്താക്കി വളർത്തിയെടുക്കാൻ ഇനിയും നാം എത്രയോ ശ്രമകരമായ വെല്ലുവിളികൾ പരിഹരിക്കേണ്ടതുണ്ട്. ഇതിന് നമുക്ക് ഇന്ന് കൈവശമില്ലാത്തത് ഇതിന് വേണ്ട വിഭവങ്ങളാണ്. മുൻസൂചിപ്പിച്ച മനുഷ്യാദ്ധ്വാനത്തിനു പുറമെ ഒട്ടേറം അസംസ്കൃതവിഭവങ്ങളും, വിഭവലഭ്യതക്കുള്ള സാദ്ധ്യതകളും നമുക്കുണ്ട്.

നിർമ്മാണപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടപ്പാക്കുമ്പോൾ ബഹുജനപങ്കാളിത്തമില്ലാത്തതിനാൽ ഇടത്തട്ടുകാരായ കരാറകാരുടെ താല്പര്യത്തിനനുസരിച്ചാണ് തൊഴിലവസരങ്ങൾ ഉപയാഗപ്പെടുത്തുന്നത്. ഈ രംഗത്ത് ഗുണഭോക്താക്കളുടെ കമ്മറ്റികളുണ്ടാക്കി പണികൾ ഏറ്റെടുത്തു നടത്തുന്നതുവഴി മുതൽമുടക്ക് കുറയുകയും നേട്ടം വർദ്ധിക്കുകയും ചെയ്യും

കൃഷിക്കുപയുക്തമായ ധാരാളം ഭൂമി തരിശായിക്കിടക്കുന്ന സ്ഥിതിയാണിന്ന് പഞ്ചായത്തിലുള്ളത്. ഈ ഭൂമികളിൽ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതുവഴി നമ്മുടെ പഞ്ചായത്തിലേക്ക് പുറമെനിന്ന് കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കളുടെ അളവ് കുറക്കാനാകും. ഇറച്ചി, മുട്ട, പാൽ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതും ഈവഴിക്കുള്ള വിഭവനഷ്ടം ഒഴിവാക്കാനാകും. ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തി "പച്ചക്കറിഗ്രാമം" പോലുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ നമുക്ക് പച്ചക്കറികൾ വിറ്റ് പണമുണ്ടാക്കാനും സാധിക്കും. ഇപ്പോൾ എണ്ണപ്പന കൃഷി ചെയ്തിരിക്കുന്ന പുഴയോരത്തുള്ള 500 ഏക്കർഭൂമി പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും പഞ്ചായത്ത് ഏറ്റെടുത്ത് ആപ്രദേശത്ത് ലാഭകരമായ കൃഷികൾ നടത്തി വരുമാനമുണ്ടാക്കാവുന്നതാണ്. മാർക്കറ്റ്, ഷോപ്പിംഗ്കോംപ്ലക്സ്, മുതലായവ നിർമ്മിച്ച് വാടകയ്ക്ക് നല്കിയും, ടൂറിസവുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾ നടത്തിയും ലാഭമുണ്ടാക്കാവുന്നതാണ്.

ടൂറിസവുമായി ബന്ധപ്പെട്ട മേഖലയിൽ ഒട്ടനവധി പ്രതീക്ഷകൾക്ക് വകയുണ്ട്. വനവിഭവങ്ങൾ, പാറകൾ, അരുവികൾ, ഔഷധച്ചെടികൾ മുതലായവയും നമുക്ക് ലഭ്യമായിട്ടുള്ള അസംസ്കൃതവിഭവങ്ങളാണ്.വൈദ്യുതി ഉൽപ്പാദനവും, ജലസേചനവും, ശുദ്ധജലവിതരണവും പഞ്ചായത്തേറ്റെടുത്ത് ആരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാവുന്നതാണ്. ഈ രംഗത്ത് ഇന്ന് ചിലവാകുന്ന വൻതുകയിൽ നല്ലൊരു പങ്ക് ലാഭിക്കാൻ കഴിയും.

**പ്രശ്നങ്ങൾ**

* വൈദ്യുതിയുടെ വ്യാപനം തൃപ്തികരമല്ല.
* ആസൂത്രിതമായി വിഭവങ്ങൾ കണ്ടെത്താനും ചൂഷണം ചെയ്യുവാനുമുള്ള സംവിധാനമില്ല.
* വിലപ്പെട്ട മനുഷ്യാദ്ധ്വാനശേഷി ഉപയോഗപ്പെടുത്താൻ പദ്ധതികളില്ല.
* വീട്ടുനികുതി, തൊഴിൽനികുതി, വിനോദനികുതി മുതലായവ കാര്യക്ഷമമായി സമാഹരിക്കുന്നില്ല.
* വിവിധ ഫണ്ടുകൾ മിഖേന നടപ്പാക്കുന്ന പദ്ധതികളിൽ ആവശ്യമായത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല.
* ടൂറിസവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കാത്തതിനാൽ നികുതികൾ പിരിക്കാൻ കഴിയുന്നില്ല.
* സിനിമാ-സീരിയൽ നിർമ്മാണം അനധികൃതമായി നടക്കുന്നതിനാൽ പഞ്ചായത്തിന് നേട്ടമില്ല.
* ടൂറിസവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ ഫലപ്രദമായ സംവിധാനമില്ല.

712

## പരിഹാരനിർദ്ദേശങ്ങൾ

* അതിരപ്പിള്ളി പഞ്ചായത്തിൽ ചിത്രീകരണം നടത്തുന്ന ചലചിത്രങ്ങൾ പഞ്ചായത്തിൻെറ അനുമതിയോടെ വേണമെന്ന് നിബന്ധനവക്കുകയും ഫീസ് ഈടാക്കുകയും വേണം.

* അതിരപ്പിള്ളിയിലേക്കു വരുന്ന ടൂറിസ്റ്റുകളിൽ നിന്നും ഫീസ് ഈടാക്കുകയും വാഹനങ്ങൾക്ക് ടോൾ പിരിക്കുകയും ചെയ്യുക.

* കുട്ടികളുടെ പാർക്കുകൾ സ്ഥാപിച്ച് കളിക്കോപ്പുകൾ ഏർപ്പെടുത്തി ഫീസു് ഈടാക്കുക.

* ടൂറിസ്റ്റുകൾക്ക് പാർക്കുകളും വിശ്രമകേന്ദ്രങ്ങളും സ്ഥാപിച്ച് അവയോടനുവന്ധിച്ച് ലഘുഭക്ഷണശാലകൾ നീന്തിക്കുളങ്ങൾ മുതലായവ സ്ഥാപിച്ച് ഫീസ് ഈടാക്കുക.

* റോഡ് സൈഡിൽ ബങ്കുകൾ പണിത് വാടകക്ക് നല്കുക.

* അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയിൽ മുതൽമുടക്കുന്ന സ്ഥാപനുടമകളുടെയും മറ്റ് ഗുണഭോക്താക്കളുടേയും പങ്കാളിത്തത്തോടെ സ്ട്രീറ്റ് ലൈറ്റുകളുടെയും ശുദ്ധജലവിതരണത്തിൻെറയും റോഡുകളുടേയും മറ്റും വികസന പ്രവർത്തനങ്ങൾ നടത്തുക.

* അതിരപ്പിള്ളിയിൽ റോഡ്സൈഡ് വാണിഭം നടത്തുന്നവർക്ക് ആകർഷകമായ ബങ്കുകൾ പണിതുനല്കി വാടക ഈടാക്കണം.

* സ്ക്കൂട്ടർടാക്സി, കാർ, ഓട്ടോ, ടാക്സികൾ മുതലായവ ഓടിക്കാനുള്ള അവകാശം കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നല്കി പണം സമാഹരിക്കാവുന്നതാണ്.

* പഞ്ചായത്തിൻെറ ചിലവിൽ കെട്ടിടങ്ങൾ പണിത് കച്ചവടക്കാർക്ക് വാടകക്ക് നൽകാവുന്നതാണ്.

* പഞ്ചായത്തിൽ ധാരാളമായി ലഭ്യമാകുന്നവിവിധ ഇനം പാറകൾ വിദഗ്ധമായി പരിശോധിച്ച് വിവിധ ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുവായി ഉപയോഗിക്കാനുള്ള സാധ്യതകൾ കണ്ടെത്തേണ്ടതാണ്.

* പാറകളിൽനിന്ന് ഗ്രേനേറ്റ് ഷീറ്റ് നിർമ്മിക്കുന്നതിന് സംവിധാനമുണ്ടാക്കിയാൽ ഇതൊരു അസംസ്കൃത വസ്തുവിൻെറ ലാഭകരമായി ഉപയോഗപ്പെടുത്തലായിരിക്കും.

* പഞ്ചായത്തിലെ എല്ലാ കരിങ്കൽ ക്വാറികൾക്കും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്ത് നികുതി ചുമത്തേണ്ടതാണ്.

* നമ്മുടെ പഞ്ചായത്തിൽ സുലഭമായ നീരുറവകളിലെ വെള്ളം മിനറൽ വാട്ടറാക്കി വ്യവസായാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

* പഞ്ചായത്തിലെ പാഴായിപ്പോകുന്ന കശുമാങ്ങ, ചക്ക, മാങ്ങ മുതലായവ സംഭരിച്ച് സംസ്കരിക്കുന്നതിന് പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ സംവിധാനമുണ്ടാക്കി വരുമാനമുണ്ടാക്കാവുന്നതാണ്.

* പഞ്ചായത്തിൽ നിയന്ത്രണാധീതമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വ്യാജചാരായം ഉപയോഗപ്പെടുത്തി ദോഷകരമല്ലാത്ത ഉല്പന്നങ്ങളായി മാറ്റാമോ എന്ന് പരിശോധിക്കണം.

# പരിസ്ഥിതി

713

അതിരപ്പിള്ളി പഞ്ചായത്തിൻെറ ഭൂപ്രകൃതി സംബന്ധിച്ച പ്രത്യേകതയും ഭൂവിനിയോഗത്തിലുള്ള അശാസ്ത്രീയതയും ലക്കും ലഗാനുമില്ലാത്ത വനനശീകരണവും ആസൂത്രിതമല്ലാത്ത വനവൽക്കരണവും. പലവിധ പാരിസ്ഥിതിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. വനവിഭവങ്ങൾ ചൂഷണം ചെയ്യുന്ന രംഗത്ത് ആരോഗ്യകരമല്ലാത്ത മൽസരം നിമിത്തം പ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട പരിസരമലിനീകരണം അതിരപ്പിള്ളി, ചാർപ്പ, വാഴച്ചാൽ പ്രദേശങ്ങളിലും അവിടേക്കുള്ള റോഡോരങ്ങളിലും വർദ്ധിച്ചു വരുന്നു. നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കിടവരുത്തുമെന്ന ഭയം നിലനില്ക്കുന്നുണ്ട്. അതിരപ്പിള്ളി പഞ്ചായത്തിൻെറ വളരെ ഫലപുഷ്ടവും വികസനസാദ്ധ്യതയുള്ളതുമായ പുഴയോര പ്രദേശത്ത് ചിക്ലായി മുതൽ കണ്ണൻകുഴിത്തോട് വരെയുള്ള പ്രദേശത്ത് (500 ഏക്കർ) എണ്ണപ്പന കൃഷി ചെയ്തിരിക്കുകയാണ്. എലികളുടെ വർദ്ധന ഈ പ്രദേശങ്ങളിൽ അസഹ്യമാം വിധം ഗുരുതരമാണ്. ഇത് സ്വാഭാവികമായും പാമ്പുകളുടേയും മറ്റ് വിഷജന്തുക്കളുടേയും വർദ്ധനക്കിടയാക്കുന്നു. കാടുകേറിക്കിടക്കുന്ന എണ്ണപ്പനത്തോട്ടം പുഴയിലേക്ക് ജനങ്ങൾക്കു പ്രവേശിക്കാൻ കഴിയാത്തവിധം ദുർഘടമായിരിക്കുന്നു. ഇതിനെല്ലാം പുറമെ എണ്ണപ്പനയുടെ കടകൾ തിന്നുന്ന നശിപ്പിക്കുന്ന എലികളെ നശിപ്പിക്കാൻ ഉപയോഗിക്കുന്ന ടൺകണക്കായ ഉഗ്രവിഷങ്ങൾ മഴക്കാലത്ത് ഒഴുകി ചാലക്കുടിപ്പുഴയിലാണെത്തുന്നത്. ഈ വെള്ളം വെറ്റിലപ്പാറ മുതൽ പടിഞ്ഞാറോട്ട് ചാലക്കുടി മുൻസിപ്പൽ പ്രദേശത്തും, പരിയാരം, മേലൂർ, കാടുകുറ്റി മുതലായ പഞ്ചായത്തകളിലും കുടിവെള്ളമായുപയോഗിക്കുന്നുണ്ട്. ഫുറഡാൻ, അലൂമിനിയം ഫോസ്ഫേറ്റ്, ഫോറേറ്റ് മുതലായ അന്തർവ്യാപന ശേഷിയുള്ളതും അതീവ ഗാഢമായ വിഷവീര്യമുള്ള വിഷങ്ങളാണിവിടെ ഉപയോഗിക്കുന്നത് - എണ്ണപ്പനയുടെ രോഗങ്ങൾ തെങ്ങുകളെയും ബാധിക്കാനിടയുണ്ട്. കീടങ്ങൾക്ക് പ്ലാൻേറഷൻ കോപ്പറേഷൻ പ്രതിരോധ മരുന്നുകൾ പ്രയോഗിക്കുമ്പോൾ ആ കീടങ്ങൾ സമീപപ്രദേശത്തെ തെങ്ങുകളിലേക്ക് ചേക്കേറിയേക്കാം.

### പ്രശ്നങ്ങൾ

* വനമേഖലയിൽ നെല്ലിയ്ക്ക, കുടംപുളി, ൂവിക്ക, പത്രിപ്പൂവ്, കാട്ടുമാങ്ങ മുതലായവ ശേഖരിക്കുന്നവർ എളുപ്പത്തിനുവേണ്ടി മരക്കൊമ്പുകളും ചിലപ്പോൾ മരം തന്നെയും മുറിച്ചിടുന്നു.
* തേൻ ശേഖരിക്കുന്നതിനുവേണ്ടി തേൻകൂട്ടിൽ തീയിടുന്നതിനാൽ തേനീച്ചക്കൂട്ടങ്ങൾ വെന്തുനശിക്കുകയും തേനടകൾ കേടാവുകയും കുഞ്ഞുങ്ങളും മുട്ടകളും നശിച്ചുപോവുകയും ചെയ്യുന്നു.
* തെള്ളി, മട്ടിപ്പാൽ മുതലായവയും, കരുവേലപ്പട്ട, ഇലവർങ്ങം കൊളവെണ്ണ മുതലായവ അശാസ്ത്രീയമായി ശേഖരിക്കുന്നതുകൊണ്ട് വൃക്ഷങ്ങൾ നശിച്ചുപോകുന്നു.
* ഏലം ശേഖരിക്കാൻ കടപറിച്ചെടുക്കുന്ന രീതി വനപ്രദേശത്ത് ഏലത്തിൻെറ വംശനാശം വരുന്നു.
* പുഴയിലും പരിസരത്തും ഭക്ഷയാവശിഷ്ടങ്ങളും പാക്കറ്റുകളും കുപ്പികളും വലിച്ചെറിയപ്പെടുന്നു.
* മലക്കപ്പാറയിൽ കംഫർട്ട് സ്റ്റേഷൻ ഇല്ലാത്തതിനാൽ റോഡിൽ മലവിസർജ്ജനം നടത്തുന്നു.
* എല്ലാവർഷവും കാട്ടുതീ വ്യാപകമായി വനാ ചുട്ടെരിക്കപ്പെടുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

* വനവിഭവങ്ങൾ ശേഖരിക്കാൻ നിയുക്തരായവക്ക് ശാസ്ത്രീയ പരിശീലനം നല്കണം.
* തേൻ ശേഖരിക്കുന്നവർക്ക് എക്സ്പ്പെല്ലർ നല്കുകയും തേനടകൾ വീണ്ടും ഉപയോഗിക്കാവുന്ന വിധം യഥാസ്ഥാനങ്ങളിൽ പുനസ്ഥാപിക്കാൻ ഏർപ്പാടുചെയ്യുകയും വേണം.
* തേനീച്ചവളർത്തലിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പരിശീലനം നല്കണം.
* തൊലി ചെത്തി പശയെടുക്കുന്ന വൃക്ഷങ്ങളുടെ ഒരു വശത്തു നിന്നുമാത്രം തൊലിചെത്താനും ഈ വക തൊഴിലുകൾ ശാസ്ത്രീയമാക്കാനും ഏർപ്പാടു ചെയ്യണം.
* ടൂറിസം മൂലമുള്ള മലിനീകരണം തടയാൻ വെസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും മുന്നറിയിപ്പു നല്കുകയും വേണം.

# ഉപസംഹാരം

714

ഈ വികസനരേഖ ഒരു കരട് റിപ്പോർട്ട് മമാത്രമാണ്. ഇത് പൂർണ്ണമല്ല എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ധൃതിപിടിച്ചുള്ള വിവരശേഖരണത്തിലും രേഖപ്പെടുത്തലുകളിലും ഒട്ടേറെ കുറവുകളും അപാകതകളും വന്നിട്ടുണ്ടാവാം. പരമാവധി വസ്തുനിഷ്ഠമായും സത്യസന്ധമായും വിവരങ്ങൾ ശേഖരിക്കാനും ഉൾപ്പെടുത്താനും ശ്രമിച്ചിട്ടുണ്ട്. വികസന സെമിനാറിൽ ഗ്രൂപ്പ് തിരിഞ്ഞുനടത്തുന്ന ചർച്ചയിലൂടെ വേണം ഈ രേഖ പൂർണ്ണമാക്കാൻ. ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള പലവിവരങ്ങൾക്ക് നാട്ടറിവുകൾ, വയസ്സായ അനുഭവസ്ഥരിൽനിന്ന് ശേഖരിച്ച വിവരങ്ങൾ, ചരിത്രപുസ്തകങ്ങൾ, സർക്കാർ രേഖകൾ, പഞ്ചായത്ത് രേഖകൾ, പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്നു ശേഖരിച്ച വിവരങ്ങൾ മുതലായവയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്.

പഞ്ചായത്തിലെ എട്ട് വാർഡുകളിലും നടന്ന ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളെല്ലാം തന്നെ ഉൾക്കൊണ്ടുകൊണ്ടാണ് അതതു മേഖലകളിലെ വികസന പ്രശ്നങ്ങളും നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും രൂപപ്പെടുത്തിയിട്ടുള്ളത്.

സർക്കാർ രേഖകൾ പലതും 1995 ലേയോ അതിനു മുമ്പത്തെയോ കണക്കെടുപ്പ് പ്രകാരമുള്ളതായതിനാൽ ചില ചില്ലറ വ്യത്യാസങ്ങൾ കണ്ടേക്കാം.

കൂടുതൽ വിഭവങ്ങൾ-മനുഷ്യാദ്ധ്വാനം എന്നിവ 9-ാം പദ്ധതിയിലെ പഞ്ചായത്തിൻ്റെ വിഹിതവുമായി സംയോജിപ്പിച്ചുകൊണ്ട് വരുന്ന 5 വർഷക്കാലം കൊണ്ട് ഇല്ലായ്മയിൽനിന്ന് സ്വയം പര്യാപ്തതയിലേക്കുള്ള ഒരു ഉയിർത്തെഴുന്നേല്പിന് നമ്മുടെ പഞ്ചായത്തിനെ പ്രാപ്തമാക്കാനുള്ള ഈ മാർഗ്ഗരേഖ ക്രിയാത്മകവും സജീവവുമായ ചർച്ചയിലൂടെ സമ്പുഷ്ടമായ ഒരു സമ്പൂർണ്ണ വികസനരേഖയാക്കിമാറ്റാൻ എല്ലാ പ്രതിനിധികളോടും സ്നേഹാദരപൂർവ്വം അഭ്യർത്ഥിക്കുന്നു.

അതിരപ്പിള്ളി


30-11-96.

K.K.അച്ചുതൻ

ചെയർമാൻ


ജനകീയാസൂത്രണ സമിതി

അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്


N
W E
S
ട്രാൻബെല്ക്ക്
റോഡ്
പുഴ
അതിരുകൾ

ട്രാൻസെക്റ്റ് - 1


അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് - 1 മുതൽ 4 കൂടിയുള്ള വാർഡുകൾ.



| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിഞ്ഞ മലയോരം | കുന്ന് | മലഞ്ചെരിവ് | കുന്ന് കിഴ്ക്കാം തൂക്കായത് | മലഞ്ചെരിവ് | സമതലം | മലഞ്ചെരിവ് | ചെറിയ മലകൾ വലപ്രദേശം |
| മൺതരം | ചെങ്കൽ മണ്ണ് ഇരുണ്ട മണ്ണ് | പാറ കലർന്ന മണ്ണ് | പാറ - കറുത്ത മണ്ണ് | കറുത്ത മണ്ണ് | കറുത്ത പാറകലർന്ന മണ്ണ് | ഫലഭൂയിഷ്ഠി എക്കൽ മണ്ണ് | കറുത്ത മണ്ണ് | കറുത്ത മഞ്ഞ-ള് ചോന്ന മണ്ണ് |
| സസ്യ ആവരണം | റബ്ബർ തെങ്ങ് | റബ്ബർ തെങ്ങ് | കശുമാവ് റബ്ബർ | റബ്ബർ കമുക് തെങ്ങ് | തെങ്ങ് റബ്ബർ കശുമാവ് | എണ്ണപ്പന റബ്ബർ | എണ്ണപ്പന റബ്ബർ | തെങ്ങ് എണ്ണപ്പന കമുക് - വാഴ - |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | പാറക്വാറി മണ്ണൊലിപ്പ് | മണ്ണൊലിപ്പ് പാറമട | മണ്ണൊലിപ്പ് കീടനാശിനി | കീടനാശിനി. കളകൾ | പാറ ക്വാറി മണ്ണൊലിപ്പ് | ടൂറിസവുമായി ബന്ധപ്പെട്ട മലിനീകരണം |

ട്രാൻസെക്ട് II

അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്
വെട്ടിയിൽ തൊട്ടി. ST. കോളനി.



| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | കാട്ടുകല്ലും കരിവണ്ണം പാറകൾ | താഴ്ന്നായ ഭൂമി | ഫലഭൂയിഷ്ഠിയുള്ള കറുത്ത മണ്ണ് | ചരിഞ്ഞ കുന്ന് | ചരിഞ്ഞ സമതലം | ചരിവു ഭൂമി |
| മണ്ണിനം | കാട്ടുകല്ലും കരിവണ്ണം | കറുത്ത മണ്ണ് | കറുത്ത മണ്ണ് | വെട്ടുകിറ ത്തിലുള്ള മണ്ണ് | ഇരുണ്ട മണ്ണ് | കല്ലുള്ള കറുത്ത മണ്ണ് |
| സസ്യാവരണം | ഏലം കാട്ടുമരങ്ങളും | ഈറ്റ നെല്ല് | നെല്ല്, ഇഞ്ചിപ്പുല്ല് തിന, വാഴ | നെല്ല്, കപ്പ വാഴ, റബ്ബർ | നെല്ല് ഇഞ്ചിപ്പുല്ല്, തിന | ഇഞ്ചിപ്പുല്ല് കുന്നുകളും നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് ചീക്ക്രോഗങ്ങൾ | മണ്ണൊലിപ്പ് കാട്ടുതീ | മരം വെട്ടി നശി- പ്പിക്കൽ | മണ്ണൊലിപ്പ് മരം മുറിക്കൽ | ചാരത്തിന്റെ ആധിക്യം | ഇഞ്ചിപ്പുല്ല് ചണ്ടി വിസർജ്ജനം. |

## അനുബന്ധം

## അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

### 8.1 അംഗൻ വാടികളിൽ നിന്ന് ശേഖരിച്ച് വിവരങ്ങൾ

| | | | |
|---|---|---|---|
| 1) a) | പഞ്ചായത്തിലെ ആകെ ജനസംഖ്യ | : | 9950 |
| b) | പുരുഷന്മാർ | : | 5060 |
| c) | സ്ത്രീകൾ | : | 4890 |
| 2) a) | പട്ടികജാതി ജനസംഖ്യ | : | 3044 വർഗ്ഗക്കാർ |
| b) | പട്ടികവർഗ ജനസംഖ്യ | : | 1178 ജാതിക്കാർ |
| 3) | അംഗൻവാടികളുടെ എണ്ണം | : | 10 |
| 4) a) | ഒരുവയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | : | 158 |
| b) | 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ} | | |
| c) | 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ} | : | 1-2 years 160, 2-3 yrs-145 |
| d) | 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | : | 3-6 306 |
| 5) a) | വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം | : | 66 |
| b) | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം | : | |
| 6) | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം പ്രായമുള്ള കുട്ടികളുള്ള) | : | 69 |
| 7) a) | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | : | 162 |
| b) | ചാപിള്ള ജനനങ്ങൾ | : | 2 |
| 8) a) | ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം. (95 96) | : | 5 |
| b) | 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | 1 |
| c) | 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം | : | |
| 9) a) | ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | : | |
| b) | മറ്റുമരണങ്ങളുടെ എണ്ണം | | |
| 10) a) | അനുപൂരക പോഷകഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | : | 6month to 1-3yrs-121 3-6-253 |
| b) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | : | 24 |
| c) | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | : | 26 |

.................................... ഗ്രാമപഞ്ചായത്ത്

## 5.2. കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 55 | 44 | 34 | 23 | 2 | 4 | – | – |
| 1 - 3 വയസ്സ് | 85 | 82 | 53 | 61 | 11 | 13 | – | – |
| 3 - 6 വയസ്സ് | 76 | 92 | 68 | 65 | 12 | 14 | – | – |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

.................................... ഗ്രാമപഞ്ചായത്ത്

## 8.3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 D | 2 D | 3 D | B D | 1 D | 2 D | 3 D | B D | 1 D | 2 D | 3 D | BD | |
| 1 വയസ്സിൽ താഴെ | 150 | 127 | 100 | 91 | | 127 | 100 | 91 | | | | | | 54 |
| 1 - 3 വയസ്സ്<br>3- 6 വയസ്സ് | 1-6 552 | 551 | 548 | 1 - 3<br>548 | 167 | 552 | 551 | 548 | | 25 | 20 | 107 | | 550 |

| ടെറ്റനസ് ടോക്സോയിസ് (TT) | | | |
|---|---|---|---|
| ഗർഭിണികൾ | 1 D | 2 D | 3 D |
| | 7 | 6 | — |

- ഇരുമ്പ് ഞ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 3500 ഗുളിക
- ഇരുമ്പ് ഞ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 20500 ഗുളിക
- വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം
- ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം
- വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

120

## 1.14 (a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ ( 1995 - 96)
Ref. E

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രിറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 434 | 5 | 61 | 280 | 83 | 5 | |
| II | 449 | 1 | 44 | 310 | 85 | 9 | |
| III | 379 | – | 26 | 113 | 233 | 7 | |
| IV | 565 | 1 | 35 | 268 | 207 | 54 | |
| V | 291 | — | 14 | 68 | 81 | 128 | |
| VI | 501 | — | 8 | 18 | 7 | 468 | |
| VII | 338 | — | — | 28 | – | 310 | |
| VIII | 431 | — | 1 | 85 | 5 | 340 | |
| IX | | | | | | | |
| X | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ | 3388 | 7 | 189 | 1170 | 701 | 1321 | |

## 1.23 വരവ് സംബന്ധിച്ച വിവരങ്ങൾ (1995 - 96)
## Ref. C.B.

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 127673/- | | ഇല്ല |
| സർവ്വീസ് ചാർജ്ജ് | Nil | | Nil |
| തൊഴിൽ നികുതി | 229753/- | 1,29,753 | |
| വാഹന നികുതി | ഇല്ല | | |
| വിനോദ നികുതി | ഇല്ല | | |
| അഡി. വിനോദ നികുതി | ഇല്ല | | |
| പ്രദർശന നികുതി | ഇല്ല | | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | ഇല്ല | | |
| ചന്ത വരവ് | ഇല്ല | | |
| ലാൻറ് സെസ്സ് | ഇല്ല | | |
| ലൈസൻസ് ഫീസ് | 2161/- | | |
| കെട്ടിട നികുതി സർചാർജ്ജ് | ഇല്ല | | |
| വസ്തു കൈമാറ്റ നികുതി 75% | 652218/- | | |
| വസ്തു കൈമാറ്റ നികുതി 25% | ഇല്ല | | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 408650/- | | |
| സംഭവന | Nil | | |
| ഡെപ്പോസിറ്റ് | 6450/- | | |
| മറ്റുള്ളവ | | | |
| ആകെ | 1026905/- | | |

## 1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ
## Ref. C.B. (1995 - 96)

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | Rs. 275617/- |
| പൊതുമരാമത്ത് | Rs. 68191/- |
| വിദ്യാഭ്യാസം | Rs. 20482/- |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | Rs. 69109/- |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | Rs. 27216/- |
| മറ്റുള്ളവ | -------- |
| ആകെ | Rs. 460615/- |

## 1.25 പൊതു സാമ്പത്തിക നില
## Ref. B

| | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 2885800 | Nil | 15000 |
| ചെലവ് | 3158500 | Nil | 15000 |

## 1.26 പൊതുമരാമത്ത് പണി സംബന്ധിച്ച
## Ref. Work Bill Register

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാൻറ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 355000 | 300000 | 55000 | 355000 |
| തോട് | Nil | Nil | ---- | ---- |
| കെട്ടിടം | Nil | Nil | ---- | --- |
| നടപ്പലം | Nil | Nil | ---- | ---- |
| മറ്റുള്ളവ | 100000 | 10000 | ---- | --- |
| ആകെ | 455000 | 400000 | 55000 | 455000 |

## 1.27 JRY പണി സംബന്ധിച്ച വിവരങ്ങൾ Ref. JRY ആക്ഷൻ പ്ലാൻ

| പണിയുടെ പേര് | ജനറൽ സെക്ടർ തുക രൂ. | SC/ST വിഭാഗം തുക രൂ. | ആകെ തുക രൂ. |
|---|---|---|---|
| 1 | 2 | 3 | 4 |
| | 350000 | 135000 | |
| 1 കുടിവെള്ളം | 100000 | | |
| 2 കെട്ടിടം | 200000 | 35000 | 485000 |
| 3 കക്കൂസ് | 50000 | 100000 | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| 8 | | | |
| 9 | | | |
| 10 | | | |
| 11 | | | |
| 12 | | | |
| 13 | | | |
| 14 | | | |
| 15 | | | |
| 16 | | | |
| 17 | | | |
| 18 | | | |
| 19 | | | |

## 1.28 ഏറ്റെടുത്ത JRY പണി സംബന്ധിച്ച വിവരങ്ങൾ

### Ref. JRY work Reg ആക്ഷൻ പ്ലാൻ

| പണിയുടെ പേരം | ജനറൽ | | SC/ST | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| 1 | 2 | 3 | 4 | 5 |
| കുടിവെള്ള ടാങ്ക് നിർമ്മാണം | 100000 | 100000 | | |
| കെട്ടിടം | 200000 | 200000 | 35000 | 35000 |
| കക്കൂസ് | 50000 | 50000 | 100000 | 100000 |

72
715


# ഗ്രാമസഭറിപ്പോർട്ടുകളുടെ ക്രോഡീകരണം നിർവ്വഹിച്ചവർ

1. മദർ മേരി ലൂർദ്ദ്
2. T.K. തോമസ്സ്
3. M.D. ഔസേപ്പ്
4. A.A. വിജയൻ
5. കുരുവിള ജോൺ (സണ്ണി)
6. C.V. ബാബു
7. P.V. ഹരികുമാർ
8. T.S. മണിലാൽ
9. C.C. കൃഷ്ണൻ
10. T.S. ജയന്തികല
11. K.J. ആന്റോ
12. K.M. ശശി
13. T.T. മണിലാൽ
14. M.P. ഷാജു
15. K.S. ഷിബു
16. N.C. ഉണ്ണികൃഷ്ണൻ
17. K.K.അച്ചുതൻ

# വികസനറിപ്പോർട്ട് എഴുതി തയ്യാറാക്കിയവർ

| | | |
|---|---|---|
| **T.S.മണിലാൽ** | - | ആമുഖം |
| ,, | | ചരിത്രം |
| ,, | | മൽസ്യബന്ധനം |
| ,, | | സാംസ്കാരികം |
| ,, | | വനിത |
| ,, | | പട്ടികജാതിപട്ടികവർഗ്ഗം |
| ,, | | വിഭവസമാഹരണം |
| ,, | | പരിസ്ഥിതി |
| **K.K.അച്ചുതൻ** | - | സഹകരണം |
| **ഗംഗാധരൻ - അഗ്രി:അസിസ്റ്റൻറ്** | - | കൃഷി |
| | | ജലസേചനം |
| | | മൃഗസംരക്ഷണം |
| **E.S.അബ്ദുൾ റഹീം**<br>**മദർ മേരിലൂർദ്ദ്** | - | വിദ്യാഭ്യാസം |
| **ജോസ്കോശി,**<br>**ഉണ്ണികൃഷ്ണൻ പാലപ്പെട്ടി,**<br>**T.S. മണിലാൽ** | - | സാമൂഹ്യക്ഷേമം |
| **K.J. ആൻറണി,**<br>**ഉണ്ണികൃഷ്ണൻ പാലപ്പെട്ടി** | - | ആരോഗ്യം,<br>കുടിവെള്ളം,<br>പാർപ്പിടം. |
| **N.R. സതീശൻ,**<br>**T.B. അജിത്കുമാർ**<br>**P.K. രാമകൃഷ്ണൻ,** | - | വ്യവസായം |
| **ഉണ്ണികൃഷ്ണൻ പാലപ്പെട്ടി** | - | ഗതാഗതം,<br>വനം,<br>ഊർജ്ജം. |

എഡിറ്റിംഗ് - **T.S. മണിലാൽ.**


അതിരപ്പിള്ളി ഗ്രാമ പഞ്ചായത്ത്
N
W
E
S
പരിയാരം പഞ്ചായത്ത്
കോടശ്ശേരി പഞ്ചായത്ത്
റിസർവ്വ് ഫോറസ്റ്റ്
വാർഡ് - I
വാർഡ് II
വാർഡ് III
വാർഡ് IV
വാർഡ് - V
വാർഡ് VI
വാർഡ് VII
വാർഡ് - VIII
എറണാകുളം ജില്ല
ഇടുക്കി ജില്ല
കോയമ്പത്തൂർ ജില്ല
ആനമല റോഡ്
ചാലക്കുടിപ്പുഴ
വാർഡ് അതിർത്തി
പട്ടികവർഗ്ഗ കോളനി
പട്ടികജാതി കോളനി
എക്സ്സർവ്വീസ് മെൻ കോളനി
മറ്റു കോളനികൾ

"നിർമ്മല ഭാവേ, മംഗളഭൂവേ

നൻമകൾ വിരിയും പൂങ്കാവേ,

സുഖജല വിമലേ സുമഫല വിഭവേ

സുലളിത സകലകലാലോലേ

പശ്ചിമ നീരധി നിന്നപദാനം

പ്രക്ഷേപണമിഹ ചെയ്യുന്നു

കൃഷിയും വർഷവുമെന്നും നോക്കി-

കൃപയുടെ കുളിരെഴുമുറവിടമായ്

സന്തതമുമ്മറ വീഥിയിലമരും

സഹ്യൻ തറവാട്ടമ്മാമൻ

ഏലലവംഗ സുചന്ദന സുരഭില

മേതൊരുനാട്ടിൻ നിശ്വാസം?

ആ മലനാടേ, നിന്നപദാനം

കോൾമയിൽ കൊള്ളാതോർക്കാമോ?

സഞ്ചിത സകലേ, എന്തിതിലേറെ

സ്വർഗ്ഗവുമെന്തിന്നിനി വേറെ?

കേരള ജനനീ, പാവന ജനനി

ഭാരത ദീപപ്പൊൻ ശിഖനീ - "